# ക്രൈസ്തവ ശബ്ദകോശം

ഡോ. ജോർജ് കുരുക്കൂർ

പി. ഒ. സി. പ്രസിദ്ധീകരണം

www.malankaralibrary.com

# ക്രൈസ്തവ ശബ്ദകോശം

ഡോ. ജോർജ് കുരുക്കൂർ

www.malankaralibrary.com

# ഗ്രന്ഥകർത്താവിനെക്കുറിച്ച്

മൂവ്വാറ്റുപുഴയ്ക്കടുത്ത് മാറാടി കരയിൽ കുരുക്കൂർ വർക്കി ഔസേപ്പിൻെറയും അന്നമ്മയുടെയും മകനായി 1941 മാർച്ച് 1-നു ജനിച്ചു. മാറാടി കുരുക്കുന്നുംപുറം പ്രൈമറി സ്കൂളിലും മൂവ്വാറ്റുപുഴ ശിവൻകുന്ന് മിഡിൽ സ്കൂളിലും മൂവ്വാറ്റുപുഴ ഗവൺമെൻറ് ഹൈസ്കൂളിലും പഠിച്ച് എസ്.എസ്.എൽ.സി. പാസ്സായി. ആലുവ പൊന്തിഫിക്കൽ സെമിനാരിയിൽ ചേർന്നു പഠിച്ച് 1967-ൽ വൈദികനായി. കേരള യൂണിവേഴ്സിറ്റിയിൽനിന്നു മലയാളത്തിൽ എം.എ. ഫസ്റ്റ്ക്ലാസ്സോടും രണ്ടാം റാങ്കോടും കൂടി പാസ്സായി. മധുര കാമരാജ് യൂണിവേഴ്സിറ്റിയിൽ നിന്നു ഭാഷാപഗ്രഥനത്തിൽ പിഎച്ച്.ഡി. ബിരുദം സമ്പാദിച്ചു. മുതലക്കോടം അക്വീനാസ് ഇൻസ്റ്റിറ്റ്യൂട്ടിൽ ഒമ്പതു വർഷം ഭാഷാധ്യാപകനായും ഒരു വർഷം പ്രിൻസിപ്പലായും ജോലിചെയ്തു. 1990 ജനുവരി മുതൽ പി.ഒ.സി. പബ്ലിക്കേഷൻസിൻെറ ജനറൽ എഡിറ്ററും പ്രാമാണിക ഗ്രന്ഥങ്ങളുടെ ഔദ്യോഗിക വിവർത്തകനുമാണ്. കൂടാതെ താലന്ത് മാസികയുടെ ചീഫ് എഡിറ്ററും, പി.ഒ.സി.യുടെ അസിസ്റ്റൻറ് ഡയറക്ടറും ആലുവ പൊന്തിഫിക്കൽ സെമിനാരിയിലെ സംസ്കൃത പ്രൊഫസ്സറുമാണ്. "ബൈബിളിന് ഒരാമുഖം", "പുണ്യപുരാതനമായ കുറവിലങ്ങാടു പള്ളി", "ചായൽ മുതൽ കാരക്കുന്നം വരെ" എന്നീ കൃതികളും സാമൂഹികവും മതപരവുമായ മുപ്പതിലേറെ ഗ്രന്ഥങ്ങളുടെ വിശ്വസ്ത വിവർത്തനങ്ങളും "ക്രൈസ്തവരുടെ വിശുദ്ധ ഭാഷകൾ", "പ്രാചീന ദേവാലയങ്ങൾ", "വേദോപദേശത്തിൻെറ ചരിത്രം" മുതലായ ലേഖനപരമ്പരകളും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

www.malankaralibrary.com

# ക്രൈസ്തവ ശബ്ദകോശം

ഡോ. ജോർജ് കുരുക്കൂർ

പി.ഒ.സി. പ്രസിദ്ധീകരണം

www.malankaralibrary.com

[Malayalam]
**KRAISTHAVA SABDHA KOSAM**
[An analytical historical and comparative study of
Foreign Words in Christian Literature]

| | | |
|---|---|---|
| Author | : | Rev. Fr. Dr. George Kurukkoor M.A., Ph.D. |
| Copyright © | : | To the Author<br>All Rights Reserved |
| Published by | : | The Director<br>Pastoral Orientation Centre<br>Palarivattom, Kochi-682 025<br>Kerala, India. |
| Typeset by | : | ASL Computers, Kochi-16 |
| Cover Design | : | Vince Perinchery |
| Published on | : | 17.11.2002 |
| Printed at | : | Coronation Arts Crafts, Sivakasi |
| Copies | : | 5000 |
| Price | : | Rs. 190/- |

P.O.C. Publication

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# അവതാരിക

വാക്കുകൾ രത്നങ്ങൾപോലെയാണ്. തേച്ചുമിനുക്കി തെളിമ നല്കുമ്പോൾ അവ പുതുകാന്തിയും മൂല്യവും ആർജ്ജിക്കുന്നു. തേച്ചുമിനുക്കാനും തെളിമ നല്കാനും അഭ്യാസശിക്ഷണങ്ങളോടൊപ്പം കലർപ്പില്ലാത്ത ആത്മസമർപ്പണവും വേണം. അപൂർവ്വമായ ആ സവിശേഷതകൊണ്ട് അനുഗൃഹീതനാണ് ഡോ. ജോർജ് കുരുക്കൂർ. എൻെറ പ്രിയശിഷ്യരിൽ മുമ്പനാണ് അദ്ദേഹമെന്നതിൽ ഞാൻ അഭിമാനംകൊള്ളുന്നു. അതുകൊണ്ടുതന്നെ അദ്ദേഹത്തിൻെറ ഈ കൃതിയുടെ അവതരണം എനിക്ക് അത്യാഹ്ളാദകരമായ അനുഭവമാകുന്നു.

വാക്കുകളുടെ അർത്ഥങ്ങളും പര്യായങ്ങളും പരിചയപ്പെടുത്തിത്തരുന്ന അടിസ്ഥാനഗ്രന്ഥങ്ങളായ നിഘണ്ടുക്കളുടെ നിർമ്മാണം നമ്മുടെ ഭാഷയിൽ തുടങ്ങിവച്ചത് പതിനേഴാം നൂറ്റാണ്ടിൽ ക്രിസ്തുമതപ്രചാരണത്തിന് ഇവിടെയെത്തിയ പോർത്തുഗീസു മിഷണറിമാരാണ്. ആഞ്ചലോഫ്രാൻസിസ്, അർണോസ്, പൗലിനോസ് തുടങ്ങിയ ആ മിഷണറിമാർ നിർമ്മിച്ച മലയാളം-പോർത്തുഗീസ് നിഘണ്ടുക്കൾ അവരുടെ പിൻഗാമികളായി എത്തിയ സ്വന്തം നാട്ടുകാരുടെ പ്രേഷിതവൃത്തി താരതമ്യേന അനായാസകരമാക്കി. ഈ മാതൃകയിൽനിന്ന് പ്രചോദനമുൾക്കൊണ്ട് ഉണ്ടായവയാണു ബഞ്ചമിൻ ബയിലിയുടെയും ഡോ. ഗുണ്ടർട്ടിൻെറയുമൊക്കെ മലയാളം-ഇംഗ്ലീഷ് നിഘണ്ടുക്കൾ. ആ വഴിയിൽനിന്ന് അല്പം വിട്ടുമാറി മലയാളപദങ്ങളുടെ അർത്ഥം മലയാളത്തിൽ ത്തന്നെ വിവരിക്കുന്ന നിഘണ്ടുക്കളിലേക്ക് ആദ്യം നീങ്ങിയത് റിച്ചാർഡ് കോള്ളിൻസ് എന്ന ആംഗ്ലിക്കൻ മിഷണറിയാണ്. ആ നീക്കത്തെ ഒരളവുവരെ പൂർണ്ണതയിലേക്കു നയിച്ചത് ശബ്ദതാരാവലീകാരനായ ശ്രീകണ്ഠേശ്വരം പദ്മനാഭപിള്ളയും. അവയ്ക്കു പിന്നാലെ ശൈലീനിഘണ്ടുക്കളും ഭാഷാഭേദ നിഘണ്ടുക്കളും പുരാണനിഘണ്ടുക്കളും പോലുള്ള മറ്റു പല നിഘണ്ടുക്കളും നമുക്കുണ്ടായി. എങ്കിലും വലിയൊരു കുറവുണ്ടായിരുന്നു, നമ്മുടെ നിഘണ്ടുക്കളുടെ പട്ടികയിൽ. പല കാലഘട്ടങ്ങളിലായി നമ്മുടെ ഭാഷയുടെ ഭാഗമായിത്തീർന്ന പരകീയപദങ്ങളെ വേണ്ടതരത്തിൽ പരിചയപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ അധികം ഉണ്ടായില്ലെന്നതാണത്. 1933-ൽ ഡോ.കെ. ഗോദവർമ്മ ലണ്ടൻ സർവകലാശാലയിൽ സമർപ്പിച്ചതും 1946-ൽ പരിഷ്കരിച്ച് പ്രസിദ്ധപ്പെടുത്തിയതുമായ മലയാളത്തിലെ ഇൻഡോ-ആര്യൻ പദങ്ങളെപ്പറ്റിയുള്ള പിഎച്ച്.ഡി. പ്രബന്ധമാണ് ഈ ഇനത്തിൽ ഉണ്ടായിട്ടുള്ള മുഖ്യ ശ്രമം. ഇൻഡോ-ആര്യനൊപ്പം സുറിയാനി, ഹീബ്രു, ഗ്രീക്ക്, ലത്തീൻ, പോർത്തുഗീസ്, ആധുനിക പേർഷ്യൻ, അറബി, ഇംഗ്ലീഷ് തുടങ്ങിയ ഭാഷകളിൽനിന്നുള്ള എത്രയോ വാക്കുകൾ മലയാളത്തിലുണ്ട്. അവയെ സാമാന്യമായി പരിചയപ്പെടുത്തുന്ന ഡോ. പി.എം. ജോസഫിൻെറ ഒരു കൃതി 1984-ൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. സംഭരിക്കാൻകഴിഞ്ഞ കുറേ പദങ്ങളുടെ ഒന്നോ രണ്ടോ വാക്കുകളിലുള്ള അർത്ഥബോധത്തിൽ കവിഞ്ഞ ഉൾക്കാഴ്ചകൾ നൽകാൻ പ്രസ്തുത കൃതിക്കു കഴിഞ്ഞിട്ടില്ല. ഈ പരിമിതിതന്നെയാണ് ഡോ. കുരുക്കൂറിൻെറ ഈ കൃതിയെ പ്രത്യേകിച്ചു പ്രസക്തമാക്കുന്നത്.

www.malankaralibrary.com

കേരളത്തിലെ പരമ്പരാഗത ക്രിസ്ത്യാനികളുടെ ആരാധനാക്രമങ്ങളിലും പ്രാർത്ഥനകളിലും വേദപാഠഗ്രന്ഥങ്ങളിലും മറ്റും കാണുന്ന മുന്നൂറിലേറെ പരകീയപദങ്ങളുടെ വിവരണാത്മകവും ചരിത്രപരവുമായ പഠനമാണ് ഡോ. കുരുക്കൂറിൻെറ ഈ കൃതിയിലുള്ളത്. പദങ്ങളുടെ മൂലം, സ്വനിമഘടനയിൽ വന്ന രൂപഭേദങ്ങൾ, അർത്ഥവ്യതിയാനങ്ങൾ തുടങ്ങിയവയെല്ലാം ഈ പഠനത്തിൻെറ പിരിധിയിൽ വരുന്നു.

മുൻ നിഘണ്ടുകാരന്മാർക്ക് പദങ്ങളുടെ നിഷ്പത്തിനിർണ്ണയത്തിൽ സംഭവിച്ചിട്ടുള്ള അപാകതകളും പാളിച്ചകളും പരമാവധി പരിഹരിച്ചിരിക്കുന്നു ഈ നിഘണ്ടുവിൽ. കപ്യാര്, പേത്തുർത്ത, പ്രാതി, തരീസാപ്പള്ളി എന്നിങ്ങനെ ഏറെയുണ്ട് ഇതിനുദാഹരണങ്ങളായി എടുത്തുപറയാവുന്ന പദങ്ങൾ. ബെയ്ലിയുടെ നിഘണ്ടുവിൽ സെക്സ്ടൺ എന്ന അർത്ഥത്തിൽ ഒതുക്കിനിറുത്തിയിരിക്കുന്ന ഒരു പദമാണു കപ്യാര് (കപ്പിയാർ). ഡോ. ഗുണ്ടർട്ട് ആ അർത്ഥത്തെ സ്വീകരിക്കുന്നതോടൊപ്പം അതിനെ സുറിയാനിപ്പദമായി കാണുകയും ശവക്കുഴിയെന്നർത്ഥമുള്ള ഖബറുമായി (കവർ) ബന്ധപ്പെടുത്തുകയും ചെയ്യുന്നു. ശബ്ദതാരാവലീകാരൻെറ അഭിപ്രായത്തിലും കപ്യാര് സുറിയാനിപ്പദമാണ്. പള്ളി സൂക്ഷിക്കുന്നവൻ, പുരോഹിതൻെറ പരിചാരകൻ, പള്ളിയിലെ ശ്മശാന സൂക്ഷിപ്പുകാരൻ എന്നിങ്ങനെയുള്ള അർത്ഥങ്ങൾ കപ്യാര് എന്ന പദത്തിന് അദ്ദേഹം നൽകുന്നു. മലയാളം ലക്സിക്കണിൽ, കുഴിവെട്ടുകാരൻ എന്നർത്ഥമുള്ള കൊവെയ്രോ എന്ന പദംകൂടി അതിൻെറ നിഷ്പത്തി കാണിക്കാൻ ചേർത്തിരിക്കുകയാണ് (വാല്യം 3, പുറം 212 കോളം 1). കപ്യാര് എന്ന പദത്തിൻെറ ഈ അപചയത്തിൽനിന്ന് അതിനെ മോചിപ്പിക്കുന്നു ഡോ. കുരുക്കൂർ.

മധ്യയുഗത്തിലെ ലത്തീൻഭാഷയിലുണ്ടായ കപ്യാരിയുസ് എന്ന പദമാണ് മലയാളത്തിൽ കപ്യാരെന്നു രൂപംപ്രാപിച്ചതെന്ന് അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. നിക്ഷേപാലയാധികാരി, കാര്യസ്ഥൻ, നായകൻ, സൂക്ഷിപ്പുകാരൻ എന്നെല്ലാമാണ് ആ പദത്തിൻെറ അർത്ഥം. സഭയിൽ ഒരു അല്മായ വിശ്വാസിക്കു കിട്ടാവുന്ന ഏറ്റവും വലിയ സ്ഥാനമാണ് കപ്യാർപ്പദവി. കപ്പിയാര് കുഴിവെട്ടുകാരനോ ശ്മശാനപാലകനോ അല്ലെന്നും സുറിയാനിയിലെ ഖബറുമായി ആ പേരിനു ബന്ധമില്ലെന്നും ഡോ. കുരുക്കൂർ വ്യക്തമാക്കുന്നു. പേത്തുർത്ത എന്ന സുറിയാനിപ്പദത്തിനു പലരും നല്കിയിട്ടുള്ളത് ശരിയായ അർത്ഥമല്ലെന്ന് അദ്ദേഹം ചൂണ്ടിക്കാണിക്കുന്നുണ്ട്. അവസാനിച്ചുവെന്നും പൂർത്തിയായെന്നും അർത്ഥമുള്ള പ്ത്റ് എന്ന സുറിയാനിധാതുവിൽനിന്നുണ്ടായതാണ് പേത്തുർത്തയെന്ന പദം. ആഘോഷങ്ങളുടെ അവസാനിപ്പിക്കൽനാളിനെയാണ് പേത്തുർത്തകൊണ്ട് വിവക്ഷിക്കുന്നത്. പല പഴയ രേഖകളിലും, റോസ് മെത്രാൻെറ നിയമാവലിയിലുമുള്ള പ്രാതിയെന്ന പദത്തിന് ഫ്രഞ്ചുകാർ എന്ന അർത്ഥമാണു ഡോ. പി. എം. ജോസഫ് നല്കിയിട്ടുള്ളത്. ആ പദത്തിൻെറ അർത്ഥം അതല്ലെന്നും, സഹോദരൻ എന്നർത്ഥമുള്ള ഭ്രാത്തെർ എന്ന ലത്തീൻ പദത്തിൽനിന്നാണ് ആ വാക്കു വരുന്നതെന്നും ഡോ. കുരുക്കൂർ സ്ഥാപിക്കുന്നു.

'തരീസാപ്പള്ളി'പോലെ ഏറെ ദുർവ്യാഖ്യാനംചെയ്യപ്പെട്ടിട്ടുള്ള പല പദങ്ങളിലേക്കും ഡോ.കുരുക്കൂർ പുതുവെളിച്ചം പകരുന്നുണ്ട്. കേരളചരിത്രത്തെ സംബന്ധിച്ചിടത്തോളം സുപ്രധാനമാണല്ലോ തരീസാപ്പള്ളി ചെപ്പേടുകൾ. തരീസാപ്പള്ളിക്ക് സത്യവിശ്വാസമുള്ള സമൂഹമെന്നാണർത്ഥം. കൽദായാ (കിഴക്കൻ) സുറിയാനിയിലെ ത്രീസാ

www.malankaralibrary.com

യെന്ന വാക്കിനുണ്ടായ രൂപഭേദമാണു തരീസാ. സത്യവിശ്വാസമുള്ളത് എന്നാണ് അതിൻെറ അർത്ഥം. പള്ളി എന്ന ശബ്ദത്തിനു പണ്ടുണ്ടായിരുന്ന അർത്ഥം സമൂഹ മെന്നാണ്. കെട്ടിടമെന്ന അർത്ഥം പിന്നീടുണ്ടായതാണ്. മാർതോമ്മാശ്ലീഹ ഏഴു പള്ളികൾ സ്ഥാപിച്ചു എന്നു പറയുമ്പോൾ ഏഴു സമൂഹങ്ങളെ രൂപപ്പെടുത്തിയെന്നാണ് അർത്ഥമാക്കേണ്ടത്.

ഡോ. കുരുക്കൂറിൻെറ ഏറെക്കാലത്തെ കഠിനാധ്വാനത്തിൻെറ ഫലമായ ഈ ഗ്രന്ഥം കേരള ക്രൈസ്തവസമൂഹത്തിൽ സംഭവിച്ചുപോന്നിട്ടുള്ള സാംസ്കാരിക സമ്പർക്കങ്ങളെയും അവയുടെ സ്വാധീനങ്ങളെയും അടുത്തറിയാൻ സഹായിക്കുന്നു. ഭാഷാതത്പരർക്ക് സാമാന്യമായും ക്രൈസ്തവസഭാസ്നേഹികൾക്കു സവിശേഷമായും ഏറെ വിലപ്പെട്ടതാണ് ഈ ഗ്രന്ഥമെന്ന കാര്യത്തിൽ സംശയമില്ല. ഡോ. കുരുക്കൂറിനും അദ്ദേഹത്തിൻെറ ഈ കൃതിക്കും സമസ്ത വിജയങ്ങളും ആശംസിക്കുന്നു.

കോട്ടയം
2002 ആഗസ്റ്റ് 15

ഡോ. സി.ജെ. റോയ്
മെമ്പർ, കേരള സാഹിത്യ അക്കാദമി

www.malankaralibrary.com

# അവലോകനം

വ്യാകരണഗ്രന്ഥങ്ങളും നിഘണ്ടുക്കളും നിർമ്മിച്ച് മലയാളഭാഷയെ വ്യവസ്ഥാപിതമാക്കിയത് വിദേശീയരും സ്വദേശീയരുമായ ക്രൈസ്തവ പുരോഹിതന്മാരാണെന്ന വസ്തുത അവിസ്മരണീയമാണ്. കേരളപാണിനിപോലും കാൽഡ്വലിന്റെ ചുവടു പിടിച്ചാണ് സഞ്ചരിച്ചിട്ടുള്ളത്. പ്രക്രിയാഭാഷ്യത്തിന്റെയും ശബ്ദസൗഭഗത്തിന്റെയും കർത്താവായ ഫാദർ ജോൺ കുന്നപ്പള്ളിയുടെ കാലത്തോടുകൂടി ആ പാരമ്പര്യം അവസാനിച്ചുവോ എന്ന് സന്ദേഹിച്ചിരിക്കുമ്പോഴാണ് റവ. ഡോ. ജോർജ് കുരുക്കൂറിന്റെ ഈ രംഗപ്രവേശം. ഭാഷയിൽ ഇതഃപര്യന്തം ഉണ്ടായിട്ടുള്ള അകാരാദികളെയും ശബ്ദശാസ്ത്രഗ്രന്ഥങ്ങളെയും അതിശയിക്കുന്ന ഗവേഷണാത്മകമായ ഒരു മഹാപ്രയത്നമാണ് കുരുക്കൂറച്ചന്റെ ഈ "ക്രൈസ്തവശബ്ദകോശം." പദനിഷ്പത്തിവിചാരത്തിൽ അല്പമെങ്കിലും താത്പര്യമുള്ള ഒരു വായനക്കാരൻ ഈ പുസ്തകം കയ്യിലെടുത്താൽ ഒറ്റയിരുപ്പിന് മുഴുവനും വായിച്ചുപോകും. മറ്റേതെങ്കിലും ഒരു നിഘണ്ടുവിനെപ്പറ്റി ഇങ്ങനെ ഒരഭിപ്രായം പറയാൻ കഴിയുമോ? കാരണം, ഇതു വെറുമൊരു റഫറൻസു ഗ്രന്ഥമല്ല. ഭാഷാഗവേഷണത്തിന് മാതൃകയാക്കാവുന്ന സൂക്ഷ്മതലസ്പർശിയായ ഒരു പദാഗമപഠനമാണിത്.

മാർപാപ്പാമാരുടെ വിശ്വലേഖനങ്ങൾ വള്ളിപുള്ളി തെറ്റാതെ മലയാളത്തിലേക്കു വിവർത്തനം ചെയ്തുപോരുന്ന ബഹുഭാഷാപണ്ഡിതനായ ഒരു വിദഗ്ധ പരിഭാഷകൻ എന്ന നിലയിൽ, ഡോ. കുരുക്കൂറച്ചനെ അറിയാത്ത അഭ്യസ്തവിദ്യരുണ്ടായിരിക്കുകയില്ല. ബൈബിളിന് ഒരാമുഖവും മറ്റും എഴുതിയ വേദപണ്ഡിതനായ കുരുക്കൂറച്ചനും പ്രാചീനദേവാലയങ്ങളെക്കുറിച്ചും ക്രൈസ്തവരുടെ വിശുദ്ധഭാഷകളെക്കുറിച്ചും വേദോപദേശത്തിന്റെ ചരിത്രത്തെക്കുറിച്ചും മറ്റും ലേഖനപരമ്പരകൾ പ്രസിദ്ധീകരിച്ച ചരിത്രകാരനായ കുരുക്കൂറച്ചനും ചിലർക്കൊക്കെ പരിചിതനായിരിക്കും. ഒരു വ്യാഴവട്ടക്കാലത്തിലധികമായി പി.ഒ.സി.യിൽ അദ്ദേഹത്തോടൊരുമിച്ചു പ്രവർത്തിച്ചുപോരുന്ന എനിക്ക് അദ്ദേഹത്തിന്റെ കഠിനാധ്വാനശീലവും ചരിത്രജ്ഞാനവും രചനാവേഗവും ബഹുഭാഷാജ്ഞാനവും വിസ്മയകരമായി തോന്നിയിട്ടുണ്ട്. പല പുതിയ പിഎച്ച്.ഡി.ക്കാരുടെയും ഗവേഷണപ്രബന്ധങ്ങൾക്കുപിന്നിൽ അറിയപ്പെടാത്ത ഗൈഡായി പ്രവർത്തിച്ചിട്ടുണ്ട് ഡോ. ജി. കുരുക്കൂറെന്ന രഹസ്യവും എനിക്കറിയാം. എന്നാൽ അദ്ദേഹത്തിന്റെ പരപ്പാർന്ന പാണ്ഡിത്യവും സൂക്ഷ്മാന്വേഷണക്ഷമതയും ബഹുഭാഷാവിജ്ഞാനവുമെല്ലാം ഒരുമിച്ച് ആദ്യമായി പ്രത്യക്ഷപ്പെടുന്നത് "ക്രൈസ്തവശബ്ദകോശം" എന്ന ഈ ഗ്രന്ഥത്തിലാണ്. ദേവാലയതിരുക്കർമ്മങ്ങളുടെ ആഴങ്ങൾ വെളിപ്പെടുത്തുന്ന ദൈവശാസ്ത്രജ്ഞനായും ലോകചരിത്രത്തിന്റെയും സഭാചരിത്രത്തിന്റെയും ഉള്ളറകൾ കണ്ടറിഞ്ഞിട്ടുള്ള ചരിത്രകാരനായും മലയാളം, തമിഴ്, ഇംഗ്ലീഷ്, ലത്തീൻ, ഗ്രീക്ക്, സംസ്കൃതം, പോർത്തുഗീസ്, ഹീബ്രു, സുറിയാനി ഭാഷകളിലെ ധാതുപരിണാമങ്ങൾ തുലനംചെയ്യുന്ന ഒരു താരതമ്യ വ്യാകരണശാസ്ത്രജ്ഞനായും പൂർവ്വകാല പണ്ഡിതന്മാരുടെ സുദൃഢ നിഗമനങ്ങളെ കാര്യകാരണ സഹിതം ഖണ്ഡിച്ച് സ്വമതം സ്ഥാപിക്കുന്ന ഒരു വിമർശകവരേണ്യനായും അദ്ദേഹം ഈ ഗ്രന്ഥത്തിൽ

www.malankaralibrary.com

പ്രത്യക്ഷപ്പെടുന്നു. അത്തരം വിമർശനങ്ങൾക്കിടയിൽ ഭാഷാഗവേഷണം പ്രേഷിതവൃത്തിയായി രൂപാന്തരപ്പെടുന്ന കൗതുകകരമായ കാഴ്ചയും അങ്ങിങ്ങു കാണാം.

മലയാളത്തിൽ ഇത് വിജ്ഞാനകോശങ്ങളുടെ വിളവെടുപ്പുകാലമാണ്. ബഹുഭാഷാനിഘണ്ടുക്കളും അഖിലവിജ്ഞാനകോശങ്ങളും ശബ്ദസാഗരങ്ങളും ലെക്സിക്കണുകളും ബാലവിജ്ഞാനകോശങ്ങളും ബൈബിൾ വിജ്ഞാനകോശങ്ങളും വേദപുസ്തകനിഘണ്ടുക്കളും ഹിന്ദുപുരാണ ശബ്ദകോശങ്ങളുമെല്ലാം ഒന്നിനുപിമ്പേ മറ്റൊന്നായി പ്രസിദ്ധീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. സ്വകാര്യ പ്രസിദ്ധീകരണാലയങ്ങളും ഗവൺമെൻറും സാംസ്കാരികവകുപ്പുകളുമെല്ലാം മത്സരബുദ്ധിയോടെ രംഗത്തുണ്ട്. എന്നാൽ ഒരു ക്രൈസ്തവശബ്ദകോശം പ്രസിദ്ധീകൃതമാകുന്നത് ആദ്യമായിട്ടാണ്. ഗുണ്ടർട്ടിൻെറ നിഘണ്ടുവിലും ഡോ.പി.എം. ജോസഫിൻെറ "മലയാളത്തിലെ പരകീയ പദങ്ങൾ", "വാക്കുകൾ വന്ന വഴി" മുതലായ ഗ്രന്ഥങ്ങളിലും ക്രൈസ്തവപദങ്ങൾക്ക് അർത്ഥം പറയാനുള്ള ശ്രമമുണ്ടായിട്ടുണ്ട്. എന്നാൽ പലപ്പോഴും അവർ അനർത്ഥങ്ങളിലാണ് ചെന്നു ചാടിയിട്ടുള്ളതെന്നു കുരുക്കൂറച്ചൻ നമുക്കു വെളിപ്പെടുത്തിത്തരുന്നു. ക്രൈസ്തവമലയാളത്തിലെ പദങ്ങളുടെ അർത്ഥവും നിഷ്പത്തിയും ശരിയായി പറയാൻ കുരുക്കൂറച്ചനെപ്പോലെ ഹീബ്രു, സുറിയാനി, ഗ്രീക്ക്, ലത്തീൻ, പോർത്തുഗീസ് എന്നീ ഭാഷകളും ക്രിസ്തുമത ചരിത്രവും നന്നായിട്ട് അറിയുന്നവർക്കേ കഴിയൂ. ഉപരിതലസ്പർശിയായ ജ്ഞാനംകൊണ്ട് അതു സാധിക്കുകയില്ല. മലയാളഭാഷയുടെ പദസമ്പത്ത് വർദ്ധിപ്പിച്ചിട്ടുള്ളതും സാഹിത്യത്തിലും മതമണ്ഡലങ്ങളിലും നിത്യോപയോഗത്തിലിരിക്കുന്നതുമായ പദങ്ങളുടെ ആഗമചരിത്രം അറിയാനാഗ്രഹിക്കാത്ത ഭാഷാസ്നേഹികളുണ്ടാവുകയില്ല. അവരെ തെറ്റാത്ത വഴിയേ നയിച്ച് നൂറുശതമാനം തൃപ്തിപ്പെടുത്തുന്ന ഒരു ഗ്രന്ഥമെന്ന നിലയ്ക്ക് ഈ ഗ്രന്ഥത്തെ ആദിമമെന്നപോലെ അന്യൂനമെന്നും വിശേഷിപ്പിക്കാം. മലയാളത്തിലെ സമ്പന്നമായ ശബ്ദകോശ ഭണ്ഡാഗാരത്തിൽ ഈ "ക്രൈസ്തവശബ്ദകോശം" ഒരമൂല്യരത്നമായി ശോഭിക്കും.

വർത്തമാനപ്പുസ്തകം മുതലായ പ്രാചീന സാഹിത്യകൃതികളും ക്രൈസ്തവചരിത്രരേഖകളും പഴയ പ്രാർത്ഥനാപുസ്തകങ്ങളും വായിക്കുന്നവർ പല പദങ്ങളുടെയും അർത്ഥമറിയാതെ കുഴങ്ങിപ്പോകാറുണ്ട്. വർത്തമാനപ്പുസ്തകത്തിന് ഒരു ആധുനിക ഭാഷാപരാവർത്തനം തയ്യാറാക്കിക്കൊണ്ടിരുന്നപ്പോൾ എനിക്കനുഭവപ്പെട്ടിട്ടുള്ളതാണ് ഈ വൈഷമ്യം. പണ്ഡിതന്മാരെന്നു കരുതിയിരുന്ന പലരോടും ആലോചിച്ചും സന്ദർഭത്തിൽനിന്ന് ഊഹിച്ചെടുത്തുമാണ് അന്നു ഞാൻ പ്രാചീന പരകീയഭാഷാപദങ്ങൾക്ക് അർത്ഥമുണ്ടാക്കിയെടുത്തത്. അതിൽ പലതിനും കൃത്യത പോരായിരുന്നുവെന്ന് ഈ ഗ്രന്ഥം ബോധ്യപ്പെടുത്തിത്തന്നു. ഇത്തരമൊരു ഗ്രന്ഥത്തിൻെറ കുറവ് അന്നു ഞാൻ അനുഭവിച്ചറിഞ്ഞതാണ്. ഭാവിതലമുറയ്ക്ക് അങ്ങനെയൊരു വൈഷമ്യം അനുഭവിക്കേണ്ടിവരികയില്ലല്ലോ. അവർക്കുവേണ്ടി ഞാൻ ഡോ. കുരുക്കൂറിനു നന്ദി പറയുന്നു.

കപ്യാരും കുരിശും അപ്പസ്തോലനും അരുളിക്കയും അരമനയും ഇടവകയും ഇണ്ടറിയപ്പവും കത്തനാരും പാസ്റ്ററും പീലാസുമോനും ബൗത്തീസും പേത്തുർത്തായും വേസ്പരയും വെഞ്ചെരിപ്പുമെല്ലാം സാധാരണ ക്രിസ്ത്യാനികളുടെ ദൈനംദിന സംഭാഷണങ്ങളിൽ കടന്നുവരുന്ന പദങ്ങളാണ്. അക്കാരണത്താൽത്തന്നെ അക്രൈസ്തവ

www.malankaralibrary.com

സഹോദരങ്ങൾക്കും അവ പരിചിതമാണ്. എന്നാൽ ആ പദങ്ങളൊക്കെ ഏതു ഭാഷയിൽ നിന്നു വന്നു, എന്താണവയുടെയൊക്കെ അർത്ഥം എന്ന് പലർക്കും അറിഞ്ഞുകൂടാ. സാമാന്യവിജ്ഞാനത്തിന്റെ മേഖലയിൽ വരുന്ന ഇത്തരം അറിവുകൾ നമ്മുടെ നിത്യ ജീവിതത്തെ സ്പർശിക്കുന്നതാണ്. അതിനാൽ പണ്ഡിതന്മാർക്കെന്നപോലെ സാധാരണക്കാർക്കും അത്യധികം പ്രയോജനപ്രദമാണ് ഈ ഗ്രന്ഥം. കത്തോലിക്കരുടെയിടയിൽത്തന്നെ സുറിയാനി, ലത്തീൻ, മലങ്കര എന്നീ വിഭാഗങ്ങളിൽപ്പെട്ടവർ വെവ്വേറെ ഉപയോഗിക്കുന്ന പദങ്ങളും യാക്കോബായാ, മാർത്തോമ്മാ, പ്രോട്ടസ്റ്റന്റ് ആദിയായ ക്രൈസ്തവ വിഭാഗങ്ങളുടെയിടയിൽ മാത്രം പ്രചാരത്തിലുള്ള പദങ്ങളും ഈ ഗ്രന്ഥത്തിൽ അർത്ഥവിചാരവിധേയമാക്കിയിട്ടുണ്ട്. എല്ലാ ക്രൈസ്തവ വിഭാഗങ്ങൾക്കും ഒന്നുപോലെ പ്രയോജനപ്പെടണമെന്ന ലക്ഷ്യമാണിതിനുള്ളത്. ഉച്ചാരണത്തിലുള്ള പ്രാദേശികഭേദങ്ങളും കാലാന്തര ദോഷങ്ങളും ഗ്രന്ഥകാരൻ ചൂണ്ടിക്കാണിക്കുന്നുണ്ട്. ഇതെല്ലാം ഭാവി നിഘണ്ടുനിർമ്മാതാക്കൾക്ക് ഒരു വലിയ അനുഗ്രഹമായിരിക്കും. ഇന്നത്തെ നിഘണ്ടുക്കളിൽ കാണുന്ന പിശകുകൾ തിരുത്താൻ ഇതു സഹായിക്കും.

ഗ്രന്ഥം മുന്നിലിരിക്കുമ്പോൾ ഉള്ളടക്കത്തിൽനിന്ന് അധികം ഉദാഹരണങ്ങളെടുത്തു ചർച്ചചെയ്യേണ്ടതില്ല. എങ്കിലും കപ്യാര് എന്ന പദത്തെക്കുറിച്ചുള്ള ഗവേഷണം ഞാനിവിടെ ചൂണ്ടിക്കാണിക്കുന്നു. ഒരു ശബ്ദകോശത്തിന്റെ പരിധിക്കപ്പുറം കടന്നുപോകുന്ന ആ സമഗ്ര ഗവേഷണത്തിനു മാത്രമായി ഡോ. കുരുക്കൂറിന് മറ്റൊരു ഡോക്ടറേറ്റുകൂടി കൊടുക്കാവുന്നതാണ്. അങ്ങനെയൊക്കെ ഭാഷാഗവേഷണത്തെ മാനിക്കുന്ന സാഹിത്യസംഘടനകളോ സർവകലാശാലകളോ കേരളത്തിലുണ്ടോ? കപ്യാർ (കപ്പിയാർ) എന്ന പദത്തിന് മുൻഗാമികൾ പറഞ്ഞിട്ടുള്ള നിഷ്പത്തിയെല്ലാം അബദ്ധമായിരുന്നു എന്നു സ്ഥാപിച്ചുകൊണ്ട് ആ പദത്തിന്റെ ആഗമചരിത്രം വെളിപ്പെടുത്തുന്നതോടൊപ്പം കപ്യാർസ്ഥാനത്തിന്റെ മഹത്വവും മാന്യതയും ചരിത്രത്തിന്റെ വെളിച്ചത്തിൽ വ്യക്തമാക്കുന്നതിനും ഗ്രന്ഥകാരനു കഴിഞ്ഞിട്ടുണ്ട്.

ഹറാത്തിക്ക എന്ന പദത്തിന്റെ അർത്ഥം കണ്ടുപിടിക്കാൻ പ്രയാസമാണെന്നു പറഞ്ഞ ഒരു ഭാഷാപണ്ഡിതന്റെ മുഖത്തു നോക്കി അതു നിഷ്പ്രയാസമല്ലേ എന്നു ചോദിച്ചുകൊണ്ട് ഗ്രീക്കിലെ ഹെരാത്തിക്കോസ്, സുറിയാനിയിലെ ഹെറാത്തിക്ക, ലത്തീനിലെ ഹെരാത്തിക്കൂസ്, ഇംഗ്ലീഷിലെ ഹെരറ്റിക്ക്, എന്നീ വാക്കുകൾ ചൂണ്ടിക്കാട്ടി ഗ്രീക്കിൽനിന്ന് സുറിയാനിയിലേക്കും അതിൽനിന്നു മലയാളത്തിലേക്കും വന്ന ആ വാക്കിന്റെ നിഷ്പത്തി വിവരിച്ച ഡോ. കുരുക്കൂർ തൂകുന്ന മന്ദഹാസംപോലും നമുക്ക് ഇതിനിടയിൽ തെളിഞ്ഞുകാണാം. പേത്തർത്ത, മെത്രാൻ, പരഹസ്യം (പരസ്യം), പ്രാതി, കാപ്പോറ, തരീസാ (തരിതാ), നസ്രാണി, മെത്രാൻ, ശീശ്മ മുതലായ പദങ്ങളെക്കുറിച്ചുള്ള ഗവേഷണങ്ങളും നമ്മുടെ സവിശേഷ ശ്രദ്ധയാകർഷിക്കുന്നതാണ്. ലത്തീൻ റീത്ത്, സുറിയാനി റീത്ത് മുതലായ റീത്തുകളെക്കുറിച്ചു പറയുമ്പോൾ റീത്തിന്റെ അർത്ഥം മുഴുവൻ ഉൾക്കൊള്ളുന്ന പദമാണ് സംസ്കൃതത്തിലെ "രീതി"യെന്നു ഗ്രന്ഥകാരൻ പറയുന്നതും കൗതുകകരമായിരിക്കുന്നു.

ലത്തീൻ, ഗ്രീക്ക്, സംസ്കൃതം, ഹീബ്രു, സുറിയാനി മുതലായ ഭാഷകളിലെ മൂലധാതുക്കൾക്കുള്ള സാമ്യം ചൂണ്ടിക്കാണിച്ചും ശബ്ദങ്ങൾക്ക് കാലദേശങ്ങൾകൊണ്ടു വരുന്ന ഉച്ചാരണവ്യതിയാനങ്ങളും അർത്ഥപരിണാമങ്ങളുമെല്ലാം ശാസ്ത്രീയമായി

www.malankaralibrary.com

വിശകലനംചെയ്തും കുരുക്കൂറച്ചന്റെ തൂലിക അനായാസം വിഹരിക്കുന്നതുകാണുമ്പോൾ അദ്ദേഹത്തിന്റെ ബഹുഭാഷാപാണ്ഡിത്യമോ ശബ്ദശാസ്ത്രജ്ഞാനമോ ഗവേഷണബുദ്ധിയോ ഏതാണ് മുർച്ചയേറിയത് എന്നു നിർണ്ണയിക്കാനാവാതെ വായനക്കാരൻ അന്തംവിട്ടുപോകും.

ഒറ്റപ്പുസ്തകത്തിൽ പദാർത്ഥകോശവും പദനിഷ്പത്തിപഠനവും ഭാഷാശാസ്ത്രതത്ത്വങ്ങളും താരതമ്യവ്യാകരണവും ചരിത്രവുമെല്ലാം കോർത്തിണക്കി രചിച്ചിരിക്കുന്ന "ക്രൈസ്തവശബ്ദകോശം" എന്ന ഈ നൂതന വൈജ്ഞാനിക സംഭാവനകൊണ്ട് ഡോ. ജി. കുരുക്കൂർ മലയാളഭാഷയെയും ക്രൈസ്തവസമൂഹത്തെയും ഒപ്പം സമ്പന്നമാക്കിയിരിക്കുന്നു എന്നു ചുരുക്കിപ്പറയട്ടെ. ഇതിനകം പൂർത്തിയാക്കിവച്ചിരിക്കുന്നതും പകുതിയാക്കിവച്ചിരിക്കുന്നതുമായ വേറെയും ഗവേഷണപ്രബന്ധങ്ങൾ അദ്ദേഹത്തിന്റെ കൈവശമുണ്ടെന്ന് എനിക്കറിയാം. അവയെല്ലാം വഴിക്കുവഴി പ്രസിദ്ധീകൃതമാകുന്നതിനും സാഹിത്യലോകത്ത് അർഹമായ സമുന്നതസ്ഥാനം അദ്ദേഹം നേടിയെടുക്കുന്നതിനും ഈ ഗ്രന്ഥത്തിന്റെ പ്രകാശനം ഒരു നാന്ദിയായിത്തീരുമെന്ന് ഞാൻ ആശിക്കുന്നു. അതിനുവേണ്ട ആയുരാരോഗ്യങ്ങളും അവസരങ്ങളും കുരുക്കൂറച്ചനു നല്കി അനുഗ്രഹിക്കണമേ എന്നു സർവ്വശക്തനായ ജഗദീശ്വരനോടു ഞാൻ പ്രാർത്ഥിക്കുകയും ചെയ്യുന്നു.

കോട്ടയം 41 — പ്രൊഫ. മാത്യു ഉലകംതറ

15-5-2002

www.malankaralibrary.com

# താരതമ്യാത്മക നിരുക്തപഠനം

## അഭിപ്രായം

മലയാളത്തിൽ താരതമ്യാത്മക സാഹിത്യപഠനം വളർന്നുവരുന്ന കാലമാണിത്. താരതമ്യാത്മക ഭാഷാശാസ്ത്രപഠനത്തിന് ആരംഭംകുറിച്ചിട്ട് ഒരുനൂറ്റാണ്ടോളമായി ക്കാണും. അതിൻെറതന്നെ ഒരു ശാഖയായി താരതമ്യാത്മക നിരുക്തപഠനത്തെ പരിഗണിക്കാം. വേദങ്ങളിൽ പ്രയോഗിച്ചിട്ടുള്ള പദങ്ങളുടെ നിഷ്പത്തിയെപ്പറ്റി ചിന്തിക്കുന്നതാണ് യാസ്കൻെറ നിരുക്തം. അത് ഒരു ഭാഷയെ മാത്രം അടിസ്ഥാനമാക്കിയുള്ളതാണ്. എന്നാൽ അനേകം ഭാഷകളെ ചേർത്തു പഠിക്കുന്നു താരതമ്യാത്മക നിരുക്തം. ആ ശാഖയിലേക്ക് വളരെ വിലപ്പെട്ട സംഭാവനയാണ് ഫാദർ ഡോ. ജി. കുരുക്കൂറിൻെറ "ക്രൈസ്തവ ശബ്ദകോശം".

ഒരു ഭാഷ മറ്റൊരു ഭാഷയുമായി ഇടപഴകുമ്പോൾ യഥാർത്ഥത്തിൽ ഒരു സംസ്കാരവും മറ്റൊരു സംസ്കാരവും തമ്മിലുള്ള സമ്പർക്കമാണ് ഉണ്ടാകുന്നത്. ഒരു മതവും വേറൊരു മതവും തമ്മിൽ കലരുമ്പോഴും സ്ഥിതി ഭിന്നമല്ല. ഇവിടെയെല്ലാം അന്യോന്യം സ്വാധീനം ചെലുത്തുക എന്നതു സ്വാഭാവികമാണ്. എന്നാൽ ഇടപെടുന്ന ഭാഷ, സംസ്കാരം, മതം എന്നിവ അധീശവർഗത്തിൻെറയും അധീനവർഗത്തിൻെറയും ആവുമ്പോൾ സ്വാധീനം മുകളിൽനിന്ന് കീഴ്പ്പോട്ടായിരിക്കും. മേല്പ്പോട്ടു വിരളമായേ സംഭവിക്കുകയുള്ളൂ. മലയാളത്തിൻെറയും മലയാളിയുടെയും ഹിന്ദുമതത്തിൻെറയും കാര്യം ഉദാഹരണമാണ്. കേരളത്തിൽ പോർത്തുഗീസുകാർ, ഡച്ചുകാർ, പരന്ത്രീസുകാർ, ഇംഗ്ലീഷുകാർ എന്നിവർ കോളനികൾ സ്ഥാപിക്കുകയുണ്ടായി. ഇവരെല്ലാം കച്ചവടത്തിനു വന്നവരാണെങ്കിലും ഇവർ മിഷണറിമാരെ കൊണ്ടുവരുകയും ക്രിസ്ത്യൻ മിഷണറിപ്രവർത്തനം നടത്തിക്കുകയും ചെയ്തു. തങ്ങളുടെ പ്രവർത്തനം സ്വദേശീയരുടെ മാതൃഭാഷയിലൂടെ ആയാൽ മാത്രമേ ഫലപ്രദമാവുകയുള്ളൂ എന്ന തിരിച്ചറിവ് മിഷണറിമാർക്കുണ്ടായി (ഇന്നു നമുക്കില്ലാത്തത് അതാണല്ലോ). അതുകൊണ്ട് അവർ മലയാളം പഠിക്കാൻ മുതിർന്നു. അപ്പോളവർക്ക് ഇവിടെ നല്ല വ്യാകരണഗ്രന്ഥങ്ങളും നിഘണ്ടുക്കളും പാഠപുസ്തകങ്ങളും മറ്റും ഇല്ലെന്നു മനസ്സിലായി. ആ കുറവു പരിഹരിക്കാൻ അവർ സ്വയം അത്തരം ഗ്രന്ഥങ്ങൾ രചിച്ചു. അതുകൊണ്ടു മലയാള ഭാഷാപോഷണം അവരറിയാതെ അവർ നിർവഹിച്ചു.

തങ്ങളുടെ മതത്തിൽ ഉപയോഗിക്കുന്നവയ്ക്കു തുല്യമായ മലയാളപദങ്ങൾ ഇല്ലെന്നറിഞ്ഞ മിഷണറിമാർ പല വൈദേശികപദങ്ങളും അതേമട്ടിലോ മലയാളത്തിനു ചേരുന്നമട്ടിൽ രൂപംമാറ്റിയോ ഉപയോഗിച്ചു. അങ്ങനെ, ഗ്രീക്ക്, ലാറ്റിൻ, ജർമ്മൻ (ഉയർന്നതും താഴ്ന്നതും), ഇറ്റാലിയൻ, ഫ്രഞ്ച്, പോർത്തുഗീസ്, ഡാനിഷ് മുതലായ ഭാഷകൾ ഉൾക്കൊള്ളുന്ന ഇൻഡോ യൂറോപ്യൻ ഭാഷാകുടുംബത്തിൽനിന്ന് അനേകം പദങ്ങൾ കടന്നുവന്നു. അറമായ, സുറിയാനി മുതലായ ഭാഷകൾ ഉൾക്കൊള്ളുന്ന സെമിറ്റിക് ഭാഷാകുടുംബത്തിൽനിന്നു പല പദങ്ങളും മലയാളികൾക്കിടയിൽ, പ്രത്യേകിച്ചും മലയാളി ക്രിസ്ത്യാനികൾക്കിടയിൽ പണ്ടേ പ്രചാരത്തിൽ വന്നിരുന്നു. അത്തരം പദങ്ങളിൽ വളരെ പ്രചുരപ്രചാരം നേടിയവയും ഇന്നും പ്രചാരത്തിൽ ഉള്ളവയുമായ കുറെ പദങ്ങളുടെ നിഷ്പത്തിയും അർത്ഥവും അന്വേഷിക്കുന്നു ഫാദർ ജി. കുരുക്കൂർ "ക്രൈസ്തവശബ്ദകോശ"ത്തിൽ. അതിനദ്ദേഹം തൻെറ അതിവിപുലമായ ഭാഷാപരിചയത്തെ താങ്ങായി സ്വീകരിച്ചിരിക്കുന്നു.

www.malankaralibrary.com

ഇവിടെ പദങ്ങളുടെ ആഗമം ചരിത്രപരമായും വിവരണാത്മകമായും ഫാദർ വിശദമാക്കുന്നുണ്ട്. ഈ വഴിയിൽ പൂർവ്വസൂരികൾക്കു പിണഞ്ഞ അബദ്ധങ്ങൾ ചൂണ്ടിക്കാണിക്കാനും ഫാദർ മറന്നിട്ടില്ല. ചില പദങ്ങൾ ചിലപ്പോൾ നേരിട്ടു മലയാളത്തിലേക്കു വരും. വേറെ ചില പദങ്ങൾ ഒന്നിലധികം ഭാഷകളിലൂടെ കടന്നാണ് ഇങ്ങോട്ടെത്തുന്നത്. ആ ഭാഷകൾ ഏതെന്നു കാണിക്കാനും ഓരോ ഘട്ടത്തിലും ഓരോ പദവും ഏതെല്ലാം രൂപപരിണതി കൈക്കൊണ്ടു എന്നു നിർദ്ദേശിക്കാനും ഫാദറിന് അനായാസം സാധിച്ചിരിക്കുന്നു. ഇക്കാര്യത്തിൽ ഫാദറിൻെറ അഗാധമായ ഭാഷാ പാണ്ഡിത്യമാണ് അദ്ദേഹത്തെ സഹായിക്കുന്നത്.

ഒരു പദത്തിനുതന്നെ ക്രിസ്തുമതത്തിലെ ഭിന്ന വിഭാഗങ്ങളിൽ വരുമ്പോൾ അർത്ഥമാറ്റം സംഭവിക്കുന്നുണ്ട്. അതും ഫാദർ ചൂണ്ടിക്കാണിക്കുന്നു. കപ്യാർ (കപ്പിയാർ) എന്ന പദം ഒരു ഉദാഹരണമായി എടുക്കാം. കത്തോലിക്കരുടെയിടയിൽ വളരെ ഉയർന്ന സ്ഥാനത്തെക്കുറിക്കുന്ന പദമാണത്. എന്നാൽ പ്രോട്ടസ്റ്റൻറുകാരുടെയിടയിൽ അതിന് അർത്ഥച്യുതി സംഭവിച്ചു.

ഭാഷാശാസ്ത്രത്തിൽ പദങ്ങളുടെ അർത്ഥസങ്കോചവികാസങ്ങൾ പഠിക്കുന്ന സേമാൻറിക്സ് എന്നൊരു ശാഖയുണ്ട്. അർത്ഥശാസ്ത്രം എന്നാണ് വേദബന്ധു അതു തർജ്ജുമചെയ്തിരിക്കുന്നത്. സമ്പച്ഛാസ്ത്രത്തിൽനിന്നു വേർതിരിക്കാൻ നമുക്കതിനെ അർത്ഥപഠനശാസ്ത്രം എന്നു വിളിക്കാം. ആ ശാഖയിലേക്കും ഈ ഗ്രന്ഥം ഗണനീയമായ സംഭാവന നല്കുന്നുണ്ട്.

ഈ പഠനത്തിൻെറ ഉപോത്പന്നം എന്നു പറയാവുന്നത് കേരളത്തിലെ ക്രിസ്തുമതവ്യാപനചരിത്രത്തിലേക്കും അതിൻെറ ഗതിവിഗതികളിലേക്കും ഇത് വെളിച്ചം വീശുന്നു എന്നതാണ്.

മലയാളിക്ക് ഭാഷാഭ്രാന്തും ഭാഷാഭിമാനവും ഇല്ല. ഏതു വിദേശപദവും അവൻെറ അന്തസ്സു കൂട്ടുമെന്ന ധാരണയിൽ ആവശ്യത്തിനും അനാവശ്യത്തിനും കടംകൊള്ളാൻ അവനു മടിയില്ല. ഭാഷാപദങ്ങൾ കടംകൊണ്ടാൽ മടക്കിക്കൊടുക്കേണ്ടതില്ല എന്ന സൗകര്യവും ഉണ്ട്. എന്നാൽ നാം എത്ര പദം മറ്റുള്ളവർക്കു സംഭാവനചെയ്തു എന്നാലോചിച്ചാൽ ലജ്ജിച്ചു തലതാഴ്ത്തേണ്ടിവരും.

"ക്രൈസ്തവശബ്ദകോശം" എന്ന പേരു കേൾക്കുമ്പോൾ അത് ക്രിസ്ത്യാനികൾക്കു മാത്രമായുള്ള ഒരു ഗ്രന്ഥമാണെന്ന പ്രതീതി ഉളവാക്കും. പക്ഷേ, ഭാഷാശാസ്ത്രത്തിലും ക്രിസ്തുമതവ്യാപനചരിത്രത്തിലും തത്പരരായ ആർക്കും ഈ പുസ്തകം അത്യന്തം പ്രയോജനപ്രദമാണ്.

അടിയുറച്ച ബഹുഭാഷാപാണ്ഡിത്യം നല്കിയ ആത്മവിശ്വാസത്തിൽ ഊന്നിനിന്ന് ഭാഷാശാസ്ത്രജ്ഞന്മാർക്ക് നിർവിശങ്കം ആശ്രയിക്കാവുന്ന ക്രൈസ്തവശബ്ദകോശം രചിച്ച ഫാദർ ഡോ. ജി. കുരുക്കൂറിനെ ഹൃദയപൂർവം അഭിനന്ദിക്കുന്നു. ഈ സദ്ഗ്രന്ഥത്തിനു നല്ല പ്രചാരമുണ്ടാവട്ടെ എന്നാശംസിക്കുന്നു.

ഡോ. ടി. ഭാസ്കരൻ

44/1053, 'അമേയ',
പേരണ്ടൂർ റോഡ്, കലൂർ,
എറണാകുളം, കൊച്ചി - 17
9 - 8 - 2002

www.malankaralibrary.com

ഇവിടെ പദങ്ങളുടെ ആഗമം ചരിത്രപരമായും വിവരണാത്മകമായും ഫാദർ വിശദമാക്കുന്നുണ്ട്. ഈ വഴിയിൽ പൂർവ്വസൂരികൾക്കു പിണഞ്ഞ അബദ്ധങ്ങൾ ചൂണ്ടിക്കാണിക്കാനും ഫാദർ മറന്നിട്ടില്ല. ചില പദങ്ങൾ ചിലപ്പോൾ നേരിട്ടു മലയാളത്തിലേക്കു വരും. വേറെ ചില പദങ്ങൾ ഒന്നിലധികം ഭാഷകളിലൂടെ കടന്നാണ് ഇങ്ങോട്ടെത്തുന്നത്. ആ ഭാഷകൾ ഏതെന്നു കാണിക്കാനും ഓരോ ഘട്ടത്തിലും ഓരോ പദവും ഏതെല്ലാം രൂപപരിണതി കൈക്കൊണ്ടു എന്നു നിർദ്ദേശിക്കാനും ഫാദറിന് അനായാസം സാധിച്ചിരിക്കുന്നു. ഇക്കാര്യത്തിൽ ഫാദറിൻെറ അഗാധമായ ഭാഷാപാണ്ഡിത്യമാണ് അദ്ദേഹത്തെ സഹായിക്കുന്നത്.

ഒരു പദത്തിനുതന്നെ ക്രിസ്തുമതത്തിലെ ഭിന്ന വിഭാഗങ്ങളിൽ വരുമ്പോൾ അർത്ഥമാറ്റം സംഭവിക്കുന്നുണ്ട്. അതും ഫാദർ ചൂണ്ടിക്കാണിക്കുന്നു. കപ്യാര് (കപ്പിയാര്) എന്ന പദം ഒരു ഉദാഹരണമായി എടുക്കാം. കത്തോലിക്കരുടെയിടയിൽ വളരെ ഉയർന്ന സ്ഥാനത്തെക്കുറിക്കുന്ന പദമാണത്. എന്നാൽ പ്രോട്ടസ്റ്റൻറുകാരുടെയിടയിൽ അതിന് അർത്ഥച്യുതി സംഭവിച്ചു.

ഭാഷാശാസ്ത്രത്തിൽ പദങ്ങളുടെ അർത്ഥസങ്കോചവികാസങ്ങൾ പഠിക്കുന്ന സേമാൻറിക്സ് എന്നൊരു ശാഖയുണ്ട്. അർത്ഥശാസ്ത്രം എന്നാണ് വേദബന്ധു അതു തർജ്ജുമചെയ്തിരിക്കുന്നത്. സമ്പച്ഛാസ്ത്രത്തിൽനിന്നു വേർതിരിക്കാൻ നമുക്കതിനെ അർത്ഥപഠനശാസ്ത്രം എന്നു വിളിക്കാം. ആ ശാഖയിലേക്കും ഈ ഗ്രന്ഥം ഗണനീയമായ സംഭാവന നല്കുന്നുണ്ട്.

ഈ പഠനത്തിൻെറ ഉപോത്പന്നം എന്നു പറയാവുന്നത് കേരളത്തിലെ ക്രിസ്തുമതവ്യാപനചരിത്രത്തിലേക്കും അതിൻെറ ഗതിവിഗതികളിലേക്കും ഇത് വെളിച്ചം വീശുന്നു എന്നതാണ്.

മലയാളിക്ക് ഭാഷാഭ്രാന്തും ഭാഷാഭിമാനവും ഇല്ല. ഏതു വിദേശപദവും അവൻെറ അന്തസ്സു കൂട്ടുമെന്ന ധാരണയിൽ ആവശ്യത്തിനും അനാവശ്യത്തിനും കടംകൊള്ളാൻ അവനു മടിയില്ല. ഭാഷാപദങ്ങൾ കടംകൊണ്ടാൽ മടക്കിക്കൊടുക്കേണ്ടതില്ല എന്ന സൗകര്യവും ഉണ്ട്. എന്നാൽ നാം എത്ര പദം മറ്റുള്ളവർക്കു സംഭാവനചെയ്തു എന്നാലോചിച്ചാൽ ലജ്ജിച്ചു തലതാഴ്ത്തേണ്ടിവരും.

"ക്രൈസ്തവശബ്ദകോശം" എന്ന പേരു കേൾക്കുമ്പോൾ അത് ക്രിസ്ത്യാനികൾക്കു മാത്രമായുള്ള ഒരു ഗ്രന്ഥമാണെന്ന പ്രതീതി ഉളവാക്കും. പക്ഷേ, ഭാഷാശാസ്ത്രത്തിലും ക്രിസ്തുമതവ്യാപനചരിത്രത്തിലും തത്പരരായ ആർക്കും ഈ പുസ്തകം അത്യന്തം പ്രയോജനപ്രദമാണ്.

അടിയുറച്ച ബഹുഭാഷാപാണ്ഡിത്യം നല്കിയ ആത്മവിശ്വാസത്തിൽ ഊന്നിനിന്ന് ഭാഷാശാസ്ത്രജ്ഞന്മാർക്ക് നിർവിശങ്കം ആശ്രയിക്കാവുന്ന ക്രൈസ്തവശബ്ദകോശം രചിച്ച ഫാദർ ഡോ. ജി. കുരുക്കൂറിനെ ഹൃദയപൂർവം അഭിനന്ദിക്കുന്നു. ഈ സദ്ഗ്രന്ഥത്തിനു നല്ല പ്രചാരമുണ്ടാവട്ടെ എന്നാശംസിക്കുന്നു.

ഡോ. ടി. ഭാസ്കരൻ

44/1053, 'അമേയ',
പേരണ്ടൂർ റോഡ്, കലൂർ,
എറണാകുളം, കൊച്ചി - 17
9 - 8 - 2002

www.malankaralibrary.com

# പരകീയപദങ്ങളുടെ ഉറ്റമിത്രം

## അഭിപ്രായം

കേരളത്തിൻെറ സഹസ്രാബ്ദദീർഘമായ ചരിത്രഗതിക്കിടയിൽ അനേകം വിദേശ ഭാഷാപദങ്ങൾ മലയാളത്തിൽ കുടിയേറി. മലയാളികളുടെ സംഭാഷണങ്ങളിലും സാഹിത്യ രചനകളിലും അവയ്ക്കു സ്ഥാനം ലഭിച്ചു. ഇത്തരം ഓരോ വാക്കിനും സ്വന്തമായ ഓരോ കഥ പറയാനുണ്ടാവും. ആഴമുള്ള പാണ്ഡിത്യവും പരപ്പാർന്ന വായനയും ഉള്ളവർക്കു മാത്രം വഴങ്ങുന്ന ഒരു വിജ്ഞാനമേഖലയാണത്.

അത്തരം വാക്കുകളിൽ ദുർഗ്രഹങ്ങളായവയുടെ ഉദ്ഭവപരിണാമങ്ങളെപ്പറ്റി വിശദമായി പ്രതിപാദിക്കുന്ന വിശിഷ്ടഗ്രന്ഥമാണ് ഡോ. ജോർജ് കുരുക്കൂറിൻെറ "ക്രൈസ്തവ ശബ്ദകോശം". പരകീയപദങ്ങളുടെ ഉറ്റ മിത്രമെന്ന് ഇതിനെ വിളിക്കാം. ഒന്നാംസ്ഥാനത്തുള്ളത് ക്രൈസ്തവചിന്തയുടെ പരിപ്രേക്ഷ്യത്തിൽ മാത്രം പൂർണ്ണമായി ഗ്രഹിക്കാവുന്ന അഗാപ്പേ എന്ന വാക്കാണ്. സ്നേഹമെന്നും അയൽക്കാരനോടുള്ള സ്നേഹമെന്നും സ്നേഹവിരുന്നെന്നും ആ ഗ്രീക്കുപദത്തിന് അർത്ഥമുണ്ടെന്ന് ഗ്രന്ഥകാരൻ വ്യക്തമാക്കുന്നു. അന്തിയുറക്കം അന്തിച്ചന്ത മുതലായ വാക്കുകൾ കേട്ടു പരിചയിച്ച മലയാളികൾ, അന്തിക്രിസ്തു എന്നു കേൾക്കുമ്പോൾ അർത്ഥം ഗ്രഹിക്കാൻ ക്ലേശിക്കും. ആ പ്രയോഗത്തിലെ 'അന്തി' ലത്തീൻ ഭാഷയിലേതാണെന്നും ക്രിസ്തുവിരോധിയെന്നാണ് ആ പ്രയോഗത്തിന് അർത്ഥമെന്നും ഗ്രന്ഥകാരൻ വ്യക്തമാക്കുന്നു.

പെസഹാഭക്ഷണത്തിനുവേണ്ടി ക്രൈസ്തവകുടുംബങ്ങളിൽ ഭക്ത്യാദരപൂർവ്വം പുഴുങ്ങിയെടുക്കുന്ന ഇണ്ടറിയപ്പത്തെക്കുറിച്ച് രസകരമായ പ്രതിപാദനം ഇതിലുണ്ട്. കുരിശുകളുടെ മുകളിൽക്കാണുന്ന INRI എന്ന അക്ഷരങ്ങൾ കൂട്ടിവായിക്കുമ്പോൾ ഇണ്ടറി എന്ന വാക്കുണ്ടാകും. ആ അക്ഷരങ്ങൾ പതിപ്പിച്ചുണ്ടാക്കുന്ന അപ്പമായതുകൊണ്ടാണ് ഇണ്ടറിയപ്പമെന്ന് ആ അപ്പത്തെ വിളിക്കുന്നത്. ഇണ്ഡറി, ഇട്ടലി, ഇഡ്ഡലി എന്നീ വാക്കുകളിൽനിന്നല്ല ആ പേരുണ്ടായത്. ഇണ്ടറിയപ്പം തികച്ചും മതപരവും ദിവ്യവുമാണ്. ഇഡ്ഡലിയാകട്ടെ സാധാരണഭക്ഷണവും.

കപ്യാര്, കാപ്പോറ, തരിസാപള്ളി, തരിതായ്കൾ, പേത്തർത്ത, പ്രാതി, ഹറാത്തിക്ക, ശീശ്മ, റീത്ത് മുതലായ പദങ്ങളുടെ വിവരണവും അത്യധികം ശ്രദ്ധേയമാണ്. അവയുടെ ശരിയായ നിഷ്പത്തി ഈ ഗ്രന്ഥത്തിലാണ് ആദ്യമായി വിവരിച്ചിട്ടുള്ളത്. നിഘണ്ടുക്കളിലും ലക്സിക്കണിലും കയറിപ്പറ്റിയ അബദ്ധങ്ങൾ തിരുത്താൻവേണ്ട അറിവ്, ഈ ബഹുഭാഷാപണ്ഡിതൻ നല്കിയിരിക്കുന്നു. ആരും വിശദീകരിക്കാത്ത പദങ്ങളുടെ നിഷ്പത്തി ഇതിലുണ്ട്. കൽത്തപ്പം, ചീരുപാടുക മുതലായവ ഉദാഹരണങ്ങൾ. മലയാളികൾ എന്നും ഈ ഗ്രന്ഥകർത്താവിനോടു കടപ്പെട്ടിരിക്കും.

മുന്നൂറിലേറെ പദങ്ങളാണ് ഇവിടെ സൂക്ഷ്മപഠനത്തിനു വിധേയമാക്കിയിട്ടുള്ളത്. വിജ്ഞേയങ്ങളെന്നും രസനിഷ്യന്ദികളെന്നും കൗതുകകരങ്ങളെന്നും വിശേഷിപ്പിക്കാവുന്ന ഒട്ടേറെ വിശദാംശങ്ങൾ, അപഗ്രഥനത്തിനും താരതമ്യത്തിനും ചരിത്രത്തിനും ഊന്നൽ നല്കുന്ന ഈ ഗ്രന്ഥത്തിലുണ്ട്. അവയെല്ലാം സശ്രദ്ധം സമാഹരിച്ചു വിവരി

www.malankaralibrary.com

ക്കാൻ എത്രമാത്രം ഏകാഗ്രതയും അധ്വാനവും ധിഷണാശക്തിയും വേണ്ടിവന്നുവെന്ന് ഊഹിക്കാവുന്നതേയുള്ളു.

അക്കാദിയൻ, അറമായാ (സുറിയാനി), ഹീബ്രു, സംസ്കൃതം, ക്ലാസിക്കൽ ലത്തീൻ, സഭാപരമായ ലത്തീൻ, പോർത്തുഗീസ്, ഇറ്റാലിയൻ, ഇംഗ്ലീഷ്, ജർമ്മൻ, ഫ്രഞ്ച്, പാലി, തമിഴ് എന്നിങ്ങനെ ഇരുപതോളം ഭാഷകളുടെ നിഘണ്ടുക്കളും വ്യാകരണങ്ങളും ആധുനിക താരതമ്യാത്മക ഭാഷാശാസ്ത്ര ഗ്രന്ഥങ്ങളും സഭാചരിത്ര ഗ്രന്ഥങ്ങളും പരിശോധിച്ചാണ് വാക്കുകളുടെ നിഷ്പത്തിയും രൂപപരിണാമങ്ങളും അർത്ഥങ്ങളും ഗോത്രബന്ധങ്ങളുമെല്ലാം വിവരിച്ചിരിക്കുന്നത്. വിസ്മയനീയമായ ഒരു വസ്തുതയാണിത്. ക്ഷമാപൂർവ്വം ദീർഘകാലം നടത്തിയ പഠനത്തിൻെറയും ഗവേഷണത്തിൻെറയും ഫലമായിട്ടാണ് ഈ ഗ്രന്ഥം രൂപപ്പെട്ടതെന്നു തീർച്ച. ദുർലഭങ്ങളും അമൂല്യങ്ങളുമായ നിഘണ്ടുക്കൾ പരിശോധിക്കാൻ വിലപ്പെട്ട ഗ്രന്ഥശാലകളുമായുള്ള ബന്ധം സഹായകമായി. ഇതിൽ കൈകാര്യംചെയ്യുകയും പരാമർശിക്കുകയും ചെയ്തിട്ടുള്ള ഭാഷകളുടെ സംഖ്യതന്നെ അത്ഭുതപ്പെടുത്തുന്നതാണ്. ക്രൈസ്തവ സാഹിത്യത്തിലെ ദുർഗ്രഹ പദങ്ങളുടെ ഈ വിവരണം അക്രൈസ്തവ സഹോദരങ്ങൾക്കും പ്രയോജനപ്രദമാണ്. ഇതിലെ പല പദങ്ങളും മതഭാഷയുടെ മണ്ഡലം വിട്ട് പൊതുസാഹിത്യധാരയിലേക്കു കടന്നിട്ടുള്ളവയാണല്ലോ.

ആനുകാലികങ്ങളുടെ പിടിയിലമർന്ന നമ്മുടെ സമൂഹത്തിൽ നാമാവശേഷമായിക്കൊണ്ടിരിക്കുന്ന പഴയ ഗ്രന്ഥരചനാസമ്പ്രദായത്തിൻെറ അംഗുലീപരിമിതരായ പ്രതിനിധികളിൽ പ്രഥമസ്ഥാനീയനാണ് ഡോ. ജോർജ് കുരുക്കൂർ. പണ്ഡിതാഗ്രേസരനായ അദ്ദേഹത്തിൻെറ മുമ്പിൽ ഞാൻ സ്നേഹാദരപൂർവ്വം തലകുനിക്കുന്നു. ഇനിയും ദീർഘകാലം ജീവിച്ച് നമ്മുടെ വൈജ്ഞാനിക സാഹിത്യത്തെ അദ്ദേഹം സമ്പന്നമാക്കട്ടെ. ഈ പുസ്തകത്തിനു പ്രചുരപ്രചാരം നേരുന്നു.

കലൂർ, എറണാകുളം
15 ജൂലൈ 2002.

ഫാ. എ. അടപ്പൂർ എസ്.ജെ.
ലൂമെൻ (ജ്യോതിസ്സ്) ഇൻസ്റ്റിറ്റ്യൂട്ട്

www.malankaralibrary.com

# ആധുനിക നിരുക്തം

## അഭിപ്രായം

മലയാള ശബ്ദകോശ നിർമ്മാണ മണ്ഡലത്തിൽ ഇന്നുവരെ ആരും ചെയ്തിട്ടില്ലാത്ത സാഹസത്തിന് എൻെറ ഗുരുനാഥൻ മുതിർന്നിരിക്കുന്നു. ധിഷണാശാലിത്വവും ഏകാഗ്രബുദ്ധിയും ബഹുഭാഷാപാണ്ഡിത്യവും, ചരിത്രജ്ഞാനവും വിശിഷ്യാ, ഗവേഷണത്വരയുമുള്ള ഒരാൾക്കേ ഇത്തരമൊരു സംരംഭത്തിനു മുതിരാനാകൂ. ഇൻഡോ ആര്യൻ, സെമിറ്റിക്, ദ്രാവിഡം എന്നീ വ്യത്യസ്ത ഭാഷാഗോത്രങ്ങളിൽപ്പെട്ട സംസ്കൃതം, ഗ്രീക്ക്, ലത്തീൻ, പോർത്തുഗീസ്, ഹീബ്രു, സുറിയാനി, മലയാളം, തമിഴ് മുതലായ വിവിധ ഭാഷകളിലുള്ള അവഗാഹവും അവയിലൂടെയുള്ള ശ്രമകരമായ അന്വേഷണവുമാണ് ഈ ഗ്രന്ഥനിർമ്മിതിയുടെ പിന്നിലുള്ളതെന്ന് ഇതിലൂടെ ഒന്നു കണ്ണോടിച്ചാൽ വ്യക്തമാകും. ഹെൻറി യൂൾ, ഏ.സി. ബർണൽ, കാൽഡ്വൽ, ഹെർമൻ ഗുണ്ടർട്ട്, മോണിയർ വില്യംസ്, റ്റി. ബറോ, എം.ബി. എമനോ മുതലായവരുടെ കാലടികളെയാണ് ഈ അഭിനവ കാൽഡ്വൽ പിന്തുടരുന്നത്.

മലയാള ക്രൈസ്തവ സാഹിത്യത്തിലെ ദുർഗ്രഹങ്ങളായ മുന്നൂറ്റമ്പതോളം പദങ്ങൾ ഈ ഗ്രന്ഥത്തിൽ അപഗ്രഥിച്ചിട്ടുണ്ട്. കപ്യാർ (കപ്പിയാർ) എന്ന വാക്കിന് ഗുണ്ടർട്ട് മുതലായവർ കാണിച്ച നിഷ്പത്തി ശരിയല്ലെന്ന് വ്യക്തമായ തെളിവുകളോടെ ഭാഷകളും ചരിത്രവും പരിശോധിച്ച് പ്രസ്താവിച്ചിരിക്കുന്നു. ആ പദം കബർ (ഖബർ) എന്ന സുറിയാനിപ്പദത്തിൽനിന്നോ കൊവേയ്റോ എന്ന പോർത്തുഗീസ് പദത്തിൽ നിന്നോ വന്നതല്ലെന്നും നിക്ഷേപാലയാധികാരി എന്നർത്ഥമുള്ള കപ്യാരിയൂസ് എന്ന ലത്തീൻ പദത്തിൽനിന്നുണ്ടായ കപ്യാരിയോ എന്ന പോത്തുഗീസ് പദത്തിൽനിന്നുദ്ഭവിച്ചതാണെന്നും വ്യക്തമാക്കിയിരിക്കുന്നു. ആ പദത്തിൻെറ നിഷ്പത്തിയെക്കുറിച്ച് 1872 മുതൽ നിലനിന്ന തെറ്റിദ്ധാരണ നീക്കിയിരിക്കുന്നു. നമ്മുടെ നിഘണ്ടുക്കളിലും ലക്സിക്കണിലും കടന്നുകൂടിയ പിശക് ഇനി സധൈര്യം തിരുത്താം. ഇതുപോലെ ഹത്താറിക്കാ, മെത്രാൻ, തരീസാപള്ളി, തരുതായ്കൾ, നസ്രാണി, പ്രാതി, കാപ്പോറ, പേത്തുർത്ത മുതലായ പദങ്ങളുടെ നിഷ്പത്തി പല മുൻഗാമികളും കാണിച്ചിട്ടുള്ളത് ശരിയല്ലെന്നും തെളിയിച്ചിരിക്കുന്നു. സത്യവിശ്വാസി എന്നർത്ഥമുള്ള ത്രീസാ എന്ന സുറിയാനിപ്പദത്തിൽനിന്നുണ്ടായതാണ് തരീസായും തരുതായിയും എന്നു വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരം പദങ്ങളെപ്പറ്റി നിഘണ്ടുക്കളിലും ലക്സിക്കണിലും "മലയാളത്തിലെ പരകീയപദങ്ങൾ" എന്ന ഗ്രന്ഥത്തിലും മറ്റും കടന്നുകൂടിയിട്ടുള്ള പിശകുകൾ അവ യുടെ അടുത്ത പതിപ്പുകളിൽ തിരുത്തുമെന്നു പ്രത്യാശിക്കുന്നു.

ഇന്നോളം ആരും വിശദീകരിക്കാതെ കിടന്ന പല പദങ്ങളുടെയും നിഷ്പത്തി ഈ ഗ്രന്ഥത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. കല്ത്തപ്പം എന്ന പ്രയോഗം അതിന് ഉദാഹരണമാണ്. ശീശ്മ, റീത്ത് മുതലായ പദങ്ങളുടെ ആഗമവിവരണം അത്യന്തം വിസ്മയനീയമാണ്.

താരതമ്യാത്മക നിരുക്തിശാസ്ത്രത്തിൽ ഇന്നുവരെ ആരും വ്യക്തമാക്കാത്ത പല വിവരങ്ങളും ഇതിൽ കാണുന്നു. ഗ്രീക്ക്, ലത്തീൻ, സംസ്കൃതം മുതലായ

www.malankaralibrary.com

ഭാഷകളിലെ ധാതുക്കളെ എത്ര അനായാസമായി ഇതിൽ താരതമ്യം ചെയ്തിരിക്കുന്നു. ഇൻഡോ ആര്യൻ ഭാഷാഗോത്രത്തിനു സെമിറ്റിക് ഗോത്രത്തോടും ദ്രാവിഡ ഗോത്രത്തോടുമുള്ള ബന്ധം ആരും ഇത്ര സൂക്ഷ്മമായി പഠിച്ചു വിശദീകരിച്ചിട്ടില്ല. ഭാഷാപഠനം അഗാധതലത്തിൽ നടത്തുമ്പോൾ മനുഷ്യവംശത്തിന്റെ ഐക്യത്തിന് അതു സഹായകമാകുമെന്ന് ഇതിൽനിന്നു തെളിയുന്നു. ദാദകളി, ബാബേൽ, പുല്പം, ശീശ്മ, റീത്ത് മുതലായ പദങ്ങളുടെ വിവരണം താരതമ്യാത്മക ഭാഷാശാസ്ത്രത്തിൽ ഗ്രന്ഥകാരനുള്ള അവഗാഹത്തെ തെളിയിക്കുന്ന മാതൃകകളാണെന്നു ഞാൻ കരുതുന്നു.

മലയാളഭാഷയുടെ ചരിത്രത്തിൽ ഇത് ഒരതുല്യ ഗ്രന്ഥമാണ്, ഒറ്റപ്പെട്ട ഗ്രന്ഥമാണ്. ഈ അനർഘനിധികൊണ്ടുതന്നെ ഒരു പുരുഷായുസ്സ് സഫലമായിരിക്കുന്നു. ഒരു പുരുഷായുസ്സിന്റെ അദ്ധ്വാനം ഇതിന്റെ പിന്നിലുണ്ട്. വേദങ്ങൾക്കു യാസ്കൻ നിരുക്തം എന്ന വേദാംഗം സൃഷ്ടിച്ചു. അതുപോലെ മലയാളഭാഷയ്ക്ക് പ്രത്യേകിച്ച് മലയാള ക്രൈസ്തവസാഹിത്യത്തിന് വിസ്മയനീയമായ നിരുക്തം എന്റെ ഗുരുനാഥൻ സൃഷ്ടിച്ചിരിക്കുന്നു.

ഇന്നോളം ആർക്കും പറയാൻ കഴിയാത്ത വിവരങ്ങൾ, ഭാഷാപഗ്രഥനത്തിൽ ഡോക്ടറേറ്റുള്ള എന്റെ ഗുരുനാഥൻ ലളിതഭാഷയിൽ, ഭാഷാശാസ്ത്രത്തിന്റെ ദുർവഹ സാങ്കേതികതകൾ ഒഴിവാക്കി വിവരിച്ചതിന് പ്രത്യേകം നന്ദി പറയുന്നു. ഭാഷാശാസ്ത്രജ്ഞന്മാർക്കും നിഘണ്ടുനിർമ്മാതാക്കൾക്കും അനുപേക്ഷണീയമായ ഒരു റഫറൻസ് ഗ്രന്ഥവും പ്രഥമ ക്രൈസ്തവഭാഷാപദ പീഠികയുമാണിത്. വിവിധ ഭാഷകളും ഭാഷാഗോത്രങ്ങളും തമ്മിലുള്ള ബന്ധവും ഭാഷയിലൂടെ തെളിയുന്ന ചരിത്രവും ദൈവശാസ്ത്രവുമെല്ലാം ഇതുപോലെ മലയാളത്തിൽ അയത്നലളിതമായി, സാധാരണക്കാർക്കു ഗ്രഹിക്കാനാവുന്ന വിധത്തിൽ വേറെ ആരും വിവരിച്ചിട്ടില്ല. ഗ്രീക്കും സുറിയാനിയും മധ്യയുഗ ലത്തീനും പോർത്തുഗീസും ഹീബ്രുവും ക്രിസ്തുമത ചരിത്രവും പഠിക്കാത്തവർ ക്രൈസ്തവസാഹിത്യത്തിലെ പദങ്ങളുടെ അർത്ഥമോ നിഷ്പത്തിയോ പറയാൻ മുതിരുന്നത് അബദ്ധമാകുമെന്ന് ഈ ഗ്രന്ഥകർത്താവ് വെളിപ്പെടുത്തുന്നു.

ഭാഷാശാസ്ത്രഗ്രന്ഥങ്ങളിലൂടെയും നിഘണ്ടുക്കളിലൂടെയും ചരിത്രഗ്രന്ഥങ്ങളിലൂടെയും മുങ്ങിത്തപ്പി അവയിലെ വിലമതിക്കാനാവാത്ത മുത്തുകൾ കണ്ടെത്തിയ, തന്റെ ജീവിതംതന്നെ ഭാഷയ്ക്കുവേണ്ടി സമർപ്പിച്ച, ഗവേഷണം ഒരു തപസ്യയാക്കി മാറ്റിയ, ഭാഷാജ്ഞാനംകൊണ്ടും ചരിത്രജ്ഞാനംകൊണ്ടും ശിഷ്യഗണത്തെ നിരന്തരം വിസ്മയിപ്പിച്ചിട്ടുള്ള, വിവിധ ഭാഷകളിലെ പദങ്ങൾകൊണ്ടു പന്താടുന്നതിൽ സന്തോഷിക്കുന്ന, ഏതു പദം കേട്ടാലും അപഗ്രഥിച്ച് അർത്ഥം പറയുകയും ഇതരഭാഷകളിലെ സമാന പദങ്ങൾ ചൂണ്ടിക്കാട്ടുകയും ചെയ്യുന്ന അധ്യാപകനും അതേസമയം സർവ്വജനപ്രീതിനേടിയ വൈദികവരേണ്യനുമായ എന്റെ ഗുരുനാഥൻ ചിരഞ്ജീവിയായിത്തീരട്ടെയെന്ന് സർവേശ്വരനോടു പ്രാർത്ഥിച്ചുകൊണ്ടും ഗുരുപാദങ്ങളിൽ സാഷ്ടാംഗം പ്രണമിച്ചുകൊണ്ടും ഈ വിനീത ശിഷ്യ ഹൃദയപൂർവം ആശംസകളർപ്പിക്കുന്നു, അഭിനന്ദിക്കുന്നു.

വാസന്തി അന്തർജനം ബി.എ; ബി.എഡ്
ഭാഷാധ്യാപിക, വൈക്കത്തൂർ സ്കൂൾ
വളാഞ്ചേരി, മലപ്പുറം.

1 - 10 - 2002

www.malankaralibrary.com

# അഭിനന്ദനം

റാൽഫ് വാൽഡോ എമേഴ്സൺ (Ralph Waldo Emerson) ഭാഷയുടെ സാമൂഹിക കെട്ടുപാടുകളെക്കുറിച്ച് ഒരു ഗ്രന്ഥം എഴുതിയിട്ടുണ്ട്. 'Letters and Social Aims' എന്ന ആ ഗ്രന്ഥത്തിൽ ഭാഷയെക്കുറിച്ച് അദ്ദേഹം നൽകിയിട്ടുള്ള നിർവചനം ഇങ്ങനെ : "എല്ലാ ജനപദങ്ങളും സംവഹിക്കുന്ന ശിലകൾകൊണ്ടു കെട്ടിയുയർത്തുന്ന നഗരമാണ് ഭാഷ". സാമൂഹികവും സാംസ്കാരികവുമായ തലങ്ങളിൽ കാലാന്തരങ്ങൾ നീളുന്ന നിർമ്മാണപ്രക്രിയകളുടെ ആനുകാലികമായ ജാലകക്കാഴ്ചകളെന്നാണ് ഭാഷയെക്കുറിച്ച് ആർ.ഡബ്ല്യു. എമേഴ്സൺ പറഞ്ഞുവച്ചിട്ടുള്ളത്.

ഓരോ ജനപദത്തിൻെറയും മൂല്യങ്ങളും ഭാഷയുടെ സ്നായുക്കൾ എന്നു വിവക്ഷിക്കാവുന്ന ശൈലികളും പഴഞ്ചൊല്ലുകളും ന്യായങ്ങളുമെല്ലാം ഇഴചേരുന്നതാണ് ഭാഷയെങ്കിലും ഓരോ പദത്തിൻെറയും മൂല്യങ്ങളിലേക്കുള്ള അന്വേഷണം ഏതൊരു ഭാഷാശാസ്ത്രത്തെയും ഏറെ സമ്പന്നമാക്കുന്നതായി നമുക്കു കാണാൻ കഴിയുന്നു.

ക്രിസ്തുവിന് 3100 വർഷങ്ങൾക്കുമുമ്പ് എഴുതപ്പെട്ട സുമേറിയൻ ഭാഷയാണ് ആദ്യമായി ലിപികൾ സ്വന്തമാക്കിയതെന്നു ചരിത്രം പറയുന്നു. ലളിതമായ ചിത്രങ്ങളായിരുന്നു ഈ ഭാഷയുടെ പ്രാഥമിക ലിപികളെന്നാണ് ഭാഷാഗവേഷകർ അവകാശപ്പെടുന്നതും. ഒരു ജനപദത്തിൻെറ സാമൂഹികവും സാംസ്കാരികവും സാമ്പ്രദായികവുമായ ദർശനങ്ങളത്രയും മൂല്യത്തികവോടെ ഭാഷയുടെ നിർമ്മാണപ്രക്രിയയിൽ മുഖ്യഘടകങ്ങളായി എപ്പോഴും ചാലിച്ചുചേർക്കപ്പെടുന്നു. ചുരുക്കത്തിൽ ഓരോ സംസ്കാരത്തിൻെറയും സമൂഹത്തിൻെറയും മൂലികകളത്രയും നിഴലിച്ചു കാണാവുന്ന മൂലപദങ്ങളുടെ മൂല്യദർശനം അതാതു ഭാഷകളുടെ നേർകാഴ്ചകളായി പരിണമിക്കുന്നു. ഉദാഹരണത്തിന്, ഗ്രീക്ക് പദമായ Pheuma കാറ്റിനേയും ആത്മാവിനേയും ദ്യോതിപ്പിക്കുവാൻ ഉപയോഗിക്കുമ്പോൾ ഇംഗ്ലീഷിലോ മലയാളത്തിലോ അത്തരത്തിലൊരു പ്രയോഗസാമ്യം സാദ്ധ്യമല്ലെന്നു കാണാനാകും.

മലയാള ഭാഷയിലേക്കു കടന്നുവന്ന പരകീയ പദങ്ങളുടെ അർത്ഥവും മൂലവും മൂല്യബോധവും കണ്ടെത്തി അവയ്ക്കു വാമൊഴിയിലും പ്രയോഗരീതിയിലും കൈവന്ന ചമയവൈവിധ്യമത്രയും അഴിച്ചുമാറ്റുകയാണ് ഭാഷാശാസ്ത്രജ്ഞനായ ഫാ. ഡോ. ജി. കുരുക്കൂർ ഈ ഗ്രന്ഥത്തിലൂടെ. പരകീയ പദങ്ങൾ ദേശ്യ പദങ്ങളായി വേഷം മാറുമ്പോൾ സംഭവിക്കുന്ന മൂല്യത്തകർച്ചയ്ക്കും ചില ഉദാഹരണങ്ങൾ ഈ ഗ്രന്ഥത്തിലുണ്ട്.

സുറിയാനി, ലത്തീൻ, ഗ്രീക്ക്, പോർത്തുഗീസ്, സംസ്കൃതം എന്നീ ഭാഷകളിലുള്ള അഗാധ പാണ്ഡിത്യത്തോടൊപ്പം ചരിത്രത്തിലുള്ള അതിവിസ്തൃതവും പിഴവില്ലാത്തതുമായ വിജ്ഞാനവും ഫാ. ഡോ. ജി. കുരുക്കൂറിൻെറ ഈ രചനയെ മികവുറ്റതാക്കുന്നു. 'ക്രൈസ്തവ ശബ്ദകോശം' ക്രൈസ്തവർക്കു മാത്രമല്ല, ഏതൊരു ഭാഷാസ്നേഹിക്കും ഓരോ പദത്തിൻെറയും മൂലാർത്ഥങ്ങളിലേക്കു നയിക്കുന്ന മാർഗദീപമാണ്. ചരിത്രമത്രയും വളച്ചൊടിച്ച്, പദങ്ങളുടെ മൂലവും മൂല്യബോധവും ഇല്ലായ്മചെയ്ത്, ഭാഷയെ പലരും വികൃതമാക്കുമ്പോഴും, പദങ്ങളെ അസത്യത്തിൻെറ മേദസ്സണിയിച്ച് അവയെ

www.malankaralibrary.com

സ്വാർത്ഥതാത്പര്യങ്ങളുടെ ചെളിക്കുഴിയിലേക്കു നയിക്കുമ്പോഴും അത്തരം ഹീനശ്രമങ്ങളെ ചെറുക്കുവാനും തിരുത്തുവാനും ഫാ. കുരുക്കൂർ ഈ ഗ്രന്ഥത്തിലൂടെ ശ്രമിക്കുന്നു.

സ്ഥിരമായി നാം ഉപയോഗിച്ചുകൊണ്ടിരിക്കുന്ന പല പദങ്ങളുടെയും പ്രയോഗ വൈകൃതങ്ങളും അർത്ഥഭംഗങ്ങളും പദാംശ വിഭജനങ്ങളിലൂടെ (Syllabification) സത്യത്തിൻെറ ചിന്തേരിട്ടു മിനുക്കി ഗ്രന്ഥകാരൻ നമ്മെ കാണിച്ചുതരുമ്പോൾ നാം അത്ഭുതസ്തബ്ധരാകുന്നു. ഭാഷാശാസ്ത്രത്തിനു 'ക്രൈസ്തവ ശബ്ദകോശം' ഒരു മുതൽക്കൂട്ടാണ്. എല്ലാ അഭിനന്ദനങ്ങളും വിജയവും നേരുന്നു.

പാലാരിവട്ടം
5 - 9 - 2002

റവ. ഡോ. ചാക്കോ നരിമറ്റത്തിൽ
ഡയറക്ടർ, പി.ഒ.സി.

www.malankaralibrary.com

# ഉപോദ്ഘാതം

മധുര കാമരാജ് യൂണിവേഴ്സിറ്റിയിൽ പിഎച്ച്.ഡി. ബിരുദത്തിനുവേണ്ടി ഡോ. സി.ജെ. റോയിയുടെ മേൽനോട്ടത്തിൽ രചിച്ച് 1987-ൽ സമർപ്പിച്ച Linguistic Analysis of Liturgy in Malayalam എന്ന ഗവേഷണപ്രബന്ധം തയ്യാറാക്കിയപ്പോൾ കണ്ടുകിട്ടിയ ചില പരകീയപദങ്ങളുടെയും വിവിധ ക്രൈസ്തവ സഭാവിഭാഗങ്ങളുടെ മതസാഹിത്യത്തിൽ കാണുന്ന ചില ദുർഗ്രഹപദങ്ങളുടെയും അർത്ഥവും നിഷ്പത്തിയും വിവരിക്കാനുള്ള എളിയ ശ്രമമാണിത്. കേരളത്തിലെ എല്ലാ ക്രിസ്തീയ സഭാവിഭാഗങ്ങളും പരസ്യാരാധനയ്ക്ക് ഉപയോഗിക്കുന്ന 19 ഗ്രന്ഥങ്ങൾ - അയ്യായിരത്തോളം പേജുകൾ, പതിനഞ്ചു ലക്ഷത്തോളം വാക്കുകൾ - പ്രബന്ധരചനയ്ക്കായി അപഗ്രഥിച്ചിരുന്നു. പതിനാറാം നൂറ്റാണ്ടുമുതലുള്ള ഗ്രന്ഥങ്ങളാണ് അപഗ്രഥിച്ചത്. അവയിലുള്ള പരകീയ പദങ്ങൾ പലതും ഇന്ന് സാധാരണക്കാർക്കു ദുർഗ്രഹമാണ്.

ഈ ഗ്രന്ഥത്തിലെ പല പദങ്ങളുടെയും വിവരണം താലന്തു മാസികയുടെ 1992 ഫെബ്രുവരി മുതൽ 1996 ജൂൺ വരെയുള്ള ലക്കങ്ങളിൽ തുടർച്ചയായി പ്രസിദ്ധീകരിച്ചിരുന്നു. പലരും അതൊക്കെ ഇതിനോടകം പ്രയോജനപ്പെടുത്തിയിട്ടുണ്ട്. പദവിവരണ ലേഖനങ്ങൾ ഗ്രന്ഥരൂപത്തിലാക്കാൻ പല ഭാഷാസ്നേഹികളും നിർബന്ധിക്കുകയുണ്ടായി. ആ ലേഖനങ്ങളിൽ ചിലത് പരിഷ്കരിക്കുകയും ചിലതു സംഗ്രഹിക്കുകയും മറ്റുചിലതു വിപുലീകരിക്കുകയും ചെയ്തിട്ടുണ്ട്.

### ലക്ഷ്യം

ചില മലയാള നിഘണ്ടുക്കളിലും പദവിവരണഗ്രന്ഥങ്ങളിലും മലയാളം ലക്സിക്കണിൽപോലും, ചില ക്രൈസ്തവപദങ്ങളുടെ ശരിയായ നിഷ്പത്തിയും (മൂലം) അർത്ഥവുമല്ല കാണിച്ചിരിക്കുന്നതെന്ന ഖേദകരമായ വസ്തുതയാണ് ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കാനുള്ള ഏക പ്രേരണ. ക്രൈസ്തവപദങ്ങളെപ്പറ്റി ചിലർ സംശയിക്കുന്നു. ചിലർ തെറ്റായ നിഷ്പത്തിയും അർത്ഥവും പ്രദർശിപ്പിക്കുന്നു. അടുത്തകാലത്ത് ഒരു മലയാളം വാരികയിൽ തരീസാപ്പള്ളിയെപ്പറ്റി അത്തരമൊരു ലേഖനം കണ്ടു. അതുകൊണ്ട് തെറ്റിദ്ധരിക്കപ്പെട്ട കപ്യാര് (കപ്പിയാർ), കവ്യാര്, കാപ്പോറ, തരീസാകൾ, പരഹസ്യം, പേത്തുർത്ത, പ്രാതി, മെത്രാൻ, ഹറാത്തിക്ക മുതലായ പദങ്ങളുടെ നിഷ്പത്തി കാണിക്കാനാണു പ്രത്യേകം ശ്രദ്ധിച്ചിട്ടുള്ളത്. "മലയാളത്തിലെ പരകീയപദങ്ങൾ" എന്ന ഗ്രന്ഥത്തിൽ പല ക്രൈസ്തവപദങ്ങൾക്കും നല്കിയിട്ടുള്ള നിഷ്പത്തി ശരിയല്ല.

കപ്യാര് എന്ന പദം, ശവകുടീരമെന്നർത്ഥമുള്ള ഖബർ (കവർ) എന്ന സുറിയാനിപ്പദത്തിൽനിന്നു വരുന്നുവെന്നു ഗുണ്ടർട്ട് 1872-ൽ തൻെറ നിഘണ്ടുവിൽ എഴുതി. പില്ക്കാല നിഘണ്ടുകർത്താക്കളും ഗ്രന്ഥകർത്താക്കളും ആ തെറ്റു പകർത്തി. മലയാളം ലക്സിക്കണിൽ ശവക്കുഴി തോണ്ടുന്നവൻ എന്നർത്ഥമുള്ള കൊവെയ്രോ എന്ന പോർത്തുഗീസ് വാക്കുകൂടി അതിൻെറ നിഷ്പത്തി കാണിക്കാൻ എഴുതിച്ചേർത്തിരിക്കുന്നു! (വാല്യം 3, പുറം 212, കോളം 1 "കപ്പിയാർ") അബദ്ധത്തിനുമേലുള്ള അബദ്ധമാണത്. കപ്പിച്ചേരിയയുടെ അഥവാ നിക്ഷേപാലയ ത്തിൻെറ അധികാരി (വിശുദ്ധവസ്തുക്കൾ സൂക്ഷിക്കുന്ന മുറിയുടെ കാര്യസ്ഥൻ) എന്നർത്ഥമുള്ള കപ്പിച്ചേരിയുസ് എന്ന മധ്യകാ

www.malankaralibrary.com

ല ലത്തീൻ വാക്കിന്റെ ലുപ്തരൂപമായ കപ്യാരിയൂസ് എന്ന വാക്കിൽനിന്നാണു കപ്യാരിയോ എന്ന പോർത്തുഗീസ് പദമുണ്ടായത്. അതിൽനിന്നാണ് മലയാളത്തിൽ കാണുന്ന കപ്യാര് (കപ്പിയാര്) എന്ന പദമുണ്ടായത്. പ്രോട്ട സ്റ്റന്റു സഭകളിൽ സാക്രിസ്റ്റ്യൻ എന്ന പദത്തിന് അർത്ഥച്യുതി വന്നു. പക്ഷേ, അതിന്റെ ഉറവിടം മാറിയിട്ടില്ലല്ലോ. കപ്യാരിയൂസിന്റെ നിഷ്പത്തിയും മാറുകയില്ല. മാന്യനായ പുത്രൻ മാന്യതയില്ലാത്ത ജോലി ചെയ്യേണ്ടിവന്നാലും അവന്റെ പിതാവ് അവനെ ജനിപ്പിച്ചവൻതന്നെയായിരിക്കും. ക്രിസ്തുമതചരിത്രവും സഭാപരമായ ലത്തീൻ ഭാഷയും അറിയാത്ത മലയാളികൾ 1872 മുതൽ തെറ്റിദ്ധരിപ്പിക്കപ്പെട്ടിരിക്കുകയാണ്. ഒരു സമൂഹത്തിന്റെ അഭിമാനം കെടുത്തുന്ന ആ പിശക് ലക്സിക്കണിലും കയറിക്കൂടിയത് നിർഭാഗ്യകരവും വേദനാജനകവുമാണ്.

സത്യവിശ്വാസമുള്ള (ഓർത്തഡോക്സ്) എന്നാണ് ത്റീസാ എന്ന സുറിയാനി പദത്തിന്റെ അർത്ഥം. അതിൽനിന്നാണു തരീസാ, തരുതായ്കൾ മുതലായ പദങ്ങളുണ്ടായത്. അവിശ്വാസി, മതത്യാഗി എന്നിങ്ങനെ അർത്ഥമുള്ള സുറിയാനിപ്പദമാണ് കാപ്പോറ. അവസാനിച്ചു എന്നർത്ഥമുള്ള പ്ത്റ് എന്ന സുറിയാനി ധാതുവിൽനിന്നുണ്ടായ പദമാണു പേത്തുർത്താ. കാത്തുസൂക്ഷിച്ചു, നിരീക്ഷിച്ചു എന്നിങ്ങനെ അർത്ഥമുള്ള ന്ത്റ് എന്ന സുറിയാനി ധാതുവിൽനിന്നാണു മെത്രാൻ എന്ന വാക്കു വരുന്നത്. ഗ്രീക്കുഭാഷയിൽനിന്നു സുറിയാനിയിൽ വന്ന പദമാണു ഹെരാത്തിക്ക. അതിൽനിന്നാണു ഹെറാത്തിക്കോൻമാർ എന്ന വാക്കുണ്ടായത്. പാഷണ്ഡികൾ എന്നാണർത്ഥം. ഇത്തരം വാക്കുകളെ സംബന്ധിച്ചു നിഘണ്ടുക്കളിലും മറ്റും കാണുന്ന പിശകുകൾ തിരുത്താൻ സഹായിക്കുകയെന്നത് ഏതു ക്രൈസ്തവന്റെയും കടമയാണ്. ഇന്നോളം അത്തരം തെറ്റുകളോട് ആരും പ്രതികരിച്ചുകണ്ടില്ല.

അക്കാദിയൻ, അറമായാ (സുറിയാനി), പേർഷ്യൻ, ഹീബ്രു, ഗ്രീക്ക്, ലത്തീൻ, പോർത്തുഗീസ് മുതലായ ഭാഷകളിൽനിന്ന് ധാരാളം വാക്കുകളും ശൈലികളും നേരിട്ടും അല്ലാതെയും മലയാളത്തിൽ വന്നുചേർന്നിട്ടുണ്ട്. പ്രസ്തുത ഭാഷകളും ക്രിസ്തുമതചരിത്രവും പഠിച്ചവർക്കേ അവയുടെ നിഷ്പത്തിയും അർത്ഥവും ഗ്രഹിക്കാൻ കഴിയൂ. ആ ഭാഷകളെല്ലാം പഠിക്കുക എളുപ്പമല്ലതാനും. അടുത്തകാലംവരെ വൈദികവിദ്യാർത്ഥികൾ സെമിനാരികളിൽ രണ്ടു വർഷം മുഴുവനും ലത്തീനും സുറിയാനിയും നിഷ്കർഷാപൂർവ്വം പഠിച്ച് ക്ലാസിക്കൽ സാഹിത്യകൃതികൾ വിവർത്തനംചെയ്തു ശീലിക്കാൻ വേണ്ടി ചെലവഴിച്ചിരുന്നു. തുടർന്നുള്ള ഏഴു വർഷത്തെ വൈദികവിദ്യാഭ്യാസം ലത്തീൻ ഭാഷയിലൂടെ നടത്തുകയും ചെയ്തിരുന്നു. ഗ്രീക്ക്, അറമായാ (സുറിയാനി), സംസ്കൃതം മുതലായ ക്ലാസിക്കൽ ഭാഷകൾ വിദ്യാർത്ഥികളെ നിർബന്ധപൂർവ്വം പഠിപ്പിച്ചിരുന്നു. അങ്ങനെ ഒൻപതു വർഷത്തെ നിരന്തരവും അത്യന്തം കർക്കശവും അതീവ ക്ലേശകരവുമായ വൈദികവിദ്യാഭ്യാസംകൊണ്ട് തത്ത്വശാസ്ത്രം, ദൈവശാസ്ത്രം, ധർമ്മശാസ്ത്രം, ലോകമതങ്ങൾ, മതചരിത്രം, വേദഗ്രന്ഥം, ലിറ്റർജി മുതലായ വിഷയങ്ങൾ മാത്രമല്ല ഒരുഡസനോളം ഭാഷകളും പഠിക്കാൻ സാധിച്ചിരുന്നു. എന്നാൽ ഇപ്പോൾ വിദ്യാഭ്യാസ മാധ്യമം ഇംഗ്ലീഷാക്കി. ആരാധനാക്രമം ലത്തീനിൽനിന്നും സുറിയാനിയിൽനിന്നും മലയാളത്തിലേക്കു മാറ്റി. ക്ലാസിക്കൽ ഭാഷകളുടെ പഠനം ഉപരിപ്ലവവും ഐച്ഛികവുമാക്കി. തന്മൂലം ക്രൈസ്തവ സാഹിത്യത്തിലെ പരകീയപദങ്ങളുടെ അർത്ഥവും നിഷ്പത്തിയും വരുംതലമുറയ്ക്ക് കൂടുതൽ ദുർഗ്രഹമായിരിക്കും. അവർക്ക് ഈ ഗ്രന്ഥം ഒരു സഹായിയായിത്തീരുമെന്നും ഭാഷാസ്നേഹികൾക്ക് - പ്രത്യേകിച്ച് നിഘണ്ടുനിർ

www.malankaralibrary.com

മ്മാതാക്കൾക്ക് - ഇതൊരു ക്രൈസ്തവ ഭാഷാപദപീഠികയായിത്തീരുമെന്നും പ്രതീക്ഷിക്കുന്നു.

## പദവിവരണരീതി

പദവിവരണത്തിൽ വിവിധ ഭാഷകൾ തമ്മിലും ഭാഷാഗോത്രങ്ങൾ തമ്മിലുമുള്ള ബന്ധം സൂചിപ്പിച്ചിട്ടുണ്ട്. ഹെൻറി യൂൾ, ഏ.സി. ബർണൽ എന്നിവർ ചേർന്നെഴുതിയ Hobson-Jobson എന്ന നിഘണ്ടുവിലെന്നപോലെയും കാൽഡ്വലിൻെറ ദ്രാവിഡഭാഷാ വ്യാകരണഗ്രന്ഥത്തിലെന്നപോലെയും പദങ്ങളുടെ ചരിത്രവും നിഷ്പത്തിയും കാണിക്കാൻ ശ്രമിച്ചിട്ടുണ്ട്. ഇക്കാലത്തും എളുപ്പത്തിൽ അർത്ഥം ഗ്രഹിക്കാവുന്ന പദങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ചില മൗലിക വിവരങ്ങൾ ഓരോ പദത്തിൻെറയും ചരിത്രത്തിൽ ചേർക്കേണ്ടിവരും. അത്തരം വിവരങ്ങൾ പല പദവിവരണങ്ങളിലുമുണ്ട്.

## ഭാഷകളെക്കുറിച്ച്

ഇതിൽ പരാമർശിക്കുന്ന ഭാഷകളിൽ അറമായാ (സുറിയാനി), ഹീബ്രു, ഗ്രീക്ക്, ലത്തീൻ (ലാറ്റിൻ) എന്നിവയെ ക്രിസ്ത്യാനികൾ വിശുദ്ധഭാഷകളായി കരുതുന്നു. അവയെക്കുറിച്ച് താലന്തുമാസികയിൽ ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. തന്മൂലം അവയെപ്പറ്റി ഇവിടെ വിശദീകരിക്കുന്നില്ല. എന്നാലും ചുരുക്കം ചില സംഗതികൾ സൂചിപ്പിക്കേണ്ടിയിരിക്കുന്നു:

### 1. *ലോകഭാഷയായിരുന്ന അറമായ അഥവാ സുറിയാനി.*

കേരളക്രൈസ്തവരുടെ മതഭാഷ ആദ്യനൂറ്റാണ്ടുമുതൽ അറമായാ ആയിരുന്നു. പൗരസ്ത്യനാടുകളിലെല്ലാം അതായിരുന്നു സ്ഥിതി. പാശ്ചാത്യരുടെയിടയിൽ ഗ്രീക്കും പില്ക്കാലത്ത് ലത്തീനും മതഭാഷയായി. യഹൂദമതത്തിൻെറ ശാഖയായിട്ടാണ് ക്രിസ്തുമതമുണ്ടായത്. യഹൂദരുടെ മാതൃഭാഷ അറമായയായിരുന്നു. അവരിലാണ് ആദ്യം ക്രിസ്തുമതം പ്രചരിച്ചത്. യഹൂദ കോളനികളുള്ള അന്താരാഷ്ട്ര വ്യാപാരകേന്ദ്രങ്ങളിലാണ് ക്രിസ്തുശിഷ്യന്മാർ പ്രേഷിതവേല ചെയ്തത്. അന്ന് അറിയപ്പെട്ട ലോകത്തിൻെറ എല്ലാഭാഗത്തും യഹൂദരുണ്ടായിരുന്നു. അറമായാ ഭാഷയ്ക്ക്, സിറിയായിൽ പ്രബലപ്പെട്ടിരിക്കുന്ന ഭാഷ എന്ന അർത്ഥത്തിൽ ഗ്രീക്കുകാർ കൊടുത്ത പേരിൽ നിന്നാണ് സുറിയാനി എന്ന പേരുണ്ടായത്. സുറിയായ എന്ന് അറമായയിൽ പേരു പറഞ്ഞിരുന്നു. സിറിയാ (അസീറിയാ) പ്രദേശത്തിനു ഗ്രീക്കുകാർ അസൂറിയാ, സൂറിയാ എന്നിങ്ങനെ പറഞ്ഞിരുന്നു. സിറിയായെ സംബന്ധിച്ചത് എന്നതിന് സൂറോസ്, സൂറിയോസ് എന്നിങ്ങനെയാണ് അവർ പറഞ്ഞിരുന്നത്.

ഒരു അന്താരാഷ്ട്ര ഭാഷയും മെഡിറ്ററേനിയൻ കടൽ മുതൽ പഞ്ചാബു വരെ വ്യാപിച്ചുനിന്ന പേർഷ്യൻ സാമ്രാജ്യത്തിൻെറ ഔദ്യോഗിക ഭാഷയും ലോകവ്യാപാര ഭാഷയുമായിരുന്നു അറമായാ. ബി.സി. മൂന്നാം നൂറ്റാണ്ടിൽ അശോകൻ എന്ന ഭാരതീയ ചക്രവർത്തി (ബി.സി 255-237) കാണ്ടഹാറിൽ സ്ഥാപിച്ച ഒരു ധർമ്മശാസനം ഗ്രീക്കിലും അറമായയിലുമാണ് എഴുതിയിട്ടുള്ളത്. ഇന്നും ആ ശിലാശാസനം കാണാനുണ്ട്. കാണ്ടഹാർ ഉൾപ്പെടുന്ന അഫ്ഗാനിസ്ഥാൻ അക്കാലത്ത് ഇൻഡ്യയുടെ ഭാഗമായിരുന്നു. വടക്കേ ഇൻഡ്യയിൽ പ്രചരിച്ച ഖരോസ്തി ലിപി അറമായാ ലിപിയുടെ രൂപഭേദമാണ്. നമ്മുടെ വട്ടെഴുത്തു ലിപിയുടെ മൂലരൂപവും അറമായാ ലിപിയാണ്. വടക്കേ ഇൻഡ്യ

www.malankaralibrary.com

യിൽ പല സ്ഥലങ്ങളിൽനിന്നും (തക്ഷശില, ജലാലബാദ്, കാബുൾ, പാറ്റ്ന) അറമായാ ലിഖിതങ്ങൾ കണ്ടെടുത്തിട്ടുണ്ട്. ബ്രാഹ്മി അക്ഷരമായും അറമായാ ലിപിയോടു കടപ്പാടുള്ളതാണ്.

ഏ.ഡി. 1-ാം നൂറ്റാണ്ടിൽ ക്രിസ്തുമതം ഇൻഡ്യയിലെ പ്രധാന വ്യാപാരകേന്ദ്രങ്ങളിൽ പ്രചരിച്ചു. ആറാം നൂറ്റാണ്ടോടെ ഇൻഡ്യയുടെ മിക്ക ഭാഗത്തും ക്രിസ്തുമതകേന്ദ്രങ്ങൾ ഉദ്ഭവിച്ചിരുന്നു. അറമായാ ഭാഷ ഉപയോഗിക്കുന്ന മെസപ്പൊട്ടോമിയൻ സഭ (ബാബേൽ സഭ, പേർഷ്യൻ സഭ) ആയിരുന്നു ഇൻഡ്യ, മംഗോളിയ, ചൈന മുതലായ പ്രദേശങ്ങളിൽ പ്രേഷിതവേല തുടർന്നതും മതപരമായ നേതൃത്വം വഹിച്ചതും. ഇൻഡ്യയിൽ മുഗൾചക്രവർത്തിമാരുടെ പ്രാബല്യഘട്ടംവരെ ഇൻഡ്യയുടെ മിക്കഭാഗത്തും ക്രിസ്തുമതം നിലനിന്നു. ഉദാഹരണമായി പാറ്റ്നയിൽ 1222-ലും ഒരു ക്രൈസ്തവസമൂഹവും ഒരു മെത്രാപ്പോലീത്തയുമുണ്ടായിരുന്നു. തക്ഷശില, പാറ്റ്ന, നേപ്പാൾ, ഗുജറാത്ത്, താനാ, കല്യാണ, കർണ്ണാടകം, വിശാഖപട്ടണം, ഒറീസ, വിജയനഗരം തമിഴ്നാട് മുതലായ പ്രദേശങ്ങളിലുണ്ടായിരുന്ന ക്രൈസ്തവസമൂഹങ്ങൾ മുഗൾ ആധിപത്യകാലത്തു തകരുകയാണുണ്ടായത്.

മധ്യയുഗത്തിൽ ഒറീസയിൽ ക്രൈസ്തവരാജാക്കന്മാരുണ്ടായിരുന്നു. വിജയനഗര സമ്രാട്ടിൻെറ ചില മന്ത്രിമാർ ക്രിസ്ത്യാനികളായിരുന്നു. വടക്കെ ഇൻഡ്യയിൽനിന്നു ക്രിസ്തുമതവും അറമായാ ഭാഷയും നൂറ്റാണ്ടുകൾകൊണ്ട് അപ്രത്യക്ഷമായി. എന്നാലും ക്രൈസ്തവമതഭാഷയും ലോകവ്യാപാരഭാഷയുമായ അറമായയിൽനിന്നു ഭാരതീയഭാഷകളിലേക്ക് ആദ്യനൂറ്റാണ്ടുകളിൽ പ്രവേശിച്ച പദങ്ങൾ ഇന്നും നിലനില്പുണ്ട്. അറബിയുടെ അധിനിവേശത്തിനും ആധുനിക പേർഷ്യൻെറയും ഉർദ്ദുവിൻെറയും വരവിനും എത്രയോ നൂറ്റാണ്ടുകൾക്കുമുമ്പ് ഹീബ്രുവും സുമേറിയനും അക്കാദിയനും ഫിനീഷ്യനും അറമായയും ഈജിപ്ത്യനും ഭാരതഭൂമിയിൽ പ്രവേശിച്ചു. ഭാരതീയ ഭാഷകളിൽ സെമിറ്റിക് പദം കാണുമ്പോൾ ഉർദുവും അറബിയും വന്നുചേരുന്നതിനുമുമ്പ് അതു വന്നുചേർന്നിട്ടില്ലേ എന്നു ചിന്തിക്കണം.

സഹസ്രാബ്ദങ്ങളിലെ അന്താരാഷ്ട്ര വ്യാപാരത്തിൻെറ കഥയും ഇവിടെ അനുസ്മരിക്കണം. വടക്കുകിഴക്കൻ ചൈനയിൽ മാത്രം നിർമ്മിച്ചിരുന്ന പട്ടും ഗംഗാതടത്തിലെ ജടമാഞ്ചിയും കേരളത്തിലെ കുരുമുളക്, ഏലം, കറുവാപ്പട്ട മുതലായ സുഗന്ധദ്രവ്യങ്ങളും തേക്ക്, ഈട്ടി, മയിൽപ്പീലി മുതലായ വനവിഭവങ്ങളും മുത്ത്, ആമത്തോട് മുതലായ സമുദ്രവിഭവങ്ങളും സഹസ്രാബ്ദങ്ങൾക്കുമുമ്പേ പടിഞ്ഞാറൻ രാജ്യങ്ങളിൽ എത്തിച്ചേർന്നിരുന്നല്ലോ. കരയും കടലും വഴി അവ പ്രവഹിച്ചിരുന്നു. ഇൻഡ്യയുമായി ആദ്യം ബന്ധപ്പെട്ടത് സുമേറിയാക്കാരാണ്. പിന്നീട് മെസപ്പൊട്ടോമിയാക്കാരും ഫിനീഷ്യരും ഈജിപ്തുകാരും. അതിനുശേഷമാണ് ഗ്രീക്കുകാരും അവരെത്തുടർന്ന് റോമാക്കാരും വ്യാപാരത്തിനു വന്നത്. പടിഞ്ഞാറൻ റോമൻ സാമ്രാജ്യം അസ്തമിച്ചതിനു ശേഷമാണ് (ഏ.ഡി. 475) അറബികൾ വ്യാപാരത്തിനിറങ്ങിയതും അറബിഭാഷ കടന്നു വന്നതും.

സഹസ്രാബ്ദങ്ങൾക്കുമുമ്പ് ജറുസലെമിലോ, പഞ്ചാബിലോ ബാബിലോണിലോ ഈജിപ്തിലോ ജനിച്ചവരോട് ഒരു കേരളീയനു നേരിട്ടു സംസാരിക്കാനുള്ള സാധ്യത അറമായാ ഭാഷ നല്കിയിരുന്നു എന്ന വസ്തുത അത്യന്തം വിസ്മയനീയവും അവിസ്മരണീയവുമാണ്. നൂറ്റാണ്ടുകളോളം നിലനിന്ന യഹൂദ-ക്രൈസ്തവ-ഹീബ്രു-അറമായാ

www.malankaralibrary.com

സാന്നിധ്യത്തെ ചരിത്രകാരന്മാരും നിഘണ്ടുനിർമ്മാതാക്കളും മറക്കാൻപാടില്ല. സെമിറ്റിക് പദങ്ങളുടെ വ്യാപനം ഹീബ്രു അറമായാ ഭാഷകൾ വഴിയാണ് ആദിമ-മധ്യ യുഗങ്ങളിൽ സംഭവിച്ചിട്ടുള്ളത്.

ഏ.ഡി. 1-ാം നുറ്റാണ്ടിലെ അറമായാ ഭാഷ കേരളത്തിൽ മറ്റു ഭാഷകളുടെ സംക്രമണമില്ലാതിരുന്നതുകൊണ്ട് അഭംഗുരം നിലനിന്നു. ഏ.ഡി. 2, 3 നൂറ്റാണ്ടുകളിൽ ഗ്രീക്ക്, ലത്തീൻ എന്നിവയുടെ സംക്രമണം മൂലവും 8-ാം നൂറ്റാണ്ടുമുതൽ അറബിയുടെ അധിനിവേശം മൂലവും ജന്മനാട്ടിലുണ്ടായ വ്യതിയാനം കേരളത്തിലുണ്ടായില്ല. കേരളത്തിൽ മാത്രമാണ് യേശുവിൻെറയും ശിഷ്യന്മാരുടെയും മാതൃഭാഷ ഈ നുറ്റാണ്ടുവരെ അഭംഗുരം നിലനിന്നത്. ഏ.ഡി. 7-ാം നൂറ്റാണ്ടിൽ അറമായ കിഴക്കനെന്നും (കൽദായ) പടിഞ്ഞാറനെന്നും രണ്ടായി തിരിഞ്ഞു. ഏ.ഡി. 1653-ൽ കേരള ക്രിസ്ത്യാനികൾ രണ്ടു കക്ഷികളായപ്പോൾ യാക്കോബായാ സഭയിൽ ചേർന്ന കക്ഷി പടിഞ്ഞാറൻ സുറിയാനി സ്വീകരിക്കേണ്ടിവന്നു. ഏ.ഡി. 1836-ലാണ് അവർ അത് ഔദ്യോഗികമായി സ്വീകരിച്ചത്. അന്നുവരെ എല്ലാ ക്രിസ്ത്യാനികളും കിഴക്കൻ (കൽദായാ) സുറിയാനി തന്നെയാണ് ഉപയോഗിച്ചിരുന്നത്. അറമായാ ഭാഷ സംസാരിക്കുന്ന ചെറിയൊരു സമൂഹം ഇന്നും ഇറാക്കിലുണ്ട്.

### 2. *കർസോൺ ലിപി*

കേരളത്തിൽ തമിഴും മലയാളവും എഴുതാനുപയോഗിച്ചിരുന്ന വട്ടെഴുത്തു കോലെഴുത്തു ലിപികൾ വ്യക്തതയില്ലാത്തവയാണ്. തന്മൂലം "ഊടുള്ളവനേ ഏടു വായിക്കൂ" എന്ന നിലയായിരുന്നു. അതുകൊണ്ട് കേരള ക്രിസ്ത്യാനികൾ തമിഴും മലയാളവും എഴുതാൻ അറമായാ (സുറിയാനി) ലിപി ഉപയോഗിച്ചുപോന്നു. എട്ടു ലിപികൾ അതിനായി സൃഷ്ടിച്ചു (ആകെ 30 ലിപികൾ). ഈ എഴുത്തുസമ്പ്രദായമാണ് കർസോൺ എന്നറിയപ്പെടുന്നത്. കർസോണിലെഴുതിയ ധാരാളം ഗ്രന്ഥങ്ങൾ കേരളത്തിലും വിദേശങ്ങളിലും സൂക്ഷിക്കപ്പെട്ടിട്ടുണ്ട്.

### ഭാഷാഗോത്രങ്ങളെക്കുറിച്ച്

അക്കാദിയൻ, അറമായാ, ഹീബ്രു, ഈജിപ്ത്യൻ, അറബി, കോപ്റ്റിക്ക് ഫിനീഷ്യൻ, കാനാനീത്ത മുതലായ ഭാഷകൾ ഉൾക്കൊള്ളുന്ന ഗോത്രത്തെ സെമിറ്റിക് (ശേമിക) ഗോത്രമെന്നു വിളിക്കുന്നു. സേമിൻെറ സന്തതിപരമ്പരകളുടെ ഭാഷകൾ എന്ന അർത്ഥത്തിലാണ് അങ്ങനെ വിളിക്കുന്നത് (ഉത്പത്തിപ്പുസ്തകം 10:1). ജർമ്മൻ ചരിത്രകാരനായ ആഗസ്റ്റ് ലഡ്വിഗ് സ്ക്ലോസെർ (1735-1809) ആണ് 1781-ൽ ഈ പേരിട്ടത്. അറമായാ ഭാഷയെ കൽദായരുടെ നാട്ടിലുണ്ടായ ഭാഷ എന്ന അർത്ഥത്തിൽ കൽദായാഭാഷയെന്നും വിളിക്കും.

സംസ്കൃതം, പ്രാചീന പേർഷ്യൻ, ഗ്രീക്ക്, ലത്തീൻ, പുരാതന ഭാരതീയ പ്രാകൃത ഭാഷകൾ, ആധുനിക ഉത്തരേന്ത്യൻ ഭാഷകൾ, ആധുനിക യൂറോപ്യൻ ഭാഷകൾ എന്നിവയുടെ സമൂഹത്തെ ഇൻഡോയൂറോപ്യൻ അഥവാ ഇൻഡോ ആര്യൻ ഭാഷാഗോത്രത്തിൽ പെടുത്തിയിരിക്കുന്നു. തമിഴ്, മലയാളം, കർണ്ണാടകം, തെലുങ്ക്, ബ്രാഹൂയി മുതലായ ഭാഷകൾ ദ്രാവിഡഗോത്രത്തിൽ പെടുന്നവയാണ്.

സെമിറ്റിക് ഗോത്രവും ദ്രാവിഡ ഗോത്രവും തമ്മിൽ വിദുരബന്ധമുണ്ടെന്ന് അവയുടെ ധാതുക്കൾ പരിശോധിക്കുമ്പോൾ മനസ്സിലാകും. ഇൻഡ്യയിലെങ്ങും വ്യാപിച്ചു

www.malankaralibrary.com

നിന്ന സെമിറ്റിക് ഭാഷയുടെയും സംസ്കാരത്തിൻെറയും മുകളിലാണ് ഇൻഡോആര്യൻ ഭാഷകളും സംസ്കാരവും വളർന്നത്. സിന്ധുനദീതടത്തിൽ കേന്ദ്രീകരിച്ച പ്രാചീന ഭാരതീയ സംസ്കാരത്തെയും അതിൻെറ ഭാഷകളെയും ഓർമ്മിക്കുക. അത് സെമിറ്റിക് സംസ്കാരമായിരുന്നു. ഇൻഡോ-യൂറോപ്യൻ ഗോത്രവും സെമിറ്റിക് ഗോത്രവും ഇന്നു തികച്ചും വ്യത്യസ്തങ്ങളാണ്. പക്ഷേ, ചില മൗലിക ധാതുക്കളുടെയും നാമങ്ങളുടെയും സാദൃശ്യം മനുഷ്യകുടുംബത്തിൻെറ ആദിമകാല ഐക്യത്തെപ്പറ്റി ചിന്തിക്കാൻ പ്രേരിപ്പിക്കുന്നുണ്ട്. സഹസ്രാബ്ദങ്ങൾകൊണ്ടുണ്ടായ പരിവർത്തനംമൂലം വിവിധ വേഷങ്ങളിൽ അവ പ്രത്യക്ഷപ്പെടുകയാണ്. പ്രാകൃതഭാഷകളും സെമിറ്റിക് ഭാഷകളും തമ്മിൽ താരതമ്യംചെയ്തു നോക്കേണ്ടതാണ് (ഇന്നത്തെ സംസ്കൃതം പരിഷ്കൃത ഭാഷാരൂപമാണല്ലോ). അതുപോലെ ഇൻഡ്യയിലെ അവികസിത ദ്രാവിഡഭാഷകളും സെമിറ്റിക് ഭാഷകളും തമ്മിലാണ് താരതമ്യം ചെയ്യേണ്ടത്. ജപ്പാൻകാരനും ഇൻഡ്യാക്കാരനും അറേബ്യനും ഐയർലണ്ടുകാരനും തമ്മിൽ ശരീരപ്രകൃതിയിലുള്ള വ്യത്യാസം ഭാഷയിലുമുണ്ടായി. ചിലരുടെ സ്വനിമങ്ങൾ മറ്റുചിലർക്ക് ഉച്ചരിക്കാനാവുകയില്ല. ഭൂപ്രകൃതിയാണ് മനുഷ്യൻെറ നിറവും ഭാഷയും വസ്ത്രവും ഭക്ഷണവുമെല്ലാം നിശ്ചയിക്കുന്നത്. മനുഷ്യപ്രകൃതി ഒന്നാണെങ്കിലും ഭൂപ്രകൃതിയുടെയും കാലാവസ്ഥയുടെയും വൈവിധ്യം ഭാഷണശേഷിയിൽ വൈവിധ്യം സൃഷ്ടിച്ചു.

### ഭാഷാശാസ്ത്രം

ഗ്രീക്ക്, ലത്തീൻ, പോർത്തുഗീസ്, ഇറ്റാലിയൻ മുതലായ ഭാഷകൾ നന്നായി പഠിച്ച കത്തോലിക്കാ മിഷണറിമാർ യൂറോപ്പിൽനിന്ന് 16-ാം നൂറ്റാണ്ടു മുതൽ ഇൻഡ്യയിലെത്തി. അവർ തമിഴും സംസ്കൃതവും പഠിച്ചപ്പോൾ വിവിധ ഭാഷകൾ തമ്മിലുള്ള ബന്ധം മനസ്സിലാക്കി. അങ്ങനെ ഭാഷാഗോത്രസങ്കല്പമുണ്ടായി. അവരുടെ ചിന്തകളാണ് താരതമ്യ ഭാഷാശാസ്ത്രത്തിനും ഭാഷാഗോത്രസങ്കല്പത്തിനും ആധുനിക ഭാഷാപഗ്രഥനത്തിനുമെല്ലാം കാരണമായത്. അവരാണ് ആദ്യമായി ഭാഷകളുടെ പരസ്പര ബന്ധത്തെപ്പറ്റി പണ്ഡിതലോകത്തെ അറിയിച്ചതും ആ വിഷയത്തിലുള്ള ഗ്രന്ഥങ്ങൾ ആദ്യം നിർമ്മിച്ചതും. പിന്നീടാണ് മറ്റു സഭാവിഭാഗക്കാർ ഈ വിഷയം കൈകാര്യം ചെയ്തത്.

### ലത്തീനും പോർത്തുഗീസും ഇംഗ്ലീഷും

യൂറോപ്യൻ കത്തോലിക്കാ മിഷണറിമാർ ഇവിടെ വന്നതോടെ ലത്തീൻ, പോർത്തുഗീസ് എന്നീ ഭാഷകൾ ഇവിടെ പ്രചരിച്ചു. ലത്തീൻ ഭാഷയിലുള്ള ആരാധനാക്രമം അവർ പലേടത്തും നടപ്പാക്കി. അങ്ങനെ ലത്തീൻ റീത്ത് കേരളത്തിൽ ഉദ്ഭവിച്ചു. ക്രൈസ്തവമതസാഹിത്യത്തിൽ പ്രസ്തുത ഭാഷകളിലുള്ള പദങ്ങൾ കയറിക്കൂടി. യൂറോപ്യൻ പ്രോട്ടസ്റ്റൻറു മിഷണറിമാർ 1806 മുതൽ പ്രവർത്തിച്ചതിൻെറ ഫലമായി ഏറെ ഇംഗ്ലീഷ് പദങ്ങളും പ്രചരിച്ചു. യൂറോപ്യൻ മിഷണറിമാർ വരുന്നതിനുമുമ്പ് കേരളക്രിസ്ത്യാനികളുടെ മതഭാഷ സുറിയാനിയായിരുന്നല്ലോ. കത്തോലിക്കാ മിഷണറിമാർ മതഭാഷയിലേക്ക് സംസ്കൃതപദങ്ങളെ സംക്രമിപ്പിച്ചിട്ടുണ്ട്.

### ആരാധനാഭാഷ - സാർവത്രികഭാഷ

കേരളക്രൈസ്തവരുടെ ആരാധനാഭാഷ ഒരു സാർവത്രികഭാഷയെന്നു പറയാൻ തക്കവിധം സെമിറ്റിക്, ഇൻഡോ-യൂറോപ്യൻ, ദ്രാവിഡം എന്നീ ഗോത്രങ്ങളിലെ

www.malankaralibrary.com

പദങ്ങളും ശൈലികളും ഉൾക്കൊള്ളുന്നു. ഗ്രീക്കിൽനിന്നും ലത്തീനിൽനിന്നും ധാരാളം പദങ്ങൾ സുറിയാനിയിലേക്ക് പൗരാണികകാലത്തുതന്നെ സംക്രമിച്ചിരുന്നു. ആരാധനാഭാഷയ്ക്ക് മാറ്റം വരുത്താൻ ആളുകൾ ഇഷ്ടപ്പെടായ്കയാൽ അത് പ്രാചീന രൂപങ്ങൾ നിലനിറുത്തുന്നു. അചഞ്ചലഭാഷയായിരുന്നു ആരാധനാഭാഷ.

### പൊതുസ്വത്ത്

കേരളക്രിസ്ത്യാനികൾ മാതൃഭാഷാപദങ്ങളെന്നപോലെ ആമ്മേൻ, അൾത്താര, കപ്യാർ, കുർബാന, പാസ്റ്റർ, പേത്തുർത്ത, ബൈബിൾ, മെത്രാപ്പോലീത്ത, യുക്കറിസ്റ്റ്, വികാരി, ലിറ്റർജി മുതലായ പദങ്ങൾ പ്രയോഗിക്കുന്നു. ഇവയെല്ലാം മലയാളഭാഷയുടെ പൊതുസ്വത്തായി കരുതപ്പെടാം. സുറിയാനിക്രിസ്ത്യാനികളുടെ പഴയ പാട്ടുകൾ, ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾ, റോസുമെത്രാന്റെ നിയമാവലി, വർത്തമാനപ്പുസ്തകം, ജ്ഞാനമുത്തുമാല മുതലായവ രാമകഥപ്പാട്ട്, രാമചരിതം, ബ്രഹ്മാണ്ഡപുരാണം മുതലായവപോലെ കരുതപ്പെടേണ്ടതാണ്.

### പൊതുസാഹിത്യധാരയും ക്രൈസ്തവ മലയാളവും

ക്രൈസ്തവർ മാതൃഭാഷാപദങ്ങൾപോലെ പ്രയോഗിക്കുന്ന പരകീയപദങ്ങളെ പൊതുസാഹിത്യധാരയിലേക്കു പ്രവേശിപ്പിക്കാൻ ക്രൈസ്തവസാഹിത്യകാരന്മാർ ശ്രദ്ധിച്ചിട്ടില്ല. ആവുന്നത്ര സംസ്കൃതപദങ്ങളോ ഇംഗ്ലീഷ് പദങ്ങളോ ഉപയോഗിക്കാനാണു ശ്രമിച്ചിട്ടുള്ളത്. തന്മൂലം പലതും മതഭാഷയിൽത്തന്നെ ഒതുങ്ങിക്കഴിയുന്നു. മാമ്മോദീസ എന്നതിനു പകരം സ്നാനമെന്നും മാർ യോഹന്നാൻ മാംദാന പള്ളി എന്നതിനു പകരം ജോൺ ദി ബാപ്റ്റിസ്റ്റ് ചർച്ചെന്നും മർത്തമറിയം പള്ളി എന്നതിനു പകരം സെൻറ് മേരീസ് ചർച്ചെന്നും പറയുന്നു. അങ്ങനെ ഏറെ പദങ്ങൾ വിസ്മൃതിയിലാണ്ടുപോകാൻ ഇടയായി. എന്നാലും കുറേ പദങ്ങളും ശൈലികളും പൊതുസാഹിത്യരചനകളിലേക്കു പ്രവേശിച്ചിട്ടുണ്ട്.

### പദങ്ങൾക്കുണ്ടാകുന്ന വ്യതിയാനം

ഒരു ഭാഷാഗോത്രത്തിലെ പദങ്ങൾ മറ്റൊരു ഗോത്രത്തിലുപയോഗിക്കുമ്പോൾ മാറ്റംവരുക സ്വാഭാവികമാണ്. ആരാധനാഭാഷയിൽ മാറ്റം വരുകയില്ല. എന്നാൽ പൊതുവേയുള്ള മതഭാഷയിൽ ഈ മാറ്റമുണ്ടാകും. ഈ മാറ്റത്തിന്റെ ഹേതുക്കളെയും സ്വഭാവത്തെയും കുറിച്ച് ഡോ.പി.എം. ജോസഫ് "മലയാളത്തിലെ പരകീയ പദങ്ങൾ" എന്ന വിശിഷ്ടകൃതിയിൽ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. അതുകൊണ്ട് ഇവിടെ വിവരിക്കുന്നില്ല. ഒരേ ഗോത്രത്തിലെ പദങ്ങൾക്കുതന്നെ മാറ്റങ്ങളുണ്ടാകും. ഗ്രീക്കിലെ എപ്പിസ്കോപ്പോസ് ലത്തീനിൽ എപ്പിസ്കോപ്പൂസ് എന്നും പോർത്തുഗീസിൽ ബിസ്പോ എന്നും ഇംഗ്ലീഷിൽ ബിഷപ്പ് എന്നും മാറുന്നത് ഒരു ഉദാഹരണമാണ്. സംസ്കൃതത്തിലെ പരാക്രമം പാലിയിൽ പരക്കമായി; പ്രാണൻ പാണനായി; ധർമ്മം ധമ്മമായി; ആര്യപുത്രൻ അജ്ജപുത്തനായി. കൽദായരുടെ ബാബേൽ പാലിയിൽ ബാവരു ആണ്. ലത്തീനിലെ കപ്യാരിയൂസ് മലയാളത്തിൽ കപ്യാരായി. അറമായയിലെ ത്രീസാ മലയാളത്തിൽ പൊതുഭാഷയിൽ, തരിതായും ദുക്റാന തോറാനയും സ്ലീബാ തലീവയുമായി. ആരാധനാഭാഷയിലാകട്ടെ മാറ്റംകൂടാതെതന്നെ നിലനിന്നു.

### ലിപിപഠനത്തിന്റെ അനുപേക്ഷണീയത

പരകീയപദങ്ങൾക്കുണ്ടാകുന്ന വ്യതിയാനം ഗ്രഹിക്കാൻ വിവിധ ലിപിമാലകളുടെ ഉത്പത്തിയെയും ഉച്ചാരണരീതികളെയും കുറിച്ചു പഠിക്കണം. ഒരു ഭാഷയിലെ

www.malankaralibrary.com

ലിപിമാല മറ്റൊരു ഗോത്രത്തിലെ ലിപിമാലയിൽനിന്ന് രൂപപ്പെടുത്തിയതായിരിക്കും. ഒരു ഭാഷയിലെ സ്വനിമങ്ങൾ മറ്റൊരു ഭാഷയിൽ എഴുതിക്കാണിക്കാൻ സാധിച്ചെന്നു വരുകയില്ല. ഉച്ചരിക്കാൻ സാധിച്ചാലും ലിപി അപര്യാപ്തമായിരിക്കും. വട്ടെഴുത്തു കോലെഴുത്തു ലിപികളിൽ സ്ലീബാ എന്നത് തലീവാ എന്നേ എഴുതാനാകൂ. ത്രീസാ എന്നത് തരിതാ, തരിചാ, തരിയാ എന്നൊക്കെ എഴുതേണ്ടിവരും. അക്ഷരമാല ഒരു പ്രശ്നംതന്നെയാണ്.

ഗ്രീക്ക്, ലത്തീൻ, പോർത്തുഗീസ് മുതലായ ഭാഷകളിൽ ട വർഗ്ഗം എഴുതിക്കാണിക്കാൻ ലിപിയില്ല. യൂറോപ്യന്മാർ നമ്മുടെ ട കാരം എഴുതുന്നത് R എന്ന ലിപി ഉപയോഗിച്ചായിരുന്നു. 1554-ൽ ലിസ്ബണിൽ അച്ചടിച്ച കാർത്തില്യ മുതലുള്ള ഗ്രന്ഥങ്ങളിലെല്ലാം അപ്രകാരമാണ് എഴുതിയിട്ടുള്ളത്. ഇടപ്പള്ളി എന്നതിനു Rapoly എന്നും കുട്ടനാട് എന്നതിന് Kuttanora എന്നും എഴുതിക്കാണാം. ആ R എന്ന അക്ഷരം ട എന്നുതന്നെ ഉച്ചരിക്കണം. (Rapoly എന്നത് ഇടപ്പൊളി എന്നുതന്നെ ഉച്ചരിക്കണം. ചില മലയാള ചരിത്രപുസ്തകങ്ങളിൽ റപ്പോളി എന്ന് ലിപ്യന്തരണം ചെയ്ത് എഴുതിയിട്ടുള്ളതു ശരിയല്ല). ചില ഗ്രന്ഥങ്ങളിൽ അവർ ശ കാരത്തിനു X എന്ന ലിപിയാണ് പ്രയോഗിച്ചിട്ടുള്ളത്.

ഇതുപോലെതന്നെ, ആദ്യസ്വരം ഒരു ഊന്നൽ മാത്രമായി കരുതുക യൂറോപ്യന്മാരുടെ രീതിയാണ്. ഉദിയംപേരൂർ (ഉദയംപേരൂർ) എന്നത് Diamper എന്നും ഇടപ്പള്ളി എന്നത് Rapoly എന്നും ഇരിങ്ങോൾ എന്നത് Ringol എന്നും എഴുതും. ഇന്നും ഇരിങ്ങോൾ എന്ന സ്ഥലപ്പേര് Ringol എന്നാണ് ഇംഗ്ലീഷിൽ എഴുതിക്കാണുന്നത്. ആദ്യസ്വരം അവർ ഉച്ചരിക്കും, പക്ഷേ എഴുതിക്കാണിക്കുകയില്ല. Diamper എന്ന് അവരുടെ രേഖകളിൽ കണ്ടിട്ട് ഉദയംപേരൂർ സൂനഹദോസ് നടന്നത് ഉദിയംപേരൂർ ( ഉദയംപേരൂർ) എന്ന സ്ഥലത്തുവച്ചല്ല എന്ന് അടുത്തകാലത്ത് ഒരു ഗ്രന്ഥകാരൻ എഴുതിയത് ചരിത്രവും ഭാഷയും അറിയാഞ്ഞിട്ടാണ്. ഗ്രീക്കുഭാഷയിൽ ഹകാരം ഒരു ഊന്നൽ മാത്രമായി ത്തീർന്നു. ഹേമോൻ (= ഞങ്ങളുടെ) എന്നത് ഏമോൻ എന്നേ എഴുതൂ. ഹകാരോച്ചാരണം കാണിക്കാൻ മറിച്ചിട്ട ഒരു കോമ ഏ യുടെ ആരംഭത്തിൽ, മുകളിലായി ചേർക്കും. ഇംഗ്ലീഷിൽ Psychology, Pneumatic, Knowledge, Knife മുതലായ വാക്കുകളിലെ ആദ്യവ്യഞ്ജനം ഉച്ചരിക്കുന്നില്ലെന്ന് ഓർക്കുക. എഴുത്തും ഉച്ചാരണവും തമ്മിലുള്ള വ്യത്യാസം ശ്രദ്ധിക്കുക. രേഖകൾ കണ്ടിട്ട് ഉച്ചാരണമന്വേഷിക്കാതെ മലയാളത്തിലേക്കു ലിപ്യന്തരണം ചെയ്തിട്ട് അർത്ഥമന്വേഷിക്കുന്നത് അബദ്ധമാകും.

പല ഭാഷകളിലും ര, റ എന്നിവയ്ക്കും, ന, ണ എന്നിവയ്ക്കും ഒരേ ലിപിയേ ഉള്ളൂ. ല, ള എന്നിവയ്ക്കും അങ്ങനെതന്നെ. അറമായായിലെന്നപോലെ പഴയ മലയാളത്തിലും (ഏ.ഡി. 1885വരെ) എ, ഒ എന്നിവയുടെ ഹ്രസ്വദീർഘഭേദങ്ങൾ ലിപിയിൽ കാണിച്ചിട്ടില്ല. "പാപം പോക്കി" എന്നത് "പാപം പൊക്കി" എന്നേ എഴുതൂ. ഓത്ത് എന്നത് ഒത്ത എന്നേ എഴുതൂ. അതുപോലെ അര ഉകാരം കാണിക്കുന്ന ചന്ദ്രക്കല അടുത്തകാലത്തെ സൃഷ്ടിയാണ്. ഗ്രീക്ക്, ലത്തീൻ, പോർത്തുഗീസ്, ഇംഗ്ലീഷ് മുതലായ ഭാഷകളിൽ സ്വരാക്ഷരങ്ങൾക്ക് ഹ്രസ്വദീർഘഭേദങ്ങൾ കാണിക്കാൻ പ്രത്യേക ലിപികളില്ല. ദീർഘത്തിന് ഉച്ചാരണത്തിൽ ഊന്നൽ നല്കും. ഗ്രീക്കിൽ ചവർഗമില്ല. ചില സാഹചര്യങ്ങളിൽ ഗമ്മ എന്ന ലിപിക്കു ചകാരോച്ചാരണമുണ്ട്. ക്, ച്, സ് എന്നിവയുടെ മാറ്റം പതിവാണ്. സംസ്കൃതത്തിലെ കേസരി, ലത്തീനിൽ ചേസറും ഇംഗ്ലീഷിൽ സീസറുമായി. ജർമ്മനിൽ അത് കൈസറായി നിലനില്ക്കുന്നു. ഇംഗ്ലീഷിലെ C എന്ന

www.malankaralibrary.com

ലിപി സ്, ച്, ക് എന്നിവ സൂചിപ്പിക്കാൻ ഉപയോഗിക്കുന്നു. നമ്മുടെ നാട്ടിൽ ചേരളം കേരളമായിരിക്കുന്നു. ഇങ്ങനെ അനേകം സംഗതികൾ പരകീയപദങ്ങളെപ്പറ്റി പറയുമ്പോൾ ഓർക്കേണ്ടതുണ്ട്.

## ചരിത്രജ്ഞാനത്തിൻെറ അവശ്യാവശ്യകത

ഭാഷയിൽ ചരിത്രമുണ്ട്. ഭാഷാപഠനം ചരിത്രപഠനത്തിന് വെളിച്ചം നല്കുന്നുണ്ട്. അതുപോലെ പരകീയപദങ്ങളെ മനസ്സിലാക്കാൻ ചരിത്രപഠനം ആവശ്യമാണ്. കപ്യാര്, കാപ്പോറ, ഹറാത്തിക്ക, തരുതായ്കൾ മുതലായവയുടെ നിഷ്പത്തി ക്രിസ്തുമത ചരിത്രം പഠിച്ചവർക്ക് നിഷ്പ്രയാസം കണ്ടെത്താം. പോർത്തുഗീസുകാർ പ്രചരിപ്പിച്ച പദങ്ങളുടെ നിഷ്പത്തി കണ്ടെത്താൻ ക്രിസ്തുമത ചരിത്രവും 16-ാം നൂറ്റാണ്ടുവരെയുള്ള ലത്തീൻ പോർത്തുഗീസു ഭാഷകളുടെ വികാസപരിണാമചരിത്രവും പരിശോധിക്കേണ്ടിവരും. സഭാപരമായ ലത്തീൻ (Ecclesiastical Latin) ഭാഷയുടെ ചരിത്രം പരിശോധിക്കണം. ക്ലാസിക്കൽ ലത്തീൻ ഭാഷയുടെ പഠനം മതിയാവുകയില്ല. ചരിത്രഗതിയിൽ പദങ്ങൾക്കുണ്ടാകുന്ന അർത്ഥവ്യത്യാസവും പരിശോധിക്കണം. ഇംഗ്ലീഷിലെ സാക്രിസ്റ്റ്യൻ എന്ന പദത്തിൻെറയും മലയാളത്തിലെ ചട്ടമ്പി, ഉഴപ്പൻ, മറയൻ, മാടം മുതലായ പദങ്ങളുടെയും അർത്ഥപരിണാമം നോക്കുക.

പരകീയപദങ്ങൾ ഏതേതു ഭാഷകളിൽനിന്നു വന്നുവെന്നറിയാൻ വിവിധ ജനതകൾ തമ്മിലുണ്ടായ വ്യാപാരപരവും മതപരവും സാംസ്കാരികവുമായ ബന്ധത്തെപ്പറ്റി ചിന്തിക്കണം. ഒരു ഭാഷാഗോത്രത്തിലെ പദം ഏത് അംഗഭാഷവഴിയാണു വന്നതെന്നറിയാൻ അത് അത്യാവശ്യമാണ്. ഏതു കാലഘട്ടത്തിലാണ് സംക്രമണം നടന്നതെന്നറിയാൻ ചരിത്ര പരിശോധന ആവശ്യമാണ്.

## മുൻഗാമികൾ

മലയാളത്തിലെ പരകീയപദങ്ങളെപ്പറ്റി പല പണ്ഡിതന്മാരും പ്രതിപാദിച്ചിട്ടുണ്ട്. ഡോ. ഗോദവർമ്മ, ഐ.സി. ചാക്കോ, ഡോ.പി.എം. ജോസഫ്, മുതലായവരെ ഇവിടെ ആദരപൂർവ്വം അനുസ്മരിക്കുന്നു. ഡോ. പി.എം. ജോസഫിൻെറ "മലയാളത്തിലെ പരകീയപദങ്ങൾ" എന്ന ഗ്രന്ഥത്തിൽ ക്രൈസ്തവ ഭാഷയിലെ ചില പദങ്ങളുടെ - കപ്യാര്, പ്രാതി, പേത്തുർത്താ, കാപ്പോറ മുതലായവയുടെ - നിഷ്പത്തി കാണിച്ചിട്ടുള്ളതു ശരിയല്ലെങ്കിലും അദ്ദേഹത്തിൻെറ പരിശ്രമം ശ്ലാഘനീയമാണ്.

## സാങ്കേതികത

സാധാരണക്കാർക്ക് ഭാരമായിത്തീരാവുന്ന ഭാഷാശാസ്ത്രസാങ്കേതികത ഒഴിവാക്കിക്കൊണ്ടാണ് ഈ കൃതിയിൽ ഭാഷാപദവിവരണം നടത്തിയിട്ടുള്ളത്. തന്മൂലം ഉച്ചാരണപരമായ ലഘുവ്യത്യാസങ്ങൾ കാണിച്ചിട്ടില്ല. തമിഴ്, സംസ്കൃതം എന്നിവയിലെ സ്വനിമങ്ങൾ എഴുതിക്കാണിക്കാൻ കഴിയുന്ന ഒരു ലിപിമാല നമുക്കുള്ളതുകൊണ്ട് ദ്രാവിഡ-സെമിറ്റിക്-ഇൻഡോ ആര്യൻ ഭാഷാഗോത്രങ്ങളിലെ പ്രധാന ഭാഷകളിലെ പദങ്ങളുടെ ഉച്ചാരണം ഏറെക്കുറേ എഴുതിക്കാണിക്കാൻ നമുക്കു കഴിയും. മറ്റു പല ജനതകൾക്കും ഉച്ചരിക്കാനാവാത്തത് മലയാളികൾക്ക് ഉച്ചരിക്കാൻ കഴിയുമെന്നത് വിസ്മയനീയമാണ്. വിവിധ ഭാഷാഗോത്രങ്ങളോടുള്ള സഹസ്രാബ്ദദീർഘമായ ബന്ധവും നമ്മുടെ ഭൂപ്രകൃതിയും അതിനു സഹായിച്ചിട്ടുണ്ട്.

www.malankaralibrary.com

## ഉറവിടങ്ങളും ആധാരഗ്രന്ഥങ്ങളും

ഈ ഗ്രന്ഥത്തിൽ വിവരിക്കുന്ന വാക്കുകളും ശൈലികളും കേരളത്തിലെ എല്ലാ ക്രൈസ്തവ വിഭാഗങ്ങളുടെയും ആരാധനാക്രമഗ്രന്ഥങ്ങൾ, കേരളസഭാചരിത്രങ്ങൾ, നിയമസംഗ്രഹങ്ങൾ, വേദോപദേശഗ്രന്ഥങ്ങൾ, കാനോനകൾ, ബൈബിൾ വിവർത്തനങ്ങൾ, പാട്ടുകൾ മുതലായി മുന്നൂറിലേറെ ഗ്രന്ഥങ്ങളിൽ കണ്ടിട്ടുള്ളവയാണ്. പലതും ആധുനിക മലയാള സാഹിത്യ കൃതികളിലും കാണാവുന്നവയാണ്. നിഷ്പത്തി, അർത്ഥവിവരണം, താരതമ്യം എന്നിവയ്ക്ക് ആധികാരിക ഗ്രന്ഥങ്ങളെയാണ് അടിസ്ഥാനപ്പെടുത്തിയിട്ടുള്ളത്.

ലത്തീനിൽനിന്നുള്ള വാക്കുകളുടെ പഠനത്തിന് ഷാൽസ് ദു കാഞ്ചെ, എജേദിയുസ് ഫൊർച്ചെല്ലീനി, നിയെർ മേയർ, ആൽബർട്ട് ബ്ലെയ്സ്, ജോൺ ടി വൈറ്റ് എന്നിവരുടെ നിഘണ്ടുക്കളും സുറിയാനിയിൽനിന്നുള്ളവയെ സംബന്ധിച്ച് ജെ. പൈൻസ്മിത്ത്, കളപ്പുരയ്ക്കൽ അന്ത്രയോസ് എന്നിവരുടെ നിഘണ്ടുക്കളും, തമിഴ്പദങ്ങളുടെ വിവരണത്തിന് ഫാബ്രിഷിയൂസിൻെറ നിഘണ്ടുവും പോർത്തുഗീസ് പദങ്ങളുടെ വിവിവരണത്തിന് മെസ്കിത്തയുടെ നിഘണ്ടുവും ഗ്രീക്കുപദങ്ങളുടെ വിവരണത്തിന് ലിഡ്ഡലും സ്കോട്ടും ചേർന്നെഴുതിയ നിഘണ്ടുവും സംസ്കൃതപദ വിവരണത്തിന് മോണിയർ വില്യംസിൻെറ നിഘണ്ടുവും ഫാദർ കുന്നപ്പള്ളിയുടെ സംസ്കൃതധാതുരുപാവലിയും അടിസ്ഥാനമാക്കി. മറ്റുചില നിഘണ്ടുക്കളും വ്യാകരണഗ്രന്ഥങ്ങളും ഉപയോഗിച്ചിട്ടുണ്ട്. ഇൻഡോയുറോപ്യൻ ഭാഷാപദങ്ങളുടെ പരസ്പരബന്ധം കണ്ടെത്താൻ ആ ഗോത്രത്തിലെ പ്രധാന ഭാഷകളുടെ ധാതുക്കളും അവയുടെ വികാരങ്ങളും പരിശോധിച്ചിട്ടുണ്ട് (സംസ്കൃതത്തിൽത്തന്നെ 2403 ധാതുക്കളാണുള്ളത്). താരതമ്യപഠനത്തിനു വിൻഫ്രെഡ് പി. ലേമാൻ, ആർ.വി. ജഹാഗിർദാർ എന്നിവരുടെ ഗ്രന്ഥങ്ങളും കാഡ്വലിൻെറ ദ്രാവിഡഭാഷാ വ്യാകരണവും നിഘണ്ടുക്കളും അടിസ്ഥാനമാക്കി. ഈ ഗ്രന്ഥനിർമ്മിതിക്ക് ഉപയോഗിച്ചിട്ടുള്ള എല്ലാ ഗ്രന്ഥങ്ങളും, വിസ്താരഭയത്താൽ, ഗ്രന്ഥസൂചിയിൽ പെടുത്തിയിട്ടില്ല. അനേകദശവർഷങ്ങളുടെ ഗ്രന്ഥശേഖരണത്തിൻെറയും പഠനത്തിൻെറയും സവിശേഷാന്വേഷണത്തിൻെറയും ഫലമാണ് ഈ ഗ്രന്ഥം. ബൈബിളിൽനിന്നുള്ള ഉദ്ധരണികളുടെ പരാമർശത്തിനു ഗ്രന്ഥനാമങ്ങളുടെ സംക്ഷിപ്തരൂപമാണ് ചേർത്തിട്ടുള്ളത്. പി.ഒ.സി. പ്രസിദ്ധീകരിച്ച സമ്പൂർണ്ണ ബൈബിളാണ് ഉപയോഗിച്ചത്.

## നന്ദി

കേരളത്തിലും യൂറോപ്യൻ രാജ്യങ്ങളിലും അമേരിക്കയിലുമായിട്ടുള്ള 21 പൊതു ലൈബ്രറികളോട് ഞാൻ കടപ്പെട്ടിരിക്കുന്നു. അവയുടെ അധികാരികൾക്കു ഹൃദയപൂർവം നന്ദി പറയുന്നു. മലയാളികൾ സൂക്ഷിക്കാത്തതും യൂറോപ്യന്മാർ സൂക്ഷിച്ചതുമായ അനേകം അമൂല്യഗ്രന്ഥങ്ങളുടെ മൈക്രോഫിലിമുകളും ഫോട്ടോസ്റ്റാറ്റ് കോപ്പികളും സംഘടിപ്പിച്ചുതരാൻ അനേകം പണ്ഡിതന്മാർ പരിശ്രമിച്ചിട്ടുണ്ട്. അപ്രാപ്യമെന്നു പലരും കരുതിയിരുന്ന ഒരു ഡസനോളം ഗ്രന്ഥങ്ങളുടെ കോപ്പികൾ എടുപ്പിച്ചുതന്ന മഹാമനസ്കനും പണ്ഡിതനുമായ ഡോ. എക്കാർഡ് ഗൂനെ എന്ന ജർമ്മൻ സുഹൃത്തിന് എത്ര നന്ദിപറഞ്ഞാലും അധികമാവുകയില്ല. ഫാ. ഹംബി എസ്.ജെ., ഫാദർ കുഴിഞ്ഞാലിൽ, ഫാ. വെള്ളിയാൻ, ഫാ. കൊച്ചുപുരയ്ക്കൽ, ഡോ. മാഡി എന്നിവരെയും നന്ദിപൂർവ്വം ഓർക്കുന്നു. മാതൃവിദ്യാലയങ്ങളായ ആലുവാ കർമ്മലഗിരി-മംഗലപ്പുഴ സെമിനാരികളുടെയും കോട്ടയം വടവാതൂർ സെമിനാരി, കോട്ടയം പഴയസെമിനാരി,

www.malankaralibrary.com

കോതമംഗലം അരമന എന്നിവയുടെയും ലൈബ്രറികൾ ദീർഘകാലം ഉപയോഗിച്ചിട്ടുണ്ടെന്ന വസ്തുത നന്ദിപൂർവ്വം ഓർക്കുന്നു. പല പ്രാചീന ഗ്രന്ഥങ്ങളും തന്നു സഹായിച്ച വ്യക്തികളെയും കൃതജ്ഞതയോടെ സ്മരിക്കുന്നു. എം.എയ്ക്കുള്ള വൈവാവോസി പരീക്ഷയ്ക്കിടയിൽ, "അച്ചൻ എന്തിനാണ് മലയാളം എം.എ. എടുക്കുന്നത്?" എന്നു ചോദിക്കുകയും "റിസേർച്ചുചെയ്യാനാണ്" എന്ന മറുപടി കേട്ട് മധുരാ കാമരാജ് യൂണിവേഴ്സിറ്റിയെ ചൂണ്ടിക്കാണിക്കുകയും ചെയ്ത പണ്ഡിതനായ ഡോ. എസ്.കെ. നായരെ സ്നേഹപൂർവം ഓർക്കുന്നു.

എൻെറ മാതാപിതാക്കൾക്കും സഹോദരങ്ങൾക്കും, പ്രത്യേകിച്ച് ചെറുപ്പത്തിലേ സംസ്കൃതം പഠിക്കണമെന്നു നിർബന്ധിച്ചു പറഞ്ഞ അമ്മയ്ക്കും, സെമിനാരി വിദ്യാഭ്യാസകാലത്ത് ലത്തീൻ, സുറിയാനി, ഗ്രീക്ക്, ജർമ്മൻ, ഫ്രഞ്ച്, സംസ്കൃതം മുതലായ ഭാഷകൾ പഠിപ്പിച്ച വന്ദ്യഗുരുക്കന്മാർക്കും ഹൃദയപൂർവം നന്ദി പറയുന്നു. ഗവേഷണത്തിന് എന്നെ സ്നേഹപൂർവം ക്ഷണിക്കുകയും ക്രിസ്ത്യാനികളുടെ ആരാധനാഭാഷ അപഗ്രഥിക്കാൻ നിർദ്ദേശിക്കുകയും ഗവേഷണത്തിൽ എൻെറ ഗുരുവായിരിക്കുകയും ഈ ഗ്രന്ഥത്തിന് അവതാരിക എഴുതുകയും ചെയ്ത ഭാഷാശാസ്ത്രജ്ഞനായ ഡോ. സി.ജെ.റോയ്, അവലോകനം എഴുതി അനുഗ്രഹിച്ച സാഹിത്യാചാര്യനും മഹാകവിയുമായ പ്രൊഫ. മാത്യു ഉലകംതറ, അഭിപ്രായം എഴുതിത്തന്ന ബഹുഭാഷാപണ്ഡിതനും വൈദികവരേണ്യനുമായ ഫാ. അടപ്പൂർ എസ്.ജെ., സംസ്കൃതഭാഷാപാരംഗതനായ ഡോ. ടി. ഭാസ്കരൻ, ഭാഷാനിഷ്ണാതയും ഭാഷാധ്യാപികയും എൻെറ പ്രിയശിഷ്യയുമായ ശ്രീമതി വാസന്തി അന്തർജ്ജനം എന്നിവർക്ക് ഹൃദയം നിറഞ്ഞ നന്ദിരേഖപ്പെടുത്തുന്നു.

ഈ ഗ്രന്ഥത്തിൻെറ ക്ലേശപൂർണമായ ടൈപ്പുസെറ്റിംഗ് നടത്തിയ എ.എസ്.എൽ. കംപ്യൂട്ടേഴ്സിനും, പ്രൂഫുനോട്ടത്തിൽ സഹായിച്ച ബ്രദർ സീമോൻ, രേഖ, ടെൻസി, അമ്മിണി, സ്റ്റെറി എന്നിവർക്കും, ഇതിൻെറ അച്ചടി നടത്തിയ ഗ്രാഫിക് സിസ്റ്റംസ് ആൻറ് കമ്പനിക്കും, പ്രസിദ്ധീകരണച്ചുമതല ഏറ്റെടുത്ത പി.ഒ.സി. ഡയറക്ടർ റവ. ഡോ. ചാക്കോ നരിമറ്റത്തിനും ഹൃദയപൂർവം നന്ദി പറഞ്ഞുകൊണ്ട് ഈ ലഘുഗ്രന്ഥത്തെ ഭാഷാസ്നേഹികളുടെ പരിഗണനയ്ക്കായി സവിനയം സമർപ്പിക്കുന്നു.

ഗ്രന്ഥകർത്താവ്,

**റവ. ഫാ. ഡോ.ജോർജ് കുരുക്കൂർ**
*ജനറൽ എഡിറ്റർ, പി.ഒ.സി. പബ്ലിക്കേഷൻസ്,*
*ചീഫ് എഡിറ്റർ, താലന്ത് മാസിക.*
*അസി. ഡയറക്ടർ, പി.ഒ.സി.*

പാലാരിവട്ടം
31-8-2002

www.malankaralibrary.com

# അ

**അഗാപ്പെ** 'സ്നേഹവിരുന്ന്' എന്ന അർത്ഥത്തിൽ ഇപ്പോൾ ധാരാളമായി പ്രയോഗിച്ചുകാണുന്ന ഒരു ഗ്രീക്കു പദമാണ് അഗാപ്പെ. സ്നേഹിക്കുക എന്നർത്ഥമുള്ള അഗാപ്പാൻ എന്ന ക്രിയയുടെ വിവിധരൂപങ്ങളും അതിൽനിന്നുണ്ടായ അഗാപ്പെസിസ് എന്ന നാമരൂപവും ക്ലാസിക്കൽ ഗ്രീക്കു സാഹിത്യത്തിൽ ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ അഗാപ്പെ എന്ന നാമരൂപം ബൈബിളിൽ പഴയനിയമത്തിൻെറ ഗ്രീക്കു വിവർത്തനത്തിലും പുതിയനിയമത്തിലുമാണ് പ്രയോഗിച്ചു കാണുന്നത്. 'സ്നേഹം', 'അയൽക്കാരനോടുള്ള സ്നേഹം' എന്നിങ്ങനെയാണ് ബൈബിളിലെ അർത്ഥം. ശ്ലീഹന്മാരുടെ കാലശേഷം ഈ വാക്കിന് 'സ്നേഹവിരുന്ന്' എന്ന സാങ്കേതികാർത്ഥം കല്പിക്കപ്പെട്ടു. ആരാധനാസംബന്ധമായ വിരുന്നിന് ഈ പേരിട്ടു. യഹൂദരുടെ സാഹോദര്യസഖ്യങ്ങൾക്കെന്നപോലെ വിശ്വാസികളുടെ ഐക്യം, ദരിദ്രരുടെ സംരക്ഷണം എന്നീ ലക്ഷ്യങ്ങളാണ് സ്നേഹവിരുന്നിനുള്ളത്. രണ്ടാം നൂറ്റാണ്ടിൻെറ അവസാനത്തിൽ സ്നേഹവിരുന്നു നടത്തിയിരുന്നതായി തെർത്തുല്യൻ (150-230) എന്ന പണ്ഡിതൻ സാക്ഷ്യം നല്കുന്നു. കുർബാനയോടനുബന്ധിച്ച് ഇതു നടത്തിയിരുന്നു. പൗരാണിക കാലം മുതൽ കേരളത്തിലും വെച്ചൂട്ട് എന്ന പേരിൽ സ്നേഹവിരുന്നുണ്ടായിരുന്നു. ക്രൈസ്തവ ദേവാലയങ്ങളിലും വീടുകളിലും വിവിധ രൂപങ്ങളിൽ ഈ സ്നേഹവിരുന്ന് (സഹഭോജനം, നേർച്ച, ഊട്ട്) ഇന്നും ചിലപ്പോഴെല്ലാം നടത്തുന്നുണ്ട്. (വെച്ചൂട്ട് എന്ന വാക്കുകൂടി നോക്കുക).

**അച്ചൻ** കേരളത്തിൽ ക്രിസ്ത്യാനികൾ വൈദികരെ ബഹുമാനാർത്ഥം അച്ചൻ എന്നു വിളിക്കുന്നു. പണ്ട് കഹന, കശീശ, കർത്തൻ, കത്തൻ, കത്തനാർ, പട്ടക്കാരൻ എന്നൊക്കെയാണ് വിളിച്ചിരുന്നത്. അച്ചൻ എന്ന പദം, ശ്രേഷ്ഠൻ, മാന്യൻ എന്നൊക്കെ അർത്ഥമുള്ള 'ആര്യ' എന്ന സംസ്കൃത ശബ്ദത്തിൻെറ പ്രാകൃതഭാഷാരൂപമായ 'അജ്ജ' യിൽനിന്നുണ്ടായതാണ്. കേരളീയർ പിതാവ് എന്ന അർത്ഥത്തിൽ അത് ഉപയോഗിച്ചുതുടങ്ങി. ബഹുമാനം സൂചിപ്പിക്കാൻ ഈ വാക്ക് പേരുകളോടും ജാതിപ്പേരുകളോടും മറ്റും കൂട്ടിച്ചേർത്ത് പറഞ്ഞിരുന്നു (ഉദാ: പാലിയത്തച്ചൻ, എഴുത്തച്ചൻ). യജമാനൻ എന്ന അർത്ഥത്തിൽ 'അച്ചൻ' എന്നും ദാസൻ എന്ന അർത്ഥത്തിൽ 'ചെറുക്കൻ' എന്നും 16-ാം നൂറ്റാണ്ടിനുമുമ്പ് പ്രയോഗിച്ചിരുന്നു. ഉദയംപേരൂർ സൂനഹദോസിൻെറ കാനോനയിൽ "തമ്പുരാൻെറ തിരുമുമ്പിൽ നല്ല കൊലം എന്നും തണ്യകൊലം എന്നും അച്ചനും ചെറുക്കനും എന്നും എളിയവനും പെരിയവനും എന്നും ഇല്ല" (7-ാം മൗത്വാ 2-ാം കാനോന) എന്നു കാണുന്നു (7:10 കൂടെ കാണുക). വൈദികരെക്കുറിച്ച് പട്ടക്കാർ എന്നാണ് ആ കാനോനകളിൽ കാണുന്നത്. റോസിൻെറ നിയമാവലിയിലും (ഏ.ഡി. 1606) അങ്ങനെതന്നെ.

ആഞ്ചെലോ ഫ്രാൻസിസ് ഏതാണ്ട് 1680-ൽ എഴുതിയ നിഘണ്ടുവിൽ അച്ചൻ എന്ന വാക്കിന് മാന്യൻ, ശ്രേഷ്ഠൻ, നാഥൻ, പ്രഭു എന്നൊക്കെയാണ് അർത്ഥം നല്കിയത്. അർണോസ് പാതിരി ഏതാണ്ട് 1710-ൽ എഴുതിയ നിഘണ്ടുവിൽ അക്രൈസ്തവർ പിതാവെന്ന അർത്ഥത്തിലും ക്രൈസ്തവർ അമ്മാവൻ എന്ന

www.malankaralibrary.com

അർത്ഥത്തിലും ആ വാക്ക് ഉപയോഗിക്കുന്നുവെന്ന് പറയുന്നു.

ഏ.ഡി. 1811-ലെ ബൈബിൾ വിവർത്തനത്തിൽ ഇങ്ങനെ പറയുന്നു : "രണ്ട് അച്ചന്മാർക്ക് വേലചെയ്‌വാൻ ഒരുത്തൻ വശമാകുന്നില്ല" (മത്താ. 8:24). ഇവിടെ യജമാനൻ എന്നാണല്ലോ അർത്ഥം. ഇതേ അർത്ഥത്തിൽ മാടമ്പി എന്ന വാക്കും ആ തർജ്ജുമയിൽ കാണാം.

എന്നാൽ പാറേമ്മാക്കൽ ഗോവർണദോർ 1786-ൽ എഴുതിയ വർത്തമാനപ്പുസ്തകത്തിൽ ഈ വാക്ക് പുരോഹിതൻ എന്ന അർത്ഥത്തിൽ പ്രയോഗിച്ചിട്ടുണ്ട്. "അച്ചന്മാർക്ക് ഞാൻ ചെലവിട്ടതിൽ ഒന്നിനും പണം മേടിപ്പാൻ ഞാൻ ഭാവിച്ചിട്ടില്ല എന്ന്..... തീർമ്മയറ്റ് പറങ്കി പറകകൊണ്ട്" (പുറം 82) എന്ന് അതിൽ കാണുന്നു. അങ്ങനെ 18-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ വൈദികരെ സൂചിപ്പിക്കാൻ അച്ചൻ എന്നപദം പ്രയോഗത്തിലായി എന്ന് കരുതാം.

മെത്രാന്മാർ, മെത്രാപ്പോലീത്താമാർ, പാത്രിയാർക്കീസുമാർ എന്നിവരെ മാത്രമേ കിഴക്കൻ സഭകളിൽ പിതാവ് എന്ന് വിളിച്ചിരുന്നുള്ളൂ. ആബാ, ബാവ എന്നീ വാക്കുകളാണ് ഉപയോഗിച്ചിരുന്നത്. എന്നാൽ യൂറോപ്യന്മാർ വൈദികരെയും പിതാവ് എന്നു വിളിച്ചുവന്നു (ലത്തീനിൽ പാത്തെർ, പോർത്തുഗീസിൽ പാദ്രേ, ഇംഗ്ലീഷിൽ ഫാദർ). യൂറോപ്യൻ മിഷണറിമാർ കേരളത്തിൽ വന്ന കാലം മുതൽ (1500 മുതൽ) അവരുടെ സമ്പ്രദായം ഇവിടെ പ്രചരിച്ചു. ആധ്യാത്മിക പിതാവാണ് വൈദികൻ എന്നതാണ് ആ വിളിയുടെ പിന്നിലുള്ള തത്ത്വം. ശ്രേഷ്ഠൻ, യജമാനൻ എന്നൊക്കെ അർത്ഥമുള്ള പദത്തിനു ക്രിസ്ത്യാനികൾ പിതാവ് എന്നൊരർത്ഥം കല്പിക്കാൻ ഇടയാക്കിയത് യൂറോപ്യൻ മിഷണറിമാരുടെ ആഗമനമാണ്. കേരള ക്രിസ്ത്യാനികൾ പിതാവിനെ അപ്പൻ എന്നാണ് വിളിച്ചിരുന്നത്. അച്ചൻ എന്ന് വിളിച്ചിരുന്നില്ല.

**അജപാലകൻ** ആധ്യാത്മികാധികാരിയെ വിളിക്കുന്ന പേരാണിത്. ആട്ടിടയൻ എന്നാണല്ലോ ആ വാക്കിന്റെ അർത്ഥം. ക്രിസ്തുവിനെ ഇടയനായും വിശ്വാസികളെ ആടുകളായും (അജഗണം) സങ്കല്പിക്കുന്നതുകൊണ്ടാണ് ഈ പ്രയോഗമുണ്ടായത്. ക്രിസ്തുവിനു മുമ്പും യഹൂദജനം രാഷ്ട്രീയ-മതനേതാക്കന്മാരുടെ പ്രതീകമായി ആട്ടിടയനെ സങ്കല്പിച്ചിരുന്നു (2 സാമു. 5:2; ജറെ. 2:8; 3:15; എസെ. 34). ഉടമസ്ഥന് ആടുകളോടുള്ള താത്പര്യം ദൈവപരിപാലനയുടെ മാതൃകയായി കരുതി. മെസപ്പൊട്ടോമിയൻ പ്രദേശത്ത് രാജാക്കന്മാരെ ആട്ടിടയന്മാരോട് ഉപമിച്ചിരുന്നു. യേശു പറഞ്ഞ നല്ല ഇടയന്റെ ഉപമ സുപ്രസിദ്ധമാണല്ലോ.

**അനാഫൊറ (അന്നാപ്പോറ, അന്നാഫുറ)** കൊണ്ടുവരിക, കാഴ്ചവയ്ക്കുക, സ്തുതിക്കുക എന്നൊക്കെ അർത്ഥമുള്ള അനാഫെറേയിൻ എന്ന ഗ്രീക്ക് ക്രിയയിൽനിന്നുണ്ടായ നാമരൂപമാണ് അനാഫൊറ. കാഴ്ചവയ്ക്കൽ, കുർബാന എന്നിങ്ങനെയാണർത്ഥം. അംഗീകൃത കുർബാനക്രമം (ലത്തീനിൽ 'കാനോൻ') എന്ന സാങ്കേതികാർത്ഥത്തിലാണ് ഇത് ലിറ്റർജിയിൽ (ആരാധനാക്രമത്തിൽ) ഉപയോഗിക്കുന്നത്. സുറിയാനിയിൽ ഈ വാക്ക് 'അന്നാപ്പോറ' എന്ന രൂപത്തിൽ ഉപയോഗിക്കുന്നു.

**അന്നീദാ** അകന്നുപോയി, ഇല്ലാതായി, നാടു മാറി വസിച്ചു, മരിച്ചു എന്നൊ

www.malankaralibrary.com

ക്കെ അർത്ഥംവരുന്ന അനദ് എന്ന സുറിയാനി ക്രിയാരുപത്തിൽനിന്നുണ്ടായ വാക്കാണ് അന്നീദ. മരിച്ച, അകന്നുപോയ, ഹാജരില്ലാത്ത എന്നൊക്കെയാണ് അതിൻെറ വാച്യാർത്ഥം. മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനയെന്നും, അവർക്കുവേണ്ടിയുള്ള ശുശ്രൂഷയെന്നും ഇതിന് അർത്ഥം വന്നുകൂടി. ഈ വാക്കിലെ ആദ്യാക്ഷരം 'അ' എന്നു നാം എഴുതുകയും പറയുകയും ചെയ്യുന്നുണ്ടെങ്കിലും സുറിയാനി അക്ഷരമാലയിലെ ആലപ്പ് എന്ന പ്രഥമാക്ഷരം കൊണ്ടല്ല ഏ എന്നു വിളിക്കപ്പെടുന്ന പതിനാറാമത്തെ അക്ഷരം കൊണ്ടാണ് എഴുതുന്നത്. അകാരത്തിൻെറ ചിഹ്നം (കുത്തുകൾ) ഇട്ട് അ എന്ന് ഉച്ചരിക്കുന്നു. വിവിധ സ്വരചിഹ്നങ്ങൾ ചേർത്ത് വിവിധ രീതികളിൽ ഉച്ചരിക്കും.

റോസ് മെത്രാൻ 1606-ൽ എഴുതിയ നിയമാവലിയിൽ ഈ വാക്ക് പല പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. "വിശെഷിച്ച അതിൻെറ പിറ്റെ നാൾ അന്നീദ നമസ്കാരവും കുറുബാനയും ചൊല്ലുകയുമാം," "അന്നീദാനമസ്കാരം ഒക്കെയും കൗറുംകൽ നമസ്കരിക്കുകയും വെണം." എന്നൊക്കെ അതിലെ പത്താം സാഹയിൽ (അധ്യായത്തിൽ) കാണാം. ഉദയംപേരൂർ സൂനഹദോസിൻെറ കാനോനയിൽ ഹന്നുദാ എന്നു കാണുന്നു (6-ാം മൗത്വാ, 26-ാം കാനോനാ).

**അന്തിക്രിസ്തു** യേശുക്രിസ്തുവിനെ നിഷേധിക്കുകയോ എതിർക്കുകയോ ചെയ്യുന്നവൻ എന്നാണ് ഇതിൻെറ അർത്ഥം. ഗ്രീക്കിൽ അന്തിക്രിസ്തോസ് എന്നുപറയും. സുറിയാനിയിലും ആ വാക്കുതന്നെ ഉപയോഗിക്കുന്നു. ലത്തീനിൽ ആന്തിക്രിസ്തൂസ് എന്നും ഇംഗ്ലീഷിൽ ആൻറിക്രൈസ്റ്റ് എന്നും പറയുന്നു. ബൈബിളിൽ ഈ വാക്ക് പ്രയോഗിച്ചിട്ടുണ്ട് (1 യോഹ. 2:18, 22; 2 യോഹ. 7). വലിയ ശത്രു (1 യോഹ. 2:18, 4: 3), പാപത്തിൻെറ മനുഷ്യൻ, നാശത്തിൻെറ പുത്രൻ (2 തെസ. 2:3-8), മൃഗം (വെളി. 11, 13, 17) എന്നൊക്കെ പറയുന്നത് അന്തിക്രിസ്തുവിനെക്കുറിച്ചാണെന്ന് കരുതപ്പെടുന്നു. താൻ ദൈവമാണെന്നോ മിശിഹാ (അഭിഷിക്തൻ, ക്രിസ്തു) ആണെന്നോ പറഞ്ഞ് മനുഷ്യരെ വഞ്ചിക്കുന്നവരെ ഇങ്ങനെ വിളിക്കും. വ്യാജമിശിഹാമാർക്കു ചേർന്ന പേരാണിത് (കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം നമ്പർ 675 കാണുക). അന്തിക്രിസ്തു യേശുവിൻെറ വലിയ ശത്രുവാണെന്നും യേശു തൻെറ ദ്വിതീയാഗമനത്തിൽ അവനെ കീഴടക്കുമെന്നും ക്രിസ്ത്യാനികൾ വിശ്വസിച്ചുപോരുന്നു.

**അപ്പസ്തോലൻ (അപ്പോസ്തലൻ)** അയക്കപ്പെട്ടവൻ (ശ്ലീഹാ) എന്നാണീ വാക്കിൻെറ അർത്ഥം. ഗ്രീക്കു ഭാഷയിലെ അപ്പോസ്തൊലൊസ് എന്ന വാക്ക് ലത്തീനിൽ അപ്പൊസ്തൊലൂസ് എന്നും ഇംഗ്ലീഷിൽ അപ്പോസ്റ്റൽ എന്നും രൂപംപ്രാപിച്ചു. മലയാളത്തിൽ അപ്പസ്തൊലൻ, അപ്പസ്തോലൻ, അപ്പോസ്തലൻ എന്നിങ്ങനെ പലവിധത്തിൽ പ്രയോഗിച്ചുവരുന്നു. സുറിയാനിയിൽ അപ്പോസ്തൊലോസ് എന്ന ഗ്രീക്കുവാക്കുതന്നെ ഉപയോഗിക്കുന്നു. ക്ലാസിക്കൽ ഗ്രീക്കു സാഹിത്യത്തിൽ ദമോസ്തനീസ്, "അയക്കപ്പെട്ടവൻ" എന്ന അർത്ഥത്തിൽ അപ്പോസ്തലോസ് എന്ന് പ്രയോഗിച്ചിട്ടുണ്ട്. കരയിലോ കടലിലോ യുദ്ധപരമായ സാഹസിക പര്യടനം നടത്തുന്നവൻ എന്ന അർത്ഥത്തിൽ മറ്റു ഗ്രന്ഥകാരന്മാർ ഉപയോഗിച്ചു. പഴയനിയമത്തിൻെറ ഗ്രീക്കു വിവർത്തനത്തിൽ

www.malankaralibrary.com

(3 രാജാ. 14:6, അലക്സാൺഡ്രിയൻ പകർപ്പ്) ഈ വാക്കു കാണാം. പുതിയ നിയമത്തിൽ ശ്ലീഹാ എന്ന സുറിയാനി (അറാമായ) വാക്കിനു പകരമായി ഇതാണ് പ്രയോഗിച്ചിട്ടുള്ളത്. യഹൂദരുടെയിടയിൽ അപ്പൊസ്തോലന്മാർ ഉണ്ടായിരുന്നു. പലസ്തീനയിലെ യഹൂദ സമൂഹത്തിൻെറ നേതാക്കന്മാരാണ് അവരെ തിരഞ്ഞെടുത്ത് തലയിൽ കൈവച്ച് വാഴിച്ചിരുന്നത്. വിപ്രവാസത്തിൽ കഴിയുന്ന യഹൂദരുടെയിടയിലേക്ക് അവരെ അയച്ചിരുന്നു. അവർ പൊതുലേഖനങ്ങൾകൊണ്ടുപോവുകയും നികുതി പിരിക്കുകയും ചെയ്തിരുന്നു. എന്നാൽ പുതിയ നിയമത്തിൽ കാണുന്ന അപ്പസ്തോലൻ എന്ന വാക്കിന് സുവിശേഷം പ്രഘോഷിക്കാൻ അയയ്ക്കപ്പെട്ടവൻ എന്ന, തികച്ചും വ്യത്യസ്തമായ അർത്ഥമാണുള്ളത്. യേശു പന്ത്രണ്ടുപേരെ തിരഞ്ഞെടുത്ത് സുവിശേഷം പ്രഘോഷിക്കാൻ അയച്ചു. അറമായ ഭാഷയിലെ ശ്ലീഹാ എന്ന വാക്കിനുള്ള അർത്ഥം അതാണ്.

**അപ്പെസ്കോപ്പാ (എപ്പിസ്കോപ്പാ, അപ്പസ്ക്കോപ്പ)** ഗ്രീക്കുഭാഷയിലുള്ള എപ്പിസ്കോപ്പോസ് എന്ന പദമാണ് സുറിയാനിയിൽ അപ്പെസ്കോപ്പാ, എപ്പിസ്കോപ്പാ എന്നിങ്ങനെ ഉപയോഗിക്കുന്നത്. ലത്തീനിൽ എപ്പിസ്കോപ്പൂസ് എന്നും പഴയ ഇംഗ്ലീഷിൽ ബിസ്കോപ്പ് എന്നും നവീന ഇംഗ്ലീഷിൽ ബിഷപ്പ് എന്നും ഇറ്റാലിയനിൽ വെസ്കോവോ എന്നും പോർത്തുഗീസിൽ ബിസ്പോ എന്നും ഈ വാക്ക് രൂപംമാറിയിരിക്കുന്നു. മലയാള കൃതികളിൽ അപ്പസ്കോപ്പാ എന്നാണ് കാണുന്നത്. ഏ.ഡി. 1599-ലെ ഉദയംപേരൂർ സൂനഹദോസിൻെറ കാനോനകളിൽ പോർത്തുഗീസ് ഭാഷയിൽനിന്നുള്ള ബിസ്പ് എന്ന രൂപം ഉപയോഗിച്ചിരിക്കുന്നു.

മേൽനോട്ടക്കാരൻ, കാവൽക്കാരൻ എന്നിങ്ങനെയാണ് ഈ വാക്കിൻെറ അർത്ഥം. മുകളിൽ (മീതേ, മേൽ) എന്ന് അർത്ഥമുള്ള എപ്പി എന്ന ഉപസർഗവും നിരീക്ഷകൻ എന്നർത്ഥമുള്ള സ്കോപ്പോസ് എന്ന നാമവും ചേർന്നാണ് എപ്പിസ്കോപ്പോസ് എന്ന ഗ്രീക്കുവാക്കുണ്ടായത് (സ്കൊപ്പേയിൻ = നോക്കുക, നിരീക്ഷിക്കുക). ക്ലാസിക്കൽ ഗ്രീക്കിൽ ഇങ്ങനെയൊരു പദമില്ല. ക്രിസ്ത്യാനികൾ രൂപപ്പെടുത്തിയതാണിത്. ഇതിൽനിന്ന് മധ്യകാല ലത്തീൻ ഭാഷയിൽ എപ്പിസ്കോപ്പൂസ് എന്ന പദവും അതിൽനിന്ന് ആധുനിക യൂറോപ്യൻ ഭാഷകളിലെ പദരൂപങ്ങളുമുണ്ടായി.

സംസ്കൃതത്തിൽ കാണുന്ന ഉപരി എന്ന ഉപസർഗമാണ് ഗ്രീക്കിൽ എപ്പി ആയി ചുരുങ്ങിയത്. ഹ്യൂപെർ എന്ന രൂപത്തിലും അത് നിലനില്ക്കുന്നുണ്ട്. ഗോഥിക്കിൽ ഉഫാർ എന്നും, അവസ്തനിൽ ഉപൈരി എന്നും. ലത്തീനിൽ സൂപ്പർ എന്നും പഴയ ജർമ്മനിൽ ഒബാർ എന്നും പുതിയ ജർമ്മനിൽ ഉബർ എന്നും ഈ ഉപസർഗം രൂപം മാറിയിരിക്കുന്നു. ലത്തീനിലെ സൂപ്പർ തന്നെ ഇംഗ്ലീഷിൽ നിലനില്ക്കുന്നുണ്ട്. ഓവർ എന്നൊരു രൂപവും ആ ഭാഷയിലുണ്ട്.

ബിസ്പോ, ബിഷപ്പ്, ബിസ്കോപ്പ് എന്നിങ്ങനെയുള്ള യൂറോപ്യൻ പദരൂപങ്ങളിൽ എപ്പി എന്ന ഗ്രീക്ക് ഉപസർഗം ബി എന്നായി ചുരുങ്ങിയിരിക്കുകയാണ്! ഇറ്റാലിയനിൽ അത് വെ എന്നായിരിക്കുന്നു! ഭാഷകളുടെ ഇന്ദ്രജാലം!

മധ്യകാല ലത്തീനിൽ എപ്പിസ്കോപ്പാരെ എന്നൊരു ക്രിയയും എപ്പിസ്കോപ്പാത്തൂസ് എന്നൊരു നാമവും എപ്പിസ്

www.malankaralibrary.com

കോപ്പാലിസ് എന്നൊരു വിശേഷണവും രൂപപ്പെടുത്തിയിരുന്നു. ഇംഗ്ലീഷിലെ എപ്പിസ്കോപ്പേയ്റ്റ് എന്ന പദം എപ്പിസ് കോപ്പാത്തൂസിൽനിന്നുണ്ടായി. മലയാളത്തിലും ഇന്ന് ഉപയോഗിക്കുന്ന എപ്പിസ്കോപ്പൽ എന്ന ഇംഗ്ലീഷ് വിശേഷണം എപ്പിസ്കോപ്പാലിസ് എന്ന ലത്തീൻ വിശേഷണത്തിൽനിന്നുണ്ടായതാണ്.

ഗ്രീക്കിലെ സ്കോപ്പെയിൻ എന്ന ധാതുവിന് സംസ്കൃതത്തിലെ സ്കംഭ് എന്ന ധാതുവുമായി ബന്ധമുണ്ടായിരിക്കാം. പരിശോധിക്കുക, ഉറപ്പിക്കുക, പിന്തുണയ്ക്കുക എന്നൊക്കെ അതിന് അർത്ഥമുണ്ടല്ലോ (ഋഗ് X, 76, 4).

സുറിയാനി കുർബാനക്രമത്തിൽ അപ്പെസ്കോപ്പ എന്ന വാക്കാണ് ഉപയോഗിക്കുന്നത്. ഇതിനുപകരമായി ഉപയോഗിക്കുന്ന വാക്കാണ് മെത്രാൻ. ന്ത്തർ എന്ന സുറിയാനി ധാതുവിൽ നിന്നുണ്ടായ വാക്കാണത് (മെത്രാൻ എന്ന പദം നോക്കുക). മെത്രാൻ എന്നതിനു പകരം പ്രയോഗിക്കുന്ന മറ്റൊരു സുറിയാനി വാക്കാണ് ദാവോക്ക. കാവൽക്കാരൻ, ഭരണകർത്താവ്, സൂക്ഷ്മ നിരീക്ഷകൻ എന്നൊക്കെയാണ് അതിന്റെയും അർത്ഥം.

**അപ്പോളോജെറ്റിക്സ്** ഗ്രീക്കുഭാഷയിൽനിന്ന് ലത്തീനിലേക്കും അവിടെനിന്ന് ഇംഗ്ലീഷിലേക്കും കടന്നുവന്ന് മലയാളത്തിലെത്തിയ വാക്കാണ് അപ്പോളോജെറ്റിക്സ്. അപ്പോലോഗോസ് എന്ന ഗ്രീക്കുവാക്കാണ് അതിന്റെ മൂലം. അപ്പോ എന്നത് പുറത്തേക്ക് എന്നർത്ഥം വരുന്ന ഒരു ഉപസർഗ്ഗമാണ്. ലോഗോസ് എന്നതിന് വചനം, വാക്യം, വാചകം, ശാസ്ത്രം എന്നൊക്കെ അർത്ഥമുണ്ട്. ഗ്രീക്കിൽ അപ്പോളോജിക്ക് തന്നെത്തന്നെ നീതീകരിക്കൽ (Defence, Vindication) എന്നാണർത്ഥം. പക്ഷേ, ആരാധനാക്രമത്തിൽ ഈ വാക്കിന് അർത്ഥവ്യത്യാസമുണ്ട്. തെറ്റ് ഏറ്റുപറഞ്ഞ് ക്ഷമയാചിക്കുക എന്നാണ് ആരാധനാക്രമത്തിലെ അർത്ഥം. ആ അർത്ഥമാണ് ഇംഗ്ലീഷിലെ 'അപ്പോളജി'ക്കുള്ളത്. സഭാചരിത്രത്തിലാകട്ടെ, വിശ്വാസ സംബന്ധമായ സ്വന്തം നിലപാട് വ്യക്തമാക്കി തന്നെത്തന്നെ ന്യായീകരിക്കൽ എന്നാണർത്ഥം. ആരോപണങ്ങൾക്ക് മറുപടി പറയുകയാണ് അതിന്റെ സ്വഭാവം.

നീതീകരിക്കലിനെ സംബന്ധിച്ചത് എന്ന അർത്ഥത്തിൽ, ഏറ്റിക്സ് എന്ന പ്രത്യയം ചേർത്ത്, അപ്പോളോജെറ്റിക്സ് എന്ന പദമുണ്ടാക്കിയിരിക്കുന്നു (മാത്തമാറ്റിക്സ്, ഫിസിക്സ്, എന്നൊക്കെ പറയുംപോലെ). അപ്പോലോഗോസ് എന്നത് അപ്പോലോജി എന്നാക്കിയിട്ടാണ് പ്രസ്തുത പ്രത്യയം ചേർക്കുന്നത്.

ലത്തീൻ ഭാഷയിൽ അപ്പോലോജിയ എന്ന ഗ്രീക്കു വാക്കുതന്നെ ഉപയോഗിക്കുന്നു (ഈ വാക്കിലെ ലകാരം ളകാരമായി മാറുന്നത് ശ്രദ്ധിക്കുക). സമർത്ഥന വിജ്ഞാനീയം, നീതീകരണ വിജ്ഞാനീയം എന്നൊക്കെ അപ്പോളൊജെറ്റിക്സിന് അർത്ഥം പറയാം.

**അമ്മീത്ത്** കുർബാനയ്ക്ക് ഉപയോഗിക്കുന്ന ശിരോവസ്ത്രമാണ് അമ്മീത്ത്. "കഴുത്തിൽ വക്കുകൊണ്ടുള്ള ഒരു വെള്ള ശീലചുറ്റി പൂജയ്ക്കായി പീഠത്തിങ്കൽ പ്രവേശിച്ചുതുടങ്ങി. ഇപ്രകാരമാണ് അമ്മീത്ത് ആരംഭിച്ചത്" (യൗസേപ്പ് ഗീവറുഗീസ്, പ്രസിദ്ധാരാധന, എൽത്തുരുത്ത്, 1896, പുറം 129). ലത്തീൻ ഭാഷയിലെ അമിക്തൂസ് (amictus) എന്ന വാക്കാണ് അമ്മീത്ത് എന്നായത്. അമീച്ചെരെ എന്ന ലത്തീൻ ക്രിയയ്ക്ക് ചുറ്റും

www.malankaralibrary.com

എറിയുക, ചുറ്റുക (അംബി=ചുറ്റും; ജാച്ചെരെ=എറിയുക, വിരിക്കുക) എന്നൊക്കെയാണ് അർത്ഥം. ആ ക്രിയയിൽനിന്ന് അമിക്തൂസ് എന്ന വിശേഷണപദമുണ്ടായി. ചുറ്റിവയ്ക്കപ്പെട്ടത് എന്നർത്ഥം. പഴയ ഫ്രഞ്ചിൽ അമിത് എന്നും പിൽക്കാല ഇംഗ്ലീഷിൽ അമീസ് എന്നും ഈ പദം രൂപംമാറി.

**അമ്പാരി (അമ്പരദോര)** യേശുക്രിസ്തുവിൻെറ അമ്മയെ അമ്പാരിമാതാവെന്ന് വിളിക്കാറുണ്ട്. 'പരിശുദ്ധ അമ്പാരിമാതാവിൻെറ ആർച്ച് കൊമ്പ്രിയ തിരുനാൾ' (മുണ്ടൻവേലി സെൻറ് ലൂയിസ് പള്ളിയുടെ നോട്ടീസ്, 1991, നവ. 11) എന്ന വാചകത്തിലെ അമ്പാരി ഒരു പോർത്തുഗീസ് പദമാണ്. ആ ഭാഷയിൽ അംപരാർ (Amparar) എന്ന ക്രിയയ്ക്ക് സംരക്ഷിക്കുക എന്നാണർത്ഥം, അംപാരോ എന്ന വാക്കിന് സംരക്ഷണമെന്നും. അംപരാദോർ എന്ന വാക്കിന് സംരക്ഷകൻ എന്നും അംപരാദോര എന്നതിന് സംരക്ഷക എന്നുമാണർത്ഥം. മാതാവിനെ സംബന്ധിച്ച് അംപരാദോര എന്ന സ്ത്രീലിംഗരൂപമാണല്ലോ പ്രയോഗിക്കേണ്ടത്. അംപരാദോര ചുരുങ്ങി അംപാരി എന്നായിരിക്കുകയാണ്.

ഉർദുവിൽ കാണുന്ന അമ്പാരി എന്ന വാക്കുമായി ഇതിനു ബന്ധമില്ല. അംബാരാ എന്ന് കൽദായാ സുറിയാനിയിലും അമാരി എന്ന് അറബിയിലും ആധുനിക പേർഷ്യനിലും പറയുന്ന പദമാണ് ഉർദുവിലെ അമ്പാരി. 'ആനപ്പുറത്ത് അമ്പാരി' എന്നു പറയാറുണ്ടല്ലോ. ഇരിപ്പിടവും അതിൻെറ വിതാനങ്ങളുമാണ് ആ വാക്ക് സൂചിപ്പിക്കുന്നത്. ഈ ഉർദു വാക്ക് മുഗൾ ചക്രവർത്തിമാരുടെ കാലത്ത് ഇൻഡ്യയിൽ പ്രചരിച്ചു. എന്നാൽ, കൽദായരും ഭാരതീയരും തമ്മിൽ പൗരാണിക കാലത്തുണ്ടായിരുന്ന ബന്ധംവഴി ഇവിടെ പ്രവേശിച്ചിരുന്നതാണ് ഈ പദം.

**അംശം** അംശവടി, അംശപത്രം, അംശമുടക്ക്, അംശക്കൂറ്, അംശവസ്ത്രം എന്നീ പ്രയോഗങ്ങൾ ക്രൈസ്തവ സാഹിത്യത്തിൽ കാണാം. അംശം എന്നതിന് അധികാരം എന്നാണ് വിവക്ഷ. പക്ഷേ, ഭാഗം എന്നാണ് ആ സംസ്കൃതപദത്തിൻെറ നിഷ്കൃഷ്ടാർത്ഥം. അധികാരത്തെ അധികാരി പങ്കുവച്ചു നല്കുന്നു, പല അളവുകളിൽ. അതുകൊണ്ടാണ് ഈ അർത്ഥമുണ്ടാകുന്നത്. അംശവടി എന്നതിന് അധികാരം സൂചിപ്പിക്കുന്ന വടി എന്നും, അംശപത്രത്തിന് അധികാരം നല്കുന്നതായി രേഖപ്പെടുത്തിയ പത്രമെന്നും അംശമുടക്കിന് അധികാരം പ്രയോഗിക്കാൻ പാടില്ലെന്ന വിലക്ക് എന്നും അംശക്കൂറിന് ഭരണാധികാരമുള്ള പ്രദേശം എന്നുമാണർത്ഥം. സ്ഥാനമഹിമ എന്നൊരർത്ഥവും അംശക്കൂറിനുണ്ട്.

**അരമന** മെത്രാനോ മെത്രാപ്പോലീത്തയോ താമസിക്കുന്ന വീടാണ് ഇന്ന് അരമന എന്ന് അറിയപ്പെടുന്നത്. പണ്ട് രാജാക്കന്മാരുടെയും പ്രഭുക്കളുടെയും വീടുകൾക്കു പറഞ്ഞിരുന്ന പേരാണിത്. തമിഴിലെ അരമനൈ എന്ന വാക്കാണ് അരമന എന്ന് മലയാളത്തിൽ കാണുന്നത്. ആ വാക്കിൻെറ ശരിയായ രൂപം അരൺമനൈ എന്നാണെന്നും രാജകൊട്ടാരം എന്നാണ് അതിൻെറ അർത്ഥമെന്നും ഫാബ്രിഷിയൂസിൻെറ തമിഴ്-ഇംഗ്ലീഷ് നിഘണ്ടുവിൽ (ഏ.ഡി. 1779, രണ്ടാംപതിപ്പ് 1897) വ്യക്തമാക്കിയിട്ടുണ്ട്. അരൺമനൈ എന്ന പദവും രാജകൊട്ടാരം എന്ന അർത്ഥവും ആ നിഘണ്ടുവിൽ വേറെ കൊടുത്തിട്ടുമുണ്ട്.

www.malankaralibrary.com

അരണി (കോട്ട) കൊണ്ട് ഉറപ്പിക്കപ്പെട്ട, സുരക്ഷിതമാക്കപ്പെട്ട, മനയാണ് അരൺമനൈ (അരണി = കോട്ടകെട്ടി ഉറപ്പിക്കുക, അലങ്കരിക്കുക, അരണിപ്പ് = കോട്ടകെട്ടി ഉറപ്പിക്കൽ, അരൺ = കോട്ട). "അരണിയിൽ കിഴക്കിൻ വാതിൽക്കൽ" (കോട്ടയുടെ കിഴക്കേ വാതിൽക്കൽ) എന്ന് രാമചരിതത്തിൽ പറയുന്നുണ്ടല്ലോ. "ശ്രീരംഗപട്ടണത്ത് കത്തർ ഇരിക്കുന്ന അരമന" എന്ന് തലശ്ശേരി റിക്കാർഡുകളിൽ (ഏ.ഡി. 1796-1799) പറയുന്നതായി ഗുണ്ടർട്ടിൻെറ നിഘണ്ടുവിൽ കാണാം (കത്തർ എന്നതിന് പ്രഭു എന്നർത്ഥം. കർത്താവ് എന്ന വാക്കിൽ നിന്നുണ്ടായതാണത്). അധികാരികളുടെ വീടുകൾ കോട്ടകെട്ടി ഉറപ്പിക്കുക പണ്ട് അത്യാവശ്യമായിരുന്നു. വീടുകളും സ്ഥാപനങ്ങളും സ്ഥിരം ആക്രമണഭീതിയിലായിരുന്നല്ലോ കഴിഞ്ഞിരുന്നത്. പോർത്തുഗീസുകാർ ഇൻഡ്യയിൽ നിർമ്മിച്ച വസതികൾക്കും ചില ദേവാലയങ്ങൾക്കും ആശ്രമങ്ങൾക്കും മഠങ്ങൾക്കും കോട്ട മാത്രമല്ല ഭൂമിക്കടിയിലൂടെ വഴിയും നിർമ്മിച്ചിരുന്നു. ശത്രുക്കളുടെ ആക്രമണമുണ്ടാകുമ്പോൾ ഓടി രക്ഷപെടാനുള്ള മാർഗ്ഗമായിരുന്നു അത്. അക്കാലത്തെ ചില കോട്ടകളും അന്തർഭൗമമാർഗ്ഗങ്ങളും ഇന്നും കാണാനുണ്ട്. കൊച്ചി രാജാക്കന്മാരും അന്തർഭൗമപാതകൾ നിർമ്മിച്ചിരുന്നതായി പറയപ്പെടുന്നു.

മനൈ (മന) എന്ന തമിഴ് വാക്കിന് വീടെന്നാണ് പ്രധാന അർത്ഥം. മനുഷ്യൻ എത്തിച്ചേരുന്നിടവും പുറപ്പെടുന്നിടവുമാണല്ലോ മന. തന്മൂലം ദ്രാവിഡഭാഷകളിൽ വിവിധ രൂപങ്ങൾ സ്വീകരിച്ചു കാണപ്പെടുന്ന ഈ വാക്കിന് സുറിയാനി ഭാഷയിലെ 'മന് ആ' എന്ന ധാതുവുമായി ബന്ധമുണ്ടായിരിക്കാം.

മന, ഇല്ലം എന്ന രണ്ടു വാക്കുകളും പണ്ടു മുതൽ മലയാളബ്രാഹ്മണരുടെ വീടുകൾക്കു പറയുന്ന പേരുകളാണ്. പരദേശബ്രാഹ്മണരുടെ വസതികളെ ഗൃഹം, മഠം എന്നീ വാക്കുകൾ ഉപയോഗിച്ചു വിളിക്കുന്നു (ഇവ രണ്ടും സംസ്കൃത പദങ്ങളാണ്). ഇല്ലം എന്ന പേര് സുറിയാനിക്രിസ്ത്യാനികളും ഉപയോഗിച്ചിരുന്നു. ഇല്ലപ്പണം, അറുപത്തിനാല് ഇല്ലക്കാർ എന്നീ പ്രയോഗങ്ങൾ നോക്കുക.

അരൺമന (കോട്ട കെട്ടി ഉറപ്പിച്ച മന) എന്ന വാക്കിൽനിന്നാണ് അരമനയെന്ന പദമുണ്ടായതെന്ന് തമിഴ് നിഘണ്ടുകാരൻ പറയുന്നെങ്കിലും മറ്റൊരു സാധ്യത തള്ളിക്കളയാൻ തോന്നുന്നില്ല. അരചൻെറ (രാജാവിൻെറ) മനയെന്നും അരചമായ (=രാജകീയമായ, ശ്രേഷ്ഠമായ) മനയെന്നും അതിന് അർത്ഥമുണ്ടാകാം. അരയന്നം, അരയാൽ, ഏഴരപ്പള്ളി എന്നൊക്കെ പറയുമ്പോൾ രാജകീയമായ, ശ്രേഷ്ഠമായ, ദിവ്യമായ, എന്നൊരർത്ഥം 'അര' എന്ന വാക്കിനുണ്ടാകുന്നുണ്ട്. ശ്രീബുദ്ധനുമായി ബന്ധപ്പെട്ട വൃക്ഷമായതുകൊണ്ടാണ് അരയാലിനെ ദിവ്യവൃക്ഷമായി കരുതുന്നത് (അതിൻെറ ചുവട്ടിലിരുന്നു ധ്യാനിച്ച് ദിവ്യജ്ഞാനം നേടിയതുകൊണ്ട്). അതുകൊണ്ടാണ് അരയാലെന്നു വിളിക്കുന്നത്. അരയന്നത്തെ ദിവ്യതയുള്ള പക്ഷിയായി കരുതുന്നു. അരചൻ എന്ന തമിഴ് പദം രാജാ എന്ന സംസ്കൃത പദത്തിൽനിന്നുണ്ടായതാണ്.

മെത്രാന്മാരുടെ വസതികൾക്ക് സുറിയാനിയിൽ പാലോത്തീൻ എന്നു പറയും. പലാസിയും (Palatium) എന്ന ലത്തീൻ പദത്തിൻെറ രൂപാന്തരമാണത് (ഇംഗ്ലീഷിൽ പാലസ്). തിരുവല്ലായിലെ

www.malankaralibrary.com

മാർത്തോമ്മാ മെത്രാപ്പോലീത്തയുടെ അരമനയ്ക്ക് പുലാത്തീൻ എന്ന് നാമകരണം ചെയ്തിരിക്കുന്നു. സുറിയാനിയിലെ പാലോത്തീൻ എന്ന പദത്തിൻെറ മലയാളരൂപമാണത്.

ബേസ് അപ്പെസ്കോപ്പിയോൻ എന്ന സമസ്തപദമാണ് സാധാരണമായി മെത്രാന്മാരുടെ വസതിയെ കുറിക്കാൻ സുറിയാനിയിൽ ഉപയോഗിച്ചിരുന്നത് (ബേസ്=വീട്; അപ്പെസ്ക്കോപ്പിയോൻ=അപ്പെസ്കോപ്പയെ സംബന്ധിച്ചത്).

**അരുളിക്ക** തിരുശേഷിപ്പ് അഥവാ പൂജ്യാവശിഷ്ടം (റെലിക്) വച്ചുസൂക്ഷിക്കാനുള്ള പാത്രം എന്നർത്ഥമുള്ള റെലിക്കാരിയോ എന്ന പോർത്തുഗീസു വാക്കാണ് മലയാളത്തിൽ അരുളിക്കയെന്നായത്. രകാര റകാരങ്ങൾകൊണ്ടു തുടങ്ങുന്ന വാക്കുകളുടെ ആദിയിൽ ഒരു സ്വരം ചേർക്കുക നമ്മുടെ പതിവാണ് (തമിഴിലെ ചില വാക്കുകൾ അപ്രകാരം സംസ്കൃതത്തിൽനിന്നു രൂപപ്പെട്ടവ യാണ്). ലത്തീൻ ഭാഷയിൽ റെലിക്കൂസ് എന്ന പദത്തിന് അവശിഷ്ടം എന്നർത്ഥം. അതിൽനിന്ന് അവശിഷ്ടം സൂക്ഷിക്കാനുള്ള പാത്രത്തിന് റെലിക്കാരിയും എന്ന പേരുണ്ടായി. അതിലെ 'ആരിയും' എന്ന പ്രത്യയം പോർത്തുഗീസിൽ ആരിയോ എന്നായി. റെലിക്കാരിയും എന്നു ലത്തീനിലും റെലിക്കാരിയോ എന്നു പോർത്തുഗീസിലും പറഞ്ഞാൽ തിരുശേഷിപ്പിനെ സംബന്ധിച്ചത് എന്നാണ് നിഷ്കൃഷ്ടാർത്ഥം. തിരുശേഷിപ്പു സൂക്ഷിക്കുന്ന പാത്രമെന്ന അർത്ഥം വന്നുചേർന്നതാണ്. മലയാളത്തിൽ ആരിയോ എന്ന പ്രത്യയം ലോപിച്ചുപോയി.

തിരുശേഷിപ്പുകൾ വയ്ക്കാൻ മാത്രമല്ല കുർബാനയപ്പം (ദിവ്യകാരുണ്യം) വച്ചു പ്രദർശിപ്പിക്കാനും അരുളിക്കകൾ ഉപയോഗിക്കുന്നു. ഒസ്തെൻസാരിയും എന്നു ലത്തീനിലും മോൺസ്ട്രൻസ് എന്ന് ഇംഗ്ലീഷിലും അരുളിക്കയ്ക്ക് പേരു പറയുന്നു. പ്രദർശനസംബന്ധമായത് എന്നാണല്ലോ അതിൻെറ അർത്ഥം (ഒസ്തെൻദരെ, മോൺസ്ട്രാരെ എന്നീ ലത്തീൻ ധാതുക്കളിൽനിന്നുണ്ടായ നാമരൂപങ്ങളാണവ).

പതിനാലാം നൂറ്റാണ്ടിൽ ആദ്യം ഫ്രാൻസിലും പിന്നീട് ജർമ്മനിയിലും അരുളിക്കകൾ ഉണ്ടാക്കി. അവയിൽ കുർബാനയപ്പം വച്ചു പ്രദർശിപ്പിച്ചുതുടങ്ങി. ഇതിന് ഒരു കാരണമുണ്ടായി. പവിത്രീകരിക്കപ്പെട്ട കുർബാനയപ്പത്തിൽ ക്രിസ്തുവിൻെറ യഥാർത്ഥ സാന്നിധ്യം നിലനില്ക്കുന്നില്ലെന്ന് വെരുംഗാരിയൂസ് എന്ന ദൈവശാസ്ത്രജ്ഞൻ പഠിപ്പിച്ചു. ആ സിദ്ധാന്തത്തോടുള്ള പ്രതികരണമായിട്ട് കുർബാനയപ്പം കുർബാന സമയത്ത് ഉയർത്തിക്കാണിക്കുകയും ആ സമയത്ത് ജനങ്ങൾ അതു നോക്കിക്കാണുകയും തല കുനിച്ച് ആരാധിക്കുകയും, അരുളിക്കയിൽ കുർബാനയപ്പംവച്ച് അൾത്താരയിൽ പ്രതിഷ്ഠിച്ച് ആരാധിക്കുകയും അതുകൊണ്ട് ജനങ്ങളെ ആശീർവദിക്കുകയും ചെയ്യുന്ന സമ്പ്രദായങ്ങൾ തുടങ്ങി. അരുളിക്കയിൽ കുർബാനയപ്പം വച്ച് പട്ടണങ്ങളിൽ പ്രദക്ഷിണം നടത്തലും തുടങ്ങി. യൂറോപ്പിൽനിന്ന് ഈ സമ്പ്രദായങ്ങൾ ക്രമേണ മറ്റു രാജ്യങ്ങളിലേക്കു പകർന്നു. കോർപുസ്ക്രിസ്തി (= ക്രിസ്തുവിൻെറ ശരീരം) എന്ന തിരുനാൾ അക്കാലത്തു തുടങ്ങിയതാണ്. 'കുർബാനയുടെ പെരുന്നാൾ' എന്ന് ഇതിന് പേരു പറയുന്നു.

www.malankaralibrary.com

അരുളിക്കകൾ പല തരത്തിൽ നിർമ്മിക്കപ്പെട്ടിട്ടുണ്ട്. വാഹനങ്ങളിൽ വച്ച് വലിച്ചുകൊണ്ടു നടക്കാനുള്ള വലിയ അരുളിക്കകൾ 15-ാം നൂറ്റാണ്ടിൽ നിർമ്മിച്ചിരുന്നു. അരുളിക്കയായിട്ടുപയോഗിക്കാൻ യേശുവിൻേറയോ, മാതാവിൻേറയോ വലിയ രൂപമുണ്ടാക്കി മാറിൻെറ ഭാഗത്ത് ഒരു പൊഴിയുണ്ടാക്കി ചില്ലുകൊണ്ടുള്ള കതകും ഘടിപ്പിച്ചിരുന്നു. ഇത്തരം അരുളിക്കകൾ, 15-ാം നൂറ്റാണ്ടിൽ ധാരാളമായി പ്രചരിച്ചു. പിന്നീട് പ്രകാശം ചിതറുന്ന സൂര്യബിംബത്തിൻെറ മാതൃകയിൽ അരുളിക്കകൾ നിർമ്മിച്ചു. അവയുടെ മധ്യത്തിലുള്ള പൊഴുതിൽ കുർബാനയപ്പം വയ്ക്കുന്നു. ചന്ദ്രക്കല എന്ന് മലയാളത്തിൽ പറയുന്ന ചെറിയ ചില്ലുപാത്രത്തിൽ ദിവ്യകാരുണ്യം വയ്ക്കുകയും അത് അരുളിക്കയ്ക്കകത്ത് വയ്ക്കുകയും ചെയ്യുന്നു. ചന്ദ്രക്കല എന്നുപറയാൻ കാരണം ലൂനെറ്റ് എന്ന് അതിന് യുറോപ്പിൽ പേരു നല്കിയതാണ്. ലൂണാ എന്ന ലത്തീൻ വാക്കിന് ചന്ദ്രൻ എന്നും ലുനെത്തെ എന്ന പദത്തിന് ചെറിയ ചന്ദ്രൻ (ചന്ദ്രക്കല) എന്നുമാണർത്ഥം (ലൂനരെ = പ്രകാശിക്കുക).

സൂര്യാകൃതിയിലുള്ള അരുളിക്ക ഒരു സങ്കീർത്തനവാക്യം ഓർമ്മിപ്പിക്കുന്നു: "അവൻ തൻെറ കൂടാരം സൂര്യനിൽ സ്ഥാപിച്ചു" (സങ്കീ. 18:6, വുൾഗാത്താ വിവർത്തനം). യൂറോപ്യൻ മിഷണറിമാരാണ് ഇവിടെ അരുളിക്കയും, ചന്ദ്രക്കലയും പ്രചരിപ്പിച്ചത്. ദിവ്യകാരുണ്യാരാധനയും, ദിവ്യകാരുണ്യപ്രദക്ഷിണവും അവരാണ് നടപ്പിലാക്കിയത്.

റോസ് മെത്രാൻ എ.ഡി. 1606-ൽ എഴുതിയ നിയമാവലിയിൽ ഇങ്ങനെ പറയുന്നു: "തമ്പുരാൻ കാട്ടിയ പ്രത്യക്ഷങ്ങളൊക്കെക്കാട്ടിലും വല്യപ്രത്യക്ഷം ആകുന്ന കുറുവാനകൊണ്ട മാമ്മൊദീസാകാരർക്ക് ഒക്കെക്കും വലിയ അനുപൊകം നിച്ചലും ഒണ്ടാക എല്ലൊ ചൈയ്യുന്നത - അതിനെക്കൊണ്ട് ആണ്ടിൽ ഒരിക്കൽ അതിൻെറ പെരുനാൾ അനെക ഗൊഷത്തൊടുകൂടെ കൊള്ളണം എന്ന ശുദ്ധമാനപള്ളി കല്പിച്ചു .... എന്നപൊലെ തന്നെ മലയാളരുടെ എടയിൽ നമ്മുടെ പള്ളികൾ ആകുന്നതുകൊണ്ട് ആയതിന്ന ഒത്തവണ്ണം നമ്മുടെ എടവകയിൽ ഇരുന്നുകൂടാ എങ്കിലും. എന്നാൽ നല്ലചിതം ഒള്ള പള്ളികളിൽ അകത്തുതന്നെ കാപ്പൊറാകാണാതെ ആകുന്ന ഗൊഷത്തൊടുകൂടെ കുറുവാന എടുത്ത് അതുകൊണ്ട് പ്രദെക്ഷണിക്കണം" (ഏഴാം സാഹ). യൂറോപ്പിലെപ്പോലെ കുർബാനയുടെ പ്രദക്ഷിണം നഗരത്തിലൂടെ നടത്താൻ ഇവിടെ സാധിക്കയില്ലെന്നും അന്യജാതിക്കാരുടെ ഇടയിലുള്ള നമ്മുടെ പള്ളികളിൽ പ്രദക്ഷിണം പള്ളിക്കകത്തുതന്നെ നടത്തിയാൽ മതിയെന്നും ഇവിടെ പറയുന്നു. കാപ്പൊറാ എന്നത് അവിശ്വാസികൾ എന്നർത്ഥത്തിലുള്ള കാപ്പോറാ എന്ന സുറിയാനി വാക്കാണ്. പാത്രം എന്നർത്ഥമുള്ള കപെയ്‌രാ (Capoeira) എന്ന പോർത്തുഗീസ് വാക്കിൽനിന്നുണ്ടായ പദമല്ല. സാഹചര്യംകൊണ്ടും, പദസ്വരൂപംകൊണ്ടും സുറിയാനി വാക്കുതന്നെയാണെന്ന് വ്യക്തമാണ്. (കാപ്പോറ എന്ന വാക്കു കാണുക).

**അല്മായൻ (അല്മേനി, അൾമേനി, അൻമേനി)** ലോകം എന്നർത്ഥമുള്ള അല്മാ എന്ന സുറിയാനി വാക്കിൽനിന്ന് ലോകത്തെ സംബന്ധിച്ചവൻ എന്നർത്ഥമുള്ള അല്മായാ, അല്മാനിയാ എന്നിങ്ങനെ രണ്ടു വാക്കു

www.malankaralibrary.com

കളുണ്ടാകുന്നു. അവ മലയാളത്തിൽ യഥാക്രമം, അല്മായൻ, അല്മേനി എന്നിങ്ങനെ രൂപംമാറി. ലോക വ്യവഹാരങ്ങളിൽ കഴിയുന്നവൻ, ബാഹ്യലോകത്തു ജീവിക്കുന്നവൻ എന്നൊക്കെയാണ് അവയുടെ അർത്ഥം. ക്രിസ്തുമതത്തിൽ സന്ന്യാസസഭകളുണ്ടായപ്പോൾ സന്ന്യസ്തരല്ലാത്തവരെ വിളിക്കാനുപയോഗിച്ച പദമാണിത്. സന്ന്യാസിയോ വൈദികനോ അല്ലാത്ത വിശ്വാസിയെ ഇന്ന് ഇപ്രകാരം വിളിക്കുന്നു. ബുദ്ധമതത്തിൽ സന്ന്യാസിമാരല്ലാത്തവരെ ശ്രാവകർ (കേൾവിക്കാർ) എന്നുവിളിക്കുന്നതുപോലെതന്നെ. അല്മായാ എന്ന നാമവിശേഷണത്തോട് മലയാളത്തിലെ അൻ പ്രത്യയം ചേർന്നാണ് അല്മായൻ എന്ന വാക്കുണ്ടാകുന്നത് (സ്ത്രീലിംഗം അല്മായ). ശ്ലീഹാ എന്ന വാക്കിൽനിന്ന് ശ്ലീഹൻ എന്ന വാക്കുണ്ടായതുപോലെതന്നെ. അല്മാനായാ എന്നതിൽനിന്ന് 'അല്മേനി' എന്ന വാക്കുണ്ടായി (നസ്റാണി, ക്രിസ്ത്യാനി എന്നിവപോലെ).

ഏ.ഡി. 1599-ൽ നടന്ന ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകളിലും ഏ.ഡി. 1606-ൽ റോസ് മെത്രാൻ ക്രോഡീകരിച്ച നിയമാവലിയിലും വൈദികരല്ലാത്തവരെ (സാധാരണ വിശ്വാസികളെ) സൂചിപ്പിക്കാൻ 'എണങ്ങർ' 'ലോകർ' (ലോകത്തെ സംബന്ധിച്ചവർ) എന്നീ വാക്കുകളാണ് സാധാരണമായി പ്രയോഗിക്കുന്നത്. എന്നാൽ അവയിൽ അന്മേനികൾ, അല്മേനി എന്നീ പ്രയോഗങ്ങൾ അപൂർവ്വമായി കാണാം. "കൂടെ പോരുന്ന അന്മേനികൾ കൊന്ത നമസ്കരിക്കണം," "പള്ളിക്കൽ പുക്കാൽ അന്മേനികളുടെ...." എന്നൊക്കെ നിയമാവലിയിലുണ്ട്. ഏ.ഡി. 1879-ൽ ലെയോനാർദ് മെത്രാപ്പോലീത്ത ക്രോഡീകരിച്ച "വരാപ്പുഴ വിഗാരിയാത്തിലെ കല്പനകളും നിയമങ്ങളും" എന്ന നിയമസംഹിതയിൽ പറയുന്നു: "പട്ടക്കാരുടെ പേരിൽ എങ്കിലും അൾമെനിക്കാരുടെ പേരിൽ എങ്കിലും"..... ക്നാനായാക്കാരുടെ മാർഗംകളിപ്പാട്ടിൽ ഇപ്രകാരം കാണുന്നു: "അയ്മേനിയൊക്കെ വിളിപ്പിച്ചുംകൊണ്ട്" (ഉതുപ്പു ലൂക്കോസ്, പുരാതന പാട്ടുകൾ, പുറം 12).

ഇങ്ങനെ അല്മായൻ, അൾമെനിക്കാർ, അയ്മെനി, അന്മേനി, എന്നൊക്കെ കാണുന്നത് ഒരേ പദമാണ്. കളപ്പുരയ്ക്കൽ മല്പാനച്ചന്റെ സുറിയാനി മലയാള നിഘണ്ടുവിൽ (ഏ.ഡി. 1940) അല്മായാ, അല്മാനായാ എന്നീ വാക്കുകൾക്ക് 'ലൗകിക', 'വൈദികമല്ലാത്ത', 'അൽമേനി', 'പ്രാപഞ്ചിക', 'ഭൂമിക്കടുത്ത', എന്നിങ്ങനെ അർത്ഥം നല്കുന്നു (പുറം 406). ലൗകികൻ എന്ന അർത്ഥത്തിൽ ബർ അല്മാ (= ലോകത്തിന്റെ പുത്രൻ) എന്ന ശൈലിയും പ്രയോഗിക്കും. സുറിയാനി അക്ഷരമാലയിലെ 16-ാമത്തെ അക്ഷരം (ഏ) കൊണ്ടാണ് ഈ വാക്കു തുടങ്ങുന്നത്. രണ്ടാമത്തെ അക്ഷരം 'ല'കാരമാണ് (ലാമദ്). അതുകൊണ്ട് മലയാളത്തിൽ 'ല' ചേർത്ത് എഴുതുകയാണ് ഉചിതം.

**അൾത്താര** ബലിപീഠം (ത്രോണോസ്) എന്ന അർത്ഥത്തിൽ ഉപയോഗിക്കുന്ന ലത്തീൻ വാക്കാണ് അൾത്താര. അൾത്താരെ എന്നൊരു വാക്ക് ലത്തീനിൽ ഉണ്ടായിരുന്നു. കാസ്സൽസ്, വൈറ്റ് ആൻഡ് റിഡിൽ എന്നീ ലത്തീൻ നിഘണ്ടുക്കളിൽ ആ വാക്കു കൊടുത്തിട്ടില്ലെങ്കിലും വെബ്സ്റ്റേഴ്സ് ഇംഗ്ലീഷ് നിഘണ്ടുവിൽ അത് കൊടുത്തിട്ടുണ്ട്. "ആദ്

www.malankaralibrary.com

അൾത്താരെ ദേയി" (ദൈവത്തിന്റെ അൾത്താരയിലേക്ക്) എന്ന് 43-ാം സങ്കീർത്തനത്തിൽ ആ വാക്ക് കാണുന്നു. ഉന്നതമായത് എന്നർത്ഥമുള്ള ആൾത്തും എന്നതിനോട് പീഠം, ഫലകം എന്നൊക്കെ അർത്ഥമുള്ള ആര എന്ന വാക്കുചേർന്നാണ് അൾത്താരെ എന്ന പദമുണ്ടായത്. തീകത്തിക്കാനുള്ള ഫലകം, ബലിവസ്തു ദഹിപ്പിക്കാനുള്ള പീഠം, ഉയർന്ന പീഠം എന്നൊക്കെ അതിനർത്ഥമുണ്ട്. ആര (ara) എന്ന വാക്കിന്റെ ആദിമരൂപം ആസ എന്നാണ്; സംസ്കൃതത്തിലെ ഇരിക്കുക എന്നർത്ഥമുള്ള ആസ് എന്ന ധാതുവിൽനിന്നുണ്ടായതുമാണ് (ഗ്രീക്കിലും ഈ ക്രിയാരൂപം അല്പം മാറ്റത്തോടെ നിലകൊള്ളുന്നു). ഇരിപ്പിടം എന്നർത്ഥമുള്ള ആസനം എന്ന പദവും ആ ധാതുവിൽനിന്നുണ്ടായതാണ്. ശ്രേഷ്ഠമായ ഇരിപ്പിടമാണ് സിംഹാസനം.

ഉന്നതമായതിനെ (ആൾത്തും) സംബന്ധിച്ചവ എന്ന അർത്ഥത്തിൽ അൾത്താരിയ (ബഹുവചനം) എന്നൊരു വാക്ക് ലത്തീനിലുണ്ട്. അത് ഏകവചനമായിക്കരുതി, ഉന്നതമായ പീഠം, ഉന്നതന്മാരായ ദേവന്മാർക്ക് മാത്രമായി ബലിയർപ്പിക്കുന്ന ഉയർന്നപീഠം എന്നിങ്ങനെയുള്ള അർത്ഥത്തിൽ റോമാക്കാർ ഉപയോഗിച്ചിരുന്നു. ഈ വാക്കിലെ ആരിയ എന്നത് അതിനെ സംബന്ധിക്കുന്നവ എന്നർത്ഥമുള്ള പ്രത്യയമാണ്.

## ആ

**ആഞ്ഞുസ്ദേയി** ലത്തീൻ ആരാധനാക്രമത്തിൽ ഉപയോഗിക്കുന്ന ഒരു ലഘുപ്രാർത്ഥനയുടെ ആദ്യത്തെ രണ്ടു വാക്കുകളാണ് ആഞ്ഞൂസ്, ദേയി എന്നിവ. "ലോകത്തിന്റെ പാപങ്ങൾ നീക്കിക്കളയുന്ന ദിവ്യചെമ്മരിയാട്ടിൻകുട്ടീ, ഞങ്ങളോടു കരുണ തോന്നണമേ" എന്നാണ് ലത്തീനിലുള്ള ആ പ്രാർത്ഥനയുടെ അർത്ഥം. ആഞ്ഞൂസ്ദേയി എന്നത് ഒരു സമസ്തപദമായി ആ പ്രാർത്ഥനയുടെ പേരായിത്തീർന്നു. ആഞ്ഞൂസ് എന്നതിന് ആട്ടിൻകുട്ടി (ചെമ്മരിയാട്ടിൻകുട്ടി) എന്നും ദേയി എന്നതിന് ദൈവത്തിന്റെ എന്നുമാണർത്ഥം (ദൈവം എന്നർത്ഥമുള്ള ദേവൂസ് എന്ന വാക്കിന്റെ ഷഷ്ഠീ ഏകവചനമാണ് ദേയി). ക്രിസ്തുവിനെയാണ് ഇവിടെ ആട്ടിൻകുട്ടി എന്നുവിളിക്കുന്നത്. തന്റെ അടുക്കലേക്ക് വരുന്ന യേശുവിനെക്കണ്ട് യോഹന്നാൻ മാംദാന ഇങ്ങനെ വിളിച്ചുപറഞ്ഞു: "ഇതാ, ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" (യോഹ. 1:29). ഈ വാചകമുൾക്കൊള്ളുന്ന ഒരു ലഘുപ്രാർത്ഥന സേർജിയൂസ് ഒന്നാമൻ മാർപാപ്പാ (+701) കുർബാനക്രമത്തിൽ കൂട്ടിച്ചേർത്തു. പാപമാർഗ്ഗങ്ങളെ ഉപേക്ഷിക്കുന്നു എന്നതിന്റെ അടയാളമായി പാപങ്ങളുടെ ഒരു ലിസ്റ്റ് എഴുതി ഒരാട്ടിൻകുട്ടിയുടെ കഴുത്തിൽ കെട്ടിവച്ച് മരുഭൂമിയിലേക്ക് കൊണ്ടുപോവുക എന്ന സമ്പ്രദായം യഹൂദന്മാരുടെയിടയിലുണ്ടായിരുന്നു. ആ സമ്പ്രദായത്തിൽ നിന്നാണ് ഈ ശൈലി ഉദ്ഭവിച്ചതെന്ന് കരുതപ്പെടുന്നു.

മാർപാപ്പാ തന്റെ ആചാര്യത്വത്തിന്റെ ഓരോ ഏഴാം വർഷവും ആശീർവദിച്ചു വിതരണം ചെയ്യുന്ന മെഴുകുപലകയിലുള്ള ആട്ടിൻകുട്ടിയുടെ ചിത്രത്തിനും ആഞ്ഞൂസ്ദേയി എന്ന് പേര് പറഞ്ഞു വന്നു. എട്ടാം നൂറ്റാണ്ടുമുതൽ ഈ സമ്പ്രദായം നിലനിന്നതായി ചരിത്രത്തിൽകാണാം. പുരാതനകാലത്ത് വലിയ നോമ്പിൽ "പെസഹാത്തിരി"വെ

www.malankaralibrary.com

ഞ്ചെരിച്ച് വിശ്വാസികൾക്ക് കൊടുത്തിരുന്നതിൻെറ തുടർച്ചയായിട്ടാണ് ഇത്തരം മെഴുക് ചിത്രങ്ങൾ വിതരണം ചെയ്യുന്നത്.

മലയാളത്തിൽ ആഞ്ഞൂസ്ദേയി എന്ന പ്രയോഗം ആദ്യമായിക്കാണുന്നത് പാറേമ്മാക്കൽ തോമ്മാ ഗോവർണ്ണദോരുടെ വർത്തമാനപ്പുസ്തകത്തിലാണ്. "നിങ്ങൾക്കുവേണ്ടി കുറേ ആഞ്ഞൂസ് ദേയി എന്ന മെഴുകുരൂപം മാർപാപ്പയോട് അപേക്ഷിക്കണമെന്ന്" (പുറം 220) എന്നിങ്ങനെ ആ ഗ്രന്ഥത്തിൽ കാണാം. ഏ.ഡി. 1799-ലാണ് പ്രസ്തുത ഗ്രന്ഥം എഴുതിയത്.

ആഞ്ഞൂസ്, ദേയി എന്നീ വാക്കുകളുടെ നിഷ്പത്തിയെപ്പറ്റി പര്യാലോചിക്കുമ്പോൾ, സംസ്കൃതം ഉപയോഗിക്കുന്ന നമുക്ക് അവ അന്യമല്ലെന്ന് മനസ്സിലാകും. അഗ്നോസ് എന്ന ഗ്രീക്കുവാക്കിൽനിന്നാണ് ആഗ്നൂസ് എന്ന ലത്തീൻ പദമുണ്ടാകുന്നത്. ഗ്ന എന്നത് ലത്തീനിൽ ഞ എന്ന് ഉച്ചരിക്കുന്നു. സംസ്കൃതത്തിലെ അജം (= ആട്) എന്ന പദത്തോട് ബന്ധപ്പെട്ടതാണ് ഗ്രീക്കിലെ അഗ്നോസ്. ദേയി എന്നതിൻെറ പ്രഥമാ ഏകവചനം ദേവൂസ് എന്നാണ്. ഗ്രീക്കിൽ ഥേഓസ് (Theos) എന്നും സംസ്കൃതത്തിൽ ദേവഃ എന്നും പറയുന്നത് തന്നെയാണത്. ദിവ് എന്ന ധാതുവിൽ നിന്നാണ് ആ നാമത്തിൻെറ വരവ്. (ദൈവം എന്ന വാക്ക് നോക്കുക).

**ആബൂന** പോർത്തുഗീസുകാരുടെ ആഗമനകാലത്ത് മേല്പ്പട്ടക്കാരെ വിളിക്കാൻ ആബൂന എന്ന പദം ഇവിടെ ഉപയോഗിച്ചിരുന്നു. ആബാ എന്ന സുറിയാനി വാക്കിന് പിതാവെന്നും, ആബൂൻ എന്നതിന് ഞങ്ങളുടെ പിതാവെന്നുമാണർത്ഥം. ആബൂൻ ആണ് ആബൂനയായത്. ആബാ എന്ന വാക്കിന് ബാബാ (വാവാ) എന്നൊരു രൂപവും പൗരാണിക സുറിയാനിയിലുണ്ടായിരുന്നു. ആ പ്രയോഗം കേരളത്തിൽ ഇന്നും നിലനില്ക്കുന്നുണ്ട്. സുറിയാനിയുടെ ജന്മനാട്ടിൽ അറബിയുടെ പ്രാബല്യം മൂലം നഷ്ടപ്പെട്ട പലതും കേരളത്തിലാണല്ലോ അഭംഗുരം സംരക്ഷിക്കപ്പെട്ടത്. ആബൂന എന്ന പ്രയോഗം ഇവിടെ സർവസാധാരണമായിരുന്നു എന്നതിന് അന്തോണിയോ ദാ സിൽവാ റേഗോ എന്നയാൾ എഡിറ്റ് ചെയ്ത ദോക്കുമെന്താസാം എന്ന പോർത്തുഗീസ് രേഖാസഞ്ചയത്തിൽ കൊടുത്തിട്ടുള്ള 1510-ലെ ഒരു കല്പന തെളിവാണ്. ഏ.ഡി. 1510-ൽ പള്ളികൾ റിപ്പയർചെയ്യാനും, മറ്റാവശ്യങ്ങൾക്കുമായി ആയിരം പണം (fanam) കൊടുങ്ങല്ലൂരുള്ള ആബൂനാമാർക്ക് കൊടുക്കാൻ അൽഫോൻസോ ദെ അൽബുക്കർക്ക് നല്കിയ കല്പനയാണത് (Cf. Jacob Kollaparambil, St. Thomas Christians' Revolution in 1653, Kottayam, 1981, p.21). (ബാവ എന്ന വാക്കു നോക്കുക).

**ആമ്മേൻ (ആമേൻ)** ലോകത്തിലെ മിക്ക ഭാഷകളിലേക്കും കടന്നു ചെന്നിട്ടുള്ള ഒരു ഹീബ്രുപദമാണ് ആമ്മേൻ. യഹൂദരും ക്രൈസ്തവരും ഈപദം ധാരാളമായി ഉപയോഗിക്കുന്നു. ബൈബിളിൽ പലേടത്തും അത് പ്രയോഗിച്ചിട്ടുണ്ട്. പുതിയ നിയമത്തിലെ അന്ത്യവാക്ക് ആമ്മേൻ ആണ്. വിശ്വാസയോഗ്യൻ (വിശ്വസ്തൻ) ആയിരിക്കുക എന്ന അർത്ഥം വരുന്ന ഒരു ഹീബ്രു ധാതുവിൽ നിന്നാണ് അതുണ്ടായത്. തീർച്ചയായും, സത്യമായും, അങ്ങനെയാകട്ടെ, അങ്ങനെതന്നെ എന്നൊക്കെ അതിനർത്ഥ

www.malankaralibrary.com

മുണ്ട്. ഉറപ്പ്, വിശ്വാസയോഗ്യത, അംഗീകാരം, സമ്മതിച്ചുപറയൽ എന്നിവ സൂചിപ്പിക്കാൻ ഈ പദം ഉപയോഗിക്കും.

തന്റെ വാഗ്ദാനത്തിൽ വിശ്വസ്തനായവൻ എന്ന അർത്ഥത്തിൽ യേശുവിനെ ആമേൻ എന്ന് ബൈബിളിൽ പരാമർശിച്ചിട്ടുണ്ട് (2 കോറി. 1:20; വെളി. 3: 14). യേശുവിന്റെ ചില പ്രസ്താവനകൾ 'ആമേൻ ആമേൻ' എന്നിങ്ങനെ തുടങ്ങുന്നു. മലയാളത്തിൽ ആ വാക്കുകൾ സത്യമായിട്ട് എന്നു തർജ്ജുമ ചെയ്യാറുണ്ട്. 'സത്യം സത്യമായി' എന്നു വിവർത്തനം ചെയ്യാം. 1811-ലെ ബൈബിൾ വിവർത്തനത്തിൽ പട്ടാങ്ങ് എന്ന പദം ഉപയോഗിച്ച് ഇത് വിവർത്തനം ചെയ്തിട്ടുണ്ട് (ഉദാ : യോഹ. 12:24). തീർച്ചയും ഉറപ്പും, ആധികാരികതയും സൂചിപ്പിക്കാനാണ് യേശു 'ആമേൻ ആമേൻ' എന്നിങ്ങനെ തന്റെ പ്രസ്താവനകളോട് ചേർക്കുന്നത് (മത്താ. 5:18, 26; മർക്കോ. 3:28 മുതലായ വാക്യങ്ങൾ നോക്കുക).

മലയാളത്തിലെ പഴയ പ്രാർത്ഥനാപുസ്തകങ്ങളിലും വേദപാഠപുസ്തകങ്ങളിലും "ആമ്മേൻ ഈശോ" എന്ന ശൈലി കാണാം. അത് പാശ്ചാത്യ മിഷണറിമാർ (ഈശോ സഭക്കാർ) പ്രചരിപ്പിച്ചതാണ്. പ്രാർത്ഥനകളും വിശ്വാസപ്രമാണവും അവസാനിക്കുന്നത് ആമ്മേൻ എന്ന വാക്കുകൊണ്ടാണ്. ഹീബ്രു, അറമായാ, കൽദായ സുറിയാനി, ഗ്രീക്ക്, ലത്തീൻ, പോർത്തുഗീസ് മുതലായ ഭാഷകളിലെല്ലാം ആമേൻ അതിന്റെ തനി രൂപത്തിൽ നിലനില്ക്കുന്നു. ആറാം നൂറ്റാണ്ടിനുശേഷം രൂപപ്പെട്ടതും സുറിയാനിയുടെ ഒരു ഭാഷാഭേദവുമായ പടിഞ്ഞാറൻ സുറിയാനിയിൽ ആമീൻ എന്ന് പ്രയോഗിച്ചുവരുന്നു (എകാരത്തെ ഇകാരമാക്കിയിരിക്കുന്നു). പറയുന്നതെന്തും അംഗീകരിക്കുക എന്നതിന് "ആമ്മേൻ പറയുക" എന്നൊരു ശൈലി ക്രൈസ്തവരുടെയിടയിലുണ്ട്. 'ആമ്മേനാവുക' എന്നൊരു ശൈലിയും മലയാളത്തിലുണ്ട് - അവസാനിക്കുക, മരിച്ചുപോവുക എന്നീ അർത്ഥങ്ങളിൽ.

ഇംഗ്ലീഷ് ഭാഷയിൽ ഇതിന്റെ ഉച്ചാരണം മാറ്റിയിട്ടുണ്ട്. എയ്മൻ എന്നാണല്ലോ അവർ ഉച്ചരിക്കുന്നത്. എഴുതുന്നത് ആമേൻ (Amen) എന്നുതന്നെ.

**ആർക്കിദിയാക്കോൻ** ആർക്കെ (= പ്രധാനപ്പെട്ട) ദിയാക്കോനോസ് (= ശുശ്രൂഷകൻ) എന്ന രണ്ടു ഗ്രീക്കുവാക്കുകൾ ചേർന്നുണ്ടായ പദമാണിത്. പുരാതനകാലം മുതൽ ഈ വാക്ക് മലയാളത്തിൽ ഉപയോഗിച്ചുവരുന്നു. നമുക്ക് ഇന്ന് ലഭ്യമായ പഴയ ഗ്രന്ഥങ്ങളിൽ ഇത് കാണപ്പെടുന്നു. സുറിയാനി ഭാഷയിലേക്ക് ധാരാളം ഗ്രീക്കുവാക്കുകൾ കടന്നിട്ടുണ്ട്. സുറിയാനിയിലൂടെയാണ് ഇത് ഇവിടെ പ്രയോഗത്തിലായത്. ലത്തീൻ ഭാഷയിൽ ദിയാക്കോനൂസ് എന്നാണ് പ്രയോഗം. ഗ്രീക്കിലെ ദിയോക്കോനോസ് സുറിയാനിയിൽ ദിയാക്കോൻ എന്നായി. ആ ഭാഷയിൽ ശുശ്രൂഷി (സേവകൻ) എന്ന അർത്ഥത്തിൽ മ്ദീലാനാ എന്നൊരു വാക്കുമുണ്ട് (ദയ്യെൽ = ശുശ്രൂഷ ചെയ്തു).

ആർക്കിദിയാക്കോൻ എന്ന വാക്കിന് പ്രധാനശുശ്രൂഷി എന്നാണല്ലോ അർത്ഥം. പണ്ട് കേരളസഭയിൽ പ്രധാനപ്പെട്ട ഒരു സ്ഥാനം ആർക്കിദിയാക്കോനുണ്ടായിരുന്നു. ഇന്നത്തെ ഇറാക്കിലുള്ള ബാഗ്ദാദ് എന്ന പ്രദേശത്തുള്ള സന്ന്യാസാശ്രമങ്ങളിലെ സന്ന്യാസിമാരാണ് ദീർഘകാലം ഇവിടെ മെത്രാന്മാരായി വന്നിരുന്നത്. അവർക്ക് ഇവിടത്തെ ഭാഷയോ പ്രവർത്തന രീതികളോ

www.malankaralibrary.com

അറിയുമായിരുന്നില്ല. അവർ മതാനുഷ്ഠാനങ്ങളിൽ മാത്രം ശ്രദ്ധിച്ചു. ആർക്കിദിയാക്കോൻ സഭയുടെ ഭൗതികകാര്യങ്ങളുടെ മേൽനോട്ടം വഹിച്ചു. ഇവിടെയുള്ള ഒരു വൈദികനാണ് ആർക്കിദിയാക്കോനാകുന്നത്. "ജാതിക്ക് തലവൻ", "ജാതിക്ക് കർത്തവ്യൻ"എന്നിങ്ങനെ ആർക്കിദിയാക്കോനെ വിളിച്ചിരുന്നുവെന്ന് പഴയഗ്രന്ഥങ്ങളിൽനിന്നും മറ്റ് രേഖകളിൽനിന്നും വ്യക്തമാണ്. അദ്ദേഹത്തിനു ചില രാജകീയാധികാരങ്ങളും ഉണ്ടായിരുന്നതായി പറയുന്നുണ്ട്.

ദിയാക്കോൻ സ്ഥാനം അപ്പസ്തോലന്മാരുടെ കാലത്ത് തുടങ്ങിയതാണ്. ഭൗതികകാര്യങ്ങളിൽ ശ്രദ്ധിക്കാനായിട്ട് അപ്പസ്തോലന്മാർ ദിയാക്കോന്മാരെ തിരഞ്ഞെടുത്തതായി ബൈബിളിൽ കാണുന്നുണ്ടല്ലോ. അവരെ ശുശ്രൂഷകർ എന്ന് മലയാളത്തിൽ വിളിക്കാം.

**ആർച്ചുബിഷപ്പ്** ഗ്രീക്കിൽനിന്ന് വന്ന ഇംഗ്ലീഷ് പദമാണ് ആർച്ചുബിഷപ്പ്. ഗ്രീക്കിൽ ആർക്കെ എന്നതിനു പ്രധാനപ്പെട്ട എന്നർത്ഥമുണ്ടല്ലോ. ഇംഗ്ലീഷിൽ ആ വാക്ക് ആർച്ച് എന്നായി. കകാരം ഇംഗ്ലീഷിൽ ചകാരമായി. ക, ച, സ, എന്നിവ ഇങ്ങനെ മാറി മാറി വരുക ഇൻഡോ യൂറോപ്യൻ ഭാഷകളിൽ സാധാരണമാണ്. ഇംഗ്ലീഷിൽത്തന്നെ ആർക്കെയോളജി (പുരാവസ്തുശാസ്ത്രം) ആർക്കെയിഞ്ചൽ (പ്രധാനദൂതൻ) ആർക്കിടെക്റ്റ് (പ്രധാന ശില്പി) എന്നൊക്കെ താലവ്യാദേശം കൂടാതെ ഈ വിശേഷണം കാണുന്നുണ്ട്.

ഈ സമസ്തപദത്തിൻെറ രണ്ടാം ഭാഗം എപ്പിസ്കോപ്പോസ് എന്ന ഗ്രീക്കു വാക്കിൻെറ ലത്തീൻ രൂപമായ എപ്പിസ്കോപ്പൂസ് എന്ന പദത്തിൻെറ ആംഗ്ലേയരൂപമാണ്. ലത്തീനിലെ എപ്പിസ്കോപ്പൂസ് (Episcopus) പഴയ ഇംഗ്ലീഷിൽ ബിസ്കോപ് (Biscop) എന്നായി ചുരുങ്ങി. പോർത്തുഗീസിൽ അത് ബിസ്പോ (Bispo) എന്നായി. ആധുനിക ഇംഗ്ലീഷിൽ ബിഷപ്പ് (Bishop) എന്നായി രൂപാന്തരപ്പെട്ടു. അങ്ങനെ ആർച്ച്ബിഷപ്പ് അല്ലെങ്കിൽ ആർക്കെഎപ്പിസ്കോപ്പൂസ് എന്ന സമസ്തപദത്തിന് പ്രധാനപ്പെട്ട ബിഷപ്പ് എന്നർത്ഥമാണ്. എപ്പിസ്കോപ്പോസ് എന്ന ഗ്രീക്കുപദത്തിൻെറ വാച്യാർത്ഥം മേൽനോട്ടക്കാരൻ എന്നാണ് (എപ്പി=മേൽ, സ്കോപേയിൻ = വീക്ഷിക്കുക). ആർക്കെ എപ്പിസ് കോപ്പോസ് എന്ന വാക്കിന് പ്രധാനപ്പെട്ട മേൽനോട്ടക്കാരൻ എന്നർത്ഥം. ബിഷപ്പ്, ആർച്ചുബിഷപ്പ് എന്നീ വാക്കുകൾ ഇംഗ്ലീഷിൽനിന്ന് മലയാളത്തിൽ പ്രചരിക്കുകയും സ്ഥിരപ്രതിഷ്ഠ നേടുകയും ചെയ്തിട്ടുണ്ട്.

**ആലാഹാ** ഈശ്വരൻ എന്ന അർത്ഥത്തിൽ ക്രിസ്ത്യാനികൾ ആദ്യം ഉപയോഗിച്ചിരുന്നത് ആലാഹാ, ഏൽ എന്നീ സെമിറ്റിക് പദങ്ങളും പിന്നീട് തമ്പുരാൻ എന്ന ദ്രാവിഡ പദവുമായിരുന്നു. സുറിയാനിയിലുള്ള കുർബാനക്രമവും പ്രാർത്ഥനകളും മലയാളത്തിലാക്കിയപ്പോൾ ദൈവമെന്ന വാക്ക് ഉപയോഗിച്ചു. ആ വാക്കാകട്ടെ യൂറോപ്യൻ മിഷണറിമാരുടെ വരവിനുശേഷം പ്രയോഗിച്ചു തുടങ്ങിയതാണ്. അവർ എഴുതിയ ആദ്യകാല വേദപാഠപുസ്തകങ്ങളിൽ തമ്പുരാൻ എന്നാണ് പ്രയോഗം. പില്ക്കാലത്തെ ഗ്രന്ഥങ്ങളിൽ ദൈവമെന്ന് പ്രയോഗിച്ചുപോന്നു.

സുറിയാനി ക്രിസ്ത്യാനികളുടെ (ക്നാനായാക്കാരുടെ) പഴയപാട്ടുകളിൽ ആലാഹാ എന്ന വാക്ക് ധാരാളമായി ഉപയോഗിച്ചിട്ടുണ്ട്.

www.malankaralibrary.com

"ആലാഹാ നായൻ തുണയാലെ ചൊല്ലുന്നു".... (വാഴുവട്ടക്കളി),

"ആദിയിലാദം പിഴച്ചതു തീർപ്പാൻ ആലാഹാപുത്തിരൻ താൻ പിറന്നു" (മാർ അബ്രാഹം മെത്രാൻെറപാട്ട്), "ആലാഹാനായനുമൻപൻമിശിഹായും" (ഒരു ഉപദേശം, വട്ടക്കളി), "ആലാഹാ തൃക്കയ്യാലെ ആദം മനയപ്പെട്ടു" (ആദത്തിൻെറ വട്ടക്കളി) എന്നിങ്ങനെ ആലാഹയെന്ന പദം ആ പാട്ടുകളിൽ ധാരാളമായി കാണാം.

ഏൽ എന്ന പദം 'ഏൽപയ്യാ' (ദൈവം പ്രകാശമാകുന്നു) എന്ന ഉദ്ഘോഷണത്തിൽ നിലനിന്നിരുന്നു. ദനഹാപ്പെരുന്നാളിന് (രാക്കുളിപ്പെരുന്നാൾ, പിണ്ടികുത്തിപ്പെരുന്നാൾ, എപ്പിഫനി) വാഴപ്പിണ്ടിയിൽ ചെറുപന്തങ്ങൾ കൊളുത്തി ചുറ്റും നടന്ന് "ഏൽപയ്യാ" എന്നു വിളിച്ചുപറയുക ക്രിസ്ത്യാനികളുടെ പതിവായിരുന്നു. വിളക്കു കത്തിച്ചുവച്ചും അപ്രകാരം ഉദ്ഘോഷിച്ചിരുന്നു. വിദേശ മിഷണറിമാരുടെ വരവിനു ശേഷമാണ് ഈ പതിവു നിലച്ചത്.

കൽദായാ സുറിയാനിയിലെ ആലാഹാ എന്ന പദം, ഹീബ്രുവിൽ കാണുന്ന ഏൽ, എലോഹിം, അറബിയിലെ അല്ലാഹ്, ഇലാഹ് (ലാഹ്) മുതലായവയെല്ലാം സെമിറ്റിക് ഭാഷകൾക്ക് പൊതുവായിട്ടുള്ള ഏൽ എന്ന ധാതുവിൽ നിന്നുണ്ടായി. ഇലാഹ്, എലോആ എന്നൊക്കെ അതിന് രൂപഭേദങ്ങളുണ്ട് (Cf. James Hastings, Encyclopaedia of Religion and Ethics, Vol VI, p 248, 253).

യഹൂദരിലെ ഖുമറാൻ സമൂഹം റബ് (= വലിയവൻ) എന്ന വാക്കുകൊണ്ട് ദൈവത്തെ പരാമർശിച്ചിരുന്നു.

ഏൽ എന്ന പദം പ്രാചീന തമിഴിൽ പ്രയോഗിച്ചിരുന്നതായി പറയപ്പെടുന്നു. യേശു സംസാരിച്ചിരുന്ന അറമായാ ഭാഷയിലും ഏൽ എന്നാണ് ദൈവത്തെ വിളിച്ചിരുന്നത് (മർക്കോ. 15:34). ഹീബ്രുവിൽ ഏൽ എന്ന രൂപംതന്നെ നിലനിൽക്കുന്നു.

മലയാളികൾ ദൈവം എന്ന പദം 17-ാം നൂറ്റാണ്ടിനുശേഷമാണ് ഉപയോഗിച്ചുതുടങ്ങിയതെന്ന് ആദ്യകാല വേദപാഠ പുസ്തകങ്ങൾ വ്യക്തമാക്കുന്നു. 1599-ലെ ഉദയംപേരൂർ സൂനഹദോസ് കാനോനകളിൽ തമ്പുരാൻ എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. (ദൈവം എന്ന വാക്കു നോക്കുക).

**ആൾബ (ആൾവ)** തിരുക്കർമ്മ സമയത്ത് വൈദികൻ ഉപയോഗിക്കുന്നതും കാൽപ്പാദത്തോളം ഇറക്കമുള്ളതുമായ ഒരു വെള്ളക്കുപ്പായമാണ് ആൾബ. ആൽബ എന്ന ലത്തീൻ വാക്കിന് വെളുത്തത് എന്നേ അർത്ഥമുള്ളൂ (ആൽബും എന്നതിൻെറ സ്ത്രീലിംഗരൂപം ആൽബ എന്നും പുല്ലിംഗരൂപം ആൽബുസ് എന്നുമാണ്). തൂണിക്ക ആൾബ (tunica alba) എന്നതിന് വെളുത്ത ഉൾവസ്ത്രമെന്നർത്ഥം. ക്രമേണ ഉൾവസ്ത്രമെന്നർത്ഥമുള്ള തൂണിക്ക എന്ന വാക്ക് വിട്ടുകളഞ്ഞു. യൗസേപ്പ് ഗീവറുഗീസ് എഴുതിയ പ്രസിദ്ധാരാധന (എൽത്തുരുത്ത്, 1897) എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ കാണുന്നു: "പ്രധാന തിരുനാളുകളിൽ തിരുക്കർമ്മങ്ങൾക്ക് അതിമഹത്വവും പ്രാബല്യവും ഉണ്ടാക്കുന്നതിനായിട്ട് കസവുനൂലുകൊണ്ട് വിചിത്രപ്പണികൾ ചെയ്തുണ്ടാക്കുന്ന ആൾബാ ഈ കാലങ്ങളിലും ഉപയോഗിക്കുന്നുണ്ട്" (പുറം 132).

## ഇ

**ഇടത്തൂട്ടുകാർ** ക്രൈസ്തവ സാഹിത്യത്തിൽ സാധാരണമായി പ്രയോഗിക്കുന്ന പദങ്ങളാണ് ഇടത്തൂട്, ഇടത്തൂ

www.malankaralibrary.com

ട്ടുകാർ എന്നിവ. പാഷണ്ഡത അഥവാ അബദ്ധാഭിപ്രായം എന്നാണ് ഇടത്തൂടിന്റെ അർത്ഥം. അംഗീകൃത സിദ്ധാന്തത്തിനു വിരുദ്ധമായ സിദ്ധാന്തമാണത്. ഹെരസി എന്ന് ഇംഗ്ലീഷിൽ പറയുന്നതു തന്നെ. ഹെരാത്തിക്കാ എന്ന് സുറിയാനിയിൽ പറയുന്നു.

വലത്തുവശം ശ്രേഷ്ഠമാണെന്നും ഇടത്തുവശം മോശമാണെന്നുമുള്ള സങ്കല്പത്തിൽനിന്നാണ് ഇടത്തൂട് എന്ന പ്രയോഗമുണ്ടായത്. പരമ്പരാഗത സിദ്ധാന്തത്തെ എതിർക്കുന്നതും അതിനു വിപരീതമായി പഠിപ്പിക്കുന്നതും മോശമാണല്ലോ.

ഇടത്തേവഴിയെന്നോ ഇടത്തേ ആശയമെന്നോ ഇടത്തേ ജ്ഞാനമെന്നോ ഇടത്തുടിന് അർത്ഥം പറയാം. ഊടറിഞ്ഞേ ഏടു വായിക്കാവു (ഊടറിഞ്ഞേ ഓല വായിക്കാവൂ) എന്ന ചൊല്ലിൽ ഊടെന്ന വാക്കിന് വിഷയം എന്നർത്ഥമാണ് (ദുർഗ്രഹവും അവ്യക്തവുമായ വട്ടെഴുത്ത്-കോലെഴുത്ത് രായസ ലിപികളിൽ എഴുതിയിട്ടുള്ള ഏടുകൾ വിഷയം അറിയുന്നവനേ വായിക്കാൻ കഴിഞ്ഞിരുന്നുള്ളൂ).

**ഇടവക (എടവക)** പാരീഷ് എന്ന ഇംഗ്ലീഷ് പദത്തിനും പരോയ്ക്കിയാ എന്ന ഗ്രീക്ക് പദത്തിനും പരോക്കിയ എന്ന ലത്തീൻ പദത്തിനും പകരമായി മലയാളികൾ ഉപയോഗിക്കുന്ന പദമാണല്ലോ ഇടവക എന്നത്. സഭാഭരണ സംബന്ധമായ ഒരു ഡിസ്ട്രിക്റ്റ് എന്നാണ് അതിനർത്ഥം. മലയാളത്തിൽ ഒരു ഇടപ്രഭുവിന്റെ അധികാരത്തിൻ കീഴിലുള്ള പ്രദേശം എന്ന അർത്ഥത്തിൽ രാജഭരണകാലത്ത് ഉപയോഗിച്ചിരുന്ന പദമാണ് എടവക അഥവാ ഇടവക. എടം അഥവാ ഇടം എന്നതിന് സ്ഥലം, വീട്, നാടുവാഴിയുടെ വീട് എന്നിങ്ങനെയാണർത്ഥം. നാടുവാഴിയുടെ ഭരണസീമയിൽപ്പെട്ട പ്രദേശമാണ് ഇടവക (ഇടം വക സ്ഥലം എന്നർത്ഥം). ഭരണാധികാരം എന്നൊരർത്ഥവും അതിനുണ്ട്. ഈ വാക്ക് ക്രിസ്ത്യാനികൾ തങ്ങളുടെ മതഭാഷയിൽ സ്വീകരിച്ചു.

കേരളത്തെ മുഴുവനും ഒരു ഇടവകയായിട്ടാണ് 1599-ലെ ഉദയംപേരൂർ സൂനഹദോസിന്റെ കാനോനയിലും 1606-ൽ കൊടുങ്ങല്ലൂർവച്ച് റോസ് മെത്രാൻ എഴുതിയ നിയമാവലിയിലും പരാമർശിക്കുന്നത്. ഒരു പ്രാദേശികസഭ എന്നാണ് അവിടെ അതിനർത്ഥം. മലങ്കര ഇടവക എന്നാണ് അവയിൽ പറയുന്നത് (കേരളത്തിന്റെ പേരാണ് മലങ്കര). പിന്നീട്, രൂപത, അതിരൂപത എന്നൊക്കെ ഈ വാക്കിന് അർത്ഥമുണ്ടായി. ഒരു പള്ളിയുടെ വികാരിയുടെ അധികാര സീമയിലുള്ള പ്രദേശം എന്ന അർത്ഥം അടുത്തകാലത്താണ് ഉണ്ടായത്. അങ്ങനെ അർത്ഥസങ്കോചത്തിനു വിധേയമായ വാക്കാണത്. സൂനഹദോസ് കാനോനകളുടെ ആമുഖത്തിൽ പറയുന്നു: "മലംകര പണ്ടുപണ്ടെ ഒള്ള മാർത്തൊമ്മാ നസ്രാണികളുടെ എടവകയിലെ പട്ടക്കാരരെയും എണങ്ങരെയും യോഗംകൂട്ടി കല്പിച്ച സൂനഹദൊസ ഇത". റോസ് മെത്രാന്റെ നിയമാവലിയുടെ ശീർഷകം ഇങ്ങനെയാണ്: "നമ്മുടെ മലംകരെ മാർതൊമ്മാ ശ്ലീഹാടെ എടവകടെ കല്പനകൾ ഇത".

**ഇണ്ടറിയപ്പം (ഇൻറിയപ്പം)** പെസഹാദിവസം കേരള ക്രൈസ്തവർ പെസഹാഭക്ഷണം കഴിക്കുന്നുണ്ട്. ഇണ്ടറിയപ്പവും പെസഹാപ്പാലും (തേങ്ങാപ്പാല്) ആണ് അതിന് ഉപയോഗിക്കുന്നത്. ചുരുക്കം ചില സ്ഥലങ്ങളിൽ കല്ത്തപ്പ

www.malankaralibrary.com

വും ഉപയോഗിക്കും. അരിയും ഉഴുന്നും ചേർത്ത് വട്ടയപ്പം പുഴുങ്ങുന്നതുപോലെ പുഴുങ്ങിയെടുക്കുന്ന അപ്പമാണ് ഇണ്ടറിയപ്പം. ഓശാന ഞായറാഴ്ച പള്ളിയിൽ വിതരണം ചെയ്തു കിട്ടുന്ന വെഞ്ചെരിച്ച കുരുത്തോലകൊണ്ട് കുരിശുണ്ടാക്കി പതിച്ചുവച്ചാണ് അപ്പമുണ്ടാക്കുന്നത്.

ഇണ്ടറിയപ്പം എന്ന പേരുണ്ടായത് പണ്ട് INRI എന്ന നാലക്ഷരങ്ങളുടെ ആകൃതിയിൽ കുരുത്തോലക്കഷണങ്ങൾ വച്ച് അപ്പം നിർമ്മിച്ചിരുന്നതുകൊണ്ടാണെന്നതിൽ സംശയമില്ല. "നസ്രാണി സ്ത്രീകളുടെ വേഷവിധാനവും അവർ കാലിൽ ധരിക്കുന്ന തളയും പെസഹായ്ക്കുള്ള 'ഇൻഡറി'യും (INRI) യഹുദരുടേതാണ്" എന്നു ഗവേഷകനായ ഡോ. തോമസ് നങ്ങച്ചിവീട്ടിൽ "ഏഷ്യയിലെ മാർത്തോമ്മാസഭകൾ" (തിരുവനന്തപുരം, 1985, ഭാഗം 2, പുറം 206-207) എന്ന ഗ്രന്ഥത്തിൽ പറയുന്നു. പെസഹാചരണം യഹൂദരുടേതാണ്. ആദിമകാലംമുതൽ കേരള ക്രൈസ്തവർ അതു നടത്തിവരുന്നു.

ഐ.എൻ.ആർ.ഐ. (INRI) എന്ന നാലക്ഷരങ്ങൾ ക്രിസ്തുവിൻെറ കുരിശിൻമുകളിൽ പതിപ്പിച്ച വിധിവാചകത്തിൻെറ ചുരുക്കെഴുത്താണ്. അറമായ (സുറിയാനി), ഗ്രീക്ക്, ലത്തീൻ എന്നീ മൂന്നു ഭാഷകളിൽ ആ വിധിവാചകം എഴുതിയിരുന്നു. (സുവിശേഷത്തിൽ എബ്രായാഭാഷയിൽ എന്നു പറയുന്നത് യഹൂദരുടെ മാതൃഭാഷയായിത്തീർന്ന അറമായ അഥവാ സുറിയാനി ഭാഷയെയാണ്). യൂദന്മാരുടെ രാജാവായ നസ്രായാക്കാരൻ ഈശോ എന്നർത്ഥം വരുന്ന വാചകമാണ് എഴുതിയിരുന്നത്. അതിൻെറ ലത്തീൻ വാചകത്തിലെ വാക്കുകളുടെ ആദ്യാക്ഷരങ്ങളാണ് ഐ.എൻ. ആർ.ഐ. Iesus Nazarenus Rex Iudeorum എന്നാണ് ലത്തീനിൽ ആ വാചകം (Iesus = ഈശോ, Nazarenus = നസ്രായാക്കാരൻ, Rex = രാജാവ്, Iudeorum = യഹൂദരുടെ).

ലത്തീൻ വാചകം ഇവിടെ പ്രചരിക്കാൻ സർവ സാധ്യതയുമുണ്ട്. ബി.സി. 3-ാം നൂറ്റാണ്ടു മുതൽ ഏ.ഡി. 6-ാം നൂറ്റാണ്ടുവരെ ധാരാളം റോമാക്കാർ ഇവിടെയുണ്ടായിരുന്നു. അവരുടെ കോളനികളും ക്ഷേത്രങ്ങളും വ്യാപാരശാലകളും കേരളത്തിലും തമിഴ്നാട്ടിലുമുണ്ടായിരുന്നല്ലോ. പടിഞ്ഞാറൻ റോമൻ സാമ്രാജ്യത്തിൻെറ അസ്തമനത്തിനുശേഷവും (ഏ.ഡി. 475) ലത്തീൻ ഭാഷ ഉപയോഗിക്കുന്നവർ ഈ നാട്ടിലുണ്ടായിരുന്നു. ബി.സി. മൂന്നാം നൂറ്റാണ്ടു മുതൽ ഏ.ഡി. 8-ാം നൂറ്റാണ്ടു വരെ യൂറോപ്യന്മാരായിരുന്നു കുരുമുളക്, ചുക്ക്, കറുവാപ്പട്ട, മുതലായ സുഗന്ധദ്രവ്യങ്ങളുടെ പ്രധാന അന്താരാഷ്ട്ര വ്യാപാരികൾ. അവർ വഴി അനേകം ലത്തീൻ പദങ്ങൾ ഇവിടെ പ്രചരിച്ചിട്ടുണ്ട്. കൂടാതെ, പലസ്തീനയിലെ ഭരണഭാഷ ലത്തീനായിരുന്നതിനാൽ ലത്തീനിലുള്ള വിധിവാചകത്തിനു പ്രാധാന്യവും പ്രചാരവും കിട്ടുക സ്വാഭാവികമാണ്.

ക്രിസ്തുവിൻെറ കുരിശിൽ പതിച്ച വിധിവാചകത്തിന് കേരളീയക്രൈസ്തവർ അങ്ങേയറ്റം പ്രാധാന്യം നല്കിയിരുന്നുവെന്നത് വ്യക്തമാണ്. "യൂദന്മാരുടെ രാജാവായ നസ്രായക്കാരൻ ഈശോയെ" എന്നു പറഞ്ഞ് നെറ്റിയിൽ കുരിശു വരച്ച് പ്രാർത്ഥിച്ചു കിടന്നുറങ്ങുകയെന്ന പതിവ് അടുത്തകാലം വരെ ക്രിസ്ത്യാനികൾ കർശനമായി പാലിച്ചിരുന്നു. ഇന്നും അങ്ങനെ ചെയ്യുന്നവരുണ്ട്. കേരളത്തിലും തമിഴ്നാട്ടിലുമുള്ള

www.malankaralibrary.com

സകല കുരിശുകളും വിധിവാചകമുള്ള വയായിരുന്നു. വിധിവാചകം ലത്തീനിൽ ചുരുക്കി എഴുതിയ പലകകൂടി കുരിശി നുമുകളിലുണ്ടാകും. അങ്ങനെ കുരിശി നു കുറുകേ രണ്ടു ദണ്ഡുകൾ കാണാം. മാർത്തോമ്മാ കുരിശുകൾ എന്നും മലങ്കര കുരിശുകളെന്നുമാണ് അവയെ വിളിക്കുന്നത്. ഇപ്പോഴും അത്തരം പഴയ കുരിശുകൾ കാണാനുണ്ട് (ഉദാ. വെണ്ടു രുത്തിപ്പള്ളിയുടെ മുമ്പിലുള്ള മരക്കു രിശ്). കേരളത്തിൽ പേർഷ്യൻ (പല്ലവി) കുരിശുകളുമുണ്ടായിരുന്നു. അവ കൽ പ്പാളികളിൽ കൊത്തിയവയും പല്ലവി ലിഖിതമുള്ളവയുമാണ്. ആ ലിഖിതത്തി ൻെറ അർത്ഥം പുർണമായി ഗ്രഹിക്കാൻ കഴിഞ്ഞിട്ടില്ല. പോർത്തുഗീസ് മിഷണറി മാർ വന്നപ്പോൾ (1500) അവർ തൂങ്ങ പ്പെട്ട രുപങ്ങൾ (Crucifix) കൊണ്ടുവരു കയും മലങ്കരക്കുരിശുകളും പല്ലവിക്കു രിശുക ളും പരിത്യജിക്കുകയും ചെയ്തു. അവരുടെ വരവിനുമുമ്പ് ഏഷ്യയിലെ ക്രിസ്ത്യാനികൾ രൂപങ്ങളോ തൂങ്ങപ്പെട്ട രൂപമോ ഉപയോഗിച്ചിരുന്നില്ല.

കൂനൻകുരിശ് സത്യത്തിനുശേഷം പോർത്തുഗീസ് ഭരണാധികാരികളെ അം ഗീകരിക്കാതിരിക്കുകയും അന്ത്യോക്യ യുമായി ബന്ധപ്പെട്ട് യാക്കോബായാ സമ്പ്രദായം സ്വീകരിക്കുകയും ചെയ്ത ക്രൈസ്തവ വിഭാഗം ഇന്നും മലങ്കരക്കു രിശുകളാണ് (തൂങ്ങപ്പെട്ട രൂപങ്ങളല്ല) ഉപയോഗിക്കുന്നത്. ചില പല്ലവിക്കുരി ശുകൾ അവർ സംരക്ഷിക്കുകയും ചെ യ്തു (ഉദാ: കോട്ടയം, കടമറ്റം എന്നിവി ടങ്ങളിലുള്ള കുരിശുകൾ).

കുരിശിലെ വിധി വാചകത്തോടു ള്ള അടുപ്പം, ഐ.എൻ.ആർ.ഐ എന്ന അക്ഷരങ്ങൾ പതിപ്പിച്ച് പെസഹാ അപ്പം പുഴുങ്ങിയെടുത്തുവെന്ന പാരമ്പര്യ ത്തിനു പിൻബലം നൽകുന്നു. പെസഹാ അപ്പം കുർബാനയപ്പം പോലെയാണ്. യേശുവിൻെറ തിരുശരീരമെന്നപോലെ യാണ് കരുതപ്പെടുന്നത്. ഐ.എൻ. ആർ.ഐ എന്ന അക്ഷരങ്ങൾ കൂട്ടിവായി ക്കുമ്പോൾ ഇൻറി എന്ന് വായിക്കാം. അത് ഇണ്ടറിയെന്നായിത്തീർന്നു.

ഇൻറിയെന്ന വാക്കിനോട് സാമ്യ മുള്ള ഇണ്ഢറീ എന്ന ഒരു വാക്ക് സം സ്കൃതത്തിലുണ്ട്. അതിന് ഇണ്ഢലീ എന്ന മറ്റൊരു രൂപവുമുണ്ട്. ഒരുതരം കേക്ക് എന്നാണ് മോണിയർ വില്യംസി ൻെറ നിഘണ്ടുവിൽ അതിൻെറ അർത്ഥം കൊടുത്തിട്ടുള്ളത്. തമിഴിലെ ഇട്ടലി (മലയാളികൾ പറയുന്ന ഇഡ്ഡലി) യെന്ന വാക്ക് ഇതിൽനിന്നുണ്ടായതാണ്. ഇട്ടലിയും ആവിയിൽ വേവിച്ചെടുക്കുന്ന അപ്പമാണല്ലോ. പഴയ തമിഴ് നിഘണ്ടു വിലോ പഴയ മലയാള നിഘണ്ടുക്കളി ലോ ഇണ്ഢരീ എന്ന വാക്ക് കൊടുത്തി ട്ടില്ല. ഇട്ടലി എന്ന വാക്ക് ഗുണ്ടർട്ട് ചേർത്തിട്ടുണ്ട്. ഇൻറിയപ്പം എന്ന പദം കേരളക്രിസ്ത്യാനികൾ പരമ്പരാഗതമാ യി ഉപയോഗിക്കുന്ന പദമാണ്. തമിഴി ലെ ഇട്ടലി (ഇഡ്ഡലി) എന്ന വാക്ക് പെസഹാ അപ്പത്തിന് ഒരിക്കലും ഉപ യോഗിച്ചിട്ടില്ല, ഉപയോഗിക്കുന്നുമില്ല. വി ദ്യാഭ്യാസമില്ലാത്തവരും ഇണ്ടറിയപ്പമെ ന്നാണ് പറയുന്നത്. അപ്പോൾ ഇട്ടലി യും ക്രിസ്ത്യാനികളുടെ പെസഹാ അപ്പ മായ ഇൻറിയും തികച്ചും വ്യത്യസ്ത ങ്ങളാണ്. സംസ്കൃതത്തിലെ ഇണ്ഢലി എന്ന പേര് തമിഴിലും മലയാളത്തിലും തെലുങ്കിലുമെല്ലാം ഇട്ടലിയും ഇഡ്ഡലി യുമായി. പക്ഷേ, ആ വാക്ക് ക്രിസ്ത്യാ നികൾ എന്തുകൊണ്ട് പെസഹാ അപ്പ ത്തിനു പറയുന്നില്ല? ഇട്ടലിപോലെ പു ഴുങ്ങിയ അപ്പമാണല്ലോ പെസഹാ അപ്പ

www.malankaralibrary.com

വും. കേരളത്തിൽ ക്രിസ്ത്യാനികളല്ലാതെ മറ്റാരും ഇൻറിയപ്പമെന്നോ ഇൻഡരിയെന്നോ ഒരപ്പത്തിനും പേരുപറയുന്നില്ല. ക്രിസ്ത്യാനികൾ മാത്രം ഇണ്ഡരിയെന്ന സംസ്കൃതപ്പേര് പരമ്പരാഗതമായി പ്രയോഗിച്ചുവെന്നും കേരളത്തിലെ ബ്രാഹ്മണരും നായന്മാരും മറ്റുള്ളവരും അത് ഉപയോഗിക്കാതെ അതിൻെറ തമിഴ്രൂപം (ഇട്ടലി) ഉപയോഗിച്ചുവെന്നും വിശ്വസിക്കാൻ പ്രയാസം. ക്രിസ്ത്യാനികൾ ഇൻറിയപ്പത്തെ ഇൻറിയപ്പം (ഇണ്ടറിയപ്പം) എന്നും ഇട്ടലിയെ ഇഡ്ഡലിയെന്നും വിളിച്ചു. രണ്ടും ആവിയിൽ പുഴുങ്ങിയെടുക്കുന്ന അപ്പമാണെങ്കിലും വ്യത്യസ്തങ്ങളാണ്. ഇൻറിയപ്പം തികച്ചും മതപരവും ദിവ്യവുമാണ്. ഇഡ്ഡലി (ഇട്ടലി)യാകട്ടെ സാധാരണ ഭക്ഷണ സാധനമാണ്.

ഇണ്ടറി മുതലായ ഭക്ഷണസാധനങ്ങൾ കേരളത്തിൽ കുടിയേറിയവരിൽ നിന്ന് നടപ്പായതാണെന്ന് ഗവേഷകനായ കുറുപ്പുംവീട്ടിൽ ഗോപാലപിള്ള കേരളമഹാചരിത്രത്തിൽ (ഭാഗം 1, പുറം 200) പറയുന്നു. യഹൂദക്രൈസ്തവരിൽ നിന്നാണ് ഇൻറിയപ്പം (ഇണ്ടറിയപ്പം) കേരളത്തിൽ പ്രചരിച്ചത്. മാടമ്പിപ്പലഹാരം എന്നുകൂടി അറിയപ്പെടുന്ന കൊഴുക്കട്ടയായിരുന്നു കേരളത്തിലെ ആദ്യകാല പലഹാരമെന്നും ആ ഗവേഷകൻ പറയുന്നു (പുറം 199).

**ഇന്തെർദിക്ത** ഇന്തെർദിക്തും എന്ന ലത്തീൻപദമാണ് മലയാളത്തിൽ ഇന്തെർദിക്ത എന്ന രൂപം പ്രാപിച്ചത്. നിരോധനം, വിലക്ക് എന്നിങ്ങനെയാണ് ആ പദത്തിൻെറ അർത്ഥം. നിരോധിക്കുക (തടയുക) എന്നർത്ഥമുള്ള ഇന്തെർദീച്ചെരെ എന്ന ക്രിയയിൽ നിന്നാണ് ഇന്തെർദിക്തും എന്ന പദമുണ്ടായത്. ഇടയ്ക്ക് (ഇന്തെർ) പറയുക (ദീച്ചെരെ) എന്നാണ് ആ ക്രിയയുടെ നിഷ്കൃഷ്ടാർത്ഥം. തടസ്സംപറയുക എന്നും നിരോധിക്കുക എന്നും അതിന് അർത്ഥം കല്പിക്കപ്പെട്ടു. വിലക്കുകല്പിക്കുന്ന രേഖയ്ക്കും ഇന്തെർദിക്ത എന്നുപറയും. ധർമ്മശാസ്ത്രഗ്രന്ഥങ്ങളിൽ ഈ പദം പ്രയോഗിച്ചിട്ടുണ്ട്. പള്ളിക്കുറ്റം എന്നൊരു ശൈലി ഇതിനുതുല്യമായി മലയാളത്തിൽ പ്രയോഗിക്കാറുണ്ട്. (സന്മാർഗ്ഗശാസ്ത്രസംക്ഷേപം, 2-ാം പുസ്തകം, വരാപ്പുഴ, 1887, പുറം 367, 373). "മഹറൊൻ ചൊല്ലുവാൻ പാടുള്ള മെല്പട്ടക്കാരെല്ലാവർക്കും ഇൻതെർദിക്താ കല്പിക്കയുമാം" എന്ന് മൊരാൾ തെഒളൊഗിയ (മാന്നാനം, 1871, പുറം 698) എന്ന ഗ്രന്ഥത്തിൽ പറയുന്നു. ഇന്തെർദിക്തും എന്ന ലത്തീൻപദം ഇംഗ്ലീഷിൽ ഇൻെറർഡിക്റ്റ് എന്ന രൂപം പ്രാപിച്ചിരിക്കുന്നു.

**ഇർമാം ഇരിക്കുക** "ഇർമാം ഇരിക്കുക" എന്നൊരു ശൈലി കൊംപ്രേരിയാ (കൺഫ്രറ്റേർണിറ്റി) സംബന്ധമായിട്ടുണ്ട്. സംഘാംഗങ്ങൾ ഒന്നിച്ചിരിക്കുക എന്നാണ് അതുകൊണ്ട് വിവക്ഷിക്കുന്നത്. ഇർമാം ഒരു പോർത്തുഗീസ് പദമാണ്. ഇർമാഓ (irmao) എന്നാണ് അത് എഴുതുന്നത്. സഹോദരൻ എന്നാണർത്ഥം. സഹോദരി എന്നതിന് ഇർമാ (irma) എന്നുപറയും. അങ്ങനെ സഹോദരരോട് ഒന്നിച്ച് ഇരിക്കലാണ് ഇർമാം ഇരിക്കൽ. സംഘാംഗങ്ങളെല്ലാം സഹോദരന്മാരായിട്ടാണല്ലോ കരുതപ്പെടുക. കൊംപ്രേരിയയ്ക്ക് പോർത്തുഗീസിൽ ഇർമന്ദാദെ എന്നും സ്പാനിഷിൽ ഹെർമൻദാദ് എന്നും ലത്തീനിൽ ജർമാനിത്താസ് എന്നുംപറയും.

ഇർമാം എന്ന പോർത്തുഗീസ് പദം ലത്തീനിലെ ജർമാനുസ് (germanus)

www.malankaralibrary.com

എന്ന വാക്കിൽ നിന്നുവരുന്നു. ഒരിടത്തു നിന്നുതന്നെ ഉദ്ഭവിച്ചവൻ എന്നാണ് അതിൻെറ അർത്ഥം. സഹോദരനെ ജർമാനൂസ് എന്നും സഹോദരിയെ ജർമാനാ എന്നും ലത്തീനിൽ വിളിക്കും. ഉത്പാദിപ്പിക്കപ്പെട്ടത്, മുള, ഫലം, ഭ്രൂണം, ഉത്പത്തി, ശിശു, സന്തതി, വേര്, വംശം, എന്നൊക്കെ അർത്ഥം വരുന്ന ജെർമൻ എന്നൊരു നാമവും ലത്തീനിലുണ്ട്. വഹിക്കുക, ഉത്പാദിപ്പിക്കുക എന്നൊക്കെ അർത്ഥമുള്ള ജെർ എന്ന ധാതുവിൽനിന്നായിരിക്കണം അതിൻെറ നിഷ്പത്തി. സംസ്കൃതത്തിലെ ജന്, ഗ്രീക്കിലെ ഗെൻ, ഐറിഷിലെ ജെന്, ലത്തീനിലെ തന്നെ ഗ്നാ (ഗ്നാസ്കോർ) എന്നീ ധാതുക്കളുമായി ഇർമാം ബന്ധപ്പെട്ടിരിക്കുന്നു.

**ഇല്ലപ്പണം** കേരളത്തിലെ ക്നാനായാ സുറിയാനി ക്രിസ്ത്യാനികളുടെയിടയിൽ പ്രയോഗത്തിലുള്ള ഒരു സമസ്ത പദമാണ് ഇല്ലപ്പണം. വിവാഹാവസരത്തിൽ മണവാളൻെറ വീട്ടുകാർ മണവാട്ടിയുടെ വീട്ടുകാർക്ക് നല്കുന്ന ഒരു ചെറിയ തുകയ്ക്ക് പറയുന്ന പേരാണത്. ആ തുക മണവാട്ടിക്ക് നല്കും. ദാനം ചെയ്യാനും ദേവാലയത്തിൽ നേർച്ചയിടാനും ആണ് അത് ഉപയോഗിക്കുക. യഹൂദരുടെയിടയിൽ വരൻ വിവാഹാവസരത്തിൽ വധുവിൻെറ പിതാവിന് നല്കുന്ന തുകയ്ക്ക് മോഹർ (Bride Price) എന്നുപറയും. ആ വാക്കിൻെറ വിവർത്തനമാണ് ഇല്ലപ്പണം. തായ്‌വഴിക്ക് ഇല്ലം എന്നാണ് പ്രയോഗിച്ചിരിക്കുന്നത്. ബ്രാഹ്മണരുടെ വീടുകൾക്ക് ഉപയോഗിക്കുന്ന വാക്കുതന്നെ ക്രിസ്ത്യാനികളും ഉപയോഗിച്ചു എന്നത് ശ്രദ്ധേയമാണ്. അറുപത്തിനാല് ഇല്ലക്കാർ (അറുപത്തിനാലിൽക്കാർ) എന്നു ക്രൈസ്തവർ വിളിക്കപ്പെട്ടിരുന്നു.

ഒരേ തായ്‌വഴിയിലുള്ളവർ തമ്മിൽ വിവാഹം ചെയ്യുകയില്ല. വിവാഹം വഴി ഒരു തായ്‌വഴിയിലുള്ള പെൺകുട്ടിയെ മറ്റൊരു തായ്‌വഴിക്ക് നല്കുകയാണ്. ഓർസ്ലേം, നിനവ, ഉറഹ (എദേസ) മുതലായ സ്ഥലങ്ങളിൽനിന്ന് ഏഴ് തായ്‌വഴികളിലുള്ള നാനൂറ് പേരാണ് ഏ.ഡി. 345-ൽ കേരളത്തിൽ കുടിയേറിയത്. യഹൂദ പാരമ്പര്യത്തിൽപ്പെട്ടതാണ് മോഹർ നല്കൽ. ആ പാരമ്പര്യം അവർ സൂക്ഷിച്ചുവരുന്നു.

**ഇസ്ക്കോള (എസ്കോള)** ഇന്നത്തെ സമ്പ്രദായത്തിലുള്ള വിദ്യാലയങ്ങൾ മിഷണറിമാരാണല്ലോ കേരളത്തിൽ തുടങ്ങിയത്. വിദ്യാലയങ്ങളെ അവർ എസ്കോള എന്ന് പോർത്തുഗീസ് ഭാഷയിൽ വിളിച്ചു. ലത്തീൻ ഭാഷയിലെ സ്കോള (schola) എന്ന പദമാണ് പോർത്തുഗീസിൽ എസ്കോള (escola) എന്നും ഇംഗ്ലീഷിൽ സ്കൂൾ എന്നും രൂപം മാറിയത്. കേരളീയർ എസ്കോള എന്നതിന് ഇസ്കോള എന്നു പറയും. ഇസ്കോളയ്ക്കൽ എന്ന വീട്ടുപേരുമുണ്ടായിട്ടുണ്ട്. പോർത്തുഗീസ്, സ്പാനിഷ് എന്നീ ഭാഷകളിൽ പദാരംഭത്തിലെ സകാരത്തിൻെറ ഉച്ചാരണം എളുപ്പമാക്കാൻ വേണ്ടി എ കൂട്ടിച്ചേർക്കുന്നു (സംസ്കൃതത്തിലെ രവി എന്നത് തമിഴിൽ ഇരവി എന്നുപറയുംപോലെ). അങ്ങനെയാണ് പോർത്തുഗീസിൽ എസ്കോള എന്നും സ്പാനിഷിൽ എസ്ക്കുഏല (escuela) എന്നും രൂപം മാറിയത്. ഇറ്റാലിയനിൽ സ്ക്കൂള (Scuola) എന്നും ജർമ്മനിൽ സ്കൂൾ (Schule) എന്നുംപറയുന്നു.

ലത്തീൻ ഭാഷയിലെ സ്കോള എന്ന പദം സ്കോളേ എന്ന ഗ്രീക്കുവാ

www.malankaralibrary.com

ക്കിൽ നിന്നുണ്ടായതാണ്. അതിൻെറ ആദിമാർത്ഥം ഒഴിവുസമയമെന്നാണ്. ഗ്രീക്കുകാർ ഒഴിവുസമയം പഠനത്തിനു വിനിയോഗിച്ചു എന്ന ചരിത്ര വസ്തുത കൂടി ഈ വാക്ക് വെളിപ്പെടുത്തുന്നു. അദ്ധ്വാനത്തിൽനിന്ന് ഒഴിവാകുന്ന കാലമാണ് പഠനകാലം. ആ വാക്ക് പില്ക്കാലത്ത് പഠനകേന്ദ്രത്തിനും പ്രയോഗിച്ചു വന്നു.

**ഇസ്മോൾ (എസ്മോൾ)** കൊം പ്രേരിയ (കൺഫ്രേറ്റേർണിറ്റി) സംബന്ധമായ രേഖകളിൽ കാണുന്ന ഒരു വാക്കാണ് ഇസ്മോൾ. ഇതിൻെറ ശരിയായ രൂപം എസ്മോള (esmola) എന്നാണ്.

ധർമ്മദാനം, ജീവകാരുണ്യപ്രവൃത്തിക്കായി നല്കുന്ന സംഖ്യ എന്നിങ്ങനെയാണ് ഈ പോർത്തുഗീസ് പദത്തിൻെറ അർത്ഥം. ഏതെങ്കിലും ഒരു സംഘടനയ്ക്ക് നല്കുന്ന വരിസംഖ്യയ്ക്കും ഈ വാക്ക് ഉപയോഗിച്ചുവരുന്നു.

# ഈ

**ഈശോ** കേരളക്രിസ്ത്യാനികൾ ക്രിസ്തുവിനെ സംബന്ധിച്ച് അടുത്ത നാൾവരെ എപ്പോഴും ഉപയോഗിച്ചിരുന്ന പദമാണ് ഈശോ. കൽദായാ സുറിയാനിപ്പദമാണത്. പാശ്ചാത്യമിഷണറിമാർ വന്ന കാലം മുതൽ (1500 മുതൽ) ഗ്രീക്ക്-ലത്തീൻ-പോർത്തുഗീസ് രീതിയിൽ യേസു, യേശു എന്നിങ്ങനെ പറയാനും എഴുതാനും തുടങ്ങി (യേശു എന്ന പദവിവരണം കാണുക).

യാഹ്‌വേ രക്ഷയാകുന്നു എന്നർത്ഥമുള്ള യെഹോഷൂആ (Yehosua) എന്ന ഹീബ്രു സമസ്തപദത്തിൻെറ സംക്ഷിപ്തരൂപമാണ് യോഷൂആ (Yosua). ആ വാക്കിൻെറ ഒരു സ്വരത്തിനു (Vowel) വ്യത്യാസം വരുത്തിയ യേഷൂആ (Yesua) എന്ന രൂപം പിൽക്കാലത്തുണ്ടായി. ഗ്രീക്ക് ഭാഷയിൽ യേസോവൂസ് (IESOUS) എന്നും ലത്തീൻ ഭാഷയിൽ യേസൂസ് (IESUS) എന്നും ഇംഗ്ലീഷിൽ ജീസസ് (JESUS) എന്നും അത് രൂപം മാറി.

ക്രിസ്തു ജനിക്കുന്നതിനു കുറേ നൂറ്റാണ്ടുകൾക്ക് മുമ്പു തന്നെ യോഷൂആ എന്ന പേര് യേഷൂആ എന്നായിത്തീർന്നു. ബാബിലോണിയൻ വിപ്രവാസത്തിനുശേഷം നാട്ടിൽ തിരിച്ചെത്തിയ ധാരാളം യഹൂദർക്ക് ഈ പേരുണ്ടായിരുന്നു. ബാബിലോണിയൻ പ്രദേശത്തെ ഭാഷകളുടെ സ്വാധീനം കൊണ്ടായിരിക്കണം ഈ മാറ്റമുണ്ടായത്. ബൈബിളിൻെറ പ്രാചീന ലത്തീൻ വിവർത്തനമായ വുൾഗാത്തയിലും അടുത്തകാലത്തുണ്ടായ കൺഫ്രേറ്റേർണിറ്റി ബൈബിളിലും ഈ പേര് മിക്കസ്ഥലത്തും ജോസ്വേ (Josue) എന്നും ചിലയിടങ്ങളിൽ ജെസ്വേ (Jesue) എന്നും ലിപ്യന്തരണം ചെയ്തു കാണുന്നു.

ഹീബ്രുവിലെ യേഷൂആ എന്ന പേര് തന്നെയാണ് കൽദായാ സുറിയാനിയിൽ ഈശോആ എന്നായത്. അവസാനത്തെ അക്ഷരമായ 'ആ' ഉച്ചരിക്കാത്തതുകൊണ്ട് ഈശോ എന്നുപറയുന്നു.

സുറിയാനിയിൽ 4 വ്യഞ്ജനങ്ങൾ ഉപയോഗിച്ചാണ് ആ പേരെഴുതുന്നത് (യോദ്, ശീൻ, വാവ്, ഏയ്). ആ വ്യഞ്ജനങ്ങൾക്കെല്ലാം സ്വരം ചേർത്താൽ യേശു ആ എന്നുച്ചരിക്കേണ്ടിവരും. ആദ്യത്തെ വ്യഞ്ജനത്തിന് ഈ എന്ന സ്വരം ചേർക്കാതെ ഏ എന്ന സ്വരം ചേർക്കുകയും മൂന്നാമത്തെ വ്യഞ്ജനത്തിന് ഒ എന്ന സ്വരം ചേർക്കാതെ ഉ എന്ന സ്വരം ചേർക്കുകയും ഇപ്പോൾ സ്വരം ചേർക്കാതെയും ഉച്ചരിക്കാതെയും വിട്ടുകളയുന്ന

www.malankaralibrary.com

നാലാമത്തെ വ്യഞ്ജനത്തിന് ആ എന്ന സ്വരം ചേർക്കുകയും ചെയ്താൽ യേശു ആ എന്നുച്ചരിക്കേണ്ടി വരുമെന്ന് സാരം. ഹീബ്രു, ഈശോയുടെ സംസാരഭാഷ യായ അറമായാ അഥവാ കൽദായാ സുറിയാനി മുതലായ ഭാഷകളുടെ അ ക്ഷരമാലകളിൽ വ്യഞ്ജനങ്ങളേ ഉള്ളു. അവയ്ക്ക് സ്വരത്തിന് പ്രത്യേക അടയാ ളങ്ങൾ ചേർത്താണ് ഉച്ചരിക്കേണ്ടത്. പക്ഷേ, ആ അടയാളങ്ങൾ എഴുതിച്ചേർ ക്കാറില്ല. തന്മുലം ഉച്ചാരണത്തിൽ മാറ്റ മുണ്ടാകാൻ എളുപ്പമായി. ഹീബ്രു ദിന പത്രത്തിൽ പോലും സ്വരചിഹ്നങ്ങളില്ല! സ്വരം ചേർക്കാതെ എഴുതിയിരുന്നതു കൊണ്ട് ഉച്ചാരണം മറന്നുപോവുകയോ മാറിപ്പോവുകയോ ചെയ്യുക സാധാരണ മാണ്. യാഹ്‌വേ എന്ന പദത്തിന്റെ ഉച്ചാരണം യഹോവാ (യഹോആ) ആ ണെന്നു വിചാരിക്കാനുള്ള കാരണമ താണ്.

കൽദായാ സുറിയാനിയിൽ ചില വ്യഞ്ജനങ്ങൾ ഉച്ചരിക്കുകയില്ല. എഴു തുന്നതുപോലെ ഉച്ചരിക്കുന്നില്ലെന്നർ ത്ഥം. മാർ ഈ എന്നെഴുതിയിട്ട് മാർ (= എന്റെ നാഥൻ) എന്നുച്ചരിക്കും. ആവു ദീൻ ഹനൻ (= ഞങ്ങൾ ചെയ്യുന്നു) എ ന്നെഴുതിയിട്ട് ആവുദീനൻ എന്നാണ് ഉച്ചരിക്കുന്നത്. ഈസാഉഹി എന്നെഴു തിയിട്ട് (= ആകുന്നു) ഈസാവു എന്നു ച്ചരിക്കും.

ഹീബ്രുഭാഷയിൽ ശ് എന്ന സ്വനി മത്തിനു പ്രത്യേക ലിപിയില്ല. ഷ് എന്നു ച്ചരിക്കുന്ന ലിപിക്ക് മുകളിൽ ഇടത്തു വശത്തു കുത്തിട്ട് ശ് എന്നും, വലതു വശത്ത് കുത്തിട്ട് ഷ് എന്നും ഉച്ചരി ക്കുന്നു. എന്നാൽ സുറിയാനിയിൽ ശ് എന്ന സ്വനിമത്തിനു ലിപിയുണ്ട്. ഷ് എന്ന സ്വനിമത്തിനു ലിപിയില്ലതാനും. അങ്ങനെ, ഹീബ്രുവിലെ 'ഷ'കാരം കൽ ദായാ സുറിയാനിയിൽ 'ശ'കാരമായി. അതുകൊണ്ടാണ് ഈശോ എന്ന് 'ശ'കാ രം ചേർത്ത് പറയുന്നത്. 'യ'കാരത്തിന് 'ഇ' എന്ന സ്വരത്തിന്റെ ഛായയുണ്ട്. തന്മൂലം യേ-എന്നത് ഇയേ- എന്നാകാൻ ഇടയായി. പഴയ മലയാളത്തിൽ യീശോ എന്ന് എഴുതിയിരുന്നു (ബുക്കാനന്റെ ബൈബിൾ വിവർത്തനം കാണുക).

ഉച്ചാരണത്തിന്റെ പ്രത്യേകത കൊ ണ്ടാണ് യോഷൂആ എന്നത് യേഷൂആ എന്നായത്. അതുപോലെതന്നെ സുറി യാനിയിലെ ഈശോആ എന്നത് ഈ ശോ എന്നായി ചുരുങ്ങിയതും ഉച്ചാരണ പ്രശ്നമാണ് (അന്തിമാക്ഷരം ഉച്ചരിക്കാ തെ വിടുന്നതുകൊണ്ടാണ്). പടി ഞ്ഞാറൻ സുറിയാനിയിൽ യേശുആ എന്നെഴുതുകയും യേശു എന്നുച്ചരിക്കു കയും ചെയ്യുന്നു. പടിഞ്ഞാറൻ സുറി യാനി കേരളത്തിലെത്തിയത് എ.ഡി. 1665-ലാണ്. ആ ഭാഷയിലുള്ള ആരാ ധനാക്രമം 1751-ൽ യാക്കോബായാക്കാർ ഉപയോഗിച്ചുതുടങ്ങുകയും എ.ഡി. 1836-ൽ നടന്ന മാവേലിക്കര സൂനഹദോ സിൽ പൊതുവായി ഉപയോഗിക്കാൻ നിശ്ചയിക്കുകയും ചെയ്തു. അങ്ങനെ യാക്കോബായക്കാരുടെയിടയിൽ പടി ഞ്ഞാറൻ സുറിയാനിയും യേശു എന്ന പ്രയോഗവും 1836 മുതൽ പ്രചരിക്കുക യുണ്ടായി. (Cf. George Kurukkoor, Linguistic Analysis of Liturgy in Malayalam, Ph.D. Thesis, Unpublished, Madurai Kamraj University, 1987, Intro. pp.10-11). കേരള കത്തോലിക്കരുടെയി ടയിൽ യേശു എന്ന പ്രയോഗം 1923-നു ശേഷമാണ് പ്രചരിച്ചുതുടങ്ങിയത്.

**ഈറാത്തിയോൻ** "പ്രാർത്ഥനകളും നടത്തി പള്ളിയുടെ ഈറാത്തിയോനിൽ

www.malankaralibrary.com

കൊണ്ടുവന്നു കബറടക്കേണ്ടതാകുന്നു" (കോനാട്ടു മാത്തൻ കോർ എപ്പിസ്കോപ്പ, മലങ്കരയാക്കോബായാ സുറിയാനി ക്രിസ്ത്യാനികളുടെ പ്രാർത്ഥനാക്രമം, പാമ്പാക്കുട, 6-ാം പതിപ്പ്, 1939, പുറം 338). ഒരു ഗ്രീക്ക് പദമാണ് ഈറാത്തിയോൻ. സിമിത്തേരി അല്ലെങ്കിൽ സിമിത്തേരിയിൽത്തന്നെയുള്ളകെട്ടിടം എന്നാണർത്ഥം. കബറിടക്കെട്ടിടം എന്നും ഇതിന് പറയാറുണ്ട് (മാർ കുറില്ലോസ് സോവനീർ, മുളന്തുരുത്തി, 1974, ഭാഗം 2, പുറം 15 കാണുക).

വിശുദ്ധമായതിനെ സംബന്ധിച്ച എന്നർത്ഥമുള്ള ഹീയേരാത്തിക്കോസ് എന്ന ഗ്രീക്കുവാക്കിൽനിന്നാണ് ഈ പദമുണ്ടായത്. വൈദികരെ സംബന്ധിച്ചത് എന്നും അതിനർത്ഥമുണ്ട്. ഗ്രീക്കിൽ ഹീയേരോസ് എന്നതിന് വിശുദ്ധമായ എന്നർത്ഥം.

## ഊ

**ഊറാല (ഊറാറ)** തിരുക്കർമ്മങ്ങൾ അനുഷ്ഠിക്കുമ്പോൾ വൈദികർ ഉപയോഗിക്കുന്ന വീതി കുറഞ്ഞ നീണ്ട ഒരു വസ്ത്രമാണ് ഊറാല. കഴുത്തിലിടുന്നതിനെ നെടിയ ഊറാല എന്നും കൈയിലിടുന്നതിനെ കൈയൂറാല എന്നുമാണ് പറയാറ് (മാനിപ്പുളും എന്നാണ് കൈയൂറാലയ്ക്ക് ലത്തീനിലെ പേര്).

ഊറാല എന്ന വാക്ക് സുറിയാനിയിലെ ഊറാറാ എന്ന വാക്കിൻെറ രൂപഭേദമാണ്. ആ വാക്കാകട്ടെ ഹൂറാറാ എന്ന മറ്റൊരു സുറിയാനി പദത്തിൽ നിന്നുണ്ടായതാണ്. ലത്തീൻഭാഷയിൽ സ്തോള എന്നാണ് ഇതിൻെറ പേര് (പോർത്തുഗീസിൽ സ്തോള, ഇംഗ്ലീഷിൽ സ്റ്റോൾ). യൗസേപ്പ് ഗീവറുഗീസ് എഴുതിയ പ്രസിദ്ധാരാധനയിൽ (എൽത്തുരുത്ത്, 1897) ഇങ്ങനെ പറയുന്നു: "ഊറാല എന്നു നാം പറയുന്നത് സുറിയാനിഭാഷയാണെന്നും ഹൂറാറ എന്ന സുറിയാനിപ്പദത്തിൽ നിന്നുത്ഭവിച്ചതാണെന്നും നിർണ്ണയിക്കുന്നതിനു പല ന്യായങ്ങൾ ഉണ്ട്....... കൽദായാ സുറിയാനി ഭാഷയിൽ ദേവദ്രവ്യാനുമാന പരിചരണ ക്രമപ്പുസ്തകത്തിൽ ഊറാല എന്നു നാം പറയുന്നതിന് ഹുറാറ എന്ന നാമം ഉപയോഗിച്ചിരിക്കുന്നതായി കാണുന്നുണ്ട്" (പുറം 144). എസ്തലാ എന്ന ഒരു സുറിയാനി പദമുണ്ട്. അത് ലത്തീനിലെ സ്തോളയിൽ നിന്നു വന്നതാണ്. അരിക്, അറ്റം, വിളുമ്പ്, കര എന്നൊക്കെ അർത്ഥമുള്ള ഒരാരിയും എന്നൊരു ലത്തീൻ വാക്കും ഊറാലയ്ക്ക് ഉപയോഗിച്ചിരുന്നു. ഒരാരിയും എന്നതിൻെറ ധാതു ഓർ എന്നാണ്. ആ ഇൻഡോ ആര്യൻ പദം പോർത്തുഗീസിലും പാലിയിലും മലയാളത്തിലുമെല്ലാമുണ്ട് (മലയോരം, കടലോരം മുതലായ വാക്കുകളിലും അത് കാണാം).

## എ

**എക്യുമെനിസം** കേൾക്കുമ്പോൾ ഇംഗ്ലീഷ് പദമാണെങ്കിലും ഇംഗ്ളീഷ് നിഘണ്ടുക്കളിൽ കണ്ടുകിട്ടാത്ത വാക്കാണ് എക്യുമെനിസം. എക്യൂമെനിക്കൽ എന്ന ഇംഗ്ളീഷ് വിശേഷണവും എക്യൂമെനിസിറ്റി എന്ന നാമവും ഇംഗ്ളീഷ് നിഘണ്ടുവിലുണ്ട്. ഗ്രീക്കുഭാഷയിൽ നിന്നു വന്ന പദങ്ങളാണിവ.

ഗ്രീക്കുഭാഷയിൽ ഓയ്ക്കൊമെനിക്കോസ് (Oikoumenikos) എന്നൊരു വിശേഷണമുണ്ട്. സാർവ്വത്രികമായ (എല്ലായിടത്തുമുള്ള) എന്നാണ് അതിൻെറ അർത്ഥം. ഈ വാക്ക് ലത്തീനിൽ എക്കുമെനിക്കുസ് (Oecumenicus) എന്നായി.

www.malankaralibrary.com

ഈ വാക്കിൻെറ ആരംഭത്തിലുള്ള oe എന്നിവ (സന്ധ്യക്ഷരങ്ങൾ) ഏ എന്നുച്ചരിക്കപ്പെടുന്നു. ഈ വിശേഷണത്തോട് സാർവ്വത്രികമായതിനെ സംബന്ധിച്ചത് എന്ന അർത്ഥം കിട്ടാൻ ഇംഗ്ലീഷിലെ ഇസം എന്ന പ്രത്യയം ചേർത്തിരിക്കുകയാണ് എക്യുമെനിസം എന്ന വാക്കിൽ.

ഓയ്ക്കൊമെനിക്കോസ് എന്ന വിശേഷണം വീട്, താമസസ്ഥലം എന്നിങ്ങനെ അർത്ഥമുള്ള ഓയ്ക്കോസ് എന്ന നാമത്തിൽ നിന്നുണ്ടാകുന്നു. അതാകട്ടെ വസിക്കുക എന്നർത്ഥമുള്ള ഓയ്ക്കെയ്ൻ എന്ന ക്രിയയിൽനിന്നുവരുന്നു. അങ്ങനെ നിവസിച്ച എന്ന് ആ വിശേഷണത്തിന് അർത്ഥംവരുന്നു. ഇസം എന്ന് ഇംഗ്ളീഷിൽ കാണുന്ന പ്രത്യയം ഇസ്മോസ് എന്ന ഗ്രീക്കു പ്രത്യയത്തിൻെറ രൂപഭേദമാണ്. പ്രവൃത്തി, അവസ്ഥ, സിദ്ധാന്തം, പ്രയോഗം, സ്വഭാവ വിശേഷം, ഒട്ടിച്ചേർന്നു നില്ക്കൽ മുതലായവ സൂചിപ്പിക്കുന്ന പ്രത്യയമാണത്. ലത്തീനിൽ അത് ഇസ്മുസ് എന്നായി. അങ്ങനെ, സാർവ്വത്രികമായതിനെ സംബന്ധിച്ച സിദ്ധാന്തം എന്ന് എക്യൂമെനിസത്തിനർത്ഥം. എല്ലാ ക്രൈസ്തവ സഭാവിഭാഗങ്ങളെയും ഒന്നായി കാണുകയും അവ ഒന്നായിത്തീരണമെന്ന് ആഗ്രഹിക്കുകയും അതിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്യുകയാണ് എക്യുമെനിസത്തിൻെറ സ്വഭാവം.

**എട്ടുനോമ്പ്** 'ബാവൂസാനോമ്പ്' കാണുക.

**എണങ്ങർ** വിശ്വാസികളെക്കുറിക്കാൻ പണ്ടു പ്രയോഗിച്ചിരുന്ന പദം എണങ്ങർ എന്നായിരുന്നു. 1599-ലെ ഉദയംപേരുർ സുനഹദോസിൻെറ കാനോനകളുടെ ആമുഖത്തിൽ ഇങ്ങനെ പറയുന്നു: "മാർ അല്ലെസൊസ മെത്രാപ്പോലീത്ത മലങ്കരെ പണ്ട് പണ്ടെ ഒള്ള മാർതൊമ്മാ നസ്രാണികളുടെ എടവകയിലെ പട്ടക്കാരരെയും എണങ്ങരെയും യൊഗം കൂട്ടി കല്പിച്ച സൂനഹദൊസ് ഇത". എണങ്ങർ എന്ന പദം കാനോനകളിൽ പലയിടത്തും പ്രയോഗിച്ചിട്ടുണ്ട്. ഇതിനു സമാനമായി വിശ്വാസക്കാരർ എന്നും (ഉദ. സൂന. കാനോന 6-ാം മൗത്വാ, 20-ാം കാനോന) അല്മെനികൾ എന്നും (7-ാം മൗത്വാ, 19-ാം കാനോന) കൂടി പ്രയോഗമുണ്ട്.

എണങ്ങർ ഒരു ദ്രാവിഡപദമാണ്. ചേർന്നവർ എന്നർത്ഥം. എണങ്ങ് (ഇണങ്ങ്) എന്നതിന് ചേരുക എന്നർത്ഥമാണ്. ഇതിൻെറ വിപരീതാർത്ഥമുള്ള ധാതുവാണ് പിണങ്ങ്. പന്തിഭോജനത്തിന് ഇണങ്ങൂട്ട് (എണങ്ങൂട്ട്) എന്നു പറഞ്ഞിരുന്നു. ഇണങ്ങ് നാമരൂപമായിട്ടും പ്രയോഗിക്കും. "ഇണങ്ങിന് പുറത്താക്കുക" എന്നതിന് ജാതിയിൽനിന്ന് തള്ളിക്കളയുക എന്നാണർത്ഥം.

**എദുക്കംദാത്ത്** സന്ന്യാസജീവിതത്തിലേക്കുള്ള വിദ്യാഭ്യാസവും പരിശീലനവും നല്കുന്ന സ്ഥാപനത്തെ മിഷണറിമാർ എദുക്കംദാത്ത് എന്നാണ് വിളിച്ചിരുന്നത്. അവ സാധാരണ സ്കൂളുകളായും പ്രവർത്തിച്ചിരുന്നു. അവിടെ പഠിക്കുന്നവരെല്ലാം സന്ന്യാസം തിരഞ്ഞെടുക്കണമെന്നില്ല. എദുക്കംദാത്ത് എന്നത് ഒരു പോർത്തുഗീസ് പദമാണ്. വിദ്യാഭ്യാസം എന്നർത്ഥമുള്ള എദുക്കാസിയോ (educatio) എന്ന ലത്തീൻ വാക്കിൽനിന്നാണ് അതുണ്ടായത്. അവസ്ഥയെ അഥവാ സ്ഥാനത്തെ സുചിപ്പിക്കുന്ന ദാത്ത് (ദാദ്, ദാദെ) എന്ന പ്രത്യയം വാസ്തവത്തിൽ, നല്കുക എന്നർത്ഥമുള്ള ദാരെ (ദോ എന്ന ധാതു) എന്ന ക്രിയയിൽ നിന്നുണ്ടായതാണ്. അങ്ങ

www.malankaralibrary.com

നെ, വിദ്യാഭ്യാസം നല്കുന്നത് എന്ന് അതിന് അർത്ഥം വരും. വിദ്യാഭ്യാസസ്ഥാപനത്തിന് എദുക്കംദാരിയോ (educamdario) എന്നും അദ്ധ്യാപകന് എദുക്കാദോർ (educador) എന്നും പോർത്തുഗീസിൽ പറയും. സംസ്കൃതത്തിലെ ത്വം എന്ന പ്രത്യയത്തിൻെറ ധർമ്മമാണ് പോർത്തുഗീസിൽ ദാദെ എന്ന പ്രത്യയം നിർവഹിക്കുന്നത്. ദിവിൻദാദെ (divindade) എന്നതിന് ദൈവത്വം എന്നാണർത്ഥം. സംസ്കൃതത്തിലെ ദാ എന്ന ധാതു തന്നെയാണ് ലത്തീനിൽ ദോ-ദാരെ എന്നിങ്ങനെ കാണുന്നത്. നല്കുക എന്നത്, ഉള്ളത് എന്ന അർത്ഥത്തെ സൂചിപ്പിക്കുന്നുണ്ടല്ലോ. ഇല്ലാത്തവന് നല്കാനാവില്ല.

എദുക്കാരെ എന്ന ലത്തീൻ ക്രിയ പുറത്തേക്ക് എന്നർത്ഥമുള്ള എ എന്ന ഉപസർഗ്ഗവും നയിക്കുക എന്നർത്ഥമുള്ള ദുക് എന്ന ധാതുവും ചേർന്നുണ്ടായതാണ്. പുറത്തേക്കു നയിക്കുക എന്നർത്ഥം. മനുഷ്യൻെറ കഴിവുകളെ വികസിപ്പിച്ച്, ആവിഷ്കരിക്കാൻ സഹായിക്കുകയാണല്ലോ വിദ്യാഭ്യാസത്തിൻെറ ഒരു ധർമ്മം. ലത്തീനിലെ എദുക്കാസിയോ (ഇംഗ്ലീഷിൽ എഡ്യുക്കേഷൻ) എന്ന പദത്തിനു പകരം വിനയം എന്ന സംസ്കൃതപദം പ്രയോഗിക്കാം. ആ വാക്ക് കാളിദാസൻ സമഗ്രമായ വിദ്യാഭ്യാസം എന്ന അർത്ഥത്തിൽ പ്രയോഗിച്ചിട്ടുണ്ട് (രഘുവംശം 1:24, 3:29, 15:69). പക്ഷേ, വിനയത്തിന് ആദരവ് എന്നൊരർത്ഥം കൂടിയുണ്ട്. അഭ്യാസം എന്ന പദം വാൾപ്പയറ്റിനെ (അസി=വാൾ) ഓർമ്മിപ്പിക്കുന്നു! വിദ്യയുടെ അഭ്യാസം (അഭി+അസി) ആണല്ലോ വിദ്യാഭ്യാസം. വിദ്യാഭ്യാസം നല്കൽ എന്ന അർത്ഥത്തിൽ വിനയാധാനം എന്നു പ്രയോഗിക്കാം. കാളിദാസൻ അങ്ങനെ പ്രയോഗിച്ചിരിക്കുന്നു (രഘുവംശം 1:24).

എദുക്കംദാത്തുകൾ സാധാരണ സ്കൂളുകളായിപ്രവർത്തിച്ചിരുന്നു എന്ന് താഴെക്കാണുന്ന പ്രസ്താവന തെളിയിക്കുന്നു: "വിദ്യാഭ്യാസ സാധ്യത നന്നേ കുറവായിരുന്ന ആ നാളുകളിൽ തങ്ങളുടെ പെൺമക്കളെ വിദ്യാഭ്യാസത്തിനും പരിശീലനത്തിനുമായി മഠത്തിൻെറ എദുക്കം ദാത്തിലാക്കുവാൻ മാതാപിതാക്കളും ഉത്സുകരായിരുന്നു" (സി.സിബിയ, ഒരു നൂറ്റാണ്ടിൻെറ ഓർമ്മകൾ, സെൻറ് തെരേസാസ് കോൺവെൻറ്, ആരക്കുഴ, 1995, പുറം 85). 1895-ൽ ആരക്കുഴയിൽ പെൺകുട്ടികൾക്കുവേണ്ടി തുടങ്ങിയ എദുക്കംദാത്ത് ആണ് ഇന്ന് സെൻറ് ജോസഫ്സ് ഹൈസ്കൂൾ ആയി മാറിയിരിക്കുന്നത്. ആദിമകാലത്ത് അവിടെ അക്ഷരാഭ്യാസം മാത്രമല്ല നടന്നിരുന്നത്, തൊഴിൽ പരിശീലനവുമുണ്ടായിരുന്നു (തയ്യൽ, റീത്തു നിർമ്മാണം, കൊന്ത നിർമ്മാണം, മുതലായവ). മഠങ്ങളോടു ചേർന്നു സ്ഥാപിച്ചിരുന്ന ഇത്തരം സ്കൂളുകളിൽ പെൺകുട്ടികളെ വിട്ടു പഠിപ്പിക്കാൻ മിഷണറിമാർ നിർബന്ധിച്ചിരുന്നു. ഇക്കാര്യത്തിൽ ചാവറകുര്യാക്കോസച്ചൻെറ കല്പന ശ്രദ്ധേയമാണ്. പള്ളി, ആശ്രമം, മഠം എന്നിവയോടു ചേർന്ന് പള്ളിക്കൂടങ്ങൾ സ്ഥാപിക്കുവാൻ അദ്ദേഹം പ്രേരിപ്പിച്ചു. എദുക്കംദാത്തുകളിൽ കുട്ടികൾക്ക് താമസിച്ചു പഠിക്കാനുള്ള സൗകര്യവുമുണ്ടായിരുന്നു.

**എപ്പകത്തി (ഹേപ്പക്ത)** ആരാധനാപരമായ കലണ്ടറിൽ കണ്ടുമുട്ടുന്ന ഒരു പദമാണ് എപ്പകത്തി. ചിലഗ്രന്ഥങ്ങളിൽ ഹെപ്പക്താ എന്നും പ്രയോഗിച്ചിരിക്കുന്നു. ചന്ദ്രനെയും സൂര്യനെയും

www.malankaralibrary.com

അടിസ്ഥാനപ്പെടുത്തി രണ്ടുതരം കലണ്ട റുകൾ ഉണ്ടല്ലോ. അവ തമ്മിലുള്ള കാ ലവ്യത്യാസം കാണിക്കാൻ ഉപയോഗി ക്കുന്ന വാക്കാണിത്. സൂര്യനെ അടി സ്ഥാനപ്പെടുത്തിയുള്ള കലണ്ടറിൽ ചന്ദ്രനെ അടിസ്ഥാനപ്പെടുത്തിയുള്ള കലണ്ടറിലുള്ളതിനെക്കാൾ ഏറെക്കുറെ 11 ദിവസം കുടുതൽ കാണും. ഈ വ്യ ത്യാസത്തെയാണ് എപ്പകത്തി സുചിപ്പി ക്കുന്നത്. നോമ്പുതുടങ്ങുന്ന ദിവസവും ഈസ്റ്റർ ദിവസവും നിശ്ചയിക്കുന്നത് ചന്ദ്രമാസത്തെ അടിസ്ഥാനപ്പെടുത്തി യാണ്. അതിന് എപ്പകത്തി കണ്ടെത്തേ ണ്ടിവരും.

എപ്പകത്തി എന്ന പദത്തിൻെറ നിഷ്പത്തി നോക്കാം. ഗ്രീക്ക് ഭാഷയിൽ എപ്പാജെയ്ൻ (epagein) എന്നൊരു ക്രി യയുണ്ട്. എപ്പി എന്ന ഉപസർഗ്ഗത്തിന് ഉള്ളിലേക്ക്, മുമ്പോട്ട് എന്നിങ്ങനെയും അജെയ്ൻ (അഗെയ്ൻ) എന്ന ധാതുവി ന് കൊണ്ടുവരുക, നയിക്കുക എന്നിങ്ങ നെയുമാണർത്ഥം.

ഈ ക്രിയയിൽ നിന്നുണ്ടാകുന്ന എപക്തോ, എപക്തേ എന്നീ വാക്കു കൾക്ക് കൊണ്ടുവരപ്പെട്ടത് എന്നർത്ഥം. അങ്ങനെ ഹേപ്പക്ത എന്ന വാക്കിന് കൂ ടുതലായി വന്നുചേർന്ന ദിവസങ്ങൾ എന്ന് അർത്ഥമുണ്ടാകും. എ എന്നതിന് ഗ്രീക്കുഭാഷയിൽ ഹേ എന്നാണ് ശരി യായ ഉച്ചാരണം. തന്മൂലം ഹേപക്തേ എന്നാണ് പറയുക. ഈ ഗ്രീക്ക് പദം പി ല്ക്കാല ലത്തീൻ ഭാഷയിൽ എപക്താ എന്നും ഫ്രഞ്ചിൽ എപക്തേ എന്നും ഇം ഗ്ലീഷിൽ എപാക്റ്റ് (epact) എന്നും രൂപം മാറിവന്നു. ഗ്രീക്കിലെ ആദിയിലുള്ള ഹകാരം പില്ക്കാല ഭാഷകൾ പരിത്യജി ച്ചു. സുറിയാനിഭാഷയിലാകട്ടെ ഹേപ ക്താ എന്നരൂപം തന്നെ സ്വീകരിക്കപ്പെ ട്ടു. സുറിയാനിയിൽ ആ വാക്കിന് മാറ്റം, തിരിച്ചുവരവ്, മറിച്ചിൽ എന്നൊക്കെയാ ണർത്ഥം നല്കപ്പെട്ടിരിക്കുന്നത്. ഹ്പാ ക്താ എന്നതിന് തിരിച്ചുവരവ്, മാറ്റം എന്നിങ്ങനെയാണർത്ഥം. ഹ്പക് എ ന്നൊരു ക്രിയയും സുറിയാനിയിലുണ്ട്, അതിന് മാറ്റി, പിന്തിരിച്ചു, കീഴ്മറി ഞ്ഞു, അസ്ഥിരനായി എന്നൊക്കെയാ ണർത്ഥം.

ചന്ദ്രസൂര്യകലണ്ടറുകൾ തമ്മിലു ള്ള വ്യത്യാസം കണ്ടെത്തുന്നതിന് എപ്പ കത്തി കണ്ടെത്തുക എന്നുപറയുന്നു. പല ഗ്രന്ഥങ്ങളിലും അതിൻെറ വഴി വി വരിച്ചിട്ടുണ്ട് (കോനാട്ടു മാത്തൻ കോ റെപ്പിസ്കോപ്പാ, മലങ്കര യാക്കോബായ സുറിയാനി ക്രിസ്ത്യാനികളുടെ പ്രാർ ത്ഥനാക്രമം, പാമ്പാക്കുട, 6-ാം പതിപ്പ്, 1939, പുറം 317-323; പ്ലാസിഡ് പൊടി പാറ, നമ്മുടെ റീത്ത്, മാന്നാനം 1949, പുറം 206 എന്നിവ കാണുക). എപ്പകത്തി അഥവാ ഹേപക്താ എന്ന പദത്തിൻെറ വ്യത്യസ്താർത്ഥങ്ങൾ കണ്ടെത്താൻ വെബ്സ്റ്റേഴ്സ് ഇൻറർനാഷണൽ ഡിക്ഷണറിയിൽ epact എന്ന പദം കൂടി നോക്കുക.

**എപ്പാർക്കി** കിഴക്കൻസഭകളിൽ രൂപത (ഡയോസിസ്) എന്ന അർത്ഥ ത്തിൽ ഉപയോഗിക്കുന്ന വാക്കാണ് എപ്പാർക്കി. എപ്പാർക്കിയ എന്ന ഗ്രീക്കു വാക്കിൻെറ ഇംഗ്ലീഷ് രൂപമാണത്. ഗ്രീക്കുഭാഷയിൽ എപ്പാർക്കോസ് എന്ന തിന് ഗവർണർ, ഭരണാധിപൻ, ബിഷപ്പ് എന്നൊക്കെയാണർത്ഥം. എപ്പി എന്ന ഉപസർഗ്ഗവും ആർക്കോസ് എന്ന നാമ വും ചേർന്നുണ്ടായ പദമാണത് (എപ്പി = മേൽ, ആർക്കോസ്=ഭരണാധികാരി, ആർക്കെ=അധീശത്വം). ഒരു എപ്പാർ ക്കോസിൻെറ ഭരണത്തിൻകീഴിലുള്ള

www.malankaralibrary.com

പ്രദേശത്തെ എപ്പാർക്കിയ എന്ന് ഗ്രീക്കിൽ വിളിക്കുന്നു. എപ്പാർക്കോസ് എന്ന ഗ്രീക്കുപദം ഇംഗ്ലീഷിൽ എപ്പാർക്ക് എന്ന് ചുരുങ്ങിയിട്ടുണ്ട്. ഗ്രീസിൽ ഒരു ഗവർണരുടെ കീഴിലുള്ള പ്രദേശത്തെ ഒരു എപ്പാർക്കിയ എന്നാണ് വിളിക്കുന്നത്. റോമൻ സാമ്രാജ്യത്തിൻെറ കാലത്തുള്ള രാഷ്ട്രീയവിഭജനരീതിയാണ് സഭ സ്വീകരിച്ചത്. പടിഞ്ഞാറൻ സഭ ലത്തീൻ ഭാഷയിൽ ദിയോച്ചേസിസ് എന്നും (ഈ വാക്ക് ഇംഗ്ലീഷിൽ ഡയോസിസ് എന്നായി) കിഴക്കൻസഭകൾ (ഗ്രീക്കുസഭകൾ) എപ്പാർക്കിയാ എന്നും വിളിച്ചു. കേരളത്തിൽ പോർത്തുഗീസ് മിഷണറിമാർ വരുന്ന കാലത്ത് ഇവിടത്തെ രുപതയെ ഇടവക (എടവക) എന്നാണ് വിളിച്ചിരുന്നത് (മലങ്കര ഇടവക എന്ന്). അതാകട്ടെ, ഇവിടെയുള്ള രാഷ്ട്രീയഭരണമനുസരിച്ചുള്ള പേരായിരുന്നു. ഒരു പ്രഭുവിൻെറ കീഴിലുള്ള പ്രദേശത്തെയാണ് എടവക (=എടംവക പ്രദേശം) എന്ന് ആദ്യകാലത്ത് വിളിച്ചിരുന്നത്. പില്ക്കാലത്ത് ആ വാക്ക് ക്രിസ്ത്യാനികളും ഉപയോഗിച്ചു.

എപ്പാർക്കിയ എന്ന വാക്ക് ഭാരതീയർക്ക് അന്യമാണെന്ന് പറഞ്ഞുകൂടാ. ആ വാക്കിലുള്ള എപ്പി എന്ന ഉപസർഗ്ഗം സംസ്കൃതത്തിലെ അപി എന്ന അവ്യയവുമായി ബന്ധപ്പെട്ടിരിക്കുന്നു. ലിത്വേനിയനിൽ അത് അപി (apie) എന്നും ലത്തീനിൽ ഓബ് എന്നുമാണ്. അവസ്തൻ ഭാഷയിൽ അപി എന്നുതന്നെ. ഇംഗ്ലീഷിൽ അത് ബി (be) എന്ന ഉപസർഗ്ഗമായിത്തീർന്നു. സംസ്കൃത്തിൽ അപിയ്ക്ക് പി എന്നൊരു സംക്ഷിപ്ത രൂപവുമുണ്ട് (ഉദാ: പി-ധാ, പി-നഹ്). അതിൻെറ സുപ്രധാനമായ അർത്ഥം അടുത്ത്, മുകളിൽ എന്നിങ്ങനെയാണ്.

ആർക്കേ എന്ന ഗ്രീക്കുവാക്ക് പ്രാഥമ്യം, ആരംഭം, അധീശത്വം, പ്രാധാന്യം, മാന്യത മുതലായ അർത്ഥങ്ങളെയാണ് സുചിപ്പിക്കുന്നത്. സംസ്കൃതത്തിലെ അർഘ് എന്ന ധാതുവിനോട് അത് ബന്ധപ്പെട്ടിരിക്കുന്നു. അർഘ എന്ന സംസ്കൃതനാമത്തിൻെറ വിവിധാർത്ഥങ്ങളും ശ്രദ്ധിക്കുക.

**എസ്ക്രുമൻ (സ്ക്രുമൻ)** പോർത്തുഗീസ് ഭാഷയിലുള്ള എസ്ക്രുതാദോർ (escrutador) എന്ന വാക്കിൽ നിന്നാണ് എസ്ക്രുമൻ എന്ന വാക്കുണ്ടായത്. സുക്ഷ്മപരിശോധന ചെയ്യുന്നവൻ എന്നാണ് അതിൻെറ അർത്ഥം. (escrutar = പരിശോധിക്കുക, scrutinise) ലത്തീൻ ഭാഷയിലെ സ്ക്രുത്താരി എന്ന ക്രിയയിൽനിന്ന് സ്ക്രുത്തിനിയും എന്നൊരു നാമമുണ്ടായി. പരിശോധന എന്നാണർത്ഥം. ആ ഭാഷയിൽ സ്ക്രുത്താ എന്നതിന് നിസ്സാരവസ്തുക്കൾ, ചപ്പുചവറുകൾ എന്നാണർത്ഥം. അപ്പോൾ സ്ക്രുത്താരി എന്നതിന് നിസ്സാരവസ്തുക്കൾ പോലും പരിശോധിക്കുക, സമൂലം പരിശോധിക്കുക, സമഗ്രപരിശോധന നടത്തുക എന്നൊക്കെ അർത്ഥമുണ്ടായി. പരിശോധകന് ലത്തീനിൽ സ്ക്രുത്താത്തോർ എന്നുപറയും. അതിൻെറ ആദിയിൽ ഉച്ചാരണസൗകര്യത്തിനായി എ കൂട്ടിച്ചേർത്ത് പോർത്തുഗീസുകാർ എസ്ക്രുത്താത്തോർ എന്നുപറയുന്നു. കണക്കുപരിശോധകൻ, കണക്കെഴുതുന്നവൻ എന്നൊക്കെയാണ് ഇന്ന് ആ വാക്കിൻെറ അർത്ഥം.

## ഏ

**ഏ.ഡി. (A.D.)** ക്രിസ്തു ജനിച്ച വർഷത്തെ ഒന്നാം വർഷമായി കരുതുന്ന കാലഗണന ഏ.ഡി. എന്ന് സംക്ഷിപ്ത

www.malankaralibrary.com

നാമത്തിൽ അറിയപ്പെടുന്നു. അന്നോ ദോമിനി (Anno Domini) എന്ന രണ്ടു ലത്തീൻ വാക്കുകളുടെ ആദ്യത്തെ അക്ഷരങ്ങളാണവ. അന്നോ എന്നതിന് വർഷത്തിൽ എന്നും ദോമിനി എന്നതിനു കർത്താവിൻെറ എന്നുമാണർത്ഥം. അങ്ങനെ അന്നോ ദോമിനി എന്നതിന് കർത്താവിൻെറ വർഷത്തിൽ എന്നർത്ഥമാണ്.

അന്നൂസ് എന്നതിന് വർഷമെന്നർത്ഥം. അതിൻെറ സപ്തമീ വിഭക്തിയിലുള്ള പ്രയോഗമാണ് അന്നോ. ദോമിനൂസ് എന്നതിനു പ്രഭു, കർത്താവ്, യജമാനൻ എന്നൊക്കെയാണർത്ഥം. അതിൻെറ ഷഷ്ഠീവിഭക്തിയിലുള്ള രൂപമാണ് ദോമിനി. അന്നൂസ് ധാതു സംസ്കൃതത്തിലെ അം ധാതുവുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നതിൽ സംശയമില്ല (അം എന്നത് അൻ എന്നാകും). പോവുക എന്നാണ് ആ ധാതുവിൻെറ അർത്ഥം. ഗ്രീക്കിൽ എൻനോസ് എന്നതിന് ചുറ്റിക്കറങ്ങുന്നത് എന്നർത്ഥമാണ്. വർഷം മാറി മാറി വരുന്ന ഋതുക്കളുടെ വൃത്തമാണല്ലോ. വളയം എന്നും ചുറ്റിക്കറങ്ങുന്നതെന്നും അർത്ഥമുള്ള ആനുസ് (anus) എന്നൊരു പദവും ലത്തീനിലുണ്ട്.

ദോമിനൂസ് എന്ന ലത്തീൻ പദം വീട് എന്നർത്ഥമുള്ള ദോമൂസ് എന്ന വാക്കിൽ നിന്നുണ്ടായതാണെന്നും ദോമിനൂസ് എന്നതിന് വീടിനെ സംബന്ധിച്ചവൻ എന്നാണർത്ഥമെന്നും പറയപ്പെടുന്നു. പക്ഷേ, സംസ്കൃതത്തിലെ ദമ് എന്ന ധാതുവിൽനിന്നാണ് അതുണ്ടായത്. കീഴടക്കുക എന്നാണ് ദമ് എന്ന ധാതുവിൻെറ അർത്ഥം. ലത്തീനിൽത്തന്നെ ദൊമാരെ (domare) എന്ന ക്രിയയ്ക്ക് പരിശീലിപ്പിക്കുക, കീഴടക്കുക, എന്നിങ്ങനെ അർത്ഥമുണ്ടല്ലോ. ഗ്രീക്കിൽ അതേ അർത്ഥമുള്ള ദമോ എന്ന ക്രിയയുണ്ട്. അതുകൊണ്ട് ദോമിനൂസ് എന്നതിന് ആധിപത്യം വഹിക്കുന്നവൻ, നാഥൻ എന്നിങ്ങനെ അർത്ഥംവരുന്നു.

ഡയനീഷ്യസ് എക്സിഗൂസ് എന്ന സന്ന്യാസി ഏ.ഡി. 525-ൽ ഈസ്റ്റർ തീയതി നിശ്ചയിക്കാൻ വേണ്ടി നിർമ്മിച്ച കലണ്ടറിൽ "അന്നോ ദോമിനി ഇൻകർണാസിയോണിസ്" (Anno Domini Incarnationis) എന്നിങ്ങനെ പ്രയോഗിച്ചിട്ടുണ്ട്. അതിൽനിന്നാണ് അന്നോ ദോമിനി എന്ന പ്രയോഗം പ്രചരിച്ചത്. ആ വാചകത്തിലെ ഇൻകർനാസിയോണിസ് എന്നതിന് മനുഷ്യാവതാരത്തിൻെറ എന്നാണർത്ഥം. കാരോ (caro) എന്നതിന് ശരീരം, മാംസം എന്നിങ്ങനെയാണർത്ഥം. ഇൻകർണാസിയോ എന്നതിന് ശരീരംധരിക്കൽ എന്നും. കാരോ എന്ന പദം ഗ്രീക്കിലെ ക്രേയസ് എന്ന വാക്കിൽ നിന്നു വരുന്നു. അതാകട്ടെ സംസ്കൃതത്തിലെ ക്രവ്യ എന്ന പദത്തിൽനിന്നും.

ക്രിസ്തുവർഷമനുസരിച്ചുള്ള കാലഗണന ഇന്ന് ലോകമെങ്ങും അംഗീകരിക്കപ്പെട്ടിട്ടുണ്ട്. കേരള ക്രിസ്ത്യാനികൾ "മിശിഹാ പിറന്നിട്ട്", "മിശിഹാക്കാലം" "മിശിഹാപിറന്ന്" എന്നൊക്കെയാണ് പണ്ട് പ്രയോഗിച്ചിരുന്നത്. ഏ.ഡി. എന്ന പ്രയോഗം ഈ നൂറ്റാണ്ടിലാണ് ഇവിടെ വ്യാപകമായത്.

ക്രിസ്തുവർഷം പ്രചരിക്കുന്നതിനു മുമ്പ് ക്രിസ്ത്യാനികൾ ഉപയോഗിച്ചിരുന്നത് ഗ്രീക്കുകലണ്ടറും ജൂലിയൻ കലണ്ടറുമാണ്. ബി.സി. (ക്രിസ്തുജനിക്കുന്നതിനുമുമ്പ്) 45-ൽ ജൂലിയസ് സീസർ എന്ന റോമൻ ചക്രവർത്തി നടപ്പാക്കിയ കാലഗണനയാണ് ജൂലിയൻ കലണ്ടർ. (കല്ലന്താരി എന്ന വാക്കുകൂടി കാണുക).

www.malankaralibrary.com

**ഏംഗർത്താ (ഏഗർത്താ)** പുതിയ നിയമത്തിലെ ലേഖനങ്ങൾ കഴിഞ്ഞ നൂറ്റാണ്ടുവരെ ഏംഗർത്താ എന്നാണ് ഇവിടെ അറിയപ്പെട്ടിരുന്നത്. ഏ.ഡി. 1871-ൽ മാന്നാനത്ത് അച്ചടിച്ച മൊരാൾ തെഒളൊഗിയയിൽ "എംഗർത്താ വായിക്കുന്നതിനും" (പുറം 615) എന്നു കാണാം. ഏ.ഡി. 1887-ൽ വരാപ്പുഴ മെത്രാപ്പോലീത്തൻ അച്ചുകൂടത്തിൽ അച്ചടിച്ച സന്മാർഗ്ഗശാസ്ത്ര സംക്ഷേപത്തിൽ കാണുന്നു: "അപ്രകാരംതന്നെ എംഗർത്താ പുസ്തകം കയ്യാളിക്കയിൽ എംഗർത്താ പുസ്തകം കൈക്കൊണ്ട സർവ്വേശ്വരൻെറ തിരുസഭയിൽ...." (പുറം 279).

ഒരു സുറിയാനി പദമാണ് ഏംഗർത്താ. ലേഖനമെന്നർത്ഥം. ശ്ലീഹാ (ബഹുവചനം ശ്ലീഹേ) എന്നും പണ്ട് പറഞ്ഞിരുന്നു. ശ്ലീഹാ എഴുതിയത് ആണല്ലോ ലേഖനം. ആദിമകാലങ്ങളിൽ 5-ാം പട്ടക്കാരനും (സബ്ഡീക്കൻ) 8-ാം നൂറ്റാണ്ടിനുശേഷം 6-ാം പട്ടക്കാരനും (ഡീക്കൻ) കുർബാനയിൽ ഏംഗർത്താ വായിച്ചിരുന്നു. ഇന്ന് അല്മായരും വായിക്കുന്നു. ഏംഗർത്താ എന്നതിനുപകരം അറിയിപ്പ് എന്നൊരു പ്രയോഗമുണ്ട്. ഇരുപതാം നൂറ്റാണ്ടിൻെറ ആരംഭത്തിലാണ് അത് പ്രചരിച്ചത്.

**ഏൽപയ്യ** കേരളസഭാചരിത്രത്തെ സംബന്ധിച്ചിടത്തോളം അത്യധികം പ്രാധാന്യമർഹിക്കുന്ന ഒരു പ്രയോഗമാണ് ഏൽപയ്യ. പണ്ട് ദനഹാത്തിരുനാളിനോടനുബന്ധിച്ച് ക്രൈസ്തവ ഭവനങ്ങളിൽ അർത്ഥപൂർണമായ ഒരു ചടങ്ങുണ്ടായിരുന്നു. രാത്രിയിൽ മുറ്റത്ത് വാഴത്തടയോ വാഴപ്പിണ്ടിയോ കുത്തിനിറുത്തി അതിൽ ചെറിയ പന്തങ്ങൾ തറച്ചുനിറുത്തി അതിനുചുറ്റും നടന്ന് ഏൽപയ്യാ എന്ന് വിളിച്ചു പറയുക എന്നതായിരുന്നു ആ ചടങ്ങ്. ഇന്നും ചില പ്രദേശങ്ങളിൽ അത് നിലനില്ക്കുന്നുണ്ട്. ഈ ചടങ്ങിൽ നിന്നാണ് ദനഹാത്തിരുനാളിന് പിണ്ടികുത്തിപ്പെരുന്നാൾ എന്നും പിണ്ടിപ്പെരുന്നാൾ എന്നും പേരുവന്നത്. സാധാരണ വിളക്ക് കത്തിച്ചുവച്ചും ഇങ്ങനെ ഉദ്ഘോഷിച്ചിരുന്നു (രാക്കുളിപ്പെരുന്നാൾ എന്ന പദം കാണുക).

ഏൽപയ്യാ എന്നതിൻെറ അർത്ഥം "ദൈവം പ്രകാശം" എന്നാണ്. ഏൽ ഹു പയ്യാ എന്നാണ് അതിൻെറ പൂർണരുപം (1 യോഹ. 1:5). ദൈവം പ്രകാശമാകുന്നു എന്നാണ് അതിനർത്ഥം (ഹൂ എന്ന ക്രിയാരൂപത്തിലെ ഹകാരം ഉച്ചരിക്കാറില്ല. അപ്പോൾ ഏലുപയ്യാ എന്നാകും).

ഏൽ എന്നതിന് ദൈവം എന്നർത്ഥം. ഹീബ്രു വാക്കാണത്. ഉഗാരിത്തിക്ക് ഭാഷയിലും അറമായാഭാഷയിലും അത് ഉപയോഗിക്കുന്നു. അക്കാദിയൻ ഭാഷയിൽ ഇലു, എലു എന്നിങ്ങനെ രണ്ട് രൂപങ്ങൾ അതിനുണ്ട്. യേശുക്രിസ്തു കുരിശിൽ കിടന്നുപറഞ്ഞ ഒരു വാചകത്തിൽ (മർക്കോ. 15:34) ഏൽ എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നു (ഏലീ = എൻെറ ദൈവമേ, ഏൽ = ദൈവം). അറമായയിൽ ഉപയോഗിച്ചുവന്ന ആ വാക്കുതന്നെ കേരളീയർ ഉപയോഗിക്കുന്നു എന്നത് ശ്രദ്ധേയമായ വസ്തുതയാണ്. കേരളീയരുടെ ആരാധനാക്രമത്തിൻെറ ഭാഷയായ കൽദായാ സുറിയാനിയിൽ ദൈവം എന്നതിന് ഏൽ എന്ന വാക്കിൽ നിന്നുണ്ടായ ആലാഹാ എന്ന വാക്കാണല്ലോ പ്രയോഗിക്കുന്നത്.

ദൈവത്തെ സൂചിപ്പിക്കാൻ സെമിറ്റിക് ജനത ഉപയോഗിച്ച ഏറ്റവും പ്രാചീനമായ പദം ഏൽ എന്നാണ്. മിക്ക സെമിറ്റിക് ഭാഷകളിലും അല്പസ്വല്പ ഭേദത്തോടെ അത് നിലനില്ക്കുന്നു.

www.malankaralibrary.com

ബി.സി. 8-ാം നൂറ്റാണ്ടിലെ ഒരു അറമായ രേഖയിൽ ആ പദം പ്രയോഗിച്ചിട്ടുണ്ട്. പ്രാചീന തമിഴിലും കന്നഡയിലും ഈ പദം നിലനില്ക്കുന്നുവെന്നത് ഭാരതീയരുടെ യഹൂദബന്ധത്തെ സൂചിപ്പിക്കുന്നു (Cf. ഡോ. എൻ.എ. തോമസ് നങ്ങച്ചിവീട്ടിൽ, ഏഷ്യയിലെ മാർതോമ്മാസഭകൾ, തിരുവനന്തപുരം, 1982, വാല്യം 1 പുറം 11, 226). ഏൽ എന്ന വാക്കിന് ഉയർന്നവൻ, ബലവാൻ, അത്യുന്നതൻ എന്നൊക്കെ അർത്ഥംപറയാം.

പയ്യാ എന്നത് ഒരു പ്രാചീന സെമിറ്റിക് പദമാണ്. അറമായയിലും അത് ഉപയോഗിച്ചിരുന്നിരിക്കണം. മഹത്വം, പ്രകാശം, പ്രകാശമുള്ളവൻ, മഹത്വമുള്ളവൻ എന്നൊക്കെയാണ് അതിൻെറ അർത്ഥം.

ദനഹാത്തിരുനാളിൽ യേശുവിൻെറ പ്രത്യക്ഷീകരണവും മാമ്മോദീസയും അനുസ്മരിക്കപ്പെടുന്നു. യേശു ലോകത്തിൻെറ പ്രകാശമാണെന്നും മുൻ പറഞ്ഞ ചടങ്ങ് സൂചിപ്പിക്കുന്നുണ്ട്. പൗരാണിക കാലത്ത് കേരളത്തിൽ യേശുവിൻെറ മാതൃഭാഷയായ അറമായ വന്നുചേർന്നു എന്ന വസ്തുത ഏൽ എന്ന പ്രയോഗം അനുസ്മരിപ്പിക്കുന്നു.

**ഏവൻഗെലിയോൻ, ഏവൻഗെലിസ്ത** ഏവൻഗെലിയോൻ എന്ന ഗ്രീക്കു വാക്കിന് സുവിശേഷം എന്നർത്ഥം. ഏവൻഗെലിസ്ത എന്നതിന് സുവിശേഷകൻ എന്നും. ഗ്രീക്കിൽ എവു എന്ന പ്രത്യയത്തിനു നന്നായിട്ട് എന്നും, അൻഗെല്ലെയിൻ (അഞ്ചെല്ലെയിൻ) എന്ന ക്രിയയ്ക്ക് വാർത്തയറിയിക്കുക എന്നുമാണർത്ഥം. നല്ല വാർത്ത അറിയിക്കുന്നവനാണ് ഏവൻഗെലിസ്ത. ഈ രണ്ട് വാക്കുകളും സുറിയാനിയിൽ ഉപയോഗിക്കുന്നു. സുവിശേഷം എന്ന സംസ്കൃതപദത്തിനും നല്ല വാർത്ത എന്നാണല്ലോ അർത്ഥം. അടുത്ത കാലത്ത് സദ്‌വാർത്ത എന്ന പ്രയോഗവും പ്രചരിച്ചിട്ടുണ്ട്. ഉദയംപേരൂർ സുന്നഹദോസ് കാനോനയിൽ എവൻഗെലി എന്ന് ഉപയോഗിച്ചിരിക്കുന്നു. "മുട്ടുംകുത്തി എവൻഗെലി പുസ്തകവും തൊട്ട്" (2-ാം മൗത്വാ, 1-ാം കാനോന) എന്ന് അതിൽക്കാണുന്നുണ്ട്.

**ഏസ്തി** "ഏസ്തി", "ഏസ്തികൂട്ടുക" എന്നീ പ്രയോഗങ്ങൾ ഇന്നും നിലനില്ക്കുന്നുണ്ട്. "ഏസ്തികൂട്ടുന്നതിന് പള്ളിക്ക് അണ 8; കപ്യാർക്ക് അണ 4" എന്ന് 1934-ലെ വരവുകളുടെ നിയമസംഗ്രഹത്തിൽ കാണാം. മേശ, പീഠം എന്നിങ്ങനെ അർത്ഥമുള്ള പോർത്തുഗീസ് വാക്കാണ് ഏസ്തി. മൃതശരീരം അല്ലെങ്കിൽ ശവമഞ്ചം വയ്ക്കാൻവേണ്ടി മേശ പിടിച്ചിട്ട് സജ്ജീകരിക്കുക എന്നാണ് ഏസ്തി കൂട്ടുക എന്നതിൻെറ അർത്ഥം. പോർത്തുഗീസിൽ എസ്തേയ്യോ (Esteio) എന്നതിനു താങ്ങ് (സപ്പോർട്ട്) എന്നർത്ഥമാണ്. എസ്താർ എന്ന പോർത്തുഗീസ് ക്രിയയ്ക്ക് ആയിരിക്കുക, നില്ക്കുക എന്നിങ്ങനെ രണ്ടർത്ഥമുണ്ട്. സംസ്കൃതത്തിലെ അസ് ധാതുവിൽ നിന്നുണ്ടായ, ആയിരിക്കുക എന്നർത്ഥമുള്ള, ക്രിയയാണത്. ഗ്രീക്കിലും ലത്തീനിലും ലിത്വേനിയനിലും അത് എസ് എന്നായിത്തീരുന്നു. ഗോഥിക് ഭാഷയിൽ ഇസ് എന്നും.

## ഒ

**ഒപ്പീസ്** മരിച്ചവർക്കുവേണ്ടി നടത്തുന്ന ഒരു പ്രാർത്ഥനാശുശ്രൂഷയ്ക്ക് മലയാളത്തിൽ ഒപ്പീസ് എന്നു പറയുന്നു. സഭ അംഗീകരിച്ച ഒരു ഔദ്യോഗിക പ്രാർത്ഥനാശുശ്രൂഷയായതുകൊണ്ടാണ് ഈ

www.malankaralibrary.com

പേരു പറയുന്നത്. യഥാർത്ഥത്തിൽ യാമപ്രാർത്ഥന (കാനോന നമസ്കാരം) ആണ് ഈ പേരിൽ അറിയപ്പെട്ടിരുന്നത്. കടമ, ഔദ്യോഗികകൃത്യം, ജോലി എന്നൊക്കെ അർത്ഥമുള്ള ഒഫീച്ചിയും (officium) എന്ന ലത്തീൻ വാക്കിൽനിന്ന് ആധുനിക യൂറോപ്യൻ ഭാഷകളിലൂടെ ഈ വാക്ക് ഇവിടെ പ്രചരിച്ചു. പോർത്തുഗീസ്, ഇറ്റാലിയൻ, സ്പാനിഷ് എന്നീ ഭാഷകളിൽ ഒഫീച്ചിയോ (oficio, officio) എന്നാണ് പദരൂപം. ഇംഗ്ലീഷിൽ ഓഫീസ് എന്നുപറയും. പോർത്തുഗീസ് ഭാഷയിൽനിന്നാണ് ഈ വാക്ക് കേരളത്തിൽ പ്രചരിച്ചത്. അവരുടെ ഒഫീച്ചിയോ നമ്മുടെ ഒപ്പീസായി മാറി.

ഒഫീച്ചിയും എന്ന ലത്തീൻവാക്കിന് സഹായിക്കൽ, സേവിക്കൽ, സന്നദ്ധസേവനം, ഔദ്യോഗിക കടമ, ഒരു മതകർമ്മാനുഷ്ഠാനം എന്നൊക്കെ അർത്ഥമുണ്ട്. ഒഫീച്ചെരെ (officere) എന്ന ക്രിയയിൽനിന്നുണ്ടായ നാമമാണത്. ആ ക്രിയയാകട്ടെ ഓബ് എന്ന ഉപസർഗവും ഫാച്ചെരെ എന്ന ക്രിയയും ചേർന്നുണ്ടായതാണ് (ഓബ്=നേരേ, വേണ്ടി, എതിരായി; ഫാച്ചെരെ = ചെയ്യുക). ഈ ക്രിയയുടെ അടിസ്ഥാന ധാതു ഫാക് (fac) ആണ്. അതിനു സംസ്കൃതത്തിലുള്ള ഭൂ, ഗ്രീക്കിലെ ഫൂ എന്നീ ധാതുക്കളുമായി ബന്ധമുണ്ട്. ആയിരിക്കുക (ഉണ്ടായിരിക്കുക) എന്നു മാത്രമല്ല നിർമ്മിക്കുക, ഉത്പാദിപ്പിക്കുക, ജനിപ്പിക്കുക എന്നിങ്ങനെയും അതിന് അർത്ഥമുണ്ട്.

**ഒപ്രുശുമ** സ്ഥൈര്യലേപനം, രോഗീലേപനം എന്നിങ്ങനെ ഇന്ന് വിളിക്കുന്ന കൂദാശകളെ അടുത്തകാലംവരെ മുമ്പിലത്തെ ഒപ്രുശുമ (ഒപ്പ് റുശ്മാ), ഒടുക്കത്തെ ഒപ്രുശുമ എന്നിങ്ങനെയാണ് വിളിച്ചിരുന്നത്. വരാപ്പുഴ ആർച്ച് ബിഷപ്പായ ബർണർദീനോസിൻെറ കല്പനപ്രകാരം 1917-ൽ എറണാകുളത്ത് അച്ചടിച്ച "വലിയ വേദോപദേശ"ത്തിലാണ് കൂദാശകളുടെ പുതിയ പേരുകൾ പ്രത്യക്ഷപ്പെടുന്നത് (ഈ പുസ്തകം റോമൻ രൂപതകളിൽ ഉപയോഗിച്ചിരുന്ന വേദോപദേശത്തിൻെറ തർജ്ജുമയാണ്. പത്താം പീയൂസ് മാർപ്പാപ്പായുടെ കല്പനപ്രകാരം 1905-ൽ വിവർത്തനം ചെയ്തു സാർവ്വത്രികമാക്കിയതുമാണ്). "കുറുവാന എന്ന ദിവ്യപൂജ" (പുറം. 144), "മാമ്മോദീസായുടെ ആവശ്യവും ജ്ഞാനസ്നാനപ്പെട്ടവരുടെ കർത്തവ്യങ്ങളും" (പുറം. 126), "ജ്ഞാനസ്നാനം, മുമ്പിലത്തെ ഒപ്രുശുമ, തിരുപ്പട്ടം" (പുറം 211), "കുമ്പസാരം അഥവാ പാപസങ്കീർത്തനം" (പുറം. 149), "അന്ത്യലേപനം (ഒടുക്കത്തെ ഒപ്രുശുമ)" (പുറം. 178), "പരിച്ഛേദനം അഥവാ ചേലാകർമ്മം" (പുറം. 223) എന്നിങ്ങനെ ആ ഗ്രന്ഥത്തിൽ കാണുന്ന ശീർഷകങ്ങളും പ്രയോഗങ്ങളും പഴയ പേരുകളോടൊപ്പം പുതിയ സംസ്കൃതപ്പേരുകളുംപ്രചരിക്കാനിടയാക്കി. 1962-ന് ശേഷംവേദപാഠപുസ്ത കങ്ങളിലൂടെ പുതിയ പേരുകൾ സ്ഥിരപ്രതിഷ്ഠ നേടുകയും ചെയ്തു.

പോർത്തുഗീസുകാരായ ഈശോസഭാ വൈദികർ ഏ.ഡി. 1554-ൽ ഭാരതീയർക്കായി അച്ചടിപ്പിച്ച കാർതില്യ എന്ന വേദോപദേശപുസ്തകത്തിൽ മുമ്പിലത്തെ ഒപ്രുശുമയ്ക്ക് ക്രിസ്മ എന്നും ഒടുക്കത്തെ ഒപ്രുശുമയ്ക്ക് എക്സ്ത്രേമാ ഉൻസനി എന്നുമാണ് എഴുതിയിട്ടുള്ളത്. ക്രിസ്മ എന്നത് ഒരു ഗ്രീക്ക്വാക്കാണ്. പൂശുക എന്നർത്ഥമുള്ള ക്രിയേയിൻ എന്ന ധാതുവിൽനിന്നുണ്ടായതുമാണ്. പവിത്രീകൃതമായ എണ്ണ, പൂശൽ,

www.malankaralibrary.com

സ്ഥൈര്യലേപനം എന്നിങ്ങനെയാണ് ക്രിസ്മായുടെ അർത്ഥം. ഇംഗ്ലീഷിൽ ക്രിസം എന്നുപറയും. എക്സ്ത്രേമാ എന്ന ലത്തീൻ വിശേഷണപദത്തിന് അവസാനത്തേതെന്നർത്ഥം. ഉൻസനി എന്നത് ഉൻസാഓ എന്ന പോർത്തുഗീസ് പദത്തിന്റെ ഒരു കൃത്രിമരൂപമാണ്. പൂശുക എന്നർത്ഥമുള്ള ഉൻജെരെ എന്ന ലത്തീൻ ക്രിയയിൽ നിന്നുണ്ടായ പദമാണ് ഉൻസാഓ. പൂശുക (ലേപനം ചെയ്യുക) എന്നർത്ഥമുള്ള അഞ്ജ് എന്ന പ്രാചീന ഇൻഡോ ആര്യൻ ധാതുവിൽ നിന്നാണ് അതിന്റെ വരവ് (അങ്ക എന്ന ധാതുവിനും അതേ അർത്ഥമുണ്ട്). ലത്തീനിൽ ഉങ്സിയോ (ഇംഗ്ലീഷിൽ unction) എന്ന ക്രിയാനാമമാണ് പോർത്തുഗീസിലെ ഉൻസാഓ. കാർതില്യയിൽ ഗ്രീക്കിലും ലത്തീനിലും പോർത്തുഗീസിലുമുള്ള ഏറെ പദങ്ങളുണ്ട്. അവയിൽ മിക്കതും ഭാരതത്തിൽ ലുപ്തപ്രചാരങ്ങളായി: അതിന്റെ കാരണം, ഏ.ഡി. 1700 മുതൽ ഇവിടെ കർമ്മലീത്താ മിഷണറിമാർ രചിച്ച വേദപാഠപുസ്തകങ്ങളിൽ കഴിയുന്നത്ര പഴയ സുറിയാനി പദങ്ങളും തമിഴ്പദങ്ങളും സ്വീകരിച്ചു എന്നതാണ്. അവരുടെ വേദപാഠപുസ്തകങ്ങളാണ് ഈ നൂറ്റാണ്ടിന്റെ ആദിമഘട്ടംവരെ ഇവിടെ ഉപയോഗിച്ചിരുന്നത്. അവയിൽ മുമ്പിലത്തെ ഒപ്രുശുമാ, ഒടുക്കത്തെ ഒപ്രുശുമാ എന്നീ പേരുകൾ കാണാം. ഏ.ഡി. 1599-ൽ നടന്ന ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകളിൽ ഒപ്രുശുമാ എന്നാണ് പറയുന്നത്. "മുൻപിലത്തെ ഒപ്രുശുമ ആകിന രണ്ടാം കൂദാശെടെ പൊരുൾ" എന്നാണ് അതിലെ ഒരു ഉപശീർഷകം (1-ാം മൗത്വാ, 3-ാം യോഗവിജാരം).

ഒപ്രുശുമാ എന്നത് ഒരു സമസ്തപദമാണ്. രണ്ടു ഭാഷകളിലെ പദങ്ങളാണ് അതിലുള്ളത്, ഒപ്പ് എന്ന മലയാളപദവും റുശ്മാ എന്ന സുറിയാനിപ്പദവും. ഒപ്പുക എന്ന ധാതുവിന് മൃദുവായി തൊടുക, എണ്ണയും മറ്റും ഒപ്പിയെടുക്കുക, എണ്ണ പൂശുക എന്നിങ്ങനെയാണ് അർണോസ് പാതിരിയുടെ മലയാളം പോർത്തുഗീസ് നിഘണ്ടുവിൽ അർത്ഥം കൊടുത്തിട്ടുള്ളത്. ഈ നിഘണ്ടു 1710-നോടടുത്ത് നിർമ്മിച്ചതാണ്. ഇതേ കാലഘട്ടത്തിൽ വരാപ്പുഴയിലുണ്ടായിരുന്ന കർമ്മലീത്താ മിഷണറിമാർ രചിച്ച നിഘണ്ടുക്കളിലും ഈ വാക്കുണ്ട്. തെപ്പോസ്, അമദാസിയുസ് എന്നീ മിഷണറിമാർ 1733-ൽ രചിച്ച നിഘണ്ടുവിൽ ഒപ്രുശുമാ, മുമ്പിലത്തെ ഒപ്രുശുമാ, ഒടുക്കത്തെ ഒപ്രുശുമാ എന്നീ വാക്കുകൾ കൊടുത്തിട്ടുണ്ട്. ഒപ്പ് എന്നതിന് അടയാളം (sign) എന്ന അർത്ഥവും അതിൽ കൊടുത്തിരിക്കുന്നു. വരാപ്പുഴ മിഷണറിമാരുടെ നിഘണ്ടുക്കളിലെ പദങ്ങൾ പ്രാചീനതമങ്ങളാണ്. അവരാണ് ആദ്യമായി മലയാളഭാഷയ്ക്ക് നിഘണ്ടുക്കളും വ്യാകരണങ്ങളും നിർമ്മിച്ചത്. ഗുണ്ടർട്ട് തന്റെ നിഘണ്ടുനിർമ്മാണത്തിൽ വരാപ്പുഴ മിഷണറിമാരുടെ നിഘണ്ടുക്കൾ ഉപയോഗിച്ചെങ്കിലും കേരള ക്രൈസ്തവരുടെയിടയിലുള്ള പല വാക്കുകളും അദ്ദേഹം ഉപേക്ഷിച്ചുകളഞ്ഞിട്ടുണ്ട്. ഒപ്പ് എന്ന വാക്കിന് ആശീർവാദം എന്നൊരർത്ഥം കൂടിയുണ്ടെന്ന് വരാപ്പുഴ മിഷണറിമാരുടെ ഗ്രന്ഥങ്ങളിൽ നിന്ന് വ്യക്തമാകുന്നു.

റുശ്മാ എന്ന നാമത്തിന് അടയാളം, അടയാളമിടൽ, കുറിക്കൽ, കുദാശ എന്നൊക്കെയാണർത്ഥം. റ്ശം എന്ന സുറിയാനി ക്രിയാധാതുവിൽനിന്നുണ്ടായ

www.malankaralibrary.com

വാക്കാണത്. കുരിശിന്റെ ആകൃതിയിൽ കൈ ചലിപ്പിച്ച് ആശീർവദിക്കുന്നതിന് റുശ്മ എന്നാണല്ലോ പറയുന്നത്. ആശീർവാദം എന്നത് ഒരു സംസ്കൃത സമസ്ത പദമാണ്. മലയാളികൾ അതിന് ഒപ്പുകുത്ത് എന്നാണ് പറഞ്ഞിരുന്നത്. ഏ.ഡി. 1600-ൽ സുറിയാനിക്കുർബാന മലയാളത്തിലേക്കും ലത്തീനിലേക്കും തർജ്ജുമ ചെയ്തിട്ടുണ്ട്. "ശ്ലീഹന്മാരുടെ കൂദാശാ" എന്നാണ് അതിന്റെ പേര്. മിഷണറിമാർ നടത്തിയ വിവർത്തനമാണത് (അതിന്റെ കോപ്പി പാരീസിലെ നാഷണൽ ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുണ്ട്). ആ പുസ്തകത്തിൽ ശെമ്മാശിന് (കുർബാനയിൽ സഹായിക്കുന്ന ശുശ്രൂഷിക്ക്) നല്കുന്ന ആശീർവാദത്തെപ്പറ്റി "ഒപ്പുകുത്ത" (= ഒപ്പുകുത്ത്) എന്നു പറഞ്ഞിരിക്കുന്നു. ലത്തീനിലേക്കുള്ള അതിന്റെ തർജ്ജുമ obsignatio seu ultima benedictio എന്നാണ് (ഒബ്സിഗ്നാസിയോ = അടയാളപ്പെടുത്തൽ; സെവു = അഥവാ; ഉൾത്തിമാ = അവസാനത്തെ; ബനദിക്സിയോ = ആശീർവാദം). കുർബാനയിലെ അവസാനത്തെ പ്രാർത്ഥനയോടുകൂടിയ (ഹുത്താമ്മ) ആശീർവാദത്തെപ്പറ്റി അതിൽ പറയുന്നു: "മദുബഹായുടെ ബാതിൽമെൽത്താൻ ഒപ്പുകുത്തിച്ചൊല്ലുന്നു". മദുബഹയുടെ വാതുക്കൽനിന്ന് ആശീർവദിച്ചുകൊണ്ട് ചൊല്ലുന്നു എന്നാണ് അതിന്റെ സാരം. ആ പ്രാർത്ഥനയുടെ അവസാനം കൈ കുരിശാകൃതിയിൽ ചലിപ്പിച്ച് ആശീർവദിക്കും. ആ ആശീർവാദത്തെപ്പറ്റി "അവരുടെ മെൽത്താൻ റുശ്മാ ചെയ്യുന്നു" എന്നാണ് എഴുതിയിട്ടുള്ളത്. അതിന്റെ ലത്തീൻ വിവർത്തനമാകട്ടെ benedicit populos എന്നാണ് (ബെനെദീച്ചിത്ത് = ആശീർവദിക്കുന്നു; പോപ്പുളോസ്=ജനങ്ങളെ).

അങ്ങനെ, ആശീർവാദം, അടയാളപ്പെടുത്തൽ എന്നൊക്കെ അർത്ഥമുള്ള ഒപ്പുകുത്ത് എന്ന സമസ്തപദത്തിലെ ഒപ്പ് എന്ന വാക്കും അതേ അർത്ഥമുള്ള റുശ്മാ എന്ന വാക്കും കൂട്ടിച്ചേർത്തുള്ള പ്രയോഗമാണ് ഒപ്രുശുമാ. തൈലാഭിഷേകം, തൈലംകൊണ്ടുള്ള അടയാളപ്പെടുത്തൽ എന്നു മാത്രമല്ല അതിനർത്ഥമുള്ളത് എന്നതു വ്യക്തമാണ്. പ്രാർത്ഥനയോടുകൂടിയ ആശീർവാദം, പൂശൽ, അടയാളപ്പെടുത്തൽ എന്നൊക്കെ അതിന് അർത്ഥം പറയാം. ഇപ്പോൾ സാധാരണമായി ഉപയോഗിക്കുന്ന സ്ഥൈര്യലേപനം എന്ന വാക്കിന്, ഉറപ്പിനു (സ്ഥൈര്യം) വേണ്ടിയുള്ള ലേപനം (പൂശൽ) എന്നാണർത്ഥം.

# ഓ

**ഓക്സിയോസ് (ആക്സിയോസ്)** യോഗ്യൻ, അർഹൻ എന്നിങ്ങനെ അർത്ഥമുള്ള ഓക്സിയോസ് (ആക്സിയോസ്) എന്ന ഗ്രീക്ക് പ്രയോഗം 19-ാം നൂറ്റാണ്ടിൽ അന്ത്യോക്യൻ ആരാധനാക്രമത്തോടൊപ്പം കേരള ക്രൈസ്തവ സാഹിത്യത്തിലേക്ക് കടന്നു. ഓക്സിയോസ് എന്ന് ഉച്ചരിക്കുന്നുണ്ടെങ്കിലും നിഷ്കൃഷ്ടമായ ഉച്ചാരണം ആക്സിയോസ് എന്നാണ്. ആൽഫ, ക്സി, ഇയോത്ത, ഒമിക്രോൺ, സിഗ്മ എന്നീ അക്ഷരങ്ങൾ ഉപയോഗിച്ചാണ് ഗ്രീക്കിൽ അതെഴുതുന്നത്. ഇംഗ്ലീഷിൽ Axios എന്ന് എഴുതും.

മതപരമായ ഒരു പദവി ലഭിക്കുന്ന ഒരു വ്യക്തിയെ കസേരയിലിരുത്തി എടുത്തുയർത്തിക്കൊണ്ട് ഓക്സിയോസ് എന്ന് ഉച്ചത്തിൽ പറയുന്നു. സമൂഹത്തിന്റെ അംഗീകാരമാണ് അത് സൂചിപ്പിക്കുന്നത്. അന്ത്യോക്യൻ ക്രമത്തിലു

www.malankaralibrary.com

ള്ള ഒരാചാരമാണിത്. ഒരു മലയാള ഗ്രന്ഥത്തിൽ ഇങ്ങനെ കാണുന്നു: "മലങ്കര നിന്നു ശീമയിൽചെന്ന് മെത്രാൻപട്ടം ഏറ്റവരെ കസാലയിലിരുത്തി ഉയർത്തി ഓക്സിയോസ് ചൊല്ലാൻ ശീമക്കാർ തയ്യാറാകാത്തത് മെത്രാൻസ്ഥാനം പ്രാപിച്ചയാളെ അധഃകൃതനായി അവർ എണ്ണുന്നതുകൊണ്ടാണ്" (സെഡ്. എം. പാറേട്ട്, മുളന്തുരുത്തി സുനഹദോസ്, കോട്ടയം, 1966, പുറം 182).

ആക്സിയോസ് എന്ന ഗ്രീക്ക് വിശേഷണപദത്തിന് വിലയുള്ള എന്നൊരർത്ഥംകൂടിയുണ്ട്. ഇംഗ്ലീഷിൽ ആക്സിയോളജി എന്നതിന് മൂല്യങ്ങളെ സംബന്ധിച്ച ശാസ്ത്രം എന്നാണല്ലോ അർത്ഥം.

ഭാരതീയരെ സംബന്ധിച്ചിടത്തോളം ആക്സിയോസ് (ഓക്സിയോസ്) എന്ന പ്രയോഗം അന്യമെന്ന് പറയാനാവുകയില്ല. സംസ്കൃതത്തിലെ അക്ഷഃ എന്ന പദമാണ് അതിന്റെ മൂലരൂപം. ലിത്വേനിയൻ ഭാഷയിൽ അത് അസ്സീസ് എന്നു രൂപം മാറിയിരിക്കുന്നു. ഇംഗ്ലീഷിലെ ആക്സിസ്, ആക്സിൽ (axis, axle) എന്നിവയും നോക്കുക. ലത്തീനിലും ആക്സിസ് എന്ന് പ്രയോഗിക്കും. ആജെരെ (ആഗോ=ഞാൻ ചലിക്കുന്നു, ഞാൻ പ്രവർത്തിക്കുന്നു) എന്ന ക്രിയ ചലനത്തെയും പ്രവർത്തനത്തെയും സൂചിപ്പിക്കുന്നു. അക്ഷഃ എന്നപദം മലയാളത്തിൽ അച്ച് എന്നായി (അച്ചുതണ്ട് എന്ന പ്രയോഗം ഓർമ്മിക്കുക).

ഗ്രീക്കിൽ അഗെയിൻ, ആക്സിയൊവുൻ എന്നീ ക്രിയകൾക്ക് നയിക്കുക, തൂക്കിനോക്കുക, യോഗ്യമെന്ന് കരുതുക എന്നൊക്കെയാണർത്ഥം. ആക്സോൺ എന്നതിന് അച്ചുതണ്ടെന്നാണർത്ഥം. അങ്ങനെ അക്ഷഃ എന്ന പദം ഇൻഡോയുറോപ്യൻ ഭാഷകളിലെല്ലാം പരസ്പരബന്ധിതങ്ങളായ അർത്ഥങ്ങളോടുകൂടി രൂപമാറ്റങ്ങളോടെ നിലനില്ക്കുന്നു.

**ഓർത്തഡോക്സ്** ഓർത്തഡോക്സ് (Orthodox) എന്ന പദം മലയാളികൾക്ക് സുപരിചിതമാണ്. കേരളത്തിലെ യാക്കോബായാ സുറിയാനി സഭയിലെ ഒരു വിഭാഗക്കാർ 1934-ൽ ഓർത്തോഡോക്സ് എന്ന വിശേഷണം തങ്ങളുടെ സഭയോട് ഔദ്യോഗികമായി കൂട്ടിച്ചേർക്കുകയും അങ്ങനെ "ഓർത്തോഡോക്സ് സുറിയാനി സഭ" എന്നൊരു വിഭാഗം ഇവിടെ ഉണ്ടാവുകയും ചെയ്തു.

ഗ്രീക്ക് ഭാഷയിൽനിന്ന് ലത്തീനിലൂടെ ഇംഗ്ലീഷിലെത്തിയ പദമാണ് ഓർത്തോഡോക്സ്. ഗ്രീക്കിൽ ഓർത്തോദോക്സോസ് എന്നും ലത്തീനിൽ ഓർത്തോദോക്സൂസ് എന്നും ഫ്രഞ്ചിൽ ഓർത്തോഡോക്സേ എന്നുമാണ് ഈ പദത്തിന്റെ രൂപങ്ങൾ (ഗ്രീക്കിലേയും ലത്തീനിലേയും ദ കാരം ആധുനിക യൂറോപ്യൻ ഭാഷകളിൽ ഡ കാരമായി മാറി). ശരിയായ അഭിപ്രായം അല്ലെങ്കിൽ സിദ്ധാന്തം ഉള്ളത് എന്നാണ് ഇതിന്റെ വാച്യാർത്ഥം. നേരായ പ്രബോധനമുള്ളത്, യഥാർത്ഥ സിദ്ധാന്തങ്ങളുള്ളത്, ആദിമ (യഥാർത്ഥ) പ്രബോധനത്തിൽ ഉറച്ചുനില്ക്കുന്നത് എന്നൊക്കെയാണ് ഇതിന്റെ സാമാന്യമായ അർത്ഥം.

കൽക്കദോനിയ സൂനഹദോസിന് ശേഷം (ഏ.ഡി. 451) റോമൻ റീത്തിലും ബൈസൻടൈയിൻ (കോൺസ്റ്റാൻറിനോപ്പിൾ) റീത്തിലുംപെട്ട സഭകൾ എല്ലാം ഓർത്തോഡോക്സോസ് (ലത്തീനിൽ ഓർത്തോദോക്സൂസ്) എന്നു സ്വയം വിശേഷിപ്പിച്ചു: എഫേസൂസ്, കൽക്കദോനിയ എന്നീ സ്ഥലങ്ങളിൽവച്ചു

www.malankaralibrary.com

നടന്ന സാർവ്വത്രിക സൂനഹദോസുകളിലെ പ്രബോധനങ്ങളും നിർവചനങ്ങളും അംഗീകരിച്ചവർ (പാഷണ്ഡതയെ തള്ളിക്കളഞ്ഞവർ) എന്നായിരുന്നു അതുകൊണ്ട് അവർ ഉദ്ദേശിച്ചത്. റോമൻ സഭ ആ വിശേഷണം പില്ക്കാലത്ത് ഉപയോഗിക്കാതെയായി. പകരം കത്തോലിക്ക എന്ന വിശേഷണം ഉപയോഗിച്ചുപോന്നു. എന്നാൽ പതിനൊന്നാം നൂറ്റാണ്ടു മുതൽ റോമുമായുള്ള ബന്ധം, മാർപാപ്പയുടെ പരമാധികാരം അംഗീകരിക്കായ്കമൂലം, വിച്ഛേദിച്ച കിഴക്കൻസഭകൾ ഈ വിശേഷണം സ്ഥിരമായി ഉപയോഗിച്ചു. ആദിമകാല സൂനഹദോസുകളിലെ പ്രബോധനങ്ങൾ സ്വീകരിക്കുന്നവർ എന്നാണ് ആ വിശേഷണം കൊണ്ട് അവർ ഉദ്ദേശിച്ചത്.

ഏ.ഡി. 431-ൽ നടന്ന എഫേസൂസ് സൂനഹദോസിലെ പ്രബോധനങ്ങൾ അംഗീകരിക്കുകയും ഏ.ഡി. 451-ലെ കൽക്കദോനിയാ സൂനഹദോസിലോ പിൽക്കാലങ്ങളിലുണ്ടായ സൂനഹദോസുകളിലോ ക്രോഡീകരിക്കപ്പെട്ട സിദ്ധാന്തങ്ങളെ തിരസ്കരിക്കുകയും ചെയ്യുന്ന കോപ്റ്റിക്, അർമേനിയൻ, എത്യോപ്യൻ മുതലായ സഭകളും ഓർത്തഡോക്സ് എന്ന വിശേഷണം ഉപയോഗിക്കുന്നു. കത്തോലിക്കാ സഭയിൽ പിൽക്കാലത്ത് അനേകം സൂനഹദോസുകളുണ്ടാവുകയും അനേകം വിശ്വാസസത്യങ്ങൾ പ്രഖ്യാപിക്കപ്പെടുകയും ചെയ്തു.

അങ്ങനെ, ഓർത്തോഡോക്സ് എന്നതിന്, ആദിമകാല സൂനഹദോസുകളിൽ നിർവചിക്കപ്പെട്ട സിദ്ധാന്തങ്ങൾ മാത്രം സ്വീകരിക്കുന്നത് എന്നാണ് ചരിത്രപരമായ അർത്ഥം. കോൺസ്റ്റാൻറിനോപ്പിൾ (ബൈസൻടൈൻ), അലക്സാണ്ഡ്രിയ, അന്ത്യോക്യ, ജറുസലെം, സീനായി, സൈപ്രസ്, റഷ്യ, ഗ്രീസ്, ബൾഗേറിയ, യുഗോസ്ലാവിയ (സേർബീയ) റുമേനിയ, എന്നിവിടങ്ങളിൽ ഓർത്തോഡോക്സ് സഭകളുണ്ട്. അമേരിക്കയിലും (1927), കേരളത്തിലും (1934) ഈ നൂറ്റാണ്ടിൽ ഓർത്തോഡോക്സ് എന്ന പേരുള്ള സഭകളുണ്ടായി.

ഒരു സമസ്തപദമാണ് ഓർത്തോദോക്സോസ്. ഓർത്തോസ്, ദോക്സോസ് എന്നിവയാണ് ഘടകപദങ്ങൾ. നേരേ നില്ക്കുന്നത്, ചൊവ്വായത്, സത്യമായത്, യഥാർത്ഥമായത് എന്നൊക്കെയാണ് ഓർത്തോസിൻെറ അർത്ഥം. ഇത് സംസ്കൃതത്തിലെ ഊർദ്ധ്വ എന്ന വിശേഷണവുമായി ബന്ധപ്പെട്ടിരിക്കുന്നു. അതാകട്ടെ, വളരുക, മഹത്വപ്പെടുക എന്നൊക്കെ അർത്ഥമുള്ള വൃദ്ധ് എന്ന സംസ്കൃത ധാതുവുമായി ബന്ധപ്പെട്ടിരിക്കുന്നു.

'ദോക്സോസ് എന്ന വിശേഷണത്തിന് അഭിപ്രായമുള്ളത്, പ്രബോധനമുള്ളത്, വിധിയുള്ളത്, സിദ്ധാന്തമുള്ളത് എന്നൊക്കെയാണർത്ഥം. അഭിപ്രായം എന്നർത്ഥമുള്ള ദോക്സാ എന്ന വാക്കിൽനിന്നാണ് അതിൻെറ വരവ്. അതാകട്ടെ, ദൊക്കെയിൻ എന്ന ക്രിയയിൽ നിന്നു വരുന്നു. ചിന്തിക്കുക, തോന്നുക, പഠിപ്പിക്കുക എന്നൊക്കെയാണ് ആ ക്രിയയുടെ അർത്ഥം. അതിൻെറ ധാതു ദോക് എന്നാണ് (ദോഗ് എന്ന രൂപവുമുണ്ടാകും). ലത്തീൻ ഭാഷയിലെ ദിക് (=പറയുക, ചൂണ്ടിക്കാണിക്കുക, പ്രഘോഷിക്കുക), ദോക് (=പഠിപ്പിക്കുക) എന്നീ ധാതുക്കളും ഇതുമായി ബന്ധപ്പെട്ടവയാണ്. ഗ്രീക്കിൽത്തന്നെ പഠിപ്പിക്കുക എന്നർത്ഥമുള്ള ദെയ്ക് (Deik) എന്നൊരു ധാതുവുമുണ്ട്. കൂടാതെ, ദാഒ (dao) എന്നൊരു പ്രാചീന ധാതുവും ഗ്രീ

www.malankaralibrary.com

ക്കിലുണ്ട്. അതിൽനിന്ന് ദിദസ്ക്കോ എന്നൊരു ക്രിയയുണ്ടായിട്ടുണ്ട്. തീവ്രത, ആവർത്തനം എന്നിവയെ സുചിപ്പിക്കുന്ന രൂപമാണ് ദിദസ്ക്കോ [സംസ്കൃതത്തിലും ഈ ക്രിയാപരിവർത്തന സമ്പ്രദായമുണ്ട്. വ്യഞ്ജനങ്ങൾകൊണ്ട് തുടങ്ങുന്ന ഏകാക്ഷരധാതുക്കൾക്ക് ഇ പ്രകാരം രുപഭേദം വരുത്താം. ചർക്കരീതം എന്നും യങന്തം എന്നും ഇതിന് പറയും. ഭു(=ആയിരിക്കുക, ഉണ്ടായിരിക്കുക) എന്ന ധാതു ബുഭൂയ (ബോഭൂയ) എന്നും നീ (=നയിക്കുക) എന്ന ധാതു നനീയ (നേനീയ) എന്നും ആയിത്തീരുന്നത് ഇതിനുദാഹരണങ്ങളാണ്].

ഗ്രീക്കിലെ ദോക് (ദോഗ്) എന്ന ധാതു സംസ്കൃതത്തിലെ ദിശ് എന്ന ധാതുവുമായി ബന്ധമുള്ളതാണ്. ആദേശിക്കുക, ഉപദേശിക്കുക, നിർദ്ദേശിക്കുക, ഉദ്ദേശിക്കുക മുതലായ ക്രിയകൾ നോക്കുക. ചൂണ്ടിക്കാണിക്കുക, ചൂണ്ടിക്കാണിച്ച് പഠിപ്പിക്കുക എന്നൊക്കെയാണ് ദിശ് ധാതുവിൻെറ അർത്ഥം (ക കാരം ശ കാരമാകും. ദിശ്-ദിക്; ദൃശ്-ദൃക്; വച്-വക്; വാക്-വാച് മുതലായവ ഉദാഹരണങ്ങൾ. ഗ്രീക്കിൽ ശകാരമോ ച വർഗ്ഗമോ ഇല്ല).

സംസ്കൃതത്തിൽ ചില സ്ഥാനങ്ങളിൽ ക വർഗ്ഗം ച വർഗ്ഗമായി അഥവാ താലവ്യ വ്യഞ്ജനങ്ങളായി പരിണമിക്കുകയാണ് വാസ്തവത്തിൽ സംഭവിച്ചത്. ആദിമ ആര്യഭാഷയിൽ താലവ്യങ്ങൾ ഇല്ലായിരുന്നു എന്നതിന് ഗ്രീക്കിൽ അവ കാണാനില്ലെന്നതുതന്നെ തെളിവായി കരുതാവുന്നതാണ്.

ഗ്രീക്കിലെ ദോക് (ദോഗ്) ധാതുവിൽനിന്നാണ് ദോഗ്മ (dogma) എന്ന പദമുണ്ടാകുന്നത്. സിദ്ധാന്തം എന്നർത്ഥം. ദേശ്മം എന്ന് അതിന് സംസ്കൃതത്തിൽ പറയാം. ഗ്രീക്കിലെ ദോഗ്മേസിസിന് അഭിപ്രായം എന്നാണ് പ്രഥമാർത്ഥം. സിദ്ധാന്തം എന്നും പ്രബോധനമെന്നും അതിന് അർത്ഥം വന്നുകുടി. ദിദെസ്കാലിയ എന്ന വാക്കിന് പ്രബോധനം എന്നർത്ഥമാണ്.

കേരളത്തിൽ സത്യവിശ്വാസം, (യഥാർത്ഥമതം) എന്ന അർത്ഥത്തിൽ പൗരാണിക കാലം മുതലേ ത്റീസാ എന്ന കൽദായാ (കിഴക്കൻ) സുറിയാനിപ്പദം ഉപയോഗിച്ചിരുന്നു. തരീസാ പള്ളി, തരിതായ്കൾ എന്നൊക്കെയുള്ള പ്രയോഗങ്ങൾ നോക്കുക. ഏ.ഡി. 1709-ൽ അന്ത്യോക്യാപാത്രിയാർക്കീസിന് ഇവിടത്തെ യാക്കോബായാ മെത്രാൻ മാർത്തോമ്മാ 4-ാമൻ എഴുതിയ ഒരു കത്തിൽ "പൗരാണികവും സത്യവിശ്വാസമുള്ളതുമായ സുറിയാനി ക്രിസ്ത്യാനികളുടെ ബലഹീനനായ തോമാ" എന്നു കാണാം. 'സ്തുതി ചൊവ്വാകപ്പെട്ട' എന്നൊരുപ്രയോഗം കഴിഞ്ഞ നൂറ്റാണ്ടിൽ ഉണ്ടായിട്ടുണ്ട്. ത്രീസസ് ശുഹാ എന്നതിൻെറ തർജ്ജുമയാണത്. (ശുഹാ=സ്തുതി, ആരാധന; ത്രീസസ്= നേരായ). (തരീസാപള്ളി, തരുതായ്കൾ എന്നീ വാക്കുകൾകൂടി നോക്കുക)

**ഓസ്തി** ബലിവസ്തു എന്നർത്ഥമുള്ള ഹോസ്തിയാ (hostia) എന്ന വാക്കാണ് മലയാളത്തിൽ ഓസ്തി എന്നായത്. ലത്തീനിൽ ഹോസ്തിയ എന്ന വാക്കിന് ബലിചെയ്യപ്പെട്ട മൃഗം, ബലിവസ്തു, ബലി എന്നൊക്കെ അർത്ഥമുണ്ട്. ഹോസ്തീരെ എന്ന ലത്തീൻക്രിയയ്ക്ക് അടിക്കുക എന്നർത്ഥമാണ്. ഹോസ്തിലിസ് (ഇംഗ്ലീഷിലെ hostile) എന്നതിന് ശത്രു, ഭക്ഷണത്തെ സംബന്ധിച്ചത് എന്നൊക്കെ അർത്ഥമുണ്ട്. കുർബാനയ്ക്ക് ഉപയോഗിക്കുന്ന അപ്പ

www.malankaralibrary.com

മെന്നാണ് ക്രൈസ്തവര്‍ ഓസ്തി എന്ന പദംകൊണ്ട് ഉദ്ദേശിക്കുന്നത്. ബലി വസ്തുവായിത്തീര്‍ന്ന ക്രിസ്തു എന്ന ഒരര്‍ത്ഥം അത് ദ്യോതിപ്പിക്കുന്നു. ഇംഗ്ലീഷില്‍ ഓസ്തിക്ക് ഹോസ്റ്റ് എന്നു പറയാറുണ്ട്. ആ ഭാഷയില്‍ അതിന് മൂന്ന് വ്യത്യസ്ത സൂചനകളുണ്ട് - സമൂഹം (സൈന്യസമൂഹം), ആതിഥേയന്‍, ബലിവസ്തു എന്നിങ്ങനെ. ആതിഥേയന്‍ എന്ന അര്‍ത്ഥത്തിലുള്ള ഹോസ്റ്റ് ലത്തീന്‍ ഭാഷയിലെ ഹൊസ്പെസ് എന്ന ധാതുവില്‍നിന്ന് വരുന്നതാണ്. ബലിവസ്തു എന്ന അര്‍ത്ഥത്തിലുള്ള ഹോസ്റ്റ് ആകട്ടെ ഹോസ്തിയ എന്ന ലത്തീന്‍ വാക്കില്‍നിന്നു വരുന്നതാണ്. സമൂഹം എന്ന അര്‍ത്ഥത്തിലുള്ള ഹോസ്റ്റ് ലത്തീനിലെ ഹോസ്തിസ് (ശത്രു) എന്ന പദത്തില്‍നിന്നു വരുന്നു. ഹോസ്തിയ, ഹോസ്തിസ് എന്നിവയുടെ ധാതുക്കള്‍ ഒന്നുതന്നെ. ഹോസ്പെസ് എന്ന ധാതു വ്യത്യസ്തമാണ്. ഭക്ഷിക്കുക എന്നര്‍ത്ഥമുള്ള ഘസ് എന്ന സംസ്കൃതധാതുവുമായി അതിന് ബന്ധമുണ്ടായിരിക്കണം.

## ഓസ്തിയാര്‍ (ഓസ്തിയാരി)

വാതില്‍ കാവല്‍ക്കാരന്‍ എന്നര്‍ത്ഥമുള്ള ഓസ്തിയാരിയൂസ് (ostiarius) എന്ന ലത്തീന്‍വാക്കില്‍നിന്നാണ്, ഓസ്തിയാര്, ഓസ്തിയാര്‍, ഓസ്തിയാരി എന്നീ പ്രയോഗങ്ങളുണ്ടായത്. പൗരോഹിത്യ പദവിയിലേക്കുള്ള പല പടികളില്‍ (പട്ടങ്ങളില്‍) ഒന്നാംപടിക്ക് (ഒന്നാം പട്ടത്തിന്) ഓസ്തിയാരിയാത്തൂസ് എന്നും ഒന്നാം പടിയിലെത്തിയവനെ ഓസ്തിയാരിയൂസ് എന്നുമാണ് ലത്തീനില്‍ പറയുന്നത് (സുറിയാനിയില്‍ ഒന്നാം പടിക്ക് തറാഊസ എന്നും ഒന്നാംപടിയിലെത്തിയവനെ തറായാ എന്നും പറയുന്നു (തറാ എന്നതിന് വാതില്‍ എന്നും തറായാ എന്നതിന് വാതില്‍ കാവല്‍ക്കാരനെന്നും തറഊസ എന്നതിന് വാതില്‍ കാവല്‍ക്കാരന്‍റെ ജോലി എന്നുമാണ് അര്‍ത്ഥം).

ലത്തീനില്‍ ഓസ്തിയും എന്നതിന് കവാടം (പ്രവേശനദ്വാരം) എന്നും ഓസ്തിയാരിയും എന്നതിന് പ്രവേശന കവാടത്തെ സംബന്ധിച്ച എന്നുമാണ് നിഷ്കൃഷ്ടാര്‍ത്ഥങ്ങള്‍. ക്രൈസ്തവമത സാഹിത്യത്തില്‍ ഓസ്തിയാരിയൂസ് (ഊസ് പുല്ലിംഗരൂപമാണ്) എന്നതിന് പള്ളിവാതില്‍ സൂക്ഷിക്കുന്നവന്‍, പള്ളി സൂക്ഷിക്കുന്നവന്‍ എന്നിങ്ങനെയാണര്‍ത്ഥം. പള്ളിയുടെ വാതില്‍ അടച്ചുപൂട്ടുകയും തുറന്നുകൊടുക്കുകയും ചെയ്യുക, അയോഗ്യരെ പ്രവേശിപ്പിക്കാതിരിക്കുകയും യോഗ്യരെ പ്രവേശിപ്പിക്കുകയും ചെയ്യുക, മണിയടിച്ച് ആളുകളെ പ്രാര്‍ത്ഥനയ്ക്കും തിരുക്കര്‍മ്മങ്ങള്‍ക്കും വിളിച്ചുകൂട്ടുക (പൗരാണിക കാലത്ത് ചെമ്മദോര്‍ എന്ന ഉദ്യോഗസ്ഥന്‍ ആളുകളെ വിളിച്ചുകൂട്ടിയിരുന്നു), പള്ളിയില്‍ അനാചാരങ്ങള്‍ ഉണ്ടാകാതെ സുക്ഷിക്കുക, ദൈവാരാധന സംബന്ധമായ പള്ളിവസ്തുക്കള്‍ വിശ്വസ്തതയോടെ കാത്തുസൂക്ഷിക്കുക എന്നതൊക്കെയാണ് ഓസ്തിയാരുടെ കടമകള്‍. ഒരാളെ ഓസ്തിയാരിയുസ് പദവിയിലേക്ക് (ഒന്നാംപട്ടത്തിലേക്ക്) പ്രവേശിപ്പിക്കുമ്പോള്‍, പള്ളിയുടെ താക്കോലുകള്‍ നല്കിക്കൊണ്ട് മെത്രാന്‍ പറയുന്നു: “ഈ താക്കോലുകളാല്‍ പൂട്ടിസൂക്ഷിക്കപ്പെടുന്ന വസ്തുക്കളെ സംബന്ധിച്ച് ദൈവതിരുമുമ്പാകെ കണക്കുബോധിപ്പിക്കേണ്ടിവരും. അതുകൊണ്ട് അവയെ ശ്രദ്ധാപൂര്‍വ്വം കാത്തുസൂക്ഷിക്കുക” (സന്മാര്‍ഗ്ഗശാസ്ത്ര സംക്ഷേപം, വരാപ്പുഴ, 1887, 2-ാം പുസ്തകം, പുറം 272).

www.malankaralibrary.com

ഇന്ന് ഓസ്തിയാരുടെ ജോലി കപ്യാരാണ് നിർവഹിക്കുന്നത്. പണ്ട് പള്ളികളിൽ പട്ടമേറ്റ ശുശ്രൂഷികൾ ചെയ്തിരുന്ന ജോലികളെല്ലാം തന്നെ ഇന്ന് അല്മായരാണല്ലോ ചെയ്യുന്നത്. പട്ടമേറ്റവരുടെ അഭാവത്തിൽ മേലദ്ധ്യക്ഷൻ അല്മായരെ ആ ജോലികൾ ഏല്പിക്കുകയാണ്.

**ഓറൈത്താ** ബൈബിളിലെ ആദ്യത്തെ അഞ്ചു പുസ്തകങ്ങൾക്ക് (തോറ) പറയുന്ന കൽദായാ സുറിയാനിപ്പേരാണ് ഓറൈത്താ. കേരള ക്രിസ്ത്യാനികൾ പണ്ടുമുതലേ ഈ പേരാണ് പറഞ്ഞു വരുന്നത്. നിയമം എന്നാണ് ഇതിൻെറ അർത്ഥം. ആ ഒ റ് ആ എന്ന ധാതുവിന് അറിയിച്ചു, തിട്ടപ്പെടുത്തി എന്നിങ്ങനെ അർത്ഥമുണ്ട്. ആ ക്രിയയിൽനിന്നാണ് ഓറൈത്താ എന്ന നാമമുണ്ടായത്.

## ക

**കച്ചതഴുകൽ** തെക്കുംഭാഗർ (ക്നാനായാക്കാർ) വിവാഹാവസരത്തിൽ നടത്തുന്ന ഒരു കർമ്മമാണിത്. മണവാളനും മണവാട്ടിക്കും കച്ച (വിലയേറിയ കോടി വസ്ത്രം) സമ്മാനിച്ചിട്ട് അവരെ ആലിംഗനം ചെയ്യുന്നു. അപ്പനും അമ്മയും അമ്മൂമ്മയും ഇങ്ങനെ ചെയ്യാറുണ്ട്. കച്ച കൈയിൽ കൊടുത്തിട്ട് അവരെ തഴുകുന്നതുകൊണ്ട് കച്ചതഴുകലെന്ന് പറയുന്നു (cf. പുത്തൻ പുരക്കൽ ഉതുപ്പ് ലൂക്കോസ്, മലയാളത്തെ സുറിയാനിക്രിസ്ത്യാനികളുടെ പുരാതനപാട്ടുകൾ, കോട്ടയം, 1954, പുറം 202).

**കത്തത്തിയാരമ്മ (കർത്തത്തിയാരമ്മ)** പ്രഭുക്കന്മാരുടെയും വൈദികരുടെയും ഭാര്യമാരെ വിളിക്കാനുപയോഗിച്ചിരുന്ന പദമാണിത്. കർത്തത്തിയാരമ്മ എന്നതിൻെറ രൂപാന്തരവുമാണ്. കർത്താവിൻെറ ഭാര്യയാണ് കർത്തത്തി. പ്രഭുക്കന്മാരും കർത്താക്കളും ഭരിച്ചിരുന്ന കാലത്ത് ഇത് പ്രയോഗത്തിലിരുന്നു. പോർത്തുഗീസ് മിഷണറിമാർ വന്നതിനുശേഷം വൈദികർ വിവാഹിതരാകരുതെന്ന് വ്യവസ്ഥ ചെയ്തതതോടെ ഈ പ്രയോഗം കത്തോലിക്കരുടെ ഇടയിൽ നിന്ന് അപ്രത്യക്ഷമായി. (കത്തനാർ എന്ന പദം നോക്കുക).

**കത്തനാർ** കേരളത്തിലെ ക്രൈസ്തവ പുരോഹിതന്മാരെ സുറിയാനിയിൽ കഹന, കശീശ എന്നൊക്കെ വിളിച്ചിരുന്ന കാലഘട്ടത്തിൽ കത്തനാർ എന്നും വിളിച്ചിരുന്നു. അധികാരി, നാഥൻ എന്നൊക്കെ അർത്ഥമുള്ള കർത്താ എന്ന സംസ്കൃത വാക്കിൽ നിന്ന് കത്തൻ എന്ന തമിഴ് പദമുണ്ടായി. അതിനോട് ബഹുമാനസൂചക പ്രത്യയമായ 'ആർ' ചേർത്ത് കത്തനാർ എന്ന വാക്കുണ്ടാക്കി (കാര്യക്കാർ, വാധ്യാർ മുതലായ പ്രയോഗങ്ങൾ പോലെ തന്നെ). ഈ വാക്കിൻെറ പഴയ ബഹുവചനരൂപം കത്തങ്ങൾ എന്നാണ്. സ്ത്രീലിംഗരൂപമാകട്ടെ കർത്തത്തിയാർ, കർത്തത്തിയാരമ്മ, കത്തത്തി, കത്തത്തിയാർ എന്നൊക്കെയാണ്. വൈദികരുടെ ഭാര്യമാരെയും പ്രഭുക്കന്മാരുടെ ഭാര്യമാരെയും ഈ പേരുകൾ ഉപയോഗിച്ചു വിളിച്ചിരുന്നു. വൈദികരുടെ ഭാര്യമാരെപ്പറ്റി പോർത്തുഗീസിൽ എഴുതിയവർ കത്തത്തിയാര (Catatiara) എന്നാണ് എഴുതിയിട്ടുള്ളത്. കത്തനാരത്തിയെന്ന വാക്കാണ് ഫാദർ പ്ലാസിഡ് നമ്മുടെ റീത്ത് എന്ന ഗ്രന്ഥത്തിൽ (മാന്നാനം 1944, പുറം 37) പ്രയോഗിക്കുന്നത്.

കത്തനാർ എന്ന പ്രയോഗം പഴയ ഗ്രന്ഥങ്ങളിലും രേഖകളിലും സുലഭമാണ്. "മലംകരെ കത്തങ്ങളിൽ പലരും"

www.malankaralibrary.com

എന്ന് 1599-ലെ ഉദയംപേരൂർ സൂനഹദോസ് കാനോനയിൽ പറയുന്നു. കടുത്തുരുത്തി വലിയ പള്ളിയുടെ ഭിത്തിയിൽ സൂക്ഷിച്ചിട്ടുള്ള 1590-ലെ വട്ടെഴുത്ത് രേഖയിൽ (ശിലാലിഖിതം) "മാർ എബ്രാഹം മെത്രാനും നാലു കത്തങ്ങളും" എന്ന് എഴുതിയിട്ടുണ്ട്. "നെല്ലിമറ്റത്തെ പൊറോത്തു കത്തനാരും മൊതലക്കൊടത്ത ഔദേപ്പും കൂടി വാർപ്പിച്ചു" എന്ന് കോതമംഗലം വലിയ പള്ളിയിലെ മണിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. "അലയുമാലോകരെ കത്തനാർ കണ്ട് ആവലാതി തീർത്ത് മൊഴിന്തു തുടങ്ങി" എന്ന് സുറിയാനി ക്രിസ്ത്യാനികളുടെ പഴയ പാട്ടിൽ (79) പറയുന്നു.

വൈദികർ തങ്ങളുടെ പേരിനോടുകൂടെ കത്തനാർ (അധികാരി) എന്നോ കശീശ (=മൂപ്പൻ) എന്നോ ചേർത്തിരുന്നു. അടുത്തകാലത്ത് യൂറോപ്യന്മാരുടെ സമ്പ്രദായമനുസരിച്ച് ഫാദർ എന്ന് പേരോടുചേർത്ത് എഴുതിത്തുടങ്ങി.

പോർത്തുഗീസുകാർ കത്തനാർ എന്ന പദം കസ്സനാർ (cassanar) എന്ന് ഉച്ചരിക്കുകയും എഴുതുകയും ചെയ്തു.

കാര്യങ്ങൾ നിർവഹിക്കുന്നവൻ, അധികാരി എന്നിങ്ങനെ സൂചിപ്പിക്കാൻ കർത്തവ്യൻ എന്ന വാക്കും പണ്ട് പ്രയോഗിച്ചിരുന്നു. ആർക്കിദിയാക്കോന്മാരെ "ജാതിക്കുതലവൻ", "ജാതിക്ക് കർത്തവ്യൻ" എന്നിങ്ങനെ വിളിച്ചിരുന്നു. "ജാതിക്കു കർത്തവ്യനായ കീവറുഗീസ ആർക്കദിയാക്കൊനെ വരുത്തി" എന്ന കോതമംഗലം പള്ളി സ്ഥാപനത്തെ സംബന്ധിച്ച പഴയ രേഖയിൽ പറയുന്നു. ഇടപ്രഭുക്കന്മാരെ കർത്താക്കൾ എന്നും കർത്താക്കന്മാരെന്നും വിളിച്ചിരുന്നു. അധികാരവും പദവിയും സൂചിപ്പിക്കുന്ന വാക്കാണത് എന്നതിൽ സംശയമില്ല.

കർത്താ എന്ന വാക്ക് പാലിഭാഷയിൽ 'ര' കാരം വിട്ട് കത്തു എന്നായിത്തീർന്നു. അത് തമിഴിൽ കത്ത എന്നായി (ഉകാരം ലോപിച്ചു). പിന്നീട് കത്തൻ എന്നായി. ശ്രീബുദ്ധൻ ധർമ്മോപദേശം നടത്തിയ പാലിഭാഷ ബുദ്ധമതത്തോടൊപ്പം ബി.സി. 6-ാം നൂറ്റാണ്ടുമുതൽ ദക്ഷിണേന്ത്യയിൽ വ്യാപിച്ചു. ആ ഭാഷയിൽ രകാരമുണ്ട്. പക്ഷേ, ഋകാരമില്ല. വേദകാല സംസ്കൃതത്തിൽ നിന്നുണ്ടായ ഭാഷയാണത്. അതിൽ സംസ്കൃതത്തിലെ ഋ, ഷ, ശ മുതലായ ചില സ്വനിമങ്ങളില്ല. പുത്രൻ എന്നത് പുത്തനും, ധർമ്മം എന്നത് ധമ്മവും, മാർഗം എന്നത് മഗ്ഗവും, പരാക്രമം എന്നത് പരക്കവും, പ്രാണൻ എന്നത് പാണനുമാണതിൽ. കർത്തൃ (=കർത്താവ്) എന്നത് കത്തു എന്നാവുക സ്വാഭാവികമാണ്.

പദമധ്യത്തിലുള്ള രകാരലോപം തമിഴിലോ മലയാളത്തിലോ ഇല്ല. മലയാളത്തിൽ സന്ധിയിൽ ര് ലോപിപ്പിക്കാറുണ്ട് (ഉദാ: പാഴൂക്കര=പാഴൂർക്കര, ചേറ്റൂക്കർത്താവ് = ചേറ്റൂർകർത്താവ്). തമിഴിൽ സന്ധി ചെയ്യുമ്പോൾ 'ര' വന്നുകൂടും [ഉദാ: കൽ+ ചിറ = കർച്ചിറ, മണ+ കോലം = മണർക്കോലം, (മണവാളന്റെ പീഠം), മന+കാട് = മണർകാട്].

കത്തു തമിഴിൽ കത്ത എന്നായി. അതിനോട് അൻ (പുരുഷപ്രത്യയം) ആർ (പൂജകബഹുവചന പ്രത്യയം) എന്നിവ ചേർക്കുകയാണ് ചെയ്തത്. കർത്തൻ എന്ന (സംസ്കൃതജന്യ) വാക്കുതന്നെയാണ് കത്തൻ എന്ന രൂപം പ്രാപിച്ചതെന്നും, പ്രവർത്തകൻ, കർത്താവ്, നാഥൻ (Lord) എന്നിങ്ങനെയാണ് അതി

www.malankaralibrary.com

ൻെറ അർത്ഥമെന്നും ഏ.ഡി. 1779-ൽ ഫാബ്രിഷിയസ് തൻെറ തമിഴ്-ഇംഗ്ലീഷ് നിഘണ്ടുവിൽ വ്യക്തമാക്കിയിട്ടുണ്ട്. കർത്താ എന്ന സംസ്കൃതപദംതന്നെയാണ് തമിഴിലെ കത്തൻ എന്നും അദ്ദേഹം പറയുന്നു.

ഫാബ്രീഷിയസ് പറഞ്ഞതുതന്നെ 1872 -ൽ ഗുണ്ടർട്ട് തൻെറ നിഘണ്ടുവിൽ പറയുന്നു. കത്തൻ എന്ന വാക്ക് കർത്താ എന്ന സംസ്കൃത പദത്തിൻെറ തദ്ഭവമാണെന്നും കത്തനാർ എന്നത് പൂജക ബഹുവചനമാണെന്നും അദ്ദേഹം പറയുന്നു. ക്രിസ്ത്യാനികൾ മാത്രമല്ല കത്തൻ എന്നപദം പ്രയോഗിച്ചിരുന്നത് എന്നതിന് തെളിവാണ് ഗുണ്ടർട്ട് ഉദ്ധരിക്കുന്ന തലശ്ശേരി റിക്കാർഡ് (ഏ.ഡി. 1796-1799). "ശ്രീരംഗപട്ടണത്തു കത്തർ ഇരിക്കുന്ന അരമന" എന്ന വാക്യം ആ റിക്കാർഡുകളിൽനിന്ന് അദ്ദേഹം ഉദ്ധരിക്കുന്നു. കത്തനാർ എന്നപോലെ കത്തർ എന്ന പൂജക ബഹുവചനവുമുണ്ടെന്നും അതിൽനിന്നറിയാം. സുറിയാനിക്കാർ വൈദികരെ ഇപ്രകാരം വിളിക്കുന്നുവെന്നും അതിൻെറ ബഹുവചനം കത്തങ്ങൾ എന്നാണെന്നും വൈദികരുടെ ഭാര്യമാരെ കർത്താത്തിയാർ, കത്തത്തിയാർ എന്നിങ്ങനെ വിളിക്കുന്നുവെന്നും പഴയ രേഖകളെ അടിസ്ഥാനപ്പെടുത്തി അദ്ദേഹം പറഞ്ഞിട്ടുണ്ട്.

കൾ ചേർത്ത ബഹുവചനം (കത്തങ്ങൾ) കാണുന്നതിൽ അദ്ഭുതപ്പെടാനില്ല. തമ്പുരാൻ എന്നത് തമ്പുരാക്കൾ എന്നും താൻ എന്നതിന് താൻകൾ എന്നും ദേവൻ എന്നതിന് ദേവകൾ എന്നും ബഹുവചനമുണ്ടാകുന്നു.

ആഞ്ചലോ ഫ്രാൻസിസിൻെറയും അർണോസുപാതിരിയുടെയും നിഘണ്ടുക്കളിൽ ഈ വാക്ക് കാണുന്നില്ല. വിൻചെൻസോ മരിയ എന്ന ഇറ്റാലിയൻ സന്ന്യാസി കേരളത്തിൽ വന്ന് താമസിച്ചിട്ട് ഒരു യാത്രാവിവരണം എഴുതി 1672-ൽ റോമിൽ പ്രസിദ്ധീകരിച്ചു. ഇൽ വിയാജിയോ അല്ല് ഇൻഡിയെ ഓറിയെന്താലി എന്ന ആ ഗ്രന്ഥത്തിൽ (പുറം 146) കത്തനാർ എന്ന പദത്തെപ്പറ്റി പറയുന്നുണ്ട്. അറബിയിലുള്ള കാസിസ് എന്ന വാക്കും മലയാളത്തിലെ നായർ എന്ന വാക്കും ചേർന്നുണ്ടായതാണെന്നാണ് അദ്ദേഹം കരുതുന്നത്! [സുറിയാനിയിലെ ഖശിശ് (കശീശ്, കശീശ) തന്നെയാണ് അറബിയിലെ കസിസ്. മൂപ്പൻ എന്നാണർത്ഥം. നായർ (നായകർ) എന്ന് ക്രിസ്ത്യാനികളെ വിളിച്ചിരുന്നു. അവർ ക്ഷത്രിയധർമ്മം (പട്ടാളജോലി) നിർവഹിച്ചിരുന്നു എന്നതാണ് അതിൻെറ കാരണം]. വിൻച്ചെൻസോയ്ക്ക് സുറിയാനിയോ സംസ്കൃതമോ തമിഴോ പാലിയോ വശമില്ലായിരുന്നു. അതുകൊണ്ടാണ് ഇങ്ങനെ ഒരഭിപ്രായം രേഖപ്പെടുത്തിയത്.

**കത്തിസാൾ (കത്തിത്താൾ, കസ്സിസ്താൾ)** അൾത്താരകളിൽ വയ്ക്കുന്ന മെഴുകുതിരിക്കാലുകൾക്ക് അടുത്തനാൾവരെ പറഞ്ഞിരുന്ന പേരു കത്തിസാൾ എന്നായിരുന്നു. മരംകൊണ്ട് നിർമ്മിക്കുന്നതും ചിത്രങ്ങൾ കൊത്തിയിട്ടുള്ളതും സ്വർണ്ണമോ മറ്റ് ചായങ്ങളോ പൂശിയതുമാണ് കത്തിസാൾ, റംലേത്തികൾ (റംശേത്തികൾ) പോലെ അൾത്താരയുടെ അലങ്കാരമായി ഇവയും നിലകൊണ്ടിരുന്നു. ചില പൗരാണിക ദേവാലയങ്ങളിൽ ഇന്നും അവയുണ്ട്. പതിനാറാം നൂറ്റാണ്ടിലാണ് ഇത്തരം തിരിക്കാലുകൾ പ്രചരിച്ചു തുടങ്ങിയത്. പോർത്തുഗീസുമിഷണറിമാരുടെ വരവിന് മുമ്പ് കേരളീയ രീതിയിലുള്ള

www.malankaralibrary.com

എണ്ണ വിളക്കുകളായിരുന്നു ഉപയോഗി ച്ചിരുന്നത്.

കത്തിത്താൾ എന്ന പദം പോർത്തുഗീസ്ഭാഷയിലെ കസ്തിസാൾ (Castical) എന്ന വാക്കിൽനിന്നുണ്ടായതാണ്. മെഴുകുതിരി കത്തിച്ചുവയ്ക്കാനുള്ള ദണ്ഡ് എന്നാണ് അതിന്റെ അർത്ഥം. ആ ഭാഷയിൽ കാസ്താം (Castao) എന്നവാക്കിന് ഞാങ്കണയുടെ അഥവാ ചൂരൽവടിയുടെ അഗ്രമെന്നർത്ഥമുണ്ട്. ഞാങ്കണയ്ക്ക് കാനാ (Cana) എന്നും പറയും.

ചൂരൽവടികൊണ്ടടിക്കുകയെന്നാണ് കാസ്തിഗാർ എന്ന ക്രിയയ്ക്ക് അർത്ഥം (ഇംഗ്ലീഷിലെ chastise എന്ന ക്രിയയ്ക്കും ഇതേ അർത്ഥമാണല്ലോ). കാനാ എന്ന പദം ഗ്രീക്കിലെ കാന്നാ എന്ന പദത്തിൽനിന്ന് വരുന്നു. ലത്തീനിലും അത് കന്നാ എന്ന രൂപത്തിൽ കാണാം. കാനോൻ, കാനോന എന്നീ വാക്കുകളും അതിൽനിന്നുണ്ടാകുന്നു. ഹീബ്രുഭാഷയിലെ ഖാനെഹ് (qaneh) എന്ന പദത്തിൽനിന്നാണ് ഗ്രീക്കിലെ കാന്നാ, കാനോൻ മുതലായ പദങ്ങളുണ്ടായത്. അളവുകോല് എന്ന് ആ ഹീബ്രു പദത്തിനർത്ഥമുണ്ട് (എസ. 40: 3, 5).

പന്തംകത്തിക്കാനോ വിളക്ക് ഉയർത്തിപ്പിടിക്കാനോ ഉള്ള ഒരു ദണ്ഡ് എന്നായിരുന്നു ആദിമകാലത്ത് കസ്തിസാളിന്റെ അർത്ഥം. നമ്മൾ മെഴുകുതിരി കത്തിക്കാൻ ഉപയോഗിക്കുന്നതുകൊണ്ട് മെഴുകുതിരിക്കാലെന്ന് പറയുന്നു.

ലത്തീനിൽ വിളക്കുകാലിന് കാന്തേലാബ്ര എന്നാണ് പറയാറ്. 1902-ൽ ബർണർദീനോസ് മെത്രാപ്പോലീത്ത എഴുതിയ കൊമ്പ്രേരിയുടെ (Confraternity) ഒരു നിയമാവലിയിൽ "കസ്സിസ്താളുകൾ കത്തിച്ചു വയ്ക്കണം" (പുറം 7, നിയമം 9) എന്നാണ് കാണുന്നത്.

**കൻക (കൻകെ)** ഗ്രീക്കുഭാഷയിൽ നിന്ന് സുറിയാനിയിലേക്കും അവിടെ നിന്ന് മലയാളത്തിലേക്കും കടന്നുവന്ന പദമാണ് കൻക. സുറിയാനിയിൽ ഖൻകേ, ഖൻഖാ എന്നിങ്ങനെയാണ് ഈ വാക്കുകൾ. മദുബഹയുടെ ചുറ്റിലുമുള്ള സ്ഥലം, അഴിക്കകം, അൾത്താരയിരിക്കുന്ന സ്ഥലം, ബസ്കുദിശ (വിശുദ്ധസ്ഥലം) എന്നിങ്ങനെയാണ് കൻകയുടെ അർത്ഥം. സുറിയാനിയിലെ ഖൻകേ, ഖൻഖാ എന്നീ രണ്ട് രൂപങ്ങൾക്കും ഒരേ അർത്ഥം തന്നെ.

സുറിയാനിയിൽ ഖൻകായാ (ഖുൻകായാ) എന്നതിന് മദുബഹ സൂക്ഷിക്കുന്നവൻ; പള്ളിസൂക്ഷിക്കുന്നവൻ, പള്ളിവാതിൽ സൂക്ഷിക്കുന്നവൻ എന്നിങ്ങനെ അർത്ഥമുണ്ട്. കപ്യാരുടെ ജോലിക്ക് ഖൻകായൂസാ എന്ന് സുറിയാനിയിൽ പറയും. കപ്യാരെ ഖൻകായാ എന്ന് വിളിക്കും.

**കന്തീലാ** വിളക്ക് എന്നതിന് ലത്തീൻ ഭാഷയിൽ കാന്തെല (Candela) എന്നും പോർത്തുഗീസ് ഭാഷയിൽ കാന്തെയാ (Candea) എന്നും പറയും. ലത്തീൻ വാക്കുതന്നെ ഇറ്റാലിയനിൽ ഉപയോഗിക്കുന്നു. സുറിയാനിയിൽ ഈ വാക്ക് സ്വീകരിച്ചിട്ടുണ്ട്. കന്തീലാ എന്നാണ് ആ ഭാഷയിൽ അതിന്റെ രൂപം. വിളക്കുകാല്, വിളക്കുപീഠം, പന്തം എന്നിവയ്ക്ക് ലത്തീനിൽ കാന്തേലാബ്രും എന്നാണ് പറയുന്നത്.

കാന്തേലാ എന്ന ലത്തീൻവാക്കിന് പ്രകാശിക്കുന്ന വസ്തു, മെഴുക്, മെഴുകുതിരി, അഗ്നി എന്നൊക്കെ അർത്ഥമുണ്ട്. കാനൂസ് എന്നതിനും കാന്തി

www.malankaralibrary.com

ദൂസ് എന്നതിനും പ്രകാശിക്കുന്ന, വെളുത്ത, ചാരനിറമുള്ള എന്നൊക്കെ അർത്ഥമുണ്ട്. ഗ്രീക്കിലെ കാഇഒ എന്ന ധാതുവാണ് ഇവയുടെ മൂലം. സംസ്കൃതത്തിലെ കാന്തി എന്ന വാക്കുമായി ഇതിനുബന്ധമുണ്ട്. സംസ്കൃതത്തിലെ കന് എന്ന ധാതുവിന് പ്രകാശിക്കുക എന്നാണർത്ഥം. കാസ് (കാശ്), കാംച് എന്നീ ധാതുക്കൾക്കും ആ അർത്ഥമുണ്ട്. സംസ്കൃതത്തിലെ ചന്ദ്രൻ (പ്രകാശിക്കുന്നവൻ) എന്ന വാക്കും, ഗ്രീക്കിലെ തീക്കട്ട എന്നർത്ഥമുള്ള കാന്താരോസ് എന്ന വാക്കും ഒരേ ധാതുവിൽ നിന്നാണ് വരുന്നത് (ചകാരവും ക കാരവും മാറിവരുക സാധാരണമാണല്ലോ). കന്തീലാശുശ്രൂഷയ്ക്ക് ആ പേരുകിട്ടിയത് തിരികൾ തെളിച്ചു വച്ചു നടത്തുന്ന ശുശ്രൂഷയായതുകൊണ്ടായിരിക്കാം. സുറിയാനിയിലേക്ക് ലത്തീൻ ഭാഷയിൽനിന്ന് ധാരാളം വാക്കുകൾ കടന്നുവന്നിട്ടുണ്ട്.

**കന്തീശൻ, കന്തീശങ്ങൾ** കന്തീശ, കന്തീശൻ, കന്തീശങ്ങൾ എന്നീ പ്രയോഗങ്ങളുടെ മൂലരൂപം ഖദ്ദീശ എന്ന സുറിയാനി വാക്കാണ്. പവിത്രീകരിക്കുക, പ്രതിഷ്ഠിക്കുക, കാഴ്ചയർപ്പിക്കുക എന്നൊക്കെ അർത്ഥമുള്ള ഖദ്ശ് (ഹീബ്രുവിൽ ഖ്ദ്ഷ്) എന്ന ധാതുവിൽ നിന്നുണ്ടാകുന്ന ഖദ്ദീശ എന്ന വാക്കിന് വിശുദ്ധൻ എന്നർത്ഥം. സുറിയാനിയിൽ ദ്, ഗ്, പ് എന്നീ അക്ഷരങ്ങൾ ഇരട്ടിക്കുമ്പോൾ ആദ്യത്തെ സ്വനിമത്തിന് അനുസ്വാരം വന്നുചേരും. അങ്ങനെ ഖദ്ദീശ എന്നത് ഖൻദീശ എന്നായി. മലയാളികൾ അത് കന്തീശ എന്ന് ഉച്ചരിക്കുന്നു. പടിഞ്ഞാറൻ സുറിയാനിയിൽ ദ കാരം ഇരട്ടിക്കാതെ ഖ കാരത്തെ നീട്ടി ഖാദീശ എന്നാക്കിയിരിക്കുന്നു. സുറിയാനി ക്രിസ്ത്യാനികൾ പണ്ട് മതപരമായി വിഭജിക്കപ്പെട്ടപ്പോൾ ഭാഷയെ വ്യത്യസ്തമാക്കുകയാണുണ്ടായത്! പടിഞ്ഞാറൻ സുറിയാനി അങ്ങനെയാണ് കൽദായാ (കിഴക്കൻ) സുറിയാനിയിൽനിന്ന് വ്യത്യസ്തമായിത്തീർന്നത്. ഹ്രസ്വത്തിനുശേഷം വരുന്ന വ്യഞ്ജനത്തെ കൽദായക്കാർ ഇരട്ടിക്കുമ്പോൾ പാശ്ചാത്യ സുറിയാനിക്കാർ ഹ്രസ്വത്തെ ദീർഘമാക്കുന്നുവെന്നതാണ് ഒരു വ്യത്യാസം.

കന്തീശൻ എന്നതിൻെറ അവസാനത്തെ ന കാരം മലയാളികൾ ചേർത്ത പുരുഷപ്രത്യയമാണ്. വിശുദ്ധന്മാർ എന്ന ബഹുവചനമുണ്ടാക്കാൻ 'കൾ' എന്ന പ്രത്യയമാണ് ചേർത്തിരിക്കുന്നത്. അങ്ങനെ കന്തീശങ്ങൾ എന്നായി. മലയാളത്തിൽ കൾ പ്രത്യയം നപുംസകങ്ങളോടും നിർജീവവസ്തുക്കളോടും മാത്രമല്ല ചേർക്കുന്നത്. ഭട്ടൻ എന്നതിനു ഭട്ടകൾ എന്നും ദേവന്മാർ എന്നതിന് ദേവകൾ എന്നും കർത്തന്മാർ എന്നതിനു കർത്തങ്ങൾ (കത്തങ്ങൾ) എന്നും ധാരാളമായി പ്രയോഗിച്ചിരുന്നു.

വർത്തമാനപ്പുസ്തകത്തിൽ ഇങ്ങനെ കാണുന്നു: "ശ്ലീഹന്മാരുടെയും കന്തീശങ്ങളുടെയും പ്രവൃത്തികളും കണ്ടുപറിത്തങ്ങളും" (പുറം 197). കേരളത്തിൽ പോർത്തുഗീസുകാരുടെ വരവിനുമുമ്പ് പല പള്ളികളും കന്തീശങ്ങളുടെ നാമത്തിലായിരുന്നു - ബാബിലോണിൽ നിന്നുവന്ന മാർ സാബോർ, മാർ പ്രോത്ത് എന്നിവരുടെ നാമത്തിൽ. അവയെ മെനേസിസ് മെത്രാൻ സർവ്വ വിശുദ്ധരുടെ നാമത്തിൽ പുനഃപ്രതിഷ്ഠ നടത്തുകയുണ്ടായി. ഉദയംപേരൂർ പള്ളി കന്തീശങ്ങളുടെ പള്ളി എന്നാണ് അറിയപ്പെട്ടിരുന്നത്. ഉദയംപേരൂർ സൂനഹദോസിൻെറ കാനോനകളുടെ മലയാളം വിവർത്തനത്തിൽ മർത്തമറിയത്തുമ്മാടെ

www.malankaralibrary.com

പള്ളി എന്ന് കാണുന്നു. പക്ഷേ, പോർത്തുഗീസ് കാനോനകളിലും അവയുടെ ലത്തീൻ വിവർത്തനത്തിലും സകല വിശുദ്ധരുടെ പള്ളി എന്നാണ് കാണുന്നത്. ഉദയംപേരൂർ പള്ളി മർത്തമറിയത്തിൻെറ നാമത്തിൽ സ്ഥാപിക്കപ്പെട്ടതാണ്. മാർസാബോർ, മാർ പ്രോത്ത് എന്നിവരുടെ മരണാനന്തരം അവരെ കന്തീശങ്ങൾ എന്നുവിളിച്ചിരുന്നു. ആ പള്ളി അവരുടെ നാമത്തിൽ അറിയപ്പെടുകയും ചെയ്തു.

**കപ്പത്തിയാരമ്മ** നാഥ, നായിക, പ്രഭ്വി എന്നിങ്ങനെയാണ് കപ്പത്തിയാരമ്മ എന്ന വാക്കിൻെറ അർത്ഥം. ലത്തീൻ ഭാഷയിലെ കപ്പിത്തിയും (Capitium) കപ്യാരിയൂസ്, കപ്പിത്താനേവൂസ് (Capitaneus) മുതലായ പദങ്ങളുമായി ബന്ധപ്പെട്ടതാണിത്. പോർത്തുഗീസുകാർ വന്നതിനുശേഷം പ്രചരിച്ച പദമാണ്. പണ്ട് കർത്തത്തിയാരമ്മ, കത്തത്തിയാരമ്മ, മ്ലാലാന, മൗലാനാ എന്നൊക്കെയാണ് പറഞ്ഞിരുന്നത്. കപ്പി, കപ്പത്തി, കപ്പത്തിയാര്, കപ്പത്തിയാരമ്മ എന്നിങ്ങനെയാണ് ഈ പദത്തിൻെറ രൂപവത്കരണക്രമം. 'ആര്' 'അമ്മ' എന്നീ വാക്കുകൾ ബ്ഹുമാനസൂചകമായി ചേർത്തവയാണ്. "കപ്പത്തിയാരമ്മ എന്നു സാധാരണമായി പറയപ്പെടുന്ന കർത്തത്തിയാരമ്മ" എന്ന പ്രയോഗം ശ്രദ്ധിക്കുക (Cf. ബർണാർദ് തോമ്മാ, മാർ ത്തോമ്മാക്രിസ്ത്യാനികൾ, വാല്യം 1, പാല, 1916, പുറം 302).

**കപ്പിച്ചേരിയ, കപ്പീസിയും (കപ്പിത്തിയും)** മധ്യയുഗത്തിൽ യൂറോപ്പിലെ കത്തീഡ്രൽ പള്ളികളുടെയും ആശ്രമദേവാലയങ്ങളുടെയും പൂജാപാത്രങ്ങൾ, തിരുവസ്ത്രങ്ങൾ മുതലായവ സൂക്ഷിക്കുന്ന നിക്ഷേപാലയത്തിന് (ചമയപ്പുരക്ക്, സങ്കീർത്തിക്ക്) യൂറോപ്പിലെ മതഭാഷയായ ലത്തീനിൽ പറഞ്ഞിരുന്ന പേരുകളാണ് കപ്പിച്ചേരിയ (Capi-ceria) കപ്പിസിയും (capi-tium) എന്നിവ. കപ്പിത്തിയും എന്ന വാക്കാണ് കപ്പിസിയും എന്നുച്ചരിക്കുന്നത്. തകാരം കഴിഞ്ഞ് രണ്ട്സ്വരങ്ങൾ (iu) വരുന്നതുകൊണ്ട് അങ്ങനെ ഉച്ചരിക്കുന്നു. കപ്പിച്ചിയാലിസ് (Capi-cialis) കപ്പിച്ചേരിയും (Capi-cerium) കപ്പിച്ചിയും (Capi-cium) കപ്പിത്തെല്ലും (Capi-tellum) എന്നിങ്ങനെയും നിക്ഷേപാലയത്തെ വിളിച്ചിരുന്നു.

ശിരസ് എന്നർത്ഥമുള്ള കാപ്പുത്ത് (Caput) എന്ന വാക്കിൽ നിന്നാണ് ഈ പേരുകളുണ്ടായത്. നിക്ഷേപമുറി ശിരസായിട്ടുള്ള, പ്രധാനപ്പെട്ട, മുറിയാണല്ലോ. കപ്പിസിയുവിൻെറ കാര്യസ്ഥനെ കപ്യാരിയൂസ് (Capi-arius) എന്നും അവർ വിളിച്ചുപോന്നു. കപ്പിച്ചേരിയ മുതലായ പേരുകൾ പില്ക്കാലത്ത് ഏതു ദേവാലയത്തിൻെറയും സങ്കീർത്തിക്ക് (നിക്ഷേപമുറിക്ക്) പറഞ്ഞിരുന്നു. കേരളത്തിൽ പോർത്തുഗീസുകാർ പള്ളികളോടുചേർന്ന് നിക്ഷേപമുറികൾ പണിയിച്ചു. കപ്പിച്ചേരിയയുടെ കാര്യസ്ഥനെ കപ്പിച്ചേരിയൂസ് കപ്പിത്ത്യാരിയൂസ് (Capi-ti-arius) കപ്പിച്ച്യാരിയൂസ് (Capici-arius) എന്നൊക്കെ വിളിച്ചിരുന്നു. ഈ പദങ്ങൾ ചുരുങ്ങിയാണ് കപ്യാരിയൂസ് (Capi-arius) എന്നവാക്കുണ്ടായത്. അതിനെ സംബന്ധിച്ചവൻ എന്ന അർത്ഥത്തിൽ ആരിയൂസ് (arius) എന്ന പ്രത്യയം ചേർന്ന ധാരാളം വാക്കുകളുണ്ട്. ഉദാ: ഗ്രന്ഥശാലയുടെ കാര്യസ്ഥനെ ലിബ്രാരിയൂസ് (librarius) എന്ന് വിളിക്കും.

(കപ്പ്യാര്, ബേസ്ഗസ്സ, സങ്കീർത്തി എന്നീ വാക്കുകൾ നോക്കുക).

www.malankaralibrary.com

**കപ്പുച്ചീൻ (കപ്പുച്ചീനോ)** ഒരു സന്ന്യാസസഭയുടെ പേരാണു കപ്പുച്ചീൻ. ഇറ്റാലിയനിൽ കപ്പുച്ചീനോ എന്ന് പറയും. കപ്പുച്ചിയോ (capuccio) എന്ന ഇറ്റാലിയൻ വാക്കിന് ചെറിയ തൊപ്പി (hood) എന്നാണർത്ഥം. അതിൽനിന്ന് കപ്പുച്ചീനോ എന്ന പദമുണ്ടായി.

കപ്പുച്ചിയോ എന്ന പദം തലയെന്നും തലയിലണിയുന്ന വസ്ത്രമെന്നും അർത്ഥമുള്ള കാപ്പോ എന്ന വാക്കിൽനിന്ന് വരുന്നു. അതാകട്ടെ തല എന്നർത്ഥമുള്ള കാപ്പുത്ത് (Caput) എന്ന ലത്തീൻ വാക്കിൽനിന്നുണ്ടായി. ഇംഗ്ലീഷിലെ ക്യാപ് എന്ന പദവും ഈ വാക്കിൽനിന്നുണ്ടായതാണ്.

ഫ്രാൻസിസ്കൻ സന്ന്യാസിമാരിൽ ഒരു വിഭാഗമാണ് കപ്പുച്ചീൻ സഭക്കാർ. ഇറ്റലിക്കാരൻ മത്തേയോ ദി ബാസ്സി എന്ന സന്ന്യാസി 1526-ൽ സ്ഥാപിച്ച സഭയാണത്. ക്ലമെൻറ് 7-ാമൻ മാർപാപ്പ 1528-ൽ ആ സമൂഹത്തിന് അംഗീകാരം നല്കി. അവർ ഫ്രാൻസിസ് അസീസിയെ അനുകരിച്ച് അഗ്രം സൂചിപോലിരിക്കുന്ന നീണ്ടതൊപ്പി അണിഞ്ഞിരുന്നു. ഈ തൊപ്പി നീണ്ട അങ്കിയോട് ചേർത്ത് തയ്ച്ചെടുക്കുന്നതാണ്.

**കപ്പൂസ് (കപ്പീസിയും)** ചില സന്ന്യാസസഭക്കാർ തലമൂടാനുപയോഗിക്കുന്ന വസ്ത്രത്തിന് (തൊപ്പിക്ക്) കപ്പൂസ് എന്നാണ് പറയുന്നത്. തലമൂടാൻ നീണ്ട അങ്കിയുടെ (തൂണിക്കയുടെ) അഗ്രഭാഗത്ത് തൊപ്പിയുടെ ആകൃതിയിൽ തയ്ച്ചുചേർത്തിട്ടുള്ള വസ്ത്രഭാഗത്തിൻെറ (hood) പേരാണിത്.

തല എന്നർത്ഥമുള്ള കാപ്പുത്ത് (Caput) എന്ന ലത്തീൻ വാക്കിൽനിന്ന് മധ്യയുഗത്തിൽ കപ്പുത്തിയും (Capu-tium) എന്നപദമുണ്ടായി. വെബ്സ്റ്റേഴ്സ് ഇംഗ്ലീഷ് നിഘണ്ടുവിലും ഈ പദം ചേർത്തിട്ടുണ്ട്. 'ത'കഴിഞ്ഞ് രണ്ട് സ്വരങ്ങൾ (iu) വരുന്നതുകൊണ്ട് 'ത' കാരത്തിന് 'സ' എന്ന് ഉച്ചാരണം. അങ്ങനെ കപ്പുത്തിയും എന്ന വാക്ക് കപ്പൂസിയും എന്നുച്ചരിക്കുന്നു.

കപ്പൂസിയും എന്ന വാക്കിൻെറ അന്ത്യഭാഗത്തുള്ള ഇയും (ium) എന്നത് ഒരു തദ്ധിത പ്രത്യയമാണ്. ഇയൂസ് (പുല്ലിംഗം) ഇയ (സ്ത്രീലിംഗം) ഇയും (നപുംസകം) എന്നീ രൂപങ്ങളിൽ അത് പ്രയോഗിക്കുന്നു. സംസ്കൃതത്തിൽ ഇയഃ (ഈയഃ) ഇയാ, ഇയം എന്ന് മൂന്ന് ലിംഗങ്ങളിൽ ഉപയോഗിക്കുന്ന തദ്ധിതപ്രത്യയം തന്നെയാണത് (ഉദാ: രാഷ്ട്രിയഃ - രാഷ്ട്രീയഃ- രാഷ്ട്രിയാ, രാഷ്ട്രിയം) സംസ്കൃതത്തിൽ ഇയ പ്രത്യയത്തിന് ഈയ എന്നൊരു രൂപവുമുണ്ട് (ഉദാ: രാഷ്ട്രിയം - രാഷ്ട്രീയം). ലത്തീനിലും അങ്ങനെതന്നെ. ഉച്ചാരണം രണ്ടു രൂപത്തിലുമുണ്ട്. ലിപിയിൽ ദീർഘം കാണിക്കുകയില്ലെന്നുമാത്രം.

ഇപ്പറഞ്ഞ കപ്പൂസിയും എന്ന വാക്കിൽനിന്ന് കപ്പൂസ് (Capuz) എന്നരൂപം പോർത്തുഗീസ് ഭാഷയിലുണ്ടായി. അതാണ് മലയാളത്തിലെ കപ്പൂസ്. തൊപ്പി എന്നർത്ഥം.

ലത്തീനിലെ കപ്പൂസിയും എന്ന വാക്കിന് തൊപ്പിയെന്നും തൊപ്പിയോടുകൂടിയ വസ്ത്രമെന്നും അർത്ഥമുണ്ട്.

കാപ്പുത്ത് എന്ന പദത്തോടുകൂടി ഇയും പ്രത്യയം ചേർത്ത് കപ്പിത്തിയും (Capitium) എന്ന പദവുമുണ്ടായിട്ടുണ്ട്. അതും കപ്പിസിയും എന്നാണ് ഉച്ചരിക്കുന്നത്. ഇവിടെ പ്രത്യയം ചേർന്നപ്പോൾ കാപ്പുത്ത് എന്ന ധാതുവിന് മാറ്റം വന്ന്

www.malankaralibrary.com

കപ്പിത് എന്നാവുകയാണ്. കാപ്പുത്ത് എന്നത് പ്രഥമാ വിഭക്തിയിലാണ്. മറ്റ് വിഭക്തികളിൽ ധാതു കാപ്പിത് എന്നാകും (ഉദാ: കാപ്പിത്തിസ് = തലയുടെ). കപ്പിത്തിയും (കപ്പിസിയും) എന്ന ഈ വാക്കിന് തല മൂടാനുള്ള വസ്ത്രമെന്നും തലയായിട്ടുള്ള പ്രധാനപ്പെട്ടമുറി (നിക്ഷേപാലയം) എന്നും അർത്ഥമുണ്ട്. അതിൽനിന്നാണ് നിക്ഷേപാലയം (സങ്കീർത്തി) എന്നർത്ഥമുള്ള കപ്പിച്ചേരിയ, കപ്പിത്തെല്ലും മുതലായ പദങ്ങളും നിക്ഷേപാലയ കാര്യസ്ഥൻ (സാക്രിസ്റ്റ്യൻ) എന്നർത്ഥമുള്ള കപ്പിത്ത്യാരിയുസ് (Capitiarius) കപ്പ്യാരിയൂസ് (Capiarius) എന്നീ പദങ്ങളുമുണ്ടായത്. ദു കാഞ്ചെയുടെ ഗ്ലോസാരിയും മേദിയേ ഏത്ത് ഇൻഫീമേ ലത്തീനാത്തിസ് എന്ന മഹാനിഘണ്ടുവിൽ ഈ പദങ്ങളെല്ലാം വിവരിക്കപ്പെട്ടിട്ടുണ്ട്. കപ്പിത്ത്യാരിയൂസ് എന്ന പദം കപ്പിസ്യാരിയൂസ് എന്നുച്ചരിക്കും.

കാപ്പുത്ത് എന്ന പദം ഗ്രീക്കിൽ കാപ്പ്, കാപേ, കപേ, കപ്പ്, കേപാസ് എന്നിങ്ങനെ വിവിധരൂപങ്ങളിലുണ്ട്. ഇറ്റാലിയനിൽ അത് കാപ്പോ ആയി. പോർത്തുഗീസിൽ കബേസയും. തലയോടിന് കെഫാലേ എന്നു ഗ്രീക്കിലും കപാലം എന്ന് സംസ്കൃതത്തിലും പറയുന്നു.

കപ്പുച്ചീൻ (Capuccin) എന്നാണല്ലോ 1528-ൽ പരിഷ്കരിക്കപ്പെട്ട നിയമമനുസരിച്ചുള്ള ഫ്രാൻസിസ്കൻ സഭയുടെ അംഗങ്ങളെപ്പറ്റി പറയുന്നത്. ഇറ്റാലിയൻ ഭാഷയിൽ അവരെ കപ്പുച്ചീനോ എന്നാണ് പരാമർശിക്കുന്നത്. തൊപ്പിയോടുകൂടിയ വസ്ത്രമണിയുന്നവരാകയാൽ ഈ പേരുണ്ടായി.

(കപ്പിച്ചേരിയ, കപ്പ്യാര് എന്നീ വാക്കുകളുടെ വിവരണം കൂടി നോക്കുക)

**കപ്പേള** കേരളത്തിലെ ക്രിസ്ത്യാനികൾക്ക് സുപരിചിതമായ ഒരു വാക്കാണ് കപ്പേള. ഒരു ഇടവകദേവാലയത്തിന് ഒരു കപ്പേളയെങ്കിലും കാണും. കപ്പേള എന്ന വാക്കിന് ചെറിയ പ്രാർത്ഥനാലയം എന്നാണർത്ഥം. ലത്തീൻ ഭാഷയിൽനിന്നു പോർത്തുഗീസിലേക്കും അതിൽനിന്ന് മലയാളത്തിലേക്കും വന്ന വാക്കാണത്. ക്ലാസിക്കൽ ലത്തീൻഭാഷയിൽ ഈ വാക്കില്ല. സഭാസംബന്ധമായ ലത്തീൻ സാഹിത്യത്തിലേ കാണൂ.

ഈ പേരിൻെറ പിന്നിൽ വലിയൊരു ചരിത്രമുണ്ട്. ഫ്രാൻസിൻെറ മധ്യസ്ഥനായി വന്ദിക്കപ്പെടുന്ന ടൂർസിലെ വി.മാർട്ടിൻ (316-397) വലിയ കാരുണ്യവാനായിരുന്നു. ഒരിക്കൽ അദ്ദേഹം തൻെറ പുറംകുപ്പായത്തിൻെറ പകുതി ഒരു ഭിക്ഷുവിന് ദാനം ചെയ്തു. പിന്നീട്, താൻ ദാനം കൊടുത്ത അർദ്ധവസ്ത്രമണിഞ്ഞ ക്രിസ്തുവിനെ ഒരു ദർശനത്തിൽ അദ്ദേഹം കണ്ടു. അദ്ദേഹത്തിൻെറ മരണാനന്തരം അദ്ദേഹത്തിൻെറ കുപ്പായം ഫ്രാൻസിലെ രാജാക്കന്മാർ പൂജ്യവസ്തുവായിക്കരുതി സ്വകാര്യ പ്രാർത്ഥനാലയത്തിൽ ഒരു പെട്ടിയിൽ സൂക്ഷിച്ചു. അവർ യുദ്ധത്തിന് പോകുമ്പോൾ, വിജയത്തിൻെറ അച്ചാരമായിക്കരുതി, അതു കൊണ്ടുപോയിരുന്നു. ആ പെട്ടിയിൽ തൊട്ട് സത്യം ചെയ്യുന്ന പതിവുമുണ്ടായി. പുറംകുപ്പായത്തിന് കാപ്പ എന്നാണ് പറഞ്ഞിരുന്നത്. കാപ്പയ്ക്കും, കാപ്പ സൂക്ഷിച്ചിട്ടുള്ള പേടകത്തിനും പിൽക്കാലത്ത് ആ പേടകമിരിക്കുന്ന പ്രാർത്ഥനാലയത്തിനും കപ്പെല്ല എന്ന പേരുവന്നു.

ചെറിയ കാപ്പ എന്നാണ് കപ്പെല്ല എന്ന വാക്കിൻെറ അർത്ഥം (ചെറുത് എന്ന് കാണിക്കാൻ എല്ലാ എന്ന പ്രത്യ

www.malankaralibrary.com

യം ചേർത്തിരിക്കുന്നു). കപ്പെല്ലാ സാക്തീ മർത്തീനി (വിശുദ്ധ മാർട്ടിൻെറ ചെറുദേവാലയം) എന്ന് ആ പ്രാർത്ഥനാലയത്തിന് പേരുവന്നു. അങ്ങനെ കാപ്പ എന്നതിന് ദേവാലയമെന്നും കപ്പെല്ല എന്നതിന് ചെറുദേവാലയം എന്നും പേരായി. ഈ കപ്പെല്ലാ എന്ന വാക്കാണ് ഇംഗ്ലീഷിൽ ചാപ്പൽ (Chapel) എന്നും പോർത്തുഗീസിൽ കപ്പേല എന്നും മലയാളത്തിൽ കപ്പേള എന്നും രൂപംമാറി പ്രചരിച്ചത് ('ക' കാരം ഇംഗ്ലീഷിൽ 'ച' കാരമാകുന്നതുകൊണ്ട് ചാപ്പൽ എന്ന് പറയുന്നു).

വി. മാർട്ടിൻെറ ദേവാലയമാണ് ഇന്നത്തെ കപ്പേളകളുടെയെല്ലാം ആദിമരൂപം. മധ്യയുഗത്തിൽ കപ്പേളകൾ ശില്പവിദ്യയുടെ വിളനിലങ്ങളായി. ഇന്നും ശില്പസൗഭഗത്തോടുകൂടിയ കപ്പേളകൾ പണിയുന്നു.

ചെറിയ പ്രാർത്ഥനാലയമായി ഉപയോഗിക്കുന്ന ഒരു മുറി എന്നും കപ്പേളയ്ക്ക് അർത്ഥമുണ്ട്. ആശുപത്രികൾ, യൂണിവേഴ്സിറ്റികൾ മുതലായ സ്ഥാപനങ്ങളിലെ പ്രാർത്ഥനാമുറിയ്ക്ക് കപ്പേള എന്നാണല്ലോ പറയുന്നത്. (കാപ്പാ എന്ന വാക്കുനോക്കുക).

**കപ്പ്യാര്, കപ്യാര്** മധ്യയുഗത്തിലെ ലത്തീൻ ഭാഷയിലുണ്ടായ കപ്യാരിയൂസ് (Capi-arius) എന്ന പദമാണ് മലയാളത്തിൽ കപ്പ്യാര് എന്നു രൂപം പ്രാപിച്ചത്. ഓസ്തിയാരിയൂസ് എന്ന ലത്തീൻ പദം ഓസ്തിയാര് എന്നു രൂപം പ്രാപിച്ചതുപോലെ കപ്യാരിയൂസ് എന്ന പദം കപ്യാര് എന്നായിത്തീർന്നു (ഓസ്തിയാര് എന്ന വാക്കു നോക്കുക). കാര്യസ്ഥൻ, നായകൻ, അധിപൻ, സൂക്ഷിപ്പുകാരൻ എന്നൊക്കെ അർത്ഥമുള്ള ആ പദം ഇവിടെ പ്രചരിപ്പിച്ചത് പോർത്തുഗീസ് മിഷണറിമാരാണ്. വിശുദ്ധവസ്തുക്കൾ സൂക്ഷിക്കുന്ന ആലയത്തിൻെറ കാര്യസ്ഥൻ എന്നാണ് മതസാഹിത്യത്തിൽ അതിൻെറ അർത്ഥം (ആദിമകാലത്ത് ഏത് നിക്ഷേപാലയത്തിൻെറയും കാര്യസ്ഥനെ ഈ വാക്ക് ഉപയോഗിച്ച് വിളിച്ചിരുന്നു). പള്ളിയിലെ പൂജാപാത്രങ്ങൾ, തിരുവസ്ത്രങ്ങൾ, സൈത്ത്, ആരാധനാപരമായ ഗ്രന്ഥങ്ങൾ മുതലായവ സൂക്ഷിക്കുന്നതിന് യൂറോപ്പിലെ ദേവാലയങ്ങളോടു ചേർന്ന് പ്രത്യേകമായ ഒരു മുറി ഉണ്ടാക്കുകയും ആ നിക്ഷേപാലയത്തിന് മധ്യകാലയൂറോപ്പിൽ കപ്പിത്തിയും (capi-tium) കപ്പിച്ചേരിയ (capi-ceria) കപ്പിച്ചിയും (capicium) എന്നൊക്കെ പേരുപറയുകയും ചെയ്തു. തലയായിട്ടുള്ള, പ്രധാനപ്പെട്ട, മുറി എന്നാണ് അതിൻെറ സാരം (കാപ്പുത്ത് = ശിരസ്സ്). കത്തീഡ്രൽ പള്ളികളുടെയും ആശ്രമദേവാലയങ്ങളുടെയും നിക്ഷേപാലയങ്ങൾക്കാണ് ഈ പേരുകൾ ആദ്യം പ്രയോഗിച്ചത്. പിന്നീട് ഏതു പള്ളിയുടെയും നിക്ഷേപാലയത്തിന് ഈ പേര് പ്രയോഗിച്ചു. കപ്പിത്തിയുമിൻെറ കാര്യസ്ഥനെ അവർ കപ്പിത്തിയാരിയൂസ് (Capi-tiarius) കപ്പിച്ചിയാരിയൂസ് (Capi-ci-arius) കപ്പിച്ചേരിയൂസ് (Capi-cerius) കപ്പ്യാരിയൂസ് (Capiarius) എന്നൊക്കെ ലത്തീൻ ഭാഷയിൽ വിളിച്ചുപോന്നു.

കപ്പിത്തിയാരിയൂസ് എന്ന വാക്ക് കപ്പിസ്യാരിയൂസ് എന്നും കപ്പിത്തിയും എന്നത് കപ്പിസിയും എന്നും ഉച്ചരിക്കണമെന്നാണ് നിയമം. തകാരം കഴിഞ്ഞ് 2 സ്വരങ്ങൾ (iu) വരുന്നതുകൊണ്ടാണത്. കപ്പിത്തിയാരിയൂസ് (കപ്പിസ്യാരിയൂസ്) എന്ന പദം ചുരുങ്ങി കപ്പിയാരിയൂസ് (കപ്യാരിയൂസ്) എന്നായി. ഏതു ഭാഷയിലും ആദിമദശയിൽ പദങ്ങൾ പല

www.malankaralibrary.com

രൂപങ്ങളിൽ പ്രയോഗിക്കപ്പെടും. കാലക്രമേണ ഒരു രൂപം സ്ഥിരപ്രതിഷ്ഠിതമാകുകയും ചെയ്യും.

പണ്ട് ദേവാലയങ്ങളുടെ വിശുദ്ധവസ്തുക്കൾ സൂക്ഷിക്കുന്ന നിക്ഷേപാലയത്തിനു ബേസ്ദിയാക്കോൻ (ഡീക്കന്റെ, ശെമ്മാശന്റെ അധികാരത്തിൽപ്പെട്ട സ്ഥലം) ദിയാക്കോനിയോൻ (ഡീക്കനെ സംബന്ധിച്ചത്) ദിയാക്കോനിക്കോൻ (ഡീക്കനെ സംബന്ധിച്ചത്) എന്നിങ്ങനെ വിളിച്ചിരുന്നു. ലത്തീനിൽ ദിയാക്കോണിക്കും, സാക്രിസ്ത്യ എന്നീ പേരുകളുമുണ്ടായിരുന്നു.

*അല്മായരെ നിയമിക്കുന്നു*

ആദിമകാലത്ത് സഭയിൽ സ്ഥിരം ദിയാക്കോൻമാർ (ഡീക്കന്മാർ) ഉണ്ടായിരുന്നു. കാലക്രമേണ ആ പദവിക്കാർ ഇല്ലാതായി. യൂറോപ്പിൽ 11-ാം നൂറ്റാണ്ടോടെ സ്ഥിരംഡീക്കന്മാർ ഇല്ലാതായല്ലോ. കേരളത്തിലും അവർ വിരളമായി. അപ്പോൾ നിക്ഷേപാലയത്തിന്റെ അധികാരികളായി അല്മായരെ നിയമിക്കേണ്ടിവന്നു. അല്മായർക്ക് ഡീക്കൻ പട്ടമില്ലല്ലോ. തന്മൂലം അവരെ കപ്യാരിയൂസ് എന്ന് വിളിച്ചു. അവരുടെ കാര്യസ്ഥതയിലുള്ള നിക്ഷേപാലയത്തെ കപ്പിസിയും കപ്പിച്ചേരിയ എന്നൊക്കെ വിളിച്ചു. സ്വാഭാവികമാണ് ഈ പേരിടൽ. യൂറോപ്പിലെ മതഭാഷയായിത്തീർന്ന ലത്തീനിലോ അതിൽനിന്നുണ്ടായ പ്രാദേശിക ഭാഷകളിലോ ആണ് ഇത്തരം വാക്കുകൾ ആദ്യം പ്രയോഗിക്കപ്പെട്ടത് (യൂറോപ്പിൽ സഭയുടെ ആദിമ ഭാഷ ഗ്രീക്കായിരുന്നു).

സുറിയാനി സഭകളിൽ ഇതേ അർത്ഥത്തിൽ ഖുൻകായാ, ഖുൻകാലാ, ഖൻകായാ എന്നൊക്കെ വിളിച്ചുപോന്നു. കപ്പ്യാരുടെ ജോലിക്ക് ഖൻകായൂസാ എന്ന് പറഞ്ഞുവന്നു. മദ്ബഹ, അഴിയ്ക്കകം എന്നിങ്ങനെ അർത്ഥമുള്ള കൻകേ എന്ന വാക്കിൽനിന്നാണീ പദങ്ങളുണ്ടായത്.

ദിയാക്കോൻ എന്ന ഗ്രീക്ക് വാക്കിനും ശെമ്മാശ എന്ന സുറിയാനി വാക്കിനും ശുശ്രൂഷി എന്നാണർത്ഥം. തന്മൂലം മലയാളത്തിൽ കപ്യാര് എന്നതിന് പകരം ശുശ്രൂഷി എന്ന് പ്രയോഗിക്കുന്നുണ്ട് (അല്മായർക്കും ആ വാക്ക് പ്രയോഗിക്കുന്നു).

കപ്യാരിയൂസ് എന്ന മധ്യകാല ലത്തീൻ പദം പോർത്തുഗീസ് ഭാഷയിൽ കപ്യാരിയോ (Capiario) എന്നും കപ്പെയ്രോ (Capeiro) എന്നും രൂപപ്പെട്ടു. വികാരിയൂസ് (Vicarius) എന്ന ലത്തീൻ വാക്ക് വിഗാരിയോ (Vigario) എന്ന് രൂപപ്പെട്ടതുപോലെ തന്നെ. ഈ വാക്കുകളിലെ ആരിയൂസ് (-arius) ഒരു പ്രത്യയമാണ്. അതിനെ സംബന്ധിച്ചത് എന്നാണ് അതിന്റെ അർത്ഥം. ജർമ്മൻ ഭാഷയിൽ വികാരിയൂസ് എന്ന പദം വികാർ (Vikar) എന്നരൂപത്തിൽ ('ര'കാരാന്ത്യമായി) നിലനില്ക്കുന്നുണ്ട്. സ്പാനിഷ് ഭാഷയിൽ കപ്യാരിയൂസ് എന്ന വാക്ക് കാപ്പെരോ എന്നായി. ഗ്രീക്കിൽ 'ഓസ്' എന്നവസാനിക്കുന്ന വാക്കുകൾ ലത്തീനിൽ 'ഊസ്' എന്നവസാനിക്കുന്നു. അവ പോർത്തുഗീസിലും ഇറ്റാലിയനിലും പൊതുവേ 'ഒ'യിൽ അവസാനിക്കും. ജർമ്മൻ ഭാഷയ്ക്ക് ഈ നിർബന്ധമില്ല. അതുകൊണ്ട് വികാർ, ബിബ്ളിയോത്തേക്കാർ (ഗ്രന്ഥശാലാധിപൻ) അൾത്താർ (ബലിപീഠം) എന്നൊക്കെ ആ ഭാഷയിൽ കാണാം. പോർത്തുഗീസിലും 'അർ'കൊണ്ട് അവസാനിക്കുന്ന പദങ്ങൾ വിരളമായിട്ടാണെങ്കിലും നിലനി

www.malankaralibrary.com

ല്ക്കുന്നുണ്ട്. ലൂഗാര്‍ (സ്ഥലം) അള്‍ത്താര്‍ (ബലിപീഠം) മാര്‍ (കടല്‍) പാര്‍ലിമെന്‍താര്‍ (പാര്‍ലിമെന്‍റ് സംബന്ധമായത്) മുതലായവ ഉദാഹരണങ്ങളാണ്.

കപ്യാര്‍ എന്ന വാക്കിലെ അന്ത്യാക്ഷരം 'ര' ആണ്, 'റ' അല്ല. വിഭക്തി പ്രത്യയങ്ങള്‍ ചേര്‍ക്കുമ്പോഴും മറ്റുപദങ്ങളോടു ചേര്‍ക്കുമ്പോഴും 'ര' കാരം തെളിയുന്നുണ്ടല്ലോ (ഉദാ: കപ്യാരുടെ, കപ്യാരന്മാര്‍, കപ്യാരെ, കപ്യാരച്ചന്‍) മലയാളത്തില്‍ 'ര്‍' എന്ന ലിപി ര, റ എന്നിവയ്ക്ക് പൊതുവേയുള്ളതാണ്. കപ്യാര് എന്ന് എഴുതിയാല്‍ സംശയമില്ലാതിരിക്കും. ഉത്പത്തി കണ്ടെത്താന്‍ എളുപ്പമാകുകയും ചെയ്യും.

### *കപ്പ് (കാപ്പ്) എന്ന ധാതു*

കപ്യാരിയൂസ് എന്ന പദത്തിലെ ധാതുരൂപം കപ്പ് (Cap) ആണ്. ഇ (i)എന്നത് ഇടനില. ആരിയൂസ് എന്നത് പ്രത്യയം. അങ്ങനെ കപ്പ്+ഇ+ആരിയൂസ് എന്ന് വേര്‍തിരിക്കാം. കപ്പ് ചിലപ്പോള്‍ കാപ്പ് എന്നുച്ചരിക്കും. ലിപികൊണ്ട് ദീര്‍ഘം കാണിക്കുകയില്ല. തല (ശിരസ്സ്) എന്നര്‍ത്ഥമുള്ള കാപ്പുത്ത് (Caput) എന്നവാക്ക് ഈ ധാതുവില്‍നിന്നു വരുന്നു. പിടിച്ചെടുക്കുക, ഗ്രഹിക്കുക, ഭരിക്കുക, നയിക്കുക, മനസ്സിലാക്കുക എന്നൊക്കെ അര്‍ത്ഥമുള്ള കാപ്പെരെ (Cap-ere)എന്ന ക്രിയ ഈ ധാതുവില്‍നിന്നുണ്ടാകുന്നു. ഭൂതകാലത്തില്‍ ഈ ധാതു ചേപ്പ് എന്നു മാറും (ക →ച). ഞാന്‍ പിടിച്ചെടുത്തു എന്നതിന് ചേപ്പി (Cepi) എന്നാണ് പറയുന്നത്.

നയിക്കുന്നവന്‍, ഭരിക്കുന്നവന്‍ എന്നിങ്ങനെ അര്‍ത്ഥമുള്ള ലത്തീനിലെ കപ്പിത്താനേവൂസ്, പോര്‍ത്തുഗീസിലെ കപ്പിത്താം, ഇറ്റാലിയനിലെ കാപ്പോ, സ്പാനിഷിലെ കപ്പിത്താന്‍, ഇംഗ്ലീഷിലെ ക്യാപ്റ്റന്‍ മുതലായ വാക്കുകള്‍ ഈ ലത്തീന്‍ ധാതുവില്‍നിന്നുണ്ടായതാണ്. തല എന്നത് ഒരു വ്യക്തിയെയും നേതാവായ വ്യക്തിയെയും നേതൃത്വത്തെയും സൂചിപ്പിക്കുന്നു.

തലയായിട്ടുള്ള മുറിയാണ് നിക്ഷേപമുറി. അതുകൊണ്ട് കപ്പിത്തിയും, കപ്പിച്ചിയാലിസ്, കപ്പിച്ചേരിയ, കപ്പിസ് ചേരിയ (Capisceria) എന്നൊക്കെ അതിനെ വിളിക്കുക സ്വാഭാവികമാണല്ലോ. ദേവാലയത്തിലെ ശിരസ്സായിട്ടുള്ള മുറിയാണ് നിക്ഷേപമുറി (സങ്കീര്‍ത്തി). സര്‍ക്കാര്‍ എന്ന പേര്‍ഷ്യന്‍പദം തന്നെ സംസ്കൃതത്തിലെ ശിരസ്കാര്യം എന്ന വാക്കാണ്. തലയുടെ കാര്യം എന്നര്‍ത്ഥം. സര്‍ എന്ന ഇംഗ്ലീഷ് വാക്ക് തലവന്‍ എന്നര്‍ത്ഥത്തിലാണ് പ്രയോഗിക്കുന്നത്. അതും ശിരസ് എന്ന സംസ്കൃതപദത്തില്‍നിന്നുണ്ടായതാണ്.

കപ്പിത്തിയും, കപ്പിച്ചേരിയും കപ്യാരിയൂസ് മുതലായവയിലെ അടിസ്ഥാന ധാതുവായ കപ്പ്, ഗ്രീക്ക്ഭാഷയിലെ കപ് ധാതുവുമായി ബന്ധമുള്ളതാണ്. സംസ്കൃതത്തിലെ ഗുവ്, ഗുഹ്, കുംബ് മുതലായ ധാതുക്കളുമായി അതിന് ബന്ധമുണ്ടായിരിക്കണം. മറയ്ക്കുക, രക്ഷിക്കുക എന്നൊക്കെ ഇവയ്ക്ക് അര്‍ത്ഥമുണ്ടല്ലോ. ദ്രാവിഡത്തിലെ കപ്പ് ധാതുവും ഒരുപക്ഷേ ഇവയോട് ബന്ധപ്പെട്ടതായിരിക്കാം. അടക്കിഭരിക്കുക എന്നൊരര്‍ത്ഥം ലത്തീനിലും ദ്രാവിഡഭാഷകളിലും ഈ കപ്പ് ധാതുവിനുണ്ട്.

സംസ്കൃതത്തിലെ കപാലം ഗ്രീക്കില്‍ കെഫാലേ എന്നും ലത്തീനില്‍ കാപുത്ത് എന്നും പോര്‍ത്തുഗീസില്‍ കബേസ (Cabeca) എന്നും രൂപംമാറി. തലയെന്നാണര്‍ത്ഥം (കപാലത്തിന് തലയോട് എന്നും അര്‍ത്ഥമുണ്ട്).

www.malankaralibrary.com

*വിവിധ രൂപങ്ങൾ, യൂറോപ്യൻ പദങ്ങൾക്ക്* കപ്യാരിയൂസ് എന്ന പദം കേരളത്തിൽ കപ്പി, കപ്യാരിയോ, കപ്യാരി, കപ്പിത്ത്യാരിയോ കപ്പിയെരോ എന്നൊക്കെ വിവിധ രൂപങ്ങളിൽ പ്രയോഗിക്കപ്പെട്ട് അവസാനം നൂറോളം വർഷം കൊണ്ട് (1500-1599) കപ്യാര് എന്ന രൂപത്തിലെത്തി. പല യൂറോപ്യൻ പദങ്ങൾക്കും കേരളത്തിൽ ഇങ്ങനെ പരിണാമമുണ്ടായിട്ടുണ്ട്. ഉദാഹരണമായി, കൊൺഫ്രത്തേർണിത്താസ് എന്ന ലത്തീൻ പദത്തിൽനിന്നുണ്ടായ കോൺഫ്രാരിയ എന്ന പോർത്തുഗീസ്വാക്ക് കേരളത്തിൽ, കൊൻപ്രറിയ, കൊംപ്രേരിയ, കൊംപ്രിയ, കൊമ്പിര്യ, കൊമ്പ്രിയാ, കൊമ്പ്രര്യ, കൊമ്പേരിയ എന്നൊക്കെ കാണപ്പെടുന്നുണ്ട് (സഹോദരപരമായ സഖ്യം എന്നാണിതിൻെറ അർത്ഥം). എന്നാൽ സുറിയാനിപ്പദങ്ങൾക്ക് ഇങ്ങനെ മാറ്റമുണ്ടായിട്ടില്ല. പണ്ടുമുതൽ സുറിയാനിയിൽത്തന്നെ അവ എഴുതുകയും എഴുതുംപോലെ പറയുകയും ചെയ്തുപോന്നു. കശീശ, കഹന, ശ്ലീഹാ, ശെമ്മാശ, സ്ലീബ, ദുക്റാനാ, റൂഹാദക്ക്ദശ മുതലായ തനി സുറിയാനിപ്പദങ്ങളും ഗ്രീക്കിൽനിന്ന് സുറിയാനിയിൽ സ്വീകരിച്ച ഏവൻഗേലിയോൻ, അപ്പെസ്കോപ്പാ, കാതോലിക്കാ, പാത്രിയാർക്കീസ് മുതലായ വാക്കുകളും മാറ്റംകൂടാതെ നിലനിന്നല്ലോ.

കപ്യാര് എന്നപോലെ ലത്തീനിൽ നിന്നുപോർത്തുഗീസ് വഴി വന്ന പദങ്ങളാണ് തെസരേര് (ട്രഷറർ), ലൈത്തോര് (elector), ചെമ്മദോര് (വിളിച്ചുവരുത്തുന്നവൻ), ഗൊവെർണദോർ (ഗവർണർ), അലമാര (അലമാരി) മുതലായവ. കപ്യാര് എന്നപോലെ 'അർ' കൊണ്ടവസാനിക്കുന്ന വേറെ ചില പദങ്ങളും പോർത്തുഗീസിലുണ്ട്.

പടിഞ്ഞാറൻ ക്രിസ്ത്യാനികൾ ഗ്രീക്ക്ഭാഷ ഉപേക്ഷിച്ച് ലത്തീൻ ഭാഷയെ മതഭാഷയാക്കിയപ്പോൾ ഏറെ പദങ്ങൾ സൃഷ്ടിച്ചു. പലതിനും പുതിയ അർത്ഥം നല്കി സ്വീകരിക്കുകയും ചെയ്തു. യൂറോപ്പിലെ പ്രാദേശികഭാഷകൾ ലത്തീനിൽ നിന്ന് കാലക്രമേണ വളരെ അകന്നുപോയി. പലരൂപങ്ങളും പരിത്യജിക്കപ്പെട്ടു. ആധുനിക നിഘണ്ടുക്കളിൽ അവ കാണുകയില്ല.

### *നിഷ്പത്തി എവിടെ കണ്ടെത്തും?*

കപ്പ്യാര് എന്ന വാക്കിൻെറ നിഷ്പത്തിയും അർത്ഥവും കണ്ടെത്താൻ ആദിമകാലത്തെയും മധ്യയുഗത്തിലെയും ലത്തീൻ ഭാഷയുടെ നിരുക്തിപരമായ നിഘണ്ടുക്കൾ പരിശോധിക്കണം. ക്രിസ്തുമതത്തിലെ ലത്തീൻഭാഷ (Eccle-ssiastical Latin) എന്നൊരു പ്രപഞ്ചം തന്നെയുണ്ട്. നമുക്ക് സുലഭമായ ക്ലാസിക്കൽ ലത്തീൻ ഭാഷാനിഘണ്ടുക്കളിൽ അത്തരം പദങ്ങളില്ല. ആധുനിക കാലത്ത് പ്രോട്ടസ്റ്റൻറുകാർ നിർമ്മിച്ച നിഘണ്ടുക്കളിൽ പ്രസ്തുത വാക്കിൻെറ ശരിയായ അർത്ഥം കാണണമെന്നില്ല. കപ്യാര് എന്ന പദത്തിന് പകരമായി പണ്ടുമുതൽ പ്രയോഗിച്ചിരുന്ന ലത്തീനിലെ സാക്രിസ്ത, പോർത്തുഗീസിലെ സാക്രിസ്താം, ഇംഗ്ലീഷിലെ സാക്രിസ്റ്റ്യൻ, സെക്സ്റ്റൺ മുതലായ പദങ്ങൾക്ക് പണ്ടുണ്ടായിരുന്ന അർത്ഥം അവർ നല്കാറില്ല. ദേവാലയത്തിൻെറ വിശുദ്ധ വസ്തുക്കൾ സൂക്ഷിക്കുന്നവൻ എന്നർത്ഥമുള്ള ആ വാക്കുകൾക്ക് കണക്കെഴുത്തുകാരൻ, വാർഡൻ, കുഴിവെട്ടുകാരൻ എന്നൊക്കെ അവർ അർത്ഥം പറയുന്നു. കാരണം, മിക്ക പ്രോട്ടസ്റ്റൻറു സഭകളിലും സാക്രിസ്തായ്ക്ക് അത്തരം ജോലികളേ ഉള്ളൂ. മറ്റുള്ളവർ

www.malankaralibrary.com

അവരുടെ നിഘണ്ടുക്കൾ നോക്കി കപ്യാരുടെ ജോലിയും പദവിയും തെറ്റിധരിക്കുന്നത് നിർഭാഗ്യകരമാണ്.

### *കപ്യാരുടെ കടമകളും പദവിയും ശെമ്മാശന്റേതു തന്നെ*

പട്ടമേറ്റിട്ടുള്ള ദിയാക്കോന് (ശെമ്മാശന്, ഡീക്കന്) ആദിമ ക്രിസ്തുമതത്തിൽ ഉണ്ടായിരുന്ന കടമകളും പദവിയുമാണ് പട്ടമേല്ക്കാത്ത അല്മായ വിശ്വാസിക്ക് മധ്യയുഗം മുതൽ നല്കപ്പെട്ടത് (പ്രോട്ടസ്റ്റന്റുകാരുടേതല്ലാത്ത സഭകളിലെ കാര്യമാണിത്). വൈദികൻ കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ആദരിക്കപ്പെടുന്നത് കപ്യാരാണ്. പള്ളിയിലും വീടുകളിലും പൊതുസ്ഥലങ്ങളിലും വൈദികന്റെ തൊട്ടടുത്തുള്ള ഇരിപ്പിടമാണ് കപ്യാർക്കുള്ളത്. "കപ്യാരച്ചൻ" എന്നാണ് വിളിക്കപ്പെടുന്നത്. അച്ചൻ എന്ന പദത്തിന് യജമാനൻ എന്നാണർത്ഥം (അച്ചൻ എന്ന വാക്ക് കാണുക). ശെമ്മാശൻമാർ പണ്ട് പള്ളികളിൽ ചെയ്തിരുന്ന ജോലികളാണ് കപ്യാര് നിർവഹിക്കുന്നത്. അവർ അണിയേണ്ട സ്ഥാനവസ്ത്രങ്ങളാണ് കുത്തീന (നീണ്ട അങ്കി) സൂനാറ (അരക്കെട്ട്) ഊറാറ (കഴുത്തിലിടുന്ന നീണ്ടവസ്ത്രം, ഉത്തരീയം) എന്നിവ. ആ വസ്ത്രങ്ങൾതന്നെ അണിഞ്ഞാണ് കപ്യാര് ശുശ്രൂഷ ചെയ്യുന്നത്. ഇന്നിപ്പോൾ പലയിടത്തും ഇവ അണിയാറില്ലെന്നു മാത്രം. നെടിയ ഊറാറപോലൊരു വസ്ത്രം കേരളത്തിൽ ശെമ്മാശൻ അണിയുന്നുവെന്ന് 16-ാം നൂറ്റാണ്ടിൽ പോർത്തുഗീസുകാർ രേഖപ്പെടുത്തിയിട്ടുണ്ടല്ലോ (cf. ഫാ. പ്ലാസിഡ്, നമ്മുടെ റീത്ത്, മാന്നാനം, 1944, പുറം 35).

വൈദികനും കപ്യാരും പള്ളിയുടെ തൊഴിലാളികളോ ശമ്പളക്കാരോ അല്ല. സൗജന്യസേവകരാണ്. ദിവ്യകർമ്മങ്ങൾക്കായി ജനങ്ങൾ നല്കുന്ന ധർമ്മത്തിന്റെ ഒരു വിഹിതമാണ് അവർക്കുള്ളത്. ആ ധർമ്മം കൊണ്ടാണ് അവർ ജീവിക്കുന്നത്. ഇന്നിപ്പോൾ അവർക്ക് വിഹിതങ്ങൾക്ക്പുറമേ ചെറിയൊരു അലവൻസ് (ഭോഗം) കൂടി പള്ളിയിൽ നിന്നുകൊടുക്കുന്നുണ്ട്. സുറിയാനിസഭകളിൽ പണ്ടത്തേപ്പോലെ കപ്യാർക്ക് പള്ളിഭരണത്തിലും കർമ്മാനുഷ്ഠാനങ്ങളിലും സുപ്രധാനസ്ഥാനമാണുള്ളത്. കപ്യാരുടെ പദവി മഹനീയവും ശ്രേഷ്ഠവുമായി കരുതപ്പെടുന്നു. "മാലാഖയ്ക്കടുത്ത ജോലി" (angelic duty) എന്നാണ് പറയാറ്. റോസു മെത്രാപ്പോലീത്ത 1606-ൽ എഴുതിയ നിയമാവലിയിൽ, രണ്ടാം സെപ്രാ 10-ാം സാഹയിൽ, പറയുന്നത് "മാലാഖമാരുടെ പ്രവൃത്തി" എന്നാണല്ലോ. സത്സ്വഭാവവും പക്വതയും അറിവും നല്ല ക്രൈസ്തവ പാരമ്പര്യവുമുള്ളവർക്കേ ഈ ജോലി നല്കപ്പെടുകയുള്ളൂ. പല കുടുംബങ്ങളും പരമ്പരാഗതമായ കർത്തവ്യമായി ഈ ജോലിചെയ്യുന്നു (യഹൂദ-ലേവായ പാരമ്പര്യമാണ് ഇത് ഓർമ്മിപ്പിക്കുന്നത്). വൈദികവൃത്തിയും ആർച്ച്ഡീക്കൻ പദവിയും ഇതുപോലെതന്നെയാണ്.

വൈദികധർമ്മവും കപ്യാരുടെ ജോലിയും ഒന്നിച്ചുപോകുന്നതും ഒന്നിച്ചു പേരു പറയപ്പെടുന്നതുമാണ്. "കർത്തനും കപ്യാരും", "കത്തനാരും കപ്യാരച്ചനും" "അച്ചനും കപ്യാരും" എന്നിങ്ങനെ പറയപ്പെടുന്നു (വൈദികന്റെ ഭാര്യയെ കർത്തത്തിയാരമ്മ, കത്തത്തിയാരമ്മ എന്നിങ്ങനെ വിളിച്ചുപോന്നു. പ്രഭ്വി എന്ന അർത്ഥത്തിൽ പ്രധാനപ്പെട്ട സ്ത്രീകളെ കർത്തത്തിയാരമ്മ എന്ന് വിളിച്ചിരുന്നു, പില്ക്കാലത്ത് കപ്പത്തിയാരമ്മ എന്നും).

www.malankaralibrary.com

സഭയിൽ ഒരു അല്മായ വിശ്വാസിക്കു ലഭിക്കാവുന്ന ഏറ്റവും വലിയ സ്ഥാനമാണ് കപ്യാരു പദവി. സ്ഥിരം ഡീക്കന്റെ പദവിപോലെ തന്നെയാണത്. ഡീക്കന്മാരും വൈദികരും വിരളമായിരുന്ന മധ്യയുഗത്തിൽ വൈദികർ ചെയ്യേണ്ട ചില കർമ്മങ്ങൾ പട്ടമേല്ക്കാത്തവരായ കപ്യാരന്മാർ കേരളത്തിൽ ചെയ്തിരുന്നതായി 1599-ലെ ഉദയംപേരൂർ സൂനഹദോസ് കാനോനയിൽ പറയുന്നുണ്ട്. (6-ാം മൗത്വാ 10-ാം കാനോന; ലത്തീൻ പതിപ്പിൽ 8-ാം സെഷൻ, 17-ാം ഡിക്രി) ശെമ്മാശന്മാർ (ഡീക്കന്മാർ) പലപള്ളികളിലും ഇല്ലാത്തതുകൊണ്ട് കുർബാന മുടങ്ങിയിരുന്ന കാലമായിരുന്നു അത് (cf. റോസിന്റെ നിയമാവലി 10-ാം സാഹാ).

ഒന്നാം പട്ടക്കാരനും (തറായാ, ഓസ്തിയാരിയൂസ്, ഓസ്തിയാര്) അഞ്ചാം പട്ടക്കാരനും (ഹെവ്പ്പുദിയാക്കോൻ, സബ്ഡീക്കൻ) ആറാം പട്ടക്കാരനും (ശെമ്മാശ, ദിയാക്കോൻ, ഡീക്കൻ) ചെയ്യുന്ന ജോലികൾ പട്ടമൊന്നുമില്ലാത്ത അല്മായവിശ്വാസികൾ മധ്യയുഗത്തിൽ നിർവഹിച്ചുപോന്നു. പള്ളിതുറക്കലും പൂട്ടലും ഒന്നാംപട്ടക്കാരന്റെയും കാസയും പീലാസയും പൂജാഗ്രന്ഥങ്ങളും അൾത്താരയിലെത്തിക്കുക, ലേഖനം വായിക്കുക മുതലായവ അഞ്ചാംപട്ടക്കാരന്റെയും ജോലിയാണ്. തിരുപ്പാത്രങ്ങൾ, തിരുവസ്ത്രങ്ങൾ, സൈത്ത്, തിരുശേഷിപ്പുകൾ, രേഖകൾ, ഗ്രന്ഥങ്ങൾ മുതലായവ സൂക്ഷിക്കുക, ദിവ്യപൂജ മുതലായ കർമ്മങ്ങളിൽ മുഖ്യശുശ്രൂഷകനും കർമ്മവിധിയുടെ നിയന്താവുമായി പ്രവർത്തിക്കുക, പൂജയ്ക്ക്വേണ്ട അപ്പവും മുന്തിരിങ്ങാച്ചാറും തയ്യാറാക്കുക മുതലായവ ആറാം പട്ടക്കാരന്റെ ജോലിയാണ്. ഈ ജോലികളെല്ലാംതന്നെ അല്മായൻ ചെയ്യുന്നു. ഇന്ന് പള്ളിയിലും സങ്കീർത്തിയിലും (കപ്പിച്ചേരിയ, ചമയപ്പുര, കപ്പിസിയും) ഉള്ള സകല വസ്തുക്കളും കപ്യാരുടെ മേൽനോട്ടത്തിലാണ്. പള്ളിയുടെയും സങ്കീർത്തിയുടെയും താക്കോലുകൾ അയാൾ സൂക്ഷിക്കുന്നു. പണ്ട് സങ്കീർത്തി (ചമയപ്പുര) എന്ന പ്രത്യേക മുറി ഉണ്ടായിരുന്നില്ല. തിരുവസ്തുക്കൾ അൾത്താരയ്ക്കടുത്ത് ഒരു മേശയിലോ ഭിത്തിയിലെ അലമാരിയിലോ ആണ് സൂക്ഷിച്ചിരുന്നത് (ബേസ്ഗസ്സ എന്ന വാക്കു കാണുക).

പള്ളി തുറക്കുകയും അടയ്ക്കുകയും മൂന്നുനേരം മണിയടിച്ച് പ്രാർത്ഥനാസമയം അറിയിക്കുകയും നിത്യവിളക്ക് (കെടാവിളക്ക്) ജ്വലിപ്പിച്ചുകൊണ്ടിരിക്കുകയും കുർബാനയിലും മറ്റ് എല്ലാ കൂദാശകളിലും ശുശ്രൂഷിക്കുകയും മദുബഹ വൃത്തിയായി സൂക്ഷിക്കുകയും ചെയ്യുന്നത് കപ്യാരാണ്. പള്ളിതൂപ്പുകാർക്ക് മദ്ബഹ തുടയ്ക്കാൻ അവകാശമില്ല. മദ്ബഹയും പള്ളിയുടെ ഭിത്തിയും തുടയ്ക്കുക, നിത്യവിളക്ക് ജ്വലിപ്പിക്കുക, വിളക്കുകൾ തേച്ച് മിനുക്കുക മുതലായവ കപ്യാർ തന്നെ ചെയ്യണമെന്ന് 1599-ൽ ഉദയംപേരൂർ സൂനഹദോസു കല്പിച്ചു (സെഷൻ 8, ഡിക്രി 17). വെച്ചൂട്ടിനുള്ള വലിയ പാത്രങ്ങൾ സങ്കീർത്തിയിൽ സൂക്ഷിക്കാതെ കപ്യാരുടെയോ കൈക്കാരന്മാരുടെയോ വീടുകളിൽ സൂക്ഷിക്കണമെന്നും ആ സൂനഹദോസ് കല്പിച്ചു. യൂറോപ്പിലെ പള്ളികളിലെന്നപോലെ ഇവിടെയും സങ്കീർത്തി എന്ന പ്രത്യേക മുറി മദുബഹയ്ക്കടുത്ത്, പിറകിൽ, നിർമിച്ചതും നിക്ഷേപാലയാധികാരി എന്ന അർത്ഥത്തിൽ കപ്യാര് എന്ന പേര് അതിന്റെ കാര്യസ്ഥന് നല്കിയതും പോർത്തുഗീസ് മിഷണറിമാരാണ്.

www.malankaralibrary.com

*പ്രോട്ടസ്റ്റൻറ് സഭകളിലെ കപ്യാര് (സെക്സ്റ്റൺ)* മതവിപ്ലവഫലമായി 16-ാം നൂറ്റാണ്ട് മുതൽ ഉണ്ടായ വിവിധ പ്രോട്ടസ്റ്റൻറ് സഭകളിൽ മിക്കതിലും വൈദികർക്കെന്നപോലെ കപ്യാർക്കും അന്നുവരെ ഉണ്ടായിരുന്ന ജോലികളും പദവികളും ഇല്ലാതായി. അവർക്ക് മൂന്നു നേരം മണിയടിയില്ല. നിത്യവിളക്കില്ല. പലർക്കും കുർബാനപോലുമില്ല. പള്ളികളിൽ കുർബാന സൂക്ഷിക്കുന്നില്ല. പല കൂദാശകളുമില്ല. അതുകൊണ്ട് കപ്യാരന്മാർ കണക്കെഴുത്തുകാരും കുഴിവെട്ടുകാരും വാർഡന്മാരുമായി മാറി. പക്ഷേ, പഴയ പേരുതന്നെ ഉപയോഗിക്കുകയും ചെയ്തു. അവരുടെ സഭകളിലെ ജോലിയനുസരിച്ചുള്ള അർത്ഥമാണ് അവരുടെ നിഘണ്ടുക്കളിൽ കൊടുക്കുന്നത്. അവർ കൊടുക്കുന്ന അർത്ഥമനുസരിച്ച് കപ്യാര് എന്ന വാക്കിൻെറ മൂലംകണ്ടുപിടിക്കാൻ ശ്രമിച്ചതുകൊണ്ടാണ് കേരളത്തിൽ പലർക്കും പിശകുപറ്റിയത്.

വിശുദ്ധവസ്തുക്കളുടെ നിക്ഷേപാലയം എന്നർത്ഥമുള്ള സാക്രിസ്റ്റി (ലത്തീനിൽ സാക്രിസ്ത്യ) എന്ന വാക്കിനുപകരം വസ്ത്രമണിയുന്ന സ്ഥലമെന്നർത്ഥമുള്ള വെസ്ട്രി എന്ന വാക്ക് യൂറോപ്യന്മാർ ഉപയോഗിക്കുന്നു (പലർക്കും വിശുദ്ധവസ്തുക്കളൊന്നും സൂക്ഷിക്കാനില്ലല്ലോ). വിശുദ്ധവസ്തുക്കളുടെ സൂക്ഷിപ്പുകാരൻ (കാര്യസ്ഥൻ) എന്നർത്ഥമുള്ള സാക്രിസ്റ്റ്യൻ (ലത്തീനിൽ സാക്രിസ്ത) എന്നവാക്ക് ഉപേക്ഷിച്ചു. അതേ അർത്ഥമുള്ളതാണെങ്കിലും ഏറെക്കുറേ അവ്യക്തമായ സെക്സ്റ്റൺ എന്ന വാക്കാണ് അവർ സാധാരണമായി ഉപയോഗിക്കുന്നത്. വിശുദ്ധവസ്തുക്കൾ സൂക്ഷിക്കുന്നവനെന്ന് അർത്ഥമുള്ള വാക്കുകൾ (സാക്രിസ്റ്റ്യൻ, സെക്സ്റ്റൺ) വിശുദ്ധവസ്തു സൂക്ഷിക്കാനില്ലാത്തവനെക്കുറിച്ച് പ്രയോഗിക്കുന്നു.

വിശുദ്ധവസ്തുക്കളെ സംബന്ധിച്ചവൻ എന്നർത്ഥമുള്ള സാക്രിസ്താനൂസ് എന്ന മധ്യകാല ലത്തീൻപദം പഴയ ഫ്രഞ്ചുഭാഷയിൽ സെക്രസ്റ്റെയിൻ എന്നാവുകയും അവസാനം സെക്സ്റ്റൺ (Sexton) എന്ന് ഇംഗ്ലീഷിൽ രൂപപ്പെടുകയുമാണ് ചെയ്തത്. അതുകൊണ്ട് സാക്രിസ്റ്റ്യൻ, സെക്സ്റ്റൺ എന്നീ വാക്കുകൾക്ക് ഒരേ അർത്ഥമാണുള്ളത്. വിശുദ്ധമായത് എന്നർത്ഥമുള്ള സാച്ചർ (സാക്രും) എന്ന ലത്തീൻ വാക്കിൽ നിന്നുണ്ടായ പദങ്ങളാണവ.

പ്രോട്ടസ്റ്റൻറ് സഭകളിൽ സാക്രിസ്തയുടെ (കപ്യാരുടെ) ജോലിക്കുണ്ടായ മാറ്റവും പദവിക്കുണ്ടായ തകർച്ചയും സ്കെയിറ്റ് 1882-ൽ പ്രസിദ്ധീകരിച്ച നിഘണ്ടുവിൽ (Etymological Dictionary of the English Language, Oxford). സാക്രിസ്റ്റ്യൻ, സെക്സ്റ്റൺ എന്നീ വാക്കുകളെപ്പറ്റി പറയുന്നിടത്ത് വിശദീകരിച്ചിട്ടുണ്ട് (പുറം 531). പ്രോട്ടസ്റ്റൻറ് സഭകളിൽ മാത്രമേ അർത്ഥവ്യത്യാസം വന്നിട്ടുള്ളൂ എന്ന വസ്തുത ഓർത്തിരിക്കണം. ഒരു സ്പാനിഷ് ഇംഗ്ലീഷ് നിഘണ്ടുവിൽ സെക്റ്റൺ എന്ന വാക്കിന് കുഴിതോണ്ടി (Sepulturero) എന്ന് അർത്ഥം കൊടുത്തിരിക്കുന്നു! ആ പദത്തിൻെറ ശരിയായ അർത്ഥം അതല്ലെന്ന് നമുക്കറിയാം. മതത്തിൽ വന്ന മാറ്റം പദവികളെയും പദങ്ങളെയും ബാധിച്ചു. പക്ഷേ, പാരമ്പര്യാധിഷ്ഠിത സഭകളിൽ മാറ്റമുണ്ടായിട്ടില്ല. നമ്മുടെ നാട്ടിൽ പ്രോട്ടസ്റ്റൻറ് സ്വാധീനംകൊണ്ട് കപ്യാർപ്പദവിക്കു മങ്ങലേറ്റു തുടങ്ങി. മാത്രമല്ല കപ്യാരന്മാർ സൗജന്യസേവനംചെയ്ത് സാമ്പത്തികമായി തകരുക

www.malankaralibrary.com

യാൽ അവരുടെ പദവിയോടുള്ള മതിപ്പ് കുറയാൻ ഇടയാവുകയും ചെയ്തു.

*പ്രോട്ടസ്റ്റൻറ് സഭക്കാരുടെ നിഘണ്ടുക്കൾ* പ്രോട്ടസ്റ്റൻറ് മതവിശ്വാസിയായ മോണിയർവില്ല്യംസ് 1851-ൽ പ്രസിദ്ധീകരിച്ച സംസ്കൃത ഇംഗ്ലീഷ് നിഘണ്ടുവിൽ സാക്രിസ്റ്റ്യൻ എന്ന പദമില്ല. പകരം സെക്സ്റ്റൻ എന്ന പദം നല്കിയിട്ടുണ്ട്. അതിന് സംസ്കൃതത്തിൽ ശവഗർത്തഖനക (ശവക്കുഴിതോണ്ടുന്നവൻ) ശവകുണ്ഠകാരക (ശവക്കുഴിയുണ്ടാക്കുന്നവൻ) ശ്മശാനാധ്യക്ഷ (ശ്മശാനത്തിൻെറ മേൽനോട്ടക്കാരൻ) മൃതപാ (മൃതരെ പാലിക്കുന്നവൻ) എന്നിങ്ങനെ കബറിടവുമായി ബന്ധപ്പെട്ട പദങ്ങൾ മാത്രം നൽകിയിരിക്കുന്നു! വിശുദ്ധവസ്തുസംരക്ഷകനെന്ന വാക്കിന് ഈ സംസ്കൃതപദങ്ങൾ ചേരുകയില്ലല്ലോ. പ്രോട്ടസ്റ്റൻറ് സഭകളിലെ സെക്സ്റ്റൻ, ശവക്കുഴി തോണ്ടുന്നവൻ മാത്രമാണെന്നാണ് ഇതിൻെറ സാരം.

ബെയ്ലി 1846-ൽ പ്രസിദ്ധീകരിച്ച നിഘണ്ടുവിൽ കപ്പിയാർ എന്ന വാക്കിന് Sexton എന്ന അർത്ഥം എഴുതി. വാക്കിൻെറ ഉത്പത്തിയെക്കുറിച്ച് ഒന്നും എഴുതിയിട്ടില്ല. പക്ഷേ, 1872-ൽ ഗുണ്ടർട്ട് പ്രസിദ്ധീകരിച്ച മലയാള നിഘണ്ടുവിൽ കപ്യാർ എന്ന പദം ഖബറ് (ശവക്കുഴി; ശവകുടീരം) എന്ന പദത്തിൽ നിന്നു വരുന്നുവെന്ന് എഴുതി. പ്രോട്ടസ്റ്റൻറ് സഭയിലെ സാക്രിസ്റ്റ്യൻ ചെയ്യുന്ന തൊഴിലിനെപ്പറ്റിമാത്രം ചിന്തിക്കുകയും അതനുസരിച്ച് ഒരു സുറിയാനിവാക്ക് കണ്ടുപിടിക്കുകയുമാണ് ആ മഹാപണ്ഡിതൻ ചെയ്തത്. അദ്ദേഹം പ്രോട്ടസ്റ്റൻറ് മതവിശ്വാസിയും (ബാസൽ മിഷൻകാരൻ) തലശേരിയിൽ പ്രോട്ടസ്റ്റൻറുകാരുടെയിടയിൽ പ്രവർത്തിച്ചയാളുമാണ്. കേരളത്തിലെ പാരമ്പര്യാധിഷ്ഠിത സഭകളിലെ കപ്യാർ ആരാണെന്ന് അദ്ദേഹം മനസ്സിലാക്കിയിട്ടില്ല. കത്തോലിക്കരുള്ള വരാപ്പുഴയിലെ കത്തോലിക്കാ മിഷണറിമാർ എ.ഡി. 1600 മുതൽ നിർമ്മിച്ച കയ്യെഴുത്ത്നിഘണ്ടുക്കളും വ്യാകരണങ്ങളും അദ്ദേഹത്തിന് നല്കിയിരുന്നു. ലത്തീൻ ഭാഷയിലുള്ള കപ്പിത്തിയാരിയൂസ്, കപ്പ്യാരിയൂസ്, കപ്പിച്ചേരിയൂസ്, കപ്പീസിയും മുതലായ പദങ്ങൾ അദ്ദേഹം അവഗണിച്ചു. പ്രോട്ടസ്റ്റൻറുകാർ നൽകുന്ന അർത്ഥമനുസരിച്ച് ഒരു ധാതു എഴുതിച്ചേർത്തു. കത്തോലിക്കാമിഷണറിയായ ആഞ്ചലോ ഫ്രാൻസിസിൻെറ മലയാളം-പോർത്തുഗീസ് നിഘണ്ടുവിൽ നമ്പ്യാൻ എന്നപദത്തിന് നല്കിയ അർത്ഥം സാക്രിസ്താം (സാക്രിസ്റ്റ്യൻ) എന്നാണ്. അത് അദ്ദേഹം ശ്രദ്ധിച്ചില്ല. അർണോസ്പാതിരിയുടെ നിഘണ്ടുവിൽ കപ്യാർ എന്ന പദത്തിന് സാക്രിസ്താം എന്ന് പോർത്തുഗീസിൽ അർത്ഥം പറഞ്ഞിരിക്കുന്നതും അദ്ദേഹം അവഗണിച്ചു. ഏതായാലും തൻെറ സഭയിലെ സാക്രിസ്റ്റ്യൻ (സെക്സ്റ്റൺ) ചെയ്യുന്ന ജോലിയനുസരിച്ച് ഒരു സുറിയാനിപ്പദം അതിൻെറ മൂലമായി നിശ്ചയിച്ചു. മഹാപണ്ഡിതനായ അദ്ദേത്തിൻെറ നിഘണ്ടുവിൽ വേറെയും ചില പിശകുകളുണ്ട്. അതുകൊണ്ട് ആ നിഘണ്ടുവിൻെറ സ്ഥാനമഹിമ കുറയുന്നില്ല. പക്ഷേ, വലിയൊരു ജനവിഭാഗത്തിനിടയിൽ ഇത് തെറ്റിദ്ധാരണയ്ക്കും മനോവേദനയ്ക്കും ഇടയാക്കി. ഗവേഷകരെ വഴിതെറ്റിച്ചു. സംസ്കൃതപണ്ഡിതനായ മോണിയർ വില്യംസ് 1851-ൽ ചെയ്തതുപോലെതന്നെ 1872-ൽ ഗുണ്ടർട്ടും ചെയ്തു. അവരുടെ നിഘണ്ടുക്കളിൽ കണ്ടത് പില്ക്കാല

www.malankaralibrary.com

നിഘണ്ടുകർത്താക്കൾ പകർത്തുകയും ചെയ്തു. മലയാളം ലക്സിക്കണിൽ കുഴിവെട്ടുകാരൻ എന്നർത്ഥമുള്ള കൊവെയ്റോ എന്ന പോർത്തുഗീസ്പദം കുടി കപ്യാര് എന്ന പദത്തിൻെറ ഉറവിടമായികൊടുത്തിരിക്കുകയാണ്! അബദ്ധത്തിനുമേലുള്ള അബദ്ധമാണത്. പി.എം. ജോസഫിൻെറ മലയാളത്തിലെ പരകീയ പദങ്ങൾ (1984) എന്ന പ്രബന്ധത്തിൽ ഈ പിശക് കടന്നുകൂടാൻ ഇടയായി (പുറം 373). ഗുണ്ടർട്ട് കൊടുക്കുന്ന ഖബർ എന്ന പദവും കപ്യാരുടെ ജോലിയുമായി യാതൊരു ബന്ധവുമില്ലല്ലോ എന്ന ചിന്ത പരമ്പരാഗത ക്രിസ്തുമതത്തിൽപ്പെട്ടവരിലുണ്ടായി. പക്ഷേ, മധ്യകാല ലത്തീൻ ഭാഷയുടെ നിഘണ്ടുക്കളോ മധ്യകാല ക്രൈസ്തവ ലത്തീൻ സാഹിത്യമോ കേരളീയർക്ക് സുലഭമല്ല. മിക്കവർക്കും സുഗ്രഹവുമല്ല. അതുകൊണ്ട് ഈ തെറ്റ് 1872 മുതൽ ഇന്നോളം ആവർത്തിച്ചുകൊണ്ടിരുന്നു.

***കപ്യാര് കുഴിവെട്ടുകാരനോ ശ്മശാന പാലകനോ അല്ല*** കപ്യാര് എന്ന വാക്കിന് സുറിയാനിയിലെ ഖബർ (ശവക്കുഴി), കബൂറ (ശവക്കുഴി നിർമ്മാതാവ്), പോർത്തുഗീസിലെ കൊവെയ്റോ (കുഴിതോണ്ടി) എന്നീ വാക്കുകളോട് ഭാഷാശാസ്ത്രപരമായോ ചരിത്രപരമായോ യാതൊരു ബന്ധവുമില്ല. ഖ്ബർ, ഖബൂറ എന്നിവ കപ്യാര് എന്നു രൂപപ്പെടുകയില്ല. അങ്ങനെ ഒരു രൂപ മാറ്റത്തിന് ആവശ്യമുണ്ടായിരുന്നുമില്ല. കേരളത്തിൽ അനേകം സുറിയാനിപ്പദങ്ങൾ മാറ്റംകൂടാതെ നിലനില്പുണ്ടല്ലോ. അവയെപ്പോലെ ഈ വാക്കുകളും, മാറ്റംകൂടാതെ നിലനില്ക്കുമായിരുന്നു. പതിനാറാം നൂറ്റാണ്ടിൽ ഇവിടെ പ്രചരിച്ച യുറോപ്യൻ പദങ്ങൾക്കാണ് ഗൗരവാവഹമായ അംഗവൈകല്യമുണ്ടായത്. അവരുടെ കൊമ്പന്ന്യ എന്ന വാക്ക്, കുമ്പഞ്ഞിയാ ആയി, കൊൺഫ്രാദേ പ്രാതിയായി, കൊൺഫ്രാരിയ, കൊമ്പ്രിരിയായും കൊമ്പേരിയയും മറ്റുമായി (ഖബറ് എന്ന സുറിയാനി വാക്ക് കബറ് എന്നു മാറിയിട്ടുണ്ട്. നിസാരമായ മാറ്റമാണത്). ഖബൂറാ എന്ന വാക്ക് കപ്യാര് എന്നാവുകയില്ല. അവ തമ്മിലുള്ള വ്യത്യാസം (സ്വനിമങ്ങളുടെ വ്യത്യാസം) നോക്കുക. മിക്കവരും സാമ്യം കണ്ടെത്തും. പക്ഷേ, വ്യത്യാസം കണ്ടെത്തുകയെന്നതാണ് പ്രധാനം.

കേരളീയ ക്രിസ്ത്യാനികൾക്ക് കുഴിവെട്ടുകാരൻ എന്നർത്ഥമുള്ള ഒരു പദം കണ്ടുപിടിക്കേണ്ടിയിരുന്നുമില്ല, പ്രത്യേക കുഴിവെട്ടുജോലിക്കാരോ കുഴിമാടകാവൽക്കാരോ ഉണ്ടായിരുന്നില്ല. മതപീഡനകാലത്ത് റോമിൽ പള്ളികളും രക്തസാക്ഷികളുടെ കബറിടങ്ങളും കാത്തുസൂക്ഷിക്കാൻ അഞ്ചാംപട്ടക്കാർക്ക് കടമയുണ്ടായിരുന്നു. മതപീഡനകാലം കഴിഞ്ഞപ്പോൾ ആ കടമയും തീർന്നു. കേരളത്തിൽ മതപീഡനമുണ്ടായിട്ടില്ല. ക്രിസ്ത്യാനികളെ ഉന്നതവർഗ്ഗമായിക്കരുതി ബഹുമാനിച്ചിരുന്നു. അവർക്ക് കബറിടം കാക്കേണ്ടിവന്നിട്ടില്ല. ബൈസൻറയിൻ സഭയിൽ ചെറുപട്ടങ്ങളുള്ള ചിലർ കബറിടനിർമ്മാണവുമായി ബന്ധപ്പെട്ടിരുന്നു. പക്ഷേ, കേരളത്തിൽ അങ്ങനെ ഒരവസ്ഥ ഉണ്ടായിട്ടില്ല.

കേരളത്തിൽ പള്ളിയോടനുബന്ധിച്ച് സിമിത്തേരി (ശ്മശാനം) നിർമ്മിച്ചു തുടങ്ങിയത് 16-ാം നൂറ്റാണ്ടിലാണ് (റോമിൽ മതപീഡനകാലത്താണ് ക്രിസ്ത്യാനികൾ പൊതുസിമിത്തേരികൾ പണിതു തുടങ്ങിയത്). മാർ യാക്കോബ് മെ

www.malankaralibrary.com

ത്രാൻ (1503-1549) ആണ് പൊതുസിമിത്തേരി നിർമ്മിക്കാൻ ആദ്യമായി കേരളീയരെ ഉപദേശിച്ചത്. അതിനുമുമ്പ് ഓരോ ഇല്ലത്തിനും സ്വന്തം സിമിത്തേരിയുണ്ടായിരുന്നു. യുറോപ്യൻ മിഷണറിമാർ ഈ വസ്തുത രേഖപ്പെടുത്തിയിട്ടുണ്ട് (cf. Fr. Jacob Kollaparambil, The St. Thomas Christians' Revolution in 1653, Kottayam, 1981, p. 17). യഹൂദ പാരമ്പര്യമനുസരിച്ച് ക്രിസ്ത്യാനികൾ മൃതശരീരം മറവുചെയ്തിരുന്നു. അവർ സ്വന്തം പറമ്പിൽ സംസ്കരിച്ചിരുന്നുവെന്നത് ആക്ഷേപാർഹമല്ല. യേശുവിനെ അടക്കിയത് പൊതുസിമിത്തേരിയിലല്ല, അന്യന്റെ കല്ലറയിലാണ്. അബ്രാഹം മുതലായ പൂർവികന്മാരുടെ കല്ലറകളെപ്പറ്റി ഓർമ്മിക്കുക. രക്തസാക്ഷികളെ പൊതുസിമിത്തേരിയിൽ അടക്കിയിരുന്നില്ല. കേരളത്തിൽ ഹൈന്ദവർക്കും ബുദ്ധജൈനമതക്കാർക്കും പൊതുസിമിത്തേരി പ്രാർത്ഥനാലയത്തോടനുബന്ധിച്ചുണ്ടായിരുന്നില്ല (ഹൈന്ദവർ മൃതശരീരം ദഹിപ്പിച്ചിരുന്നു. അവർണർ മാത്രമേ മറവുചെയ്തിരുന്നുള്ളൂ).

കേരളസഭയുടെ ഭരണാധികാരികളായിരുന്ന ആർക്കിദിയാക്കോന്മാരെ (ആർച്ചുഡീക്കന്മാർ) സംസ്കരിച്ചിരുന്നത് കുറവിലങ്ങാടിനടുത്തുള്ള പകലോമറ്റം പറമ്പിലാണല്ലോ. അവിടെ ഇപ്പോഴാണ് ഒരു പ്രാർത്ഥനാലയം നിർമ്മിച്ചത്. കേരളത്തിലെ ചില പള്ളികൾ കുഴിമാടപ്പള്ളികളാണ്; കുരിശുവച്ച് മൃതരെ അടക്കിയിരുന്ന സ്ഥലത്ത് പില്ക്കാലത്തു നിർമ്മിക്കപ്പെട്ടവയാണ് (പാഴൂർ, മാറിക, വണ്ടമറ്റം, ആരക്കുഴയിലെ എടമനക്കുരിശ്പള്ളി മുതലായവ).

എ.ഡി. 1500 മുതൽ യുറോപ്യൻ മിഷണറിമാർ പൊതുസിമിത്തേരികൾ (യൂറോപ്പിലെപ്പോലെ) നിർമ്മിക്കാൻ തുടങ്ങി. അവരുടെ സ്വാധീനമുള്ള സ്ഥലങ്ങളിലെല്ലാം നിർമ്മിച്ചു. എന്നാലും 1599-ൽ ഉദയംപേരൂർ സുനഹദോസ് നടക്കുന്നകാലത്തുപോലും എല്ലാ ക്രിസ്ത്യാനികളും (അങ്ങാടിയിൽ താമസിക്കാത്ത ക്രിസ്ത്യാനികൾ) പള്ളിവക സിമിത്തേരിയിലേക്ക് മൃതദേഹങ്ങൾ കൊണ്ടുപോയി അടക്കിയിരുന്നില്ലെന്ന് ആ സുനഹദോസിന്റെ കാനോനയിൽ നിന്നറിയാമല്ലോ. (6-ാമൗത്വാ 26-ാം കാനോന) മിഷണറിമാർ എത്ര ശ്രമിച്ചിട്ടും അവരുടെ നിയമം നടപ്പാക്കാൻ നൂറ്റാണ്ടുകൾ വേണ്ടിവന്നു. പല പ്രാവശ്യം കല്പനയിറക്കേണ്ടിവന്നു. പള്ളികളിൽ സിമിത്തേരികൾ ഉണ്ടാക്കണമെന്നും അതിൽ മൃതദേഹങ്ങൾ സംസ്കരിക്കണമെന്നും കുമ്പസാരക്കൂട് ഉണ്ടാക്കണമെന്നും കൊംപ്രേരിയ (Confraternity) സ്ഥാപിക്കണമെന്നും, 1819 മുതൽ 1831 വരെ ഭരിച്ച മീലെസ് പ്രെന്തർഗാസ്ത് എന്ന മെത്രാപ്പോലീത്തയും കല്പിക്കേണ്ടിവന്നു. അദ്ദേഹത്തിന്റെ കാലത്തിനുമുമ്പ് ചില ലത്തീൻപള്ളികളിൽപോലും സിമിത്തേരിയും കുമ്പസാരക്കൂടുമില്ലായിരുന്നുവെന്ന് പറയപ്പെടുന്നു (cf. ഫാ. പ്ലാസിഡ്, നമ്മുടെ റീത്ത്, മാന്നാനം, 1944, പുറം 72).

കഴിഞ്ഞ നൂറ്റാണ്ടിന്റെ ആരംഭത്തിലും പകർച്ചവ്യാധിമൂലം മരിക്കുന്നവരെ പള്ളിസിമിത്തേരിയിൽ കൊണ്ടുപോയി സംസ്കരിച്ചിരുന്നില്ലെന്നതിന് ആരക്കുഴയിലും മറ്റും തെളിവുകളുണ്ട്.

***ശവക്കുഴി നിർമ്മാണം സ്വന്തക്കാരുടെ ധർമ്മം*** മൃതശരീരങ്ങൾ സിമിത്തേരിയിൽ കൊണ്ടുപോയി സംസ്കരിച്ചപ്പോഴും ശവക്കുഴി നിർമ്മിച്ചിരുന്നത് പണ്ട

www.malankaralibrary.com

ത്തേതുപോലെ മൃതരുടെ സ്വന്തക്കാരായിരുന്നു. ഉദാഹരണത്തിന്, ആരക്കുഴ പള്ളിയിൽ 1925-നുശേഷമാണ് കുഴിവെട്ടുജോലി അന്യരെ ഏല്പിച്ചത്. ക്രിസ്തുമതത്തിലേക്ക് പുതുതായി വന്നവരും അടിമകളെപ്പോലെ കഴിഞ്ഞവരും വിദ്യാഭ്യാസമില്ലാത്തവരുമായ ദളിതരാണ് ആ ജോലിചെയ്യാൻ ഏല്പിക്കപ്പെട്ടത്. അന്യകുടുംബങ്ങൾക്കുവേണ്ടി കുഴിവെട്ടുന്നത് അപമാനകരമായി ആളുകൾ കരുതിയിരുന്നു. ഇന്നും അങ്ങനെതന്നെ കരുതുന്നു. ആരക്കുഴപള്ളിയിലെ കൊച്ചുപറമ്പിൽ ജോർജ് വല്യച്ചൻ (1893-1986) പറഞ്ഞത് അദ്ദേഹത്തിന്റെ ചെറുപ്പകാലത്ത് കുഴിവെട്ടുകാരില്ലായിരുന്നു എന്നാണ്. ഇന്ന് ആ സ്ഥിതി വീണ്ടും വന്നിരിക്കുന്നു. സ്വന്തക്കാർ തന്നെ വെട്ടേണ്ട സ്ഥിതിയായിട്ടുണ്ട്. സുറിയാനിപ്പള്ളികളിൽ കുഴിവെട്ടുകാരനെന്നപേരും ആ പേരിലുള്ള തൊഴിലാളിയും കഴിഞ്ഞ നൂറ്റാണ്ടുകളിലുണ്ടായി. പക്ഷേ, പള്ളിയുടെ തൊഴിലാളിയായിട്ടല്ല, അയാൾ ജോലിചെയ്തത്. അതുകൊണ്ട് പള്ളിക്കണക്കുകളിൽ അങ്ങനെ ഒരു പേരുകാണാനില്ല. പള്ളികൾ അവർക്ക് വിഹിതമോ കൂലിയോ നിശ്ചയിച്ചിരുന്നില്ല. ഇന്നും അങ്ങനെതന്നെയാണ്.

യൂറോപ്യൻ മിഷണറിമാരാണ് കേരളത്തിൽ കുഴിവെട്ടുകാരെ ഏർപ്പെടുത്തിയത്. ആ സമ്പ്രദായം ലത്തീൻ പള്ളികളിലാണ് ആദ്യം നടപ്പിലാക്കിയതും. എന്നാൽ കപ്യാരും കുഴിവെട്ടുകാരനും ഒന്നല്ലെന്ന് അവരുടെ നിയമങ്ങളിൽനിന്നുതന്നെ വ്യക്തമാകുന്നുണ്ട്. ബെർണർദീനോസ് മെത്രാപ്പോലീത്ത 1902-ൽ കൊംമ്പ്രേരിയാ സംബന്ധിച്ച നിയമാവലിയിൽ ഇങ്ങനെ പറയുന്നു: "എന്നാൽ ചെമ്മദോർ, കപ്യാര്, കുഴിവെട്ടുകാരൻ എന്നിവരുടെ കാര്യത്തെപ്പറ്റി ദെക്രേത്തിൽ ഒന്നും പറഞ്ഞിട്ടില്ലെങ്കിലും പതിവിനനുസരണം ചെമ്മദോർക്ക് പുത്തൻ 4, കപ്യാർക്ക് പുത്തൻ 4, കുഴിവെട്ടുകാരന് പുത്തൻ 2 കൊടുക്കേണ്ടതാണ് (പടിസ്സാധനം, 15-ാം നിയമം, 34-ാംവകുപ്പ്, പുറം 13). കുഴിവെട്ടുകാരന്റെ കൂലിയെപ്പറ്റി പിന്നീടൊരിക്കലും കല്പനയുണ്ടായിട്ടില്ല. കുഴിവെട്ടിക്കുന്നത് കുടുംബക്കാരുടെ സ്വകാര്യപ്രശ്നമായിട്ടാണ് കരുതിയിരുന്നത്. ഇന്നും അങ്ങനെയാണ്. 1934-ലെ എറണാകുളം രൂപതയുടെ നിയമാവലിയിൽ (വരവുകളുടെ നിയമസംഗ്രഹം) കുഴിവെട്ടുകാരനെ സൂചിപ്പിച്ചിട്ടേയില്ല.

ലത്തീൻസഭയിലും കപ്യാര് കുഴിവെട്ടുകാരനായിരുന്നില്ലെന്നും കുഴിവെട്ടാൻ വേറെ ആളുണ്ടായിരുന്നെന്നും 1902-ലെ കല്പന കൊണ്ടുതന്നെ വ്യക്തമാണല്ലോ. കപ്യാരും ചെമ്മദോരും കുഴിവെട്ടുകാരനും വ്യത്യസ്ത വ്യക്തികളാണ്. കപ്യാർക്ക് ഖബറുമായി ബന്ധമില്ലെന്ന് വ്യക്തം.

കപ്യാർസ്ഥാനം പരമ്പരാഗതമായി വഹിച്ചിട്ടുള്ള ധാരാളം കുടുംബങ്ങൾ കേരളത്തിലുണ്ടല്ലോ. അവരാരും കുഴിവെട്ടുകാരായിരുന്നില്ല. അങ്ങനെയൊരു പാരമ്പര്യത്തെപ്പറ്റി ആരും പറഞ്ഞിട്ടുമില്ല.

യൂറോപ്യൻ മിഷണറിമാർ 16-ാം നൂറ്റാണ്ടിൽ കുഴിവെട്ടാൻ പ്രത്യേകം ആളുകളെ ഏർപ്പെടുത്തിയപ്പോൾ ഒരു ജീവകാരുണ്യ പ്രവൃത്തിയും മഹനീയ കർമ്മവുമായി ക്രിസ്ത്യാനികൾ ആ തൊഴിലിനെ കരുതിയിട്ടുണ്ടാവും. അങ്ങനെയാണ് കരുതേണ്ടതും. മിഷണറിമാർ കുഴിവെട്ടുകാരെ പോർത്തുഗീസ് ഭാഷ

www.malankaralibrary.com

യിൽ കൊവ്വെയ്റോ എന്ന് വിളിച്ചിട്ടുണ്ടാകും. ആ വാക്ക് മലയാളത്തിൽ കൊവ്വാര്, കവ്യാര് എന്നിങ്ങനെ കാണപ്പെടുന്നു (ശബ്ദതാരാവലിയിൽ ഈ വാക്ക് ചേർത്തിട്ടുണ്ട്). കുഴി, ഗുഹ എന്നിങ്ങനെ അർത്ഥമുള്ള കോവാ എന്ന പോർത്തുഗീസ്‌വാക്കിൽ നിന്നുണ്ടായതാണത്.

ശ്മശാന സംരക്ഷകൻ എന്നർത്ഥമുള്ള കബൂറ (ഖബൂറ) എന്ന പദം ഇവിടെ ഉപയോഗിക്കേണ്ടി വന്നിട്ടില്ല. മാത്രമല്ല അത് ഉപയോഗിച്ചിരുന്നെങ്കിൽ രൂപമാറ്റം കൂടാതെ (മറ്റ് സുറിയാനിപ്പദങ്ങൾ പോലെ) നിലനിന്നേനെ. പണ്ട് കേരളത്തിൽ കുഴിവെട്ടുകാരനോ കുഴിവെട്ട് എന്ന തൊഴിലോ ഇല്ലാതിരുന്നതുകൊണ്ട് ആ അർത്ഥങ്ങളിലുള്ള സുറിയാനിപ്പദം കണ്ടെത്തേണ്ടിയിരുന്നില്ല. കബൂറ എന്ന വാക്കിൽനിന്ന് കപ്യാര് എന്ന വാക്ക് നിഷ്പാദിപ്പിക്കാൻ സാധ്യമല്ല. കബൂറ എന്നത് 'റ' കാരാന്ത്യമാണ്. കപ്യാര് എന്നതാകട്ടെ 'ര'കാരാന്ത്യമാണ്. കബൂറയിൽ യകാരമില്ല. കപ്യാരിൽ യകാരമുണ്ട്. ഖബറ് എന്ന വാക്കിനെപ്പറ്റിയും ഇതുതന്നെ പറയാം.

*ആദ്യകാല നിഘണ്ടുക്കൾ* കപ്യാര് എന്ന വാക്കിൻെറ അർത്ഥവും കപ്യാരുടെ കടമകളും അറിയുവാൻ കത്തോലിക്കരെപ്പോലെ പാരമ്പര്യാധിഷ്ഠിത മതങ്ങളിൽപ്പെട്ടവരുടെ ഇടയിൽ അന്വേഷിക്കണം. അവരുടെ നിഘണ്ടുക്കൾ നോക്കുകയും വേണം. മതവിപ്ലവമുണ്ടാകുന്നതിനുമുമ്പ് യൂറോപ്പിലുണ്ടായ മതസാഹിത്യവും നിഘണ്ടുക്കളും രേഖകളും പരിശോധിക്കണം.

ദുകാഞ്ഞ് (Du Cange, 1610-1688) എന്ന പണ്ഡിതൻ ആദിമകാലത്തെയും മധ്യകാലത്തെയും ലത്തീൻഭാഷയുടെ ഒരു മഹാനിഘണ്ടു 1678-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഗ്ലോസാരിയും മേദിയേ ഏത്ത് ഇൻഫീമേ ലത്തീനാത്തിസ് എന്നാണ് അതിൻെറ പേര്. പത്ത് വാല്യങ്ങളുള്ള ആ നിഘണ്ടുവിൻെറ രണ്ടാം വാല്യത്തിൽ 126-ാം പേജിൽ (1954 -ലെ റിപ്രിൻറ്) കപ്യാരിയൂസ് (Capi-arius) എന്ന പദം കൊടുത്തിട്ടുണ്ട്. ഏ.ഡി. 1111-ൽ ആ വാക്ക് ഉപയോഗിച്ച് എഴുതിയ ഒരു വാചകം മാതൃകയായി ഉദ്ധരിച്ചിട്ടുമുണ്ട്. "പ്രിയോരായ അല്ലേല്മൂസ്, കപ്യാരിയൂസായ ഈവോ, പാട്ടുകാരനായ ദുരാന്തുസ് ..." എന്നിങ്ങനെ അർത്ഥമുള്ള വാചകമാണ് നല്കിയിരിക്കുന്നത്. കപ്പിച്ചേരിയൂസ്, കപ്പീത്തിയും (കപ്പിസിയും) എന്നീ വാക്കുകളുടെ വിവരണം കാണാനും പറഞ്ഞിരിക്കുന്നു.

കപ്പീത്തിയും (Capitium) എന്ന വാക്കിന് കപ്പിച്ചിയും (Capicium) എന്നൊരു രൂപവുമുണ്ടെന്നും അവിടെ പറയുന്നു (പുറം 127. കോളം 2). 'വിശുദ്ധമായ കെട്ടിടത്തിൻെറ (ദേവാലയത്തിൻെറ) അൾത്താര (ബലിപീഠം) സ്ഥിതിചെയ്യുന്ന സ്ഥലം, പ്രെസ്ബിത്തേരിയും (വൈദികർ നിൽക്കുന്ന സ്ഥലം) എന്ന് ഗ്രാമ്യഭാഷയിൽ പറയപ്പെടുന്ന സ്ഥലം, ഗ്രീക്ക് ഭാഷയിൽ ബേമ്മ എന്നു പറയുന്നിടം' എന്നിങ്ങനെ അദ്ദേഹം ആ പദത്തിൻെറ അർത്ഥം വിവരിക്കുന്നു. ഈ വാക്ക് പ്രയോഗിച്ചിട്ടുള്ള വാക്യങ്ങൾ ഉദ്ധരിക്കുകയും ചെയ്യുന്നു. കപ്പിത്ത്യാരിയൂസ്, കപ്പിച്ചേരിയൂസ് എന്നീ പദങ്ങൾക്ക് 'ദേവാലയത്തിലെ നിക്ഷേപാലയത്തിൻെറ (വിശുദ്ധ സ്ഥലത്തിൻെറ) കാര്യസ്ഥൻ, പള്ളികളിലും ആശ്രമങ്ങളിലും ഉള്ള പദവിയും' എന്നിങ്ങനെ അർത്ഥം പറയുകയും ഉദാഹരണങ്ങൾ നല്കുകയും ചെയ്യുന്നു. "ദേദി ഏസ്യാം കപ്പിച്ചേരിയോ ഈദ് എസ്ത്, സാക്രിസ്തേ"

www.malankaralibrary.com

(=കപ്പിച്ചേരിയുസിനും അതായത് സാക്രിസ്തയ്ക്കും ഞാൻ നല്കി") എന്നിങ്ങനെ തുടങ്ങുന്ന വാചകം ഉദ്ധരിച്ചിട്ടുമുണ്ട്.

ചുരുക്കത്തിൽ കപ്പിച്ചേരിയൂസ്, കപ്പിത്തിയാരിയൂസ്, കപ്യാരിയൂസ് എന്നീ പദങ്ങൾക്ക് ഒരേ അർത്ഥമാണെന്നും അത് നിക്ഷേപാലയത്തിൻെറ അല്ലെങ്കിൽ വിശുദ്ധാഗാരത്തിൻെറ കാര്യസ്ഥൻെറ പേരാണെന്നും അദ്ദേഹം വിശദമാക്കിയിട്ടുണ്ട്. മധ്യയുഗത്തിൽ യൂറോപ്പിൽ സാധാരണ പ്രയോഗത്തിലുള്ള പദങ്ങളായിരുന്നു ഇവ (ഗുണ്ടർട്ട് പ്രഭൃതികൾ അത് കണ്ടിട്ടുണ്ടാവും. പക്ഷേ, അവഗണിച്ചതായിരിക്കും). മധ്യയുഗലത്തീൻ ഭാഷയുടെ ലഘുനിഘണ്ടുക്കളിലും [ജെ. എഫ്. നിയെർമേയർ എഴുതിയ മേദിയേ ലത്തിനാത്തിസ് ലെക്സികോൺ മീനുസ് (Leiden, 1976); ആൽബർട്ട് ബ്ലെയ്സ് എഴുതിയ ലക്സിക്കോൺ ലത്തീനാത്തിസ് മേദീ ഏവി മുതലായ നിഘണ്ടുക്കളിലും] കപ്പിച്ചിയാരിയൂസ്, കപ്പിത്ത്യാരിയുസ്, കപ്പിച്ചേരിയൂസ് എന്നീ പദങ്ങളുടെ വിശദീകരണം കാണാം. പള്ളിയുടെ വിശുദ്ധ ഉപകരണങ്ങളുടെ സൂക്ഷിപ്പുകാരനെന്നാണ് അർത്ഥമെന്നും കാണാം.

ഗുണ്ടർട്ടും മറ്റും നിഘണ്ടു രചിക്കുന്ന കാലത്തും യൂറോപ്പിൽ, ലത്തീൻഭാഷയിൽ കപ്യാരിയുസ് (Capiarius) എന്ന പദം പ്രയോഗത്തിലുണ്ടായിരുന്നുവെന്ന് ഉദയംപേരൂർ സൂനഹദോസിൻെറ കാനോനകളുടെ ലത്തീൻ തർജ്ജുമയിൽനിന്ന് വ്യക്തമാകുന്നുണ്ട്. ഇന്നും ലത്തീൻ അറിയാവുന്നവർ ആ തർജ്ജുമ വായിക്കുമ്പോൾ കപ്യാരിയൂസ് വിശുദ്ധവസ്തുക്കളുടെ സൂക്ഷിപ്പുകാരനാണെന്ന് മനസ്സിലാക്കുന്നുണ്ടല്ലോ.

ഏ.ഡി. 1676-ൽ കൊച്ചിയിൽ വന്നുചേർന്ന് മലയാളവും തമിഴും സംസ്കൃതവും പഠിച്ച ആഞ്ചെലോ ഫ്രാൻസിസ് എന്ന കത്തോലിക്കാ മിഷണറി (1650-1712) ഏ.ഡി. 1680-നോടടുത്ത് എഴുതിയ മലയാളം പോർത്തുഗീസ് നിഘണ്ടുവിൽ നമ്പ്യാൻ എന്ന പദത്തിന് സാക്രിസ്താം എന്നും ക്ഷേത്രത്തിലെ കാര്യസ്ഥൻ എന്നും (Sacristao mordomo de Pagodo) പോർത്തുഗീസിൽ അർത്ഥം പറയുന്നു. നമ്പി, നമ്പ്യാതിരി എന്നീ വാക്കുകൾക്കും ഇതേ അർത്ഥമാണെന്നും പറയുന്നു. വിശുദ്ധവസ്തുക്കളുടെ സൂക്ഷിപ്പുകാരനെന്നാണല്ലോ സാക്രിസ്താം (സാക്രിസ്റ്റ്യൻ) എന്ന വാക്കിൻെറ അർത്ഥം. ക്ഷേത്രങ്ങളിൽ നമ്പ്യാൻ ചെയ്യുന്നതുപോലുള്ള ജോലികളാണ് പള്ളികളിൽ സാക്രിസ്താം ചെയ്യുന്നതെന്നാണ് അദ്ദേഹം എഴുതിയത്. നമ്പ്യാൻ കുഴിമാട സംരക്ഷകനോ കുഴിവെട്ടുകാരനോ അല്ലെന്ന് വ്യക്തമാണല്ലോ (നമ്പുക = വിശ്വസിക്കുക; നമ്പി=വിശ്വാസി, വിശ്വസ്തൻ, അമ്പലവാസി, വൈഷ്ണവാചാര്യൻ, പൂജാരി; നമ്പ്= വിശ്വാസം, വേദം).

ഏ.ഡി. 1701-ൽ കേരളത്തിലെത്തി മലയാളവും തമിഴും സംസ്കൃതവും പഠിച്ച അർണോസ് പാതിരി എന്ന കത്തോലിക്കാ മിഷണറി 1710-നോടടുത്ത് എഴുതിയ മലയാളം പോർത്തുഗീസ് നിഘണ്ടുവിൽ കപ്പിയാർ എന്ന പദത്തിന് സാക്രിസ്താം (സാക്രിസ്റ്റ്യൻ) എന്ന് അർത്ഥംപറയുന്നു. വിശുദ്ധവസ്തുക്കളുടെ സൂക്ഷിപ്പുകാരനെന്നാണല്ലോ സാക്രിസ്താം എന്ന പദത്തിൻെറ അർത്ഥം.

ജോഹൻഫിലിപ്പ് ഫാബ്രിഷിയൂസ് എന്ന ലൂഥറൻ മിഷണറി ഏ.ഡി. 1779-ൽ എഴുതിയ തമിഴ്-ഇംഗ്ലീഷ് നിഘണ്ടുവിൽ

www.malankaralibrary.com

നംപിയാൻ എന്ന വാക്കിന് "ക്ഷേത്രത്തിലെ ഒരു ശുശ്രൂഷി, സെക്സ്റ്റൺ" എന്നിങ്ങനെയാണ് അർത്ഥം പറയുന്നത് (നംപൻ=ദൈവം; നംപുക=വിശ്വസിക്കുക, പ്രത്യാശിക്കുക എന്നിങ്ങനെയും അതിൽ കാണാം). ഹിന്ദുക്ഷേത്രങ്ങളിലെ നമ്പ്യാൻമാർ കുഴിവെട്ടുകാരല്ലല്ലോ. അതുകൊണ്ട് അദ്ദേഹം നമ്പ്യാൻ എന്ന തമിഴ് പദത്തിന് സെക്സ്റ്റൺ എന്ന് അർത്ഥമെഴുതിയപ്പോൾ പ്രോട്ടസ്റ്റൻറ് സഭയിലെ അർത്ഥമല്ല, പാരമ്പര്യാധിഷ്ഠിത ക്രിസ്തുമതവിഭാഗങ്ങളിലുള്ള അർത്ഥമാണ് ഉദ്ദേശിച്ചത് എന്നതിൽ സംശയമില്ല.

ഇങ്ങനെ, ആദിമകാലനിഘണ്ടുക്കൾ കപ്യാരെ അഥവാ സാക്രിസ്റ്റ്യനെ കുഴിമാടവുമായി ബന്ധിപ്പിച്ചിട്ടില്ല. 1872-ൽ ഗുണ്ടർട്ടാണ് ആദ്യമായി അങ്ങനെ ചെയ്തത്. പ്രോട്ടസ്റ്റൻറ് സഭകളിലെ ജോലിയനുസരിച്ചുള്ള ഒരു മൂലം കണ്ടുപിടിക്കാൻ ശ്രമിച്ചതുകൊണ്ടുണ്ടായ പിശകാണത്. അല്ലെങ്കിൽ ആ സഭകളിലെ ജോലിമാത്രം പരിഗണിച്ച് എഴുതിയതാകാം. കേരള ക്രിസ്ത്യാനികൾ ഉപയോഗിക്കുന്ന പദമായതുകൊണ്ട് സുറിയാനി പാരമ്പര്യത്തിൽപ്പെട്ടതാണെന്ന് കരുതി ഒരു മൂലംകണ്ടെത്താൻ ശ്രമിച്ചതിൻെറ ഫലവുമാകാം. പോർത്തുഗീസുകാർ ക്രിസ്ത്യാനികളുടെയിടയിൽ പ്രചരിപ്പിച്ച അനേകം പദങ്ങൾ അദ്ദേഹം നിഘണ്ടുവിൽ ചേർത്തില്ല. മലയാളനിഘണ്ടുവിൽ അവയൊന്നും വേണ്ടെന്ന് കരുതിക്കാണും.

ലത്തീനിലെ കപ്യാരിയൂസ് എന്ന വാക്കും മലയാളത്തിൽ കാണുന്ന കപ്യാര് എന്ന വാക്കും ഒരേ അർത്ഥമുള്ളതാണെന്നും യൂറോപ്യന്മാർ വിശുദ്ധവസ്തുക്കളുടെ സൂക്ഷിപ്പുകാരൻ എന്ന അർത്ഥത്തിൽ ഉപയോഗിക്കുന്ന സാക്രിസ്ത, സാക്രിസ്റ്റ്യൻ എന്നിവയുടെ അർത്ഥം തന്നെയാണ് അതിനുള്ളതെന്നും മധ്യയുഗലത്തീൻ ഭാഷയുടെ നിഘണ്ടുക്കളും കേരളത്തിലെത്തിയ കത്തോലിക്കരായ യൂറോപ്യൻ മിഷണറിമാരുടെ നിഘണ്ടുക്കളും, പഴയ രേഖകളും സംശയാതീതമാംവിധം തെളിയിക്കുന്നു. മതവിപ്ലവത്തിനുമുമ്പ് യൂറോപ്പിലുണ്ടായിരുന്ന അർത്ഥമാണ് കേരളത്തിൽ നിലനില്ക്കുന്നത്. വിയെരോ എന്നയാൾ 1878-ൽ എഴുതിയ പോർത്തുഗീസ് ഇംഗ്ലീഷ് നിഘണ്ടുവിൽ ലത്തീനിൽനിന്നുണ്ടായ കപെയ്രോ എന്നപദം കൊടുത്തിട്ട് പ്രദക്ഷിണത്തിന് അങ്കി (കാപ്പ) കൊണ്ടുവരുന്നവൻ എന്ന് അർത്ഥം പറഞ്ഞിട്ടുണ്ട്. കപ്യാരുടെ ഒരു ജോലിമാത്രമാണ് അങ്കി കൊണ്ടുകൊടുക്കൽ.

***പഴയരേഖകളിൽ*** ഏ.ഡി. 1599-ൽ നടന്ന ഉദയംപേരൂർ സൂനഹദോസിൻെറ കാനോനകളിലാണ് കപ്യാര് എന്ന് കേരളത്തിൽ ആദ്യമായി മലയാളഭാഷയിൽ രേഖപ്പെടുത്തിക്കാണുന്നത്. പള്ളികളിൽ ഹന്നാൻവെള്ളം (തീർത്ഥജലം) ഉണ്ടായിരിക്കണമെന്നു പറയുന്നിടത്ത് കേരളത്തിൽ മൈലാപ്പൂരിൽ നിന്നുകൊണ്ടുവരുന്ന മണ്ണോ കുന്തുരുക്കമോ വെള്ളത്തിലിട്ട് തീർത്ഥജലമുണ്ടാക്കുന്നുവെന്നും "ഇത് മിക്കേടത്തും പട്ടക്കാരരല്ലാതെ കപ്യാരൻമാര് അത്രേ ചെയ്തു ഞായം" എന്നുംപറയുന്നു (7-ാം മൗത്വാ, 10-ാം കാനോന). മദ്ബഹ തുടച്ചുവൃത്തിയാക്കുന്നതിനെ സംബന്ധിച്ചു പറയുന്നിടത്ത് "കപ്യാരൻമാർക്ക്" എന്ന പ്രയോഗമുണ്ട് (7-ാം മൗത്വാ 22-ാം കാനോന).

പോർത്തുഗീസ് ഭാഷയിലുള്ള കാനോനകളിൽ കപ്യാര് എന്ന് ഏക വചന

www.malankaralibrary.com

ത്തിലും കപ്യാരെസ് എന്ന് ബഹുവചനത്തിലും പ്രയോഗിച്ചിട്ടുണ്ട്. കപ്യാർ അഥവാ സാക്രിസ്ത (Capiar vel Sacrista) എന്നാണുപ്രയോഗം. മലയാള വിവർത്തനത്തിൽ പോർത്തുഗീസ് രീതിയിൽ കപ്യാരിയോ എന്നെഴുതാതെ കപ്യാർ എന്നെഴുതിയത് ആ രൂപം നൂറോളം വർഷത്തെപ്രയോഗംവഴി മലയാളപദമായി ത്തീർന്നതുകൊണ്ടാണ്. അല്ലെങ്കിൽ ജർമ്മൻ ഭാഷയിലെന്നപോലെ 'ആർ' (ar) കൊണ്ട് അവസാനിക്കുന്ന പദമായി അക്കാലത്ത് പോർത്തുഗീസിലും അത് നിലനിന്നിരിക്കാം. ശെമ്മാശ്, കത്തനാർ, കത്തത്തിയാർ മുതലായി മലയാളത്തിൽ അന്നു സ്ഥിരം ഉപയോഗിച്ചിരുന്ന പദങ്ങൾ അതേരുപങ്ങളിൽ പോർത്തുഗീസ് പതിപ്പിൽ ചേർത്തിട്ടുണ്ട്.

കാനോനകളുടെ ലത്തീൻ വിവർത്തനത്തിൽ കപ്യാരിയൂസ് അഥവാ സാക്രിസ്ത (Capiarius vel Sacrista) എന്ന് ലത്തീൻ രൂപങ്ങളിൽത്തന്നെ പ്രയോഗിച്ചിട്ടുണ്ട്. Capiarius, Capiario, Capiarii, Capiario sive Sacristae എന്നൊക്കെ വിവിധ വിഭക്തികളിൽ പ്രയോഗിച്ചിട്ടുണ്ട്. 1745-ലെ റൗളിൻെറ തർജ്ജുമയിൽ ഇതെല്ലാം കാണാം.

ലത്തീൻ വിവർത്തനത്തിൽ കപ്യാരിയൂസ് എന്ന ലത്തീൻപദം തന്നെ വിഭക്തിപ്രത്യയമില്ലാതെയും വിഭക്തി പ്രത്യയങ്ങളോടുകൂടിയും ചേർത്തിരിക്കുന്നു എന്നതുതന്നെ കപ്യാർ എന്ന വാക്ക് ലത്തീനിലെ കപ്യാരിയൂസ് എന്ന വാക്കിൽനിന്നുണ്ടായതാണെന്നതിൻെറ ഏറ്റവും വലിയ തെളിവാണ്. ലത്തീനിൽ "കപ്യാരിയൂസ് അഥവാ സാക്രിസ്ത" എന്നു പറഞ്ഞിരിക്കുന്നു. രണ്ടും ഒരേ അർത്ഥത്തിലുള്ളവയാണെന്ന് അങ്ങനെ വ്യക്തമാക്കുന്നു. മതവിപ്ലവത്തിനുമുമ്പ് സാക്രിസ്ത ചെയ്തിരുന്ന ജോലിതന്നെയാണ് കപ്യാരിയൂസ് ചെയ്യുന്നതെന്നും ഇതിൽനിന്നു വ്യക്തമായി. സാക്രിസ്തയുടെ ജോലി വിശുദ്ധ വസ്തുക്കളുടെ സൂക്ഷിക്കലാണ്.

സുനഹദോസുകൂടുന്ന കാലത്ത് (1599) കപ്യാർ എന്ന രൂപം സുപ്രതിഷ്ഠിതമായിരുന്നുവെന്ന് പോർത്തുഗീസ് കാനോനകളിൽനിന്നു തെളിയുന്നു. 1500 മുതൽ മിഷണറിമാർ ഉപയോഗിച്ചുപ്രചരിപ്പിച്ച പദം നൂറോളം വർഷംകൊണ്ട് ആ രൂപത്തിൽ എത്തിച്ചേർന്നു. എമ്പ്രദോർ, ഗോവർണദോർ, തെസരോർ, ചെമ്മദോർ, അലമാര, അലമാരി മുതലായ പദങ്ങളും അന്ന് സാധാരണ പ്രയോഗത്തിലായിരുന്നു.

മൈക്കിൾ ഗഡ്ഡെസിൻെറ ഇംഗ്ലീഷ് വിവർത്തനത്തിലും (1694-ലേത്) കപ്യാർ (Capiar) എന്ന പദം തന്നെ പ്രയോഗിച്ചിരിക്കുന്നു. പള്ളിയിലെ ജോലിക്കായി കപ്യാരെ നിയമിച്ച് മദുബഹ തുടപ്പിക്കുകയും മറ്റും ചെയ്യണമെന്നാണ് അദ്ദേഹത്തിൻെറ വിവർത്തനത്തിൽ കാണുന്നത് (Act 8, Decree 27). പക്ഷേ, മൂലഭാഷയിൽ നിയമിക്കണമെന്നു പറഞ്ഞിട്ടില്ല. സൂനഹദോസ് നടക്കുന്നതിനു മുമ്പുതന്നെ പള്ളികളിൽ കപ്യാരെ നിയമിച്ചിരുന്നല്ലോ.

അക്കാലത്ത് ലത്തീൻഭാഷയിൽ കപ്യാരിയൂസ് എന്നും സാക്രിസ്ത എന്നും ഒരാളെത്തന്നെ വിളിച്ചിരുന്നുവെന്ന് ലത്തീൻ-പോർത്തുഗീസ് പതിപ്പുകൾ (നിഘണ്ടുക്കളിലെന്നപോലെ) വ്യക്തമാക്കുന്നുണ്ട്.

കപ്യാർ എന്ന പ്രയോഗം കേരളത്തിൽ മാത്രമേ നിലനിൽക്കുന്നുള്ളു. യൂറോപ്യൻ മിഷണറിമാരുടെ ദീർഘകാലസാന്നിധ്യമാണ് അതിൻെറ ഹേതു

www.malankaralibrary.com

വെന്ന് വ്യക്തം. അക്കാലത്ത് യൂറോപ്പിൽ സാധാരണമായി പ്രയോഗിച്ചിരുന്ന പദം അവർ ഇവിടെ പ്രയോഗിച്ചു. അവരുടെ നാട്ടിൽ അത് പ്രയോഗിക്കാതായപ്പോഴും നമ്മുടെ നാട്ടിൽ പ്രയോഗത്തിലിരിക്കുന്നു. യൂറോപ്പിലെ മതഭാഷയായിത്തീർന്ന ലത്തീനിൽ നിന്നുണ്ടായ നൂറിലേറെ പദങ്ങൾ അവർ ഇവിടെ പ്രചരിപ്പിച്ചിട്ടുണ്ട്.

*സംശയിച്ചേക്കാവുന്ന ചില പദങ്ങൾ*

കപ്യാര് എന്ന വാക്കിൻെറ ഉറവിടമായി സംശയിച്ചേക്കാവുന്ന ചില പദങ്ങൾ ഇവിടെ സൂചിപ്പിക്കാം:

(1) *ശുചീകരിക്കുക, നിഷേധിക്കുക എന്നിങ്ങനെ അർത്ഥമുള്ള ക്പറ് എന്ന സുറിയാനി ധാതു.* ഇതിൽനിന്നുണ്ടാകുന്ന കാപ്പോറ എന്ന നാമത്തിന് മതത്യാഗി, നിഷേധി എന്നിങ്ങനെയാണ് മുഖ്യമായ അർത്ഥം. വിശുദ്ധവസ്തുക്കളുടെ സൂക്ഷിപ്പുകാരൻ എന്ന അർത്ഥത്തിൽ ഇത് ഉപയോഗിക്കാൻ സാധ്യമല്ല.

(2) *ഗ്രീക്കിലെ ഹ്യൂപ്പെർത്തെസ്.* സിനഗോഗിലെ ആരാധനാക്രമനിയന്താവും ഉപകരണങ്ങളുടെ മാനേജരുമാണ് ഹ്യൂപ്പെർത്തെസ് (ലൂക്കാ 4:20). ഹീബ്രുവിൽ ഹാസാൻ എന്നു പറയും. അയാളുടെ ജോലി കപ്യാരുടെ ജോലിയോടു സാദൃശ്യമുള്ളതാണ്. പക്ഷേ, ഈ ഗ്രീക്കുപദത്തിൽ നിന്നല്ല കപ്യാരിയൂസ് എന്ന ലത്തീൻ വാക്കുണ്ടായത്. ഹ്യൂപ്പെർത്തെസ് എന്ന ഗ്രീക്കുവാക്ക് ഹൂപറീത്താ എന്ന രൂപത്തിൽ സുറിയാനിയിൽ പ്രയോഗിക്കുന്നു. ഇത് കേരളത്തിൽ പ്രയോഗിച്ചിരുന്നെങ്കിൽ രൂപമാറ്റം കൂടാതെ മറ്റ് സുറിയാനിപദങ്ങൾപോലെ നിലനിന്നേനെ.

3) *ഗ്രീക്കിലെ ഹിപ്പിയെരോസ്.* വൈദികസഹായി, ഉപവൈദികൻ എന്നിങ്ങനെയാണ് ഇതിൻെറ അർത്ഥം. വിശുദ്ധവസ്തുക്കളെ സംബന്ധിച്ചവൻ എന്നാണ് വാച്യാർത്ഥം. പക്ഷേ, ഇതിൽനിന്നല്ല കപ്യാരിയൂസ് എന്ന പദമുണ്ടായത്. ഈ ഗ്രീക്കുവാക്ക് സുറിയാനിയിൽ പ്രയോഗിച്ചിരുന്നെങ്കിൽ ഹെവ്പ്പുദിയാക്കോന, ദിയാക്കോന, അപ്പെസ്കോപ്പാ മുതലായപദങ്ങൾപോലെ മാറ്റംകൂടാതെ നിലനില്ക്കുമായിരുന്നു. സുറിയാനി ഭാഷയിൽ ഹിപ്പിയെരോസ് എന്ന പദം കടന്നുകൂടിയിട്ടില്ല.

4) *കപ്പ് എന്ന ദ്രാവിഡധാതു.* അടക്കിഭരിക്കുക എന്നൊരർത്ഥം ഇതിനുണ്ട് (കൈയുടെ സഹായം കൂടാതെ വായ് കൊണ്ടുതന്നെ ആർത്തിയോടെ തിന്നുക എന്നൊരർത്ഥത്തിൽ കപ്പിത്തിന്നുക യെന്നു പറയാറുണ്ടല്ലോ). അടക്കിഭരിക്കുന്നവനുകൊടുക്കുന്ന നികുതിയാണ് കപ്പം. ലത്തീനിൽ കപ്പിത്താസിയോ, ത്രിബൂത്തും എന്നൊക്കെ പറയുന്നു. കപ്പമെന്ന മലയാളപദം കല്പം എന്ന സംസ്കൃതപദത്തിൽനിന്ന് വന്നതാണെന്ന് ഗുണ്ടർട്ടു നിഘണ്ടുവിൽ പറഞ്ഞിട്ടുള്ളതു ശരിയല്ല. ആ സംസ്കൃതപദത്തിന് സംസ്കൃതത്തിലോ പാലിയിലോ മേല്ക്കോയ്മയ്ക്ക് കൊടുക്കുന്ന നികുതി എന്നർത്ഥമില്ല (പാലിയിൽ കപ്പമെന്ന വാക്കുണ്ട്. പക്ഷേ, സംസ്കൃതത്തിലെ കല്പത്തിൻെറ അർത്ഥം തന്നെയാണതിന്). ശുല്കം, ഭോഗം, ഭാഗധേയം എന്നൊക്കെയാണ് ആ നികുതിക്ക് സംസ്കൃതത്തിൽ പറയുന്നത് (ചാണക്യൻെറ അർത്ഥശാസ്ത്രം നോക്കുക). അതുകൊണ്ട് മേല്ക്കോയ്മയ്ക്കു നല്കുന്ന നികുതി എന്ന അർത്ഥത്തിലുള്ള കപ്പമെന്നപദം ദ്രാവിഡപദമായിരിക്കാം. അല്ലെങ്കിൽ കപ്പിത്താസിയോ (തലവനു നല്കുന്ന നികുതി) എന്ന

www.malankaralibrary.com

ലത്തീൻ വാക്കിൽനിന്നുണ്ടായതായിരിക്കാം. കപ്പിയാര് (കപ്യാര്) എന്ന പദം കപ്പി (അടക്കിഭരിക്കുന്നവൻ) എന്ന നാമത്തോട് ആർ എന്ന ബഹുവചനപ്രത്യയം ചേർത്തുണ്ടാക്കിയതാണെന്നു തോന്നാം. പക്ഷേ, അങ്ങനെയൊരു പദസൃഷ്ടി നടന്നിരുന്നെങ്കിൽ തമിഴ്, കന്നഡ മുതലായ ഭാഷകളിലും മതേതരസാഹിത്യത്തിലും ആ പദം കണ്ടേനെ. പോർത്തുഗീസ് ആധിപത്യമുണ്ടായിരുന്ന മലയാളനാട്ടിൽ മാത്രമേ കപ്യാര് എന്ന പ്രയോഗമുള്ളു. മതസാഹിത്യത്തിലേ ഉള്ളുതാനും.

5) *പോർത്തുഗീസിലെ കൊവേയ്രോ എന്ന പദം.* ഇതിൽനിന്നു കപ്യാര് എന്ന പദമുണ്ടാവുകയില്ല. ഭാഷാശാസ്ത്രപരമായും ചരിത്രപരമായും അതു സംഭവിക്കുകയില്ല. കപ്യാര് കുഴി തോണ്ടിയല്ലല്ലോ. (കവ്യാര് എന്ന പദം കാണുക)

6) *സുറിയാനിയിലെ കബൂറ എന്ന പദം.* ഇത് കപ്യാർ എന്നാവുകയില്ല. കബൂറയുടെ ജോലിയല്ല കപ്യാരുടെത്.

7) *ഖ്ബർ എന്ന സുറിയാനിപ്പദം.* ഈ പദത്തിനും കപ്യാര് എന്ന പദവുമായി ഭാഷാശാസ്ത്രപരമായോ ചരിത്രപരമായോ ബന്ധമില്ലെന്നു മുകളിൽ വിവരിച്ചല്ലോ.

***കപ്പി, കപ്പിത്തം, കപ്പത്തി, കപ്പത്തിയാരമ്മ*** കപ്യാരുടെ ജോലിക്ക് കപ്പിത്തം എന്നും കപ്യാരത്തം എന്നും പറഞ്ഞിരുന്നു. സുറിയാനിയിൽ ഖൻകായൂസ എന്നാണ് പറയാറ്. കപ്യാരിയൂസ് എന്നതിലെ പ്രത്യയം വിട്ടുകളഞ്ഞാൽ കപ്പി എന്നാകും. അതുകൊണ്ടാണ് കപ്യാര് എന്ന അർത്ഥത്തിൽ കപ്പി എന്നും കപ്യാരുടെ ജോലി എന്ന അർത്ഥത്തിൽ കപ്പിത്തം എന്നും പറയുന്നത്.

കപ്പി എന്നതിന്റെ സ്ത്രീലിംഗം കപ്പത്തി എന്നാണ്. നായിക, ഉടമസ്ഥ, പ്രഭ്വി എന്നീ അർത്ഥങ്ങളിൽ കപ്പത്തിയാരമ്മ (കപ്പത്തി+ ആർ+അമ്മ) എന്നു പറഞ്ഞിരുന്നു. കപ്പിത്തം എന്ന വാക്ക് 1906 -ലെ സുറിയാനി മലയാള നിഘണ്ടുവിൽ ഖൻകായൂസ എന്നതിന്റെ അർത്ഥം പറയുന്നിടത്ത് ഉപയോഗിച്ചിട്ടുണ്ട്. നേതൃത്വം എന്നർത്ഥമുള്ള കപ്പിത്താസാം, കപ്പിത്താനിയാ എന്നിങ്ങനെയുള്ള പോർത്തുഗീസുവാക്കുകളായിരിക്കാം കപ്പിത്തം എന്നു പറയാൻ പ്രേരിപ്പിച്ചത്.

കപ്പത്തിയാരമ്മ എന്ന പ്രയോഗം 16-ാം നൂറ്റാണ്ടിനുശേഷമുണ്ടായതാണ്. പണ്ട് കർത്തിയാരമ്മ (കർത്തത്തി+ആർ +അമ്മ) എന്നാണ് പറഞ്ഞിരുന്നത്. പ്രഭ്വി എന്നാണർത്ഥം. കർത്താവ് എന്ന വാക്കിൽനിന്നുണ്ടായതാണത്. (മാലാന, മൗലാനാ എന്നിങ്ങനെയും സുറിയാനിയിൽ പ്രഭ്വിമാരെ വിളിച്ചിരുന്നു). (കപ്പിച്ചേരിയ, ചമയപ്പുര, ഡീക്കൻ, ബേസ്ദിയാക്കോൻ, സങ്കീർത്തി, സാക്രിസ്റ്റ്യൻ എന്നീ വാക്കുകൾ കൂടി കാണുക).

**കപ്ളോൻ, ചാപ്ളെയ്ൻ** ചെറിയ പ്രാർത്ഥനാലയത്തിന്റെ (കപ്പേളയുടെ) ചുമതല വഹിക്കുന്ന വ്യക്തിയെയാണ് കപ്ളോൻ എന്ന് മലയാളത്തിലും ചാപ്ളെയ്ൻ (Chaplain) എന്ന് ഇംഗ്ലീഷിലും വിളിക്കുന്നത്. ഫ്രാൻസിലെ വി. മാർട്ടിന്റെ കുപ്പായം (കാപ്പ) പൂജ്യവസ്തുവായി സൂക്ഷിച്ചിരുന്ന ചെറുപ്രാർത്ഥനാലയത്തിന്റെ (കപ്പെല്ലായുടെ) സംരക്ഷണച്ചുമതല വഹിച്ചിരുന്നവരെയാണ് ആദ്യമായി ഇങ്ങനെ വിളിച്ചത്. ലത്തീനിലെ കപ്പെല്ലാനൂസ് എന്ന വാക്കിൽനിന്നാണ് പോർത്തുഗീസിലെ കപ്പെല്ലാഓ അഥവാ കപ്പെല്ലാം (Cappellao) എന്ന

www.malankaralibrary.com

വാക്കും, ഇംഗ്ലീഷിലെ ചാപ്ളെയ്ൻ എന്ന വാക്കും മലയാളത്തിലെ കപ്ളോൻ എന്ന വാക്കും വന്നത് (ലത്തീനിലെ 'ക' കാരം ഇംഗ്ലീഷിൽ 'ച' കാരമായി). കാറൽമാൻ ചക്രവർത്തിയുടെ കാലത്ത് കപ്പെല്ലാനൂസ് എന്ന സ്ഥാനം ഉന്നതപദവിയായിക്കരുതപ്പെട്ടിരുന്നു. മെത്രാന്മാർ ആ പദവി വഹിച്ചിട്ടുണ്ട്. ഫ്രഞ്ചിൽ ചെറുപ്രാർത്ഥനാലയത്തിന് കപ്പെല്ലെ എന്നാണല്ലോ പറയുക. കപ്പെല്ലെയുടെ സംരക്ഷകനെ ലത്തീനിൽ കപ്പെല്ലാനൂസ് എന്നും ഫ്രഞ്ചിൽ ചാപ്ലെയ്ൻ എന്നും വിളിച്ചുവന്നു. മലയാളത്തിലേക്ക് ഈ വാക്കു വന്നത് പോർത്തുഗീസ് മിഷണറിമാർ വഴിയാണ്. അവരുടെ ഭാഷയിലെ കപ്പെല്ലാം മലയാളത്തിൽ കപ്ലോൻ എന്നും പിന്നീട് കപ്ളോൻ എന്നുമായിത്തീർന്നു. മിഷണറിമാർ വന്നതിനുശേഷമാണ് കേരളത്തിൽ കപ്പേളകൾ പണിതത്.

**കബലാന** കുർബാനയുടെ സമയത്ത് കാസാ മൂടുന്നതിനുപയോഗിക്കുന്ന കട്ടിയുള്ള ചെറിയവസ്ത്രക്കഷണമാണ് കബലാന. മ്ക്കബലാന എന്നാണ് ഇതിന് സുറിയാനിയിൽ പറയുന്നത്. ലത്തീനിൽ ഇതിന് പല്ല എന്നും ഇംഗ്ലീഷിൽ പാൾ (pall) എന്നും പറയുന്നു. പല്ല കോർപൊരാലിസ് (palla corporalis ശരീര സംബന്ധമായ വെള്ളത്തുണി) എന്ന പ്രയോഗമാണ് പല്ല എന്നും പാൾ എന്നും ചുരുങ്ങിയത്. (കോർപൊരാൾ എന്ന വാക്കുനോക്കുക).

**കബർ** കബർ, കബറിടം, കബറടക്കുക മുതലായ രൂപങ്ങൾ മലയാളത്തിൽ സാധാരണമായി പ്രയോഗിക്കാറുണ്ടല്ലോ. ഹീബ്രു ഭാഷയിലെ ഖ് ബർ എന്ന വാക്കാണ് മലയാളത്തിൽ കബർ, എന്നായത്. അറബിയിലും ആ വാക്ക് തന്നെ ഉപയോഗിക്കുന്നു. കൂട്ടി, കുന്നുകൂട്ടി, മൂടി എന്നിങ്ങനെയാണ് ഖ് ബർ എന്ന ഹീബ്രു ക്രിയയുടെ അർത്ഥം. ശേഖരിക്കുക, കൊയ്യുക എന്നിങ്ങനെയും അതിനർത്ഥമുണ്ട്. ഭൂമിദാനം ചെയ്യുക, മൃതസംസ്കാരം നടത്തുക എന്നൊക്കെയുള്ള അർത്ഥം അതിന് പില്ക്കാലത്ത് വന്നുകൂടിയതാണ്. ഖ്ബൂറാ, ഖ്ബൂർത്താ എന്നിവയ്ക്ക് ഭൂമി ദാനംചെയ്യൽ എന്നർത്ഥം. ഖ്ബൂറിയാ എന്നുംപറയും. ഖ്ബറാ എന്നതിന് ശവകുടീരം (Sepulcre) എന്നും ഖബറാനായാ എന്ന സുറിയാനി വാക്കിന് ശവകുടീരത്തിൽ എഴുതിവയ്ക്കുന്ന വിവരണം എന്നും ഖാബോറാ എന്നതിന് മൃതസംസ്കാരം നടത്തുന്നവൻ, ശവക്കല്ലറയുണ്ടാക്കുന്നവൻ എന്നിങ്ങനെയുമാണർത്ഥം. ഖ്ബൂറാ, ബേസ് ഖബൂറാ എന്നീ വാക്കുകൾക്ക് ശ്മശാനം, ശവക്കല്ലറ എന്നിങ്ങനെയാണർത്ഥം. ഖബാറാ എന്നതിന് കൊയ്യുന്നവൻ, ശേഖരിക്കുന്നവൻ എന്നിങ്ങനെയും. ഗ്രീക്കുഭാഷയിൽ നിന്നുള്ള ഖോമെത്തെറിയോൺ എന്ന പദവും സുറിയാനിയിൽ ഉപയോഗിക്കും. മലയാളത്തിൽ കബർ എന്നതിന് മൃതശരീരം വഹിക്കാനുള്ള മഞ്ചൽ എന്നും അർത്ഥമുണ്ട്.

പണ്ട് കേരളത്തിൽ കുഴിമാടം എന്ന പ്രയോഗവും സാധാരണമായിരുന്നു. മാടം എന്നതിന് ഉയർന്നത്, രണ്ടുനിലക്കെട്ടിടം എന്നൊക്കെയായിരുന്നു പണ്ട് അർത്ഥം. മാടമ്പി എന്ന വാക്ക് ഓർക്കുക. പ്രാചീന മലയാളകൃതികളിൽ ആ അർത്ഥമാണുള്ളത്. ആ വാക്കിന് അർത്ഥച്യുതിവന്ന് ഇപ്പോൾ ചെറിയ വീട് (പുല്ലുമാടം) എന്നർത്ഥമായിരിക്കുന്നു. വേലിയോ ഭിത്തിയോ കെട്ടി ശ്മശാനം പ്രത്യേക വളപ്പായി സൂക്ഷിച്ചുതുടങ്ങി

www.malankaralibrary.com

യത് ഉദയംപേരൂർ സൂനഹദോസിന് (ഏ.ഡി. 1599) ശേഷമാണ് (ആദിമ നൂറ്റാണ്ടുകളിൽ പൊതുസിമിത്തേരി ഉണ്ടായിരുന്നില്ല). അക്കാലത്തുണ്ടായ വാക്കാണ് ശവക്കോട്ട എന്നത്. അതിനുമുമ്പ് പള്ളിക്കുചുറ്റും (ചിലപ്പോൾ പള്ളിക്കകത്തും) മൃതശരീരങ്ങൾ സംസ്കരിച്ചിരുന്നു. കബർ എന്ന വാക്ക് പണ്ട് പ്രയോഗിച്ചിരുന്നു എന്ന് റോസ് മെത്രാൻ എഴുതിയ നിയമാവലിയിൽനിന്ന് തെളിയുന്നു. "വിശെഷിച്ചവൈകീട്ട അന്നീദാ നമസ്കാരം ഒക്കെയും കൗറുംകൽ നമസ്കരിക്കയും വെണം" (10-ാം സാഹാ) എന്നിങ്ങനെ അതിൽക്കാണാം. പല പ്രാവശ്യം കൗറുംകൽ എന്ന് അതിൽ ഉപയോഗിച്ചിട്ടുണ്ട്. ശവകുടീരം എന്നതിലെ കുടീരം ഒരു സംസ്കൃത വാക്കാണ്. ചെറിയ വീടെന്നർത്ഥം. ശവ എന്ന പദം പോവുക എന്നർത്ഥമുള്ള ശു എന്ന സംസ്കൃത ധാതുവിൽനിന്നുണ്ടായതായിരിക്കാമെന്ന് സംസ്കൃതനിഘണ്ടുകാരന്മാർ പറയുന്നു. വീർക്കുക, വളരുക എന്നൊക്കെ അർത്ഥമുള്ള ശ്വി എന്ന സംസ്കൃതധാതുവിൽ നിന്നായിരിക്കാമെന്നും പറയുന്നുണ്ട്. ശ്വി എന്ന ധാതു ചിലപ്പോൾ ശ്വാ എന്നെഴുതാറുണ്ട്. അവ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്ന് വ്യക്തമാണ്.

**കയ്യൂമ** പ്രതിനിധി, മേൽനോട്ടക്കാരൻ, കാര്യസ്ഥൻ, മേലധ്യക്ഷൻ എന്നിങ്ങനെ അർത്ഥമുള്ള കയ്യൂമ എന്ന പദം 17-ാം നൂറ്റാണ്ടുവരെ മലയാളത്തിൽ പ്രയോഗിച്ചിരുന്നു. പള്ളിയുടെ നടത്തിപ്പുകാരെ കയ്യൂമക്കാരെന്നാണ് പറഞ്ഞിരുന്നത്. ഹീബ്രുവിലെ ഖാം (ഖും, ഖൊം) എന്ന ധാതുവിൽനിന്നാണ് കയ്യൂമ എന്ന സുറിയാനി വാക്കുണ്ടായത്. തലവനായി, വ്യാപൃതനായി, പ്രതിപുരുഷനായി, സന്നിഹിതനായി, സാക്ഷാത്തായി, എഴുന്നേറ്റു, ഭരിച്ചു, പിൻഗാമിയായി, സഹായിച്ചു എന്നിങ്ങനെയെല്ലാം ഖാം എന്ന ധാതുവിന് അർത്ഥമുണ്ട്. മലയാളത്തിൽ കൈക്കാരൻ എന്ന പദമാണ് ഇന്ന് ഉപയോഗിക്കുന്നത്. കൈക്കാരൻ പള്ളിയുടെ സാമ്പത്തിക കാര്യങ്ങൾ നോക്കുന്ന വ്യക്തിയാണ്.

**കരിസ്മാറ്റിക്ക്** ഗ്രീക്കുഭാഷയിലെ കാരിസ് (charis) എന്ന വാക്കാണ് ഇംഗ്ലീഷ് ഭാഷയിൽ കാരിസം (Charism) എന്നായത്. ഗ്രീക്കിൽ കാരിസം അല്ലെങ്കിൽ കാരിസ്മ എന്നതിന് അനുഗ്രഹം, ദാനം, സിദ്ധി എന്നൊക്കെയാണർത്ഥം. പുതിയ നിയമത്തിൽ കാരിസം എന്ന ഗ്രീക്കുപദം 17 പ്രാവശ്യം പ്രയോഗിച്ചുകാണുന്നു. പഴയ നിയമത്തിൻെറ ഗ്രീക്ക് തർജ്ജുമയിൽ സിറാക്കൂസ് 7:33; 38:30 എന്നീ രണ്ട് വാചകങ്ങളിലും ആ പദമുണ്ട്. തീയോദോസിയൻ നടത്തിയ സങ്കീർത്തനതർജ്ജുമയിൽ (സങ്കീ. 30(31):22) ഇത് ഒരു പ്രാവശ്യം പ്രയോഗിച്ചിരിക്കുന്നു. ഈ വാക്ക് പുതിയനിയമത്തിൽ റോമാക്കാർക്കുള്ള ലേഖനത്തിലും കൊറീന്ത്യർക്കുള്ള ഒന്നാം ലേഖനത്തിലുമാണ് പ്രധാനമായും കാണുന്നത്.

കാരിസ് അല്ലെങ്കിൽ കാരിസ്മാ എന്നതിന് സാധാരണമായ ഒരർത്ഥവും (അനുഗ്രഹം, ദാനം) സാങ്കേതികമായ ഒരർത്ഥവുമുണ്ട്. സാങ്കേതികാർത്ഥത്തിൽ, സ്വീകരിക്കുന്നവന് എന്നതിലേറെ മറ്റുള്ളവർക്ക് പ്രയോജനപ്പെടുത്തേണ്ട ദാനം അഥവാ സിദ്ധി (വരം) എന്നാണർത്ഥം. അത് തികച്ചും സൗജന്യമായിരിക്കുകയും ചെയ്യും. അപ്പോൾ കാരിസം (കാരിസ്മ) എന്നതിന് പരോപകാരാർത്ഥം ലഭിക്കുന്ന സൗജന്യദാനം എന്നുപറയാം. വി. പൗലോസ് എഫേ

www.malankaralibrary.com

സൂസുകാർക്കുള്ള ലേഖനത്തിൽ (4:12) ഇത് വ്യക്തമാക്കിയിട്ടുണ്ട്. സഭയെ പടുത്തുയർത്തുന്നതിനായി ലഭിക്കുന്ന ദാനമെന്ന് അവിടെ കാണുന്നു (1 കോറി. 14:26 കൂടി നോക്കുക). കോറിന്ത്യർക്കുള്ള ഒന്നാം ലേഖനത്തിൽ (12:7) അതിൻെറ ഒരു നിർവചനമുണ്ട്. സഭയുടെ പ്രയോജനത്തിനായുള്ള പരിശുദ്ധാത്മാവിൻെറ വെളിപ്പെടൽ എന്നാണ് അവിടെ പറയുന്നത്.

ഏതാണ്ട് ഏഴുതരത്തിലുള്ള ദാനങ്ങളെപ്പറ്റി പുതിയനിയമത്തിൽ പറയുന്നുണ്ട് - പഠിപ്പിക്കാൻ, പ്രസംഗിക്കാൻ, നല്കാൻ, ഭരിക്കാൻ, നയിക്കാൻ, മേൽനോട്ടം നടത്താൻ, സേവനം ചെയ്യാൻ, ജീവകാരുണ്യ പ്രവൃത്തികൾ ചെയ്യാൻ എന്നിങ്ങനെ. ഇവയെല്ലാം സാധാരണ ദാനങ്ങളായിക്കരുതാം. അസാധാരണ ദാനങ്ങളായി, രോഗശാന്തി നല്കൽ, അദ്ഭുതപ്രവർത്തനം, പ്രവചനം, ദൃഢവിശ്വാസം, ഹൃദയജ്ഞാനം, അന്യഭാഷാപ്രയോഗം മുതലായവയെ കരുതാം. ഏഴുതരം ദാനങ്ങളെപ്പറ്റിയുള്ള ബൈബിൾ പരാമർശങ്ങൾ താഴെപ്പറയുന്നവയാണ്. (1) റോമാ. 12:6-8. (2) 1 കോറി. 12:4-10. (3) 1 കോറി. 12:28-31. (4) 1 പത്രോ. 4:10 (5) 1 കോറി. 14:6-13. (6) 1 കോറി. 14: 26; എഫേ. 4:11. (7) മർക്കോ. 16:17-18. മിക്കദാനങ്ങളും പരോപകാരാർത്ഥമാണെന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

കാരിസം എന്നതിന് മലയാളത്തിൽ വരം, വരദാനം, ദാനം, സിദ്ധി എന്നിങ്ങനെ പറയാറുണ്ട്. കരിസ്മാറ്റിക്ക് (Charismatic) എന്നവാക്ക് കാരിസ്മായെ സംബന്ധിക്കുന്ന എന്നർത്ഥമുള്ള ഇംഗ്ലീഷ് പദമാണ്. അതും ഇന്ന് മലയാളത്തിൽ പ്രചുരപ്രചാരം നേടിയിരിക്കുന്നു.

**കർത്തത്തിയാരമ്മ** (കത്തത്തിയാരമ്മ, കത്തനാർ, കപ്പത്തിയാരമ്മ എന്നീ വാക്കുകൾ നോക്കുക).

**കർദ്ദിനാൾ** നൂറ്റാണ്ടുകളായി മലയാളത്തിൽ ഉപയോഗിച്ചുവരുന്ന ഒരു വാക്കാണ് കർദ്ദിനാൾ. ഇംഗ്ലീഷിൽ കാർഡിനൽ (Cardinal) എന്ന് പറയും. ഒരു സ്ഥാനപ്പേരാണിത്. മാർപാപ്പയെ നിശ്ചയിക്കുന്നവരും സഭാഭരണത്തിൽ സഹായിക്കുന്നവരും മാർപാപ്പയെ തിരഞ്ഞെടുക്കാൻ അവകാശമുള്ളവരുമാണ് കർദ്ദിനാൾമാർ. ബിഷപ്പുമാരും വൈദികരും ഡീക്കന്മാരും കർദ്ദിനാൾ സംഘത്തിലുണ്ടായിരിക്കും.

കർദ്ദിനാലിസ് (Cardinalis) എന്ന വിശേഷണത്തിൽ നിന്നാണീ പദമുണ്ടായത്. സത്താപരമായത്, വളരെ പ്രധാനപ്പെട്ടത് എന്നിങ്ങനെയാണ് അതിൻെറ അർത്ഥം. ഇതിന് ഇറ്റാലിയൻ ഭാഷയിൽ കർദ്ദിനാലെ (Cardinale) എന്നും ഇംഗ്ലീഷിൽ കാർഡിനൽ (Cardinal) എന്നും രൂപഭേദം വന്നു (ലത്തീനിലെ 'ദ' കാരം ഇംഗ്ലീഷിൽ 'ഡ'കാരമായേ ഉച്ചരിക്കൂ).

കർദ്ദിനാലിസ് എന്ന വിശേഷണപദം കാർദോ എന്ന ലത്തീൻ പദത്തിൽ നിന്ന് വരുന്നു. ചുഴിക്കുറ്റി, ചുഴിയാണി, വിജാഗിരി, അച്ചുതണ്ട്, മൂലാധാരം, അടിസ്ഥാനപ്രമാണം, സുപ്രധാനമായത് എന്നിങ്ങനെയാണ് അതിൻെറ അർത്ഥം (ഇറ്റാലിയനിൽ അത് കാർദിനെ എന്നായി). ഗ്രീക്കിലെ കർദാൻ എന്ന ക്രിയയ്ക്ക് ആടുക എന്നർത്ഥമാണ്. അതിൽ നിന്നാണ് കാർദോ വരുന്നത്. എന്തിനെ ആശ്രയിച്ച് ചുറ്റിത്തിരിയുന്നുവോ അത് സുപ്രധാനമായി, മർമ്മമായി, കണക്കാക്കപ്പെടുന്നു. അതുകൊണ്ട്, കാർദോയ്ക്ക് സത്താപരമായത് എന്നുവരെ അർത്ഥമുണ്ടായി.

www.malankaralibrary.com

സംസ്കൃതം ഉപയോഗിക്കുന്ന നമുക്ക് കർദ്ദിനാൾ എന്ന പദം വിജാതീയമാണെന്ന് പറഞ്ഞുകൂടാ. സംസ്കൃതത്തിൽ കർതസ് എന്ന നാമമുണ്ട്. അതിന് ചുഴി, എന്തിനെയെങ്കിലും ഉൾക്കൊള്ളുന്ന പൊള്ളയായ ഭാഗം, വേർതിരിവ്, എന്നൊക്കെയാണർത്ഥം. കർത് എന്ന ധാതുവിന് അഴിക്കുക, അയക്കുക, നീക്കുക, ചലിപ്പിക്കുക എന്നിങ്ങനെയാണർത്ഥം. ഈ ധാതുവിനോട് സാമ്യമുള്ള ക്രദ്, കർദ് എന്നിങ്ങനെ രണ്ട് ധാതുക്കൾ കൂടി സംസ്കൃതത്തിലുണ്ട്. ഒന്നാമത്തേതിന് കരയുക, ദുഃഖിക്കുക എന്നിങ്ങനെയും രണ്ടാമത്തേതിന് കടകട ശബ്ദം പുറപ്പെടുവിക്കുക എന്നിങ്ങനെയും അർത്ഥം കാണുന്നു. ചുറ്റിത്തിരിയലും കടകടശബ്ദമുണ്ടാക്കലും തമ്മിലൊരു ബന്ധമുണ്ടല്ലോ!

കർദ്ദിനാലിസ് എന്ന പേര് മെത്രാനെയും ഇടവക വികാരിയെയും സംബന്ധിച്ചാണ് ആദ്യകാലത്ത് പ്രയോഗിച്ചുവന്നത്. എപ്പിസ്കോപൂസ് കാർദ്ദിനാലിസ് എന്നതിന് പ്രധാനപ്പെട്ട ഇടവകയുടെ ബിഷപ്പ് എന്നും പ്രെസ്ബിത്തർ കർദ്ദിനാലിസ് എന്നതിന് പ്രധാനപ്പെട്ട ഇടവകയുടെ വികാരിയെന്നുമായിരുന്നു അർത്ഥം. കർദ്ദിനാലിസ് എന്ന വിശേഷണപദം 12-ാം നുറ്റാണ്ടിനുശേഷം നാമമായിക്കരുതി വന്നു. 1173-ലെ 3-ാം ലാറ്ററൻ സൂനഹദോസിൻെറ കാലംമുതലാണ് ആ വാക്കിന് മാർപാപ്പയെ തിരഞ്ഞെടുക്കുന്ന സംഘത്തിലെ ഒരംഗം എന്നർത്ഥമായത്.

**കർസോൻ** കേരളക്രൈസ്തവ സാഹിത്യത്തിലെ സുപ്രധാനമായ ഒരു പദമാണ് കർസോൻ (Carshon). അത് ഒരു എഴുത്തു സമ്പ്രദായത്തിൻെറ പേരാണ്. കൽദായ സുറിയാനി അക്ഷരമാല ഉപയോഗിച്ച് മലയാളം എഴുതുന്ന സമ്പ്രദായമാണത്. ഏഴാം നൂറ്റാണ്ട് മുതൽ പതിനെട്ടാം നൂറ്റാണ്ടുവരെ ഇവിടത്തെ ക്രൈസ്തവർ ഈ എഴുത്ത് സമ്പ്രദായം ഉപയോഗിച്ചിരുന്നു. ഇന്നും കർസോനിൽ എഴുതപ്പെട്ട ധാരാളം കയ്യെഴുത്ത് പ്രതികൾ സൂക്ഷിക്കപ്പെട്ടിട്ടുണ്ട്. ഉദയംപേരൂർ സൂനഹദോസിൻെറ കാനോനകൾ, മതപരമായ ഗ്രന്ഥങ്ങൾ, പ്രാർത്ഥനകൾ, ചരിത്രരേഖകൾ, ചികിത്സാവിധികൾ മുതലായവ കർസോനിൽ എഴുതിയിരുന്നു. വിദേശത്തുനിന്നുവന്ന മിഷണറിമാരും കർസോൻ ഉപയോഗിച്ചിരുന്നു എന്ന് വ്യക്തമാണ്. “മേൽ എഴുതിയ എഴുത്ത് കർസോൻ എന്ന സുറിയാനിപ്പട്ടക്കാർ എഴുതിവരുന്ന കർസോൻ അക്ഷരത്തിൽ മലയാളഭാഷയിൽ എഴുതിയിരിക്കുന്നതാണ്” എന്ന് റിബെയ്റോ യോഹന്നാൻ (കൊടുങ്ങല്ലൂരിലെ മെത്രാപ്പോലീത്ത) 1704-തുലാമാസം 23-ാം തീയതി എഴുതിയ കത്തിനെപ്പറ്റി മാർതോമ്മാ നസ്രാണികളുടെ സത്യവിശ്വാസം എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു (പി. കുര്യൻ, മാർതോമ്മാ നസ്രാണികളുടെ സത്യവിശ്വാസം, ഭാസ്കരപ്രസ്സ്, തിരുവനന്തപുരം, 1908, പുറം 149).

കർസോൻ (Karshon) എന്നൊരാളാണ് ഈ സമ്പ്രദായം നടപ്പാക്കിയത്. അദ്ദേഹത്തിൻെറ പേരിൽ ഇത് അറിയപ്പെടുന്നു.

കൽദായ സുറിയാനി ഭാഷ ഉപയോഗിച്ചിരുന്ന മധ്യപൂർവ്വദേശങ്ങൾ ഏഴാം നൂറ്റാണ്ടിൽ അറബികൾ ആക്രമിച്ചു കീഴടക്കുകയും അവിടെ അറബിയും ഇസ്ലാം മതവും നടപ്പാക്കുകയും ചെയ്തു. അന്ന് അറബിഭാഷയിൽ എഴുതാൻ നിർബന്ധിതരായ ക്രിസ്ത്യാനികൾ കൽദായാ

www.malankaralibrary.com

സുറിയാനിയുടെ അക്ഷരമാല ഉപയോഗിച്ച് അറബിഭാഷ എഴുതി. ഈ സമ്പ്രദായം ബാബിലോണുമായുള്ള ബന്ധം വഴി കേരളത്തിലും പ്രചരിച്ചു (സെമിറ്റിക് ലിപികളിൽ ഏറ്റവും വ്യക്തതയുള്ളത് കൽദായാ സുറിയാനി ലിപികൾക്കാണ്).

അക്കാലത്ത് കേരളത്തിൽ ഉപയോഗിച്ചിരുന്ന ലിപി വട്ടെഴുത്ത് ലിപിയായിരുന്നു. എഴുതാൻ പ്രയാസമുള്ളതും അവ്യക്തത നിറഞ്ഞതുമായ ആ ലിപിയേക്കാൾ ഏറെ നല്ല ലിപിയാണ് കൽദായാ സുറിയാനി ലിപി. എന്നാൽ മലയാളം എഴുതാൻ ആവശ്യമായ കുറേ ലിപികൾ കൂടി സൃഷ്ടിക്കേണ്ടിവന്നു. ങ, ഞ, ട, ണ, ന, ഴ, ഷ, ര, ള എന്നിവയ്ക്ക് പുതിയ ലിപികൾ മലയാളി വൈദികർ സൃഷ്ടിച്ചു. ഷ, ഴ എന്നിവയ്ക്ക് ഒറ്റ ലിപിയാണുണ്ടാക്കിയത്. കൂട്ടക്ഷരം (ദ്വിത്വം) സൂചിപ്പിക്കാൻ അക്ഷരത്തിൻെറ അടിയിൽ വരയിട്ടു. ഇങ്ങനെ അക്കാലത്തെ മലയാളത്തിന് എളുപ്പമുള്ള ഒരു ലിപി അവർ പ്രദാനം ചെയ്തു.

**കല്ത്തപ്പം (ഖല്ത്തപ്പം)** പെസഹാ ഭക്ഷണത്തിന് ഇണ്ടറിയപ്പവും കല്ത്തപ്പവും ഉണ്ടാക്കാറുണ്ട്. ചുരുക്കം ചില സ്ഥലങ്ങളിൽ (മധ്യകേരളത്തിൽ) കല്ത്തപ്പമാണ് പെസഹാഭക്ഷണത്തിന് പ്രധാന അപ്പമായി കരുതുന്നത് (ഇണ്ടറിയപ്പം എന്ന വാക്കു കാണുക). പൊരിച്ചെടുക്കുന്ന അപ്പമെന്നാണ് കല്ത്തപ്പം എന്ന വാക്കിൻെറ അർത്ഥം. ഹീബ്രു അറമായാ ഭാഷകളിലുള്ള വാക്കാണ് കല്ത്ത് (ഖല്ത്ത്). ഖ്ലാ, (ഖ്ലി, അഖ്ലി) എന്ന ഹീബ്രു ധാതുവിന് പൊരിക്കുക, വറക്കുക എന്നിങ്ങനെയാണർത്ഥം. അരിയും ഉഴുന്നും തേങ്ങയും വെളുത്തുള്ളിയും ചേർത്താണ് കല്ത്തപ്പമുണ്ടാക്കുന്നത്. ഇതുണ്ടാക്കാൻ അടുപ്പിൽമാത്രം തീകത്തിച്ചാൽ പോരാ. അപ്പം ചുടാനുള്ള പാത്രത്തിനുമുകളിൽ വറകലം വച്ച് അതിൽ തീക്കനമുള്ള വിറകുപൂളുകളിട്ട് തീകത്തിക്കണം. അങ്ങനെ അടിയിലും മുകളിലും തീകത്തിച്ച് പൊരിച്ചെടുക്കുന്ന അപ്പമാണ് കല്ത്തപ്പം അഥവാ ഖല്ത്തപ്പം (ഖല്ത്ത് + അപ്പം).

**കല്ലന്താരി** കേരളത്തിൽ പോർത്തുഗീസ് മിഷണറിമാരുടെ കാലംമുതൽ അടുത്തകാലംവരെ സഭാ സംബന്ധമായ പഞ്ചാംഗത്തിന് (കലണ്ടറിന്) കല്ലന്താരി എന്നാണ് പറഞ്ഞിരുന്നത്. ഉദാഹരണത്തിന് തൃശൂർ രൂപതയുടെ 1926-ലെ പഞ്ചാംഗത്തിൻെറ ടൈറ്റിൽ പേജ് ഇങ്ങനെയാണ്: "ത്രിച്ചൂർ രൂപതയിലെ ബ. വൈദികർ കാനോൻ നമസ്കാരത്തിലും ദിവ്യപൂജയിലും ആചരിക്കേണ്ടുന്ന കല്ലന്താരിക്രമം 1926. മാർ തോമാശ്ലീഹാ പ്രസ്സ്, വരാപ്പുഴ". ലത്തീൻഭാഷയിൽനിന്ന് പോർത്തുഗീസ് ഭാഷ വഴി വന്നെത്തിയ പ്രയോഗമാണിത്.

ക്ലാസിക്കൽ ലത്തീൻഭാഷയിൽ കലെന്ദേ (Kalendae) എന്നൊരു പദമുണ്ട്. ബഹുവചനമാണത്. വിളിച്ചറിയിക്കപ്പെടേണ്ടവ എന്നും ഒന്നാം തീയതിയെന്നും മാസമെന്നും അതിനർത്ഥമുണ്ട്. ഈ പദത്തിൽനിന്ന് കലെന്ദാരിയും (Calendarium) എന്നൊരുവാക്ക് പിന്നീടുണ്ടായി (ക്ലാസിക്കൽ ലത്തീനിൽ ഈ വാക്കില്ല). കണക്കു പുസ്തകം, പലിശക്കണക്കുപുസ്തകം എന്നിങ്ങനെയാണ് അതിൻെറ ആദിമാർത്ഥം. എന്നാലും പഞ്ചാംഗം എന്ന അർത്ഥത്തിലും അത് ഉപയോഗിച്ചുവന്നു.

ഈ ലത്തീൻപദം പോർത്തുഗീസ്, സ്പാനിഷ്, ഇറ്റാലിയൻ എന്നീ ഭാഷ

www.malankaralibrary.com

കളിൽ കലെന്ദാരിയോ (Calendario) എന്നായി. പഴയ ഫ്രഞ്ചിൽ കലെന്ദിർ എന്നും ജർമ്മൻ ഭാഷയിൽ കലെന്ദർ (Kalendar) എന്നും മധ്യകാല ഇംഗ്ലീഷിൽ കലെന്ദെർ (Kalen-der) എന്നും ആധുനിക ഇംഗ്ലീഷിൽ കലണ്ടർ (Calender) എന്നും കാണുന്നു. കേരളത്തിൽ മിഷണറിമാർ കലെന്ദാരിയോ എന്ന വാക്ക് പ്രചരിപ്പിച്ചു. അതിൽനിന്ന് മലയാളത്തിൽ കല്ലന്താരി എന്ന പദമുണ്ടായി.

ഈ കല്ലന്താരിയുടെ ഉറവിടം അന്വേഷിക്കുമ്പോൾ അത് ഇൻഡോ യൂറോപ്യൻ ഭാഷകൾക്ക് പൊതുവേ ഉള്ള ധാതുവിൽ നിന്നാണെന്നും നമുക്ക് അത് ഒട്ടും അന്യമല്ലെന്നും മനസ്സിലാകും.

വിളിച്ചുപറയുക, ശബ്ദിക്കുക എന്നിങ്ങനെ അർത്ഥമുള്ള കലാരെ (Calare) എന്ന ലത്തീൻ ക്രിയയിൽ നിന്നാണ് കലെന്ദെ എന്ന പദമുണ്ടായത്. കാല് (Kal-) എന്നാണ് അതിലെ ധാതു. അത് ഗ്രീക്കിലുള്ള കാല് ധാതുതന്നെയാണ്. കലേയിൻ (Kalein) എന്ന ഗ്രീക്ക് ക്രിയയ്ക്ക് വിളിച്ചുപറയുക എന്നർത്ഥം. സംസ്കൃതത്തിൽ കാണുന്ന കല് ധാതുവും ഗ്രീക്കിലെ കാല് ധാതുവും ഒന്നുതന്നെ (സംസ്കൃതത്തിൽ കല്ല്-എന്നൊരു രൂപം കൂടിയുണ്ട്). ശബ്ദിക്കുക, സമയമറിയിക്കുക, എറിയുക, തള്ളുക, എണ്ണുക എന്നിങ്ങനെ വിവിധാർത്ഥങ്ങളുള്ള കല് എന്ന സംസ്കൃത ധാതു പല വികിരണ വിഭാഗങ്ങളിൽ (Conjugations) പെടുത്തി വ്യത്യസ്ത രൂപങ്ങളോടെയാണ് പെരുക്കുന്നത്.

വിളിച്ചറിയിക്കലും പഞ്ചാംഗവും തമ്മിലുള്ള ബന്ധംകൂടി വ്യക്തമാക്കാം. എന്താണ് വിളിച്ചറിയിക്കുന്നത്? പുരാതന റോമിൽ കലണ്ടറിലെ ഓരോ മാസത്തെയും നോനൂസ് (Nonus) എന്ന് വിളിക്കപ്പെടുന്ന ദിവസം മാസത്തിലെ അഞ്ചാം തീയതിയാണോ ഏഴാം തീയതിയാണോ വരുന്നത് എന്ന് വിളിച്ചറിയിച്ചിരുന്നു. നോനൂസ് എന്നത് സംസ്കൃതത്തിലെ നവ (=ഒമ്പത്) എന്ന വാക്കിന്റെ വികൃതരൂപമാണ്. ഈദൂസ് എന്ന് വിളിക്കപ്പെടുന്ന ദിവസം കഴിഞ്ഞ് 9-ാം ദിവസം വരുന്നതുകൊണ്ടാണ് നോനൂസ് എന്ന പേരുണ്ടായത്. മാർച്ച്, മേയ്, ജൂലൈ, ഒക്ടോബർ എന്നീ മാസങ്ങളിൽ നോനൂസ് ഏഴാം തീയതിയാണ്; മറ്റ് മാസങ്ങളിൽ അഞ്ചാം തീയതിയും. ഈദൂസ് എന്ന ദിവസം മാർച്ച്, മേയ്, ജൂലൈ, ഒക്ടോബർ എന്നീ മാസങ്ങളുടെ 15-ാം തീയതിയും മറ്റു മാസങ്ങളുടെ 13-ാം തീയതിയുമാണ് (ഇംഗ്ലീഷിൽ ഈ വാക്ക് ides എന്നായിട്ടുണ്ട്).

കലെന്ദേ എന്ന വാക്കിന് ഒന്നാം തീയതി എന്നർത്ഥമുണ്ടായത്, ഓരോ ഒന്നാംതീയതിയും റോമിലെ പ്രധാനാചാര്യൻ (Pontifex) ആ മാസത്തിലെ നോനൂസ് എന്നായിരിക്കുമെന്ന് പ്രഘോഷിച്ചിരുന്നതുകൊണ്ടാണ്. പഞ്ചാംഗം എന്നൊരർത്ഥവും അതിന് വന്നുചേർന്നു. കലെന്ദാരിയും എന്ന പിൽക്കാല ലത്തീൻ വാക്കിന് കണക്കുപുസ്തകം, പലിശക്കണക്കുപുസ്തകം എന്നിങ്ങനെ അർത്ഥമുണ്ടെന്ന് സൂചിപ്പിച്ചല്ലോ. പലിശ വാങ്ങുന്നത് ഒന്നാം തീയതികളിലായിരുന്നതുകൊണ്ടാണ് ആ അർത്ഥം വന്നത്. ആ പദം പിന്നീട് പഞ്ചാംഗം എന്ന അർത്ഥത്തിൽ സ്ഥിരപ്രതിഷ്ഠിതമായി. മാസം എന്നൊരർത്ഥവും അതിനുണ്ടായിരുന്നു.

പുരാതന റോമിൽ "ഗ്രീക്ക് കലണ്ടറനുസരിച്ച് കൊടുക്കുക" (Ad Calendas Gracecas) എന്നൊരു ശൈലിയുണ്ടായിരുന്നു. ഒരിക്കലും കൊടുക്കേണ്ടിവരില്ല

www.malankaralibrary.com

എന്നാണ് അതിൻെറ സാരം (ഈ ശൈലി ഇംഗ്ലീഷ് സാഹിത്യത്തിലും കാണാം). കാരണം, ഗ്രീക്കുകാരുടെ കലണ്ടർ റോമൻ കലണ്ടറിൽനിന്ന് തീർത്തും വ്യത്യസ്തമായിരുന്നു. പലിശ കൊടുക്കേണ്ടത് ഒന്നാം തീയതികളിൽ, കലന്ദേകളിൽ, ആയിരുന്നല്ലോ. അതുകൊണ്ട് "ദുഃഖിക്കുന്ന ഒന്നാം തീയതി"കൾ (Calendae tristes) എന്നൊരു ചൊല്ലും റോമിൽ ഉണ്ടായിരുന്നു.

**കവ്യാര്** ശബ്ദതാരാവലിയെന്ന നിഘണ്ടുവിൽ (1964 എഡിഷൻ, പുറം 413) കവ്യാര് എന്നൊരുപദം കൊടുത്തിട്ട് കപ്പിയാര് എന്ന വാക്ക് നോക്കുക എന്നെഴുതിയിട്ടുണ്ട്. പക്ഷേ, ഈ വാക്കിന് കപ്പിയാര് (കപ്പ്യാര്) എന്ന പദവുമായി യാതൊരു ബന്ധവുമില്ല. പള്ളിയിലെ വിശുദ്ധവസ്തുക്കളുടെ നിക്ഷേപമുറിയുടെ (കപ്പിച്ചേരിയയുടെ) കാര്യസ്ഥനാണ് കപ്പ്യാര്. ആദ്യകാലത്ത് ദിയാക്കോന്മാർ (ഡീക്കന്മാർ) ചെയ്തിരുന്ന ജോലി ഏറ്റെടുത്ത അല്മായാവിശ്വാസിയാണയാൾ. പട്ടമേല്ക്കാത്തയാളായതുകൊണ്ടാണ് ദിയാക്കോനെന്നോ ശെമ്മാശൻ എന്നോ അയാൾ വിളിക്കപ്പെടാത്തത്. കപ്പിയാരിയൂസ് (Capiarius) എന്ന ലത്തീൻ വാക്കിൽനിന്നുണ്ടായ പദമാണ് കപ്പിയാര് (കപ്പ്യാര്). കപ്പിച്ചേരിയ (Capiceria) യുടെ കാര്യസ്ഥനെ കപ്പിച്ചേരിയൂസ്, കപ്പിയാരിയൂസ് എന്നിങ്ങനെ മധ്യയുഗത്തിൽ വിളിച്ചിരുന്നു.

കവ്യാര് എന്നപദം പ്രയോഗിച്ചിട്ടുള്ള രേഖകളൊന്നും ഇപ്പോൾ കിട്ടാനില്ല. ഏതായാലും ആ പദം ഒരു കാലത്ത് പ്രയോഗിച്ചിരുന്നു. അത് 16, 17 നൂറ്റാണ്ടുകളിൽ പോർത്തുഗീസ് സംസ്കാരം നിലനിന്നകാലത്ത്, അവരുടെ സ്വാധീനമുള്ള പ്രദേശങ്ങളിൽ പ്രയോഗിച്ചിരുന്നുവെന്ന് കരുതാം. പോർത്തുഗീസ് ഭാഷയിലെ കൊവേയ്‌രോ (Coveiro) എന്ന വാക്കിൽ നിന്നുണ്ടായ പദമാണത്. കുഴിതോണ്ടുന്നവൻ എന്നേ അതിനർത്ഥമുള്ളൂ. കാരണം, കുഴി എന്നർത്ഥമുള്ള കോവാ (Cova) എന്ന പദത്തിൽനിന്നാണതുവരുന്നത്. ഈ വാക്ക് ഗ്രീക്കിലെ കൂപേ, സംസ്കൃതത്തിലെ കൂപ എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നു. കുഴി എന്നുതന്നെ അർത്ഥം. പോർത്തുഗീസിലുള്ള കംപ (Campa) എന്ന വാക്കും ഇതിൽനിന്നുണ്ടായതാണ്. ഈ വാക്കിനും ശവക്കുഴിയെന്നും ശവകുടീരമെന്നും ശവകുടീരത്തിന്മേൽ വയ്ക്കുന്ന സ്മാരകശിലയെന്നും പോർത്തുഗീസിൽ അർത്ഥമുണ്ട്.

പോർത്തുഗീസ് മിഷണറിമാർ കൊച്ചിപ്രദേശത്ത് 1501-ൽ വന്നുചേർന്നു. അവരാണ് കൊവേയ്‌രോ എന്ന വാക്ക് പ്രയോഗിച്ചത്. ശവക്കുഴിതോണ്ടുവാൻ പ്രത്യേകം ആളുകളെ ഏർപ്പെടുത്തിയതും അവരാണ്. അന്നോളം മരിച്ചവരെ സംസ്കരിക്കാൻ കുഴിതോണ്ടിയിരുന്നത് മരിച്ചവരുടെ സ്വന്തക്കാർ തന്നെയായിരുന്നു. സ്വന്തം പറമ്പുകളിലാണ് മൃതരെ സംസ്കരിച്ചിരുന്നതും. പോർത്തുഗീസ് മിഷണറിമാർ ഏർപ്പെടുത്തിയ സമ്പ്രദായം അവരുടെ സ്വാധീനമുള്ള സ്ഥലങ്ങളിൽ മാത്രമേ നിലനിന്നുള്ളൂ. പൊതുസിമിത്തേരികൾ 16-ാം നൂറ്റാണ്ടിലാണ് സ്ഥാപിക്കപ്പെട്ടു തുടങ്ങിയത്. ഉദയംപേരൂർ സൂനഹദോസിൻെറ കാലത്തും (1599-ൽ) എല്ലാവരും പൊതുസിമിത്തേരി ഉപയോഗിച്ചിരുന്നില്ലെന്ന് ആ സൂനഹദോസിൻെറ കാനോനയിൽനിന്ന് വ്യക്തമാണ്.

വിശുദ്ധവസ്തുക്കൾ സൂക്ഷിക്കുന്ന നിക്ഷേപമുറിയുടെ (ബേസ്ദീയാ

www.malankaralibrary.com

ക്കോൻ, ദിയാക്കോനിയോൻ, കപ്പിച്ചേരിയ) കാര്യസ്ഥൻ എന്നർത്ഥമുള്ള കപ്പിയാരിയൂസ് എന്നപദവുമായി കവ്യാര് എന്ന വാക്കിന് ബന്ധമില്ല. മലയാളം ലക്സിക്കണിൽ കപ്പിയാര് എന്ന പദത്തിൻെറ മൂലപദമായി കൊവേയ്രോ എന്ന പോർത്തുഗീസ് പദം എഴുതിച്ചേർത്തത് നിർഭാഗ്യകരമാണ്. അതുപോലെതന്നെ കപ്പിയാരിയൂസ് എന്ന വാക്കിന് ഖ്ബർ (കബറിടം) എന്ന പദവുമായി യാതൊരു ബന്ധവുമില്ല.

(കപ്പിച്ചേരിയ, കപ്പ്യാര്, സാക്രിസ്റ്റ്യൻ, സിമിത്തേരി എന്നീ വാക്കുകളുടെ വിവരണംകൂടി നോക്കുക).

**കശീശ** വൈദികൻ എന്ന അർത്ഥത്തിൽ ഉപയോഗിക്കുന്ന കശീശ ഒരു കൽദായാ സുറിയാനി പദമാണ്. മൂപ്പൻ, പ്രമാണി, സന്ന്യാസപട്ടക്കാരൻ, സെനറ്റിലെ അംഗം എന്നൊക്കെ ഇതിനർത്ഥമുണ്ട്. ഖശീശാ എന്നാണ് വാക്കിൻെറ ശരിയായ രൂപം. ഖ്ശശ് എന്ന സുറിയാനിധാതുവിൽ നിന്നുണ്ടായ പദമാണത്. പ്രായമാവുക, പ്രമാണിയാവുക എന്നൊക്കെയാണ് അതിൻെറ അർത്ഥം. റോസ് മെത്രാൻ 1606-ൽ ക്രോഡീകരിച്ച നിയമാവലിയിൽ ഈ പദം പ്രയോഗിച്ചിട്ടുണ്ട്. "ചെഷം മൂന്നുപട്ടം കൂദാശപട്ടം ആകുന്നത്. ഹൌപ്പസ്യക്കീന, മശമശാന, കശീശാ" (3-ാം സെപ്ര, 2-ാം സാഹ), 'എന്നാൽ കശീശ ഇല്ല എങ്കിൽ ഒരു ശമ്മാശമതി ചിറ്റാഴ്മനിപ്പാൻ' (3-ാം സെപ്ര, 1-ാം സാഹ) എന്നൊക്കെ അതിൽ കാണാം. പട്ടം, പട്ടക്കാരൻ എന്നീ രണ്ടർത്ഥങ്ങളിലും കശീശ എന്നപദം പ്രയോഗിക്കുന്നു.

**കഹന** അന്ത്യോക്യൻ കുർബാനക്രമം ഉപയോഗിക്കുന്ന മലയാളികൾക്ക് കഹന, കഹനേന്മാർ, കഹനൂസാ എന്നീ പദങ്ങൾ സുപരിചിതമാണ്. "തീയല്ലോ പരിചരിപ്പൂ കഹനകളേ നിങ്ങളിഹ", "കൂടാരത്തിൻമേലും കൂടെയതിന്നുള്ളതിലും കൈക്കൊണ്ടെന്നധികാരം.... കഹനൂസാ നടത്തുക നീ" എന്നിങ്ങനെ കുർബാനക്രമത്തിൽ അവർ പാടുന്നു. പുരോഹിതൻ എന്നാണ് കഹന എന്ന സുറിയാനി വാക്കിൻെറ അർത്ഥം; കഹനൂസയ്ക്ക് പൗരോഹിത്യമെന്നും. പുരോഹിതൻ, പൗരോഹിത്യം, വൈദികൻ, മുതലായ സംസ്കൃതപദങ്ങൾ ക്രിസ്ത്യാനികൾ ഉപയോഗിച്ചുതുടങ്ങിയിട്ട് ഒരു നൂറ്റാണ്ടാകുന്നതേയുള്ളൂ. ആദിമകാലത്ത് കഹന, കഹനൂസാ എന്നിവയാണുപയോഗിച്ചിരുന്നത്. മൂപ്പൻ, പ്രധാനി, എന്നിങ്ങനെ അർത്ഥമുള്ള കശീശ എന്ന പദവും പുരോഹിതനെ സൂചിപ്പിക്കാൻ പ്രയോഗിച്ചിരുന്നു.

കഹന എന്ന സുറിയാനിപ്പദം കോഹേൻ എന്ന ഹീബ്രുപദത്തിൽനിന്ന് വരുന്നു. ഇസ്രായേൽക്കാർ ഇന്നും ആ വാക്ക് സാധാരണമായി കുടുംബപ്പേരായിട്ട് ഉപയോഗിക്കുന്നുണ്ട്. ക്ഹ്ന് എന്ന ധാതുവിൽനിന്നാണീ നാമമുണ്ടായത്. ആ ധാതു ഇന്ന് ഖിലം (ലുപ്തപ്രചാരം) ആയിരിക്കുന്നു. തന്മൂലം ആ ധാതുവിൻെറ മൂലാർത്ഥം കണ്ടെത്താനാവുകയില്ല. പഴയനിയമത്തിൽ പൗരോഹിത്യം എന്ന അർത്ഥത്തിൽ കെഹുന്നാ എന്നും പുരോഹിതനായി പ്രവർത്തിച്ചു എന്ന അർത്ഥത്തിൽ കിഹേൻ എന്നും ധാരാളമായി പ്രയോഗിച്ചിട്ടുണ്ടല്ലോ. വിജാതീയരുടെ പുരോഹിതരെ സൂചിപ്പിക്കാനും ഇസ്രായേൽക്കാർ കോഹേൻ എന്ന വാക്ക് ഉപയോഗിച്ചിട്ടുണ്ട്. ഈ പദത്തിന് സ്ത്രീലിംഗരൂപമില്ല. കാരണം യഹൂദമതത്തിൽ സ്ത്രീകൾ പൗരോഹിത്യധർമ്മം അനുഷ്ഠിച്ചിരുന്നില്ല.

www.malankaralibrary.com

ലേവി എന്ന വാക്കും പുരോഹിതൻ എന്ന അർത്ഥത്തിൽ ഇസ്രായേൽക്കാർ ഉപയോഗിച്ചിരുന്നു. വിജാതീയരുടെ പുരോഹിതരെ കോമേർ എന്നും വിളിച്ചിരുന്നു (സെഫാ. 1:4). കൽദായാ സുറിയാനിയിൽ കഹേൻ എന്ന ധാതുവിന് ആചാര്യനായി എന്നും കാഹ്നൂസാ എന്നതിന് ആചാര്യത്വം എന്നുമാണർത്ഥം.

**കാനോൻ (കാനോന)** കാനോന നമസ്കാരം, സൂനഹദോസ് കാനോനകൾ, കുർബാനയുടെ കാനോൻ, ബൈബിളിലെ കാനോനിക ഗ്രന്ഥങ്ങൾ എന്നൊക്കെ നാം സാധാരണമായി പറയുന്നു. ഹീബ്രുഭാഷയിൽനിന്നാണ് കാനോൻ (Canon) എന്ന വാക്കിന്റെ വരവ്. മാനദണ്ഡം, കല്പന, ചട്ടം, മാതൃക, വിശിഷ്ടമാതൃക, പട്ടിക, ലിസ്റ്റ്, അംഗീകൃതമായത് എന്നൊക്കെ ആ വാക്കിന് അർത്ഥമുണ്ട്. ഹീബ്രുവിൽ ഖാനേ എന്നതിന് വടി, (ദണ്ഡ്) എന്നാണ് ഒന്നാമത്തെ അർത്ഥം. അളക്കാൻ വടി ഉപയോഗിക്കുകയാൽ അതിന് അളവുകോല് എന്ന് അർത്ഥം കിട്ടി. ഈ വാക്ക് ഗ്രീക്കുഭാഷയിൽ കാനോൻ (kanon) എന്നും സുറിയാനിയിൽ കാനോന എന്നും അറബിയിൽ കാനൂൻ എന്നും രൂപം പ്രാപിച്ചു. ലത്തീനിൽ കാനോൻ എന്ന ഗ്രീക്കുരൂപംതന്നെ സ്വീകരിക്കപ്പെട്ടു. ഗ്രീക്കുഭാഷയിൽ അതിന് അളവുകോല്, (മാനദണ്ഡം) എന്നതിനു പുറമേ നിയമം, വിശിഷ്ടഗുണത്തിന്റെ മാനദണ്ഡം എന്നൊക്കെ അർത്ഥമായി. അലക്സാൺഡ്രിയായിലെ വ്യാകരണകർത്താക്കൾ പഴയ ഗ്രീക്കുഗ്രന്ഥകാരന്മാരെ കാനോനെസ് (വൈശിഷ്ട്യത്തിന്റെ മാതൃകകൾ) എന്ന് വിളിച്ചുവന്നു. അവരുടെ ഗ്രന്ഥങ്ങളാണ് ക്ലാസിക്ക് കൃതികളായി കരുതപ്പെടുന്നത്. ഏത് സാഹിത്യത്തിലേയും പ്രാചീനവും മാതൃകായോഗ്യവുമായ കൃതികളെ ഇപ്രകാരം വിളിക്കും.

ഈ വാക്കിന് ഗ്രീക്കിൽ, ദണ്ഡ്, മരപ്പണിക്കാരന്റെ വരകോല്, വൈശിഷ്ട്യത്തിന്റെ അളവ്, നിയമം എന്നിങ്ങനെയുള്ള അർത്ഥവികാസം ക്രമേണ സംഭവിച്ചതാണ്. ബി.സി. 700-നുമുമ്പ് ജീവിച്ചിരുന്ന മഹാകവിയായ ഹോമറിന്റെ കൃതികളിൽ കാനൊനെസ് എന്ന വാക്ക് (ബഹുവചനരൂപം) ദണ്ഡുകൾ എന്ന അർത്ഥത്തിലാണ് ഉപയോഗിച്ചിട്ടുള്ളത്.

കാനോന നമസ്കാരം എന്ന് പറയുമ്പോൾ നിയമപ്രകാരമുള്ള, മാതൃകാപരമായി ചിട്ടപ്പെടുത്തിയ പ്രാർത്ഥനയെന്നും സൂനഹദോസ് കാനോനകൾ എന്ന് പറയുമ്പോൾ, സഭാധ്യക്ഷന്മാരുടെ സമ്മേളനം ക്രോഡീകരിച്ച നിയമങ്ങൾ എന്നും, കുർബാനയുടെ കാനോൻ എന്നുപറയുമ്പോൾ, കുർബാനയിൽ ഉപയോഗിക്കേണ്ട മാതൃകാപ്രാർത്ഥനകളുടെ രൂപം (Standard prayer form) എന്നുമാണർത്ഥം. വേദപുസ്തകത്തിന്റെ കാനോൻ എന്ന് പറയുമ്പോൾ വേദപുസ്തകത്തിലെ അംഗീകൃതഗ്രന്ഥങ്ങളുടെ ലിസ്റ്റ് എന്നാണർത്ഥം. കാനോനികം എന്നൊരുപദം, വിശേഷണരൂപത്തിൽ, സൃഷ്ടിച്ചിട്ടുണ്ട്. കാനോനെ സംബന്ധിച്ചത് എന്നർത്ഥം. ക്രൈസ്തവർ തങ്ങളുടെ വിശ്വാസത്തിനും ജീവിതത്തിനും നിയമമായി കരുതുന്ന ഗ്രന്ഥങ്ങളാണ് കാനോനികഗ്രന്ഥങ്ങൾ. അല്ലാത്തവ അപ്രാമാണിക കൃതികളാണ്. കാനോനിക ഗ്രന്ഥങ്ങൾ സഭ ഔദ്യോഗികമായി അംഗീകരിച്ചവയാണ് (അവയുടെ പട്ടികയെ കാനോൻ എന്ന് വിളിക്കുന്നു). വിശുദ്ധന്മാരുടെ കാനോൻ എന്നതിന്

www.malankaralibrary.com

വിശുദ്ധന്മാരുടെ പേരുവിവരപ്പട്ടിക (ലിസ്റ്റ്) എന്നേ അർത്ഥമുള്ളു.

**കാപ്പ** ലത്തീൻ ഭാഷയിൽനിന്ന് പോർത്തുഗീസ്‌വഴി മലയാളത്തിൽ വന്ന പദമാണ് കാപ്പ. മേൽവസ്ത്രം, ബാഹ്യാവരണം എന്നിങ്ങനെയാണ് അതിൻെറ അർത്ഥം. പുസ്തകത്തിൻെറ പുറംചട്ടയ്ക്കും കാപ്പ (കാപ്പാ ദെ ലിവ്റോ) എന്ന് പോർത്തുഗീസിൽ പറയും. ആരാധനാപരമായ അനുഷ്ഠാനങ്ങളുടെ സമയത്ത് വൈദികർ (ചിലപ്പോൾ സഹായികളും) ഉപയോഗിക്കുന്ന മേൽവസ്ത്രമാണത്. ആദ്യകാലത്ത് ശിരോവസ്ത്രമാണ് കാപ്പ എന്നു വിളിക്കപ്പെട്ടത്. പിന്നീട് ശിരസ്സും മറ്റു ശരീരഭാഗങ്ങളും മറയ്ക്കുന്ന വസ്ത്രത്തെ കാപ്പ എന്ന് വിളിച്ചു. ലത്തീനിലെ കാപ്പാ (Cappa) എന്ന വാക്ക് മിക്ക ഇൻഡോ യൂറോപ്യൻ ഭാഷകളിലും (അല്പരൂപഭേദത്തോടെ) ഉപയോഗിക്കുന്നുണ്ട്. പിൽക്കാല ലത്തീനിൽ Capa എന്നും ഇംഗ്ലീഷിൽ Cape (Cope) എന്നും മധ്യകാല ഇംഗ്ലീഷിൽ Cope എന്നും ആംഗ്ലോ സാക്സണിൽ Caeppe എന്നും ഈ വാക്ക് പ്രത്യക്ഷപ്പെടുന്നുണ്ടല്ലോ. സുറിയാനിയിൽ ഈ വസ്ത്രത്തിന് പൈന എന്നാണ് പേര്.

കാപ്പ എന്ന വസ്ത്രം ക്രിസ്തുമതത്തിൽ എന്നാണ് പ്രയോഗിച്ചു തുടങ്ങിയതെന്നു പറയാൻ നിവൃത്തിയില്ല. "എന്നുവരുകിലും തിരുസഭയിൽ പൂർവ്വം മുതൽ പെരുമാറി വന്നു എന്നും പഴയ വേദത്തിൽ അഹറോൻ മുതലായ പ്രധാനാചാര്യന്മാർ ധരിച്ചുവന്നതും വിളുമ്പിൽ പൊന്മണികൾ തൂങ്ങിയിരുന്നതുമായ കുത്തീനാ എന്ന് പേർപെട്ട പട്ടു വസ്ത്രത്തിൻെറ സാദൃശ്യമായിരിക്കുന്നു എന്നും ദുരാന്തൊ മുതലായ ചിലർ ചൊല്ലിയിരിക്കുന്നു" (യൗസേപ്പ് ഗീവറുഗീസ്, പ്രസിദ്ധാരാധന, എൽത്തുരുത്ത്, 1897, പുറം 155-156).

കാപ്പാ എന്ന വാക്കിൻെറ ആദിമ അർത്ഥം ശിരോവസ്ത്രം എന്നാകകൊണ്ടും ശിരോവസ്ത്രം എന്നർത്ഥമുള്ള കാപ്പിത്തുളാരെ എന്ന ലത്തീൻ വാക്കിൻെറ സംക്ഷിപ്തരൂപമായിരിക്കാൻ സാധ്യതയുള്ളതുകൊണ്ടും അത് ലത്തീനിലെ കാപ്പുത്ത് (Caput) എന്ന വാക്കുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നതിൽ സംശയമില്ല. കാപ്പുത്ത് എന്ന വാക്കിന് ശിരസ്സ്, പ്രധാനപ്പെട്ടത് എന്നിങ്ങനെയാണർത്ഥം. ഈ വാക്ക്, മിക്ക ഇൻഡോ യൂറോപ്യൻ ഭാഷകളിലും രൂപഭേദങ്ങളോടെ നിലനില്ക്കുന്നുണ്ട്. ഗ്രീക്കിലെ കെഫാലെ ആണ് ലത്തീനിൽ കാപ്പുത്ത് എന്നായത്. ഇംഗ്ലീഷിൽ അത് സെഫാലസ് എന്നായി. സംസ്കൃതത്തിലെ കപാലം എന്ന വാക്കുമായി ഇത് ബന്ധപ്പെട്ടിരിക്കുന്നു. പാത്രം, കോപ്പ, കപ്പ്, ഭിക്ഷാപാത്രം, മൂടി, തലയോട് എന്നൊക്കെയാണല്ലോ കപാലത്തിനർത്ഥം.

ഉദയംപേരൂർ സൂനഹദോസിൻെറ കാലത്തിനുമുമ്പു തന്നെ കാപ്പ എന്ന വാക്കും ഇവിടെ പ്രയോഗത്തിലായി. പൈനാ എന്ന സുറിയാനിവാക്ക് പ്രചാരലുപ്തവുമായി.

**കാപ്പോറ** റോസ് മെത്രാൻ 1606-ൽ എഴുതിയ നിയമാവലിയിൽ കുർബാനയുടെ തിരുനാളിനെപ്പറ്റി പറയുന്നിടത്ത്, കുർബാന എഴുന്നള്ളിച്ചുകൊണ്ടുള്ള പ്രദക്ഷിണം യൂറോപ്പിൽ നഗരങ്ങളിലൂടെ നടത്തുന്നുണ്ടെന്നും എന്നാൽ കേരളത്തിൽ ക്രൈസ്തവരുടെ പള്ളികൾ "മലയാളരുടെ ഇടയിൽ" ആയതുകൊണ്ട് പള്ളിയകത്തുതന്നെ പ്രദക്ഷിണം നടത്തണമെന്നും പറയുന്നു. "നല്ല ചിതം

www.malankaralibrary.com

ഒള്ള പള്ളികളിൽ അകത്തുതന്നെ കാപ്പോറാകാണാതെ ആകുന്ന ഗോഷത്തോടെ കുറുവാന എടുത്ത അതുകൊണ്ട് പ്രദെക്ഷെണിക്കണം" (ഏഴാം സാഹാ). ഇവിടെ കാപ്പോറാ എന്നതിന് അവിശ്വാസി എന്നുതന്നെയാണർത്ഥം (പാത്രമെന്നല്ല). സാഹചര്യം അത് വ്യക്തമാക്കുന്നു. അതൊരു സുറിയാനി പ്പദമാണ്; ക്പ്റ് എന്ന ധാതുവിൽ നിന്നുണ്ടായ നാമരൂപം. മതനിഷേധി, മതത്യാഗി, അവിശ്വാസി എന്നൊക്കെയാണർത്ഥം. അവിശ്വാസികൾ (കാപ്പോറാ) കാണാത്ത വിധത്തിലുള്ള ആഘോഷത്തോടെ പ്രദക്ഷിണം നടത്തണമെന്നാണ് അദ്ദേഹം പറയുന്നത്. ആ നിയമാവലിയിലെ 10-ാം സാഹയിൽ "മലയാളരും വിശ്വാസം ഇല്ലാത്തവരും കാണാത്തവണ്ണം..... ചെയ്യണം" എന്നു കാണാം. പള്ളികൾ ഇല്ലാത്തിടത്ത് ഒരു ത്രോണോസുണ്ടാക്കി കുർബാന അർപ്പിക്കുന്ന കാര്യമാണിവിടെ പ്രതിപാദിക്കുന്നത്. ഇവിടെയും കാപ്പോറാകൾ എന്നതിനുപകരമാണ് "മലയാളരും വിശ്വാസമില്ലാത്തവരും" എന്ന് പറയുന്നത് (മലയാളർ എന്നതും അക്രൈസ്തവരെ സൂചിപ്പിക്കുന്നു). പി.എം. ജോസഫിൻെറ "മലയാളത്തിലെ പരകീയ പദങ്ങൾ" എന്ന ഗ്രന്ഥത്തിൽ ഈ വാക്കിന് "വി. കുർബാന വച്ചിരിക്കുന്ന പാത്രം" എന്ന് അർത്ഥം പറയുന്നു. അതു ശരിയല്ല. ഇത് പോർത്തുഗീസ് വാക്കല്ല.

**കാർണിവൽ** കാർണിവൽ (Carnival) എന്ന ഇംഗ്ലീഷ് പദം ഇപ്പോൾ മലയാള പത്രങ്ങളിലും സ്ഥാനം പിടിച്ചിരിക്കുന്നു. കേരളത്തിലെ ഒരു പ്രധാന നഗരത്തിൽ കാർണിവൽ ആഘോഷിച്ചതിൻെറ റിപ്പോർട്ടുകൾ പത്രങ്ങളിലുണ്ടായിരുന്നു.

റോമൻ കത്തോലിക്കരുടെയിടയിൽ വലിയനോമ്പ് തുടങ്ങുന്നതിന് മുമ്പുള്ള ഒരാഘോഷമാണിത്. ചില സ്ഥലങ്ങളിൽ വിഭൂതി ബുധനാഴ്ച (കെത്തുമാപ്പെരുന്നാൾ) യുടെ തലേ ചൊവ്വാഴ്ചയും മറ്റും ചില സ്ഥലങ്ങളിൽ ജനുവരി 6-ാം തീയതി (പ്രത്യക്ഷീകരണത്തിരുനാൾ) തുടങ്ങി പ്രസ്തുത ചൊവ്വാഴ്ചവരെയും ഇത് ആഘോഷിക്കാറുണ്ട്. സദ്യകളുടെയും വിനോദങ്ങളുടെയും ദിവസമായി അതിനെ കരുതി വന്നു.

പൗരാണിക റോമിലാണ് ഇതിൻെറ തുടക്കമെന്ന് പറയപ്പെടുന്നു. ഏതായാലും അവിടെയാണ് ഇത് വിപുലമായ തോതിൽ ആഘോഷിച്ചിരുന്നത്.

കാർണിവൽ എന്ന പദത്തിൻെറ നിഷ്പത്തിയെപ്പറ്റി വിവിധാഭിപ്രായങ്ങളുണ്ട്. ഇറ്റാലിയനിൽ കാർണെവാലെ (Carnevale) എന്നും ഫ്രഞ്ചുഭാഷയിൽ കാർണവൽ (Carnaval) എന്നും ഇംഗ്ലീഷിൽ കാർണിവൽ (Carnival) എന്നുമാണല്ലോ പറയുന്നത്. ക്ലാസിക്കൽ ലത്തീനിൽ ഇങ്ങനെ ഒരു ഒറ്റപ്പദമില്ല. അതുകൊണ്ട് അതൊരു സമസ്ത പദമാണെന്ന് തീർച്ചയാണ്. മധ്യകാല ലത്തീൻ ഭാഷയിൽ കാർണെം ലെവാരെ (Carnem Levare) കാർണെലെവാരിയും (Carnelevarium) എന്നിങ്ങനെ രണ്ട് പ്രയോഗങ്ങളുണ്ട്. ഇറച്ചിമാറ്റുക, ഇറച്ചി ഉപേക്ഷിക്കുക എന്നിങ്ങനെ ആദ്യത്തെ പ്രയോഗത്തിനും ഇറച്ചി ഉപേക്ഷിക്കൽ എന്ന് രണ്ടാമത്തെ പ്രയോഗത്തിനും അർത്ഥം. നോമ്പുകാലത്ത് ക്രിസ്ത്യാനികൾ ഇറച്ചിതിന്നിരുന്നില്ല. തന്മൂലം നോമ്പിനു മുമ്പ് ഇറച്ചിയോട് വിടപറയുന്ന ദിവസത്തെയാണ് ഈ ശൈലികൾ കൊണ്ട് വിവക്ഷിക്കുന്നത് എന്നുപറയുന്നു. ആ

www.malankaralibrary.com

ശൈലി ചുരുങ്ങി ഇറ്റാലിയനിൽ കാർണെവാലെ എന്ന ശൈലിയുണ്ടായി എന്നൊരഭിപ്രായമുണ്ട്. കൂടാതെ കാർണെവാലെ (Carne vale) എന്ന ഒരു ശൈലിയിൽ നിന്നാണ് ഈ പദമുണ്ടായതെന്നും പറയപ്പെടുന്നുണ്ട്. "അല്ലയോ മാംസമേ വിട!" എന്നാണ് അതിൻെറ അർത്ഥം. ഫ്രഞ്ചുഭാഷയിലും ഉപേക്ഷിക്കുന്നു എന്ന് അർത്ഥം വരുന്ന അവാൽ (a val = down with) എന്ന പ്രയോഗമുണ്ട്. ഈ വ്യാഖ്യാനം കേവലം ഭാവനാപരമാണെന്ന് നിരുക്തകർ പറയുന്നു (Earnest Weekly, An Etimological Dictionary of Modern English Vol. 1. p. 254-255) മദ്ധ്യകാല ലത്തീനിലെ കാർണെലെവാരിയും (ഇറച്ചി ഉപേക്ഷിക്കൽ) എന്ന സമസ്ത പദം ചുരുങ്ങി കാർണെവാലെ എന്ന് പ്രയോഗമുണ്ടായി എന്നതായിരിക്കണം ശരി.

കാർണെലെവാരിയും എന്നതിലെ കാർണെ എന്ന പദാംശം കാരോ (caro) എന്ന ലത്തീൻ വാക്കിൽനിന്ന് വരുന്നു. കാരോ എന്നതിന് ഇറച്ചി എന്നർത്ഥം (ഇതിൻെറ ദ്വിതീയാ വിഭക്തി കാർണെം എന്നും ഷഷ്ഠീവിഭക്തി കാർണിസ് എന്നുമാണ്). ഈ പദം ക്രേയാസ് എന്ന ഗ്രീക്ക് വാക്കിൻെറ മറ്റൊരു രൂപമാണ്. അതാകട്ടെ ക്രവ്യ എന്ന സംസ്കൃത ധാതുവിൽനിന്നുണ്ടായതുമാണ്. പല ഇൻഡോ യുറോപ്യൻ ഭാഷകളിലും സംസ്കൃതത്തിലെ ക്രവ്യ എന്നവാക്ക് രൂപഭേദങ്ങളോടെ നിലനില്ക്കുന്നുണ്ട്. സംസ്കൃതത്തിൽ ക്രവീസ് എന്ന രൂപവുമുണ്ട്. ലത്തീനിലെ ലെവാരിയും എന്നത് ഉപേക്ഷിക്കുക എന്നർത്ഥമുള്ള ലെവാരെ എന്ന ക്രിയയിൽ നിന്നുവരുന്നു.

ന്യൂ ഓർലിയൻസിൽ മാർദിഗ്രാസ് എന്നാണ് ഈ ആഘോഷദിവസത്തെപ്പറ്റി പറയുന്നത്. എല്ലാത്തരം ഇറച്ചിയും വീട്ടിലുപയോഗിക്കുന്നു എന്നാണതിൻെറ വിവക്ഷ.

അപ്പോൾ, ഇറച്ചിയോട് വിടപറയേണ്ട ദിവസം തിന്നുകുടിച്ച് ആഘോഷിക്കുക, ആവോളം തിന്നിട്ട് ഉപേക്ഷിക്കുക, എന്ന സമ്പ്രദായമാണ് ഈ പേരിൻെറ പിന്നിലുള്ളത്. തീറ്റിയും കുടിയും മാത്രമല്ല കലാകായിക വിനോദങ്ങളും ആ ദിവസം സംഘടിപ്പിച്ചുവരുന്നു. അങ്ങനെ മാംസവർജ്ജന മഹോത്സവം ഒരു സാമൂഹികാഘോഷമായിത്തീർന്നു. കലകളും അതോടൊപ്പം വളർന്നിട്ടുണ്ട്- സാധാരണക്കാരെ സംബന്ധിച്ച അഭിനയം, നൃത്തം, ഗാനം മുതലായവ. ഈ ആഘോഷം മിക്കപ്പോഴും അതിരുകടക്കുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്.

സുറിയാനിയിലെ പാത്തോറുത്ത (പേത്തർത്ത) എന്നതിന് അവസാനിക്കൽ എന്നർത്ഥമാണ്. മലയാളത്തിൽ പേത്തർത്ത എന്നു പറയും. നിറയെ ഭക്ഷിച്ചിട്ട് സുഭിക്ഷമായ ഭക്ഷണത്തോട് വിടപറയുകയാണ് അന്ന്. അടുത്തദിവസം മുതൽ ഉപവാസമാണ്. കാർണിവലും പാത്തോറുത്തയും ഒരേ ആശയമാണ് ദ്യോതിപ്പിക്കുന്നത്. പേത്തർത്തയ്ക്ക് വർജന പ്രതിജ്ഞാദിവസം, നിവർത്തനശപഥദിവസം എന്നിങ്ങനെ പറയാം. അവസാനിപ്പിക്കൽപ്പെരുന്നാളെന്നും അന്തിമപെരുന്നാളെന്നും പറയാം. (പേത്തർത്ത എന്ന വാക്കു നോക്കുക.)

**കാസ** ഹീബ്രു ഭാഷയിലുള്ള ഒരു വാക്കാണ് കാസാ. അത് സുറിയാനിയിലേക്കും അതുവഴി മലയാളത്തിലേക്കും കടന്നുവന്നു. പാത്രം, പാനപാത്രം എന്നിങ്ങനെയാണ് അതിൻെറ അർത്ഥം. ഓഹരി എന്നൊരർത്ഥം കൂടി അതിന് വന്നുചേർന്നിട്ടുണ്ട്. ഒരു നക്ഷത്രക്കൂട്ടത്തി

www.malankaralibrary.com

നും ആ വാക്ക് ഉപയോഗിക്കും. ഇംഗ്ലീഷ് ഭാഷയിൽ ചാലിസ് (chalice) എന്നാണല്ലോ കാസയുടെ പേര്. ഖാലുക്സ് (കൂലിക്സ്, കീലിക്സ്) എന്ന ഗ്രീക്ക് വാക്കിൽനിന്നുണ്ടായ കാലിക്സ് (Calix) എന്ന ലത്തീൻ പദത്തിൽ നിന്നാണ് ചാലിസ് എന്ന വാക്കുണ്ടായത് (ക കാരം ചകാരമായി മാറിപ്പോയതിൻെറ ഒരു ഉദാഹരണം ഈ വാക്കിൽ കാണാം). മൺപാത്രത്തിനും കുപ്പിക്കും ഹീബ്രുവിലും സുറിയാനിയിലും കാസ്താ, കസ്ത, കെസ്താ എന്നൊക്കെ പറഞ്ഞിരുന്നു. (കുപീസാ എന്ന സുറിയാനി വാക്കിന് ചെറിയ വായുള്ള പാത്രമെന്നർത്ഥം. ഇതിൽനിന്നാണ് കുപ്പി എന്ന മലയാള വാക്കുണ്ടായത്).

പണ്ട് മരംകൊണ്ട് കാസ നിർമ്മിച്ചിരുന്നു. ഒമ്പതാം നൂറ്റാണ്ടുമുതൽ സ്വർണ്ണമോ വെള്ളിയോ ഉപയോഗിച്ച് കാസ നിർമ്മിക്കുന്നു. രണ്ട് കൈപ്പിടികളോടുകൂടിയ വലിയ പാത്രമായിരുന്നു ആദിമ കാലത്തുണ്ടായിരുന്നത്. ആ പാത്രത്തിന് ലത്തീൻ ഭാഷയിൽ കുപ്പ എന്നാണ് പേര്. ആ വാക്കിൽനിന്നാണ് കപ്പ് (Cup) എന്ന ഇംഗ്ലീഷ് പദമുണ്ടായത്.

**കാറോസൂസ** കുർബാന ക്രമത്തിലുള്ള ഒരു പ്രാർത്ഥനാസമാഹാരമാണ് കാറോസൂസ. കാറോസൂത്ത എന്നും പറയും. സുറിയാനിപ്പദമാണ്. ഉദ്ഘോഷണം എന്നാണർത്ഥം. അതുകൊണ്ട് ലത്തീനിൽ പ്രൊക്ലമാസിയോ എന്നുവിളിക്കുന്നു. അതിൽ സഭാശരീരത്തിലെ എല്ലാ അംഗങ്ങൾക്കുംവേണ്ടി പ്രത്യേകം പ്രത്യേകം പ്രാർത്ഥിക്കുന്നു; ഓരോ ആവശ്യത്തിനുംവേണ്ടി പ്രാർത്ഥിക്കുന്നു. ആറാംപട്ടക്കാരൻ (ഡീക്കൻ)ദേവാലയമദ്ധ്യത്തിൽ ഇറങ്ങിനിന്ന് ഉറക്കെ ചൊല്ലുന്നതുകൊണ്ടാണ് ഉദ്ഘോഷണമെന്ന പേരു വന്നത്. പാശ്ചാത്യ സഭയിലെ കീരിയേ എലൈസോൻ (Kyrie eleison) എന്നറിയപ്പെടുന്ന പ്രാർത്ഥനാസമൂഹം ഇതിൻെറ ഒരവശിഷ്ടമാണ്. രണ്ടാം നൂറ്റാണ്ടുമുതൽ ഈ പ്രാർത്ഥനയുണ്ടായിരുന്നു എന്നതിന് തെളിവുണ്ട്.

നുകുംശപ്പീർ എന്നും സുറിയാനിയിൽ ഇതിന് പേരുപറയാറുണ്ട്. 'നന്നായിനിന്ന്' എന്നർത്ഥമുള്ള നുകുംശപ്പീർ എന്ന വാക്കുകളോടെ ഈ പ്രാർത്ഥന തുടങ്ങുകയാലാണ് ആ പേരുണ്ടായത്. കാറോസൂസ എന്നതിൻെറ നിഷ്കൃഷ്ടമായ അർത്ഥം പരസ്യമായ പ്രാർത്ഥന എന്നാണ്. പ്രസംഗിച്ചു, പരസ്യമായി അറിയിച്ചു, ഉച്ചത്തിൽ പറഞ്ഞു എന്നിങ്ങനെ അർത്ഥമുള്ള അക്റെസ് എന്ന ക്രിയയിൽനിന്നാണ് ആ വാക്ക് വരുന്നത്. വിശ്വാസികളുടെ പ്രാർത്ഥനയെന്ന് കാറോസൂസയ്ക്ക് പേരുണ്ട്.

**കുക്കിലിയോൻ** പടിഞ്ഞാറൻ സുറിയാനിയിലൂടെ വന്ന ഗ്രീക്ക് വാക്കാണ് കുക്കിലിയോൻ (കുക്കിലിയോൺ). പ്രാർത്ഥനകളുടെ കൂട്ടമെന്നാണ് അതുകൊണ്ട് ഉദ്ദേശിക്കുന്നത്. പ്രാർത്ഥനാവൃത്തമെന്ന് പറയാം. ഗാനരൂപത്തിലുള്ള ചെറിയ ശുശ്രൂഷാക്രമമാണത്. അന്ത്യോക്യൻ ആരാധനക്രമത്തിൽ പല കുക്കിലിയോനുകളുമുണ്ട്. കന്യകാമറിയം, മറ്റു വിശുദ്ധർ, മരിച്ചുപോയ വൈദികർ, മരിച്ച വിശ്വാസികൾ മുതലായവർക്കുവേണ്ടിയുള്ള കുക്കിലിയോനുകൾ സാധാരണമായി ഉപയോഗിക്കുന്നു. സങ്കീർത്തനത്തിലെ ഒരു ഭാഗം, എക്ബാ എന്ന പ്രാർത്ഥനാഗാനം, ഒരേ ലയത്തിലുള്ള രണ്ട് പാട്ടുകൾ (കോലോകൾ) എന്നിവ ഓരോ കുക്കിലിയോനിലുണ്ടാകും. കൽദായ സുറിയാനി ക്രമത്തിലുമുണ്ട് ആവർത്തിക്കപ്പെടുന്ന ഈ

www.malankaralibrary.com

പ്രാർത്ഥനാസമൂഹം. ഗിഗ്ലാ എന്നാണ് കൽദായാ സുറിയാനിയിൽ പറയുന്നത്. പ്രാർത്ഥനാചക്രം, പ്രാർത്ഥനാവട്ടം എന്നൊക്കെ അർത്ഥം പറയാം. ചക്രം, വൃത്തം എന്നിങ്ങനെ അർത്ഥമുള്ള കിക്ലോസ് (Kyklos) എന്ന ഗ്രീക്കുവാക്കിൽ നിന്നാണ് ഈ വാക്കുണ്ടായത്. ലത്തീനിൽ ഇതിനെ ചീർക്കൂസ് (ചീർക്കുളും) എന്നും ഇംഗ്ലീഷിൽ സൈക്കിൾ (Cycle) എന്നും പറയുന്നു. സംസ്കൃതത്തിലെ ചക്രം തന്നെയാണ് ലത്തീനിലെ ചീർക്കൂസ്.

**കുമ്പഞ്ഞിമെന്ത്** കുമ്പഞ്ഞിമെന്ത്, കൊമ്പഞ്ഞിമെന്ത്, കുമ്മഞ്ഞിമെന്ത എന്നൊക്കെ പറയപ്പെടുന്നത് സഹഗമനം എന്നർത്ഥമുള്ള ഒരു പോർത്തുഗീസ് പദമാണ്. ഇംഗ്ലീഷിലെ കമ്പനി എന്നതിനു പോർത്തുഗീസിൽ കൊംപന്യ (companhia) എന്നാണ് പറയുക. കൂട്ടം, സംഘം എന്നൊക്കെയാണർത്ഥം. കുമ്പഞ്ഞി, കുംപഞ്ഞിയാക്കൂട്ടം (ഉദയംപേരൂർ സൂനഹദോസ് കാനോനയിൽ) എന്നൊക്കെ പഴയ രേഖകളിൽ ധാരാളമായിക്കാണാം. കമ്പനി എന്ന അർത്ഥത്തിൽ-പ്രത്യേകിച്ച് പട്ടാളക്കാരെ സംബന്ധിച്ച് - കുപ്പണി എന്നു പറയുന്നതും ഈ വാക്കിൻെറ രൂപാന്തരമാണ്. കമ്പനി എന്ന വാക്ക് ലത്തീനിലെ കൊം എന്ന ഉപസർഗവും പാനിസ് എന്ന വാക്കും ചേർന്നുണ്ടായതാണ്. കൂടെ എന്നർത്ഥമുള്ള 'കും' എന്ന ഉപസർഗത്തിൻെറ പ്രാചീന രൂപമാണ് കൊം. പാനിസ് എന്നതിന് അപ്പം എന്നർത്ഥം. ഗ്രാമീണ ലത്തീൻ ഭാഷയിൽ കൊംപാനിയോ എന്നതിന് ഒന്നിച്ച് അപ്പം ഭക്ഷിക്കുന്നവൻ, കൂട്ടുകാരൻ എന്നിങ്ങനെയാണർത്ഥം (ചെറിയ മുറി, അപ്പം സൂക്ഷിക്കുന്ന മുറി എന്നർത്ഥമുള്ള കംപാന്നാ എന്ന വാക്കിൽ നിന്നാണ് കംപാനിയോ ഉണ്ടായതെന്ന് ചിലർ കരുതുന്നു). കും എന്നത് കൊ, കൊം, കൊൾ, കൊൺ, കൊർ എന്നൊക്കെയായിത്തീരും. കംപാനിയോ എന്നതിന് കപ്പലിലെ ചെറിയ അറ എന്നും അർത്ഥമുണ്ട്. പ്രാചീന കാത്തലാൻ ഭാഷയിൽ കൊംപാനിയ എന്നതിനു കപ്പലിൽ അപ്പം സൂക്ഷിക്കുന്ന അറ എന്നും അർത്ഥമുണ്ട്. മധ്യകാലം മുതൽ ഇതിൻെറ അർത്ഥം മാറി സംഘം എന്നായി.

ലത്തീനിൽ ഇതിനോട് സമാനമായി മറ്റൊരു പദമുണ്ട്. കൊംപാജെസ് എന്ന പദം. കൊംപാഗോ എന്നും പറയും. അതാകട്ടെ പാജെരെ എന്ന ധാതുവിൽ നിന്ന് വരുന്നു. ഒട്ടിച്ചുചേർക്കുക എന്നർത്ഥം. ഗ്രീക്കിലെ പഗ് അല്ലെങ്കിൽ പജ് എന്നതാണ് അതിൻെറ മൂലരൂപം. സംസ്കൃതത്തിലെ പച് എന്ന ധാതുവുമായി അതിന് ബന്ധമുണ്ട്.

സഭാപരമായ രേഖകളിൽ കൊമ്പഞ്ഞിമെന്ത് അഥവാ സഹഗമനം (accompanyment) എന്ന് പറയുന്നത് മൃതസംസ്കാരച്ചടങ്ങിൽ കൂടെപ്പോകുന്നതിനാണ്. മൃതശരീരം വഹിച്ചുകൊണ്ടുപോകുന്ന പ്രദക്ഷിണത്തിൽ വൈദികരും കൊമ്പിരിയാക്കാരും (ദർശനക്കാരും) കപ്യാരും പങ്കെടുക്കുന്നു. അതിന് അവർക്ക് കൊടുക്കുന്ന ദക്ഷിണയ്ക്ക് കുമ്പഞ്ഞിമെന്തുപടി എന്നുപറയുന്നു. "ദർശനം പ്രചാരത്തിൽ വന്നതോടെ കുമ്മഞ്ഞിമേന്ത (accompanyment)ഉണ്ടായി" (ഫാ. പ്ലാസിഡ്, നമ്മുടെ റീത്ത്, മാന്നാനം, 1944, പേജ് 139). വൈദികർ സുർപ്പിലേശും ഊറാറയും ധരിച്ച് നമസ്കാരങ്ങളും ചൊല്ലി ശവമഞ്ചത്തെ അനുഗമിക്കുന്നു. ഈ അനുഗമനമാണ് കുമ്പഞ്ഞി

www.malankaralibrary.com

മെന്ത്. ഇപ്രകാരം വൈദികർ മരിച്ചയാളുടെ വീട്ടിൽചെന്ന് പ്രാർത്ഥനകൾചൊല്ലി, പ്രദക്ഷിണത്തിൽ അനുഗമിച്ച് ശവസംസ്കാരകർമ്മം നിർവ്വഹിക്കണമെന്ന നിയമം 1606-ൽ റോസ് മെത്രാൻെറ കാലത്താണ് കർശനമാക്കിയത്. (സെപ്രാദർവാ, പത്താം സാഹാ) ദർശനക്കാർ ഔദ്യോഗികവേഷമണിഞ്ഞ് മൃതസംസ്കാരകർമ്മത്തിൽ സംബന്ധിക്കണമെന്നും അദ്ദേഹം കല്പിച്ചു. ഈ നിയമം 1599-ലെ ഉദയംപേരൂർ സൂനഹദോസാണ് ക്രോഡീകരിച്ചത് (6-ാംമൗത്വാ, 26-ാം കാനോന). അന്നുമുതലാണ് ഇന്നത്തേതുപോലുള്ള മൃതസംസ്കാര സമ്പ്രദായം നടപ്പിലായത് എന്നതിൽ സംശയമില്ല.

**കുമ്പസാരം** ഏറ്റുപറയുക എന്നർത്ഥമുള്ള കൊൺഫെസാർ (Confessar) എന്ന പോർത്തുഗീസുവാക്കിൽനിന്നാണ് കുമ്പസാരിക്കുക എന്ന മലയാള ക്രിയാധാതു ഉണ്ടായത് (കൊൺഫെസാർ +ഇ+ക്ക്+ഉക =കൊൺഫെസാരിക്കുക, കൊമ്പസാരിക്കുക, കുമ്പസാരിക്കുക). സംസ്കൃതത്തിലെ ഭക്ഷ് എന്ന ധാതുവിൽനിന്ന് ഭക്ഷിക്കുക എന്ന ക്രിയയുണ്ടാകുന്നതുപോലെയാണിത്. ഏറ്റുപറച്ചിൽ എന്നതിന് കൊൺഫിസാം (Confissao) എന്നാണ് പോർത്തുഗീസിൽ. ആ വാക്കാണ് കുമ്പസാരം എന്നു രൂപാന്തരപ്പെട്ടത്. ഉദയംപേരൂർ സൂനഹദോസിൻെറ കാനോനയിലാണ് (4-ാം മൗത്വാ, 9-ാം കാനോന) ആദ്യമായി കുമ്പസാരം എന്ന വാക്കു കാണുന്നത്. കാർത്തില്യ എന്ന പ്രഥമ വേദപാഠപുസ്തകത്തിൽ (ഏ.ഡി. 1554) കൊൺഫിസ്സാം എന്നുതന്നെ ഉപയോഗിച്ചിരിക്കുന്നു. റോസിൻെറ നിയമാവലി, വർത്തമാനപ്പുസ്തകം മുതലായ ഗ്രന്ഥങ്ങളിലും ഈ വാക്ക് ഉപയോഗിച്ചിട്ടുണ്ട്. ആധുനികകാലത്തെ അക്രൈസ്തവ സാഹിത്യകൃതികളിലും ഈ വാക്ക് കാണാം.

പാപങ്ങൾ ഏറ്റുപറയുന്നതിന് 'പിഴമൂളുക' എന്നാണ് പോർത്തുഗീസുകാരുടെ വരവിനുമുമ്പ് പറഞ്ഞിരുന്നത്.

**കുരിശ്, ക്രൂശിക്കൽ** പോർത്തുഗീസ് മിഷണറിമാരുടെ വരവിനുമുമ്പ് കേരളത്തിൽ സ്ലീവാ (സ്ലീബാ) സ്ലീബാമരം, മരം എന്നൊക്കെയാണ് കുരിശിന് പറഞ്ഞിരുന്നത്. പോർത്തുഗീസ് ഭാഷയിലുള്ള ക്രൂസ് (cruz) എന്നവാക്കാണ് കുരിശ് എന്ന രൂപത്തിൽ മലയാളികൾ ഉപയോഗിക്കുന്നത്. ഏ.ഡി. 1554-ലെ വേദോപദേശ പുസ്തകത്തിൽ (കാർത്തല്യ) രണ്ടാമത്തെ ചോദ്യം "നസ്രാണിക്കുള്ള അടയാളം എന്ത്?" എന്നാണ്. അതിൻെറ ഉത്തരം നമ്മുടെ പാപങ്ങളിൽനിന്ന് നമ്മെ രക്ഷിക്കാൻവേണ്ടി "യേശുക്രിസ്തു വ്യസനപ്പെട്ട ക്രൂസ്" എന്നാണ്. ലത്തീൻഭാഷയിലെ ക്രൂക്സ് (crux) എന്ന വാക്ക് പോർത്തുഗീസിൽ ക്രൂസ് (cruz) എന്നും പഴയ നോർമൻ ഭാഷയിൽ ക്രോസ്സ് (kross) എന്നും പ്രാചീന ഇംഗ്ലീഷിൽ ക്രോസ് (cros) എന്നും ആധുനിക ഇംഗ്ലീഷിൽ ക്രോസ്സ് (cross) എന്നും കാണപ്പെടുന്നു. ഗ്രീക്കുഭാഷയിൽ കുരിശിന് സ്തൗരോസ് എന്നാണ് പറയുക. നില്ക്കുക, ഉറപ്പിക്കുക എന്നൊക്കെ അർത്ഥം വരാവുന്ന സംസ്കൃതത്തിലെ സ്ഥ എന്ന ധാതുവുമായി സ്തൗരോസിന് ബന്ധമുണ്ട്. പക്ഷേ, ക്രൂക്സിനോട് ബന്ധമുള്ള ധാതുക്കളൊന്നും സംസ്കൃതത്തിലില്ല. കുരിശിൽ തറച്ചുകൊല്ലുന്ന രീതി ഭാരതത്തിലില്ലായിരുന്നു. അതുകൊണ്ട് കുരിശിന് ഒരു സംസ്കൃതപദം കണ്ടെത്താനില്ല. ഈജിപ്തുകാരുടെയും റോമാക്കാരുടെയും സമ്പ്രദായമാണ് കുരിശിൽ തറയ്ക്കൽ.

www.malankaralibrary.com

കുരിശിൽ തറയ്ക്കുക എന്ന അർത്ഥത്തിൽ ക്രൂശിക്കുക എന്നൊരു ധാതുവും അതിൽനിന്ന് ക്രൂശിക്കൽ എന്ന നാമവും മലയാളത്തിൽ രൂപപ്പെടുത്തിയിട്ടുണ്ട്. സംസ്കൃതത്തിലെ പച് ധാതുവിൽനിന്നു പചിക്കുക എന്ന മലയാള ധാതു ഉണ്ടായതുപോലെ തന്നെയാണത്.

**കുർബാന** നൂറ്റാണ്ടുകളായി മലയാളികൾ ഉപയോഗിക്കുന്ന ഒരു കൽദായ സുറിയാനി വാക്കാണ് കുർബാന എന്നത്. കാഴ്ചയർപ്പിച്ചു, ബലിയർപ്പിച്ചു എന്നിങ്ങനെ അർത്ഥമുള്ള കാറെവ് എന്ന ക്രിയയിൽനിന്നാണ് ആ വാക്കുണ്ടായത്. ബലിയർപ്പണം, കാഴ്ചയർപ്പിക്കൽ, ബലി, കാഴ്ച, ദാനം എന്നൊക്കെ അതിന് അർത്ഥമുണ്ട്. പതിനാറാം നൂറ്റാണ്ടിൽ ഇവിടെവന്ന പോർത്തുഗീസ് മിഷണറിമാരും പൊതുവേ ഈ പദം ഉപയോഗിച്ചു. ബലിയർപ്പണം ചെയ്യുക എന്ന അർത്ഥത്തിൽ കുർബാന ചെയ്യുക എന്നാണ് (ഇന്നത്തേപ്പോലെ കുർബാന ചൊല്ലുക എന്നല്ല) പണ്ട് പറഞ്ഞിരുന്നത് (ഉദയംപേരൂർ സൂനഹദോസ് കാനോനകൾ, 5-ാം മൗത്വാ, 1-ാം കാനോനാ; റോസ്മെത്രാന്റെ നിയമാവലി 10-ാം സാഹാ എന്നിവ കാണുക). പഴയ പ്രയോഗംതന്നെയാണ് അർത്ഥസമ്പുഷ്ടം. ബലിയർപ്പിക്കുക എന്ന കർമ്മത്തെ അത് പ്രധാനമായി സൂചിപ്പിക്കുമല്ലോ. കുർബാനചൊല്ലുക എന്നു പറയുമ്പോൾ പ്രാർത്ഥനകളുടെ ചൊല്ലലിന് കൂടുതൽ പ്രാധാന്യം തോന്നിപ്പോകും (ഇംഗ്ലീഷ് ശൈലിയിൽനിന്നാണ് കുർബാന ചൊല്ലുക എന്ന പ്രയോഗമുണ്ടായത്).

ഏ.ഡി. 1540 മുതൽ ഇൻഡ്യയിൽ പ്രവർത്തിച്ച ഈശോസഭാ വൈദികർ (വി. ഫ്രാൻസിസ് സേവ്യർ മുതലായവർ) കുർബാന എന്ന സുറിയാനി വാക്കിന് പകരം ഹൈന്ദവമതത്തിലുള്ള പൂജ എന്ന വാക്കുപയോഗിച്ചു. അവർ പ്രധാനമായും തമിഴ്നാടിനെയാണ് പ്രേഷിതവേലയ്ക്ക് ലക്ഷ്യംവച്ചത്. കേരളത്തിലും തമിഴ് ഭാഷ പ്രചാരത്തിലിരുന്നുവല്ലോ. ദക്ഷിണഭാരതത്തിൽ ഉപയോഗിക്കാനുള്ള വേദപാഠപുസ്തകങ്ങളും മറ്റുഗ്രന്ഥങ്ങളും അവർ തമിഴ്ഭാഷയിലാണ് എഴുതിയതും അച്ചടിച്ചതും (ഈ നൂറ്റാണ്ടിന്റെ മധ്യംവരെ തമിഴിൽ പ്രാർത്ഥന ചൊല്ലുന്ന മലയാളികളുണ്ടായിരുന്നു). തമിഴ്നാട്ടിൽ ഇന്നും പൂജ എന്ന പദം നിലനില്ക്കുന്നു. മധുരയിൽവന്ന് പ്രേഷിതവേല ചെയ്ത മഹാനായ ഡിനോബിലി എന്ന മിഷണറി ആവുന്നത്ര ഹൈന്ദവാചാരങ്ങളും ഹൈന്ദവപദങ്ങളും സ്വീകരിച്ചു. പൂജ എന്നതിന് ബഹുമാനം, ആരാധന, വന്ദനം, ഉന്നതന്മാർക്കും ദേവന്മാർക്കും സമർപ്പിക്കുന്ന കാഴ്ചവസ്തു എന്നൊക്കെയാണർത്ഥം. പൂജ് എന്ന സംസ്കൃതക്രിയാരൂപത്തിൽ നിന്നാണ് ആ നാമമുണ്ടായത്. സംസ്കൃതത്തിൽ പൂജ്, പൂജാ എന്നിവ ഉണ്ടെങ്കിലും മറ്റ് ഇൻഡോ-യൂറോപ്യൻ ഭാഷകളിൽ അതിൽനിന്നു ജനിച്ച ഒരു നാമവും ക്രിയയും കാണാനില്ല. ദ്രാവിഡഭാഷയിൽ പൂശ് (പൂച്) എന്ന ധാതു ഉണ്ടുതാനും. അതുകൊണ്ട് പൂജ് ധാതു സംസ്കൃതീകരിച്ച ദ്രാവിഡധാതുവായിരിക്കാൻ വഴിയുണ്ട്. ആര്യന്മാർ അത് ദ്രാവിഡരിൽ നിന്ന് സ്വീകരിച്ചതാവാം.

തമിഴ് വേദപാഠപുസ്തകങ്ങളിൽ പൂജ എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നു. ഫാ. യൗസേപ്പ് ഗീവറുഗീസ് എഴുതി, എൽത്തുരുത്തിൽ 1897-ൽ അച്ചടിച്ച 'പ്രസിദ്ധാരാധന' എന്ന മലയാളപ്രാർത്ഥനാപുസ്തകത്തിൽ പൂജയെന്നും

www.malankaralibrary.com

കുർബാനയെന്നും പ്രയോഗിച്ചിട്ടുണ്ട്. കർമ്മലീത്താ മിഷണറിമാർ കേരളത്തിലുള്ളവർക്കായി എഴുതിയ വേദപാഠപുസ്തകങ്ങളിലെല്ലാം 'കുറുവാന' എന്നു തന്നെ പ്രയോഗിച്ചു. മോൺ. മൈക്കിൾ നിലവരേത്ത് 1916-ൽ ലത്തീൻ കുർബാനപ്പുസ്തകം (മിസാൽ) മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി. എറണാകുളം ഐ.എസ്സ്. പ്രസ്സിൽ അച്ചടിച്ചു. അതിന് പേരിട്ടിരിക്കുന്നത് 'കുറുവാന എന്ന ദിവ്യപൂജ' എന്നാണ്. പഴയ മലയാള ഗ്രന്ഥങ്ങളിലെല്ലാംതന്നെ കുറുവാന, കുർബാന എന്നിവ മാറിമാറി ഉപയോഗിച്ചിട്ടുണ്ട്. കുർബാനയുടെ മലയാളീകൃതരൂപമാണ് കുറുവാന എന്നു പറയാം.

പാശ്ചാത്യ സുറിയാനിയിലുള്ള അന്ത്യോക്യൻ ആരാധനാക്രമം ഏ.ഡി. 1665-ൽ കേരളത്തിലെത്തി. യാക്കോബായ മെത്രാന്മാരാണ് അതു കൊണ്ടുവന്നത്. ഏ.ഡി. 1751 മുതൽ ആ ആരാധനാക്രമം അവർ ഇവിടെ യാക്കോബായാക്കാരുടെയിടയിൽ പ്രചരിപ്പിച്ചു. കുർബോനോ എന്നാണ് ആ ഭാഷയിൽ കുർബാനയ്ക്ക് പറയുന്നത്. എന്നാലും ആ പ്രയോഗം ജനങ്ങളുടെയിടയിൽ പ്രചാരത്തിലായില്ല. അവരും കുർബാന എന്ന കൽദായാ സുറിയാനിപദം തന്നെ ഉപയോഗിച്ചുവരുന്നു.

ഉദയംപേരൂർ സൂനഹദോസ് (1599) കാനോനകളിൽ കുറുവാന, കുർവ്വാന, കുർബാന എന്നീ രൂപങ്ങളാണ് പ്രയോഗിച്ചിട്ടുള്ളത്. "കുർവാന എന്ന മൂന്നാം കൂദാശെയുടെ പൊരുൾ" "മൂന്നാം കൂദാശയാകുന്ന കുർബാന", "നസ്രാണികളൊക്കെയും ആണ്ടിൽ ഒരിക്കൽ കുർവ്വാന കൊള്ളണം എന്നുതന്നെ അല്ല പ്രമാണം ആകുന്നു" എന്നൊക്കെ അതിൽക്കാണാം. റോസ് മെത്രാൻ എഴുതിയ നിയമാവലിയിലും (1606) കുറുവാന എന്ന് പ്രയോഗിച്ചിരിക്കുന്നു. കുർബാനയ്ക്കുപകരം ഉപയോഗിക്കുന്ന ദിവ്യബലി എന്ന സമസ്തപദം അടുത്തകാലത്ത് പ്രയോഗത്തിലായതാണ്.

ലത്തീൻഭാഷയിൽ കുർബാനയ്ക്ക് മീസാ (missa) എന്നാണ് പറയുക. കുർബാനയുടെ അവസാനം പറയുന്ന ഒരു വാചകത്തിലെ ഒരു ക്രിയാരൂപത്തിൽ നിന്നാണ് അതു പ്രയോഗത്തിലായത്. "ഈത്തേ മീസ്സാ എസ്ത്" എന്നാണ് ആ വാചകം. ഈത്തേ മീസ്സാ എസ്ത് എക്ലേസിയ (ite missa est ecclesia) എന്നാണ് അതിൻെറ പൂർണ്ണരൂപം. (ഈത്തേ= പോകുക, മീസ്സാഎസ്ത് = അയക്കപ്പെട്ടു, പിരിച്ചുവിടപ്പെട്ടു, എക്ലേസിയ=സമൂഹം) പോകുക, സമൂഹം (സഭ) അയയ്ക്കപ്പെട്ടു എന്നർത്ഥം. കുർബാന കഴിഞ്ഞു, നിങ്ങൾക്ക് പോകാം എന്ന് സാരം. ഇതിൽ മീസ്സാഎസ്ത് എന്നത് അയക്കുക എന്നർത്ഥമുള്ള മിത്തെരെ എന്ന ക്രിയയുടെ കർമ്മണി രൂപവും, ആയിരിക്കുക എന്നർത്ഥമുള്ള എസ്സേ എന്ന ക്രിയയുടെ വർത്തമാനകാല ഏകവചനവും ചേർന്നുണ്ടായ കർമ്മണിക്രിയാരൂപമാണ്. സംസ്കൃതത്തിൽ പ്രേഷിതോസ്തി (പ്രേഷിതഃ+അസ്തി) എന്നുപറയുംപോലെയാണിതും. മീസാ എന്ന ഒരു ക്രിയാരൂപം ഒരു നാമമായി ഉപയോഗിക്കുന്നുവെന്നത് അദ്ഭുതകരം തന്നെ. മറ്റൊരു നിഷ്പത്തി കണ്ടെത്താനുമില്ല. ബാർലിയപ്പം എന്നർത്ഥമുള്ള മാസാ എന്ന ഗ്രീക്ക്പദവുമായോ മേശ എന്നർത്ഥമുള്ള മെൻസാ (mensa) എന്ന ലത്തീൻ പദവുമായോ മീസ്സാ എന്ന പദത്തെ ബന്ധിപ്പിക്കാനും നിവൃത്തിയില്ല. പഴയ ഇംഗ്ലീഷിൽ മേസെ (maesse) എന്നും

www.malankaralibrary.com

ജർമ്മനിലും ഫ്രഞ്ചിലും മെസെ (messe) എന്നുമാണ് ഈ വാക്ക്. ലത്തീൻഭാഷ സാധാരണ ജനങ്ങൾക്ക് ദുർഗ്രഹമായി ത്തീർന്ന കാലത്ത്, യൂറോപ്പിലെ ജന ങ്ങൾ, കുർബാനയിലെ അവസാന വാ ചകത്തിൽ കേൾക്കുന്ന ഒരു പദം (മീസാ എന്ന ക്രിയാരൂപം) കുർബാനയെ സൂചി പ്പിക്കാൻ ഉപയോഗിച്ചുതുടങ്ങിയെന്ന് വിചാരിക്കാം.

കേരളത്തിലെ സി.എസ്.ഐ. സഭ യുടെ ആരാധനാക്രമത്തിൽ കർത്താവി ന്റെ അത്താഴം അഥവാ വിശുദ്ധ യൂക്ക റിസ്റ്റ് എന്നാണ് കുർബാനയ്ക്ക് പറയു ന്നത് (ദക്ഷിണേന്ത്യാ പൊതു ആരാ ധനപ്പുസ്തകം, കോട്ടയം, 1981). കർത്താ വിന്റെ അന്ത്യാത്താഴത്തിന്റെ മാത്രം അനുസ്മരണമായിട്ടാണല്ലോ പ്രോട്ട സ്റ്റന്റുകാർ പൊതുവേ കുർബാനയെ കാണുന്നത്. പ്രസ്തുത ഗ്രന്ഥത്തിൽ ബലി, പുരോഹിതൻ, അൾത്താര, ബലി പീഠം എന്നീ പ്രയോഗങ്ങളേ ഇല്ല. യേശു സമർപ്പിച്ച ആത്മബലിയുടെ അനുസ്മര ണം കൂടിയാണ് കുർബാന എന്ന് വിശ്വ സിക്കുന്നവർ ഈ വാക്കുകൾ പ്രയോഗി ക്കേണ്ടിവരും. പ്രോട്ടസ്റ്റന്റുസഭ വഴി മലയാളത്തിൽ നിത്യോപയോഗത്തിലെ ത്തിയ യൂക്കറിസ്റ്റ് (Eucharist) എന്ന വാക്ക് കൃതജ്ഞത, കൃതജ്ഞതാപ്രക ടനം എന്നിങ്ങനെ അർത്ഥമുള്ള യൂക്കറി സ്തിയാ എന്ന ഗ്രീക്കു വാക്കിൽനിന്നു വന്ന ഇംഗ്ലീഷ് പദമാണ്. ദിവ്യകാരുണ്യം (പവിത്രീകൃതമായ കുർബാനയപ്പം) എന്ന അർത്ഥത്തിലും കുർബാന (ബലി യർപ്പിക്കൽ, ബലി) എന്ന അർത്ഥത്തി ലും ഈ പദം കത്തോലിക്കരും ഉപയോ ഗിക്കുന്നുണ്ട്. ചില കിഴക്കൻസഭകൾ കുർബാന എന്നതിനുപകരം യൂക്കരി സ്തിയ എന്നും ലിറ്റർജി എന്നും പറയും.

**കുർബാനധർമ്മം** വൈദികൻ സമർ പ്പിക്കുന്ന കുർബാനയിൽ ജനങ്ങൾ ത ങ്ങളുടെ ഭാഗഭാഗിത്വം സൂചിപ്പിക്കാൻ നല്കുന്ന സമ്മാനമാണ് കുർബാന ധർമ്മം. കുർബാന എന്ന വാക്ക് ഹീബ്രു വിൽനിന്ന് സുറിയാനിയിലും അതുവഴി മലയാളത്തിലും വന്നുചേർന്നു. ധർമ്മം ഒരു സംസ്കൃതപദമാണ്. അതിന് വിവി ധാർത്ഥങ്ങളുണ്ട്- പുണ്യം, ന്യായം, ആ ചാരം, നീതി, ദാനം, കടമ, ഭക്തി എന്നൊ ക്കെ. ദാനം എന്ന അർത്ഥത്തിലാണ് ഇ വിടെ പ്രയോഗിക്കുന്നത്. ഈ ദാനം ദാ താവിന്റെ പരിത്യാഗത്തെയും അതുവഴി കുർബാനയാകുന്ന മഹായാഗത്തിലെ ഭാഗഭാഗിത്വത്തെയും സൂചിപ്പിക്കുന്നു.

വിശ്വാസികൾ കാഴ്ചകളർപ്പി ച്ചുകൊണ്ട് (കാഴ്ചപ്രദക്ഷിണത്തിൽ) ദി വ്യബലിയിൽ (കുർബാനയിൽ) പങ്കു കൊള്ളുന്ന രീതി മൂന്നാംനൂറ്റാണ്ടു മു തൽ നിലവിലിരുന്നു. പല സ്ഥലങ്ങളി ലും കാഴ്ചവസ്തുക്കൾ കുർബാന തുടങ്ങുംമുമ്പ് സങ്കീർത്തിയിൽ കൊണ്ടു ക്കൊടുത്തിരുന്നു. സുറിയാനി സഭക ളിൽ മദ്ബഹയുടെ തെക്കുവശത്തുള്ള മേശയിൽ കാഴ്ചവസ്തുക്കൾ കൊണ്ടു പോയി വച്ചിരുന്നു. സാധനങ്ങൾക്കു പകരം സാധനങ്ങൾ കൊടുക്കുന്ന "മാറ്റ സമ്പ്രദായം" അവസാനിപ്പിച്ച കാലത്ത് കാഴ്ചവസ്തുക്കൾക്കു പകരം പണം നല്കുന്ന സമ്പ്രദായം നടപ്പിലായി.

കുർബാന ധർമ്മം ദിവ്യബലിയിലെ ഭാഗഭാഗിത്വത്തെ സൂചിപ്പിക്കുന്നതുകൊ ണ്ട്, കുർബാനയിൽ പങ്കുകൊള്ളാൻ യോഗ്യതയില്ലാത്തവരിൽനിന്ന് കാഴ്ചക ളോ കുർബാനധർമ്മമോ സ്വീകരിച്ചി രുന്നില്ല.

മാസ് സ്റ്റൈപ്പെന്റ് (Mass stipend) എന്നാണല്ലോ ഇംഗ്ലീഷിൽ കുർബാന

www.malankaralibrary.com

ധർമ്മത്തിന് പേർ പറയുന്നത്. മാസ് എന്ന വാക്കിന് കുർബാന എന്നർത്ഥമാണ് വിവക്ഷിക്കുന്നത്. സ്റ്റൈപ്പെൻറ് എന്ന പദം ലത്തീൻ ഭാഷയിലെ സ്തിപ്പെന്ദിയും (Stipendium) എന്ന വാക്കിൽ നിന്നുവരുന്നു. അതിൻെറ അർത്ഥം ദാനമെന്നാണ്. വൈദികന് നല്കുന്ന കൂലിയോ ദിവ്യബലിയുടെ വിലയോ അല്ല കുർബാനധർമ്മം. കുർബാനധർമ്മം വൈദികരുടെ ജീവസന്ധാരണത്തിന് ഉപയോഗിക്കുന്നു.

ഈ സാഹചര്യത്തിൽ ധർമ്മം എന്ന വാക്കിനു പകരം ഭിക്ഷ എന്നുംപറയാം. ഭിക്ഷുക്കൾക്ക് നല്കുന്ന ദാനമാണ് ഭിക്ഷ. ധാർമ്മികന്മാർക്ക് നല്കുന്ന ദാനമാണ് ധർമ്മം. ധാർമ്മികൻ എന്നതിന് ധർമ്മത്തെ, മതത്തെ, സംബന്ധിച്ചവൻ എന്നർത്ഥം. ബുദ്ധമതവുമായി ബന്ധമുള്ള പദങ്ങളാണിവ. കുർബാന ധർമ്മം എന്ന പ്രയോഗം ആധുനികമാണ്. പണ്ട് കാഴ്ച എന്നവാക്കാണ് ഉപയോഗിച്ചിരുന്നത്.

**കുശിനി (കുസീഞ്ഞ)** പോർത്തുഗീസ്ഭാഷയിലെ കൊസിഞ്ഞ (Cozinha) എന്ന വാക്കാണ് മലയാളത്തിൽ കുശിനി എന്നായത്. അടുക്കള, ഭക്ഷണം പാകം ചെയ്യുന്ന സ്ഥലം (കെട്ടിടം) എന്നാണർത്ഥം. പള്ളികളോടനുബന്ധിച്ചുള്ള അടുക്കളകൾക്ക് ഇന്നും കുശിനി എന്നു പറയുന്നു. ഭക്ഷണം പാകം ചെയ്യുക, എന്നതിന് കൊസിനാർ എന്നാണ് പോർത്തുഗീസിൽ പറയുന്നത്. കുശിനിക്കാരനെ കൊസിഞ്ഞീരോ (Cozinheiro) എന്നുവിളിക്കുന്നു. ഈ വാക്ക് മലയാളത്തിൽ കൊസിഞ്ഞര് എന്നായി. കുശിനി എന്ന വാക്കിൽ ഒകാരം ഉകാരമായും സകാരം ശകാരമായും ഞകാരം ന കാരമായും മാറിയിരിക്കുന്നു (ചില സ്ഥലങ്ങളിൽ കുസീഞ്ഞ എന്നും പറയുന്നുണ്ട്). കുമ്പസാരം എന്ന വാക്കിലും ഒ കാരം ഉ കാരമായി മാറി. കൊൺഫെസ്സാർ എന്ന ക്രിയയിൽനിന്നാണ് കുമ്പസാരിക്കുക എന്ന ക്രിയയും കുമ്പസാരം എന്ന നാമവുമുണ്ടായത്.

## കുസ്തോദി (സിബോറിയും)

ലത്തീൻ ഭാഷയിൽനിന്ന് പോർത്തുഗീസ് ഭാഷവഴി മലയാളത്തിൽ പ്രചരിച്ച പദമാണ് കുസ്തോദി. കുസ്തോദിയാ (Custodia) എന്ന ലത്തീൻ വാക്കിന് കാത്തുസൂക്ഷിക്കൽ, കാത്തുസൂക്ഷിക്കുന്ന വീട് എന്നൊക്കെയാണർത്ഥം. ഈ വാക്കു തന്നെ പോർത്തുഗീസ് ഭാഷയിലും ഉപയോഗിക്കുന്നു. ലത്തീനിൽ കുസ്തോദീരെ എന്ന ക്രിയയ്ക്ക് സൂക്ഷിക്കുക എന്നർത്ഥമാണ്. ഗ്രീക്കുഭാഷയിലെ കെവ്ഥോ (കുഥോ) എന്ന ധാതുവിൽനിന്നാണ് അതിൻെറ ഉദ്ഭവം. ദിവ്യകാരുണ്യം (പവിത്രീകൃതമായ കുർബാനയപ്പം) സൂക്ഷിച്ചുവയ്ക്കാനുള്ള പാത്രം എന്നാണ് കുസ്തോദി എന്ന വാക്കുകൊണ്ട് മതസാഹിത്യത്തിൽ ഉദ്ദേശിക്കുന്നത്. പോർത്തുഗീസ് മിഷണറിമാരുടെ വരവിനുശേഷമാണ് ഈ വാക്ക് കേരളത്തിൽ പ്രയോഗിച്ചു തുടങ്ങിയത്.

ലത്തീൻ ഭാഷയിൽ ചിബോറിയും (Ciborium) എന്ന വാക്ക് കുസ്തോദി എന്ന അർത്ഥത്തിൽ ഉപയോഗിക്കുന്നു. പതിനാറാം നൂറ്റാണ്ടുമുതൽ ഈ വാക്ക് യൂറോപ്പിൽ പ്രയോഗിച്ചുവരുന്നു. ഇതാകട്ടെ, ഭക്ഷണം എന്നർത്ഥമുള്ള ചീബൂസ് എന്ന ലത്തീൻ വാക്കിൽനിന്നുണ്ടായതാണ്. ഭക്ഷണം സൂക്ഷിച്ചുവയ്ക്കുന്ന പാത്രം എന്നർത്ഥം. കുസ്തോദിക്ക് ഏറ്റവും പഴയപേര് പൈക്സിസ് (Pyxis) എന്നാണ്. അതൊരു ഗ്രീക്കുപദവുമാണ്. പീഞ്ഞപ്പലക (വീഞ്ഞപ്പലക) കൊണ്ടു

www.malankaralibrary.com

ണ്ടാക്കിയ പെട്ടി എന്നാണ് അതിന്റെ അർത്ഥം. പീഞ്ഞമരത്തിന്റെ പേര് ഗ്രീക്കിൽ പൈക്സ് എന്നാണ്. മലയാളത്തിലെ പീഞ്ഞമരം അഥവാ വീഞ്ഞമരം എന്ന പേര് പൈക്സിസ് എന്നഗ്രീക്കു വാക്കിൽനിന്ന് പോർത്തുഗീസ് ഭാഷവഴി വന്നതാണ്.

**കുറിയേലായിസ്സോൻ** ഗ്രീക്ക്ഭാഷയിൽനിന്നുവന്ന ഒരു ശൈലിയാണ് കുറിയേലായിസ്സോൻ (Kurie eleison). കർത്താവേ, കനിയണമേ എന്നാണ് അതിന്റെ അർത്ഥം. ഗ്രീക്കിൽ കൂരിയേ എന്നതിന് കർത്താവേ എന്നും എലൈസോൻ എന്നതിന് കനിയണമേ എന്നുമാണർത്ഥം. ഈ രണ്ട് വാക്കുകളും ഒന്നിച്ചു ചേർത്ത് കുറിയേലായിസോൻ എന്ന് മലയാളത്തിൽ പറയുന്നു (കൂരിയോസ് = പ്രഭു, നാഥൻ, കർത്താവ്; എലേഗൊ = കരുണ തോന്നുക). ഗ്രീക്ക് - അന്ത്യോക്യൻ - റോമൻ ആരാധനാക്രമങ്ങളിൽ ഈ പ്രയോഗം ധാരാളമായിട്ടുണ്ട്. ഒരു ലഘു പ്രാർത്ഥനയാണിത്. പഴയനിയമത്തിലും ഇതുപോലുള്ള പ്രാർത്ഥനകൾ കാണാം (സങ്കീ. 6:3; 40:5, 11). പൗരാണികകാലത്ത് അക്രൈസ്തവരും ഇത്തരം ലഘുപ്രാർത്ഥനകൾ ഉരുവിട്ടിരുന്നു. ഏ.ഡി. നാലാം നൂറ്റാണ്ടു മുതൽ ജറുസലേമിൽ ഈ പ്രാർത്ഥന നടപ്പിലായി. മെത്രാൻ (പില്ക്കാലത്ത് ഡീക്കൻ) ഏതെങ്കിലും ഒരു യാചനാപ്രാർത്ഥന ചൊല്ലിത്തീരുമ്പോൾ ജനങ്ങൾ കൂരിയേ എലൈസോൻ എന്നു മറുപടിപോലെ പറയുന്ന പതിവുണ്ടായി. അഞ്ചാം നൂറ്റാണ്ടിൽ അത് പടിഞ്ഞാറൻ സഭയിലും ആരംഭിച്ചു. അതോടൊപ്പം ക്രിസ്തേ എലൈസോൻ (ക്രിസ്തുവേ, കനിയണമേ) എന്ന ലഘുപ്രാർത്ഥനയും തുടങ്ങി. അത് ഗ്രിഗറി ഒന്നാമൻ മാർപാപ്പയുടെ കാലത്ത് (590-604) ആരംഭിച്ചു. ക്രിസ്തുവിനോടുള്ള പ്രാർത്ഥനയാണിത്. എന്നാൽ യാചനകളുടെ അവസാനം ഈ യാചനകളെല്ലാം ക്രിസ്തുവഴി പിതാവായ ദൈവത്തിന് വൈദികൻ സമർപ്പിക്കുന്നു. ലുത്തിനിയകളുടെ ആരംഭത്തിലും ഈ പ്രാർത്ഥനയുണ്ട്. കൂരിയേ എന്ന വാക്ക് കീരിയേ എന്നാണ് ഇംഗ്ലീഷിൽ ഉച്ചരിക്കുന്നത്. നാഥൻ, കർത്താവ് എന്നിങ്ങനെ അർത്ഥമുള്ള കൂരിയോസ് എന്ന ഗ്രീക്കുവാക്കിൽ നിന്നുതന്നെയാണ് പള്ളി എന്നർത്ഥമുള്ള ചർച്ച് എന്ന ഇംഗ്ലീഷ് പദവും (കകാരം ചകാരമായി മാറി) കിർക്കെ (Kirhce) എന്ന ജർമ്മൻ പദവുമുണ്ടായത്.

**കൂദാശ** കൽദായാ സുറിയാനിയിൽ നിന്ന് മലയാളത്തിലേക്ക് വന്ന ഒരു പദമാണ് കൂദാശ. പ്രതിഷ്ഠ, കാഴ്ചവയ്പ്, ദിവ്യപൂജാർപ്പണക്രമം, സ്തുതിക്കൽ, ശുദ്ധമാക്കൽ, പരിശുദ്ധൻ പരിശുദ്ധൻ എന്നിങ്ങനെയുള്ള സ്തുതി എന്നൊക്കെയാണ് ഇതിന്റെ അർത്ഥം. ഖുദാശാ എന്നതാണ് സുറിയാനി പദരൂപം. ഖ്ദശ് എന്ന ക്രിയയ്ക്കു ശുദ്ധമാക്കുക പ്രതിഷ്ഠിക്കുക എന്നിങ്ങനെയാണർത്ഥം. ഹീബ്രുഭാഷയിൽ ഖ്ദ്ഷ് എന്നാണ് ധാതു. വേർതിരിക്കുക എന്നാണ് ഇതിന്റെ ആദിമമായ അർത്ഥം. ഭൗതികമായ ഉപയോഗത്തിൽനിന്ന് വേർതിരിച്ചു മാറ്റിവെയ്ക്കുക. അതിഭൗതിക ശക്തിക്കായി, ദൈവത്തിനായി മാറ്റിവയ്ക്കുക എന്നിങ്ങനെയാണ് അതിലെ അടിസ്ഥാനാശയം.

സംസ്കൃതത്തിലെ യജ് ധാതുവുമായി പൂർവ്വബന്ധമുള്ള ലത്തീനിലെ സാക്ര (സച്-സാക്ര) എന്ന ധാതുവിൽ നിന്നുണ്ടായ സാക്രമെന്തും (Sacramentum) എന്ന വാക്കിനും കൂദാശ എന്ന വാ

www.malankaralibrary.com

ക്കിൻെറ അർത്ഥം തന്നെയാണുള്ളത്. മാമ്മോദീസ, സ്ഥൈര്യലേപനം, കുർബാന, കുമ്പസാരം, രോഗീലേപനം, വിവാഹം, പട്ടം എന്നിങ്ങനെ ഏഴുകൂദാശകൾ അഥവാ സാക്രമെൻറുകൾ ഉണ്ട്.

കൂദാശ എന്നതിനുപകരമായി ഉപയോഗിക്കാവുന്ന ഒരു സംസ്കൃതപദമാണ് സംസ്കാരം. ഒന്നിച്ചുചേർക്കൽ, പൂർണ്ണമാക്കൽ, വിശുദ്ധീകരിക്കൽ, സജ്ജമാക്കൽ, നന്നാക്കൽ എന്നൊക്കെയാണ് അതിൻെറ അർത്ഥം. പൂർണ്ണതയെ സൂചിപ്പിക്കുന്ന സം എന്ന ഉപസ്സർഗ്ഗവും ചെയ്യുക എന്നർത്ഥമുള്ള കൃ എന്ന ധാതുവുമാണ് സംസ്കാരമെന്ന പദത്തിൻെറ ഘടകങ്ങൾ. മൃതസംസ്കാരം എന്ന പ്രയോഗത്തിൽ മാത്രമേ ക്രൈസ്തവമതഭാഷയിൽ ആ വാക്കു പ്രയോഗിക്കുന്നുള്ളൂ. ഹൈന്ദവ മതത്തിൽ പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുള്ള പതിനാറ് സംസ്കാരങ്ങളിൽ (ഷോഡശസംസ്കാരാഃ) ഒന്നാണത്. കൂദാശ എന്ന അർത്ഥത്തിലല്ല അതു പ്രയോഗിക്കുന്നതും. അദൃശ്യമായ ദൈവവരപ്രസാദം നല്കുന്ന ദൃശ്യമായ അടയാളമായിട്ടാണ് ക്രൈസ്തവർ കൂദാശയെ കരുതുന്നത്.

**കൂനൻകുരിശ്** (ബ്രാന്താക്രൂസ് എന്ന വാക്ക് കാണുക).

**കൂരിയ** ലത്തീൻഭാഷയിൽനിന്ന് മലയാളത്തിലേക്ക് വന്ന ഒരു പദമാണ് കൂരിയ (Curia). മതപരമായ കാര്യങ്ങളിൽ വിധിത്തീർപ്പുകല്പിക്കുന്ന സംഘത്തെ അഥവാ അരമനക്കോടതിയെയാണ് കൂരിയ എന്ന് വിളിക്കുന്നത്. നിയമനിർമ്മാണവും അതിൻെറ ധർമ്മങ്ങളിൽ ഉൾപ്പെടും. ലത്തീൻഭാഷയിൽ കൂരിയാ എന്ന വാക്കിന് മൗലികമായി രണ്ടർത്ഥങ്ങളാണുള്ളത് - ഭാഗം, ഭരണം എന്നിങ്ങനെ. റോമൻ നഗരസ്ഥാപകനായ റോമുളൂസ് റോമൻ ജനതയെ 30 ഭാഗങ്ങളായി തിരിച്ചു. അതിൽ ഓരോന്നിനും കൂരിയാ എന്ന് പേരിടുകയും ചെയ്തു. ബി.സി. 753-ൽ ആണ് റോമൻ നഗരസ്ഥാപനം. ഭരണവും നിയമനിർമ്മാണവും നടത്തുന്ന സംഘം, ഭരണ-നിയമനിർമ്മാണ സഭ കൂടുന്ന സ്ഥലം, ഭരണ നിർവാഹകസമിതി, ആരാധനയ്ക്കായി ഒന്നുചേരുന്നിടം എന്നിങ്ങനെയാണ് കൂരിയാ എന്ന പദത്തിന് റോമൻ ഭരണകാലത്തുണ്ടായിരുന്ന അർത്ഥം. ഒരു റോമൻ വംശത്തിൻെറ പത്തിൽ ഒരു ഭാഗത്തിനും കൂരിയാ എന്ന് പേരിട്ടിരുന്നതായി കാണുന്നു.

കൂരിയ എന്ന വാക്കിൻെറ ഉത്പത്തിയെ സംബന്ധിച്ച് മൂന്ന് അഭിപ്രായങ്ങളുണ്ട്. കൂറ് എന്നതാണ് അതിൻെറ ധാതു എന്ന അഭിപ്രായമാണ് ശരിയായിരിക്കാൻ കൂടുതൽ സാധ്യതയുള്ളത്. അധികാരത്തെ സൂചിപ്പിക്കുന്ന ആ ധാതുവാകട്ടെ ഗ്രീക്കിൽനിന്ന് വരുന്നതുമാണ്. പണ്ട് ഗ്രീസിലെ ആഥൻസ് നഗരത്തിൽ കൂരിയ എക്ലേസിയാ എന്നതിന് ഭരണകാര്യങ്ങൾക്കുവേണ്ടി സാധാരണമായി വിളിച്ചുകൂട്ടപ്പെടുന്ന സമ്മേളനം എന്നായിരുന്നു അർത്ഥം. ആ പ്രയോഗത്തിൽ കൂരിയാ എന്നതിന് സാധാരണമായിട്ടുള്ള, ക്രമമായിട്ടുള്ള എന്നിങ്ങനെയും എക്ലേസിയാ എന്ന വാക്കിന് സഭ എന്നും അർത്ഥം. ഗ്രീക്കിൽ കൂറ് എന്ന ധാതുവിന് സ്ഥിരീകരിക്കുക, നിശ്ചയിക്കുക എന്നൊക്കെയാണർത്ഥം. കൂറോസ് എന്നതിനു പരമാധികാരമെന്നർത്ഥമുണ്ട്. കൂറോസ് അഥവാ കൂരിയോസ് എന്നത് അധികാരം, സുനിശ്ചിതത്വം, അംഗീകാരം, പ്രാധാന്യം എന്നിവയെ സൂചിപ്പിക്കുന്നു. അത് നാമമായിട്ട് ഉപയോഗിക്കു

www.malankaralibrary.com

മ്പോൾ ഉടമസ്ഥൻ, കർത്താവ്, അധികാരി, ആചാര്യൻ എന്നൊക്കെയാണർത്ഥം. കുറിയാക്കോസ് എന്നതിന് പ്രഭുവിനെ സംബന്ധിച്ച എന്നും കുറിയാത്തെസ് എന്നതിന് അധികാരം (ഭരണം) എന്നും അർത്ഥം.

തമിഴ്, മലയാളം മുതലായ ദ്രാവിഡ ഭാഷകളിൽ കൂറ് എന്നൊരു ധാതുവുണ്ട്. അധികാരം, ഭാഗം, ഭരണപ്രദേശത്തിൻെറ അംശം, ഉടമസ്ഥത എന്നീ അർത്ഥങ്ങളെ സംബന്ധിച്ചിടത്തോളം രണ്ട് ധാതുക്കളും ഒന്നുതന്നെ. ദ്രാവിഡത്തിൽ അതിന് മറ്റ് ചില അർത്ഥങ്ങളുമുണ്ട്. എങ്കിലും, തെക്കൻകൂറ്, ഇളംകൂർവാഴ്ച, കീഴ്കൂറ്വാഴ്ച, മേൽകൂറ് വാഴ്ച മുതലായ പ്രയോഗങ്ങളിൽ ഗ്രീക്ക്-റോമൻ ധാതുവിൻെറ അർത്ഥമുണ്ട്. നമ്പിക്കൂറ്, ഇല്ലക്കൂറ്, ഗുരുക്കൂറ്, സ്വരൂപക്കൂറ് മുതലായ പ്രയോഗങ്ങളും നോക്കുക. എട്ടാം നൂറ്റാണ്ടിനുമുമ്പ്, ലോകവ്യാപാരത്തിൽ അറബികൾ ആധിപത്യം പിടിച്ചെടുക്കുന്നതിനുമുമ്പ്, ഗ്രീക്ക് -റോമൻ ജനതകളുമായി ദ്രാവിഡജനതയ്ക്കുണ്ടായിരുന്ന വ്യാപാര സാംസ്കാരിക ബന്ധത്തെ സൂചിപ്പിക്കുന്ന ഒരു പദമായിരിക്കാം അത്.

**കൂശാപ്പ** കുർബ്ബാനയിൽ താണസ്വരത്തിൽ ചൊല്ലുന്ന ചില പ്രാർത്ഥനകളെ കൂശാപ്പ എന്നുവിളിക്കുന്നു. ഒരു സുറിയാനിപ്പദമാണത്. മന്ത്രിച്ചു, രഹസ്യത്തിൽപ്പറഞ്ഞു എന്നിങ്ങനെ അർത്ഥമുള്ള ക്ശപ്പ് എന്ന ക്രിയയിൽ നിന്നുണ്ടായ നാമവുമാണ്. പാശ്ചാത്യരുടെ ആരാധനാക്രമത്തിൽ സെക്രെത്സ് (Secrets) എന്ന് ഇവ വിളിക്കപ്പെടുന്നു. സംസ്കൃതത്തിൽ മന്ത്രം എന്നുവിളിക്കാം.

**കെത്താന** ഒരു സുറിയാനിപദമാണ് കെത്താന. കുർബ്ബാനയുടെ സമയത്ത് അൾത്താരയിൽ വിരിക്കുന്ന വെള്ളത്തുണിയാണത്. ലത്തീനിൽ കോർപൊരാൾ (Corporal) എന്നാണ് ഇതിൻെറ പേര്. പുരാതന കാലത്ത് ജനങ്ങൾക്ക് കൊടുക്കുവാനുള്ള കുർബാനയപ്പം കെത്താനയിൽവച്ചിരുന്നു. അതാണ് ശരീരത്തെ (ക്രിസ്തുവിൻെറ ശരീരത്തെ) സംബന്ധിച്ചത് എന്നർത്ഥമുള്ള കോർപൊരാൾ എന്ന് ഇതിന് ലത്തീനിൽ പേരു വരാൻ കാരണം.

പണ്ട് അൾത്താരയുടെ ഉപരിതലം മുഴുവനും മൂടത്തക്ക വലുപ്പമുള്ള തുണിയാണ് ഉപയോഗിച്ചിരുന്നത്. അതിൻെറ ഒരുഭാഗം കൊണ്ട് കാസയും പീലാസയും മൂടിയിരുന്നു. പിന്നീട് കാസ മൂടാൻ പ്രത്യേക തുണിയുണ്ടാക്കി ഉപയോഗിച്ചുവന്നു. കബലാന എന്നാണ് അതിൻെറ പേര്. (കോർപൊരാൾ എന്ന വാക്ക് നോക്കുക).

**കെത്തുമാപ്പെരുന്നാൾ** വലിയ നോമ്പിൻെറ ആരംഭത്തിൽ നെറ്റിയിൽ ചാരംകൊണ്ട് കുരിശു വരയ്ക്കുന്ന ഒരു ദിവസമുണ്ട്. ഇതിന് കുരിശുവരപ്പെരുന്നാൾ, കരിക്കുറിപ്പെരുന്നാൾ, വിഭൂതി ബുധൻ എന്നൊക്കെ പറയുന്നു. പക്ഷേ, കഴിഞ്ഞ നൂറ്റാണ്ടുവരെ കെത്തുമാപ്പെരുന്നാൾ എന്നായിരുന്നു എല്ലാവരും പറഞ്ഞിരുന്നത്. കെത്തുമ എന്നത് ഒരു സുറിയാനിപ്പദമാണ്. ചാരം എന്നാണർത്ഥം. ചാരം പൂശുന്ന വലിയ ദിവസം എന്നാണ് കെത്തുമാപ്പെരുന്നാൾ എന്നതിൻെറ വിവക്ഷ. തൂക്കാസെ ദ് റമ്പുക്കുമറാ (മെത്രാൻ അനുഷ്ഠിക്കേണ്ട ക്രമങ്ങളുടെ പുസ്തകം) എന്ന് സുറിയാനിയിൽ പേര് കൊടുത്തിട്ടുള്ള ഒരു ഗ്രന്ഥത്തിൽ (കയ്യെഴുത്ത് കൃതി) ഒരു ഉപശീർഷകം ഇങ്ങനെയാണ്. "കെത്തുമാടെ പുതനാഴ്ച മെത്രാൻ എങ്ങനെ

www.malankaralibrary.com

കെത്തുമാ റുശ്മ ചെയ്യണം എൻറതുമെൽ" അതായത്, ചാരത്തിന്റെ ബുധനാഴ്ച ദിവസം മെത്രാൻ എങ്ങനെ ചാരം ആശീർവദിക്കണം (റുശ്മ ചെയ്യണം) എന്നതിൻമേൽ (2-ാം ഭാഗം ഇൻഡെക്സ് നമ്പർ 11). കർസോണിൽ എഴുതിയിട്ടുള്ള (സുറിയാനി ലിപിയിൽ മലയാളം എഴുതുന്ന സമ്പ്രദായമാണ് കർസോൺ എന്നു പറയുന്നത്) ഈ വൈദികഗ്രന്ഥം 18-ാം നൂറ്റാണ്ടിലേതായിരിക്കണം (cf. പ്ലാസിഡ് പൊടിപാറ, നമ്മുടെ റീത്ത്, മാന്നാനം, 1944, പുറങ്ങൾ 98, 99, 212-218).

**കെറിയാനപ്പുസ്തകം** കുർബാനയിൽ വായിക്കുന്നതിന് പഴയനിയമത്തിൽനിന്നും അപ്പസ്തോലന്മാരുടെ നടപടിപ്പുസ്തകത്തിൽനിന്നും ചില ഭാഗങ്ങൾ തിരഞ്ഞെടുത്ത് സഞ്ചയിക്കുന്നു. അത്തരം സമാഹാരത്തെ കെറിയാനപ്പുസ്തകമെന്ന് വിളിക്കുന്നു. സുറിയാനിയിൽ കെറിയാന എന്നതിന് വായന എന്നർത്ഥം. വിളി, ആഹ്വാനം, വായിക്കൽ, പാഠവിഷയം, അറിവ്, ലേഖനം എന്നൊക്കെ ആ പദത്തിന് അർത്ഥമുണ്ട്. മൊരാൾ തെളൊഗിയ (മാന്നാനം, 1871) എന്ന ധർമ്മശാസ്ത്രഗ്രന്ഥത്തിൽ 613-ാം പുറത്ത് ഇങ്ങനെ എഴുതിയിട്ടുണ്ട്: "കെറിയാനപ്പുസ്തകം കൊടുക്കുന്ന സമയത്ത് മെത്രാൻ ചൊല്ലുന്നമൊഴികൾ ഇതിന്റെ കാതലാകുന്നു."

**കേപ്പാലെയോൻ (കെപ്പാലയോൻ)** ബൈബിളിന്റെ ആദ്യത്തെ മലയാളവിവർത്തനത്തിൽ (ഏ.ഡി. 1811) അദ്ധ്യായം എന്ന അർത്ഥത്തിൽ കെപ്പാലെയോൻ എന്നാണ് പ്രയോഗിച്ചിരിക്കുന്നത് (എ, ഒ എന്നിവയുടെ ഹ്രസ്വദീർഘഭേദങ്ങൾ പണ്ട് ലിപിയിൽ കാണിച്ചിരുന്നില്ല. അതുകൊണ്ട് കെപ്പാലെയോൻ എന്ന് എഴുതിയിരിക്കുന്നു). ഗ്രീക്കുഭാഷയിലെ കെഫാലായിയൊൻ എന്ന പദമാണത്. സുറിയാനിയിൽ ഖേഫാലെയോൻ എന്നായിത്തീർന്നു; മലയാളത്തിൽ കേപ്പാലെയോൻ എന്നും. പ്രധാനപ്പെട്ട കാര്യം, സംക്ഷേപം എന്നിങ്ങനെയാണ് അതിന്റെ അർത്ഥം. തല എന്നർത്ഥമുള്ള കെഫാലേ എന്ന ഗ്രീക്ക് വാക്കിൽനിന്നാണ് അതിന്റെ ഉത്പത്തി. കെഫാലേയിൽ നിന്നുള്ള വിശേഷണപദമാണ് കെഫാലോസ്. ലത്തീനിൽ അത് ചെഫാലൂസ് (Cephalus) എന്നാകും. ഇൻഡോ-യൂറോപ്യൻ ഭാഷകളിലെല്ലാം അതുണ്ട്. (ഉദാ: ഇംഗ്ലീഷിലെ hydro-cephalus). ലത്തീനിലെ കാപുത് (Caput) എന്ന പദവും കെഫാലോയിൽ നിന്നുണ്ടായതാണ്. തല, അധ്യായം എന്നൊക്കെ അതിനർത്ഥം.

സംസ്കൃതത്തിൽ കപാലം എന്നൊരു വാക്കുണ്ടല്ലോ. തലയോട്, താലം, ഭിക്ഷാപാത്രം, ആമയോട് എന്നൊക്കെ അർത്ഥമുള്ള ആ പദത്തിന് തല എന്നായിരുന്നു ഒന്നാമത്തെ അർത്ഥമെന്ന് ഗ്രീക്ക്, ലത്തീൻ ഭാഷകളിലുള്ള പദങ്ങൾ വ്യക്തമാക്കുന്നു.

**കൈക്കസ്തൂരി** യഹൂദമതം, ക്രിസ്തുമതം, ഇസ്ലാംമതം എന്നീ സെമിറ്റിക് മതങ്ങളിൽ സ്നേഹത്തിന്റെയും ഐക്യത്തിന്റെയും അടയാളമായ ആലിംഗനവും ചുംബനവും മതകർമ്മങ്ങളായിത്തീരുന്നു. സമാധാനാശംസ ഒരു കടമയായും തീരുന്നു. ഭാരതീയർ വന്ദനം, നമസ്കാരം എന്നൊക്കെ പറയുമ്പോൾ അവർ "നിനക്ക് സമാധാനം" ("ശ്ലാംലേഖ്" എന്ന് സുറിയാനിയിൽ) എന്നുപറയുന്നു. സ്നേഹം, ഐക്യം, ആദരവ് എന്നിവയുടെ പ്രകടനങ്ങളായ ആലിംഗനവും ചുംബനവുമാണ് കൈക്കസ്തൂരിയായി മാറിയത്-കൈകൊണ്ടുള്ള

www.malankaralibrary.com

സ്പർശനം മാത്രമായിത്തീർന്നത്. കൈകൊണ്ടുള്ള സ്പർശനം മൂലമുള്ള സമാധാനാശംസ എന്നതിന് മറ്റൊരർത്ഥംകൂടി വന്നുചേർന്നിട്ടുണ്ട് - സ്നേഹാദരവുകൾ പ്രകടിപ്പിക്കാൻ വൈദികർക്ക് ജനങ്ങൾ നല്കുന്ന ദക്ഷിണ എന്നൊരർത്ഥം.

ആരാധനാക്രമത്തിൽ സ്നേഹപൂർവ്വം സമാധാനം ആശംസിച്ചുകൊണ്ട് ചുംബിക്കുന്ന സമ്പ്രദായം ക്രിസ്തുമതത്തിൽ അഞ്ചാം നൂറ്റാണ്ടുവരെ നിലനിന്നു (ആദിമക്രൈസ്തവരുടെ സ്നേഹം മറ്റു മതസ്ഥരിൽ അസൂയ ജനിപ്പിച്ചിരുന്നല്ലോ!). മദ്ധ്യയുഗത്തിൽ വൈദികർ തമ്മിൽ ആലിംഗനം ചെയ്യുകയും ജനങ്ങൾ കുരിശോ ബൈബിളോ ചുംബിക്കുകയും ചെയ്യുന്ന പതിവുണ്ടായി. മെത്രാൻമാർ, വൈദികർ എന്നിവരുടെ കൈകൾ ചുംബിക്കുന്നത് ആദരവിൻെറ അടയാളമായി പൗരാണികകാലം മുതലേ കരുതിയിരുന്നു. സമാധാനചുംബനത്തെപ്പറ്റി വേദഗ്രന്ഥത്തിൽ പറഞ്ഞിട്ടുണ്ട് (1 പത്രോ. 5:14; റോമാ. 16:16; 1 കോറി. 16:20; 2 കോറി. 13:12). യഹൂദർ തമ്മിൽ കണ്ടുമുട്ടുമ്പോൾ ചുംബനം വഴിയാണ് സ്നേഹം പ്രകടിപ്പിച്ചിരുന്നത്. ആദിമക്രൈസ്തവരും അങ്ങനെതന്നെ ചെയ്തിരുന്നു. ഇന്ത്യയിൽ അത് അചിന്ത്യമായിരുന്നു! ചുംബനം വഴി യൂദാസ് ക്രിസ്തുവിനെ കാണിച്ചു കൊടുത്ത സംഭവം വേദഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടല്ലോ. ശിഷ്യന്മാർ ഗുരുവിനെ കണ്ടുമുട്ടുമ്പോൾ ചുംബിച്ചിരുന്നുവെന്ന് അതിൽനിന്ന് വ്യക്തമാണ്. യൂദാസിൻെറ ചുംബിക്കൽ ദുരുദ്ദേശ്യത്തോടെയായിരുന്നു.

ആരാധനാക്രമത്തിലെ ചുംബനം ബഹുമാനം മാത്രമല്ല സ്നേഹവും ഐക്യവും കൂടി വ്യക്തമാക്കാനുള്ളതാണ്. യേശു പറഞ്ഞു: “ഞാൻ നിങ്ങൾക്ക് സമാധാനം തരുന്നു” (യോഹ. 14:27). ഉത്ഥാനാനന്തരം യേശു ശിഷ്യന്മാരെ കണ്ടപ്പോഴെല്ലാം “നിങ്ങൾക്ക് സമാധാനം” എന്നുപറയുന്നു. ഈ സമാധാനാശംസ ആരാധനാക്രമത്തിൽ മാത്രമല്ല നിർവഹിക്കപ്പെട്ടിരുന്നത്. മൃതശരീരത്തിൽ സ്പർശിച്ചാൽ തങ്ങൾ അശുദ്ധരാകുംഎന്ന് മറ്റു മതസ്ഥർ വിശ്വസിച്ചിരിക്കേ ക്രൈസ്തവർ മൃതശരീരത്തിൽ വീട്ടിൽവച്ചും ദേവാലയത്തിൽവച്ചും കബറിടത്തുങ്കൽവച്ചും ചുംബിച്ചിരുന്നു. ഇന്നും ആ പതിവ് തുടരുന്നുണ്ട്. വിശുദ്ധകൂദാശകൾ സ്വീകരിച്ച മനുഷ്യശരീരത്തിൻെറ മഹത്വം വ്യക്തമാക്കാനും കൂടി അത് ഉപകരിക്കുന്നു. കുർബാനയിലുള്ള ചുംബനം ലത്തീൻ റീത്തിൽ അഞ്ചാംനൂറ്റാണ്ടുവരെ കുർബാനയുടെ ആരംഭത്തിൽത്തന്നെയായിരുന്നു. പില്ക്കാലത്ത് അത് ദിവ്യകാരുണ്യസ്വീകരണത്തോടൊത്ത് നടത്തിത്തുടങ്ങി.

സമാധാനചുംബനത്തിൻെറ പരിവർത്തിതരൂപമായി കേരളത്തിൽ നിലവിലായ കൈക്കസ്തൂരിയെപ്പറ്റി ഏ.ഡി. 1599-ലെ ഉദയംപേരൂർ സൂനഹദോസിൻെറ കാനോനയിൽ പറയുന്നുണ്ട്: “എല്ലാവരും തങ്ങളിൽ ഒള്ള ഐമൊസ്ത്യവും ഒരിംപാടും ഒണ്ട എന്നതിൻെറ അടയാളം കാട്ടുവാനുള്ള കൈക്കസ്തൂരികൊടുക്കുകയും കൊള്ളുകയും ചെയ്യുന്നു എന്നതിനാംപക്കം ചില പട്ടക്കാർ ആരാനോടും വൈരാഖ്യപ്പെട്ട കൈക്കസ്തൂരി അവർക്ക് കൊടുക്കയില്ലെന്ന് ഈ സൂനഹദോസകെട്ടു. എന്നാൽ അങ്ങനത്തെ പട്ടക്കാർ വൈരാഖ്യമുള്ളവരൊട നെരന്ന കസ്തൂരി കൊടുപ്പൊളം കുറുബാന ചെയ്യരുത. കുർബാന ചൈ

www.malankaralibrary.com

യ്വാൻ വെണ്ടുന്ന സാധനങ്ങളെ ആരും കൊടുക്കുകയും അരുത. മെൽപ്പട്ടക്കാരര അവരെ കുറ്റപ്പെടുക്കയും വെണം" (5-ാം മൗത്വാ, 3-ാം കാനോന). ഐക്യം വ്യക്തമാക്കാനാണ് കൈക്കസ്തൂരി കൊടുക്കുന്നതെന്നും വഴക്കുള്ളവർ രമ്യതപ്പെട്ട് (നിരന്ന്) കൈക്കസ്തുരി കൊടുത്തിട്ടേ ദിവ്യബലിയർപ്പിക്കാവു എന്നും കൈക്കസ്തുരി കൊടുക്കാതിരിക്കുക എന്നത് വലിയ തിന്മയാണെന്നും ഇതിൽ നിന്ന് വ്യക്തമാവുന്നു.

വൈദികരുടെ ജീവിതക്രമത്തെപ്പറ്റി പ്രതിപാദിക്കുന്നിടത്ത് ഫാ. പ്ലാസിഡ് (നമ്മുടെ റീത്ത് എന്ന ഗ്രന്ഥത്തിൽ) ഇങ്ങനെ പറയുന്നു: "പള്ളിയിൽ കയറിയാലുടൻ പട്ടക്കാരന്റെ പക്കൽനിന്നു കൈക്കസ്തുരി വാങ്ങണം. പരസ്യപാപികൾക്കും മഹറോൻ ഏറ്റവർക്കും കൈക്കസ്തൂരി കൊടുക്കാവുന്നതല്ല" (പുറം 42). കൂടാതെ, "കാനോനാ ജപത്തിന്റെ ആരംഭത്തിലും അവസാനത്തിലും മൂപ്പച്ചനിൽനിന്ന് കൈക്കസ്തൂരി എല്ലാവരും സ്വീകരിക്കേണ്ടതാണ്"(പുറം 37) എന്നും അദ്ദേഹം പറയുന്നു. ലത്തീൻ ക്രമം നടപ്പിലാക്കിയപ്പോൾ ഉണ്ടായ മാറ്റങ്ങളെപ്പറ്റി പ്രസ്താവിക്കുന്നിടത്ത് അദ്ദേഹം പറയുന്നു: "അഞ്ചാംപട്ടം മുതൽ എല്ലാവരും കാനോനജപം ചൊല്ലണം. നിശ്ചിതസമയത്ത് പള്ളിയിൽ സമ്മേളിച്ച് അതു ചൊല്ലണം. അപ്പോൾ കൈക്കസ്തൂരി കൊടുത്തു തുടങ്ങേണ്ടത് മൂപ്പച്ചനല്ല വികാരിയാണ്. ആരും വർത്തമാനം പറയുകയോ രസക്ഷയം നിമിത്തം കസ്തൂരി വാങ്ങാതിരിക്കുകയോ ചെയ്യരുത്" (പുറം 73). ഉദയം പേരൂർ സൂനഹദോസാണ് പള്ളികൾക്ക് വികാരിമാരെ നിശ്ചയിച്ചത്. മൂപ്പച്ചന്മാരെക്കാൾ അധികാരം വികാരിക്കാണെന്നും കൈക്കസ്തൂരി കൂടുതൽ അധികാരമുള്ളയാൾ നല്കേണ്ടതാണെന്നും (പ്രധാനമായും പ്രധാന പുരോഹിതൻ നല്കുന്ന ഒന്നാണെന്നും) ഇവിടെ വ്യക്തമാകുന്നു.

ഉദയംപേരൂർ സൂനഹദോസ് കാനോനയിൽ വിശ്വാസികളെ കടമുള്ള ദിവസങ്ങളിൽ പള്ളിയിൽ വരുത്താൻ 'എടവകയ്ക്ക് മുപ്പനാകുന്ന പട്ടക്കാരൻ ഉത്സാഹിക്കണം' എന്നു പറഞ്ഞിട്ട് ഇപ്രകാരം കുട്ടിച്ചേർക്കുന്നു: "എന്നാൽ ഈ കല്പനക്കു മറുത്ത് ആരാനും വരാതിരിക്കിൽ പട്ടക്കാരൻ മുന്നുകുറി നല്ല ബുദ്ധിചൊല്ലി അറിയിച്ചതിന്റെശെഷം നല്ലവണ്ണം നടക്കായ്കയിൽ അവരെ പൊറത്തുനിറുത്തണം. അവർക്ക് കൈക്കസ്തൂരി കൊടുക്കരുത. പട്ടക്കാരും എണങ്ങരും [=ജനങ്ങൾ] അങ്ങനത്തവരുടെ അവിടെ ചാത്തത്തിനു പോകരുത. മലങ്കരമൂപ്പൻ ആകുന്നവരും [= മെത്രാൻ] തനിക്ക് ഒത്തവണ്ണം അവരെ കുറ്റപ്പെടുപ്പതും ചെയ്യും" (4-ാം മൗത്വാ 7-ാം കാനോന). മന്ത്രവാദം ചെയ്യിക്കുന്നവർക്കും അതുപോലെയുള്ള മറ്റ് പ്രവൃത്തികൾ ("തുള്ളിക്കയും പാടിക്കയും കൊഴി അറുത്ത വെലി കൊടുപ്പിക്കയും" മറ്റും) ചെയ്യിക്കുന്നവർക്കും മഹറോൻ ശിക്ഷയുണ്ടാകുമെന്നും അവർ തക്ക പ്രായശ്ചിത്തം ചെയ്താൽ മഹറോൻ പോക്കാമെന്നും എന്നാൽ "രണ്ടാണ്ടെയ്ക്ക പള്ളിക്കൽ അവർ കടക്കയും അരുത. കൈക്കസ്തൂരിയും അരുത്". എന്നും സുനഹദോസുകാനോന (7-ാം മൗത്വ, 6-ാം കാനോന) പറയുന്നു.

കൈക്കസ്തൂരിക്ക് ക്രൈസ്തവർ കൊടുക്കുന്ന പ്രാധാന്യം ഇതിൽ നിന്നെല്ലാം വ്യക്തമാണല്ലോ. യാക്കോബായ സഭയുണ്ടായി ഏറെക്കാലത്തേയ്ക്ക്

www.malankaralibrary.com

രണ്ട് സഭകളും തമ്മിലുള്ള വ്യത്യാസം അത്ര പ്രകടമായിരുന്നില്ല. ഒരേ ദേവാലയം രണ്ട്കൂട്ടരും ദീർഘകാലമുപയോഗിച്ചു (ഉദാഹരണത്തിന് വടകരപ്പള്ളി നുറുവർഷം രണ്ടുകുട്ടരും ഉപയോഗിച്ചു). ചാത്തത്തിനും വിവാഹാഘോഷങ്ങൾക്കും മറ്റും രണ്ടുകുട്ടരും പരസ്പരം സഹകരിച്ചു. എന്നാൽ പില്ക്കാലത്ത് കത്തോലിക്കാ വൈദികർ യാക്കോബായക്കാർക്ക് കൈക്കസ്തൂരി കൊടുക്കരുതെന്ന് മിഷണറിമാർ കല്പിച്ചു (അങ്ങനെ ചെയ്താൽ 'ഐമോസ്ത്യവും ഒരിംപാടും' ഉണ്ടെന്നു തോന്നിക്കുമല്ലോ). അങ്ങനെ കൈക്കസ്തുരി വാങ്ങിക്കാനും കൊടുക്കാനുമുള്ള ബുദ്ധിമുട്ടുകൊണ്ട് രണ്ട് കൂട്ടരും ചാത്തത്തിൽ പരസ്പരം സംബന്ധിക്കാതെയായി. അവിഭജിതാവസ്ഥയുടെ അടയാളമായിട്ടാണ് കൈക്കസ്തൂരി കരുതപ്പെട്ടതെന്നും അതിൽനിന്ന് വ്യക്തമാകുന്നു. മേൽപട്ടക്കാരൻ പട്ടക്കാർക്കും അവർ ജനങ്ങൾക്കും കൈക്കസ്തൂരികൊടുക്കുന്നു. അത് ഐക്യത്തിൻെറ അടയാളമാണ്.

*കൈക്കസ്തൂരി കൊടുക്കുന്ന രീതി*

കൂപ്പിയ കൈകളുടെ ബാഹ്യതലത്തിൽ ഇരുകൈകൾകൊണ്ടും തൊടീക്കുക എന്നതാണ് കൈക്കസ്തൂരി കൊടുക്കുക എന്നതിലെ കർമ്മം. ആലിംഗന ചുംബനങ്ങൾ കരസ്പർശം മാത്രമായി ത്തീർന്നത് ഭാരതീയരുടെ പാരമ്പര്യത്തിൻെറ പ്രത്യേകതകൊണ്ടാണ്. കേരളീയർ കൈക്കസ്തൂരി കൊടുക്കുന്ന രീതിയെപ്പറ്റി വിദേശമിഷണറിമാർ വിവരിച്ചിട്ടുണ്ട്. പതിനാറാം നൂറ്റാണ്ടിൽ കർനെയ്റോ എന്ന പോർത്തുഗീസ് വൈദികൻ നല്കുന്ന വിവരണപ്രകാരം കരസ്പർശനം മാത്രമല്ല കരചുംബനവും അതിൽ ഉൾക്കൊള്ളുന്നു. ഒന്നാമൻ ഏറ്റവും പ്രായമായ വൈദികൻെറ കയ്യിൽ സ്പർശിച്ച് ചുംബിക്കുന്നുവെന്നും എന്നിട്ട് എല്ലാവരും നിരയായിനിന്ന് ഓരോരുത്തനും അപ്രകാരം ചെയ്യുന്നുവെന്നും അങ്ങനെയാണ് കേരളീയ ക്രിസ്ത്യാനികൾ സമാധാനം കൊടുക്കുന്നതെന്നും അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട് (cf. J. Wicki, Documenta Indica (1580-1583) 12 vols, Romae, 1948-1972, vol III p. 805).

ഡയനീസിയോ (Dionysio) എന്നൊരു മിഷണറിയും കൈക്കസ്തൂരിയെപ്പറ്റി പരാമർശിച്ചിട്ടുണ്ട്. കസ്തൂരി എന്നാണ് സമാധാനം നല്കുന്നതിനെപ്പറ്റി മാർതോമാ ക്രിസ്ത്യാനികൾ പറയുന്നതെന്ന് അദ്ദേഹം പ്രസ്താവിക്കുന്നു. കത്തനാരൻമാർ കാനോന നമസ്കാരം ചൊല്ലാൻ എഴുന്നേറ്റു നില്ക്കുമ്പോൾ, പള്ളിയിൽ പ്രവേശിക്കുന്ന എല്ലാവരും, കത്തനാർമാരും വിശ്വാസികളും, തങ്ങളുടെ കൈകൾ വിരിച്ചുപിടിച്ച് ഏറ്റവുംപ്രായമുള്ള വൈദികൻെറയടുക്കലേക്കുചെന്ന് അദ്ദേഹത്തിൻെറ കയ്യിൽ സമാധാനത്തിൻെറ അടയാളമായി സ്പർശിക്കുകയെന്നത് ക്രിസ്ത്യാനികളുടെ പതിവാണ് എന്ന് അദ്ദേഹം എഴുതുന്നു. കസ്തൂരി ആർക്കെങ്കിലും കൊടുക്കാൻ വൈദികശ്രേഷ്ഠൻ ഇഷ്ടപ്പെടാതിരുന്നാൽ ആ വ്യക്തിയെ സഭയുടെ പ്രാർത്ഥനയിലേക്ക് പ്രവേശിപ്പിക്കുകയില്ലെന്നാണർത്ഥം എന്നും, കുറ്റം ചെയ്യുന്ന വൈദികന് നല്കുന്ന ആദ്യത്തെ ശിക്ഷ അതാണെന്നും ഡയനീസിയോ രേഖപ്പെടുത്തുന്നു. (cf. Silvia Rego A. Documentacao. pava a Historia das Missies do Oriente 12 Vols. Lisbon, 1947-1985, Documentacao XII, 402 Quoted: James Aerthayil, The spiritual Heritage of St. Thomas

www.malankaralibrary.com

Christians, Dharmaram Publications, Bangalore, 1982, p. 212).

*ദക്ഷിണ* സമാധാനാശംസ എന്നതിന് പുറമേ പുരോഹിതദക്ഷിണ എന്നൊരർത്ഥവും കൈക്കസ്തുരിക്കുണ്ട്. 1908 സെപ്റ്റംബർ 8-ന് എറണാകുളം രൂപതയുടെ മെത്രാൻ പഴേപറമ്പിൽ ലൂയിസ് പുറപ്പെടുവിച്ച "വരവുകളുടെ നിയമസംഗ്രഹം" എന്ന നിയമസംഹിതയിൽ (മാന്നാനത്ത് അച്ചടിച്ചത്) "പുലകുളിക്ക് മുക്കാൽ രൂപ ബ. പട്ടക്കാരന് പുരോഹിതദക്ഷിണ (കൈദത്തൂരി) കൊടുക്കണം" എന്ന് കാണുന്നു. കൈക്കസ്തൂരി എന്നല്ല കൈദത്തൂരി എന്നാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നതെന്നത് ശ്രദ്ധേയമാണ്. പുരോഹിതന് ജനങ്ങൾ കൊടുക്കുന്ന ദാനം എന്ന അർത്ഥത്തിലാണ് ആ പ്രയോഗം. എന്നാൽ 1950-ൽ മാർ ലൂയിസ് മെമ്മോറിയൽ പ്രസിൽ അച്ചടിച്ചിട്ടുള്ള "എറണാകുളം അതിരൂപതയിലെ നിയമസംഗ്രഹം" എന്ന ഗ്രന്ഥത്തിന്റെ 136-ാം പേജിൽ "കൈക്കസ്തൂരി വാങ്ങുക" എന്ന പ്രയോഗമുണ്ട്. ഇവിടെ പുരോഹിതനിൽനിന്ന് ജനങ്ങൾ സമാധാനം വാങ്ങുക എന്ന അർത്ഥത്തിലാണ് പ്രയോഗിച്ചിട്ടുള്ളത്. ക്രിസ്ത്യാനികൾ ക്ഷേത്രങ്ങളിലെ പരിപാടികൾക്ക് പോകുന്നതും കൊട, കതന, കാഴ്ചകൾ മുതലായവ ക്ഷേത്രങ്ങൾക്ക് കൊടുക്കുന്നതും അതുപോലെതന്നെ യാക്കോബായാക്കാരുടെയും പ്രോട്ടസ്റ്റൻറ് മുതലായ ഇടത്തൂട്ടുകാരുടെയും ആഘോഷങ്ങൾക്ക് പോകുന്നതും പ്രത്യേകിച്ച് അവരുടെ ശവസംസ്കാര കർമ്മത്തിൽ സംബന്ധിക്കുകയോ പുലകുളി, ചാത്തംമുതലായവയ്ക്കുപോയി ദക്ഷിണ വയ്ക്കുകയോ കൈക്കസ്തൂരി വാങ്ങുകയോ ചെയ്യുന്നതും വിലക്കപ്പെട്ടതാണെന്നും (പേജ് 136) അതിൽ പറയുന്നു (ഈ നിയമഗ്രന്ഥം 1940-ൽ ഫാ. പൗലോസ് വട്ടോലി ക്രോഡീകരിച്ചതും 1950-ൽ ഫാ. തോമസ് മൂത്തേടൻ പരിഷ്കരിച്ചതുമാണ്). ഏ.ഡി. 1879-ൽ ആണ് ആദ്യത്തെ ദക്രേത്തുപുസ്തകവും (കല്പനകളുടെ സമാഹാരം) പള്ളിയുടെയും പട്ടക്കാരുടെയും വരുമാനം സംബന്ധിച്ച നിയമങ്ങളും എഴുതിയുണ്ടാക്കിയത് (ലെയോനാർദ് മെത്രാപ്പോലീത്തയാണ് അത് പുറപ്പെടുവിച്ചതും). അതിന്റെ പരിഷ്കൃതരൂപമാണ് 1940-ലെ നിയമസംഗ്രഹം. രൂപതകൾ പലതുണ്ടായപ്പോഴാണ് അതിന്റെ പരിഷ്കരണം ആവശ്യമായി വന്നത്. പണ്ടേയുള്ള വിലക്കുകളെപ്പറ്റിയാണ് 1950-ലെ നിയമസംഗ്രഹത്തിൽ പറയുന്നത്.

കൈക്കസ്തൂരിയുടെ പ്രാധാന്യം സൂചിപ്പിക്കാനാണ് ഇത്ര ദീർഘമായി പ്രതിപാദിച്ചത്. ഇനി കൈക്കസ്തൂരി എന്ന പദത്തിന്റെ നിഷ്പത്തിയെപ്പറ്റി ചിന്തിക്കാം.

*പദനിഷ്പത്തി* കൈക്കസ്തൂരി എന്ന വാക്കിന് കൈദത്തൂരി എന്ന മറ്റൊരു രൂപംകൂടി ഉണ്ട് എന്നു മുമ്പ് സൂചിപ്പിച്ചല്ലോ. ഇതുകൂടാതെ കൈയ്യസൂരി എന്ന പ്രയോഗവുമുണ്ട്. അതുകൊണ്ട് ഈ വാക്കിന്റെ ശരിയായ രൂപം കണ്ടെത്തുക പ്രയാസമായിത്തീരുന്നു. ഏതായാലും ഒരു സമസ്തപദമാണത്. കൈ എന്നത് കരം എന്നർത്ഥമുള്ള മലയാള വാക്കാണ്. കസ്തൂരി, ദത്തൂരി, അസൂരി എന്നിങ്ങനെ മാറി മാറി വരുന്ന പദം എവിടെനിന്നു വരുന്നു എന്നാണറിയേണ്ടത്. പേർഷ്യൻ ഭാഷയിൽ ദസ്തു എന്നൊരു വാക്കുണ്ട്. അതിന് കൈ, കൈയിൽ ബാക്കിയുള്ളത് എന്നൊക്കെയാണർത്ഥം. അതിൽനിന്നുണ്ടായ

www.malankaralibrary.com

ദസ്തൂരി എന്ന വാക്കിന് പതിവ്, നടപടി, നിയമം, കോർട്ട് ഫീസ്, നിക്ഷേപിക്കൽ എന്നൊക്കെയാണർത്ഥം. കുർബാനസമയത്ത് പ്രകടിപ്പിക്കുന്ന പരസ്പര സ്നേഹത്തിൻെറ അടയാളം, ഇടവക സന്ദർശിക്കുന്ന മെത്രാന് കൊടുക്കുന്ന സമ്മാനം, (കൈമുത്തിക്കൊണ്ടാണ് സമ്മാനം കൊടുക്കുന്നത്) സമാധാനാശംസയുടെ പ്രകടനം എന്നിങ്ങനെ വിവിധാർത്ഥങ്ങൾ ഈ വാക്കിന് വന്നു ചേർന്നു. തെലുങ്കുഭാഷയിൽ കൈയെഴുത്തെന്നും, കർണ്ണാടകഭാഷയിൽ പതിവ് ഫീസ്, രീതി എന്നും ദസ്തൂരിക്ക് അർത്ഥമുണ്ട്. ദസ്താവേജ് എന്ന പേർഷ്യൻ പദത്തിന്, സ്വരക്ഷാമാർഗ്ഗം, ആശ്രയമായി കയ്യിലെടുക്കുന്ന വസ്തു, പ്രമാണം, സർട്ടിഫിക്കറ്റ് എന്നൊക്കെയാണർത്ഥം. കോടതിഭാഷയിൽ ഈ വാക്ക് ഉപയോഗിച്ചിരുന്നു.

പേർഷ്യയിലെ സൊരവാസ്ത്രിയൻ മതക്കാർ (പാർസികൾ) പ്രധാന പുരോഹിതനെ ദസ്തൂർ എന്നാണ് വിളിക്കുന്നത് എന്ന കാര്യവും ഇവിടെ ശ്രദ്ധാർഹമാണ്. ദസ്തൂരി എന്നതിന് ദൈവികവും വൈദികവുമായവയോടുള്ള ബന്ധം ഇത് സൂചിപ്പിക്കുന്നുണ്ടല്ലോ (cf. John A. Hardon, Religions of the World, Image Books, New York, 1968, Vol I, p. 217). പേർഷ്യനിലെ ദസ്തു എന്ന വാക്ക് സംസ്കൃതത്തിലെ ഹസ്ത എന്നതിൽ നിന്നുണ്ടായതാണ്. കേരളക്രൈസ്തവർക്ക് പേർഷ്യൻ സഭയുമായുണ്ടായിരുന്ന ബന്ധത്തിൻെറ ഒരവശിഷ്ടമാണ് കൈക്കസ്തുരി എന്ന പ്രയോഗം. കൈ എന്ന മലയാളവാക്കും ദസ്തൂരി എന്ന പേർഷ്യൻ വാക്കും ചേർന്ന സമസ്ത പദമാണ് കൈക്കസ്തൂരി എന്നുവരുന്നു. ദസ്തൂരി എന്നത് കസ്തൂരി എന്നുമാറിയതിന് ഉച്ചാരണ സൗകര്യമെന്ന ഒരു കാരണമുണ്ട്. സംസ്കൃതത്തിലെ കസ്തൂരി എന്ന വാക്കിന് മൃഗമദം (ഒരിനം മാനിൽനിന്നു കിട്ടുന്ന സുഗന്ധവസ്തു) എന്നേ അർത്ഥമുള്ളു. ഗ്രീക്കിലും ലത്തീനിലും ആ വാക്കുണ്ട്. പേർഷ്യനിലെ ദസ്തൂരിയുമായി അതിന് ബന്ധമില്ല. കസ്തൂരി എന്ന സുഗന്ധദ്രവ്യം അമൂല്യമായ ഒന്നായിട്ടാണ് കരുതപ്പെടുന്നത്. "ഇത് എന്താ കസ്തൂരിയാണോ?" എന്ന ചോദ്യത്തിൽ ആ അർത്ഥമാണ് ധ്വനിക്കുന്നത്. സുറിയാനി ക്രിസ്ത്യാനികളുടെ പഴയപാട്ടിൽ മണവാട്ടിയുടെ ആവശ്യത്തെപ്പറ്റി "താലത്തിൽ കസ്തൂരി വേണമെന്ന് മണവാട്ടി" എന്നിങ്ങനെ പറയുന്നുണ്ട്. ഏറ്റവും വിലപ്പെട്ട വസ്തു എന്ന അർത്ഥത്തിൽ കസ്തൂരി എന്ന വാക്ക് ഉപയോഗിക്കുന്നുവെന്ന് ഗുണ്ടർട്ടിൻെറ നിഘണ്ടുവിൽ കാണുന്നുമുണ്ട്. എന്നാലും സമാധാനസ്പർശനം എന്ന അർത്ഥത്തിൽ ആ വാക്ക് ഉപയോഗിച്ചു എന്നതിന് തെളിവ് കിട്ടാനില്ല.

**കൊന്ത** ജപമാല എന്നർത്ഥമുള്ള കൊന്ത പോർത്തുഗീസ് ഭാഷാപദമാണ്. കണക്ക് (അക്കൗണ്ട്), കണക്കുകൂട്ടൽ എന്നൊക്കെയാണർത്ഥം. കൊന്താർ എന്ന ക്രിയയ്ക്ക് എണ്ണുക എന്നും കൊന്താദോ എന്നതിന് എണ്ണപ്പെട്ടത് എന്നും കൊന്താദോർ എന്നതിന് എണ്ണുന്നവൻ എന്നുമാണർത്ഥം. കൊന്താസ് എന്ന ബഹുവചനരുപത്തിന് ജപമാലയിലെ മണികൾ എന്നർത്ഥമുണ്ട്. ലത്തീൻ ഭാഷയിലെ കോംപുത്താരെ (Computare) എന്ന ക്രിയയ്ക്കും എണ്ണുക എന്നർത്ഥമുണ്ട്. ജപങ്ങൾ എണ്ണുന്നതിന് ഉപയോഗിക്കുന്ന മണികളുടെ മാലയാണല്ലോ കൊന്ത. അപ്പോൾ എണ്ണാനുള്ള മാല എന്ന് അതിന് അർത്ഥം വരുന്നു.

www.malankaralibrary.com

**കൊംപാദ്രി (കുമ്പാരി)** മാമ്മോദീസ മുങ്ങുന്ന കുട്ടിയുടെ പിതാവ്, ആ കുട്ടിയുടെ തലതൊട്ടപ്പനെ കൊംപാദ്രേ (compadre) എന്നുവിളിക്കുന്നു. ഒരു പോർത്തുഗീസ് പ്രയോഗമാണത്. സഹപിതാവ് എന്ന് അതിനർത്ഥം പറയാം. ഒരാളുടെ കുട്ടിയെ തലതൊടുന്നതുവഴി, അയാളുടെ പിതൃസ്ഥാനത്തിൽ ആദ്ധ്യാത്മികമായി പങ്കുപറ്റുന്നവൻ എന്നാണ് വിവക്ഷ. മാമ്മോദീസ ആദ്ധ്യാത്മിക ജീവിതത്തിലേക്കുള്ള ഒരു ജനനമാണല്ലോ. കൊംപാദ്രേ എന്ന വാക്ക് കൊംപാദ്രി, കൊമ്പാരി, കുമ്പാരി എന്നൊക്കെ രൂപം മാറിയിട്ടുണ്ട്.

ഒരു സമസ്തപദമാണ് കൊംപാദ്രേ കൂടെ എന്നർത്ഥമുള്ള കൊം എന്ന ഉപസർഗ്ഗവും പിതാവ് എന്നർത്ഥമുള്ള പാദ്രേ (പാദ്രി) എന്ന നാമവുമാണ് അതിലുള്ളത്. സംസ്കൃതത്തിലെ പിതൃ (പിതാവ്) ഗ്രീക്കിലെ പത്തേർ, ലത്തീനിലെ പാത്തെർ, പോർത്തുഗീസിലെ പാദ്രേ (പാദ്രി) ഇംഗ്ലീഷിലെ ഫാദർ എന്നിവയെല്ലാം ഒരേ ധാതുവിൻെറ വിവിധ രൂപങ്ങളാണല്ലോ. കൊം എന്ന ഉപസർഗ്ഗത്തിൻെറ പരിണാമകഥ രസാവഹമാണ്. സംസ്കൃതത്തിലെ സം, സ, സഹ എന്നിങ്ങനെ കാണപ്പെടുന്ന ഉപസർഗ്ഗം (കൂടെ, ഒന്നിച്ച് എന്നൊക്കെയാണർത്ഥം) ഗ്രീക്കിൽ ത്സൂൻ, സുൻ എന്നൊക്കെയായിത്തീരുന്നു. അത് ലത്തീനിൽ കും (cum) എന്നാകും; പോർത്തുഗീസിൽ കൊം (com) എന്നും. ഇംഗ്ലീഷിൽ കോ, കൊൻ, കൊൺ, കൊം, കമ് എന്നൊക്കെയായിട്ടുണ്ട് (കോ-ഓപ്പറേറ്റീവ്, കൊന്നാച്ചുറൽ, കോൺഗ്രസ്, കമ്യൂണിറ്റി മുതലായ വാക്കുകൾ ഓർക്കുക). സകാരം ചകാരമായും പിന്നീട് കകാരമായും മാറി. അന്ത്യമകാരം നകാരമാകുക സാധാരണമാണ്. മറിച്ചും സംഭവിക്കാറുണ്ട്. അങ്ങനെ കൊംപാദ്രേ എന്നത് സഹപിതാവ് എന്നതിൻെറ പോർത്തുഗീസ് രൂപമാണെന്ന് പറയാം.

കൊംപാദ്രേ എന്ന പദം കുമ്പാരി എന്ന് ഗ്രാമീണർ ഉച്ചരിച്ചുവന്നു. ആ പദത്തോട് ചി എന്ന പ്രത്യയം ചേർത്ത് സ്ത്രീലിംഗമുണ്ടാക്കി തലതൊട്ടമ്മ എന്ന അർത്ഥത്തിൽ കുമ്പാരിച്ചി എന്ന വാക്ക് സൃഷ്ടിക്കുകയും ചെയ്തു. കൊംമാദ്രി എന്നതിനുപകരം അത് ഉപയോഗിക്കുന്നുണ്ട്. വൈരുദ്ധ്യം ഉൾക്കൊള്ളുന്ന പ്രയോഗമാണ് കുമ്പാരിച്ചി.

**കൊമ്പ്രേരിയ, കൊമ്പ്രിയ, കൊമ്പിരിയ** കൊംപ്രെരിയ, കൊപ്രേരിയ, കൊമ്പിരിയാ, കൊമ്പ്രിയ, കൊംമ്പ്രേരിയ എന്നൊക്കെ മലയാളത്തിൽ പ്രയോഗിക്കുന്നത്, സാഹോദര്യം, സംഘടന എന്നിങ്ങനെ അർത്ഥമുള്ള കൊൺഫ്രാരിയ (Con-fraria) എന്ന പോർത്തുഗീസ് പദമാണ്. ഉദയംപേരൂർ സൂനഹദോസിൻെറ കാനോനയിൽ "കൊംപ്രേരിയ എന്ന മർത്തമറിയത്തുമ്മാടെ സഭ" എന്ന് പ്രയോഗിച്ചിട്ടുണ്ട്. കൊൺഫ്രാരിയ എന്ന പോർത്തുഗീസ്പദം ലത്തീൻഭാഷയിലെ കൊൺഫ്രാത്തേർണിത്താസ് (Confra-ternitas) എന്ന വാക്കിൽനിന്നു വരുന്നു. സാഹോദര്യം എന്നാണ് അതിൻെറയർത്ഥം. സംസ്കൃതത്തിലെ ഭ്രാതൃ എന്ന വാക്കിന് തുല്യമായ ഫ്രാത്തെർ (Frater) എന്നവാക്കാണ് അതിലെ അടിസ്ഥാന പദം. സഹോദരൻ എന്നർത്ഥം. കോൺ എന്നതിന് ഒന്നുചേർന്ന എന്നും താസ് എന്നതിന് അവസ്ഥ എന്നുമാണർത്ഥം. ഫ്രാത്തെർ, താസ് എന്നിവ കൂടി ചേരുമ്പോൾ ഒരു 'ന'കാരം വന്നു ചേരുന്നു. 'ര'കാരം കഴിഞ്ഞ് വന്നതുകൊണ്ട് അത് 'ണ' ആയി മാറുന്നു.

www.malankaralibrary.com

അങ്ങനെ കൊൺഫ്രത്തേർണിത്താസ് എന്ന വാക്കുണ്ടാകുന്നു. അത് പോർത്തുഗീസ്ഭാഷയിൽ കൊൺഫ്രാരിയ എന്നായി. മലയാളത്തിൽ അത് പല രൂപങ്ങളിൽ പ്രത്യക്ഷപ്പെടുകയും ചെയ്തു.

**കൊംമാദ്രി (കൊമ്മാതിരി)** ഒരമ്മതൻെറ ശിശുവിനെ തലതൊട്ട സ്ത്രീയെ കൊംമാദ്രേ (കൊംമാദ്രി) എന്ന് വിളിക്കുന്നു. മാതൃത്വത്തിൽ പങ്കുള്ളവൾ എന്നാണർത്ഥം. മാമ്മോദീസ ആദ്ധ്യാത്മികമായ പുനർജനനമാണല്ലോ. തലതൊടുന്നവൾ കുട്ടിയുടെ ആദ്ധ്യാത്മിക മാതാവായിത്തീരുകയാണ്. കൊംമാദ്രേ എന്നത് ഒരു പോർത്തുഗീസ് പ്രയോഗമാണ്. കൂടെ എന്നർത്ഥമുള്ള കൊം, മാതാവ് എന്നർത്ഥമുള്ള മാദ്രേ (മാദ്രി) എന്ന രണ്ട് പദങ്ങൾ ചേർന്ന സമസ്തപദമാണ്. ചില സ്ഥലങ്ങളിൽ കുമ്മാദര് എന്ന് പറഞ്ഞുകേൾക്കുന്നു. ഇതിന് പകരമായി കുമ്പാരിച്ചി എന്ന് ചിലർ പറയാറുണ്ട്. അത് നല്ല പ്രയോഗമല്ല. (കൊംപാദ്രി എന്ന വാക്ക് നോക്കുക).

**കൊവേന്ത** സന്ന്യാസിമാർ താമസിക്കുന്ന ഭവനം (ആശ്രമം) എന്നർത്ഥമുള്ള കൊവേന്ത എന്ന വാക്ക് പോർത്തുഗീസ് ഭാഷയിലെ കൊൺവെന്തോ എന്ന പദത്തിൽനിന്നുണ്ടായതാണ്. അതാകട്ടെ ലത്തീൻ ഭാഷയിലുള്ള കൊൺവെന്തൂസ് (Conventus) എന്ന വാക്കിൽ നിന്നുവരുന്നു. സഭ, സംഘം എന്നൊക്കെയാണ് അതിനർത്ഥം. അതിൻെറ ക്രിയാരൂപം കൊൺവെനീരെ എന്നാണ്. ഒന്നിച്ച് (കൊൺ) വരുക (വെനീരെ) എന്നർത്ഥം. കൊവേന്ത എന്ന വാക്കും കോൺവെൻറ് എന്ന വാക്കും ഒരേ പദത്തിൽനിന്നുവരുന്നുവെങ്കിലും അവ ഒരേ സ്ഥാപനത്തെയല്ല ഇന്ന് സൂചിപ്പിക്കുന്നത്. കൊവേന്ത പുരുഷന്മാരുടെ ആശ്രമത്തെയും കോൺവെൻറ് (ഇത് ഇംഗ്ലീഷ് പ്രയോഗമാണ്) സ്ത്രീകളുടെ ആശ്രമത്തെയുമാണ് സൂചിപ്പിക്കുന്നത്. ഇംഗ്ലീഷിൽ പുരുഷന്മാരുടെ ആശ്രമങ്ങളെ മോണസ്ട്രി എന്നും സ്ത്രീകളുടെ ആശ്രമങ്ങളെ കോൺവെൻറ് എന്നും വിളിക്കുന്നു. പണ്ട് കോൺവെൻറ് എന്ന വാക്ക് രണ്ടു കൂട്ടരെയും സംബന്ധിച്ച് ഉപയോഗിച്ചിരുന്നു.

**കോർപൊരാൾ (കോർപൊറൽ)** കുർബാനയുടെ സമയത്ത് അൾത്താരയിൽ വിരിക്കുന്ന ഒരു വെളുത്ത തൂവാലയാണ് കോർപൊരാൾ (സുറിയാനിയിൽ ഇതിന് കെത്താനയെന്ന് പറയും) കോർപൊരാലെ (Corporale) എന്ന ലത്തീൻ വാക്കാണ് കോർപൊരാൾ എന്നായത്. ശരീരത്തെ സംബന്ധിച്ചത് എന്നാണ് ആ വാക്കിൻെറ അർത്ഥം. പവിത്രീകരിക്കപ്പെടുന്ന അപ്പവും വീഞ്ഞും ക്രിസ്തുവിൻെറ ശരീരവും രക്തവുമായി മാറുന്നു എന്ന വിശ്വാസമാണ് ഈ പ്രയോഗത്തിൻെറ അടിയിലുള്ളത്. തിരുശ്ശരീരം സ്ഥാപിക്കാനുള്ള തുണിയാണ് കോർപൊരാൾ. ശരീരം എന്നതിനു കോർപൂസ് (corpus) എന്നാണ് ലത്തീനിൽ പറയുന്നത്. നിർമ്മിക്കപ്പെട്ടത് എന്നാണ് അതിൻെറ നിഷ്കൃഷ്ടാർത്ഥം. സംസ്കൃതത്തിലെ ക്ലപ് ധാതുവുമായി അതിന് ബന്ധമുണ്ടെന്ന് കരുതപ്പെടുന്നു. (കെത്താന എന്ന വാക്ക് നോക്കുക.

**കോറെപ്പിസ്കോപ്പാ (കോർ എപ്പിസ്കോപ്പ)** ഒരു ഗ്രീക്ക് സമസ്ത പദമാണ് കോർഎപ്പിസ്കോപ്പാ. ഗ്രീക്കിൽ ഖോറാ, ഖോറേ, ഖോറോസ് എന്നൊക്കെപ്പറഞ്ഞാൽ പ്രദേശം, സ്ഥാനം, രാജ്യം, ഗ്രാമീണ പട്ടണം, ഗ്രാമം, ഉൾ

www.malankaralibrary.com

ഗ്രാമം, ഉൾപ്രദേശം എന്നൊക്കെയാണർത്ഥം. ഖുറോസ് എന്ന ഒരു രൂപവും ആ പദത്തിനുണ്ട്. ഗ്രാമപ്രദേശങ്ങളിലെ പള്ളികളുടെ ഭരണം നിർവഹിക്കുന്ന എപ്പിസ്കോപ്പാ അഥവാ അപ്പസ്കോപ്പ ആണ് കോറെപ്പിസ്കോപ്പ (Corepiscopa) കോർ അപ്പെസ്കോപ്പാ എന്നാണ് സുറിയാനിയിൽ പറയുന്നത്. അപ്പസ്കോപ്പ എന്ന പദത്തിന് മെത്രാൻ എന്നാണർത്ഥം (അപ്പെസ്കോപ്പാ എന്ന പദം കാണുക). മെത്രാൻെറ പ്രതിനിധി എന്ന നിലയിലാണ് കോർഎപ്പിസ്കോപ്പ പള്ളികളുടെ മേൽനോട്ടം വഹിക്കുന്നത്. ഡീക്കൻപട്ടം, വൈദികപട്ടം എന്നിവ കൊടുക്കാനുള്ള അവകാശം അദ്ദേഹത്തിനില്ല. മറ്റ് പട്ടങ്ങൾ കൊടുക്കാൻ അധികാരമുണ്ട്. ഗ്രീക്കിലെ ഖോറേ എന്നപദം സുറിയാനിയിൽ കോറ് എന്നായിരിക്കുകയാണ്. ആദിമ നൂറ്റാണ്ടുകളിൽ എല്ലാ സഭകളിലും കോർഎപ്പിസ്കോപ്പാമാരുണ്ടായിരുന്നു. ഒമ്പതാംനൂറ്റാണ്ടോടെ പടിഞ്ഞാറൻ സഭയിൽ ഈ പദവി ഇല്ലാതായി.

ആദ്യകാലത്ത് നഗരങ്ങളിലെ മേലധ്യക്ഷന്മാരെ മെത്രാപ്പോലീത്തമാർ എന്നും ഗ്രാമങ്ങളിലുള്ള മേലധ്യക്ഷരെ കോർഎപ്പിസ്കോപ്പമാർ എന്നും വിളിച്ചിരുന്നു (cf. Fr. Philip Tovey, "Consecrating a corepiscopa" art. in "Christian Orient, Kottayam, 1997 June, pp 92-99).

സുറിയാനിയിൽ പെരിയാദോത്ത, പരിദിയോത്ത എന്നീ വാക്കുകൾ കോർ എപ്പിസ്കോപ്പ എന്നതിന് പകരം ഉപയോഗിക്കും. ഗ്രീക്കിലെ പെരിയാദോത്തോസ് എന്ന വാക്കിൽനിന്നുണ്ടായ പദങ്ങളാണവ. എല്ലായിടത്തും ചുറ്റിനടന്ന് സന്ദർശിക്കുന്നവൻ എന്നാണർത്ഥം. പോർത്തുഗീസിൽ വിസിത്താദോർ എന്നുംപറയും. അതു ലത്തീനിലെ വിസിത്താത്തോർ എന്ന പദമാണ്. സന്ദർശകൻ എന്നാണ് അതിനർത്ഥം.

**കൗമ്മ** കൗമ്മ ചൊല്ലുക, കൗമ്മ എത്തിക്കുക എന്നൊക്കെ സാധാരണമായി പറയാറുണ്ട്. ദൈവമേ, നീ പരിശുദ്ധനാകുന്നു എന്നു തുടങ്ങുന്ന ലഘുപ്രാർത്ഥനയ്ക്ക് കൗമ്മ എന്നുപറയും. ഉറക്കമൊഴിവോടെ ചൊല്ലേണ്ട കാനോന നമസ്കാരത്തിനും ഈ പേരുണ്ട്. എഴുന്നേല്ക്കുക, സന്നിഹിതനായിരിക്കുക, നില്ക്കുക, എന്നൊക്കെ അർത്ഥം വരുന്ന ഖാം (ഖോം, ഖും) എന്ന ഹീബ്രുധാതുവിൽനിന്നാണ് കൗമ്മ എന്ന വാക്കുണ്ടായത്. ഉദ്യോഗനിർവഹണം, ഉദ്യോഗകാലം, ആലോചനാസംഘം എന്നിങ്ങനെയും കൗമ്മയ്ക്ക് അർത്ഥമുണ്ട്.

**ക്യംതാത്തിരുനാൾ (കൈമാസാപ്പെരുന്നാൾ)** ഉയിർപ്പ് തിരുനാളിന് ഈസ്റ്റർ എന്നപദം വളരെ അടുത്തകാലത്താണ് കേരളത്തിൽ ഉപയോഗിച്ചുതുടങ്ങിയത്. പണ്ട് കൈമാസാത്തിരുനാൾ എന്നോ കൈമാസാപ്പെരുന്നാൾ എന്നോ ആണ് പറഞ്ഞിരുന്നത്. ഉദയംപേരൂർ സൂനഹദോസ് കാനോനയിൽ (ഏ.ഡി. 1599) ഇങ്ങനെ കാണുന്നു: "കൈമാസാ പെരുന്നാൾ കടന്നാൽ മെത്രാൻ ഇരിക്കുന്നെടത്ത താൻ അവിടുന്ന് കല്പിക്കുന്നെടത്ത താൻ പട്ടക്കാരൻ ചെപ്പും കൊണ്ട് ചെന്ന സൈത്ത് എല്ലാം വാങ്ങിക്കൊണ്ട് പൊരികയും വെണം" (7-ാം മൗത്വാ, 7-ാം കാനോന).

ക്യംതാ എന്ന സുറിയാനി വാക്കാണ് കൈമാസാ എന്നായിത്തീർന്നത് (തകാരം സകാരമാവുക സാധാരണമാണ്). ഖ്യാമ്താ എന്നാണ് ശരിയായ രൂപം. ഉയിർത്തെഴുന്നേല്പ് എന്നാണ് അതിൻെറ അർത്ഥം.

www.malankaralibrary.com

ഈ വാക്ക് മലയാളത്തിൽ കൈമാസാ എന്നായി. ഹീബ്രുഭാഷയിലെ ഖാം (ഖോം, ഖും) എന്ന ധാതുവിൽനിന്നാണ് ഖ്യാമ്താ എന്ന സുറിയാനി പദമുണ്ടായത്. എഴുന്നേറ്റു, സ്ഥിതിചെയ്തു, സന്നിഹിതനായി, താമസിച്ചു, ഉത്ഥാനം ചെയ്തു എന്നൊക്കെയാണ് അതിനർത്ഥം.

വർത്തമാനപ്പുസ്തകത്തിൽ ക്യന്താ എന്നാണ് പ്രയോഗം. 'ആ ദിവസം ക്യന്താപെരുന്നാൾ ആയിരുന്നതുകൊണ്ട്' (പുറം 108) എന്ന് അതിൽ കാണുന്നു (ക്യമ്താ എന്നത് ക്യന്താ എന്നാക്കിയിരിക്കുകയാണ്).

സുറിയാനിയിൽ യോം ഖ്യാമ്താ എന്നതിന് ഉയിർപ്പ് ഞായർ എന്നും ഏദാദ് ഖ്യാംതാ എന്നതിന് ഉയിർപ്പ് തിരുനാൾ എന്നും അർത്ഥം.

**ക്രിസ്തു** സുറിയാനിഭാഷയിൽ മിശിഹാ എന്ന പദത്തിന് അഭിഷേകം ചെയ്യപ്പെട്ടവൻ എന്നാണർത്ഥം. മാശീഹ് എന്ന ഹീബ്രുവാക്കിന്റെ രൂപഭേദമാണത്. ആ വാക്കിന്റെ തർജ്ജുമയായി ക്രിസ്തോസ് (Christos) എന്ന ഗ്രീക്ക് വാക്ക് ഗ്രീക്കു സപ്തതി എന്ന ബൈബിൾ വിവർത്തനത്തിൽ ഉപയോഗിച്ചു (ലേവാ. 4:3, നിയമാ. 9:25 എന്നിവിടങ്ങളിലൊഴികെ). ക്രിസ്തുമതാംരംഭത്തിനുമുമ്പുതന്നെ, ഇസ്രായേലിന്റെ പുനഃസ്ഥാപനത്തിനായി ദൈവം അയയ്ക്കുന്ന ഏകാഭിഷിക്തൻ എന്ന അർത്ഥം മാശീഹ് എന്ന ഹീബ്രുപദത്തിനുണ്ടായിരുന്നു.

അഭിഷിക്തൻ (മാശീഹ്, മിശിഹാ, ക്രിസ്തോസ്) എന്നത് ഒരു നാമവിശേഷണമാണെങ്കിലും നാമമായിട്ട് ഉപയോഗിക്കുന്നു. ഗ്രീക്ക്ഭാഷയിലെ ക്രിസ്തോസ് ലത്തീൻഭാഷയിൽ ക്രിസ്തുസ് (Christus) എന്നും പോർത്തുഗീസിൽ ക്രിസ്തോ (christo) എന്നും ഇംഗ്ലീഷിൽ ക്രൈസ്റ്റ് എന്നും രൂപപ്പെട്ടു. മലയാളത്തിൽ 16-ാം നൂറ്റാണ്ടു മുതൽ യൂറോപ്യൻ മിഷണറിമാരുടെ വരവോടെ ക്രിസ്തുസ്, ക്രിസ്തോ എന്നീ പദരുപങ്ങൾ കടന്നുവന്നു. അത് മലയാളത്തിൽ ക്രിസ്തു എന്നായിത്തീർന്നു.

**ക്രിസ്തുമതം** ക്രിസ്തുമതാനുയായികളുടെ സമൂഹം എന്നതിന് പുതിയ നിയമത്തിൽ സഭ, ദൈവരാജ്യം എന്നൊക്കെ പറയുന്നു. ക്രിസ്തുമതത്തെ (ക്രിസ്ത്യാനികളുടെ മതം എന്ന അർത്ഥത്തിൽ) കർത്താവിന്റെ മാർഗം (അപ്പ. 18:25) എന്നോ, മാർഗം (അപ്പ. 9:2; 19:9, 23; 24:4; 24: 14, 22) എന്നോ പറയപ്പെടുന്നു. പെരുമാറ്റം, ജീവിതരീതി എന്നൊക്കെയുള്ള അർത്ഥത്തിൽ ഗ്രീക്കുഭാഷയിലെ ഹോദോസ് (മാർഗം എന്ന് വാച്യാർത്ഥം) ഉപയോഗിച്ചിരുന്നതുകൊണ്ടാണ് ഈ പ്രയോഗമുണ്ടായത്. ക്രിസ്ത്യാനിയുടെ മാർഗം ക്രിസ്തുവാണ് (2 പത്രോ. 2:2; 1 കോറി. 4:17). "ഞാൻ മാർഗവും സത്യവും ജീവനുമാകുന്നു" എന്നാണല്ലോ ക്രിസ്തുപറഞ്ഞത്. കേരളത്തിലെ ക്രൈസ്തവർ തങ്ങളുടെ മതത്തെ മാർഗമെന്ന് വിളിച്ചിരുന്നുവെന്നതിന്റെ ധാരാളം തെളിവുകൾ മിഷണറിമാരുടെ ഗ്രന്ഥങ്ങളിലും 1599-ലെ ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകളിലും അക്കാലത്തെ വേദോപദേശ പുസ്തകങ്ങളിലും ഉണ്ട്. "മാർഗത്തിന്റെ മുഴുപ്പിനും" (1-ാം മൗത്വാ, 1 -ാം കാനോന) "പുത്തൻ മാർഗത്തിൽ" (2-ാം മൗത്വാ 1-ാം കാനോന) എന്നൊക്കെ ഉദയംപേരുർ സുനഹദോസിന്റെ കാനോനകളിൽ കാണാം. യഹുദമതത്തെ പഴയ മാർഗമെന്നും ക്രിസ്തുമതത്തെ പുത്തൻ

www.malankaralibrary.com

(പുതിയ) മാർഗമെന്നും അക്കാലത്ത് പറഞ്ഞിരുന്നു. ക്രിസ്തുമതം എന്ന പ്രയോഗം അടുത്തകാലത്താണുണ്ടായത്.

**ക്രിസ്തുമസ്സ്** യേശുവിന്റെ ജനനപ്പെരുന്നാളിന് (പിറവിത്തിരുനാൾ) ക്രിസ്തുമസ്സ് എന്ന ഒരു സമസ്തപദമാണല്ലോ ഇന്ന് സർവ്വസാധാരണമായി ഉപയോഗിക്കുന്നത്. ഇംഗ്ലീഷിന്റെ പ്രചാരത്തോടെ ഈ വാക്ക് മലയാളത്തിൽ പ്രവേശിച്ചു. ആംഗ്ലോ-സാക്സണിലുള്ള ക്രീസ്റ്റ്മെസ്സെ (Cristmaesse) യാണ് ഇംഗ്ലീഷിൽ ക്രിസ്ത്മസ്സ് എന്നായത്. ക്രിസ്തുവിന്റെ പിറവിയുടെ ഓർമ്മദിവസം നടത്തുന്ന കുർബാന എന്നാണ് അതിന്റെ അർത്ഥം. ലത്തീനിൽ മീസാ (missa) എന്നതിന് കുർബാന എന്നൊരർത്ഥം ആഗന്തുകമായി ലഭിച്ചിട്ടുണ്ട്. ഈ വാക്കാണ് മെസ്സെ എന്ന് ആംഗ്ലോ സാക്സണിൽ കാണുന്നത്. ഇംഗ്ലീഷിൽ മാസ് (mass) എന്നായിത്തീർന്നു, ലത്തീനിലെ മീസാ (ഫ്രെഞ്ചിലും ജർമ്മനിലും messe എന്നും).

വാസ്തവത്തിൽ, മീസാ എന്ന വാക്കിന് അയക്കപ്പെട്ടത് എന്നേ അർത്ഥമുള്ളൂ. അയയ്ക്കപ്പെട്ട സമൂഹം എന്ന് സാരം. കുർബാനയുടെ അവസാനം, ലത്തീൻ ക്രമത്തിൽ, “ഈത്തേ (കോൺഗ്രിഗാസിയോ) മീസ്സാ എസ്ത്” എന്ന് പറയുന്നുണ്ട്. പോകുവിൻ, (സമൂഹം) അയക്കപ്പെട്ടിരിക്കുന്നു എന്നാണ് അതിന്റെ അർത്ഥം (ഈത്തേ = നിങ്ങൾ പോകുക; കോൺഗ്രെഗാസിയോ = സമൂഹം; മീസ്സാ എസ്ത് = അയക്കപ്പെട്ടിരിക്കുന്നു). മീസ്സാ എന്ന വാക്ക് മധ്യയുഗത്തിൽ കുർബാനയെന്ന അർത്ഥത്തിൽ ഉപയോഗിച്ചുതുടങ്ങി. സമൂഹം എന്നതിന് കോൺഗ്രെഗാസിയോ എന്നും എക്ലേസിയ എന്നും പറഞ്ഞിരുന്നു.

അഭിഷിക്തൻ എന്നർത്ഥമുള്ള ക്രിസ്തോസ് എന്ന ഗ്രീക്കുവാക്ക് ലത്തീനിൽ ക്രിസ്തൂസ് എന്നായി. അത് ആധുനിക യൂറോപ്യൻ ഭാഷകളിലെല്ലാം രൂപഭേദത്തോടെ പ്രയോഗിച്ചുവരുന്നു (ക്രൈസ്റ്റ്, ക്രിസ്റ്റ് എന്നൊക്കെ) അതിനോട് മീസാ എന്ന വാക്ക് ചേർത്തുണ്ടാക്കിയതാണ് ക്രിസ്തുമസ്സ് (Christmas). ഇംഗ്ലീഷിൽ ക്രിസ്മസ്സ് എന്നാണ് ഉച്ചരിക്കാറ്. മലയാളത്തിൽ ക്രിസ്തുമസ്സ് എന്ന് പറയണം.

വി. മൈക്കിളിന്റെ തിരുനാളിന് ഇംഗ്ലണ്ടുകാർ മൈക്കിൾ മാസ് (Michael Mass) എന്നാണ് പറയുന്നത്. സെപ്റ്റംബർ 29-നാണ് ആ തിരുനാൾ. ഈ സമസ്തപദത്തിലും ലത്തീനിലെ മിസാ എന്ന വാക്കുതന്നെയാണുള്ളത്. അയക്കുക എന്നർത്ഥമുള്ള മിത്തെരെ എന്ന ക്രിയയിൽനിന്നുണ്ടായ മീസാ എന്ന വിശേഷണരൂപം നാമമായി കരുതപ്പെട്ടു.

കേരളത്തിൽ പണ്ട് പിറവിത്തിരുനാളിന് യൽദാപ്പെരുന്നാൾ എന്നും പറഞ്ഞിരുന്നു. പിറവി എന്നാണ് യൽദാ എന്ന സുറിയാനി പദത്തിന്റെ അർത്ഥം.

**ക്രിസ്ത്യാനി** കേരളത്തിൽ ക്രിസ്ത്യാനി എന്ന പദപ്രയോഗം തികച്ചും ആധുനികമാണ്. പതിനേഴാം നൂറ്റാണ്ടോടെയാണ്, യൂറോപ്യൻ മിഷണറിമാരുടെ സ്വാധീനംമൂലം, ഈ പ്രയോഗമുണ്ടായത്. അതിനുമുമ്പ് നസ്രായികൾ, നസ്രാണികൾ (നസ്രത്തു ഗ്രാമക്കാരനായ യേശുവിന്റെ ശിഷ്യന്മാർ എന്ന അർത്ഥത്തിൽ) എന്നിങ്ങനെയാണ് ഇവിടത്തെ ക്രിസ്തുശിഷ്യർ അറിയപ്പെട്ടിരുന്നത്. ഇന്നും നസ്രാണികളെന്ന പേരു നിലനില്ക്കുന്നു. (തരീസാപള്ളി, തരുതായ്കൾ എന്നീ വാക്കുകൾകൂടി നോക്കുക).

www.malankaralibrary.com

ക്രിസ്തുവിൻെറ അനുയായി എന്നാണ് ക്രിസ്ത്യാനി എന്ന വാക്കിൻെറ അർത്ഥം. മിശിഹാ അഥവാ അഭിഷിക്തൻ എന്നർത്ഥമുള്ള ക്രിസ്തോസ് എന്ന ഗ്രീക്ക്വാക്കിൽനിന്നാണ് ഈ പേരുണ്ടായത്. ആ വാക്കിലെ 'ഓസ്' എന്ന വിശേഷണ പ്രത്യയം ഉപേക്ഷിച്ചിട്ട് ലത്തീൻ വിശേഷണ പ്രത്യയമായ - 'ഈയാനൂസ്' ചേർത്ത് ലത്തീനിൽ ക്രിസ്ത്യാനൂസ് (Christianus) എന്ന നാമവിശേഷണമുണ്ടാക്കുന്നു. ക്രിസ്തുവിനെ സംബന്ധിച്ചവൻ എന്നർത്ഥമാണതിന്. ലത്തീൻഭാഷയിൽ ഈ പ്രത്യയം ഒരു നാമത്തോടുചേർക്കുമ്പോൾ അത് ഒരു സാധാരണ വിശേഷണ പദമായിത്തീരുന്നു (ഉദാ: പൊംപെയാനൂസ് = പൊംപേയുടെ ഒരനുയായി). ഈയാനൂസ് എന്നതിൻെറ ബഹുവചനരൂപം ഇയാനി എന്നാണ്. ഈ പ്രത്യയം ഒരുഗ്രീക്ക് വാക്കിനോട് ചേർക്കുമ്പോൾ പരിഹാസം ദ്യോതിപ്പിച്ചിരുന്നു.

ക്രിസ്ത്യാനൂസ് എന്ന ലത്തീൻ രൂപത്തിൻെറ ബഹുവചനരൂപമാണ് ക്രിസ്ത്യാനി. ക്രിസ്ത്യാനോസ് എന്ന പദം പുതിയനിയമത്തിൽ മൂന്ന് പ്രാവശ്യം പ്രയോഗിച്ചിട്ടുണ്ട്. (അപ്പ. 11:26; 26:28; 1പത്രോ. 4:16). ക്രിസ്ത്യാനി (ക്രിസ്ത്യാനോസ്, ക്രിസ്ത്യാനൂസ്) എന്ന വാക്ക് ഉപയോഗിച്ച് ക്രിസ്തു ശിഷ്യന്മാരെ ആദ്യമായി അക്രൈസ്തവർ വിളിച്ചത് അന്ത്യോക്യയിലാണെന്ന് അപ്പ. 11:26-ൽ പറയുന്നു. ക്രിസ്ത്യാനികൾ (ബഹുവചനരൂപം) എന്നതിന് ഗ്രീക്കിൽ ക്രിസ്ത്യാനോസ് എന്നും ലത്തീനിൽ ക്രിസ്ത്യാനി എന്നുമാണ് ഉപയോഗിക്കുന്നത്. മലയാളത്തിൽക്രിസ്ത്യാനി എന്ന പദം ഏകവചനമായി തോന്നുകയാൽ 'കൾ' എന്ന മലയാള ബഹുവചനപ്രത്യയം ചേർത്ത് ക്രിസ്ത്യാനികൾ എന്ന വാക്കുണ്ടാക്കി. യേശു അഭിഷിക്തൻ അഥവാ ക്രിസ്തോസ് ആണെന്ന് യഹൂദർ അംഗീകരിക്കുകയില്ല. അതുകൊണ്ട് യേശുവിൻെറ ശിഷ്യന്മാരെ യഹൂദരല്ലാത്തവരായിരിക്കണം ക്രിസ്ത്യാനികൾ എന്നു വിളിച്ചത്. ലത്തീനിലെ ക്രിസ്ത്യാനൂസ് എന്ന പദം പോർത്തുഗീസ്, ഇറ്റാലിയൻ മുതലായ യൂറോപ്യൻ ഭാഷകളിലേക്ക് അല്പം വ്യതിയാനത്തോടെ സ്വീകരിക്കപ്പെട്ടു.

യേശുവിൻെറ ശിഷ്യന്മാർ പരസ്പരം സഹോദരങ്ങൾ, വിശുദ്ധർ, ശിഷ്യർ, വിശ്വാസികൾ എന്നൊക്കെയാണ് വിളിച്ചിരുന്നത്. പേഗൻമാർ (അവിശ്വാസികൾ) തങ്ങളെ വിളിക്കാൻ ഉപയോഗിച്ചിരുന്ന ക്രിസ്ത്യാനോസ് എന്ന വിശേഷണം ആദ്യനൂറ്റാണ്ടിൽ ക്രിസ്തുശിഷ്യന്മാർ ഉപയോഗിച്ചിരുന്നില്ല. അഗ്രിപ്പാ രണ്ടാമൻ പരിഹാസത്തോടെ ഈ പദം പ്രയോഗിച്ചു - വി. പൗലോസിനോട് സംസാരിച്ചപ്പോൾ. "എളുപ്പത്തിൽ എന്നെ ക്രിസ്ത്യാനിയാക്കാമെന്നാണോ?" (അപ്പ. 26:29) എന്ന അദ്ദേഹത്തിൻെറ ചോദ്യത്തിൽ പരിഹാസം കലർന്നിട്ടുണ്ട്. പത്രോസിൻെറ ഒന്നാംലേഖനത്തിലും ആ പേരിൻെറ പിന്നിലുള്ള പരിഹാസം വ്യക്തമാകുന്നുണ്ട്: "ക്രിസ്ത്യാനി എന്ന നിലയിലാണ് ഒരുവൻ പീഡസഹിക്കുന്നതെങ്കിൽ അതിൽ അവൻ ലജ്ജിക്കാതിരിക്കട്ടെ. പിന്നെയോ ക്രിസ്ത്യാനി എന്ന നാമത്തിൽ അഭിമാനിച്ചുകൊണ്ട് അവൻ ദൈവത്തെ മഹത്വപ്പെടുത്തട്ടെ" (1 പത്രോ. 4:16) എന്നാണ് അദ്ദേഹം പറയുന്നത്. ഇന്ന് പ്രോട്ടസ്റ്റൻറുകാർ കത്തോലിക്കരെ പാപ്പാമതക്കാർ എന്നുവിളിക്കുന്നതിൽ പരിഹാസമുണ്ട്. "ഒരു പാപ്പാമതക്കാരൻ എന്ന് വിളിക്കപ്പെടുന്ന

www.malankaralibrary.com

തിൽ നാണിക്കേണ്ട" എന്ന് പറയുന്നതു പോലെയാണ് പത്രോസ് ശ്ലീഹാ ഇവിടെ പറയുന്നത്. രണ്ടാം നൂറ്റാണ്ടായപ്പോൾ ക്രിസ്ത്യാനികൾ എന്ന പേര് ക്രിസ്തുശിഷ്യർ സ്വീകരിക്കുന്നതായി കാണുന്നു. ആ പേരിനോട് ബന്ധപ്പെട്ട പരിഹാസച്ചുവ വിസ്മരിക്കപ്പെട്ടു.

യേശുവിൻെറ മാതൃഭാഷയായ അറമായാ ഭാഷയിൽ (സുറിയാനി) മ്ശീഹായാ എന്നതിന് മിശിഹായുടെ (ക്രിസ്തുവിൻെറ) അനുയായി എന്നർത്ഥമാണ്. മ്ശീഹൂസാ എന്ന വാക്കിന് ക്രിസ്തുമതമെന്ന് അർത്ഥമുണ്ട്. മ്ശിഹ്യോസാ എന്ന വാക്കിന് ക്രിസ്തുമതമെന്നും ക്രൈസ്തവരെന്നും അർത്ഥമുണ്ട്. നസ്രായ എന്ന വിശേഷണവും മ്ശിഹായാ പോലെ രൂപപ്പെട്ടതാണ്. കേരളത്തിൽ അത് നസ്രായി, നസ്രായികൾ, എന്നിങ്ങനെ രൂപംപ്രാപിച്ചു.

ക്രിസ്ത്യാനി എന്ന പദത്തെ പോർത്തുഗീസ്ഭാഷയിലുള്ള ക്രിസ്താവോ (Cristao ക്രിസ്താം, ക്രിസ്താങ്, ക്രിസ്താവോ) എന്ന വാക്ക് സ്വാധീനിച്ചിട്ടുണ്ട്. 16-ാം നൂറ്റാണ്ടിൽ ബംഗാളിലുള്ള ക്രിസ്ത്യാനികളെ ക്രിസ്താൻ എന്നാണ് മറ്റുള്ളവർ വിളിച്ചിരുന്നത്. റുഡോൾഫോ ദൽഗാദോ എന്നയാൾ എഴുതിയ പോർത്തുഗീസ്പദങ്ങളുടെ സ്വാധീനം (Influencio do Vocabulario Portugues) എന്നഗ്രന്ഥത്തിൽ (1913-ൽ കോയിമ്പ്രായിൽ അച്ചടിച്ചത്) ഇൻഡ്യയിലും മറ്റ് കിഴക്കൻ രാജ്യങ്ങളിലും പോർത്തുഗീസ് ഭാഷയിലുള്ള ക്രിസ്താവോ (ക്രിസ്ത്യാനി എന്നർത്ഥം) എന്നവാക്ക് എങ്ങനെ രൂപംമാറിവരുന്നുവെന്ന് കാണിച്ചിട്ടുണ്ട് (പേജ് 67). മലയാളത്തിൽ ക്രിസ്താന്മാർ തെലുങ്കിൽ ക്രിസ്തന്നു (കിരസ്തുവാനു) കൊങ്ങിണിയിൽ ക്രിസ്താംവ്, ബംഗാളിയിൽ ക്രിസ്താൻ, തമിഴിൽ കിറിസ്തവൻ, കനാറീസിൽ കിറിസ്താനു, കംബോഡിയൻ ഭാഷയിൽ ക്രിസ്താംങ് (പോർത്തുഗീസ് ഭാഷയിലെ ക്രിസ്താവോ എന്ന രൂപത്തോട് വളരെ അടുത്തരൂപം) ബിയാമിസ് ഭാഷയിൽ ഖ്റിസ്തങ്, ജപ്പാൻ ഭാഷയിൽ കിറിഷ്തൻ (കിറിഷിതൻ) എന്നിങ്ങനെ രൂപപ്പെട്ടതായി ആ ഗ്രന്ഥത്തിൽ പറയുന്നു.

മറ്റ് ഇന്ത്യൻ ഭാഷകളിൽ ക്രിസ്താൻ എന്ന വാക്കിൽ നിന്നുണ്ടായ ക്രിസ്തി എന്ന വാക്കോ ഇംഗ്ലീഷിലെ ക്രിസ്റ്റ്യൻ എന്നതിൽനിന്നുവരുന്ന കിറിസ്തിയൻ എന്ന വാക്കോ ആണ് ഉപയോഗിക്കുന്നതെന്ന് റുഡോൾഫ് പറയുന്നു.

മലയോ-പോളിനേഷ്യൻ ഭാഷകളിൽ നസറാനി എന്നോ സരാനി എന്നോ ആണ് ഉപയോഗിക്കുന്നത് (നസാറേനൂസ് എന്ന ലത്തീൻ വാക്കിൽ നിന്നുള്ള രൂപം). ശ്രീലങ്കയിൽ ക്രിസ്ത്യാനി എന്നാണ് പ്രയോഗം. അവിടെ പോർത്തുഗീസുകാരുടെ ക്രിസ്താവോ എന്ന പദത്തിനുപകരം ഡച്ചുകാരുടെ ക്രിസ്തെൻ എന്ന വാക്കായിരിക്കണം പ്രചരിച്ചത്. ഡച്ചുകാലഘട്ടംമുതൽ അവിടെ ക്രിസ്ത്യാനി എന്ന വാക്കാണ് സാധാരണമായി പ്രയോഗിക്കുന്നത്. ലത്തീനിലെ ക്രിസ്ത്യാനൂസ് എന്നതിൽ നിന്നാണല്ലോ അതിൻെറ ഉത്പത്തി. ക്രിസ്ത്യാനി (Christiani) എന്നത് ബഹുവചനരൂപമാണ്. ക്രിസ്തം എന്ന പദവും പ്രയോഗിച്ചിരുന്നു. അത് ഗ്രാമ്യപ്രയോഗമാണ്. പോർത്തുഗീസ് കാലഘട്ടത്തിൽ അതായിരുന്നിരിക്കണം നിത്യോപയോഗത്തിലിരുന്നത്. ക്രിസ്ത്യാനി എന്നതിലെ യകാരം (ക്രിസ്+ത്+യാ+നി) ഉച്ചാരണസൗകര്യത്തിനുവന്നുചേർന്നതാണ്.

www.malankaralibrary.com

പുതിയനിയമത്തിന്റെ ഒരു ഹിന്ദി വിവർത്തനം 1890-ൽ പ്രോട്ടസ്റ്റന്റുകാർ നിർവഹിച്ചു. അതിൽ ക്രിസ്തുമതാനുയായി എന്നതിന് ഖ്റിഷ്ട്യാൻ എന്നാണ് കാണുന്നത് (1 പത്രോ. 4:16; അപ്പ. 11:26; 26:28) ഛോട്ടാനാഗ്പൂരിൽ ഖ്റിസ്താൻ (Kristan) എന്നാണ് പ്രയോഗം.

ക്രിസ്തു എന്ന പദം തമിഴിൽ കിറിസ്തു, സിംഹള ഭാഷയിൽ ക്രിസ്ഥുസ്, മറാത്തിയിൽ ഖ്റിസ്ത, ഓറിയായിൽ ഖ്റിസ്ത എന്നൊക്കെയാണ് ബൈബിൾ തർജ്ജുമകളിൽ കാണുന്നത്. സിന്ധിയിൽ മസിഹു എന്നും സന്താളിയിൽ മസി, മാസിഹ്, ക്രിസ്ത എന്നിങ്ങനെയും കാണുന്നു. മസിഹു, മസിഹ് എന്നിവ അറമായയിലെ മ്ശീഹാ എന്നതിൽനിന്ന് രൂപപ്പെടുത്തിയതാണ്. സംസ്കൃത ബൈബിൾ തർജ്ജുമയിൽ ക്രിഷ്ട എന്നാണ് എഴുതിയിട്ടുള്ളത്.

ചുരുക്കത്തിൽ ക്രിസ്തോസ് എന്ന ഗ്രീക്ക്‌വാക്ക് ലത്തീനിൽ ക്രിസ്തൂസ് എന്നാവുകയും അത് അല്പവ്യതിയാനത്തോടെ യൂറോപ്യൻ ഭാഷകളിലേക്ക് കടക്കുകയും [പോർത്തുഗീസിൽ ക്രിസ്താം (ക്രിസ്താങ്, ക്രിസ്താവോ), ഇംഗ്ലീഷിൽ ക്രൈസ്റ്റ് എന്നിങ്ങനെ] അത് യൂറോപ്യൻ മിഷണറിമാർ പോയ സ്ഥലങ്ങളിൽ പ്രചരിപ്പിക്കുകയും ചെയ്തു. അവരുടെ മിഷണറിപ്രവർത്തനം തുടങ്ങുന്നതുവരെ മിശിഹാ എന്ന പ്രയോഗം നിലനിന്നിടത്ത് ക്രിസ്തു എന്ന വാക്ക് പ്രചരിപ്പിച്ചു. മിശിഹായാ (മ്ശീഹായാ), നസ്രായാ (നസ്രായി) എന്നൊക്കെ പ്രയോഗിച്ചിരുന്ന നാടുകളിൽ ക്രിസ്ത്യാനി എന്ന വാക്ക് പ്രചരിപ്പിക്കുകയും ചെയ്തു. ആദിമനൂറ്റാണ്ടുകളിൽ കേരളത്തിലെ ക്രിസ്ത്യാനികളെ ഈശാനികൾ (ഈശോയുടെ അനുയായികൾ) എന്നും വിളിച്ചിരുന്നുവെന്ന് മണിമേകലൈ 27-ാം കാതൈ 83-88 വരികളിൽ നിന്ന് മനസ്സിലാകുന്നു.

**ക്രിസ്മ** ഭാരതീയർക്കായി അച്ചടിക്കപ്പെട്ട ആദ്യത്തെ വേദപാഠപുസ്തകത്തിൽ (കാർത്തില്യ, 1554) സ്ഥൈര്യലേപനത്തിന് (മുമ്പിലത്തെ ഒപ്പുറുശ്മ) ക്രിസ്മ എന്നാണ് പേര് കൊടുത്തിരിക്കുന്നത്. ഒലിവെണ്ണയും (സൈത്ത്) ബാൾസം എന്ന സുഗന്ധ ദ്രവ്യവും കൂട്ടിച്ചേർത്തുണ്ടാക്കുന്ന തൈലമാണ് ക്രിസ്മ. കിഴക്കൻ സഭകളിൽ പല സുഗന്ധദ്രവ്യങ്ങളും ഇതിൽ കൂട്ടിച്ചേർക്കുന്നുണ്ട് (മൂറോൻ എന്ന വാക്ക് നോക്കുക). മാമ്മോദീസാ, സ്ഥൈര്യലേപനം, മെത്രാൻ പട്ടാഭിഷേകം, വസ്തുക്കളുടെ പവിത്രീകരണം എന്നീ മതകർമ്മാനുഷ്ഠാനങ്ങളിൽ പൂശാൻ ക്രിസ്മ ഉപയോഗിക്കുന്നു. പെസഹാ വ്യാഴാഴ്ച നടക്കുന്ന കുർബാനയിൽ മെത്രാനാണ് ക്രിസ്മ ആശീർവദിക്കുന്നത്. പെസഹാവ്യാഴാഴ്ചത്തെ കുർബാനയ്ക്ക് ലത്തീനിൽ മീസാ ക്രിസ്മാത്തിസ് എന്നും ഇംഗ്ലീഷിൽ ക്രിസംമാസ് എന്നുംപറയുന്നത് അതുകൊണ്ടാണ്.

ഒരു ഗ്രീക്ക് വാക്കാണ് ക്രിസ്മ. ലത്തീൻഭാഷയിലും അതുതന്നെ ഉപയോഗിക്കുന്നു. ഇംഗ്ലീഷിൽ Chrism, Chrisom എന്നിങ്ങനെ രൂപം മാറിയിട്ടുണ്ട്. പൂശാനുള്ള തൈലമായതുകൊണ്ടാണ് ക്രിസ്മ എന്ന് ഇതിന് പേരുണ്ടായത് (കിഴക്കൻ സഭകളിൽ മൂറോൻ എന്നാണ് പറയുക). പൂശുക എന്നർത്ഥമുള്ള ക്രിയേയ്ൻ എന്ന ഗ്രീക്ക് ധാതുവിൽനിന്നാണ് ക്രിസ്മ എന്ന നാമമുണ്ടാകുന്നത്. ക്രിസ്തോസ് എന്നതിന് പൂശപ്പെട്ടവൻ, അഭിഷേകം ചെയ്യപ്പെട്ടവൻ

www.malankaralibrary.com

എന്നാണർത്ഥം. സംസ്കൃതത്തിലെ 'കൃ' എന്ന ധാതുവുമായി ഗ്രീക്കിലെ ക്രിയെയ്ൻബന്ധപ്പെട്ടിരിക്കുന്നു. (ക്രിസ്തു എന്ന വാക്ക് നോക്കുക).

**ക്രൂസെയ്ഡ്** ക്രിസ്തുവിൻെറ ജനനവും മരണവും വഴി ക്രൈസ്തവർ സംപൂജ്യമായിക്കരുതിയിരുന്ന നാട് മുസ്ലിങ്ങൾ പിടിച്ചെടുക്കുകയും അങ്ങോട്ടുള്ള തീർത്ഥാടനം ദുസ്സാധ്യമാക്കുകയും ക്രിസ്തുവിൻെറ തിരുക്കല്ലറ തകർക്കുകയും (1010-ൽ) ചെയ്തപ്പോൾ, യൂറോപ്പിലെ ക്രൈസ്തവ രാജാക്കന്മാർ നടത്തിയ, വിമോചനോദ്യമമാണ് ക്രൂസെയ്ഡ് (Crusade) എന്ന് കേൾക്കുമ്പോൾ മനസ്സിൽ വരുന്നത്. ഈ വാക്ക് കുരിശുയുദ്ധം എന്ന് മലയാളത്തിലേക്ക് വിവർത്തനം ചെയ്യുമ്പോൾ വീണ്ടെടുക്കൽ ശ്രമം എന്ന ആശയത്തെ മറച്ചുവയ്ക്കുകയാണ്. സന്നദ്ധസേവനം എന്ന അതിൻെറ സ്വഭാവത്തെയും മറച്ചുകളയുന്നു. ക്രൂസെയ്ഡ് എന്ന വാക്കിന് കുരിശുയുദ്ധം എന്ന് അർത്ഥമില്ല. മലയാളത്തിലല്ലാതെ മറ്റൊരു ഭാഷയിലും യുദ്ധം എന്ന പദം ചേർത്ത് അത് വിവർത്തനം ചെയ്തിട്ടുള്ളതായി കേട്ടിട്ടുമില്ല. പണ്ട്, ക്രൂസെയ്ഡ് എന്ന പദം വിശുദ്ധനാടുകളുടെ വിമോചനശ്രമത്തെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്നതിന് വളരെക്കാലം മുമ്പ്, മറ്റ് സാമൂഹിക പ്രവർത്തനങ്ങളെ സൂചിപ്പിക്കാൻ ഉപയോഗിച്ചിരുന്ന വാക്കാണിത്.

ലത്തീൻഭാഷയിൽ ക്രൂക്സ് (Crux) എന്ന വാക്കിന് കുരിശ് എന്നർത്ഥം. കുരിശുകൊണ്ട് അടയാളപ്പെടുത്തുക എന്നർത്ഥമുള്ള Croiser എന്നക്രിയാരൂപം പൗരാണിക ഫ്രഞ്ചുഭാഷയിലുണ്ടായി. അതിൽനിന്ന് അടയാളപ്പെടുത്തൽ എന്നർത്ഥമുള്ള Croisee എന്ന വാക്കുമുണ്ടായി. അതിൽനിന്ന് Croisade എന്ന നാമവും ജനിച്ചു. ഇത് സ്പാനിഷ് ഭാഷയിൽ ക്രുസാദാ (Cruzada) എന്നായി, പോർത്തുഗീസ് ഭാഷയിൽ ക്രൂസാദാ എന്നും. പതിനാറാം നൂറ്റാണ്ടിൽ ഈ പദം ഇംഗ്ലീഷ്ഭാഷയിൽ ഉപയോഗിച്ചു തുടങ്ങി. ക്രൂസെയ്ഡ് എന്നാണ് അവർ ഉച്ചരിക്കുന്നത്. കുരിശടയാളം വഹിച്ച് ചെയ്യുന്ന സന്നദ്ധസേവനത്തെയാണ് ക്രൂസാദെ അല്ലെങ്കിൽ ക്രൂസെയ്ഡ് എന്ന് വിളിച്ചിരുന്നത്. തിന്മയോടുള്ള എതിർപ്പ്, സാഹസികത എന്നിവയെ അത് ദ്യോതിപ്പിക്കുന്നു. ഏ.ഡി. 1096 മുതൽ 1270 വരെ വിശുദ്ധനാട് വീണ്ടെടുക്കാൻ നടത്തിയ ശ്രമങ്ങൾക്കും ഈ വാക്ക് ഉപയോഗിച്ചു, അതിൻെറ ശരിയായ അർത്ഥത്തിലല്ലെങ്കിലും. പോർത്തുഗീസ് ഭാഷയിൽ ക്രൂസാദാ, പ്രൊവെൻകൽ ഭാഷയിൽ ക്രോസാദാ, ഇറ്റാലിയനിൽ ക്രോച്ചിയാദാ, സ്പാനിഷിൽ ക്രൂസാദാ, ഇംഗ്ലീഷിൽ ക്രൂസെയ്ഡ്, ഫ്രഞ്ചിൽ ക്രോയ്സാദെ എന്നിങ്ങനെ വിവിധ രൂപങ്ങളിൽ കാണപ്പെടുന്ന ഈ വാക്കിൻെറ അവസാനഭാഗത്തുള്ളത് ആദ എന്ന പ്രത്യയമാണ് (സ്പാനിഷ് പോർത്തുഗീസ് പ്രൊവെൻകൽ എന്നിവയിൽ ആദാ, ഫ്രഞ്ചിൽ ആദെ, ഇറ്റാലിയനിൽ ആതാ). അപകൃഷ്ട ലത്തീൻ ഭാഷയിലെ ആതാ എന്ന പ്രത്യയം തന്നെയാണത്. ഒരു പ്രവൃത്തിയെയോ പ്രവൃത്തിയുടെ ഫലത്തെയോ, പ്രവൃത്തി ചെയ്യുന്ന വ്യക്തിയെയോ കർമ്മോത്സുകരുടെ സമൂഹത്തെയോ അത് സൂചിപ്പിക്കും. ഗ്രീക്കിൽ അസ്, ആദോസ് എന്നിങ്ങനെയും ലത്തീനിൽ താസ്, തൂദൊ എന്നിങ്ങനെയും അത് കാണപ്പെടുന്നു. സംസ്കൃതത്തിലെ 'ത്വം' എന്ന പ്രത്യയവുമായി ഇത് ബന്ധപ്പെട്ടിരിക്കുന്നു. (ഇം

www.malankaralibrary.com

ശ്ലീഷിൽ ദ കാരം ഡ കാരമായിത്തീർന്നിട്ടുണ്ട്).

കുരിശടയാളമുള്ള കൊടിധരിച്ച് ഏർപ്പെടുന്ന ഒരു പ്രവൃത്തിയായതുകൊണ്ടാണ് വിശുദ്ധനാടിന്റെ വിമോചനശ്രമത്തിന് ക്രൂസെയ്ഡ് എന്ന പേരു വന്നത്.

**ക്രേദോ** വിശ്വാസപ്രമാണം എന്ന പ്രയോഗം 18-ാം നൂറ്റാണ്ടിൽ തുടങ്ങിയതാണ്. അതിനുമുമ്പ് വിശ്വാസസംഹിതയെ സൂചിപ്പിക്കാൻ കേരളക്രിസ്ത്യാനികൾ വേറെ വാക്കാണ് ഉപയോഗിച്ചിരുന്നത്. ആദിമകാലത്ത് മൗദിയാനുസാ (വിശ്വാസം) മ്ഹൈമ്മനീനൻ (= ഞങ്ങൾ വിശ്വസിക്കുന്നു) എന്നീ സുറിയാനി പ്രയോഗങ്ങളും വിശ്വാസം, വിശ്വസിക്കുന്നേൻ (= ഞാൻ വിശ്വസിക്കുന്നു) എന്നീ പ്രയോഗങ്ങളുമുണ്ടായിരുന്നു. ഉദയം പേരൂർ സൂനഹദോസിന്റെ കാനോനകളിൽ (ഏ.ഡി. 1599) ഈ പ്രയോഗങ്ങൾ കാണാം. ഏ.ഡി. 1772-ൽ അച്ചടിച്ച സംക്ഷേപവേദാർത്ഥം എന്ന വേദപാഠപുസ്തകത്തിൽ (ക്ലെമൻറ് പീയാനിയൂസ് എഴുതിയത്) വിശ്വസിക്കുന്നേൻ എന്ന നമസ്ക്കാരം എന്നും (പുറം 21) വിശ്വാസപ്രമാണമെന്നും (പുറം 24) എഴുതിയിട്ടുണ്ട്. "ശ്ലീഹന്മാരുടെ വിശ്വാസപ്രമാണമായ വിശ്വസിക്കുന്നെൻയെന്നതിന്മേൽ" എന്നാണ് അതിലെ ശ്രദ്ധേയമായ പ്രയോഗം (പുറം 24).

എന്നാൽ ലത്തീൻ ആരാധനാക്രമം ഇവിടെ നടപ്പിലായകാലം മുതൽ ലത്തീൻ റീത്തിൽപ്പെട്ടവർ വിശ്വസിക്കുന്നേൻ എന്നതിനുപകരം ക്രേദോ എന്ന ലത്തീൻവാക്ക് ഉപയോഗിച്ചു തുടങ്ങി. ക്രേദോ എന്നതിന് ഞാൻ വിശ്വസിക്കുന്നു എന്നാണർത്ഥം (ഒരു ക്രിയാരൂപമാണത്). സംസ്കൃതത്തിലെ ശ്രദ്ധ എന്ന ധാതുവുമായി അത് ബന്ധപ്പെട്ടിരിക്കുന്നു. സംസ്കൃതത്തിലെ ശകാരം ലത്തീനിൽ കകാരമായിക്കാണുന്നു. ഗ്രീക്കിൽനിന്നാണ് അത് ലത്തീനിലെത്തിയത്. വിശ്വാസം എന്നതിന് ലത്തീനിൽ ഫീദെസ് എന്ന വേറെ പദമുണ്ട്. വിശ്വസിക്കുക എന്നതിന് ഫീദെരെ എന്ന ക്രിയയുമുണ്ട്. അതും ഗ്രീക്കിൽ നിന്നുള്ളതാണ്. ഗ്രീക്കിലെ പിഥ് (പെയ്ഥോ എന്ന ക്രിയയുടെ ധാതു) എന്ന ധാതുവുമായി ബന്ധപ്പെട്ടതുമാണ്.

ശ്രദ്ധ എന്ന സംസ്കൃതപദത്തിന് വിശ്വാസം, വിശ്വസ്തത, ആശ്രയബോധം എന്നൊക്കെ അർത്ഥമുണ്ട്. ഗ്രീക്കിലെ കാർദിയ എന്ന പദത്തിന് ഹൃദ് (ഹൃദയം) എന്നാണർത്ഥം. ഈ പദവും ശ്രദ്ധയുമായി ബന്ധപ്പെട്ടതാണ്. ഹകാരം ഗ്രീക്കിൽ കകാരമായി മാറി എന്നേ ഉള്ളു. ലത്തീനിൽത്തന്നെ കാണുന്ന കോർ (=ഹൃദയം)-കോർദിസ് (=ഹൃദയത്തിന്റെ) എന്നപദം ഇതിനൊരു തെളിവാണ്. ഈ വാക്ക് ജർമ്മനിൽ ഹെർത്സ് (Herz) എന്നും ഇംഗ്ലീഷിൽ ഹാർട്ട് എന്നുമായിരിക്കുന്നു. സംസ്കൃതത്തിൽ ശ്രത്, ശ്രദ് എന്നിങ്ങനെ രണ്ടുരൂപങ്ങളിൽ വരുന്ന ഒരു അവ്യയമുണ്ട്. അതിന് സത്യം, വിശ്വസ്തത എന്നൊക്കെ അർത്ഥം വരും. അപ്പോൾ ഹൃദയവുമായി (ഹൃദ്) ബന്ധപ്പെട്ടതാണ് ശ്രത് (ശ്രദ്). വിശ്വാസം ഹൃദയവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഹൃദയം കൊടുക്കലാണ് ശ്രദ്ധ. ലത്തീനിൽ ക്രെദ് (=ഹൃദയം) ദോ (ഞാൻ തരുന്നു, ഞാൻ കൊടുക്കുന്നു) എന്നിവ ചേർന്നാണ് ക്രേദോ എന്ന ക്രിയയുണ്ടായത്.

അങ്ങനെ ക്രേദോ എന്ന പദം സംസ്കൃതം ഉപയോഗിക്കുന്ന നമുക്ക് അന്യമെന്ന് പറഞ്ഞുകൂടാ. ഹൃദ്, കോർദ്, കാർ

www.malankaralibrary.com

ദിയ, ശ്രത്, ശ്രദ്ധ എന്നിവ തമ്മിലുള്ള ബന്ധം അത് വ്യക്തമാക്കുന്നു. (മൗദിയാനൻ, മൗദിയാനൂസ എന്നീ വാക്കുകൾകൂടി കാണുക).

**ക്രോവേന്മാർ** ഹീബ്രുഭാഷയിലെ കെറൂബ് എന്ന വാക്കാണ് സുറിയാനിയിൽ ക്രോവേ എന്നും, ഗ്രീക്ക്-ലത്തീൻ ഭാഷകളിലൂടെ കടന്ന് ഇംഗ്ലീഷിൽ ചെറുബ് (Cherub) എന്നും രൂപംമാറിയത്. സ്തുതിക്കുക എന്നർത്ഥമുള്ള ക്റ്ബ് എന്ന ക്രിയാധാതുവിൽനിന്നുണ്ടായ നാമമാണത്. ആ ധാതുവാകട്ടെ അക്കാദിയൻ ഭാഷയിലെ കരാബു എന്ന ക്രിയയിൽനിന്നുവരുന്നു. കാരിബു എന്നതിന് സ്തുതിക്കുന്നവൻ, പ്രാർത്ഥിക്കുന്നവൻ എന്നൊക്കെയാണർത്ഥം. മാലാഖമാരുടെ ഒരു ഗണത്തെയാണ് ക്രോബേ (ക്രോവേന്മാർ) എന്ന് വിളിക്കുന്നത്. പഴയനിയമഗ്രന്ഥത്തിൽ ക്രോവേ മാലാഖമാരെപ്പറ്റി പറയുന്നുണ്ട്. (പുറ. 25: 18; 37:7; 25:22; സംഖ്യ 7:8, 9 മുതലായ വാക്യങ്ങൾ) യഹോവയുടെ സേവകൻ എന്ന സങ്കല്പമാണ് പഴയനിയമത്തിലുള്ളത്. സ്തുതിക്കുന്നവരായും സംരക്ഷിക്കുന്നവരായും ക്രോവേന്മാർ കരുതപ്പെടുന്നു.

ഹീബ്രുവിൽ കെറൂബ് എന്നതിൻെറ ബഹുവചനരൂപം കെറുബീം എന്നാണ്. ക്രോവേ എന്നത് സുറിയാനിയിലെ ബഹുവചന രൂപമാണ്. മലയാളികൾ അതിനോട് മാർ, ൻമാർ എന്നിവ കൂട്ടിച്ചേർത്തിരിക്കുന്നു. പ്രാർത്ഥനകളിൽ ധാരാളമായി പ്രയോഗിക്കുന്ന വാക്കാണ് ക്രോവേന്മാർ. ക്രൂബന്മാർ എന്നൊരു പ്രയോഗവും മലയാളത്തിലുണ്ട് (കിഴക്കിൻെറ സുറിയാനി സഭയുടെ കൂദാശ ക്രമം, മാർ നർസൈ പ്രസ്സ്, 1959, പുറം 145).

**ക്ലേരി** വൈദികൻ എന്ന അർത്ഥത്തിൽ ക്ലേരി എന്ന വാക്ക് മലയാളത്തിൽ ഉപയോഗിക്കാറുണ്ട്. 1871-ൽ മാന്നാനത്ത് അച്ചടിച്ച മൊരാൾ തെഒളൊഗിയ (ധർമ്മശാസ്ത്രം) എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ കാണുന്നു: “മക്കൾക്കും ക്ലെരിമാർക്കും സ്ത്രീജനങ്ങൾക്കുമുള്ള വസ്തുക്കളുടെ കർത്തവ്യത്തിന്മേൽ എന്തെല്ലാം സൂക്ഷിച്ചറിയേണ്ടതാകുന്നു?” (പുറം 242). വൈദികവിദ്യാർത്ഥിയെന്ന അർത്ഥത്തിലും ക്ലേരി എന്ന വാക്ക് ഉപയോഗിക്കും.

ഗ്രീക്കിൽനിന്ന് ലത്തീനിലൂടെ മലയാളത്തിലെത്തിയ വാക്കാണ് ക്ലേരി. പോർത്തുഗീസിൽ ക്ലേരോ എന്നതിന് വൈദിക സമൂഹമെന്നും ക്ലെരിഗോ എന്നതിന് ഒരു വൈദികൻ എന്നും അർത്ഥമാണ്. ഈ വാക്കിൻെറ പിന്നിൽ വലിയൊരു ചരിത്രമുണ്ട്. ഓഹരി എന്നർത്ഥമുള്ള ക്ലേരോസ് എന്ന ഗ്രീക്കുവാക്കിൽനിന്ന് ഓഹരിയുള്ളവൻ എന്നർത്ഥമുള്ള ക്ലേരിക്കോസ് എന്ന വിശേഷണമുണ്ടാകുന്നു. ലത്തീൻഭാഷയിൽ അത് ക്ലെരിക്കൂസ് (Clericus) എന്നാകും. ലത്തീനിൽനിന്ന് ആധുനിക യൂറോപ്യൻ ഭാഷകളിലേക്ക് അത് പല രൂപങ്ങളിൽ പ്രവേശിച്ചു - ക്ലെർജി, ക്ലെർക്, ക്ലെരിക് എന്നൊക്കെ.

ഓഹരി എന്നർത്ഥമുള്ള ക്ലെരിക്കോസ് (ക്ലേരിക്കൂസ്) എന്ന വാക്ക് വൈദികരെ സൂചിപ്പിക്കാൻ ഒരു കാരണമുണ്ട്. നിയമാവർത്തന പുസ്തകത്തിൽ, വൈദികർക്ക് മറ്റുള്ളവരെപ്പോലെ ഭൗതിക വസ്തുക്കളുടെ ഓഹരി ഉണ്ടായിരിക്കുകയില്ലെന്നും അവരുടെ ഓഹരി (ക്ലേരോസ്) കർത്താവാണെന്നും പറയുന്നുണ്ട് (നിയമ. 18: 1-2). കർത്താവ് മാത്രം ഓഹരിയായിട്ടുള്ളവനാണ് ക്ലേരിക്കോസ് അഥവാ വൈദികൻ.

www.malankaralibrary.com

ക്ലെരിക്കൂസ് എന്ന ലത്തീൻ വാക്കിന് എഴുത്തും വായനയും അറിയാവുന്നവൻ (പണ്ഡിതൻ) എന്നൊരർത്ഥവുമുണ്ടായി. അതിൻെറ കാരണം യൂറോപ്പിൽ പണ്ട് അക്ഷരാഭ്യാസം സന്ന്യാസ ഭവനങ്ങളിലും വൈദിക പരിശീലനകേന്ദ്രങ്ങളിലും മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്നതാണ്. ഇതുകൂടാതെ പകർത്തിയെഴുതുന്നവൻ എന്നൊരർത്ഥവും ഈ വാക്കിനുണ്ടായി. സന്ന്യാസിമാരും വൈദികരും വേദഗ്രന്ഥങ്ങളും ക്ലാസിക്ക് കൃതികളും വരും തലമുറകൾക്കുവേണ്ടി നിരന്തരം പകർത്തിയെഴുതിക്കൊണ്ടിരുന്നു. അച്ചടിയില്ലാത്ത കാലത്ത് ഗ്രന്ഥങ്ങൾ നിലനിറുത്താനുള്ള മാർഗ്ഗം അത് മാത്രമായിരുന്നല്ലോ. ജീവിതം മുഴുവനും പുസ്തകങ്ങൾ പകർത്തി കഷ്ടപ്പെടുന്ന ക്രൈസ്തവ സന്ന്യാസിമാരോട് കരുണ തോന്നിയിട്ടാണ് ജോഹാന്നസ് ഗുട്ടൻബർഗ് അച്ചടിവിദ്യ (ചലിക്കുന്ന പ്രസ്സ്) കണ്ടുപിടിച്ചതെന്ന് പറയപ്പെടുന്നു. ഏ.ഡി. 1436-ലായിരുന്നു ആ സംഭവം. ഇംഗ്ലീഷിലെ ക്ലർക്ക് എന്ന വാക്കിന് പകർത്തി എഴുതുന്നവൻ എന്നാണ് ഇന്നത്തെ സാമാന്യമായ അർത്ഥം.

ഇവിടെ സൂചിപ്പിച്ച ഓഹരി എന്ന പദം ഭാഗിച്ചുകൊടുത്തു എന്നർത്ഥമുള്ള ബ്ക്റ് എന്ന സുറിയാനി വാക്കിൽനിന്നുണ്ടായതും പേർഷ്യൻ ഭാഷവഴി ഇൻഡ്യയിൽ പ്രചരിച്ചതുമാണ്.

## ഗ

**ഗ്മൂർത്ത (ഗ്മൂർത്തോ)** വിശ്വാസികൾക്ക് നൽകുവാനായി മാറ്റിവയ്ക്കുന്ന കുർബാനയപ്പത്തിനാണ് ഗ്മൂർത്തോ എന്ന് പടിഞ്ഞാറൻ സുറിയാനിയിൽ പറയുന്നത് (ഗ്മൂർത്താ എന്നാണ് കിഴക്കൻ സുറിയാനിയിൽ). തീക്കട്ട എന്നാണ് ഈ പദത്തിൻെറ മൗലികമായ അർത്ഥം. ആശീർവദിക്കപ്പെട്ട, പവിത്രീകരിക്കപ്പെട്ട, അപ്പം തീക്കട്ട എന്ന് വിളിക്കപ്പെട്ടു. ഏശയ്യാ പ്രവാചകൻെറ ഗ്രന്ഥത്തിലുള്ള ഒരു സംഭവമാണ് ഈ അർത്ഥവ്യാപ്തിക്ക് നിദാനം. "അപ്പോൾ സെറാഫ്കളിലൊന്ന് ബലിപീഠത്തിൽനിന്ന് കൊടിൽകൊണ്ട് എടുത്ത ഒരു തീക്കനലുമായി എൻെറയടുത്തേക്ക് പറന്നുവന്നു. അവൻ എൻെറ അധരങ്ങളെ സ്പർശിച്ചിട്ട് പറഞ്ഞു: ഇത് നിൻെറ അധരങ്ങളെ സ്പർശിച്ചിരിക്കുന്നു. നിൻെറ മാലിന്യം നീക്കപ്പെട്ടു. നിൻെറ പാപം ക്ഷമിക്കപ്പെട്ടിരിക്കുന്നു" (ഏശയ്യ 6: 6-7).

## ച

**ചമയപ്പുര (കപ്പിത്തിയും,- കപ്പിച്ചേരിയ, സാക്രിസ്ത്യ, സങ്കീർത്തി)** പോർത്തുഗീസുകാർ വന്നകാലം മുതൽ (ഏ.ഡി. 1500) പള്ളികളിൽ ചമയപ്പുരയുണ്ടാക്കി. "എല്ലാ പള്ളികളിലും ചമയപ്പെരയും അതിൽ അൾമാരിയും പെട്ടകവും ഒണ്ടായിരിക്കണം. കാസായും ചീലകളും ചെഷം ചമയങ്ങളും ചരസിപ്പാൻ. ഇപ്പോഴത്തെ നെറ്റിക്ക കുപ്പായവും കാസായും ചീലകളും ത്രൊണോസുമ്മെൽ ആരും വൈക്കയും അരുത്" എന്നിങ്ങനെ ഏ.ഡി. 1599-ൽ ഉദയംപേരൂർ സൂനഹദോസ് കല്പിച്ചു (6-ാം മൗത്വാ 22-ാം കാനോന). എല്ലാ പള്ളികളിലും ചമയപ്പുര (ചമയങ്ങൾ സൂക്ഷിക്കാനുള്ള മുറി)യും അതിൽ അലമാരയും പെട്ടിയും ഉണ്ടായിരിക്കണം, കാസയും തിരുവസ്ത്രങ്ങളും മറ്റ് ചമയങ്ങളും സൂക്ഷിക്കാൻ. ഇപ്പോഴത്തെ പതിവനുസരിച്ച് കുപ്പായവും കാസയും ശീലകളും ത്രോണോസിൽ (ബലിപീഠ

www.malankaralibrary.com

ത്തിൽ, മദ്ബഹയിൽ) ആരും വയ്ക്കരുത് എന്ന് സാരം. ചമയപ്പുരയിലെ അലമാരയുടെ താക്കോൽ വിഗാരിയുടെ (വികാരി) വീട്ടിൽ സൂക്ഷിക്കണമെന്നാണ് സൂനഹദോസ് നിശ്ചയിച്ചത്. പക്ഷേ, ചമയപ്പുരയുടെയും അലമാരയുടെയും പള്ളിയുടെയും താക്കോൽ കപ്യാരാണ് സൂക്ഷിച്ചത്. ഇന്നും അങ്ങനെ തന്നെ. എ.ഡി. 1599 വരെ ചമയപ്പുര (സങ്കീർത്തി) എന്നൊരു പ്രത്യേകമുറി എല്ലാ പള്ളികൾക്കുമുണ്ടായിരുന്നില്ല.

കർമ്മാനുഷ്ഠാനങ്ങൾക്ക് ആവശ്യമായ കാസാ, പീലാസ, തിരുവസ്ത്രങ്ങൾ, മൂറോൻ, ഗ്രന്ഥങ്ങൾ മുതലായവ സൂക്ഷിക്കുന്ന മുറിയ്ക്ക് മലയാളത്തിൽ പറഞ്ഞ പേരാണ് ചമയപ്പുര. ഇതുതന്നെയാണ് സുറിയാനിയിൽ ബേസ്ഗസാ, ബേസ് ദിയാക്കോൻ, ബേസ് റാസേ, ദിയാക്കോനിയോൻ, ദിയാക്കോനിക്കോൻ എന്നൊക്കെ പറഞ്ഞിരുന്നത്. യൂറോപ്യൻ മിഷണറിമാർ അവരുടെ മതഭാഷയായ ലത്തീനിൽ കപ്പിത്തിയും, കപ്പിസിയും, കപ്പിച്ചേരിയും, കപ്പിച്ചേരിയ, സാക്രിസ്ത്യ, ദിയാക്കോണിക്കും എന്നൊക്കെ ഈ ചമയപ്പുരയെ വിളിച്ചു. പോർത്തുഗീസ് ഭാഷയിൽ വെസ്തിയാരിയോ (തിരുവസ്ത്രങ്ങൾ സൂക്ഷിക്കുന്ന സ്ഥലം) എന്നും വിളിച്ചു. സാക്രിസ്ത്യ (വിശുദ്ധവസ്തുക്കൾ സൂക്ഷിക്കുന്ന സ്ഥലം) എന്ന ലത്തീൻ വാക്ക് പോർത്തുഗീസിലുമുണ്ട്. ഇതിൽനിന്നാണ് സങ്കീർത്തി എന്ന വാക്കുണ്ടായത്.

പോർത്തുഗീസ് മിഷണറിമാർ വരുമ്പോൾ കേരളത്തിലെ പള്ളികൾ ക്ഷേത്രാകൃതിയിലായിരുന്നുവെന്നാണ് അവർതന്നെ എഴുതിയിട്ടുള്ളത്. അക്കാലത്ത് പള്ളിയിലെ മദ്ബഹയിൽ (ബലിവേദി) വടക്കേവശത്തുള്ള ഭിത്തി തുരന്ന് നിർമ്മിച്ച അലമാര (അലമാരി) അല്ലെങ്കിൽ ഭിത്തിയോട് ചേർത്തിടുന്ന മേശ ആയിരുന്നു ബേസ് ദിയാക്കോൻ അഥവാ ബേസ്ഗസ്സ. മിഷണറിമാർ മദ്ബഹയോട് ചേർന്ന് പ്രത്യേക മുറി പണിയിച്ചു. ഇന്നത്തെ കത്തോലിക്കാ ദേവാലയങ്ങളിൽ കാണുന്ന സങ്കീർത്തി തന്നെ. മദ്ബഹയിലെ പൂജാപാത്രങ്ങളും മറ്റും ആ മുറിയിലേക്ക് മാറ്റി. ആ മുറിക്ക് അവരുടെ ഭാഷയിലുള്ള പേരും നല്കി.

ആ മുറിയുടെ അധികാരിയായി അല്മായനെത്തന്നെ നിയമിച്ചു. നൂറ്റാണ്ടുകളായി ദിയാക്കോന്മാരുടെ (ശെമ്മാശന്മാരുടെ) അഭാവമോ അപൂർവതയോ മൂലം ദിയാക്കോൻെറ ജോലി അല്മായർ ചെയ്യേണ്ടിവന്നിരുന്നു. ദിയാക്കോൻ പട്ടം കിട്ടിയ ആളാണ്. അല്മായനെ ദിയാക്കോനെന്ന് വിളിക്കാനാവുകയില്ല. അതുകൊണ്ട് ദിയാക്കോണിയായുടെ കാര്യസ്ഥനെ ലത്തീൻ ഭാഷയിൽ കപ്പിത്തിയാരിയുസ്, കപ്പിച്ചേരിയൂസ്, കപ്പിയാരിയൂസ് എന്നിങ്ങനെ വിളിച്ചു. കപ്പിത്തിയാരിയൂസ് (കപ്പിസ്യാരിയൂസ്) എന്ന വാക്ക് കപ്പിയാരിയുസ് എന്ന് ചുരുങ്ങി. ആ പദം കപ്പിയാര, കപ്പിയാരി, കപ്പി എന്നൊക്കെ പലരൂപങ്ങളിൽ പ്രത്യക്ഷപ്പെട്ട് അവസാനം കപ്പിയാര് (കപ്യാര്) എന്ന രൂപത്തിലെത്തി. എ.ഡി. 1599-ൽ ഉദയംപേരൂർ സൂനഹദോസ് നടക്കുമ്പോൾ നൂറോളം വർഷത്തെ പ്രയോഗംകൊണ്ട് കപ്പിയാര് എന്നവാക്ക് പ്രതിഷ്ഠ നേടിയിരുന്നു; തെസരോര്, അലമാര (അലമാരി) ഓസ്തിയാര് മുതലായ വാക്കുകൾ പോലെ.

സൂനഹദോസ് നടക്കുന്ന കാലത്ത് ചമയപ്പുരയിൽ (കപ്പിത്തിയുമിൽ) വെച്ചൂട്ട് നടത്താനുള്ള വലിയ വാർപ്പുകളും

www.malankaralibrary.com

മറ്റും സൂക്ഷിച്ചിരുന്നു. വിശുദ്ധവസ്തുക്കൾ സൂക്ഷിക്കേണ്ട കപ്പിത്തിയുമിൽ നിന്ന് അവ മാറ്റി കപ്പ്യാരിയൂസിൻെറ വീട്ടിൽ കൊണ്ടുപോയി സൂക്ഷിക്കണമെന്നും സൂനഹദോസ് കല്പിച്ചു.

മിഷണറിമാരുടെ സ്വാധീനമുണ്ടായ ദേവാലയങ്ങളിലെല്ലാം പാശ്ചാത്യമാതൃകയിൽത്തന്നെ (മദ്ബഹയുടെ പിറകിൽ) സങ്കീർത്തി (കപ്പിത്തിയും, കപ്പിച്ചേരിയ, ചമയപ്പുര) നിർമ്മിച്ചിട്ടുണ്ട്. അല്ലാത്ത ചില ദേവാലയങ്ങളിൽ മദ്ബഹയുടെ വടക്കുവശത്ത് അത് നിർമ്മിച്ചിട്ടുണ്ട്.

(കപ്പിച്ചേരിയ, കപ്പൂസ്, കപ്പ്യാര്, സങ്കീർത്തി, സാക്രിസ്ത്യ, സാക്രിസ്റ്റ്യൻ എന്നീ വാക്കുകൾ കൂടി നോക്കുക).

**ചരസിക്കുക** സൂക്ഷിച്ചുവയ്ക്കുക, വിശ്വസ്തതാപൂർവ്വം സംരക്ഷിക്കുക എന്നിങ്ങനെ പറയേണ്ടിടത്ത് ചരസിക്കുക എന്ന പ്രയോഗം പഴയ കൃതികളിൽ ധാരാളമായിക്കാണാം. ഉദയംപേരൂർ സൂനഹദോസിൻെറ കാനോനയിൽ (1599) ഇങ്ങനെയാണ് പ്രയോഗം. "ചരസിച്ചു വെക്കണം" "ചരസിപ്പാൻ" (7-ാം മൗത്വാ 7-ാം കാനോന) എന്നൊക്കെ അതിൽ കാണുന്നു. റോസിൻെറ നിയമാവലിയിൽ (1606), "അതിൻെറ താക്കൊൽ വികാരി ചരസിക്കുകയും വെണം" എന്ന് പറയുന്നു.

സംസ്കൃതത്തിലെ ശ്രദ്ധ എന്ന വാക്കാണ് മലയാളത്തിൽ ചരത (ശ്-ര്-ധ്, ച്-ര-ത്) എന്നായിത്തീർന്നത്. തകാരം സകാരമായിത്തീർന്ന് ചരസ എന്നും വന്നു. ചരസിക്കുക എന്ന ക്രിയ അതിൽ നിന്നുണ്ടായി. സംസ്കൃതത്തിൽ ശ്രത്, ശ്രദ് എന്നിങ്ങനെ കാണപ്പെടുന്ന ഒരവ്യയമുണ്ട്. സത്യമായിട്ട്, വിശ്വസ്തതയോടെ എന്നിങ്ങനെയാണ് അതിൻെറ അർത്ഥം. ശ്രദ്ധ എന്ന നാമത്തിന് വിശ്വസ്തത, വിശ്വാസം എന്നിങ്ങനെയും. ശ്രദ്ധ എന്നവാക്ക് ശരത, ചരത, ചരസ എന്നീ രൂപങ്ങൾ പ്രാപിക്കുന്നു (ക്രോദോ എന്ന പദം നോക്കുക). "ചരതമായറിയുക നീ" (ഗുണ്ടർട്ട് നിഘണ്ടുവിൽ ഉദ്ധരിച്ചിട്ടുള്ളത്) എന്നതിന് സത്യമായി, അല്ലെങ്കിൽ സൂക്ഷ്മമായി അറിയുക എന്നാണല്ലോ അർത്ഥം.

**ചാത്തം** ശ്രാദ്ധം എന്ന സംസ്കൃത പദത്തിൻെറ തദ്ഭവമാണ് ചാത്തം എന്ന വാക്ക്. ശ്രാദ്ധം ക്രിസ്ത്യാനികൾ തുടരുന്ന ഹൈന്ദവാചാരമാണ്. അന്നദാനത്തിന് പുറമേ മൃതർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകകൂടി ചെയ്യുന്നതുവഴി ഇതൊരു മതകർമ്മമായിത്തീരുന്നു.

**ചിത്തോല (ചിത്തോൽ)** ബലിപീഠത്തിൻെറ വിരികൾക്ക് അൾത്താരവിരികൾ എന്ന് മലയാളികൾ പറഞ്ഞുതുടങ്ങിയിട്ട് ഒരു നൂറ്റാണ്ടേ ആയിട്ടുള്ളു. അതിനുമുമ്പ് ചിത്തോൽ എന്നാണ് പറഞ്ഞിരുന്നത്. ഇന്നും ഈ പ്രയോഗം പല സ്ഥലങ്ങളിലും നിലനില്ക്കുന്നുണ്ട്. ബലിപീഠം (ത്രോണോസ്) എന്നതിന് അൾത്താര എന്ന ലത്തീൻ പേര് ഇവിടെ ഉപയോഗിച്ചുതുടങ്ങിയത് പോർത്തുഗീസ് മിഷണറിമാർ വന്നതിനുശേഷമാണ്. കുറേക്കാലങ്ങൾകൂടി കഴിഞ്ഞാണ് അൾത്താരവിരികൾ എന്ന പ്രയോഗമുണ്ടായത്.

ചിത്തോൽ അൾത്താരയുടെ മുകളിൽ മാത്രമുള്ള വിരിയല്ല. അതിൻെറ വശങ്ങൾകൂടി മറയ്ക്കുന്നതും അതിനെ അലങ്കരിക്കുന്നതുമായ വിരിയാണ്. അതിൻെറ ഒരു വിവരണം താഴെക്കൊടുക്കുന്നു: "ത്രോണോസിൻെറ അലങ്കാരവസ്ത്രത്തിന് ചിത്തോൽ എന്നു

www.malankaralibrary.com

പറയും. സാധാരണയായി ചിത്തോൽ മേൽത്തരം തുണികൾ കൊണ്ടുണ്ടാക്കുകയും മൂന്ന് ഖണ്ഡങ്ങളായി തിരിച്ചിരിക്കുകയും ചെയ്യും. ചെമന്ന പട്ടാണെങ്കിൽ പച്ചയോ മഞ്ഞയോ ആയ പടികൾ അല്ലെങ്കിൽ അരികുപാളങ്ങൾ ചേർത്തുതയ്ക്കാം. കൂടുതൽ വിചിത്രവേലകളോ കസവുപണികളോ ചെയ്ത് മനോഹരമാക്കാം" (ഓർത്തഡോക്സ് സുറിയാനി സഭയുടെ ശുശ്രൂഷാസംവിധാനം, എം.ജി.ഒ.സി. എസ്സ്.എം., കോട്ടയം 1983, പുറം 143). ഇന്ന് ലത്തീൻ ക്രമം അനുസരിക്കുന്ന പള്ളികളിൽ ഈ അലങ്കാരവിരിയില്ല. അൾത്താരയ്ക്ക് മുകളിൽ വിരിക്കുന്ന വിരികളേ ഉള്ളൂ. ചിലത് അടിവശംവരെ എത്തുന്നവയാണ് എന്നു മാത്രം. ഇന്നത്തെ അൾത്താരവിരിയും ചിത്തോലും തമ്മിലുള്ള വ്യത്യാസംമുകളിൽകൊടുത്തവിവരണത്തിൽനിന്ന് വ്യക്തമാണല്ലോ.

ഗ്രീക്കിൽനിന്ന്സുറിയാനിയിലേക്കും അവിടെനിന്ന് മലയാളത്തിലേക്കും കടന്നുവന്ന പദമാണ് ചിത്തോൽ. സുറിയാനിയിൽ എസ്ത്തല എന്നൊരു നാമമുണ്ട്. ഉടുപ്പ് എന്നാണ് അതിന്റെ അർത്ഥം. ആ നാമത്തിൽ നിന്നുണ്ടായ ക്രിയയാണ് ഉടുപ്പിച്ചു അലങ്കരിച്ചു എന്നിങ്ങനെ അർത്ഥമുള്ള സ്ത്തേൽ.

ഗ്രീക്കിൽ സ്തോലിസോ എന്നതിന് ഞാൻ അലങ്കരിക്കുന്നു, ഉടുപ്പിക്കുന്നു എന്നിങ്ങനെയാണർത്ഥം. സ്തോലിസെയിൻ എന്നാണ് അതിന്റെ കേവല ക്രിയാരൂപം. ഉടുപ്പ് എന്നതിന് സ്തോലേ എന്നാണ് ഗ്രീക്കിൽ പറയുക. മേൽവസ്ത്രം, ഉപകരണം എന്നൊക്കെ അതിനർത്ഥമുണ്ട്. ഗ്രീക്കിലെ സ്തോലേ സുറിയാനിയിൽ എസ്തലാ എന്നും ലത്തീനിൽ സ്തോല (stola) എന്നും ഇംഗ്ലീഷിൽ സ്റ്റോൾ (stole) എന്നുമായി.

സ്തോല എന്ന ലത്തീൻ വാക്ക് ഇറ്റാലിയൻ, ജർമ്മൻ എന്നീ ഭാഷകളിൽ മാറ്റമില്ലാതെ നില്ക്കുന്നു. സ്പാനിഷിൽ എസ്തോള (എസ്തോല) എന്നായി. സകാരോച്ചാരണം പ്രയാസമുള്ളതാകയാൽ സകാരത്തിന് മുമ്പ് 'എ' എന്ന സ്വരം ചേർത്തിരിക്കുകയാണവർ. സ്കോള (=പാഠശാല) എന്നത് ഇസ്ക്കോള എന്ന് രൂപം മാറിയതിന്റെ രഹസ്യവും അതുതന്നെയാണ്.

സ്തോല എന്ന ഗ്രീക്ക്നാമം ഇംഗ്ലീഷിൽ സ്റ്റോൾ എന്നു രൂപം മാറിയല്ലോ. ആ നാമം ഇംഗ്ലീഷിൽ ക്രിയയായി ഉപയോഗിക്കുമെന്നും അൾത്താരയ്ക്ക് ഉടുപ്പണിയിക്കുക എന്ന് അതിന് അർത്ഥമുണ്ടെന്നും വെബ്സ്റ്റേഴ്സ് നിഘണ്ടു പറയുന്നു. സ്ഥാപിക്കുക, അലങ്കരിക്കുക എന്നിങ്ങനെ അർത്ഥമുള്ള സ്തെല്ലെയിൻ എന്ന ക്രിയയിൽനിന്നാണ് അത് വരുന്നതെന്നും ആ നിഘണ്ടു പറയുന്നുണ്ട്. സ്തോല (stola) എന്ന ലത്തീൻ രൂപവും ഇംഗ്ലീഷിലുണ്ട്. റോമൻ മേട്രൺമാർ ഉപയോഗിച്ചിരുന്ന പുറംകുപ്പായത്തിന് സ്തോല (സ്തോള) എന്നായിരുന്നു പേർ.

സ്തോളയുടെ ആകൃതിക്ക് ഏറെ മാറ്റമുണ്ടായിട്ടുണ്ട്. ഇന്ന് കാർമ്മികർ അണിയുന്ന സ്തോള വീതികുറഞ്ഞ ഒരു വസ്ത്രമാണല്ലോ. പണ്ട് ശരീരം മുഴുവൻ മറയ്ക്കുന്ന നീണ്ട കുപ്പായമായിരുന്നു.

ഹീബ്രുഭാഷയിൽ ഷ്ത്ല് എന്നൊരു ധാതുവുണ്ട്. അതിന് നടുക, സ്ഥാപിക്കുക എന്നൊക്കെ അർത്ഥം കാണുന്നു. ഒരുപക്ഷേ, ഗ്രീക്കിലെ സ്തെലെയിൻ എന്നക്രിയ അതിൽനിന്നുണ്ടായതാകാം. മറിച്ചും സംഭവിക്കാം. ഇതുകൂടാതെ ഗ്രീക്കുഭാഷയിൽ ഖിത്തോൻ എന്നൊരു

www.malankaralibrary.com

നാമവുമുണ്ട്. ലായ്നോസ് ഖിത്തോൻ എന്ന പ്രയോഗത്തിന് കല്ലറമൂടുന്ന തുണി എന്ന അർത്ഥമുണ്ട്. എന്നാലും മലയാളത്തിലെ ചിത്തോൽ ഗ്രീക്കിൽനിന്ന് സുറിയാനിയിൽ വന്ന എസ്തലായിൽ നിന്നുണ്ടായതാണ്. അൾത്താരയുടെ ഉടുപ്പാണ്, അലങ്കാര വസ്ത്രമാണ്, ചിത്തോൽ. ചിത്തോല എന്ന് ചില സ്ഥലങ്ങളിൽ പറയുന്നുണ്ട്. (സ്തോല - എസ്തല-ശിത്തോല-ചിത്തോല)

മെത്രാന്മാരുടെ അനുഷ്ഠാനങ്ങളെ സംബന്ധിച്ച ഒരു ഗ്രന്ഥത്തിൽ (തൂക്കാസേ ദ് റമ്പ് കുമറാ) ഇങ്ങനെ കാണുന്നു: "മെത്രാൻ എങ്ങനെ ചിത്തോൽ അടക്കേണ്ടൂ എന്നതിന്മേൽ" (ഉദ്ധൃതം, ഫാ. പ്ലാസിഡ് പൊടിപാറ, നമ്മുടെ റീത്ത്, മാന്നാനം 1949, പുറം 215).

**ചീർ** സ്തോത്രം ആലപിക്കുക എന്നർത്ഥമുള്ള "ചീരു പാടുക" എന്നൊരു ശൈലി മലയാളത്തിലുണ്ടല്ലോ. ഹീബ്രുവിലുള്ള ശീറ് എന്ന പദമാണ് മലയാളത്തിൽ ചീര് എന്ന രൂപം പ്രാപിച്ചത്. പല സെമിറ്റിക് ഭാഷകളിലേക്കും ദ്രാവിഡഭാഷകളിലേക്കും ശീറ് എന്ന പദം കടന്നിട്ടുണ്ട്. സ്തോത്രം, കീർത്തനം എന്നിങ്ങനെയാണ് ആ പദത്തിൻെറ അർത്ഥം. തമിഴിൽ ചീറു എന്നാണ് ഈ പദരൂപം (cf. John Philip Fabricius and Christian Breithaupt, A Malabar and English Dictionary, 1779, reprint 1809 s.v.). തമിഴിൽ ചീർ എന്ന മറ്റൊരു പദവുമുണ്ട്. സൗന്ദര്യം, .ഐശ്വര്യം, പ്രശസ്തി എന്നൊക്കെ അർത്ഥമുള്ള ആ പദം സംസ്കൃതത്തിലെ ശ്രീ എന്ന പദത്തിൽനിന്നുണ്ടായതാണെന്ന് കരുതപ്പെടുന്നു. ഹീബ്രുജനതയുമായി കേരളീയർക്കുണ്ടായിരുന്ന പൗരാണിക കാലത്തെ ബന്ധത്തെ സൂചിപ്പിക്കുന്ന പദങ്ങളിൽ ഒന്നാണ് ചീര്. സുറിയാനിയിൽ ഈ പദം ശീറാ (ബഹുവചനം, ശീറിൻ) എന്നാണ്.

**ചെൻസൂര** ലത്തീൻഭാഷയിൽനിന്ന് മലയാളത്തിലേക്ക് വന്ന പദമാണ് ചെൻസുര (Cen-sura). മൊറാൾ തെഒളൊഗിയ (മാന്നാനം, 1871), സന്മാർഗ്ഗ ശാസ്ത്ര സംക്ഷേപം (വരാപ്പുഴ, 1887) മുതലായ കൃതികളിൽ ഈ പദം പ്രയോഗിച്ചിട്ടുണ്ട്. "അറിഞ്ഞുകൊണ്ടും മുഷ്കായിട്ടും ചില വലിയ കുറ്റങ്ങളെ പിഴച്ചിരിക്കുന്ന പാപികളെ ചില അരൂപിക്കടുത്ത നന്മകളുടെ കൈക്കൊള്ളപ്പാടിൽ നിന്ന് വേർതിരിക്കുന്ന അരൂപിക്കടുത്തതും ഔഷധിക്കടുത്തതുമായ ഒരു ശിക്ഷ ചെൻസൂരയാകുന്നു" എന്ന് മൊറാൾ തെഒളൊഗിയ പറയുന്നു (പുറം 675). മഹറോൻ (സഭാഭ്രഷ്ട്), അംശമുടക്ക് (ആദ്ധ്യാത്മിക കർമ്മാനുഷ്ഠാനങ്ങളിൽനിന്നും അവകാശങ്ങളിൽനിന്നും അകറ്റി നിറുത്തൽ) ഇന്തെർദിക്താ (ചില പള്ളികളെയോ ആളുകളെയോ സംബന്ധിച്ചമുടക്ക്) എന്നിങ്ങനെ മൂന്നുതരം ചെൻസൂരകളുണ്ട്.

എണ്ണുക, വില തിട്ടപ്പെടുത്തുക (വിലമതിക്കുക), വിധിക്കുക എന്നൊക്കെ അർത്ഥമുള്ള ചെൻസെരെ എന്ന ലത്തീൻ ക്രിയയിൽ നിന്നാണീ പദമുണ്ടായത്. അഭിപ്രായം, വിധി എന്നൊക്കെയായിരുന്നു ആദിമകാലത്തെ അർത്ഥം. പിന്നീട് എതിരായിട്ടുള്ള വിധി എന്ന അർത്ഥമുണ്ടായി. ഇംഗ്ലീഷിൽ Censure എന്നുപറയുന്നു.

**ചെമ്മദോർ (ചെമ്മൊദോർ)** എ.ഡി. 1500 മുതൽ കേരളത്തിൽ ഉപയോഗിക്കുന്ന ഒരു വാക്കാണ് ചെമ്മദോർ. ലത്തീൻരൂപതകളിൽ ഇന്നും അത് നിത്യോപയോഗത്തിലുണ്ട്. വിളിക്കുന്നവൻ എന്നാണ് പോർത്തുഗീസിൽ നിന്നുവന്ന ആ വാക്കിൻെറ അർത്ഥം

www.malankaralibrary.com

(ചമാദാ = വിളി, ചമാദോ=വിളിക്കൽ, വിളിക്കപ്പെട്ട, പറയപ്പെട്ട, ചമാർ=വിളിക്കുക, അപേക്ഷിക്കുക). ചെമ്മദോർ എന്ന വാക്ക് പോർത്തുഗീസ് അക്ഷരമാലയിൽ (റോമൻലിപിമാല) Chamador എന്നാണ് എഴുതുന്നത്.

ആര്യഭാഷകളിലെ 'ക്' എന്ന സ്വനിമത്തിന് k എന്ന ലിപിയും 'ച്' എന്ന സ്വനിമത്തിന് c എന്ന ലിപിയുമാണ് ഉപയോഗിക്കേണ്ടത്. യൂറോപ്യന്മാർ k എന്ന ലിപിയ്ക്ക് പകരമായും c എന്ന ലിപി ഉപയോഗിക്കുകയാൽ ഏറെ കുഴപ്പങ്ങൾ ഉണ്ടായിട്ടുണ്ട്. ലത്തീൻ, പോർത്തുഗീസ് മുതലായ ഭാഷകളിൽ k എന്ന ലിപിയെ കഴിയുന്നത്ര ഉപേക്ഷിക്കുകയാണ് ചെയ്തത്. തന്നിമിത്തം "ഊടുള്ളവനേ ഏടുവായിക്കൂ" എന്ന നില വന്നുചേർന്നിട്ടുണ്ട്. അതുകൊണ്ട് നിഘണ്ടുക്കളിൽ ഉച്ചാരണകാര്യം രേഖപ്പെടുത്തേണ്ടി വന്നു. അടുത്തകാലത്ത് വി.വി.കെ. വാലത്ത് രചിച്ച "കേരളത്തിലെ സ്ഥലചരിത്രങ്ങൾ എറണാകുളം ജില്ല" (കേരളസാഹിത്യഅക്കാദമി, തൃശൂർ 1991) എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ കാണുന്നു: "ഹീബ്രു-ചാൾഡിയൻ-അറബി-പേർഷ്യൻ-ചൈനീസ്-ഇൻഡ്യൻ ഭാഷകളിലുള്ള ഗ്രന്ഥങ്ങളും....." (പുറം 152). ഇതിലെ ചാൾഡിയൻ വാസ്തവത്തിൽ കാൽഡിയൻ എന്നാണ് എഴുതേണ്ടതും ഇംഗ്ലീഷിൽ ഉച്ചരിക്കേണ്ടതും. ഇംഗ്ലീഷിലെ Chaldean എന്നതിൻെറ ലിപ്യന്തരമാണല്ലോ അത്. കൽദായരുടെ നാട്ടിലെ ഭാഷയാണത്. കൽദായൻ എന്നാണ് അതിനെ വിളിക്കേണ്ടത്. ഇംഗ്ലീഷുകാർ Kaldean എന്നെഴുതാത്തതുകൊണ്ടുണ്ടായ ചതിവ്. ഇതുപോലെതന്നെയാണ് കെൽറ്റിക് (Celtic) എന്ന വാക്കിൻെറയും കഥ. കൽദായാഭാഷയെയും കൽദായാനാടിനെയുംപറ്റി അറിയാത്തവർക്ക് Chaldean എന്തെന്ന് മനസ്സിലാകാതെ വരുന്നു.

കൊംപ്രെരിയാ (കൺഫ്രറ്റേണിറ്റി, സാഹോദര്യം) എന്നറിയപ്പെടുന്ന സന്നദ്ധസേവാസംഘത്തിലെ ഒരു ഉദ്യോഗസ്ഥൻെറ പേരാണ് ചെമ്മദോർ. സംഘാംഗങ്ങളെ വിളിച്ച് കൂട്ടുകയാണ് അയാളുടെ ജോലി. ചമ് (വിളിക്കുക, വിളിച്ചുകൂട്ടുക) എന്ന പോർത്തുഗീസ് ധാതുവിനോട് ബന്ധപ്പെട്ട ഒരു ധാതു സംസ്കൃതത്തിലോ ഗ്രീക്കിലോ ലത്തീനിലോ കാണാനില്ല. അതുകൊണ്ട് ഹീബ്രുവിലെ ഷെമാ ആണ് അതിൻെറ മൂലമെന്നു കരുതാം.

ചെമ്മദോർ, പ്രസിദേന്തി (President) പ്രൊക്കുർദോർ (Procurator) തെസെരർ (Treasurer) മുതലായ വാക്കുകൾ പോർത്തുഗീസിൽനിന്ന് വരുന്നവയാണ്. കൊംപ്രെരിയായുടെ ഉദ്യോഗസ്ഥന്മാരുടെ പേരുകളുമാണ്.

ആദിമനൂറ്റാണ്ടുകളിൽ ആളുകളെ പ്രാർത്ഥനകൾക്കുള്ള സമയമറിയിച്ച് വിളിച്ചുവരുത്തുന്നതിന് ഒരു വൈദികനെ നിയമിച്ചിരുന്നു. മതപീഡനകാലത്ത് ആരാധനയ്ക്കുള്ള സ്ഥലവും സമയവും രഹസ്യമായി അറിയിക്കേണ്ടിയിരുന്നു. അന്ന് ഈ ഉദ്യോഗം അത്യന്താപേക്ഷിതമായിരുന്നു. ആ ജോലിയുടെ തുടർച്ചയാണ് ചെമ്മദോർ ചെയ്യുന്നത്. (cf. യൗസേപ്പ് ഗീവറുഗീസ്, പ്രസിദ്ധാരാധന, എൽതുരുത്ത്, 1897, പുറം 70-75) പ്രാർത്ഥനയ്ക്ക് ആളുകളെ വിളിച്ചുവരുത്താൻ കാഹളം ഉപയോഗിച്ചുതുടങ്ങിയത് കോൺസ്റ്റൻടൈയിൻ ചക്രവർത്തി ക്രിസ്തുമതത്തെ അംഗീകരിച്ചപ്പോഴാണ്. പില്ക്കാലത്ത് ഭേരികൾ (പെരുമ്പറ) മരമണി, ഓട്ടുമണി മുതലായവ ഉപയോഗിച്ചുതുടങ്ങി.

www.malankaralibrary.com

**ചേനാക്കുളും** ദേവോസ വിളിയിലെ (Devotional call) ഒരു ഭാഗത്ത് ഇങ്ങനെ കാണുന്നു: "ചെന്നാക്കുളുമെന്ന സ്ഥലേവച്ച് താൻ നമുക്കായി തന്നരുളിയ കുർബ്ബാനയ്ക്കും". ചേനാക്കുളും (coenaculum) എന്ന ലത്തീൻ വാക്കാണ് ഇവിടെ ചെന്നാക്കുളുമെന്നായത്. ഊട്ടുശാല എന്നാണ് അതിൻെറ അർത്ഥം. ഗ്രീക്കിലെ ഥോയ്നേ എന്ന വാക്കിൽനിന്നാണ് വിരുന്ന് എന്നർത്ഥമുള്ള ലത്തീനിലെ ചേനാ (coena) എന്ന വാക്കുണ്ടായതെന്നും സംസ്കൃതത്തിലെ ഘാസ് എന്ന ധാതുവുമായി അത് ബന്ധപ്പെട്ടിരിക്കുന്നുവെന്നും (ഘകാരം ചകാരമാകും) പല ഭാഷാശാസ്ത്രജ്ഞന്മാരും കരുതുന്നു. എന്നാൽ ലത്തീനിലെ ചേനാ എന്ന വാക്കിൻെറ പ്രാചീന രൂപം ഈ വ്യാഖ്യാനത്തെ തള്ളിക്കളയാൻ പ്രേരിപ്പിക്കുന്നു. കോയെൻസാ (coensa) എന്നാണ് പ്രാചീനരൂപം. അത് കോ എദ്നാ (co-edna) എന്നതിൽ നിന്നുണ്ടായതായിരിക്കണം. അതിൻെറ അർത്ഥമാകട്ടെ സഹ (co)-ഭോജനം (edna) എന്നാണ്. സംസ്കൃതത്തിൽ ഭക്ഷിക്കുക എന്നർത്ഥമുള്ള അദ് എന്ന ധാതുവുണ്ട്.

ലത്തീനിൽ C എന്ന ലിപിക്ക് ച് എന്നുകൂടി ഉച്ചാരണമുണ്ടായി. ഒ, എ എന്നീ അക്ഷരങ്ങൾ (oe) അടുത്തുവരുമ്പോൾ ഒ ഉച്ചരിക്കാതിരിക്കും, അങ്ങനെ ചേനാ എന്ന് പറഞ്ഞുവരുന്നു. ഇതിലെ Co എന്നത് വാസ്തവത്തിൽ സഹ(ഒന്നിച്ച്) എന്നർത്ഥമുള്ള കും (cum) എന്നതിൻെറ ലുപ്ത രൂപമാണ്. ലത്തീനിലെ ഏദ് എന്ന ധാതുവിന് ഭക്ഷിക്കുക എന്നർത്ഥം (കോ ഏദരെ - ഒന്നിച്ച് ഭക്ഷിക്കുക). സ്ഥിതിചെയ്യുന്ന സ്ഥലം എന്നർത്ഥം കിട്ടാൻ കുളും എന്ന പദം ചേർത്തിരിക്കുന്നു. സഹഭോജനസ്ഥലം, ഊട്ടുശാല എന്നർത്ഥം.

## ജ

**ജൂബിലി** യഹൂദമതത്തിൽനിന്ന് ക്രിസ്തുമതത്തിലെത്തി സാർവ്വത്രികമായിത്തീർന്ന ഒരു പദമാണ് ജൂബിലി. കുഴൽ (Trumpet) എന്നർത്ഥമുള്ള യോബേൽ എന്ന ഹീബ്രുവാക്കിൽനിന്നുണ്ടായതാണത്. യഹൂദർ ഓരോ അമ്പതാം വർഷവും ജൂബിലിവർഷമായി ആചരിക്കുന്നു. അടിമകളെ സ്വതന്ത്രരാക്കുക, കടങ്ങൾ ഇളച്ചുകൊടുക്കുക, വസ്തുക്കൾ ഉടമസ്ഥർക്ക് തിരിച്ചുകൊടുക്കുക, ഭൂമി തരിശിടുക എന്നിവയൊക്കെ ചെയ്യാനുള്ള വർഷമാണത് (ലേവാ. 25:8-55). ആ വർഷത്തെ ശെനത് ഹയ്യോബേൽ (=യോബേലിൻെറ വർഷം; (ലേവാ. 25: 13, 28, 40, 50) എന്നും ചിലപ്പോൾ ഹയ്യോബേൽ, യോബേൽ (ലേവാ. 25:15, 28, 30-33) എന്നിങ്ങനെയും വിളിക്കുന്നു. ഇപ്രകാരം വിളിക്കാൻ ഒരു കാരണമുണ്ട്. അമ്പതാം വർഷത്തെ പരിഹാരദിവസത്തിൽ (Day of Atonement) ഒരു കുഴൽ ഊതിയാണ് ജൂബിലിവർഷത്തിൻെറ ഔദ്യോഗികമായ അറിയിപ്പു നടത്തുന്നത് (ലേവാ. 25:9). അങ്ങനെ കുഴൽ എന്നർത്ഥമുള്ള യോബേൽ എന്ന വാക്ക് ജൂബിലി വർഷത്തിൻെറ പേരായിത്തീർന്നു. യോബേൽ എന്ന വാക്കിൻെറ പ്രഥമമായ അർത്ഥം ആട്ടിൻമുട്ടൻ, ആട്ടിൻ മുട്ടൻെറ കൊമ്പ് എന്നിങ്ങനെയാണ്. വലിയ ആട്ടിൻകൊമ്പുകൾ ഊതാനുള്ള കുഴലായി ഉപയോഗിക്കുന്നതുകൊണ്ട് കുഴൽ എന്ന അർത്ഥം വന്നുകൂടി.

കുഴലൂത്തോടെയാണ് ജൂബിലി പ്രഖ്യാപിക്കപ്പെടുന്നതെന്ന് ബൈബിളിൽ പറയുന്നിടത്ത് (ലേവാ. 25:9) യോബേൽ എന്ന ഹീബ്രു വാക്കല്ല, കുഴൽ

www.malankaralibrary.com

എന്നുതന്നെ അർത്ഥമുള്ള ശോഫാർ എന്ന വാക്കാണ് പ്രയോഗിച്ചിരിക്കുന്നത്. അതുകൊണ്ട് സമ്മാനങ്ങൾകൊണ്ടു വരുക എന്നർത്ഥമുള്ള യാബാൽ എന്ന വാക്കിൽനിന്നാണ് ജൂബിലി വർഷത്തിൻെറ പേരുണ്ടായതെന്ന് ചിലർ പറഞ്ഞിട്ടുണ്ട്. പക്ഷേ, സമ്മാനങ്ങളുമായി ജൂബിലി വർഷത്തിന് പ്രത്യേക ബന്ധമില്ലാത്തതുകൊണ്ട് ആ അഭിപ്രായം സ്വീകരിക്കണമെന്നില്ല.

ഹീബ്രുവിലെ യോബേൽ എന്ന വാക്കിൽനിന്ന് ഗ്രീക്കുകാർ യോബെലായിഓസ് (iobelaios) എന്നപദം സൃഷ്ടിച്ചു. അതിൽനിന്ന് ലത്തീനിൽ ജൂബിലേവൂസ് (jubilaeus) എന്ന വാക്കുണ്ടായി. പദാരംഭത്തിലെ 'ഒ'കാരം 'ഉ' കാരമായി മാറിയതിന് ഒരു കാരണമുണ്ട്. ലത്തീനിൽത്തന്നെ ജൂബിലും (jubilum) എന്നൊരു വാക്കുണ്ട്. അതിൻെറ സ്വാധീനംകൊണ്ടാണ് അങ്ങനെ സംഭവിച്ചത്. ജൂബിലും എന്ന ലത്തീൻ പദത്തിന് സന്തോഷംകൊണ്ടുള്ള ആർപ്പുവിളി എന്നർത്ഥമാണ് (ജൂബിലാരെ = സന്തോഷിക്കുക, സന്തോഷം കൊണ്ട് ആർപ്പിടുക). യോബേലിലെ 'യ' കാരം ജൂബിലേവൂസിൽ 'ജ' കാരമായും മാറിയിട്ടുണ്ട്. 'ജ'യും 'യ'യും പരസ്പരം മാറുക സ്വാഭാവികമാണ്. ഈശോ എന്നവാക്ക് യേസൂസ്, ജേസൂസ് എന്നൊക്കെ മാറിയിട്ടുണ്ട് (ഇംഗ്ലീഷിൽ അത് ജീസസ് എന്നായി).

ജൂബിലി എന്ന ഇംഗ്ലീഷ് പദരൂപം മലയാളത്തിലും ഉപയോഗിക്കുന്നു. ജൂബിലിയാഘോഷം ക്രിസ്തുമതവും സ്വീകരിച്ചു. പാപമോചന കാലഘട്ടമായിട്ടാണ് അതിനെ കരുതുക (ദണ്ഡവിമോചന പ്രാപ്തിക്കുള്ള സന്ദർഭം). ഇരുപത്തഞ്ചു വർഷത്തിലൊരിക്കൽ അത് ആഘോഷിച്ചുവന്നു. ഒരു ക്രിസ്തുമസ്സ് മുതൽ അടുത്ത ക്രിസ്തുമസ്സുവരെയാണ് അതിൻെറ കാലം. മറ്റ് ചില അവസരങ്ങളിലും അത് പ്രഖ്യാപിക്കപ്പെടാറുണ്ട്. ഏ.ഡി. 1300-ൽ ബോനിഫസ് എട്ടാമൻ മാർപാപ്പാ പ്രഖ്യാപിച്ച ജൂബിലി വർഷാചരണമാണ് സഭാചരിത്രത്തിൽ ആദ്യമായി കാണുന്ന ജൂബിലി. ഇരുപത്തഞ്ചു വർഷത്തിലൊരിക്കൽ ആഘോഷിക്കുക എന്നത് പോൾ രണ്ടാമൻ മാർപാപ്പാ 1470-ൽ ഏർപ്പെടുത്തിയതാണ്. സാധാരണ ജൂബിലി വർഷമെന്നാണ് അതിന് പേര്. നൂറ് വർഷത്തിലൊരിക്കൽ ആഘോഷിക്കുന്നതിന് അസാധാരണ ജൂബിലി എന്നുപറയുന്നു.

ഇന്നിപ്പോൾ സ്ഥാപനങ്ങളും വ്യക്തികളും ജൂബിലികളാഘോഷിക്കുന്നു. വിശിഷ്ടങ്ങളും അമൂല്യങ്ങളുമായി കരുതപ്പെടുന്ന ലോഹങ്ങളുടെ പേരുകളോട് ചേർത്ത് അവ അറിയപ്പെടുകയും ചെയ്യുന്നു. സിൽവർ ജൂബിലി, (രജതജൂബിലി, 25-ാം വർഷം) ഗോൾഡൻ ജൂബിലി (സുവർണ്ണജൂബിലി, 50-ാം വർഷം) ഡയ്മണ്ട് ജൂബിലി (വജ്രജൂബിലി, 60-ാം വർഷം) പ്ലാറ്റിനം ജൂബിലി, (75-ാം വർഷം) എന്നിങ്ങനെ ജൂബിലികൾ വിളിക്കപ്പെടുന്നു.

യഹൂദരുടെ ജൂബിലിയാഘോഷവും ഇപ്പോഴത്തെ ജൂബിലിയാഘോഷങ്ങളും തമ്മിൽ വ്യത്യാസമുണ്ട്. പഴയനിയമത്തിൽ പറയുന്ന ലക്ഷ്യങ്ങളല്ല ഇന്നത്തെ ആഘോഷങ്ങൾക്കുള്ളത്.

**ജ്ഞാനസ്നാനം** മാമ്മോദീസാ എന്നതിന് ജ്ഞാനസ്നാനം എന്ന തർജ്ജുമ വളരെ നൂതനമാണ്. ആ വാക്കിൽ ജ്ഞാനം എന്നതിന് ആധ്യാത്മികമായ എന്നാണർത്ഥം. ജ്ഞാനവായന, എന്നതിൻെറ അർത്ഥം ആധ്യാത്മിക

www.malankaralibrary.com

ഗ്രന്ഥവായന (Spiritual reading) എന്നാണല്ലോ. അതുകൊണ്ട് ജ്ഞാനം ഉണ്ടായിട്ട് (കുറേപ്രായമായിട്ട്) മതി മാമ്മോദീസാ സ്വീകരണമെന്ന്, ഈ വാക്കിൻെറ ബലത്തിൽ ചിലർ വാദിക്കുന്നത് ശരിയല്ല. ജ്ഞാനേന്ദ്രിയം എന്നതിന് അറിയാനുള്ള അവയവം എന്ന് മാത്രമല്ല അർത്ഥമുള്ളത്. അതിഭൗതികമായ, സ്പർശനാതീതമായ ഒരു ശക്തി എന്നൊരർത്ഥം കൂടിയുണ്ട്. കയ്യ്, കാല് മുതലായ അവയവങ്ങളെക്കാൾ സൂക്ഷ്മവും അദൃശ്യവുമായ ഒരു ശക്തിയായിട്ടാണല്ലോ ബുദ്ധിയെ കരുതിവരുന്നത്. ജ്ഞാ എന്ന സംസ്കൃതധാതുവിന് അറിയുക എന്നാണർത്ഥം. അറിയുന്ന എന്നും അർത്ഥമുണ്ട്. അറിവിനെ ഭൗതികവസ്തുവായിക്കരുതാറില്ല. ഈ സംസ്കൃതധാതു മറ്റ് ഇൻഡോ ആര്യൻ ഭാഷകളിലും കാണാം. ഗ്രീക്കിൽ ഗ്നോ -എന്ന് മാറുന്നു. ലത്തീനിൽ ഗ്നോ, ഗ്നോസ്കോ, കൊ-ഗ്നോ - എന്നൊക്കെ കാണാം. ഗ്രീക്കിൽ ഗ്നോസിസ് (gnosis) എന്നതിന് ജ്ഞാനം എന്നർത്ഥം. അങ്ങനെ ജ്ഞാന എന്നതിന് അറിവിനെ സംബന്ധിച്ച എന്നാണ് പ്രഥമാർത്ഥമെങ്കിലും അദൃശ്യശക്തിയെ, ആത്മാവിനെ സംബന്ധിച്ച എന്നൊരർത്ഥവും കിട്ടും. ആ അർത്ഥത്തിലാണ് ജ്ഞാനസ്നാനം എന്നുപറയുന്നത്. സഭ ക്രിസ്തുവിൻെറ ജ്ഞാനമണവാട്ടിയാണെന്ന് പറയാറുണ്ട്.

## ഞ

**ഞായറാഴ്ചയക്ഷരം (കർത്ത്രാക്ഷരം)** ആരാധനാപരമായ കലണ്ടറിൽ കാണുന്ന ഒരു പ്രയോഗമാണ് ഞായറാഴ്ചയക്ഷരം. ലിത്തെരാ ദോമിനിക്ക (litera dominica) എന്ന ലത്തീൻ പ്രയോഗത്തിൻെറ വിവർത്തനമാണിത് (ലിത്തെര=അക്ഷരം, എഴുത്ത്; ദോമിനിക്ക കർത്താവിനെ സംബന്ധിച്ച-അതായത് കർത്താവിൻെറ ദിവസമായ ഞായറാഴ്ചയെ സംബന്ധിച്ച). ഒരു വർഷത്തിൻെറ ആദ്യത്തെ 7 ദിവസങ്ങൾക്ക് അക്ഷരമാലയിലെ 7 അക്ഷരം സങ്കല്പിക്കുകയാണ് ചെയ്യുന്നത്. മറ്റ് ദിവസങ്ങൾക്കും അത് ആവർത്തിക്കുന്നു. ലീപ് ഇയർ (അതിവർഷം) അല്ലാത്ത എല്ലാവർഷവും ഞായറാഴ്ചയ്ക്ക് ഒരക്ഷരം എന്നും സൂചകമായി നില്ക്കും. ഈസ്റ്റർ ദിവസം കണക്കുകൂട്ടാനാണ് ഈ സമ്പ്രദായവും ഉപയോഗിക്കുന്നത്. (വിശദവിവരത്തിന് വെബ്സ്റ്റേഴ്സ് ഇൻറർനാഷണൽ ഡിക്ഷണറിയിൽ Dominical letter എന്ന വാക്കുനോക്കുക).

## ഡ

**ഡിക്രി** രണ്ടാംവത്തിക്കാൻ സൂനഹദോസിനുശേഷം മലയാളത്തിൽ സ്ഥിരപ്രതിഷ്ഠ നേടിയ ഇംഗ്ലീഷ് പദമാണ് ഡിക്രി (Decree). കൗൺസിൽ ഡിക്രികൾ എന്ന് ആ സൂനഹദോസിൻെറ കല്പനകളെപ്പറ്റി പറയുന്നു.

ദെക്രേത്തും (decretum) എന്ന ലത്തീൻ വാക്കിൽനിന്നാണ് ഇംഗ്ലീഷിലെ ഡിക്രി എന്ന പദമുണ്ടായത്. കല്പന, വിധി, നിശ്ചയം, എന്നൊക്കെയാണർത്ഥം. (ദെക്രേത്തും എന്ന പദം കാണുക).

**ഡീക്കൻ (ദിയാക്കോൻ)** ഗ്രീക്കുഭാഷയിലെ ദിയാക്കോണോസ് (diakonos) എന്ന വാക്കാണ് ലത്തീനിൽ ദിയാക്കോനുസ് (ദിയാക്കോണൂസ്) ആംഗ്ലോസാക്സണിൽ ഡിയാക്കോൻ മധ്യകാല ഇംഗ്ലീഷിൽ ഡെക്കൻ (deken) ആധുനിക ഇംഗ്ലീഷിൽ ഡീക്കൻ (decon) എന്നൊക്കെ ആയിത്തീർന്നത്. സേവ

www.malankaralibrary.com

കൻ, ശുശ്രൂഷി, വേലക്കാരൻ എന്നൊക്കെയാണ് അതിന്റെ അർത്ഥം. കുർബാനപ്പട്ടത്തിനുമുമ്പുള്ള പട്ടമാണ് ഡീക്കൻപട്ടം. അതിന് ലത്തീനിൽ ദിയാക്കോനാത്തൂസ് എന്നും ഗ്രീക്കിൽ ദിയാക്കോനാത്തോസ് എന്നുമാണ് പറയുന്നത്. ലത്തീനിലെ ദിയാക്കോനാത്തൂസിന് ശുശ്രൂഷാപദവി എന്നാണർത്ഥം. മലയാളത്തിൽ ചമയപ്പുര എന്ന് പറയുന്ന സങ്കീർത്തിക്ക് ദിയാക്കോണിക്കോൻ എന്ന് ഗ്രീക്കിൽ പറയുന്നു. ദിവ്യബലിക്കുള്ള തിരുവസ്ത്രങ്ങളും മറ്റും സൂക്ഷിക്കുന്ന സ്ഥലമാണല്ലോ ചമയപ്പുര. അതിന്റെ മാനേജർ ദിയാക്കോൻ ആണ്. ദിവ്യബലിയിൽ സഹായിക്കുന്നതും അദ്ദേഹം തന്നെ. മധ്യയുഗം മുതൽ ഡീക്കൻ പദവിയില്ലാത്തവരും ദിവ്യബലിയിൽ സഹായിച്ചുതുടങ്ങി. അവർ ചമയപ്പുരയുടെ കാര്യസ്ഥന്മാരുമായി (കപ്പ്യാർ എന്ന വാക്ക് നോക്കുക).

ഡീക്കൻ എന്ന വാക്കിന്റെ മൂലപദമായ ദിയാക്കോണോസ് എന്ന ഗ്രീക്ക് വാക്ക് യഥാർത്ഥത്തിൽ ഒരു സമസ്തപദമാണ്. ഗ്രീക്ക്ഭാഷയിൽ വീട് എന്നർത്ഥമുള്ള ഓയിക്കോസ് എന്നൊരു നാമമുണ്ട്. വീടു ഭരിക്കുക എന്നർത്ഥമുള്ള ഒയിക്കെയ്ൻ (oikein) എന്നൊരു ക്രിയയുമുണ്ട്. ഈ ക്രിയയോടുകൂടി ദിയാ (dia) എന്നൊരു ഉപസർഗ്ഗം ചേർക്കുന്നു. ഈ ഉപസർഗ്ഗം നേരേ, അങ്ങോട്ടുമിങ്ങോട്ടും എന്നിങ്ങനെയുള്ള അർത്ഥങ്ങളിൽ ധാരാളമായി പ്രയോഗിക്കുന്നുണ്ട് (ഡയലോഗ്, ഡയാമെട്രിക്കൽ, ഡയലക്റ്റിക്സ് മുതലായ ഇംഗ്ലീഷ്വാക്കുകൾ സുപരിചിതമാണല്ലോ). പക്ഷേ ഈ ഉപസർഗ്ഗത്തിന് പൂർണ്ണമായി എന്നൊരർത്ഥംകൂടിയുണ്ട്. ഈ ഉപസർഗ്ഗം 'ദി' എന്നായി ചുരുങ്ങും. അങ്ങനെ ദിയോയിക്കെൻ (dioiken) എന്ന ഗ്രീക്ക് ക്രിയയുണ്ടാകും. ആ ക്രിയയ്ക്ക് വീടു പൂർണ്ണമായി ഭരിക്കുക എന്നാണർത്ഥം. അങ്ങനെ ദിയാക്കോൻ എന്ന വാക്കിന് മുഴുവനായി ഭരിക്കുന്നവൻ, കൈകാര്യം ചെയ്യുന്നവൻ, മേൽനോട്ടം വഹിക്കുന്നവൻ എന്നൊക്കെ അർത്ഥം വന്നു.

ശ്ലീഹൻമാർ ഡീക്കന്മാരെ (ദിയാക്കോന്മാരെ) നിയമിച്ചത് ഭൗതികകാര്യങ്ങളിൽ മേൽനോട്ടം വഹിക്കാൻ വേണ്ടിയാണല്ലോ (വിധവകളെയും പാവങ്ങളെയും സംരക്ഷിക്കാനും അവർക്ക് ആവശ്യമായ ഭൗതികകാര്യങ്ങളിൽ സേവനം ചെയ്യാനും). ഇവിടെ ഭരണവും സേവനവും ഒന്നായിട്ടാണ് കാണുന്നത്. സഹപ്രവർത്തകനായ ഒരു ശുശ്രൂഷി, രാജസേവകൻ, ദൈവസേവകൻ എന്നീ അർത്ഥങ്ങളിലും ഈ പദം പുതിയനിയമത്തിൽ പ്രയോഗിച്ചിട്ടുണ്ട്. അവിടങ്ങളിലെല്ലാം ഗ്രീക്കിലെ ദിയാക്കോനോസ് എന്ന വാക്കിന് മിനിസ്തെർ (minister) എന്ന ലത്തീൻവാക്കാണ് വുൾഗാത്താ എന്ന ബൈബിൾ വിവർത്തനത്തിൽ കാണുന്നത്. സാങ്കേതികമായ അർത്ഥത്തിൽ ക്രൈസ്തവഭരണക്രമത്തിലെ (ഹൈരാർക്കിയിലെ) ഒരു പ്രത്യേക ഉദ്യോഗസ്ഥൻ എന്ന അർത്ഥത്തിൽ പലയിടത്തും ഈ വാക്ക് പ്രയോഗിച്ചിട്ടുണ്ട് (ഫിലി. 1:1; 1 തിമോ. 3:1-7; 3:8-13). സഭാപരമായ ഒരു ഉദ്യോഗം എന്ന നിലയിൽ ദിയാക്കോണിയ (ഡീക്കൻ സ്ഥാനം) എന്ന പദം പ്രയോഗിച്ചിട്ടില്ലെങ്കിലും അപ്രകാരമുള്ളവരെ നിയമിച്ചതിന്റെ ചരിത്രം നടപടിപ്പുസ്തകത്തിലുണ്ട് (അപ്പ. 6:1-7). ഡീക്കന്മാർ ഭൗതിക കാര്യങ്ങൾ നോക്കുക മാത്രമല്ല, പ്രസംഗിക്കാൻ സഹായിക്കുകകൂടി ചെയ്തു (അപ്പ. 6:8-8, 40). അങ്ങനെ ഡീക്കൻ

www.malankaralibrary.com

അതിഭൗതികകാര്യങ്ങളിലും സഹായിക്കുന്നവനായി.

സുറിയാനി ഭാഷയിൽ ഗ്രീക്ക് പേരു തന്നെയാണ് ഉപയോഗിക്കുന്നത്. ഡീക്കൻ എന്നതിന് തനി സുറിയാനിപ്പദം മ്ദയ്ലാനാ എന്നാണ് (ദ്‌യേൽ= ശുശ്രൂഷിക്കുക). മതപരമായ പല വാക്കുകളും സുറിയാനി ഭാഷ ഗ്രീക്കിൽനിന്ന് കടമെടുക്കുകയാണുണ്ടായത്. ശുശ്രൂഷയിൽ ഡീക്കന് താഴെയുള്ളയാളെ ഹെവ്പുദിയാക്കോൻ എന്ന് പറയുന്നു. അതും ഗ്രീക്ക്ഭാഷയിൽനിന്നുവന്നതാണ് (ഹൈപ്പോ = ഉപ + ദിയാക്കോൻ = ശുശ്രുഷി).

## ത

**തക്സാ, തുക്കാസ** കുർബാനയർപ്പണത്തിന്റെ പ്രാർത്ഥനകളും അനുഷ്ഠാനവിധികളും രേഖപ്പെടുത്തിയിട്ടുള്ള പുസ്തകത്തെ തക്സാ എന്ന് വിളിക്കുന്നു. ക്രമപുസ്തകം, ആരാധനാ ക്രമപുസ്തകം, കുർബാനപ്പുസ്തകം, ദിവ്യപൂജാ ക്രമപുസ്തകം എന്നൊക്കെ അതിനെ വിളിക്കാറുണ്ട്. പാറേമ്മാക്കൽ ഗോവർണദോരുടെ വർത്തമാനപ്പുസ്തകത്തിൽ (ഏ.ഡി. 1786) ഇങ്ങനെ കാണുന്നു: "അവിടെ കുർബാന ചൊല്ലുവാനായിട്ട കുർവാന തക്ക്സാകൂടെ തന്നൊടുകൂടെ കൊണ്ടുപോവുകയും ചെയ്തു" (പുറം 275). കുർബാനപ്പുസ്തകത്തിൽ അടങ്ങിയിട്ടുള്ള പ്രാർത്ഥനകളെക്കാൾ കൂടുതൽ പ്രാധാന്യം അതിലുള്ള അനുഷ്ഠാനവിധികൾക്ക് നല്കിക്കൊണ്ടുള്ള പേരാണ് ക്രമപുസ്തകം (തക്സാ) എന്നത്. സുറിയാനിയിൽനിന്നാണ് തക്സാ എന്ന പദം മലയാളത്തിൽ പ്രചരിച്ചത്. സുറിയാനിയിൽ ത്ഖ്സ് എന്ന ക്രിയയ്ക്ക് നിയന്ത്രിക്കുക, ക്രമപ്പെടുത്തുക, കല്പിക്കുക, നിശ്ചയിക്കുക എന്നൊക്കെയാണർത്ഥം. തക്സായോട് ബന്ധപ്പെട്ട ഒരു വാക്കാണ് തുക്കാസ. തുക്കാസാ എന്നും പറയും. കാരണം, സുറിയാനിയിൽ ഇ, ഉ, ഒ, എ എന്നിവയ്ക്ക് ഹ്രസ്വദീർഘഭേദങ്ങൾ കാണിക്കാൻ ലിപികളില്ല (കുത്തുകളിട്ടാണ് സ്വരങ്ങൾ അടയാളപ്പെടുത്തുന്നത്). നമ്മുടെ പഴയ വട്ടെഴുത്ത്-കോലെഴുത്ത് ലിപികളിലും എ, ഒ എന്നിവയ്ക്ക് ഹ്രസ്വദീർഘഭേദങ്ങൾ കാണിക്കാൻ പ്രത്യേക ലിപികളില്ല. ഇത് ദ്രാവിഡഭാഷയുടെ അക്ഷരമാലയും സെമിറ്റിക് അക്ഷരമാലയും തമ്മിലുള്ള ബന്ധം സൂചിപ്പിക്കുന്നു.

തുക്കാസ എന്ന വാക്കുകൊണ്ട് വ്യവസ്ഥ, കല്പനാസമാഹാരം, ക്രമം എന്നൊക്കെയാണ് ഉദ്ദേശിക്കുന്നത്. ഏ.ഡി. 1606-ൽ റോസ്മെത്രാൻ കേരളസഭയ്ക്ക് ഒരു നിയമാവലി എഴുതിയുണ്ടാക്കി. അതിന് കൊടുത്തപേര് "തുക്കാസാ ദ് മറഇസാതൊമൈത്താ ദാഹെൻദൊ എന്നാണ്. മറഇസാ എന്നതിന് പള്ളി (സഭ) എന്നും തൊമ്മൈത്താ എന്നതിന് മാർ തോമ്മായുടെ എന്നും ഹെദൊ എന്നതിന് ഇൻഡ്യ എന്നുമാണർത്ഥം. ഉടെ എന്നർത്ഥമുള്ള പ്രത്യയമാണ് ദ്, ദാ എന്നിങ്ങനെ കാണുന്നത്. ഇൻഡ്യയിലെ മാർത്തോമ്മാ പള്ളിയുടെ കല്പനകൾ എന്നാണ് ആ ശീർഷകത്തിന്റെ അർത്ഥം. മലയാളത്തിലും ഒരു പേരുകൊടുത്തിട്ടുണ്ട്. "നമ്മുടെ മലംകര മാർ തൊമ്മാശ്ലീഹാടെ എടവകെടെ കല്പനകൾ ഇത" എന്നാണ് മലയാളപ്പേര്. ആ കല്പനാ സമാഹാരത്തിന്റെ ആമുഖത്തിൽ ഇപ്രകാരം പറയുന്നു: "അപ്പൊളൊ നമ്മുടെ മലംകരെ എടവകെക്ക തക്ക കല്പനകൾ ഇന്നയൊളം ഇല്ലാത്തതിനെക്കൊണ്ട പട്ടക്കാ

www.malankaralibrary.com

രരുടെയും അൽമ്മേനികളുടെയും എട യിൽ കലക്കമെ ഉള്ളു. തനിക്ക് തനിക്ക ഒത്തവണ്ണം പട്ടക്കാരരും മാപ്പിളമാരും പ്ര വൃത്തിക്കുന്നതിനെക്കൊണ്ട. ഇതെല്ലാം കണ്ടിട്ട് വേണ്ടുവോളം ദുഃഖിച്ച തംപുരാ നൊട അപേക്ഷച്ച ഇ എടവകെക്ക തക്ക തുക്കാസകൾ എഴുതണമെന്ന ഒറച്ച ഹെ ഞൊ എന്ന രാജ്യത്തുള്ള കാനൊനു കളും...."

തക്സാ, തുക്കാസാ എന്നീ സുറി യാനിവാക്കുകൾക്ക് (ത്ഖ്സ് എന്ന ധാ തുവിന്) ഗ്രീക്കുമായി ബന്ധമുണ്ടെന്ന് നിഘണ്ടുകർത്താക്കൾ സുചിപ്പിച്ചിട്ടില്ല. എങ്കിലും തയ്ക്കുക, നിർമ്മിക്കുക എന്നി ങ്ങനെ അർത്ഥമുള്ള തെക്സ് (തെ വ്ക്സ്) എന്ന ഗ്രീക്ക് ധാതുവുമായി ബന്ധമുണ്ടെന്നതിൽ സംശയിക്കാനില്ല. ലത്തീനിൽ തെക്സ് (tex) എന്നു തന്നെ യാണ് ധാതു. ഈ ധാതുവിലെ അവസാ നത്തെ സകാരം ചില സാഹചര്യങ്ങളിൽ അപ്രത്യക്ഷമാകുന്നതുകൊണ്ട് തെക് എന്നുമാത്രമാണ് മൂലധാതു എന്ന് പറയാം. നിർമ്മിക്കുക, രൂപപ്പെടുത്തുക എന്നൊക്കെ അർത്ഥമുള്ള തക്ഷ് എന്ന സംസ്കൃതധാതുവുമായി ഇത് ബന്ധ പ്പെട്ടിരിക്കുന്നു. ഗ്രീക്കിൽ തെക്കെയ്ൻ (തെവുക്കെയ്ൻ) എന്നും ലത്തീനിൽ തെക്സെരെ എന്നും പറഞ്ഞാൽ നെയ്യു ക, നിർമ്മിക്കുക, തയ്ക്കുക എന്നൊ ക്കെയാണർത്ഥം. തയ് എന്ന ദ്രാവിഡ ധാതുവിനും പ്രസ്തുത ഇൻഡോ യൂ റോപ്യൻ ധാതുവുമായി പുർവ്വകാല ബന്ധമുണ്ടായിരിക്കും. ഒരേ ആശയമാ ണ് അവ വെളിപ്പെടുത്തുന്നത് (ചില സ്ഥലങ്ങളിൽ തയ്ക്കുക എന്നതിനു പകരം തുന്നുക എന്ന പ്രയോഗമുണ്ട്). തുണിനെയ്യുന്നതും, തയ്ക്കുന്നതും നിർ മ്മാണപ്രവൃത്തിയാണ്, ക്രമവത്ക രണമാണ്, രുപവത്കരണവുമാണ്. അ ങ്ങനെ ഇൻഡോ യൂറോപ്യനിലെ തെക് എന്ന മൂലധാതുവിന് ക്രമപ്പെടുത്തൽ എന്ന് പ്രഥമാർത്ഥം. അർത്ഥവികാസം കൊണ്ട് ധാതുക്കൾ സമാനങ്ങളായ നുറുകുട്ടം കാര്യങ്ങളെ ക്രമേണ സൂചി പ്പിക്കും.

ഗ്രീക്കിൽ തക്സിസ് എന്നതിന് ക്രമപ്പെടുത്തൽ എന്നർത്ഥം. ഗ്രീക്കിലെ തെക്സ് ലത്തീനിൽ തെക്സ് എന്നും സുറിയാനിയിൽ തക്സ് (ത്ഖ്സ്) എന്നും കാണുന്നു. സംസ്കൃതത്തിലെ തക്ഷ് ആയിരിക്കും ഏറ്റവും പ്രാചീന മായ രൂപം.

പാഠം, ഗ്രന്ഥഭാഗം, പാഠ്യഭാഗം എ ന്നൊക്കെ അർത്ഥമുള്ള ടെക്സ്റ്റ് (text) എന്ന ഇംഗ്ലീഷ് വാക്കും തെക്സ് ധാതു വിൽനിന്നുവരുന്നു. ഇംഗ്ലീഷിലെ ടെക് സ്റ്റിൻെറ വരവ് ലത്തീനിലെ തെക്സ് തൂസ് (textus) എന്ന വാക്കിൽനിന്നാണ്. ടെക്സ്റ്റൈയിൽസ് എന്ന ഇംഗ്ലീഷ് വാ ക്കും തെക്സ് ധാതുവിൽനിന്നു വരുന്നു. സംസ്കൃതത്തിലെ തക്ഷഃ എന്നതിൻെറ തദ്ഭവരൂപമാണ് മലയാളത്തിലെ തച്ചൻ.

**തബലീത്ത** ആരാധനയെ സംബന്ധി ച്ച ഒരു സുറിയാനി പദമാണ് തബലീത്ത (തബ്ലൈത്ത). അൾത്താരമേൽ സ്ഥാ പിക്കുന്ന ആശീർവദിക്കപ്പെട്ട ഒരു മരപ്പ ലകയോ മാർബിൾ പലകയോ ആണത്. പൂജാവസ്തുക്കൾ (അപ്പവും വീഞ്ഞും) തബലീത്തയിലാണ്വയ്ക്കുന്നത്. കുർ ബാനക്കല്ല് (Altar Stone) എന്നാണ് ഇ പ്പോൾ സാധാരണമായി ഈ പലകയ്ക്ക് പറഞ്ഞുവരുന്ന പേര്.

ലത്തീൻ ഭാഷയിലെ താബുളും (tabulum) എന്ന വാക്കിൽനിന്നാണ് സുറിയാനിഭാഷയിൽ തബലൈത്താ എന്ന പദമുണ്ടായത്. ലത്തീനിൽനിന്നും

www.malankaralibrary.com

ഗ്രീക്കിൽനിന്നും സുറിയാനി ഭാഷയിൽ വളരെയേറെ പദങ്ങൾ കയറിക്കുടിയിട്ടുണ്ട്.

ആദിമകാലങ്ങളിൽ അൾത്താരയായി ഉപയോഗിച്ചിരുന്നത് ഒരു മരപ്പലകയായിരുന്നു. ആറാം നൂറ്റാണ്ടിനുശേഷമാണ് ഇന്നത്തേതുപോലെ കല്ലുകൊണ്ടുള്ളതും സ്ഥിരമായി ഉറപ്പിച്ചിട്ടുള്ളതുമായ അൾത്താരകളുണ്ടായത്. ആദിമകാലത്തെ അൾത്താരയെ (പലക) സൂചിപ്പിക്കുകയാണ് ഇന്നത്തെ തബലീത്ത. കൊണ്ടുനടക്കാവുന്ന അൾത്താരയായിരുന്നല്ലോ പണ്ടുണ്ടായിരുന്നത്. തബലീത്ത എന്ന സുറിയാനി പദത്തിന് കൊണ്ട് നടക്കാവുന്ന, സ്ഥിരമായി ഉറപ്പിച്ചിട്ടില്ലാത്ത ബലിപീഠം (ബലിയർപ്പിക്കാനുള്ള പലക) എന്നർത്ഥമാണ്. ലത്തീനിൽ തബുലാത്തും എന്നതിന് മരം കൊണ്ട് നിർമ്മിച്ചത് എന്നർത്ഥമുണ്ട്. ആ വാക്ക് സുറിയാനിയിൽ തബലീത്ത എന്നായി.

## തരീസാപള്ളി (തറീസാപള്ളി)

ഏറെ ദുർവ്യാഖ്യാനിക്കപ്പെടുന്ന ഒരു പ്രയോഗമാണ് തരീസാപള്ളി. തരീസാപ്പള്ളി ചെപ്പേടുകൾ കേരളചരിത്രത്തിലെ വിലപ്പെട്ട രേഖകളാണല്ലോ. വീണ്ടുംവീണ്ടും അത് ചർച്ചചെയ്യപ്പെടുന്നു. കൊല്ലത്ത് മരുവാൻ (മാർ ആബൂൻ) ശബറ് ഈശോ (സാപ്പോർ ഈശോ) സ്ഥാപിച്ച തരീസാപള്ളിയ്ക്കു നല്കിയ ചെപ്പേടുകളാണവ. തരീസാ പള്ളി എന്നതിന് സത്യവിശ്വാസമുള്ള സമൂഹം എന്നാണർത്ഥം. കൽദായാ സുറിയാനിയിലെ ത്രീസാ എന്ന വാക്കാണ് തരിസാ എന്നും തരിതാ എന്നും രൂപം മാറിയത്. ഗ്രീക്കിൽ ഓർത്തഡോക്സോസ് എന്ന വാക്കിൻെറ അർത്ഥം തന്നെയാണ് ത്രീസാ എന്ന വാക്കിനും. ഇംഗ്ലീഷിൽ ഓർത്തഡോക്സ് (Orthodox) എന്നുപറയും. നേരായ, സത്യമായ, പ്രബോധനം അഥവാ സിദ്ധാന്തം (അല്ലെങ്കിൽ മതം) എന്നാണല്ലോ അതിൻെറ അർത്ഥം. പാഷണ്ഡതയില്ലാത്ത മതമെന്ന അർത്ഥത്തിലാണ് ഈ വിശേഷണങ്ങൾ പ്രയോഗിച്ചത്. കേരളീയർ മാത്രമല്ല മറ്റ് രാജ്യങ്ങളിലുള്ള ക്രിസ്ത്യാനികളും ഇവ ഉപയോഗിക്കുന്നുണ്ട്.

എ.ഡി. 321-ൽ ക്രിസ്തുമതത്തിൽ ആദ്യമായി അബദ്ധോപദേശമുണ്ടായി. ആരിയൻ പാഷണ്ഡത എന്ന് അത് അറിയപ്പെടുന്നു. ആ പാഷണ്ഡത സ്വീകരിക്കാത്ത ക്രിസ്ത്യാനികൾ സത്യവിശ്വാസികൾ എന്ന അർത്ഥത്തിൽ തങ്ങളുടെ മതത്തോട് ഓർത്തോദോക്സോസ് എന്ന ഗ്രീക്ക് വിശേഷണവും ത്രീസാ എന്ന സുറിയാനി വിശേഷണവും ചേർത്തു. സത്യക്രിസ്ത്യാനി, സത്യവിശ്വാസി, സത്യവേദം, സത്യവേദപുസ്തകം, സ്തുതിചൊവ്വാകപ്പെട്ട വിശ്വാസം എന്നൊക്കെ ഇപ്പോഴും ഉപയോഗിക്കുന്നത് ആ അർത്ഥത്തിലാണ്.

എ.ഡി. 4-ാം നൂറ്റാണ്ടിലെ ഗ്രീക്ക് സഭാപണ്ഡിതന്മാരാണ് ആദ്യമായി ഓർത്തോദോക്സോസ് എന്ന വിശേഷണം ഉപയോഗിച്ചത്. എ.ഡി. 451-ൽ നെസ്തോറിയൻ പാഷണ്ഡതയുണ്ടായപ്പോൾ അത് സ്വീകരിക്കാതിരുന്നവരും ഈ വിശേഷണം ഉപയോഗിച്ചുപോന്നു.

പാശ്ചാത്യസഭ (ലത്തീൻ സഭ) കാലക്രമേണ ഈ വിശേഷണം ഉപേക്ഷിച്ചു. പകരം കത്തോലിക്കാ എന്ന വിശേഷണം സർവ്വത്ര ഉപയോഗിച്ചു. പോർത്തുഗീസ് മിഷണറിമാർ ഇൻഡ്യയിൽ വന്നപ്പോൾ 'കത്തോലിക്കാ വിശ്വാസം' 'കത്തോലിക്കാ സഭ' എന്നിങ്ങനെയുള്ള പ്രയോഗങ്ങൾ പ്രചരിപ്പിച്ചു. എന്നാൽ കിഴക്കൻ സഭക്കാർ ഓർത്തദോക്

www.malankaralibrary.com

സോസ് (ഓർത്തഡോക്സ്) എന്ന പേര് ഇന്നും ഉപയോഗിക്കുന്നു. കേരളത്തിൽ യാക്കോബായ വിഭാഗക്കാരിൽ മെത്രാൻ കക്ഷി 1936-ൽ ഓർത്തഡോക്സ് എന്ന വിശേഷണം തങ്ങളുടെ സഭയ്ക്ക് ഔദ്യോഗികമായി അംഗീകരിച്ചു. അങ്ങനെ പഴയ ത്റീസാ എന്ന പ്രയോഗം ഇംഗ്ലീഷ് ഭാഷയിലാണെങ്കിലും കേരളത്തിൽ നിലനില്ക്കുന്നുണ്ട്.

ആദ്യത്തെ രണ്ട് സാർവ്വത്രിക സൂനഹദോസുകളിലെ തീരുമാനങ്ങൾ അംഗീകരിച്ച് പഴയ വിശ്വാസത്തിൽ നില നിന്നവരാണ് 9-ാം നൂറ്റാണ്ടുവരെ ഈ വിശേഷണം ഉപയോഗിച്ചത്. ആദ്യത്തെ ഏഴു സാർവത്രിക സൂനഹദോസുകളിലെ തീരുമാനങ്ങൾ അംഗീകരിച്ചവർ എന്ന അർത്ഥത്തിലാണ് റഷ്യയിലും ഗ്രീസിലും കിഴക്കൻ യൂറോപ്പിലുമുള്ള സഭകൾ ഇന്ന് ഓർത്തഡോക്സ് സഭകൾ എന്ന് സ്വയംവിളിക്കുന്നത്.

തരീസാപള്ളി എന്നതിലെ പള്ളി എന്നവാക്കിന് ആദിമകാല അർത്ഥമാണുള്ളത്. സമൂഹമെന്ന അർത്ഥം. ആരാധനയ്ക്കുള്ള കെട്ടിടമെന്ന അർത്ഥം പിന്നീടുണ്ടായതാണ്. മാർത്തോമ്മാ ഏഴുപള്ളികൾ സ്ഥാപിച്ചു എന്നുപറയുമ്പോൾ ഏഴ് സമൂഹങ്ങളെ രൂപപ്പെടുത്തി എന്നാണർത്ഥം. പഴയ വേദപാഠപുസ്തകങ്ങളിലും മറ്റും കത്തോലിക്കാ പള്ളി എന്നുപറയുമ്പോൾ കത്തോലിക്കാ ദേവാലയമെന്നല്ല കത്തോലിക്കാസഭ (സാർവത്രികസഭ, സാർവത്രിക സമൂഹം) എന്നാണർത്ഥം.

തറീസാ (ത്രീസാ) എന്നതിന് "സ്തുതിചൊവ്വാകപ്പെട്ട" എന്നൊരു തർജ്ജുമ 17-ാം നൂറ്റാണ്ടുമുതൽ ഉപയോഗിക്കുന്നുണ്ട്. ത്രീസസ് ശുബഹാ എന്ന സുറിയാനിശൈലിയുടെ തർജ്ജുമയാണത്. ഇവിടെ ശുബഹാ എന്നതിന് സ്തുതി, ആരാധന, മതം എന്നിങ്ങനെയാണർത്ഥം. ത്രീസ് ശുബഹാ എന്നത് സത്യവിശ്വാസി എന്നർത്ഥമുള്ള ശൈലിയാണ്.

പാഷണ്ഡതയുണ്ടായത് കേരളത്തിലല്ല. അതുകൊണ്ട് തരീസാ എന്ന വാക്ക് കേരളത്തിലുണ്ടായതല്ല. കുടിയേറ്റക്കാരായ ക്നാനായാക്കാർ ആയിരിക്കണം ഈ വിശേഷണം ഇവിടെ ആദ്യം പ്രയോഗിച്ചത്. അവർ ഇന്നും ആ വാക്കിൽ ഉറച്ചുനില്ക്കുന്നു.

ത്റീസാ എന്ന വാക്ക് ത്രീസാ എന്നെഴുതുന്നത് ശരിയല്ല. 'റ' കാരം തന്നെ എഴുതണം. യൂറോപ്യന്മാർ 'ര' 'റ' എന്നീ രണ്ട് സ്വനിമങ്ങൾക്കും R എന്ന ലിപി പ്രയോഗിക്കുന്നു. സുറിയാനിയിൽ 'റ'കാരമേ ഉള്ളൂ.

ത്റീസാ എന്നതിലെ 'സ' കാരം പഴയമലയാളത്തിലും തമിഴിലും 'ത' എന്നായി. പണ്ട് തമിഴും മലയാളവും എഴുതാനുപയോഗിച്ചിരുന്ന വട്ടെഴുത്ത് - കോലെഴുത്ത് ലിപികളിൽ 'സ'എന്ന അക്ഷരമേ ഇല്ല. 'സ' മിക്കപ്പോഴും 'ത' എന്നോ 'ച' എന്നോ എഴുതും. പക്ഷേ, തമിഴർക്ക് 'സ' എന്ന് ഉച്ചരിക്കാൻ കഴിയും. തരിതാകൾ എന്നവാക്കാണ് തരുതായ്കൾ എന്നായത്. 17-ാം നൂറ്റാണ്ടുമുതൽ തരിതാകൾ എന്നതിനുപകരം സത്യക്രിസ്ത്യാനികൾ എന്ന പ്രയോഗം സാധാരണമായിത്തീർന്നു.

കൊല്ലത്തുള്ള പള്ളി മാത്രമല്ല മറ്റ് സ്ഥലങ്ങളിലുള്ള പള്ളികളും തരിസാപള്ളികൾ എന്നറിയപ്പെട്ടിരുന്നു. തമിഴ്നാട്ടിലെ വൈപ്പാർ, വെമ്പാർ എന്നീ ഗ്രാമങ്ങളിലെ കുറേ അക്രൈസ്തവർ മലബാറിലെ പൗരാണിക മാർത്തോമ്മാ

www.malankaralibrary.com

ക്രിസ്ത്യാനികളുടെ പിൻമുറക്കാരാണ് തങ്ങൾ എന്ന് 1604-ൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് (cf. H. Hosten, Antiquities from San Thoms and Mylapore, Mylapore, 1936. p. 573). അവർ "തരിതാകൾ നായിക്യന്മാർ" എന്നാണ് സ്വയം വിളിച്ചിരുന്നത് (നായിക് വംശത്തിൽപ്പെട്ട തരീസാ സമൂഹമെന്നാണ് വിവക്ഷ). ചൈനയിലെ സുറിയാനി ക്രിസ്ത്യാനികളും തരിസായ്കൾ (ത്രീസായ്കൾ) എന്നറിയപ്പെട്ടിരുന്നു.

കോഴിക്കോടിന് തെക്ക് ബേയ്പൂർ നദീമുഖത്ത് ബേപ്പൂർ പ്രദേശത്തുള്ളവർ, തങ്ങൾ മാർത്തോമ്മാ ക്രിസ്ത്യാനികളാണെന്ന് 16-ാം നൂറ്റാണ്ടിൽ സാക്ഷ്യപ്പെടുത്തി. അവരും "തർതായികൾ നായിക്കന്മാർ" എന്നാണ് സ്വയം വിളിച്ചിരുന്നത് (cf. Mundadan. Sixteenth Century Traditions of St. Thomas Christians Bangalore, 1970, p. 110-111). ക്രിസ്ത്യാനികളെ പാണ്ഡ്യൻ രാജ്യത്തുള്ളവർ "രാജപുത്രർ" എന്നും "തരിജനെൽ" എന്നും വിളിച്ചിരുന്നതായി പറയുന്നുണ്ട്. തരിജനെൽ തരീസാകൾ എന്നതിൻെറ ഒരു വികൃതരൂപമായിരിക്കണം. തരീസാ ജനങ്ങൾ എന്ന് വാക്ക് ആയിരിക്കണം അത്. Tarijanel എന്ന് പോർത്തുഗീസ് ഭാഷയിലാണല്ലോ എഴുതിയിരിക്കുന്നത്.

പതിനേഴാംനൂറ്റാണ്ടിൽ ക്രിസ്ത്യാനികളും ക്രിസ്തുമതം ഉപേക്ഷിച്ചവരും ഈ പേരിൽ അറിയപ്പെടുന്നു. രാജാക്കന്മാർ എന്നോ ആദ്യരാജാക്കന്മാർ എന്നോ ആണ് അതിൻെറ അർത്ഥമെന്ന് റോസ് മെത്രാൻ (1600-1624) എഴുതിയിട്ടുണ്ട്. മാർത്തോമ്മാ മാനസാന്തരപ്പെടുത്തിയ രാജാക്കന്മാരുടെ മക്കളാകയാലാണ് അങ്ങനെ വിളിക്കപ്പെടുന്നതെന്നും അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട് (Mundadan op.cit. p. 126, 137).

കൽദായാ സുറിയാനിയിൽ തറേസ് എന്നൊരു ധാതുവുണ്ട്. ചൊവ്വായി, ശരിയായി, നേരായി എന്നൊക്കെയാണർത്ഥം. അത് സകർമ്മക ക്രിയയുമാണ്. അങ്ങനെ ശരിയാക്കി, നേരാക്കി, കേടുതീർത്തു എന്നൊക്കെ അർത്ഥംവരും. ത്റേസ് എന്നൊരു വ്യത്യസ്ത രൂപവും ആ ക്രിയയ്ക്കുണ്ട്. ഈ ത്റേസ് ധാതുവിൽനിന്നാണ് ത്റീസാ (=സത്യമായ) ത്റീസൂസ (= നേര്, നേർവഴി, നിയമം) മുതലായ പദങ്ങളുണ്ടാകുന്നത്.

(ഓർത്തഡോക്സ്, തരുതായ്കൾ, എന്നീ വാക്കുകൾ നോക്കുക).

## തരുതായ്കൾ (ത്റീസാകൾ)

അബദ്ധോപദേശം സ്വീകരിക്കാത്തവർ, സത്യവിശ്വാസികൾ, പാഷണ്ഡതയിൽപ്പെടാത്തവർ, ശരിയായ സിദ്ധാന്തമുള്ളവർ എന്നൊക്കെയാണ് ഈ പേരിൻെറ അർത്ഥം. ഇംഗ്ലീഷിൽ ഓർത്തഡോക്സ് (orthodox) എന്ന് പറയുന്നതു തന്നെ.

ക്നാനായാക്കാർ തരുതായ്കളാണ് തങ്ങളെന്ന് പറയുന്നു. ഏ.ഡി. 345-ൽ കുടിയേറിയവരാണ് ഈ പേര് ഉപയോഗിച്ചുതുടങ്ങിയതെന്ന് അങ്ങനെ ഊഹിക്കാം. കേരളത്തിൽ അബദ്ധോപദേശങ്ങൾ ഉണ്ടായിട്ടില്ല. ക്നാനായാക്കാരുടെ പഴയപാട്ടുകളിൽ ഈ വിശേഷണം ധാരാളമായി പ്രയോഗിച്ചിട്ടുണ്ട്. ബേപ്പൂരും, തമിഴ്നാട്ടിലെ വൈപ്പാർ, വെമ്പാർ എന്നീ ഗ്രാമങ്ങളിലുമുള്ള അക്രൈസ്തവർ, തങ്ങൾ മാർത്തോമ്മാക്രിസ്ത്യാനികളുടെ സന്തതികളാണെന്നും തരിതായ്ക്കൾ നായ്ക്കന്മാരാണെന്നും 16, 17 നൂറ്റാണ്ടുകളിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടല്ലോ.

www.malankaralibrary.com

സത്യമായ, നേരായ എന്നിങ്ങനെ അർത്ഥമുള്ള ത്റീസാ എന്ന കൽദായാ സുറിയാനിവാക്കിൽനിന്നാണ് ഈ പേരുണ്ടായത്. തറീസാ-കൾ, തരുതാ -കൾ, തരുതായ്കൾ എന്നിങ്ങനെയാണ് അതിൻെറ പരിണാമം. തറീസായിലെ സകാരം തകാരമായി. തരുതായ്കളിലെ 'യ്' ഉച്ചാരണസൗകര്യത്തിനു വന്നു ചേർന്നതാണ്. സത്യക്രിസ്ത്യാനികൾ സത്യവിശ്വാസികൾ, സത്യവേദം, സത്യവേദക്കാർ, സത്യവേദപുസ്തകം എന്നൊക്കെ ആധുനികകാലത്ത് പറയുന്നുണ്ടല്ലോ. യഥാർത്ഥ ദൈവത്തെ ആരാധിക്കുന്നവർ, വിഗ്രഹാരാധകരല്ലാത്തവർ എന്നിങ്ങനെയും സത്യവേദക്കാർ എന്ന വാക്കിന് അർത്ഥമുണ്ട്.

മാണിക്യവാചകർ കൊല്ലത്തുവന്ന് ഹിന്ദുമതപ്രചാരണം നടത്തിയപ്പോൾ ഹിന്ദുമതത്തിലേക്ക് തിരിച്ചുപോകാത്തവരെയാണ് തരിതായ്കൾ എന്നു വിളിക്കുന്നതെന്ന് കേരളത്തിലെ 'മാർഗവഴിയുടെ അവസ്ഥ' എന്ന ഒരു പഴയ കൃതിയിൽ പറയുന്നല്ലോ. അവർ തിരിഞ്ഞുപോകാത്തതുകൊണ്ടുണ്ടായ പേരല്ല അത്. ആ പേര് പണ്ടേ ഉണ്ടായിരുന്നു.

തിരിയുക എന്ന മലയാള ധാതുവുമായി തരിതായ്കൾ എന്ന പദത്തിന് യാതൊരു ബന്ധവുമില്ല. കുറേ തരിതായ്കൾ ഹിന്ദുമതത്തിലേക്ക് തിരിച്ചുപോയി (മണിഗ്രാമക്കാർ എന്നറിയപ്പെടുന്ന വ്യാപാരികളിൽനിന്ന്). ഏഴുമുതൽ പതിനഞ്ചുവരെയുള്ള നൂറ്റാണ്ടുകളിൽ ഇസ്ലാം മതത്തിൻെറ പ്രാബല്യവും വ്യാപനവുംമൂലം കേരളത്തിൽ വേണ്ടത്ര വൈദികരുണ്ടായിരുന്നില്ല. ബാബേലിൽനിന്ന് വേണ്ടത്ര വൈദികരോ മെത്രാന്മാരോ വന്നിരുന്നില്ല. അതുകൊണ്ട് ഭാരതത്തിലെവിടെയും ക്രിസ്തുമതം അധഃപതിച്ചു. കേരളത്തിന്പുറത്തുള്ള സഭകൾ മിക്കതും തകർന്നു.

സംസ്കൃതത്തിലെ തൃ എന്നധാതുവിൽനിന്ന് തരിതാ എന്നൊരു പദമുണ്ടാക്കാം. പക്ഷേ, പൗരാണിക ക്രിസ്ത്യാനികൾ ആ പദം തങ്ങളുടെ മതത്തെ വിശേഷിപ്പിക്കാൻ ചേർത്തുഎന്നു വിചാരിക്കാൻ ന്യായമില്ല. തരിതാവ് എന്ന പ്രയോഗം ഒരിടത്തും കാണാനില്ല (ത്രാതാവ്, കർത്താവ് എന്നിങ്ങനെയുള്ള പദരൂപങ്ങൾ ഉണ്ട്). ഹീബ്രു, അറമായ, (സുറിയാനി), പാലി, തമിഴ് മുതലായ ഭാഷകളായിരുന്നു നമ്മുടെനാട്ടിൽ നിലവിലിരുന്നത്. തന്മൂലം ക്രിസ്ത്യാനികൾ തൃ എന്ന സംസ്കൃത ധാതുവിൽനിന്ന് തരിതാവ് എന്ന ഒരുപദം രൂപപ്പെടുത്തിയെന്ന് വിശ്വസിക്കാൻ സാധ്യമല്ല.

ഏ.ഡി. 321 മുതൽ പാഷണ്ഡതകൾ സ്വീകരിക്കാത്ത ക്രിസ്ത്യാനികൾ ലോകത്തെവിടെയും സത്യവിശ്വാസികൾ എന്ന് സ്വയം വിളിച്ചിരുന്നു. ഗ്രീക്കിൽ ഓർത്തഡോക്സോസ് എന്നും സുറിയാനിയിൽ ത്റീസാ എന്നും. ഇതിലെ ത്റീസാ എന്ന വാക്കിൽനിന്നാണ് തരീസാ, തരുതാ എന്ന വാക്കുകൾ രൂപപ്പെട്ടത്.

ആദിമ ക്രൈസ്തവരുടെ മതഭാഷകൾ സുറിയാനിയും ഗ്രീക്കുമായിരുന്നു. പിൽക്കാലത്ത് യുറോപ്പിൽ ലത്തീൻഭാഷ മതഭാഷയായി. കേരളത്തിൽ സുറിയാനി നിലനിന്നു (1962 വരെ). ക്രിസ്ത്യാനികളുടെ പല പഴയപദങ്ങളും സുറിയാനിയിൽനിന്നുണ്ടായവയാണ്. ഗ്രീക്ക്, ലത്തീൻ എന്നീഭാഷകളിൽ നിന്നു സുറിയാനിയിലേക്ക് ധാരാളം വാക്കുകൾ സ്വീകരിക്കപ്പെട്ടിരുന്നു. ഈ ഭാഷകൾ പരിശോധിക്കാതെ പഴയ പദങ്ങളെപ്പറ്റി ഊ

www.malankaralibrary.com

ഹിച്ചെഴുതുന്നത് ശരിയല്ല. ഈ ഭാഷകളും സഭയുടെ ചരിത്രവും അറിയാവുന്നവർക്ക് തരീസ, ഓർത്തഡോക്സ് സത്യവിശ്വാസം മുതലായവയുടെ അർത്ഥം സുവ്യക്തമാണ്. അല്ലാത്തവരെ ദുർവ്യാഖ്യാനങ്ങൾ തെറ്റിധരിപ്പിക്കുന്നുണ്ട്.

തർസാ എന്ന വാക്ക് യൂറോപ്യൻ സാഹിത്യത്തിലും സ്ഥലം പിടിച്ചിട്ടുണ്ട്. ക്രിസ്ത്യാനി എന്നാണ് അതിന് അർത്ഥം കൊടുത്തിട്ടുള്ളത്. അവിശ്വാസികൾ, അഗ്ന്യാരാധകർ, ബുദ്ധമതക്കാർ എന്നിങ്ങനെയും അതിന് അർത്ഥമുണ്ടെന്ന് പറയുന്നു. ആ പദത്തിന് അഗ്നിയെ ആരാധിക്കുന്നവർ എന്നർത്ഥമില്ലെന്നും ക്രിസ്ത്യാനികൾ എന്നേ അർത്ഥമുള്ളു എന്നും ചില പേർഷ്യൻ എഴുത്തുകാർ തറപ്പിച്ചു പറയുന്നുണ്ട്. അക്രൈസ്തവർ ക്രിസ്ത്യാനികളെ അവിശ്വാസികളായിട്ടല്ലേ കരുതുകയുള്ളൂ. ബുദ്ധമതക്കാരെയും അങ്ങനെ തന്നെ.

യഥാർത്ഥ ദൈവത്തെ സ്തുതിക്കുന്ന മതം എന്ന അർത്ഥത്തിലും സത്യവേദം എന്ന് പ്രയോഗിച്ചിട്ടുണ്ട്. വിഗ്രഹാരാധനയെ എതിർക്കുന്ന മതം എന്ന അർത്ഥത്തിലാണ് പ്രയോഗം. തിരുവിതാംകോട് പള്ളിക്ക് തെക്കുവശത്തുള്ള രണ്ട് തെരുവുകൾ തരിതാകളുടെ അങ്ങാടികളായിരുന്നു. ഇന്നും "തരിയാത്തെരിവ്"എന്ന് ആ സ്ഥലം വിളിക്കപ്പെടുന്നുവെന്ന് 1950-ൽ ഗീവറുഗീസുറമ്പാൻ "തിരുവാങ്കോട്ട് പള്ളിചരിത്രവും തരിസ്സായ്ക്കളുടെ ഐതിഹ്യവും" എന്ന ഗ്രന്ഥത്തിൽ പറയുന്നുണ്ട്. ആ പ്രദേശത്തുള്ളവർ ഒരിക്കൽ വിഷുചികെ ഭയന്ന് പല സ്ഥലങ്ങളിലേക്കും പോയെന്നും കുണ്ടറ, തിരുവനന്തപുരം, കറ്റാനം, മാവേലിക്കര, കൊട്ടാരക്കര, കല്ലട, തേവലക്കര, കാർത്തികപ്പള്ളി, കായംകുളം, പിറവം മുതലായ സ്ഥലങ്ങളിൽ അവരുടെ പിന്മുറക്കാരുണ്ടെന്നും അദ്ദേഹം എഴുതിയിട്ടുണ്ട്. ഇവർ കച്ചവടക്കാരായിരുന്നു (മണിഗ്രാമക്കാർ). ചോളനാട്ടിൽ ഉണ്ടായ മതപീഡനംമൂലം ഏ.ഡി. 293-ൽ വേണാട്ടിലേക്ക് പോന്നവരാണ് അവരുടെ പുർവ്വികർ.

പണ്ട് ക്രിസ്ത്യാനികൾ കൊല്ലത്തു മാത്രമല്ല മറ്റ് സ്ഥലങ്ങളിലും തരുതായ്കൾ എന്ന് സ്വയം വിളിച്ചിരുന്നുവെന്നത് തീർച്ചയാണ്.

ഉദയംപേരൂർ സൂനഹദോസ് നടന്ന കാലത്ത് (1599) തിരുവാങ്കോട്ടു സമൂഹം തകർന്നുകിടന്നിരുന്നു. നാല്പതുവർഷം മുമ്പ് (ഏതാണ്ട് 1559) കുറേപ്പേർ ഹിന്ദുമതത്തിലേക്ക് തിരിച്ചുപോയെന്ന് സുനഹദോസ് കാനോനയിൽ പറയുന്നു (8-ാം മൗത്വാ 6-ാം കാനോന). മണിഗ്രാമക്കാർ വിവാഹത്തിന് ഉപയോഗിക്കുന്ന കുമ്പളത്താലിക്ക് "തരിയാത്താലി" എന്ന പേര് വന്നത് തരിയായ്കൾ ഉപയോഗിക്കുന്ന താലി എന്ന അർത്ഥത്തിലാണ്. (ഓർത്തഡോക്സ്, തരീസാ പള്ളി, എന്നീ വാക്കുകൾ നോക്കുക).

**തർഗും** ബാബിലോണിയൻ അടിമത്തത്തിന്ശേഷം ബി.സി.539-ൽ നാട്ടിൽ തിരിച്ചെത്തിയ യഹൂദജനതയ്ക്ക് അവരുടെ സ്വന്തം ഭാഷയായിരുന്ന ഹീബ്രു മനസ്സിലാക്കാൻ പ്രയാസമായി. അതുകൊണ്ട് ഹീബ്രുവിലുള്ള വേദഗ്രന്ഥം ബാബിലോണിയൻ അടിമത്തത്തിൻെറ കാലത്ത് ഉപയോഗിച്ചു പഠിക്കേണ്ടിവന്ന അറമായാ (ആറാമായാ) ഭാഷയിലേക്ക് വിവർത്തനം ചെയ്യേണ്ടിവന്നു. അത്തരം വിവർത്തനത്തിനും വ്യാഖ്യാനത്തിനുമാണ് തർഗും എന്ന് ഹീബ്രുവിൽ പറയുന്നത്. സിനഗോഗുകളിൽ ഹീബ്രുവിലു

www.malankaralibrary.com

ള്ള വേദഗ്രന്ഥം ഉറക്കെവായിച്ച് അർത്ഥവും വ്യാഖ്യാനവും ആറാമായയിൽ (അറമായയിൽ) പറയുകയായിരുന്നു ആദ്യകാലത്ത് ചെയ്തിരുന്നത്. പിന്നീട് അതെല്ലാം രേഖപ്പെടുത്തി. അങ്ങനെ തർഗുമ്കളുണ്ടായി.

ഹീബ്രുവിലെ തർഗും എന്ന പദം അറമായയിൽ നിന്നുണ്ടായതാണ്. അറമായയിലേക്ക് ആ പദം വന്നത് അക്കാദിയൻ ഭാഷയിൽ നിന്നാണ്. റഗാമു എന്നാണ് അക്കാദിയൻ ധാതു. വിളിച്ചുപറയുക, ഉറക്കെവായിക്കുക എന്നിങ്ങനെയാണ് ആദിമാർത്ഥം. വിവർത്തനം ചെയ്യുക, ദ്വിഭാഷിയാവുക, വ്യാഖ്യാനിക്കുക എന്നൊക്കെ അതിന് അർത്ഥം കല്പിക്കപ്പെട്ടു. ആ ധാതു മിക്ക സെമിറ്റിക് ഭാഷകളിലേക്കും കടന്നു. മലയാളത്തിലുള്ള തർജ്ജുമ എന്ന പദവും ആ ഭാഷയിൽ നിന്നുണ്ടായതാണ് (തുർഗാമ എന്ന പദം കാണുക). യഹൂദർ ഇവിടെ വന്നകാലം മുതൽ (ക്രിസ്തുവർഷാരംഭത്തിനുമുമ്പേ) ആ വാക്ക് ഇവിടെ പ്രയോഗിച്ചുവന്നു എന്നതിൽ സംശയമില്ല. യഹൂദരും യഹൂദക്രൈസ്തവരും ആ പദം സാധാരണമായി പ്രയോഗിച്ചിരുന്നല്ലോ. പഴയ നിയമത്തിലെ മിക്ക ഗ്രന്ഥങ്ങൾക്കും തർഗും ഉണ്ടായി. അവയെല്ലാം കേവലവിവർത്തനങ്ങളല്ല, വ്യാഖ്യാനങ്ങളുമാണ്.

**താലന്ത്** ഹീബ്രുഭാഷയിലുള്ള കിക്കാർ എന്ന വാക്കിന് തുല്യമായ തലാന്തോൻ എന്ന ഗ്രീക്ക് വാക്കിൽനിന്നുണ്ടായ താലെന്തും എന്ന ലത്തീൻ വാക്കിൽനിന്നാണ് താലന്ത് (Talant) എന്ന പദമുണ്ടായത്. പരന്ന ലോഹക്കഷണം, വൃത്താകൃതിയിലുള്ള അപ്പക്കഷണം, ജോർദ്ദാൻ താഴ്‌വരയിലെ വൃത്താകാരത്തിലുള്ള പ്രദേശം എന്നൊക്കെ കിക്കാറിന് അർത്ഥമുണ്ട്. എന്നാൽ സാമാന്യമായ അർത്ഥം ലോഹത്തകിട് എന്നാണ്. ഒരു നാണയത്തിൻെറ പേരായി അത് ഉപയോഗിക്കുന്നു. പഴയ നിയമത്തിലും പുതിയ നിയമത്തിലും ഈ പദം ധാരാളമായി ഉപയോഗിച്ചിട്ടുണ്ട്. മൂവ്വായിരം ഷെക്കലിൻെറ തൂക്കത്തിന് തുല്യമാണ് ഒരു താലന്ത്. ആയിരം ദ്രാക്മ അല്ലെങ്കിൽ ദനാറ ഒരു താലന്തിന് തുല്യമാണ്. സ്വർണ്ണ താലന്തുകളും വെള്ളി താലന്തുകളുമുണ്ട്. ലോഹസൂചന കൂടാതെ പറയുമ്പോൾ വെള്ളിത്താലന്ത് എന്നാണുദ്ദേശിക്കുന്നത്. കൽദായാ സുറിയാനിയിൽ താലന്തിന് കക്രാ എന്നു പറയും. പുതിയ നിയമത്തിലെ താലന്തുകളുടെ ഉപമ സുപ്രസിദ്ധമാണല്ലോ.

**തുർഗാമ്മ** റാസക്കുർബാനയിൽ ലേഖനവായനയ്ക്കും സുവിശേഷവായനയ്ക്കും മുമ്പ് പാടുന്ന പാട്ടുകളെ തുർഗാമ്മ എന്നാണ് പറയുന്നത്. ഉപദേശങ്ങൾ അടങ്ങിയിരിക്കുന്ന സ്തുതിപ്പുകളുടെ ശേഖരത്തെ ഈ വാക്ക് സൂചിപ്പിക്കുന്നു. അർത്ഥവിവരണം, ഉപദേശം, വ്യാഖ്യാനം, പ്രസംഗം എന്നൊക്കെയാണ് നിഷ്കൃഷ്ടാർത്ഥങ്ങൾ.

ഭാഷാന്തരംചെയ്ക, അർത്ഥം തിരിച്ച് വ്യാഖ്യാനിക്കുക, ദ്വിഭാഷിയാവുക, പ്രസംഗിക്കുക എന്നൊക്കെ അർത്ഥമുള്ള തർഗേ എന്ന കൽദായാസുറിയാനി ക്രിയയിൽനിന്നാണതു വരുന്നത്. ആ ക്രിയയാകട്ടെ അക്കാദിയനിൽനിന്ന് അറമായാ ഭാഷവഴി ഹീബ്രുവിൽ വന്നതാണ്. റഗാമു എന്നാണ് അക്കാദിയനിൽ. ഉറക്കെവിളിച്ചുപറയുക, ഉറക്കെവായിക്കുക എന്നിങ്ങനെയാണ് ആദിമാർത്ഥം. വിവർത്തനം എന്ന അർത്ഥത്തിൽ തർഗും എന്ന പദം തർ

www.malankaralibrary.com

ജ്ജുമ എന്ന രൂപത്തിൽ മലയാളത്തിലെത്തിയിട്ടുണ്ട്. ഗകാരം ജകാരമായി മാറി. ഈ മാറ്റം ഗ്രീക്ക്, ലത്തീൻ മുതലായ ഇൻഡോ-ആര്യൻ ഭാഷകളിലും ഹീബ്രു, അറമായ, അറബി മുതലായ സെമിറ്റിക്ക് ഭാഷകളിലും സംഭവിക്കുന്നതാണ്.

**തെദേവും** ലത്തീനിൽ തെദേവും എന്നും സുറിയാനിയിൽ ലാക് ആലാഹാ എന്നും പറയുന്നത് ഒരു സ്തോത്രഗീതത്തിന്റെ പേരാണ്. അതിന്റെ ആദ്യത്തെ രണ്ട് വാക്കുകളാണ് പേരായിത്തീർന്നത്. ലത്തീനിൽ തെ (= നിന്നെ) ദേവും (= ദൈവത്തെ) ലാവുദാമൂസ് (=ഞങ്ങൾ സ്തുതിക്കുന്നു) എന്നാണതു തുടങ്ങുന്നത്. ആദിമകാല സഭയിലുണ്ടായ ഒരു സ്തോത്രഗീതമാണിത്. ആരാണിത് എഴുതിയതെന്ന് നിശ്ചയമില്ല. വി. അംബ്രോസ്, വി. ആഗസ്തീനോസ്, വി. ഹിലരി, റെമേസ്യാനായിലെ നിസേത്ത(+414) എന്നിവരിൽ ആരെങ്കിലുമാണ് ഇതെഴുതിയതെന്ന് പറയപ്പെടുന്നു. ഇതിന്റെ ആദ്യഭാഗം ദൈവസ്തുതിയും രണ്ടാംഭാഗം ക്രിസ്തുസ്തുതിയുമാണ്. അപേക്ഷകളുടേതായ മൂന്നാംഭാഗം പില്ക്കാലത്ത് കൂട്ടിച്ചേർക്കപ്പെട്ടതാണ്.

സംസ്കൃതം ഉപയോഗിക്കുന്ന ഭാരതീയർക്ക് ഈ പേര് അന്യമെന്നുപറഞ്ഞുകൂടാ. തെദേവും എന്നതിന് സംസ്കൃതത്തിൽ ത്വാംദേവും എന്നുപറയാം. ലത്തീനിൽ തു(=നീ) എന്ന സർവനാമത്തിന്റെ ദ്വിതീയയാണ് തെ. സംസ്കൃതത്തിൽ ത്വം എന്നതിന്റെ ദ്വിതീയയാണ് ത്വാം (അത് ത്വാ എന്നുമാകാം).ദേവൂസ് എന്ന ലത്തീൻ പദത്തിന്റെ ദ്വിതീയയാണ് ദേവും. സംസ്കൃതത്തിലെ ദേവ എന്ന പദത്തിന്റെ ദ്വിതീയയാണ് ദേവം. ദേവ എന്നപദം ഗ്രീക്കിൽ ഥേവോസ് എന്നും ലത്തീനിൽ ദേവൂസ് (ദീവുസ്) എന്നും ലിത്വേനിയനിൽ ദേവാസ് എന്നും പഴയ പ്രഷ്യനിൽ ദൈവ്വസ് എന്നും രൂപംമാറുന്നു. സംസ്കൃതത്തിലെ ത്വം ലത്തീനിൽ തു ആയും ഇംഗ്ലീഷിൽ ദൗ ആയും മാറി.

ഈ സ്തോത്രഗീതം കേരളീയരുടെയിടയിൽ പ്രചരിച്ചത് പോർത്തുഗീസ് മിഷണറിമാരുടെ വരവിനുശേഷമായിരിക്കാം. ഉദയംപേരുർ സുനഹദോസ് കഴിഞ്ഞ് തെദേവും പാടിയതിനെപ്പറ്റി ആ സൂനഹദോസിന്റെ കാനോനയിൽ ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്: “അതിന്റെ ശെഷം മെത്രാപ്പോലീത്താ റാസെടെ ശമയം ശമഞ്ഞ തെദെയും ഉാവുതാമൂസം എന്ന തംപുരാനെഉള്ള സ്തുതി നമസ്കാരം ചൊല്ലുകയും ചൈതു” (7-ാം മൗത്വാ 19-ാം കാനോന).

**തെസൊരെർ** കൊൺഫ്രത്തേർണിത്താസ് എന്ന് ലത്തീനിലും കോൺഫ്രാരിയാ എന്നു പോർത്തുഗീസിലും വിളിക്കപ്പെടുന്ന സംഘടനയെ കേരളത്തിൽ കൊംപ്രിയ, കൊംബ്രേരിയ, ദർശനം എന്നൊക്കെ വിളിക്കുന്നു. ആ സംഘടനയുടെ ഒരു ഉദ്യോഗസ്ഥന്റെ പേരാണ് തെസൊരെർ. പണം സൂക്ഷിക്കുന്നയാൾ (ട്രഷറർ) എന്നാണ് ആ വാക്കിന്റെ അർത്ഥം. മുതൽപ്പിടി എന്നാണ് ഈ ഉദ്യോഗസ്ഥന്റെ മലയാളപ്പേര്. വരാപ്പുഴ വികാരിയാത്തിലെ കല്പനകളും നിയമങ്ങളും (ഏ.ഡി. 1879) എന്ന നിയമാവലിയിൽ ദർശന സമുഹത്തിന്റെ പണപ്പെട്ടിയെപ്പറ്റി ഇങ്ങനെ പറയുന്നു: “ഒരു താക്കൊൽ ബ. വിഗാരിയുടെ പക്കലും ഒന്ന് അന്നന്ന് വാഴുന്ന പ്രെസിദെന്തിയുടെ പക്കലും മൂന്നാമത്തത് തെസൊരെരിന്റെ പക്കലും ആയിരിക്കുകയും വെണം” (പുറം 87).

www.malankaralibrary.com

പോർത്തുഗീസ്ഭാഷയിലെ തെസൊവ്രേയ്രോ എന്ന വാക്കാണ് മലയാളത്തിൽ തെസൊരെര് എന്നായിത്തീർന്നത്. ശേഖരം, സംഭരണം, സംഭരണശാല, നിക്ഷേപം എന്നൊക്കെ അർത്ഥമുള്ള ഥെസാവ്രോസ് എന്ന ഗ്രീക്ക് പദമാണ് ഇതിന്റെ മൂലം. ലത്തീനിൽ തെസാവുരുസ് (thesaurus) എന്നുപറയും. ഇംഗ്ലീഷിൽ ഈ പദം ട്രഷറി എന്നായി. പോർത്തുഗീസിൽ തെസോവ്രോ എന്നായി. തെസോവ്രോയുടെ സൂക്ഷിപ്പുകാരനാണ് തെസൊവ്രേയ്രോ. മലയാളത്തിൽ ഈ വാക്ക് തെസരർ, സിസിരേര് എന്നൊക്കെ പഴയ രേഖകളിൽ പ്രയോഗിച്ചുകാണുന്നു.

**തേരസ്** പള്ളികളെ സംബന്ധിച്ച കണക്കുകളിലും നിയമസംഗ്രഹങ്ങളിലുമുള്ള ഒരു പദമാണ് തേരസ്. "ഓരോ ആണ്ടിലും തേരസു നീക്കി ശേഷിപ്പുള്ള പണം....." (മാർ ലൂയിസ് പഴേപറമ്പിൽ, വരവുകളുടെ നിയമസംഗ്രഹം, എറണാകുളം, 1908, പുറം 3); "കരവും തേരസും നീക്കിയുള്ള ആദായംകൊണ്ട് കുർബാന മുതലായതു നടത്തണമെന്ന് നിശ്ചയിച്ചിട്ടുള്ള വസ്തുക്കളുടെ...." (കണ്ടത്തിൽ മാർ ആഗസ്തീനോസ്, വരവുകളുടെ നിയമസംഗ്രഹം, എറണാകുളം, 1934, പുറം 5) എന്നൊക്കെ നിയമസംഗ്രഹങ്ങളിൽ കാണാം.

മൂന്നിൽ ഒന്ന് (മൂന്നാംഭാഗം) എന്നർത്ഥമുള്ള തേർസാ പാർത്തേ എന്ന പോർത്തുഗീസ് പ്രയോഗത്തിൽ നിന്നുണ്ടായതാണ് തേരസ് (തേർസാ = മൂന്നാമത്തേത്; പാർത്തേ = ഭാഗം). ലത്തീനിൽ തേർസ്യാ പാർസ് (tertia pars) എന്നാണ് പറയുന്നത്. തേർസ്യാ എന്നത് സംസ്കൃതത്തിലെ ത്രി, ത്രിതീയ എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഭാഗം എന്നർത്ഥമുള്ള പാർസ് എന്ന ലത്തീൻ വാക്കിൽ നിന്നാണ് പാർത്തേയുടെ ഉദ്ഭവം. വെട്ടിമുറിക്കുക എന്നർത്ഥമുള്ള ഫാറോ എന്ന ഗ്രീക്ക്ധാതുവിൽ നിന്നായിരിക്കണം അതിന്റെ വരവ്.

ഇന്നത്തെ രീതിയിലുള്ള പള്ളിക്കണക്കുകൾ പോർത്തുഗീസ് മിഷണറിമാരാണ് എഴുതിച്ചുതുടങ്ങിയത്. അവരുടെ ഭാഷയിൽനിന്ന് പല പദങ്ങളും ആ ഇനത്തിൽ മലയാളത്തിലേക്ക് വന്നുചേർന്നിട്ടുണ്ട്. തേർസാ എന്നത് മലയാളത്തിൽ തേരസായി. മലയാള നിഘണ്ടുക്കളിൽ ഈ പദം ചേർത്തിട്ടില്ല-നൂറ്റാണ്ടുകളായി ക്രിസ്ത്യാനികൾ പ്രയോഗിച്ചുവരുന്ന പദമാണെങ്കിലും.

**തോച്ചക്കാൽ** പൗരാണികവും പ്രസിദ്ധവുമായ പാലയൂർ പള്ളിയിലെ പ്രാചീനവസ്തുക്കളുടെ ശേഖരത്തിൽ ഒരിനത്തിന് തോച്ചക്കാൽ എന്നാണ് പേരെഴുതിവച്ചിരിക്കുന്നത്. വളരെ ഉയരമുള്ള തിരിക്കാലാണത്. വിളക്കുകാൽ എന്നു പറയാം.

തോച്ചക്കാൽ (തോച്ച+കാല്) ഒരു സമസ്തപദമാണ്. അതിലെ ആദ്യഘടകം തോശ എന്ന പോർത്തുഗീസു വാക്കാണ്. ആ ഭാഷയിൽ Tocha എന്നാണ് എഴുതുന്നത്. എങ്കിലും തോശ എന്നുച്ചരിക്കുന്നു. അത് മലയാളത്തിൽ തോച്ച എന്നായി. വിളക്ക്, ടോർച്ച്, കണ്ണി എന്നിങ്ങനെയാണ് അതിന്റെ അർത്ഥം. തോക്കോ (Toco) എന്ന പോർത്തുഗീസ് പദത്തിനു തടി, ദണ്ഡ് എന്നൊക്കെയാണർത്ഥം.

വൈദ്യുതി ഇല്ലാതിരുന്ന കാലത്ത് ഉയരമുള്ള വിളക്കുകാലുകൾ ആവശ്യമായിരുന്നു. അന്ന് ദീപയഷ്ടി (ദീപട്ടി, തീവെട്ടി)കളും തോച്ചകളും ഉപയോഗിച്ചിരുന്നു. ലത്തീൻ ഭാഷയിൽ മരംകൊണ്ടുള്ള വിളക്കു കാലിന് തേദ (Taeda)

www.malankaralibrary.com

എന്നായിരുന്നു പേര്. അത് ഗ്രീക്കിലെ ദായിസ് (ദാസ്, ദാദോസ്) എന്ന വാക്കിൽനിന്നു വരുന്നു. അതിൽ നിന്നായിരിക്കണം പോർത്തുഗീസ് പദത്തിൻെറ ഉദ്ഭവം.

**തോറ (ഗോപുരം)** ദേവാലയത്തിലെ മദുബഹായുടെ (അൾത്താരയിരിക്കുന്ന ഭാഗത്തിൻെറ) മുകൾഭാഗത്തെയാണ് തോറ എന്നു വിളിക്കുന്നത്. "ഇതുകുടാതെ വെറെ ഒരു പള്ളിക്കൽ ഞങ്ങളെ കൊണ്ടുപോയി. ആ പള്ളിയുടെ മുഴുപ്പും പണിയുടെ പെരുമയും തൊറയുടെ പൊക്കവും.." എന്നിങ്ങനെ വർത്തമാനപ്പുസ്തകത്തിൽ പാറേമ്മാക്കൽ ഗോവർണദോർ എഴുതിയിട്ടുണ്ട്. (ജനതാ പ്രസിദ്ധീകരണം, 1997, പുറം 229) പണ്ട് ഒ, ഓ എന്നിവയ്ക്ക് പ്രത്യേക ലിപികൾ ഇല്ലായിരുന്നു. അതുകൊണ്ടാണ് തൊറ എന്ന് എഴുതിയിരിക്കുന്നത്.

പഴയ ദേവാലയങ്ങളിൽ പള്ളിക്കെട്ടിടത്തിന് വാസ്തവത്തിൽ രണ്ട് ഭാഗങ്ങളുണ്ട് - ജനങ്ങൾ നില്ക്കുന്ന ഭാഗം (ഒരു വലിയ ഹോൾ) അൾത്താരയിരിക്കുന്ന ഭാഗം എന്നിങ്ങനെ. അൾത്താരയിരിക്കുന്ന ഭാഗം മറ്റു ഭാഗത്തെക്കാൾ വളരെ ഉയർത്തിപ്പണിതിരിക്കും. അതിൻെറ തറയ്ക്കും മേൽക്കൂരയ്ക്കും ഉയരം കൂടിയിരിക്കും. അത് വാസ്തവത്തിൽ ഒരു ഗോപുരമാണ്. പുറമേനിന്ന് നോക്കുന്നവർക്ക് അത് സുവ്യക്തമാകും. മദുബഹയുടെ ഉള്ളിൽനിന്ന് മേലോട്ട് നോക്കുമ്പോൾ വളരെ ഉയരത്തിൽ അർദ്ധഗോളാകൃതിയിലുള്ള ഒരു തട്ട് (മച്ച്) ആണ് കാണുന്നത്. പല പള്ളികളിലും അത് ചെങ്കല്ല് ചെരിച്ചു ചെത്തിവച്ച് (വളച്ചുവാതിലുണ്ടാക്കുന്നതുപോലെ) പണിതതായിരിക്കും. ചില വലിയ പള്ളികളിൽ മരംകൊണ്ട് തീർത്തവയായിരിക്കും. ആ തട്ടിൻെറ അടിവശത്ത് ചിത്രങ്ങൾ വരച്ചിട്ടുണ്ടാവും. ഇപ്രകാരമുള്ള ഈ ഗോപുരത്തെയാണ് തോറ എന്ന് വിളിക്കുന്നത്. "വളരെ ഉയരമുള്ള പള്ളിയുടെ മദുബഹായുടെ മേൽഭാഗംതോറ (Tower) യുടെ ഉയരത്തിൽ" എന്ന് ഒരു ഗ്രന്ഥത്തിൽ കാണുന്നു. (റ്റി.കെ.വർക്കി കേരള മരിയ തീർത്ഥങ്ങൾ, മാന്നാനം, 1955, പുറം 27) കുർബാനയ്ക്ക് ഉപയോഗിക്കാനുള്ള അപ്പം പണ്ട് തോറയുടെ മുകൾത്തട്ടിൽനിന്ന് ശെമ്മാശൻമാർ "(താമര) ഇലയിൽ പൊതിഞ്ഞ് നൂലിൽ മദുബഹായിലേക്ക് ഇറക്കി കൊടുക്കുകയും ചെയ്തിരുന്നു" (cf.ഫാ. ഫാബിയൻ, കേരളത്തിലെ പൗരസ്ത്യ സുറിയാനി കത്തോലിക്കരുടെ കുർബാന, മാന്നാനം, 1953 പുറം 115-116).

തോറയുടെ പുറംഭാഗത്ത് കുമ്മായം കൊണ്ട് ചിത്രങ്ങൾ നിർമ്മിച്ചിരിക്കും (മനുഷ്യർ, മത്സ്യം, സുര്യൻ, സിംഹം, മയിൽ മുതലായവ). തോറയുടെ അകവും പുറവും ചിത്രങ്ങൾകൊണ്ട് അലങ്കരിക്കുന്നു. മദുബഹായ്ക്കുള്ള പ്രാധാന്യമാണ് അതു സൂചിപ്പിക്കുന്നത്. സ്വർഗ്ഗരാജ്യത്തെ അത് സുചിപ്പിക്കുന്നുണ്ട്.

തോറ എന്ന വാക്ക് പോർത്തുഗീസ് ഭാഷയിലെ തോറെ (torre) എന്ന പദത്തിൽനിന്ന് വരുന്നു. (torreao എന്നവാക്കുമുണ്ട്) ഗോപുരം, വാസകേന്ദ്രം (castle) എന്നൊക്കെയാണ് അതിനർത്ഥം. തൊറെയാർ എന്നതിന് ഗോപുരം പണിതു സംരക്ഷിക്കുക എന്നർത്ഥമാണ്. ഈ വാക്ക് ഇംഗ്ലീഷിൽ ടവർ (tower) എന്നായി (മധ്യകാല ഇംഗ്ലീഷിൽ tower, tour, tur, tor എന്നൊക്കെ പറഞ്ഞിരുന്നു). ലത്തീൻ ഭാഷയിലുള്ള തുരിസ് (turris) എന്ന വാക്കാണ് ഇങ്ങനെയെ

www.malankaralibrary.com

ല്ലാം രൂപംമാറിയത്. ഗ്രീക്കിൽ തീരിസ് എന്നും തീർസിസ് എന്നും രണ്ട് പദങ്ങളുണ്ട്. ഗോപുരം എന്നർത്ഥം. എത്രുസ്കൻ ഭാഷയിലെ പദങ്ങളാണവ. സംസ്കൃതത്തിൽ ഇതിനോട് ബന്ധപ്പെട്ട പദമില്ല. ആംഗ്ലോസാക്സണിൽ ആവാക്ക് തോർ (tor, torr, tur, tour) എന്നായി. പോർത്തുഗീസ്ഭാഷയിൽ തൊറെയാവോ (തോറെ) എന്നും.

പോർത്തുഗീസ് മിഷണറിമാരുടെ കാലത്ത് തോറകളോടുകൂടിയ ദേവാലയങ്ങൾ ഇവിടെ പണിതു (അതിനുമുമ്പ് ക്ഷേത്രാകൃതിയിലായിരുന്നു പള്ളികൾ എന്ന് പോർത്തുഗീസ് രേഖകളിൽ കാണുന്നു). ഇന്നിപ്പോൾ പള്ളികൾ വെറും ഹോളുകളായി പണിയുന്നു. കലാസുഭഗങ്ങളായ പഴയ ദേവാലയങ്ങൾ പൊളിച്ച് ഒറ്റഹോളുകളായി പണിയാനുള്ള പ്രവണതയാണ് ഇന്ന് കാണുന്നത്.

**ത്രിസാജിയോൻ** ത്രിസാജിയോൻ (trisagion) എന്നത് ഒരു ഗ്രീക്ക് സമസ്തപദമാണ്. ഗ്രീക്കിൽ ത്രിസ് എന്നതിന് മൂന്നുപ്രാവശ്യം എന്നാണർത്ഥം. ആജിയോസ് എന്നതിന് വിശുദ്ധൻ എന്നും. മൂന്നുപ്രാവശ്യം ശുദ്ധൻ എന്നു പറയുന്നത് എന്നാണ് ഈ പേരുകൊണ്ട് വിവക്ഷിക്കുക. ആജിയോസ് പുല്ലിംഗവും ആജിയോൻ നപുംസക രൂപവുമാണ് (ആജിയാ എന്നാണ് സ്ത്രീലിംഗം). സംസ്കൃതത്തിൽ ത്രിശുദ്ധകീർത്തനം എന്നുപറയാം. മൂന്ന് എന്നതിന് സംസ്കൃതത്തിൽ ത്രി എന്നുംഗ്രീക്കിൽ ത്രേയിസ് എന്നും ലത്തീനിൽ ത്രെസ് എന്നും ഗോഥിക്കിൽ ഥ്റേയിസ് എന്നും ഇംഗ്ലീഷിൽ ത്രീ എന്നുംപറയുന്നു. സംസ്കൃതത്തിൽ ത്രി, ത്രിഃ (ത്രിസ്) എന്നീ രൂപങ്ങൾക്ക് മുന്നുപ്രാവശ്യം എന്നർത്ഥം വരും.

ഗ്രീക്കിൽ ആജിഓസ് എന്നതിന് വിശുദ്ധൻ എന്നും ആജിഓൻ എന്നതിനു വിശുദ്ധമായത് എന്നും അർത്ഥം (ത്രിസ്+ആജിഓൻ=ത്രിസാജിഓൻ). ആജിഓസ് എന്നത് വാസ്തവത്തിൽ, ഹാജിഓസ് എന്നിങ്ങനെ ആദിയിൽ ഹകാരം ചേർത്താണ് ഉച്ചരിക്കേണ്ടത്. സംസ്കൃതത്തിലെ ഹകാരം ഗ്രീക്കിൽ അംഗഭംഗം വന്ന് ദുർബലമായിരിക്കുകയാണ്. അക്ഷരമാലയിൽ അതിന് സ്ഥാനമില്ല. അതൊരു അർദ്ധലിപി (allograph) ആയി നില്ക്കുന്നുണ്ട്.

'ദൈവമേ, നീ പരിശുദ്ധനാകുന്നു ബലവാനേ, നീ പരിശുദ്ധനാകുന്നു മരണമില്ലാത്തവനേ, നീ പരിശുദ്ധനാകുന്നു' എന്ന കീർത്തനത്തിൻെറ ഗ്രീക്ക് പേരാണ് ത്രിസാജിയോൻ. ബൈസൻറൈൻ റീത്തിൽ 'പരിശുദ്ധനായ ദൈവമേ, പരിശുദ്ധനായ ബലവാനേ, പരിശുദ്ധനായ അമർത്ത്യനേ, ഞങ്ങളുടെ മേൽ കൃപയുണ്ടാകണമേ' എന്നും കോപ്റ്റിക് റീത്തിൽ 'പരിശുദ്ധനായ ദൈവമേ, പരിശുദ്ധനായ ബലവാനേ, പരിശുദ്ധനും സജീവനുമായ അമർത്ത്യനേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ' എന്നും പറയുന്നു. ത്രിസ്യാതോയെ എന്നൊരു പേരും ഈ കീർത്തനത്തിനുണ്ട്.

അഞ്ചാം നൂറ്റാണ്ടിൻെറ മധ്യത്തിലാണ് ഈ കീർത്തനം രചിക്കപ്പെട്ടത്. ഈ കീർത്തനം സ്വർഗത്തിൽ പാടുന്നതായി കോൺസ്റ്റാൻറിനോപ്പിളിലെ ഒരു പാത്രിയാർക്കീസോ പുരോഹിതനോ ഒരു ബാലനോ കേട്ടു എന്നു പറഞ്ഞുവരുന്നു. ഏ.ഡി. 430-450 കാലഘട്ടത്തിൽ ഇത് കുർബാനയിൽ ഉൾപ്പെടുത്തി. കൽക്കദോനിയാ സൂനഹദോസിലെ പിതാക്കന്മാർ ഇത് ചൊല്ലിയതായി രേഖയുണ്ട്. അന്ത്യോക്യൻ ലിറ്റർജിയിൽ ഇത് 471-ന് മുമ്പേ ചേർക്കപ്പെട്ടു. അക്കാലത്ത് പീറ്റർ

www.malankaralibrary.com

ദിഫുള്ളർ (470-488) എന്നറിയപ്പെടുന്ന പാത്രിയാർക്കീസ് "ഞങ്ങൾക്കു വേണ്ടി ക്രൂശിക്കപ്പെട്ടവനേ, ഞങ്ങളുടെ മേൽ കനിയണമേ" എന്ന വാചകം കൂട്ടിച്ചേർത്തു. പക്ഷേ, ത്രുളോയിലെ 2-ാം കൗൺസിൽ ഈ വാചകം നിരോധിച്ചു (കാനൻ 81).

**ത്രോണോസ്** ഗ്രീക്ക്ഭാഷയിലുള്ള ഒരു വാക്കാണ് ത്രോണോസ് (ഥ്രോണോസ്). സിംഹാസനം, ബലിപീഠം, ഉന്നതസ്ഥാനം, ഇരിപ്പിടം എന്നൊക്കെയാണ് അതിൻെറ അർത്ഥം. ലത്തീനിൽ ഈ പദം ത്രോണൂസ് എന്നായി (റ കാരത്തിൻെറ സാമീപ്യംകൊണ്ട് 'ണ' എന്ന് ഉച്ചരിക്കുന്നു. ണ കാരത്തിന് പ്രത്യേക ലിപിയില്ല. എഴുതുന്നത് ത്രോനൂസ് എന്നാണ്). സുറിയാനി ഭാഷയിലും ത്രോണോസ് എന്ന വാക്ക് ഉപയോഗിച്ചു വരുന്നു. ബലിപീഠത്തിന് ഈ വാക്കാണ് പൗരാണികകാലം മുതൽ കേരളത്തിൽ ഉപയോഗിച്ചിരുന്നത്. സ്വർണോസ് എന്ന പ്രയോഗവും നിലവിൽവന്നു. പേർഷ്യൻ ഭാഷയുടെ സ്വാധീനമാണ് അതിൻെറ ഹേതുവെന്ന് പറയാറുണ്ട്. സംസ്കൃതത്തിൻെറ കുടുംബത്തിൽപ്പെട്ട പേർഷ്യൻഭാഷ ഏഴാം നൂറ്റാണ്ടുവരെ പല്ലവി എന്നറിയപ്പെട്ടിരുന്നു. അത് എഴുതാൻ ഉപയോഗിച്ച ലിപിയെ പല്ലവിലിപി എന്ന് വിളിക്കുന്നു. പിന്നീട് അറബിയുടെ പ്രാബല്യം മൂലം പല്ലവി ഭാഷയും ലിപിയും ലുപ്തപ്രചാരമായി. പേർഷ്യൻ വാക്കുകൾ അറബി ലിപി ഉപയോഗിച്ച് എഴുതേണ്ടിവന്നു. അക്കാലത്ത് ആ ഭാഷയ്ക്ക് വളരെ മാറ്റംസംഭവിച്ചു. അതിലൊന്നാണ് ഇങ്ങനെയുള്ള അക്ഷരമാറ്റം. ഥ കാരം സ കാരമായി. അപ്പോൾ ഒ കാരം 'വ' കാരവുമായി (ഥ്+റ്+ഒ+ന്+ഓ+സ് എന്നത് സ്+വ്+റ്+ന്+ഓസ് എന്നായിത്തീർന്നു). സ്വർണോസ് എന്ന പ്രയോഗം മലയാളികളുടെ പേർഷ്യൻ ബന്ധത്തെ സൂചിപ്പിക്കുന്ന ഒന്നാണ് എന്നു പറയാറുണ്ടല്ലോ. പക്ഷേ, പേർഷ്യൻ സ്വാധീനമൊന്നുമില്ലാതെ മലയാളത്തിൽ 'ത' കാരത്തിന് പകരം'സ' കാരം പ്രയോഗിക്കുന്നുണ്ട്. ഉദാ: പതവാരം-പസ്സാരം; തോപ്പ് - സോപ്പ്. ഉദയം പേരൂർ സൂനഹദോസിൻെറ കാനോനയിൽ ത്രൊണോസ് എന്നാണ് എഴുതിയിട്ടുള്ളത്. "പള്ളിയകത്തെ മതിലും ത്രൊണൊസും ആഴ്ച്ചവട്ടത്തിൽ രണ്ട് കുറി അവര തൂക്കുകയും വെണം" (6-ാം മൗത്വാ, 22-ാം കാനോന) എന്ന് കാനോനയിൽ കാണുന്നു.

## ദ

**ദനഹ** ഇതൊരു സുറിയാനിപ്പദമാണ്. വെളിപ്പെടൽ എന്നാണർത്ഥം. ജ്യോതിശ്ശാസ്ത്രജ്ഞന്മാർ യേശുവിനെ സന്ദർശിച്ചതിൻെറ ഓർമ്മദിവസം (ജനുവരി 6) ദനഹാപ്പെരുന്നാളാണ്. യോർദ്ദാൻ നദിയിൽ വച്ച് അവിടുന്ന് സ്നാപനമേറ്റതിൻെറ ഓർമ്മദിവസത്തെയും ദനഹാ എന്നാണ് പറയുക. കാനായിലെ കല്യാണവിരുന്നിൽ യേശു തൻെറ ദൈവികശക്തി ആദ്യമായി പ്രത്യക്ഷപ്പെടുത്തി. അതും ദനഹായായി കരുതപ്പെടുന്നു. ഇങ്ങനെ മൂന്ന് സംഭവങ്ങൾ ആ തിരുനാളിൽ ഓർക്കുന്നു. യേശുവിൻെറ മാമ്മോദീസയുടെ ഓർമ്മയ്ക്കായി അലക്സാൺഡ്രിയായിൽ തുടങ്ങിയ തിരുനാളാണിത് (1-ാം നൂറ്റാണ്ടിൽ).

കേരളത്തിൽ ദനഹാപ്പെരുന്നാൾ ദിവസം ആളുകൾ രാത്രിയിൽ കുളിച്ചിട്ട് ദേവാലയത്തിൽ പോയിരുന്നു. അതുകൊണ്ട് ദനഹാപ്പെരുന്നാളിന് രാക്കുളിപ്പെരുന്നാൾ എന്നും പറയാറുണ്ട്. രാത്രി

www.malankaralibrary.com

യിൽ കുളിക്കുന്നത് യേശുവിൻെറ ജ്ഞാനസ്നാനത്തെ അനുസ്മരിക്കാനാണ്. എന്നാൽ ജ്യോതിശ്ശാസ്ത്രജ്ഞന്മാരുടെ സന്ദർശനത്തിനാണ് പാശ്ചാത്യസഭയിൽ പ്രാധാന്യം കൊടുത്തുകാണുന്നത്. ഇന്ന് പുജരാജാക്കളുടെ (ജ്യോതിശ്ശാസ്ത്രജ്ഞന്മാരുടെ) നാമത്തിലുള്ള പള്ളികളിൽ ദനഹാ പ്രധാന തിരുനാളായി ആഘോഷിക്കുന്നു. അതുകൊണ്ട് ജ്യോതിശ്ശാസ്ത്രജ്ഞന്മാർക്കുള്ള വെളിപ്പെടലും സ്നാപനത്തിൻെറ സന്ദർഭത്തിലുള്ള വെളിപ്പെടലും ഒന്നിച്ച് ചേർത്തിരിക്കുന്നുവെന്ന് മനസ്സിലാക്കാം. ദ്നഹ് എന്ന സുറിയാനി ക്രിയയ്ക്ക് കാണപ്പെടുക (പ്രത്യക്ഷപ്പെടുക), തന്നെത്തന്നെ വെളിപ്പെടുത്തുക, ഉദിക്കുക എന്നിങ്ങനെയാണർത്ഥം. ആ ക്രിയയിൽ നിന്നാണ് ദനഹാ എന്ന ക്രിയാനാമമുണ്ടായത്.

ഇംഗ്ലീഷിൽ എപ്പിഫനി (epiphany) എന്നാണ് ഇതിന് തുല്യമായ പദം. ഗ്രീക്കിലെ എപ്പിഫനേയ്യാ (epiphaneia) എന്നതിൻെറ രൂപാന്തരീകരണമാണത് (എപ്പി എന്ന ഉപസർഗ്ഗത്തിന് ഒന്നിലേക്ക് എന്നും ഫായിനെയിൻ എന്ന ക്രിയയ്ക്ക് കാണിക്കുക എന്നുമാണ് അർത്ഥം). രാക്കുളിത്തിരുനാളിന് ചില സ്ഥലങ്ങളിൽ പിണ്ടികുത്തിപ്പെരുന്നാൾ എന്ന് പറയാറുണ്ട്. ലോകത്തിൻെറ പ്രകാശമാണ് യേശു എന്ന സത്യം ദ്യോതിപ്പിക്കാൻ തിരികൾ തെളിക്കുന്നതുകൊണ്ടാണ് ആ പേരുണ്ടായത്. ദീപത്തിനുചുറ്റും നടന്ന് ഏൽപയ്യാ (ദൈവം പ്രകാശമാകുന്നു) എന്ന് പ്രഘോഷിച്ചിരുന്നു: വിളക്കിനു പകരം വാഴത്തടയിലോ വാഴപ്പിണ്ടിയിലോ ദീപങ്ങൾ ഘടിപ്പിച്ച് അതിന് ചുറ്റും നടന്ന് അപ്രകാരം ഉദ്ഘോഷിച്ചിരുന്നു.

**ദയറാ** സന്ന്യാസാശ്രമം, വാസസ്ഥലം എന്നീ അർത്ഥങ്ങളിൽ മലയാളികൾ ഉപയോഗിക്കുന്ന ഒരു സുറിയാനി വാക്കാണ് ദയറാ. അജവാസസ്ഥലം, മേച്ചിൽ സ്ഥലം എന്നിങ്ങനെയും അതിനർത്ഥമുണ്ട്. റേശ് ദയറാ എന്നതിന് ആശ്രമശ്രേഷ്ഠൻ എന്നാണർത്ഥം. "മോർ കുരിയാക്കോസിൻെറ ദയറായിൽ വച്ച് വി. മൂറോൻ കൂദാശ ചെയ്തശേഷം...." "മോർ മർക്കോസിൻെറ ദയറാ പള്ളിയിൽ" (മാർകൂറിലോസ് യൂയാക്കിം ബാവാ, മാർ കൂറില്ലോസ് സോവനീർ, 1974, ഭാഗം 2, പുറം 13, 21) എന്നിങ്ങനെയുള്ള പ്രയോഗങ്ങൾ മതസാഹിത്യത്തിലുണ്ട്. വാസസ്ഥലം എന്നാണ് ഇതിൻെറ ഒന്നാമത്തെ അർത്ഥം. (ഈ ഉദ്ധരണികളിൽമോർ എന്നു കാണുന്നത് മാർ എന്ന പദം തന്നെയാണ്. പടിഞ്ഞാറൻ സുറിയാനിയിൽ അത് മോർ എന്ന് ഉച്ചരിക്കുന്നു. ഗുരു, പ്രഭു, നാഥൻ എന്നൊക്കെയാണ് അതിൻെറ അർത്ഥം. ബഹുമാനസൂചകമായി ചേർക്കുന്ന പദമാണ്.)

**ദർശനം, ദർസെനം** കൊംപ്രേരിയ അഥവാ കൊമ്പിരിയാ, (=കൊൺഫ്രാരിയ) എന്ന സന്നദ്ധസംഘത്തെ ദർശനം എന്നുവിളിക്കുന്നു. കിഴക്കൻ പ്രദേശങ്ങളിൽ ദർശനം എന്നേ ഉപയോഗിക്കാറുള്ളൂ. കൊമ്പിരിയാ എന്ന് പറയാറില്ല. ഏതാണ്ട് 1960 വരെ ദർശനം കിഴക്കൻ പ്രദേശങ്ങളിലുമുണ്ടായിരുന്നു. കേരളത്തിൻെറ പടിഞ്ഞാറൻ പ്രദേശങ്ങളിൽ ഇന്നും ദർശനമുണ്ട്.

എറണാകുളം രൂപതയുടെ വരവുകളുടെ നിയമസംഗ്രഹം എന്ന ഗ്രന്ഥത്തിൽ (1934) ഇങ്ങനെ കാണുന്നു: "കൊമ്പഞ്ഞിമെന്ത് ദർശനംകൂടി നടത്തണമെങ്കിൽ: മരിച്ചയാൾ ദർശനത്തിൽ കൂടീട്ടില്ലാത്തപക്ഷം ദർശനത്തിന് പകമെന്ത് അല്ലെങ്കിൽ കാഴ്ചയായി വിശേഷാൽ 1 രൂപ 2 ണയും തിരിപ്പണമായി 6

www.malankaralibrary.com

ണയും കൊടുക്കണം. ചെമ്മതോർക്ക് പ്രായം ചെന്നവരുടെ കൊമ്പഞ്ഞിമെന്തിനു 3 ണ. കുട്ടികളുടേതിന് 2ണ".

ദർശനക്കാർ (കൊമ്പിരിയ അഥവാ കൊൺഫ്രറ്റേണിറ്റി എന്ന സംഘടനയിൽപ്പെട്ടവർ) മൃതസംസ്കാരത്തിൽ സംബന്ധിക്കുമ്പോൾ അവർക്ക് കൊടുക്കേണ്ട വിഹിതത്തെപ്പറ്റിയാണ് ഈ കണക്ക്. കൊമ്പഞ്ഞിമെന്ത്, കുമ്പഞ്ഞിമെന്ത് എന്നൊക്കെ പറയുന്നത് സഹഗമനം (accompaniment) ആണ്.

സന്ന്യാസികളായ വൈദികരെ "ദർശനപട്ടക്കാർ" എന്നാണ് പറയാറ്. അവിടെ ദർശനം എന്നതിന് സന്ന്യാസസഭ എന്നർത്ഥം. ഈശോ സഭക്കാർക്കെതിരേ എഴുതിയ ഒരു ആവലാതിയിൽ, "ഏത് ദർശനത്തിൽപ്പെട്ടവരും വന്നു കൊള്ളട്ടെ" എന്നു കാണുന്നു. അവിടെ സന്ന്യാസ സഭ എന്നുതന്നെയാണർത്ഥം.

ബർണാർദ് മെത്രാപ്പോലീത്ത 1902-ൽ എഴുതിയ ഒരു കല്പനയിൽ "കൊൻപ്രറിയ, കൊൻഗ്രഗസ്സം, ദർശനം എന്നും മറ്റുമായി പറയപ്പെടുന്ന പുണ്യ സഹോദര സഭകൾ" എന്നുകാണുന്നു.

ഏ.ഡി. 1599-മുതലാണ് കൊമ്പ്രേരിയകൾ ഉണ്ടായത്. ഉദയംപേരൂർ സൂനഹദോസ് കാനോനയിൽ 'സഭക്കൂട്ടം' എന്നാണ് കൊംമ്പ്രേരിയയ്ക്ക് പേരു പറയുന്നത്. സന്ന്യാസ സഭയെന്നും ഭക്ത സംഘടനയെന്നും അർത്ഥംവരുന്ന ദർശനം എന്ന പദം സ്വയം സമർപ്പിക്കുക, സേവനം ചെയ്യുക എന്നിങ്ങനെ അർത്ഥമുള്ള ദർസെ എന്ന പോർത്തുഗീസ് ക്രിയയിൽനിന്ന് രൂപപ്പെട്ടതാകാൻ വഴിയില്ല. (ദർ=നല്കുക, സെ=തന്നെത്തന്നെ) സംസ്കൃതത്തിലെ ദർശ് എന്ന ധാതുവിൽനിന്നുള്ള ദർശനം എന്ന വാക്കുതന്നെയായിരിക്കണം അത്. ദർശകൻ എന്നതിന് വഴികാണിക്കുന്നവൻ, വിദ്വാൻ, കാവൽക്കാരൻ എന്നൊക്കെ മിഷണറിമാർ അർത്ഥം കൊടുത്തിട്ടുണ്ട്. ആഞ്ചലോഫ്രാൻസിസിൻെറയും അർണോസ് പാതിരിയുടെയും നിഘണ്ടുക്കളിൽ 'ദർശനിക്കുക' എന്ന ക്രിയയ്ക്ക് ധ്യാനിക്കുക എന്ന അർത്ഥം നല്കിയിട്ടുണ്ട്. ദർശകൻ എന്ന പദത്തിന് വഴി കാണിക്കുന്നവൻ, വീക്ഷകൻ, വിദ്വാൻ, തത്ത്വജ്ഞാനി, വാതിൽകാവൽക്കാരൻ എന്നിങ്ങനെയും അവർ അർത്ഥംപറയുന്നു. അവരുടെ കാലത്ത് സന്ന്യാസ സഭകളെ ദർശനം എന്നും വൈദികരായ സന്ന്യാസിമാരെ ദർശനപട്ടക്കാരെന്നും വിളിച്ചിരുന്നല്ലോ. സന്ന്യാസസംഘംപോലുള്ള ഒരു സംഘമാണ് കൊംമ്പ്രേരിയ (കൺഫ്രറ്റേർണിറ്റി), അതുകൊണ്ട് അതിന് ദർശനമെന്നു പറഞ്ഞിരുന്നുവെന്ന് വിചാരിക്കാം.

ഉദയംപേരൂർ സൂനഹദോസിൻെറ (ഏ.ഡി. 1599) കാനോനയിൽ 'സഭക്കൂട്ടം' എന്നാണല്ലോ കൊംമ്പ്രേരിയ എന്നതിൻെറ വിവർത്തനം. ദർശനമെന്നപദം 17, 18 നൂറ്റാണ്ടുകളിലുണ്ടായതാണ്. മിഷണറിമാർ സംസ്കൃതവും ഹൈന്ദവദർശനങ്ങളും പഠിച്ചതിൻെറ ഫലമായിട്ടുണ്ടായ പ്രയോഗമാണിത്. സംഘമെന്ന അർത്ഥത്തിലാണ് പ്രയോഗം. പുണ്യസഭ എന്നും അതിനെ വിളിച്ചിരുന്നു. സൂക്ഷ്മദൃഷ്ടിയോടെ കാര്യങ്ങൾ നോക്കി നടത്തുന്നവരുടെ സംഘമെന്നാണ് കൊംമ്പ്രേരിയ കൊണ്ടുദ്ദേശിക്കുന്നത്. ഉദയംപേരൂർ സൂനഹദോസ് കാനോനയിലും കൊംമ്പ്രേരിയയുടെ നിയമാവലികളിലും അതിൻെറ ലക്ഷ്യത്തെപ്പറ്റി പറ

www.malankaralibrary.com

യുന്നതിൽനിന്ന് ഈ അർത്ഥമാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാകും. കാര്യദർശികളാണ് കൊംമ്പ്രേരിയായുടെ അംഗങ്ങൾ.

(കൊംമ്പ്രേരിയ എന്ന വാക്ക് കൂടെ കാണുക)

**ദൽമത്തി** ലത്തീൻഭാഷയിലെ ദൽമാത്തിക്കാ എന്ന പദമാണ് മലയാളത്തിൽ ദൽമത്തി എന്നായത്. ആഘോഷാവസരങ്ങളിൽ കുർബാന, പ്രദക്ഷിണം മുതലായ മതകർമ്മങ്ങളിൽ കാർമ്മികനെ സഹായിക്കുന്ന ആറാംപട്ടക്കാരനും അഞ്ചാംപട്ടക്കാരനും അണിയുന്ന വസ്ത്രത്തിൻെറ പേരാണിത്. ദൽമാസിയ (Dalmatia) എന്ന പ്രദേശത്ത് ആദ്യം ഉപയോഗിച്ചുതുടങ്ങിയതുകൊണ്ട് ഈ പേരുണ്ടായി. ദൽമാത്തിക്കാ എന്നതിന് ദൽമാസിയയെ സംബന്ധിച്ചത് എന്നർത്ഥം. അതൊരു വിശേഷണമാണ്. ദൽമാത്തിക്കാ വെസ്തിസ് (Delmatica vestis) എന്നുപറഞ്ഞാലേ ദൽമാത്തിയൻ വസ്ത്രം എന്ന അർത്ഥം കിട്ടുകയുള്ളു. എങ്കിലും വിശേഷണം നാമമായി പ്രയോഗിച്ചുവരുന്നു. ഫ്രഞ്ചിൽ ദൽമാറ്റിക് (Dal-matique) എന്നു പറയും. ഇംഗ്ലീഷിലും ആ വാക്കുതന്നെ ഉപയോഗിക്കുന്നു (Dalmatic). സ്ലാവ് ഭാഷ സംസാരിക്കുന്നവരാണ് ദൽമേസിയാക്കാർ.

**ദാദകളി (ദാദുകളി)** റോസ് മെത്രാൻ 1606-ൽ കൊടുങ്ങല്ലൂരിൽനിന്ന് പുറപ്പെടുവിച്ച തുക്കാസ (കല്പനകൾ) എന്ന നിയമസംഗ്രഹത്തിൽ ഇങ്ങനെ കാണുന്നു: "വിശേഷിച്ച ദാദകളി എങ്കിലും കടുദാശകളി എങ്കിലും കളിക്കരുത് പട്ടക്കാരർ. കനമില്ലാത്ത മറ്റ ഒരു കളി എങ്കിലും അരുത അവർക്കു (സെപ്ര ദർവ്വാ, രണ്ടാം സാഹാ) "പന്ത്രണ്ടാമത - ദാദുകളും കടുദാശുകളും കളിക്കുന്നവരുണ്ടോ?" (സെപ്ര ദർവ്വാ, പതിനഞ്ചാം സാഹാ). ഈ വാചകങ്ങളിൽ കാണുന്ന കടുദാശുകളി എന്നത് ചീട്ടുകളിയെ സൂചിപ്പിക്കുന്നു. കനമില്ലാത്തത് എന്നതുകൊണ്ട് ഗൗരവമില്ലാത്തത് എന്നാണ് ഉദ്ദേശിക്കുന്നത്. എന്നാൽ ദാദകളി, ദാദുകൾ എന്നീ വാക്കുകൾകൊണ്ട് എന്താണുദ്ദേശിക്കുന്നത്? ഒരു വ്യാഖ്യാതാവ് Dice ആണോ എന്ന് സംശയം പ്രകടിപ്പിച്ചിട്ടുണ്ട് (സ്കറിയാ സഖറിയ, രണ്ട് പ്രാചീന ഗദ്യകൃതികൾ, ചങ്ങനാശേരി, 1976, പുറം 160).

ദാദോ (dado) എന്ന പോർത്തുഗീസ് വാക്കിൽനിന്നാണ് ദാദ, ദാദു എന്നീ വാക്കുകൾ ഉണ്ടായിട്ടുള്ളത്. ചതുരംഗക്കരു, വിതരണം എന്നിങ്ങനെ രണ്ട് വ്യത്യസ്താർത്ഥങ്ങൾ അതിനുണ്ട്. ഇറ്റാലിയൻ ഭാഷയിലും ദാദോ എന്ന് തന്നെയാണ് പറയുക. മധ്യകാല ലത്തീൻ ഭാഷയിലെ ദാദൂസ് (dadus) എന്ന വാക്കിൽനിന്നാണ് ദാദോയുടെ വരവ്. ക്ലാസിക്കൽ ലത്തീൻ ഭാഷയിലെ ദാത്തൂസ് (datus) ആണ് മധ്യകാല ലത്തീനിൽ ദാദൂസ് എന്ന രൂപം പ്രാപിച്ചത്. നല്കപ്പെട്ടത്, നിരത്തപ്പെട്ടത്, എറിയപ്പെട്ടത് എന്നൊക്കെയാണ് ദാത്തൂസിൻെറ അർത്ഥം. അതിന് പകിട, ചൂത്, ചൂതുകളി എന്നൊക്കെ അർത്ഥംവന്നു. നിരത്തിയിട്ട്, എറിഞ്ഞിട്ട്, കളിക്കാനുള്ള ഉപകരണമാണല്ലോ പകിട.

ഫ്രാൻസിലെ പ്രോവെൻസ് പ്രദേശത്തുള്ള ഭാഷയിൽ ദാദ് (dat) എന്നും പഴയ ഫ്രഞ്ചു ഭാഷയിൽ ദേ (de) എന്നും പറഞ്ഞിരുന്നു. ദേയുടെ ബഹുവചനം ദെസ് (dez) എന്നാണ്. ഇംഗ്ലീഷിലെ die, dice, diez എന്നിവ ഇതിൽനിന്ന് വന്നതാണ്.

www.malankaralibrary.com

ലത്തീനിലെ ദാത്തുസ് എന്ന വാക്കാണല്ലോ പോർത്തുഗീസിലെ ദാദോയുടെ മൂലം. ലത്തീനിലെ ദോ എന്ന ധാതുവിൽനിന്നാണ് ദാത്തൂസ് വരുന്നത്. ദോ എന്നതിന് നല്കുക, ഇടുക എന്നിങ്ങനെയാണർത്ഥം (ദോ=ഞാൻ നല്കുന്നു; ദാത്തുസ്=നല്കപ്പെട്ടത്; ദാരെ = നല്കുക).

ലത്തീനിലെ ദോ, ഗ്രീക്കിലെ ദോ തന്നെയാണ്. അതാകട്ടെ സംസ്കൃതത്തിലെ ദാ എന്ന ധാതുവുമായി ബന്ധപ്പെട്ടിരിക്കുന്നു. ദാ എന്ന ധാതുവിൽനിന്നു ദത്തഃ, ദേയം, ദാതും, ദാനം എന്നൊക്കെ വിവിധ രുപങ്ങൾ സംസ്കൃതത്തിൽ ഉണ്ടാകും. സംസ്കൃതത്തിലെ ദത്തയും ലത്തീനിലെ ദാത്തൂസും പോർത്തുഗീസിലെ ദാദോയും ഒരേ അർത്ഥമുള്ള പദങ്ങൾ തന്നെ.

സംസ്കൃതത്തിൽ ചുതുകളിക്ക് (ചതുരംഗക്കളിക്ക്) ദ്യൂതം എന്നാണ് പറയുക. ആ വാക്ക് മലയാളത്തിൽ ചൂത് എന്നായിത്തീർന്നു. സംസ്കൃതത്തിലെ കളിക്കൽ (ചൂതുകളി) എന്ന അർത്ഥത്തിലുള്ള ദ്യു, ദ്യൂതം എന്നീ രണ്ട് വാക്കുകളും ദിവ് എന്ന ക്രിയാധാതുവിൽ നിന്നുണ്ടാകുന്നതാണ്. ആ ധാതുവിന് പ്രകാശിക്കുക, കളിക്കുക എന്നിങ്ങനെ രണ്ടർത്ഥങ്ങളുണ്ട്. ദ്യൂതം ദേവന്മാരുടെ കളിയാണെന്നാണ് സങ്കല്പം. ദേവഃ, ദിവം, ദൈവം എന്നീ പദങ്ങൾ ദിവ് ധാതുവിൽ നിന്ന് വരുന്നതാണല്ലോ. ലത്തീനിലെ ദാത്തൂസും (പോർത്തുഗീസിലെ ദാദോയും) സംസ്കൃതത്തിലെ ദ്യൂതവും രണ്ട് വ്യത്യസ്ത ധാതുക്കളിൽനിന്നു വരുന്നവയാണെങ്കിലും ഒരേ കളിയെ സൂചിപ്പിക്കുന്നു.

**ദുക്റാന** ദുക്റാന എന്ന സുറിയാനി വാക്കിന് ഓർമ്മ എന്നാണർത്ഥം. അനുസ്മരണയുടെ ദിനത്തെ ദുക്റാന എന്ന് പറയുന്നു. കേരളത്തിൽ തോമാശ്ലീഹായുടെ ഓർമ്മദിവസത്തെ മാത്രമേ ദുക്റാന എന്നുവിളിക്കുന്നുള്ളു. തോറാന എന്ന് ഗ്രാമ്യഭാഷയിൽ പറയും. അനുസ്മരണാപ്രാർത്ഥനയെന്നും ആ വാക്കിന് അർത്ഥമുണ്ടായി. പണ്ട് കേരളീയർ തോമാശ്ലീഹായുടെ ബഹുമാനാർത്ഥം രണ്ട് ദുക്റാനപ്പെരുന്നാളുകൾ ആഘോഷിച്ചിരുന്നു. വലിയ തിരുനാളായിട്ടാണ് ദുക്റാന കൊണ്ടാടിയിരുന്നത്. റോസ് മെത്രാൻെറ നിയമാവലിയിൽ (എ.ഡി. 1606) പറയുന്നു: "കർക്കിടകഞായറിൽ മാർ തോമാടെ ദുക്റാനെക്ക എട്ടുദിവസത്തെ നമസ്കാരം എല്ലാവരും എത്തിച്ചെ മതിയാവൂ" (നാലാം സാഹാ). ഞായർ എന്ന വാക്കിന് മാസം എന്നാണർത്ഥം. ജൂലൈ മാസത്തിലെ ദുക്റാനത്തിരുനാളിനെപ്പറ്റിയാണിവിടെ പറയുന്നത്. ദുക്റാന എന്നവാക്ക് ഉൾക്കൊള്ളുന്ന ഒരു പഴഞ്ചൊല്ല് മലയാളത്തിലുണ്ട്. "ദുക്റാനദിവസം ആറാന ഒഴുകും" എന്നാണത്. മഴയുടെ ആധിക്യത്തെ അത് സൂചിപ്പിക്കുന്നു. ആറ് ആനകൾ പുഴയിലൂടെ ഒഴുകിപ്പോകത്തക്കവിധം ജൂലൈ മൂന്നിന് മഴ പെയ്യുമെന്നാണ് സാരം. പണ്ട് അപ്രകാരം സംഭവിച്ചിരുന്നു.

**ദെക്രേത്ത്** ദെക്രേത്ത്, ദക്രേത്തു കല്പന, ദെക്രേത്തു പുസ്തകം എന്നിങ്ങനെ 17-ാം നൂറ്റാണ്ടുമുതൽ അടുത്ത നാൾവരെ കേരള ക്രൈസ്തവർ പറഞ്ഞിരുന്നു. സഭാസംബന്ധമായ കല്പനകളെയാണ് ദെക്രേത്ത് എന്ന് വിളിച്ചിരുന്നത്. ബർണ്ണർദീനോസ് മെത്രാപ്പോലീത്ത (1853-1868) പള്ളിഭരണ സംബന്ധമായി എഴുതിയുണ്ടാക്കിയ കല്പനകളെയാണ് ആദ്യമായി ദെക്രേത്തുകൾ എന്ന്

www.malankaralibrary.com

കേരളത്തിൽ വിളിച്ചത്. തുടർന്ന് ലെയോനാർദ്ദ് മെത്രാപ്പോലീത്ത (1868-1897) ഒരു ദക്രേത്തു പുസ്തകം പ്രസിദ്ധീകരിച്ചു. "വരാപ്പുഴ വിഗാരിയാത്തിലെ നല്ല പരിപാലനത്തിനായി വിശ്വാസം, കൂദാശകൾ, പെരുന്നാളുകൾ, നൊമ്പ്, ദേവാലയങ്ങൾ മുതലായവകൾ ബന്ധിച്ചിട്ടുള്ള കല്പനകളും നിയമങ്ങളും" എന്നാണ് ആ ദക്രേത്തു പുസ്തകത്തിൻെറ പേര് (മഞ്ഞുമ്മേൽ നിന്ന് 1879-ൽ പ്രസിദ്ധീകരിച്ചു). ഈ പുസ്തകത്തെ പരാമർശിക്കുമ്പോൾ ദെക്രേത്ത് എന്നുമാത്രം പറഞ്ഞിരുന്നു. "ദെക്രേത്തിൽ 64-ാം പക്ഷം 5-ാം ലക്കത്തിൽ പറയുന്നതുപോലെ" എന്ന് ഒരു ഗ്രന്ഥത്തിൽപറയുന്നു (സന്മാർഗ്ഗശാസ്ത്രസംക്ഷേപം, വരാപ്പുഴ, 1887, പുറം 337). "ആകമാനമായിട്ടുള്ള ദെക്രേത്ത് കല്പനയാൽ" എന്ന് മൊരാൾ തെളൊഗിയ എന്ന ഗ്രന്ഥത്തിൽ കാണാം (മാന്നാനം, 1871, പുറം 676). റോസ് മെത്രാൻ 1606-ൽ കോഡ്രീകരിച്ച നിയമാവലിക്ക് "നമ്മുടെ മലംകരമാർതോമ്മാശ്ലീഹായുടെ എടവകെടെ കല്പനകൾ ഇത" എന്നാണ് അദ്ദേഹം പേരുകൊടുത്തിട്ടുള്ളത്. ഉദയംപേരൂർ സൂനഹദോസിൻെറ കാനോനകളെ ദെക്രേത്തുകൾ എന്ന് പിൽക്കാലത്ത് വിളിച്ചിരുന്നു (cf. മർസെല്ലിനോസ്,കെരളരാജ്യത്തിലെ സത്യവേദ ചരിത്രം, കൂനമ്മാവ്, 1872, പുറം 117).

ദെക്രേത്തും (Decretum) എന്ന ലത്തീൻ പദത്തിൽനിന്നാണ് ദെക്രേത്ത് എന്ന മലയാളപദമുണ്ടായത്. അധികാരികളുടെ തീരുമാനം, വിധി, കല്പന, നിയമം, ഓർഡിനൻസ്, എന്നൊക്കെയാണർത്ഥം. ദെക്രേ എന്ന ധാതുവിൽ നിന്നാണത് വരുന്നത്. ദെച്ചേർണെരെ എന്ന ക്രിയ ആ ധാതുവിൽനിന്നുണ്ടായതാണ്. അതിൻെറ നാമരൂപം ആണ് ദെക്രേത്തും. നിശ്ചയിക്കപ്പെട്ടത്, കല്പിക്കപ്പെട്ടത്, നിയമം എന്നൊക്കെയാണർത്ഥം.

ഇന്ന് ദെക്രേത്ത് എന്ന പ്രയോഗം സാധാരണമല്ല. പകരം ഡിക്രി (decree) എന്ന പദം പ്രചരിച്ചിട്ടുണ്ട്. (ഡിക്രി എന്ന വാക്കുകാണുക).

**ദെപ്പുത്താൾ** ഇറ്റലിക്കാരനായ ബർണർദീനോസ് മെത്രാപ്പോലീത്ത (Bernardine Baccinelli OCD, 1859-1868) കേരള സഭയെ ഭരിച്ചകാലത്ത്, അദ്ദേഹം കേരളസഭയെ നാലായി തിരിച്ച് ഓരോ ഭാഗത്തേക്കും തൻെറ "ദെപ്പുത്താൾ" ആയി ഓരോ കൊവേന്തപട്ടക്കാരനെ നിയമിച്ചിരുന്നുവെന്ന് സഭാചരിത്രത്തിൽ കാണാം. ഭരണപരവും ആരാധനാപരവും ആചാരപരവുമായ കാര്യങ്ങളിൽ തൻെറ പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ പരിശ്രമിക്കുക എന്നതായിരുന്നു "ദെപ്പുത്താളന്മാരുടെ" കടമയെന്ന് അവർക്ക് നല്കിയിരുന്ന കല്പനയിൽനിന്ന് മനസ്സിലാകുന്നു (ഫാ. പ്ലാസിഡ്, നമ്മുടെ റീത്ത്, മാന്നാനം, 1949, പുറം 123, 125). അങ്ങനെ കുറേക്കാലത്തേക്ക് കേരളസഭയിൽ ദെപ്പുത്താൾ എന്ന ഉദ്യോഗസ്ഥനുണ്ടായിരുന്നു.

ദെപ്പുത്താൾ എന്നതിന് പ്രതിപുരുഷൻ എന്നാണർത്ഥം. ലത്തീൻ ഭാഷയിലെ ദെപ്പുത്താത്തൂസ് (deputatus) എന്ന പദത്തിൽനിന്ന് രൂപപ്പെട്ടതാണത്. (ഇറ്റാലിയൻ ഭാഷയിൽ ദെപ്പുത്താത്തോ എന്നാണ് പറയുക) ദെപ്പുത്താത്തി എന്നാണ് ദെപ്പുത്താത്തൂസിൻെറ ബഹുവചനം. പകരമായി നിശ്ചയിക്കപ്പെട്ട എന്നാണ് അതിൻെറ അർത്ഥം. വെട്ടിയൊരുക്കുക, ശുദ്ധീകരിക്കുക, നിശ്ചയിക്കുക, വിലമതിക്കുക എന്നൊക്കെ അർത്ഥ

www.malankaralibrary.com

മുള്ള ദെപ്പുത്താരെ (deput-are) എന്ന ലത്തീൻ ക്രിയയിൽ നിന്നാണതു വരുന്നത്.

ഈ ക്രിയയിലെ ദെ (de) ഒരു ഉപസർഗ്ഗമാണ്. അതിൽനിന്ന് എന്നർത്ഥം (പഞ്ചമീ വിഭക്തിയുടെ അർത്ഥം) പുത്താരെ (put-are) എന്നാണ് ക്രിയ. അതിലെ ധാതു പുത് എന്നാണ്. പുത്തൂസ്, പൂരൂസ് എന്നീ വിശേഷണങ്ങൾക്ക് നിർമ്മലമായ എന്നാണല്ലോ അർത്ഥം. ഈ ധാതു സംസ്കൃതത്തിലെ പൂ എന്ന ധാതുതന്നെയാണ്. പവിത്രീകരിക്കുക, പാറ്റുക, കണ്ടുപിടിക്കുക എന്നിങ്ങനെ അതിനർത്ഥമുണ്ട്.

സംസ്കൃതത്തിൽ പൂയ് എന്നൊരു ധാതുവുമുണ്ട്. അതിന് പിളരുക എന്നും ചീയുക എന്നും അർത്ഥമുണ്ട്. ലത്തീനിൽ ഈ ക്രിയ പുത്തേരെ (put-ere) എന്നായിത്തീരുന്നു (പുത് ആണ് ധാതു). ഈ രണ്ട് ധാതുക്കളും തമ്മിൽ കൂടിക്കുഴഞ്ഞിരിക്കുന്നു. തന്മൂലം സംസ്കൃതത്തിൽ പൂതി എന്നതിന് വിശുദ്ധമെന്നും ചീഞ്ഞുനാറുന്നതെന്നും വിപരീതാർത്ഥങ്ങൾ വരുന്നു. ഇംഗ്ലീഷിലെ പ്യൂർ (pure) പ്യൂട്രിഡ് (putrid) എന്നിവ തമ്മിലുള്ള അർത്ഥവ്യത്യാസം പ്രകടമാണ്. ചീയുക എന്ന അർത്ഥത്തിൽ പുത്തേരേ എന്നൊരു ക്രിയ ലത്തീനിലുണ്ടല്ലോ. ഫേദാരെ (foedare) എന്ന ക്രിയയുമുണ്ട്. സംസ്കൃതത്തിൻെറ പകാരം ലത്തീനിൽ ഫ കാരമായും, തകാരം ദ കാരമായും മാറിയെന്നേയുള്ളൂ. ഗ്രീക്കിൽ പുഥേയിൻ എന്നാണീ ക്രിയ (ഇംഗ്ലീഷിലെ fetid എന്ന വാക്കുകൂടി നോക്കുക).

**ദെസ്കാൾസു സഭ** യൂറോപ്യൻമിഷണറിമാർ 17, 18, 19 നൂറ്റാണ്ടുകളിൽ ധാരാളം ഗ്രന്ഥങ്ങൾ മലയാളഭാഷയിൽ രചിച്ചിട്ടുണ്ട്. അവർ വിനയംമൂലം തങ്ങളുടെ പേരുകൾ വെളിപ്പെടുത്തിയിട്ടില്ല. ഭാഷാചരിത്രഗവേഷകർക്ക് മനോവേദനയുണ്ടാക്കുന്ന ഒരു സംഗതിയാണത്. മറ്റുള്ളവരുടെ സാക്ഷ്യങ്ങളിൽ നിന്നുവേണം ഗ്രന്ഥകർത്താക്കളുടെ പേരുകൾ കണ്ടെത്താൻ. "കെരള രാജ്യത്തിലെ സത്യവേദ ചരിത്രം" (കൂനംമാവ്, 1872) എഴുതിയത് വരാപ്പുഴ ആർച്ചുബിഷപ്പായിരുന്ന ഡോ. മർസെല്ലിനോസ് ആണ്. പക്ഷേ, ആ ഗ്രന്ഥത്തിൻെറ ടൈറ്റിൽപ്പേജിൽ "ഇത കർമ്മലീത്താ മിസ്സ്യോനാരിമാരിൽ ഒരുത്തനാൽ ഉണ്ടാക്കപ്പെട്ടു" എന്നേ പറഞ്ഞിട്ടുള്ളൂ.

"ഈ പുസ്തകം കർമ്മലീത്താ സഭയുടെ ഗുരുസ്വാമിമാരാൽ ഉണ്ടാക്കപ്പെട്ടു കെരുള രാജ്യത്തിലുള്ള കത്തൊലിക്ക സത്യവെദക്കാരുടെ ആത്മൊപകാരത്തിന്നായ്ക്കൊണ്ട നിയമിക്കപ്പെട്ടതാകുന്നു" എന്നാണ് ഒരു "വെദൊപദെശ പുസ്തക"ത്തിൽ കാണുന്നത് (തിരുവനന്തപുരം സർക്കാർ അച്ചുകൂടത്തിൽ അച്ചടിച്ചത്, 1859) മറ്റൊരു വേദോപദേശ ഗ്രന്ഥത്തിൻെറ ടൈറ്റിൽ പേജിൽ കാണുന്നത് ഇപ്രകാരമാണ്: "ത്രിത്വൈക സർവെശ്വരായ നമൊസ്തു. ചൊദ്യൊത്തരമായിട്ടുള്ള ചരിത്രത്തിനടുത്ത ജ്ഞാനൊപദെശസംഗ്രഹവും വെദൊപദെശ സംക്ഷെപവും ഇതിൽ അടങ്ങിയിരിക്കുന്നു. ഇത കർമ്മലീത്താ ദെസ്ക്കാൾസു സഭയിലുൾപ്പെട്ട മിസ്സ്യോനാരിമാരാൽ ഉണ്ടാക്കപ്പെട്ടു. കൊച്ചിയിൽ സാഞ്ചൊൻ അച്ചുകൂട്ടത്തിൽ അച്ചടിക്കപ്പെട്ടത് 1865" [എ, ഒ എന്നിവയുടെ ദീർഘംകാണിക്കുന്ന ലിപി അക്കാലത്ത് ഉപയോഗിച്ചിരുന്നില്ല. അതുകൊണ്ടാണ് വെദൊപദെശം, നമൊസ്തു എന്നൊക്കെ അച്ചടിച്ചിരി

www.malankaralibrary.com

ക്കുന്നത്. ഡോ. മർസെല്ലിനോസിൻെറ മുൻപറഞ്ഞ ഗ്രന്ഥത്തിൻെറ പേരിൽ ഏകാരത്തിൻെറ ലിപി ഉപയോഗിച്ചിട്ടുണ്ട് (സത്യവേദചരിത്രം എന്ന്). ശ്രദ്ധേയമായ ഒരു സംഗതിയാണത്. വർഷം കുറിക്കുന്ന അക്കങ്ങൾ പഴയ മലയാള അക്കങ്ങളാണ്].

ഈ ഗ്രന്ഥത്തിൻെറ ടൈറ്റിൽപേജിലുള്ള ദസ്കാൾസു എന്ന പദം ലത്തീൻ ഭാഷയിൽ നിന്നുവന്നിട്ടുള്ളതാണ്. ചെരിപ്പ് ഉപയോഗിക്കാത്ത (നിഷ്പാദുക) എന്നാണ് അതിൻെറ അർത്ഥം. ചെരിപ്പില്ലാത്ത സന്ന്യാസിമാരുടെ സമൂഹമാണ് ദസ്കാൾസുസഭ.

ലത്തീനിൽ കാൽചെയാത്തൂസ് (calceatus) എന്ന വിശേഷണത്തിന് ചെരിപ്പിട്ടവൻ എന്നും ദിസ്കാൽചെയാത്തൂസ് (discalceatus) എന്നതിന് ചെരിപ്പിടാത്തവൻ എന്നുമാണർത്ഥം. ആ വാക്ക് സ്പാനിഷ്, പോർത്തുഗീസ് എന്നീ ഭാഷകളിൽ ദെസ്കാൽസോ (descalzo, descalco) എന്നും ഇറ്റാലിയൻ ഭാഷയിൽ ദിസ്കാൽസോ (discalzo) എന്നും രൂപം പ്രാപിച്ചു. മലയാളത്തിൽ ദെസ്ക്കാൾസു എന്നായി.

ലത്തീൻ ഭാഷയിൽ ചെരിപ്പിന് കാൽച്ചെയൂസ് (calceus) എന്ന്പറയുന്നു. ചെരിപ്പണിയുക എന്നർത്ഥമുള്ള കാൽചെയാരെ (calce-are) എന്ന ക്രിയയിൽ നിന്നാണ് കാൽചെയാത്തൂസ് എന്ന വിശേഷണമുണ്ടായത്. ദിസ് എന്ന ഉപസർഗ്ഗം അഭാവത്തെ സൂചിപ്പിക്കുന്നു.

ലത്തീനിൽക്കാണുന്ന ദിസ് എന്ന ഉപസർഗ്ഗം വാസ്തവത്തിൽ സംസ്കൃതത്തിലെ ദ്വിസ് (=രണ്ടുപ്രാവശ്യം) എന്ന വാക്കിൻെറ ലോപിച്ചരുപമാണ്. ഗ്രീക്കിൽ ദ്വിസ്, ദിസ് എന്നിങ്ങനെ അതു നിലനില്ക്കുന്നു. ലത്തീനിൽ ദിസ്, ദിർ എന്നിങ്ങനെ രുപം പ്രാപിച്ചു. ഇംഗ്ലീഷിൽ di, de, dif, dis എന്നൊക്കെയായി ത്തീർന്നു. ദ്വിസ് എന്നതിന് രണ്ടുപ്രാവശ്യം എന്ന അർത്ഥമുണ്ടല്ലോ. രണ്ടായിട്ടുള്ള വിഭജനം എന്ന അർത്ഥത്തിൽ, മറ്റേത്, അന്യമായത്, വേർപെട്ടത്, തനിക്കില്ലാത്തത്, അഭാവമുള്ളത് എന്നൊക്കെ യൂറോപ്യൻ ഭാഷകളിൽ അതിന് അർത്ഥവികാസമുണ്ടായി. സംസ്കൃതത്തിൽ ആ അർത്ഥംകിട്ടാൻ നിഃ (നിഷ്, നിർ, നിസ്) എന്നോ വി എന്നോ പറയും. ദെസ്ക്കാൾസ് എന്നതിന് നിഷ്പാദുക എന്ന് പില്ക്കാലത്ത് പ്രയോഗിച്ചിരുന്നു.

കാൽചെരേ എന്ന ലത്തീൻ ക്രിയയുടെ ധാതുരൂപം കൽക് എന്നാണ്. സംസ്കൃതത്തിലെ കാൽ ധാതുവുമായി അതിന് ബന്ധമുണ്ടായിരിക്കാം. പോവുക, വഹിക്കുക, തള്ളുക എന്നൊക്കെ അതിന് അർത്ഥമുണ്ടല്ലോ.

## ദേവോസവിളി (ദേവാസവിളി)

പതിനാറാം നൂറ്റാണ്ടുമുതൽ അടുത്തകാലംവരെ കൊച്ചി-വരാപ്പുഴ പ്രദേശങ്ങളിൽ നിലനിന്ന ഒരു ഭക്ത്യഭ്യാസമാണ് ദേവോസവിളി. അമ്പതുനോമ്പുകാലത്ത് ഒരു സന്നദ്ധസംഘം കുടികളിൽചെന്ന്പ്രാർത്ഥിക്കാൻ വിളിച്ചുപറയുകയും, പ്രാർത്ഥിക്കുകയും ചെയ്യുന്ന സമ്പ്രദായമാണിത്. രാത്രിയിലാണ് ഇത് നടത്തുക. കുരിശും, മണിയും, ദീപയഷ്ടികളു (തീവെട്ടി)മായിട്ടാണ് അവർ ഊരുചുറ്റുന്നത്.

ഭക്തി, ഭക്ത്യഭ്യാസം എന്നിങ്ങനെ അർത്ഥമുള്ള ദെവോസാം (Devocao) എന്ന പോർത്തുഗീസ് വാക്കിൽനിന്ന് ദേവോതേ എന്ന അപകൃഷ്ടരൂപവും അതിൽനിന്ന് മലയാളത്തിൽ ദേവാസ, ദേവാസ്ത, ദേവോസ എന്നിങ്ങനെയുള്ള രൂപങ്ങളുമുണ്ടായി. ഉറക്കെ വിളിച്ചു

www.malankaralibrary.com

പറയുന്നതുകൊണ്ട് വിളി എന്ന പേരും കൂട്ടിച്ചേർത്തു.

വാഗ്ദാനം ചെയ്യുക, ശപഥം ചെയ്യുക, സമർപ്പിക്കുക എന്നൊക്കെ അർത്ഥമുള്ള ദെവോവോസിയോ (devovotio) എന്ന ലത്തീൻ വാക്ക് ചുരുങ്ങി ദെവോസിയോ (devotio) എന്നായി. ഇതാണ് പോർത്തുഗീസിലെ ദെവോസാം (സ്പാനിഷിൽ ദേവോസിയോൺ, ഇംഗ്ലീഷിൽ ഡിവോഷൻ). വോവ് (vov) എന്നാണ് ധാതു. ഒരുപക്ഷേ സംസ്കൃതത്തിലെ വച്ധാതുവുമായി ഇതിന് ബന്ധമുണ്ടായിരിക്കും.

ദിവ്യകാരുണ്യത്തിനും, കന്യാമറിയത്തിന്റെ അമലോത്ഭവത്തിനും സ്തുതിയും പുകഴ്ചയും എന്നു ചൊല്ലിക്കൊണ്ടാണ് ദേവോസവിളി തുടങ്ങുന്നത്. ഇതിന്റെ ഉപജ്ഞാതാവ് വി. ഫ്രാൻസിസ് സേവ്യർ (1506-1552) ആണ്. കൊച്ചിയിൽവച്ച് പോർത്തുഗീസ് ഭാഷയിൽ അദ്ദേഹം രചിച്ച പ്രാർത്ഥന മലയാളത്തിലേക്കും സംസ്കൃതത്തിലേക്കും (സംസ്കൃതസങ്കുലമായ മലയാളം) വിവർത്തനം ചെയ്യപ്പെട്ടു. ഭക്തിപരമായ വിളി എന്ന അർത്ഥത്തിൽ ഭക്തിവിളി എന്ന് പേരുപറയാം.

**ദൈവം** ആദിയും അന്തവുമില്ലാത്തവനും പ്രപഞ്ചത്തിന്റെ ആദികാരണവും പ്രപഞ്ചാതീതനുമായിരിക്കുന്ന പരമസത്തയെ കേരളക്രൈസ്തവർ ദൈവം എന്നുസാധാരണമായി വിളിക്കുന്നു. ഈ വാക്ക് ബുദ്ധമതക്കാർ ഉപയോഗിച്ചിരുന്നതാണെന്നും അതുകൊണ്ട് ബുദ്ധമതവും ഇവിടത്തെ ക്രിസ്ത്യാനികളും തമ്മിലുള്ളബന്ധം അത് സൂചിപ്പിക്കുന്നുവെന്നും പറയാറുണ്ട്. ഹൈന്ദവർ മുൻപറഞ്ഞ അർത്ഥത്തിൽ ദൈവമെന്ന വാക്ക് ഉപയോഗിക്കുന്നില്ല. ഈശ്വരൻ, പരൻ, പരമാത്മാവ്, ആത്മൻ, പുരുഷൻ എന്നൊക്കെയാണ് അവർ പ്രയോഗിക്കുന്നത്. എല്ലാം സ്വായത്തമായിട്ടുള്ളവൻ എന്നർത്ഥമുള്ളതും ഈശ് എന്ന ക്രിയാധാതുവിൽനിന്നുണ്ടായതുമായ ഈശ്വരൻ എന്ന വാക്കാണ് സാധാരണമായി ഉപയോഗിക്കുന്നത്.

ദൈവമെന്നപദവും ദേവഃ എന്ന പദവുമുണ്ടായത് പ്രകാശിക്കുക എന്നർത്ഥമുള്ള ദിവ് എന്ന സംസ്കൃതധാതുവിൽ നിന്നാണ്. ഋഗ്വേദത്തിൽ ദൗഷ്പിതാ (ദ്യോവിലെ, ആകാശത്തിലെ, പിതാവ്) എന്ന് പരമസത്തയെപ്പറ്റി പറയുന്നുണ്ട്. മിക്ക ഇൻഡോ ആര്യൻ ഗോത്രക്കാരും ഈശ്വരനെ സുചിപ്പിക്കാൻ ദേവഃ എന്ന പദം രൂപഭേദങ്ങളോടെ ഉപയോഗിക്കുന്നു. ഗ്രീക്കുകാർ ത്സേവൂസ് (Zeus) ഥേവോസ് (Theos) എന്നിങ്ങനെയും റോമാക്കാർ ജോവ്, ജു (ജൂപിത്തർ എന്നതിന് ആകാശത്തിലെ പിതാവ് എന്നർത്ഥം), ജോവിസ് എന്നിങ്ങനെയും, ഇംഗ്ലണ്ടുകാർ തീവ് (Tiw) എന്നും ജർമ്മൻകാർ ത്സീയു എന്നും നോർമൻവംശജർ തീർ എന്നും ദൈവത്തെ വിളിച്ചുപോന്നു. ലത്തീനിൽ ദേവൂസ്, ദീവൂസ് എന്നിങ്ങനെയും ലിത്വേനിയനിൽ ദേവാസ് (devas) എന്നും പഴയപ്രുഷ്യൻഭാഷയിൽ ദൈവാസ് (deiwas) എന്നും ഈശ്വരനെ വിളിക്കുന്നു. സംസ്കൃതത്തിൽ ദൈവ എന്നതിന് ദേവനെ (ദൈവത്തെ) സംബന്ധിച്ചത് എന്നാണ് പ്രധാനപ്പെട്ട അർത്ഥം. ദൈവഹിതം, വിധി, ഭാഗധേയം, ഭാഗ്യം, ദൈവികശക്തി, യാദൃച്ഛികമായത് എന്നൊക്കെയും അർത്ഥമുണ്ട്. ഈ അർത്ഥങ്ങളിലാണ് സംസ്കൃതസാഹിത്യത്തിൽ ദൈവം എന്ന വാക്ക് പ്രയോഗിക്കുന്നത്.

www.malankaralibrary.com

ഗ്രീക്കിലെ ഥേവോസ് (Theos) ലത്തീനിലെ ദേവൂസ് (Deus) എന്നിവ സംസ്കൃതത്തിലെ ദേവഃ (=ദേവൻ) എന്ന പദത്തിൻെറ രുപഭേദങ്ങളാണ്. ആകാശത്തിന് ദ്യോ, ദിവം എന്നിങ്ങനെ സംസ്കൃതത്തിൽ പര്യായങ്ങളുണ്ട്. ദ്യോവും ദേവനും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ആകാശത്തിൽ പ്രകാശിക്കുന്ന ഗോളങ്ങളെയായിരിക്കാം ആദ്യം ദേവഃ എന്നുവിളിച്ചത്. ആര്യന്മാരും ഗ്രീക്കുകാരും റോമാക്കാരും ധാരാളം ദേവന്മാരിൽ വിശ്വസിക്കുന്നു. അവർ പരമസത്ത എന്ന അർത്ഥത്തിൽ ദേവൻ എന്ന പദം പ്രയോഗിക്കാറില്ല. ഥേവോസ്, ദേവൂസ് എന്നീ വാക്കുകൾക്ക് പരമസത്ത എന്ന അർത്ഥം ക്രിസ്ത്യാനികൾ നല്കിയതാണ്. അതുപോലെ സംസ്കൃതജന്യമായ ദൈവം എന്ന പദത്തിന് പരമസത്ത എന്ന അർത്ഥം ആധുനിക കാലത്ത് ക്രൈസ്തവ മിഷണറിമാർ നല്കിയതാണ്.

ബുദ്ധമതസ്ഥാപകനായ ശ്രീബുദ്ധൻ ദൈവത്തെക്കുറിച്ച് ഒന്നും പഠിപ്പിച്ചതായി കാണുന്നില്ല. ഹിന്ദു(വേദ) മതത്തിലെ ദേവന്മാരുടെ ബാഹുല്യവും ദേവന്മാർക്ക് അർപ്പിക്കുന്ന മൃഗബലികളുടെ ക്രൂരതയും അദ്ദേഹം വെറുത്തിരുന്നു (യാഗത്തിനായികൊല്ലപ്പെട്ട പശുക്കളുടെ രക്തം ഒഴുകി ഉണ്ടായതാണ് ചർമ്മണ്വതീ നദിയെന്ന് പറയാറുണ്ട്!). വേദമതത്തോടുള്ള പ്രതിഷേധമായിട്ടാണ് ബുദ്ധമതമുണ്ടായത്. ഹീനയാനബുദ്ധമതം നിരീശ്വരപരമാണ്. മഹായാന ബുദ്ധമതമാകട്ടെ അതിഭൗതികമായ ഒരു ആത്യന്തികയാഥാർത്ഥ്യത്തിലും അതിഭൗതികസത്വങ്ങളായ ദേവന്മാരിലും പിശാചുക്കളിലും വിശ്വസിക്കുന്നുണ്ട്. ബുദ്ധമതഭാഷയായ പാലിയിൽ ദേവ, ദേവതാ എന്നീ വാക്കുകളുമുണ്ട്.

ക്രിസ്തുമതം മറ്റു മതങ്ങളുടെ ഭാഷകളിൽനിന്ന് പദങ്ങൾ സ്വീകരിക്കുമ്പോൾ അവയ്ക്ക് പുതിയ അർത്ഥം കല്പിക്കുന്നു. റോമാക്കാരുടെ ദേവൂസ് എന്നവാക്ക് അനേകം ദേവന്മാരെ സൂചിപ്പിക്കും. ചക്രവർത്തിയെപ്പോലും ദേവുസ് എന്നാണ് അവർ വിളിച്ചിരുന്നത് (ചക്രവർത്തിമാരുടെ നാമത്തിൽ ദേവാലയങ്ങൾ നിർമ്മിച്ചിരുന്നു). എന്നാൽ ക്രിസ്ത്യാനികൾ പരമസത്തയെയും യേശുവിനെയും മാത്രമേ ആ പദംകൊണ്ട് അർത്ഥമാക്കിയിട്ടുള്ളൂ. സംസ്കൃതത്തിലെ ദൈവം എന്ന പദത്തിൻെറ കാര്യവും അങ്ങനെതന്നെയാണ്.

ദിവ് എന്ന സംസ്കൃതധാതുവിന് പ്രകാശിക്കുക എന്ന അർത്ഥത്തിനുപുറമേ കളിക്കുക എന്നൊരർത്ഥം കൂടിയുണ്ട്. ദേവനം എന്നതിന് ചൂതുകളി, കളി, സ്തുതി, ശോഭ എന്നിങ്ങനെ വിവിധാർത്ഥങ്ങളുണ്ടല്ലോ.

ക്രിസ്ത്യാനികൾ ഉപയോഗിക്കുന്ന ദൈവം എന്നവാക്ക് ബുദ്ധമതക്കാരുടേതാണെന്നു പറയാൻ തെളിവുകളൊന്നുമില്ല. ക്രൈസ്തവർ ഈശ്വരനെ സൂചിപ്പിക്കാൻ ദൈവമെന്ന പദം ആധുനികകാലത്താണ് ഉപയോഗിച്ചുതുടങ്ങിയത്. അതിനുമുമ്പ് തമ്പുരാൻ (തം+പുരാൻ=നമ്മുടെ നാഥൻ) ഉടയതമ്പുരാൻ എന്നീ ദ്രാവിഡപദങ്ങളും ആലാഹാ, ഏൽ എന്നീ സെമിറ്റിക് പദങ്ങളുമാണ് ഉപയോഗിച്ചിരുന്നത്.

ഏ.ഡി. 1599-ൽ എഴുതിയ ഉദയംപേരൂർ സൂനഹദോസ് കാനോനകളിൽ തമ്പുരാൻ എന്നാണ് പ്രയോഗം. ദൈവസുകം (=ദൈവികത) എന്ന് രണ്ടിടത്ത് പ്രയോഗിച്ചിട്ടുണ്ട്. ഏ.ഡി.1606-ൽ എഴുതിയ റോസിൻെറ നിയമാവലിയിലും തമ്പുരാൻ എന്നുതന്നെയാണ് പ്രയോ

www.malankaralibrary.com

ഗിച്ചിട്ടുള്ളത്. ദൈവികമായ എന്ന അർത്ഥത്തിൽ ദൈവത്തിനടുത്ത എന്ന ഒരു പ്രയോഗം അതിലുണ്ട് (6-ാം സാഹാ). ഏ.ഡി. 1772-ലെ സംക്ഷേപ വേദാർത്ഥത്തിൽ ദൈവസ്വഭാവം, ദൈവാളുകൾ എന്നൊക്കെ പ്രയോഗിച്ചിട്ടുണ്ടെങ്കിലും ഈശ്വരൻ എന്നു പറയേണ്ടിടത്തെല്ലാം തമ്പുരാൻ എന്നാണ് എഴുതിയിരിക്കുന്നത്. ഏ.ഡി. 1859-ൽ കർമ്മലീത്താമിഷണറിമാർ എഴുതി തിരുവനന്തപുരം സർക്കാർ അച്ചുകൂടത്തിൽ അച്ചടിച്ച വേദോപദേശപുസ്തകത്തിൽ ദൈവത്വം, ദൈവനന്മ, ദൈവസ്വഭാവം, ദൈവാളുകൾ, ദൈവവരപ്രസാദം മുതലായ പ്രയോഗങ്ങളുണ്ടെങ്കിലും തമ്പുരാൻ, സർവേശ്വരൻ തമ്പുരാൻ എന്നൊക്കെയാണ് പൊതുവേ കാണുന്നത്. "ഏകസത്യദൈവത്തെയല്ലാതെ തമ്പുരാനായിട്ട് ആരാധിച്ചു കുമ്പിടരുത്" (പേജ് 128) എന്നും "ദൈവതിരുമുമ്പിൽ" (പേജ് 10) എന്നും അതിൽക്കാണാം. അങ്ങനെ ഈഗ്രന്ഥം എഴുതിയകാലത്ത് തമ്പുരാൻ എന്നതിനുപകരം ദൈവം എന്ന പദം സ്വീകരിച്ചുവെന്ന് വ്യക്തമാകും.

ഏ.ഡി. 1554-ൽ പോർത്തുഗലിൽ അച്ചടിച്ച, ഭാരതീയർക്കുള്ള ആദ്യത്തെ വേദപാഠപുസ്തകത്തിൽ (കാർത്തില്യ) തമ്പുരാൻ എന്നല്ലാതെ ദൈവമെന്നപദം കാണാനില്ല. പിതാവ്, പുത്രൻ, ചിത്തം മുതലായ സംസ്കൃതപദങ്ങളും സാക്രമെന്ത് (=കൂദാശ), ബാപ്തിസ്മ (=മാമ്മോദിസ) മുതലായ ലത്തീൻ വാക്കുകളും ഉപയോഗിച്ചിട്ടുള്ള ആ ഗ്രന്ഥത്തിൽ ദൈവമെന്നപദം പ്രയോഗിച്ചിട്ടില്ല എന്നതു ശ്രദ്ധേയമാണ്. തമിഴിലെ തമ്പുരാൻ എന്ന വാക്കാണ് ഏറ്റവും നല്ലതെന്ന് ആ തമിഴ് വിവർത്തകർ കരുതി.

അർണോസ്പാതിരി (1681-1732) എഴുതിയ മലയാളം-പോർത്തുഗീസ് നിഘണ്ടുവിൽ ദൈവം എന്ന വാക്കിന് ഭാഗ്യം, ദൈവത്വം (fortuna, dividade de deus) എന്നാണ് അർത്ഥം നല്കിയിരിക്കുന്നത്. ദൈവത്വം എന്നതിനു ദിവിദാദെ (=ദൈവാവസ്ഥ) എന്നും പോർത്തുഗീസിൽ അർത്ഥം നല്കിയിട്ടുണ്ട്. ദേവൻ എന്നത് അവിശ്വാസികൾ ഉപയോഗിക്കുന്ന പദമാണെന്നും അദ്ദേഹം പറയുന്നു. തമ്പുരാൻ എന്ന പദത്തിന് പ്രഭു, രാജാവ് എന്നിങ്ങനെ അർത്ഥങ്ങളുണ്ടെന്നും എന്നാൽ മാപ്പിളമാരും (ക്രിസ്ത്യാനികൾ) മൂറുകളും (മുസ്ലിങ്ങൾ) ഈശ്വരനെ വിളിക്കാൻ മാത്രം ഉപയോഗിക്കുന്ന പദമാണെന്നും അദ്ദേഹം പറയുന്നു. മാപ്പിളമാർ എന്നതിന് മാർത്തോമ്മാക്രിസ്ത്യാനികൾ എന്നാണ് അർത്ഥം കൊടുത്തിരിക്കുന്നത്.

വേദം, വേദാഗമം മുതലായ പദങ്ങളോടൊപ്പം പാശ്ചാത്യമിഷണറിമാർ ആധുനികകാലത്ത് ഉപയോഗിച്ച് പ്രചരിപ്പിച്ചതാണ് ദൈവമെന്ന വാക്ക്. പണ്ട് ആലാഹാ, ഏൽ, തമ്പുരാൻ എന്നിങ്ങനെയാണ് പറഞ്ഞിരുന്നത്. സുറിയാനി ക്രിസ്ത്യാനികളുടെ പുരാതന പാട്ടുകളിൽ ആലാഹാ എന്നാണല്ലോ പ്രയോഗം.

## ന

**നത്താൾ** സത്യനാദകാഹളത്തിന്റെ 2-ാം പുസ്തകം 7-ാം ലക്കത്തിൽ (1878 മകരം 16) 100-ാം പേജിൽ ഇങ്ങനെ കാണുന്നു: "കഴിഞ്ഞ ധനുവമാസം 25-ാം തീയതി നത്താൾ ദിവസത്തിൽ പുജ കഴിപ്പാനായി ആയത്തപ്പെട്ടുനില്ക്കുന്ന...." ക്രിസ്തുമസ് എന്നാണ് നത്താൾ എന്ന പോർത്തുഗീസ് പദത്തിനർത്ഥം. നത്താലിസ് (natalis) എന്ന ലത്തീൻ പദത്തിൽ നിന്നാണ് അതിന്റെ വരവ്. ഉദ്ഭവം,

www.malankaralibrary.com

ജനനം, ജന്മദിവസം എന്നൊക്കെയാണ് അതിൻെറ അർത്ഥം. ജനിക്കുക എന്നർത്ഥമുള്ള നാസ്ക്കോർ എന്ന ലത്തീൻ ധാതുവിൽനിന്നുണ്ടാകുന്ന നാമമാണ് നത്താലിസ്. നാസ്കോർ (നാഷി എന്ന് കേവലക്രിയാരൂപം) എന്നതിലെ ധാതു നാ എന്നതുമാത്രമാണ്. ഈ നാ ആകട്ടെ ഗ്നാ എന്നതിൽനിന്നുവരുന്നു. ഗ്രീക്കിലെ ഗെൻ എന്ന ധാതുവാണ് ലത്തീനിലെ ഗ്നാ. അതിൻെറ ആദിമരൂപം ജന് എന്നായിരുന്നു (സംസ്കൃതത്തിലെ ജകാരം ഗ്രീക്കിൽ ഗ കാരമായി). അങ്ങനെ സംസ്കൃതത്തിലെ ജന് (ജനിപ്പിക്കുക എന്നർത്ഥം) എന്ന ധാതുവാണ് പല രൂപങ്ങളിൽ കാണപ്പെടുന്നതെന്ന് വ്യക്തമാണ്. ലത്തീനിൽ നാസ്കോർ എന്നത് വാസ്തവത്തിൽ ഗ്നാസ്കോർ ആയിരുന്നല്ലോ. ഗകാരം പിന്നീട് ഉപേക്ഷിക്കപ്പെട്ടതാണ്. ജനിപ്പിക്കുക എന്നതിന് ലത്തീനിൽ ഗിഗ്നോ എന്നൊരു ധാതുവുണ്ട്. അത് ജിഗ്നോ എന്നും ഉച്ചരിക്കും.

**നസ്രാണി. നസ്രായി** കേരളത്തിലെ ക്രിസ്തുമതാനുയായികൾ ക്രിസ്ത്യാനികൾ എന്നും ക്രൈസ്തവർ എന്നും ഇപ്പോൾ പൊതുവേ വിളിക്കപ്പെടുന്നു. പണ്ട് അവരെ നസ്രായാകൾ, നസ്രായികൾ, നസ്രാണികൾ, തരുതായ്കൾ, (=സത്യവിശ്വാസികൾ) ബൗദ്ധന്മാർ എന്നൊക്കെ വിളിച്ചിരുന്നു. നസ്രസുകാരനായ യേശുവിൻെറ ശിഷ്യർ എന്ന അർത്ഥത്തിലുള്ള നസ്രാണികൾ എന്ന പേര് ഇപ്പോഴും നിലനില്ക്കുന്നു. കേരളത്തിലെ ക്രിസ്ത്യാനികളെ മാത്രമേ ഇന്ന് നസ്രാണികൾ എന്ന് വിളിക്കുന്നുള്ളൂ. പേർഷ്യൻ സാമ്രാജ്യത്തിലെ ക്രിസ്ത്യാനികൾ നാലാം നൂറ്റാണ്ടിൽ നസ്രായികൾ എന്നറിയപ്പെട്ടിരുന്നു.

നസ്രായനായ യേശുവിൻെറ ശിഷ്യന്മാരെ മറ്റുള്ളവർ നസ്രായാകൾ എന്ന് വിളിച്ചിരുന്നു. യേശുവിനെ ഗ്രീക്കുഭാഷയിൽ നസറേനോസ് എന്നും നസ്രായിയോസ് എന്നും വിശേഷിപ്പിച്ചിരുന്നു (നസ്രസുകാരൻ എന്ന അർത്ഥത്തിൽ). ചിലർ പരിഹാസപൂർവം നസോറായിയോസ് എന്ന വാക്കും ഉപയോഗിച്ചു. ഗ്രീക്കിലെ നസറേനോസ് എന്ന പദം ലത്തീനിൽ നസാറേനുസ് എന്നായി. ഇംഗ്ലീഷിൽ നസറേൻ (Nazarene) എന്ന് പറയുന്നു. ക്രിസ്തുശിഷ്യന്മാരുടെ പേരായിത്തീർന്നു ഈ വാക്കുകൾ (ക്രിസ്തുവിനെ, നസ്രായനെ സംബന്ധിച്ചവർ എന്നർത്ഥത്തിൽ).

സുറിയാനിയിൽ നസ്രായാ എന്നതിന് യേശു എന്നും യേശുവിൻെറ ശിഷ്യനെന്നും അർത്ഥമുണ്ട്. നസ്രായൻ എന്നതിലെ അൻ പ്രത്യയം മലയാളികൾ ചേർത്തതാണ്. 1599-ലെ ഉദയംപേരൂർ സുനഹദോസ് കാനോനകളിൽനിന്ന് ഇതു വ്യക്തമാണ്. ആ കാനോനകളുടെ ആമുഖത്തിൽ ഇങ്ങനെ പറയുന്നു: “മാർ അല്ലെസൊസ് മെത്രാൻ മലങ്കരെ പണ്ടുപണ്ടെയുള്ള മാർത്തൊമ്മ നസറാണികളുടെ എടവകയിലെ പട്ടക്കാരരെയും എണങ്ങരെയും [=വിശ്വാസികൾ] യൊഗംകൂട്ടി കല്പിച്ച സൂനഹദൊസ ഇത”. കാനോനകളിൽ ഒന്നാം മൗത്വായിലെ ഒന്നാം കാനോനയിൽ ഇങ്ങനെ പറയുന്നു: “മാനം കാലൂന്നിയതിനകത്തുള്ള [=സാർവത്രിക, കാതോലിക] പള്ളികളൊട് ഇപ്പള്ളി ഐമൊസ്യപ്പെട്ട [=ഐക്യപ്പെട്ട്] ഒന്നിപ്പാനും നസ്രായികൾ ഒക്കെക്കും തലയായ ശുദ്ധമാന പാപ്പാനെ [=മാർപാപ്പയെ] വെണ്ടുന്ന മുഴു

www.malankaralibrary.com

വനാകുന്ന വഴക്കത്തിനും വേണ്ടി ഈ സുനഹദോസ് തുടങ്ങണം..."

നസ്രായി എന്നപദം നസ്രാണി എന്നായത് ഗ്രീക്ക്-ലത്തീൻ ഭാഷകളിലെ പദരൂപങ്ങളുടെ സ്വാധീനം കൊണ്ടാണ്. ഏ.ഡി. 1554-ൽ ഭാരതീയർക്കായി പോർത്തുഗീസ് മിഷണറിമാർ അച്ചടിച്ച ഒന്നാമത്തെ വേദപാഠപുസ്തകമായ കാർത്തില്യയിൽ ഒന്നാമത്തെ ചോദ്യം "നീ നസ്റാണിയോ? എന്നാണ്. റോമൻ അഥവാ ലത്തീൻ അക്ഷരങ്ങൾ ഉപയോഗിച്ച് അച്ചടിച്ചതുമൂലം ഈ വാക്ക് നസറാനിയെന്നും നസറാണി എന്നും ഉച്ചരിക്കാം. റകാരം കഴിഞ്ഞുവരുന്ന നകാരം പല ഭാഷകളിലും ണ കാരമായിത്തീരുമെന്നത് സാധാരണമാണ്. സുറിയാനി, അറബി മുതലായ സെമിറ്റിക് ഭാഷകളിലും സംസ്കൃതമൊഴികെ ഗ്രീക്ക്, ലത്തീൻ മുതലായ ഇൻഡോ യൂറോപ്യൻ ഭാഷകളിലും 'ന്' 'ണ്' എന്നീ രണ്ടു സ്വനിമങ്ങൾ എഴുതിക്കാണിക്കാൻ ഒറ്റ ലിപിയേ ഉള്ളൂ.

പ്രാചീന സുറിയാനി രേഖകളിൽ ക്രിസ്ത്യാനി എന്ന വാക്കിന് പകരം നസ്രായാ എന്നാണ് പ്രയോഗിച്ചിട്ടുള്ളതെന്ന് പണ്ഡിതന്മാർ പറയുന്നു. ഏ.ഡി. 341-ൽ രക്തസാക്ഷിത്വം വരിച്ച കിഴക്കിന്റെ പാത്രിയാർക്കീസും ശാബായുടെ പുത്രനുമായ ശീമോൻ നസ്രായരുടെ, അതായത് ക്രിസ്ത്യാനികളുടെ തലവനായിരുന്നുവെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അദ്ദേഹത്തിന്റെ ജീവചരിത്രത്തിൽ നസ്രായി എന്നാണ് ഉപയോഗിച്ചിരിക്കുന്നത്. ഏ.ഡി. 226 മുതൽ 640 വരെ പേർഷ്യയിൽ ക്തെസിഫോൺ തലസ്ഥാനമായി നിലവിലിരുന്ന സസാനിദ് സാമ്രാജ്യത്തിലെ ചരിത്രകാരന്മാരെല്ലാവരും നസ്രായാ എന്ന വാക്കാണ് ക്രിസ്ത്യാനികളെ സൂചിപ്പിക്കാൻ ഉപയോഗിച്ചത്. തന്റെ സൈന്യത്തിൽപ്പെട്ട യഹൂദനസ്രായാഭടന്മാരെല്ലാം ഭക്തിയോടെ ആചരിക്കുന്ന ഒരു തിരുനാൾ ദിവസം യുദ്ധം ഒഴിവാക്കിയാൽക്കൊള്ളാമെന്ന് ഒരു പേർഷ്യൻ സൈനികമേധാവി എഴുതി. ആ കത്ത് ഇന്നുമുണ്ട്. പേർഷ്യൻ സാമ്രാജ്യത്തിലും റോമൻ സാമ്രാജ്യത്തിലും അക്രൈസ്തവർ ക്രിസ്ത്യാനികളെ നസ്രായാ എന്നാണ് വിളിച്ചിരുന്നത് (cf. Mingana, Early Spread of Christianity in India, Manchester, 1926, pp 96-97).

ക്രിസ്തുമതാരംഭത്തിന് മുമ്പുതന്നെ കേരളത്തിൽ യഹൂദരുണ്ടായിരുന്നു. പില്ക്കാലത്ത് പലസ്തീനയിൽ നിന്നും പേർഷ്യൻ സാമ്രാജ്യത്തിൽനിന്നും ഇവിടെ യഹൂദരും പേർഷ്യൻ വംശജരും കുടിയേറിയിട്ടുണ്ട്. അവരുമായുള്ളബന്ധം കൊണ്ടായിരിക്കാം നസ്രായികൾ എന്ന പേര് ഇവിടെ ആദിമകാലം മുതൽ നിലനിന്നത്. നസ്രായികൾ (നസ്രാണികൾ) എന്നത് ഒരു ജാതിപ്പേരുപോലെ കരുതപ്പെട്ടിരുന്നു. ഉത്കൃഷ്ടവർഗമായി അവരെ കരുതിപ്പോന്നു. "ഈച്ചക്കും പുച്ചക്കും നായയ്ക്കും നസ്രാണിക്കും അയിത്തമില്ല" എന്നൊരു ചൊല്ലുണ്ടായി. നസ്രാണികൾക്ക് എവിടെയും പ്രവേശനമുണ്ട്. അവർ താഴ്ന്ന ജാതികളായിക്കരുതപ്പെടുന്നവരിൽനിന്ന് ഭക്ഷണം വാങ്ങിച്ചുകഴിക്കുകയില്ല. "മാപ്പിളതൊട്ടുതിന്നും മാക്രികുടിച്ചുചത്തും കേട്ടിട്ടുണ്ടോ?" എന്നൊരു ചൊല്ലുണ്ട്. മാപ്പിള (മഹാപിള്ള) എന്നത് രാജാക്കന്മാർ നസ്രാണികൾക്ക് നല്കിയ ബഹുമാനപ്പേരാണ്. ചന്തയിൽനിന്ന് കൊണ്ടുവരുന്നവ, കഴുകി

www.malankaralibrary.com

ശുദ്ധിയാക്കാൻ കഴിയാത്ത എണ്ണ, നെയ്യ് മുതലായ വസ്തുക്കൾ നസ്രാണിതൊട്ടാൽ ശുദ്ധമാകും എന്ന് ബ്രാഹ്മണർ വിശ്വസിച്ചിരുന്നു. എണ്ണതൊട്ട് ശുദ്ധിയാക്കാനായി ബ്രാഹ്മണകുടികളിൽ നസ്രാണികളെ പാർപ്പിച്ചിരുന്നു: ഇങ്ങനെ എണ്ണതൊട്ടു ശുദ്ധിയാക്കിയിട്ടുള്ളവർ ഇന്നും ജീവിച്ചിരിപ്പുണ്ട് (ഉദാ: ശ്രീ. പള്ളിക്കുടിയിൽ ഉലഹന്നൻ, പേരാവൂർ). പല കുടുംബങ്ങളും അവരുടെ പുർവികരുടെ ആഗമനത്തെപ്പറ്റി ഇക്കാര്യം ഇന്നും പറയുന്നുണ്ട്. തൈലാദി വസ്തുക്കൾ അശുദ്ധമായാൽ "പൗലോസ് തൊട്ടാൽ പരിശുദ്ധമാകും" എന്നു പറയാറുണ്ടല്ലോ. നസ്രാണികളെ ഉത്കൃഷ്ടരായികരുതിയതുകൊണ്ടല്ല അവർ കച്ചവടക്കാരായതുകൊണ്ടാണ് അവരെക്കൊണ്ട് തൊടീച്ചിരുന്നതെന്നും 'വാണിഭം കൊള്ളൽ' എന്ന് അതിനു പറഞ്ഞിരുന്നുവെന്നും ഇടമറുക് ജോസഫ് എഴുതിക്കണ്ടു. പക്ഷേ, കച്ചവടക്കാരായ മുസ്ലിങ്ങൾ ഈ നാട്ടിൽ 10-ാം നൂറ്റാണ്ടുമുതൽ ഉണ്ടായിരുന്നു. ഒരു ബ്രാഹ്മണ കുടിയിലും അവരെ എണ്ണതൊടാൻ കൊണ്ടുപോയി പാർപ്പിച്ചിട്ടില്ല എന്ന കാര്യം ഓർക്കുക.

പാശ്ചാത്യമിഷണറിമാരുടെ കാലഘട്ടത്തിലുള്ള (16-ാം നൂറ്റാണ്ടുമുതൽ) ഗ്രന്ഥങ്ങളിലെല്ലാം ക്രിസ്ത്യാനികളെ നസ്രാണികൾ, നസ്രായികൾ എന്നിങ്ങനെ പരാമർശിക്കുന്നു. കാർത്തില്യ (1554) സംക്ഷേപവേദാർത്ഥം (1772) വേദോപദേശപുസ്തകം (1859) മുതലായവയിലും നസ്രാണി എന്നാണ് പ്രയോഗം. ദീപിക പത്രത്തിൻെറ ആദ്യത്തെ പേര് "നസ്രാണി ദീപിക" എന്നായിരുന്നു.

കേരളത്തിലെ നസ്രാണി രാജാവിന് ജോൺ 22-ാമൻ മാർപ്പാപ്പ ഏ.ഡി. 1330 ഏപ്രിൽ 8-ന് എഴുതിയ കത്തിൽ ഇവിടത്തെ ക്രൈസ്തവരെ നസ്രാണികൾ എന്നാണ് പരാമർശിച്ചിട്ടുള്ളത്. ലത്തീൻഭാഷയിൽ നസ്രാണി എന്നത് ബഹുവചനമാണ്. പക്ഷേ, ആ പദത്തിൻെറ വികല രൂപങ്ങളാണ് ആ കത്തിലുള്ളത്. നസ്തരിനി, നസ്കരിനി, നസ്കോരിനി എന്നിങ്ങനെ. ഈ രൂപങ്ങൾ കണ്ടിട്ട് അക്കാലത്ത് ഇവിടെ നെസ്തോറിയന്മാരാണുണ്ടായിരുന്നതെന്ന് ഒരാൾ ഊഹിച്ചിരിക്കുന്നു. അത് ശരിയല്ല. മാർപാപ്പ നെസ്തോറിയന്മാർക്ക് അത്തരമൊരു കത്തയക്കുകയില്ലല്ലോ. നെസ്തോറിയരെ നെസ്തോറിയാനി എന്നേ ലത്തീനിൽ വിളിക്കുകയുള്ളൂ എന്ന കാര്യവും ഓർക്കണം.

വടക്കൻ പറവൂർ കത്തോലിക്കാ ദേവാലയത്തിലെ ഒരു ശിലാലിഖിതത്തിൽ മാർ ഫ്രാൻസിസ് മെത്രാനെപ്പറ്റി "മാർത്തൊമ്മാ നസ്രാണികൾക്ക് മെത്രാൻ" എന്നാണ് എഴുതിയിട്ടുള്ളത്. ഏ.ഡി. 1594-ൽ എഴുതിയതാണത്.

നസ്രത്ത് (നസ്രസ്) എന്ന ഗ്രാമത്തിൽനിന്നുള്ളവൻ എന്ന അർത്ഥത്തിൽ യേശുവിനെ നസ്രായാ (നസ്രായൻ) എന്നുവിളിക്കുന്നു. സുറിയാനിയിൽ നസ്രായാ എന്നതിന് യേശുവിൻെറ ശിഷ്യൻ എന്നും അർത്ഥമുണ്ട്. യേശുവിനെ നസ്രായൻ എന്ന് പുതിയ നിയമത്തിൽ പലപ്രാവശ്യം പരാമർശിച്ചിട്ടുണ്ട്. രണ്ടിടത്ത് (മത്താ. 21:11, അപ്പ. 10:38) നസറത്തിലെ യേശു എന്നും മറ്റ്ചിലയിടങ്ങളിൽ (മർക്കോ. 1:24; 10:47; 14:67; 16:6; ലൂക്കാ. 4:34; 24:19) നസറേയനായ യേശു (ഗ്രീക്കിൽ, നസാറേനോസ്) എന്നുംപറയുന്നു. വേറെ ചില സ്ഥലങ്ങളിൽ നസോറേയനായ (നസോറായിയോസ്) യേശു എന്നുംപറയുന്നു (മത്താ. 26:71, ലൂക്കാ 18:37; യോഹ. 18:5, 7; 19:19;

www.malankaralibrary.com

അപ്പ. 2:2; 3:6; 4:10; 6:14; 28:8; 26:9). ഒരിടത്ത് കാണുന്ന നസോറായിയോസ് എന്നവാക്കിന് നസ്രസിൽ താമസിക്കുന്നവൻ എന്ന വ്യാഖ്യാനം നല്കിയിട്ടുമുണ്ട് (മത്താ. 2:23).

നസാറേനോസ്, നസോറായിയോസ് എന്നീ വിശേഷണങ്ങൾ പര്യായപദങ്ങളായിട്ടാണ് പ്രയോഗിച്ചിട്ടുള്ളത്. നസ്രസിനെ സംബന്ധിച്ച എന്നാണർത്ഥം. ഗ്രീക്കിലെ 'ഏനോസ്' എന്ന പ്രത്യയം സാധാരണമായി നാമവിശേഷണമാണ്. എന്നാൽ 'ആയിയോസ്' എന്ന പ്രത്യയം അറമായാ (സുറിയാനി) ഭാഷയിലെ ഒരു വിശേഷണ പ്രത്യയമായ 'അയ്യ' (- ayya) എന്നതിൻെറ രുപഭേദമാണ്.

നസ്രത്ത് എന്നത് ഗ്രീക്കുഭാഷയിൽ നസ്രസ് എന്നായി മാറി. 'ത്' എന്ന സ്വനിമം 'സ്' ആയി മാറുക സാധാരണമാണ്. സുറിയാനിയിൽത്തന്നെ അതിന് ധാരാളം ഉദാഹരണങ്ങളുണ്ട്. (ഉദാ: മാമ്മോദീത്ത എന്നത് മാമ്മോദീസാ എന്നും ഉച്ചരിക്കും.) സുറിയാനി അക്ഷരമാലയിലെ അവസാനത്തെ അക്ഷരമായ 'താവ്' എന്ന അക്ഷരത്തിന് 'ത്' എന്നും 'സ്' എന്നും ഉച്ചാരണമുണ്ട്.

നസോറായിയോസ് എന്നതിലെ ആദ്യത്തെ ഒകാരം ('നസോ-') എങ്ങനെ വന്നുവെന്ന് ഉറപ്പിച്ചുപറയാനാവില്ല. മുമ്പ് സൂചിപ്പിച്ചതുപോലെ പരിഹാസം സൂചിപ്പിക്കാൻ അക്രൈസ്തവർ പ്രയോഗിച്ചതായിരിക്കാം. യഹൂദർ ക്രിസ്തുശിഷ്യന്മാരെ നസാറായിയോസ് എന്നതിനുപകരം നസോറായിയോസ് എന്ന് വിളിച്ചുകാണും. വി.പൗലോസിനെതിരേ നാടുവാഴിയുടെ മുമ്പിൽ വാദിക്കുന്ന തെർതെല്ലോസ് "ഇവൻ നസറായാപക്ഷത്തിൻെറ പ്രമുഖനേതാവാണ്" (അപ്പ. 24:5) എന്നുപറയുമ്പോൾ ആ പദമാണ് ഉപയോഗിക്കുന്നത് (ഇതുപോലെതന്നെയാണ് ക്രിസ്ത്യാനിയെന്ന പദത്തിൻെറയും കഥ). പദങ്ങൾ വികൃതരൂപത്തിലോ അസാധാരണ രൂപത്തിലോ പ്രയോഗിച്ച് വെറുപ്പും പരിഹാസവും സൂചിപ്പിക്കുക പതിവാണ് (മലയാളത്തിൽ അവർ എന്നതിനുപകരം അവൻമാർ എന്നും ഇവർ എന്നതിനുപകരം ഇവന്മാർ എന്നുംപറയുമ്പോൾ അർത്ഥവ്യത്യാസം വരുന്നുണ്ടല്ലോ).

ഏതായാലും അക്രൈസ്തവർ വിളിച്ച പേര് ക്രിസ്ത്യാനികളും ഉപയോഗിക്കാൻ തുടങ്ങി. കാലക്രമേണ അതിൻെറ പിന്നിലുള്ള വെറുപ്പെല്ലാം മറന്നു. മുകളിൽപ്പറഞ്ഞ രണ്ട് രൂപങ്ങളും (ഗ്രീക്കിലുള്ളവ) ലത്തീൻഭാഷയിൽ നസറേനൂസ് എന്ന രൂപത്തിൽ ഉപയോഗിച്ചുപോന്നു. ഈ പ്രയോഗങ്ങളുടെ സ്വാധീനമാണ് നസറാണി എന്ന മലയാളപദത്തിൽ കാണുന്നത്. നസ്രായി എന്നത് യൂറോപ്യൻ മിഷണറിമാർ വന്നതിനുശേഷം നസ്രാണി എന്നായി. 'ന'കാരം 'ണ' കാരമാകുന്നത് 'റ'യുടെ സാമീപ്യത്താലാണ്. സുറിയാനിയിൽ 'ന' കാരത്തിൽ അവസാനിക്കുന്ന വിശേഷണമില്ലെന്ന് പറയുന്നതു ശരിയല്ല. അറബിയിലുള്ള നസ്രാ എന്നപദം സുറിയാനിയിൽനിന്നുവന്നതാണെന്ന് പണ്ഡിതന്മാർ പറയുന്നു. നസ്രാണി എന്നപദം അറബിയിൽനിന്നു വന്നതാണെന്ന ഡോ. പി.എം. ജോസഫിൻെറ "മലയാളത്തിലെ പരകീയപദങ്ങൾ" എന്ന ഗ്രന്ഥത്തിൽ പറയുന്നത് ശരിയല്ല. യേശുവിൻെറ കാലത്ത് അറമായയും (സുറിയാനി), ഗ്രീക്കും, ലത്തീനും പലസ്തീനയിൽ ഒന്നുപോലെ ഉപയോഗിച്ചിരുന്നുവെന്ന വസ്തുതകൂടി ഇവിടെ ഓർമ്മിക്കണം.

www.malankaralibrary.com

ക്രിസ്ത്യാനികൾ തരുതായ്കൾ എന്ന് സ്വയംവിളിച്ചിരുന്നു. സത്യവിശ്വാസികൾ എന്നാണ് അതിൻെറ അർത്ഥം. സുറിയാനിയിലുള്ള ത്രീസാ എന്ന വാക്കിൽനിന്നുണ്ടായ പേരാണത്. കൂടാതെ ബൗദ്ധന്മാർ എന്നും വിളിക്കപ്പെട്ടിരുന്നു. ബ്രാഹ്മണസമ്പ്രദായങ്ങളെപ്പറ്റി പൗളിനൂസ് പാതിരി എഴുതി 1791-ൽ റോമിൽ അച്ചടിച്ച Systema Brahmanicum Liturgicum Mythologicum എന്ന ലത്തീൻ പുസ്തകത്തിൽ 161-ാം പേജിൽ ഇങ്ങനെ പറയുന്നു: "മലബാർ ബ്രാഹ്മണന്മാർ തോമ്മാശ്ലീഹയെ ബുദ്ധൻ എന്ന് വിളിക്കുന്നു. ക്രിസ്ത്യാനികളെ ബൗദ്ധന്മാരെന്നും വിളിക്കുന്നു".

(ക്രിസ്ത്യാനി, തരീസാപള്ളി, തരുതായ്കൾ, ബൗദ്ധന്മാർ എന്നീ വാക്കുകൾ നോക്കുക).

**നാളോത്ത്** നാള്, ഓത്ത് എന്ന രണ്ട് ദ്രാവിഡപദങ്ങൾ ചേർന്നുണ്ടായ സമസ്തപദമാണ് നാളോത്ത്. അന്നേ ദിവസത്തെ ഓത്ത് എന്നാണതിൻെറ അർത്ഥം. വേദപഠനത്തിന് മാത്രമല്ല പ്രാർത്ഥനയ്ക്കും ഓത്ത് എന്ന് പറഞ്ഞിരുന്നു.

"മരിച്ചവരുടെ പെരുന്നാൾ ദിവസത്തിൽവരുന്ന കുഴിഓത്തു (അന്നീദാ)കൾ എല്ലാ പട്ടക്കാരും കുടി കഴിക്കയും വേണം" (പഴേപറമ്പിൽ ലൂയിസ് മെത്രാൻ, വരവുകളുടെ നിയമസംഗ്രഹം, മാന്നാനം പ്രസ്സ്, 1908, പേജ് 17) എന്ന കല്പനയിൽ കുഴിഓത്ത് എന്നാണല്ലോ മരിച്ചവർക്കുവേണ്ടി കുഴിമാടത്തിന്നരികേനിന്ന് ചൊല്ലാനുള്ള പ്രാർത്ഥനയ്ക്ക് പറയുന്നത്. മരിച്ചനാളിൽത്തന്നെ നടത്തുന്ന പ്രാർത്ഥന എന്നാണ് നാളോത്ത് എന്നതിൻെറ അർത്ഥം എന്ന് ഇതിൽനിന്ന് വ്യക്തമാണ്. ഏ.ഡി. 1934-ലെ നിയമസംഗ്രഹത്തിൽ കുഴിഓത്തുകൾ എന്ന വാക്ക് വിട്ടുകളഞ്ഞിട്ട് അന്നീദാകൾ എന്ന് അച്ചടിച്ചിരിക്കുന്നു (പുറം 44).

മരിച്ച വ്യക്തിയുടെ വീട്ടിൽ, ശവസംസ്കാരത്തിനുശേഷം നടത്തുന്ന പ്രാർത്ഥനയാണ് നാളോത്ത്. മരിച്ച ദിവസംതന്നെ അത് നടത്തുന്നു. പള്ളിയിൽ നിന്ന് ഏറെ ദൂരെയാണ് വീടെങ്കിൽ ശവ സംസ്കാരപ്രാർത്ഥന (വീട്ടിൽവച്ചു നടത്തേണ്ട ഭാഗം) ചൊല്ലിയതിനുശേഷം നാളോത്തിൻെറ പ്രാർത്ഥനകൂടി ചൊല്ലും. വീട് ദേവാലയത്തിനടുത്താണെങ്കിൽ ശവസംസ്കാരം കഴിഞ്ഞ് വൈദികനും കപ്യാരും പരേതൻെറ വീട്ടിൽ ചെന്ന് അത് നടത്തിയിരുന്നു. ഇതായിരുന്നു അടുത്തകാലംവരെയുള്ള പതിവ്. നാളത് എന്നതിന് നാളിൽത്തന്നെ (സംഭവം നടന്ന ദിവസംതന്നെ) നടക്കുന്നത് എന്നാണർത്ഥം. നാളിലെ ഓത്ത് എന്നത് ചുരുങ്ങി നാളോത്ത് എന്നായി. സംഭവദിവസം നടത്തേണ്ട വേദോച്ചാരണമാണ് (പ്രാർത്ഥനയാണ്) നാളോത്തെന്ന് പറയാം.

**നിബിയ (നിവിയ)** പ്രവാചകൻ എന്ന സംസ്കൃത-മലയാള പദം സാധാരണ പ്രയോഗത്തിലായത് കഴിഞ്ഞ നൂറ്റാണ്ടിൽ മാത്രമാണ്. അതിനുമുമ്പ് എല്ലാവരും നിബിയ (നിവിയ) എന്ന കൽദായാ സുറിയാനി വാക്കാണ് ഉപയോഗിച്ചിരുന്നത്. ഉദയംപേരൂർ സൂനഹദോസ് കാനോനകളിൽ നിവിയ എന്നാണ് പ്രയോഗം. ഈ വാക്ക് നിവിയൻ, നിബ്യൻ എന്നൊക്കെ മലയാളത്തിൽ രൂപാന്തരം പ്രാപിച്ചിട്ടുണ്ട്. ഇന്നും ചില കുർബാന ക്രമങ്ങളിൽ ഈപദം ധാരാളമായി പ്രയോഗിക്കുന്നു. ഗ്രീക്കു സപ്തതി (സെപ്ത്വാജിന്ത്) എന്നറിയപ്പെടുന്ന ബൈബിൾ വിവർത്തനത്തിൽ ഹീബ്രുവിലെ

www.malankaralibrary.com

നാബീ എന്ന പദത്തിൻെറ തർജ്ജുമയായി പ്രൊഫെത്തെസ് എന്ന ഗ്രീക്ക് വാക്ക് പ്രയോഗിച്ചു. അത് ലത്തീനിൽ പ്രൊഫെത്താ (propheta) എന്നും ഇംഗ്ലീഷിൽ പ്രോഫെറ്റ് എന്നുമായി. ഈ ഗ്രീക്ക്-ലത്തീൻ പദങ്ങൾക്ക് തുല്യമായ ഒരു സംസ്കൃതപദമായി കണ്ടെത്തിയതാണ് പ്രവാചകൻ എന്ന വാക്ക് (സംസ്കൃതത്തിലെ പ്രവാചകഃ എന്നതിനോട് മലയാളത്തിലെ അൻ പ്രത്യയം ചേർത്ത് മലയാളമാക്കിയിരിക്കുന്നു).

ഹീബ്രുവിലെ നാബീ കൽദായാ സുറിയാനിയിൽ നിബിയ എന്നായി. അക്കാദിയൻ ഭാഷയിൽനിന്നാണ് നാബീ എന്ന പദത്തിൻെറ വരവ്. ആ ഭാഷയിൽ മാത്രമേ ഇതിൻെറ ക്രിയാരൂപം നിലനില്ക്കുന്നുള്ളൂ. ന്ബ് എന്ന ക്രിയയുടെ അർത്ഥം വിളിക്കുക എന്നാണ്. നാബീ എന്നത്, വിളിക്കപ്പെട്ടവൻ എന്നർത്ഥമുള്ള നബീ എന്ന അക്കാദിയൻ വാക്കിൽ നിന്നോ വിളിക്കുന്നവൻ (അലറുന്നവൻ) എന്നർത്ഥമുള്ള നാബീ എന്ന അക്കാദിയൻ അപൂർണ്ണക്രിയാരൂപത്തിൽ (Active participle) നിന്നോ ഹീബ്രു ഭാഷ സ്വീകരിച്ചു. പക്ഷേ, അക്കാദിയൻ ജനത ഉദ്ദേശിക്കുന്ന അർത്ഥമായിരിക്കണമെന്നില്ല ഹീബ്രുവിൽ ആ വാക്കിന്. ഇസ്രായേൽക്കാർ ഉദ്ദേശിക്കുന്ന അർത്ഥം കണ്ടെത്താൻ ഇസ്രായേലിലെ നാബിമാരുടെ പ്രവൃത്തികൾ പരിശോധിക്കണം. ദൈവസ്തുതികൾ ആവേശപൂർവ്വം ആലപിക്കുന്നവനും ദൈവത്തിൻെറ വെളിപാടുകൾ അറിയിക്കുന്നവനുമാണ് ഇസ്രായേൽക്കാരുടെ നാബി. ദൈവത്താൽ ആവേശിക്കപ്പെട്ടവൻ എന്നർത്ഥം. അതുകൊണ്ട് അരൂപിയുടെ മനുഷ്യൻ എന്നും (ഓസി. 9:7) ദൈവത്തിൻെറ മനുഷ്യൻ എന്നും (3 രാജാ. 17:18, 24; 4 രാജാ. 1:9-13; 4:7-13, 19) നാബിമാരെപ്പറ്റി പറയുന്നു.

നിബിയ എന്ന വാക്ക് കേരളത്തിൽ ഇന്ന് അന്ത്യോക്യൻ കുർബാനക്രമത്തിൽ നിലനില്ക്കുന്നുണ്ട്. "നിബിയന്മാരും ജാതികളോടേവൻഗേല്യോൻ അറിയിച്ചാ ശ്ലീഹന്മാരും"...."ഭാഗ്യം നിബിയർക്കും - ഭാഗ്യം ശ്ലീഹർക്കും" (കുർബാനക്രമം, KVM പ്രസ്, പുളിക്കീഴ്, 1970, പുറങ്ങൾ 25, 69) എന്നിങ്ങനെ അവർ പാടുന്നു.

**നെലോന (നിലയണ)** പഴയ ക്രൈസ്തവരേഖകളിൽ നെലോന വീഴ്ത്തുക, നേലോന വീഴ്ത്തൽ, നെലോന ഒഴിക്കുക, നിലയണ ഇടുക എന്നീ ശൈലികൾ കാണാം. വിവാഹാവസരത്തിൽ ഉണക്കലരി പൊടിച്ചു വെള്ളമൊഴിച്ച് കലക്കി അതുകൊണ്ട് മുറികളിലും കുരണ്ടികളിലും ചിത്രങ്ങൾവരക്കുന്നതിനെയാണ് ഈ ശൈലി സൂചിപ്പിക്കുന്നത്. നിലയണ എന്നത് നെലോന എന്നായി മാറിയിരിക്കുന്നു. ഇത്തരം അലങ്കാരപ്പണി, നമ്പൂതിരി ബ്രാഹ്മണർക്കും ക്രൈസ്തവർക്കും പൊതുവായിട്ടുള്ളതാണ്. ഉദയംപേരൂർ സൂനഹദോസിൻെറ കാലംവരെ (1599) നിലയണ ഒഴിക്കൽ ക്രിസ്ത്യാനികളുടെയിടയിലും നിലനിന്നിരുന്നു. ഹൈന്ദവാചാരമെന്ന നിലയിൽ സൂനഹദോസ് അത് മുടക്കി. "പെംകെട്ട എന്ന കൂദാശമെൽ ഉള്ള പൊരുൾ" എന്ന ഭാഗത്ത് 14-ാം കാനോനയിൽ ഇത്തരം ആചാരങ്ങൾ മുടക്കിയിരിക്കുന്നു. കല്യാണത്തിന് നല്ല ദിവസവും നല്ലനേരവും അന്വേഷിക്കുന്നത് നെല്ലുംനീരും വീഴ്ത്തുന്നത് മുതലായവ 'മാർഗ്ഗത്തിൽ ചിതമല്ലാത്ത'താകകൊണ്ട് നിരോധിക്കുകയുണ്ടായി. ഇങ്ങനെയാണ് ബ്രാഹ്മണാചാരങ്ങൾ പലതും

www.malankaralibrary.com

ക്രൈസ്തവരുടെയിടയിൽനിന്ന് അപ്രത്യക്ഷമായത്.

പുതുപ്പള്ളിൽ കന്നുകുഴിയിൽ കൊച്ചുതൊമ്മൻ അപ്പോത്തിക്കരി (+ 1089 തുലാമാസം) ഏതാണ്ട് 1900-ൽ എഴുതിയ "പരിഷ്കാരപ്പാതി" എന്ന സാമൂഹിക നോവൽ മലയാളനോവൽ സാഹിത്യത്തിലെ അവിസ്മരണീയമായ ഒരു ഗ്രന്ഥമാണ്. അതിൽനിന്ന് Z.M. പാറേട്ട് "മലങ്കരനസ്രാണികൾ പദവിയും ആചാരങ്ങളും" (മനോരമ, കോട്ടയം, 1966) എന്ന ഗ്രന്ഥത്തിൽ പലഭാഗങ്ങളും ഉദ്ധരിച്ചിട്ടുണ്ട്. അതിൽനിന്നു നിലയണയെപ്പറ്റിയുള്ള ഭാഗം, ഈ പ്രയോഗത്തിൻെറ അർത്ഥം വ്യക്തമാക്കാൻ, താഴെ ചേർക്കുന്നു: "ഉണക്കലരി അരച്ചതും കൊണ്ട് ഒരു വാലിയക്കാരത്തി വന്നു. കുഞ്ഞാമ്മറിയ അത് വാങ്ങി പാകത്തിന് വെള്ളം ഒഴിച്ച് നേർപ്പിച്ചിട്ട് നിലയണ ഒഴിക്കേണ്ടത് എവിടെയാണെന്ന് ചോദിച്ചു..... മുയിപ്പിലോ തെക്കേപുരയിലോ ആണ് വേണ്ടത്..... കോൻതളത്തിൽ തന്നെയാകട്ടെ എന്നു തീർച്ചപ്പെടുത്തി...... നിലയണ ഒഴിച്ചു കഴിഞ്ഞിട്ട് ശേഷിച്ച ഭാഗങ്ങളും അണിഞ്ഞു" (പുറം 303-305). മുയിപ്പ് എന്നതിന് മുഖപ്പ് എന്നും കോൻതളം എന്നതിനു കോത്തളം, അതായത് പ്രധാനതളം എന്നുമാണർത്ഥം. അണിയുക എന്നതിന് അലങ്കരിക്കുക എന്നർത്ഥം. അണിയറ, അണിശയനം, അണിമുറ്റം മുതലായ പ്രയോഗങ്ങൾ നോക്കുക. നിലയണ എന്നതിലെ 'അണ' എന്ന പ്രയോഗത്തിന് ചിത്രാലങ്കാരം എന്നാണ് അർത്ഥം.

**നൊവേന** ഒൻപതു ദിവസം മുടങ്ങാതെ നടത്തേണ്ട പ്രാർത്ഥനയെയാണ് നൊവേന എന്നു വിളിക്കുന്നത്. ഒൻപത് പ്രാവശ്യം എന്നർത്ഥമുള്ള ഒരു ലത്തീൻ വാക്കാണത്. ലത്തീനിലും പോർത്തുഗീസിലും ഒൻപത് ദിവസത്തേക്കുള്ള ഭക്ത്യഭ്യാസം എന്ന് ആ വാക്കിന് അർത്ഥം വന്നുകൂടി. ലത്തീനിൽ ഒൻപതിന് നൊവെം (Novem) എന്നുപറയും. ഒൻപതു വീതം എന്നതിന് നൊവേനൂസ് എന്നും. നൊവേനൂസിൻെറ സ്ത്രീലിംഗരൂപമാണ് നൊവേന (Novena). നൊവേനൂസ് സംഖ്യാപരമായ വിശേഷണമാണ്. സംസ്കൃതത്തിലെ നവൻ എന്ന സംഖ്യാനാമത്തിൻെറ ഒരു വ്യത്യസ്ത രൂപമാണ് ലത്തീനിലെ നൊവെം എന്നു പറയേണ്ടതില്ലല്ലോ. സെൻദ് അവെസ്തൻ (പേർഷ്യൻ) ഭാഷയിലും നവൻ എന്നുതന്നെയാണ് ആ വാക്ക്. ഗ്രീക്കിൽ എന്നേയ എന്നും ഗോഥിക്കിലും പ്രാചീന ഹൈജർമ്മൻ ഭാഷയിലും നിയൂൺ എന്നും പഴയ സാക്സണിലും ആംഗ്ലോ സാക്സണിലും നിഗൂൺ എന്നും വടക്കൻ ഹൈജർമ്മൻ ഭാഷയിൽ നെവൂൺ എന്നും ഇംഗ്ലീഷിൽ നയൺ (nine) എന്നും മാറി മാറി വരുന്നത് സംസ്കൃതത്തിലെ നവൻ തന്നെയാണ്. അതുകൊണ്ട് സംസ്കൃതം ഉപയോഗിക്കുന്ന മലയാളിക്ക് നൊവേന ഒരന്യപദമല്ല.

നൊവേനയ്ക്ക് നവനാൾ എന്നും പറയാറുണ്ട്. അതാകട്ടെ നവ എന്ന സംസ്കൃതവാക്കും നാൾ (=ദിവസം) എന്ന മലയാളവാക്കും ചേർന്നുണ്ടായതാണ്. നവൻ എന്ന വാക്ക് മറ്റു വാക്കുകളോട് ചേരുമ്പോൾ നവ എന്നായിത്തീരുന്നു.

പുതിയത് എന്നർത്ഥമുള്ള നവ എന്ന ഒരു വിശേഷണം സംസ്കൃതത്തിലുണ്ട്. അതിന് നവനാളിലെ നവയുമായി ബന്ധമില്ല. അത് നു എന്ന അവ്യയത്തിൽ നിന്നുണ്ടായതാണ്. മിക്ക ഇൻഡോ ആര്യൻ ഭാഷകളിലും ആ അവ്യയം പല രൂപങ്ങളിൽ നിലനില്ക്കുന്നുണ്ട്.

www.malankaralibrary.com

പെട്ടെന്ന്, തീർച്ചയായും, ഇപ്പോൾ, എന്നൊക്കെയാണ് അതിനർത്ഥം.

നൂതന, നവീന എന്നീ സംസ്കൃതവാക്കുകളും നേവോസ് എന്ന ഗ്രീക്കു വാക്കും നോവൂസ് (novus) എന്ന ലത്തീൻ വാക്കും അതിൽനിന്നുണ്ടായതാണ്. ഇംഗ്ലീഷിലെ ന്യൂ (new), നൗ (now) എന്നിവയും സംസ്കൃതത്തിലെ 'നു'വിൽനിന്നുവരുന്നു. നവയുഗം എന്നതിലെ നവ, പുതിയത് എന്നർത്ഥമുള്ള വിശേഷണമാണ്. നവഗ്രഹം എന്നതിലെ നവ ഒൻപത് എന്നർത്ഥമുള്ള സംഖ്യാ നാമവുമാണ്. നവനാൾ എന്നതിന് ഒൻപത്ദിവസം എന്ന് ആദ്യത്തെ അർത്ഥം. ഒൻപത് ദിവസത്തെ ഭക്ത്യഭ്യാസം എന്നത് പിന്നീടുണ്ടായ അർത്ഥം.

## പ

**പകമെന്ത്** പഗമെന്തോ എന്നപോർത്തുഗീസ് വാക്കിൽനിന്നുണ്ടായ പദമാണിത്. കാശുകൊടുക്കൽ, പിരിവ് നല്കൽ എന്നിങ്ങനെയാണർത്ഥം. കാശുകൊടുക്കുക (pay) എന്നർത്ഥമുള്ള പഗാർ എന്ന ധാതുവിൽനിന്നുണ്ടായ നാമരൂപമാണിത്. എറണാകുളം രൂപതയുടെ വരവു ചെലവുകളുടെ നിയമസംഗ്രഹത്തിൽ (1934-ലേത്) ഇങ്ങനെ കാണുന്നു: "ദർശനത്തിന് വകമെന്ത് അല്ലെങ്കിൽ കാഴ്ചയായി വിശേഷാൽ 1 രൂപ 2ണ. യും തിരിപ്പണമായി 6 ണ. യും കൊടുക്കണം" (പേജ് 33). ഇവിടെ ദക്ഷിണ (സംഭാവന, കാഴ്ച) എന്നാണർത്ഥം. വകമെന്ത് എന്നാണ് നിയമസംഗ്രഹത്തിൽ അച്ചടിച്ചിട്ടുള്ളത്. വകമെന്തെ എന്നൊരു ക്രിയാവിശേഷണം പോർത്തുഗീസിലുണ്ട്. അവ്യക്തമായ നിശ്ചിതമല്ലാത്ത രീതിയിൽ എന്നാണ് അതിന്റെ അർത്ഥം. അതുകൊണ്ട് കാഴ്ചയായി നല്കുന്ന സംഖ്യയെപ്പറ്റി പകമെന്ത് എന്നേ പറയാൻ പറ്റൂ.

**പടാർത്ത (പാഠാർത്ഥം)** പള്ളികളിൽ വേദവാക്യങ്ങൾ വിശദീകരിച്ച് പ്രസംഗിക്കുന്നതിന് "പൊരുൾ പാഠാർത്ഥ പറയുക" എന്ന ശൈലി ഉപയോഗിക്കുന്നു. പടാർത്ത പറയുക എന്നൊരു പ്രയോഗം ക്രൈസ്തവരുടെയും ഹിന്ദുക്കളുടെയും ഇടയിലുണ്ട്. അതൊരു ഗ്രാമീണ പ്രയോഗവുമാണ്. പടയെപ്പറ്റിയുള്ള വാർത്ത പറയുക എന്ന പതിവിൽ നിന്നുണ്ടായതാണ് പടാർത്ത എന്ന പ്രയോഗമെന്ന് ആരോ എഴുതിക്കണ്ടിട്ടുണ്ട്. കളരിപ്പയറ്റുകളുടെയും യുദ്ധങ്ങളുടെയും കാലത്ത് പടവാർത്ത പറയലും അതിശയോക്തി കലർന്ന പടവാർത്ത പറയലും സാധാരണമായിരുന്നിരിക്കണം. എന്നാൽ പട(യുദ്ധം) യുമായി ഒരു ബന്ധവുമില്ലാതെതന്നെ പടാർത്ത (പാഠാർത്ഥ) എന്ന പ്രയോഗം ഉണ്ടാകാൻ സാധ്യതയുണ്ട്. അർത്ഥം വിശദീകരിച്ചുകൊണ്ടുള്ള പ്രസംഗം എന്നും അതിനർത്ഥമുണ്ടല്ലോ.

എ.ഡി. 1599-ൽ എഴുതിയ ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകളിൽ ഇങ്ങനെ കാണുന്നു: "ഞായറാഴ്ചതൊറും പൊരുൾപാഠാർത്ഥയും വെണം. പൊരുൾ പാഠാർത്ഥ ഇല്ലാത്ത ദിവസം ഇ പൊസ്തകത്തിൽ എഴുത്തുപെട്ടവയിൽ ഏതാനും ലൊകർക്ക് വായിക്കുകയും കെൾപ്പിക്കയും വെണം" (7-ാം മൗത്വാ, 19-ാം കാനോന). പൊരുളിന്റെ (അർത്ഥത്തിന്റെ) വിശദീകരണം (പ്രസംഗം) എന്ന അർത്ഥത്തിലാണ് പൊരുൾ പാഠാർത്ഥ എന്ന് ഇവിടെ ഉപയോഗിച്ചിട്ടുള്ളത്.

പാഠാർത്ഥം എന്ന വാക്കാണ് പടാർത്തയായത് എന്നു തീർച്ച.

www.malankaralibrary.com

വടക്കേ മലബാറിൽ പാഠാർത്ഥം പറയലിന് പാഠകപ്പറച്ചിൽ എന്ന് പ്രയോഗിക്കുമെന്ന് ഗുണ്ടർട്ടിൻെറ നിഘണ്ടുവിൽ കാണുന്നു. പാഠം എന്ന വാക്കിന് പഠിക്കാനുള്ള ഗ്രന്ഥഭാഗം, വായന, വേദാദ്ധ്യയനം, വേദഭാഗം എന്നൊക്കെ അർത്ഥമുണ്ട്. പാഠകം എന്നതിന്ശ്ലോകം ചൊല്ലിക്കൊണ്ടുള്ള സരസമായ കഥപറയൽ എന്നർത്ഥമാണ്. പാഠകം പറയുക എന്നത് അമ്പലങ്ങളിൽ നടപ്പുള്ള സമ്പ്രദായമാണല്ലോ. പാഠങ്ങളുടെ അർത്ഥം പറയുന്ന രീതിതന്നെയാണിത്. സാധാരണ ജനങ്ങളെ പുരാണങ്ങളും വേദങ്ങളും പഠിപ്പിക്കാനുള്ള ഒരു വഴിയുമാണ്. ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം കുർബാനയിൽ വായിക്കുന്ന വേദഗ്രന്ഥഭാഗമാണ് പാഠം. അടുത്തകാലംവരെ സുറിയാനി ഭാഷയിലായിരുന്നു വായിച്ചിരുന്നതും. അതിൻെറ അർത്ഥം ജനങ്ങളെ പറഞ്ഞ് മനസ്സിലാക്കേണ്ടിയിരുന്നു.

അർണ്ണോസ് പാതിരി എഴുതിയ മലയാളം-പോർത്തുഗീസ് നിഘണ്ടുവിൽ പടവാർത്ത എന്ന വാക്ക് ചേർത്തിട്ടുണ്ട്. വിചാരിക്കൽ, തെളിയിക്കൽ എന്നൊക്കെ അർത്ഥം വരുന്ന arezoamento എന്ന പോർത്തുഗീസ് വാക്കാണ് അതിൻെറ അർത്ഥമായി കൊടുത്തിരിക്കുന്നത്. ആഞ്ചലോ ഫ്രാൻസിസ് എഴുതിയ നിഘണ്ടുവിലും ഇതുപോലെ തന്നെയാണ് അർത്ഥം കൊടുത്തിട്ടുള്ളത്. ഗുണ്ടർട്ട് 1872-ൽ പടവാർത്തയ്ക്ക് തർക്കിക്കൽ, വാദപ്രതിവാദം (disputing) എന്ന അർത്ഥം കൊടുത്തിരിക്കുന്നു.

ഉദയംപേരൂർ സൂനഹദോസിൻെറ കാനോനയിലെ ശൈലിയിൽ പാഠാർത്ഥ എന്നതുകൊണ്ട് പാഠഭാഗത്തിൻെറ വിശദീകരണമാണ് ഉദ്ദേശിച്ചിട്ടുള്ളത്. അതിന് പടയുമായി ബന്ധമില്ലല്ലോ. വേദാദ്ധ്യയനം എന്നതിന് ഓത്ത് എന്ന ഹൈന്ദവപദം ക്രൈസ്തവർ സ്വീകരിച്ചു. അതുപോലെ പാഠാർത്ഥയും.

**പടിസാധനം** "നമ്മുടെ ഈ പടിസാധനത്തിന്ന് ചേരാത്തതായി മറ്റുപടിസ്സാധനമൊ കല്പനയൊ തന്നിട്ടുണ്ടായിരുന്നാൽ...." (ലെയോനാർദ്, വരാപ്പുഴ വിഗാരിയാത്തിലെ കല്പനകളും നിയമങ്ങളും, 1897, പുറം 85), "വരാപ്പുഴ ശ്ലീഹായ്ക്കടുത്തവിഗാരിയാത്തിലെ പള്ളിവക മുതൽ കാര്യങ്ങളെ നടത്തുന്നതിന്നടുത്ത പടിസ്സാധനം" (അവിടെത്തന്നെ, പുറം 77) എന്നിങ്ങനെയുള്ള പ്രസ്താവനകളിൽ പടിസാധനം എന്നതിന് കല്പന എന്നാണർത്ഥം.

പടി എന്ന ദ്രാവിഡപദവും സാധനം എന്ന സംസ്കൃതപദവും ചേർന്ന സമസ്തപദമാണിത്. പടി എന്നതിന് അളവ് എന്നൊരർത്ഥമുണ്ട് (കൊടുക്കേണ്ട നിശ്ചിത അളവ് എന്ന്). മാസപ്പടി, നാൾപ്പടി എന്നൊക്കെയുള്ള പ്രയോഗങ്ങളിൽ തുക എന്നൊരർത്ഥവും വന്നുകൂടിയിട്ടുണ്ട്. ഹിന്ദിയിൽനിന്നുള്ള ശമ്പളം (സംഭാല്നാ) എന്നപദം അടുത്തകാലത്താണ് മലയാളത്തിൽ പ്രചരിച്ചത്. അതുകൊണ്ടാണ് പഴയ നിഘണ്ടുക്കളിൽ ആ പദം കാണാത്തത്. പ്രതിഫലം (വേതനം) അളന്നുകൊടുക്കുന്നതോ എണ്ണിക്കൊടുക്കുന്നതോ ആകാമല്ലോ.

സാധനം എന്ന സംസ്കൃതപദത്തിന് സാധിച്ചുതരുന്നത്, ഉപാധി, നിർവഹണം എന്നൊക്കെയാണർത്ഥം. എന്നാൽ കല്പന, ഉടമ്പടി എന്നിങ്ങനെയും അതിന് അർത്ഥമുണ്ട്. ഈ അർത്ഥത്തിൽ സർക്കാർ റിക്കാർഡുകളിലും പ്രയോഗിച്ചിരുന്നു.

www.malankaralibrary.com

പടിസാധനം എന്നതിന് പള്ളിക്കും പട്ടക്കാർക്കും കപ്യാർക്കും പാട്ടുകാർക്കും കൊടുക്കേണ്ട വിഹിതങ്ങളുടെ (സംഭാവനകൾ) ആധികാരിക പട്ടിക എന്നൊരർത്ഥം വന്നുകൂടി. ആ അർത്ഥത്തിൽ ഇന്നും ഉപയോഗിക്കുന്നു.

ഇന്ന് അറിയപ്പെടുന്ന ഒന്നാമത്തെ പടിസാധനം (പടിസാധനകല്പന) ഏ.ഡി. 1868 ഫെബ്രുവരി 6-ന് അന്തോനി കൊറേയാ കൊടുങ്ങല്ലൂർ അരമനയിൽനിന്ന് പുറപ്പെടുവിച്ചതാണ്. അതിൻെറ ശീർഷകം ഇങ്ങനെയാണ്:

"എക്ലിസിയാസ്റ്റിയ്ക്കാൾ + ഗൊർണ്ണദൊർ അരമനയിൽനിന്നും കൊടുങ്ങല്ലൂർ രൂപതയിൽ സുറിയാനി പള്ളികൾക്ക് എഴുതുന്ന പടിസാധന കല്പന".

ഈ ശീർഷകത്തിലെ എക്ലിസിയാസ്റ്റിയ്ക്കാൾ എന്നതിന് സഭാപരമായ (Ecclesiastical) എന്നുംഗൊർണ്ണദോർ (ഗൊവെർണദോർ) എന്നതിന് ഗവർണർ എന്നുമാണർത്ഥം.

പള്ളികളെയും വൈദികരെയും സംബന്ധിച്ച കുറേ നിയമങ്ങളാണ് ഈ പടിസാധന കല്പനയിലുള്ളത്. മാമ്മോദീസ, കല്യാണം, മരണം എന്നിവ രേഖപ്പെടുത്തി സൂക്ഷിക്കാനുള്ള രജിസ്റ്ററുകൾ എല്ലാ പള്ളികളിലും ഉണ്ടായിരിക്കണം, ആത്മസ്ഥിതിക്കണക്ക് എല്ലാ വർഷവും അരമനയിൽ ഹാജരാക്കണം, പള്ളികളുടെ വാർഷിക കണക്ക് എല്ലാ വർഷവും ആലുവാ സെമിനാരിയിലുള്ള വിചാരണക്കാരുടെ മുമ്പിൽ സമർപ്പിക്കണം, പട്ടക്കാർ പള്ളിമുറികളിൽത്തന്നെ താമസിക്കണം, കുമ്പസാരിപ്പിക്കുന്നതിന് സംഭാവന സ്വീകരിക്കരുത്, രണ്ടാഴ്ചയിലൊരിക്കൽ വൈദികർ സന്മാർഗ്ഗശാസ്ത്രം സംബന്ധിച്ച ചർച്ചകൾ നടത്തണം എന്നൊക്കെയാണ് ഇതിലെ കല്പനകൾ.

**പട്ടക്കാരൻ** പുരോഹിതന്മാരെ പട്ടക്കാർ എന്ന് അടുത്തകാലംവരെ സാധാരണമായി വിളിച്ചിരുന്നു. പട്ടം എന്നത് ഒരു സംസ്കൃതപദമാണ്. അത് പത്ര എന്ന വാക്കിൽനിന്നുണ്ടായതാണെന്ന് കരുതപ്പെടുന്നു. രാജശാസനങ്ങളും രാജാവു നല്കുന്ന പദവികളും രേഖപ്പെടുത്തുന്ന ചെമ്പേട്, രാജാക്കന്മാരും മറ്റും നെറ്റിയിലോ തലയിലോ അരയിലോ കെട്ടുന്ന വിശിഷ്ടവസ്ത്രം, നാൽക്കവല എന്നിങ്ങനെ വിവിധാർത്ഥങ്ങളുണ്ട് പട്ട എന്ന പദത്തിന്. അധികാരപത്രം എന്നതിന് പട്ടയം എന്ന് പറയും. പ്രധാനമായും സ്ഥാനമാനങ്ങളെയും അധികാരപദവികളെയും സൂചിപ്പിക്കുന്ന പദമാണ് പട്ട എന്ന കാര്യം തീർച്ചയാണ്. ചെയ്യുക എന്നർത്ഥമുള്ള 'കൃ' എന്ന സംസ്കൃതധാതുവിൽനിന്നുണ്ടായ കരഃ എന്നതിൽ നിന്നാണ് കാരൻ എന്ന പദാംശത്തിൻെറ വരവ്. ഉണ്ടാക്കുന്ന, ചെയ്യുന്ന, അതിനെ സംബന്ധിച്ച്, അവിടെയുള്ള, അതുള്ള എന്നിങ്ങനെയാണ് അതിൻെറയർത്ഥം. ഗുണകരം എന്നതിന് ഗുണം ചെയ്യുന്നതെന്നും നാട്ടുകാരൻ എന്നതിന് നാട്ടിലുള്ളവൻ എന്നുമാണല്ലോ അർത്ഥം.

പദവി എന്ന അർത്ഥത്തിൽ പട്ടം എന്ന വാക്ക് പുരാതനകാലം മുതൽ ക്രൈസ്തവർ ഉപയോഗിച്ചുവരുന്നു. ഹിന്ദുരാജാക്കന്മാരും പ്രഭുക്കളും ഉപയോഗിച്ചിരുന്ന വാക്കാണത്. നെറ്റിപ്പട്ടം, ഇന്ദ്രപ്പട്ടം, പട്ടത്താനം (രാജാവ് നല്കുന്ന ദാനം, പദവി) മുതലായ വാക്കുകൾ ശ്രദ്ധിക്കുക. കിരീടധാരണം (വാഴ്ച) എന്നും ഇതിനർത്ഥമുണ്ട്. പട്ടംകെട്ടിക്കുക എന്നതിന് കിരീടം ധരിപ്പിക്കുക എന്നർത്ഥമുണ്ട്.

www.malankaralibrary.com

ഉദയംപേരൂർ സുനഹദോസിൻെറ കാനോനയിൽ പട്ടക്കാർ എന്ന പദം ധാരാളമായി ഉപയോഗിച്ചിട്ടുണ്ട്. "ഉതിയംപെരൂര മർത്തമറിയത്തുമ്മാടെ പള്ളിക്കൽ പട്ടക്കാരരെയും എണങ്ങരെയും" (= ജനങ്ങൾ) വിളിച്ചുകൂട്ടിയാണ് സൂനഹദോസ് നടത്തിയതെന്ന് കാനോനകളുടെ ആമുഖത്തിൽ പറയുന്നു. കുറുബാനപ്പട്ടക്കാരൻ, ആറുപട്ടക്കാരൻ, അഞ്ചാംപട്ടക്കാരൻ, കന്നിപ്പട്ടം, പട്ടംകൊട (= പട്ടംകൊടുക്കൽ) എന്നിങ്ങനെയുള്ള പ്രയോഗങ്ങൾ ഇപ്പോഴും നിലനില്ക്കുന്നു. വൈദികൻ, പുരോഹിതൻ, പൗരോഹിത്യം മുതലായ പ്രയോഗങ്ങൾ അടുത്ത കാലത്ത് പ്രചാരത്തിലായതാണ്.

**പത്തോന്തി** പതിനാറാം നൂറ്റാണ്ടുമുതൽ കേരള ക്രിസ്ത്യാനികൾ ഉപയോഗിക്കുന്ന ഒരുവാക്കാണ് പത്തോന്തി. ചിലയിടങ്ങളിൽ പസ്തേന്തി എന്നുംപറയും. വരാപ്പുഴ വികാരിയാത്തിലെ നിയമ സംഗ്രഹത്തിൽ (1879) ഇങ്ങനെ കാണുന്നു: "യാതൊരു പള്ളിയുടെ വികാരിയായിട്ട് തെരഞ്ഞെടുക്കപ്പെടുമെന്ന പട്ടക്കാരൻ വികാരിയുടെ പത്തോന്തി നമ്മാൽ കല്പിക്കപ്പെട്ട എഴുതിയ തീയതി തുടങ്ങി 'പതിനഞ്ചു ദിവസത്തിനകം ....... പത്തെന്തി പ്രസിദ്ധപ്പെടുത്തുകയും വേണം." (പുറം 37).

രാജാക്കന്മാരോ മറ്റ് അധികാരികളോ ആർക്കെങ്കിലും ഒരവകാശമോ ആനുകൂല്യമോ നല്കുന്നതായി രേഖപ്പെടുത്തുന്ന തുറന്ന ലേഖനത്തിന് പണ്ട് ലത്തീൻ ഭാഷയിൽ ലിത്തെരെ പത്തേന്തെസ് എന്നു പറഞ്ഞിരുന്നു. തുറന്ന കത്തുകൾ (ലിത്തെരെ-എഴുത്തുകൾ, പത്തേന്തെസ്-തുറന്നിരിക്കുന്നവ) എന്നാണ് അതിൻെറ അർത്ഥം. ഫ്രഞ്ചിൽ lettres patentes എന്നും ഇംഗ്ലീഷിൽ letters patent എന്നും ഇതിന് പറഞ്ഞുവന്നു. പിൽക്കാലത്ത് എഴുത്തുകൾ എന്നർത്ഥമുള്ള ലിത്തെരെ എന്ന വാക്കു വിട്ടുകളഞ്ഞു!

തുറന്നിരിക്കുക, തടസ്സമില്ലാതിരിക്കുക, വ്യക്തമായിരിക്കുക എന്നൊക്കെ അർത്ഥമുള്ള പത്തേരെ (patere) എന്ന ലത്തീൻ ക്രിയയിൽനിന്ന് പാത്തെൻസ് എന്ന വിശേഷണമുണ്ടായി. അതിൻെറ ബഹുവചനം പത്തേന്തെസ് എന്നാണ്. പോർത്തുഗീസ് ഭാഷയിൽ അത് പത്തേന്തെ എന്നായി. ഈ വാക്കാണ് മലയാളത്തിൽ പത്തോന്തി എന്നായിത്തീർന്നത്. തകാരത്തിന് സകാരം പ്രയോഗിക്കുക എന്ന പതിവുമൂലം പസ്തേന്തി എന്നും ഈ വാക്ക് രൂപം മാറുകയുണ്ടായി. ലത്തീനിലെ തകാരം ഇംഗ്ലീഷിൽ 'റ്റ' എന്നുച്ചരിക്കുകയാൽ ഇംഗ്ലീഷ് ഭാഷയിൽ പേറ്റൻറ് (patent) എന്നായിത്തീർന്നു. 16-ാം നൂറ്റാണ്ടുമുതൽ ഈ വാക്കിന് ഒരു പ്രത്യേകാർത്ഥം വന്നുകൂടി. ഏതെങ്കിലും ഒരു പുതിയ കണ്ടുപിടിത്തമുണ്ടാകുമ്പോൾ അതുകണ്ടെത്തിയവന് അതിൻെറ കുത്തകാവകാശം നല്കുന്ന രേഖ എന്നൊരർത്ഥമാണത്.

സംസ്കൃതം ഉപയോഗിക്കുന്ന മലയാളികൾക്ക് പത്തോന്തി ഒരു വിജാതീയ പദമല്ല. കാരണം, സംസ്കൃതത്തിലെ പഥ് (പന്ഥ്) എന്ന ധാതുവിൽനിന്നാണ് ഗ്രീക്കിലെ പെത്-അനൂമി എന്ന ക്രിയയും അതിൽനിന്ന് ലത്തീനിലെ പത്തേരെ എന്ന ക്രിയയുമുണ്ടായത്. അഭിഗമ്യമായിരിക്കുക, തടസ്സമില്ലാതിരിക്കുക, വ്യക്തമായിരിക്കുക എന്നൊക്കെയാണ് ഈ ധാതുവിന് അർത്ഥം (പത്തേരെ എന്ന ക്രിയയുടെ ധാതു പത് എന്നു മാത്രമാണ്. ഏരെ എന്നത് കേവല ക്രിയാരൂപമുണ്ടാക്കാൻ ചേർക്കുന്ന പ്രത്യയമാണ്).

www.malankaralibrary.com

**പത്രമേനി (പത്രിമോനി)** പാത്രിമോണിയും (Patrimonium) എന്ന ലത്തീൻ വാക്കിൽനിന്നുണ്ടായ പാത്രിമോണിയോ (patrimonio) എന്ന പോർത്തുഗീസ് പദമാണ് മലയാളത്തിൽ പത്രമേനി എന്നായത്. പിതൃസ്വത്ത് എന്നാണ് അതിൻെറ അർത്ഥം. പാത്രിമോണിയും എന്നത് ഒരു സമസ്തപദമാണല്ലോ. പാത്രി എന്നതിന് പിതാവിനെ സംബന്ധിച്ച എന്നർത്ഥമാണ്. ലത്തീനിലെ പാത്തെർ എന്ന വാക്കിൽനിന്നാണ് അതുണ്ടായത്. സംസ്കൃതത്തിലെ പിതൃവും ലത്തീനിലെ പാത്തെറും ഗ്രീക്കിലെ പത്തേറും പോർത്തുഗീസിലെ പാദ്രേയും ഒന്നുതന്നെ. ഈ സമസ്തപദത്തിലെ മോണിയും എന്ന വാക്ക് മൂണൂസ് (munus) എന്ന ലത്തീൻ വാക്കിൽ നിന്നുവരുന്നു. അളന്ന് തിട്ടപ്പെടുത്തിയത്, കടമ, ഉദ്യോഗം, സേവനം, ജോലി എന്നൊക്കെ അതിനർത്ഥമുണ്ട്. അളക്കുക എന്നർത്ഥമുള്ള മാ എന്ന ധാതുവുമായി അത് ബന്ധപ്പെട്ടിരിക്കുന്നു. വിവാഹത്തിന് മാത്രിമോണിയും (മാത്തെർ= അമ്മ, മാത്രി=അമ്മയെ സംബന്ധിച്ച) എന്നാണ് ലത്തീനിൽ പറയുക. അമ്മയുടെ കടമ (ധർമ്മം) എന്നായിരിക്കും ഉദ്ദേശിക്കുന്നത്. മൂണൂസ് എന്നവാക്കിന് സ്വത്ത്, നല്കപ്പെട്ടത് എന്നൊക്കെ അർത്ഥം വന്നുചേർന്നത് പിൽക്കാലത്താണ്. മാത്രിമോണിയും എന്ന വാക്കിന് അമ്മയിൽനിന്ന് കിട്ടുന്ന സ്വത്തെന്നും ഒരർത്ഥമുണ്ട്. ലത്തീനിലെ മൂണൂസ് മലയാളത്തിൽ മേനി എന്നായത് വിസ്മയനീയം തന്നെ. മിഷണറിമാരുടെഗ്രന്ഥങ്ങളിൽ പത്രിമോനി എന്നാണ് കാണുന്നത്.

**പദ്രിഞ്ഞു (പതിരിഞ്ഞു)** മാമ്മോദീസയിൽ തലതൊടുന്ന പുരുഷനെ തലതൊട്ടപ്പൻ എന്നാണല്ലോ മലയാളത്തിൽ സാധാരണമായി പറയുന്നത്. എന്നാൽ ചില സ്ഥലങ്ങളിൽ പദ്രിഞ്ഞു, പതിരിഞ്ഞു, പതിരിഞ്ഞു അപ്പൻ, എന്നൊക്കെ പറയാറുണ്ട്. ഒരു പോർത്തുഗീസ് പദമാണ് പദ്രിഞ്ഞ്യോ (Padrinho). പിതാവ് എന്നർത്ഥമുള്ള പാദ്രേ (Padre) എന്ന നാമത്തോട് ഞ്ഞ്യു, (ഞ്ഞ്യോ) എന്ന പ്രത്യയം ചേർത്തിരിക്കുന്നു. ആ പ്രത്യയത്തിന് വിവിധാർത്ഥങ്ങളുണ്ട്. ലഘുത്വം സൂചിപ്പിക്കുകയാണ് അതിൻെറ സാധാരണ ധർമ്മം. പൊംബാ എന്നതിന് പ്രാവ് എന്നും പൊംബഞ്ഞ്യു എന്നതിന് പ്രാവിൻകുഞ്ഞ് എന്നുമാണർത്ഥം. ഞ്ഞ്യു എന്നതിൻെറ സ്ത്രീലിംഗരൂപമാണ് ഞ്ഞ്യ. ഇതിൻെറ ആദിമരൂപം സിഞ്ഞ്യു, സിഞ്ഞ്മ് എന്നിങ്ങനെ ആയിരുന്നിരിക്കണം. പല പദങ്ങളിലും ആ രൂപമാണുള്ളത്. വാത്സല്യസൂചകമായ ഒരു പ്രത്യയംകൂടിയാണിത്. പോർത്തുഗീസിലെ പാദ്രേ എന്ന വാക്കും സംസ്കൃതത്തിലെ പിതൃ, ഗ്രീക്കിലെ പത്തേർ, ലത്തീനിലെ പാത്തെർ എന്നിവയും ഒരു ധാതുവിൻെറ വ്യത്യസ്ത രൂപങ്ങളാണ്.

പിതാവിൻെറ സ്ഥാനം ഏറ്റെടുക്കുന്ന വ്യക്തിയാണ് പദ്രിഞ്ഞു (പദ്രിഞ്ഞ്യോ). മാമ്മോദീസയിലൂടെ ഒരു പുനർജനനം സാധിക്കുന്നു എന്നാണ് വിശ്വാസം. മാമ്മോദീസ മുങ്ങുന്നവൻെറ ആദ്ധ്യാത്മിക വളർച്ചയിൽ സഹായിക്കാൻ അയാൾക്ക് കടമയുണ്ട്.

പതിരിഞ്ഞു എന്നുപറയുമ്പോൾ പിതാവെന്ന അർത്ഥം മലയാളിക്ക് തോന്നായ്കയാൽ അപ്പൻ എന്ന വാക്കുകൂടി ചേർത്ത് പതിരിഞ്ഞപ്പൻ എന്നു പറയുന്നു. ഈ വാക്കിനെ അമ്മ എന്ന വാക്ക് ചേർത്ത് സ്ത്രീലിംഗമാക്കാറുമുണ്ട്.

www.malankaralibrary.com

അങ്ങനെയാണ് പതിരിഞ്ഞമ്മ എന്നു തലതൊട്ടമ്മയെ വിളിക്കാൻ ഇടയായത്. വൈരുദ്ധ്യമുള്ള പ്രയോഗമാണത്. 'അപ്പൻ അമ്മ' എന്നു വിളിക്കുന്നതിലുള്ള വൈരുദ്ധ്യം തന്നെ.

**പന്തക്കുസ്ത (പെന്തക്കുസ്ത)** ഗ്രീക്ക്ഭാഷയിൽനിന്നുള്ള ഒരു വാക്കാണ് പന്തക്കുസ്താ. ഇംഗ്ലീഷിൽ പെൻറ് കോസ്റ്റ് (Pentacost) എന്നുപറയും. അൻപതാമത്തേത് എന്നാണ് അതിൻെറ അർത്ഥം. ഗ്രീക്കിൽ പെന്ത എന്നതിന് അഞ്ച് എന്നർത്ഥം. സംസ്കൃതത്തിലെ പഞ്ച എന്ന സംഖ്യാനാമം തന്നെയാണത്. അമ്പതാം ദിവസം എന്നതിന് പെന്തെകോസ്തെ ഹെമെരാ എന്നു പറയേണ്ടിയിരിക്കുന്നു. യഹൂദർക്ക് പെസഹാത്തിരുനാൾ കഴിഞ്ഞുള്ള ഒരു തിരുനാളാണ് പന്തക്കുസ്ത. നീസാൻമാസം 12-ാം തീയതി, പെസഹായുടെ രണ്ടാം ദിവസം കഴിഞ്ഞുള്ള അമ്പതാം ദിവസമാണ് അത് ആഘോഷിക്കുന്നത്. ആ ദിവസം പരിശുദ്ധാത്മാവ് ശ്ലീഹന്മാരുടെ മേൽ എഴുന്നള്ളി വന്നതുകൊണ്ട് ക്രൈസ്തവർക്കും അത് തിരുനാൾ ദിവസമായി. പെന്തക്കുസ്തയെ അമ്പതാം പെരുന്നാൾ എന്നും പറയാറുണ്ട്.

**പരഹസ്യം (പരസ്യം)** വെളിവായിട്ട് എന്ന അർത്ഥത്തിലുള്ള ഒരു പ്രയോഗമാണ് പരഹസ്യമായിട്ട് എന്നത്. പതിനാറ് മുതൽ പത്തൊൻപതുവരെയുള്ള നൂറ്റാണ്ടുകളിൽ എഴുതപ്പെട്ട ക്രൈസ്തവകൃതികളിൽ ഈ പ്രയോഗമാണ് കാണുന്നത്. (ഉദാ: ഉദയംപേരൂർ സൂനഹദോസ് കാനോനകൾ 7-ാം മൗത്വാ 18-32 എന്നീ കാനോനകളിൽ) ഇന്ന് സാധാരണ പ്രയോഗത്തിലായിരിക്കുന്ന പരസ്യമായിട്ട് എന്ന പ്രയോഗം അന്നുണ്ടായിരുന്നില്ല. അത് 19-ാം നൂറ്റാണ്ടിൽ ക്രമേണ രൂപപ്പെടുകയും 20-ാം നൂറ്റാണ്ടിൽ ചിരപ്രതിഷ്ഠിതമാവുകയും ചെയ്തു. ബുക്കാനൻെറ നേതൃത്വത്തിൽ തർജ്ജുമ ചെയ്ത് 1811-ൽ പ്രസിദ്ധീകരിച്ച പുതിയ നിയമ വിവർത്തനത്തിൽ ഇങ്ങനെ കാണുന്നു: "എന്നാൽ അവളുടെ ഭർത്താവായ യൗസെപ്പ നെറിവാളൻ അവനായി അവളെ പരഹസ്യമാക്കുവാൻ അവൻ മനസ്സായില്ല. ഒളിവാലെ അവളെ അയപ്പാൻ അവൻ നിരൂപിക്കപ്പെട്ടു" (മത്താ. 1:19).

രഹസ്യമായ ഒരു സംഗതി വെളിവാക്കി ആക്ഷേപത്തിന് ഇരയാക്കുക എന്നാണ് പരഹസ്യമാക്കുക എന്നതുകൊണ്ട് ഇവിടെ വിവക്ഷിക്കുന്നത്. സുറിയാനിയിലെ പ്റസ് എന്ന ധാതുവിൽ നിന്നുള്ള പർസീ എന്ന ക്രിയയുടെ ന്പർസേ (യ്ഹ്) എന്ന ക്രിയാരൂപത്തിൻെറ വിവർത്തനമാണത്. എ.ഡി. 1876-ൽ പ്രസിദ്ധീകരിച്ച ബെയ്ലിയുടെ ബൈബിൾ വിവർത്തനത്തിൽ ആ വാചകം ഇങ്ങനെയാണ്: "എന്നാൽ, അവളുടെ ഭർത്താവായ ജോസഫ് നീതിമാനാകകൊണ്ടും അവൾക്ക് ലോകാപവാദം വരുത്തുവാൻ മനസ്സില്ലായ്കകൊണ്ടും അവളെ രഹസ്യമായിട്ട് ഉപേക്ഷിപ്പാൻ വിചാരിച്ചു". എ.ഡി. 1905-ൽ മഞ്ഞുമ്മേൽ നിന്ന് പ്രസിദ്ധീകരിച്ച വിവർത്തനത്തിൽ "ദുഷ്കീർത്തിപ്പെടുത്തുവാൻ" എന്നാണ് കാണുന്നത്. ഹീബ്രുജന്യമായ പ്റസ് എന്ന സുറിയാനി ധാതുവിന് വെളിപ്പെടുത്തുക, നഗ്നമാക്കുക എന്നിങ്ങനെയാണ് മൗലികാർത്ഥം. ആക്ഷേപത്തിനിരയാക്കുക എന്നത് ആഗന്തുകാർത്ഥമാണ്. ഗ്രീക്കിലും ഈ ധാതു ഉണ്ട്. പറേസ്കോ എന്നാണ് ഗ്രീക്കു ക്രിയാരൂപം.

വെളിവാക്കുക എന്ന അർത്ഥത്തിൽ ഈ പ്രയോഗം ധാരാളം ഗ്രന്ഥ

www.malankaralibrary.com

ങ്ങളിലുണ്ട്. ഏ.ഡി. 1836-ൽ എഴുതപ്പെട്ട കൂദാശപ്പുസ്തകം എന്ന കൈയെഴുത്തുകൃതിയിൽ ഇങ്ങനെ കാണുന്നു: "പരഹസ്യത്താലെയും കൈകൾ നീട്ടിക്കൊണ്ടും രഹസ്യത്താലെയും കൈകൾ നീട്ടാതെകണ്ടും അപേക്ഷിക്കുന്നു" (പുറം 240). ഈ വാചകത്തിൽ പരഹസ്യത്താലെ എന്നതിന് മറ്റുള്ളവർ കേൾക്കത്തക്കവിധത്തിൽ ഉയർന്ന സ്വരത്തിൽ എന്നാണർത്ഥം.

ഏ.ഡി. 1700-നു മുമ്പ് ആഞ്ചലോ ഫ്രാൻസിസ് എഴുതിയ നിഘണ്ടുവിൽ പരഹസ്യം, പരഹസ്യമാകുന്ന, പരഹസ്യമായിരിക്കുന്നു, പരഹസ്യമായി, പരഹസ്യമാക്കുന്നു എന്നീ പ്രയോഗങ്ങൾ വെളിപ്പെടൽ, വെളിപ്പെടുന്നു മുതലായ അർത്ഥങ്ങളോടെ കൊടുത്തിട്ടുണ്ട്. പോർത്തുഗീസ്ഭാഷയിലാണ് അർത്ഥം കൊടുത്തിട്ടുള്ളത്. പരസ്യം എന്ന പദം അതിലില്ല. അർണ്ണോസുപാതിരിയുടെ നിഘണ്ടുവിൽ (ഏ.ഡി. 1701-നും 1731-നുമിടയ്ക്ക് രചിച്ചത്) പരഹസ്യമെന്ന വാക്കുണ്ട്. പരസ്യമെന്ന വാക്കില്ല. രഹസ്യമെന്ന വിപരീതപദവുമുണ്ട്. അക്കാലംവരെ പരഹസ്യമെന്ന പദമാണ് പ്രയോഗിച്ചിരുന്നതെന്ന് വ്യക്തം.

ഏ.ഡി. 1872-ൽ ഗുണ്ടർട്ട് രചിച്ച നിഘണ്ടുവിൽ പരസ്യമെന്ന പദമുണ്ട്. പരഹസ്യമെന്ന പദമില്ല. പരസ്യമെന്ന പദം പ്രകാശ്യം എന്ന സംസ്കൃതപദത്തിൽ നിന്ന് വന്നതാണോയെന്ന് അദ്ദേഹം സംശയം പ്രകടിപ്പിച്ചിട്ടുണ്ട്. എന്നാലും സുറിയാനിയിലെ പ്റസ് എന്ന ധാതുചേർത്തിട്ടുണ്ട്. തമിഴിലെ പരാസിയം (പരാചിയം) എന്ന പ്രയോഗത്തിൽനിന്ന് വന്നതാണെന്ന് സൂചിപ്പിച്ചിട്ടുമുണ്ട്.

ഏ.ഡി. 1779-ൽ ജോൺ ഫാബ്രീഷ്യസ് പ്രസിദ്ധീകരിച്ച തമിഴ് നിഘണ്ടുവിൽ പരാചിയം (പരാസിയം) എന്ന വാക്കുണ്ട്. അത് രഹസ്യമെന്നർത്ഥമുള്ള ഇരാചിയം (ഇരാസിയം) എന്നതിൻെറ വിപരീതപദമാണെന്നും സംസ്കൃതപദമാണെന്നും സൂചിപ്പിച്ചിട്ടുണ്ട്. പക്ഷേ, സംസ്കൃതത്തിൽ പരഹസ്യം, പരസ്യം എന്നീ പ്രയോഗങ്ങളില്ല. പരസ്യമായിട്ട് എന്ന അർത്ഥത്തിൽ പ്രകാശം, പ്രകടം തുടങ്ങിയ വാക്കുകളാണ് സംസ്കൃതത്തിൽ.

പ്റസ് എന്ന ധാതുവിൽ നിന്നാണ് പരഹസ്യവും പരസ്യവും മലയാളത്തിൽ വന്നുചേർന്നത്. പറഹ്സ്യായിസ് എന്നത് പരഹസ്യ എന്നായിത്തീർന്നു. സുറിയാനിയിലെ 'റ' കാരം മലയാളത്തിൽ 'ര' കാരമായി. അറബിയിൽനിന്ന് വന്നതാണീ പദമെന്ന് ശബ്ദതാരാവലിയിൽ പറയുന്നത് ശരിയല്ല. മലയാളത്തിലേക്ക് വന്ന പറെഹസ്യ എന്ന പദരൂപമാണ് 18-ാം നൂറ്റാണ്ടിനുശേഷം പരസ്യം എന്ന രൂപത്തിൽ പ്രയോഗിച്ചു തുടങ്ങിയത്.

ഗ്രീക്കിലെ പറെസിയ (parrhesia) എന്നവാക്കിന് ധൈര്യം, പ്രകടനസ്വാതന്ത്ര്യം (1 തെസ. 2:2) എന്നൊക്കെയാണ് അർത്ഥം. സുറിയാനിയിൽ ഈ ഗ്രീക്ക്വാക്കു തന്നെ പല രൂപങ്ങളിലുണ്ട് (പാറേഹ്സിയ, പററിസ്യ, പഹ്റേസിയ, പാറേഹ്സ്യ).

**പർത്തീഞ്ഞ് (പട്ത്തീഞ്ഞ)** വിശ്വാസികൾക്ക് വിതരണം ചെയ്യാൻ വേണ്ടി കുർബാനയപ്പത്തിൽനിന്ന് മുറിച്ചെടുക്കുന്ന ഭാഗങ്ങളെയാണ് പർത്തീഞ്ഞകൾ എന്നുപറയുന്നത്. ഒരു പോർത്തുഗീസ് പദമാണിത്. ഭാഗം, ഭാഗിക്കൽ, വിതരണം എന്നിങ്ങനെ അർത്ഥമുള്ള പർത്തില്യ (Partilha) എന്ന വാക്കാണ്

www.malankaralibrary.com

പർത്തീഞ്ഞ എന്ന് ഉച്ചരിക്കുന്നത്. പോർത്തുഗീസ്ഭാഷയിൽ പർത്തില്യർ എന്ന ക്രിയയ്ക്ക് വിഭജിക്കുക, വിതരണത്തിനായി മുറിക്കുക എന്നിങ്ങനെയാണർത്ഥം. ആ ധാതു പാർത്തീരെ (Partire) എന്ന ലത്തീൻ ധാതുവിൽനിന്ന് വരുന്നു. ലത്തീനിൽ, പാർസ് (പാർത്) എന്നതിന് ഭാഗം എന്നും പാർത്തിക്കുള എന്നതിന് ചെറിയഭാഗം (അംശം) എന്നുമാണർത്ഥം. ഇംഗ്ലീഷിൽ ഈ പദം പാർട്ടിക്കിൾ (particle) എന്നായി. മലയാളത്തിലെ ചില ഗ്രന്ഥങ്ങളിൽ പട്ത്തീഞ്ഞ് എന്ന് തെറ്റിച്ച് എഴുതിയിട്ടുണ്ട്.

വരാപ്പുഴ വിഗാരിയാത്തിലെ നിയമാവലിയിൽ (1879) ഇങ്ങനെ കാണുന്നു: "ശുദ്ധ കുർബാന എഴുന്നെളിച്ചു സംഗ്രഹിപ്പാൻ നാം അനുവാദം കൊടുത്തിരിക്കുന്ന പള്ളികളിൽ എട്ടെട്ടാം ദിവസം ശുദ്ധപർത്തീഞ്ഞകളെ പുത്തനായിട്ട് കൂദാശ ചെയ്ത പഴെതിനെ അടക്കുകയും വേണം." (പുറം. 23) പ്രസ്തുത നിയമാവലിയിൽ മറ്റൊരിടത്ത് "സക്രാരി തുറന്ന് മുട്ടുകുത്തി എഴുന്നേറ്റ് കുസ്തൊദിയയെ പുറത്തെടുക്കുകയും ..... ഒരു പർത്തീഞ്ഞ എടുത്ത ചെറിയ കുസ്തൊദിയിൽ വെക്കയും" (പുറം 103) എന്ന് കാണുന്നു.

**പശീത്ത (പെശീത്ത)** ബൈബിളിന് ആദിമകാലത്തുണ്ടായ അറമായ (സുറിയാനി) വിവർത്തനത്തിൻെറ പേരാണ് പശീത്താ. ലളിതം, സാധാരണ ഉപയോഗത്തിലുള്ളത് എന്നിങ്ങനെയാണ് ആ വാക്കിൻെറ അർത്ഥം. ലത്തീനിലെ ആദ്യകാല ബൈബിൾ വിവർത്തനത്തിന് വുൾഗാത്താ എന്നാണ് പേര്. അതിനും ഈ അർത്ഥമാണുള്ളത്.

പ്ശീത്താ എന്നാണ് ശരിയായ ഉച്ചാരണം. മലയാളികൾ പൗരാണിക കാലം മുതലേ പശീത്താ എന്ന് പറയുന്നു. പെശീത്ത എന്ന് യുറോപ്യന്മാർ പറയാറുണ്ട്.

ഈ വിവർത്തനത്തിലെ പഴയനിയമവിഭാഗം ഏ.ഡി. 1-ാം നുറ്റാണ്ടിലോ 2-ാം നൂറ്റാണ്ടിലോ ഹീബ്രുവിൽനിന്ന് തർജ്ജുമ ചെയ്തതാണ്. ക്രിസ്തുമതം സ്വീകരിച്ച യഹൂദപണ്ഡിതന്മാർ നടത്തിയ വിവർത്തനമാണത്. പുതിയ നിയമഭാഗം ഏ.ഡി. 5-ാം നൂറ്റാണ്ടിന്മുമ്പ് വിവർത്തനം ചെയ്തതുമാണ്. എദേസയിലെ ബിഷപ്പായിരുന്ന റാബ്ബുള (411-435) ആണ് വിവർത്തകനെന്ന് പറയപ്പെടുന്നു. സുറിയാനി സഭകളിലെല്ലാം പ്ശീത്താ വിവർത്തനമാണ് ഉപയോഗിച്ചിരുന്നത്.

പ്ശീത്താ എന്ന ഈ വേദഗ്രന്ഥവിവർത്തനത്തെ, പടിഞ്ഞാറൻ സുറിയാനിയിലെ ഉച്ചാരണരീതിയനുസരിച്ച് പ്ശീത്തോ എന്നു വിളിക്കുന്നത് ശരിയല്ല. പടിഞ്ഞാറൻ സുറിയാനി രൂപപ്പെട്ടത് ആറാം നൂറ്റാണ്ടിനു ശേഷമാണല്ലോ. ഒന്നാം നൂറ്റാണ്ടിൽ ജനിച്ച കുട്ടിയെ ഏഴാം നൂറ്റാണ്ടിലുണ്ടായ ഭാഷാഭേദത്തിലെ പദമുപയോഗിച്ച് പരാമർശിക്കുന്നതുപോലെയാണിത്. ഈ വിവർത്തനം ഏതു കാലത്തുണ്ടായതാണ് എന്നതിനെ സംബന്ധിച്ച് സാധാരണക്കാരുടെയിടയിൽ തെറ്റിദ്ധാരണ ജനിപ്പിക്കാനേ പ്ശീത്തോ എന്ന പേര് ഉപകരിക്കുകയുള്ളു. ആ വിവർത്തനം നടന്ന കാലത്തുണ്ടായിരുന്ന ഭാഷയനുസരിച്ച് പ്ശീത്താ എന്ന പേരുതന്നെ ഉപയോഗിക്കണം. 9-ാം നൂറ്റാണ്ടുമുതൽ പെശീത്ത (പ്ശീത്ത) എന്ന പേര് ഉപയോഗിച്ചിരുന്നതായി തെളിവുകളുണ്ട്.

www.malankaralibrary.com

യുറോപ്യന്മാർ അടുത്തകാലംവരെ പ്രസിദ്ധീകരിച്ച ആധികാരിക ഗ്രന്ഥങ്ങളിലെല്ലാം പ്ശീത്താ (പെശീത്ത) എന്നു തന്നെ എഴുതിയിരുന്നു. എന്നാൽ 1966-ൽ ജോൺ എൽ. മക്കെൻസി എസ്സ്.ജെ.പ്രസിദ്ധീകരിച്ച ഡിക്ഷനറി ഓഫ് ദി ബൈബിൾ (ജിയോഫ്രേ ചാപ്പ്മാൻ പ്രസിദ്ധീകരണം) എന്ന ഗ്രന്ഥത്തിൽ പെശീത്തോ എന്നുമാത്രം പറഞ്ഞിരിക്കുന്നു. കിഴക്കൻ സുറിയാനി (കൽദായാസുറിയാനി) തീർത്തും പരിത്യജിക്കപ്പെടുന്നതിൻെറ ലക്ഷണമാണിത്. അറമായയിലും കൽദായാ സുറിയാനിയിലും പ്ശീത്താ എന്നാണ് പേര്. കേരളത്തിൽ പടിഞ്ഞാറൻ സുറിയാനി കടന്നുവന്നത് 18-ാം നൂറ്റാണ്ടിലാണ്. 19-ാം നൂറ്റാണ്ടിനുമുമ്പ് ഇവിടെ എല്ലാവരും പ്ശീത്താ എന്നാണ് പറഞ്ഞിരുന്നത്.

അഞ്ചാം നൂറ്റാണ്ടിൽ ക്രിസ്ത്യാനികളുടെയിടയിലുണ്ടായ സിദ്ധാന്ത പരമായ വ്യത്യാസമാണ് സുറിയാനി ഭാഷയിൽ ക്രമേണ വ്യത്യാസമുണ്ടാക്കാൻ പ്രേരിപ്പിച്ചത്. പടിഞ്ഞാറുള്ളവർ സുറിയാനിയുടെ സ്വരചിഹ്നങ്ങൾ (പുള്ളികൾ) ഉപേക്ഷിച്ച് ഗ്രീക്കിലെ സ്വരാക്ഷരങ്ങൾ സ്വീകരിച്ചു. അകാരമെല്ലാം ഒകാരമാക്കി [ഉദാ: ആലാഹാ(=ദൈവം) എന്നത് ആലോഹോ എന്നാക്കി]. ലിപിയിലും ഉച്ചാരണത്തിലും മാറ്റം വരുത്തി. ഇങ്ങനെയാണ് പടിഞ്ഞാറൻ സുറിയാനിയുണ്ടായത്. ആറാം നൂറ്റാണ്ടിനുശേഷമാണ് അതു സംഭവിച്ചതും.

എട്ടാം നൂറ്റാണ്ടിനുശേഷം കിഴക്കൻ സുറിയാനിയും (കൽദായ, നെസ്തോറിയൻ) പടിഞ്ഞാറൻ സുറിയാനിയും അറബിയുടെ പ്രചാരംമൂലം മിക്കവാറും നശിച്ചു.

ഏ.ഡി. 1887-ൽ ഡൊമിനിക്കൻ സന്ന്യാസികൾ മോസൽ എന്ന സ്ഥലത്തുനിന്ന് പ്ശീത്ത അച്ചടിച്ചു പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൻെറ ഭാഗിക മലയാള വിവർത്തനമാണ് മാണിക്കത്തനാർ (1909) നിർവഹിച്ചത്.

**പസ്സാരം (പതവാരം)** പതവാരം എന്ന വാക്കാണ് പസ്സാരം എന്ന് ചില സ്ഥലങ്ങളിൽ പറയപ്പെടുന്നത്. ക്രിസ്ത്യാനികൾ സ്ത്രീധനത്തിൻെറ ഒരംശം പള്ളിക്കും പട്ടക്കാർക്കും കപ്യാർക്കും കൊടുക്കാറുണ്ട്. അതിന് പതവാരമെന്ന് പറയുന്നു. ഇംഗ്ലീഷിൽ തൈത്ത് (tithe) എന്നുപറയും. പത്താമത്തേത് എന്നാണല്ലോ അതിൻെറ ആദിമഅർത്ഥം. പത്ത് എന്ന വാക്കും വാരം എന്ന വാക്കും ചേർന്ന സമസ്തപദമാണ് പതവാരം. പത്തിലൊന്ന് വിഹിതം എന്നർത്ഥം. കൊയ്തുമെതിച്ചവർക്ക് കൊടുക്കുന്ന കൂലിക്ക് പതമ്പ് (പതം) എന്ന് ഇപ്പോഴും പറയും. പതവാരവും പതമ്പും പത്തിലൊന്നാണെങ്കിലും ഏഴിലൊന്നും ആറിലൊന്നും ഒക്കെയാണ് പതമ്പ് കൊടുക്കാറ്.

പതം എന്നതിന് അധികാരിക്ക് അഥവാ ഉടമസ്ഥന് കൊടുക്കുന്ന വിഹിതം എന്നർത്ഥം. വസ്തുക്കൾ കൈമാറുമ്പോൾ രാജാവിന് കൊടുക്കുന്ന രാജഭോഗത്തിനും നെല്ക്കരത്തിനും പതവാരം എന്നുതന്നെ പറയുന്നു. രാജഭോഗത്തിന് കോപ്പതവാരം (കോ, കോൻ =രാജാവ്) എന്നുംപറയും. കല്ലുവെട്ടിയെടുക്കുന്നവർ കല്ലുടമയ്ക്ക് പത്തിലൊന്നുവച്ച് കൊടുത്തിരുന്നു.

വാരം എന്ന വാക്കിന് സ്ഥലത്തിൻെറ ഉടമസ്ഥന് കൃഷിക്കാരൻ കൊടുക്കുന്ന വിഹിതം എന്ന അർത്ഥത്തിൽ

www.malankaralibrary.com

ഇപ്പോഴും ഉപയോഗമുണ്ട്. വാരുക (വാരിയെടുക്കുക) എന്ന ധാതുവിൽനിന്നാണ് ഈ അർത്ഥമുണ്ടാകുന്നത്. വാരം എന്ന വാക്കിന് വശം എന്നൊരർത്ഥം കൂടിയുണ്ട്. മലവാരം, അടിവാരം എന്നൊക്കെ പറയുമ്പോൾ അതാണുദ്ദേശിക്കുന്നത്. കപ്പക്കോല് മുതലായവ നടുന്നതിന് മണ്ണുയർത്തിവയ്ക്കുന്നതിനും വാരമെന്ന് പറയും. കാരണം, തിരമാല എന്നൊരർത്ഥംകൂടി വാരത്തിനുണ്ട്. തിരമാലപോലെയാണല്ലോ വാരം.

പസ്സാരത്തെപ്പറ്റി ഉദയംപേരൂർ സൂനഹദോസ് കാനോനയിൽ ഇങ്ങനെ പറഞ്ഞിട്ടുണ്ട്: “മലംകര മിക്കദേശത്തും സ്ത്രീധനംമൊതലിൽ പത്തിലൊന്ന് പള്ളിക്കും പട്ടക്കാർക്കും ആയിട്ട എടുത്തുകൊടുക്കുമാറുണ്ടന്നതിനെക്കൊണ്ട അനെകം കൊള്ളാകിന്നൊരു മരിയാതി എന്ന ഇ സൂനഹദോസ സുതിച്ചു കൊണ്ടാടുന്നു” (5-ാം മൗത്വാ 16-ാം കാനോന). “എന്നാൽ പണ്ട അങ്ങനെ ഒള്ള എടത്തും ശെഷം ഇല്ലാത്ത എടത്തും ഒരുപോലെ ഇ മരിയാതി ആകണം എന്ന ശുദ്ധമാനസൂനഹദൊസ അപെക്ഷിക്കുന്നു പ്രമാണിക്കയും ചെയ്യുന്നു”. എന്നുകൂടി സൂനഹദോസ് കാനോനയിൽ കാണുന്നു. അതിൻെറ കാരണം തെക്കൻ പ്രദേശങ്ങളിൽ ഈ പതിവ് (മരിയാതി) ഇല്ലായിരുന്നു എന്നതാണ്. പതവാരം പത്തിലൊന്നാണ് എന്ന് ഈ കാനോനയിൽ നിന്നുമനസ്സിലാകും. പക്ഷേ, പില്ക്കാലങ്ങളിൽ അത് ആറിലൊന്നും അഞ്ചിലൊന്നുമൊക്കെയായി. ഇപ്പോൾ ഒരു നിശ്ചിത നിരക്കില്ലാതാക്കുകയും ചെയ്തിരിക്കുന്നു.

വിവാഹാവസരത്തിൽ പള്ളിക്കു കൊടുത്തിരുന്ന മറ്റ് സംഭാവനകളെപ്പറ്റി ക്കൂടി, ആനുഷംഗികമായി, ഇവിടെ പറഞ്ഞുകൊള്ളട്ടെ. ഒത്തുകല്ല്യാണത്തിന് ഭണ്ഡാരപ്പണവും കെട്ടുകല്ല്യാണത്തിന് നടവഴക്കം (വെച്ചുകുമ്പിടീൽപ്പണം), കുറിപ്പണം, കെട്ടുപണം, കുടപ്പണം, ആശാൻപണം, അയനിപ്പണം എന്നിവയും കൊടുത്തിരുന്നു. ഒത്തുകല്ല്യാണത്തിന് കൊടുക്കുന്ന സമ്മാനമാണ് ഭണ്ഡാരപ്പണം. സ്ത്രീധനം ആയിരം ചക്രമാണെങ്കിൽ പത്തുചക്രം അല്ലെങ്കിൽ അഞ്ച് അണ എട്ടുപൈസ കൊടുക്കണമെന്ന് 1908-ലെ നിയമസംഗ്രഹം പറയുന്നു. ഇതിൽപകുതി പട്ടക്കാരനും പകുതി പള്ളിക്കുമാണ്. സ്ത്രീധനമായി സ്വർണ്ണം കൊടുക്കുമ്പോൾ നൂറുപണമിട സ്വർണ്ണത്തിന് എഴുപത്തഞ്ചുചക്രം പതവാരമായിക്കൊടുക്കണമെന്നും നിയമസംഗ്രഹം പറയുന്നുണ്ട്. ചില കാലങ്ങളിൽ പതവാരം പകുതി പള്ളിക്കും പകുതി പട്ടക്കാരനുമായിരുന്നു. 1934-ൽ ആയിരം ചക്രത്തിന് എട്ട് അണ പതിന്നാലരചക്രം ആയിരുന്നു പതവാരം.

വെച്ചുകുമ്പിടീൽപണം അല്ലെങ്കിൽ നടവഴക്കം എന്നത് മണവാളനും മണവാട്ടിയും കുരിശിൻചുവട്ടിൽ കുമ്പിടുമ്പോൾ കാഴ്ചവയ്ക്കുന്ന സംഖ്യയാണ്. കല്യാണത്തിന് പള്ളിയുടെ മുത്തുക്കുട ചൂടുന്നതിനുള്ള ഫീസാണ് കുടപ്പണം. കുറിപ്പണം കല്ല്യാണക്കുറി കൊടുക്കുന്ന വികാരിക്കുള്ള സമ്മാനമാണ്. കെട്ടുപണം വിവാഹം ആശീർവദിക്കുന്ന വൈദികനുള്ള സമ്മാനമാണ്. ആശാൻപണം ചരിത്രപ്രധാനമായ ഒന്നാണ്. കുട്ടികളെ കളരിയിൽ പഠിപ്പിക്കുന്ന ആശാനുള്ള സമ്മാനമാണത്. വിവാഹത്തിൻെറ തലേദിവസം വധുവും അവളുടെ സഹോദരനും ഒരുമിച്ചിരുന്ന് ഊണുകഴിക്കുന്നു. പാൽച്ചോറൂണ്, മംഗളഭോജനം, അയനിയൂണ് എന്നൊക്കെ അതിന് പേരുണ്ട്.

www.malankaralibrary.com

പ്രസ്തുത മംഗളകർമ്മത്തെ മുൻനിറുത്തി പള്ളിക്കും പട്ടക്കാർക്കും കൊടുക്കുന്ന സമ്മാനമാണ് അയനിപ്പണം. കപ്യാർക്ക് പ്രത്യേകഫീസ് നിലവിലിരുന്നു. ചിലകാലങ്ങളിൽ പതവാരത്തിൻെറ വിഹിതം കപ്യാർക്ക് ലഭിച്ചിരുന്നു. 1934-ൽ സ്ത്രീധനത്തുകയിലെ ആയിരം ചക്രത്തിന് നാലുചക്രം എന്ന നിരക്കിൽ കപ്യാർക്ക് വിഹിതം ലഭിച്ചിരുന്നതായി ക്കാണുന്നുണ്ട്.

**പസ്കി** യേശുവിൻെറയും വിശുദ്ധന്മാരുടെയും പടങ്ങൾ 'പസ്കി ഇടീച്ച്' പള്ളികളിലും വീടുകളിലും സൂക്ഷിക്കുന്നു. ചില്ലും മരവും ഉപയോഗിച്ചുണ്ടാക്കുന്ന ഫ്രെയിമിന് പസ്കി എന്നു പറയുന്നു. വരാപ്പുഴ വിഗാരിയാത്തിലെ കല്പനകളും നിയമങ്ങളും (ഏ.ഡി. 1879) എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ കാണുന്നു: "ഇങ്ങനെ കുമ്പസാരക്കൂടുകൾ വെടിപ്പുള്ളതും സൗഖ്യമുള്ളതും മുഴുവനുള്ളതും അതായത് രണ്ടുപുറത്തും കുമ്പസാരിപ്പിപ്പാൻ തക്കതും ആയിരിക്കുന്നതു കൂടാതെ കുരുമുളകിൻെറ മണിയൊളം ചെറുദ്വാരങ്ങളുള്ള പസ്കി ചുരൽ കൊണ്ടുകെട്ടിക്കാതെ പിച്ചളത്തകിടു കൊണ്ട് ഉണ്ടാക്കിയിരിക്കണം..... അതിന് പകരമായിട്ട് തുണികൊണ്ട് പസ്കി മറച്ച് കുമ്പസാരിപ്പിക്കുന്നത് അഞ്ചാം ലക്കത്തിൽ കല്പിച്ചുകിടക്കുംവണ്ണം അംശമുടക്കിൻ കീഴിൽ വിലക്കിയിരിക്കുന്നു.... പാതികുമ്പസാരക്കൂട് പെരുമാറുവാൻ നാം അനുവദിക്കുന്ന ഇടങ്ങളിൽ പെരുമാറാമെങ്കിലും മേൽ ചൊല്ലിയ തകിടുള്ളതായിരിക്കയും വേണം" (പുറം 44. നമ്പർ 3).

ലത്തീൻഭാഷയിലെ ഫാസ്ചിസ് (ഫാഷിസ് എന്ന് ഉച്ചരിക്കും) ആണ് പസ്കി എന്നു രൂപം മാറിയത്. പോർത്തുഗീസിൽ ഫാഷിക്കുളോ എന്ന രൂപത്തിൽ ഇത് പ്രയോഗിക്കുന്നുണ്ട്. കെട്ട് എന്നാണ് ഇതിൻെറ അർത്ഥം. അയർലണ്ടുകാരുടെ ഭാഷയിൽ ബസ്ക എന്നു പറയും. ഇംഗ്ലീഷിലെ ബാസ്കറ്റ് എന്ന പദവും ഇതിൽനിന്നുവരുന്നു. ലത്തീനിലെ ഫാസ്കിയ (ഫാഷിയ) എന്ന വാക്കിന് കെട്ട്, ചുറ്റിക്കെട്ടാനുപയോഗിക്കുന്ന നാട എന്നൊക്കെയാണർത്ഥം. സംസ്കൃതത്തിലെ പശ് ധാതുവുമായി ഇതിന് ബന്ധമുണ്ട്. ഞെരുക്കുക, കെട്ടുക, ബന്ധിക്കുക, സ്പർശിക്കുക എന്നൊക്കെയാണല്ലോ അതിൻെറ അർത്ഥം. പശ് എന്നത് പഷ്, പസ്, പാശ്, പാഷ്, പാസ് എന്നിങ്ങനെ സംസ്കൃതത്തിൽ തന്നെ രൂപം മാറുന്നുണ്ട്.

ലത്തീനിലെ ഫാസ്ചിസ് (fasc-is) എന്നവാക്ക് ഫാസ്ചിയ (fascia) എന്ന വാക്കുമായി ബന്ധപ്പെട്ടതാണ്. ഫാഷിയ എന്നാണ് ഉച്ചാരണം. സംസ്കൃതത്തിലെ ബന്ധ് എന്ന ധാതുവുമായി ഇതിന് ബന്ധമുണ്ട്. ചെറിയ പസ്കിക്ക് ലത്തീനിൽ ഫാഷിക്കുളൂസ് എന്നും പോർത്തുഗീസിൽ ഫാഷിക്കുളോ (fasciculo) എന്നുംപറയും. പരന്ന കളിമൺപാത്രത്തിനും ചില സ്ഥലങ്ങളിൽ പസ്കി എന്നുപറയാറുണ്ട്.

**പള്ളി** യഹൂദർ, ക്രിസ്ത്യാനികൾ, മുസ്ലീങ്ങൾ എന്നിവരുടെ പ്രാർത്ഥനാലയങ്ങളെയാണ് ഇന്ന് പള്ളികൾ എന്നു വിളിക്കുന്നത്. ബുദ്ധ-ജൈനമതക്കാരുടെ പ്രാർത്ഥനാലയങ്ങളെയും ഇപ്രകാരം വിളിച്ചിരുന്നു. ഹിന്ദുക്കളുടെ ആരാധനാലയങ്ങളെ ക്ഷേത്രങ്ങളെന്നും കോയിലുകളെന്നും കാവുകളെന്നും അമ്പലങ്ങളെന്നും വിളിക്കുന്നു. പള്ളി എന്നതിൻെറ ഒന്നാമത്തെ അർത്ഥം സമൂഹമെന്നോ ജനവാസകേന്ദ്രമെന്നോ ആണ്.

www.malankaralibrary.com

ക്രൈസ്തവ സാഹിത്യത്തിൽ പള്ളി എന്ന വാക്കിൻെറ ഒന്നാമത്തെ അർത്ഥം വിശ്വാസികളുടെ സമുഹം എന്നാണ്.

പള്ളി എന്ന പദം സംസ്കൃതത്തിലും പ്രാകൃതത്തിലുമുണ്ട്. സംസ്കൃതത്തിൽ 'ള' കാരം അപ്രത്യക്ഷമായത് ക്ലാസിക്കൽ സംസ്കൃതത്തിൻെറ കാലത്താണ്. അതിനുമുമ്പ് 'ള' കാരമുണ്ടായിരുന്നു. അക്ഷരങ്ങൾ കുറയ്ക്കാൻ 'ല'യും 'ള'യും തമ്മിൽ ഭേദമില്ലെന്നൊരു നിയമമുണ്ടാക്കുകയാണ് ചെയ്തത് (ഋഗ്വേദത്തിൽ അഗ്നിം ഈളേ പുരോഹിതം, പുരോഹിതനായ അഗ്നിയെ ഞാൻ സ്തുതിക്കുന്നു എന്ന് എഴുതിയിട്ടുണ്ടല്ലോ). ഈ 'ള' കാരം സംസ്കൃതത്തിൽ പലപ്പോഴും 'ട' വർഗത്തിലെ ഒരക്ഷരമായി മാറിയിട്ടുണ്ട്. ഈഡേ എന്നും ഈളേ എന്നും പറഞ്ഞാൽ ഒരർത്ഥമാണുള്ളത്. ആദിമകാല സംസ്കൃതത്തിലെ പള്ളി പില്ക്കാലസംസ്കൃതത്തിൽ പല്ലി എന്നായി. പല്ലി എന്നതിന്, ചെറുഗ്രാമം, പ്രത്യേകിച്ച് ആദിവാസികളുടെ ഗ്രാമം, കുടിൽ, വീട് മുതലായ അർത്ഥങ്ങളുണ്ടെന്ന് അമരസിംഹൻ, ഹലായുധൻ, ഹേമചന്ദ്രൻ മുതലായവരുടെ നിഘണ്ടുക്കളിൽ കാണാം. നഗരം എന്നും അതിനർത്ഥമുണ്ട്. പല്ലിപതി (=പള്ളിപതി) എന്നതിന് ഗ്രാമത്തലവൻ എന്നാണർത്ഥം. ക്ഷേത്രം എന്ന വാക്കിനും ഇതുപോലെ അർത്ഥവികാസം സംഭവിച്ചിട്ടുണ്ട്. പണ്ട് ക്ഷേത്രത്തിന് വയൽ, തുറന്ന പ്രദേശം എന്നൊക്കെയായിരുന്നല്ലോ അർത്ഥം. (ഭഗവദ്ഗീതയിലെ "ധർമ്മക്ഷേത്രേ കുരുക്ഷേത്രേ.." എന്ന പ്രയോഗം നോക്കുക.) ഇന്നിപ്പോൾ പള്ളി, ക്ഷേത്രം എന്നിവയ്ക്ക് പ്രാർത്ഥനാലയം, ദേവാലയം എന്നിങ്ങനെ അർത്ഥം വന്നു ചേർന്നിരിക്കുന്നു.

പള്ളി എന്ന വാക്ക് ശ്രേഷ്ഠമായ എന്ന അർത്ഥത്തിൽ മലയാളത്തിലും തമിഴിലും ഉപയോഗിക്കുന്നുണ്ട്. പള്ളിവാൾ, പള്ളിയോടം, പള്ളിയുറക്കം മുതലായവ അതിനുദാഹരണങ്ങളാണ്. തമിഴിൽ വിദ്യാലയം എന്ന ഒരർത്ഥം കൂടിയുണ്ട്. മലയാളത്തിൽ പള്ളിക്കൂടം എന്നു പേരുണ്ടാകാൻ കാരണം വിദ്യാലയം ക്രൈസ്തവർ പള്ളികളോടനുബന്ധിച്ച് നടത്തിയിരുന്നവയാണ് എന്നതുതന്നെ. സ്ഥാപനം എന്ന അർത്ഥമാണ് എഴുത്തുപള്ളി, ക്ലേശപ്പള്ളി (ആശുപത്രി) എന്നീ സമസ്തപദങ്ങളിൽ പള്ളിക്കുള്ളത്.

ദേവാലയങ്ങൾക്ക് തമിഴിൽ സാധാരണമായി ഉപയോഗിക്കുന്ന പദം കോയിൽ എന്നാണ്. കോ (കോൻ) എന്നതിന് ദേവൻ, രാജാവ് എന്നിങ്ങനെയാണർത്ഥം. പല സെമിറ്റിക് ഭാഷകളിലും ആ വാക്കുണ്ട്. ഇൽ എന്നതിന് വീട് (ഇല്ലം) എന്നർത്ഥമാണ്.

കാക്കുക എന്നർത്ഥമുള്ള ദ്രാവിഡ ക്രിയയിൽനിന്നുണ്ടാകുന്ന കാവ് എന്ന ദ്രാവിഡപദത്തിന്, അടച്ചുകെട്ടിയെടുത്ത സ്ഥലം, മുറി, തോട്ടം, ആലയം എന്നൊക്കെയാണ് അർത്ഥം. പില്ക്കാലത്ത് ആ വാക്ക് ഹിന്ദുക്കളും (ചിലയിടങ്ങളിൽ) മുസ്ലിങ്ങളും ദേവാലയം (പ്രാർത്ഥനാലയം) എന്ന അർത്ഥത്തിൽ കേരളത്തിൽ ഉപയോഗിച്ചു. കാവ്, തൈക്കാവ് (ചെറിയ പ്രാർത്ഥനാലയം) എന്നീ വാക്കുകൾ ഇന്നും ഉപയോഗിച്ചുവരുന്നു. ദേവീപ്രതിഷ്ഠകളും അയ്യപ്പപ്രതിഷ്ഠകളും ഉള്ള ആലയങ്ങളെ പൊതുവേ ഹിന്ദുക്കൾ കാവുകൾ എന്നുവിളിക്കുന്നു. കാവെന്ന പദം മതപരമായ അർത്ഥത്തിലല്ലാതെ ധാരാളമായി പ്രയോഗി

www.malankaralibrary.com

ക്കും. പൂങ്കാവ്, നടക്കാവ് (തണൽ വൃക്ഷങ്ങളുള്ള വഴി) മുതലായവ നോക്കുക. അങ്ങനെ, പള്ളി, ക്ഷേത്രം, കാവ് മുതലായവയിൽനിന്ന് വ്യത്യസ്തമാണ് കോയിൽ. അത് ദേവനെയോശ്രേഷ്ഠവ്യക്തിയെയോ സൂചിപ്പിച്ച് തുടങ്ങുന്നു. മറ്റുള്ളവ സ്ഥലങ്ങളെയോ സാധാരണ വ്യക്തികളെയോ സൂചിപ്പിച്ച് തുടങ്ങുന്നു. കോയിൽപോലെതന്നെയാണ് ദേവാലയവും. ക്രൈസ്തവർ ഇന്ന് ദേവാലയം എന്ന വാക്ക് സാധാരണയായി ഉപയോഗിക്കുന്നുണ്ട്. അമ്പലം എന്ന പദത്തിന് പൊതു ഉപയോഗത്തിനുള്ള സ്ഥലം എന്നാണ് ഒന്നാമത്തെ അർത്ഥം. വഴിയമ്പലം (സത്രം) ചുറ്റമ്പലം (അഗ്രശാല, ക്ഷേത്രക്കോടതിസ്ഥലം) എന്നിവ നോക്കുക.

ദേവാലയത്തിന് ലത്തീൻ ഭാഷയിൽ ഉപയോഗിക്കുന്ന എക്ലേസിയ (ecclesia) എന്നവാക്കിന് വിളിക്കപ്പെട്ടത്, വിളിച്ചുകൂട്ടപ്പെട്ട സമൂഹം എന്നിങ്ങനെയാണർത്ഥം. വിശ്വാസികളുടെ സമൂഹത്തെ അത് സൂചിപ്പിക്കുന്നു, ഒപ്പം ആരാധനാലയത്തെയും. ലത്തീനിലുള്ള തേംപ്ളും എന്നതിന് വേർതിരിക്കപ്പെട്ട പവിത്രീകൃതമായ സ്ഥലം എന്നാണർത്ഥം (ഇംഗ്ലീഷിലെ temple എന്ന വാക്ക് ഇതിൽനിന്ന് വരുന്നു). ഗ്രീക്കിലെ സുനഗോഗെ (സിനഗോഗ് - പ്രാർത്ഥനാലയം) യും അറമായ (സുറിയാനി)യിലെ ക്നിസ്ത, ഏത്താ എന്നിവയും എക്ലേസിയാ എന്ന പദത്തിന്റെ അർത്ഥത്തെത്തന്നെ സൂചിപ്പിക്കുന്നു. ഹീബ്രുവിലെ ഖാഹൽ എന്ന പദവും അങ്ങനെതന്നെ. ഇവയെല്ലാം വിശ്വാസികളെ, ആരാധിക്കുന്നവരെ, പ്രാർത്ഥിക്കുന്നവരെ, സൂചിപ്പിച്ച് തുടങ്ങുന്നു. എന്നാൽ ജർമ്മൻഭാഷയിലെ കിർക് എന്ന പദം കർത്താവിനെ സൂചിപ്പിക്കുന്നു. കുറിയാകോൻ (=കർത്താവിന്റെ സ്ഥലം, അഥവാ കർത്താവിനുള്ള വസ്തു) എന്ന ഗ്രീക്ക് വാക്കിൽ നിന്നാണല്ലോ അതിന്റെ വരവ്. ഇതിൽ നിന്നാണ് ഇംഗ്ലീഷിലെ ചർച്ച് എന്ന പദമുണ്ടായത് ('ക' കാരം 'ച'കാരമായി മാറി).

ഇങ്ങനെ, ആരാധിക്കപ്പെടുന്ന ശക്തി, ആരാധിക്കുന്ന വിശ്വാസി, ആരാധനയ്ക്കുള്ള സ്ഥലം എന്നീ മൂന്ന് ഘടകങ്ങളിലൊന്നിനെ പ്രധാനമായി സൂചിപ്പിക്കുന്ന പേരുകളാണ് ആരാധനാലയങ്ങൾക്കുള്ളത്. ക്ഷേത്രവും കോയിലും പ്രധാനമായി ആരാധനാമൂർത്തികളെ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നു. ക്ഷേത്രങ്ങളിൽനിന്നും കോയിലുകളിൽനിന്നും തങ്ങളുടെ ആരാധനാലയങ്ങളെ വേർതിരിച്ചു കാണിക്കാനായിരിക്കാം യഹൂദരും (രണ്ടാംവേദക്കാർ) ക്രിസ്ത്യാനികളും (മൂന്നാംവേദക്കാർ) തുടർന്ന് മുസ്ലിങ്ങളും (നാലാംവേദക്കാർ) അവയെ പള്ളികൾ എന്നു വിളിച്ചത്. ജൈനന്മാരും ബുദ്ധന്മാരും ആദിമകാലങ്ങളിൽ വിഗ്രഹങ്ങൾ ഉപയോഗിച്ചിരുന്നില്ല. അവരുടെ പ്രാർത്ഥനാലയങ്ങൾക്ക് പള്ളി, വിഹാരം എന്നിങ്ങനെയുള്ള പേരുകൾ വന്നു. കേരളക്രിസ്ത്യാനികളുടെ ദേവാലയങ്ങളും പള്ളികൾ എന്നു വിളിക്കപ്പെട്ടു. ഇങ്ങനെ പേരുകളിൽ, പദങ്ങളിൽ, ചരിത്രവും തത്വചിന്തയും ദൈവശാസ്ത്രവും അന്തർഭവിച്ചിട്ടുണ്ട്.

**പറങ്കി** ചില ചരിത്രഗ്രന്ഥങ്ങളിൽ പോർത്തുഗീസുകാരെ ഉദ്ദേശിച്ച് പറങ്കികൾ എന്ന് പ്രയോഗിച്ചുകാണുന്നു. ഒരു മലയാളിയെ തമിഴനെന്നോ (വടക്കേ ഇൻഡ്യക്കാർ മലയാളിയെയും മദ്രാസി എന്നു വിളിക്കാറുണ്ട്) ആന്ധ്രാക്കാരനെന്നോ പറയുന്നതിന് തുല്യമാണിത്!

www.malankaralibrary.com

പോർത്തുഗീസ് എന്ന വാക്കിൽനിന്ന് പറങ്കി എന്നപദം ഉദ്ഭവിക്കുകയില്ല. ഫ്രാൻസുകാരൻ എന്നർത്ഥമുള്ള ഫ്രാങ്ക് എന്ന വാക്കിൽ നിന്നാണ് പറങ്കി എന്ന പദമുണ്ടായത്. പോർത്തുഗീസുകാരനെ എന്തിന് ഫ്രാൻസുകാരൻ എന്ന് വിളിക്കുന്നു?

ഏ.ഡി.5-ാം നൂറ്റാണ്ടിൽ ഗോൾ (Gaul) പ്രദേശം കീഴടക്കുകയും ആ പ്രദേശത്തിന് ഫ്രാൻസ് എന്നുപേർ വിളിക്കുകയും ചെയ്ത ജർമ്മൻ ഗോത്രങ്ങളിൽപ്പെട്ടവരെ ഉദ്ദേശിച്ചാണ് ഫ്രാൻക് (Franc) എന്ന് ഫ്രഞ്ചുഭാഷയിൽ പറഞ്ഞുവന്നത്. അതൊരു വിശേഷണമാണ്. ലത്തീനിൽ ഫ്രാൻകൂസ് എന്നും പഴയ ജർമ്മനിൽ ഫ്രാൻകോ എന്നും ആംഗ്ലോസാക്സണിൽ ഫ്രാൻകാ എന്നും പഴയ നോർമനിൽ ഫ്രാൻക്കി (Frankki) എന്നും പറയുന്നു. ആ ജനതയുടെ ദേശീയ ചിഹ്നമായ കുന്തത്തിന്റെ (വേലിന്റെ) പേരിൽ നിന്നാണ് ഈ വാക്കുണ്ടായതെന്ന് കരുതപ്പെടുന്നു. യാഥാർത്ഥ്യം മറിച്ചാണെന്ന് വിചാരിക്കുന്നവരുമുണ്ട്. സ്വതന്ത്രമായ, ആത്മാർത്ഥതയുള്ള, ശുദ്ധമായ എന്നിങ്ങനെ ഒരർത്ഥം ആ വാക്കിനുണ്ടായി. ശുദ്ധമായ കുന്തുരുക്കത്തിന് ഫ്രാങ്കിൻസെൻസ് (Franc+ incens → frankincense) എന്നുപറയാറുണ്ടല്ലോ.

ഫ്രാൻസുകാരെ ഉദ്ദേശിച്ച് ഉപയോഗിച്ചിരുന്ന ഈ വാക്ക് പത്താം നൂറ്റാണ്ടുമുതൽ (ക്രൈസ്തവ വിമോചന ശ്രമങ്ങളുടെ കാലം) അറബികളും പേർഷ്യക്കാരും പടിഞ്ഞാറൻ യൂറോപ്പിലുള്ള എല്ലാവരെയും ഉദ്ദേശിച്ച് പ്രയോഗിച്ചുതുടങ്ങി. അറബിയിൽ ഫറൻജി (Faranji) എന്നാണ് പറയുക. ഈ എന്ന പ്രത്യയം ഒരു വംശത്തിൽപ്പെട്ടവൻ എന്ന് കാണിക്കുന്ന ഒന്നാണ്. ആരംഭത്തിലുള്ള വ്യത്യാസം (ഫ്രാ എന്നത് ഫറ എന്നായിത്തീർന്നത്) ഇൻഡോ ആര്യൻ ഗോത്രത്തിൽപ്പെട്ട ഒരു പദം സെമിറ്റിക് ഭാഷയിലേക്ക് കടന്നുവന്നപ്പോൾ ഉണ്ടായ മാറ്റമാണ്. ട്രെയിൻ എന്നപദം തെരെയിൻ എന്നായതുപോലെ. ദ്രാവിഡഭാഷകളിലും ഇങ്ങനെ സംഭവിക്കാറുണ്ടല്ലോ (രവി എന്ന വാക്ക് ഇരവി എന്നാകുന്നത് ഒരു ഉദാഹരണമാണ്). പേർഷ്യയിൽ അറബി ഭാഷ നടപ്പിലാക്കിയ കാലം മുതൽ പേർഷ്യക്കാർ ഈ വാക്കുപയോഗിച്ചു. ഫരൻഗി (Farangi) എന്നാണ് പേർഷ്യാക്കാർ പറഞ്ഞിരുന്നത് (പേർഷ്യയിലെ ഭാഷ സംസ്കൃതവുമായി ഉറ്റബന്ധമുള്ള ആര്യൻ ഭാഷയായിരുന്നു. 8-ാം നൂറ്റാണ്ട് മുതൽ അതിൽ അറബി സംക്രമിക്കുകയും ക്രമേണ അറബിമയമാവുകയും ചെയ്തു). അവർ പടിഞ്ഞാറൻ യൂറോപ്പിലുള്ള എല്ലാവരെയും കുറിച്ച് ഈ വാക്ക് പ്രയോഗിച്ചു. മുഗൾ ഭരണംവഴി പേർഷ്യൻ വാക്കുകൾ ഇൻഡ്യയിൽ പ്രചരിച്ചു. അങ്ങനെ കേരളീയരും അവരുടെ പ്രയോഗം സ്വീകരിക്കാനിടയായി. പതിനാറാം നൂറ്റാണ്ടുമുതൽ കേരളീയർ ഈ വാക്ക് ഉപയോഗിച്ചു തുടങ്ങി.

പോർത്തുഗീസുകാർ ഇവിടെ വരുന്നതിനുമുമ്പ് (1498 ഏ.ഡി.) കേരളീയർ പോർത്തുഗീസുകാരെ പരാമർശിച്ചിരുന്നതായി തോന്നുന്നില്ല. എന്നാൽ ഫ്രാൻസുകാരെയും വെനീസുകാരെയും പരാമർശിച്ചിരുന്നു. ഏ.ഡി. 1501-ൽ, പെഡ്രോ അൽവാരെസ് കബ്രാളിന്റെ കപ്പലിൽ, റോം, ജറുസലെം, ബാബിലോൺ എന്നിവിടങ്ങളിലേക്ക് പോകാൻവേണ്ടി യാത്ര ചെയ്ത കൊടുങ്ങല്ലൂർക്കാരൻ യൗസേ

www.malankaralibrary.com

പ്പ് കത്തനാർ (പ്രീസ്റ്റ് ജോസഫ്, ജോസഫ് ദി ഇൻഡ്യൻ എന്നൊക്കെ യൂറോപ്യന്മാർ പറയുന്ന വൈദികൻ) വെനീസിൽവച്ച് ഇന്ത്യയെപ്പറ്റി പറഞ്ഞ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ആ വിവരണങ്ങളിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: "റോം, ഫ്രാൻസ്, വെനീസ് എന്നീ സ്ഥലങ്ങളല്ലാതെ (യൂറോപ്പിലെ) മറ്റൊരു സ്ഥലവും അദ്ദേഹത്തിൻെറ നാട്ടിൽ പേർ പറയപ്പെടുന്നില്ല എന്നും അവരുടെയിടയിൽ വെനീസിലെ നാണയം വളരെയേറെ വിലമതിക്കപ്പെടുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു".

കേരളോത്പത്തി എന്ന പുരാതന മലയാളഗ്രന്ഥത്തിൽ പോർത്തുഗീസുകാരെയാണ് ഈ വാക്ക് പ്രധാനമായും സൂചിപ്പിക്കുന്നത്. പരന്തിരിയസ് എന്നൊരു പ്രയോഗവുമുണ്ട്, ഫ്രാൻസുകാരെ സൂചിപ്പിക്കാൻ. ഏ.ഡി. 1700-നു മുമ്പ് എഴുതിയ ആഞ്ചലോ ഫ്രാൻസിസിൻെറ നിഘണ്ടുവിൽ പറങ്കി എന്നതിന് പോർത്തുഗീസ്, പൊർത്തുഗൽ എന്നിങ്ങനെ അർത്ഥം കൊടുത്തിട്ടുണ്ട്.

പോർത്തുഗീസുകാർ കൊണ്ടുവന്നതെന്നോ അവരെ സംബന്ധിച്ചതെന്നോ സൂചിപ്പിക്കാൻ പറങ്കി എന്നപദം ചേർത്തിട്ടുള്ള ഏറെ സമസ്തപദങ്ങൾ മലയാളത്തിലുണ്ട്. പറങ്കിമാവ്, പറങ്കിച്ചക്ക (പൈനാപ്പിൾ) പറങ്കിമാങ്ങ, പറങ്കിമുളക് (പറിങ്കോളി), പറങ്കിവേർ (Chinaroot), പറങ്കിപ്പാഷാണം, പറങ്കിയണ്ടി (കപ്പലണ്ടി), പറങ്കിപ്പട, പറങ്കിക്കപ്പിത്താൻ മുതലായ പദങ്ങൾ നോക്കുക. സിഫിലിസ് എന്ന അർത്ഥത്തിൽ മലയാളികൾ ഉപയോഗിക്കുന്ന അകപ്പറങ്കി, പറങ്കിപ്പുണ്ണ് എന്നീ സമസ്ത പദങ്ങളിലുള്ള പറങ്കി എന്ന പദം ഫരൻഗി എന്ന വാക്കിൽനിന്ന് വരുന്നതല്ല. വെളുത്തത് എന്നർത്ഥമുള്ള ബ്രാൻകോ എന്ന പോർത്തുഗീസ് വാക്കിൽനിന്നു വരുന്നതാണ്. അവർ തങ്ങളുടെ ഭാഷയിൽ ബ്രാൻകോ എന്ന് ആ രോഗത്തെ വിളിച്ചു.

**പറുദീസ** മലയാളികൾ സർവ്വസാധാരണമായി പ്രയോഗിക്കുന്ന പദമാണ് പറുദീസ. ഹീബ്രുവിൽനിന്ന് സുറിയാനിയിലെത്തി മലയാളത്തിൽ വന്നുചേർന്ന ഈ വാക്ക് വാസ്തവത്തിൽ ഒരു പൗരാണിക പേർഷ്യൻ പദമാണ്. അറബിയിലും ഈ പദം ഉപയോഗിക്കുന്നുണ്ട്. മതിൽ കെട്ടിസൂക്ഷിക്കുന്ന ഒരു പൂന്തോട്ടം എന്നാണ് ഇതിൻെറ ആദിമ അർത്ഥം. ഈ പദത്തിൻെറ ആദിമരൂപം അവസ്തൻ (പ്രാചീനപേർഷ്യൻ) ഭാഷയിലെ പൈരിദയേസായിലാണ് കാണുന്നത്. ചുറ്റും എന്നർത്ഥമുള്ള സംസ്കൃതത്തിലെ പരി എന്ന ഉപസർഗ്ഗമാണ് പൈരി എന്ന് രൂപം മാറിയത്. ഇത് ഗ്രീക്കിൽ പെരി എന്നായി. ആ രൂപത്തിൽ യൂറോപ്യൻ ഭാഷകളിലെല്ലാം അത് നിലനിൽക്കുന്നു. ദയേസാ എന്നതിന് ഭിത്തി എന്നർത്ഥം. ഗ്രീക്കിലെ തൊയ്ക്കോസ്, തെയ്ക്കോസ് എന്നിവയുമായി അതിന് ബന്ധമുണ്ട്. രൂപംകൊടുക്കുക എന്നർത്ഥമുള്ള ദിസ് എന്ന ധാതുവിൽ നിന്നാണ് പഴയ പേർഷ്യനിലെ ദയേസാ എന്ന വാക്കുണ്ടായത്. ഇതും ഒരു ഇൻഡോയൂറോപ്യൻ ധാതുവാണ്. മിക്ക യൂറോപ്യൻ ഭാഷകളിലും അതുണ്ട് (ആംഗ്ലോസാക്സണിലെ ദാഗ്, ജർമ്മനിലെ തെയ്ഗ്, പഴയ നോർമനിലെ ദെയ്ഗ്, ഗോഥിക്കിലെ ദയിഗ്സ്, ഗ്രീക്കിലെ തെയ്ക്സോസ് മുതലായവ നോക്കുക). രൂപപ്പെടുത്തുക, പണിയുക, തേയ്ക്കുക, പൂശുക എന്നൊക്കെ അർത്ഥമുള്ള ദേഹ് (ദിഹ്) എന്ന സംസ്കൃത ധാതുവുമായി ഇത് ബന്ധപ്പെട്ടിരിക്കുന്നു. പേർ

www.malankaralibrary.com

ഷ്യനിലെ ദയേസാ എന്ന വാക്കിനും ഗ്രീക്കിലെ തെയ്ക്കോസ് എന്നവാക്കിനും ഭിത്തി എന്നർത്ഥം (ഫിൻഗാനെയ്ൻ = പൂശുക, സ്പർശിക്കുക, പണിയുക, കൈകാര്യം ചെയ്യുക). അങ്ങനെ ചുറ്റും മതിൽതീർത്ത് അടവാക്കിയിട്ടുള്ള രാജകീയ പൂന്തോട്ടമാണ് പഴയ പേർഷ്യനിലെ പൈരിദയേസാ. അതിൻെറ ആദിമ അർത്ഥം അടച്ചുകെട്ടിയെടുത്ത സ്ഥലമെന്നായിരുന്നു. ആധുനിക പേർഷ്യൻ ഭാഷയിൽ ഫിർദാവൂസ് എന്നാണ് ഈ വാക്ക്.

പേർഷ്യൻ പദം എങ്ങനെ ഹീബ്രു ജനതയുടെ വേദഗ്രന്ഥത്തിൽവന്നു? ആദവും ഹവ്വയും താമസിച്ച പൂന്തോട്ടത്തിനും സാധാരണ തോട്ടത്തിനും ഹീബ്രു ബൈബിളിൽ (ഉത്പത്തിയിൽ) ഗാൻ എന്ന ഹീബ്രു പദംതന്നെയാണ് ഉപയോഗിച്ചിട്ടുള്ളത്. എന്നാൽ പഴയനിയമം ഗ്രീക്കിലേക്ക് തർജ്ജുമചെയ്തവർ ഗാൻ എന്നതിനുപകരം ഗ്രീക്കിൽ പ്രയോഗത്തിലായിരുന്ന പരദെയ്സോസ് എന്ന വാക്ക് ഉപയോഗിച്ചു. പഴയനിയമത്തിൻെറ ഗ്രീക്കുവിവർത്തനം ബി.സി. 283-നും 246-നുമിടയ്ക്ക് ജീവിച്ചിരുന്ന ടോളമിരണ്ടാമൻ ഫിലാഡെൽഫൂസിൻെറ കാലത്ത് അലക്സാൻഡ്രിയായിൽ ഉണ്ടായതാണ്. സെപ്ത്വാജിന്ത് എന്നാണ് വിവർത്തനത്തിൻെറ പേര്. പേർഷ്യനിലെ പൈരിദയേസ എന്ന പദം ഗ്രീക്കു ചരിത്രകാരനായ ക്സെനേഫോൺ (ബി.സി. 430-355) പരദെയ്സോസ് എന്ന രൂപത്തിൽ പ്രയോഗിച്ചിരുന്നു. പേർഷ്യൻ രാജാക്കന്മാരുടെ പൂന്തോട്ടത്തെപ്പറ്റി പറയുന്നിടത്താണ് അദ്ദേഹം അതു പ്രയോഗിച്ചത്. പില്ക്കാല ഗ്രീക്കുകാർ ഏതു പൂന്തോട്ടത്തിനും ആവാക്ക് പ്രയോഗിച്ചു.

കൂടാതെ, പഴയനിയമത്തിൻെറ ഗ്രീക്കിലേക്കുള്ള വിവർത്തനത്തിന് മുമ്പുതന്നെ പിൽക്കാല ഹീബ്രു സാഹിത്യത്തിലേക്ക് പ്രസ്തുത പേർഷ്യൻ പദം പാർദെസ് എന്ന രൂപത്തിൽ കടമെടുത്തിരുന്നു. സാധാരണ തോട്ടം എന്ന അർത്ഥത്തിൽ അത് പ്രയോഗിക്കുകയും ചെയ്തിരുന്നു. അങ്ങനെയാണ് പിൽക്കാല പഴയനിയമഗ്രന്ഥങ്ങളിൽ പാർദെസ് എന്ന പദം പ്രയോഗിക്കപ്പെട്ടത് (നെഹേ. 2:8; സഭാ പ്രസ. 2:8; ഉത്തമ. 4:13).

ഹീബ്രു പഴയനിയമം ഗ്രീക്കിലേക്ക് വിവർത്തനം ചെയ്തവർ പിൽക്കാല ഹീബ്രു ഗ്രന്ഥങ്ങളിലേക്ക് പേർഷ്യനിൽ നിന്ന് കടന്നുവന്ന പാർദെസ് (സാധാരണതോട്ടം) എന്ന പദത്തിനും സാധാരണതോട്ടം എന്ന അർത്ഥത്തിൽ പ്രയോഗിച്ചിട്ടുള്ള ഗാൻ എന്ന പദത്തിനും ആദവും ഹവ്വയും താമസിച്ച തോട്ടമെന്ന അർത്ഥത്തിൽ ഉപയോഗിച്ചിട്ടുള്ള ഗാൻ എന്ന പദത്തിനും പർദെയ്സോസ് എന്ന പദംതന്നെ പ്രയോഗിച്ചു. അങ്ങനെ പർദെയ്സോസ് എന്ന ഗ്രീക്കുപദത്തിന് ആദവും ഹവ്വായും താമസിച്ച ഏദേനിലെ സൗഭാഗ്യപൂർണ്ണമായ പൂന്തോട്ടം എന്നർത്ഥം വന്നു.

പേർഷ്യൻ രാജാക്കന്മാർ തങ്ങളുടെ വിശിഷ്ടാതിഥികളെ പൂന്തോട്ടത്തിൽ കൊണ്ടുപോയിരുന്നെന്നും, തൻെറ പ്രജകളെ ബഹുമാനിക്കാൻ വേണ്ടി പൂന്തോട്ടത്തിലൂടെ ഉല്ലാസ സഞ്ചാരത്തിന് കൊണ്ടുപോയിരുന്നെന്നും പറയപ്പെടുന്നു. അങ്ങനെ രാജാവിനോടുകൂടെ സൗഭാഗ്യമനുഭവിക്കുന്ന സ്ഥലം എന്നൊരർത്ഥം ഈ പദത്തിന് പണ്ടേ വന്നുചേർന്നിരുന്നു.

ലത്തീൻ ഭാഷയിൽ ഈ പദം പരാദിസൂസ് എന്നാണ്. അതു പഴയ ഫ്ര

www.malankaralibrary.com

ഞ്ചിൽ പരാദിസ് എന്നും മധ്യകാല ഇംഗ്ലീഷിൽ പരാഡിസ് എന്നും ആധുനിക ഇംഗ്ലീഷിൽ പാരഡൈസ് (Paradise) എന്നുമായി. ഗ്രീക്കുവഴി ഒരു പേർഷ്യൻ പദം ബൈബിളിലെത്തി. അത് ഇന്ന് ലോകത്തെങ്ങും ഉപയോഗിക്കുന്ന പദവുമായി. സുറിയാനിയിലേക്കും ഈ പദം കടന്നുവന്നു. പറ്ദൈസാ എന്നാണ് ആ ഭാഷയിൽ പ്രസ്തുത പദത്തിൻെറ സ്വരൂപം. പറുദീസയ്ക്ക് തോട്ടം, സൗഭാഗ്യസ്ഥലം, സ്വർഗ്ഗരാജ്യം എന്നിങ്ങനെ അർത്ഥവികാസം സംഭവിച്ചു.

**പാത്രിയാർക്കീസ്** പാത്രിയാർക്കെസ് എന്ന ഗ്രീക്കുവാക്കിൻെറ സുറിയാനിരൂപമാണ് പാത്രിയാർക്കീസ്. അതു മലയാളത്തിലും സ്വീകരിച്ചിരിക്കുന്നു. ഇംഗ്ലീഷിൽ ഈ വാക്ക് പേട്രിയാർക്ക് (Patriarch) എന്നായിത്തീർന്നു.

ഇതൊരു സമസ്തപദമാണ്. ഗ്രീക്കിൽ പത്തേർ എന്നതിന് പിതാവ് എന്നർത്ഥം (ലത്തീനിലെ പാത്തേർ, ഇംഗ്ലീഷിലെ ഫാദർ, പോർത്തുഗീസിലെ പാദ്രേ, സംസ്കൃതത്തിലെ പിതൃ, ഗ്രീക്കിലെ പത്തേർ എന്നിവയെല്ലാം ഒരേ വാക്കിൻെറ വിവിധ രൂപങ്ങളാണ്). ഈ പദം മറ്റ് പദങ്ങളോട് ചേരുമ്പോൾ പത്രോ, പാത്രി എന്നൊക്കെയാകും. പത്രോളജി (ആദികാല ക്രൈസ്തവ പണ്ഡിതന്മാരെപ്പറ്റിയുള്ള പഠനം അഥവാ വിജ്ഞാനശാഖ) എന്നതിൽ അത് പത്രോ എന്നായി, പാത്രിയാർക്കീസ് എന്നതിൽ പാത്രി എന്നും. ആർക്കെ എന്ന ഗ്രീക്കുപദത്തിന് പ്രാചീനം, പ്രധാനപ്പെട്ടത്, ആദിമം, ഉത്പത്തി, അധികാരം എന്നൊക്കെ അർത്ഥമുണ്ട്.

പഴയനിയമത്തിലെ പാത്രിയാർക്കീസുമാർ എന്ന് പറയുമ്പോൾ കുടുംബത്തലവന്മാരിൽ പ്രധാനികൾ എന്നാണർത്ഥം (പിതാക്കന്മാരിൽ പ്രധാനികൾ) അബ്രാഹം, ഇസഹാക്ക്, യാക്കോബ് മുതലായവരെ അപ്രകാരം വിളിക്കാം. പത്തേർ എന്ന വാക്കിൽനിന്നുണ്ടായ പത്രാ എന്ന വാക്കിന് ജന്മദേശം എന്നും പത്രേ എന്നതിന് വീട് അല്ലെങ്കിൽ വംശം എന്നും അർത്ഥമുണ്ട്. ആർക്കെ എന്നതിന് അധികാരമെന്നും ആർക്കെസ് എന്നതിന് അധികാരി എന്നുമാണർത്ഥം. അങ്ങനെ പാത്രിയാർക്കീസ് എന്ന വാക്കിന് വീട് അല്ലെങ്കിൽ വംശം ഭരിക്കുന്നവൻ എന്നർത്ഥമാകും. ബൈബിളിൻെറ സെപ്ത്വാജിന്ത് എന്നറിയപ്പെടുന്ന ഗ്രീക്ക്തർജ്ജുമയിലാണ് പാത്രിയാർക്കെസ് എന്ന് ആദ്യമായി പ്രയോഗിച്ചുകാണുന്നത്. മലയാളത്തിൽ പൂർവ്വപിതാക്കന്മാർ എന്നുപറയുമ്പോൾ പ്രാചീനപിതാക്കന്മാർ എന്നേ അർത്ഥമുണ്ടാകൂ. പ്രധാനപിതാക്കന്മാർ (ഗോത്രത്തലവന്മാർ) എന്ന അർത്ഥം കിട്ടുന്നില്ല.

സഭാചരിത്രത്തിൽ പാത്രിയാർക്കെസ് എന്നത് ഒരു സ്ഥാനത്തെക്കൂടി സൂചിപ്പിക്കുന്നു. മെത്രാപ്പോലീത്താമാരുടെ സ്ഥാനത്തെക്കാൾ ഉയർന്ന ഒരു സ്ഥാനം (പദവി) ആണ് പാത്രിയാർക്കീസിനുള്ളത്. അന്ത്യോക്യ, റോം, അലക്സാന്ദ്രിയ മുതലായ സ്ഥലങ്ങളിലെ സഭാതലവന്മാരെ ഇപ്രകാരം വിളിച്ചുവന്നു. സ്വദേശം ഭരിക്കുന്നവൻ എന്നും പ്രധാനപ്പെട്ട പിതാവെന്നും വാച്യാർത്ഥം.

**പാദ്രി (പാതിരി)** പട്ടക്കാർക്ക് പാദ്രികൾ എന്ന പേര് പോർത്തുഗീസ് മിഷണറിമാർ വന്നകാലത്ത് നടപ്പിലായതാണ്. ഈശോസഭാ വൈദികരായ പോർത്തുഗീസ് മിഷണറിമാരെ പാദ്രിമാർ എന്നാണ് വിളിച്ചിരുന്നത്. ഉദയംപേരൂർ സൂനഹദോസിൻെറ കാനോനയിൽ "ചെ

www.malankaralibrary.com

ന്നൊത്തെ മൂപ്പൻ പാദ്രിയൊടും അവിടെയുള്ള ശെഷം പാദ്രിമാരൊടും" എന്നു പറയുമ്പോൾ ചേന്ദമംഗലത്തുള്ള ഈ ശോസഭാ വൈദികരെയാണല്ലോ ഉദ്ദേശിക്കുന്നത്. (6-ാം മൗത്വാ, 6-ാംകൂടിവിജാരം, 13-ാം കാനോന) സൂനഹദോസിൽ പൊതുവേ വൈദികരെപ്പറ്റി പറയുമ്പോൾ പാദ്രി എന്ന് ഉപയോഗിക്കുന്നില്ല.

പിതാവ് എന്നർത്ഥമുള്ള പിതൃ എന്ന സംസ്കൃതപദത്തിൽനിന്നുണ്ടായ പാദ്രെ (Padre) എന്ന പോർത്തുഗീസ് വാക്കുതന്നെയാണ് 'പാദ്രി'. ഇംഗ്ലീഷിൽ അതിന് പകരമായ ഫാദർ എന്നുപയോഗിക്കുന്നു. ബഹുമാനസുചകമായി വിളിക്കുന്ന പേരാണത്. എ.ഡി. 1554-ൽ അച്ചടിച്ച കാർതില്യ എന്ന വേദോപദേശപുസ്തകത്തിൽ കൂദാശകളെപ്പറ്റി പറയുന്നിടത്ത് ഇങ്ങനെ കാണുന്നു: "ആറാവതു ഓർദെം സാച്ചെർദോത്തൽ. ഇത് ആനതു മനിഷരെ പാദ്രികൾ ആക്രതു. നസറാണികൾക്ക് സാക്രമെന്താസ് കുടുപ്പാൻ". ഇതിന്റെ അർത്ഥം 'ആറാമത് പുരോഹിതപരമായ (സാച്ചെർദോത്തൽ) പദവി (ഓർദെം). അതായത്, മനുഷ്യരെ പുരോഹിതന്മാരാക്കുന്നത്. നസ്രാണികൾക്ക് കൂദാശകൾ കൊടുക്കുവാൻ' എന്നാണ്. പാദ്രെ എന്ന പോർത്തുഗീസ് പദം, പാദ്രി, പാതിരി എന്നീ രൂപങ്ങളിൽ കേരളത്തിൽ നിലനിന്നു. പോർത്തുഗീസ് മിഷണറിമാർ പോയതോടെ ആ പദം പ്രയോഗലുപ്തമായി. കർമ്മലീത്താ മിഷണറിമാർ എഴുതിയ വേദപാഠപുസ്തകങ്ങളിലും മറ്റും പട്ടക്കാർ എന്നുതന്നെ പ്രയോഗിച്ചിരിക്കുന്നു.

**പാദ്രുവാദോ** കേരളസഭാചരിത്രത്തിൽ സുപ്രസിദ്ധമായിത്തീർന്ന ഒരു പദമാണല്ലോ പാദ്രുവാദോ. പോർത്തുഗീസിൽനിന്നുവന്ന ഒരു പദമാണത്. പാദ്രോ ആദോ (Padroado) എന്നാണ് ആ ഭാഷയിൽ പറയുന്നത്. രക്ഷാധികാരം, സംരക്ഷണം എന്നൊക്കെയാണ് അതിന്റെ സാരം. പോർത്തുഗീസ്ഭാഷയിൽ പാദ്രേ എന്നതിന് പിതാവ് എന്നർത്ഥം (സംസ്കൃതത്തിലെ പിതൃ, ഗ്രീക്കിലെ പത്തേർ, ലത്തീനിലെ പാത്തെർ, പോർത്തുഗീസിലെ പാദ്രേ മുതലായ വാക്കുകളെല്ലാം ഒരേ ധാതുവിൽനിന്ന് വന്നതാണ്). പാദ്രേ എന്ന വാക്കിനോട് അവസ്ഥയെ സൂചിപ്പിക്കുന്ന ആദോ എന്ന പ്രത്യയം ചേർത്ത് പിതാവിന്റെ അവസ്ഥ അഥവാ സ്ഥാനം എന്നർത്ഥമുള്ള പാദ്രോവാദോ എന്ന വാക്കുണ്ടാക്കുന്നു. അത് പാദ്രുവാദോ എന്നായി, മലയാളത്തിൽ. ആദോ എന്ന പ്രത്യയം ലത്തീനിലെ ആത്തൂസ്, തുദോ എന്നിങ്ങനെ കാണപ്പെടുന്ന പ്രത്യയം തന്നെയാണ്. സംസ്കൃതത്തിൽ ഇത് ത്വം തന്നെ. (ഉദാ: പിതൃ-ത്വം, മനുഷ്യ-ത്വം) സ്പാനിഷ് ഭാഷയിൽ പാദ്രാവോ (padrao) എന്നും ഇറ്റാലിയൻഭാഷയിൽ പത്രോനാദോ (patro-nado) എന്നും ഇംഗ്ലീഷിൽ പേട്രനേജ് (Patranage) എന്നും പറയുന്നതു തന്നെയാണ് പോർത്തുഗീസിലെ പാദ്രോവാദോ. പിതൃത്വത്തിൽ രക്ഷാധികാരം, രക്ഷാധർമ്മം എന്നിവ ഉൾക്കൊള്ളുന്നു. ഉടമസ്ഥാവകാശം എന്നൊരു സങ്കല്പവും അതിലുണ്ട്. പോർത്തുഗീസുകാർ സുവിശേഷവേല നടത്തുന്ന സ്ഥലങ്ങളിൽ അവർക്ക് മതാധികാരം പ്രയോഗിക്കാനുള്ള അവകാശം മാർപാപ്പായിൽനിന്ന് 1456-ൽ ലഭിച്ചിരുന്നു. ഈ അവകാശവും ആനുകൂല്യവുമാണ് പാദ്രുവാദോ. ഇതനുസരിച്ച് അവർ മലങ്കരയിലെ മാർത്തോമ്മാ ക്രിസ്ത്യാനി

www.malankaralibrary.com

കളെ തങ്ങളുടെ ഭരണത്തിൻ കീഴിലാക്കാൻ ശ്രമിക്കുകയും തത്ഫലമായി പല കുഴപ്പങ്ങളും ഉണ്ടാവുകയും ചെയ്തു.

**പാരക്കൂസ്** ബ്രദർ ലെയോപോൾഡ് എഴുതിയ 'കേരളത്തിലെ ലത്തീൻ ക്രിസ്ത്യാനികൾ' എന്ന ഗ്രന്ഥത്തിൽ (പുറം 78) ഇങ്ങനെകാണുന്നു: "ഇവരുടെ ഏതദ്ദേശീയരായ പാരക്കൂസുമാർ ചെയ്യുന്ന സത്യംമൂലമാണ് ഇവർ ഇതിന് കടപ്പെട്ടിരിക്കുന്നത്". പൗളിനൂസ് പാതിരി 1794-ൽ എഴുതിയ ഇൻദിയ ഓറിയെന്താലിസ് ക്രിസ്ത്യാന എന്ന ഗ്രന്ഥത്തിലെ 119-ാം പേജിൽനിന്നാണ് ബ്രദർ ലെയോപോൾഡ് ഇത് ഉദ്ധരിക്കുന്നത്. പൗളിനൂസ് പാതിരി പ്രയോഗിച്ച പാരക്കൂസ് എന്ന പദം തന്നെ മലയാളത്തിലും ഉപയോഗിച്ചിരിക്കുന്നു.

പരോക്കിയ (ഇടവക)യുടെ അധികാരിയാണ് പാരോക്കൂസ് (Parochus). ഒരു ലത്തീൻ പദമാണത്. ഇറ്റാലിയൻ ഭാഷയിലും സ്പാനിഷ് ഭാഷയിലും ഇടവക വികാരിയെ പാരോക്കോ (Parocho) എന്നാണ് വിളിക്കുന്നത്. പരോക്കിയ എന്ന പദം ഗ്രീക്കിൽനിന്ന് ലത്തീൻ, പോർത്തുഗീസ് മുതലായ ഭാഷകളിലേക്ക് കടന്നതാണ്. കേരളത്തിലെ ലത്തീൻ രൂപതകളിലുള്ള പ്രധാനദേവാലയങ്ങളുടെ വികാരിമാരെ പാരക്കൂസുമാർ എന്ന് അടുത്തകാലംവരെ വിളിച്ചിരുന്നു.

**പാലിയം** പാലിയം (pallium) ഒരു ലത്തീൻ പദമാണ്. ഉപരിവസ്ത്രം (മേൽവസ്ത്രം) എന്നാണ് ഉദ്ദിഷ്ടാർത്ഥം. ഗ്രീക്കുകാരെ അനുകരിച്ച് റോമൻ പണ്ഡിതന്മാർ അത് അണിഞ്ഞിരുന്നു. പാലിയം എന്ന ധാതുവിന്റെ നിഷ്പത്തി സംശയാസ്പദമാണ്. എങ്കിലും വെളുത്ത വസ്ത്രമാകയാൽ പല്ലാ എന്ന വിശേഷണപദത്തിൽനിന്നു വന്നുവെന്ന് ഊഹിക്കാം. വെളുത്തത് എന്നർത്ഥം. ഇംഗ്ലീഷിലെ pale എന്ന വാക്കിൽ ആ അർത്ഥം നിലനില്ക്കുന്നുണ്ട്.

പാലിയം എന്ന പദത്തിന് മതപരവും വൈദികപരവുമായ ഒരർത്ഥമാണ് ഇന്നുള്ളത് - മതപരമായ ഒരു സ്ഥാന വസ്ത്രം എന്ന അർത്ഥം. മാർപാപ്പാ അണിയുന്ന ഒരു ഉപരിവസ്ത്രമാണത്. മെത്രാപ്പോലീത്താമാർക്ക് മാർപാപ്പാ പാലിയം സമ്മാനിക്കുന്നു. നമ്മുടെ നാട്ടിൽ പട്ടാട (പട്ട് + ആട = പട്ടുകൊണ്ടുള്ള വസ്ത്രം) നല്കുന്നതുപോലെ അംഗീകാരത്തിന്റെയും ആദരവിന്റെയും അടയാളമായിട്ടാണ് പാലിയം നല്കുന്നത്. അതൊരു വലിയ ബഹുമതിയായി കരുതപ്പെടുന്നു.

**പാഷണ്ഡത** ഗ്രീക്കുഭാഷയിലെ ഹയ്രേസിസ് എന്നതിന് സംസ്കൃതത്തിൽ പാഷണ്ഡത എന്നുപറയാം. ഇംഗ്ലീഷിൽ ഹെരസി (heresy) എന്നുപറയുന്നു. ബുദ്ധമതക്കാരെയും ജൈനമതക്കാരെയും പാഷണ്ഡികൾ എന്നും ആ മതങ്ങളെ പാഷണ്ഡതകൾ എന്നുമാണ് ഹിന്ദുക്കൾ വിളിച്ചിരുന്നത്. ഹിന്ദുമതതത്വങ്ങളെ അവർ നിഷേധിച്ചിരുന്നല്ലോ. ഒരംഗീകൃത മതത്തിൽനിന്ന് ആശയപരമായി അകലുന്നവരെല്ലാം പാഷണ്ഡികൾ എന്നു വിളിക്കപ്പെടും; അവരുടെ മതത്തെ പാഷണ്ഡതയെന്നും. മലയാളത്തിൽ ഇടത്തൂട്ട് എന്നുപറയും. പഴയ ക്രൈസ്തവ മലയാളകൃതികളിൽ പാഷണ്ഡതയ്ക്ക് ഹെറാത്തിക്ക എന്നും പാഷണ്ഡതയിലുള്ളവർക്ക് ഹെറാത്തിക്കോൻമാർ എന്നും പേർ പറയുന്നു. ഗ്രീക്കിൽനിന്ന് സുറിയാനിയിൽ വന്ന വാക്കുകളാണവ. പാഷണ്ഡത എന്നതിന്റെ നിഷ്പത്തി കണ്ടെത്താൻ പ്രയാസമാണ്. പാഷാണം എന്നൊരു വാക്കു

www.malankaralibrary.com

ണ്ട്. അതിന് കല്ല് എന്നാണ് പ്രധാന അർത്ഥം. കല്ലേറുമായി ഇടത്തൂടിന് വല്ല ബന്ധവുമുണ്ടോ എന്നറിഞ്ഞുകൂടാ. ഒരു വിഷദ്രവ്യത്തിന് പാഷാണം എന്നു പേരുണ്ട്. (ഇടത്തൂട് എന്ന വാക്കുകൂടി നോക്കുക).

**പാസ്കുരൂപം** ഗ്രീക്കിൽനിന്ന് ലത്തീനിലേക്കും അവിടെനിന്ന് പോർത്തുഗീസുവഴി മലയാളത്തിലേക്കും വന്നപദമാണ് പാസ്കു. ആ പദത്തോടുകൂടി രൂപം എന്ന സംസ്കൃതജന്യ മലയാളപദം ചേർത്തിരിക്കുന്നു. 'വെണ്ടുരുത്തിപ്പള്ളിയിൽ നടത്തിയിരുന്ന പാസ്കുരൂപപ്രദർശനത്തിൽ....... ഭക്തിപൂർവ്വം സംബന്ധിച്ചുപോന്നിരുന്നു' (കെ.എൽ.ഗർവാസീസ്, സ്മരണാഞ്ജലി, മൂത്തേടം, 1983, പുറം 125) എന്ന വാചകത്തിലെ പാസ്കുരൂപം എന്ന പ്രയോഗം മരിച്ചുകിടക്കുന്ന യേശുവിൻെറ പ്രതിമയെയാണ് സൂചിപ്പിക്കുന്നത്. ചില ദേവാലയങ്ങളിൽ അത്തരം പ്രതിമ കബറിൽവച്ച് നഗരികാണിക്കൽ (നഗരത്തിലൂടെ എല്ലാവരെയും കാണിച്ചു കൊണ്ടു നടക്കുക) എന്ന ഭക്തികർമ്മം നടത്താറുണ്ട്. പാശ്ചാത്യസമ്പ്രദായത്തിലുള്ള ഒരു ഭക്തി പ്രകടനമാണത്.

ഒരു പോർത്തുഗീസ് പദമായ പാസ്കു മധ്യകാല ലത്തീനിലെ പാസ്സിയോ (passio) എന്ന വാക്കിൽനിന്നുണ്ടായതാണ്. ക്ലാസ്സിക്കൽ ലത്തീനിൽ പാസിയോ എന്ന വാക്കില്ല. ക്രൈസ്തവരായ ലത്തീൻസാഹിത്യകാരന്മാർ 12-ാം നൂറ്റാണ്ടിൽ രൂപപ്പെടുത്തിയ വാക്കാണത്. സഹിക്കുക എന്നർത്ഥമുള്ള പാത്തി (Pati) എന്ന ധാതുവിൻെറ ഭൂതകാല രൂപമായ പാസൂസ് (Passus) എന്നതിൽ നിന്നാണ് പാസിയോ എന്ന പദം സൃഷ്ടിച്ചത്. ക്രിസ്തുവിൻെറ പീഡാനുഭവത്തെ സൂചിപ്പിക്കാൻ അത് ഉപയോഗിക്കുന്നു.

ഗ്രീക്കിൽ പഥ് എന്ന ധാതുവും പാസ്ഖോ എന്ന ക്രിയയുമുണ്ട്, സഹിക്കുക എന്ന അർത്ഥത്തിൽ. അതിൽനിന്നാണ് ലത്തീനിലെ പാത്തി എന്ന ക്രിയയുണ്ടായത്. സംസ്കൃതത്തിലെ ബധ് എന്ന ധാതുവോ വധ് എന്ന ധാതുവോ ഗ്രീക്കിൽ പഥ് എന്നായിക്കാണും.

പാസ്കു എന്ന് മലയാളത്തിൽ കാണുന്ന പദത്തിൻെറ പോർത്തുഗീസ് രൂപം പൈക്സാം, പൈഷാം എന്നിങ്ങനെയാണ്. പീഡാസഹനം എന്നാണർത്ഥം. പാസ്ഖോവാ (Paschoa, pascoa) എന്നൊരുപദം പോർത്തുഗീസിലുണ്ട്. അതിന് പെസഹ, (ലത്തീനിലെ പാസ്കാൽ) ഈസ്റ്റർ എന്നിങ്ങനെയാണർത്ഥം.

പാസിയോ എന്ന ലത്തീൻ പദത്തിൽനിന്ന് ഇംഗ്ലീഷിലേക്ക് കടന്ന പാഷൻ (Passion) എന്ന വാക്കിന് സഹനം എന്ന അർത്ഥത്തിനുപുറമേ വികാരാവേശം എന്നൊരർത്ഥംകൂടി 14-ാം നൂറ്റാണ്ടിൽ കിട്ടി. ഗ്രീക്കിലെ പാഥോസ് (വികാരം) എന്നപദത്തിൻെറ തർജ്ജുമയായിട്ട് ആ നൂറ്റാണ്ടിലാണ് അത് ഉപയോഗിച്ചു തുടങ്ങിയത്.

പാത്തി എന്ന ധാതുവിലെ ത കാരം സ കാരമായി പാസൂസ് എന്നായിത്തീർന്നതിൽ വിസ്മയിക്കാനില്ല. ആ ഭാഷയിലെ സാധാരണ സംഭവമാണത്. ഉച്ചാരണസൗകര്യമാണ് ഈ സ കാരാഗമനത്തിന് ഹേതു. സെമിറ്റിക് ഭാഷകളിലും ഇങ്ങനെ സംഭവിക്കുന്നുണ്ട്.

കേരളത്തിൽ പാസ്കു രൂപമുണ്ടായത് പോർത്തുഗീസ് മിഷണറിമാരുടെ കാലത്താണ് എന്ന് പറയേണ്ടതില്ലല്ലോ.

www.malankaralibrary.com

ഏ.ഡി. 1599-ൽ ഉദയംപേരൂർ സൂനഹദോസ് നടക്കുന്ന കാലത്ത് കേരളത്തിൽ പ്രതിമകൾ ഉണ്ടായിരുന്നില്ല. ചുരുക്കം ചില പള്ളികളിൽ തുണിയിൽ വരച്ച ചില ചിത്രങ്ങളുണ്ടായിരുന്നു. എന്നാൽ കൗൺസിൽ ഇങ്ങനെ കല്പിച്ചു: 'പള്ളിയുടെ പണി തീർന്നാൽ നടെ മാമ്മൊദീസ മുക്കുവാൻ ഒള്ളത-മെൽ പറഞ്ഞ വണ്ണം പണീക്കയും വെണം. അതിന്റെ ശെഷം - ഒടനെ വെണ്ടുവത ആകുന്നത പള്ളിക്കൽ വയ്പാൻ രൂപങ്ങൾ ഒണ്ടാക്കണം. പള്ളിയുടെ പെരുന്നാളുകൾക്ക് തക്ക രൂപങ്ങൾ വെണം താനും. മദുവായിൽ രൂപം തീർന്നതിന്റെ ശെഷം പൊറത്ത ദ്രൊണൊസുകളും ഒണ്ടെങ്കിൽ പള്ളിക്കൊതൽ അഴിച്ച അതിന്ന രൂപങ്ങളും ഒണ്ടാക്കണം' (7-ാം മൗത്വാ, 7-ാം കൂടിവിചാരം കാനോ̃ന 21).

**പാസ്ത** കുർബാനയുടെ സമയത്ത് അൾത്താരയിൽ വിരിക്കുന്ന ഒരു ചെറിയ വെള്ളത്തുണിയാണ് കെത്താന അഥവാ കോർപൊരാൾ. അതു മടക്കിവച്ചു സൂക്ഷിക്കാനും കൊണ്ടുനടക്കാനുമുള്ള ഒരു ഉറയാണ് പാസ്ത. ആധുനിക കാലത്താണ് പാസ്ത ഉപയോഗിച്ചുതുടങ്ങിയത് (Cf.യൗസേപ്പുഗീവറുഗീസ്, പ്രസിദ്ധാരാധന, എൽത്തുരുത്ത്, 1897, പുറം 97-98). ഒരു പോർത്തുഗീസ് പദമാണ് പാസ്ത. ചെറിയപെട്ടി, ചെറിയ ഉറ, ബ്രീഫ്കെയ്സ്, മടക്കിവച്ചിരിക്കുന്നത് എന്നൊക്കെയാണ് അതിന്റെ അർത്ഥം. ഇംഗ്ലീഷിൽ ഇതിന് ബഴ്സ് (burse) എന്നു പറയും. സഞ്ചി എന്നർത്ഥമുള്ള ബുർസാ (bursa) എന്ന ലത്തീൻ വാക്കിൽ നിന്നാണ് ആ പദമുണ്ടായത്. അതാകട്ടെ തുകൽ എന്നർത്ഥമുള്ള ബീർസ (byrsa) എന്ന ഗ്രീക്കുപദത്തിൽ നിന്നു വരുന്നു.

**പാസ്റ്റർ** പ്രോട്ടസ്റ്റൻറ് മിഷണറിമാർ കേരളത്തിൽ വന്നതോടെ (1800-നു ശേഷം) പല ഇംഗ്ലീഷുപദങ്ങളും ക്രിസ്ത്യാനികളുടെയിടയിൽ പ്രചരിച്ചു. വൈദികൻ, കഹന, കശീശ, അച്ചൻ, പുരോഹിതൻ മുതലായ വാക്കുകൾക്കു പകരം പ്രോട്ടസ്റ്റൻറുകാർ പാസ്റ്റർ (Pastor) എന്ന വാക്ക് പ്രയോഗിക്കുന്നു.

പാസ്റ്റർ എന്ന ഇംഗ്ലീഷ്പദം പാസ്തോർ എന്ന ലത്തീൻ പദത്തിൽനിന്നു വരുന്നു. ഇടയൻ എന്നർത്ഥം. പാഷെരെ (പാസ്-ചെരെ) എന്ന ലത്തീൻ ക്രിയയ്ക്ക് ആടുമാടുകളെ മേയ്ക്കുക എന്നാണർത്ഥം. തീറ്റുക, സംരക്ഷിക്കുക, സഹായിക്കുക, സൂക്ഷിക്കുക എന്നൊക്കെ അതിനർത്ഥമുണ്ട്. പഴയ ഫ്രഞ്ചിലും മധ്യകാല ഇംഗ്ലീഷിലും Pastour എന്നാണെഴുതാറ്. ഗ്രീക്കിലെ പാതെഓമായ് എന്ന ക്രിയയിൽനിന്നാണ് ലത്തീനിലെ പാഷെരെ എന്ന ക്രിയ ഉണ്ടായത്. അതാകട്ടെ, സംസ്കൃതത്തിലെ പാ (രണ്ടാം വികരിണി പരസ്മൈപദം) എന്ന ധാതുവുമായി ബന്ധപ്പെട്ടിരിക്കുന്നു. സംരക്ഷിക്കുക, തീറ്റിപ്പോറ്റുക, ഭരിക്കുക എന്നൊക്കെ അർത്ഥമുള്ള പാ എന്ന ഈ ധാതുവും കുടിക്കുക എന്നർത്ഥമുള്ള പാ (ഒന്നാം വികരിണി പരസ്മൈപദം) എന്ന ധാതുവും ഒന്നുതന്നെയെങ്കിലും കാലപ്രത്യയങ്ങൾ ചേർക്കുമ്പോൾ വ്യത്യസ്തങ്ങളാകുന്നു. കുടിക്കുക, വലിച്ചെടുക്കുക എന്നീ അർത്ഥങ്ങളുള്ള പീ (നാലാം വികരിണി ആത്മനേപദം) എന്നൊരു സംസ്കൃതധാതുവുമുണ്ട്. കൂടാതെ, സംരക്ഷിക്കുക എന്ന അർത്ഥമുള്ള പാല് (പത്താം വികരിണി ഉഭയപദം) എന്നൊരു ധാതുവുമുണ്ട്.

പിതാവ് (പിതൃ) എന്ന പദവും പാ ധാതുവിൽനിന്നുവരുന്നു. പിതു എന്ന

www.malankaralibrary.com

തിന് പോഷണം എന്നും പിതൃകൃത് എന്നതിന് പോഷണം നല്കുന്ന എന്നും സംസ്കൃതത്തിൽ അർത്ഥമുണ്ട്. (cf. Monier Williams, Sanskrit English Dictionary, P. 626 col.1) അങ്ങനെ, സംസ്കൃതം ഉപയോഗിക്കുന്ന മലയാളികൾക്ക് പാസ്റ്റർ എന്നപദം അന്യമെന്ന് പറഞ്ഞുകൂടാ.

**പിരാകുക, പിരാക്ക്, പ്രാക്ക്** 'പരസ്പരം ശകാരവർഷം ചൊരിയുകയും പിരാകുകയും ചെയ്തിരുന്നതായി കാണാം.... പിരാക്ക് നിറുത്തിയിട്ട് നാലു ദിവസംതന്നെ ആയില്ലല്ലോ' (സെഡ്. എം.പാറേട്ട്, മുളന്തുരുത്തി സുനഹദോസ്, കോട്ടയം, മലയാള മനോരമ പബ്ലീഷിംഗ് ഹൗസ്, 1966, പുറം 162). ഈ വാചകങ്ങളിലെ പിരാകുക, പ്രാക്ക് എന്നീ വാക്കുകൾ സാധാരണജനങ്ങളുടെയിടയിൽ പ്രയോഗത്തിലുള്ളവയാണ്. ബൈബിൾ തർജ്ജുമയിലും ആ വാക്ക് കയറിപ്പറ്റിയിട്ടുണ്ട് (ഉദാ: സുഭാ. 20:20) പോർത്തുഗീസ് ഭാഷയിലെ പ്രാഗാ (praga) എന്ന പദമാണ് പ്രാക്ക് എന്നായത്. അതിന് 'ശാപം, ദൗർഭാഗ്യം' എന്നിങ്ങനെ ഒരു പോർത്തുഗീസ് നിഘണ്ടു അർത്ഥം കൊടുക്കുന്നു. മറ്റൊരു നിഘണ്ടു 'പ്ലേഗ് (സാംക്രമിക രോഗം), നാശം' എന്നിങ്ങനെയും. ശാപം എന്ന അർത്ഥത്തിലാണ് നമ്മുടെ നാട്ടിൽ ഈ വാക്ക് ഉപയോഗിച്ചുവരുന്നത്. പിരാകുക എന്ന ക്രിയ അതിൽ നിന്നുണ്ടാക്കിയിരിക്കുന്നു. പിരാക്കിന് പ്രാക്ക് എന്നൊരു രൂപവുമുണ്ട്. ഏതെങ്കിലും തിന്മവരട്ടെ എന്നു പറയുന്നതാണ് പിരാക്ക്. "കാക്ക പിരാകിയാൽ പോത്തു ചാകുമോ?" എന്നൊരു ചൊല്ലുണ്ട് മലയാളത്തിൽ.

ശപിച്ചുതള്ളുക എന്ന പ്രയോഗം ഇതിൽനിന്നു വ്യത്യസ്തമാണ്, ആശയപരമായ ഒരു തെറ്റ് അംഗീകരിക്കാതെ ഉപേക്ഷിക്കുന്നുവെന്ന് പ്രഖ്യാപിക്കുന്നതാണ് ശപിച്ചുതള്ളൽ. ഇതിനെ അനാത്തമാ എന്നും പറയും. "വെസ്പുർക്കാനാ എന്ന പ്രാക്കുപെട്ട സ്ഥലത്ത്" എന്ന് "ദേവോസവിളി"യിൽ പറയുന്നു.

**പീലാസ** ഗ്രീക്കുഭാഷയിൽനിന്ന് സുറിയാനിയിലേക്കും സുറിയാനിയിലൂടെ മലയാളത്തിലേക്കും കടന്നുവന്ന പദമാണ് പീലാസ. തട്ടം, താലം, പരന്ന പാത്രം എന്നൊക്കെയാണ് അതിന്റെ അർത്ഥം. ഗ്രീക്കിൽനിന്ന് പീയാല, പിയാലി, എന്നീ രൂപങ്ങളിലും ഈ വാക്ക് സുറിയാനിയിൽ പ്രചരിച്ചിരുന്നു. പീലോസോ എന്ന് പടിഞ്ഞാറൻ സുറിയാനിയിൽ പറയും. പീലാസയ്ക്ക് ഇംഗ്ലീഷിൽ പെയ്റ്റൻ (paten) എന്നാണല്ലോ പറയുന്നത്. ആ വാക്കും ഗ്രീക്കിൽ നിന്നുണ്ടായതാണ്. ഗ്രീക്കിൽ പത്താനേ എന്നും ലത്തീനിൽ പത്തേനേ എന്നും പറയുന്നു. ലത്തീനിലെ പത്തേനേ ഇംഗ്ലീഷിൽ പെയ്റ്റൻ എന്നായി. തുറക്കുക എന്നർത്ഥമുള്ള പത്തേരെ (patere) എന്ന ക്രിയയിൽ നിന്നാണ് പത്തേനാ എന്ന നാമരൂപമുണ്ടാകുന്നത്. പരന്നപാത്രം എന്ന് സാരം. പാത്തെൻസ് എന്ന വിശേഷണത്തിന് തുറന്നിരിക്കുന്നത് എന്നർത്ഥം.

**പുക്കേറ്** 'വഴക്കും പുക്കേറും' 'വഴക്കും വക്കാണവും' മുതലായ ശൈലികൾ സാധാരണ പ്രയോഗത്തിലുള്ളതാണല്ലോ. ഇംഗ്ലീഷ് വിദ്യാഭ്യാസത്തോടെ 'കേസും പുക്കേറും' എന്ന പ്രയോഗമുണ്ടായിട്ടുണ്ട്. പുക്കാറാ എന്ന സുറിയാനി പദത്തിന് ദുർഘടവാദം, ദുർവ്വാദം, കെട്ട്, പിണച്ചിൽ എന്നൊക്കെയാണർത്ഥം. ഈ വാക്ക് പക്കാറാ എന്നും ഉപയോഗിച്ചിരുന്നു. ഈ പ്രയോഗം പൗ

www.malankaralibrary.com

രാണിക കാലത്ത് മറ്റ് അനേക സുറിയാനിപ്പദങ്ങളോടൊപ്പം കേരളത്തിൽ പ്രചരിച്ചതാണ്. സുറിയാനിയിലെ പ്ക്റ് എന്ന ധാതുവിന് കെട്ടി, ബന്ധിച്ചു, കൂട്ടിക്കെട്ടി, തടസ്സപ്പെടുത്തി, ദുർവാദം നടത്തി എന്നൊക്കെയാണർത്ഥം.

**പുരോഹിതൻ** ഹൈന്ദവ സംസ്കാരത്തിൽനിന്ന് സ്വീകരിച്ച പദമാണ് പുരോഹിതൻ. ഹിന്ദുമതത്തിൽ പൗരാണിക കാലംമുതൽ നിലനില്ക്കുന്ന ഒരേ അർത്ഥമുള്ള രണ്ട് പദങ്ങളാണ് പുരോഹിതൻ, പുരോധസ് എന്നിവ. മുമ്പിൽ എന്നർത്ഥമുള്ള പുരസ് എന്ന ഒരവ്യയവും വയ്ക്കുക (സ്ഥാപിക്കുക) എന്നർത്ഥമുള്ള ധാ എന്ന ക്രിയാധാതുവിൻെറ നിഷ്ഠാരൂപം (past participle) ആയ ഹിതയും ചേർന്നുണ്ടായതാണ് പുരോഹിതഃ എന്ന പദം. (ധാ=സ്ഥാപിക്കുക, ഹിത=സ്ഥാപിക്കപ്പെട്ടത്, പുര് = മുമ്പേ പോവുക, നയിക്കുക) ഏറ്റവും മുമ്പിൽ നില്ക്കുന്നവൻ, മുമ്പിൽ വയ്ക്കപ്പെട്ടവൻ, അധികാരം നല്കപ്പെട്ടവൻ, എന്നിങ്ങനെയാണ് പുരോഹിതൻ എന്ന വാക്കിൻെറ അർത്ഥം. വേദങ്ങളിൽ ഈ അർത്ഥത്തിൽ അതുപയോഗിച്ചിട്ടുണ്ട്. പുരോധസ് എന്ന വാക്ക് മഹാഭാരതത്തിലുമുണ്ട്. രാജാവിൻെറ പ്രധാന പുരോഹിതൻ എന്നൊരു വിശേഷാർത്ഥവും അതിനുണ്ട്.

പുരോഹിതൻ എന്നതിന് പകരമായി റോമാക്കാർ ലത്തീൻഭാഷയിൽ ഉപയോഗിച്ചിരുന്നതും ക്രൈസ്തവർ സ്വീകരിച്ചതുമായ സച്ചെർദോസ് (sacerdos) എന്ന പദത്തിൻെറ നിഷ്പത്തിയെപ്പറ്റി അന്വേഷിക്കുക രസാവഹമാണ്. സാചെർ, ദോസ് എന്ന രണ്ട് വാക്കുകളാണ് അതിലുള്ളത്. സാചെർ (sacer) എന്നതിന് വിശുദ്ധമായ എന്നാണർത്ഥം. ദോസ് എന്നത് കൊടുക്കുക എന്നർത്ഥമുള്ള ദാ (ദോ = ഞാൻ കൊടുക്കുന്നു, ദേദി=ഞാൻ കൊടുത്തു, ദാത്തും= കൊടുത്തത്, ദാരെ = കൊടുക്കുക) എന്ന ധാതുവിൽ നിന്നാണ് വരുന്നതെന്ന് ലത്തീൻ നിഘണ്ടുക്കളിൽ കാണുന്നു. അപ്പോൾ വിശുദ്ധമായത് കൊടുക്കുന്നവൻ എന്നാണ് സച്ചെർദോസിന് അർത്ഥം എന്നുവരുന്നു. പൗരാണിക റോമാക്കാർ ആ വാക്ക് ഉപയോഗിച്ചത് പ്രസാദം എന്നപോലെ ദേവാർപ്പിതവസ്തുക്കൾ കൊടുക്കുന്നവൻ എന്ന അർത്ഥത്തിലായിരിക്കാം. ക്രൈസ്തവർ അതിന് വിശുദ്ധ വസ്തുക്കളായ കൂദാശകൾ കൊടുക്കുന്നവൻ എന്ന് അർത്ഥം കല്പിച്ചു. വിശുദ്ധമായ കാര്യങ്ങൾക്കായി സമർപ്പിക്കപ്പെട്ടവൻ എന്ന അർത്ഥംകൂടി അതിനുണ്ട്. ആ അർത്ഥത്തിൽ സിസറോ (ബി.സി. 106-43) യും വീർജിലും (ബി.സി. 70-19) മറ്റും ഉപയോഗിച്ചിട്ടുണ്ട്.

സാചെർ എന്ന നാമവിശേഷണം, യാഗം നടത്തുക (ബലിയർപ്പിക്കുക) എന്നർത്ഥമുള്ള യജ് എന്ന സംസ്കൃത ധാതുവുമായി ബന്ധപ്പെട്ടിരിക്കുന്നു. വിശുദ്ധമായ എന്നർത്ഥമുള്ള അഗിയോസ് എന്ന ഗ്രീക്ക് ധാതുവുമായും അതിന് ബന്ധമുണ്ട് (ഗ്രീക്കിലെ അഗിയോസ് സംസ്കൃതത്തിലെ അഗ്നി എന്ന വാക്കുമായും ബന്ധപ്പെട്ടിരിക്കുന്നു. തീയും യാഗവും വിശുദ്ധിയും തമ്മിലുള്ള ബന്ധം ആലോചനാമൃതമാണ്).

ദോസ് എന്നത് ദാ എന്ന ധാതുവിൽനിന്ന് വരുന്നു എന്നാണല്ലോ ലത്തീൻ നിഘണ്ടുക്കൾ പറയുന്നത്. അപ്പോൾ അത് സംസ്കൃതത്തിലെ കൊടുക്കുക എന്നർത്ഥമുള്ള ദാ എന്ന ധാതുവുമായി ബന്ധപ്പെട്ടിരിക്കുന്നു. (ദാ=കൊടുക്കുക, ദദാതി=അവൻ കൊടുക്കുന്നു,

www.malankaralibrary.com

ദേഹി= നീ തരുക, ദാതും=കൊടുക്കാൻ, ദാനം= നല്കപ്പെട്ടത്). ഗ്രീക്ക് ഭാഷയിലും ഈ ധാതുവിന് വ്യത്യാസമില്ല.

എന്നാൽ, സച്ചെർദോസ് എന്നതിലെ ദോസ് സംസ്കൃതത്തിലുള്ളതും തന്മൂലം പൗരാണിക കാലത്ത് ഗ്രീക്കിലും ലത്തീനിലും നിലനിന്നതുമായ "ധാ" എന്ന ധാതുവിൽനിന്ന് വന്നതാണെന്ന് വിചാരിക്കുകയാണ് യുക്തം. സ്ഥാപിക്കുക, വയ്ക്കുക എന്നാണ് 'ധാ'യുടെ അർത്ഥം. ലത്തീനിലും ഗ്രീക്കിലും ദ, ധ എന്നിവയ്ക്ക് പ്രത്യേക ലിപികളില്ല. ഉച്ചാരണ വ്യത്യാസം ഊഹ്യം മാത്രമാണ്. സംസ്കൃതത്തിൽ നിലനിൽക്കുന്ന 'ധ' മറ്റു ഭാഷകളിൽ 'ദ' ആയി മാറി എന്നത് തീർച്ചയാണ്. ഗ്രീക്ക് ഭാഷയിലെ തിത്തെനായ് എന്നതിന് വയ്ക്കുക, സ്ഥാപിക്കുക എന്നാണർത്ഥം. അതുപോലെ തന്നെ സ്ഥാപിക്കുക എന്ന അർത്ഥത്തിൽ 'ദ' ലത്തീനിലും ഉപയോഗിക്കുന്നുണ്ട്. കൊൺദോ (=ഞാൻ സ്ഥാപിക്കുന്നു, ഒന്നിച്ചുവയ്ക്കുന്നു) ചിർകുംദോ (=ഞാൻ ചുറ്റും സ്ഥാപിക്കുന്നു) എന്നിങ്ങനെയുള്ള ക്രിയകളിൽ സ്ഥാപിക്കുക എന്ന അർത്ഥം തന്നെയാണല്ലോ ഉള്ളത്. കൊൺദിസിയോ എന്ന ലത്തീൻപദത്തിന് അവസ്ഥ, വയ്ക്കപ്പെട്ട സ്ഥിതി, എന്നാണർത്ഥം.

അങ്ങനെ സച്ചെർദോസ് എന്ന വാക്കിന് വിശുദ്ധ വസ്തുക്കൾ നല്കുന്നവൻ, വിശുദ്ധമായവയ്ക്കായി സമർപ്പിക്കപ്പെട്ടവൻ എന്നിങ്ങനെയുള്ള അർത്ഥം മാത്രമല്ല ഉള്ളത്. വിശുദ്ധ വസ്തുക്കളിൽ സ്ഥാപിക്കപ്പെട്ടവൻ എന്ന അർത്ഥം കൂടിയുണ്ട് എന്നുവരുന്നു. അപ്പോൾ പുരോഹിതനും സാച്ചെർദോസും തമ്മിലുള്ള ബന്ധം വ്യക്തമാകുന്നു. പുരോധസ് എന്ന വാക്കിൽ അത് കുറേക്കൂടി വ്യക്തമാണ്. ലത്തീനിലെ ദോസ് സംസ്കൃതത്തിലെ ധസ് എന്നതിൻെറ വ്യത്യസ്തരൂപമാണെന്ന കാര്യത്തിൽ സംശയമില്ല.

## പുലകുളി, പുലയടിയന്തിരം

പരേതൻെറ സ്വന്തക്കാർ ദുഃഖാചരണ ഘട്ടം (ഉപവാസത്തിൻെറയും പ്രാർത്ഥനയുടെയും ഘട്ടം) കഴിഞ്ഞ് നടത്തുന്ന കുളി എന്നാണ് ഇതിൻെറ ഒന്നാമത്തെ അർത്ഥം. മരണവും ശവസംസ്കാരവുമെല്ലാം അശുദ്ധി (പുല)യാണെന്നുള്ളഒരന്ധവിശ്വാസമാണ് ഈ കുളിയുടെ പിന്നിലുണ്ടായിരുന്നത്. ക്രൈസ്തവർ പുലകുളിയുടെ ദിവസം മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുകയും പരേതൻെറ ആത്മശാന്തിക്കായി അന്നദാനം നടത്തുകയും (പുലയടിയന്തിരം) ചെയ്യുമ്പോൾ അതൊരു മതകർമ്മമായിത്തീരുന്നു. ഉപവാസം അവസാനിപ്പിക്കൽ കുടിയാണിത്. ഹൈന്ദവരിൽനിന്ന് സ്വീകരിച്ചതാണീ ആചാരം. ബ്രാഹ്മണർ പത്തുദിവസം കഴിഞ്ഞും ക്ഷത്രിയർ പന്ത്രണ്ടുദിവസം കഴിഞ്ഞും നായന്മാർ പതിനഞ്ച് ദിവസം കഴിഞ്ഞും പുലയടിയന്തിരം നടത്തുന്നു. ക്രൈസ്തവരും ബ്രാഹ്മണരെപ്പോലെ പത്തുദിവസം കഴിഞ്ഞ്, പതിനൊന്നാംദിവസം അത് നടത്തിയിരുന്നു.

## പുല്പ്പം (പുൾപം, പുഷ്പം)

മൈക്കിൻെറ ഉപയോഗം തുടങ്ങിയതോടെ പള്ളികളിൽനിന്ന് പുല്പ്പം (പുൾപം) മറഞ്ഞുതുടങ്ങി. ഭാഷയിൽനിന്ന് ആ വാക്കും അപ്രത്യക്ഷമാവുകയാണ്. പ്രസംഗപീഠം എന്നാണ് പുല്പ്പം എന്ന വാക്കിനർത്ഥം. അത് പുൾപം എന്നും പുഷ്പം എന്നും മാറിമാറി ഉപയോഗിച്ചു കാണുന്നു. ചില പഴയ ദേവാലയങ്ങളിൽ ഇപ്പോഴും പുല്പ്പമുണ്ട്. പള്ളിയുടെ മധ്യഭാഗത്ത് ഒരു ഭിത്തിയോടുചേർ

www.malankaralibrary.com

ത്ത് ഒരാൾപൊക്കത്തിൽ മരംകൊണ്ട് പ്രസംഗപീഠമുണ്ടാക്കുന്നു. അതിലേക്ക് പ്രവേശിക്കാൻ നടകളുമുണ്ടാക്കും. മൂന്നുവശത്തും അഴികളുള്ള പുൾപ്പം കലാസുഭഗമായിരിക്കും. മൈക്കില്ലാതിരുന്ന കാലത്ത് പള്ളിയിൽക്കൂടുന്നവർ എല്ലാം കേൾക്കത്തക്കവിധത്തിൽ പൊരുൾപടാർത്ത (പൊരുൾ പാഠാർത്ഥം = വേദവാക്യങ്ങളുടെ അർത്ഥം വിശദീകരിക്കൽ) പറയാൻ ഉയർന്ന പ്രസംഗപീഠങ്ങൾ വേണ്ടിവന്നു. കേരളത്തിൽ ഇന്നത്തെ രീതിയിൽ കലാഭംഗിയോടെ പുല്പ്പങ്ങൾ നിർമ്മിച്ചത് ഉദയംപേരൂർ സൂനഹദോസിനുശേഷമാണ്. "തമ്പുരാൻെറ അരുളപ്പാട നിന്ന ലോകരെ കെൾപ്പിപ്പാൻ പുല്പത്തെ പണിയിപ്പാൻ" എന്ന് സുനഹദോസ് കാനോനയിൽ പറയുന്നു. "ഞായറാഴ്ച തോറും പൊരുൾ പാഠാർത്ഥയും വേണം" എന്നും, പൊരുൾ പാഠാർത്ഥ പറയാത്ത ദിവസങ്ങളിൽ സൂനഹദോസ് കാനോനകൾ പുല്പത്തിൽനിന്ന് വായിച്ച് ജനങ്ങളെ കേൾപ്പിക്കണമെന്നും സൂനഹദോസ് കല്പിച്ചിരുന്നു. മലയാളത്തിൽ എഴുതപ്പെട്ട വേദോപദേശപുസ്തകങ്ങളും കുർബാനയ്ക്ക് മുമ്പോ പിമ്പോ ജനങ്ങളെ വായിച്ചു കേൾപ്പിക്കണമെന്ന നിയമവുമുണ്ടായിരുന്നു.

പുല്പം (പുൾപം, പുഷ്പം) എന്ന വാക്ക് പോർത്തുഗീസ്ഭാഷയിലുള്ള പുൾപിതോ (പുല്പിതോ) എന്ന വാക്കിൻെറ മലയാളീകൃതരൂപമാണ്. ആ വാക്കാകട്ടെ, പുൾപിതും (Pulpitum) എന്ന ലത്തീൻ വാക്കിൽനിന്നു വരുന്നു. ഇംഗ്ലീഷിൽ പുൾപിറ്റ് (Pulpit) എന്നും ഇറ്റാലിയനിൽ പുൾപിതോ എന്നും ജർമ്മനിൽ പുൾത് എന്നും പറയുന്നു. ഉയരമുള്ള പീഠം, (സ്റ്റേജ്, പ്ലാറ്റുഫോം) എന്നാണ് അതിൻെറ അർത്ഥം. ഇതിൻെറ മൂലധാതു സംശയാസ്പദമാണെന്ന് ലത്തീൻ നിഘണ്ടുകർത്താക്കൾ പറയുന്നു. എങ്കിലും ഇതിലെ പുല് (പുൾ) എന്ന ധാതുവിന് സംസ്കൃതത്തിലെ പുല് എന്ന ധാതുവുമായി ബന്ധമുണ്ടായിരിക്കണം. ഉയരുക, വലുതാവുക, ഉയർത്തി പണിയപ്പെടുക, കുമ്പാരം കൂട്ടിയിടുക എന്നൊക്കെയാണല്ലോ പുല് എന്ന ധാതുവിന് സംസ്കൃതത്തിലുള്ള അർത്ഥം. ലത്തീൻ തൊട്ടുള്ള ഭാഷകളിൽ ഈ അർത്ഥത്തിലും മറ്റ് ചില അർത്ഥങ്ങളിലും ഇത് ഉപയോഗിക്കുന്നുണ്ട്. പുഷ് എന്ന ധാതുവിൽനിന്നുള്ള പുഷ്പിതം എന്ന വാക്കുപോലെ പുല് ധാതുവിൽ നിന്ന് പുല്പിതം എന്നവാക്ക് രൂപപ്പെടുത്തി പ്രയോഗിച്ചിരിക്കാം. പുല് എന്ന ധാതു ഒന്ന്, ആറ്, പത്ത് എന്നീ ഗണങ്ങളിൽപ്പെടുത്തി പെരുക്കാവുന്നതാണ് (പോലതി, പുലതി, പോലയതി എന്നിങ്ങനെ).

പുൾപിതും എന്ന പദം പുല്ധാതുവും, പീഠമെന്ന പദവും ചേർന്നുണ്ടായ വാക്കായിരിക്കാനും സാധ്യതയുണ്ട്. ത, ഠ, ല എന്നിവ മാറിമാറി വരുമെന്നത് ഇവിടെ അനുസ്മരണീയമാണ്. അങ്ങനെയെങ്കിൽ പുല്പിതും എന്ന ലത്തീൻ പദം ഒരു സമസ്തപദമായിരിക്കും (പുല് + പിത്). ലത്തീനിൽ പുല് എന്ന ധാതുവിന് വിവിധ രൂപഭേദങ്ങളും വ്യത്യസ്താർത്ഥങ്ങളുമുണ്ട്. മനോഹരമാക്കുക, മിനുസപ്പെടുത്തുക, പോളിഷ് ചെയ്യുക എന്നൊക്കെ അർത്ഥമുള്ള പോലിരെ എന്ന ക്രിയയുടെ ധാതു പുല് ആണ്. മനോഹരമായ എന്നർത്ഥമുള്ള പുൾക്കെർ എന്ന വിശേഷണത്തിൻെറ അടിയിൽ ഈ ധാതുവാണുള്ളത്. അടിക്കുക, ഉയരുക, സ്പന്ദിക്കുക എന്നൊക്കെ

www.malankaralibrary.com

ലത്തീൻ ഭാഷയിൽ ആ ധാതുവിന് അർത്ഥമുണ്ട്. ഈ ധാതുവിലെ ള കാരം ല കാരമായും വരും. ലളകൾ തമ്മിൽ ഭേദമില്ലെന്നാണല്ലോ നിയമം. പുഷ്പം എന്ന പ്രയോഗത്തിൽ ള കാരം ഷ കാരമാവുകയാണ്. മലയാളികളേ ഇങ്ങനെ പ്രയോഗിക്കാറുള്ളൂ.

യഹുദരുടെ പ്രാർത്ഥനാലയങ്ങളിൽ വേദഗ്രന്ഥവായനയ്ക്കായി ഒരു പീഠമുണ്ട്. അതിൽനിന്നാണ് ക്രൈസ്തവ ദേവാലയങ്ങളിലും പീഠം നിർമ്മിക്കാനുള്ള പ്രചോദനമുണ്ടായത്. കുർബാനയുടെ ആദ്യഭാഗം വചനശുശ്രൂഷയാണ്. അതിന് പീഠം ആവശ്യമാണ്. പണ്ട് ഈ പീഠത്തിന് ബേമ്മ, പ്യർഗോസ്, ആവുദിത്തോറിയും, സുജെസ്തുസ്, ലെജിത്തോറിയും എന്നൊക്കെ വിളിച്ചിരുന്നു. ഏഴാം നുറ്റാണ്ടിനുശേഷമാണ് റോമിൽ പുല്പങ്ങൾ നിർമ്മിക്കപ്പെട്ടത്. കിഴക്കൻ സഭകളിൽ ആദിമകാലം മുതലേ അതുണ്ടായിരുന്നു.

**പുറകത്തോരി** ശുദ്ധീകരണസ്ഥലം (ബേസ്പുർക്കാനാ) എന്നർത്ഥമുള്ള പുർഗത്തോരിയും (Purgatorium) എന്ന ലത്തീൻ വാക്കാണ് മലയാളത്തിൽ പുറകത്തോരി ആയത്. ദേവോസ വിളിയിൽ ഈ വാക്കുണ്ട്. ലത്തീനിൽ പുർഗാരേ എന്ന ക്രിയയ്ക്ക് വിശുദ്ധീകരിക്കുക എന്നർത്ഥം. പാശ്ചാത്യമിഷണറിമാരുടെ വരവിനുശേഷം പുറകത്തോരി എന്ന പ്രയോഗം സാധാരണമായി. ഇംഗ്ലീഷിൽ പർഗറ്ററി (Purgatory) എന്നുപറയും. ധാരാളം മലയാളകൃതികളിൽ ഈ വാക്കു കാണാം. ഇതിനുപകരമായി സുറിയാനിയിൽ ഉപയോഗിക്കുന്ന ബേസ്പുർക്കാനാ എന്നതിനു വേർതിരിക്കുന്ന, അല്ലെങ്കിൽ രക്ഷിക്കുന്ന (പുർക്കാനാ) വീട് (ബേസ്) എന്നർത്ഥം. വേർതിരിക്കുക, മാറ്റുക, രക്ഷിക്കുക എന്നിങ്ങനെ അർത്ഥമുള്ള പ്റക്ക് എന്ന സുറിയാനി ധാതുവിൽനിന്നാണത് വരുന്നത്.

**പൂശ്ബശ്ലാമ്മാ** സമാധാനത്തിൽ വസിക്കുക എന്നാണ് പൂശ് ബശ്ലാമ്മാ എന്ന സുറിയാനി ശൈലിയുടെ നിഷ്കൃഷ്ടാർത്ഥം. വിടപറയുക എന്നൊരർത്ഥം അതിനുണ്ടായി. കുർബാനാനന്തരം വൈദികൻ ബലിപീഠത്തോട് യാത്രപറഞ്ഞുകൊണ്ടുചൊല്ലുന്ന പ്രാർത്ഥനയുടെ ആദ്യവാക്കുകളാണിവ. വിശ്രമിച്ചു, വസിച്ചു, താമസിച്ചു, അടങ്ങി, വിട്ടുമാറി എന്നൊക്കെയാണ് പാശ് (പുശ്) എന്ന സുറിയാനി ധാതുവിൻെറ അർത്ഥം. ശ്ലാമ്മാ എന്നതിന് സമാധാനമെന്നാണർത്ഥം. ബ് എന്നത് സപ്തമീ വിഭക്തിയുടെ അർത്ഥം കിട്ടാൻ ചേർക്കുന്ന പ്രത്യയമാണ്. "പൂശ്ബശ്ലാമ്മ ചൊല്ലുക" എന്നതിന് വിടപറയുക എന്നർത്ഥം.

**പെസഹ** കടന്നുപോവുക എന്നർത്ഥമുള്ള പ്സഹ് എന്ന ഹീബ്രു ക്രിയയിൽ നിന്നുണ്ടായ നാമമാണ് പെസഹ്. അറമായാ ഭാഷയിൽ അത് പെസഹാ എന്നാണ്. ആ രുപംതന്നെ മലയാളത്തിലും ഉപയോഗിക്കുന്നു. ഗ്രീക്ക് സപ്തതി എന്നറിയപ്പെടുന്ന ബൈബിൾ വിവർത്തനത്തിൽ പാസ്ഖാ എന്നാണ് പ്രയോഗം. അതിൽനിന്ന് ലത്തീനിൽ പാസ്കാ (pascha) എന്ന വാക്കുണ്ടായി. ഇംഗ്ലീഷിലെ പാസ്കൽ എന്ന വിശേഷണം പാസ്കാ എന്ന ലത്തീൻ രുപത്തിൽനിന്ന് വരുന്നു. പ്രസ്തുത ഹീബ്രു ധാതുവിന് തുള്ളിച്ചാടുക, സംരക്ഷണം നല്കുക എന്നിങ്ങനെയും അർത്ഥമുണ്ട്. പുറപ്പാടിൻെറ പുസ്തകത്തിൽ രണ്ടിടത്ത് ഈ ധാതു പ്രയോഗിച്ചിരിക്കുന്നു (പുറ. 12: 13, 23). ബലികഴിക്കപ്പെട്ട കുഞ്ഞാടിൻെറ രക്തം ഇസ്രായേൽക്കാരുടെ കട്ടി

www.malankaralibrary.com

ളപ്പടിയിൻമേൽ കാണുമ്പോൾ 'ഞാൻ കടന്നുപോകും' 'യഹോവാ കടന്നുപോകും' എന്നിങ്ങനെയാണ് പ്രയോഗിച്ചിരിക്കുന്നത്.

ഈജിപ്തിലെ പീഡനത്തിൽനിന്നും അടിമത്തത്തിൽനിന്നും രക്ഷപെട്ടതിന്റെ ഓർമ്മയ്ക്കായി യഹൂദർ ആഘോഷിക്കുന്ന തിരുനാളിന് പെസഹ് എന്ന പേരുവന്നു. ഒരാഴ്ചത്തേക്കുള്ള തിരുനാളാണത്. ആ ആഴ്ചയിൽ പുളിപ്പിക്കാത്ത അപ്പമേ അവർ ഭക്ഷിക്കൂ. ക്രിസ്ത്യാനികളും പെസഹ ആചരിക്കുന്നു. ഉയിർപ്പുതിരുനാളിനും പെസഹ (പാസ്ക) എന്നാണ് അവർ പറഞ്ഞിരുന്നത്. ഉയിർപ്പിന് ഈസ്റ്റർ (Easter) എന്ന പ്രയോഗം 16-ാം നൂറ്റാണ്ടിലാണ് പ്രചാരത്തിലായത്. ആംഗ്ലോ സാക്സൺ ജനത ക്രിസ്തുമതം സ്വീകരിക്കുന്നതിനുമുമ്പ് ആഘോഷിച്ചിരുന്ന ഈസ്തർ എന്ന ഒരു ഉത്സവം പെസഹാക്കാലത്തായിരുന്നതുകൊണ്ടാണ് ആ പേർ ഉയിർപ്പ് തിരുനാളിനും ഉപയോഗിക്കാൻ ഇടയായത് എന്ന് വിചാരിക്കപ്പെടുന്നു. ബൈബിൾ ആദ്യമായി ആധുനിക ഭാഷയിലേക്ക് തർജ്ജുമ ചെയ്ത വൈക്ലിഫ് (1328-1384) പാസ്കെ എന്നു വാക്കേ ഉപയോഗിച്ചിട്ടുള്ളു. എന്നാൽ പില്ക്കാലത്ത് ബൈബിൾ വിവർത്തനം ചെയ്ത ടിൻഡൽ (1536) ഈസ്റ്റർ എന്ന വാക്ക് ഉപയോഗിച്ചു. അങ്ങനെ ആ പദം സാധാരണ പ്രയോഗത്തിലായി.

**പേത്തർത്ത** വലിയ നോമ്പ് തുടങ്ങുന്നതിനുമുമ്പുള്ള ദിവസത്തെ പേത്തർത്ത, പെത്രാത്ത, പെത്തൂർത്താ, പത്തീറൂത്ത എന്നൊക്കെ വിളിക്കുന്നു. ആഘോഷങ്ങളുടെ അവസാനദിവസമാണത്. അവസാനപ്പെരുന്നാളാണത്. അന്ന് ആഘോഷങ്ങളോട് വിടപറയുന്നു.

ആരാധനാക്രമത്തിന്റെ അടുത്ത കാലത്തെ ഒരു കലണ്ടറിൽ പേത്തർത്ത എന്നതിന് അനുരഞ്ജനം, പിറകോട്ടു നോക്കൽ, അനുതാപം എന്നൊക്കെയാണർത്ഥമെന്ന് പറഞ്ഞിരിക്കുന്നത് ശരിയല്ല. സുറിയാനിവാക്കാണെന്നതു ശരി തന്നെ. ഇത് പോർത്തുഗീസ് വാക്കായ ഇൻദ്രുദയിൽനിന്നുവരുന്നുവെന്ന് ഡോ. പി.എം. ജോസഫിന്റെ മലയാളത്തിലെ പരകീയപദങ്ങൾ എന്ന ഗ്രന്ഥത്തിൽ (ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1984, പുറം 441) പറഞ്ഞിട്ടുള്ളതും ശരിയല്ല. ഇൻദ്രുദ ഒരു കാരണവശാലും പേത്തർത്ത ആവുകയില്ല.

സുറിയാനിയിലെ പ്ത്തറ് എന്ന ധാതുവിൽനിന്നാണ് പേത്തർത്ത (പെത്രാത്ത, പേത്രത്താ, പെത്തൂർത്ത) എന്ന വാക്കുണ്ടായത്. അവസാനിച്ചു, മുഴുവനായി, പോയി എന്നൊക്കെയാണ് പ്ത്തറ് എന്നതിന്റെ അർത്ഥം. അതിൽനിന്നുണ്ടായ പാത്തോറോത്ത (പത്തീറൂത്ത) എന്ന വാക്കിന് പോക്ക്, അവസാനിക്കൽ എന്നിങ്ങനെയാണർത്ഥം. ഈ വാക്കാണ് പേത്തർത്ത, പെത്രാത്ത, പേത്രത്ത എന്നൊക്കെ രൂപംമാറി മലയാളത്തിൽ കാണുന്നത്. വർജ്ജനം, മാംസവർജ്ജനം, മത്സ്യമാംസാദികളുടെ വർജ്ജനം, നിവർത്തനം, വിടപറച്ചിൽ, അവസാനിപ്പിക്കൽ എന്നൊക്കെ ഇതിന്റെ തർജ്ജുമയായിട്ട് പറയാറുണ്ടല്ലോ. ആഘോഷങ്ങളുടെ അവസാനിപ്പിക്കൽ ദിവസമാണ് പേത്തർത്ത.

വിരുന്ന്, ഭക്ഷണം എന്നിങ്ങനെ അർത്ഥമുള്ള പാസ്സോറ എന്നൊരു വാക്ക് സുറിയാനിയിലുണ്ട്. അതിൽനിന്നുണ്ടായതല്ല പേത്തർത്ത. കൂണ് എന്നർത്ഥമുള്ള പെത്തോർത്ത എന്നൊരുപദം

www.malankaralibrary.com

സുറിയാനിയിലും അറബിയിലും ഉണ്ട്. പക്ഷേ, ആ വാക്കിൽനിന്നുണ്ടായതല്ല പേത്തർത്ത.

പേത്തർത്ത സുഭിക്ഷമായ ഭക്ഷണം കഴിക്കുന്ന ദിവസമാണ്. ആ ഭക്ഷണത്തോടുകൂടി സുഭിക്ഷമായ ഭക്ഷണരീതി അവസാനിപ്പിക്കുന്നു. അതുകൊണ്ട് അതിന് വിടപറയൽ പെരുന്നാൾ എന്നു പറയാം. അവസാനപ്പെരുന്നാൾ എന്നും പറയാം. യൂറോപ്പിലെ കാർണിവൽ (Carneval) ആഘോഷത്തിന് ഇതേ സ്വഭാവമാണുള്ളത്. ഇറച്ചിയോട് വിടപറയൽ എന്നാണ് ആ വാക്കിന്റെ അർത്ഥം. 'കാർണെംലെവാരെ' (= ഇറച്ചി മാറ്റിവയ്ക്കുക) എന്ന പ്രയോഗത്തിൽ നിന്നുണ്ടായതാണത്. കാർണെവാലെ (= മാംസമേ വിട!) എന്നും അതിനെക്കുറിച്ച് പറയാറുണ്ട്. ഇറച്ചി (caro) യൂറോപ്യന്മാരുടെ ഒരു പ്രധാനഭക്ഷണമായിരുന്നല്ലോ. കാർണിവൽ ദിവസം സുഭിക്ഷമായ ഭക്ഷണം കഴിച്ചിട്ട്, അവർ ഇറച്ചിയോട് വിടപറയുന്നു. അടുത്തദിവസം നോമ്പും ഉപവാസവും തുടങ്ങുന്നു.

പാറേമ്മാക്കൽ ഗോവർണദോർ 1785-ൽ എഴുതിയ വർത്തമാനപ്പുസ്തകത്തിൽ പെത്രാത്ത എന്നാണ് പ്രയോഗം. അതിൽ ഇങ്ങനെ പറയുന്നു: "റൊമ്മായിൽ മെൽപ്പട്ടക്കാരുടെ തക്സായിൽ എഴുതപ്പെട്ട ക്രമത്തിന് തക്കവണ്ണം മിശിഹാപിറന്നിട്ട് 1783-ാം കാലം കുംഭമാസം 17-ാം തീയതി എഴുപതാം ഞായറാഴ്ച എന്നു ചൊല്ലപ്പെടുന്ന നൊയമ്പിന്റെ പെത്രാത്ത ഞായറാഴ്ചയുടെ തലെത്തലെ ഞായറാഴ്ചനാൾ...." (കാർണിവൽ എന്ന വാക്കുകൂടി നോക്കുക).

**പൊന്നക്കം** ഉയിർപ്പ് തിരുനാളിന്റെ തീയതി കണ്ടെത്താനുള്ള നമ്പറാണ് പൊന്നക്കം. ലത്തീനിൽ ആവുരേയൂസ് നൂമെരുസ് (aureus numerus) എന്ന പ്രയോഗത്തിന്റെ തർജ്ജുമയാണിത്. ഇംഗ്ലീഷിൽ ഗോൾഡൻ നമ്പർ എന്നു പറയും. ആ നമ്പറിന്റെ പ്രാധാന്യം പ്രമാണിച്ചാണ് ഈപേരുണ്ടായത് (പൊന്നക്കം കണ്ടെത്താനുള്ള മാർഗ്ഗം വെബ്സ്റ്റേഴ്സ് ഇൻറർനാഷണൽ ഡിക്ഷനറിയിൽ golden number എന്ന വാക്കിന്റെ വിവരണത്തിലുണ്ട്).

**പൊന്തിഫിക്കൽ** പൊന്തിഫിക്കൽ കുർബാന, പൊന്തിഫിക്കൽ കമ്മീഷൻ, പൊന്തിഫിക്കൽ കൗൺസിൽ, റോമൻ പോണ്ടിഫ് എന്നിങ്ങനെയുള്ള പ്രയോഗങ്ങൾ ഇന്ന് സർവ്വസാധാരണമാണ്. പണ്ട് പൊന്തിഫിക്കൽ എന്നതിന് ശ്ലൈഹികം (ശ്ലീഹായെ സംബന്ധിച്ചത്, അതായത് ശ്ലീഹന്മാരുടെ തലവനായ പത്രോസിന്റെ പിൻഗാമിയെ സംബന്ധിച്ചത് ) എന്നാണ് പറഞ്ഞിരുന്നത്.

മാർപാപ്പയെ സംബന്ധിച്ചത് എന്ന അർത്ഥത്തിൽ ലത്തീൻ ഭാഷയിലുള്ള പൊന്തിഫിക്കാലിസ് (Pontificalis) എന്ന വാക്കിൽ നിന്നാണ് പൊന്തിഫിക്കൽ എന്ന രൂപമുണ്ടായത്. ഇംഗ്ലീഷിൽ പൊൻറിഫിക്കൽ എന്നും ഇറ്റാലിയനിൽ പൊന്തിഫിക്കാലെ എന്നും പോർത്തുഗീസിൽ പൊന്തിഫിക്കൽ എന്നും പറയുന്നു. മാർപാപ്പയ്ക്ക് ലത്തീനിൽ പോന്തിഫെക്സ് (pontifex) എന്നും പോർത്തുഗീസിൽ പൊന്തിഫിച്ചെ എന്നും പറയും.

ലത്തീനിലെ പൊന്തിഫെക്സ് എന്ന നാമരൂപത്തിൽ നിന്നാണല്ലോ പൊന്തിഫിക്കാലിസും പൊന്തിഫിക്കലുമെല്ലാം ഉണ്ടാകുന്നത്. പൊന്തിഫെക്സ് എന്ന പദത്തിന് സുദീർഘമായ ഒരു ചരിത്രമുണ്ട്. പോന്ത്, ഫെക്സ് എന്ന രണ്ടു വാക്കുകൾ ചേർന്ന സമസ്തപദമാണത്.

www.malankaralibrary.com

ഫെക്സ് എന്നത് ചെയ്യുക, ഉണ്ടാക്കുക എന്നിങ്ങനെ അർത്ഥമുള്ള ഫാച്ചെരെ (facere) എന്ന ക്രിയയിൽനിന്നുവരുന്നു. ഫാക് എന്നാണ് അതിൻെറ ധാതു. ആയിരിക്കുക എന്നർത്ഥമുള്ള ഫി എന്ന ധാതുവിൽനിന്നാണ് അതുണ്ടായത്. സംസ്കൃതത്തിലെ ഭൂ (ഭവ്) എന്ന ധാതുവിൻെറ രൂപഭേദം തന്നെ. ഗ്രീക്കിൽ അത് ഫൂ എന്നാണ്. ഉണ്ടാക്കുന്നവൻ, ആക്കിത്തീർക്കുന്നവൻ എന്നർത്ഥമുള്ള ഫെക്സ് ഒരു വിശേഷണമാണ്. അപ്പോൾ പോന്ത് ഉണ്ടാക്കുന്നവൻ, നടത്തുന്നവൻ എന്നൊക്കെയാണ് പൊന്തിഫെക്സിൻെറ അർത്ഥമെന്നുവരുന്നു. ഇനി എന്താണ് പോന്ത്?

ലത്തീനിൽ പോൺസ് (പോന്തൂസ്) എന്നൊരു വാക്കുണ്ട്. പാലം എന്നാണർത്ഥം. നിർദ്ദേശിക ഒഴികെയുള്ള വിഭക്തികളിൽ അത് പോന്ത് എന്നാകും. അതുകൊണ്ട് പാലം നിർമ്മിക്കുന്നവൻ എന്നാണ് പോന്തിഫെക്സിൻെറ അർത്ഥമെന്ന് ചിലർ പറയുന്നു. പൗരാണിക റോമിൽ ക്രിസ്തുമതം പ്രചരിക്കും മുമ്പുതന്നെ പാലം നിർമ്മിക്കൽ (വഴി നിർമ്മിക്കലും) ഒരുമതകർമ്മമായിട്ടാണ് കരുതിയിരുന്നത്. പുരോഹിതന്മാരെ അവർ പെന്തിഫിച്ചെസ് (ബഹുവചനം) എന്നാണ് വിളിച്ചിരുന്നത്.

പ്രസ്തുത സമസ്തപദത്തിലെ ആദ്യാംശം പോന്ത് എന്നല്ല, പോംപാ എന്നാണെന്ന് ചിലർ കരുതുന്നു. പോംപാ എന്നതിന് ഘോഷയാത്ര എന്നാണർത്ഥം. അതുകൊണ്ട് പോംപിഫെക്സ് പൊന്തിഫെക്സ് ആയിത്തീർന്നുവെന്നും ഘോഷയാത്ര നയിക്കുന്നവൻ എന്നാണ് അതിനർത്ഥമെന്നും അവർ വാദിക്കുന്നു.

എന്നാൽ മധ്യ ഇറ്റലിയിലെ ഒരു ഭാഷാഭേദത്തിലും (ഉംബ്രിയൻ) തെക്കേ ഇറ്റലിയിലെ ഭാഷാഭേദത്തിലും (ഓസ്കൻ) പൂന്ത് എന്നൊരു വാക്കുണ്ട്. അതാണ് പില്ക്കാലത്തെ പരിഷ്കൃത ലത്തീനിൽ പോന്ത് എന്നായതെന്ന് ചിലർ വിചാരിക്കുന്നു. വിശുദ്ധീകരിക്കുക എന്നാണ് ആ ധാതുവിൻെറ അർത്ഥം. സംസ്കൃതത്തിലും അതിന് സമാനമായ പൂ എന്നൊരു ധാതു അതേ അർത്ഥത്തിലുള്ളതുകൊണ്ട് ഈ അഭിപ്രായം ശരിയായിരിക്കാൻ കൂടുതൽ സാധ്യതയുണ്ട് (പൂതം, പാവനം, പവിത്രം മുതലായ സംസ്കൃതപദങ്ങൾ പൂ എന്ന ധാതുവിൽ നിന്നുണ്ടാകുന്നു). അപ്പോൾ വിശുദ്ധീകരിക്കുന്നവൻ എന്നും ബലിയർപ്പിക്കുന്നവൻ എന്നും ആ വാക്കിന് അർത്ഥം കിട്ടും. വിശുദ്ധീകരണവും ബലിയർപ്പണവും പരസ്പരബന്ധിതമാണ്. ബലി എന്നർത്ഥമുള്ള സാക്രിഫിച്ചിയും എന്ന ലത്തീൻ വാക്കിന് വിശുദ്ധമാക്കുന്നത് എന്നാണല്ലോ അർത്ഥം (സാക്രും-വിശുദ്ധമായത്; ഫാച്ചെരെ= ചെയ്യുക). മുൻ പറഞ്ഞ ഭാഷാഭേദങ്ങളിൽ ബലി എന്ന അർത്ഥത്തിൽ പുന്തിസ് (Puntis) എന്നൊരു വാക്കുണ്ടായിരുന്നു.

പുരാതന റോമാക്കാർ പുരോഹിതനെയും ചക്രവർത്തിയെയും പൊന്തിഫെക്സ് എന്നുവിളിച്ചിരുന്നു. ക്രിസ്ത്യാനികൾ തങ്ങളുടെ പരമാധ്യക്ഷനെ പൊന്തിഫെക്സ് എന്നുതന്നെ വിളിച്ചു.

**പ്രസിദേന്തി (പ്രെസിദേന്തി)** തിരുനാൾ നോട്ടീസുകളിൽ സ്ഥിരം കാണുന്ന ഒരു പദമാണല്ലോ പ്രസിദേന്തി. ലത്തീൻഭാഷയിൽനിന്ന് പോർത്തുഗീസ് ഭാഷയിലേക്കും അതിൽനിന്നു മലയാളത്തിലേക്കുംവന്ന വാക്കാണത്. പോർത്തുഗീസിൽ പ്രെസിദെന്തെ എന്നാണ് ആ വാക്ക്. സംസ്കൃതത്തിലെ അദ്ധ്യ

www.malankaralibrary.com

ക്ഷൻ, ഇംഗ്ലീഷിലെ പ്രസിഡൻ്റ് എന്നിവയ്ക്ക് തുല്യമാണത്. തിരുനാൾ പ്രസിദേന്തി എന്നുപറയുമ്പോൾ തിരുനാൾ നടത്തുന്നവൻ എന്നാണ് ഉദ്ദേശിക്കുന്നത്. മേൽനോട്ടം വഹിക്കൽ മാത്രമല്ല പണംമുടക്കൽകൂടി അതിൽ ഉൾപ്പെടുന്നു.

ലത്തീൻ ഭാഷയിൽ സെദെരെ എന്നൊരു ക്രിയയുണ്ട്. ഇരിക്കുക എന്നാണർത്ഥം. അതിലെ ധാതു സെദ് (sed) എന്നാണ്. സംസ്കൃതത്തിലെ സദ് എന്ന ധാതുതന്നെയാണത്. അല്പം മാറ്റം സംഭവിച്ചെന്നേ ഉള്ളൂ. ഗ്രീക്കിൽ ഇതിന് സമാനമായി ഹെദ് (എദ്) എന്ന ധാതുവുണ്ട്. ലത്തീനിലെ സെദ് എന്ന ധാതുവിനോടുകൂടി പ്രെ എന്നൊരു ഉപസർഗ്ഗം ചേർക്കുന്നു. മുമ്പിൽ എന്നാണ് അതിനർത്ഥം (സംസ്കൃതത്തിലെ പുരഃ പ്ര എന്നിവയ്ക്ക് തുല്യമാണ് പ്രെ എന്ന ഉപസർഗ്ഗം). അങ്ങനെ ഉപസർഗ്ഗം ചേരുമ്പോൾ പ്രെസേദെരെ എന്ന ക്രിയയുണ്ടാകുന്നു. പക്ഷേ, പ്രെസീദരെ എന്നേ പ്രയോഗിക്കൂ (സേദരെ എന്നത് സീദെരെ എന്നാകും). ഈ ക്രിയയിൽനിന്ന് പ്രെസെസ് എന്നൊരു വിശേഷണമുണ്ടാകും. അത് നാമമായിട്ടും ഉപയോഗിക്കും. പ്രഥമാ വിഭക്തിയിലൊഴികെ എല്ലാ വിഭക്തികളിലും ഒരു ദ കാരംകൂടെ ചേർന്നിരിക്കും. ഉദാ: പ്രെസിദിസ്=സംരക്ഷിക്കുന്നതിൻെറ, സംരക്ഷിക്കുന്നവൻെറ. അതുപോലെതന്നെ പ്രെസീദെൻസ് എന്നൊരു വിശേഷണവുമുണ്ടാകും. അതും നാമമായിട്ട് ഉപയോഗിക്കും - രക്ഷിക്കുന്ന, രക്ഷിക്കുന്നവൻ, മുമ്പിലിരിക്കുന്ന, മുമ്പിലിരിക്കുന്നവൻ എന്നിങ്ങനെയാണ് അതിൻെറ അർത്ഥം. അങ്ങനെ പ്രെസിദെന്തെ (presidente) എന്നൊരു പോർത്തുഗീസ് വാക്ക് ലത്തീൻവിശേഷണത്തിൽനിന്ന് രൂപപ്പെട്ടു. അത് മലയാളികൾ പ്രസിദേന്തി എന്നാക്കി മാറ്റി. ലത്തീനിലെ പ്രേസെസ് എന്ന വാക്കിൻെറ അവസാനം കാണുന്ന 'സ്' പ്രഥമാ വിഭക്തിയുടെ അടയാളമാണല്ലോ. ലത്തീൻഭാഷയിൽ അത് നിലനിറുത്തിയിരിക്കുന്നു. എന്നിട്ട് ധാതുവിലെ ദ കാരം വിട്ടുകളഞ്ഞു. സംസ്കൃതത്തിലാണെങ്കിൽ പ്രഥമയുടെ അടയാളമായ 'സ്' വിട്ടുകളയും. പദാന്ത്യത്തിൽ സംയുക്താക്ഷരം വന്നാൽ 'സ്' വിട്ടുകളയുകയാണ് സംസ്കൃതത്തിൻെറ സ്വഭാവം. ഉച്ചാരണ സൗകര്യമാണ് ഈ വിട്ടുകളയലിനെല്ലാം ആധാരം.

പ്രേസെദെൻസ് എന്നതിന്, മുമ്പിൽ ഇരുന്നുകൊണ്ട് എന്നും മുമ്പിൽ ഇരിക്കുന്നവൻ എന്നും അർത്ഥമുണ്ട്. സംസ്കൃതത്തിൽ പുരഃസീദത്ത് എന്നു പറഞ്ഞാൽ ഈ അർത്ഥം കിട്ടും. പ്രേസെസ് എന്ന അർത്ഥം കിട്ടാൻ പുരഃസദ് എന്നു പറഞ്ഞാൽ മതി. പരി (=ചുറ്റും) എന്ന ഉപസർഗ്ഗവും സദ് എന്ന ധാതുവും ചേർന്നാണ് പരിഷത് (പരിഷത്ത്) എന്ന സംസ്കൃതവാക്കുണ്ടായത്. ചുറ്റുമിരിപ്പ് എന്നാണ് അതിൻെറ നിഷ്കൃഷ്ടാർത്ഥം. സമ്മേളനം എന്ന് സാരം.

മാർപാപ്പയുടെ ഇരിപ്പിടം അല്ലെങ്കിൽ കാര്യാലയം എന്ന അർത്ഥത്തിൽ ഹോളി സീ (Holy See) എന്നൊരു ഇംഗ്ലീഷ് പ്രയോഗമുണ്ടല്ലോ. അതിലെ സീ എന്ന വാക്ക് സേദെസ് (sedes) എന്ന ലത്തീൻ വാക്കിൻെറ ഒരു വികൃതരൂപമാണ്. സേദെസ് എന്നതിന് ഇരിപ്പിടം എന്നർത്ഥം. ഇറ്റാലിയൻ ഭാഷയിൽ ഇരിപ്പിടത്തിന് സെദിയാ (sedia) എന്നാണ് പറയുക. ഇംഗ്ലീഷിൽ സീറ്റ് എന്നും (മൂലഭാഷയിലെ ത കാരത്തെ ഇംഗ്ലീഷിൽ റ്റ എന്നാക്കി). ഈ വാക്കുകളെല്ലാം

www.malankaralibrary.com

ലത്തീനിലെ സെദ് എന്ന ധാതുവിൽ നിന്ന് വരുന്നവയാണ്.

**പ്രാതി** പഴയരേഖകളിൽ ക്രൈസ്തവ സന്ന്യാസിമാരെപ്പറ്റി പ്രാതി എന്ന് പ്ര യോഗിച്ചിട്ടുണ്ട്. ഏ.ഡി. 1632-ലെ ഒരു രേഖയിൽ (പോർത്തുഗീസ് വൈസ്രോ യിക്ക് കൊടുക്കാൻവേണ്ടി കേരളത്തി ലെ കൊല്ലം മുതൽ പാലയൂർ വരെയു ള്ള വൈദികർ ഇടപ്പള്ളിയിൽക്കൂടി എഴു തിയ പരാതിയാണത്. ഈശോസഭാ വൈദികർക്കെതിരേയാണ് പരാതി) ഇങ്ങനെ പറയുന്നു: “വിശെഷിച്ച കട വിൽ ചാണ്ടി കത്തനാര ഞങ്ങടെ എടവ കെടെ അന്യായം എപ്പെരും സുറിയാനി പെച്ചിൽ മാർപാപ്പക്ക് കെടുദാശ എഴു തി. തൊനാത്തൊസ പ്രാതിയുടെ പക്കൽ കൊടുക്കയും ചെയ്തു.” (എ പ്പെരും=എല്ലാം; കെടുദാശ = കടലാസ്സ്; തൊനാത്തൊസ് = Donatus). ഇവിടെ പ്പറയുന്ന തൊനാത്തൊസ് പ്രാതി ഇറ്റലി ക്കാരനായ ഒരു ഡൊമിനിക്കൻ സന്ന്യാ സിയാണ്. സുറിയാനി പണ്ഡിതനായ അദ്ദേഹം 1626-ൽ കേരളത്തിൽവന്നു. കടുത്തുരുത്തിയിൽ അദ്ദേഹം സെമിനാ രി നടത്തിയിരുന്നു. ഈശോസഭക്കാർ ക്കെതിരേയുള്ള പരാതികൾ മാർപാപ്പ യ്ക്ക് കൊടുക്കാൻവേണ്ടി അദ്ദേഹത്തെ ഏല്പിച്ച കാര്യമാണിവിടെ പറയുന്നത്.

പ്രാതി എന്ന വാക്ക് 1606-ൽ റോസ് മെത്രാൻ എഴുതിയ നിയമാവലിയിലു മുണ്ട്. “എന്നാൽ പ്രാതികളും ശെഷം പട്ടക്കാരും നമ്മുടെ എടവകക്കാരരെ കും പസാരിപ്പിക്കണം എങ്കിൽ...” (30-ാം സാ ഹാ) എന്ന് ആ നിയമാവലിയിൽക്കാ ണുന്നു. ഇവിടെയെല്ലാം പ്രാതി എന്നതി ന് സന്ന്യാസി എന്നാണ് ഉദ്ദേശിച്ചിട്ടു ള്ളത്. ഫ്രഞ്ചുകാർ എന്ന അർത്ഥത്തി ലാണ് ഈ വാക്ക് പ്രയോഗിച്ചിട്ടുള്ള തെന്ന് ഡോ. പി. എം. ജോസഫിൻെറ മലയാളത്തിലെ പരകീയപദങ്ങൾ എന്ന ഗ്രന്ഥത്തിൽ (പുറം 436) പറയുന്നതു ശരി യല്ല. പ്രാതി എന്ന പദം യഥാർത്ഥത്തിൽ ലത്തീൻ ഭാഷയിലെ ഭ്രാത്തെർ (frater) എന്ന പദത്തിൽനിന്ന് വരുന്നു. സഹോ ദരൻ എന്നാണ് അതിൻെറ അർത്ഥം. സം സ്കൃതത്തിലെ ഭ്രാതൃ എന്നതിൻെറ മറ്റൊരു രൂപം മാത്രമാണത്. പഴയ ഫ്രഞ്ചിൽ Frere എന്നും ഇംഗ്ലീഷിൽ Friar എന്നും പോർത്തുഗീസിൽ Frei എന്നും ഇറ്റാലിയൻ ഭാഷയിൽ Frato (ബഹു വചനം Frati) എന്നും അത് രൂപം മാറുന്നു. ഫ്രാൻസിസ്കൻ സന്ന്യാസിമാരെ Friars Minor എന്നും Gray Friars എന്നും വി ളിക്കുന്നു. ഡോമിനിക്കൻ സന്ന്യാസി മാരെ Friars Preachers എന്നും Black Friars എന്നും വിളിക്കും. കർമ്മലീത്താ ക്കാരെ White Friars എന്നും അഗസ്റ്റീ നിയൻ സന്ന്യാസിമാരെ Austin Friars എന്നും വിളിക്കുന്നു. സന്ന്യാസിമാർ തങ്ങളെത്തന്നെ സഹോദരന്മാരായിട്ടാ ണ് കരുതുന്നത്. പരസ്പരം വിളിക്കുന്ന തും അങ്ങനെതന്നെയായിരുന്നു. റോ സിൻെറ നിയമാവലിയിൽ പ്രാതികളും ശെഷം പട്ടക്കാരും എന്നു പറയുമ്പോൾ സന്ന്യാസവൈദികരും മറ്റ് വൈദികരും എന്നാണ് ഉദ്ദേശിച്ചിട്ടുള്ളത്. മുൻപറ ഞ്ഞ തൊനാത്തൊസ് ഇറ്റലിക്കാരനാ ണ് - ഫ്ളോറൻസുകാരൻ. ഫ്രാൻസു കാരനല്ല. ഫ്രാൻസിസ്കൻ സന്ന്യാസി യെ ഉദ്ദേശിച്ചല്ല, ഡോമിനിക്കൻ സന്ന്യാ സിയെ ഉദ്ദേശിച്ചാണ് മുൻപറഞ്ഞ രേഖ യിൽ പ്രാതി എന്നു പ്രയോഗിച്ചിട്ടുള്ളത്. ഫ്രാൻസിസ്കൻ വൈദികരായിരിക്കാം എന്ന് രണ്ട് പ്രാചീന ഗദ്യകൃതികൾ എന്ന ഗ്രന്ഥത്തിൽ (പേജ് 138) പ്രൊഫ. സ്കറി യാ സഖറിയാ സംശയം പ്രകടിപ്പിച്ചതു

www.malankaralibrary.com

കൊണ്ടാണ് ഇത് പ്രത്യേകം പറയുന്നത്. എല്ലാ സന്ന്യാസസഭകളിലും പെട്ടവരെ പ്രാതി (Frere, Frei, Friar, Frater) എന്ന് വിളിക്കും എന്ന് ഇത്രയും പറഞ്ഞതിൽ നിന്ന് വ്യക്തമാണല്ലോ.

**പ്രൊപ്പഗാന്താഫീദെ** അക്രൈസ്തവരുടെയിടയിൽ സുവിശേഷം പ്രഘോഷിക്കുന്നവർക്ക് നേതൃത്വം നല്കാൻ ഏ.ഡി. 1622- ജൂൺ 22-ന് ഗ്രിഗറി 15-ാമൻ മാർപാപ്പ സ്ഥാപിച്ച സംഘടനയാണ് പ്രൊപ്പഗാന്താതിരുസംഘം എന്ന് കേരളത്തിൽ അറിയപ്പെടുന്നത്. പോർത്തുഗൽ രാജ്യക്കാരും സ്പെയിൻകാരും 14-ാം നൂറ്റാണ്ടുമുതൽ പുതിയ നാടുകൾ കണ്ടെത്തുകയും അവിടങ്ങളിൽ ക്രിസ്തുമതം പ്രചരിപ്പിക്കുകയും ചെയ്തുതുടങ്ങി. അവരുടെ പ്രവർത്തനങ്ങളിൽ ചില അപാകതകൾ ഉണ്ടായിരുന്നു. തന്മൂലം മതപ്രചാരണ പ്രവർത്തനങ്ങളെ നിയന്ത്രിക്കാൻവേണ്ടി ഈ സംഘടന സ്ഥാപിക്കപ്പെട്ടു (ഇതിന്റെ ഇപ്പോഴത്തെ പേര് Congregation for the Evangelisation of Peoples എന്നാണ്).

പ്രൊപ്പഗാന്താ തിരുസംഘത്തിന്റെ പൂർണ്ണനാമം ദെ പ്രൊപ്പഗാന്താ ഫീദെ എന്നാണ്. പ്രചരിപ്പിക്കപ്പെടേണ്ട (Propaganda) വിശ്വാസത്തെ സംബന്ധിച്ച് (de fide) എന്നാണ് ആ പേരിന്റെ അർത്ഥം. ലത്തീൻ ഭാഷയിലുള്ള പേരാണിത്. സംബന്ധിച്ച് എന്നർത്ഥമുള്ള ഒരു ഉപസർഗ്ഗമാണ് ദെ. അതു കഴിഞ്ഞു വരുന്ന നാമവും വിശേഷണവും സപ്തമീവിഭക്തിയിലായിരിക്കും. പ്രൊപ്പഗാന്താ (ഏകവചനം, സ്ത്രീലിംഗം) എന്ന വിശേഷണത്തിന് പ്രചരിപ്പിക്കപ്പെടേണ്ടത് എന്നർത്ഥമാണ്. വിശ്വാസം എന്നർത്ഥമുള്ള ഫീദെസ് (fides) എന്ന നാമത്തിന്റെ സപ്തമീവിഭക്തിയാണ് ഫീദെ.

പ്രൊപ്പഗാരെ എന്ന ലത്തീൻ ക്രിയയിൽ നിന്നാണ് പ്രൊപ്പഗാന്താ എന്ന വിശേഷണമുണ്ടാകുന്നത്. ആ ക്രിയയാകട്ടെ മുന്നോട്ട്, നന്നായിട്ട്, വേണ്ടി എന്നൊക്കെ അർത്ഥമുള്ള പ്രോ എന്ന ഉപസർഗ്ഗവും പാൻജെരെ എന്ന ക്രിയയും ചേർന്നുണ്ടായതാണ്. പ്രോ എന്നത് സംസ്കൃതത്തിലെ പ്ര തന്നെയാണ്. പാൻജെരെ (പാൻഗെരെ) എന്നതിന്റെ മൂലം പാഗ്, പാൻഗ് എന്നീ ധാതുക്കളിൽ ഒന്നായിരിക്കണം. ലത്തീനിലും ഗ്രീക്കിലും ആ ധാതുവിന് ഉറപ്പിക്കുക, ബന്ധിക്കുക, നീക്കുക എന്നൊക്കെ അർത്ഥമുണ്ട്. ഉപസർഗം ചേരുമ്പോൾ അതിന് അർത്ഥവ്യത്യാസം വരുന്നു. ഈ മൂലധാതു സംസ്കൃതത്തിലെ പശ് ധാതുവുമായി ബന്ധപ്പെട്ടിരിക്കുന്നു.

## ഫ

**ഫീലിയാദ (പീലാസുമകൾ)**
ഒരാൾ, താൻ തലതൊട്ട പെൺകുട്ടിയെ ഫിലിയാദ (Filiada) എന്നുവിളിക്കുന്നു. ഒരു പോർത്തുഗീസ് പദമാണ് ഫിലിയാദ. മകളുടെ സ്ഥാനത്തുള്ളവൾ എന്നാണർത്ഥം. മകൾ എന്നർത്ഥമുള്ള ഫീലിയാ (filia) എന്ന ലത്തീൻ വാക്കിൽനിന്നാണതു വരുന്നത്. ആ വാക്കാകട്ടെ സംസ്കൃതത്തിലെ ഭൂ എന്ന ധാതുവുമായി (ഗ്രീക്കിൽ ഫു) ബന്ധപ്പെട്ടിരിക്കുന്നു. ആയിരിക്കുക, ആയിത്തീരുക, ഉണ്ടായിരിക്കുക എന്നൊക്കെ അർത്ഥമുള്ള ഭൂധാതുവിന്റെ കർമ്മണ്യർത്ഥം ആക്കപ്പെട്ട, ഉണ്ടാക്കപ്പെട്ട എന്നൊക്കെയാണല്ലോ. മാമ്മോദീസ ഒരു പുനർജനനമാണ്. ആദ്ധ്യാത്മികമായ ഒരർത്ഥത്തിലാണ് ഇവിടെ പ്രയോഗം. മകൾ എന്ന അർത്ഥം മലയാളികൾക്ക് തോന്നാത്തതുകൊണ്ട് ഫിലിയാദമകൾ എന്നും പറ

www.malankaralibrary.com

ഞ്ഞുപോകുന്നു. ഈ വാക്ക് ചുരുങ്ങി പീലാസു മകൾ എന്നായിത്തീരുന്നു.

**ഫീലിയാദുമകൻ (പീലാസു മകൻ)** ഒരാൾ, താൻ തലതൊട്ട ആൺ ശിശുവിനെ ഫീലിയാദു (ഫീലിയാദോ) എന്നുവിളിക്കുന്നു. പുത്രസ്ഥാനമുള്ള വൻ എന്നാണ് ആ പോർത്തുഗീസ് പ്രയോഗത്തിൻെറ അർത്ഥം. ഫീലിയാ എന്നുമാത്രം പറയുമ്പോൾ മകൻ (മകൻെറസ്ഥാനം) എന്ന അർത്ഥം വ്യക്തമല്ലായ്കയാൽ മലയാളികൾ മകൻ എന്ന് കൂട്ടിച്ചേർക്കുന്നു. ഈ വാക്കു പീലാസു മകൻ എന്ന രൂപം പ്രാപിച്ചിട്ടുണ്ട്.

പുത്രൻെറ അവസ്ഥ എന്നാണ് ഫീലിയാദോ (filiado) എന്ന പോർത്തുഗീസ് പദത്തിനർത്ഥം. മകൻ എന്നതിന് ഫീല്യോ (filho) എന്നാണ് പോർത്തുഗീസിൽ പറയുന്നത്. ഫീലിയൂസ് (filius) എന്ന ലത്തീൻ വാക്കിൻെറ പരിണത രൂപമാണത്. ഫീലിയൂസ് എന്ന വാക്കാകട്ടെ സംസ്കൃതത്തിലെ ഭു എന്ന ധാതുവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഗ്രീക്കിൽ അത് ഫു എന്നാകും. ആയിരിക്കുക (ആയിത്തീരുക) എന്നർത്ഥമുള്ള ഭു ധാതുവിൻെറ കർമ്മണ്യർത്ഥം ആക്കിത്തീർത്തു എന്നാണല്ലോ. അതിന് ജനിപ്പിച്ച എന്ന് വിവക്ഷയുമുണ്ടാകും. (ലത്തീനിൽ ഫിയേരി എന്നതിന് ആയിത്തീരുക എന്നർത്ഥമാണ്).

# ബ

**ബപ്തിസ്ത (ബാപ്തിസ്ത)** ബഞ്ചമിൻ ബെയ്‌ലി ബൈബിൾ വിവർത്തനം ചെയ്തകാലം (1825) മുതലാണ് മാംദാന എന്ന സുറിയാനി വാക്കിന് പകരമായി ബപ്തിസ്ത എന്ന വാക്ക് കേരളത്തിൽ പ്രചരിച്ചത്. ബാപ്തിസ്ത എന്നും പ്രയോഗിക്കാറുണ്ട്. "പിന്നെ ആ നാളുകളിൽ യോഹന്നാൻ ബപ്തിസ്ത വന്ന യെഹുദിയായിലുള്ള വനത്തിൽ പ്രസംഗിച്ചു പറഞ്ഞു" (മത്താ. 3:1) എന്നിങ്ങനെ അദ്ദേഹം വിവർത്തനം ചെയ്ത ബൈബിൾ വാക്യം, 1811-ൽ അച്ചടിച്ച ബുക്കാനൻെറ വിവർത്തനത്തിൽ ഇപ്രകാരമാണ്: "എന്നാൽ ആ ദിവസങ്ങളിൽ അവയിൽ യൊഹന്നാൻ മായെംദാനാ അവൻ വന്ന യൂദിനുടെ വനത്തിൽ അവനറിക്കുന്നുവായി". കത്തോലിക്കരുടെ പ്രഥമവിവർത്തനമായ മഞ്ഞുമ്മേൽ ബൈബിളിൽ (1905) ഇങ്ങനെ കാണുന്നു: "എന്നാൽ ആ നാളുകളിൽ സ്നാപകയോഹന്നാൻ വന്ന യൂദേയായിലുള്ള വനത്തിൽ പ്രസംഗിച്ചു".

ബുക്കാനനും സംഘവും വിവർത്തനം ചെയ്തത് കൽദായാ സുറിയാനിയിലുള്ള ബൈബിളിൽനിന്നാണ്. ബെയ്‌ലി ഗ്രീക്കിൽനിന്നും മഞ്ഞുമ്മേൽക്കാർ ലത്തീനിലെ വുൾഗാത്തയിൽനിന്നും വിവർത്തനം ചെയ്തു (ബുക്കാനൻെറ വിവർത്തനത്തിൽ, അവയിൽ, അവൻ എന്നിവ ആവർത്തനപരമായി പ്രയോഗിച്ചിരിക്കുന്നത് സുറിയാനിയിലെ ക്രിയകളോടുകൂടെ ചേർന്നിരിക്കുന്ന സർവനാമപ്രത്യയങ്ങൾ പോലും വിട്ടുകളയാതെ തർജ്ജുമ ചെയ്തതുകൊണ്ടാണ്). മാംയെംദാനാ എന്നത് മലയാളത്തിൽ മാംദാനാ എന്നാണ് പറയാറ്. സ്നാപകൻ സംസ്കൃതപദമാണ്. ബപ്തിസ്ത ഗ്രീക്കിൽ നിന്നുവന്ന ലത്തീനും. മൂന്നുവാക്കുകൾക്കും ഒരേ അർത്ഥം തന്നെ.

ഗ്രീക്കിൽ ബാപ്തോ എന്ന ക്രിയയ്ക്ക് മുക്കുക എന്നർത്ഥം. അതിൽനിന്ന് ലത്തീനിൽ ബാപ്തിസോ (ഞാൻ മുക്കുന്നു) എന്ന ക്രിയയുണ്ടായി. ബാപ്തിസ്ത എന്ന നാമവും. ഇതിൽനിന്ന്

www.malankaralibrary.com

ഇംഗ്ലീഷിലെ ബാപ്റ്റിസ്റ്റ് (baptist) എന്ന പദമുണ്ടായി. ബാപ്തിസ്തെസ് എന്നാണ് മുക്കുന്നവൻ എന്നതിന് ഗ്രീക്കിൽ പറയുന്നത്.

ഉദയംപേരൂർ സൂനഹദോസ് കാനോനകൾ, പ്രാർത്ഥനാപുസ്തകങ്ങൾ മുതലായവയുടെ സഹായംകൊണ്ട് മാംദാന എന്ന വാക്ക് ഇന്നും നിലനില്ക്കുന്നു. ബപ്തിസ്ത, സ്നാപകൻ എന്നിവയും പ്രചാരത്തിലുണ്ട്.

**ബലയാർ, ബല്യാൽ** തന്ത്രശാലി, തട്ടിപ്പുകാരൻ, വഞ്ചകൻ, ദുഷ്ടൻ എന്നിങ്ങനെ അർത്ഥമുള്ള ഒരു സുറിയാനി പദമാണ് ബലയാറ്. 'ബലയാർ സിംഹാസനത്തുങ്കൽ വന്നപ്പോൾ നാം അവനെ പരീക്ഷിച്ചു'. 'ബലയാറിൽനിന്നു ഭവിച്ചിട്ടുള്ള സങ്കടം നാം കേട്ടപ്പോൾ' (സെഡ്. എം. പാറേട്ട്, മുളന്തുരുത്തി സൂനഹദോസ്, കോട്ടയം, 1966, പുറം 96) എന്നിങ്ങനെ അന്ത്യോഖ്യാ പാത്രിയാർക്കീസ് പറഞ്ഞപ്പോൾ ആ അർത്ഥമാണ് ഉദ്ദേശിച്ചത്. "മാർ മാത്യൂസ് അത്തനാസ്യോസിനെ ബലയാർ എന്നു വിളിച്ചത് സംസ്കാരത്തിന് ചേർന്നതല്ലെന്ന് ഇന്ന് തോന്നാം" (സെഡ്. എം. പാറേട്ട്, ഉദ്ധൃ. ഗ്ര. പുറം 162). പിശാച് എന്നൊരർത്ഥം ഈ പദത്തിനുണ്ട്. ബല്യാല് എന്ന മറ്റൊരു രൂപവുമുണ്ട്. ഒരുപക്ഷേ, ഇത് ബ്ലാ എന്ന ധാതുവിൽനിന്നുണ്ടായ നാമമായിരിക്കാം. പഴയതായി, ക്ഷീണിച്ചു, ക്ഷയിച്ചു എന്നൊക്കെയാണ് ആ ധാതുവിനർത്ഥം. ബലീൽ എന്നതിന് വഷളായ എന്നർത്ഥമുണ്ട്. ബുല്ബാലാ എന്ന വാക്കിന് കലക്കം, കലഹം, വഷളത്തം, സങ്കലനം എന്നൊക്കെയാണർത്ഥം. "ക്രിസ്തുവിന് ബെലിയാലുമായി എന്തു യോജിപ്പാണുള്ളത്?" (2 കോറി. 6: 15) എന്ന് പൗലോസ്ശ്ലീഹാ ചോദിക്കുന്നു.

ഈ സുറിയാനി വാക്കിൽ 'റ' കാരവും 'ല' കാരവും അർത്ഥവ്യത്യാസം വരുത്താതിരിക്കുന്നു. (ഭാരതത്തിലെ പാലിഭാഷയിലും ല, ര (റ) എന്നിവ മാറി വരും. ബാബേൽ (ബാബിലോൺ) എന്നതിന് ബാവരു എന്നാണു പാലിയിൽ. രാമ ആണ് ലാമാ ആയത്. (ബാബേൽ എന്ന വാക്കു നോക്കുക).

**ബൽസാം** ബൽസാമുർ, ബൽസാംമൂറോൻ എന്നിങ്ങനെയുള്ള പ്രയോഗ ങ്ങൾ ആരാധനാക്രമ ഗ്രന്ഥങ്ങളിൽ ധാരാളമായി കാണാം.

ബത്സാം (Balsam) എന്ന സസ്യത്തിൽ നിന്നെടുക്കുന്ന സുഗന്ധമുള്ള ദ്രാവകമാണ് ബത്സാം. അത് ഉണങ്ങിയാൽ അരക്കുപോലെയിരിക്കും. സൈത്തും ബത്സാമും ചേർന്നാണ് ക്രിസ്മ എന്ന തൈലമുണ്ടാക്കുന്നത്. മൂറോനുണ്ടാക്കുന്നതിന് കിഴക്കൻ സഭകളിൽ സൈത്തും ബത്സാമും മറ്റു ചില സുഗന്ധദ്രവ്യങ്ങളും ചേർക്കുന്നുണ്ട്.

ഗ്രീക്ക്ഭാഷയിൽ ബത്സാമോൺ (Balsamon) എന്നും ലത്തീൻ ഭാഷയിൽ ബത്സാമും (balsamum) എന്നും ഇംഗ്ലീഷിൽ ബത്സാം (Balsam) എന്നും പറയപ്പെടുന്നു. ഈ വാക്ക് മിക്കവാറും ഒരു സെമിറ്റിക്ക് ഭാഷാപദമായിരിക്കുമെന്നാണ് പണ്ഡിതമതം. ബത്സാമൂർ, ബത്സാംമൂറോൻ എന്നീ വാക്കുകളിൽ സുഗന്ധതൈലമെന്നർത്ഥമുള്ള മൂറോൻ (മൂർ) എന്നപദം കൂട്ടിച്ചേർത്തിരിക്കുകയാണ്.

www.malankaralibrary.com

**ബസ്ക്യാമാ, ബർസ്ക്യാമാ** ഉടമ്പടിയുടെ മകൾ എന്നർത്ഥമുള്ള ഒരു കൽദായാ സുറിയാനി സമസ്തപദമാണ് ബർസ്ക്യാമാ. വൈദികരുടെ ഭാര്യമാരെ വിളിക്കാൻ ഉപയോഗിക്കുന്ന പേര്. ബസ്ക്യാമാ എന്നും മലയാളികൾ പറയാറുണ്ട്. കേരളത്തിൽ 1599-ൽ നടന്ന ഉദയംപേരൂർ സൂനഹദോസുവരെ വൈദികരുടെ ഭാര്യമാർക്ക് സഭയിൽ ഉയർന്ന സ്ഥാനമുണ്ടായിരുന്നതായി ആ സൂനഹദോസിൻെറ കാനോനകളിൽ കാണാം. വൈദികരുടെ വിവാഹം ആ സൂനഹദോസ് മുടക്കി. (മൗതാ 5, കാനോന 11, 12). കാലക്രമേണ ഈ പ്രയോഗം അങ്ങനെ കത്തോലിക്കർക്ക് അപരിചിതമായിത്തീർന്നു. മറ്റുള്ളവർ ഇന്നും ഉപയോഗിക്കുന്നുണ്ട്. ബർക്യാമാ എന്ന പ്രയോഗത്തിന് (പുല്ലിംഗ രൂപം) സന്ന്യാസി, വൈദികൻ എന്നൊക്കെ അർത്ഥമുണ്ട്.

ബർസാ എന്ന സുറിയാനിപദത്തിന് പുത്രി എന്നർത്ഥം. പുത്രൻ എന്നർത്ഥമുള്ള ബ്രാ എന്ന പദത്തിൻെറ സ്ത്രീലിംഗരൂപമാണത്. സൃഷ്ടിച്ചു, നിർമ്മിച്ചു എന്നിങ്ങനെ അർത്ഥമുള്ള ഒരു ക്രിയ കൂടിയാണ് ബ്രാ. ബർസാ എന്നപദം ലോപിച്ച് ബർസ് എന്നാകും. അങ്ങനെ ബർസ്ക്യാമാ എന്ന സമസ്തപദമുണ്ടാകും. ബർ പുല്ലിംഗവും ബർസ് സ്ത്രീലിംഗവുമാണ്.

ക്യാമാ എന്നതിന് ഉടമ്പടി എന്നർത്ഥമാണ്. സമ്മതം, നിയമം, സ്ഥിരത, ജീവിതവൃത്തി, സമൂഹം എന്നൊക്കെ ഇതിനർത്ഥമുണ്ട്. ബർസ്ക്യാമാ എന്ന പദം മസ്ക്യാമാ എന്ന് ചിലർ തെറ്റിച്ച് ഉച്ചരിക്കാറുണ്ട്.

ബർസ്ക്യാമ എന്നതിനു പകരം കത്തനാരത്തി എന്നും കർത്തത്തിയാരമ്മ എന്നും പറഞ്ഞിരുന്നു. കത്താത്തിയാര (Catatiara) എന്ന് വിദേശികളുടെ ഗ്രന്ഥങ്ങളിൽ കാണുന്നു. "അവർക്ക് പള്ളികളിൽ പ്രത്യേക ബഹുമാനവും ചില വരുമാനങ്ങളും അനുവദിച്ചിരുന്നു. പൊന്നുകൊണ്ടോ മറ്റേതെങ്കിലും ലോഹം കൊണ്ടോ ഉള്ള ഒരുവിധം വലിയ കുരിശ് അവർ കഴുത്തിൽ ധരിക്കുക പതിവായിരുന്നു" (cf. പ്ലാസിഡ് പൊടിപാറ, നമ്മുടെ റീത്ത്, മാന്നാനം, 1944, പുറം 37). വൈദികരുടെ വിവാഹം വാസ്തവമല്ലെന്നും വൈദികരുടെ ഭാര്യമാർ വേർപിരിഞ്ഞു താമസിക്കണമെന്നും ഉദയംപേരുർ സുനഹദോസ് കല്പിക്കുകയുണ്ടായി.

**ബസിലിക്ക (ബസ്ലിക്ക)** കലാസുഭഗങ്ങളായ വലിയ ദേവാലയങ്ങളെയാണ് ഇന്ന് ബസിലിക്ക എന്നു വിളിക്കുന്നത്. പക്ഷേ, ആദ്യകാലത്ത് രാജകീയ കൊട്ടാരങ്ങളെയാണ് അങ്ങനെ വിളിച്ചിരുന്നത്. ഗ്രീക്കുഭാഷയിലെ ബസിലിക്കെ എന്ന വാക്കിൽനിന്നുണ്ടായ ലത്തീൻ പദമാണ് ബസിലിക്ക (Basilica). ഗ്രീക്കിൽ ബസിലേയുസ് എന്നതിന് രാജാവ് എന്നും ബസിലിക്കോസ് എന്നതിന് രാജാവിനെ സംബന്ധിച്ചത് എന്നുമാണർത്ഥം. കോൺസ്റ്റന്‍റൈൻ ചക്രവർത്തി (ഏ.ഡി. 274-337) ക്രിസ്തുമതത്തെ അംഗീകരിക്കുകയും (ഏ.ഡി. 313) ഏഴു വലിയ ദേവാലയങ്ങൾ പണിയിക്കുകയും ചെയ്തു. അവയെയാണ് രാജകീയ പള്ളികൾ എന്ന അർത്ഥത്തിൽ ബസിലിക്കകൾ എന്ന് ആദ്യം വിളിച്ചത്. റോമിൽ ഇന്ന് അഞ്ച് വലിയ ബസിലിക്കകളും എട്ട് ചെറിയ ബസിലിക്കകളുമുണ്ട്. ബസിലിക്കകളെ രാജകീയ ദേവാലയങ്ങൾ എന്നു വിളിക്കാം.

www.malankaralibrary.com

**ബാബേൽ, ബാബിരു, ബാവരു.** ബാബേൽ, ബാവരു, വാവേൽ, വാവര് എന്നൊക്കെ മലയാളത്തിൽ പറയുന്നത് ബാബിലോണിയായിലെ ബാബിലോൺ (ബാബേൽ) എന്ന സ്ഥലത്തെക്കുറിച്ചാണ്. പണ്ട് ബാബേലിൽനിന്നാണ് ഇവിടെ വൈദികമേലദ്ധ്യക്ഷന്മാർ വന്നിരുന്നത്. ആ പേര് ആദിമനൂറ്റാണ്ടുകളിൽ ഇവിടെ പ്രചാരത്തിലായി.

ബാബിലോൺ എന്നത് ഗ്രീക്കുകാർ കൊടുത്തപേരാണ്. ഹീബ്രുവിൽ ബാബേൽ എന്നാണ് പേര്. ആ പ്രദേശത്തുകാർ തങ്ങളുടെ ഭാഷയിൽ (അക്കാദിയൻ ഭാഷയിൽ) ആ നഗരത്തിന് ബാബ്ഇലി (Bab-ili) എന്നാണ് പേരിട്ടിരുന്നത്. ആ പേര് സുമേറിയൻ ചിത്രലിപി ഉപയോഗിച്ച് മിക്കപ്പോഴും 'കാ-ദിൻ ജിർ-റ' എന്നെഴുതിയിരുന്നു. അതിന്റെ അർത്ഥം ദൈവത്തിന്റെ കവാടം എന്നാണ് (ജറ. 25.26; 51:41, മസ്സോറിറ്റിക്ക് പതിപ്പ്).

ബാബേൽ എന്ന വാക്കിന് ഭിന്നിപ്പിച്ച അല്ലെങ്കിൽ കൂട്ടിക്കുഴച്ച സ്ഥലം എന്നൊരർത്ഥം ഉത്പത്തിപ്പുസ്തകത്തിൽ കാണുന്നുണ്ടല്ലോ (ഉത്പ. 11:1-9). അവിടെവച്ച് (ബാബേൽ ഗോപുരം പണിതപ്പോൾ) ആളുകളുടെ ഭാഷ പലതായിപ്പോയതുകൊണ്ടാണ് ആ പേരുണ്ടായതെന്ന് യഹൂദർ കരുതിയിരുന്നു. അങ്ങനെ സാധാരണ ജനങ്ങളുടെ ഒരു വ്യാഖ്യാനമാണ് ആ അർത്ഥത്തിന്റെ (ഉത്പ. 11:9) പിന്നിലുള്ളത്.

അറബികൾ ബാബിലോണിയ കീഴടക്കിയപ്പോൾ സ്ഥലപ്പേരുകൾ എല്ലാം അറബിയിലാക്കി. ഇന്നത്തെ ബാഗ്ദാദ് നഗരത്തിൽനിന്ന് 60 മൈൽ തെക്കാണ് പഴയ ബാബിലോൺ (ബാബേൽ) നഗരം. അനേകം കുന്നുകൾ നിറഞ്ഞ ആ പ്രദേശത്തെ വടക്കേ അറ്റത്തെ കുന്നിന് ഇന്നും ബാബിൽ എന്നാണ് പേര്.

ക്രിസ്തുമതാരംഭത്തിന് വളരെ മുമ്പ്, ബാബേലും ഭാരതവുമായി വ്യാപാരബന്ധമുണ്ടായിരുന്നു. ബുദ്ധമതക്കാരുടെ സാഹിത്യത്തിൽ (പാലി ഭാഷയിലുള്ള കൃതികളിൽ) ബാബിലോണിന് ബാവെരു എന്നാണ് പേര്. പ്രാചീന പേർഷ്യൻ കുണിഫോം എഴുത്തിൽ ബാബിരു എന്നുമാണ്. പ്രൊഫ. വെബർ 1873 മേയിലെ Indian Antiquary -ൽ എഴുതിയ ലേഖനത്തിൽ ഇങ്ങനെ പ്രസ്താവിക്കുന്നു: "ബാവെരു എന്നു വിളിക്കപ്പെടുന്ന (പഴയ പേർഷ്യൻ കുണിഫോം എഴുത്തിൽ ബാബിരു) ബാബിലോണിലേക്ക് ഭാരതീയ കച്ചവടക്കാർ നടത്തിയ യാത്രകളെപ്പറ്റി ബുദ്ധമത സാഹിത്യത്തിലെ ഒരു പരാമർശം മിനയെഫ് (Minayeff) കണ്ടെത്തിയിട്ടുണ്ട്. അവരുടെ രണ്ടാമത്തെ യാത്രയിൽ വില്പനയ്ക്കായുള്ള ആദ്യത്തെ മയിൽക്കോഴിയെ അവർ അവിടേക്ക് കൊണ്ടുപോയി". കാൽഡ്വലിന്റെ ദ്രാവിഡ ഭാഷാ വ്യാകരണത്തിൽ (മദ്രാസ് 1956) ഈ വാചകങ്ങൾ ഉദ്ധരിച്ചിട്ടുണ്ട് (പുറം. 89). അറബികൾ വരുന്നതിനുമുമ്പ് (9-ാം നൂറ്റാണ്ടിനുമുമ്പ്) ബാബേൽ എന്നു മാത്രമല്ല ബാവരു എന്നു കൂടി ഇവിടെ പ്രയോഗിച്ചിരുന്നു എന്ന് സൂചിപ്പിക്കാനാണ് ഈ ഉദ്ധരണി ഇവിടെ ചേർത്തത്. പല ഭാഷകളിലും ലകാരം രകാരമായി മാറുന്നുണ്ട്. ബലയാൽ എന്നതു ബലയാറ് എന്നു മാറിയത് സെമിറ്റിക്ക് ഭാഷയിലെ മാറ്റത്തിന് ഒരു ഉദാഹരണമാണ്. സംസ്കൃതത്തിലെ രാമ എന്നത് ലാമാ എന്നു മാറിയത് ആര്യൻ ഭാഷകളിലുണ്ടാകുന്ന മാറ്റത്തിന് ഉദാഹരണമാണല്ലോ. ബാബേൽ എന്ന വാക്ക് ബുദ്ധമതത്തിന്റെ ഭാഷ

www.malankaralibrary.com

യായ പാലിയിൽ ബാവെരു എന്നും പ്രാചീന പേർഷ്യനിൽ ബാബിരു എന്നുമാണ് എഴുതുകയും പറയുകയും ചെയ്തിരുന്നത്. പ്രാചീന നിലയ്ക്കൽ പ്രദേശത്തിനടുത്തുള്ള "ബാവരു നട" എന്ന സ്ഥലം ബാബേലിൽനിന്നുള്ള ഒരു സിദ്ധൻേറതായിരുന്നു എന്ന പാരമ്പര്യത്തെ ഈ വസ്തുത പിന്താങ്ങുന്നു. അത് ബാബേലിൽനിന്നു വന്ന ഒരു ക്രൈസ്തവ സിദ്ധൻേറതായിരുന്നുവെന്ന് ഗവേഷകനായ റവ. തോമസ് നങ്ങച്ചിവീട്ടിൽ ഏഷ്യയിലെ മാർത്തോമ്മാസഭകൾ എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആ പ്രദേശമെല്ലാം 14-ാം നൂറ്റാണ്ടിൽ ആക്രമണംമൂലം വിജനമാകുകയും പില്ക്കാലത്ത് ആളുകൾ അവിടെ കുടിയേറുകയും ചെയ്തു.

**ബാവാ (ബാബ)** പിതാവ് എന്നർത്ഥമുള്ള ആബാ, അബ്ബ എന്നീ രൂപങ്ങൾ മാത്രമല്ല ബാബാ എന്നൊരു രൂപവും പൗരാണിക സുറിയാനിയിലുണ്ടായിരുന്നു. അത് ഇന്നും കേരളത്തിൽ നിലനില്ക്കുന്നുണ്ട്. അറബിഭാഷ ഉപയോഗിക്കുന്ന മതാധികാരികൾ ഇവിടെ വന്നിരുന്നതുകൊണ്ട് അവർവഴിയാണ് ബാബാ എന്ന പ്രയോഗം ഇവിടെയുണ്ടായതെന്ന് തോന്നിയേക്കാം. എട്ടാം നൂറ്റാണ്ടിനുശേഷമാണ് അറബിഭാഷ ആ മതാധികാരികൾ ഉപയോഗിക്കേണ്ടിവന്നത് എന്ന കാര്യം ഓർമ്മിക്കേണ്ടതുണ്ട്. അതിന് എത്രയോ നൂറ്റാണ്ടുകൾമുമ്പ് കൽദായ സുറിയാനി ഇൻഡ്യയിൽ പ്രചരിച്ചിരുന്നു. ബി.സി. മൂന്നാം നൂറ്റാണ്ടിൽ ഇൻഡ്യ ഭരിച്ചിരുന്ന അശോകൻെറ ഒരു ശിലാശാസനം കൽദായാ സുറിയാനിയിലാണെന്ന കാര്യം ഓർമ്മിക്കുക. ഇന്നത്തെ ഇംഗ്ലീഷുഭാഷയുടെ നിലയായിരുന്നു അന്ന് കൽദായാ സുറിയാനിക്കുണ്ടായിരുന്നത് - ഒരു ലോക ഭാഷയുടെ നില. ലോകവ്യാപാരത്തിൽ കൽദായർക്കും യഹൂദർക്കുമായിരുന്നു പ്രധാനസ്ഥാനം. കൽദായാഭാഷയിൽനിന്നും ഹീബ്രു ഭാഷയിൽനിന്നും നമ്മുടെ ഭാഷകളിലേയ്ക്ക് വാക്കുകൾ കടന്നുവന്നിട്ട് എത്രയോ നൂറ്റാണ്ടുകൾക്കുശേഷമാണ് അറബി പദങ്ങൾ കടന്നുവന്നത്. ഇക്കാര്യം ഭാഷാഗവേഷകർ മറന്നുപോകുന്നു. അശോകചക്രവർത്തി എന്തുകൊണ്ട് ഒരു ധർമ്മശാസനംപോലും അറബിയിൽ എഴുതിയില്ല? ഹീബ്രുവിൽനിന്നും സുറിയാനിയിൽനിന്നും വന്ന പദങ്ങൾ പേർഷ്യനിൽനിന്നോ ഉർദുവിൽനിന്നോ അറബിയിൽനിന്നോ വന്നു എന്നുപറയുന്നതു ശരിയല്ല.

കേരളക്രിസ്ത്യാനികളുടെ പഴയ പാട്ടുകളിൽ ആലാഹാ (ദൈവം), ആബുൻ (ഞങ്ങളുടെ പിതാവ്), ആബാ (പിതാവ്), എമ്മ (അമ്മ), ബാവാ (പിതാവ്), മർത്ത, മാറാൻ മുതലായ വാക്കുകൾ ധാരാളമായിട്ടുണ്ടല്ലോ. ബാബാ എന്ന പദം വാവാ, ബാവ എന്നൊക്കെയായിട്ടുണ്ട്, മലയാളത്തിൽ. ഉദയംപേരൂർ സൂനഹദോസിൻെറ കാനോനകളിൽനിന്നു ചില ഉദാഹരണങ്ങൾ ചേർക്കാം: "വാവാടെ സുതിയുടെ വലത്തുഭാത്ത് ഇരിക്കുന്നു" (2-ാം മൗത്വാ 3-ാം സാഹ), വാവാന്മാരുടെ ആത്മാവുകളെ രക്ഷി ച്ച..." (2-ാം മൗത്വാ 3-ാം സാഹ).

സുറിയാനിക്രിസ്ത്യാനികളുടെ പഴയ പാട്ടുകളിൽ "നല്ല യാബൂൻമാരെ... ഞാനെത്തിപ്പേൻ..." (പുറം 6), "ബാവാ തൻെറ മനോഗുണമതിനാലെ" (പുറം 97) എന്നൊക്കെ കാണാം.

ബാവാൻമാർ എന്ന ബഹുവചനം മലയാളികൾ രൂപപ്പെടുത്തിയതാണ്. (ആബൂന എന്ന വാക്കു കാണുക).

www.malankaralibrary.com

## ബാവൂസാനോമ്പ് (എട്ടുനോമ്പ്)

ആയിരക്കണക്കിന് കേരളീയവനിതകൾ ആചരിക്കുന്ന ഒരു നോമ്പിൻെറ പേരാണ് ബാവൂസാനോമ്പ് (ബാവുസാനൊയംപ് എന്നുംപറയാം). എട്ടു ദിവസത്തേക്കുള്ള നോമ്പായതുകൊണ്ട് എട്ടു നോമ്പ് എന്നും ഇതിനുപേരുണ്ട്. പകൽ സമയം മുഴുവനും പള്ളിയിൽ പ്രാർത്ഥനയും ഉപവാസവുമായി കഴിച്ചുകൂട്ടുന്നതുകൊണ്ട് ഭജനമിരിക്കൽ എന്നും പറയാറുണ്ട് (ഈ പേര് ഹൈന്ദവ സംസ്കാരത്തിൽനിന്നു വന്നുചേർന്നതാണ്). കന്യകാമറിയത്തിൻെറ നാമത്തിലുള്ള ദേവാലയങ്ങളിലാണ് ഇത് നടത്താറുള്ളത്.

ബാവൂസ എന്നത് ഒരു കൽദായാ സുറിയാനിപ്പദമാണ്. പ്രാർത്ഥന, യാചന, അപേക്ഷ എന്നൊക്കെയാണർത്ഥം. പ്രാർത്ഥനയോടുകൂടിയ ഉപവാസമാണത്. പടിഞ്ഞാറൻ സുറിയാനിയിൽ ബാവുസോ നോമ്പെന്ന് പറയും. 18-ാം നൂറ്റാണ്ടിനുശേഷമാണ് ബാവൂസോ എന്ന് കേരളത്തിൽ പറഞ്ഞുതുടങ്ങിയത്. ബാവസ്, വാത് എന്നൊക്കെ അനഭ്യസ്തവിദ്യർ ഈ നോമ്പിനെപ്പറ്റി പറഞ്ഞിരുന്നു.. എട്ടുനോമ്പെന്ന പേര് 1599-ലെ ഉദയംപേരുർ സൂനഹദോസ് കാനോനകളിൽ പ്രയോഗിച്ചിട്ടുണ്ട്. "ഈ വണ്ണം തന്നെ കന്നിഞായറ്റിൽ (കന്നിമാസത്തിൽ) എട്ടു നൊയംപ എന്നു ചൊല്ലുന്ന നൊയമ്പും" (7-ാം മൗത്വാ, 7-ാം കാനോന) എന്ന് അതിൽ കാണാം.

ബാവൂസയുടെ ചരിത്രം ഇവിടെ പരാമർശിക്കേണ്ടിയിരിക്കുന്നു. എട്ടാം നൂറ്റാണ്ടിൽ മെസപ്പൊട്ടോമിയായിലെ (ഇന്നത്തെ ഇറാക്ക്) ഹീർത്താ എന്ന നഗരത്തിലാണ് ഇതു തുടങ്ങിയത്. ടൈഗ്രീസിൽ ഹന്നാൻഈശോ (685-700) എന്നറിയപ്പെടുന്ന കാതോലിക്കയുടെ കാലത്താണ് തുടക്കം. മുസ്ലിങ്ങൾ ക്രൈസ്തവ രാജ്യങ്ങളെല്ലാം കീഴടക്കി വരുന്ന കാലമായിരുന്നു അത്. അന്നത്തെ മുസ്ലിം രാജാവായിരുന്ന അബ്ദുൾ മൽക്ക് (685-705) ഹീർത്താ എന്ന പ്രദേശത്തെ സ്ത്രീകൾ സുന്ദരികളാണെന്നറിഞ്ഞ് ആ നാട്ടിലെ വിവാഹപ്രായമുള്ള എല്ലാ കന്യകകളെയും ശേഖരിച്ച് കൊണ്ടുവരാൻ കല്പനയയച്ചു (രാജാക്കന്മാർക്ക് സുന്ദരിമാരുടെ സമൂഹങ്ങൾ തന്നെ ഭാര്യമാരായിട്ടുണ്ടായിരുന്ന കാലമാണത്). ഈ കല്പനകേട്ട് ഭീതി പൂണ്ട യുവതികൾ, തങ്ങളെ രക്ഷിക്കുന്നതിനുവേണ്ടി കന്യകാമറിയത്തോടു പ്രാർത്ഥിക്കാൻ പള്ളിയിൽ ഓടിക്കൂടി, പ്രാർത്ഥനയിലും ഉപവാസത്തിലും കഴിച്ചുകൂട്ടി. നോമ്പു തുടങ്ങി മൂന്നാം ദിവസം യോഹന്നാൻ എന്ന അവിടത്തെ മെത്രാന്, സുവിശേഷം വായിച്ചുകൊണ്ടിരിക്കെ, ഒരു ദർശനമുണ്ടായി. രാജാവ് മരിച്ചു എന്നായിരുന്നു അതിൻെറ സാരം. കുറച്ചുകഴിഞ്ഞ് അത് ശരിയാണെന്ന് അറിയുകയും ചെയ്തു. അക്കാലം മുതൽ കന്യാത്വ സംരക്ഷണത്തിനുവേണ്ടി യുവതികൾ നോമ്പു നോക്കിവന്നു. പില്ക്കാലത്ത് വിവിധ ലക്ഷ്യങ്ങൾക്കായി ഈ നോമ്പ് തുടർന്നു. (cf. കോനാട്ടു മാത്തൻ കോറെപ്പിസ്കോപ്പാ, മലങ്കര യാക്കോബായ സുറിയാനിക്രിസ്ത്യാനികളുടെ പ്രാർത്ഥനാക്രമം, പാമ്പാക്കുട, 1939. പുറം 319, 320)

കേരളത്തിൽ ഈ നോമ്പ് 9-ാം നൂറ്റാണ്ടിൽ തുടങ്ങി. അതിനുണ്ടായ പ്രത്യേക കാരണം കച്ചവടത്തിനു വന്ന

www.malankaralibrary.com

മുസ്ലിങ്ങൾ ഒരു കലഹത്തിൽ ക്രൈസ്തവ കേന്ദ്രമായിരുന്ന കൊടുങ്ങല്ലൂർ പള്ളി തകർക്കുകയും ക്രൈസ്തവരുടെ അങ്ങാടിക്കും വീടുകൾക്കും തീവയ്ക്കുകയും ചെയ്തു എന്നതാണ്. ആ ആക്രമണത്തിൽ അക്രമികളിൽനിന്ന് രക്ഷപെടാൻ ഇവിടത്തെ കന്യകകൾ എട്ടു നോമ്പു നോക്കാൻ നേർന്നു. "പട്ടണവും ചുട്ടു നട്ടുച്ചക്കിറങ്ങി. ഇനിയെന്തിനാ മോളേ മുട്ടാക്ക്?" എന്ന്, മുട്ടാക് (മൂടുപടം) പോലും എടുക്കാനൊത്തില്ലല്ലോ എന്ന് ആവലാതിപ്പെട്ട തൻെറ മകളോട് ഒരു വയോവൃദ്ധ അന്നു പറഞ്ഞത് ഒരു ശൈലിയായി ഇന്നും നിലനില്ക്കുന്നു. കൊടുങ്ങല്ലൂർ ക്രൈസ്തവരുടെ പള്ളിയും അങ്ങാടിയും പല നൂറ്റാണ്ടുകളിലായി ഇപ്രകാരമുള്ള മൂന്ന് ആക്രമണങ്ങൾക്ക് ഇരയായിട്ടുണ്ടെന്ന് ചരിത്രത്തിൽ കാണാം. ഒമ്പതാം നൂറ്റാണ്ടിൽ ഈ ആക്രമണം മൂലം ക്രിസ്ത്യാനികൾ കൊടുങ്ങല്ലൂർ വിട്ട് കൊല്ലത്തു ചെന്നു. അങ്ങനെ അവിടം ഒരു വ്യാപാരകേന്ദ്രമായി ത്തീർന്നു. പില്ക്കാലത്ത് അവിടെയും ആക്രമണങ്ങളുണ്ടായി.

ബാവൂസാ നോമ്പിൽ അക്രൈസ്തവർ പങ്കുകൊള്ളുന്നുണ്ടെന്ന വസ്തുത സ്മരണീയമാണ്. ഈ നോമ്പ് ആദ്യം തുടങ്ങിയത് അബ്ദുൾ മൽക്കിൻെറ കാലത്തല്ല അസ്രു അബർവീസിൻെറ കാലത്താണ് എന്ന് ചില ചരിത്രകാരന്മാർ പറയുന്നുണ്ട്. ഏതായാലും ഏഴ്, എട്ട് നൂറ്റാണ്ടുകളിൽ തുടങ്ങിയതാണെന്നതിൽ സംശയമില്ല. കന്യകകളുടെ സംരക്ഷണത്തിനുവേണ്ടിയാണ് അത് ആരംഭിച്ചത് എന്നതിലും സംശയമില്ല. ദനഹാ കഴിഞ്ഞുവരുന്ന തിങ്കളാഴ്ചയാണ് ഇത് തുടങ്ങുന്നത്. ചില വർഷങ്ങളിൽ അന്ന് മൂന്നുനോമ്പ് തുടങ്ങേണ്ടി വരുന്നതുകൊണ്ട് ഈ നോമ്പ് നടത്തിയിരുന്നുമില്ല. ഇന്ന് ഈ നോമ്പിൻെറ തീയതി മാറ്റിയിട്ടുണ്ട്.

**ബാറേക്മാർ** അടുത്തനാൾവരെ സുറിയാനി ക്രമത്തിൽപ്പെട്ട കേരള ക്രൈസ്തവർക്ക് സുപരിചിതമായിരുന്ന ഒരു സുറിയാനി ശൈലിയാണ് ബാറേക്മാർ. കർത്താവേ (മാറ്) ആശീർവദിക്കണമേ (ബാറേക്) എന്നാണ് അതിൻെറ അർത്ഥം. യേശുജനിച്ചുവളർന്ന പലസ്തീനയിൽ അവശേഷിക്കുന്ന ക്രിസ്ത്യാനികൾ വൈദികരെയും മേല്പട്ടക്കാരെയും കാണുമ്പോൾ അഭിവാദനം ചെയ്യുന്നത് ഈ ശൈലി ഉപയോഗിച്ചാണ്. എ.ഡി. 8-ാം നൂറ്റാണ്ടിൽ അറബികൾ യഹൂദ-ക്രൈസ്തവ നാടായ പലസ്തീന കീഴടക്കി. യേശുവിൻെറ മതവും ഭാഷയും (അറമായ അഥവാ സുറിയാനി) തുടച്ചു നീക്കാൻ ശ്രമിക്കുകയും അവിടെ അറബിഭാഷ നടപ്പിലാക്കുകയും ചെയ്തു. എന്നാലും യേശു സംസാരിച്ച ആ ഭാഷയിലെ ഈ പ്രയോഗം ഇന്നും നിലനില്ക്കുന്നു എന്നത് അദ്ഭുതകരമാണ്. പരമ്പരയാ ഉപയോഗിച്ചുവന്ന അഭിവാദന വാചകമായി അവർ അത് പ്രയോഗിക്കുന്നു.

പടിഞ്ഞാറൻ സുറിയാനി ഉപയോഗിക്കുന്ന അന്ത്യോക്യൻ ആരാധനാക്രമത്തിൽ ബാറേക്മോർ എന്നാണ് പറയുന്നത്. കൽദായാ സുറിയാനിയും പടിഞ്ഞാറൻ സുറിയാനിയും തമ്മിലുള്ള വ്യത്യാസം മൂലമാണത്. അകാരമെല്ലാം ഒകാരമാക്കുകയാണ് പടിഞ്ഞാറൻ സുറിയാനിക്കാർ വരുത്തിയ പരിഷ്കാരത്തിലെ പ്രധാന ഇനം. ക്രിസ്തുമതം അഭിപ്രായഭിന്നതമൂലം രണ്ടായി തിരിഞ്ഞപ്പോൾ ഭാഷയ്ക്ക് മാറ്റം വരുത്തി. മറ്റൊരുമതത്തിൻെറ ചരിത്രത്തിലും ഇതു സംഭവിച്ചിട്ടില്ല.

www.malankaralibrary.com

**ബുക്റാ** കുർബാനയിൽ കുദാശ ചെയ്യപ്പെടുന്ന ഓസ്തിക്ക് (അപ്പം) ബുകറാ എന്നാണല്ലോ പറയുന്നത്. ഒരു സുറിയാനി വാക്കാണിത്. വാസ്തവത്തിൽ അതിൻെറ അർത്ഥം കടിഞ്ഞൂൽ പുത്രൻ എന്നാണ്. മനുഷ്യരെയും മൃഗങ്ങളെയും കുറിച്ച് ഈ വാക്ക് പ്രയോഗിക്കും. ബ്കർ എന്ന ക്രിയയ്ക്ക് ഒന്നാമനാവുക, ആദ്യമുണ്ടാവുക എന്നൊക്കെയർത്ഥം. യേശുവിനെ കടിഞ്ഞൂൽപുത്രൻ എന്ന് വിളിക്കുന്നതുകൊണ്ടാണ് വാഴ്ത്തപ്പെട്ട ഓസ്തിക്ക് (അപ്പത്തിന്) ഈ പേരുണ്ടായത്. ഓസ്തിയിലെ യേശുവിൻെറ സാന്നിധ്യത്തെ സൂചിപ്പിക്കാനാണ് ഈ ആലംകാരികപ്രയോഗം.

**ബേമ (ബേമ്മ)** വേദഗ്രന്ഥം വായിക്കുന്നവർക്ക് നില്ക്കാനുള്ള ഉയർന്ന ഒരു പീഠം എന്നാണ് ബേമ്മ (ബേമ) എന്നതിൻെറ പ്രഥമാർത്ഥം. ആ പീഠത്തിൽ പുസ്തകം വച്ചു വായിക്കാനുള്ള ഒരു സ്റ്റാൻഡും ഉണ്ടായിരിക്കും (cf. Emil Schurer, The History of the Jewish people in the Ages of Jesus Christ, T & T Clark Ltd., Edinburgh, 1979 Vo. II, p. 446). യഹൂദ ദേവാലയങ്ങളിൽ ബേമയുണ്ട്. ആദിമ ക്രൈസ്തവരും തങ്ങളുടെ ദേവാലയങ്ങളിൽ ബേമ്മകൾ നിർമ്മിച്ചു. വാസ്തവത്തിൽ സെമിറ്റിക് ഭാഷകളിലേക്ക് കടന്ന ഒരു ഗ്രീക്കുവാക്കാണ് ബേമ്മ. സിംഹാസനം, ന്യായാസനം, പ്രസംഗസ്ഥലം എന്നൊക്കെ അതിന് അർത്ഥമുണ്ട്. തെക്കൻ തിരുവിതാംകൂറിലുള്ള ബേമ്മാ പള്ളിയും ബേമ്മാപ്പെരുന്നാളും ഒരു കാലത്ത് ക്രൈസ്തവരുടേതായിരുന്നു. സുറിയാനിപ്പള്ളികളിൽ ബേമ്മ വേണമെന്ന് നിർബന്ധമുണ്ടായിരുന്നു.

**ബേസ്ഗസ** ആരാധനാപരമായ ഗ്രന്ഥങ്ങളിൽ പ്രയോഗിച്ചുകാണുന്ന ഒരു പദമാണ് ബേസ്ഗസ. ഒരു സുറിയാനി സമസ്ത പദമാണത്. ബേസ് എന്നതിന് വീട്, പാർപ്പിടം, മുറി, ഗോത്രം, ആസ്ഥാനം, എന്നൊക്കെയാണർത്ഥം. ബയ്ത്താ എന്നതിൻെറ ലുപ്തരൂപങ്ങളാണ് ബേസ്, ബൈ എന്നിവ. ഗസാ എന്ന പദത്തിന് ഭണ്ഡാരം, കാഴ്ചയപ്പം, ധനം, എന്നിങ്ങനെയാണർത്ഥം. ബേസ്ഗസ എന്ന പ്രയോഗത്തിന് കാഴ്ചവെയ്പിനു മുമ്പ് പൂജാസാധനങ്ങൾ സൂക്ഷിക്കുന്ന സ്ഥലമെന്നും ഭണ്ഡാരം എന്നും അർത്ഥമുണ്ട്.

**ബേസ്ദിയാക്കോൻ** ദേവാലയത്തിലെ തിരുപ്പാത്രങ്ങളും തിരുവസ്ത്രങ്ങളും വിലപ്പിടിപ്പുള്ള മറ്റ് വസ്തുക്കളും സൂക്ഷിക്കുന്ന മുറിയാണ് ബേസ്ദിയാക്കോൻ. പോർത്തുഗീസ് മിഷണറിമാർ വരുന്നതിനുമുമ്പ് സങ്കീർത്തി എന്ന് ആരും പറഞ്ഞിരുന്നില്ല. ബേസ്ദിയാക്കോൻ എന്നാണ് പറഞ്ഞിരുന്നത്. ഇംഗ്ലീഷുകാർ വന്നതിനുശേഷം സാക്രിസ്റ്റി എന്നും വെസ്ട്രി എന്നും പറഞ്ഞു തുടങ്ങി. കപ്യാരെപ്പറ്റി സെക്സ്റ്റൺ എന്ന് ചിലയിടങ്ങളിൽ പറയാൻ തുടങ്ങിയത് പ്രോട്ടസ്റ്റൻറുകാരുടെ ആഗമന ശേഷമാണ്.

ബേസ്ദിയാക്കോൻ ഒരു സമസ്ത പദമാണ്. ബേസ് എന്നത് വീട് എന്നർത്ഥമുള്ള ബയിത്താ എന്ന സുറിയാനി പ്പദത്തിൻെറ ലുപ്തരൂപവും, ദിയാക്കോൻ ശുശ്രൂഷി (ഡീക്കൻ) എന്നർത്ഥമുള്ള ഗ്രീക്ക്പദവുമാണ് (ധാരാളം ഗ്രീക്കുപദങ്ങളും ലത്തീൻപദങ്ങളും സുറിയാനിയിൽ സ്വീകരിക്കപ്പെട്ടിട്ടുണ്ട്). ശുശ്രൂഷിയുടെ വീടെന്നാണ് ആ സമസ്ത പദത്തിൻെറ വാച്യാർത്ഥം. ദിയാക്കോൻെറ (ശുശ്രൂഷിയുടെ) മേൽനോട്ടത്തിലുള്ള മുറി എന്നാണ് ഉദ്ദിഷ്ടാർത്ഥം.

www.malankaralibrary.com

പോർത്തുഗീസ് മിഷണറിമാരാണ് ബേസ്ദിയാക്കോൻ അഥവാ ചമയപ്പുര എന്ന പ്രത്യേക മുറി നിർമ്മിച്ചത്. പണ്ട് തിരുവസ്ത്രങ്ങളും തിരുപ്പാത്രങ്ങളുമെല്ലാം മദുബഹയിൽ അൾത്താരയുടെ വടക്കുവശത്തുള്ള മേശയിലോ ഭിത്തിയിലുള്ള അലമാരിയിലോ ആണ് സൂക്ഷിച്ചിരുന്നത്. വെസ്ട്രി എന്ന ഇംഗ്ലീഷ് പേരുണ്ടായത് കാർമ്മികർ അവിടെവച്ച് തിരുവസ്ത്രങ്ങൾ അണിയുന്നതുകൊണ്ടാണ്. സാക്രിസ്റ്റി എന്നു പറയുന്നത് അത് വിശുദ്ധവസ്തുക്കളെ സംബന്ധിച്ചുള്ളതാകകൊണ്ടാണ്. സങ്കീർത്തിയുടെ അർത്ഥവും അതുതന്നെ. ലത്തീനിൽ, ഡീക്കനെ (ദിയാക്കോൻ) സംബന്ധിച്ചത് എന്ന അർത്ഥത്തിൽ, ദിയാക്കോണിക്കും എന്നാണ് സങ്കീർത്തിയുടെ പേര്.

എല്ലാക്കാലത്തും എല്ലായിടത്തും ദിയാക്കോന്മാരല്ല സങ്കീർത്തിയുടെ ചുമതല വഹിക്കുന്നത്. അല്മായരും അതിൻെറ സൂക്ഷിപ്പുകാരാകാറുണ്ട്. അവരെ കപ്യാര് എന്നുവിളിക്കുന്നു. ദിയാക്കോൻ എന്നതിന് ആറുപട്ടക്കാരൻ, ആറാംപട്ടക്കാരൻ എന്നിങ്ങനെ മലയാളത്തിൽ ധാരാളം പ്രയോഗിച്ചുകാണാം. (കപ്പ്യാര് എന്ന വാക്കു നോക്കുക).

**ബൈബിൾ** ബൈബിൾ എന്ന പദം ഇന്ന് മലയാളത്തിൽ സർവ്വസാധാരണമായി ഉപയോഗിച്ചുവരുന്നു. കേരളീയക്രിസ്ത്യാനികൾ തങ്ങളുടെ വേദഗ്രന്ഥത്തെ ഉദ്ദേശിച്ച് ഈ വാക്ക് പ്രയോഗിച്ചുതുടങ്ങിയിട്ട് രണ്ടു നൂറ്റാണ്ടുകളായി. ഇംഗ്ലീഷുകാരുടെ വരവിനുശേഷമാണ് ഈ പദം പ്രചരിച്ചത്. അവർക്കുമുമ്പു വന്ന പോർത്തുഗീസുകാർ ബിബ്ലിയ (Biblia) എന്നായിരുന്നു പറഞ്ഞിരുന്നത്.

വേദഗ്രന്ഥത്തിൻെറ പേരായിട്ട് ബൈബിൾ എന്ന ഇംഗ്ലീഷ് പദം വേദഗ്രന്ഥ വിവർത്തനത്തിന് മലയാളത്തിൽ ആദ്യമായി നല്കിയത് 1962-ൽ ഷെവലിയർ സി.കെ. മറ്റം പ്രസിദ്ധീകരിച്ച പുതിയനിയമ തർജ്ജുമയ്ക്കാണ്. "ആധുനിക മലയാള ബൈബിൾ പുതിയ ഉടമ്പടി" എന്ന് അദ്ദേഹം പേരിട്ടു. പിന്നീട്, പി.ഒ.സി. 1977-ൽ പ്രസിദ്ധീകരിച്ച പുതിയനിയമ വിവർത്തനത്തിന് ബൈബിൾ എന്ന പേരും 1981-ൽ പ്രസിദ്ധീകരിച്ച സമ്പൂർണ്ണ വേദഗ്രന്ഥ വിവർത്തനത്തിന് സമ്പൂർണ്ണ ബൈബിൾ എന്ന പേരും നല്കി. ഇക്കാലത്ത് എഴുതപ്പെട്ട വേദഗ്രന്ഥ സംബന്ധമായ പല ഗ്രന്ഥങ്ങളിലും ഈ വാക്കോടുകൂടിയ പേരുകൾ പ്രത്യക്ഷപ്പെട്ടു (ഉദാ: ബൈബിൾ കൂടുതൽ വെളിച്ചം, ജോസ് പാലാട്ടി, 1974; ബൈബിൾ പ്രശ്നങ്ങൾ, ഫാ. ജോസഫ് കോട്ടക്കൽ, 1975; ബൈബിളിന് ഒരാമുഖം, ഫാ. ജോർജ് കുരുക്കൂർ, 1976). പ്രോട്ടസ്റ്റൻറുകാർ പ്രസിദ്ധീകരിച്ച സമ്പൂർണ്ണ വേദഗ്രന്ഥ വിവർത്തനത്തിന് സത്യവേദപുസ്തകം എന്ന പേര് നല്കിയിരുന്നു. ആ പേരോടൊപ്പം ബൈബിൾ എന്ന പേരും മലയാളത്തിൽ സ്ഥിരപ്രതിഷ്ഠ നേടി.

ബൈബിൾ എന്ന ഇംഗ്ലീഷ് പദം ബിബ്ള് എന്ന ഫ്രഞ്ച് പദത്തിൽനിന്നുണ്ടായതാണ്. ആ ഫ്രഞ്ചു പദമാകട്ടെ ബിബ്ലിയ എന്ന ലത്തീൻ വാക്കിൽനിന്നുണ്ടായി. ഗ്രീക്കിൽനിന്നാണ് ബിബ്ലിയ എന്ന പദം ലത്തീനിലേക്കു വന്നത്. ഗ്രീക്കിൽ താ ഹിയേരാ ബിബ്ലിയ (The Holy Books) എന്നായിരുന്നു പറഞ്ഞിരുന്നത്. പില്ക്കാലത്ത് വിശുദ്ധ എന്നർത്ഥമുള്ള ഹീയേരാ എന്ന വിശേഷണം പ്രയോഗിക്കാതെയായി.

ചെറിയ പുസ്തകം എന്നർത്ഥമുള്ള ബിബ്ലിയോൺ എന്ന ഗ്രീക്ക് വാക്കിൻെറ

www.malankaralibrary.com

ബഹുവചനരൂപമാണ് ബിബ്ലിയ (നപുംസക ബഹുവചന രുപം). പക്ഷേ, പില്ക്കാലത്ത് ലത്തീൻ ഭാഷയിൽ ഒരു പുസ്തകം എന്ന അർത്ഥം ബിബ്ലിയ എന്ന ബഹുവചനരൂപത്തിന് കല്പിക്കപ്പെട്ടു (സ്ത്രീലിംഗനാമരൂപമായി അത് കരുതപ്പെടുകയും ചെയ്തു). വിവിധ കാലഘട്ടങ്ങളിൽ വിരചിതങ്ങളായ അനേകം ഗ്രന്ഥങ്ങളുടെ സമാഹാരത്തെ ഒരു പുസ്തകമായി കരുതുന്നത്, ഒരേ ദൈവമാണ് ഈ പുസ്തകങ്ങളിലൂടെ സംസാരിക്കുന്നത് എന്ന അർത്ഥത്തിലാണ്.

ചെറിയ പുസ്തകം എന്നർത്ഥമുള്ള ബിബ്ലിയോൺ എന്ന ഗ്രീക്കുവാക്ക് പുസ്തകം എന്നർത്ഥമുള്ള ബിബ്ലോസ് എന്ന ഗ്രീക്കുപദത്തിൽനിന്നു വരുന്നു. വാസ്തവത്തിൽ ബിബ്ലോസ് എന്ന പദം പൗരാണിക ഫിനീഷ്യയിലെ ഒരു കടലോര പട്ടണത്തിന് ഗ്രീക്കുകാർ കൊടുത്ത പേരാണ്. ബയ്റൂട്ടിൽനിന്ന് 20 മൈൽ അകലെയുണ്ടായിരുന്ന ആ നഗരത്തെ അവിടത്തുകാർ വിളിച്ചിരുന്ന പേര് ഗുബ്ളു എന്നായിരുന്നു. മല (കുന്ന്) എന്നർത്ഥമുള്ള കാനാനൈറ്റ് (ഫീനിഷ്യൻ) പദമാണത്. ഗ്രീക്കുകാർ ആ പേര് ബിബ്ലോസ് എന്ന് രൂപാന്തരപ്പെടുത്തി ഉപയോഗിച്ചു. ഹീബ്രു ബൈബിളിൽ ആ പേര് ഗ്ബാൽ എന്നാണ് (എസെ. 27:9 ജോഷ്വ 13:5). ഇന്ന് ആ സ്ഥലം അറബി ഭാഷയിൽ ജൂബായ്ൽ (Jubayl - ചെറിയ കുന്ന്) എന്നറിയപ്പെടുന്നു. ഈ നഗരത്തെ ഈജിപ്തുകാർ വിളിച്ചിരുന്നത് ക്ബ്ൻ, ക്പ്ൻ എന്നിങ്ങനെ ആയിരുന്നു.

ഈ നഗരത്തിൻെറ പേരിന് പുസ്തകം എന്ന അർത്ഥം വന്നുചേരാൻ ഒരു കാരണമുണ്ട്. പൗരാണിക കാലത്ത് ആ നഗരത്തിൽ എഴുത്തുപായകൾ ധാരാളമായി നിർമ്മിച്ചു കയറ്റി അയച്ചിരുന്നു. ഈജിപ്തിൽ ധാരാളമായി വളരുന്ന ഒരുതരം ഞാങ്കണയുണ്ട്. ഈജിപ്തുകാർ അതിനെ തങ്ങളുടെ ഭാഷയിൽ ക്വാ, ക്വാനെ എന്നിങ്ങനെ വിളിച്ചിരുന്നു. ഹീബ്രുജനത അതിനെ ഗോമേ (ഈജിപ്ഷ്യൻ പദം) എന്നാണ് വിളിച്ചിരുന്നത്. എന്നാൽ ഗ്രീക്കുകാർ തങ്ങളുടെ ഭാഷയിൽ അതിനെ പപ്പീരോസ് എന്നുവിളിച്ചു. റോമാക്കാർ അതിനെ ലത്തീൻ ഭാഷയിൽ പപ്പീരൂസ് (papirus) എന്ന് പറഞ്ഞുവന്നു. പേപ്പർ എന്ന ഇംഗ്ലീഷ് പദം ഇതിൽനിന്നുണ്ടായതാണ്.

ഇപ്പറഞ്ഞ ഞാങ്കണ കീറി ഊടും പാവുമായി അടുക്കി ചതച്ചെടുത്ത് ഉണക്കി എഴുതാനുള്ള പലകയായി (പായ്) ഉപയോഗിച്ചുവന്നു. അങ്ങനെ ബിബ്ലോസ് എന്ന നഗരത്തിൻെറ പേര് ആ നഗരത്തിൽനിന്നു കയറ്റി അയയ്ക്കുന്ന എഴുത്തുപായകൾക്കും ക്രമേണ ലഭിച്ചു (ചൈനയിലെ കളിമൺ പാത്രങ്ങൾക്ക് ചൈന എന്നു പേരുപറയുന്നതുപോലെ). ബിബ്ളോസ് നഗരത്തിൽനിന്നു ലഭിക്കുന്ന എഴുത്തുപായകൾക്ക് ബിബ്ളോസ് എന്നുതന്നെ പേരായിത്തീർന്നു.

എഴുതാനുള്ള പദാർത്ഥം എന്നായിരുന്നു ആദിമമായ ആഗതാർത്ഥം. പിന്നീട് എഴുത്തു പായകളുടെ സമാഹാരത്തിന് (ഗ്രന്ഥത്തിന്) ആ പദം (ബിബ്ളോസ്) ഗ്രീക്കുകാർ പ്രയോഗിച്ചു.

പുസ്തകങ്ങൾ എന്ന അർത്ഥത്തിൽ പ്രയോഗിച്ചിരുന്ന ബിബ്ളിയാ എന്ന വാക്കിന് ക്രൈസ്തവരുടെ വേദഗ്രന്ഥം എന്ന അർത്ഥം നല്കി പ്രചരിപ്പിച്ചത് ഏ.ഡി. 4-ാം നൂറ്റാണ്ടിലാണ്. ഗ്രീക്ക് സഭാപിതാക്കന്മാർ ആ അർത്ഥത്തിൽ പ്രയോഗിച്ചിരുന്നു. വി. ജെറോം അത് സാധാരണ പ്രയോഗത്തിലാക്കി.

www.malankaralibrary.com

ഇറ്റാലിയൻ ഭാഷയിൽ ബൈബിളിന് ബിബ്യ (Bibbia) എന്നാണ് പറയുക. ബൈബിളിനെ സംബന്ധിച്ച എന്ന അർത്ഥത്തിൽ ബിബ്ളിക്കോ എന്നുംപറയും. സാധാരണ പുസ്തകം എന്ന അർത്ഥത്തിൽ ലിബ്രേത്തോ, രെജിസ്ത്രാ എന്നീ (ലത്തീൻ ഭാഷയിൽനിന്നുണ്ടായ) പദങ്ങൾ പ്രയോഗിക്കുന്നു.

## ബൗത്തിസ് (ബാപ്തിസ്മ)

കേരളത്തിലുള്ള ലത്തീൻ രൂപതകളിൽപ്പെട്ട ക്രിസ്ത്യാനികളുടെയിടയിൽ പ്രചരിച്ചിട്ടുള്ള ഒരു പദമാണ് ബൗത്തിസ്. മാമ്മോദീസ എന്ന അർത്ഥത്തിലാണ് അതു പ്രയോഗിക്കുന്നത്. പോർത്തുഗീസ് മിഷണറിമാർ മാമ്മോദീസ എന്നതിനു പകരം ബാപ്തിസ്മോ എന്ന പോർത്തുഗീസ് പദം ഇവിടെ പ്രചരിപ്പിച്ചു. (എങ്കിലും ഗ്രന്ഥങ്ങളിൽ മാമ്മോദീസ എന്ന കൽദായ സുറിയാനി പദംതന്നെയാണ് ഈ നൂറ്റാണ്ടിൻെറ ആരംഭംവരെ പ്രയോഗിച്ചിരുന്നത്).

ബാപ്തിസ്മോ എന്ന പദം ഗ്രീക്കു ഭാഷയിൽനിന്നു ലത്തീൻ വഴി പോർത്തുഗീസിൽ വന്നതാണ്. ബാപ്തിസ്മോസ് എന്നാണ് ഗ്രീക്കിൽ, ബാപ്തിസ്മ (bptisma) എന്നു ലത്തീനിലും. ഗ്രീക്കു ഭാഷയിൽ ബപ്തെ-യിൻ എന്ന ക്രിയയ്ക്ക് മുക്കുക, കുളിപ്പിക്കുക എന്നിങ്ങനെയാണർത്ഥം. അതിൽനിന്ന് വീണ്ടും വീണ്ടും മുക്കുക (നന്നായി മുക്കുക) എന്നർത്ഥമുള്ള ബാപ്തിസ്-എയിൻ എന്ന ക്രിയയുണ്ടായി.

ലത്തീനിൽ ബാപ്തിസ് എന്ന ഗ്രീക്കു ധാതു സ്വീകരിച്ച് ബാപ്തിസാരെ എന്ന ക്രിയയുണ്ടാക്കി. മുക്കുക എന്നർത്ഥം. ബാപ്തിസ്മ എന്ന ഗ്രീക്കുപദവും ലത്തീനിൽ സ്വീകരിക്കപ്പെട്ടു. ബാപ്തിസ്മയ്ക്ക് മുക്കപ്പെട്ടത് എന്നാണ് നിഷ്കൃഷ്ടാർത്ഥം. എങ്കിലും മുക്കൽ എന്നൊരർത്ഥംകൂടി അതിനുണ്ട്.

ആദിമകാലത്ത് പോർത്തുഗീസ് ഭാഷയിൽ ബാപ്തിസ്മോ എന്നായിരുന്നു പ്രയോഗം എന്നതിൽ സംശയമില്ല. പ്രാചീന നിഘണ്ടുക്കളും ഗ്രന്ഥങ്ങളും അതിന് സാക്ഷ്യം വഹിക്കുന്നു. ഭാരതീയർക്കുവേണ്ടി പോർത്തുഗീസ്ഭാഷയിൽ എഴുതി 1554-ൽ ലിസ്ബണിൽ അച്ചടിച്ച ആദ്യവേദപാഠപുസ്തകമായ കാർത്തില്യയിൽ മാമ്മോദീസയെപ്പറ്റി ഇങ്ങനെ കാണുന്നു: "മുമ്പിൽ ബാപ്തിസ്മോ. ഇത് അനതു ക്രിസ്തിൻടെ ചില വചനങ്ങൾകൊണ്ട് ഒദിയ [ഓതിയ] തണ്ണീരിൽ മുക്കുളിച്ചുകൊണ്ടാൽ ശിത്തങ്ങൾ [ആത്മാവുകൾ] ശുദ്ധം ആഗും" (പുറം 24-25).

പിൽക്കാലത്ത് പോർത്തുഗീസിൽ ബാത്തിസ്മോ എന്നായി. സ്പാനിഷിൽ ബാത്തിദ എന്നും ഇറ്റാലിയനിൽ ബാത്തെസിമോ എന്നുമാണ് പറയുന്നത്. മുക്കുന്നവൻ എന്നർത്ഥമുള്ള മാംദാനാ എന്നതിന് പോർത്തുഗീസിൽ ബാത്തിസ്ത എന്നുപറയുന്നു. (ലത്തീനിൽ ബാപ്തിസ്ത, ഇംഗ്ലീഷിൽ ബാപ്റ്റിസ്റ്റ്) 'ബ'കാരം കഴിഞ്ഞു വരുന്ന 'പ'കാരം ഉച്ചാരണസൗകര്യത്തിനുവേണ്ടി വിട്ടുകളഞ്ഞിരിക്കുകയാണ്.

ഗ്രീക്കുഭാഷയിലെ മുക്കുക എന്നർത്ഥമുള്ള ക്രിയയ്ക്ക് ക്രിസ്ത്യാനികൾ ആദ്ധ്യാത്മികമായ ഒരർത്ഥം നല്കി. മതപരമായ മുക്കൽ എന്ന് അതിന് അർത്ഥം കല്പിച്ചു.

ഗ്രീക്കിലെ ബാപ്ത് - എന്ന ക്രിയാധാതുവിന് സംസ്കൃതത്തിലെ പാ എന്ന

www.malankaralibrary.com

ധാതുവുമായി ബന്ധമുണ്ടെന്നത് തീർച്ചയാണ്. കുടിക്കുക എന്നർത്ഥമുള്ള ആ ധാതു വികരണ പ്രത്യയങ്ങൾ ചേരുമ്പോൾ പിബ് എന്നാകും. കുടിക്കുക എന്ന ആശയം മുക്കുക (ജലത്തിലോ ഇതരപാനീയങ്ങളിലോ) എന്ന ആശയവുമായി ബന്ധിക്കപ്പെട്ടിരിക്കുന്നല്ലോ. പാ എന്ന ധാതുവിന്റെ പ്രയോജക (Causative) രൂപം പായസ്- എന്നും, ചർക്കരീത(Intensive) രൂപം പെപിയ്-എന്നുമാണ്. ഇച്ഛാപ്രകൃതി (Desiderative) പിപാസ് എന്നായിത്തീരുന്നു.

ലത്തീനിലെ കുടിക്കുക എന്നർത്ഥമുള്ള ബിബ് എന്ന ധാതുവിന്റെ ആദിമ രൂപം പിബ് - എന്നായിരുന്നു. സ്ലാവോണിക് ഭാഷയിൽ പി-ജ്, പി-തി എന്നിങ്ങനെയാണ് കാണുന്നത്.

ഗ്രീക്കിൽ പീനോ എന്നൊരു ധാതുവുണ്ട്. കുടിക്കുക എന്നർത്ഥം. പിപിസ്കോ എന്നതിന് ഞാൻ കുടിക്കാൻ കൊതിക്കുന്നു എന്നർത്ഥം. ലത്തീൻ ഭാഷയിൽ കുടിക്കാനുള്ള വസ്തുവിന് പോത്തുസ് എന്നുപറയും. അങ്ങനെ പാ (പിബ്) എന്ന ധാതു ഇൻഡോ ആര്യൻ ഭാഷകളിൽ അല്പാല്പ മാറ്റങ്ങളോടെ നിലകൊള്ളുന്നുണ്ട്.

മാമ്മോദീസ എന്നതിന് മധ്യകാല ഇംഗ്ലീഷിൽ ബാപ്തെമൈ എന്നും പഴയ ഫ്രഞ്ചിൽ ബാപ്തെസ്മെ എന്നും ഇംഗ്ലീഷിൽ ബാപ്റ്റിസം (baptism) എന്നും പറയുന്നു. ഇംഗ്ലീഷിലെ ബാത്ത് (bath) എന്ന പദവും നോക്കുക.

ഈ നൂറ്റാണ്ടിലാണ് മാമ്മോദീസ എന്നതിന് ജ്ഞാനസ്നാനം എന്ന പദം പ്രയോഗിച്ചുതുടങ്ങിയത്. സ്നാനം എന്നും പ്രയോഗിക്കാറുണ്ട്. സ്നാനം എന്ന വാക്കിന് നാം വിവക്ഷിക്കുന്ന അർത്ഥം കിട്ടുകയില്ല. മുങ്ങൽ (കുളിക്കൽ) എന്ന അർത്ഥമേ അതിനുള്ളൂ. മുക്കൽ (കുളിപ്പിക്കൽ) എന്ന അർത്ഥം കിട്ടുകയില്ല. ആ അർത്ഥം കിട്ടാൻ സ്നാപനം ഉപയോഗിക്കാം. മജ്ജനം, എന്ന വാക്കും കൊള്ളാം.

**ബൗദ്ധന്മാർ** കേരളത്തിലെ ബ്രാഹ്മണസമൂഹം മാർതോമ്മാശ്ലീഹായെ ബുദ്ധൻ എന്നും കേരളക്രിസ്ത്യാനികളെ ബൗദ്ധന്മാർ എന്നും വിളിച്ചിരുന്നുവെന്ന് പൗളിനുസു പാതിരി 1791-ൽ സാക്ഷ്യപ്പെടുത്തുന്നു. ബ്രാഹ്മണ സമ്പ്രദായങ്ങളെപ്പറ്റി അദ്ദേഹം എഴുതി റോമിൽ 1791-ൽ അച്ചടിച്ച ഗ്രന്ഥത്തിൽ (Systema Brahmanicum Liturgicum Mythologicum എന്ന ലത്തീൻ ഗ്രന്ഥത്തിൽ) 161-ാം പേജിൽ ഇങ്ങനെ പറയുന്നു: "മലബാർ ബ്രാഹ്മണന്മാർ തോമാശ്ലീഹായെ ബുദ്ധൻ എന്നുവിളിക്കുന്നു. ക്രിസ്ത്യാനികളെ ബൗദ്ധന്മാർ എന്നും വിളിക്കുന്നു. ഒരു ബുദ്ധനിൽനിന്ന്, അതായത്, ദൈവാരൂപിയാലും ഭക്തിയാലും നിറയപ്പെട്ട ഒരു വ്യക്തിയിൽനിന്ന് ക്രിസ്തുമതത്തിന്റെ സമ്പ്രദായങ്ങൾ അവർ സ്വീകരിച്ചു എന്ന അർത്ഥത്തിലാണ് അപ്രകാരം വിളിക്കുന്നത്". അങ്ങനെ 18-ാം നൂറ്റാണ്ടിലും ക്രിസ്ത്യാനികളെ ബൗദ്ധന്മാരെന്നു വിളിച്ചിരുന്നുവെന്നു തീർച്ച. ബുദ്ധൻ, ബൗദ്ധന്മാർ എന്നീ വാക്കുകൾ അക്കാലത്തെ വട്ടെഴുത്തു ലിപിയിൽ പുത്തന്മാർ, പൗത്തന്മാർ എന്നിങ്ങനെ എഴുതിയിരുന്നു. കാരണം, സംസ്കൃത അക്ഷരമാലയിലെ ഖരം, അതിഖരം, ഘോഷം, ഊഷ്മാക്കൾ, ഹകാരം എന്നിവ എഴുതിക്കാണിക്കാൻ വട്ടെഴുത്തു ലിപിമാലയിൽ ലിപികളില്ല. 'ബ' എന്നത് 'പ'യും, 'സ' എന്നതു 'ത'യും

www.malankaralibrary.com

ആകും. അതുകൊണ്ടാണ് വട്ടെഴുത്തു രേഖകളിൽ സ്ലീബാ (=കുരിശ്) എന്നതിന് ത്ലീവാ എന്ന് എഴുതിയിട്ടുള്ളത്.

തൃപ്പൂണിത്തുറ ഈടുവയ്പിലുള്ള ഒരു ഓലഗ്രന്ഥം ക്രിസ്തുമതചരിത്രമാണെന്നും അതിൽ ക്രിസ്ത്യാനികളെപ്പറ്റി ബൗത്തന്മാർ എന്നാണ് പറഞ്ഞിട്ടുള്ളതെന്നും കേൾക്കുന്നു.

## ബ്രാന്താക്രൂസ് (കൂനൻ കുരിശ്)

മട്ടാഞ്ചേരിയിലെ ചരിത്രപ്രസിദ്ധമായ കുരിശിന് കേരളസഭാചരിത്രത്തിൽ കൂനൻകുരിശ് എന്നാണ് പറയുന്നത്. സുറിയാനി ക്രിസ്ത്യാനികൾ ഏ.ഡി. 1653 ജനുവരി 3-ാം തീയതി വെള്ളിയാഴ്ച മട്ടാഞ്ചേരിയിൽവച്ച് ഈശോസഭാംഗങ്ങളായ അന്നത്തെ മതഭരണാധികാരികൾക്കെതിരേ ഒരു ശപഥം നടത്തി. കുരിശിൽ തൊട്ടു സത്യം ചെയ്യുക എന്നതായിരുന്നു നിശ്ചയം. നൂറുകണക്കിന് ആളുകൾക്ക് ഒരേസമയത്ത് കുരിശിൽ തൊടാൻ പറ്റില്ലല്ലോ. അതുകൊണ്ട് അവർ കുരിശിൽ വലിയ ആലാത്ത് അഥവാ നീണ്ട കയറ് കെട്ടി [ഒരു ദ്രാവിഡപദമാണ് ആലാത്ത്; ആലുക(=നീളുക) എന്ന ക്രിയയിൽനിന്നു വരുന്നു. ഗുണ്ടർട്ട് പറയുന്നതുപോലെ അറബിയിലെ ലാഹാസിൽനിന്നുണ്ടായതല്ല. ആലോത്ത് എന്ന സുറിയാനി വാക്കിന് നീണ്ട കമ്പ്, നീണ്ട കയറ് എന്നിങ്ങനെ അർത്ഥമുണ്ട്. ദ്രാവിഡ സെമിറ്റിക്ക് ഭാഷകൾ തമ്മിലുള്ള ബന്ധത്തെ ഇത് സൂചിപ്പിക്കുന്നു]. എല്ലാവരും ആ നീണ്ട കയറിൽപ്പിടിച്ച്, 'മേലിൽ ഈ പരിഷയുള്ള കാലം പൗലിസ്ത്യരുടെ കീഴിലിരിക്കുകയില്ല' എന്ന് ശപഥം ചെയ്തു (പരിഷ= ജനം, പൗലിസ്ത്യർ=സമ്പാളൂർ പാദ്രിമാർ, ഈശോസഭക്കാർ). ഇതാണ് കൂനൻ കുരിശു സത്യമെന്ന് പറയുന്നത് (ട്രാവൻകൂർ സ്റ്റേറ്റ് മാനുവൽ II, പുറം 184-185). കയറ് പലർകൂടി വലിച്ചു പിടിച്ചപ്പോൾ (ജോർജ് ആർക്കദിയാക്കോനും കുറേ വൈദികരും ആറായിരത്തോളം വിശ്വാസികളുമുണ്ടായിരുന്നു എന്നാണ് പറയപ്പെടുന്നത്) കുരിശ് ചാഞ്ഞുപോയി. അതുകൊണ്ട് കൂനൻകുരിശ് എന്നൊരു പേര് ഈ കുരിശിനുണ്ടായി. ചരിഞ്ഞ അഥവാ വളഞ്ഞ തെങ്ങിന് കൂനൻതൈ എന്ന് ഈ നാട്ടിൽ പേരുണ്ടായതുപോലെ.

പോർത്തുഗീസുകാർ പോർത്തുഗീസ് ഭാഷയിൽ ഈ കുരിശിനെ ബ്രാന്താക്രൂസ് (branda cruz) എന്നുവിളിച്ചു. ഈ പ്രയോഗത്തിലെ ക്രൂസ് എന്നപദം പണ്ടേ മലയാളത്തിൽ കുരുശ് എന്നും പിന്നീട് കുരിശ് എന്നും രൂപം മാറ്റി പ്രയോഗിച്ചു വന്നിട്ടുള്ളതാണ്. ബ്രാന്താ എന്നതിന് ചരിഞ്ഞത്, കുനിഞ്ഞത്, ചലിക്കുന്നത്, വളയുന്നത് എന്നൊക്കെയാണർത്ഥം. ബ്രാന്താ സ്ത്രീലിംഗവും ബ്രാന്തോസ് പുല്ലിംഗവുമാണ്. വൃക്ഷങ്ങളും സ്തംഭങ്ങളും മറ്റും ചാഞ്ഞുപോകാതെ താങ്ങിനിറുത്തുന്ന താങ്ങുകൾക്കും കെട്ടിനിറുത്തുന്ന കയറുകൾക്കും പോർത്തുഗീസ് ഭാഷയിൽ ബ്രാന്തെസ് (brandaes) എന്നാണ് പറയുക. ബ്രാന്തീർ എന്ന പോർത്തുഗീസ് ക്രിയയ്ക്ക് ചലിക്കുക, വളയുക, കുനിയുക എന്നൊക്കെയാണർത്ഥം. വാള്, തിരമാല മുതലായവയുടെ ചലനത്തെയാണ് അത് പ്രഥമതഃ സൂചിപ്പിക്കുന്നത്. ഇറ്റാലിയൻ ഭാഷയിൽ ബ്രാന്താ എന്നതിന് മടക്കാവുന്ന കിടക്കയെന്നും ബ്രാന്തോ എന്നതിന് വാളെന്നും അർത്ഥമുണ്ടല്ലോ. ജർമ്മൻ ഭാഷയിൽ ബ്രാൻദെൻ (brand-en) എന്നൊരു ക്രിയയുണ്ട്. കത്തുക (burn), പൊള്ളിക്കുക, ചൂടുപിടിപ്പിച്ച് വളയ്ക്കുക, അടയാളമിടുക എന്നിങ്ങനെ മറ്റു പല അർത്ഥ

www.malankaralibrary.com

ങ്ങളും ഈ ധാതുവിനുണ്ട് (ധാതുക്കൾക്കെല്ലാം പരസ്പര ബന്ധിതങ്ങളായ വിവിധാർത്ഥങ്ങളുണ്ട്. അർത്ഥങ്ങൾ പരിണമിക്കുകയും ചെയ്യും). അതുകൊണ്ടാണ് അടയാളം (മുദ്ര) എന്ന അർത്ഥം ഇംഗ്ലീഷിലെ ബ്രാണ്ഡ് എന്ന പദത്തിനു കിട്ടിയത്.

ബ്രാന്തോസ്, ബ്രാന്താ, ബ്രാന്തോ മുതലായവയുടെ മൂലധാതു ബ്രാന്ത് ആണ്. ഒരു ജർമ്മാനിക്ക് (ട്യൂറ്റോണിക്ക്) ധാതുവാണത്. വാളെന്നാണ് അതിന്റെ പ്രധാന അർത്ഥം. ഇംഗ്ലീഷിലെ ബ്രാൻഡിഷ് എന്ന ക്രിയയ്ക്ക് വാളുപോലെ അല്ലെങ്കിൽ തിരമാലപോലെ ചലിക്കുക എന്നാണല്ലോ നിഷ്കൃഷ്ടാർത്ഥം. മധ്യകാല ഇംഗ്ലീഷിൽ അത് ബ്രൗൻഡിസെൻ എന്നും പഴയ ഫ്രഞ്ചിൽ ബ്രാൻഡിർ എന്നും പഴയ ജർമ്മനിൽ ബ്രാണ്ഡ് എന്നും പഴയ നോർമനിൽ ബ്രാണ്ഡ്റ് എന്നുമായിരുന്നു. പോർത്തുഗീസിൽ ബ്രാന്തിർ എന്നായി.

ബ്രാന്താക്രൂസ് എന്ന് പോർത്തുഗീസുകാർ കൊടുത്ത ഈ പേര് അജ്ഞത മൂലം ദയനീയമാംവിധം ദുഷിപ്പിക്കപ്പെട്ടു. 1938-ൽ ബ്രദർ ലിയോ പോൾഡ് എഴുതിയ കേരളത്തിലെ ലത്തീൻ ക്രിസ്ത്യാനികൾ എന്ന ഗ്രന്ഥത്തിൽ (പുറം 82) പറഞ്ഞിരിക്കുന്നു ആ കുരിശിനെ നാട്ടുകാര് പ്രാന്തൻ കുരിയച്ചൻ, ഭ്രാന്തൻ കുരിശ് എന്നൊക്കെ വിളിക്കുന്നു എന്ന്.

സാന്താക്രൂസ് (വിശുദ്ധ കുരിശ്), ചരിഞ്ഞ കുരിശ്, ചാഞ്ഞ കുരിശ്, ആലാത്തു കുരിശ് (brandes cruz), ശപഥക്കുരിശ്, പ്രതിജ്ഞക്കുരിശ്, എന്നൊക്കെ വിളിച്ചാലും കുഴപ്പമില്ല. മരംകൊണ്ടുള്ള (പലകകൊണ്ടുള്ള) കുരിശ് എന്നർത്ഥത്തിൽ പ്രാൻചക്രൂസ് (pranchacruz) എന്നു വിളിക്കാം. കരയുന്ന കുരിശ് എന്ന് വിളിക്കണമെങ്കിൽ പ്രാൻതോക്രൂസ് (prantocruz) എന്നു വിളിക്കാം. എന്നാലും കുരിശിനെ പരിഹാസപൂർവ്വം ഭ്രാന്തൻ കുരിയച്ചൻ എന്നു വിളിക്കരുത്. ക്രിസ്ത്യാനികൾ ബഹുമാനിക്കുന്ന ഒന്നാണല്ലോ കുരിശ്. കുരിശിനെ ഭ്രാന്തനെന്ന് വിളിക്കുന്നതും അച്ചനെന്നു വിളിച്ച് മനുഷ്യത്വം (ദേവത്വം?) കല്പിക്കുന്നതും എങ്ങനെ നീതീകരിക്കാനാവും?

മലയാളചരിത്രഗ്രന്ഥങ്ങളിൽ കൂനൻകുരിശ് എന്നാണ് അതിന്റെ പേര്. ആ പേരിന്റെ പോർത്തുഗീസ് തർജ്ജുമയാണ് ബ്രാന്താക്രൂസ്. ബ്രാന്താ എന്ന വാക്കാണ് മലയാളികൾ പ്രാന്താ എന്നുച്ചരിച്ചുപോന്നത്. പിന്നീട് അത് ഭ്രാന്താ എന്നു ദുഷിപ്പിക്കപ്പെട്ടു.

## മ

**മഗൂശേന്മാർ (മ്ഗൂശമാർ)** മഗൂശേന്മാർക്ക് പ്രതിഷ്ഠിതമാണ് കേരളത്തിലെ ചില ദേവാലയങ്ങൾ (ഉദാ: മൂവാറ്റുപുഴ, പിറവം). മഗൂശേന്മാർ എന്നത് കൽദായാ സുറിയാനിയിൽനിന്നു വന്ന വാക്കാണ്. മ്ഗുശ എന്ന വാക്കിന്റെ ബഹുവചനരൂപമാണ് മ്ഗുശേ. സുറിയാനിയിലെ ബഹുവചനത്തോട് അൻ, മാർ എന്നീ മലയാള പ്രത്യയങ്ങൾ അർത്ഥഗ്രഹണ സൗകര്യത്തിനായി മലയാളികൾ ചേർത്തതാണ്. പൂജരാജാക്കൾ എന്നും ഇവരെ വിളിക്കാറുണ്ട്. മധ്യയുഗാരംഭം മുതലാണ് മൂന്ന് രാജാക്കന്മാർ (The Three Kings) എന്ന പേര് പറഞ്ഞുതുടങ്ങിയത്. കാസ്പർ, മെൽക്കിയോർ, ബൽത്താസർ എന്ന പേരുകൾ അവർക്ക് എട്ടാം നൂറ്റാണ്ടിനുശേഷം നല്കപ്പെട്ടതാണ്. പന്ത്രണ്ടാം നൂറ്റാണ്ടിനുശേഷമാണ് മഗുശേന്മാരോട് ഭക്തി വർദ്ധിച്ചതും അവരുടെ നാമത്തിൽ പള്ളികളുണ്ടാ

www.malankaralibrary.com

യതും. അസാധാരണമായ ഒരു നക്ഷത്രം കണ്ട് യേശു ജനിച്ചുവെന്നറിഞ്ഞ് കിഴക്കൻ ദേശത്തുനിന്നു (മെസപ്പൊട്ടാമിയ, പേർഷ്യ)ബേത്‌ലെഹത്തു ചെന്ന് പൊന്ന്, മീറ, കുന്തുരുക്കം എന്നിവ യേശുവിന് കാഴ്ചവച്ചവരാണവർ. പൂജരാജാക്കൾ, ജ്യോതിശ്ശാസ്ത്രജ്ഞന്മാർ; രാജാക്കൾ, വിദ്വാന്മാർ എന്നൊക്കെ അവരെ വിളിക്കുന്നു. അവർ ഏതു നാട്ടുകാരാണെന്നോ ഏതു വിഭാഗത്തിൽപ്പെട്ടവരാണെന്നോ കൃത്യമായി പറയാനാവില്ല.

മ്ഗൂശ എന്ന കൽദായാസുറിയാനി പദം മഗൂ (Magu) എന്ന പ്രാചീന പേർഷ്യൻപദത്തിൽനിന്നുവരുന്നു. ആദ്യകാലത്ത് ഈപദം പേർഷ്യാക്കാരുടെയും മീദിയാക്കാരുടെയും വൈദികരെയും പിന്നീട് പേർഷ്യയിലെതന്നെ സൊരവാസ്ട്രിയൻ പുരോഹിതരെയും സുചിപ്പിച്ചു. ഈ പദം സുറിയാനിയിലും സ്വീകരിക്കപ്പെട്ടു. മ്ഗശ് എന്നൊരു ക്രിയയുമുണ്ടായി. മന്ത്രം ജപിക്കുക എന്നതാണ് ആ ക്രിയയുടെ അർത്ഥം. മന്ത്രം ജപിക്കലും യാഗം ചെയ്യലും പുരോഹിതരുടെ പ്രവൃത്തികളാണല്ലോ.

സ്വരവാസ്ട്രിയൻ പുരോഹിതർ പുരാതന ബാബിലോണിയൻ പുരോഹിതരുടെ ജ്യോതിശ്ശാസ്ത്രവും സ്വപ്നവ്യാഖ്യാനശാസ്ത്രവും മന്ത്രവാദവുമെല്ലാം സ്വായത്തമാക്കി. ഗ്രീക്ക് സംസ്കാരത്തിന്റെ കാലത്ത് അവർ ഗ്രീക്കുകാരുടെയിടയിൽ സഞ്ചരിച്ചു. ഗ്രീക്കുകാർ അവരെ മന്ത്രവാദികൾ എന്ന അർത്ഥത്തിൽ മഗോയി എന്നുവിളിച്ചു (മഗോസ് എന്നാണ് ഏകവചനം). ഈ അർത്ഥത്തിലാണ് അപ്പ. 13:6, 8; 8:9, 11 എന്നീ ഭാഗങ്ങളിലുള്ള പ്രയോഗം. എന്നാൽ മത്താ. 2:1, 7 വാക്യങ്ങളിൽ മ്ഗുശെ എന്നു പ്രയോഗിച്ചിരിക്കുന്നത്, ആ വാക്കിന്റെ ആദിമ അർത്ഥത്തിലാണ് (വിജ്ഞാനികൾ, ജ്യോതിശ്ശാസ്ത്രജ്ഞന്മാർ എന്നിങ്ങനെ). കൽദായരുടെ (ബാബിലോണിയക്കാരുടെ) നക്ഷത്രജ്ഞാനം സുപ്രസിദ്ധമാണ്.

പ്രാചീന പേർഷ്യൻ പദമായ മഗൂവിൽ നിന്നുണ്ടായ മഗോസ് (ബഹുവചനം മഗോയി) എന്ന ഗ്രീക്കുവാക്ക് ലത്തീൻ ഭാഷയിൽ മാഗൂസ് (Magus) എന്നായി (ശിമയോൻ മാഗൂസ് എന്ന പ്രയോഗം നോക്കുക). അതിന്റെ ബഹുവചനം മാഗി (Magi) എന്നാണ്. ആ രൂപം ഇംഗ്ലീഷിലും ഉപയോഗിക്കുന്നു. ഉച്ചാരണം മാത്രം മാറി, മേജൈ (Magi) എന്നായി. മാജിക്, മജീഷ്യൻ എന്നിങ്ങനെയുള്ള ഇംഗ്ലീഷുപദങ്ങളും മാഗൂസ് എന്ന ലത്തീൻ പദത്തിൽനിന്നുവരുന്നു.

കൽദായാ സുറിയാനിയിൽ മ്ഗൂശ എന്നതിന് പേർഷ്യൻ മതാചാര്യൻ, രാജാവ്, സൂര്യാരാധകൻ (മിത്രമതാചാര്യൻ), സ്വരവാസ്ട്രിയൻ മതാചാര്യൻ എന്നൊക്കെ അർത്ഥമുണ്ട്.

മഗു എന്ന പ്രാചീന പേർഷ്യൻ പദം സംസ്കൃതത്തിലെ മഖഃ എന്ന വാക്കുമായി ബന്ധപ്പെട്ടതാണ്. ആഘോഷിക്കൽ, സന്തോഷിക്കൽ, ആഘോഷം, യാഗം, ബലിയർപ്പണം, ബഹുമാനിക്കൽ എന്നൊക്കെ മഖഃ എന്ന വാക്കിന് അർത്ഥമുണ്ടല്ലോ. അത് മഹ് (മൻഹ്) എന്ന ധാതുവിൽനിന്ന് വന്നതാണ്. യാഗം എന്ന അർത്ഥം മഖഃ എന്ന പദത്തിനുള്ളതുകൊണ്ട്, ആ പദത്തിന്റെ വ്യത്യസ്തരൂപമായ മഗുവിന് പുരോഹിതനെ സൂചിപ്പിക്കാനാവും. ബലിയർപ്പണം പുരോഹിത ധർമ്മമാണല്ലോ.

അങ്ങനെ മഗൂ എന്ന പദം സംസ്കൃതവുമായി ബന്ധപ്പെട്ടിരിക്കുകയാൽ

www.malankaralibrary.com

അതിൽനിന്നുണ്ടായ മാഗോസ് (ഗ്രീക്ക്) മാഗൂസ് (ലത്തീൻ), മ്ഗൂശ (സുറിയാനി) എന്നീ വാക്കുകൾ നാം അന്യമായി കരുതേണ്ടതില്ല.

പേർഷ്യയിലെ സൊരവാസ്ട്രിയൻ മതക്കാരെ അഗ്ന്യാരാധകരെന്നും സൂര്യാരാധകരെന്നും വിളിച്ചിരുന്നു. അവർ അഗ്നിക്ക് ബലിയർപ്പിച്ചിരുന്നു; സൂര്യനെ ആരാധിച്ചിരുന്നു. അഹുരമസ്ദാ എന്ന് ദൈവത്തെ വിളിക്കുന്നതുകൊണ്ട് മസ്ദായികൾ എന്നും അവർക്ക് പേരുണ്ട്. മ്ഗുശേന്മാർ എന്ന വാക്ക് മലയാളികൾ മഗൂശെന്മാർ എന്നാണ് ഉച്ചരിക്കാറ്.

**മസബറാന (മ്സബറാന)** സംസ്കൃതഭാഷയിൽനിന്നുള്ള സുവിശേഷം, സുവിശേഷകൻ എന്നീ വാക്കുകൾ മലയാളികൾ ഉപയോഗിച്ചുതുടങ്ങിയത് ഈ നൂറ്റാണ്ടിലാണ്. ഏവൻഗെലിയോൻ ഏവൻഗെലിസ്ത എന്നീ പദങ്ങൾ അവയ്ക്കു പകരമായി പ്രയോഗിച്ചിരുന്നു. ഇവ രണ്ടും ഗ്രീക്കു പദങ്ങളാണ്. സുറിയാനിയിലേക്ക് കടന്നുവരുകയാൽ മലയാളികൾക്ക് ഇവ സുപരിചിതമായി. സുവിശേഷകൻ എന്ന അർത്ഥത്തിൽ മ്സബറാന എന്ന കൽദായാ സുറിയാനി പദവും ഇവിടെ പ്രയോഗിച്ചിരുന്നു. മസബറാന എന്നാണ് ആ പദം മലയാളികൾ ഉച്ചരിക്കാറ്. ഇന്നും ആ പ്രയോഗമുണ്ട്. പടിഞ്ഞാറൻ സുറിയാനിയിൽ ആ വാക്ക് മ്സബറോനോ എന്നാണ് ഉച്ചരിക്കുന്നത്.

അറിയിച്ചു, ആശംസിച്ചു, വിചാരിച്ചു എന്നൊക്കെ അർത്ഥമുള്ള സ്ബർ എന്ന സുറിയാനി ധാതുവിൽനിന്നാണ് മ്സബറാന (മ്സബറോനോ) എന്ന നാമമുണ്ടായത്. അറിയിപ്പുകാരൻ എന്നും ഈപദം വിവർത്തനം ചെയ്തിട്ടുണ്ട്. സുവിശേഷകന്മാർ സുവിശേഷം എഴുതുന്നതിനുമുമ്പ് അത് അറിയിച്ചുകൊണ്ടു നടന്നു (പ്രസംഗിച്ചുനടന്നു) എന്ന വസ്തുതയെ അനുസ്മരിപ്പിക്കാൻ മ്സബറാന എന്ന പേര് ഉപകരിക്കും.

**മദ്ബഹ** കേരള ക്രൈസ്തവർക്ക് സുപരിചിതമായ ഒരു സുറിയാനിവാക്കാണ് മദുബഹ. മദ്ബഹ എന്നാണ് അതിൻെറ ശരിയായ രൂപം. സുറിയാനിയിലെ ദ്ബഹ് എന്ന ക്രിയയിൽ നിന്നാണത് നിഷ്പന്നമായത്. ബലികഴിച്ചു, പുജയണച്ചു, അറുത്തു എന്നിങ്ങനെയാണ് ആ ക്രിയയുടെ അർത്ഥം. ബലിപീഠം, ബലികഴിക്കുന്ന സ്ഥലം, പുജചെയ്യുന്ന സ്ഥലം, വിശുദ്ധ സ്ഥലം എന്നിങ്ങനെയാണ് മദ്ബഹയുടെ അർത്ഥം. പഴയകൃതികളിൽ മദുവഹ എന്ന് കാണുന്നുണ്ട്. ബലിപീഠമെന്നും ബലിപീഠമിരിക്കുന്ന പള്ളിയുടെ ഭാഗമെന്നും ഇതിനർത്ഥമുണ്ട്. ബലിപീഠത്തിന് അൾത്താര എന്ന ലത്തീൻ വാക്കും ബലിപീഠമിരിക്കുന്ന ഭാഗത്തിന് മദുബഹ എന്ന സുറിയാനി വാക്കുമാണ് ഇന്ന് സാധാരണമായി പ്രയോഗിക്കുന്നത്. മദ്ബഹയല്ലാത്ത ഭാഗത്തിന് (ജനങ്ങൾ നില്ക്കുന്ന ഭാഗത്തിന്) ഹൈക്കല എന്നാണ് പേര്.

**മദറശ്ത്ത (മദ്രശ, മദ്രശ്ത്ത)** കഴിഞ്ഞ നൂറ്റാണ്ടുവരെ വൈദിക വിദ്യാലയത്തിന് പറഞ്ഞിരുന്ന പേരാണ് മദറശ്ത്ത. അത് മദ്രശ എന്ന് രൂപം മാറിയിട്ടുണ്ട്. 1541-ൽ പോർത്തുഗീസുകാർ കൊടുങ്ങല്ലൂരിൽ വൈദികപരിശീലന കേന്ദ്രം സ്ഥാപിച്ചപ്പോൾ മുതലാണ് സെമിനാരി എന്ന ലത്തീൻവാക്ക് മലയാളത്തിൽ പ്രചരിച്ചത്. എന്നാലും സുറിയാനിക്കാരുടെയിടയിൽ മദറശ്ത്ത എന്ന പേരുതന്നെ നിലനിന്നു. പട്ടത്തുവീട് എന്നൊരു മലയാളപ്പേരുമുണ്ടായിരുന്നു. ആരാധനാക്രമം സുറിയാനിയിലായിരി

www.malankaralibrary.com

ക്കേ ആരാധനാക്രമത്തിൽ അഭ്യസിപ്പിക്കുന്ന സ്ഥാപനത്തിന് സുറിയാനിപ്പേരുണ്ടായിരിക്കുക സ്വാഭാവികമാണല്ലോ.

തമിഴ്നാട്ടിലെ ചെന്നൈ പട്ടണത്തിന് ഇംഗ്ലീഷിൽ മദ്രാസ് എന്ന പേരുവന്നത് അവിടെയുണ്ടായിരുന്ന ക്രൈസ്തവ മദ്രശ്ത്ത മൂലമാണ്. ആറാം നൂറ്റാണ്ടിനു മുമ്പ് അവിടെ ക്രൈസ്തവ മദ്രശ്ത്തയുണ്ടായിരുന്നു. ആറാം നൂറ്റാണ്ടിൽ ഇൻഡ്യ സന്ദർശിച്ച കോസ്മോസ് അവിടെ മെത്രാന്മാരെയും ശെമ്മാശന്മാരെയും സന്ന്യാസികളെയും കണ്ടതായി രേഖപ്പെടുത്തിയിട്ടുണ്ട്. പതിനാറാം നൂറ്റാണ്ടുവരെ അവിടെ മാർത്തോമ്മാ ആശ്രമം ("ഉമറാ ദ് മാർത്തോമ്മാശ്ലീഹാ") നിലനിന്നു.

വിദ്യാലയത്തിനും പരിശീലനകേന്ദ്രത്തിനും ബേസ് ദ്റാശാ, ബേസ് ദുറാശാ, ബേസ് മർദുക്സാ എന്നിങ്ങനെയും പേരുകളുണ്ട്. മദ്റശ്ത്താ എന്ന വാക്ക് മദ്റശാ എന്നും മദറസാ എന്നും മദ്രസ എന്നും രൂപം മാറി.

ആരക്കുഴപള്ളിയിൽ കർസോൻ എന്നറിയപ്പെടുന്ന ലിപിയിൽ (സുറിയാനി ലിപി ഉപയോഗിച്ച് മലയാളം എഴുതുന്ന രീതിയാണ് കർസോൻ) എഴുതിയിട്ടുള്ള ഒരു വൈദികഗ്രന്ഥം (ക്സാവാ ദ് കഹനേ) ഉണ്ട്. ആ ഗ്രന്ഥത്തെപ്പറ്റി അതിൻെറ അവസാനത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: "....ഇതും നിങ്ങൾ അറിഞ്ഞുകൊള്ളുവിൻ. ആരക്കുഴപള്ളി ഇടവകയുടെ പുത്രനായ ദുർഭഗനും പാവപ്പെട്ടവനും ബലഹീനനും ആയ കിണറ്റുകരത്തടത്തിൽനിന്നുള്ളവനായിരുന്ന ഗീവറുഗീസ് എന്ന അലൈമ്മ [യുവാവ്; വൈദികവിദ്യാർത്ഥി] യുടെ കരങ്ങളാൽ ആണ് നാഗപ്പുഴ പള്ളിയിൽനിന്ന് അന്ന് ഈ വൈദികഗ്രന്ഥം എഴുതപ്പെടുകയും പൂർത്തീകരിക്കപ്പെടുകയും ചെയ്തത്. അയാൾ തൻെറ മദരശാമല്പാനും [വൈദികവിദ്യാലയത്തിലെ ഗുരു] തൻെറ പ്രിയപ്പെട്ട ബഹുമാന്യപിതാവുമായ തൻെറ മേലധികാരി തന്നോട് കല്പിച്ചു പറഞ്ഞ കല്പനയനുസരിച്ച് ഈ പുസ്തകം പകർത്തി എഴുതി. മിശിഹാക്കാലം ആയിരത്തി എണ്ണൂറ്റി പതിനാലാമാണ്ട് ത്രേൻ കദീൻ [ഒക്ടോബർ] മാസത്തിലെ മൂന്നാം ഞായറാഴ്ചദിവസം എഴുതിപൂർത്തിയാക്കി. വൈദികരുടെ ഈ പുസ്തകത്തിൻെറ ഉടമസ്ഥ സ്നേഹിക്കപ്പെട്ടവളും പ്രിയപ്പെട്ടവളും കീർത്തിപെട്ടവളുമായ ആരക്കുഴ പള്ളിയാകുന്നു. വില നൂറ്റി ഇരുപത്തി അഞ്ച് ദീനാറീൻ ആകുന്നു".

സുറിയാനിയിലെ ദറേശ് എന്ന ക്രിയയിൽനിന്നാണ് മദരശ്ത്ത എന്ന വാക്കുണ്ടാകുന്നത്. അന്വേഷിച്ചു, പഠിച്ചു എന്നിങ്ങനെയാണർത്ഥം. വിദ്യാലയം എന്നാണ് മദ്റശ്ത്തയുടെ മൂലാർത്ഥം. ദെനാറാ എന്ന വാക്കിൽനിന്നാണ് ദിനാറീൻ എന്ന പദമുണ്ടായിരിക്കുന്നത്.

**മദ്രിഞ്ഞ (മതിരിഞ്ഞ)** തലതൊട്ടമ്മയെ, കേരളത്തിലെ ചില പ്രദേശങ്ങളിൽ മദ്രിഞ്ഞ, മതിരിഞ്ഞ, മദ്രിഞ്ഞമ്മ എന്നൊക്കെയാണ് വിളിക്കുന്നത്. ഒരു പോർത്തുഗീസ് പദമാണ് മദ്രിഞ്ഞ (Madrinha). അമ്മ എന്നർത്ഥമുള്ള മാദ്രേ എന്ന നാമവും ഞ്ഞ്യ (nha) എന്ന പ്രത്യയവും ചേർന്ന പ്രയോഗമാണത്. ലഘുത്വത്തെയും വാത്സല്യത്തെയും സൂചിപ്പിക്കുന്ന പ്രത്യയമാണ് ഞ്ഞ്യ. സംസ്കൃതത്തിലെ മാതൃ, ഗ്രീക്കിലെ മത്തേർ, ലത്തീനിലെ മാത്തെർ, ഇംഗ്ലീഷിലെ മദർ, പോർത്തുഗീസിലെ മാദ്രേ എന്നിവയെല്ലാം ഒരേ ധാതുവിൻെറ വ്യത്യസ്ത രൂപങ്ങളാണല്ലോ. മതിരിഞ്ഞ

www.malankaralibrary.com

(മദ്രിഞ്ഞ) എന്നുപറയുമ്പോൾ അമ്മ എന്ന അർത്ഥം മലയാളിക്ക് തോന്നാത്തതുകൊണ്ടാണ് അമ്മ എന്ന വാക്കു കൂട്ടിച്ചേർത്ത് മതിരിഞ്ഞമ്മ എന്നു പറയുന്നത്. ഈ വാക്കിനുപകരം പദ്രിഞ്ഞമ്മ എന്ന് പ്രയോഗിക്കുന്നത് യുക്തമല്ല (പദ്രിഞ്ഞു എന്ന പദം നോക്കുക).

**മന്ന** അറമായാ (സുറിയാനി) ഭാഷയിൽ നിന്ന് മലയാളത്തിലെത്തിയ പദമാണ് മന്ന. ഹീബ്രുവിൽ മാൻ എന്നുപറയും. ഇസ്രായേൽ ജനത്തിന് മരുഭൂമിയിൽവച്ച് അത്ഭുതകരമായി ലഭിച്ച ഭക്ഷണത്തിനാണ് മന്ന എന്നുപേർ പറയുന്നത് (പുറ. 16: 4-33, നിയമാ. 8:3, 16, നെഹെ. 9:20; സങ്കീ. 78:24). ദൈവം ഇസ്രായേൽ ജനതയ്ക്ക് മഴയും സ്വർഗ്ഗത്തിൽനിന്നുള്ള അപ്പവും നല്കുമെന്ന വാഗ്ദാനമുണ്ടായിരുന്നതുകൊണ്ട് (പുറ. 16:1-4) സ്വർഗ്ഗീയ അപ്പം (സങ്കീ. 78:24; 105:40) ബലവാൻെറ അപ്പം (സങ്കീ. 78: 25) മാലാഖമാരുടെ അപ്പം (ജ്ഞാനം 16: 20) അമർത്യത നല്കുന്ന അപ്പം (ജ്ഞാനം 16:21) എന്നൊക്കെ ഇതിന് പേരുപറയുന്നു.

ഈ വാക്കുണ്ടായതിനെപ്പറ്റി പുറ. 16:15-ൽ പറയുന്നുണ്ട്. പുതിയ ഭക്ഷണസാധനം കണ്ടപ്പോൾ (ജ്ഞാനം 16:3) ജനങ്ങൾ പരസ്പരംചോദിച്ചു, "മാൻഹു?" എന്ന്. "ഇത് എന്ത് ആകുന്നു?" എന്നാണ് അതിൻെറ അർത്ഥം. എന്ത്? എന്നതിന് ഹീബ്രുവിൽ മാൻ എന്നാണ് പ്രയോഗം. സാധാരണമായി മാഹ് എന്നാണ് പറയുക. സുറിയാനിയിൽ മാനാ ഹു എന്നതിൻെറ സംക്ഷിപ്തരൂപമാണ് മൻഉ (മന്നു). ഇതിൽനിന്നാണ് മന്ന എന്ന സുറിയാനി പദമുണ്ടായത്.

സീനായ് പ്രദേശത്ത് ഒരുതരം വൃക്ഷത്തിൻെറ കറ ഇന്നും മാൻ എന്നു വിളിക്കപ്പെടുന്നു എന്ന് 1929-ൽ ഒരു ഗവേഷകൻ രേഖപ്പെടുത്തിയിട്ടുണ്ട്.

ഒരു തൂക്കത്തിൻെറ പേരായി മ്ന്ന് എന്ന പ്രയോഗവും മലയാളത്തിലുണ്ട്. അതിന് മന്നയുമായി ബന്ധമില്ല. അത് മന്നു എന്ന അക്കാദിയൻ പദമാണ് (സുമേറിയനിൽ മാനാ എന്നും ഹീബ്രുവിൽ മാനേ എന്നും അറമായയിൽ മെനെ എന്നുമാണ് അതിൻെറ പേര്). ഇന്നത്തെ പൗണ്ടിന് ഏറെക്കുറെ തുല്യമായ തൂക്കമാണത്. ലത്തീനിൽ മീന എന്നും ഗ്രീക്കിൽ മ്നാ എന്നും പറയുന്നു. എണ്ണുക, കണക്ക് കൂട്ടുക എന്നൊക്കെ അർത്ഥം വരുന്ന മ്നാ എന്ന ധാതുവിൽ നിന്നാണ് അതുണ്ടായത്. സംസ്കൃതത്തിലെ മാ എന്ന ധാതുവുമായി അതിന് ബന്ധമുണ്ടായിരിക്കാം.

**മപ്രിയാന** യാക്കോബായാക്കാരുടെയിടയിൽ, പാത്രിയാർക്കീസ് കഴിഞ്ഞാൽ ഒന്നാമത്തെ മെത്രാപ്പോലീത്ത, മെത്രാൻ എന്നൊക്കെയാണ് മപ്രിയാന എന്ന സുറിയാനി വാക്കിന് അർത്ഥം കൊടുത്തുകാണുന്നത്. കാതോലിക്കാ ബാവാ എന്നും അർത്ഥം നല്കിയിട്ടുണ്ട്. ഈ വാക്കിൻെറ ആദിമമായ അർത്ഥം പിതാവ്, ജനിപ്പിക്കുന്നവൻ, അവന്ധ്യൻ എന്നിങ്ങനെയാണ്. സഫലത എന്നാണ് മപ്രിയാനുസാ എന്ന നാമത്തിനർത്ഥം. മപ്രിയാനോ സ്ഥാനത്തിന് ആ വാക്കുപയോഗിക്കുന്നു. സന്തതി, സഫലത, അവന്ധ്യത എന്നിങ്ങനെ അർത്ഥമുള്ള പേറ്യ എന്ന സുറിയാനിവാക്ക് മുള, കുമ്പ് എന്നിങ്ങനെ അർത്ഥമുള്ള പേഖ്ഹാ എന്ന ഹീബ്രു പദത്തിൽനിന്നു വരുന്നു. പ്റാ എന്ന ധാതുവിന് ഫലമുള്ളതായി, വളർന്നു, വർദ്ധിച്ചു എന്നൊക്കെയാണർത്ഥം. അപ്രി എന്നതിന് ഫലവത്താക്കി, വർദ്ധിപ്പിച്ചു, ജനിപ്പിച്ചു എന്നിങ്ങനെയും. അങ്ങനെ ആദ്ധ്യാത്മികപിതാവ് എന്നാണ് മപ്രിയാനയ്ക്ക് അർത്ഥമെന്നു പറയാം.

www.malankaralibrary.com

**മർത്തമറിയത്തുമ്മ** (മാർ എന്ന വാക്കു നോക്കുക)

**മല്പാൻ** ഏ.ഡി. 1772-നുമുമ്പ് എഴുതപ്പെട്ട ചില വേദപാഠപുസ്തകങ്ങളിൽ (അവ അച്ചടിച്ചിട്ടില്ല) ചോദ്യങ്ങൾ ചോദിക്കുന്നത് മല്പാനും ഉത്തരങ്ങൾ പറയുന്നത് തലീയായുമാണ്. ഈ രണ്ട് വാക്കുകളും കേരളക്രിസ്ത്യാനികളുടെയിടയിൽ സർവ്വസാധാരണമായി പ്രയോഗിച്ചിരുന്നു എന്നതിന്റെ തെളിവാണത്. മല്പാൻ എന്നത് സുറിയാനിയിലെ മല്പാനാ എന്ന വാക്കിൽനിന്നുണ്ടായതാണ്. പണ്ഡിതൻ എന്നാണ് അതിന്റെ അർത്ഥം. അധ്യാപകൻ എന്നും അതിന് അർത്ഥമുണ്ട്. വൈദികവിദ്യാർത്ഥികളെ പഠിപ്പിക്കുന്നവരെ മല്പാന്മാർ എന്നുവിളിക്കുന്നു. സഭാപണ്ഡിതന്മാരെയും (Doctors of the Church) അപ്രകാരം വിളിക്കുന്നു. തലിയാ എന്ന സുറിയാനി പദത്തിന് പൈതൽ എന്നർത്ഥം. ഏ.ഡി. 1772-ൽ അച്ചടിച്ച വേദപാഠപുസ്തകത്തിൽ (സംക്ഷേപവേദാർത്ഥം) മല്പാൻ എന്നതിന് ഗുരു എന്നും തലിയാ എന്നതിന് ശിഷ്യൻ എന്നും പ്രയോഗിച്ചു. ചില ഗ്രന്ഥങ്ങളിൽ മല്പാൻ എന്നതിന് മ എന്നും തലിയാ എന്നതിന് ത എന്നും (സംക്ഷിപ്തരൂപം) എഴുതിയിരിക്കുന്നു.

**മസ്മൂറ** ഒരു സുറിയാനി വാക്കാണ് മസ്മൂറ. കീർത്തനം, സങ്കീർത്തനം എന്നിങ്ങനെയാണർത്ഥം. ദാവീദിന്റെ സങ്കീർത്തനത്തിന് മസ്മൂറ എന്നുപറയും. ചെറുവത്തൂർ കുരിയൻ കത്തനാരുടെ ഹൂലാലാ പുസ്തകത്തിൽ (കയ്യെഴുത്തുകൃതി, 1824-ൽ എഴുതിയത്) ആമുഖമായി ഇങ്ങനെ പറയുന്നു: "നമ്മുടെ കർത്താവ് ഈശോമിശിഹായുടെ തന്റെ ശക്തിയാലെ രാജാവും നിവിയായും തംപുരാന്റെ തന്റെ മനസ്സുമായ ഭാഗ്യക്കാരൻ ദാവീദിന്റെ മസുമൊറാകളുടെ പൊസ്ഥകം എഴുതുവാൻ ഞങ്ങൾ തുടങ്ങുന്നു" (പുറം 1).

**മഹറോൻ** മഹറോൻ ശിക്ഷ എന്ന പ്രയോഗം അടുത്തകാലംവരെ സാധാരണമായിരുന്നു. ഉദയംപേരൂർ സൂനഹദോസിന്റെ കാനോനയിൽ ഇങ്ങനെ കാണുന്നു: "ഈ സുനഹദോസിന്ന തലവൻ ആകുന്ന നാം പഴക്കത്തിന്റെ ശക്തിയാലയും നമ്മുടെ പ്രമാണം കടക്കുമ്പൊളെ മഹറൊൻ അവർക്ക് തട്ടുന്നു എന്നതിന്റെ പ്രാശ്യത്വത്താലെയും പ്രമാണിക്കുന്നു ഈ യൊഗത്തിന് വിളിക്കപ്പെട്ടു വന്ന പട്ടക്കാരരിലും എണങ്ങരിലുംആരും നമ്മുടെ അനുവാസംകൂടാതെ ഈ വിചാരമെല്ലാം ഒടുങ്ങുമുമ്പെ പൊകരുതെന്നു" (1-ാം മൗത്വാ, 2-ാം കാനോന). സഭയിൽനിന്ന് പുറത്താക്കൽ എന്നാണ് മഹറോൻ എന്ന സുറിയാനി വാക്കിന്റെ അർത്ഥം. കൂട്ടായ്മയിൽനിന്ന് വിട്ടുകളയുക എന്നാണ് സാരം. ലത്തീൻ ഭാഷയിൽ എക്സ്കൊമ്യൂണിക്കാസിയോ (excommunicatio) എന്നു പറയും. സംസർഗ്ഗത്തിൽനിന്ന് പുറംതള്ളൽ, സമ്പർക്കമില്ലായ്മ എന്നൊക്കെയാണല്ലോ അതിന്റെ അർത്ഥം. ബന്ധം വിച്ഛേദിക്കലാണത്. കുറ്റക്കാരായിട്ടുള്ളവരെ സഭ തന്റെ കൂട്ടായ്മയിൽനിന്ന് പുറംതള്ളുന്നു. മഹറോൻ ചൊല്ലുക, മഹറോൻ ഏല്ക്കുക, മഹറോൻ തട്ടുക എന്നീ പ്രയോഗങ്ങൾ സാധാരണമാണ്. ഇപ്പോൾ സഭാഭ്രഷ്ട് എന്ന പ്രയോഗവുമുണ്ട്. ശപിക്കുക എന്നർത്ഥമുള്ള ഹ്റം എന്ന സുറിയാനി ധാതുവിൽനിന്നാണ് മഹ്റോൻ എന്ന വാക്കുണ്ടാകുന്നത്. മഹറോൻ എന്ന് മലയാളികൾ ഉച്ചരിക്കു

www.malankaralibrary.com

ന്നു. ഹര്‌മാ എന്നതിന് ശാപയോഗ്യനെന്നും ഹെർമാ എന്നതിന് ശാപമെന്നുമാണർത്ഥം. ഹ്റം എന്ന ധാതുവിന് അഹ്റം എന്നൊരു രൂപവുമുണ്ട്. അതിന് പ്രതിഷ്ഠിച്ചു, നിവേദിച്ചു, ശപഥം ചെയ്തു എന്നിങ്ങനെയും അർത്ഥമുണ്ട്.

**മഹാമഹം** തിരുനാൾ നോട്ടീസുകളിൽ ഉപയോഗിക്കുന്ന ഒരു സമസ്തപദമാണിത്. 'തിരുനാൾ മഹാമഹം' എന്നാണ് പ്രയോഗിക്കാറ്. അർത്ഥപൂർണ്ണമായ പ്രയോഗംതന്നെ. മഹാമഹം എന്നതിലെ മഹാ എന്നതിന് വലുത് (great) എന്നർത്ഥം. മഹം എന്നതിന് ബലി, ബഹുമാനം, കാഴ്ചവസ്തു, ആഘോഷം, ആഘോഷപരമായ കീർത്തനം, പ്രദക്ഷിണം എന്നൊക്കെയാണർത്ഥം. അങ്ങനെ മഹാമഹത്തിന് ബഹുമാനിക്കൽ, ആഘോഷിക്കൽ, വലിയ ബലി, വലിയ പ്രദക്ഷിണം എന്നൊക്കെ അർത്ഥം വരുന്നു.

മഹസ്സ്, മഹാ, മഹത് എന്നൊക്കെയുള്ള വാക്കുകൾ മഹ് എന്ന ഇൻഡോ ആര്യൻ ധാതുവിൽനിന്നുവരുന്നു. അതിന്റെ അർത്ഥമാകട്ടെ പുകഴ്ത്തുക, ഉത്തേജിപ്പിക്കുക, വലുതാക്കുക, വിലമതിക്കുക, ബഹുമാനിക്കുക, സന്തോഷിക്കുക, നല്കുക എന്നൊക്കെയാണ്. മഹ് എന്ന ധാതു പോകുക എന്നർത്ഥമുള്ള മഖ് (മംഖ്) എന്ന ധാതുവുമായി ബന്ധപ്പെട്ടിരിക്കുന്നു. മഖ് നാമമായും വിശേഷണമായും ഉപയോഗിക്കും. വിശേഷണത്തിന് സന്തോഷമുള്ള, ഉന്മേഷമുള്ള, പ്രവർത്തനനിരതമായ എന്നൊക്കെയാണർത്ഥം. നാമമായിട്ട് ഉപയോഗിക്കുമ്പോൾ ഒരു ആഘോഷം (feast) സന്തോഷത്തിന്റെയോ ആഘോഷത്തിന്റെയോ സന്ദർഭം എന്നൊക്കെയാണർത്ഥം. ഋഗ്വേദത്തിൽ ഈ അർത്ഥങ്ങളോടെ ആ വാക്ക് ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ ശതപഥ ബ്രാഹ്മണത്തിലും മറ്റു പല കൃതികളിലും ബലി, യാഗം എന്നിങ്ങനെയാണ് അതിന്റെ അർത്ഥം. അപ്പോൾ, മഹാമഹം എന്നതിനു പകരം മഹാമഖം എന്നും പറയാം. മഹത്തായ യാഗം എന്നാണ് അതിന്റെ പ്രധാനപ്പെട്ട അർത്ഥം.

ഈ വാക്ക് ഹൈന്ദവ സംസ്കാരത്തിൽനിന്ന് ക്രിസ്ത്യാനികൾ സ്വീകരിച്ചു. പതിനേഴാം നൂറ്റാണ്ടുമുതൽ പാശ്ചാത്യമിഷണറിമാരുടെ പ്രയോഗംവഴി കേരള ക്രൈസ്തവരിൽ അത് ചിരപ്രതിഷ്ഠനേടി. മഹ്, മഹാ, മഹത്, മഹസ്സ് എന്നൊക്കെ കാണപ്പെടുന്ന മഹ് അഥവാ മഖ് എന്ന ധാതു മറ്റ് ഇൻഡോ യൂറോപ്യൻ ഭാഷകളിലുമുണ്ട്. ഗ്രീക്കിലെ മെഗസ്, ലത്തീനിലെ മാഗ്നുസ് (മാഞ്ഞൂസ് എന്നുംപറയും) മാക്തുസ് (mactus) പഴയജർമ്മനിലെ മിഖെൽ (michel) ഇംഗ്ലീഷിലെ മൈക്കിൾ (mickle) മച്ച് (much)എന്നിവ സംസ്കൃതത്തിലെ മഹ് ധാതുവുമായി ബന്ധപ്പെട്ടതാണ്. വലിയ (മഹത്തായ) എന്നാണല്ലോ ഈ വിശേഷണങ്ങൾക്ക് അർത്ഥം. മെഗാഫോൺ (വലിയ ശബ്ദം) മാഗ്നിഫിസെൻറ് (മഹത്വമുള്ള) മാഗ്നാനിമിറ്റി (ഔദാര്യം, ഹൃദയവിശാലത) മാഗ്നിറ്റ്യൂഡ് (വലുപ്പം) മുതലായ ഇംഗ്ലീഷ് പദങ്ങളിൽ ഈ വാക്കുതന്നെയാണുള്ളത്.

തിരുനാൾ മഹാമഹം എന്നതിന് വിശുദ്ധദിവസത്തെ വലിയബലി എന്നർത്ഥം കിട്ടും. തിരുനാളിന്റെ ഏറ്റവും പ്രധാനപ്പെട്ട ഭാഗം ഒരു ബലിയാണല്ലോ. തിരുനാൾ എന്നതിന് ശ്രേഷ്ഠമായ അഥവാ വിശുദ്ധമായ ദിവസം എന്നേ അർത്ഥമുള്ളു. അത് ബലിയെ നേരിട്ട് സൂചിപ്പിക്കുന്നില്ല. മഹാമഹം എന്നത് ആഘോഷപൂർവ്വകമായ ബലിയെ നേരി

www.malankaralibrary.com

ട്ടു സൂചിപ്പിക്കും. തിരുനാളാഘോഷത്തിന്റെ ആത്മാവും ലക്ഷ്യവും ഒരു ബലിയാണ്, ആയിരിക്കുകയും വേണം. പെരുന്നാൾ എന്നതിന് വലിയ (പ്രാധാന്യമുള്ള) ദിവസം എന്നർത്ഥം. ആധ്യാത്മിക കാര്യങ്ങൾക്കാണല്ലോ അതിൽ പ്രാധാന്യം.

**മഹോത്സവം** മഹത്തായ ഉത്സവം എന്നാണല്ലോ മഹോത്സവത്തിന് അർത്ഥം (മഹാ+ഉത്സവം). ഈ പ്രയോഗം ആശയപരമായി മഹാമഹത്തോട് ബന്ധപ്പെട്ടതാണ്. ഈ സമസ്തപദത്തിലെ ഉത്സവം എന്ന വാക്കിന്റെ അർത്ഥം പരിശോധിക്കാം. ഉദ് എന്ന ഉപസർഗ്ഗവും സവം എന്ന പദവും ചേർന്നതാണ് മഹോത്സവം.

ഉദ് എന്ന ഉപസർഗ്ഗം (ചില സാഹചര്യങ്ങളിൽ ഇത് 'ഉത്' എന്നാകും ഉദാ: ഉത്പന്നം, ഉത്സവം) വിവിധാർത്ഥങ്ങളുള്ള ഒന്നാണ്. ഉന്നതമായ നില അത് സൂചിപ്പിക്കും. മേലോട്ട് എന്നും മുകളിൽ എന്നും അതിനർത്ഥം വരും. ക്രിയകളോടും നാമങ്ങളോടും ചേർക്കുകയും ചെയ്യും. ഉദ്ഗമിക്കുക (= മേലോട്ടു പോവുക) ഉദ്ഭവിക്കുക (ഉണ്ടാവുക) മുതലായവ കാണുക. ഒഴുകുക എന്നർത്ഥമുള്ള ഉദ് എന്ന ധാതുതന്നെയാണിത്. ഗ്രീക്കിലെ ഉദോർ, ലത്തീനിലെ ഉന്ദ, ഗോഥിക്കിലെ വാത്-ഓ, പഴയ ജർമ്മനിലെ വസ്-അർ, ആധുനിക ഇംഗ്ലീഷിലെ വാത്-എർ (വാട്ടർ) മുതലായ പദങ്ങൾ ഉത് എന്ന ധാതുവിൽനിന്നു വരുന്നു. ശ്രേഷ്ഠത, മുമ്പോട്ടുള്ള അല്ലെങ്കിൽ മേല്പോട്ടുള്ള ചലനം മുതലായവ ഉദ് സൂചിപ്പിക്കും.

ഉത്സവം എന്ന വാക്കിന് പ്രയത്നാരംഭം, സന്തോഷിക്കൽ, ആഘോഷിക്കൽ, തുറക്കൽ, പുഷ്പിക്കൽ എന്നൊക്കെയാണ് സംസ്കൃതത്തിൽ പൊതുവേയുള്ള അർത്ഥം. എന്നാൽ ഇതിലെ സവം എന്ന വാക്ക് പരിശോധിക്കുമ്പോൾ അതിന്റെ പ്രാചീനവും പ്രധാനവുമായ അർത്ഥം കണ്ടുകിട്ടും. ഉത്സവം എന്നതിലെ സവം എന്ന പദത്തിന് സോമലത പിഴിഞ്ഞെടുക്കൽ എന്നാണ് ഋഗ്വേദത്തിലുള്ള അർത്ഥം. പൂക്കളുടെ ചാറ് അല്ലെങ്കിൽ തേൻ എന്നും അർത്ഥമുണ്ട്. ആര്യന്മാർ സോമലത പിഴിഞ്ഞെടുത്ത ചാറ് ദേവന്മാർക്ക് കാഴ്ചവസ്തുവായി അർപ്പിച്ചിരുന്നു (സവം എന്നത് പിഴിഞ്ഞെടുക്കുക എന്നർത്ഥമുള്ള സൂ എന്ന ധാതുവിൽനിന്നുണ്ടായതാണ്). സോമലതയ്ക്ക് സവലത എന്നും പേരുണ്ട്. സവം എന്നതിനു പകരം സവനം എന്നും ഉപയോഗിക്കാം.

സോമയാഗം വേദങ്ങളിൽ പ്രസിദ്ധമാണ്. സോമലതയുടെ തണ്ടുകൾ കല്ലുകൾ ഉപയോഗിച്ച് പുരോഹിതർ പിഴിഞ്ഞെടുക്കുന്നു. അതിൽ വെള്ളം ചേർത്ത് പവിത്രം എന്ന പാത്രത്തിൽ (strainer) ഒഴിച്ച് ശുദ്ധീകരിക്കുന്നു. പിന്നീട് അത് കുടങ്ങളിൽ (കലശം) അഥവാ പാത്രങ്ങളിൽ (ദ്രോണം) ഒഴിക്കുന്നു. അതിനുശേഷം നെയ്യ്, ധാന്യപ്പൊടി മുതലായവ ചേർത്തു പുളിപ്പിക്കുന്നു. എന്നിട്ട് ദേവൻമാർക്ക് സമർപ്പിക്കുന്നു. ഇതാണ് ആര്യന്മാരുടെ സോമയാഗം. ബ്രാഹ്മണ പുരോഹിതന്മാർ ഇത് കുടിക്കാറുണ്ട്. അതു നൽകുന്ന അനുഭൂതി അവർണ്ണനീയമാണെന്ന് അവർ പറയുന്നു. ചന്ദ്രന്റെ പ്രകാശത്തിലാണ് സോമലത ശേഖരിക്കുന്നത്. സോമലതയെ ദേവനായും ചന്ദ്രനായും സങ്കല്പിച്ചിട്ടുണ്ട്. സോമ എന്നതിന് ചന്ദ്രൻ എന്നാണ് പ്രധാന അർത്ഥം.

പില്ക്കാലത്ത് ഏതു യാഗത്തിനും ബലിക്കും സവനം എന്നു പറഞ്ഞിരുന്നു.

www.malankaralibrary.com

അങ്ങനെ ഉത്സവം എന്നതിന് യാഗം, കാഴ്ചവസ്തു എന്നിങ്ങനെ അർത്ഥമായി. ബലിയർപ്പിക്കൽ, യാഗം നടത്തൽ എന്നും അർത്ഥമുണ്ടായി. മഹോത്സവം വലിയ ബലിയർപ്പണമാണ്. ബാഹ്യമായ ആഘോഷങ്ങളൊക്കെ അതോടൊപ്പം ഉണ്ടാകുമെന്ന് മാത്രം. മഹാമഹവും മഹോത്സവവും മഹാസവനവും ആഘോഷപൂർവ്വകമായ ബലിയർപ്പണത്തെ സൂചിപ്പിക്കുന്നു എന്നു ചുരുക്കം. ബലിയർപ്പണത്തിൽനിന്നാണ് അതിന്റെ ഉദ്ഭവം. ബലിയർപ്പണത്തിന്റെ പ്രാധാന്യം അത് സൂചിപ്പിക്കുന്നു. എല്ലാ തിരുനാളുകളും എല്ലാ വിശ്വാസിക്കും അപ്രകാരമായിരിക്കണമല്ലോ.

**മറത** എതിർക്കുന്നവൻ, സാത്താൻ എന്നീ അർത്ഥങ്ങളിൽ പ്രയോഗിക്കുന്ന ഒരു പഴയ പദമാണ് മറത. ബാധയൊഴിക്കാനുള്ള പ്രാചീനമന്ത്രങ്ങളിൽ മറതകൾ എന്ന് പ്രയോഗിച്ചിട്ടുണ്ട്. അറമായാഭാഷയിലെ മറദ എന്ന വാക്കുതന്നെയാണിത്. മാറീറാ എന്നും പ്രയോഗമുണ്ട്. മത്സരിക്കുന്നവൻ, എതിർക്കുന്നവൻ എന്നിങ്ങനെയാണർത്ഥം. മത്സരിച്ചു, തുനിഞ്ഞു, ധീരത കാണിച്ചു എന്നിങ്ങനെ അർത്ഥമുള്ള മറഹ് എന്ന ഒരു ധാതു ഹീബ്രുവിലുമുണ്ട്.

മറദ എന്ന നാമത്തിന്റെ ധാതു മറദ് എന്നാണ്. ദ്രാവിഡ ഭാഷകളും സെമിറ്റിക് ഭാഷകളും തമ്മിലുള്ള ബന്ധം സൂചിപ്പിക്കുന്ന ഒരു ധാതുവാണിത്. ദ്രാവിഡഭാഷകളിൽ മറു എന്നൊരു ധാതു (മറുതല് എന്ന രൂപത്തിലും) ഉണ്ടല്ലോ. മറുതലിക്കുക, മറുതല, മറുത്തു പിഴയ്ക്കുക, മാറ്റാർ (= ശത്രുക്കൾ) മുതലായ വാക്കുകൾ മലയാളത്തിലുണ്ട്.

**മാമ്മോദീസാ** സ്നാപനം എന്നർത്ഥമുള്ള സുറിയാനി പദമാണ് മാമ്മോദീസാ. സുറിയാനിയിൽ മാമോദീത്താ എന്നാണ് എഴുതുകയും പറയുകയും ചെയ്യുക. വാക്യാന്ത്യത്തിലുള്ള 'ത'കാരം മലയാളികൾ 'സ'കാരമായി ഉച്ചരിക്കുന്നു. തടത്തം എന്നത് തടസ്സമെന്നും പതവാരം എന്നത് പസ്സാരം എന്നും മൂത്തത് എന്നത് മുസ്സത് എന്നും പ്രയോഗിക്കുന്നതുപോലെ. ഈ സകാരോച്ചാരണം രണ്ടാം ശതാബ്ദത്തിനുമുമ്പ് സുറിയാനിയിൽ ഉണ്ടായിരുന്നുവെന്നും പിന്നീട് മധ്യേഷ്യയിലുള്ള സുറിയാനിക്കാർ അത് ഉപേക്ഷിച്ചുവെന്നും പറയപ്പെടുന്നു. സുറിയാനി അക്ഷരമാലയിലെ അവസാനത്തെ അക്ഷരം താവ് ആണ്. അതിന് 'ത്' എന്നാണ് ഉച്ചാരണം. തൃശൂരുള്ള കൽദായാക്കാർ (സുറായികൾ) മാമ്മോദീത്താ എന്നാണ് കുർബാനക്രമത്തിൽ അച്ചടിപ്പിച്ചിട്ടുള്ളത്. മലയാളികൾ 'സ' കാരമായി ഉച്ചരിക്കുന്നതിന്റെ പിന്നിൽ പേർഷ്യൻ ഉച്ചാരണരീതിയുടെ സ്വാധീനമുണ്ടായിരിക്കണമെന്നില്ല. (ബൗത്തിസ്, മാംദാന എന്നിവ നോക്കുക)

**മാമ്മോന** "ദൈവത്തെയും മാമ്മോനയെയും സേവിക്കുവാൻ നിങ്ങൾക്ക് സാധിക്കുകയില്ല" (മത്താ. 6:24,. മാണിക്കത്തനാരുടെ വിവർത്തനം) എന്ന വാക്യത്തിലെ മാമ്മോന എന്ന പദം അറമായാഭാഷയിൽ നിന്നുവന്നതാണ്. യഹൂദരുടെ തർഗുംകളിലും തൽമൂദിലും ഇത് പ്രയോഗിച്ചിട്ടുണ്ട്. ഇതിന്റെ പിൽക്കാല ഹീബ്രുരൂപമാണ് മാമോൻ (ഈ വാക്ക് ആദ്യമായി കാണുന്നത് സിറാ. 31:8-ൽ ആണ്). റാബിമാരുടെ ഗ്രന്ഥങ്ങളിൽ ഇത് ധാരാളമായിക്കാണാം. ധനം, ലാഭം, എന്നിങ്ങനെ അതിന് രണ്ട് വ്യത്യസ്ത അർത്ഥങ്ങളുണ്ട്. മത്താ. 6:24-ൽ ധനത്തിന് വ്യക്തിത്വം ആരോപിച്ചിരിക്കുകയാണ്. ധനദേവത എന്ന് അതിന് അർത്ഥം

www.malankaralibrary.com

പറയുക ശരിയല്ല. സെമിറ്റിക് ജനതയുടെ പ്രാചീന ചരിത്രത്തിലെങ്ങും മാമോനാ എന്നു പേരുള്ള ഒരു ദേവതയെ കാണുന്നില്ലല്ലോ.

മാമോനാ എന്ന അറമായാ പദം ഗ്രീക്കുഭാഷയിൽ മാമോനാസ് എന്നും പഴയ ലത്തീനിൽ മാമ്മോന (Mammona) എന്നും ഇംഗ്ലീഷിൽ മാമ്മോൻ (Mammon) എന്നും രൂപംമാറി. "അനീതിയുടെ മാമ്മോന" (ലൂക്കാ 16:9), "അന്യായമായ മാമ്മോന" (ലൂക്കാ 16:11) എന്നീ പ്രയോഗങ്ങളിൽ നീതിരഹിതമായി സമ്പാദിച്ച പണം എന്നേ അർത്ഥമുള്ളൂ.

**മാംദാനാ** ക്രിസ്തുവിൻെറ മുന്നോടിയായ യോഹന്നാനെ യോഹന്നാൻ മാംദാനാ എന്നാണ് വിളിക്കുന്നത്. മാംദാനാ എന്ന സുറിയാനി വാക്കിന് കുളിപ്പിക്കുന്നവൻ എന്നാണർത്ഥം. അനുതാപത്തിൻെറ അടയാളമായ കുളിയെയാണ് ഇവിടെ ഉദ്ദേശിക്കുന്നത്. സ്നാപക യോഹന്നാൻ എന്ന പ്രയോഗം പാശ്ചാത്യമിഷണറിമാർ വന്നതിന് ശേഷമാണ് നടപ്പായത്. സംസ്കൃതപദങ്ങൾ മിക്കതും അവരാണ് പ്രചരിപ്പിച്ചത്. സ്നാപകൻ എന്ന വാക്കിനും കുളിപ്പിക്കുന്നവൻ എന്നു തന്നെയാണർത്ഥം. സ്നാ (=കുളിക്കുക) എന്ന സംസ്കൃതധാതുവിൽനിന്നാണ് ആ വാക്കുണ്ടാകുന്നത്.

(ജ്ഞാനസ്നാനം, ബൗത്തിസ്, മാമ്മോദീസ എന്നീ വാക്കുകൾകൂടി നോക്കുക).

**മാലാഖ** സന്ദേശവാഹകൻ (ദൂതൻ) എന്നർത്ഥമുള്ള സുറിയാനിപ്പദമാണ് മാലാഖ. ഇതേ അർത്ഥത്തിൽ ഇംഗ്ലീഷിൽ കാണുന്ന എയ്ഞ്ചൽ (Angel) എന്ന വാക്ക് ആൻജെലോസ് എന്ന ഗ്രീക്കുവാക്കിൽനിന്നുണ്ടായ ആൻജെലൂസ് എന്ന ലത്തീൻ പദത്തിൽനിന്നുണ്ടായതാണ്. "കർത്താവിൻെറ മാലാഖാ" എന്നൊരു പ്രാർത്ഥനയ്ക്ക് പേരുണ്ട്. ആ വാക്കുകളോടെ തുടങ്ങുന്ന ത്രിസന്ധ്യാജപത്തിൻെറ പേരാണത്.

**മാറ്, മാറൻ, മാറാനായാ, മർത്ത** കർത്താവ്, നാഥൻ, ഉടമസ്ഥൻ എന്നൊക്കെ അർത്ഥമുള്ള മാറാ എന്നും മാറിയാ (മറിയാ) എന്നും രണ്ടു വാക്കുകളുണ്ട് സുറിയാനിയിൽ. മാറിയാ എന്നതിൻെറ ലോപിച്ച രൂപമാണ് മാറ്. ഈ ലുപ്തരൂപം വിശുദ്ധന്മാരുടെയും സഭാദ്ധ്യക്ഷന്മാരുടെയും പേരുകളോട് ബഹുമാന സൂചകമായി ചേർത്തുപറയും- മാർത്തോമ്മാ, മാർപൗലോസ്, മാർപാപ്പാ എന്നിങ്ങനെ. കൽദായാ സുറിയാനി (കിഴക്കൻ സുറിയാനി) യിലുള്ള ഈ വാക്ക് പൗരാണിക കാലംമുതലേ കേരള ക്രൈസ്തവർ ഉപയോഗിച്ചുവരുന്നു. പടിഞ്ഞാറൻ (യാക്കോബായാ) സുറിയാനിയിൽ ഇത് മോർ എന്ന് ഉച്ചരിക്കുന്നു.

വാസ്തവത്തിൽ മാർ എന്നതിന് നാഥൻ എന്നുമാത്രമല്ല, എൻെറ നാഥൻ എന്നുകൂടി അർത്ഥമുണ്ട്. എൻെറ എന്ന് അർത്ഥം കിട്ടുന്ന ഇ എന്ന പ്രത്യയം അതിനോട് ചേർത്താണ് എഴുതുന്നത്- മാറ്യ് എന്ന്. യോദ് എന്ന അക്ഷരമാണ് ഇ എന്നുച്ചരിക്കുന്നതും. ആദിമകാലത്ത് ആ അക്ഷരത്തിന് (ലിപിക്ക്) സ്വരം ചേർത്ത് മാറ് ഇ എന്ന് ഉച്ചരിച്ചിരുന്നു. പിൽക്കാലത്ത് ആ ഉച്ചാരണരീതിയും തദ്വാരാ എൻെറ എന്ന അർത്ഥവും നഷ്ടമായി. ഇന്നും എഴുതുമ്പോൾ മാറ് ഇ എന്നുതന്നെ എഴുതും. ഇന്നിപ്പോൾ മലയാളത്തിൽ ശ്രീ എന്നുപയോഗിക്കുന്നതുപോലെ ബഹുമാനദ്യോതകമായ ഒരു വിശേഷണം മാത്രമായി ഈ വാക്കു കരുതപ്പെടുന്നു.

www.malankaralibrary.com

മാറാൻ (മാറൻ) എന്നത് മാറ് എന്നതിന്റെ ബഹുവചനരൂപമാണ്. നമ്മുടെ (ഞങ്ങളുടെ) നാഥൻ എന്നർത്ഥം. "മാറാൻ ഈശോമിശിഹാ" എന്ന പ്രയോഗം പണ്ട് സർവസാധാരണമായിരുന്നു. വിശ്വാസികൾ വൈദികരെയോ മെത്രാന്മാരെയോ കാണുമ്പോൾ ബാറെക്മാർ (നാഥാ അനുഗ്രഹിക്കൂ) എന്നു പറയുന്നതും പതിവായിരുന്നു. ഇറാക്കിലെ (പണ്ട് ക്രൈസ്തവകേന്ദ്രമായിരുന്ന മെസപ്പൊട്ടോമിയ) ക്രൈസ്തവർ ഇന്നും ഇപ്രകാരം പറയുന്നു. എട്ടാം നൂറ്റാണ്ടോടെ സംഭവിച്ച അറബിയുടെ അധിനിവേശംമൂലം സുറിയാനിഭാഷയെ മറക്കാൻ നിർബന്ധിക്കപ്പെട്ട ക്രിസ്ത്യാനികളിൽ, മാറൻ (ഞങ്ങളുടെ നാഥൻ) ബാറെക് മാറ് (നാഥാ, അനുഗ്രഹിക്കണേ) ശ്ലാമ്മ (സമാധാനം) മുതലായ ശൈലികളും വാക്കുകളും ഇന്നും നിലനില്ക്കുന്നുണ്ട്- ഈശോ ഉപയോഗിച്ചിരുന്ന ദിവ്യഭാഷയുടെ അവസാനത്തെ കണ്ണികൾ!

മാറാനായ എന്ന വിശേഷണത്തിന് കർത്താവിനെ (നാഥനെ) സംബന്ധിച്ച എന്നാണർത്ഥം. പ്രധാനപ്പെട്ട എന്നൊരർത്ഥവും അതിനുണ്ട്. മാറാനായപ്പെരുന്നാൾ എന്ന് ഇന്നും കേരളക്രൈസ്തവർ ഉപയോഗിക്കുന്നുണ്ട്. ക്രിസ്തുവർഷത്തിന് മാറാൻ കാലം എന്നും പറഞ്ഞിരുന്നു.

മർത്താ എന്നത് മാർ എന്നതിന്റെ സ്ത്രീലിംഗരൂപമാണ്. സ്ത്രീകളുടെ പേരിനോടുചേർത്ത്, ബഹുമാനസൂചകമായി, അത് ഉപയോഗിക്കുന്നു. ഒരു വ്യക്തിനാമമായും ഈ വാക്ക് ബൈബിളിൽ കാണുന്നുണ്ട്. യേശുവിന്റെ അമ്മയെ മർത്തമറിയം എന്നാണ് ക്രൈസ്തവർ പറയാറ്. മർത്തമറിയത്തമ്മ, മർത്തമറിയത്തുമ്മ, മർത്തമറിയത്തെമ്മ എന്നിങ്ങനെയും പറയും. ഈ പ്രയോഗങ്ങളിൽ അമ്മ, ഉമ്മ, എമ്മ എന്നിവ കുട്ടിച്ചേർത്തിരിക്കുകയാണ്, മാതാവ് എന്ന അർത്ഥം കിട്ടുവാൻ. ആധുനിക സുറിയാനിയിൽ അമ്മ എന്ന അർത്ഥം വരുന്ന പദം എമ്മ എന്നാണ്. പണ്ട് ഉമ്മ എന്നും പറഞ്ഞിരുന്നു. ആ വാക്ക് അറബിയിൽ ഇന്നുമുണ്ട്. ഹീബ്രു, സുറിയാനി, അറബി എന്നിവ ഒരേ കുടുംബത്തിൽപ്പെട്ടവയാണ്. എട്ടാം നൂറ്റാണ്ടോടെ അറബിയുടെ സംക്രമണംമൂലം കൽദായാ നാടുകളിൽ സുറിയാനി ഭാഷയ്ക്ക് പലതും നഷ്ടപ്പെട്ടു. സുറിയാനിയിലെ പ്രാചീന രൂപങ്ങൾ അടുത്തനാൾവരെ (1962) യാതൊരു കോട്ടവും കൂടാതെ സംരക്ഷിച്ച ഏക പ്രദേശം കേരളമാണ്. ലോകത്തിൽ മറ്റൊരിടത്തും യേശുവിന്റെ ഭാഷ അവികലമായി (ആരാധനാക്രമങ്ങളിലാണെങ്കിലും) ഇത്ര ദീർഘകാലം നിലനിന്നില്ല.

കേരളക്രിസ്ത്യാനികളുടെ പഴയ പാട്ടുകളിൽ ആലാഹാ (ദൈവം), ആബൂൻ (ഞങ്ങളുടെ പിതാവ്), ആവാ (പിതാവ്), എമ്മ, ഉമ്മ (അമ്മ), ബാവാ (പിതാവ്), മർത്ത, മർത്തമറിയത്തുമ്മ, മാർ, മാറാൻ മുതലായ വാക്കുകൾ ധാരാളമായിട്ടുണ്ടല്ലോ. ബാബാ എന്ന പദം വാവാ, ബാവ, വാവ എന്നൊക്കെയായിട്ടുണ്ട്. ഉദയംപേരൂർ സൂനഹദോസ് കാനോനയിലും (എ.ഡി. 1599) റോസിന്റെ നിയമാവലിയിലും (എ.ഡി. 1606), പാറേമ്മാക്കൽ തോമ്മാ കത്തനാരുടെ വർത്തമാനപ്പുസ്തകത്തിലും മുൻപറഞ്ഞ മാർ, മർത്ത മുതലായ പ്രയോഗങ്ങളുണ്ട്. ഉദയംപേരൂർ സൂനഹദോസ് കാനോനയിൽനിന്ന് ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

"ശുദ്ധമാന മാർ ക്ലമ്മിസ എന്ന പാപ്പാടെ പ്രമാണത്താലെ" (ആമുഖം).

www.malankaralibrary.com

"കന്യാസ്ത്രീ ഉമ്മാ തംപുരാൻെറ പട്ടാങ്ങയായ അമ്മ എന്നും വിശ്വാസകാരര ഈവണ്ണം ഉമ്മാനെ വിളിക്കുന്നത് യൊഗ്യമത്രെ എന്നും വിശ്വസിക്കുന്നെൻ" (2-ാം മൗത്വാ, 1-ാം കാനോന). "നമ്മുടെ കർത്താവ മാറാനീശൊമിശിഹാ നമുക്കു വെണ്ടി പാടുപെട്ടതും മരിച്ചതും" (2-ാം മൗത്വാ, 13-ാം സാഹാ, 5-ാം കല്പന). "തംപുരാൻെറ പട്ടാങ്ങയായ അമ്മ മർത്തമറിയത്തുമ്മാ എന്നു വിശ്വസിക്കുന്നെൻ" (2-ാം മൗത്വാ 3-ാം സാഹാ). "ആകാശത്ത് എഴുന്നള്ളി വാവാടെ സുദിയുടെ വലത്തുഭാഗത്ത് ഇരിക്കുന്നു" (2-ാം മൗത്വാ, 3-ാം സാഹാ). "വാവാന്മാരുടെ ആത്മാവുകളെ രക്ഷിച്ച മൂന്നാം നാൾ പട്ടാങ്ങയായി ഉയിർത്തു" (2-ാം മൗത്വാ, 3-ാം സാഹാ). "മാർത്തൊമ്മാ നസ്രാണികളുടെ നന്മയ്ക്കും ഗുണത്തിനുമായിട്ട" (ആമുഖം).

വർത്തമാനപ്പുസ്തകത്തിൽ (എ.ഡി. 1786) നിന്നു ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു: "ആയതിൽ ഒന്നു മലയുടെ അടിവാരത്ത് മർത്തമറിയം അമ്മെടെ പള്ളി" (പുറം 155). "മർത്തമറിയം അമ്മെടെ ഒരു രൂപവും ഉണ്ടാക്കിയിരിക്കയും ചെയ്യുന്നു" (പുറം 225). "മർത്തമറിയം ഉമ്മാടെ എത്രയും ആദരിക്കപ്പെട്ട വീട്" (പുറം 224). "ഇതിനെക്കൊണ്ട് നമ്മുടെ മാർഗ്ഗം കല്പിച്ചു നമുക്ക് തന്ന മാറൻ ഈശൊമിശിഹായും തൻെറ ശ്ലീഹന്മാരും ഇങ്ങനെയുള്ള ബഹുമാനം ഒന്നും അപെക്ഷിച്ചതുമില്ല" (പുറം 64).

ഉദയംപേരുർ സുനഹദോസിൻെറ കാലത്ത് ഉമ്മ എന്ന പ്രയോഗം (മർത്തമറിയത്തുമ്മ) സർവ്വസാധാരണമായിരുന്നു എന്നും പില്ക്കാലത്ത് അമ്മ എന്ന പ്രയോഗം കുടുതൽ വ്യാപകമായി എന്നും പ്രാചീന കൃതികളിൽനിന്ന് വ്യക്തമാകും. "മലയാളത്തെ സുറിയാനി ക്രിസ്ത്യാനികളുടെ പുരാതനപാട്ടുകൾ" എന്ന കൃതിയിൽനിന്ന് ചില ഉദാഹരണങ്ങൾകുടി ഇവിടെ ചേർക്കാം: "എന്നുള്ളപേക്ഷയെ കേട്ടൊരു മാറാനും" (പുറം 8) "കാലോചിതംപോലെ നല്ലയാബുൻമാരെ .... ഞാനെത്തിപ്പേൻ" (പുറം 6). മാറാനീശോ മിശിഹാ തൻെറ മനഗുണനെറിവെന്നൊരുവേദം" (പുറം 91), "ഇമ്പമോടെ വസിച്ചീടും മുമ്പനായ മാർത്തോമ്മ" (പുറം 97) "അമ്പിനൊടെ ബാവാ തൻെറ മനോഗുണമതിനാലെ" (പുറം 97) "കന്നിയുമ്മാ പിറന്നു ഭുവിടത്തുങ്കൽ" (പുറം 141), മാർ യോഹന്നാൻ തന്നെ വിലങ്ങിൽ വെപ്പിച്ചതിൻശേഷം" (പുറം 52). "മർത്തമറിയമേ നീ ശരണം" (പുറം 94).

**മാറാനാഥ (മാറാനഥാ)** ബൈബിൾ വിവർത്തനങ്ങളിൽ, വിവർത്തനം ചെയ്യാതെ മൂലഭാഷയിൽതന്നെ ചേർത്തിരിക്കുന്ന ഒരു പ്രയോഗമാണ് മാറാനാഥാ എന്നത്. (1 കോറി. 16:22 നോക്കുക) ഞങ്ങളുടെ കർത്താവേ, വരണമേ എന്നും ഞങ്ങളുടെ കർത്താവ് വന്നു എന്നും ഇതിനർത്ഥം വരും. കർത്താവിൻെറ കാലത്ത് ഉപയോഗിച്ചിരുന്ന അറമായാ (ആറാമായാ) ഭാഷയിലെ ഒരു പ്രയോഗമാണിത്. ഗ്രീക്കിലേക്ക് വിവർത്തനം ചെയ്തവർ മാറാനാഥാ എന്നുതന്നെ ചേർത്തു. അറമായായിലെ മൂലം നഷ്ടപ്പെട്ടതുകൊണ്ട് മൂലകൃതികളിൽ ഇതിൻെറ സൂക്ഷ്മരൂപമെന്താണെന്ന് നിശ്ചയിക്കാൻ പ്രയാസമാണ്.

ഒരു സമസ്തപദമാണിത്. ആദ്യ ഘടകം മാറാൻ എന്നാണ്. ഞങ്ങളുടെ കർത്താവ്, ഞങ്ങളുടെ കർത്താവേ എന്നിങ്ങനെയാണർത്ഥം. രണ്ടാം ഘടകം അഥാ എന്നോ ആഥാ എന്നോ

www.malankaralibrary.com

ആകാം. ആഥാ എന്നാണെങ്കിൽ വന്നു എന്നും അഥാ എന്നാണെങ്കിൽ വരണമേ എന്നും അർത്ഥംവരും. ഹ്രസ്വദീർഘങ്ങളെപ്പറ്റി സംശയമുണ്ടാകുന്നത് ഗ്രീക്കിൽ അകാരത്തിൻെറ ഹ്രസ്വ ദീർഘ ഭേദം അടയാളപ്പെടുത്താത്തതു കൊണ്ടു തന്നെ.

പടിഞ്ഞാറൻ സുറിയാനിയിൽ മോറോൻ ഏസോ എന്നാണ്. കർത്താവ് വന്നു എന്നർത്ഥം (പ്ശീത്തായിൽ നിന്നുള്ള വിവർത്തനത്തിൽ).

നമ്മുടെ കർത്താവ് വരുന്നു എന്നാണ് ബൈബിൾ സൊസൈറ്റിയുടെ മലയാളവിവർത്തനത്തിൽ. ഞങ്ങളുടെ കർത്താവേ, വന്നാലും എന്നാണ് പി.ഒ.സി. ബൈബിളിൽ. ഒരു സുകൃതജപം പോലെ പ്രയോഗിക്കുന്നതാണിതെന്ന് ബൈബിൾ പണ്ഡിതന്മാർ പറയുന്നു.

**മിശിഹാ** അഭിഷേകം ചെയ്യപ്പെട്ടവൻ എന്നാണ് മിശിഹാ എന്ന സുറിയാനി വാക്കിൻെറ അർത്ഥം. മ്ശഹ് എന്ന സുറിയാനിധാതു ഹീബ്രുവിലേതാണ്. അഭിഷേകം ചെയ്തു, പൂശി, വാഴിച്ചു, അളന്നു എന്നിങ്ങനെയാണ് അതിൻെറ അർത്ഥം. അറബിയിലും ഈ ധാതുതന്നെ ഉപയോഗിക്കുന്നു. സുറിയാനിയിൽ മ്ശീഹാ എന്നാണ് പദരൂപം. കേരളക്രിസ്ത്യാനികൾ മിശിഹാ എന്നുച്ചരിക്കുന്നു. മെശ്ഹാ എന്നതിന് തൈലം, "ക്രിസ്മ", പൂശൽ എന്നിങ്ങനെയാണർത്ഥം. ക്രിസ്തുമതം, ക്രൈസ്തവർ എന്നീ അർത്ഥങ്ങളിൽ ഉപയോഗിച്ചിരുന്ന വാക്ക് മ്ശീഹുസാ എന്നായിരുന്നു. ക്രിസ്ത്യാനി എന്നതിന് മ്ശീഹായാ എന്നായിരുന്നു സാധാരണ പ്രയോഗം.

മ്ശീഹാ എന്നതിന് പാശ്ചാത്യർ ഉപയോഗിക്കുന്ന ക്രിസ്തോസ് എന്ന പദം ഗ്രീക്ക് ഭാഷയിലേതാണ്. ലത്തീനിൽ അത് ക്രിസ്തൂസ് (Christus) എന്നായി. ഇംഗ്ലീഷിൽ ക്രൈസ്റ്റ് (Christ) എന്ന രൂപംപ്രാപിച്ചു. ഹീബ്രുവിലെ മാശീഹ് എന്ന വാക്കാണ് പഴയനിയമത്തിൻെറ ഗ്രീക്ക് വിവർത്തനത്തിൽ ക്രിസ്തോസ് എന്ന് വിവർത്തനം ചെയ്തിട്ടുള്ളത്. ദൈവം അഭിഷേകം ചെയ്തവൻ എന്നാണ് വിവക്ഷ. വാഗ്ദാനം ചെയ്യപ്പെട്ട രക്ഷകനാണ് യേശു (ഈശോ) എന്ന് ശിഷ്യന്മാർ മനസ്സിലാക്കുകയും, അവർ യേശുവിനെ മ്ശിഹാ (ക്രിസ്തോസ്) എന്നുവിളിക്കുകയും ചെയ്തു.

**മിശിഹാ പിറന്നിട്ട്** കർത്താവിൻെറ വർഷത്തിൽ എന്നർത്ഥംവരുന്ന ഏ.ഡി. (A.D) എന്ന സംക്ഷിപ്തരൂപം ക്രിസ്തുവർഷത്തെ സൂചിപ്പിക്കാൻ കേരളത്തിൽ സാധാരണമായി ഉപയോഗിച്ചുതുടങ്ങിയത് യുറോപ്യന്മാർ വന്നതിനുശേഷമാണല്ലോ. അതിനുമുമ്പ് ക്രിസ്ത്യാനികൾ മിശിഹാ പിറന്ന്, മിശിഹാ പിറന്ന കാലം, മിശിഹാ പിറന്നിട്ട്, മിശിഹാക്കാലം, മാറാൻ കാലം (മാറൻകാലം) എന്നൊക്കെയാണ് എഴുതിയിരുന്നത്. ഏ.ഡി. 825 മുതൽ കൊല്ലവർഷവും അവർ ഉപയോഗിച്ചിരുന്നു.

ക്രിസ്തുവർഷം രേഖപ്പെടുത്തിത്തുടങ്ങിയത് ഏ.ഡി. 525-ന് ശേഷമാണ്. കൊല്ലവർഷം തുടങ്ങിയത് ഏ.ഡി. 825-ലാണ്. പതിനേഴ്, പതിനെട്ട് നൂറ്റാണ്ടുകളിൽ കബറിടങ്ങളിൽ സ്ഥാപിച്ചിരുന്ന കല്ലുകളിലും കൊല്ലവർഷം രേഖപ്പെടുത്തിയിരിക്കുന്നു.

പറവൂർ പള്ളിയുടെ ഭിത്തിയിലുള്ള ലിഖിതത്തിൽ "മാറൻ ഈശോ മിശിഹാ പിറന്നിട്ട് 1566" എന്നാണ് കാണുന്നത്. കടുത്തുരുത്തി പള്ളിഭിത്തിയിലെ രേഖ

www.malankaralibrary.com

യിൽ "മാറൻ ഈശോമിശിഹാ ഈ ഭൂമിയിൽ പെറന്ന 1590" എന്നു കാണാം. ഉദയംപേരൂർ സൂനഹദോസിൻെറ കാനോനകളുടെ അവസാനഭാഗത്ത് "മിശിഹാ പിറന്നിട്ട് 1599-ാം കാലം മിഥുന ഞായർ" എന്നിങ്ങനെയാണ് എഴുതിയിട്ടുള്ളത്. പഴയരേഖകൾ വട്ടെഴുത്തിലും കോലെഴുത്തിലുമാണ്. ആ ലിപികളിൽ ശ, ഹ എന്നിവയില്ല. അതുകൊണ്ട് മിചിയ (മിചിഅ), ഈചൊ എന്നിങ്ങനെയാണ് എഴുതുക. അക്കങ്ങൾ പഴയ മലയാള അക്കങ്ങൾ തന്നെ.

മൈലക്കൊമ്പുപള്ളിയിലെ മണിയിൽ മിചിഅ പെറന്നിട്ട 1606 ആമത് മീന ഞായർ എന്നു കാണാം (മാസം എന്നാണ് ഞായറിന് അർത്ഥം).

മിശിഹാക്കാലവും കൊല്ലവർഷവും ഒന്നിച്ച് രേഖപ്പെടുത്തുന്ന സമ്പ്രദായവുമുണ്ടായിരുന്നു. "മിശിഹാക്കാലം 1338 ക് കൊല്ലം 513...." എന്നാണ് കോതമംഗലം പള്ളി സ്ഥാപന രേഖയിൽ.

മാറൻ കാലം എന്നതിലെ മാറൻ എന്നതിന് നമ്മുടെ കർത്താവ് എന്നാണർത്ഥം. നമ്മുടെ കർത്താവിൻെറ വർഷം എന്ന് മാറൻ കാലം എന്ന പ്രയോഗത്തിനർത്ഥം. മാറൻ എന്നത് മാറാൻ എന്നും ഉച്ചരിക്കുകയും എഴുതുകയും ചെയ്തിരുന്നു.

**മിസ്സം** പ്രേഷിതവേലയെ സംബന്ധിച്ച പ്രദേശം എന്ന അർത്ഥത്തിൽ ഉപയോഗിക്കുന്ന വാക്കാണ് മിസ്സം. മിസ്സിയോ (Missio) എന്ന ലത്തീൻ പദത്തിൽ നിന്നുണ്ടായ പോർത്തുഗീസ് പദമാണത്. ദൗത്യം, കടമ, അയയ്ക്കപ്പെടൽ എന്നൊക്കെയാണ് അതിൻെറ നിഷ്കൃഷ്ടാർത്ഥം. അയയ്ക്കപ്പെടുന്നവൻെറ, പ്രേഷിതൻെറ, കടമയെ അത് സൂചിപ്പിക്കുന്നു. ലത്തീനിൽ മിത്തരെ എന്നൊരു ക്രിയയുണ്ട്. അയയ്ക്കുക എന്നാണർത്ഥം (മിത്തോ=ഞാൻ അയയ്ക്കുന്നു, മിസി = ഞാൻ അയച്ചു. മീസൂസ് = അയയ്ക്കപ്പെട്ട, മിസിയോ = അയയ്ക്കൽ). ഈ ക്രിയയുടെ ധാതു മിത്ത് എന്നാണ്. മിത്ത്-സിയോ എന്ന രൂപം ചുരുങ്ങിയാണ് മിസ്സിയോ എന്നായത്. ഈ ധാതുവിൻെറ ഉദ്ഭവത്തെപ്പറ്റി തീർച്ചയായിട്ട് ഒന്നും പറയാനാവുകയില്ലെന്ന് ലത്തീൻ നിഘണ്ടുകർത്താക്കൾ പറയുന്നു. പോവുക എന്നർത്ഥമുള്ള മീ, മീമ്, മീവ് എന്നീ സംസ്കൃത ധാതുക്കളുമായി ഇതിന് ബന്ധമുണ്ടായിരിക്കാം. ഒരു പക്ഷേ, മുച് ധാതുവുമായും ബന്ധം കാണും.

**മിസാൾ (മിസാലെ)** "ഇവയെല്ലാം, ക്രമവിധികളും പ്രാർത്ഥനകളും അവരുടെ മിസാളുകളിൽ നിർദ്ദേശിക്കപ്പെടുന്നുമുണ്ട്" (ഫാബിയൻ, കേരളത്തിലെ പൗരസ്ത്യ സുറിയാനി കത്തോലിക്കരുടെ കുർബാന, തിരുവനന്തപുരം, 1953, പുറം 9) എന്ന വാചകത്തിൽ കാണുന്ന മിസാൾ എന്ന പദം മധ്യകാല ലത്തീൻഭാഷയിലെ മിസാലെ (missale) എന്നപദം തന്നെയാണ്. കുർബാനപ്പുസ്തകത്തിന് (തക്സ) ലത്തീൻ ഭാഷയിൽ ലീബെർ മിസാലിസ് (ലീബർ=പുസ്തം, മിസാലിസ് = കുർബാനയെ സംബന്ധിച്ചത്) എന്നുപറഞ്ഞിരുന്നു. അതിൽനിന്നാണ് മിസാലെ എന്ന രൂപമുണ്ടായത്. കുർബാനയ്ക്കുപയോഗിക്കുന്ന പ്രാർത്ഥനകളും അനുഷ്ഠാനവിധികളും വായനകളുമെല്ലാം ഉൾക്കൊള്ളുന്ന മിസാലെ നിയതരൂപമുള്ള ഒറ്റ പുസ്തകമാക്കിത്തീർത്തത് 10-ാം നൂറ്റാണ്ടിലാണ്. അന്നുമുതൽ ഈ പേരു നിലനില്ക്കുന്നു. കുർബാനയ്ക്ക് ലത്തീനിൽ മീസാ (missa)

www.malankaralibrary.com

എന്നൊരു പേരുണ്ട്. അതിൽനിന്നാണ് മിസാലീസ് എന്ന വിശേഷണമുണ്ടാക്കിയത് (കുർബ്ബാന എന്ന പദം കാണുക) മീസാ എന്ന പേര് 4-ാം നൂറ്റാണ്ടുമുതൽ പ്രയോഗിച്ചു വരുന്നു.

**മൂറോൻ** മതപരമായ അഭിഷേകത്തിനുള്ള തൈലത്തെയാണ് മൂറോൻ എന്ന് സുറിയാനിയിൽ പറയുന്നത്. ഗ്രീക്ക് ഭാഷയിൽനിന്ന് സുറിയാനിയിലേക്കും അവിടെനിന്ന് മലയാളത്തിലേക്കും ഇത് കടന്നുവന്നു. "സൈത്തും മൂറോനും പൂശാതനീ എന്നോടു പറയുന്നുവോ?" എന്നൊരു വാചകം ഗുണ്ടർട്ട് തൻെറ നിഘണ്ടുവിൽ ചേർത്തിട്ടുണ്ടല്ലോ. മാമ്മോദീസയും സ്ഥൈര്യലേപനവും സ്വീകരിച്ചിട്ടില്ലാത്തവൻ എന്നോട് പറയാറായോ എന്നാണതിൻെറ വിവക്ഷ. മൂറോന് ക്രിസ്മ എന്നും പറയും.

ഒലിവുമരത്തിൻെറ എണ്ണയും (സൈത്ത്) ബത്സാം എന്ന സുഗന്ധവസ്തുവും ചേർത്താണ് മൂറോൻ തൈലമുണ്ടാക്കുന്നത്. കിഴക്കൻ സഭകളിൽ ചുക്ക്, കുരുമുളക്, ജാതിക്ക, കുങ്കുമപ്പൂ, കറുവാപ്പട്ട, ജടമാഞ്ചി, പച്ചഞെരിയാസ് എന്നിവയും കൂട്ടിച്ചേർത്താണ് മൂറോൻ തൈലമുണ്ടാക്കുന്നത്. വിപുലമായ സജ്ജീകരണങ്ങളും സുദീർഘമായ പ്രാർത്ഥനകളും നോമ്പുംവായനകളുമെല്ലാം ഇതിനാവശ്യമാണ്. പെസഹാ വ്യാഴാഴ്ചയാണ് ഇതു തയ്യാറാക്കുന്നത്. (cfr. ഓർത്തഡോക്സ് സുറിയാനി സഭയുടെ ശുശ്രൂഷാ സംവിധാനം, കോട്ടയം, 1983, പുറങ്ങൾ, 239-255). സൈത്ത് ആശീർവദിക്കുന്നതിനും സുദീർഘമായ ക്രമമാണുള്ളത്.

ഗ്രീക്കുഭാഷയിൽ മൂറോൻ എന്നതിന് സസ്യങ്ങളിൽനിന്നെടുക്കുന്ന സുഗന്ധതൈലം എന്നാണർത്ഥം. മ്യൂറോവ് എന്ന ക്രിയയ്ക്ക് സുഗന്ധതൈലം പൂശുക എന്നർത്ഥമാണ്. മുരൾപ്പശ യെന്ന് മൂറോനുപേരുണ്ട്.

**മെത്രാൻ (മ്നത്താറാന. മത്ത്റാൻ, മിത്ത്റാൻ)** മേൽനോട്ടക്കാരൻ, മേലധ്യക്ഷൻ, പരിപാലകൻ എന്നിങ്ങനെ അർത്ഥമുള്ള എപ്പിസ്കോപ്പോസ് എന്ന ഗ്രീക്ക് വാക്കിനുപകരം ഉപയോഗിക്കുന്ന സുറിയാനിപ്പദമാണ് മത്ത്റാൻ (അഥവാ മിത്ത്റാൻ). ഇതിൻെറ പൂർണരൂപം (Emphatic or Definite) മ്നത്താറാനാ എന്നാണ്. മേൽനോട്ടക്കാരൻ, കാവൽക്കാരൻ, പരിപാലകൻ എന്നൊക്കെയാണ് ഇതിൻെറ അർത്ഥം. ന്ത്തർ എന്ന സുറിയാനി ധാതുവിൽ നിന്നുണ്ടായ നാമമാണിതെന്ന് സുറിയാനി പണ്ഡിതന്മാർ വ്യക്തമാക്കിയിട്ടുണ്ട്. മലയാളത്തിൽ ഇത് മെത്രാൻ എന്ന രൂപത്തിൽ കാണപ്പെടുന്നു.

മെത്രാൻ എന്ന പദത്തിൻെറ നിഷ്പത്തിയെപ്പറ്റി പല അഭിപ്രായങ്ങളും അടുത്തകാലത്ത് കേരളത്തിൽ പ്രചരിപ്പിച്ചിട്ടുണ്ട്. മെത്രാപ്പോലീത്ത എന്ന വാക്കിൻെറ സംക്ഷിപ്തരൂപമാണെന്ന് ഡോ. പി.എം. ജോസഫ് "മലയാളത്തിലെ പരകീയപദങ്ങൾ" എന്ന ഗ്രന്ഥത്തിൽ (പുറം 374) പറയുന്നു. അത് ശരിയല്ല. പ്രധാന നഗരത്തിൽ (മാതൃനഗരത്തിൽ) ഉള്ളവൻ, പ്രധാന നഗരത്തിൽ വസിച്ച് സഭാഭരണം നടത്തുന്നവൻ എന്നാണല്ലോ മെത്രാപ്പോലീത്ത എന്ന വാക്കിൻെറ അർത്ഥം. ഗ്രീക്കിൽ മെത്രോപ്പോലീത്തെസ് എന്നാണ് പറയുന്നത്. മെത്തേർ (=അമ്മ), പോലീസ് (=നഗരം) എന്ന ഗ്രീക്കുവാക്കുകൾ ചേർന്നുണ്ടായതുമാണത്. മെത്രാൻ എന്ന വാക്കാകട്ടെ എപ്പിസ്കോപ്പോസ് എന്നതിനുപകരമുള്ള പദമാണ്. മെത്രാപ്പോലീത്തയുടെ

www.malankaralibrary.com

യും മെത്രാന്റെയും ജോലി (പദവിയും) ഒന്നല്ല. മെത്രാന്മാരുടെ മേലധികാരിയാണ് മെത്രാപ്പോലീത്ത. ഉന്നതവിഭാഗത്തിന്റെ പേരു ചുരുക്കി കീഴ്‌വിഭാഗത്തെ വിളിക്കാൻ ഉപയോഗിക്കുകയില്ല.

സൂര്യൻ എന്നർത്ഥമുള്ള മിത്ര എന്ന പേർഷ്യൻ പദത്തിന്റെ രൂപാന്തരമായ മിത്രാൻ എന്ന അറബിവാക്കിൽനിന്നുണ്ടായതാണ് ഈ പദമെന്നും മിത്രമതാധ്യക്ഷന്മാർ ശിരോവസ്ത്രം ഉപയോഗിച്ചിരുന്നതുകൊണ്ട് മിത്ര എന്ന പദത്തിന് ശിരോവസ്ത്രമെന്ന അർത്ഥമുണ്ടായെന്നും ശിരോവസ്ത്രം ധരിക്കുന്നവൻ എന്ന അർത്ഥത്തിൽ ക്രൈസ്തവമേലധ്യക്ഷന്മാരെ അറബിയിൽ മിത്രാൻ എന്നു വിളിച്ചെന്നും ഡോ. ജെ. കട്ടയ്ക്കൽ ക്രൈസ്തവദർശനമെന്ന ഗ്രന്ഥത്തിൽ അഭിപ്രായപ്പെട്ടിരിക്കുന്നു. അറബിയിൽനിന്ന് മിത്ത്റാൻ എന്നു മാത്രമല്ല മത്ത്റാൻ എന്ന രൂപവുമുണ്ടായി എന്ന് സുറിയാനി നിഘണ്ടുവിൽ പറയുന്നുണ്ട്. ക്രൈസ്തവദർശനത്തിലെ അഭിപ്രായം ഡോ. സാമുവൽ ചന്ദനപ്പള്ളി, "ഉദയംപേരൂർ സൂനഹദോസ് കാനോനകൾ: പഠനവും വ്യാഖ്യാനവും" (എൻബിഎസ്, കോട്ടയം, 1989, പുറം 17) എന്ന ഗ്രന്ഥത്തിൽ ഉദ്ധരിച്ചിട്ടുണ്ട്. ഈ അഭിപ്രായവും ശരിയല്ല. മിത്ര എന്ന വാക്ക് പഴയ പേർഷ്യൻ പദമാണ്. സംസ്കൃതംതന്നെ. സൂര്യൻ എന്നർത്ഥം.

ശിരോവസ്ത്രത്തിന് ഗ്രീക്കിൽ മിത്ര എന്നുപറയും. ചരട്, തലയിൽകെട്ടുന്ന പട്ട എന്നൊക്കെയാണ് അതിന്റെ ആദിമാർത്ഥം. ലത്തീനിൽ അതിന് ഇൻഫുല എന്നാണല്ലോ പറയുന്നത്. ഈ ഗ്രീക്ക് വാക്ക് ഇംഗ്ലീഷിൽ "മൈറ്റർ" (Mitre, മിത്രേ) എന്നായിട്ടുണ്ട്. പക്ഷേ, പേർഷ്യയിലെ മിത്ര മതക്കാരുമായി (സൂര്യാരാധകരുമായി) ക്രൈസ്തവ മേലധ്യക്ഷന്മാരുടെ ശിരോവസ്ത്രത്തിന് ബന്ധമില്ല. മത്ത്റാൻ അഥവാ മിത്ത്റാൻ അറബിയിൽനിന്ന് സുറിയാനിയിലേക്ക് വന്നതാണെന്നു നിഘണ്ടുകാരൻ പറയുമ്പോൾ ആ പദരൂപം അറബിയിൽനിന്നു വന്നതാണെന്നേ വിവക്ഷയുള്ളൂ. അതിന്റെ ധാതു സുറിയാനിയിലേതാണ്, അല്ലെങ്കിൽ സുറിയാനി, അറബി, ഹീബ്രു മുതലായ ഭാഷകൾക്ക് (സെമിറ്റിക് ഭാഷാഗോത്രത്തിന്) പൊതുവായിട്ടുള്ളതാണ് എന്നതിൽ സംശയമില്ല.

മെത്രാൻ എന്ന പദത്തിന്റെ നിഷ്പത്തിയെക്കുറിച്ച് സുറിയാനിയിലും സഭാചരിത്രത്തിലും അഗാധപാണ്ഡിത്യമുള്ള റവ. ഡോ. പ്ലാസിഡ് "അന്ത്യോഖ്യാ പാത്രിയാർക്കീസ്" എന്ന ഗ്രന്ഥത്തിൽ (മാന്നാനം, 1928; രണ്ടാം പതിപ്പ്, 1931) വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്. ആ ഗ്രന്ഥത്തിൽ അദ്ദേഹം പറയുന്നു. "സൂക്ഷിച്ചു, കാത്തുപാലിച്ചു, വീക്ഷിച്ചു എന്നെല്ലാം അർത്ഥമുള്ള ന്ത്തർ എന്ന സുറിയാനി ധാതുവിൽനിന്നാണ് മെത്രാൻ എന്ന പദത്തിന്റെ ഉദ്ഭവം. ആകയാൽ മെത്രാനും എപ്പിസ്കോപ്പോസും അർത്ഥത്തിൽ യോജിക്കുന്നു" (പുറം 7, അടിക്കുറിപ്പ് 7 b).

എപ്പിസ്കോപ്പോസിന്റെയും (ലത്തീനിൽ എപ്പിസ്കോപ്പൂസ്; പോർത്തുഗീസിൽ ബിസ്കോപ്പ്, ബിസ്പോ, ഇംഗ്ലീഷിൽ ബിഷപ്പ്) മെത്രാന്റെയും ജോലി (പദവിയും) ഒന്നുതന്നെ. എപ്പിസ്കോപ്പോസ് എന്ന ഗ്രീക്ക് വാക്ക് അപ്പെസ്കോപ്പാ, എപ്പിസ്കോപ്പാ എന്നീ രൂപങ്ങളിൽ ആദ്യനൂറ്റാണ്ടുമുതൽ സുറിയാനിഭാഷയിൽ സ്വീകരിക്കപ്പെട്ടിട്ടുണ്ട്.

സുറിയാനിഭാഷയിലെ ന്ത്തർ എന്ന ധാതുവിൽനിന്ന് മത്ത്റാൻ എന്ന

www.malankaralibrary.com

പദം സ്വാഭാവികമായി നിഷ്പാദിപ്പിക്കാം. ആ ധാതുവിൽനിന്ന് മ്നത്തറാനാ എന്ന നാമമുണ്ടാകുന്നു. ഈ വാക്ക് ആരംഭിക്കുന്നത് 'മ്' കൊണ്ടാണല്ലോ. ക്രിയകളിൽനിന്ന് നാമങ്ങൾ ഉത്പാദിപ്പിക്കാനുള്ള ഒരു വഴിയാണത്. ഖാറേബിൽനിന്ന് മ്ഖറ്ബാന (= പൂജയർപ്പിക്കുന്നവൻ) പ്റഖിൽനിന്ന് മപറ്ഖാന (= രക്ഷിക്കുന്നവൻ) ന്ഖറിൽനിന്ന് മഖ്റ (= കുഴിച്ചത്, കുളം, തോട്) മുതലായ വാക്കുകളുണ്ടാകുന്നു. സാദ് (സുദ്) എന്ന ഹീബ്രുധാതുവിൽനിന്ന് സയാദാ എന്നും മ്സയിദാനാ എന്നും രണ്ട് നാമങ്ങളുണ്ടാകുന്നു (വേട്ടക്കാരൻ എന്നാണിവയുടെ അർത്ഥം).

ന്ത്തർ ധാതുവിലെ ന കാരവും മ്നത്തറാനാ എന്ന നാമത്തിലെ ആദ്യത്തെ നകാരവും നഷ്ടപ്പെടുക സ്വാഭാവികമാണ്. ആ ധാതുവിൽനിന്നുതന്നെ മത്തർത്താ (=കാവൽ, കാവൽഗോപുരം, പരിപാലന), മത്തറാ (=സൂക്ഷിച്ചത്, പരിപാലിച്ചത്) മത്തറാനൂസാ (=സുക്ഷിച്ചുവയ്ക്കൽ) എന്നീ വാക്കുകൾ ഉണ്ടാകുന്നുണ്ട്. ധാതുവിലെ നകാരം ഇവയിൽ നഷ്ടപ്പെട്ടിരിക്കുന്നു. ഇതുപോലെ മറ്റ് ധാതുജന്യനാമങ്ങളിലും സംഭവിക്കുന്നു. എസ്മത്ത്റാൻ (=മെത്രാനാക്കപ്പെട്ടു) എന്ന ക്രിയയിലും നകാരമില്ല. ആ നകാരം ഭാവികാലക്രിയയുടെ അടയാളമായതുകൊണ്ടായിരിക്കാം ലോപിച്ചത്.

മ്നത്തറാനാ എന്ന നാമത്തിലെ അന്ത്യനകാരം 'ൻ' ആയി മാറുന്നതും സ്വാഭാവികമാണ്. സുറിയാനിയിലെ ഒരു നാമത്തിന് മൂന്ന് രൂപങ്ങളുണ്ടാകാം. ഉദാ: മൽക്കൂസാ, മൽക്കൂസ്, മൽക്കു (=രാജ്യം) ആദ്യത്തേത് സ്വതന്ത്രം അഥവാ പൂർണ്ണം എന്നും രണ്ടാമത്തേത് നിയന്ത്രിതമെന്നും മൂന്നാമത്തേത് കേവലമെന്നുംവിളിക്കപ്പെടാം. മിക്ക വാക്കുകൾക്കും രണ്ടുരൂപങ്ങളുണ്ട്. ഉദാ: മ്റഹമ്മാനാ-മ്റഹമാൻ (=കാരുണ്യവാൻ), തർക്കാനാ- തർക്കാൻ (=വഞ്ചകൻ). പദാന്ത്യത്തിലെ ക് മ് ന് എന്നിവയ്ക്ക് (കാപ്പ്, മിൻ, നൂൻ എന്നീ അക്ഷരങ്ങൾക്ക്) രുപമാറ്റവും വരുന്നു. ഹന്നാൻവെള്ളം എന്നതിലെ ഹന്നാൻ എന്ന വാക്ക് ഹന്നാനാ എന്നതിന്റെ കേവലരൂപമാണല്ലോ. റമ്പാനാ എന്നതിന്റെ കേവലരുപമാണ് റമ്പാൻ. അതുപോലെ മത്തറാനാ എന്നതിന്റെ കേവലരുപമായ മ്ത്രാൻ എന്ന രുപം ഉപയോഗിച്ചുവെന്ന് കരുതാം (ഹന്നാൻ വെള്ളം, റമ്പാൻ എന്നീ വാക്കുകൾ നോക്കുക). ന്, മ് എന്നിവ അനുനാസികങ്ങളാണ്. അർദ്ധോച്ചാരണമേ ഉള്ളു. സുറിയാനി വാക്കുകളിൽ (സ്വതന്ത്ര രൂപങ്ങളിലെ) അന്ത്യത്തിലെ 'ൻ' കാലക്രമേണ നഷ്ടപ്പെട്ടിട്ടുണ്ട്. ഗ്രീക്കുമായുള്ള ബന്ധം കൊണ്ടായിരിക്കണം അങ്ങനെ സംഭവിച്ചത്.

അങ്ങനെ ന്ത്തർ ധാതുവിൽനിന്നുതന്നെ മ്നത്തറാന, മത്ത്റാൻ, മിത്രാൻ എന്നീ രൂപങ്ങൾ ഉണ്ടാകുന്നു. സുറിയാനിയിൽ ആൻ കൊണ്ട് അവസാനിക്കുന്ന ധാരാളം വാക്കുകളുണ്ട്. മിത്തറാൻ എന്നതിലെ ഇകാരാഗമനവും സ്വാഭാവികമാണ്. ഉദാ: അപ്പെസ്കോപ്പാ, എപ്പിസ്കോപ്പ, മെത്രാപ്പോലെയ്ത്താ, മിത്രാപ്പോലെയ്ത്താ.

സ്വകീയപദങ്ങൾക്കും സ്വരവ്യത്യാസങ്ങൾ സാധാരണമാണ്. ഉദാ:മാത്തോനിയാ-മെത്തോനിയാ (=പ്രായശ്ചിത്തം) മാഹോസാ- മഹൂസ (=പ്രേഷ്ഠൻ).

കുടാതെ പഠിപ്പിക്കുന്നവൻ, വഴി നടത്തുന്നവൻ എന്നിങ്ങനെയും അർത്ഥമുള്ള മ്ത്തറാനാ എന്ന പദത്തിന് മ്ത്ത റ് ആ അ എന്നും താറാ ആ എന്നും

www.malankaralibrary.com

രണ്ട് രൂപങ്ങൾകൂടിയുണ്ട്. തറ ആ എന്ന ക്രിയ ആ നാമത്തിൽനിന്നുണ്ടാകുന്നുവെന്ന് നിഘണ്ടു പറയുന്നു. ഈ തറ ആ അ എന്ന ക്രിയയിൽനിന്നുതന്നെ മ്ത്താറാനാ എന്ന നാമരൂപം സ്വാഭാവികമായിട്ടുണ്ടാകും. മെത്രാൻ പഠിപ്പിക്കുന്നവനും വഴിനടത്തുന്നവനുമാണല്ലോ. ഈ ക്രിയയിൽനിന്നുതന്നെ മിത്രാൻ, മത്ത്റാൻ മുതലായ പദരൂപ ങ്ങൾ ഉണ്ടാക്കാം. ഈ ധാതുവിലെ തകാരം, തേസ് എന്ന അക്ഷരംകൊണ്ടല്ല, താവ് എന്ന അക്ഷരംകൊണ്ടാണ് എഴുതുന്നത് (ഹ്, സ്, ത് എന്നിവയ്ക്ക് പല ലിപികളുണ്ട്. ഉച്ചാരണത്തിൽ വ്യത്യാസവുമുണ്ട്).

സുറിയാനിയിൽ ഒരു ധാതുവിന് പല രൂപങ്ങളുണ്ടാകും. ഉദാ: അകറ്റി എന്നർത്ഥമുള്ള ധാതുവിന് അവുഗി, ഏഗാ, ഈഗാ എന്നീ രൂപങ്ങളുണ്ട്. ഇതുപോലെ നാമങ്ങൾക്കും വ്യത്യസ്ത രൂപങ്ങൾ കാണാം. ഉദാ: ശു ഉറായാ, ശൂറായാ (=ഉടമ്പടി); നാത്ത്റാ, നാത്തോറ (=കാവൽക്കാരൻ) മദാഖ്സാ, മദാക്സ (=ഉരൽ). സുറിയാനിക്കുർബാനക്രമത്തിലും പ്രാർത്ഥനാപുസ്തകങ്ങളിലും ഗ്രീക്കിൽനിന്നുള്ള അപ്പെസ്കോപ്പാ എന്ന വാക്കാണുള്ളത്. അതുകൊണ്ട് ആദിമകാലത്ത് ആ വാക്കാണ് പ്രയോഗിച്ചിരുന്നതെന്ന് നിശ്ചയിക്കാം. ഏ.ഡി. 1599-ലെ ഉദയംപേരൂർ സൂനഹദോസിൻെറ കാനോനകളുടെ ആരംഭത്തിൽത്തന്നെ മെത്രാൻ എന്നു പ്രയോഗിച്ചിട്ടുണ്ട്. അതുകൊണ്ട് ആ നൂറ്റാണ്ടിൽ അത് സാധാരണപ്രയോഗത്തിലായിരുന്നു എന്നു കരുതാം. കത്തോലിക്കർ 1962-ൽ കുർബാനക്രമം തർജ്ജുമചെയ്തപ്പോൾ അപ്പെസ്കോപ്പാ എന്നതിനുപകരം മെത്രാൻ എന്ന പദംപ്രയോഗിച്ചു. അങ്ങനെ കുർബാനക്രമത്തിലേക്ക് ആ പദം അടുത്ത കാലത്ത് പ്രവേശിക്കാൻ ഇടയായി.

മേൽനോട്ടക്കാരൻ, ദീർഘവീക്ഷണമുള്ളവൻ, ഭരണകർത്താവ് എന്നിങ്ങനെ അർത്ഥമുള്ള ദാവ്ഖാ (ദാളഖാ) എന്ന സുറിയാനി പദവും അപ്പെസ്കോപ്പാ എന്ന അർത്ഥത്തിൽ പ്രയോഗിച്ചിരുന്നു.

**മെത്രാപ്പോലീത്ത** മെത്രോപോലീത്തെസ് എന്ന ഗ്രീക്കുപദത്തിൻെറ സുറിയാനി രൂപമാണ് മെത്രാപ്പോലീത്ത എന്ന പദം. ഗ്രീക്കിൽ മെത്രോ എന്നതിന് പ്രധാനപ്പെട്ട എന്നൊരർത്ഥമുണ്ട്. മാതാവായിട്ടുള്ള നഗരം എന്ന അർത്ഥത്തിൽ മെത്രോപോലിസ് (Metropolis) എന്നു പറയും. മത്തേർ എന്ന ഗ്രീക്കുവാക്കിൽ നിന്നാണ് മെത്രോ എന്ന വാക്കുണ്ടാകുന്നത്. അമ്മയെപ്പോലുള്ള, പ്രധാനപ്പെട്ട എന്നൊക്കെയാണർത്ഥം (ഗ്രീക്കിലെ മത്തേർ, ലത്തീനിലെ മാത്തർ, ഇംഗ്ലീഷിലെ മദർ, സംസ്കൃതത്തിലെ മാതൃ എന്നിവയെല്ലാം ഒരേ ധാതുവിൻെറ വ്യത്യസ്ത രൂപങ്ങളാണ്). ലത്തീൻ ഭാഷയിൽ മെത്രോപോലീത്താനുസ് എന്നാണ് പറയുക. പോർത്തുഗീസിൽ മെത്രോപോലീത്താനോ എന്നും. സുറിയാനിയിൽ മെത്രാപോലേയ്ത്താ, മിത്രാപോലേയ്ത്താ എന്നിങ്ങനെ ഉപയോഗിക്കുന്നു. മെത്രാപ്പോലീത്തായെന്നാണ് മലയാളികൾ പറയാറ്. ഇംഗ്ലീഷിൽ ആർച്ച്ബിഷപ്പ് എന്നുപറയും.

**മെസ്രേൻ** പ്രോട്ടസ്റ്റൻറ് മിഷണറിമാർ ബൈബിൾ ഗ്രീക്കിൽനിന്നു മലയാളത്തിലേക്ക് വിവർത്തനം ചെയ്യുന്നതിനുമുമ്പ് കേരളക്രിസ്ത്യാനികൾ ഈജിപ്ത് എന്ന വാക്കിനുപകരം മെസ്രേൻ എന്ന പദമാണുപയോഗിച്ചത്. ഏ.ഡി. 1811-ലെ ബുക്കാനൻെറ തർജ്ജുമവരെ മെസ്രേൻ എന്നുപയോഗിച്ചു (മത്താ. 2: 14) മിസ്രായിം എന്ന ഹീബ്രുവാക്കിൻെറ സുറിയാനി രൂപമാണ് മെസ്രേൻ. ഈ

www.malankaralibrary.com

വാക്കാണ് പഴയ ക്രൈസ്തവ കൃതികളിലെല്ലാം കാണുന്നത്. ഈജിപ്ത് എന്ന പദം ഗ്രീക്കിൽ നിന്നുവന്നതാണ്. യുറോപ്യൻ ഭാഷകളിൽ അത് പ്രചരിച്ചു. പ്താഹ് എന്ന ദേവന്റെ വീട് എന്നർത്ഥമുള്ള ഹ്ത്പ്താ എന്ന ഈജിപ്തിയൻ പദമാണ് ഗ്രീക്കിൽ എയ് ഗുപ്തോസ് എന്നായത്. അത് ലത്തീനിൽ എജിപ്തും (Egyptum) എന്നായി. പുതിയ യുറോപ്യൻ ഭാഷകളിൽ ഈജിപ്റ്റ് എന്നായി. പുരാതന ഈജിപ്തുകാർ തങ്ങളുടെ നാടിനെ കറുത്തത് എന്നർത്ഥത്തിൽ ക്മ്ത് എന്നാണ് വിളിച്ചിരുന്നത്.

ബുക്കാനന്റെ ബൈബിൾ വിവർത്തനത്തിൽ മത്തായിയുടെ സുവിശേഷം 2-ാം അദ്ധ്യായം 14-ാം വാക്യം ഇങ്ങനെയാണ്: "എന്നാൽ യൗസേപ്പ് അവൻ എഴുനെറ്റ് തന്റെ യുമ്മായും പൈതലിനെ തന്നെ അവൻ എടുത്ത രാത്തിറിയിൽ മെസ്രെന്ന അവൻ ഓടിഒളിച്ചു". 1876-ലെ ബൈബിൾ സൊസൈറ്റിയുടെ വിവർത്തനം ഇങ്ങനെയാണ്: "അപ്പോൾ അവൻ എഴുനീറ്റ, രാത്രിയിൽ ശിശുവിനെയും അവന്റെ മാതാവിനെയും കൂട്ടിക്കൊണ്ട, എജിപ്തിലേക്ക് പുറപ്പെട്ടുപോയി." മഞ്ഞുമ്മേൽനിന്ന് 1905-ൽ പ്രസിദ്ധീകരിച്ച തർജ്ജുമ ഇപ്രകാരമാണ്: "ആയാൾ എഴുന്നേറ്റ് രാത്രിയിൽ ശിശുവിനെയും അങ്ങേ മാതാവിനെയും കുട്ടിക്കൊണ്ട് എജീപ്തിലേക്ക് വാങ്ങിപ്പോയി". ബുക്കാനൻ തർജ്ജുമ ചെയ്തത് കൽദായാ സുറിയാനിയിൽനിന്നാണ്. മറ്റുള്ളവർ ഗ്രീക്കിൽനിന്നും ലത്തീനിൽനിന്നും. മെസ്രേൻ എന്ന പ്രയോഗം വേദാഗമചരിത്രപുസ്തകങ്ങളിലൂടെ അടുത്തകാലംവരെ പ്രയോഗത്തിലിരുന്നു. ബൈബിൾ ചരിത്രസംഗ്രഹങ്ങളാണ് വേദാഗമചരിത്രങ്ങൾ.

**മോൺസിഞ്ഞോർ** ഇറ്റാലിയൻ ഭാഷയിൽനിന്നു മലയാളത്തിലെത്തിയ ഒരു സമസ്തപദമാണ് മോൺസിഞ്ഞോർ. ഒരു ബഹുമതിപ്പേരാണത്. അത് ആദ്യമായി പ്രയോഗിച്ചത് ഫ്രഞ്ചുഭാഷയിലാണ്. ഫ്രാൻസിലെ രാജകുമാരന്മാരെ 17-ാം നൂറ്റാണ്ടിനുമുമ്പേ ഈ സ്ഥാനപ്പേര് ഉപയോഗിച്ചു വിളിച്ചുവന്നു. പിന്നീട് രാജസദസ്സിലെ പ്രമാണിമാർക്കും വൈദികമേലധ്യക്ഷന്മാർക്കും ഈ പദവിപ്പേര് നല്കപ്പെട്ടു. മറ്റ് യൂറോപ്യൻ രാജ്യങ്ങളിലും അത് നടപ്പായി. എന്റെ നാഥൻ (my lord) എന്നാണ് ഈ സമസ്തപദത്തിന്റെ ഉദ്ദിഷ്ടാർത്ഥം.

ഫ്രഞ്ചുഭാഷയിൽ monsenieur, monsigneur, monsieur എന്നൊക്കെ പറഞ്ഞിരുന്നു. പോർത്തുഗീസുഭാഷയിൽ മോൺസെനിയോർ (monsenhor) എന്നും സ്പാനിഷിൽ മോൺസെനോർ (monsenor)എന്നും ഇറ്റാലിയനിൽ മോൺസിഞ്ഞോരെ (monsignore) എന്നും പറയുന്നു. ഇംഗ്ലീഷിൽ മോൺസിഞ്ഞോർ (monsignor) എന്നാണ് പറയുക.

ലത്തീൻ ഭാഷയിലെ രണ്ട്വാക്കുകൾ ചേർന്ന സമസ്തപദമാണിത്. മോൺ എന്നത് ലത്തീനിലെ മേവുസ് (meus) എന്ന വാക്കിൽനിന്ന് വരുന്നു. എന്റെ എന്നാണർത്ഥം. സിഞ്ഞോർ എന്നത് സെനിയോർ (senior)എന്നവാക്കിന്റെ പരിണതരൂപമാണ്. മൂത്തത്, പ്രായംകൂടിയവൻ എന്നിങ്ങനെയാണർത്ഥം. കുറേക്കൂടി പ്രായമുള്ള എന്നാണ് നിഷ്കൃഷ്ടാർത്ഥം. പ്രായമാവുക, മൂക്കുക എന്നിങ്ങനെ അർത്ഥമുള്ള സെനേരെ (senere) എന്ന ലത്തീൻ ക്രിയയിൽനിന്ന് ലത്തീനിൽ സേനെക്സ്

www.malankaralibrary.com

(=വൃദ്ധൻ, മൂത്തവൻ) എന്ന വിശേഷണമുണ്ടാകുന്നു. അതിൻെറ താരതമ്യാത്മകരൂപം (comparative degree) ആണ് സേനിയോർ. ബഹുമാനം സൂചിപ്പിക്കാൻ അത് ഉപയോഗിക്കുന്നു, ജ്യേഷ്ഠൻ എന്നർത്ഥത്തിൽ. അതാണ് അതിൻെറ വാച്യാർത്ഥം. വൃദ്ധന്മാരുടെ സമ്മേളനമെന്നാണ് സെനാത്തൂസ് (സെനറ്റ്) എന്നവാക്കിൻെറ വാച്യാർത്ഥം.

മുൻസിഞ്ഞോർ എന്നും മോൺസിഞ്ഞോർ എന്നും വർത്തമാനപുസ്തകത്തിൽ (പുറം 201, 117) പ്രയോഗിച്ചിട്ടുണ്ട്.

**മോറീസ്** വൈദികമേലദ്ധ്യക്ഷന്മാർ മാറ് മറയത്തക്കവിധം അണിയുന്ന ഒരു പുറംകുപ്പായമാണ് മോറീസ്. കർസോനിൽ എഴുതിയിട്ടുള്ളതും പള്ളിവീട്ടിൽ ചാണ്ടിമെത്രാൻ ഉപയോഗിച്ചിരുന്നതുമായ ഒരു ക്രമപ്പുസ്തകം അമ്പഴക്കാട്ട് കൊവേന്തയിൽ ഉള്ളതായി ഫാദർ പ്ലാസിഡ് രേഖപ്പെടുത്തിയിട്ടുണ്ട് (നമ്മുടെ റീത്ത്, പുറം 217). മെത്രാന്മാരുടെ ക്രമം എന്ന അർത്ഥമുള്ള തൂക്കാസേ ദ് റമ്പ് കുമറാ എന്നാണതിൻെറ പേര്. മെത്രാൻെറ വേഷത്തെപ്പറ്റി ആ ഗ്രന്ഥത്തിൽ നിന്ന് അദ്ദേഹം ഉദ്ധരിക്കുന്നു: "വീട്ടിൽ നില്ക്കുമ്പോഴും പുറത്ത് ഇറങ്ങുമ്പോഴും മോറീസ് എന്നു ചൊല്ലുന്ന ചെറിയ കുപ്പായം സൂർപ്പലിസിന് മീതേ ഇടുകയും വേണം. എന്നാൽ മോറീസിൻെറ പ്രകാരമാകുന്നത് കഴുത്തുങ്കൽ തൊട്ട് മുലയ്ക്കു താഴത്തോളം എല്ലാ പുറത്തും ഒരുപോലെ ഇറക്കമുണ്ടായിരിക്കണം.... രണ്ടറ്റവും മുടി വീഴുവാൻ തക്കതായിരിക്കണം. മാന്തളിർ (ചെമന്ന സിൽക്ക്) നിറമായിരിക്കുകയും വേണം." (പ്ലാസിഡ്, നമ്മുടെ റീത്ത്, മാന്നാനം 1941, പുറം 217).

മോറീസ് എന്ന പദം പോർത്തുഗീസുകാർ പ്രചരിപ്പിച്ചതാണ്. പക്ഷേ, പോർത്തുഗീസ് നിഘണ്ടുക്കളിൽ അങ്ങനെയൊരുപദം കാണുന്നില്ല. ലത്തീൻ, സ്പാനിഷ്, ഇറ്റാലിയൻ എന്നീ ഭാഷകളുടെ നിഘണ്ടുക്കളും ആ വാക്ക് നല്കുന്നില്ല. ചെമപ്പുനിറമുള്ളത് എന്നർത്ഥമുള്ള മ്യൂറെ (murrey) എന്ന പ്രചാരലുപ്തമായ (ഖില) പദം ഓക്സ്ഫോർഡ് നിഘണ്ടുവിലുണ്ട്. പഴയ ഫ്രഞ്ചിലെ മൊറെയിൽനിന്നാണതിൻെറ വരവ്. മധ്യകാല ലത്തീൻ ഭാഷയിൽ മൊറാത്തും എന്നതിന് മൾബറിപ്പഴത്തിൻെറ നിറമുള്ള (ചെമന്ന) എന്നാണർത്ഥം. ആ പദത്തിൽനിന്നാണ് മോറീസും വന്നതെന്നു കരുതാം (വിചിത്ര വേഷങ്ങളണിഞ്ഞു യൂറോപ്യർ നടത്തുന്ന ഒരുതരം കോമാളി ഡാൻസിന് മോറീസ് എന്നു പറയുന്നു). മോറീസിന് ചെമപ്പുനിറമാണല്ലോ. ചെമന്ന വസ്ത്രമെന്ന് അതിനർത്ഥം പറയാം. ലത്തീനിലെ മോറും (Morum) എന്ന വാക്കിന് മൾബറി എന്നർത്ഥമാണ്.

ഇതോടൊപ്പം മറോക്കുപ്പായം എന്ന മറ്റൊരു കുപ്പായത്തെപ്പറ്റിയും പ്രസ്തുത ഗ്രന്ഥത്തിൽ പറയുന്നുണ്ട്. "ളോകയ്ക്കു മീതെ ശരിയായ ഒരു മറൊക്കുപ്പായം ഇട്ടുകൊണ്ടേ ഇറങ്ങാവൂ..... അരയോളം ഇറക്കമുണ്ടായിരിക്കണം. കൈ ഇടുവാൻ രണ്ടുപുറത്തും തുളയും വാശ്ശ മുന്നലുള്ള പുറംതുറന്നിരിക്കയും വേണം" (ibid.). സൂർപിലിസ് എന്ന കുപ്പായത്തെക്കുറിച്ചായിരിക്കണം ഈ വിവരണം (സൂർപിലിസ് എന്ന വാക്കു നോക്കുക). ഇതും ലത്തീനിലെ മോറും (ചെമന്ന) എന്ന വാക്കിൽനിന്നു വന്നതാണ് (ഈ ഉദ്ധരണിയിലെ വാശ്ശ എന്നത് തുറന്നിരിക്ക എന്നതിനോടുചേർത്ത് അന്വയിക്കണം മുമ്പിലുള്ള പുറം വാശ (നന്നായി) തുറന്നിരിക്കയും വേണം എന്നർത്ഥം).

www.malankaralibrary.com

**മൗതികം** സഭ യേശുക്രിസ്തുവിൻെറ മൗതിക ശരീരമാണെന്നു പറയാറുണ്ട്. ഗ്രീക്കുഭാഷയിലെ മിസ്തിക്കോസ് എന്ന വിശേഷണപദത്തിൽനിന്ന് ലത്തീനിലെ മിസ്തിക്കുസ് എന്ന വാക്ക് ജനിക്കുന്നു. രഹസ്യങ്ങളെ സംബന്ധിച്ച എന്നാണ് അതിനർത്ഥം. ഗ്രീക്കിലെ മിസ്തേരിയോൺ (=രഹസ്യം) എന്ന വാക്കിൽ നിന്ന് മിസ്തേരിയും (mysterium) എന്ന ലത്തീൻ വാക്കുണ്ടായി. രഹസ്യം എന്നാണ് അതിൻെറ അർത്ഥം. അടുത്ത കാലത്ത് മിസ്തിക്കുസ് എന്ന വിശേഷണത്തിനുപകരമായി നിർമ്മിച്ച പദമാണ് മൗതികം. രഹസ്യാത്മകമായ എന്നർത്ഥം. കണ്ണടയ്ക്കുക എന്നർത്ഥമുള്ള മിയേയിൻ എന്ന ഗ്രീക്കുധാതുവുമായി മിസ്തേരിയോൺ ബന്ധപ്പെട്ടിരിക്കുന്നു (സംസ്കൃതത്തിലെ മീല് ധാതുവിന് കണ്ണടക്കുക എന്നർത്ഥമാണ്). കാണാതെയും കാണിക്കാതെയുമിരിക്കുന്നതാണല്ലോ രഹസ്യം. കണ്ണിൻെറ സഹായം കൂടാതെ ബുദ്ധികൊണ്ടുള്ള കാണലും അനുഭവിക്കലുമാണ് മിസ്റ്റിക് അനുഭവം. പഞ്ചേന്ദ്രിയാതീതമായി ദൈവത്തെ കണ്ടറിയുന്നവനാണ് മിസ്റ്റിക്. മനുഷ്യബുദ്ധികൊണ്ട് കണ്ടെത്താനാവാത്ത കാര്യമാണ് മിസ്തേരിയോൺ.

സഭ യേശുവിൻെറ മൗതികശരീരമാണ് എന്നതത്ത്വം വി. പൗലോസിൻെറ ലേഖനങ്ങളിൽനിന്നുണ്ടായതാണ്. ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധത്തെ വി. പൗലോസ് ശിരസ്സും മറ്റ് ശരീരഭാഗങ്ങളും തമ്മിലുള്ള ബന്ധത്തോട് ഉപമിച്ചിട്ടുണ്ട്. സഭയുടെ ആന്തരിക ജീവിതത്തിന് അത് പ്രാധാന്യം കല്പിക്കുന്നു. പരിശുദ്ധാത്മാവ് സഭയുടെ ആത്മാവായി അതിനെ ജീവിപ്പിക്കുന്നു. ഇത്തരമൊരു സാങ്കല്പിക സഭാശരീരം രഹസ്യാത്മകമാണ്.

**മൗദിയാനൻ** ക്രൈസ്തവ മതസാഹിത്യത്തിൽ, പ്രത്യേകിച്ച് പ്രാർത്ഥനകളിൽ കണ്ടുമുട്ടുന്ന ഒരു കൽദായാസുറിയാനിപ്പദമാണ് മൗദിയാനൻ. മൗദിയാനാ എന്നാണ് സുറിയാനിയിലെ പദരൂപം. അതിനോട് ൻ എന്ന മലയാള പ്രത്യയം ചേർത്ത് മൗദിയാനൻ എന്നാക്കുന്നു. ചിലയിടങ്ങളിൽ മൗദ്യാനൻ എന്നും പ്രയോഗിച്ചുകാണാം. "സഹദേന്മാരുടെയും മൗദ്യാനന്മാരുടെയും പ്രാർത്ഥനകളിൽ തന്നെ" എന്നാണ് ഒരു കുർബാനതക്സയിൽ (ത്കസോദ് കൂറോബോ, മാർ ജൂലിയസ് പ്രസ്, പാമ്പാക്കുട, 1935, പുറം 236) കാണുന്നത്.

ഏറ്റുപറയുന്നവൻ എന്നാണ് മൗദിയാന എന്ന പദത്തിൻെറ നിഷ്കൃഷ്ടമായ അർത്ഥം. വേദം ഏറ്റുപറയുന്നവൻ എന്ന അർത്ഥത്തിലാണ് മതസാഹിത്യത്തിൽ അത് ഉപയോഗിക്കുന്നത്. ഏറ്റുപറയുക എന്നർത്ഥമുള്ള ആവുദി (ഊദി, ഊദാ) എന്ന ഹീബ്രുക്രിയാധാതുവിൽനിന്നാണ് ആ വാക്കുണ്ടായത്. മൗദിയാനുസാ എന്ന സുറിയാനിപ്പദത്തിന് ഏറ്റുപറച്ചിൽ എന്നും വേദസാക്ഷിത്വം എന്നും അർത്ഥമുണ്ട് (മൗദിയാനൂസാ എന്ന പദം കാണുക). മൗദിയാനാ എന്നതിന് ലത്തീൻ ഭാഷയിൽ കൊൺഫെസ്സോർ (Confessor) എന്നുപറയുന്നു. മതതത്ത്വങ്ങൾ വിശ്വസിച്ച് ഏറ്റുപറയുന്ന, ജീവിതംകൊണ്ട് മതസിദ്ധാന്തങ്ങൾക്കുള്ള സാക്ഷ്യം നല്കുന്ന, വ്യക്തിയെ മൗദിയാനാ എന്നുവിളിക്കും.

**മൗദിയാനൂസ** കേരളക്രൈസ്തവർ വിശ്വാസപ്രമാണം എന്ന സംസ്കൃത സമസ്തപദം പ്രയോഗിച്ചുതുടങ്ങിയത് 18-ാം നൂറ്റാണ്ടിലാണ്. അതിനുമുമ്പ്

www.malankaralibrary.com

വിശ്വാസരഹസ്യങ്ങളുടെ കൂട്ടത്തിന് പല പേരുകൾ പറഞ്ഞിരുന്നു. മൗദിയാനൂസാ എന്നതിന് വിശ്വാസം ഏറ്റുപറയൽ എന്നർത്ഥം. ഞങ്ങൾ വിശ്വസിക്കുന്നു എന്നാണ് മ് ഹൈമ്മനീനൻ എന്നതിന്റെ അർത്ഥം (ആ വാക്കോടെയാണ് വിശ്വാസപ്രമാണം തുടങ്ങുന്നത്). ഈ രണ്ട് പേരുകളും കൽദായാ സുറിയാനിപ്പേരുകളാണ്. "വിശ്വാസം", "വിശ്വസിക്കുന്നത്" "വിശ്വസിക്കുന്നേൻ" എന്നീ പ്രയോഗങ്ങളും ഉണ്ടായിരുന്നു. ഏ.ഡി. 1599-ലെ ഉദയംപേരൂർ സൂനഹദോസ് കാനോനയിൽ (6-ാം മൗത്വാ 13-ാം കാനോന) ഇങ്ങനെ കാണുന്നു. "മലംകര എടവകയിലെ ലൊകർക്ക് വെണ്ടുന്ന ഒത്ത വഴിയെപൊകാ എന്നും ഏതാനും പൊകുന്നവർക്ക് സുറിയാനിപെച്ചിലെ ആവുന്തവശുമയ്യായുംശ്ലാമ്മലെഖ മറിയവും ചൊല്ലപ്പോകും..... പഠിപ്പിക്കെണ്ടുന്ന ഒത്ത ആകുന്നത ഇത. ശുദ്ധമാന സ്ലീവാടയും ആകാശങ്ങളിൽ ഇരിക്കുന്നതും നന്മ നിറഞ്ഞമറിയവും വിശ്വസിക്കുന്നതും തംപുരാന്റെ പ്രമാണങ്ങൾ പത്തും പള്ളിയുടെ പ്രമാണങ്ങളും വിശ്വാസത്തിന്റെ വകുപ്പുകളും, ശെഷം ഒത്തുകളും. ഇത മലയാംഭാഷയിൽ വെണം ലൊകർക്ക് അറിയാത്ത സുറിയാനിയിൽ അല്ല വെണ്ടു". (ഒത്ത് = ഓത്ത്).

ലത്തീൻ ഭാഷയിലുള്ള ക്രേദോ (Credo = ഞാൻ വിശ്വസിക്കുന്നു), സിംബോളും (Symbolum) എന്നീ പേരുകൾ പോർത്തുഗീസ് മിഷണറിമാർ വന്ന കാലംമുതൽ കേരളത്തിൽ പ്രചരിച്ചിരുന്നു.

## യ

**യൽദാത്തിരുനാൾ (യല്ദാത്തിരുനാൾ)** കേരള ക്രിസ്ത്യാനികൾ ക്രിസ്തുമസ് എന്നു പറഞ്ഞുതുടങ്ങിയത് ഇരുപതാം നൂറ്റാണ്ടിലാണ്, ഇംഗ്ലീഷുകാർ വന്നതിനുശേഷം. പോർത്തുഗീസുകാരുടെ കാലത്ത് നത്താൾ എന്നു പറഞ്ഞിരുന്നു. അതിനുമുമ്പ് ക്രിസ്തുവിന്റെ ജനനത്തിരുനാളിന് യൽദാത്തിരുനാളെന്നും പിറവിത്തിരുനാളെന്നും പറഞ്ഞിരുന്നു. യൽദാ എന്ന സുറിയാനി വാക്കിന് പിറവി എന്നാണർത്ഥം. പത്തൊമ്പതാം നൂറ്റാണ്ടിൽ പടിഞ്ഞാറൻ സുറിയാനിയിലുള്ള അന്ത്യോക്യൻ ആരാധനാക്രമം കേരളത്തിലെ യാക്കോബായാക്കാർ ഉപയോഗിച്ചുതുടങ്ങിയപ്പോൾ യൽദോ എന്ന പടിഞ്ഞാറൻ സുറിയാനി രൂപവും ഇവിടെ പ്രചരിച്ചു. ഉദയംപേരൂർ സൂനഹദോസിന്റെ (1599) കാനോനകളിൽ പിറവി എന്നാണ് പ്രയോഗിച്ചിട്ടുള്ളത്. സുറിയാനിയിൽ പിറന്നാളിന് ബേസ്‌യൽദാ എന്നും പറയാറുണ്ട്.

**യാവന** അടുത്തകാലംവരെ ഉപയോഗിച്ചിരുന്ന വേദപാഠപുസ്തകങ്ങളിലും മറ്റ് ചില മതഗ്രന്ഥങ്ങളിലും ഭക്ഷണം എന്ന അർത്ഥത്തിൽ ഉപയോഗിച്ചിരുന്ന ഒരു പദമാണ് യാവന. പിയാനിയൂസ് 1772-ൽ റോമിൽ അച്ചടിപ്പിച്ച സംക്ഷേപ വേദാർത്ഥത്തിൽ സഭയുടെ കല്പനകളെപ്പറ്റി പറയുന്നിടത്ത് (പുറം 106) ഇങ്ങനെ കാണാം. "കല്പിച്ച ദിവസങ്ങളിൽ നൊമ്പ്നൊക്കുന്നതും വെള്ളിയാഴ്ചയിലും ചനിയാഴ്ചയിലും ഇറച്ചിയും തന്റെ തന്റെ ഇടവകയിലെ മര്യ്യാദക്കു ഒത്ത വണ്ണം വിലക്കിയിരിക്കുന്ന മറ്റ് ചില യാവനക്കൂട്ടവും തിന്നാതെ ഇരിക്കുന്നതും."

എന്നാൽ ഭാരതീയർക്കുവേണ്ടി 1554-ൽ അച്ചടിപ്പിച്ച കാർത്തില്യ എന്ന വേദപാഠപുസ്തകത്തിൽ "നോംബുനോക്രതു പുണ്യമാന പള്ളി കല്പിത്ത അന്തു" (വിശുദ്ധപള്ളി കല്പിച്ച അന്ന് നോംപുനോക്കുന്നത്) എന്നേ ഉള്ളൂ. പി

www.malankaralibrary.com

ല്ക്കാലത്താണ് കേരളക്രിസ്ത്യാനിക ളെല്ലാവരും, യൂറോപ്യൻ പ്രേരണമൂലം, ഇറച്ചി തിന്നുതുടങ്ങിയത് (അത് സാധാ രണമായത് അടുത്ത കാലത്താണുതാ നും). തന്മൂലം പള്ളിയുടെ കല്പനക ളിൽ ആ ഇനംകൂടി പരാമർശിക്കേണ്ടി വന്നു. തൻെറ തൻെറ ഇടവകയിൽ എന്നതുകൊണ്ട് ലത്തീൻ, സുറിയാനി എന്നീ വിഭാഗക്കാരെ സുചിപ്പിക്കുന്നു.

യാവന എന്നത് ഒരു സംസ്കൃത പദമാണ്. യവനന്മാരുടെ നാട്ടിൽ (ഗ്രീ സിൽ) ഉണ്ടാകുന്നത് എന്നാണ് അതി ൻെറ ആദിമാർത്ഥം. ബാർലിയെ യവം എന്നാണ് സംസ്കൃതത്തിൽ വിളി ക്കുന്നത്. ആദ്യകാലത്ത് യവം എന്ന തിന് ഭക്ഷിക്കാൻ ഉപയോഗിക്കുന്ന ഏതു ധാന്യവും എന്നർത്ഥമായിരുന്നു. കേരളീയരുടെ പ്രധാനഭക്ഷണം ബാർ ലിയോ ഗോതമ്പോ അല്ലെങ്കിലും ഭക്ഷ ണസാധനം എന്ന അർത്ഥത്തിൽ മിഷ ണറിമാരുടെ കാലം മുതൽ യാവന എന്നപദം പ്രയോഗിച്ചുവന്നു. ആഞ്ച ലോ ഫ്രാൻസിസിൻെറ മലയാള-പോർ ത്തുഗീസ് നിഘണ്ടുവിൽ യാവന എന്ന തിന് തീറ്റ എന്ന അർത്ഥം നല്കിയിട്ടുണ്ട്. യാവനക്കൂറ് എന്നതിനും തീറ്റ എന്നർ ത്ഥമാണ്. യാവിക്കുക എന്നൊരു ക്രി യയുമുണ്ട്.

യാവന എന്ന പദം യാപനം എന്ന സംസ്കൃതപദത്തിൽനിന്ന് വരുന്നതാ ണെന്ന് ഗുണ്ടർട്ട് പറയുന്നു (യാ എന്ന ധാതുവിൻെറ പ്രയോജക പ്രകൃതിയിൽ നിന്ന്). എന്നാൽ സംസ്കൃതത്തിൽ യാ പനം എന്നതിന് ഭക്ഷണം എന്നർത്ഥമി ല്ല. കാലയാപനം എന്ന സമസ്ത പദ ത്തിന് ഉപജീവനം, വിളംബം, കാല ക്ഷേപം, നീട്ടിവയ്ക്കൽ എന്നൊക്കെ അർത്ഥമുണ്ട്. പുരാതന തമിഴിൽ യാവ നം എന്നോ യാപനം എന്നോ കാണു ന്നില്ല. അതുകൊണ്ട് യാവന എന്ന പദം സംസ്കൃതത്തിലുണ്ടായ യാവന തന്നെ യാണെന്ന് വിചാരിക്കാം. (യൗനായാ എന്ന വാക്കു കാണുക)

**യൂക്കറിസ്റ്റ്** ദക്ഷിണേന്ത്യാസഭയു ടെ "പൊതു ആരാധനപ്പുസ്തകത്തിൽ" (കോട്ടയം 1981) കുർബാനയെ സംബ ന്ധിച്ച ക്രമത്തിന് "കർത്താവിൻെറ അ ത്താഴത്തിനുള്ള ശുശ്രൂഷാക്രമം അഥവാ വിശുദ്ധ യൂക്കറിസ്റ്റ്" എന്നാണ് പേര് കൊടുത്തിരിക്കുന്നത്.

ഗ്രീക്കുഭാഷയിലുള്ള എവുക്കരി സ്തിയാ എന്ന പദമാണ് ഇംഗ്ലീഷിൽ യൂക്കറിസ്റ്റ് (Eucharist) എന്നു രൂപം പ്രാപിച്ചത്. കൃതജ്ഞാപ്രകടനം എന്നാ ണ് അതിൻെറ അർത്ഥം. (എവ്= നന്നാ യിട്ട്, ഖരിസേസ്സ്തായി=നന്ദി പ്രദർ ശിപ്പിക്കുക, ഖാരിസ് = നന്ദി, പ്രസാദം) ഈ ഗ്രീക്കുപദം ലത്തീൻ, സുറിയാനി, പോർത്തുഗീസ് എന്നീ ഭാഷകളിൽ മാറ്റ മില്ലാതെ നില്ക്കുന്നു.

യേശുക്രിസ്തുവിൻെറ അന്തിമാ ത്താഴത്തെ സൂചിപ്പിക്കാൻ ആദിമനൂറ്റാ ണ്ടുമുതൽ ഈ ഗ്രീക്കുപദം പ്രയോഗിച്ചി രുന്നു. ഏതു കൃതജ്ഞതാപ്രാർത്ഥന യ്ക്കും ഈ വാക്ക് ഉപയോഗിക്കാം. എ ന്നാൽ അന്ത്യോക്യയിലെ വിശുദ്ധ ഇഗ് നേഷ്യസിൻെറ കാലം മുതൽ (ഏതാണ്ട് 110) കുർബാനയുടെ മുഖ്യഭാഗം (കാനൻ അഥവാ അന്നാഫോറ) എന്ന സാങ്കേതി കാർത്ഥം ഈ വാക്കിന് നല്കപ്പെട്ടു.

**യേശു** കൽദായാ സുറിയാനി ഭാഷയി ലുള്ള ഈശോ, മിശിഹാ എന്നിവയ്ക്കു പകരം യേശു, ക്രിസ്തു എന്നീ വാക്കു കൾ കേരളത്തിൽ അടുത്തകാലത്താണ് പ്രചാരത്തിലായത്. ഏ.ഡി. 1554-ലെ

www.malankaralibrary.com

കാർത്തില്യ എന്ന വേദോപദേശ പുസ്തകത്തിൽ ഈ പ്രയോഗങ്ങൾ ആദ്യമായി കണ്ടുമുട്ടുന്നു. ഈശോസഭാ വൈദികർ പോർത്തുഗീസിൽ എഴുതിയ ഗ്രന്ഥത്തിൻെറ തമിഴ് വിവർത്തനമാണത്. എന്നാൽ, പില്ക്കാലത്ത് കർമ്മലീത്താവൈദികർ എഴുതിയ വേദപാഠ പുസ്തകങ്ങളിലെല്ലാം ഈശോമിശിഹാ എന്നാണ് പ്രയോഗം. ഇപ്പോഴും പ്രാർത്ഥനാഗ്രന്ഥങ്ങളിൽ അവ കാണാം.

ബൈബിൾ വിവർത്തനങ്ങളിൽ മഞ്ഞുമ്മേൽ വിവർത്തനത്തിലും (1905) ബയിലിയുടെ വിവർത്തനത്തിലും (1829) യേശുക്രിസ്തു എന്നാണ് പ്രയോഗം. ലത്തീൻ ഭാഷയിലുള്ള വുൾഗാത്തയിൽനിന്നുള്ള വിവർത്തനങ്ങളാണവ. അതുകൊണ്ട് ലത്തീനിലെ യേസുസ് എന്ന പദം യേസു, യേശു എന്നിങ്ങനെ രൂപാന്തരപ്പെടുത്തി പ്രയോഗിച്ചിരിക്കുകയാണ്. ഏ.ഡി. 1811-ൽ ബുക്കാനൻെറ മേൽനോട്ടത്തിൽ നടത്തിയ ബൈബിൾ വിവർത്തനം സുറിയാനിയിലെ പ്ശീത്താ എന്ന ബൈബിൾ വിവർത്തനത്തിൻെറ വിവർത്തനമാണ്. അതുകൊണ്ട് അതിൽ സുറിയാനിയിലുള്ള ഈശോ, മിശിഹാ എന്നീ പ്രയോഗങ്ങൾ തന്നെ നിലനിറുത്തി. പ്രോട്ടസ്റ്റൻറ് മിഷണറിമാരുടെ മറ്റ് തർജ്ജുമകളിലെല്ലാം ലത്തീൻ രീതിയനുസരിച്ച് യേശു, ക്രിസ്തു എന്നിങ്ങനെ പ്രയോഗിച്ചു. അങ്ങനെ കാർത്തില്യ എന്ന വേദപാഠഗ്രന്ഥം ചില ബൈബിൾ വിവർത്തനങ്ങൾ എന്നിവ വഴി ലത്തീൻ സമ്പ്രദായത്തിലുള്ള യേസു, യേശു എന്നീ വാക്കുകൾ പ്രചരിച്ചു. പി.ഒ.സി.യുടെ ബൈബിൾ വിവർത്തനത്തിലും യേശു എന്ന് ഉപയോഗിച്ചു. കേരളത്തിലാകെ പ്രചരിക്കുകയും ചെയ്തു. യേസൂസ് എന്ന ലത്തീൻ വാക്കിൽനിന്നാണല്ലോ യേശു എന്ന പദരൂപം കേരളത്തിൽ പ്രചരിച്ചത്. ആ വാക്കാകട്ടെ ഗ്രീക്കിലെ യേസോവുസ് എന്ന വാക്കിൽനിന്നുണ്ടായതാണ്. ഹീബ്രുവിലുള്ള യേഷ്വാ എന്നതിൻെറ ഗ്രീക്ക് രൂപമാണത്. യേഷ്വാ എന്നതിൻെറ ആദിമരൂപം യോഷ്വാ എന്നാണ്. യാഹ്വേ (യഹോവ) രക്ഷയാകുന്നു എന്നർത്ഥമുള്ള യെഹോഷ്വാ എന്നതിൻെറ സംക്ഷിപ്തരൂപവുമാണ്. പഴയനിയമകാലത്തും പുതിയനിയമകാലത്തും ഈ പേര് സാധാരണമായി ഉപയോഗിച്ചിരുന്നു.

ഏ.ഡി. 62-ൽ ഒരു റോമൻ വൈദ്യനായ എസ്കുലാപ്പിയൂസ് കുൾത്തെല്ലൂസ്, സിറിയായിൽ റോമൻ പട്ടാളത്തിൽ ജോലി ചെയ്യുന്ന തൻെറ മരുമകനായ ഗ്ലാദിയൂസ് എൻസാ എന്ന പട്ടാളോദ്യോഗസ്ഥന് യേശുവിനെപ്പറ്റി വിവരങ്ങൾ ശേഖരിച്ച് അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഒരു കത്തയച്ചു. ആ കത്തിന് എൻസാ എഴുതിയ മറുപടിയിൽ ഇങ്ങനെ പറയുന്നു: "പീലാത്തൂസ് ജോഷ്വായെ വ്യക്തിപരമായി പരിശോധിക്കാൻ കൊണ്ടുവരുന്നതിന് ആളയച്ചു (ജോഷ്വാ എന്നായിരുന്നു ആ നസ്രായൻെറ പേര്, എന്നാൽ ലോകത്തിൻെറ ഈ ഭാഗത്ത് താമസിക്കുന്ന ഗ്രീക്കുകാർ എപ്പോഴും അദ്ദേഹത്തെ ജേസൂസ് എന്നാണ് പരാമർശിക്കുന്നത്)"....(Hendrik Willem van Loon, The Story of Mankind, Pocket Books Inc., N.Y, 1951, p. 113). ജോഷ്വാ (യോഷ്വാ) എന്ന പേര് ലത്തീനിൽ യേസൂസ് എന്നായി. ലത്തീനിൽ 'ജ'കാരം 'യ'കാരമായി മാറുന്നു. ഇംഗ്ലീഷിൽ ജീസസ് എന്നായി. കൽദായാ സുറിയാനിയിൽ ഈശോ എന്നാണ് പറയുന്നത്, എഴുതുന്നതാകട്ടെ ഈശോഅ് എന്നാണ്.

www.malankaralibrary.com

**യൗനായ** യൗനായ സഭ, യൗനായ ക്കാലം, യൗനായ പഞ്ചാംഗം എന്നിങ്ങ നെയുള്ള പ്രയോഗങ്ങളിൽ കാണുന്ന യൗനായ എന്ന പദം കൽദായ സുറിയാ നിയിലേതാണ്. ഗ്രീക്കുകാരെ സംബന്ധി ച്ചത് എന്നാണതിൻെറ അർത്ഥം.

ഗ്രീക്കുഭാഷയിലുള്ള ഇയോനിയ (ഇയോണിയ) എന്ന സ്ഥലനാമത്തിൽ നിന്നാണ് യൗനായ എന്ന പദമുണ്ടായ ത്. ബഹുവചനം യൗനായേ എന്നാണ്. ഇയോണിയാക്കാരെയും ഗ്രീസിലുള്ളവ രെയും പൊതുവേ ഗ്രീക്ക് സംസ്കാര ത്തിൽപ്പെട്ടവരെയും യൗനായേ എന്നു വിളിച്ചിരുന്നു. ഈ പേര് പൗരസ്ത്യ ദേശങ്ങളിൽ ക്രിസ്ത്വബ്ദത്തിനുമുമ്പേ നടപ്പായി. യഹൂദരും ഗ്രീക്കുകാരുമായി രുന്നു അക്കാലത്ത് ലോകവ്യാപകമായി വ്യാപാരം നടത്തിയിരുന്നവർ.

പുരാതന ഗ്രീക്ക് സംസ്കാരത്തി ൻെറ ഒരു പ്രധാനപ്രദേശമായിരുന്നു ഇ യോണിയ. ഗ്രീക്കുവംശജർ ഏഷ്യാമൈ നറിൻെറ കടൽത്തീരങ്ങളിൽ വസിച്ചി രുന്നതുകൊണ്ട് ആ പ്രദേശത്തുള്ളവരെ യും ഇയോണിക്കോസ് (ഇയോണിയർ) എന്ന് ഗ്രീക്കുഭാഷയിൽ വിളിച്ചിരുന്നു.

ഗ്രീക്ക് കലണ്ടർ (യൗനായാബ്ദം) ക്രിസ്ത്യാനികളും ഉപയോഗിച്ചിരുന്നു. അത് ബി.സി. 311-ൽ തുടങ്ങുന്നു.

സംസ്കൃതത്തിൽ കാണുന്ന യവന എന്ന പദത്തിന് ആദിമകാലങ്ങളിൽ ഇ യോണിയാക്കാർ (Ionians), ഗ്രീക്കുകാർ, ബാക്ട്രിയാക്കാർ (അലക്സാണ്ടറുടെ വരവിനുശേഷം) എന്നിങ്ങനെയായിരു ന്നു സുചന. പിന്നീട് അത് വടക്കുപടി ഞ്ഞാറൻ ഇൻഡ്യയിലെ, ഗ്രീക്കുകാരുടെ രാഷ്ട്രീയ പിൻഗാമികളെ (ഇൻഡോ ഷിത്തിയന്മാർ) സൂചിപ്പിച്ചു. പിൽക്കാ ലങ്ങളിൽ പേർഷ്യാക്കാരെയും അറബി കളെയും ഒടുവിൽ മുസ്ലിങ്ങളെയും സു ചിപ്പിച്ചു. ഏതു വിദേശീയനെയും യവ നൻ എന്നുവിളിക്കാൻ തുടങ്ങിയ ഒരു കാലവുമുണ്ടായി (Cf. Weber Albrecht, The History of Indian Literature, Chowkhamba Sanskrit Series, Varanasi 6th edi. 1962 p. 229 ft). മലയാളത്തിലെ യോനോന്മാർ, ജോനകർ, ജവാൻ എന്നീ പദങ്ങളും യൗനായ എന്നതിൽനിന്ന് വരുന്നു.

ഗ്രീക്കു ലിപിയെപ്പറ്റി സംസ്കൃത ത്തിൽ യവനാനി എന്നുപറയും (പാണി നീയം IV, 1.49; വാർത്തിക 3, പതഞ്ജലി) കാളിദാസൻ പേർഷ്യൻ (പാരസിക) സ് ത്രീകളെ യവനാനി എന്നുവിളിക്കുന്നു. ഗ്രീക്കുകാർക്ക് പ്രിയപ്പെട്ടത് എന്ന അർ ത്ഥത്തിൽ യവനപ്രിയഃ എന്ന് കുരുമുള കിന് പേരുണ്ടായി. യവനേഷ്ടഃ എന്ന് മുളകിനും കാരീയത്തിനും പറഞ്ഞിരു ന്നു. കുന്തുരുക്കത്തിന് യവന എന്നു പേരുണ്ടായി. അലക്സാൺട്രിയായിലെ ഗ്രീക്കു കച്ചവടക്കാരുടെ കാലത്തു ണ്ടായ പേരാണത്. യവന എന്ന പദം ചേർന്ന ധാരാളം സമസ്തപദങ്ങൾ സംസ്കൃതത്തിലുണ്ട് - യാവന, യവം മുതലായ പദങ്ങളും ഇയോണിയയു മായി ബന്ധപ്പെട്ടിരിക്കുന്നു.

## ര

**രാക്കുളിത്തിരുനാൾ** യേശുവിൻെറ പ്രത്യക്ഷീകരണത്തിരുനാളിൻെറ (ദന ഹയുടെ) മറ്റൊരു പേരാണ് രാക്കുളി ത്തിരുനാൾ (ദനഹ എന്ന പദം നോക്കു ക). പൂജരാജാക്കന്മാരുടെ (ജ്ഞാനി കളുടെ) സന്ദർശനവും യേശുവിൻെറ മാമ്മോദീസയും ആ ദിവസം അനുസ്മ രിക്കുന്നുണ്ട്. പ്രാചീനകാലത്ത് മാമ്മോ

www.malankaralibrary.com

ദീസാനുസ്മരണത്തിനായിരുന്നു പ്രാധാന്യം. ഇക്കാര്യം പഴയ സുറിയാനി കലണ്ടറുകളിൽനിന്ന് വ്യക്തമാണ്. ജനുവരി 6-ന്യേശുവിൻെറ മാമ്മോദീസയുടെ തിരുനാൾ എന്നാണ് അവയിലുള്ളത്. പൂജരാജാക്കന്മാരുടെ സന്ദർശനത്തിന് പ്രാധാന്യം വന്നത് 1164-നു ശേഷമാണ്. അക്കാലത്ത് ജർമ്മനിയിൽ (കൊളോൺ) സന്ദർശനാനുസ്മരണയ്ക്ക് പ്രാധാന്യം നല്കിക്കൊണ്ട് തിരുനാളാഘോഷിക്കാൻ തുടങ്ങി. പോർത്തുഗീസ് മിഷണറിമാരുടെ വരവിനുശേഷം ഇവിടെയും അതിന് പ്രാധാന്യമുണ്ടായി. ചില ദേവാലയങ്ങൾ പൂജരാജാക്കളുടെ നാമത്തിലാക്കുകയും ചെയ്തു. മഗ്ദലെനാമറിയത്തിൻെറ നാമത്തിൽ 1819-ൽ സ്ഥാപിക്കപ്പെട്ട മൂവാറ്റുപുഴ പള്ളി പില്ക്കാലത്ത് പൂജരാജാക്കളുടെ നാമത്തിലാക്കപ്പെട്ടത് ഒരു ഉദാഹരണമാണ്.

യേശുവിൻെറ മാമ്മോദീസയെ അനുസ്മരിക്കാൻ പുരാതനകാലത്ത് കേരളത്തിലെ ക്രിസ്ത്യാനികൾ ദനഹാത്തിരുന്നാളിൻെറ തലേ രാത്രിയിൽ കുളിക്കുക പതിവായിരുന്നു. അനുഷ്ഠാനപരമായ ആ കുളിക്കലിൽനിന്നാണ് രാക്കുളിപ്പെരുന്നാൾ എന്ന പേരുണ്ടായത്. പിണ്ടികുത്തിപ്പെരുന്നാൾ എന്നും ഇതിനെ വിളിക്കാറുണ്ട്. വാഴപ്പിണ്ടിയിലോ വാഴത്തടയിലോ ദീപങ്ങൾ വച്ച് അതിനുചുറ്റും നടന്ന് "ഏൽപയ്യാ" (ദൈവം പ്രകാശം ആകുന്നു) എന്നു വിളിച്ചുപറഞ്ഞിരുന്നതുകൊണ്ടാണ് ആ പേരുണ്ടായത്. (ഏൽപയ്യാ എന്ന വാക്കുകൂടി കാണുക).

**രാപകൽ** ദക്ഷിണേന്ത്യാക്കാർക്ക് യഹൂദജനതയുമായുള്ള പൗരാണിക ബന്ധം സൂചിപ്പിക്കുന്ന പ്രയോഗമാണ് രാപകൽ. വടക്കേഇൻഡ്യക്കാർ രാപകൽ എന്നുപറയുകയില്ല. അഹോരാത്രം എന്നാണ് സംസ്കൃതത്തിൽ. പകലും രാവും എന്നർത്ഥം. യഹൂദർക്ക് ദിവസത്തിൻെറ ആദ്യപകുതി രാത്രിയും രണ്ടാം പകുതി പകലുമാണ്. ഇൻഡോ ആര്യൻ സമ്പ്രദായത്തിൽ നേരേ മറിച്ചാണ്. യഹൂദർക്ക് ദിവസം തുടങ്ങുന്നത് വൈകുന്നേരമാണല്ലോ. ചന്ദ്രനെ ആശ്രയിച്ചുള്ള കലണ്ടറാണ് അവർ ഉപയോഗിച്ചിരുന്നത്. മലയാളത്തിലും തമിഴിലും രാപകൽ എന്നാണ് പ്രയോഗം. ബൈബിളിലും അങ്ങനെ കാണുന്നു. ഉത്പ. 8:22, ലേവാ. 8:35, ജോഷ്വ. 1:8, സങ്കീ. 1, 2; 32:4, ജറെ. 33:25 മുതലായ വാക്യങ്ങളിൽ പകലും രാത്രിയും എന്നു പ്രയോഗിച്ചിട്ടുണ്ട്. പക്ഷേ പഴയനിയമത്തിൽത്തന്നെ 3 രാജാ. 8:29, ഏശ. 27:3, എസ്തേർ 4:16 എന്നീ വാക്യങ്ങളിൽ രാപകൽ എന്നു പ്രയോഗിച്ചിരിക്കുന്നു. പുതിയനിയമത്തിൽ രാപകൽ എന്ന പ്രയോഗമാണ് സാധാരണമായിട്ടുള്ളത്. മർക്കോ. 4:27; 5:5, ലൂക്കാ 2:37, അപ്പ. 20:31; 26:7, 1 തെസ. 2:9; 3:10, 2 തെസ. 3:8 എന്നീ വാക്യങ്ങൾ നോക്കുക. ക്ലാസിക്കൽ ഗ്രീക്കിൽനിന്നുള്ള നുക്ത്തേമേരോൻ എന്ന പ്രയോഗം 2 കോറി. 11:25-ൽ ഉണ്ട്. അതിനും രാപകൽ എന്നർത്ഥം. "ഞങ്ങൾ രാപകൽ കഷ്ടപ്പെട്ട് കഠിനാധ്വാനം ചെയ്തു" (2 തെസ. 3:8) എന്നാണ് പൗലോസ്ശ്ലീഹാ പറയുന്നത്. "അവൻ രാവും പകലും ഉറങ്ങിയും ഉണർന്നും കഴിയുന്നു" എന്ന് യേശു വിത്തിൻെറ ഉപമയിൽ പറയുന്നു (മർക്കോ. 4:27). പുതിയനിയമത്തിൽ പകലും രാത്രിയും എന്ന പ്രയോഗം ലൂക്കാ 18:7, അപ്പ. 9:24 എന്നീ വാക്യങ്ങളിലുണ്ട്. എന്നാലും പൊതുവേ രാപകൽ എന്നാണ് പ്രയോഗിക്കുന്നത്.

www.malankaralibrary.com

**രൂപത, അതിരൂപത** ഗ്രീക്കിലെ എപ്പാർക്കി, ലത്തീനിലെ ദിയോച്ചേസിസ്, ഇംഗ്ളീഷിലെ ഡയോസിസ് (diocese), പോർത്തുഗീസിലെ ദിയോച്ചെസെ, സ്പാനിഷിലെ ദിയോസെസിസ്, ഇറ്റാലിയനിലെ ദിയോച്ചേസി എന്നീ വാക്കുകൾക്ക് തുല്യമായ കേരളീയ പദമാണ് രൂപത. മെത്രാൻെറ ഭരണത്തിൻകീഴിലുള്ള പ്രദേശത്തെ രൂപത എന്നും, മെത്രാപ്പോലീത്തയുടെ ഭരണത്തിൻകീഴുള്ള പ്രദേശത്തെ അതിരൂപതയെന്നും വിളിക്കുന്നു. പത്തൊമ്പതാം നൂറ്റാണ്ടിലാണ് ഈ വാക്കുകൾ പ്രയോഗത്തിലായത്. പൗരാണിക കാലത്ത് എടവക (ഇടവക) യെന്ന വാക്കും പിൽക്കാലത്ത് വികാരിയാത്തെന്ന വാക്കും പ്രയോഗത്തിലിരുന്നു. വികാരിയാത്തുകൾ ക്രമേണ രൂപതകളും അതിരൂപതകളുമായി. രൂപതകളെ മിസ്സങ്ങൾ എന്നുംവിളിച്ചിരുന്നു.

രൂപത എന്ന പദത്തിൻെറ നിഷ്പത്തി ദുരൂഹമാണ്. സംസ്കൃതത്തിൽ ഇങ്ങനെ ഒരു പ്രയോഗമില്ല. രുപത്തോടു കൂടിയ എന്ന അർത്ഥത്തിൽ രൂപക എന്നൊരു വാക്കുണ്ട്. രൂപം (ആകൃതി) എന്ന വാക്കിനോട് അവസ്ഥയെ സൂചിപ്പിക്കുന്ന 'ത' പ്രത്യയം ചേർത്തു സൃഷ്ടിച്ചതായിരിക്കാം രൂപത എന്ന വാക്ക്. ഏകത, ശൂന്യത, മാനവികത എന്നിങ്ങനെയുള്ള പ്രയോഗങ്ങൾ അതിന് പ്രേരണ നല്കിയിരിക്കാം. അതിർത്തികൾ നിശ്ചയിച്ച് രൂപപ്പെടുത്തിയ (ആകൃതി വരുത്തിയ) പ്രദേശം എന്നായിരിക്കണം ഉദ്ദേശിക്കുന്നത്. നാട്ടുരാജാക്കന്മാരുടെ ഭരണത്തിൻകീഴിലുള്ള പ്രദേശങ്ങളെയും രാജകുടുംബങ്ങളെയും രാജധാനിയെയും സ്വരൂപം എന്ന് വിളിച്ചിരുന്നു. ഈ പ്രയോഗവും പ്രസ്തുത പദനിർമ്മിതിക്ക് പ്രേരണ നല്കിക്കാണും (സ്വരൂപം എന്ന പദത്തിൻെറ നിഷ്കൃഷ്ടാർത്ഥം സ്വഭാവം, പ്രകൃതി, തരം എന്നൊക്കെയാണ്).

രൂപത എന്ന വാക്കിനോട് ഔന്നത്യം സൂചിപ്പിക്കാൻ 'അതി' എന്ന ഉപസർഗ്ഗം ചേർത്താണ് അതിരൂപത എന്ന പദമുണ്ടാക്കിയത്. മോണിയർ വില്യംസ് തൻെറ ഇംഗ്ലീഷ് സംസ്കൃതനിഘണ്ടുവിൽ ഡയോസിസ് എന്നതിന് ഒരു സംസ്കൃത സമസ്തപദം നിർമ്മിച്ചിട്ടുണ്ട്. പ്രധാനധർമ്മാദ്ധ്യക്ഷാധീനോ ദേശഃ (പ്രദേശഃ) എന്നാണ് ആ സമസ്തപദം.

## ല

**ലദീഞ്ഞ്** (ലുത്തനിയ കാണുക)

**ലാ തക്സ** സുറിയാനിയിൽ നിന്നു വന്ന ഒരു ശൈലിയാണ് ലാ തക്സ. ക്രമവിരുദ്ധത എന്നർത്ഥം. സുറിയാനിയിൽ ലാ എന്നതിന് അല്ല, അല്ലാത്ത, ഇല്ല, ഇല്ലാത്ത എന്നിങ്ങനെയാണർത്ഥം. തക്സ് എന്ന പദത്തിന് ക്രമം, ചിട്ട എന്നിങ്ങനെയും. ക്രമവിരുദ്ധമായി പ്രവർത്തിക്കുന്നവർക്ക് നല്കുന്ന ശിക്ഷയെക്കൂടി ഈ ശൈലി സൂചിപ്പിക്കും. "പട്ടം ഏൽക്കുന്നതിനും ഏറ്റിരിക്കുന്ന പട്ടത്തിൻെറ അംശം പ്രവർത്തിക്കുന്നതിനുമുള്ള കാനോനക്കടുത്ത ഒരു തടവ ലാത്തക്സായാകുന്നു" എന്ന് മൊരാൾതെളൊഗിയ (മാന്നാനം, 1971, പുറം 699) പറയുന്നു. ലത്തീൻ ഭാഷയിൽ ഇറെഗുലാരിത്താസ് എന്നും ഇംഗ്ലീഷിൽ ഇറെഗുലാരിറ്റി എന്നുമാണ് പറയുന്നത്.

**ലിവ്റമെന്തോ മാതാവ് (ലിവ്റമെന്ത് മാതാവ്)** കേരളത്തിലെ ചില ക്രൈസ്തവ ദേവാലയങ്ങൾ ലിവ്റമെന്തോ (Livramento) മാതാവിൻെറ നാമത്തിലാണ് (ഉദാ: വല്ലാർപാടം, വടുതല തട്ടാഴത്ത്, നാഗപ്പുഴ). ഒരു പോർത്തു

www.malankaralibrary.com

ഗീസ് പദമാണ് ലിവ്റമെന്തോ. ഈ വാക്ക് മലയാളത്തിൽ ലൗറമെന്തോ, ലൗറമെന്ത്, ലിവ്റമെന്ത് എന്നൊക്കെ ഉച്ചരിച്ചുവരുന്നു. വിമോചനം എന്നാണ് ഈ പോർത്തുഗീസ് പദത്തിൻെറ അർത്ഥം. സ്പാനിഷ്ഭാഷയിൽ ലിബ്രമിൻതോ (Libramiento) എന്നാണ് പറയുക.

മോചിപ്പിക്കുക എന്നർത്ഥമുള്ള ലിബെരാരെ (Liberare) എന്ന ലത്തീൻ ക്രിയയിൽനിന്ന് പോർത്തുഗീസ് ഭാഷയിലെ ലിവ്റാരെ (Livrare) എന്ന ക്രിയയുണ്ടാകുന്നു. അതിൽനിന്ന് മോചിപ്പിക്കൽ എന്നർത്ഥമുള്ള ലിവ്റമെന്തോ എന്ന പദമുണ്ടാകുന്നു. പോർത്തുഗീസിൽ ലിവ്റമെന്തേ (Livramente) എന്നു പറഞ്ഞാൽ സൗജന്യമായി, സ്വതന്ത്രമായി എന്നിങ്ങനെയാണർത്ഥം.

ലത്തീനിൽ മോചിപ്പിക്കൽ എന്നതിന് ലിബെറാസിയോ (liberatio) എന്നാണ് പറയുക. ഇതിൻെറ ധാതു ലിബർ (Liber) എന്നാണ്. അത് ഗ്രീക്കിലെ ഌഫ് എന്ന ധാതുവിൽനിന്നു വരുന്നു (ലത്തീനിൽത്തന്നെ ഗലബ് എന്ന രൂപത്തിൽ ഈധാതു പ്രയോഗത്തിലുണ്ട്). ഈ ഗ്രീക്ക് ധാതു സംസ്കൃതത്തിലെ ലുപ് എന്ന ധാതുവിൽനിന്നുണ്ടായതാണ്. രൂപ് എന്നാണ് അതിൻെറ ആദിമരൂപം. പൊളിക്കുക എന്നാണ് അതിൻെറ അർത്ഥം. ലത്തീനിൽ rump-ere, ആംഗ്ലോ സാക്സണിൽ reofan, ജർമ്മനിൽ roubon, rauben ഇംഗ്ലീഷിൽ reave എന്നിങ്ങനെയുള്ള ക്രിയകൾ ഈ രൂപ് ധാതുവിൽനിന്നുതന്നെ ഉദ്ഭവിച്ചവയാണ്.

മധ്യകാല ലത്തീൻ ഭാഷയിൽ ലിവ്റമെന്തും (Livramentum) എന്നൊരു വാക്ക് നഷ്ടപരിഹാരം, മോചനദ്രവ്യം എന്നീ അർത്ഥങ്ങളിൽ പ്രയോഗിച്ചിരുന്നു. ഈ വാക്ക് പോർത്തുഗീസിൽ ലിവ്റമെന്തോ എന്നാകും (cf. Du Cange, Glossarium Mediae et Infimae Latinatis Vol 4, page 431). വിമോചനം എന്നും അതിനർത്ഥമുണ്ടായി.

ലിവ്റമെന്തോ മാതാവ് എന്നതിന് പകരമായി മനോഗുണമാതാവ്, റാൻസം (Ransom) മാതാവ് എന്നൊക്കെ പറയാറുണ്ട്. ഈ പേരുകളെല്ലാം 15-ാം നൂറ്റാണ്ടിനുശേഷമാണ് ഇവിടെ പ്രചരിച്ചത്. മനോഗുണമാതാവ് എന്ന പ്രയോഗത്തിന് കാരുണ്യത്തിൻെറ മാതാവ് എന്നാണർത്ഥം.

ഇറ്റാലിയൻ ഭാഷയിൽ വിമോചനദ്രവ്യം എന്നതിന് മെർച്ചേദെ (mercede) എന്നുപറയുന്നു. ഈ വാക്ക് സ്പാനിഷ്ഭാഷയിൽ മെർച്ചേദ് (merced) എന്നും ഫ്രഞ്ച്ഭാഷയിൽ മെർസി (merci) എന്നും ഇംഗ്ലീഷിൽ മേഴ്സി (mercy) എന്നും കാണപ്പെടുന്നു (ആധുനിക ഇംഗ്ലീഷിൽ മേഴ്സി എന്നതിന് കാരുണ്യമെന്നേ അർത്ഥമുള്ളു).

മെർച്ചേദേ, മെർച്ചേദ്, മെർസി എന്നീ വാക്കുകളെല്ലാം ലത്തീൻഭാഷയിലെ മെർച്ചെദ് എന്നധാതുവിൽനിന്നു വരുന്നതാണ്. വില, കൂലി, മോചനദ്രവ്യം എന്നൊക്കെയാണ് അതിൻെറ അർത്ഥം. പ്രഥമാവിഭക്തിയിൽ (നിർദ്ദേശിക) അത് മെർച്ചെസ് (merces) എന്നാണ് കാണപ്പെടുക. മറ്റ് വിഭക്തികളിൽ മെർച്ചെദ് എന്ന ധാതുരൂപം നിലനില്ക്കുന്നുണ്ട് (ഉദാ: മെർച്ചെദിസ് =വിലയുടെ, മെർച്ചെദെം = വിലയെ). ഈ വാക്കിന് പ്രതിഫലം എന്നൊരർത്ഥംകൂടിയുണ്ടായി.

മെർച്ചെദേ, മേഴ്സി എന്നൊക്കെയുള്ള പദങ്ങൾക്ക് കാരുണ്യം, കൃപ എന്നൊക്കെ പില്ക്കാലത്ത് അർത്ഥമുണ്ടായി.

www.malankaralibrary.com

ലത്തീൻഭാഷയിൽ കാരുണ്യം എന്നതിനു മിസെരികോർദിയ (mesericordia) എന്നാണ് പറയുന്നത്. ആ വാക്കിനു പകരമായി മെർച്ചേദെ എന്ന് ഇറ്റാലിയനിലും മെർസി എന്നു ഫ്രഞ്ചിലും മെർച്ചെദ് എന്നു സ്പാനിഷിലും മേഴ്സി എന്ന് ഇംഗ്ലീഷിലും ഉപയോഗിച്ചുവന്നു എന്നുസാരം.

കാരുണ്യം എന്നൊരർത്ഥം എങ്ങനെ വന്നുചേർന്നു? മോചനദ്രവ്യം നല്കി മോചിപ്പിക്കുന്നത് കാരുണ്യത്തിൻെറ പ്രവൃത്തിയായതുകൊണ്ടുതന്നെ. സഭാപരമായ ലത്തീൻഭാഷയിൽ (മധ്യയുഗത്തിൽ) മെർച്ചെസ് എന്നപദം, നിരാശ്രയരോട് കരുണകാണിക്കുന്നവർക്ക് ലഭിക്കുന്ന സ്വർഗ്ഗീയ സമ്മാനം (പ്രതിസമ്മാനം) എന്ന അർത്ഥത്തിലും പ്രയോഗിച്ചിരുന്നു. കന്യകാമറിയത്തെ മോചനദ്രവ്യത്തിൻെറ അഥവാ വീണ്ടെടുപ്പിൻെറ വിലയുടെ അമ്മ എന്നു വിളിക്കുന്നതിൽ ഒരു യുക്തിയുണ്ട്. മനുഷ്യവംശത്തെ പാപത്തിൽനിന്നു വീണ്ടെടുക്കാൻ സ്വപുത്രനെ അവൾ വീണ്ടെടുപ്പിൻെറ വിലയായി കൊടുത്തു എന്നതാണ് ആ യുക്തി.

മനോഗുണമാതാവ്എന്ന് മലയാളികൾ പറയുന്നത് കാരുണ്യമാതാവ് എന്ന അർത്ഥത്തിലാണല്ലോ. മനോഗുണം എന്ന പദം ഈ അർത്ഥത്തിൽ ക്രൈസ്തവ പ്രാർത്ഥനകളിൽ 18-ാം നൂറ്റാണ്ടു മുതൽ ഉപയോഗിക്കുന്നു.

റാൻസം മാതാവ് എന്ന പ്രയോഗം ഇംഗ്ലീഷുഭാഷയുടെ പ്രചരണത്തോടെയുണ്ടായതാണ്. റാൻസം എന്ന് ഇംഗ്ലീഷ് വാക്ക് റെദെംപ്സിയോ (redemptio) എന്ന ലത്തീൻ വാക്കിൽനിന്നുണ്ടായതാണ്. വീണ്ടെടുപ്പ്, വിമോചിപ്പിക്കൽ എന്നിങ്ങനെയാണ് അതിൻെറ അർത്ഥം. ലിവ്റമെന്തോ എന്ന പോർത്തുഗീസ് പദത്തിനു പകരമായി ഇത് ഉപയോഗിക്കുന്നു. (ഉദാ: വല്ലാർപാടത്ത് പള്ളിയുടെ പേര്)

ലിവ്റമെന്തോ (വിമോചനം) മെർച്ചേദേ (വിമോചനം, വിമോചനദ്രവ്യം, കാരുണ്യം) റാൻസം (വീണ്ടെടുപ്പ്, വീണ്ടെടുപ്പു വില) മനോഗുണം (കാരുണ്യം) എന്നിങ്ങനെ വിവിധഭാഷകളിൽ യേശുവിൻെറ അമ്മയെ വിളിക്കാനും ഈ പേരുകൾ പ്രചരിക്കാനും ഇടയാക്കിയത് ഒരു സന്നദ്ധസംഘം ആണ്.

പീറ്റർ നൊലാസ്കോ (Peter Nolasco, 1182-1249) എന്ന കാരുണ്യവാൻ അടിമകളെ വീണ്ടെടുക്കാൻവേണ്ടി 1218-ൽ സ്പെയിൻ രാജ്യത്ത് സ്ഥാപിച്ച ആ സംഘത്തിൻെറ ലത്തീനിലുള്ള പേര് Ordo Beatae Mariae Virginis de Mercede Redemptionis Captivorum എന്നാണ്. ഈ പേരിൽ കാണുന്ന de Mercede എന്നത് ഇറ്റാലിയൻ ഭാഷയാണ്. മോചന ദ്രവ്യത്തിൻെറ എന്നാണർത്ഥം. ഇതിൻെറ ഇംഗ്ലീഷിലുള്ള പേര് Order of the Blessed Virgin Mary for the Ransom of Captives എന്നാണ്. ഈ സംഘത്തെ ഇംഗ്ലീഷ്ഭാഷയിൽ Mercedinarians എന്നു വിളിക്കുന്നു. വിലകൊടുത്ത് വീണ്ടെടുപ്പ് നടത്തുന്നതിൽ വ്യാപൃതരായിരിക്കുന്നവർ എന്നാണ് ഈ പേരുകൊണ്ട് ഉദ്ദേശിക്കുന്നത്.

അടിമകളെ (Captives) വിലകൊടുത്ത് വീണ്ടെടുക്കാൻവേണ്ടി കാരുണ്യപൂർണയായ കന്യകാമറിയത്തിൻെറ നാമത്തിൽ ഇങ്ങനെയൊരു സഭ സ്ഥാപിക്കുന്നതിന് ഒരു കാരണമുണ്ട്. തികച്ചും ക്രിസ്തീയ രാജ്യമായിരുന്ന സ്പെയിൻ, ഇസ്ലാംമതം സ്വീകരിച്ച വടക്കേ

www.malankaralibrary.com

ആഫ്രിക്കയിലെ മൂറുകൾ ആക്രമിച്ചു കീഴടക്കി ഭരിച്ചകാലത്ത് (എ.ഡി. 711-1492) അവർ ആയിരക്കണക്കിന് ക്രിസ്ത്യാനികളെ അടിമകളാക്കിയിരുന്നു. മുസ്ലീങ്ങളുടെ അടിമകളായിത്തീർന്ന ക്രൈസ്തവ സഹോദരങ്ങളുടെ ദയനീയ സ്ഥിതികണ്ട് മനസ്സലിഞ്ഞ പീറ്റർ നൊളാസ്കോ തൻെറ പിതൃസ്വത്തു മുഴുവനും അടിമകളെ മോചിപ്പിക്കാൻവേണ്ടി ചെലവഴിക്കുകയും അടിമകളുടെ വിമോചനശ്രമത്തിനായി ഒരു സന്നദ്ധസംഘം സ്ഥാപിക്കുകയും ചെയ്തു. ക്രൈസ്തവ സഹോദരങ്ങളിൽനിന്ന് പണം പിരിച്ച് ഫണ്ടുണ്ടാക്കി അടിമകൾക്ക് വില കൊടുത്തു വാങ്ങിച്ചുമോചിപ്പിക്കുകയെന്നതായിരുന്നു ആ സംഘത്തിൻെറ ലക്ഷ്യം. ഇന്നും അവരുടെ വ്രതവാഗ്ദാനത്തിൽ അടിമകളെ മോചിപ്പിക്കും എന്നുകൂടി പറയുന്നുണ്ട്.

പ്രസ്തുത ലക്ഷ്യത്തോടെ ആദ്യം ശ്രമിച്ചത് ജോൺ ഓഫ് മാഥാ (1160-1213) എന്നറിയപ്പെടുന്ന ഒരു വിശുദ്ധനാണ്. അദ്ദേഹം ത്രിത്വനാമത്തിൽ ഒരു സഭ (Order of the Most Holy Trinity) 1197-ൽ സ്ഥാപിച്ചിരുന്നു. ഈ സഭക്കാരെയാണ് ട്രിനിറ്റേറിയൻസ് (Trinitarians) എന്ന് ഇംഗ്ലീഷിൽ വിളിക്കുന്നത്.

**ലിറ്റർജി** ഗ്രീക്കിൽനിന്ന് ലത്തീനിലേക്കും അവിടെനിന്ന് ഇംഗ്ലീഷിലേക്കും കടന്ന വാക്കാണ് ലിറ്റർജി (Liturgy). ഈ വാക്ക് ഇന്ന് മലയാളത്തിൽ ധാരാളമായി ഉപയോഗിക്കുന്നുണ്ട്. ലിറ്റർജിക്കൽ കമ്മറ്റി, ലിറ്റർജി കമ്മറ്റി എന്നൊക്കെ ഇപ്പോൾ മലയാളമെന്നപോലെ പ്രയോഗിച്ചുവരുന്നു. സഭയുടെ പൊതു ആരാധന എന്നാണ് ലിറ്റർജി എന്ന വാക്കുകൊണ്ട് ക്രൈസ്തവർ ഉദ്ദേശിക്കുന്നത്. ലെയ്ത്തൂർഗിയ (ലെയ്ത്തൂർജിയ) എന്ന ഗ്രീക്കുവാക്കിൽനിന്നാണ് ലിറ്റർജി എന്ന ഇംഗ്ലീഷ് പദമുണ്ടായത്. അതൊരു സമസ്തപദമാണ്. ലാവോസ്, ഏർഗൊൺ എന്ന രണ്ട് ഗ്രീക്കുവാക്കുകളാണ് അതിലുള്ളത്. ജനം (പൊതുജനം) എന്നർത്ഥമുള്ള ലാവോസ് എന്ന ഗ്രീക്കുവാക്കിൽനിന്ന് ജനങ്ങളെ സംബന്ധിച്ച എന്നർത്ഥമുള്ള ലായ്ത്തോസ് എന്ന വിശേഷണമുണ്ടാകുന്നു. ഏർഗോൺ എന്ന ഗ്രീക്കുവാക്കിന് ജോലി, സേവനം, കടമ എന്നൊക്കെയാണർത്ഥം. അങ്ങനെ ലായ്ത്തോസ് ഏർഗോൺ എന്നിവ ചേർന്ന് ലെയ്ത്തൂർഗിയ (ലെയ്ത്തൂർജിയ) എന്ന സമസ്തപദമുണ്ടാകുന്നു. അതിൻെറ ഒന്നാമത്തെ അർത്ഥം പൊതുജനസേവനം എന്നാണ്. പുരാതനഗ്രീക്കുകാരുടെ കാലത്ത് രൂപപ്പെട്ട പ്രയോഗമാണിത്.

ബൈബിളിൻെറ ഗ്രീക്കുവിവർത്തനത്തിൽ (സെപ്ത്വാജിന്ത്) ആരാധന എന്ന സാങ്കേതികാർത്ഥത്തിൽ (മതപരമായ അർത്ഥത്തിൽ) ഈ വാക്ക് ഉപയോഗിച്ചു. പുതിയനിയമത്തിലും ഇത് സാങ്കേതികാർത്ഥത്തിൽ പ്രയോഗിച്ചു. ഗ്രീക്ക് സഭയിൽ കുർബാനയ്ക്ക് ലെയ്ത്തൂർജിയ എന്നാണ് പറയുക. ഗ്രീക്കിലെ ലെയ്ത്തുർജിയ എന്ന വാക്ക് ലത്തീൻ ഭാഷയിൽ ലിത്തൂർജിയ (Liturgia) എന്നായി. ലിത്തൂർജിയ എന്ന വാക്ക് ക്ലാസിക്കൽ ലത്തീൻ സാഹിത്യ കൃതികളിൽ കാണുകയില്ല. സഭാപരമായ ലത്തീൻ സാഹിത്യത്തിലേ കാണൂ.

ലിറ്റർജി എന്ന പദം ഭാരതീയർക്ക് തീർത്തും അന്യമാണെന്ന് പറഞ്ഞുകൂടാ. കാരണം, ഗ്രീക്കിലെ ഏർഗൊൺ എന്നതിൻെറ മൂലരൂപമായ ഏർഗ് സംസ്കൃതത്തിലെ അർജ് എന്ന ധാതുവു

www.malankaralibrary.com

മായി ബന്ധപ്പെട്ടിരിക്കുന്നു. സമ്പാദിക്കുക എന്നു മാത്രമല്ല പ്രയത്നിക്കുക എന്നു കൂടി അർജ് എന്ന ധാതുവിന് അർത്ഥമുണ്ട്. ഇംഗ്ലീഷിലെ എനർജി എന്ന വാക്ക് ഗ്രീക്കിലെ എനെർഗിയ (എൻ+എർഗൊൺ) എന്നതിൻെറ രൂപഭേദമാണ്. അതിൻെറയും മൂലധാതു ഏർഗൊൺ തന്നെ. അദ്ധ്വാനം എന്നാണ് അതിൻെറ മൂലാർത്ഥം. അദ്ധ്വാനശേഷി എന്നത് ആഗതാർത്ഥമാണ്. ലെയ്ത്തൂർഗിയ എന്നത് ലെയ്ത്തൂർജിയ എന്നേ ഉച്ചരിക്കാറുള്ളൂ. ഗ്രീക്കിൽ ജകാരത്തിന് ലിപിയില്ല. ആൻഗെലോസ് എന്നെഴുതിയിട്ട് ആൻജെലോസ് (ആഞ്ചെലോസ്) എന്നുച്ചരിക്കും. ഗകാരത്തിന് ചില സന്ദർഭങ്ങളിൽ ജകാരോച്ചാരണം വരുമെന്നാണ് നിയമം. ലിറ്റർജി എന്ന ഇംഗ്ലീഷുപദത്തിൽ കാണുന്ന റ്റകാരം തകാരത്തിൻെറ പരിണതരൂപമാണ്. അത് ഇംഗ്ലീഷിൻെറ ഒരു പ്രത്യേകതയാണല്ലോ. പ്രസിദ്ധാരാധന, പൊതു ആരാധന എന്നിങ്ങനെയും ലിറ്റർജിയെ വിളിക്കാറുണ്ട്.

**ലുത്തനിയ** ലുത്തനിയ (ലുത്തിനിയ) എന്ന വാക്കിന് പ്രാർത്ഥന എന്നേ അർത്ഥമുള്ളൂ. കീർത്തനംപോലുള്ള പ്രാർത്ഥനയാണത്. ഗ്രീക്കുഭാഷയിൽ ലിത്താനേയിൻ എന്ന ക്രിയയ്ക്ക് പ്രാർത്ഥിക്കുക എന്നർത്ഥം (ലിത്തെസ്ഥായ് എന്ന ക്രിയയ്ക്കും അതേ അർത്ഥമുണ്ട്). ലിത്താനേയിയാ എന്നതിന് പ്രാർത്ഥന എന്നും ലിത്താനോസ് എന്നതിന് പ്രാർത്ഥിക്കുന്ന എന്നുമാണർത്ഥം. ലിത്താനേയിയ എന്ന ഗ്രീക്കുപദം ആദിമ ലത്തീൻ ഭാഷയിൽ ലിത്താനി എന്നായി. ക്ലാസിക്കൽ ലത്തീനിൽ ഈ പദമില്ല. സഭാപരമായ ലത്തീൻഭാഷയിലേ ഉള്ളൂ. ഈ പദം പഴയ ഫ്രഞ്ചിലും മധ്യകാല ഇംഗ്ലീഷിലും ലെത്താനി (letany) എന്നായി. ആധുനിക് ഇംഗ്ലീഷിൽ ലിറ്റനി (litany) എന്നായി. മലയാളത്തിൽ ലുത്തിനിയ, ലുത്തനിയ എന്നൊക്കെ പറയും. പോർത്തുഗീസിലുള്ള പേരാണ് ലദീഞ്ഞ (ladainha)

പ്രദക്ഷിണ സമയത്താണ് ഇത് പ്രധാനമായും ഉപയോഗിക്കുന്നത്. പോർത്തുഗീസ് മിഷണറിമാരാണ് ഇതു പ്രചരിപ്പിച്ചത്. ലത്തീനിൽ ലുത്തനിയായിലുള്ള പ്രതിവാക്യമാണ് "ഓരാ പ്രോനോബിസ്". ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ എന്നർത്ഥം.

**ലെഗിയോൻ** ഗ്രീക്കു ഭാഷയിൽനിന്ന് ലത്തീനിലേക്കും സുറിയാനിയിലേക്കും കടന്നുവന്ന പദമാണ് ലെഗിയോൻ. അത് മലയാളത്തിലും ഉപയോഗിക്കുന്നു. കേരള ക്രൈസ്തവർ പുരാതനകാലത്ത് ഉപയോഗിച്ചിരുന്ന കൽദായാ സുറിയാനിയിലുള്ള ബൈബിളിൻെറ വിവർത്തനം ബുക്കാനൻെറ നേതൃത്വത്തിൽ നടത്തുകയും 1811-ൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. ആ വിവർത്തനത്തിലെ രണ്ടു വാക്യങ്ങൾ നോക്കുക: "തന്നോട അവൻ ഉണർത്തിച്ചു പലരു ഞങ്ങൾ എന്നതുകൊണ്ട ലെഗിയോനെന്ന ഞങ്ങടെ നാമം" (മർക്കോസ് 5:9); "അനേകം ദെവസകൾ അവനിൽ പൂകപ്പെട്ടവരാകുന്നുയെന്നതുകൊണ്ട ലെഗിയൊനെന്ന തന്നൊടവൻ ഉണർത്തിച്ചു" (ലൂക്കാ 8:30). ഈ വാചകങ്ങളിൽ രണ്ടാമത്തേതിൽ കാണുന്ന ദെവസകൾ എന്നത് ദേവതകൾ എന്ന വാക്കിൻെറ വികൃതരൂപമാണ്. തകാരം സകാരമായി. ഏകാരത്തിന് ലിപി പണ്ട് ഉപയോഗിച്ചിരുന്നില്ല. അതുകൊണ്ട് ദേ എന്നത് ദെ എന്ന് അച്ചടിച്ചിരിക്കുന്നു. ലെഗിയോൻ എന്ന പദം പില്ക്കാല തർജ്ജുമകളിലും നിലനിറുത്തി. ഈ പദം മത്തായി 26:53-ൽ കാണുന്നുണ്ട്. പക്ഷേ, അത്

www.malankaralibrary.com

സഹസ്രം എന്നാണ് ആദികാലംമുതൽ വിവർത്തനം ചെയ്തിരിക്കുന്നത്.

കൽദായ സുറിയാനിയിൽ ലെഗിയോന എന്നാണ് പദരൂപം. സമൂഹം, കുട്ടം, സേന എന്നിങ്ങനെയാണ് അതിൻെറ അർത്ഥം. ഗ്രീക്കിലെ ലെഗിയോൻ തന്നെയാണത്. ഗ്രീക്കിലുള്ള ലെഗെയിൻ എന്ന ക്രിയയ്ക്ക് വാങ്ങിക്കുക, കൂട്ടിച്ചേർക്കുക, ശേഖരിക്കുക, തിരഞ്ഞെടുക്കുക എന്നൊക്കെ അർത്ഥമുണ്ട്. അതിൽനിന്നുണ്ടാകുന്ന ലെഗിയോൺ എന്ന നാമത്തിന് കൂട്ടമെന്നും സൈന്യമെന്നും അർത്ഥമുണ്ട്. റോമൻ സാമ്രാജ്യകാലത്ത് ആ വാക്ക് മൂവായിരം മുതൽ ആറായിരം വരെ അംഗങ്ങളുള്ള ഒരു സൈന്യസമൂഹത്തെ സൂചിപ്പിച്ചു. റോമാക്കാരുടെ ഭാഷയായ ലത്തീനിൽ ലേജിയോ (legio) എന്ന് ആ വാക്ക് രൂപാന്തരപ്പെട്ടു. ഗകാരം ജകാരമായത് അതിനുശേഷം രണ്ടുസ്വരങ്ങൾ (i, o എന്നിവ) വന്നതുകൊണ്ടാണ്. വലിയൊരു സംഖ്യ എന്നൊരർത്ഥവും ഈ വാക്കിന് വന്നുകൂടിയിരുന്നു.

വൈക്ലിഫിൻെറ ഇംഗ്ലീഷ് ബൈബിൾ വിവർത്തനത്തിൽ മർക്കോസ് 5:9 ഇപ്രകാരമാണ്: "A legioun (Vulg. legio) is name to me; for we ben manye" ലത്തീനിലെ വുൾഗാത്ത എന്ന ബൈബിൾ വിവർത്തനത്തിൽ legio (ലേജിയോ) എന്നാണ് പ്രയോഗം. ഗ്രീക്കിലെ ലെഗെയിൻ (legein) എന്ന ക്രിയയുടെ ധാതു ലെഗ് എന്നാണല്ലോ. സംസ്കൃതത്തിൽ ലഗ് എന്നൊരു ധാതു ഉണ്ട്. ചേരുക, കണ്ടുമുട്ടുക, അടുത്തനുഗമിക്കുക എന്നൊക്കെയാണ് അതിൻെറ അർത്ഥം. അങ്ങനെ ലെഗ് എന്ന ക്രിയ സംസ്കൃതവുമായി ബന്ധപ്പെട്ടിരിക്കുന്നു. ലത്തീനിലും ലെഗ് എന്നാണ് ധാതു. ലെജരെ എന്ന് ക്രിയാരൂപം.

# വ

**വങ്കേത്തി (ബങ്കേത്തി)** തിരുനാളുകളിലും മറ്റ് ആഘോഷാവസരങ്ങളിലും നടത്തുന്ന വിരുന്നുസത്കാരത്തിന് വങ്കേത്തി (അല്ലെങ്കിൽ ബങ്കേത്തി) എന്നാണല്ലോ പറയാറ്. വിരുന്നുസത്കാരമെന്നർത്ഥമുള്ള ബൻക്വെതെ (banquete) എന്ന പോർത്തുഗീസ് വാക്കിൽനിന്നാണ് ഈ പദം മലയാളത്തിലേക്ക് വന്നത്. ഇംഗ്ലീഷിൽ ബാൻക്വെറ്റ് എന്നുപറയും. ഇറ്റാലിയൻ ഭാഷയിലുള്ള ബൻകെത്തോ എന്ന പദമാണ് ഇതിന് ആധാരം. ബാൻകോ (banco) എന്ന ഇറ്റാലിയൻ പദത്തിന് ബഞ്ച്, മേശ, കൗണ്ടർ എന്നൊക്കെയാണ് അർത്ഥം. അതിനോട് ലഘുത്വം സൂചിപ്പിക്കുന്ന 'ത്തോ' എന്ന പ്രത്യയം കൂട്ടിച്ചേർക്കുമ്പോൾ ബാൻകെത്തോ എന്നാകും. സംസ്കൃതത്തിൽ ചെറിയ ബാലൻ എന്ന അർത്ഥത്തിൽ ബാലകഃ എന്നു പറയുംപോലെ തന്നെ. ബാൻകോ എന്നപദത്തിന് ആദിമ കാലത്തുണ്ടായിരുന്ന അർത്ഥം നാണയംമാറ്റക്കാർ ഇരിക്കുന്ന ബഞ്ച് അല്ലെങ്കിൽ അവർ ഉപയോഗിക്കുന്ന മേശ, അലമാരി എന്നൊക്കെയായിരുന്നു. പഴയ ജർമ്മൻ ഭാഷയിൽനിന്നാണ് ഇറ്റാലിയൻ മുതലായ ഭാഷകളിലേക്ക് ആ പദം കടന്നുവന്നത്. പണമിടപാടു നടത്തുന്ന സ്ഥാപനത്തെ ഇംഗ്ലീഷിൽ ബാങ്ക് എന്നാണല്ലോ പറയുന്നത്. അലമാരി എന്നായിരുന്നു അതിൻെറ ആദിമ അർത്ഥം. ഈ പദത്തിന് വിരുന്നുസത്കാരം എന്ന അർത്ഥം നൂറ്റാണ്ടുകളുടെ പ്രയോഗത്തിലൂടെയാണ് ലഭിച്ചത്.

ഇറ്റാലിയനിലെ ബൻകെത്തോ, പോർത്തുഗീസിലെ ബാൻക്വെതേ

www.malankaralibrary.com

എന്നിവയ്ക്ക് വിവിധാർത്ഥങ്ങളുണ്ടെങ്കിലും അവയിൽനിന്ന് രൂപപ്പെട്ട വങ്കേത്തി എന്ന മലയാളപദത്തിന് വിരുന്നുസത്കാരം എന്നേ അർത്ഥമുള്ളൂ. ആ അർത്ഥത്തിൽ ആ വാക്ക് നാനൂറോളം വർഷമായി ഇവിടെ പ്രയോഗത്തിലിരിക്കുന്നു.

**വറ്ക്കത്ത്** ഹീബ്രുവിലെ ബറാക്കൊത്ത് എന്ന വാക്കാണ് വറ്ക്കത്ത് എന്നു രൂപപ്പെട്ടത്. ആശീർവദിക്കൽ എന്നു നിഷ്കൃഷ്ടാർത്ഥം. അനുഗ്രഹം, ഐശ്വര്യം എന്നിങ്ങനെയും അതിനർത്ഥമുണ്ട്. ബ്രാ എന്ന ധാതുവിൽനിന്നുണ്ടായ പദമാണ്. സുറിയാനിയിൽ ബുർക്സാ എന്നുപറയും (ബാറക് = ആശീർവദിക്കുക). "കണ്ടാലൊരു വർക്കത്തില്ല" എന്ന ശൈലി നസ്രാണികളുടെയിടയിലുണ്ട്. യഹൂദരും ക്രിസ്ത്യാനികളും തമ്മിലുള്ള അടുപ്പം ഇത്തരം ഹീബ്രുവാക്കുകൾ വ്യക്തമാക്കുന്നു.

**വറുഗീസ (വരഗീസാ, വറഗീത്)** ഛേദനാചാരത്തിരുനാളിനു വറുഗീസ ഇട്ട ദിവസം എന്ന് 1599-ലെ ഉദയംപേരൂർ സൂനഹദോസ് കാനോനയിൽ പറയുന്നു (7-ാം മൗത്വാ 8-ാം കാനോന). കണ്ടനാടുപള്ളിയുടെ തിരുനാൾ പട്ടികയിൽ വരഗീസ എന്നാണു പ്രയോഗം. മുളന്തുരുത്തിക്കാരൻ അബ്രാഹം ശെമ്മാശൻ 1734-ൽ എഴുതിയ കൽദായാ സുറിയാനി പുസ്തകത്തിൽ വറഗീതും പേരും ഇട്ട പെരുന്നാൾ എന്നു കാണാം (ഫാദർ പ്ലാസിഡ്, നമ്മുടെ റീത്ത്, മാന്നാനം, 1949, പുറം 203). 1865-ലെ ജ്ഞാനൊപദെശസംഗ്രഹവും വെദൊപദെശസംക്ഷെപവും എന്ന ഗ്രന്ഥത്തിൽ (കൊച്ചി, സാഞ്ചൊൻ അച്ചുകൂടം) വറുഗീസിടപ്പെട്ട എന്നു കാണുന്നു (പുറം 146). 1811-ലെ ബൈബിൾ വിവർത്തനത്തിൽ വറുഗീസിടപ്പെടുവാൻ (ലൂക്കാ 2:21) എന്നാണു പ്രയോഗം. 1876-ലെ പ്രോട്ടസ്റ്റൻറ് വിവർത്തനത്തിൽ ചേലാകർമ്മം ചെയ്വാൻ എന്നും 1905 ലെ മഞ്ഞുമ്മൽ വിവർത്തനത്തിൽ പരിച്ഛേദനം ചെയ്വാൻ എന്നുംകാണുന്നു.

പിറവം പള്ളിയിലെ ഭിത്തിയിൽ കാണുന്ന തിരുനാൾ പട്ടികയിൽ സുന്നത്തിട്ടതും എന്നാണ്. സുന്നത്ത് അറബി പദമാണ്. ആചാരം, വഴക്കം, പരിച്ഛേദനം എന്നൊക്കെയാണർത്ഥം.

ഉദയംപേരൂർ സൂനഹദോസ് കാനോനകളുടെ പോർത്തുഗീസ് പതിപ്പിൽ ചിർക്കുംചിസാം (circumcisao) എന്നും (Accio VIII, Decreto IX), ലത്തീൻ വിവർത്തനത്തിൽ ചിർക്കുംച്ചിസിയോ എന്നും കാണാം (Actio VIII Decretum IX). പോർത്തുഗീസ്, ലത്തീൻ പ്രയോഗങ്ങൾക്ക് പരിഛേദനം എന്നാണർത്ഥം.

സുറിയാനി ലിറ്റർജി പുസ്തകങ്ങളിൽ ഗ്സൂർത്താ (= പരിച്ഛേദനം) എന്നാണു പ്രയോഗം. ഹീബ്രുവിൽ മുൾ എന്ന ധാതുവും ഗ്രീക്കിൽ പെരിതോമ്നൈ എന്ന വാക്കുമാണ് പരിച്ഛേദനത്തെ സുചിപ്പിക്കാൻ പ്രയോഗിക്കുന്നത്.

ഉടമ്പടി എന്ന അർത്ഥത്തിൽ ബർഗീഞ്ഞേ എന്നൊരു പദം മധ്യകാല ലത്തീൻഭാഷയിലുണ്ട്. അത് പോർത്തുഗീസിൽ ബെർഗീഞ്ഞോ (Berginho) എന്നും ഇറ്റാലിയനിൽ ബർഗാഞ്ഞോ (Bargagno) എന്നും ഇംഗ്ലീഷിൽ ബാർഗെയ്ൻ എന്നും രൂപം പ്രാപിച്ചിട്ടുണ്ട്. ഈ വാക്കിൽനിന്നു വറുഗീസ മുതലായ രൂപങ്ങൾ ഉണ്ടാകാം. പക്ഷേ, ബെർഗീഞ്ഞ എന്ന പ്രയോഗം 16-ാം നൂറ്റാണ്ടിൽ മതഭാഷയിൽ പ്രയോഗിച്ചിരുന്നെങ്കിൽ സൂനഹദോസ് കാനോനകളിലും അതു പ്രയോഗിക്കുമായിരുന്നു. ചിർക്കുംചിസാം എന്നാണല്ലോ പോർത്തുഗീസ് പതിപ്പിൽ.

www.malankaralibrary.com

അതുകൊണ്ട് വറുഗീസ, വരഗീസ, വറഗീത് എന്നീ പ്രയോഗങ്ങൾ സുറിയാനിയിലെ റഗീസാ എന്ന വാക്കിൽനിന്നുണ്ടായതാണെന്നു വിചാരിക്കാം. റഗ് എന്നാണു ധാതു. ഹീബ്രുവിൽ റ്ഗ്സ് എന്നൊരു ധാതുവും റഗസ് എന്നൊരു നാമവുമുണ്ട്. വറുഗീസയിലെ വകാരം മലയാളികൾ ചേർത്തതാകാം. റോദോൻ എന്ന വാക്ക് വറുദ എന്നാക്കിയിട്ടുണ്ടല്ലോ. ഭാരതത്തിലെത്തിയ അർമേനിയൻ ക്രിസ്ത്യാനികളുടെ സ്വാധീനം ഇതിൻെറ പിന്നിലുണ്ടായിരിക്കാം. (വറുദപുഷ്പം എന്ന വാക്കു നോക്കുക).

ഗീവറുഗീസ് എന്ന സുറിയാനി പദത്തിന് ഈ വാക്കുകളുമായി ബന്ധമില്ല. അത് ഭൂമിയിൽ അധ്വാനിക്കുന്നവൻ (കർഷകൻ) എന്നർത്ഥമുള്ള ഒരു ഗ്രീക്കു സമസ്തപദത്തിൽനിന്നുണ്ടായതാണ് (ജിയോ = ഭൂമി, അർഗെയിൻ - അധ്വാനിക്കുക). മലയാളികൾ ഗീവറുഗീസ് എന്ന പദം വറുഗീസ്, വർക്കി, വക്കൻ, വാറു എന്നൊക്കെ ചുരുക്കിയെന്നേ ഉള്ളൂ.

## വറുദപുഷ്പം (വർദ്ദപുഷ്പം)

ഈ നൂറ്റാണ്ടിൻെറ മധ്യം വരെ കന്യകാമറിയത്തോടുള്ള സ്തോത്ര പ്രാർത്ഥനയിൽ (ലുത്തനിയ) 'ദൈവരഹസ്യം നിറഞ്ഞ വറുദപുഷ്പമേ' എന്നാണ് പറഞ്ഞിരുന്നത് (ചിലപ്പോൾ അത് വർദ്ദപുഷ്പമെന്നുമായിട്ടുണ്ട്). കൊന്തനമസ്കാരവും അതിനോടനുബന്ധിച്ചുള്ള ലുത്തനിയയും പോർത്തുഗീസ്-ഇറ്റാലിയൻ മിഷണറിമാരാണല്ലോ ഇവിടെ പ്രചരിപ്പിച്ചത്. മാർക്കോസ് ജോർജെസ് 1561-ൽ പോർത്തുഗീസ് ഭാഷയിൽ എഴുതി ലിസ്ബണിൽ അച്ചടിച്ച വേദപാഠപുസ്തകത്തിലെ റോസാ മിസ്തിക്ക (രഹസ്യം നിറഞ്ഞ റോസാപ്പൂ) എന്ന സംബോധന (സ്തുതി) മലയാളത്തിലേക്ക് ദൈവരഹസ്യം നിറഞ്ഞ വറുദപുഷ്പമേ എന്ന് വിവർത്തനം ചെയ്തു. ഇവിടെ പ്രചരിച്ച കയ്യെഴുത്തു കൃതികളിലും (ഉദാ: ആഞ്ചലോ ഫ്രാൻസിൻെറ വേദപാഠ പുസ്തകം ഏ.ഡി. 1700; മത്തായി കത്തനാരുടെ വേദപാഠ പുസ്തകം 1746) മലയാളത്തിൽ അച്ചടിച്ച പുസ്തകങ്ങളിലും (ഉദാ: അമുതനിക്ഷേപം, കൊച്ചി സെഞ്ചോൻ അച്ചുകൂടം, 1860, പുറം 61; യൗസേപ്പ് ഗീവറുഗീസ്, പ്രസിദ്ധാരാധന, 1897, പുറം 179; ആത്മസഖി, തൃശൂർ, 1931, പുറം 194; നിത്യാരാധന, മാന്നാനം, 1906, പുറം 638: ബാല നിക്ഷേപം, 1860, ഭാഗം 5, പുറം 19) അങ്ങനെതന്നെയാണ് പ്രയോഗിച്ചിരിക്കുന്നത്. എന്നാൽ 1960-നുശേഷം റോസാപുഷ്പമേ എന്ന പ്രയോഗം വേദപാഠപുസ്തകങ്ങളിലൂടെ കേരളത്തിൽ പ്രചരിച്ചു.

വറുദ എന്നത് ഒരു കൽദായ സുറിയാനിപ്പദമാണ്. റോസാപ്പൂവെന്നർത്ഥം. റോസാ എന്നത് ഗ്രീക്കിൽനിന്നുവന്ന ലത്തീൻ പദമാണ്. റോദോൻ എന്നാണ് ഗ്രീക്കിൽ. ഇറ്റാലിയൻ, പോർത്തുഗീസ്, സ്പാനിഷ് എന്നീ ഭാഷകളിൽ റോസാ (Rosa) എന്ന ലത്തീൻ രൂപംതന്നെയാണുള്ളത്. ഇംഗ്ലീഷിലും ജർമ്മനിലും റോസ് എന്നായിത്തീർന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തോടെ റോസ, റോസ് എന്നീ പദരൂപങ്ങൾ മലയാളത്തിൽ സ്ഥിരപ്രതിഷ്ഠ നേടി.

റോദോൻ എന്ന വാക്ക് കിഴക്കൻ പ്രദേശത്തുനിന്ന് യൂറോപ്പിലേക്ക് കടന്ന് ഗ്രീക്കിൽ കയറിക്കൂടിയതായിരിക്കണമെന്നാണ് പാശ്ചാത്യ ഭാഷാപണ്ഡിതന്മാർ കരുതുന്നത്. പഴയ പേർഷ്യൻ ഭാഷയിൽ (അവെസ്തൻ) വറെദ എന്നും അർമേനിയൻ ഭാഷയിൽ വർദ് എന്നും കാണപ്പെടുന്നു. പക്ഷേ, സംസ്കൃത

www.malankaralibrary.com

ത്തിൽ ഇതിനോട് ശബ്ദസാമ്യമുള്ള പേരു കാണുന്നില്ല. ഹേമപുഷ്പം (ഹേമന്തകാലവുമായി, മഞ്ഞുകാലവുമായി ബന്ധപ്പെട്ട, പുഷ്പം), ഓഡ്രപുഷ്പം (ഒറീസ്സയുമായി ബന്ധപ്പെട്ട പുഷ്പം) പിണ്ഡപുഷ്പം, ജവാപുഷ്പം (ചൈനയുമായി ബന്ധപ്പെട്ട പുഷ്പം), ജപാപുഷ്പം എന്നൊക്കെയാണ് വറുദപുഷ്പത്തിന് സംസ്കൃതത്തിൽ പറഞ്ഞുകാണുന്നത്. പനിനീരിനു (റോസ് വാട്ടർ) പുഷ്പദ്രവം, ജപാപുഷ്പദ്രവം, ജവാപുഷ്പദ്രവം എന്നൊക്കെ പ്രയോഗിക്കാമെന്നും കാണുന്നു.

ആര്യഭാഷാഗോത്രത്തിൽപ്പെട്ട ഗ്രീക്കിൽ റോദോൻ എന്നും പഴയ പേർഷ്യനിൽ വറെദ എന്നും അർമേനിയനിൽ വർദ് എന്നും കാണുകയും അതേഗോത്രത്തിലെ സംസ്കൃതത്തിൽ അതിനോട് സാമ്യമുള്ള പദം കാണാതിരിക്കുകയും ചെയ്യുന്നു. തന്മൂലം, അറമായ, ഹീബ്രു, സുറിയാനി മുതലായ ഭാഷകൾ ഉൾപ്പെടുന്ന സെമിറ്റിക്ക് ഗോത്രത്തിലെ ഒരു പദമാണ് അതെന്ന് കരുതാം. സംസ്കൃതം ഉപയോഗിച്ച പൗരാണികഭാരതത്തിൽ വറുദപുഷ്പം അജ്ഞാതമോ അപ്രധാനമോ ആയിരുന്നിരിക്കാം. ആദിമപദം സംസ്കൃതത്തിൽ പ്രചാരലുപ്തമായെന്നും വരാം. ജന്മനാടുനോക്കി ഈ പദത്തിൻെറ നിഷ്പത്തി കണ്ടെത്താനും പ്രയാസമാണ്. കാരണം, ബാബിലോണിയ, സിറിയ, കാക്കസ്സ് പർവ്വതപ്രദേശങ്ങൾ, ചൈന, ഗ്രീസ്, റോമ മുതലായ നാടുകളിൽ പൗരാണിക കാലങ്ങളിലും ഈ പുഷ്പമുണ്ടായിരുന്നു.

മഞ്ഞ്, മഞ്ഞുമഴ എന്നിങ്ങനെ അർത്ഥമുള്ള റോസ് (റോർ) എന്നൊരു ധാതു ലത്തീനിലുണ്ട്. വറുദപുഷ്പവുമായി മഞ്ഞിനുള്ള ബന്ധം ഇത് സൂചിപ്പിക്കുന്നുണ്ടാവും. സംസ്കൃതത്തിലെ വർദ്ധ് (വർദ്ധിക്കുക, സന്തോഷിപ്പിക്കുക) എന്ന ധാതുവിനോടോ വർഷ് (പെയ്യുക) എന്ന ധാതുവിനോടോ ലത്തീനിലെ റോസ് എന്ന പദത്തെ ബന്ധിപ്പിക്കാവുന്നതാണ്.

പലസ്തീനയിൽ ചിലയിനം റോസാച്ചെടികളുണ്ട് (പ്രത്യേകിച്ച് വെള്ളപ്പൂവുള്ള, റോസ് ഫെനിസിയ എന്ന് വിളിക്കപ്പെടുന്ന ഇനം). പക്ഷേ, ബൈബിളിൽ അതിനുള്ള ഹീബ്രുപദമൊന്നും കാണുന്നില്ല. ജ്ഞാനം 2:8; എസ്ത്രാസ് 2:19 എന്നീ വാചകങ്ങളിൽ റോദോൻ എന്ന ഗ്രീക്കുവാക്ക് ഉപയോഗിച്ചിരിക്കുന്നു. അത് യഥാർത്ഥ റോസിനെ ഉദ്ദേശിച്ചായിരിക്കാം. വിരുന്നിൽ റോസപ്പൂമാല ഉപയോഗിക്കൽ (ജ്ഞാനം 2:8) ഗ്രീക്കുകാരുടെയും റോമാക്കാരുടെയും പതിവായിരുന്നു. യഹൂദർ അങ്ങനെ ഉപയോഗിച്ചിരുന്നില്ല. പ്രഭാഷകൻ എന്ന ഗ്രന്ഥത്തിൻെറ ഗ്രീക്കുവിവർത്തനത്തിൽ രണ്ടിടത്ത് (24:4; 39:13) റോദോൻ എന്ന പദം പ്രയോഗിച്ചിട്ടുണ്ട്. പക്ഷേ, അതിൻെറ ഹീബ്രുമൂലം നഷ്ടപ്പെട്ടതുകൊണ്ട് ഹീബ്രുപ്രയോഗം കണ്ടെത്താനാവുകയില്ല.

**വികാരി (വിഗാരി)** വികാരിയാത്തു കാണുക).

**വികാരിയാത്ത്** ഒരു മിഷൻ പ്രദേശത്ത് മാർപാപ്പ നിശ്ചയിക്കുന്ന ഒരു അപ്പസ്തോലിക വികാരി (ശ്ലൈഹിക പ്രതിപുരുഷൻ) ഭരണം നടത്തുന്ന സഭാസംബന്ധമായ ഡിസ്ട്രിക്റ്റ് ആണ് വികാരിയാത്ത്. വികാരിയാത്ത് രൂപതയോ അതിരൂപതയോ ആയി ക്രമേണ ഉയർത്തപ്പെടും. അപ്പസ്തോലിക വികാരി, സാ

www.malankaralibrary.com

ധാരണഗതിയിൽ ഏതെങ്കിലുമൊരു രൂപതയുടെ പേരിൽ വാഴിക്കപ്പെട്ട മെത്രാനായിരിക്കും.

ലത്തീൻ ഭാഷയിൽനിന്നുവന്ന വാക്കാണ് വികാരിയാത്ത്. വികാരിയാത്തൂസ് (Vicariatus) എന്നാണ് ആ ഭാഷയിലെ പദരൂപം. പ്രതിപുരുഷൻ എന്നർത്ഥമുള്ള വികാരിയൂസ് (vicarius) എന്ന പദത്തോട് അതിനെ സംബന്ധിച്ച എന്നർത്ഥമുള്ള ആത്തൂസ് എന്ന പ്രത്യയം ചേർത്തിരിക്കുന്നു. ഇതിൻെറ നപുംസകരൂപം ആത്തും എന്നാണ്. പ്രസ്തുത പ്രത്യയം ഒരു ധർമ്മത്തെയോ ആ ധർമ്മം നിർവഹിക്കുന്ന വ്യക്തിയെയോ മാത്രമല്ല, അത് നിർവഹിക്കപ്പെടുന്ന പ്രദേശത്തെയും സൂചിപ്പിക്കും. അങ്ങനെ പ്രതിപുരുഷൻെറ ഭരണാധികാരമെന്നും അദ്ദേഹം ഭരിക്കുന്ന പ്രദേശമെന്നും അർത്ഥംവരുന്നു. ഇപ്പറഞ്ഞ പ്രത്യയത്തിന് സംസ്കൃതത്തിലെ ത്വം എന്ന പ്രത്യയവുമായി ബന്ധമുണ്ട്. വികാരിയൂസ് എന്ന ലത്തീൻപദം പോർത്തുഗീസിൽ വിഗാരിയോ എന്ന രൂപം പ്രാപിച്ചു. അതിൽനിന്നാണ് മലയാളത്തിൽ വികാരി (വിഗാരി) എന്ന പദമുണ്ടായത്.

**വിയാത്തിക്കം** മരണാസന്നർക്ക് ദിവ്യകാരുണ്യം കൊണ്ടുപോയിക്കൊടുക്കുന്നതിന് വിയാത്തിക്കം കൊടുക്കുക എന്നു പറയാറുണ്ടല്ലോ. യാത്രയ്ക്കുള്ള മുൻകരുതൽ എന്നർത്ഥമുള്ള വിയാത്തിക്കും (Viaticum) എന്ന ലത്തീൻ വാക്കു തന്നെയാണത്. യാത്രയ്ക്കുള്ള മുൻകരുതൽ (പണം, ഭക്ഷണം മുതലായവ) എന്നാണ് അതിൻെറ വാച്യാർത്ഥം. നിത്യജീവിതത്തിലേക്ക് യാത്രചെയ്യുന്നവനുള്ള ഭക്ഷണമാണത്. ആദിമസഭയിൽ എല്ലാ കൂദാശകളെയും വിയാത്തിക്കും എന്നു വിളിച്ചിരുന്നു. ആദിമനൂറ്റാണ്ടുകളിൽ അല്മായർ - സ്ത്രീകൾ ഉൾപ്പെടെ - ദിവ്യകാരുണ്യം വീടുകളിലേക്ക് കൊണ്ടുപോയി, പള്ളിയിൽ പോകാൻ കഴിയാത്തവർക്ക് കൊടുത്തിരുന്നു. പത്താം നൂറ്റാണ്ടോടെ പാശ്ചാത്യ സഭയിൽ ജനങ്ങൾ ദിവ്യകാരുണ്യം കൊണ്ടുപോയിക്കൊടുക്കുന്ന പതിവ് നിറുത്തലാക്കി. എന്നാൽ കേരളത്തിൽ പള്ളികളുടെയും വൈദികരുടെയും ദൗർലഭ്യം മൂലം ആ പതിവ് കുറേക്കാലംകൂടി തുടർന്നിരുന്നു.

വിയാത്തിക്കും എന്ന പദത്തിൻെറ നിഷ്കൃഷ്ടമായ അർത്ഥം വഴിയെസംബന്ധിച്ചത് എന്നാണ്. വിയാ (Via) എന്നതിന് വഴി എന്നർത്ഥം (തികൂസ് എന്നത് അതിനെ സംബന്ധിച്ചത് എന്നർത്ഥമുള്ള പ്രത്യയമാണ്. സംസ്കൃതത്തിലെ ഇക പോലെ). വിയാ എന്നതിൻെറ പ്രാചീനരൂപമാകട്ടെ വെയ (Vea) എന്നാണ്. ബി.സി. 26-ൽ മരിച്ച തെറേന്തിയൂസ് വാറോ എന്ന ലത്തീൻ എഴുത്തുകാരൻ ആ രൂപമാണ് ഉപയോഗിച്ചിട്ടുള്ളത്. കൊണ്ടുപോവുക, ചുമന്നുകൊണ്ടുപോവുക എന്നൊക്കെ അർത്ഥമുള്ള വഹ് എന്ന സംസ്കൃതധാതുവുമായി അതിന് ബന്ധമുണ്ട്. തന്മൂലം നമ്മെ സംബന്ധിച്ചിടത്തോളം വിയാത്തിക്കും ഒരന്യപദമല്ല.

വഴിച്ചെലവിന് കരുതുന്ന വസ്തു, വഴിച്ചോറ് എന്നൊക്കെ അർത്ഥമുള്ള “പാഥേയം” എന്ന വാക്ക് ഇപ്പോൾ ഉപയോഗിച്ചുവരുന്നുണ്ട്. തൃപ്പാഥേയം എന്നും പറയും. എന്നാൽ കഴിഞ്ഞ നൂറ്റാണ്ടുവരെ മലയാളികൾ സാധാരണമായി ഉപയോഗിച്ചിരുന്നത് തണ്ണീർകുടി, വെള്ളംകുടി എന്നീ ശൈലികളാണ്. യാത്രയ്ക്കുള്ള മുൻകരുതൽ, ലഘുഭക്ഷണം, ലഘുവായ അത്താഴം എന്നൊക്കെ ഈ ശൈലികൾക്ക് അർത്ഥമുണ്ട്. അർ

www.malankaralibrary.com

ണോസ് പാതിരിയും ഗുണ്ടർട്ടും തങ്ങളുടെ നിഘണ്ടുക്കളിൽ അവ കൊടുത്തിട്ടുമുണ്ട്. ലഘുഭക്ഷണശാലയ്ക്ക് തണ്ണീർപ്പന്തൽ (തൺ=തണുത്ത, നീർ =ജലം) എന്നാണ് പണ്ടു പറഞ്ഞിരുന്നത്. പത്തൊൻപതാം നൂറ്റാണ്ടിന്റെ മധ്യം വരെ ആ ശൈലികൾ സാധാരണമായിരുന്നുവെന്ന് വ്യക്തമാണ്. പല ഗ്രന്ഥങ്ങളിലും അവ പ്രയോഗിച്ചിട്ടുണ്ട്.

വെള്ളംകുടി എന്ന ശൈലികൊണ്ട് പാനീയം മാത്രമല്ല ഭക്ഷണവും സൂചിപ്പിക്കുന്നുണ്ട് (കാപ്പികുടിക്കുക എന്ന ആധുനിക ശൈലിപോലെ). സുറിയാനിയിൽ പാഥേയത്തിന് സുവാദ എന്നു പറഞ്ഞിരുന്നു. സ്വാദാ എന്നാണ് ശരിയായ രൂപം.

**വിസീത്ത** വിസീത്ത നടത്തുക എന്ന പ്രയോഗം 16-ാം നൂറ്റാണ്ടുമുതൽ കാണാവുന്നതാണ്. സഭാധികാരികൾ നടത്തുന്ന ഇടവക സന്ദർശനത്തിനാണ് വിസീത്ത (Visita) എന്നു പറയുന്നത്. പള്ളികളിൽ സൂക്ഷിക്കുന്ന കൂദാശ ചെയ്ത ഓസ്തിയിൽ ക്രിസ്തുവിന്റെ സാന്നിദ്ധ്യമുണ്ടെന്ന ക്രൈസ്തവ വിശ്വാസത്തിൽനിന്ന് ക്രിസ്തുവിനെ സന്ദർശിക്കുക എന്നൊരർത്ഥവും ഈ വാക്കിന് വന്നുകൂടി. അങ്ങനെ ഭക്തൻമാർ ദേവാലയം സന്ദർശിക്കുന്നതിനും വിസീത്ത എന്നു പേരായി.

ഒരു പോർത്തുഗീസ് പദമാണ് വിസീത്ത. സന്ദർശനം എന്നർത്ഥം. ലത്തീനിൽ കാണുക എന്നർത്ഥമുള്ള വിദേരെ (videre) എന്നൊരു ക്രിയയുണ്ട്. വിദ് എന്നാണ് അതിന്റെ ധാതു. കാണൽ എന്നതിന് വിസിയോ എന്നുപറയും. വിദ് ക്രിയയുടെ ചർക്കരീതം അഥവാ യങ്ന്തം (ഇംഗ്ലീഷിൽ intensive form) ആണ് വിസിത്താരെ, വീസരെ എന്നീ ക്രിയകൾ. വിസിത്താരെയിൽ നിന്നു വിസിത്താസിയോ എന്ന നാമമുണ്ടാകുന്നു. അതിൽ നിന്നു പോർത്തുഗീസിലെ വിസീത്തയും ഇംഗ്ലീഷിലെ വിസിറ്റുംവരുന്നു. സന്ദർശനം, പരിശോധന, അന്വേഷണം എന്നൊക്കെ അതിന് അർത്ഥമുണ്ടായി. ചർക്കരീതത്തിന്റെ അർത്ഥം ഒരു ക്രിയ ആവർത്തിച്ചു ചെയ്യുക, ശ്രദ്ധാപൂർവ്വം ചെയ്യുക, തീവ്രമായി ചെയ്യുക എന്നൊക്കെയാണല്ലോ. സംസ്കൃതത്തിൽ വ്യഞ്ജനത്തിൽ തുടങ്ങുന്ന ഏകാക്ഷര ധാതുക്കൾക്ക് (ഭൂ, നീ, ജീ മുതലായവ) ഇങ്ങനെയൊരു രൂപമുണ്ടാകും. നയിക്കുക എന്നർത്ഥമുള്ള നീ എന്ന ധാതുവിൽനിന്ന് നേനീയതേ, നേനയീതി എന്നിങ്ങനെയുള്ള രൂപമുണ്ടാകുന്നത് ഒരു ഉദാഹരണമാണ്.

ലത്തീനിലെ വിദ് ധാതു സംസ്കൃതത്തിലെ വിദ് എന്ന ധാതുവുമായി ബന്ധപ്പെട്ടതാകാം. വിശ്, വിഥ്, വിസ് മുതലായ ധാതുക്കളോടും അതിനു ബന്ധമുണ്ടായിരിക്കാം.

**വീഞ്ഞ്** പോർത്തുഗീസു വാക്കാണ് വീഞ്ഞു (Vinho). അത് മലയാളത്തിൽ ഉപയോഗിക്കുന്നു. മുന്തിരിച്ചാറ് എന്നാണ് അതിനർത്ഥം. ലത്തീൻഭാഷയിലുള്ള വീനും (Vinum) എന്ന വാക്കാണ് പോർത്തുഗീസിൽ വീഞ്ഞു എന്നും പ്രാചീന ഇംഗ്ലീഷിൽ വീൻ (Win) എന്നും ഗോഥിക്കിലും ജർമ്മനിലും വെയ്ൻ (Wein) എന്നും ആധുനിക ഇംഗ്ലീഷിൽ വൈൻ (Wine) എന്നും രൂപം മാറിവരുന്നത്. ഇംഗ്ലീഷിൽ മുന്തിരിച്ചെടിക്ക് വൈൻ (Vine) എന്നാണല്ലോ പറയുന്നത്. ഒരക്ഷരത്തിന്റെ മാറ്റം മാത്രം. എന്നാൽ പോർത്തുഗീസിൽ വീഞ്ഞ (Vinha) എന്നാണ്. അന്തിമസ്വരത്തിനു മാത്രം മാറ്റം വന്നിരിക്കുന്നു. ഗ്രീക്കിൽ

www.malankaralibrary.com

ഗോയ്നോസ് എന്നാണ് വീഞ്ഞിനു പറയുക. സംസ്കൃതത്തിലോ ഇൻഡ്യൻ ഭാഷകളിലോ വിൻ ധാതുവിനോടു ബന്ധമുള്ള പദങ്ങളില്ല. മുന്തിരിച്ചെടി ഇൻഡ്യയിൽ സ്വദേശിയല്ല. ദ്രാക്ഷാ എന്നാണ് സംസ്കൃതത്തിൽ ഉപയോഗിക്കുന്നത്. തമിഴിൽ അതിൻെറ തദ്ഭവം (ത്രാട്ചാ എന്ന്) നിലനില്ക്കുന്നു. സംസ്കൃതത്തിലെ ഗുച്ഛഫലം എന്നത് മുന്തിരിങ്ങയെ മാത്രമല്ല സൂചിപ്പിക്കുന്നത്.

മുന്തിരിച്ചെടിക്ക് ഹീബ്രുവിൽ ഗെഫെൻ എന്നും ഗ്രീക്കിൽ അംപെലോസ് എന്നും പറയും. മുന്തിരിച്ചാറിന് ഹീബ്രുവിൽ യായിൻ എന്നുപറയുന്നു. ഏ.ഡി. 1554-ൽ അച്ചടിച്ച ഒന്നാമത്തെ തമിഴ് വേദപാഠപുസ്തകത്തിൽ (കാർത്തില്യ) "മുന്തിരിക്ക്ഞൈപലത്തിൽനിന്നു" (മുന്തിരിങ്ങാ ഫലത്തിൽനിന്ന്) എന്നു കാണുന്നുണ്ട്. പണ്ട് തമിഴിൽ ആ പദം ഉപയോഗിച്ചിരുന്നു എന്നാണ് അതുവ്യക്തമാക്കുന്നത് (മലയാളത്തിൽ മുന്തിരിയ്ക്ക് മുന്നൂറ്റി ഇരുപതിലൊന്ന് എന്നും അർത്ഥമുണ്ട്).

ഉദയംപേരൂർ സൂനഹദോസിന്ശേഷമാണ് വീഞ്ഞ് എന്ന വാക്ക് പ്രയോഗത്തിലായത്. ഇന്നത്തെ തരത്തിലുള്ള വീഞ്ഞ് ഉപയോഗിച്ചുതുടങ്ങിയതും അതിനുശേഷമാണ്. പണ്ട് ഉണക്കമുന്തിരിങ്ങാ വെള്ളത്തിലിട്ട് പിഴിഞ്ഞെടുത്ത ചാറാണ് കുർബാനയ്ക്ക് ഉപയോഗിച്ചിരുന്നത്. പോർത്തുഗലിൽനിന്നുകൊണ്ടുവന്ന വീഞ്ഞുമാത്രമേ കുർബാനയ്ക്ക് ഉപയോഗിക്കാവൂ എന്ന് പോർത്തുഗീസ് മിഷണറിമാർ നിർബന്ധിച്ചു.

**വെച്ചൂട്ട്** ആദിമക്രൈസ്തവ സഭയിലുണ്ടായിരുന്ന സ്നേഹവിരുന്നിൻെറ (അഗാപ്പെ എന്ന വാക്ക് നോക്കുക) മാതൃകയിൽ കേരളത്തിലെ പള്ളികളിൽ നിലവിലിരുന്ന സദ്യയാണ് വെച്ചൂട്ട്. പള്ളിയിൽ വച്ചുതന്നെ വേവിച്ച് (ഭക്ഷണം പാകംചെയ്ത്) കൊടുക്കുന്നതുകൊണ്ടാണ് ഈ പേരുണ്ടായത്. വെയ് ധാതുവിന് ചൂടാക്കുക, വേവിക്കുക എന്നൊക്കെയാണർത്ഥം. സൂര്യന് വെയ്യോൻ എന്നൊരു പേരുണ്ട്. സ്ഥാപിക്കുക എന്ന അർത്ഥത്തിലുള്ള വയ് എന്ന ധാതുവല്ലിത്. വെച്ച എന്നതിന് വേവിച്ച (ചൂടാക്കിയ) എന്നർത്ഥം. ഭക്ഷിക്കുക എന്നർത്ഥമുള്ള ഉൺധാതുവിൽ നിന്നാണ് ഊട്ട് എന്ന പദമുണ്ടായത്. സ്നേഹത്തിൻെറ അടയാളമായിട്ട് മാത്രമല്ല, പാവപ്പെട്ടവരെ തീറ്റിപ്പോറ്റാനായിട്ടും വെച്ചൂട്ടുകൾ നടത്തിയിരുന്നു. ഇപ്പോഴും തിരുനാൾ ദിവസം നടത്തുന്ന സദ്യയ്ക്ക് വെച്ചൂട്ട് എന്നുപറയും. സഹഭോജനമാണത്.

പള്ളികളിലെ ഈ പതിവിനെപ്പറ്റി ഉദയംപേരൂർ സൂനഹദോസിൻെറ കാനോനകളിൽ സുചിപ്പിക്കുന്നുണ്ട്. വലിയഭരണികളും (situlae) ഭക്ഷണം പാകം ചെയ്യാനുള്ള വാർപ്പുകളും (lebetes) അതുപോലുള്ള മറ്റ് പാത്രങ്ങളും പള്ളിയിലോ, ചമയപ്പുരയിലോ (സങ്കീർത്തി) സുക്ഷിക്കരുതെന്നും അവ കപ്യാരുടെ വീട്ടിലോ, കിഴിക്കാരരുടെ വീടുകളിലോ സൂക്ഷിക്കണമെന്നും പ്രസ്തുത കാനോനകളുടെ ലത്തീൻ വിവർത്തനത്തിൽ (8-ാം ആക്ട്, 27-ാം ഡിക്രി) പറയുന്നുണ്ടല്ലോ. ഈ വെച്ചൂട്ടിൻെറ ചുമതല കപ്യാർക്കായിരുന്നു. അസ്തിത്വവും, ഭക്ഷണവും തമ്മിലുള്ള ബന്ധം ഭാഷകൾ തന്നെ വ്യക്തമാക്കുന്നു. ആയിരിക്കുക, ഭക്ഷിക്കുക എന്നീ അർത്ഥങ്ങൾ ഒരേ ധാതുവിന് (ചില രുപങ്ങൾക്ക് എങ്കിലും) ഉണ്ട്. തമിഴ്, മലയാളം മുതലായ ദ്രാവിഡഭാഷകളിലെ ഉൺ, ലത്തീൻഭാഷയി

www.malankaralibrary.com

ലെ ഏദരെ (എസ്സെ) എന്നിവയും നോക്കുക. സ്നേഹത്തിൻെറയും, നില നില്പിൻെറയും പ്രതീകവും അവശ്യ ഘടകവുമാണ് ഊട്ട് അഥവാ സഹഭോ ജനം. മതങ്ങൾ അതിൻെറ പ്രാധാന്യം മനസ്സിലാക്കിയിട്ടുണ്ട്.

**വെഞ്ചെരിപ്പ്** വെഞ്ചെരിക്കുക എന്ന ക്രിയയും വെഞ്ചെരിപ്പ് എന്ന ക്രിയാനാമവും മലയാളത്തിൽ ഉപയോഗിച്ചുവരുന്നു. വെഞ്ചിരിക്കുക, വെഞ്ചിരിപ്പ് എന്നീ പ്രയോഗങ്ങളുമുണ്ട്. ആശീർവദിക്കുക, അനുഗ്രഹിക്കുക, പവിത്രീകരിക്കുക എന്നൊക്കെ അർത്ഥമുള്ള ബെൻസെർ (Benzer) എന്ന പോർത്തുഗീസ് ധാതുവിൽനിന്നാണ് വെഞ്ചെരിക്കുക എന്ന ക്രിയയുണ്ടായത്. സംസ്കൃതത്തിലെ ധാതുക്കൾ മലയാളത്തിലേക്ക് സ്വീകരിക്കുമ്പോൾ ഇ എന്ന ഇടനില ചേർക്കാറുണ്ടല്ലോ (ഭക്ഷ് - ഭക്ഷിക്കുക, സ്മര് - സ്മരിക്കുക എന്നിങ്ങനെ). അതുപോലെ ബെൻസെർ എന്നതിനോട് ഇ ചേർത്ത് ബെൻസെരി എന്നാക്കുന്നു. അതിൽനിന്ന് ബെൻസെരിക്കുക എന്ന രൂപവുമുണ്ടായി. ബെൻസെരിക്കുക എന്നത് വെഞ്ചെരിക്കുക എന്നു രൂപം മാറി. അതിൽനിന്ന് വെഞ്ചെരിപ്പ് എന്ന ക്രിയാധാതു നിഷ്പന്നമായി. പോർത്തുഗീസ് ഭാഷയിലെ ബെൻസെർ എന്ന ക്രിയ ലത്തീൻ ഭാഷയിലെ ബെനെദീച്ചെരെ (benedicere) എന്ന ക്രിയയിൽനിന്നു വന്നതാണ്; ആശീർവദിക്കുക എന്നർത്ഥം (ബേനെ = നന്നായിട്ട്, നന്മയായിട്ട്; ദീച്ചെരെ = പറയുക).

**വെന്തിങ്ങ** കന്യകാമറിയത്തിൻെറ ചിത്രം ആലേഖനം ചെയ്തിട്ടുള്ള ഉത്തരീയമാണല്ലോ വെന്തിങ്ങ. അതിന് സ്കാപുലാരിസ് (Scapularis) എന്നു ലത്തീനിലും സ്കാപ്പുലർ എന്ന് ഇംഗ്ലീഷിലും പറയും. വെന്തിങ്ങ പല വലുപ്പത്തിലും നിറത്തിലുമുണ്ട്. പോർത്തുഗീസ്ഭാഷയിലെ ബെൻസെർ എന്ന ക്രിയയിൽ നിന്നാണ് വെന്തിങ്ങ എന്ന പദത്തിൻെറ വരവ്. പവിത്രീകരിക്കുക എന്നൊരർത്ഥം ആ ക്രിയയ്ക്കുണ്ടല്ലോ. ബെന്തിന്ന്യോ (Bentinho, ബെന്തിഞ്ഞോ) എന്ന വാക്കിന് പവിത്രീകരിക്കപ്പെട്ടത് എന്നാണർത്ഥം (കൊങ്കണി ഭാഷയിൽ ബെന്തിൺ എന്നാണ് പറയുക). അങ്ങനെ വെന്തിങ്ങ എന്നതിന് പവിത്രീകൃതം, വിശുദ്ധം, ആശീർവദിക്കപ്പെട്ടത് എന്നൊക്കെയാണ് അർത്ഥം.

**വെന്തോസ** അൾത്താരകളിലെ പൂപ്പാത്രങ്ങൾക്ക് അടുത്തകാലംവരെ പറഞ്ഞിരുന്നത് വെന്തോസ (Ventosa) എന്നായിരുന്നു. ചിലയിടങ്ങളിൽ വെന്തെശ്, വെന്തെസ എന്നൊക്കെപറഞ്ഞിരുന്നു. ഇംഗ്ലീഷിലെ ഫ്ളവർവാസ് എന്ന പദം അടുത്തകാലത്താണ് ഇവിടെ പ്രചരിച്ചത്.

വെന്തോസ എന്നത് ഒരു ഇറ്റാലിയൻ വാക്കാണ്. പോർത്തുഗീസ്, സ്പാനിഷ് എന്നീ ഭാഷകളിലും ഇതുതന്നെയാണ് ഉപയോഗിക്കുന്നത്. പോർത്തുഗീസ് മിഷണറിമാരുടെ വരവിനുശേഷമാണ് വെന്തോസകൾ ഇവിടെ പ്രചരിച്ചത്. വെന്തോസ എന്ന വാക്കിൻെറ ആദിമ അർത്ഥം കപ്പിംഗ് ഗ്ലാസ് എന്നാണ്. വായു വലിച്ചു കളഞ്ഞു ശരീരത്തിൽ ഒട്ടിച്ച് രക്തം വലിച്ചെടുക്കാൻ ഉപയോഗിച്ചിരുന്ന ചെറിയ പാത്രത്തിൻെറ പേരാണത്. പില്ക്കാലത്ത് പൂക്കൾ വയ്ക്കാനുള്ള പാത്രമെന്ന അർത്ഥം വന്നുകൂടി. വില്ക്കുക എന്നർത്ഥമുള്ള വെന്തെരെ എന്ന ലത്തീൻക്രിയയിലും വായു എന്നർത്ഥമുള്ള വെന്തൂസ് എന്ന ലത്തീൻ നാമത്തിലും വെന്ത് എന്ന ധാതു കാണു

www.malankaralibrary.com

ന്നുണ്ടെങ്കിലും ഇവിടെ പറയുന്ന വെ ന്തോസ എന്ന പദത്തിൻെറ മൂലധാതു സംസ്കൃതത്തിലെ വസ്തി എന്ന ധാതുവാണ്. പാത്രം എന്നർത്ഥം. ഗോഥിക്കിൽ അത് വാൻസ്ത് എന്ന് രൂപം മാറിയിരിക്കുന്നു.

**വെസ്ട്രി** ദേവാലയത്തോടനുബന്ധിച്ചുള്ള ചമയപ്പുരയെ വെസ്ട്രി (Vestry) എന്നും വിളിക്കാറുണ്ട്. ഡീക്കന്മാരുടെ മാനേജുമെൻറിലുള്ള സ്ഥലം എന്ന അർത്ഥത്തിൽ ദിയാക്കോണിക്കോൻ എന്നു ഗ്രീക്കിലും ദിയാക്കോണിക്കും എന്ന് ലത്തീനിലും പറയുന്നു. വിശുദ്ധ വസ്തുക്കൾ സൂക്ഷിക്കുന്നിടം എന്ന അർത്ഥത്തിൽ സാക്രിസ്തിയാ എന്ന് ലത്തീനിലും സാക്രിസ്റ്റി എന്ന് ഇംഗ്ലീഷിലും (സങ്കീർത്തി എന്ന് മലയാളത്തിലും) പറയുന്നു. വസ്ത്രങ്ങൾ സൂക്ഷിക്കുന്നിടം അഥവാ വസ്ത്രമണിയുന്നിടം എന്ന അർത്ഥത്തിലാണ് വെസ്ട്രി എന്നു പറയുന്നത്. വെസ്ട്രി എന്നത് ഒരു ഇംഗ്ലീഷ് പദമാണെന്നും നമുക്ക് തീർത്തും അന്യമാണെന്നും തോന്നാം. പക്ഷേ, സംസ്കൃതത്തിലെ വസ് എന്ന ധാതുവിൽ നിന്നുണ്ടായ വാക്കാണത്. വസ് ധാതുവിൽനിന്നാണല്ലോ വസ്ത്രം എന്ന വാക്കുണ്ടാകുന്നത്. വസിക്കുക, ശരീരം മറയ്ക്കുക (അണിയുക), സ്നേഹിക്കുക, സ്വീകരിക്കുക, സുഗന്ധമുള്ളതാക്കുക, നേരെയാക്കുക, ഉറപ്പിക്കുക എന്നിങ്ങനെ വിവിധാർത്ഥങ്ങളുണ്ട് വസ് ധാതുവിന്. ഗ്രീക്കിൽ അത് ഗെസ് എന്നും ലത്തീനിൽ വെസ് എന്നുമായിത്തീർന്നു. ഈ ധാതു മിക്ക ഇൻഡോ യൂറോപ്യൻ ഭാഷകളിലും കാണാം. പ്രത്യേകിച്ച് വസിക്കുക, അണിയുക എന്നീ അർത്ഥങ്ങളിൽ. ഇംഗ്ലീഷിലെ was, were എന്നിവ വസിക്കുക, ആയിരിക്കുക എന്നുകൂടി അർത്ഥമുള്ള വസ് ധാതുവിൽനിന്ന് വരുന്നു. അണിയുക എന്ന അർത്ഥത്തിൽ അതേ ധാതുവിൽനിന്ന് തന്നെ വരുന്ന ഇംഗ്ലീഷ് വാക്കാണ് wear. (നാമമായിട്ടും ക്രിയയായിട്ടും) പ്രകാശിക്കുക എന്നുകൂടി അർത്ഥമുള്ള വസ് ധാതുവിൽനിന്നുതന്നെയാണ് വസന്തം എന്നർത്ഥമുള്ള വേർ എന്ന ലത്തീൻ വാക്കുമുണ്ടായത്! ഗ്രീക്കിൽ ഗസ്ഥേസ് എന്നും ലത്തീനിൽ വെസ്തിസ് (Vestis) എന്നും പറഞ്ഞാൽ വസ്ത്രമെന്നാണർത്ഥം. വസ്ത്രമണിയുക എന്നതിന് ലത്തീനിൽ വെസ്തീരെ എന്നുപറയും. വസ്ത്രങ്ങൾ സൂക്ഷിക്കുന്ന അലമാരിക്ക് (മുറിയ്ക്ക്) വെസ്തിയാരിയും എന്നാണ് ലത്തീനിൽ പറയുക. ഇതിൽനിന്നാണ് വെസ്ട്രി എന്ന ഇംഗ്ലീഷ്പദമുണ്ടായത്. വസ് ധാതുവിനും അതിൽനിന്നുണ്ടാകുന്ന വിവിധക്രിയകൾക്കും നാമങ്ങൾക്കും വിവിധ ഇൻഡോ-യൂറോപ്യൻ ഭാഷകളിൽ വന്നുചേരുന്ന വ്യതിയാനം (ഉദാ: സകാരം രകാരമായിത്തീരുന്നു, V എന്നത് W എന്നായിത്തീരുന്നു) ശ്രദ്ധേയമാണ്. ഗ്രീക്കിലെ ഗസ് എന്ന രൂപം ഹെന്ന് എന്നായിത്തീർന്നിട്ടുണ്ട്!

യൂറോപ്യൻ മിഷണറിമാരാണ് പള്ളിയോട് ചേർന്ന് ചമയപ്പുര (സങ്കീർത്തി) നിർമ്മിച്ചത്. അതിൻെറ അധികാരിയെ നിക്ഷേപാലയാധികാരി എന്ന അർത്ഥത്തിൽ കപ്പ്യാരിയോ (കപ്പ്യാരിയൂസ്) എന്ന് അവർ വിളിച്ചുപോന്നു. ചമയപ്പുരയ്ക്ക് സാക്രിസ്ത്യ എന്നും പറഞ്ഞിരുന്നു. പ്രോട്ടസ്റ്റൻറ് സഭകൾ സാക്രിസ്ത്യ എന്നതിനുപകരം വെസ്ട്രി എന്ന് പ്രയോഗിക്കുന്നു (കപ്പിച്ചേരിയ, കപ്യാര് ചമയപ്പുര, സങ്കീർത്തി, സാക്രിസ്റ്റ്യൻ എന്നീ പദങ്ങൾകൂടി നോക്കുക).

www.malankaralibrary.com

**വെസ്പുർക്കാന** ദേവോസവിളിയിലെ (devotional call) മലയാളവിവർത്തനത്തിൽക്കാണുന്ന ഒരു ഭാഗം ഇങ്ങനെയാണ്: "വെസ്പുർക്കാനായെന്ന ശിക്ഷയിടത്തിൽ വ്യസനപ്പെടുന്ന ആത്മാവുകളെ ഓർപ്പിൻ നമ്മൾ. അവർ സഹിക്കുന്ന മഹാസങ്കടങ്ങളുടെ പൊറുതിക്കായിട്ട്.... ചൊല്ലുവിൻ നമ്മൾ."

ഒരു സുറിയാനി സമസ്തപദമാണ് ബേസ്പുർക്കാനാ. അത് മലയാളത്തിൽ വെസ്പുർക്കാനാ എന്നായി. ശുദ്ധീകരണസ്ഥലമെന്നർത്ഥം. ലത്തീനിൽനിന്നുള്ള പുറകത്തോരി എന്ന പ്രയോഗം 16-ാം നൂറ്റാണ്ടിനുശേഷമാണ് ഇവിടെ പ്രചരിച്ചത്. പുർഗാത്തോരിയും (Purgatorium) എന്നാണ് ശരി രൂപം. ശുദ്ധീകരണസ്ഥലമെന്നാണ് അതിൻെറയും അർത്ഥം. ബേസ് എന്നതിന് വീട്, സ്ഥലം എന്നൊക്കെയാണർത്ഥം. ഈ പദം പല ദ്രാവിഡ ഭാഷകളിലും രൂപം മാറി നിലനില്പുണ്ട്. പുർക്കാനാ എന്നതിന് ശുദ്ധീകരണം, രക്ഷ, എന്നൊക്കെയാണർത്ഥം. ഏ.ഡി. 1606-ലെ റോസിൻെറ നിയമാവലിയിൽ പുറക്കത്തൊര്യ എന്നു പ്രയോഗിച്ചിരിക്കുന്നു (ആറാം സാഹ). ഏ.ഡി. 1747-ൽ സ്തേഫാനൂസ്പാതിരി എഴുതിയ വ്യാകരണ പുസ്തകത്തിൽ (Prima Linguae Malabarico-grandonicae Elementa) "വെസ്പുർക്കാനത്തിൽനിന്ന് ഉത്തരം ചെയ്തതിൽപിന്നെ മോക്ഷത്തിൽ ആക്കുകയും ചെയ്യും" എന്നെഴുതിയിരിക്കുന്നു (പുറം. 139). ജ്ഞാനൊപദെശ സംഗ്രഹവും വെദൊപദെശ സംക്ഷെപവും (ഏ.ഡി. 1865) എന്ന ഗ്രന്ഥത്തിലും വെസ്പുർക്കാനാ എന്ന പ്രയോഗമാണുള്ളത്.

**വേദക്കുസ്ത** ദിവ്യകാരുണ്യവാഴുവിന് കുസ്തോദി മറച്ചുപിടിക്കാനും അരുളിക്ക പിടിക്കാനും ഉപയോഗിക്കുന്ന ഒരു വസ്ത്രത്തെ വേദക്കുസ്ത എന്നു വിളിക്കുന്നു. ഇതൊരു സമസ്ത പദമാണ്. ലത്തീനിലുള്ള വേലും, കുസ്തോദിയ എന്ന രണ്ട് വാക്കുകൾ ചുരുങ്ങി വേദക്കുസ്ത എന്നായി. വേലും എന്നതിനു മറ, വിരി എന്നൊക്കെയാണർത്ഥം. കുസ്തോദി എന്നതിന് ദിവ്യകാരുണ്യം (വാഴ്ത്തപ്പെട്ട അപ്പം) സൂക്ഷിക്കുന്ന പാത്രമെന്നും. വേലും കുസ്തോദിയെ (Velum Custodiae) എന്നതിന് കുസ്തോദിയുടെ മറ എന്നർത്ഥം. വാഴ്ത്തപ്പെട്ട മറിയം ത്രേസ്യയുടെ ആത്മകഥയിൽ (കയ്യെഴുത്ത്) ഇങ്ങനെ കാണുന്നു: "വേദക്കുശ്ത്തായുടെ ഉള്ളിൽ കർത്താവ് ഉണ്ണിയുടെ ഭാവത്തിൽ ഇരുന്നു" (പുറം 292). വേലും കുസ്തോദിയെ എന്ന പ്രയോഗം വേദക്കുസ്ത, വേദക്കുശ്ത്താ എന്നൊക്കെ ചുരുങ്ങി. ദിവ്യകാരുണ്യവാഴുവും വേദക്കുസ്തയുമെല്ലാം 17-ാം നൂറ്റാണ്ടിനുശേഷമാണ് യൂറോപ്പിൽ നിന്ന് ഇവിടെ പ്രചരിച്ചത്.

**വേസ്പെര** സായാഹ്ന പ്രാർത്ഥനയാണ് വേസ്പെര (വേസ്പര). ഗ്രീക്ക് ഭാഷയിൽ വെസ്പെരോസ് എന്നും വെസ്പെരാ എന്നും രണ്ട് വാക്കുകളുണ്ട്. വൈകുന്നേരം എന്നാണർത്ഥം. സന്ധ്യാതാരം എന്നും അത്താഴമെന്നും അതിന് അർത്ഥം വന്നുകൂടിയിട്ടുണ്ട്. ലത്തീൻ ഭാഷയിൽ വെസ്പെർ (Vesper) എന്നും വേസ്പെരാ (Vespera) എന്നും ഉപയോഗിക്കുന്നു. ലത്തീനിൽനിന്ന് ഇത് മലയാളത്തിലേക്ക് വന്നു. പോർത്തുഗീസ് മിഷണറിമാരുടെ വരവിന് ശേഷമാണ് ഈ പദം ഇവിടെ പ്രയോഗത്തിലായത്. ലത്തീനിൽ ലൂച്ചെർണാരിയും (Lucernarium) എന്നൊരു പേരുകൂടി ഇതിനുണ്ട്. വിളക്ക് കത്തിക്കുന്ന സമയം (ലൂക്സ് = പ്രകാശം, വിളക്ക്) എന്നാണതിൻെറ വാച്യാർത്ഥം.

www.malankaralibrary.com

സന്ധ്യയ്ക്ക്, വിളക്ക് വയ്ക്കുന്ന സമയത്ത്, യഹൂദർക്ക് പ്രത്യേക പ്രാർത്ഥനയുണ്ട്. ആദിമക്രിസ്ത്യാനികളും ആ പതിവ് തുടർന്നു. സങ്കീർത്തനങ്ങൾ പാടുക, വേദഗ്രന്ഥഭാഗങ്ങൾ വായിക്കുക, ധൂപാർപ്പണം നടത്തുക മുതലായവയാണ് സായാഹ്നപ്രാർത്ഥനയുടെ സ്വഭാവം. ജറുസലെം ദേവാലയത്തിൽ എന്നും വൈകുന്നേരം ധൂപാർപ്പണം നടത്തിയിരുന്നു. നൂറ്റിനാല്പതാം സങ്കീർത്തനം പാടിക്കൊണ്ടാണ് ധൂപാർപ്പണം നടത്തിയിരുന്നത്.

മൂന്നാം നൂറ്റാണ്ടുമുതൽ വേസ്പെര ഉണ്ടായിരുന്നുവെന്നതിന് തെർത്തുല്യന്റെ പ്രസ്താവനതന്നെ തെളിവാണ്. പ്രഭാതത്തിലും സന്ധ്യയ്ക്കും ചൊല്ലാനുള്ള പ്രാർത്ഥനകൾ നിശ്ചയിക്കപ്പെട്ടിട്ടുണ്ടെന്ന് അദ്ദേഹം പ്രസ്താവിക്കുന്നു (De Oratione 25). ഏതാണ്ട് അമ്പതു വർഷങ്ങൾക്കുശേഷമുണ്ടായ "ശ്ലൈഹികപാരമ്പര്യം" (Apostolic Tradition) എന്ന ഗ്രന്ഥത്തിൽ പൊതുസായാഹ്ന പ്രാർത്ഥന കൊടുത്തിട്ടുണ്ട്. എന്നാൽ ആറാം നൂറ്റാണ്ടോടെയാണ് വേസ്പെര ഇന്നത്തെ രൂപത്തിലായിത്തീർന്നത്. കത്തീഡ്രലുകളിലും ആശ്രമങ്ങളിലുമാണ് അത് രൂപപ്പെട്ടതും. തിരുനാളുകളുടെ തലേദിവസം വൈകുന്നേരം ഈ ശുശ്രൂഷ നടത്തിവരുന്നു.

**വൈദികൻ** കേരളക്രൈസ്തവർ പുരോഹിതന്മാരെ വിളിക്കാൻ ഉപയോഗിക്കുന്ന ഒരു പദമാണിത്. ഹൈന്ദവസംസ്കാരത്തിൽനിന്ന് കടമെടുത്ത ഒരു സംസ്കൃതപദം. വേദം എന്നതിനോട് ഇക എന്ന പ്രത്യയം ചേർത്ത് വൈദിക എന്ന പദമുണ്ടാക്കുന്നു. വേദം അറിയുന്നവൻ, വേദത്തെ സംബന്ധിച്ചവൻ എന്നീ അർത്ഥങ്ങളിലാണ് അത് ഉപയോഗിക്കുന്നത്. ഋക്, യജുസ്, സാമം, അഥർവം എന്നിവയെയാണല്ലോ വേദങ്ങൾ എന്ന് ഹൈന്ദവർ വിളിക്കുന്നത്. എന്നാൽ ക്രൈസ്തവർ തങ്ങളുടെ മതഗ്രന്ഥത്തെയും വേദം എന്നുവിളിച്ചു. വേദം എന്നതിന് മതം (നിയമം) എന്ന അർത്ഥംകൂടി കല്പിച്ചിട്ടുണ്ട്. ഒന്നാം വേദം (ആദിമ യഹുദമതം), രണ്ടാംവേദം (പരിഷ്കൃത യഹൂദമതം), മൂന്നാം വേദം (ക്രിസ്തുമതം), നാലാംവേദം (ഇസ്ലാം മതം) എന്നിങ്ങനെ പറയാറുണ്ടല്ലോ. വേദജ്ഞാനിയെന്ന് വൈദികൻ എന്ന പദത്തിന് അർത്ഥം പറയാം (വിദ്=അറിയുക, വേദം= അറിയപ്പെട്ടത്).

## ശ

**ശീശ്മ** പരമ്പരാഗത മതതത്ത്വങ്ങളെ നിഷേധിക്കുന്നവരെ ഇടത്തൂട്ടുകാർ (പാഷണ്ഡികൾ) എന്നു വിളിക്കുന്നു. യഥാർത്ഥ മതാധികാരികളെ അംഗീകരിക്കാത്തവരെ ശീശ്മക്കാർ എന്നുവിളിക്കും. ഇടത്തൂട്ട് വിശ്വാസസത്യങ്ങളുടെ നിഷേധത്തെയും ശീശ്മ അധികാരത്തിന്റെ നിഷേധത്തെയുമാണ് കാണിക്കുന്നത്.

സ്കിസ്മ (Schisma) എന്ന ഗ്രീക്കു പദത്തിൽ നിന്നാണ് ശീശ്മ എന്ന വാക്കുണ്ടായത്. ഇംഗ്ലീഷിൽ സ്കിസം എന്നായിത്തീർന്നു ഈ വാക്ക്. സിസം എന്നും അവർ ഉച്ചരിക്കും, ഗ്രീക്ക്ഭാഷയിലെ സ്കിസെയിൻ (Schizein) എന്ന ക്രിയയ്ക്ക് വിഭജിക്കുക, പിളരുക, പിളർത്തുക എന്നൊക്കെയാണർത്ഥം. ലത്തീൻഭാഷയിൽ ഷിന്തെരെ (Scindere), ഗോഥിക്കിൽ സ്കൈദാൻ, മധ്യകാല ഇംഗ്ലീഷിൽ ഷെദാൻ, ആംഗ്ലോ സാക്സണിൽ സ്കാദൻ (സ്കെയാദൻ), പഴയ സാക്സണിൽ സ്കെഥാൻ എന്നൊക്കെ ഈ ക്രിയ കാണപ്പെടുന്നു. ഗ്രീക്കിലെ സ്കിസ്മ

www.malankaralibrary.com

എന്ന പദംതന്നെ ലത്തീനിൽ ഉപയോഗിക്കുന്നുണ്ട്. അത് മറ്റു ഭാഷകളിലേക്കു കടന്നപ്പോൾ വിവിധ രൂപങ്ങൾ ധരിക്കേണ്ടിവന്നു.

ഈ ഗ്രീക്ക് പദത്തിൻെറ നിഷ്പത്തിയെയും അതിനുവന്ന രുപവൈരൂപ്യങ്ങളെയുംപറ്റി ചിന്തിക്കുക രസാവഹമാണ്. ഗ്രീക്കിലെ സ്കിസെയിൻ (Schizein) എന്ന ക്രിയയുടെ ആരംഭത്തിലുള്ള Schi എന്ന ലിപിസഞ്ചയത്തെ സ്കി (സ്ഖി) എന്ന് ഉച്ചരിക്കുന്നുവെങ്കിലും സ്ഛി എന്നാണ് അതിൻെറ പ്രാചീനവും യഥാർത്ഥവുമായ ഉച്ചാരണം. (ch=ഛ) അത് സ്കി, ഷി, ശി എന്നൊക്കെ മാറിപ്പോയിരിക്കുന്നു. സംസ്കൃതത്തിൽ അതിൻെറ ശരിയായരൂപം നിലനില്ക്കുന്നുണ്ട്. സംസ്കൃതത്തിലെ ഛിത് എന്ന ധാതുവാണ് ഈ വിധത്തിലെല്ലാം വേഷം മാറിയത്. ഛിത് എന്നതിൻെറ ആദിമ പ്രകൃതി ഛി ആയിരിക്കണം. പല പടിഞ്ഞാറൻ ഭാഷകളിലും സ്ക് എന്ന് കാണുന്നുണ്ടല്ലോ. എന്നാൽ ലത്തീനിൽ അത് ഷി എന്നായി. ഗ്രീക്കിലെ സ്കിസ്മാ എന്ന നാമരൂപം മധ്യകാല ഇംഗ്ലീഷിൽ സ്ചിസ്മ് (scisme) എന്നായി. പക്ഷേ ഷിസ്മ് എന്ന് ഉച്ചരിക്കപ്പെടുകയും ചെയ്തു. പഴയ ഫ്രഞ്ചിൽ ശിസ്മ് എന്നും സിസ്മ് എന്നും ഉച്ചരിക്കപ്പെട്ടു.

സംസ്കൃതത്തിലെ ഛിത് ധാതുവിന് പടിഞ്ഞാറൻ ശാഖകളിൽ ഒരു സകാരം ചേർന്നു (സ്ഛി-എന്ന്) കാണുന്നു. അതിൽ അദ്ഭുതപ്പെടാനില്ല. ധാതുക്കളോട് ആദിയിൽ സകാരം ചേർക്കുന്ന പതിവ് സംസ്കൃതത്തിൽത്തന്നെയുണ്ട് (ഒരുപക്ഷേ പണ്ട് സംസ്കൃതത്തിലും സ്ഛിത് അല്ലെങ്കിൽ സ്ഛി എന്ന രൂപം നിലവിലുണ്ടായിരുന്നിരിക്കാം. പടിഞ്ഞാറൻ ഭാഷകളിലെ ധാതുവിൽ കാണുന്ന സകാരം അതായിരിക്കാം സുചിപ്പിക്കുന്നത്). സഞ്ചരിക്കുക, ചലിക്കുക, ഒഴുകുക എന്നൊക്കെ അർത്ഥമുള്ള ഖ്ല ധാതുവിനോട് സ് ചേർത്ത് സ്ഖ്ല എന്നാക്കുന്നു. കുഴയുക, ദുർബലമാവുക എന്നിങ്ങനെ അർത്ഥമുള്ള തമ് ധാതുവിനോട് സ് ചേർന്ന് സ്തമ് എന്നായിത്തീരുന്നു. ഇതുപോലെതന്നെയാണ് ഖദ് എന്നത് സ്ഖദ് എന്നും, തിപ് എന്നത് സ്തിപ് എന്നും തിഘ് എന്നത് സ്തിഘ് എന്നും, ഫല് എന്നത് സ്ഫല് എന്നും, മീല് എന്നത് സ്മീല് എന്നും രൂപം മാറുന്നത്. മലയാളത്തിലും ഇതിനുദാഹരണമുണ്ട്. ത്രോണോസ് എന്ന ഗ്രീക്ക് വാക്ക് മലയാളത്തിൽ സ്വർണോസ് (പീഠം) എന്നായല്ലോ.

ഛിത് എന്ന ധാതുവിലെ ത് ആണ് ഗ്രീക്കുഭാഷയിൽ z എന്ന ലിപികൊണ്ട് രേഖപ്പെടുത്തിയിട്ടുള്ളത്. അതിൻെറ ആദിമോച്ചാരണം ത്സ് എന്നാണ്. പിന്നീട് 'സ്' എന്നായി. ഈ ധാതുവിൻെറ ആദിമ അർത്ഥം പിളരുക എന്നുതന്നെയാണ്. ഒരു മതത്തിൻെറ അധികാരത്തിൽനിന്ന് പിളർന്നുപോകുന്നതാണ് ഛിദ്മം. സൂക്ഷ്മമായി ആലോചിച്ചാൽ ഛിത് എന്നതിൻെറ മാറ്റമില്ലാത്ത ഭാഗം ഛി മാത്രമാണ്. ഛിനത്തി (അവൻ വിഭജിക്കുന്നു) അച്ഛിനത് (അവൻ വിഭജിച്ചു) മുതലായ രുപങ്ങളിൽ ത് അപ്രത്യക്ഷമാകുന്നുണ്ടല്ലോ. സംസ്കൃതത്തിലെ അതിഖരം (ഛ) പടിഞ്ഞാറൻ ഭാഷകളിലില്ലാത്തതുകൊണ്ട് ചി എന്നും ഉച്ചരിക്കും. സംസ്കൃതത്തിലെ ഛിദ്മം തന്നെയാണ് ഗ്രീക്കിലെ സ്കിസ്മയും മലയാളത്തിലെ ശീശ്മയും.

**ശോവാല** കേരളസഭാചരിത്രത്തെ സംബന്ധിച്ചിടത്തോളം സുപ്രധാനമായ ഒരു അക്ഷരസംഖ്യാപ്രയോഗം ആണ്

www.malankaralibrary.com

ശോവാല. അക്ഷരങ്ങൾക്ക് സംഖ്യ കല്പിക്കുന്ന സമ്പ്രദായം സെമിറ്റിക് ഭാഷകളിലെല്ലാമുണ്ട്. ഹീബ്രുവിലെയും സുറിയാനിയിലെയും 22 അക്ഷരങ്ങൾക്കും സംഖ്യാമൂല്യമുണ്ട്. അക്കങ്ങൾ എഴുതുന്നതിനു പകരം അവർ അക്ഷരങ്ങൾ എഴുതിവരുന്നു. ഇൻഡ്യയിൽ അക്കങ്ങൾ പ്രാചീനകാലം മുതൽ പ്രയോഗിച്ചിരുന്നു. പിൽക്കാലത്ത് അക്ഷരസംഖ്യാസമ്പ്രദായം ഇൻഡ്യയിലും നടപ്പായി. കവിതകളിൽ കാലം കുറിക്കാൻ ഇതാണ് ഉപയോഗിച്ചിരുന്നത്. ഈ സമ്പ്രദായത്തെ പരല്പേര്, അക്ഷരസംഖ്യാ, കപടയാദി, അക്കക്കെട്ട് എന്നിങ്ങനെ പലപേരുകളിൽ കേരളീയർ വിളിക്കുന്നു. അക്ഷരമാലയിലെ വ്യഞ്ജനങ്ങൾക്ക് (ക മുതൽ) ഒന്ന് രണ്ട് എന്നിങ്ങനെ സംഖ്യ കല്പിക്കുകയാണ് ഇതിന്റെ രീതി. ജ്യോതിഷ ഗ്രന്ഥങ്ങളിലും ഈ സമ്പ്രദായം ഉപയോഗിക്കുന്നുണ്ട്. (അക്ഷരസംഖ്യയുടെ വിശദീകരണത്തിന് ശബ്ദതാരാവലിയിൽ അക്ഷരസംഖ്യ എന്ന പദം നോക്കുക).

ഈ അക്ഷരസംഖ്യാകണക്കനുസരിച്ച് ശോവാല എന്നതിന് 543 എന്നർത്ഥമാണ് (ശ=5, വ=4, ല=3). പദസംഖ്യ മറിച്ചിടണം എന്നാണ് നിയമം. അപ്പോൾ 345 എന്നുകിട്ടും. സംഖ്യ മറിച്ചുവായിക്കുന്ന സമ്പ്രദായം സെമിറ്റിക്ക് ഭാഷകളിലില്ല. എന്നാൽ, അവയിൽ എഴുതുന്നതും വായിക്കുന്നതും വലത്തുനിന്ന് ഇടത്തോട്ടാണ്. എ.ഡി. 345-ൽ ക്നായി തൊമ്മൻ മഹാദേവർപട്ടണത്തിൽ (കൊടുങ്ങല്ലൂർ, സിംഗളി, മുചിറ, മുസരിസ് എന്നൊക്കെ പറയുന്ന പട്ടണം) വന്നു. ചേരമാൻ പെരുമാളിൽനിന്ന് അവകാശങ്ങൾ രേഖപ്പെടുത്തിയ ചെപ്പേട് അദ്ദേഹത്തിനു ലഭിച്ചു. ആ കൊല്ലത്തെപ്പറ്റി ശോവാല എന്നാണ് ഒരു പുരാതന പാട്ടിൽ കാണുന്നത്:

“മാറാൻ വന്നു പിറന്നശേഷം
ശോവാലയെന്ന കാലത്തിൽ
മാനിഭൻ കിനായിത്തൊമ്മൻ
ചെപ്പേടങ്ങു വാങ്ങിച്ചു”

(മാറാൻ = നമ്മുടെ കർത്താവ്. മാനിഭൻ=വാണിഭൻ=വ്യാപാരി. ചെപ്പേട് - ചെമ്പുതകിടിൽ എഴുതിയ രേഖ; ചെമ്പ് + ഏട്)

അക്ഷരസംഖ്യ കൂടാതെ വർഷം കുറിച്ചിട്ടുള്ള അനേകം പുരാതന ഗാനങ്ങളുമുണ്ട്.

“മാറാന്റെ മുന്നൂറ്റി
നാല്പത്തഞ്ചിൽ”

(കോട്ടയം വലിയപള്ളിയുടെ പാട്ട്)

“ഒന്മയും നന്മയും ഒന്നായവൻ താന്റെ മുന്നൂറ്റി നാല്പതോടഞ്ചിൽ” (കോട്ടയത്തു ചെറിയ പള്ളിയുടെ പാട്ട്). എന്നിങ്ങനെ പല ഗാനങ്ങളിലും കാണാം.

നമ്മുടെ അക്ഷരസംഖ്യാസമ്പ്രദായം ഹീബ്രു, സുറിയാനി മുതലായ ഭാഷകളുമായുള്ള ബന്ധം സൂചിപ്പിക്കുന്ന ഒന്നാണ്. പഴയ തമിഴിൽ അക്ഷരങ്ങൾക്ക് ഹീബ്രുവിലെന്നപോലെ സംഖ്യ കല്പിച്ചിട്ടുണ്ട്. ഇടത്തുനിന്ന് വലത്തോട്ട് എഴുതുന്ന പദങ്ങളുടെ സംഖ്യ വലത്തുനിന്ന് ഇടത്തോട്ടു വായിക്കുന്ന രീതിയും സെമിറ്റിക് ബന്ധത്തെ വ്യക്തമാക്കുന്നു. സെമിറ്റിക്ക് ഭാഷകളിൽ വലത്തുനിന്ന് ഇടത്തോട്ടാണല്ലോ എഴുതുന്നതും വായിക്കുന്നതും.

നാം ഉപയോഗിക്കുന്ന ഇംഗ്ലീഷ് കലണ്ടർ അനുസരിച്ച് ജനുവരി മുതൽ ഓരോ മാസത്തിലും ഇത്ര ദിവസങ്ങൾ

www.malankaralibrary.com

വച്ചുണ്ട് എന്ന് ഓർമ്മിക്കാൻ ഒരു പണ്ഡിതൻ അക്ഷരസംഖ്യയനുസരിച്ച് ഒരു ശ്ലോകം എഴുതിയിട്ടുണ്ട്. അത് ഇങ്ങനെയാണ്:

"പല, ഹാരേ, പാലു, നല്ലു,
പുലർ, കാലേ, കല, ക്കിലാം
ഇല്ലാ, പാലെ,ന്നു ഗോ, പാലൻ
- ആംഗ്ലമാസം ക്രമാൽ"

പ=1, ല=3; മറിച്ചു വായിക്കുമ്പോൾ 31. ഹ=8, ര=2; മറിച്ചു വായിക്കുമ്പോൾ 28. ന=0, ല=3; മറിച്ചു വായിക്കുമ്പോൾ 30. ഇ=0, ല=3; മറിച്ചു വായിക്കുമ്പോൾ 30. അങ്ങനെ ജനുവരിയിൽ 31 ദിവസമുണ്ടെന്നും ഫെബ്രുവരിയിൽ 28 ദിവസമുണ്ടെന്നും മറ്റും ഈ ശ്ലോകംകൊണ്ട് ഓർമ്മിക്കാം.

സംസ്കൃത അക്ഷരമാല നടപ്പായതിനുശേഷമാണ് കേരളത്തിൽ "ശോവാല" എന്ന പ്രയോഗമുണ്ടായത്. തമിഴ് അക്ഷരമാലയിൽ 'ശ' ഇല്ലല്ലോ. തൃപ്പൂണിത്തുറക്ഷേത്രം സ്ഥാപിച്ചത് കലിവർഷം "പത്മ"യിലാണെന്ന് (=51) ഒരു ഗ്രന്ഥവരിയിൽ പറയുന്നു (കെ.എൻ. ഗോപാലപിള്ള, കേരളമഹാചരിത്രം, തിരുവനന്തപുരം 1948 ഭാഗം 2, പുറം 145). അക്ഷരസംഖ്യാ പ്രയോഗം പണ്ട് സർവസാധാരണമായിരുന്നു. ശോവാല എന്ന പ്രയോഗമുള്ള പാട്ട് 17-ാം നൂറ്റാണ്ടിൽ എഴുതിയതായിരിക്കണം. അക്കാലം മുതൽ ആ പ്രയോഗം സഭാചരിത്രത്തിൽ ചേർത്തുവരുന്നു.

**ശൗത്താപ്പുസ** കുർബാന കൈക്കൊള്ളൽ, ഹോളി കമ്യൂണിയൻ (holy-communion) കുർബാനയനുഭവിക്കൽ, കുർബാന സ്വീകരണം, സംസർഗ്ഗം എന്നിങ്ങനെ പല പേരുകളിലും ഇന്നറിയപ്പെടുന്ന കർമ്മം പണ്ട് ശൗത്താപ്പുസ എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. പങ്കുകൊള്ളൽ, ഭാഗഭാഗിത്വം, സംസർഗ്ഗം, ഓഹരിപറ്റൽ, ഐക്യം എന്നൊക്കെ അർത്ഥമുള്ള ഒരു സുറിയാനിപ്പദമാണ് ശൗത്താപ്പുസ.

**ശ്ലീഹാ** അയയ്ക്കപ്പെട്ടവൻ എന്നർത്ഥമുള്ള സുറിയാനി വാക്കാണ് ശ്ലീഹാ. ശ്ലഹ് (=അയച്ചു) എന്ന ധാതുവിൽ നിന്നുണ്ടായ നാമമാണത്. മലയാളികൾ ശ്ലീഹാ എന്നതിനോട് സംസ്കൃതത്തിലെ ഇക പ്രത്യയം ചേർത്ത് ശ്ലൈഹികം എന്നൊരു പദം സൃഷ്ടിച്ചിട്ടുണ്ട്. ശ്ലീഹായെ (ശ്ലീഹന്മാരെ) സംബന്ധിച്ച എന്നാണ് അതിന്റെ അർത്ഥം. പണ്ട് ശ്ലീഹായ്ക്കടുത്ത എന്നാണ് അതിനു പകരമായി പറഞ്ഞിരുന്നത്. ശ്ലീഹാ എന്നതിന് പകരം ശ്ളീഹാ എന്നും ചില ഗ്രന്ഥങ്ങളിൽ കാണാം. സുറിയാനി ഭാഷയിൽ ഇന്ന് 'ള' കാരമില്ല. പൗരാണിക കാലത്ത് ഉണ്ടായിരുന്നു. അറബിയിൽ അത് നിലനില്ക്കുന്നുണ്ട്. സുറിയാനിക്ക് മറ്റ് ഭാഷകളുമായുള്ള സമ്പർക്കംമൂലം അതിന്റെ ജന്മനാട്ടിൽ അത് നഷ്ടപ്പെട്ടതാണ്. സംസ്കൃതത്തിലും ഇതുപോലെ സംഭവിച്ചിട്ടുണ്ട്. വൈദികകാലത്തെ സംസ്കൃതത്തിൽ 'ള'കാരമുണ്ടായിരുന്നു (അഗ്നിമീളേ പുരോഹിതം എന്ന പ്രയോഗത്തിൽ 'ള' കാരമുണ്ടല്ലോ). പില്ക്കാല സംസ്കൃതത്തിൽ 'ള' അപ്രത്യക്ഷമായി. 'ല'യും 'ള'യും തമ്മിൽ ഭേദമില്ലെന്നൊരു പ്രമാണവുമുണ്ടായി. ശ്ലീ എന്ന് കൂട്ടക്ഷരമായി എഴുതുമ്പോൾ ചേർക്കുന്ന 'ല' കാരം പണ്ടത്തെ വട്ടെഴുത്തിലെ 'ല'യുടെ ലിപിയാണ്. അതിന് 'ല' എന്നും 'ള' എന്നും ഉച്ചാരണമുണ്ടെന്നാണ് വയ്പ്.

അപ്പസ്തോലൻ എന്നത് ഗ്രീക്കുഭാഷയിൽനിന്നു വന്ന പദമാണ്. യുറോപ്യൻ മിഷണറിമാരുടെ വരവിന് വളരെ

www.malankaralibrary.com

ക്കാലങ്ങൾക്കുശേഷമാണ് അപ്പസ്തോലൻ എന്ന പദം പ്രയോഗത്തിലായത്. ശ്ലീഹാ, ശ്ലീഹായ്ക്കടുത്ത എന്നീ പ്രയോഗങ്ങളായിരുന്നു പണ്ടുണ്ടായിരുന്നത്. പ്രേഷിതൻ എന്നൊരു വാക്ക് ഇപ്പോൾ പ്രയോഗത്തിലായിട്ടുണ്ട്. മുമ്പോട്ട്, അകലേക്ക് എന്നിങ്ങനെ അർത്ഥമുള്ള പ്ര എന്ന ഉപസർഗ്ഗവും അന്വേഷിക്കുക, അയയ്ക്കുക എന്നിങ്ങനെ അർത്ഥമുള്ള ഇഷ് എന്ന ധാതുവും ചേർന്നുണ്ടായ സംസ്കൃതവാക്കാണത്. അയയ്ക്കപ്പെട്ടവനാണ് പ്രേഷിതൻ.

(അപ്പസ്തോലൻ എന്ന വാക്കുകൂടി നോക്കുക).

# സ

**സക്രാരി** സക്രാരിയോ എന്ന പോർത്തുഗീസ് വാക്കിൽനിന്നാണ് മലയാളത്തിൽ സക്രാരി എന്ന വാക്കുണ്ടായത്. ആ പോർത്തുഗീസ്വാക്കാകട്ടെ സക്രാരിയും (Sacrarium) എന്ന ലത്തീൻ വാക്കിൽനിന്ന് വരുന്നു. വിശുദ്ധവസ്തുക്കൾ സുക്ഷിക്കുന്ന പേടകം (ചെറിയ പെട്ടി) എന്നാണ് അതിന്റെ അർത്ഥം. ലത്തീനിലെ സാച്ചെർ എന്ന വിശേഷണത്തിന് വിശുദ്ധമായ എന്നർത്ഥം. അതിന്റെ ധാതുവാകട്ടെ സച് എന്നാണ് (ഗ്രീക്കിൽ അഗ്- ഇഓസ്, അഗ്-നോസ്). സംസ്കൃതത്തിലെ യജ് എന്ന ധാതുവുമായി ഇതിന് ബന്ധമുണ്ട്. ബലിയർപ്പിച്ചുകൊണ്ട് ആരാധിക്കുക എന്നാണല്ലോ ഉദ്ദേശിക്കുന്നത്. സച് എന്ന ധാതു സക് എന്നായിത്തീർന്നു. സാക്രാ എന്നതിന് വിശുദ്ധമായത് എന്നും ആരിയും എന്നതിന് അതിനെ സംബന്ധിച്ചത് എന്നും അർത്ഥം. അങ്ങനെ സക്രാരിയും എന്ന വാക്കിന് വിശുദ്ധമായതിനെ സംബന്ധിച്ച എന്നർത്ഥം വരുന്നു. വിശുദ്ധമായ കുർബ്ബാനയപ്പം സൂക്ഷിക്കുന്ന പേടകമെന്ന് സാരം.

സക്രാരിക്ക് റ്റാബർനാക്കിൾ (tabernacle) എന്നാണ് ഇംഗ്ലീഷിൽ പറയുക. താബെർനാ എന്ന ലത്തീൻ വാക്കിൽ നിന്നാണ് അതിന്റെ വരവ്. കുടിൽ, കൂടാരം, സത്രം, ഷെഡ്, ബൂത്ത്, സ്റ്റാൾ എന്നൊക്കെയാണ് അതിനർത്ഥം. ഇവിടെ പെട്ടി എന്ന അർത്ഥമേ ഉദ്ദേശിക്കുന്നുള്ളു. ചെറുത് എന്ന് സൂചിപ്പിക്കാൻ കുളും എന്ന പ്രത്യയം ചേർത്ത് താബെർനാകുളും എന്ന ലത്തീൻ വാക്കുണ്ടാക്കുന്നു. അതിൽനിന്ന് ഇംഗ്ലീഷിലെ ടാബർനാക്കിൾ (റ്റാബർനാക്കിൾ) എന്ന വാക്കുണ്ടായി. തബ് ആണ് അതിന്റെ അടിസ്ഥാനധാതു. ഗ്രീക്കിലെ 'തം' തന്നെയാണത്. ഇംഗ്ലീഷിലെ ടേബിൾ എന്നർത്ഥമുള്ള താബുള എന്നവാക്കും തബ് എന്ന ധാതുവിൽനിന്നുണ്ടാകുന്നു.

സക്രാരി എന്ന പദവും സക്രാരിയുടെ ഉപയോഗവും പോർത്തുഗീസ് മിഷണറിമാരുടെ കാലത്താണ് കേരളത്തിൽ നടപ്പായത്. അതിനുമുമ്പ്, രോഗികൾക്ക് കൊടുക്കുന്നതിനുവേണ്ടി കുർബാന സൂക്ഷിച്ചിരുന്നുവെങ്കിലും സക്രാരി എന്ന ഒരു പെട്ടി ഉണ്ടായിരുന്നില്ല. ഏ.ഡി. 1879-ൽ ലെയൊനാർദ് മെത്രാപ്പോലീത്ത എഴുതിയുണ്ടാക്കിയ നിയമാവലിയിൽ (വരാപ്പുഴ വികാരിയാത്തിലെ കല്പനകളും നിയമങ്ങളും) കുർബാന സുക്ഷിച്ചു വയ്ക്കാൻ സക്രാരി ഉണ്ടാക്കണമെന്ന് കല്പിച്ചിട്ടുണ്ട്. തന്മൂലം അന്നോളം അത് കേരളത്തിൽ സാർവത്രികമായിരുന്നില്ല എന്നത് തീർച്ചയാണ്. പണ്ടും കേരളത്തിൽ തിരുപ്പാഥേയം നല്കേണ്ടിവരുമെന്ന് തോന്നുന്ന സന്ദർഭങ്ങളിൽ കുർബാനയപ്പം സുക്ഷിച്ചിരുന്നു. അങ്ങനെ സൂക്ഷിക്കുന്ന തിരുപ്പാഥേയത്തിന്

www.malankaralibrary.com

സ്വാദാ എന്നാണ് (സുറിയാനിയിൽ) പറഞ്ഞിരുന്നത്. "തിരുവോസ്തി തിരു രക്തത്തിൽമുക്കി പീലാസയിലാക്കി കബ്ലാനകൊണ്ട് മൂടിക്കെട്ടി പറുദീസ്ഖാ എന്നു വിളിക്കപ്പെടുന്ന പെട്ടികളിൽ മദുബഹയുടെ ഭിത്തിയിലുള്ള മൈത്തോപ്പിൽ (Recess) തൂക്കിയത്രേ സൂക്ഷിച്ചിരുന്നത്." (ഫാ. ഫാബിയൻ, കേരളത്തിലെ പൗരസ്ത്യ സുറിയാനി കത്തോലിക്കരുടെ കുർബാന, മാന്നാനം, 1953, പുറം 317) പുളിപ്പുചേർത്ത അപ്പമാണ് പണ്ട് കുർബാനയ്ക്ക് ഉപയോഗിച്ചിരുന്നത്. ദീർഘകാലത്തേക്ക് അത് സൂക്ഷിക്കാൻ സാധിക്കുകയില്ലല്ലോ, ആരാധനയ്ക്കുവേണ്ടി കുർബാനയപ്പം സൂക്ഷിക്കുന്ന സമ്പ്രദായം അന്നുണ്ടായിരുന്നില്ല. കുർബാനവച്ച് സൂക്ഷിക്കാത്ത കേരളത്തിലെ യാക്കോബായ ദേവാലയങ്ങളിൽ സക്രാരി കാണാം. കൂനംകുരിശു സത്യത്തിനുമുമ്പ് സ്ഥാപിക്കപ്പെട്ട ദേവാലയങ്ങളാണ് അവ. ഏതായാലും സക്രാരികൾ എ.ഡി. 1600-ന് ശേഷമാണ് ഇവിടെ ഉപയോഗിച്ചുതുടങ്ങിയതെന്നും 1879 വരെ അത് സാർവത്രികമായിരുന്നില്ലെന്നും വ്യക്തമാണ്.

**സങ്കീഞ്ഞ്** കാസ തുടയ്ക്കാനുള്ള തുണിയുടെ പേരാണ് സങ്കീഞ്ഞ്. ഒരു പോർത്തുഗീസ് വാക്കാണത്. പോർത്തുഗീസ്ഭാഷയിൽ സാൻഗുവെ (Sangue) എന്നതിന് രക്തം എന്നർത്ഥം. രക്തം എന്നർത്ഥമുള്ള സാൻഗുയിസ് (Sanguis) എന്ന ലത്തീൻ വാക്കിൽനിന്നാണ് അതിന്റെ വരവ്. അങ്ങനെ രക്തം ഒപ്പിയെടുക്കാനുള്ള തുണി എന്നാണ് സങ്കീഞ്ഞിന്റെ കൃത്യമായ അർത്ഥം എന്നുവരുന്നു. പവിത്രീകൃതമായ വീഞ്ഞ് യേശുവിന്റെ രക്തമാണ് എന്ന് ക്രൈസ്തവർ വിശ്വസിക്കുന്നു. തന്മൂലം കാസയിൽ പറ്റിയിരിക്കുന്ന വീഞ്ഞ് ഒപ്പിയെടുക്കാനുള്ള (തുടയ്ക്കാനുള്ള) തുണിക്കഷണത്തെ രക്തം തുടയ്ക്കാനുള്ള തുണിക്കഷണം എന്ന അർത്ഥത്തിൽ സങ്കീഞ്ഞ് എന്നുവിളിക്കുന്നു. രക്തം എന്നർത്ഥമുള്ള അസൃക് (അസൃജ്) എന്ന സംസ്കൃതപദവുമായി ബന്ധപ്പെട്ടതാണ് സാൻഗുയിസ് എന്ന ലത്തീൻപദം. ഒഴുകുക, പുറപ്പെടുക, എറിയുക എന്നൊക്കെ അർത്ഥമുള്ള അസ് എന്ന സംസ്കൃതധാതുവിൽനിന്നാണ് അസൃക് എന്ന നാമമുണ്ടാകുന്നത്. ഒഴുകുക, സഞ്ചരിക്കുക എന്നൊക്കെ അർത്ഥമുള്ള സൃ എന്ന ഒരു ധാതുവും സംസ്കൃതത്തിലുണ്ട്.

പോർത്തുഗീസ് മിഷണറിമാരുടെ കാലം മുതൽ സങ്കീഞ്ഞ് എന്ന വാക്ക് ഇവിടെ ഉപയോഗിക്കുന്നു. ലത്തീൻ ഭാഷയിൽ പുരിഫിക്കാത്തോർ (Purificator) എന്നും ഇംഗ്ലീഷിൽ പ്യൂരിഫിക്കേറ്റർ എന്നും പറയും. നിർമ്മലമാക്കുന്നത് (തുടച്ചു വൃത്തിയാക്കുന്നത്) എന്നേ ഈ പദത്തിന് അർത്ഥമുള്ളു (ഈ വാക്കു യുക്തമല്ല. തുടച്ചുമാറ്റപ്പെടുന്നത് അശുദ്ധവസ്തുക്കളാണെന്നു തോന്നിപ്പോകുമല്ലോ. വിശുദ്ധവസ്തുക്കളുടെ അംശങ്ങളാണ് തുടച്ചുനീക്കപ്പെടുന്നത്. മാർജ്ജന ശീല എന്ന വാക്കു കൊള്ളാം). ഈ വാക്കും സംസ്കൃതവുമായി ബന്ധപ്പെട്ടിരിക്കുന്നു. പൂരുസ് എന്ന ലത്തീൻ വാക്കിന് വിശുദ്ധമായത് എന്നർത്ഥം. പുരിഫിക്കാരെ എന്നതിന് വിശുദ്ധമാക്കുക എന്നും. സംസ്കൃതത്തിലെ പു എന്ന ധാതുവിൽനിന്നാണ് ലത്തീനിലെ പൂരുസ്, പൂരിഫിക്കാരെ മുതലായ വാക്കുകൾ ഉണ്ടായത്.

**സങ്കീർത്തി** ലത്തീൻ ഭാഷയിൽനിന്ന് പോർത്തുഗീസ് ഭാഷയിലൂടെ മലയാളത്തിൽ വന്നു പ്രചുരപ്രചാരം നേടിയ വാ

www.malankaralibrary.com

ക്കാണ് സങ്കീർത്തി. പോർത്തുഗീസിൽ സാക്രിസ്തിയ (Sacristia) എന്നാണ് പറയുക. ലത്തീനിലുള്ള രുപം തന്നെയാണത്. വിശുദ്ധവസ്തുക്കൾ സൂക്ഷിക്കുന്ന സ്ഥലം എന്നാണർത്ഥം. ദേവാലയത്തിലെ പൂജാപാത്രങ്ങൾ, പൂജാവസ്തുക്കൾ, തിരുവസ്ത്രങ്ങൾ മുതലായവ സുക്ഷിക്കുന്ന മുറി എന്നാണ് അതിനർത്ഥം. ദിവ്യബലിക്കായി അണിഞ്ഞൊരുങ്ങുന്ന സ്ഥലവുമാണത്. കേരളീയർ ചമയപ്പുര എന്നും സങ്കീർത്തിയെ വിളിച്ചിരുന്നു. വിശുദ്ധ വസ്തുക്കളെ സംബന്ധിച്ച സ്ഥലം എന്ന് സങ്കീർത്തിയുടെ അർത്ഥം പറയാം.

സാക്രിസ്തിയ എന്ന ലത്തീൻപദം വിശുദ്ധമായത് എന്നർത്ഥമുള്ള സാച്ചെർ എന്ന വിശേഷണത്തിൽനിന്നു വരുന്നു (സച്-സക് =വിശുദ്ധീകരിക്കുക). പവിത്രങ്ങളായി കരുതപ്പെടുന്ന വസ്തുക്കളാണല്ലോ അവിടെ സുക്ഷിക്കുന്നത്. സങ്കീർത്തിയെ സക്രാരിയും (= സക്രാരി) എന്ന് ഒരുകാലത്ത് യൂറോപ്പിൽ പറഞ്ഞിരുന്നു. അതിൻെറ കാരണം സങ്കീർത്തിയിൽ കുർബാന (പവിത്രീകൃതമായ അപ്പം) സൂക്ഷിച്ചിരുന്നു എന്നതുതന്നെ. സെക്രത്താരിയും എന്നൊരു പേരും സങ്കീർത്തിക്കുണ്ടായിരുന്നു. വേർതിരിക്കപ്പെട്ട സ്ഥലം എന്നാണ് അതിൻെറ അർത്ഥം. സെക്രെത്താരിയൂസ് എന്നതിന് വേർതിരിക്കപ്പെട്ടവൻ എന്നാണർത്ഥം. വ്യക്തിപരമായ കാര്യങ്ങൾക്കായി വേർതിരിക്കപ്പെട്ട വിശ്വസ്ത സേവകനാണ് സെക്രെത്താരിയൂസ്. ഇംഗ്ലീഷിൽ സെക്രട്ടറി എന്നു പറയും. (സെച്ചെർണെരെ = വേർതിരിക്കുക; ഛിദ് എന്ന സംസ്കൃത ധാതു കാണുക) സെക്രെത്തും എന്നതിന് വേർതിരിക്കപ്പെട്ടത്, രഹസ്യം എന്നർത്ഥം (ഇംഗ്ലീഷിൽ സീക്രെട്ട്).

സങ്കീർത്തിക്ക് ദിയാക്കോണിക്കും (diaconicum) എന്നൊരു ലത്തീൻ പേരുമുണ്ട്. ഡീക്കന്മാരുടെ സംരക്ഷണയിലുള്ള സ്ഥലമെന്നാണ് അതിൻെറ അർത്ഥം. സുറിയാനിയിൽ ബേസ്ദിയാക്കോൻ (ഡീക്കൻെറ കാര്യാലയം) എന്നാണ് പറയുന്നത്.

മധ്യകാലത്തിൻെറ ആരംഭത്തിൽ റോമിലെ ബസ്ലിക്കകളിൽ പ്രവേശന കവാടത്തിലായിരുന്നു സങ്കീർത്തി. മാർപാപ്പ അവിടെവച്ച് തിരുവസ്ത്രങ്ങളണിയുകയും ഗായകസംഘം "ഞാൻ കർത്താവിൻെറ അൾത്താരയിലേക്ക് പ്രവേശിക്കും" എന്ന് തുടങ്ങുന്ന സങ്കീർത്തനം പാടുമ്പോൾ വിശ്വാസികളോടൊപ്പം പ്രദക്ഷിണമായി അൾത്താരയിലേക്ക് പോകുകയും ചെയ്തിരുന്നു. റോമനസ്ക് എന്നറിയപ്പെടുന്ന ദേവാലയനിർമ്മാണശൈലിയുടെ കാലഘട്ടത്തിൽ (പതിനൊന്ന്, പന്ത്രണ്ട് നൂറ്റാണ്ടുകൾ) ഗായകസംഘത്തിനുള്ള സ്ഥാനത്തിനടുത്താണ് സങ്കീർത്തി നിർമ്മിച്ചിരുന്നത്. വൈദികർ സങ്കീർത്തിയിൽ സമ്മേളിച്ച് കുർബാനയ്ക്കുമുമ്പ് കാനോന നമസ്കാരം ചൊല്ലിയിരുന്നു. ഗാലിക്കൻ സഭയിൽ എ.ഡി. 6-ാം നുറ്റാണ്ടിൽ ജനങ്ങൾ തങ്ങളുടെ കാഴ്ചകൾ കുർബാനയ്ക്കുമുമ്പ് സങ്കീർത്തിയിൽ കൊണ്ടുവയ്ക്കുക പതിവായിരുന്നു. സങ്കീർത്തിയുടെ വിചാരിപ്പുകാരനെ മധ്യകാല ലത്തീനിൽ സാക്രിസ്താനൂസ് എന്നു വിളിച്ചിരുന്നു. (കപ്യാര് എന്ന വാക്ക് നോക്കുക).

***പുതിയ പദങ്ങൾ പ്രയോഗിക്കാനുള്ള കാരണം*** പണ്ട് പള്ളികളിലെ വിശുദ്ധവസ്തുക്കൾ സൂക്ഷിക്കുന്ന നിക്ഷേപാലയത്തിന് ദിയാക്കോനിയോൻ അഥവാ ദിയാക്കോനിക്കോൻ (ഡീക്ക

www.malankaralibrary.com

ൻെറ, ശെമ്മാശൻെറ, അധികാരത്തിൽപ്പെട്ടത്) ബേസ്ദിയാക്കോൻ (ബേസ് = വീട്, കാര്യാലയം) ബേസ്ഗസ്സാ (നിക്ഷേപാലയം) ബേസ്റാസേ (രഹസ്യങ്ങളുടെ ആലയം) എന്നൊക്കെ പറഞ്ഞിരുന്നു. അക്കാലത്ത് നിക്ഷേപാലയം പ്രത്യേക മുറി ആയിരുന്നുമില്ല. മദ്ബഹയുടെ വടക്കുവശത്ത് ഭിത്തിതുരന്നുണ്ടാക്കിയ അലമാരിയോ ആ ഭിത്തിയോടു ചേർത്തിടുന്ന മേശയോ പെട്ടിയോ ആയിരുന്നു നിക്ഷേപാലയം. അവിടെ തിരുപ്പാത്രങ്ങളും തിരുവസ്ത്രങ്ങളും ഗ്രന്ഥങ്ങളും മറ്റും സൂക്ഷിച്ചിരുന്നു. അവിടെ നിന്നുകൊണ്ടാണ് തിരുവസ്ത്രങ്ങൾ അണിഞ്ഞിരുന്നത്. ഏ.ഡി. 4-ാം നൂറ്റാണ്ടു മുതൽ ഇത്തരം ദിയാക്കോനിയോൻ ഉണ്ടായിരുന്നു. ആ നൂറ്റാണ്ടിൽ സിറിയയിൽ ഉണ്ടായിരുന്നുവെന്നതിന് തെളിവുണ്ട്. ഏഴാം നൂറ്റാണ്ടിൽ കാഴ്ചവസ്തുക്കൾ സ്വീകരിക്കാൻ മദ്ബഹയുടെ തെക്കുവശത്ത് ഇതുപോലെ ഒരു നിക്ഷേപാലയമുണ്ടാക്കി. അതിന് ഗ്രീക്കിൽ പ്രോത്തേസിസ് എന്ന പേരുമുണ്ടായി. 16-ാം നൂറ്റാണ്ടിൽ യൂറോപ്പിൽ പ്രത്യേക ദിയാക്കോനിയോൻ നിർമ്മിച്ചു. മദ്ബഹയുടെ പിറകുവശത്ത് പള്ളിയോട് ചേർന്ന് നിർമ്മിച്ച ആ മുറിക്കും, അതിൻെറ അധികാരിക്കും സ്വാഭാവികമായി യൂറോപ്യന്മാരുടെ മതഭാഷയായിത്തീർന്ന ലത്തീനിൽ പേരിട്ടു. ഇന്ന് കത്തോലിക്കാപള്ളികളിൽ കാണുന്ന സങ്കീർത്തിയുടെ കഥ അതാണ്.

ക്രിസ്തുമതത്തിൻെറ ആദികാലഭാഷകൾ അറമായയും (സുറിയാനി) ഗ്രീക്കുമായിരുന്നല്ലോ. മധ്യയുഗത്തിൽ ലത്തീൻഭാഷ യൂറോപ്പിൽ മതഭാഷയായിത്തീർന്നു. 1500 വരെ ഇവിടെ ഉപയോഗിച്ചിരുന്ന പദങ്ങൾ സുറിയാനിയോ ഗ്രീക്കോ ആയിരുന്നു. യൂറോപ്യൻ മിഷണറിമാർ വന്നപ്പോൾ പ്രയോഗിച്ച പദങ്ങൾ യൂറോപ്പിലെ മതഭാഷയായിക്കഴിഞ്ഞിരുന്ന ലത്തീനിലെയോ അതിൽനിന്നുണ്ടായ പ്രാദേശിക ഭാഷകളിലെയോ (പോർത്തുഗീസ്, സ്പാനിഷ്, ഇറ്റാലിയൻ, ജർമ്മൻ) പദങ്ങളാണ്. ആ പദങ്ങളുടെ അർത്ഥം മധ്യയുഗ ലത്തീൻ ഭാഷയുടെ നിഘണ്ടുക്കളിൽകാണാം. സഭാപരമായ ലത്തീൻ (Ecclesiastical Latin) ഭാഷയുടെ പദങ്ങൾ അവയിൽ ശേഖരിച്ചിട്ടുണ്ട്. ഗ്രീക്കുക്രിയകളും നാമങ്ങളും ക്രിസ്ത്യാനികൾ ലത്തീൻ ഭാഷയിലേക്ക് വ്യതിയാനങ്ങളോടെ സ്വീകരിച്ചു. അവർ ഗ്രീക്ക് ഉപയോഗിച്ചകാലത്ത് ഗ്രീക്കുപദങ്ങൾക്ക് പ്രത്യേക അർത്ഥം കല്പിച്ചാണ് ഉപയോഗിച്ചിരുന്നത്. ക്ലാസിക്കൽ ഗ്രീക്കിൻെറ നിഘണ്ടുക്കളിൽ ക്രൈസ്തവർ നല്കിയ അർത്ഥം കാണുകയില്ല. യൂറോപ്പിലെ പ്രാദേശികഭാഷകളിലുണ്ടായ ആദിമകാലപദങ്ങൾ പലതും ക്രമേണ അപ്രത്യക്ഷമായതുകൊണ്ട് ആധുനിക യൂറോപ്യൻ നിഘണ്ടുക്കളിൽ അവ കാണുകയില്ല.

നിക്ഷേപാലയത്തിന് കപ്പിത്തിയും, കപ്പിച്ചേരിയ മുതലായ പദങ്ങൾക്കുപുറമേ പ്രെസ്ബിത്തേരിയും (മദ്ബഹയിൽ വൈദികർ നില്ക്കുന്ന സ്ഥലം) എന്ന് ഗ്രാമീണ ലത്തീൻഭാഷയിലും ബേമ്മ എന്ന് ഗ്രീക്ക്ഭാഷയിലും മധ്യയുഗത്തിൽ പറഞ്ഞിരുന്നുവെന്ന് ദു കാഞ്ചേ തൻെറ നിഘണ്ടുവിൽ പറയുന്നു. കപ്പ്യാരിയൂസിന്പകരമുള്ള കപ്പിത്ത്യാരിയൂസ് (കപ്പിസ്യാരിയൂസ്) കപ്പിച്ചേരിയൂസ് എന്നീ പദങ്ങൾ പ്രയോഗിച്ചിരുന്നതിൻെറ തെളിവുകൾ മധ്യയുഗ ലത്തീൻഭാഷയുടെ നിഘണ്ടുക്കളിൽ ചേർത്തിട്ടുണ്ട്.

www.malankaralibrary.com

പടിഞ്ഞാറൻ രീതിയനുസരിച്ചുള്ള പ്രത്യേക നിക്ഷേപാലയം (സങ്കീർത്തി) യൂറോപ്യൻ മിഷണറിമാർ 1500 മുതൽ കേരളത്തിൽ നിർമ്മിച്ചു. പള്ളികൾതന്നെ പൊളിച്ച് യുറോപ്യൻ രീതിയിൽ പണിതു. 1599-ൽ പ്രത്യേക നിക്ഷേപാലയം (ചമയപ്പുര) എല്ലാ പള്ളികളിലും നിർമ്മിക്കാൻ ഉദയംപേരൂർ സൂനഹദോസിൽ കല്പിക്കുകയും ചെയ്തു. "എല്ലാ പള്ളികളിലും ചമയപ്പുരയും അതിൽ അൾമാരിയും പെട്ടകവും ഒണ്ടായിരിക്കണം. കാസായും ചെഷം ചമയങ്ങളും ചരസിപ്പാൻ. ഇപ്പൊഴത്തെ നെറ്റിക്ക് കുപ്പായവും കാസയും ചീലകളും ത്രൊണൊസുമ്മെൽ ആരും വൈക്കയും അരുത്" (6-ാം മൗത്വാ 22-ാം കാനോന) എന്നാണ് കല്പിച്ചത്. ചമയപ്പുരയുടെ അലമാരിയുടെയും പെട്ടിയുടെയും താക്കോൽ വിഗാരി സൂക്ഷിക്കണമെന്നു കല്പിക്കുകയുണ്ടായി. പക്ഷേ, അത് എന്നും കപ്പ്യാരിയൂസിന്റെ കയ്യിലായിരുന്നു.

ഇങ്ങനെ മിഷണറിമാരുടെ സ്വാധീനമുള്ള പള്ളികളിലെല്ലാം ഇന്ന് കത്തോലിക്കാപള്ളികളിൽ കാണുന്ന രീതിയിലുള്ള പ്രത്യേക ചമയപ്പുര (നിക്ഷേപാലയം) നിർമ്മിക്കപ്പെട്ടു. യൂറോപ്പിൽ 16-ാം നൂറ്റാണ്ടിലാണ് ഇത്തരം ചമയപ്പുരകൾ നിർമ്മിച്ചുതുടങ്ങിയത്. അവർ അവരുടെ നാട്ടിലെ പേര് ചമയപ്പുരയ്ക്ക് നല്കി. അതിന്റെ അധികാരിയായി അല്മായനെ നിയമിക്കേണ്ടിവന്നു. ദിയാക്കോന്മാർ (ശെമ്മാശുമാർ) ഇല്ലാത്തതുകൊണ്ടുതന്നെ. ശെമ്മാശന്മാർ ഇല്ലാത്തതുകൊണ്ട് പള്ളികളിൽ കുർബാന മുടങ്ങിയിരുന്നുവെന്ന് റോസിന്റെ നിയമാവലി 10-ാം സാഹയിൽ നിന്നറിയാം. പട്ടമുള്ള ദിയാക്കോൻ ചെയ്യുന്ന ജോലി അല്മായാ വിശ്വാസിയെ ഏല്പിക്കുകയാണുണ്ടായത്. അതുകൊണ്ട് നിക്ഷേപാലയാധികാരി എന്ന അർത്ഥം വരുന്ന കപ്പ്യാരിയൂസ് എന്ന് അയാളെ വിളിച്ചു. ദിയാക്കോന്മാരും വൈദികരും വിരളമായിരുന്ന കാലമായിരുന്നു അത്. (കപ്പിച്ചേരിയും, കപ്പ്യാര്, ചമയപ്പുര, വെസ്ട്രി, സാക്രിസ്റ്റ്യൻ എന്നീ വാക്കുകൾകൂടി നോക്കുക).

**സഹദ** ഗീവറുഗീസ് സഹദാ, എസ്തപ്പാനോസ് സഹദാ എന്നൊക്കെ കേരള ക്രൈസ്തവർ പറയാറുണ്ടല്ലോ. സഹദാ എന്ന വാക്ക് കൽദായാ സുറിയാനിയിൽ നിന്ന് മലയാളത്തിലേക്ക് വന്നതാണ്. പൗരാണികകാലം മുതൽ ക്രൈസ്തവർ ഈ വാക്ക് ഉപയോഗിച്ചു വരുന്നു. സഹദാ എന്ന വാക്കിന് സാക്ഷി, രക്തസാക്ഷി, വേദസാക്ഷി എന്നിങ്ങനെയാണർത്ഥം. രക്തസാക്ഷി എന്ന അർത്ഥത്തിലാണ് സാധാരണമായി പ്രയോഗിക്കുന്നത്. സ്ഹേദ് എന്ന ധാതുവിന് സാക്ഷ്യം നല്കി എന്നർത്ഥം (സുറിയാനി ക്രിയാധാതുക്കൾക്ക് ഭൂതകാല സൂചനയാണുള്ളത്). സഹദുസാ എന്നതിന് സാക്ഷ്യമെന്നാണർത്ഥം. സഹദാ എന്ന വാക്ക് സഹദ എന്ന്, ആകാരാന്തത്തെ, അകാരാന്തമാക്കി, പ്രയോഗിക്കുന്നു. മലയാളത്തിലേക്ക് സംസ്കൃതത്തിൽ നിന്നുകടന്നുവന്ന ആകാരാന്തപദങ്ങളെ അകാരാന്തങ്ങളാക്കിയിട്ടുണ്ടല്ലോ. ഇന്ദുലേഖാ, ലതാ എന്നിങ്ങനെയുള്ള പദങ്ങൾ ഇന്ദുലേഖ, ലത എന്നൊക്കെയാണ് നമ്മൾ ഉപയോഗിക്കുന്നത്. അതാണ് മലയാളത്തിന്റെ പ്രകൃതിക്ക് ചേർന്നത്.

സഹദാ എന്ന വാക്കിന് സുറിയാനിയിൽ സഹദേ എന്നാണ് ബഹുവചനം. മലയാളത്തിൽ സഹദമാർ എന്നു മതി. സഹദേൻ എന്നൊരു കൃത്രിമ

www.malankaralibrary.com

ഏകവചനരൂപം ഇന്ന് പ്രയോഗത്തിലുണ്ട്. അതിൽനിന്ന് സഹദേൻമാർ എന്ന പ്രയോഗവുമുണ്ടായിട്ടുണ്ട്. സുറിയാനി ക്രിസ്ത്യാനികളുടെ പുരാതന പാട്ടുകളിൽ സഹദാ എന്നപദം പ്രയോഗിച്ചിട്ടുണ്ട്. "സകലേശനരുളാൽ മംഗലംപുരിവാണു സഹദാ" (പുറം 129), "ദേവാലയമതിൽവാഴും പുണ്യസഹദാ" (പുറം 136) എന്നൊക്കെ അതിൽക്കാണാം. കൽദായാ സുറിയാനിപ്പദങ്ങൾ ധാരാളമുള്ള പുരാതന പാട്ടുകൾ ലക്ഷക്കണക്കിന് മലയാളികൾ ആഘോഷാവസരങ്ങളിൽ പാടുന്നവയാണ്. (അവയെ രാമചരിതവും രാമകഥപ്പാട്ടുംപോലെ മലയാള സാഹിത്യത്തിൻെറ ഭാഗമായിത്തന്നെ കരുതണം. നൂറ്റാണ്ടുകളിലൂടെയുണ്ടായ പകർത്തലും പരിഷ്കരിക്കലും അനഭ്യസ്തവിദ്യരുടെ കൈകാര്യവുംമൂലം അവയിൽ ഏറെ തെറ്റുകൾ കടന്നുകൂടിയിട്ടുണ്ട്).

**സാക്രിസ്റ്റ്യൻ** സാക്രിസ്റ്റ്യൻ (Sacristian) എന്ന ഇംഗ്ലീഷുവാക്ക് സങ്കീർത്തിയുമായി ബന്ധപ്പെട്ട ഒന്നാണ്. സങ്കീർത്തിയുടെ മാനേജർ എന്നാണ് അതിൻെറ അർത്ഥം.

പള്ളിയിലെ വിശുദ്ധവസ്തുക്കളും തിരുവസ്ത്രങ്ങളും മറ്റും സൂക്ഷിക്കുന്ന മുറിയെ സങ്കീർത്തിയെന്നാണല്ലോ സാധാരണമായി വിളിക്കുന്നത്. സങ്കീർത്തിയുടെ അധികാരിയെ മധ്യകാല ലത്തീൻ ഭാഷയിൽ സാക്രിസ്താനൂസ് (വിശുദ്ധസ്ഥലത്തുള്ളവൻ, വിശുദ്ധവസ്തുക്കളുടെ സൂക്ഷിപ്പുകാരൻ) എന്ന് വിളിച്ചുവന്നു. പില്ക്കാല ലത്തീനിൽ സാക്രിസ്ത എന്നായി ആ വാക്ക്. ഇംഗ്ലീഷിൽ സാക്രിസ്റ്റ്യൻ എന്നുപറയുന്നു (സാക്രിസ്റ്റ് എന്നൊരു പ്രാചീനരൂപവുമുണ്ട്). പോർത്തുഗീസ് ഭാഷയിൽ സാക്രിസ്താം എന്നാണ് പറയുന്നത്. ഈ വാക്ക് സാക്രിസ്ത എന്ന രൂപത്തിൽ കേരളീയർ ഇന്നും ഉപയോഗിക്കുന്നുണ്ട്. വിഗാരി, സങ്കീഞ്ഞ്, പർത്തീഞ്ഞ്, സക്രാരി, സങ്കീർത്തി മുതലായ പദങ്ങൾപോലെ സാക്രിസ്താം എന്ന വാക്ക് സർവസാധാരണമായില്ല. കാരണം, ശംശാന (ശെമ്മാശൻ), കപ്പ്യാർ എന്നീ പേരുകൾ ഇവിടെ പ്രതിഷ്ഠിതങ്ങളായിത്തീർന്നു.

ഇംഗ്ലീഷിൽ സാക്രിസ്റ്റ്യൻ എന്നാണല്ലോ സാധാരണമായി പറയുന്നത്. എന്നാൽ സെക്സ്റ്റൺ (Sexton) എന്നൊരു വാക്ക് കൂടിയുണ്ട്. അത് അത്ര പ്രസിദ്ധമല്ല. സെഗെർസ്റ്റയിൻ (Segerstain) എന്ന ആംഗ്ലോ-ഫ്രഞ്ച് പ്രയോഗത്തിൻെറ ചുരുക്കരൂപമാണത്. പഴയ ഫ്രഞ്ചിൽ സെക്രെസ്റ്റെയിൻ (Secrestein) എന്നും സെഗ്രെസ്റ്റെയിൻ (Segrestein) എന്നും പറഞ്ഞിരുന്നു. ഈ വികൃതരൂപങ്ങളെ സാക്രിസ്റ്റ്യൻ എന്ന് വിദ്യാസമ്പന്നർ തിരുത്തി ഉറപ്പിച്ചു. മധ്യകാല ലത്തീനിലെ സാക്രിസ്ത്യാനൂസ് ആണ് സെക്സ്റ്റൺ എന്ന ഒരു വൈരൂപ്യത്തിലെത്തിച്ചേർന്നത്. പോർത്തുഗീസ് മിഷണറിമാർ മലയാള നിഘണ്ടുക്കൾ രചിച്ചകാലത്ത് (എ.ഡി. 1500-1750) കപ്പ്യാർ എന്ന വാക്കിന് സാക്രിസ്താം എന്നാണ് അർത്ഥം കൊടുത്തത്. അർണ്ണോസ്പാതിരിയുടെയും മറ്റും നിഘണ്ടുക്കൾ കാണുക. സാക്രിസ്താം എന്നത് സാക്രിസ്താനൂസ് എന്ന വാക്കിൽനിന്നുവരുന്ന പോർത്തുഗീസ് വാക്കാണെന്നും അതിൻെറ അർത്ഥം വിശുദ്ധ സ്ഥലത്തുള്ളവൻ, വിശുദ്ധഗൃഹം ഭരിക്കുന്നവൻ എന്നിങ്ങനെയാണെന്നും സുവ്യക്തമാണല്ലോ. ഗുണ്ടർട്ട് തൻെറ നിഘണ്ടുവിൽ (എ.ഡി. 1872-ൽ) കപ്പിയാർ എന്ന വാക്കിന് സെക്സ്റ്റൺ (Sexton) എന്ന വാക്ക് അർത്ഥമായിക്കൊടുത്തു. കപ്പി

www.malankaralibrary.com

യാർ എന്ന വാക്ക് കവർ (കബർ) എന്ന സുറിയാനി വാക്കിൽനിന്നു വരുന്നു എന്നെഴുതുകയും ചെയ്തു (കബർ = ശവകുടീരം, ശവമഞ്ചം). ഇത് ഒരു തെറ്റാണെന്ന് പറയേണ്ടതില്ലല്ലോ. പില്ക്കാലത്തുണ്ടായ മലയാള നിഘണ്ടു കർത്താക്കൾ ഗുണ്ടർട്ടിന്റെ ഊഹം തന്നെ പകർത്തി. കപ്യാർ എന്ന പദത്തിന്റെ നിഷ്പത്തിയെ സംബന്ധിച്ച ഗുണ്ടർട്ടിന്റെ ഊഹം ശരിയല്ല. കവർ എന്ന വാക്കിൽ നിന്നല്ല കപ്യാർ എന്ന വാക്കുണ്ടായത്. (കപ്പിച്ചേരിയും, കപ്യാര്, ചമയപ്പുര, ബേസ്ദിയാക്കോൻ, സങ്കീർത്തി, സെക്സ്റ്റൺ, വെസ്ട്രി എന്നീ വാക്കുകൾകൂടി നോക്കുക).

**സാത്താൻ** ഹീബ്രുഭാഷയിൽനിന്നു മലയാളത്തിലെത്തിയ പദമാണ് സാത്താൻ. സാത്താനാ എന്നാണ് കൽദായാ സുറിയാനിയിൽ ആ പദത്തിന്റെ രൂപം. ദുഷ്ടാരൂപി എന്ന അർത്ഥത്തിലാണ് നാം അത് സാധാരണമായി പ്രയോഗിക്കുന്നത്. പക്ഷേ, അതിന്റെ ആദിമകാലത്തുണ്ടായിരുന്ന അർത്ഥം എതിർക്കുന്നവൻ എന്നു മാത്രമായിരുന്നു. മനുഷ്യരെപ്പറ്റിയും അതുപയോഗിച്ചിരുന്നു. ശല്യപ്പെടുത്തുക (സങ്കീ. 38:21, 71:13) കുറ്റാരോപണം നടത്തുക (സങ്കീ. 109:4, 20, 29; സഖ. 3:1) എന്നിങ്ങനെ അർത്ഥമുള്ള ഷാതൻ എന്ന ഹീബ്രു ക്രിയയിൽനിന്നുണ്ടായ പദമാണത്. അതിനോടു ബന്ധപ്പെട്ട ഷതാം എന്ന ക്രിയയ്ക്ക് വൈരാഗ്യം വച്ചുപുലർത്തുക (ഉത്പ. 27:14, 50:15) ശാരീരികമായി ആക്രമിക്കുക (ഉത്പ. 49:23) എന്നിങ്ങനെയാണർത്ഥം. ഇതിൽനിന്നുണ്ടാകുന്ന ഷാത്താൻ എന്നനാമത്തിന് എതിർക്കുന്ന മനുഷ്യൻ എന്നേ ആദിമകാലത്ത് അർത്ഥമുണ്ടായിരുന്നുള്ളു (1 സാമു. 29:4, 2 സാമു. 19:23, 3 രാജാ. 5:15, 11:14, 23, 25) ദുരാരോപണം നടത്തുന്നവൻ എന്നും അതിനർത്ഥമുണ്ട് (സങ്കീ. 109:6, എസ്ദ്രാ. 4:6).

യേശു പത്രോസിനെ സാത്താൻ എന്ന് വിളിച്ചപ്പോൾ തടസ്സം പറയുന്നവൻ, എതിർക്കുന്നവൻ, പ്രലോഭിപ്പിക്കുന്നവൻ എന്നിങ്ങനെയാണ് ഉദ്ദേശിച്ചത് (മത്താ. 16:23; മർക്കോ. 8:33) പീഡാസഹനത്തിൽനിന്ന് പിന്മാറാൻ പ്രേരിപ്പിക്കുന്നവൻ, ദൈവികപദ്ധതിയെ തകർക്കാനുള്ള ദുഷ്ടാരൂപിയുടെ പരിശ്രമത്തെ പിൻതാങ്ങുന്നവൻ എന്നിങ്ങനെ യേശു ഉദ്ദേശിച്ചു. പാപംമൂലം അധഃസ്ഥിതി പ്രാപിച്ച മാലാഖമാരെയും ഈ വാക്കുപയോഗിച്ചു വിളിച്ചുവരുന്നു.

ഷാത്താൻ എന്ന ഹീബ്രു പദം ഗ്രീക്കുഭാഷയിലും ഉപയോഗിക്കുന്നു (സാത്താനാസ്, സാത്താൻ എന്നിങ്ങനെ). ആ ഭാഷയിൽ ദുഷ്ടാരൂപി എന്നർത്ഥം വരുന്ന മറ്റൊരു പദമുണ്ട്. ദിയാബോളോസ് എന്നാണത്. അത് ലത്തീനിൽ ദീയാബോളൂസ് എന്നുരൂപം മാറി. അതിൽനിന്നാണ് ഡെവിൾ (devil) എന്ന ഇംഗ്ലീഷ്പദം വരുന്നത്. പരദൂഷണം പറയുന്നവൻ, രണ്ടുതരത്തിൽ പറയുന്നവൻ (ഇരുനാക്കൻ), എതിർത്തുപറയുന്നവൻ എന്നൊക്കെ അതിനർത്ഥമുണ്ട്. സാത്താൻ എന്ന അർത്ഥത്തിൽ പിശാച് എന്ന സംസ്കൃതപദവും മലയാളത്തിൽ പ്രയോഗിക്കുന്നുണ്ട്.

**സാപ്രേന്മാർ** നിയമജ്ഞൻ, വേദപണ്ഡിതൻ എന്നിങ്ങനെ അർത്ഥമുള്ള സാപ്രാ എന്ന കൽദായാ സുറിയാനി പദത്തിന്റെ ബഹുവചനരൂപമാണ് സാപ്രേ. അതിനോട്-ൻ മാർ എന്നു മലയാളികൾ കൂട്ടിച്ചേർത്തിരിക്കുന്നു. 1811-ലെ ബൈബിൾ വിവർത്തനത്തിൽ സാപ്രേന്മാർ എന്നാണ് പ്രയോഗം (മത്താ. 9:3). പിൽ

www.malankaralibrary.com

ക്കാല വിവർത്തനങ്ങളിൽ ശാസ്ത്രികൾ, നിയമജ്ഞർ എന്നൊക്കെക്കാണാം.

ഹീബ്രുവിലെ സൊഫെറ് എന്ന വാക്കാണ് സുറിയാനിയിൽ സാപ്രേ എന്നായത്. സെപ്ര എന്ന സുറിയാനി പദത്തിന് എഴുത്ത്, പുസ്തകം, ലേഖനം, വായന, എഴുത്തുവിദ്യ, സംസാരം, ഭാഷ എന്നിങ്ങനെയും സാപ്രാ എന്നതിന് വേദജ്ഞാനി, എഴുത്തുകാരൻ, ഉപാധ്യായൻ എന്നിങ്ങനെയും അർത്ഥമുണ്ട്. എഴുത്തുകാരൻ, എഴുത്തുകളിൽ പാണ്ഡിത്യമുള്ളവൻ എന്നിങ്ങനെ അർത്ഥംവരുന്ന സ്ക്രീബാ (scriba) എന്ന വാക്കാണ് ലത്തീൻ ഭാഷയിൽ പ്രയോഗിക്കുന്നത്.

വേദഗ്രന്ഥത്തിലെ ആദ്യത്തെ അഞ്ചു പുസ്തകങ്ങളെ മോശയുടെ നിയമം എന്നു വിളിക്കാറുണ്ട്. ലത്തീനിൽ ലക്സ് (lex) എന്നും സുറിയാനിയിൽ നാമ്മോസ എന്നുമാണ് നിയമത്തിന് പറയുക. വേദഗ്രന്ഥത്തെ നിയമഗ്രന്ഥമായിക്കരുതുന്നതുകൊണ്ട് നിയമജ്ഞർ എന്നും സാപ്രേ എന്ന പദം വിവർത്തനം ചെയ്തിരിക്കുന്നു. 'പ്രീശന്മാരും സാപ്രേന്മാരും' എന്നൊരു ശൈലി മലയാളത്തിലുണ്ട്. രണ്ടുകൂട്ടരും നിയമവ്യാഖ്യാനം കൊണ്ടും തർക്കംകൊണ്ടും പൊറുതിമുട്ടിക്കുന്നവരായി കരുതപ്പെട്ടിരുന്നല്ലോ (ഫരിസേയരെ സുറിയാനിയിൽ പ്രീശേ എന്നുപറയുന്നു. ആ വാക്ക് മലയാളത്തിൽ പ്രീശന്മാർ എന്നായി).

**സിനഗോഗ്** ബൈബിളിലൂടെ കേരളീയർക്ക് സുപരിചിതമായ ഒരു ഗ്രീക്ക് പദമാണ് സിനഗോഗ്. ഗ്രീക്കുഭാഷയിൽ സിനഗോഗെ എന്നാണ് പദരൂപം. സുനഗോഗെ എന്നാണ് നിഷ്കൃഷ്ടമായ ഉച്ചാരണം. ഈ പദം യഹൂദർ പില്ക്കാലത്ത് ഉപയോഗിച്ചുപോന്നു. പിൽക്കാല ഹീബ്രുവിലെ പദമായ കെനെഷെത് എന്ന പദത്തിൻെറ ഗ്രീക്കു വിവർത്തനമാണത്. പഴയനിയമത്തിൻെറ ഗ്രീക്കുവിവർത്തനം (സെപ്ത്വാജിന്ത്) വഴിയാണ് ഈ പദം പ്രചാരത്തിലായത്.

പ്രാർത്ഥനാലയം, സമ്മേളനസ്ഥലം, സമ്മേളനം, കൂട്ടം എന്നൊക്കെയാണ് ഈ വാക്കുകൊണ്ട് ഉദ്ദേശിക്കുന്നത്. യഹൂദർക്ക് ലോകത്തിൽ ഒരു ദേവാലയമേ ഉള്ളൂ. അതിനെ അവർ ഹീബ്രുവിൽ കഹാൽ (Kahal) എന്നുവിളിക്കുന്നു. എന്നാൽ പ്രാർത്ഥിക്കാനും സമ്മേളിക്കാനും വേണ്ടി നാടുതോറും നിർമ്മിച്ച സാധാരണ ആലയങ്ങളാണ് സിനഗോഗുകൾ അഥവാ കെനെഷെത്തുകൾ.

അറമായ ഭാഷയിൽ ബേത് കെനിശ്ത്താ എന്നാണ് സിനഗോഗിനു പറഞ്ഞിരുന്നത്. കൽദായാ സുറിയാനിയിൽ ക്നുശ്ത്താ എന്നും പറഞ്ഞിരുന്നു. ആദിമക്രൈസ്തവരുടെ പ്രാർത്ഥനാലയങ്ങൾക്ക് ബേസ് ക്നുശ്യാ (സമ്മേളനഭവനം) എന്നായിരുന്നു പേര്.

യഹൂദർ ഹീബ്രുവിൽ ദേവാലയത്തിന് പറഞ്ഞിരുന്ന കഹാൽ എന്ന പദം അക്കാദിയൻ ഭാഷയിലെ എകല്ലു (= വലിയവീട്) എന്ന വാക്കിൽനിന്നുണ്ടായതാണ്. സുമേറിയൻ ഭാഷയിൽ എ-ഗാൽ എന്നാണ് പറഞ്ഞിരുന്നത്. സിനഗോഗുകൾ പ്രാർത്ഥനയ്ക്കും മതപരമായ പ്രബോധനത്തിനും പ്രാഥമിക വിദ്യാഭ്യാസത്തിനും അതിഥിശുശ്രൂഷയ്ക്കും ഉപയോഗിച്ചിരുന്നു.

സിനഗോഗെ എന്ന പദം ഗ്രീക്കിലെ സിൻ (സുൻ) എന്ന ഉപസർഗ്ഗവും അഗേയിൻ (agein) എന്ന ക്രിയയും ചേർന്നുണ്ടായതാണ്. സുൻ അഥവാ സിൻ എന്ന ഉപസർഗ്ഗത്തിന് കൂടെ എന്നാണർത്ഥം. സംസ്കൃതത്തിലെ സ, സഹ

www.malankaralibrary.com

എന്നിവയുടെ വ്യത്യസ്ത രൂപങ്ങളാണവ. അഗെയിൻ എന്ന ക്രിയയ്ക്ക് നയിക്കുക, കൊണ്ടുവരുക എന്നിങ്ങനെയാണർത്ഥം. അഗ് ആണ് അതിൻെറ ധാതു. സംസ്കൃതത്തിൽ ഈ ധാതു വിവിധ രൂപങ്ങളിലുണ്ട് (അഗ്, അക്, അഘ്, അങ്ക്, അംഘ്, അച്, അഞ്ജ്, എന്നൊക്കെ). അഗൊഗെ എന്നതിന് കൊണ്ടുവരൽ, നയിക്കൽ എന്നിങ്ങനെയാണ് ഗ്രീക്കിൽ അർത്ഥം. സിനഗോഗെ എന്നതിന് ഒന്നിച്ചുകൊണ്ടുവരൽ എന്നാണ് പ്രാഥമികാർത്ഥം. സമ്മേളനം എന്നും സമ്മേളനസ്ഥലമെന്നും അതിന് അർത്ഥമുണ്ടായി (സൂനഹദോസ് എന്ന പദം കൂടി കാണുക). ലത്തീൻഭാഷയിൽ സിനഗോഗ (Synagoga) എന്നാണ് പ്രയോഗം. മറ്റ് യൂറോപ്യൻ ഭാഷകളിലും ഈ വാക്കുണ്ട്. ഉദാ: ഇംഗ്ലീഷിൽ സിനഗോഗ്.

സിനഗോഗിന് കൂട്ടമിടം (= കൂടാനുള്ള ഇടം) എന്നാണ് 1811-ലെ ബൈബിൾ വിവർത്തനത്തിൽ കാണുന്നത്. "എന്നാൽ നമ്മുടെ ലൊകരെ അവൻ സ്നേഹിക്കുന്നു. അതിന്മണ്ണം കൂട്ടമിടവും നമുക്കവൻ പണിയിച്ചു" (ലൂക്കാ 7:5) എന്ന് അതിൽ കാണാം. പിൽക്കാല വിവർത്തനങ്ങളിൽ ഈ വാക്ക് "പള്ളി" (സത്യവേദപുസ്തകം), "ജപസ്ഥാനം" (മഞ്ഞുമ്മൽ വിവർത്തനം), "സംഘാലയം" (വടവാത്തൂർ വിവർത്തനം) എന്നൊക്കെ വിവർത്തനം ചെയ്തു. പി.ഒ.സി. ബൈബിളിൽ സിനഗോഗ് എന്നുതന്നെയാണ് പ്രയോഗം.

**സിഞ്ചെല്ലൂസ്** രൂപതാഭരണത്തിൽ മെത്രാനെ സഹായിക്കുന്ന വ്യക്തിയാണ് സിഞ്ചെല്ലൂസ് (Syncellus). പടിഞ്ഞാറൻ സഭയിൽ വികാരി ജനറാൾ ചെയ്യുന്ന ജോലി കിഴക്കൻ സഭയിൽ സിഞ്ചെല്ലൂസു ചെയ്യുന്നു. കിഴക്കൻ സഭകളിൽ സന്ന്യാസിമാരെയാണ് മെത്രാന്മാരായി വാഴിച്ചിരുന്നത്. അവർ തങ്ങളുടെ കൂടെ മറ്റൊരു സന്ന്യാസിയെക്കൂടി താമസിപ്പിച്ചിരുന്നു. ആശ്രമത്തിലെന്നപോലെ കൂട്ടായ്മയുടെ ജീവിതം നയിക്കാനായിരുന്നു അത്. അങ്ങനെ കൂടെത്താമസിക്കുന്ന സന്ന്യാസി മെത്രാൻെറ സെക്രട്ടറിയും സഹായിയുമായി ജോലിചെയ്തുവന്നു. ഗ്രീക്കുഭാഷയിൽ സുൻകെലോസ് (സിൻകെല്ലോസ്) എന്നായിരുന്നു അദ്ദേഹത്തെ വിളിച്ചിരുന്നത്. ഒരേ അറയിൽ (മുറിയിൽ) താമസിക്കുന്നവൻ എന്നാണ് ആ വാക്കിൻെറ അർത്ഥം. ക്ലാസ്സിക്കൽ ഗ്രീക്ക്, ക്ലാസ്സിക്കൽ ലത്തീൻ എന്നീ ഭാഷകളുടെ നിഘണ്ടുക്കളിലോ സാഹിത്യങ്ങളിലോ ഈ വാക്ക് കാണുകയില്ല. ക്രിസ്ത്യാനികൾ സൃഷ്ടിച്ച ഒരു പദമാണിത്.

സുൻകെല്ലോസ് എന്ന വാക്ക് ലത്തീൻ ഭാഷയിൽ സിൻചെല്ലൂസ് എന്നായി. ഗ്രീക്കിൽ 'ഓസ്' എന്ന പ്രത്യയത്തിൽ അവസാനിക്കുന്ന വാക്കുകളെ ലത്തീൻഭാഷയിൽ ഊസ് പ്രത്യയത്തിൽ അസാനിപ്പിക്കുന്നു. ഗ്രീക്കിലെ കകാരം ലത്തീനിൽ ചകാരമായിമാറുന്നു. ഗ്രീക്കിൽ താലവ്യ വ്യഞ്ജനങ്ങൾ (ച, ഛ, ജ, ഝ, ഞ, ശ) ഇല്ല. താലവ്യങ്ങൾക്ക് ലിപികളുമില്ല. ആൻഗെലോസ് എന്ന വാക്ക് ആൻചെലോസ് എന്ന് ഉച്ചരിക്കാറുണ്ട്. ലത്തീനിൽ അത് ആഞ്ചെലൂസ് എന്നാണ് (ഇംഗ്ലീഷിൽ എയ്ഞ്ചൽ). എഴുതുന്നത് 'ഗ'കാരം ഉപയോഗിച്ചാണ് (angelus, angel). ലത്തീനിൽ C എന്ന ലിപിക്ക് ചിലപ്പോൾ (താലവ്യ സ്വരത്തിന് മുമ്പിൽ വരുമ്പോൾ) ചകാരോച്ചാരണമുണ്ട്. പണ്ട് അത് എല്ലായിടത്തും 'ക്' എന്നുതന്നെയാണ് ഉച്ചരിച്ചിരുന്നത്. ലത്തീനിൽ K എന്ന ലിപിയില്ല. ഗ്രീക്കിലെ K

www.malankaralibrary.com

ഉള്ള വാക്കുകളെല്ലാം ലത്തീൻകാർ C ഉപയോഗിച്ചെഴുതുന്നു. ഗ്രീക്കിലെ കകാരം ലത്തീനിൽ ചകാരമായും ഇംഗ്ലീഷിൽ സകാരമായും മാറുന്നതിൻെറ ധാരാളം ഉദാഹരണങ്ങൾ നമുക്ക് സുപരിചിതമാണല്ലോ. സംസ്കൃതത്തിലെ കേസരി ഗ്രീക്കിൽ കൈസരി (മത്താ. 22:17) എന്നും ജർമ്മനിൽ കൈസർ (Kaiser) എന്നും ലത്തീനിൽ ചേസർ (Caesar) എന്നും ഇംഗ്ലീഷിൽ സീസർ എന്നും ഇറ്റാലിയനിൽ ചേസരെ എന്നുമായിത്തീർന്നിരിക്കുന്നു. തലയോട് എന്നർത്ഥമുള്ള കപാലം എന്ന സംസ്കൃതപദം ഗ്രീക്കിൽ കെഫാലോസ് എന്നും ലത്തീനിൽ ചെഫാലൂസ് എന്നും ഇംഗ്ലീഷിൽ സെഫാലസ് എന്നുമായി. സംസ്കൃതത്തിൽ കകാരം താലവ്യമാകുന്നുണ്ട്. വാക്, ദിക്, ദൃക് എന്നീ വാക്കുകൾ വച്, ദിശ്, ദൃശ് എന്നിങ്ങനെ മാറുന്നുണ്ടല്ലോ.

സുൻകെലോസ് എന്നത് ഒരു സമസ്തപദമാണ് - ഗ്രീക്കിലെ സുൻ എന്ന ഉപസർഗ്ഗവും കെലോസ് എന്ന വിശേഷണവും. സുന്, സിമ്, കോം, കും, കോൺ എന്നിങ്ങനെ യൂറോപ്യൻ ഭാഷകളിൽ കാണുന്ന ഈ ഉപസർഗ്ഗം സംസ്കൃതത്തിലെ സ, സഹ, സം, സമ് എന്നീ രൂപങ്ങളിൽ കാണപ്പെടുന്നതുതന്നെയാണ്. കൂടെ എന്നാണർത്ഥം. സാഹചര്യമനുസരിച്ച് അത് രൂപം മാറുന്നു. സുന്നഹദോസ്, കോൺഗ്രിഗാസിയോ, കൊമ്മൂണിയോ, കമ്യൂണിയൻ, സിംഫൊണി, സിൻതെസിസ് മുതലായ വാക്കുകൾ നോക്കുക.

കെല്ലോസ് എന്ന പദം ഗ്രീക്കിലെ കലിയാസ് (ഇയോണിയൻ ഭാഷയിൽ കലിയ) എന്നതിൽനിന്നു വരുന്ന വിശേഷണമാണ്. ആ വാക്കിന് കുടില്, അറ, സ്റ്റോർ, മരംകൊണ്ടുണ്ടാക്കിയ വീട് എന്നൊക്കെ അർത്ഥമുണ്ട്. ലത്തീനിൽ ഈ പദം ചെല്ല എന്നായി. ലത്തീനിൽ ചെല്ലാരിയൂസ് എന്നതിന് സ്റ്റോറിൻെറ മാനേജർ എന്നർത്ഥമാണ്. ചെലാരെ എന്ന ക്രിയയ്ക്ക് ഒളിച്ചിരിക്കുക എന്നാണർത്ഥം. ലത്തീനിലെ ചെല്ല എന്ന പദം ഇംഗ്ലീഷിൽ സെൽ (Cell) എന്നായി. 17-ാം നൂറ്റാണ്ടിനുശേഷം ജീവശാസ്ത്രപരമായ ഒരർത്ഥം അതിനു കിട്ടി (ജൈവഘടകം എന്ന്). ചെറിയ മുറി എന്നാണ് ആദിമാർത്ഥം. ചെറിയ അറകളുള്ള പെട്ടിക്കും മലയാളത്തിൽ ചെല്ലം (ചെല്ലുവം) എന്ന പേരു വന്നത് റോമൻ വ്യാപാരികളിൽനിന്നാണ്. ഏ.ഡി. 1-ാം നൂറ്റാണ്ടിനുമുമ്പ് ഇവിടെ കുടിയേറിയ പദമാണത്. ചെല്ലുല എന്നതിന് ചെറിയ പെട്ടിയെന്നും ചെറിയ സ്റ്റോർമുറി എന്നുമാണർത്ഥം.

**സിമ്മോണിയ (സിമ്മോനിയ, സിമോനിയ)** "സിമ്മൊനിയ എന്നത് ലുബ്ധിൽനിന്നു പിറക്കുന്നതും ശുദ്ധമാക്കപ്പെട്ട വസ്തുക്കളെ അശുദ്ധമാക്കുന്നതും...... വിലക്കപ്പെട്ടതുമായ എത്രയും കനമായ പാപമാകുന്നു" (വരാപ്പുഴ വിഗാരിയാത്തിലെ കല്പനകളും നിയമങ്ങളും, മഞ്ഞുമ്മൽ, 1879, പുറം 33). ഈ കല്പനയിൽ പരാമർശിക്കുന്ന സിമ്മൊനിയ (സിമ്മോണിയ) വിശുദ്ധ വസ്തുക്കളുടെ (വരദാനങ്ങളുടെ) വിൽക്കലും വാങ്ങലുമാണ് സൂചിപ്പിക്കുന്നത്. ശെമയോൻ (സീമോൻ) എന്നയാൾ ശ്ലീഹന്മാരിൽനിന്ന് ദിവ്യശക്തി പണംകൊടുത്തു വാങ്ങിക്കാമെന്ന് വിചാരിച്ചു (അപ്പ. 8:18-25). അയാളുടെ പേരിൽനിന്ന് ഈ പദമുണ്ടായി. സീമോനെ സംബന്ധിച്ചത് എന്ന അർത്ഥത്തിൽ സിമോണിയും (Simonium) എന്ന് ലത്തീനിൽ പറയുന്നു. ശിമയോൻ എന്നത് ലത്തീ

www.malankaralibrary.com

നിൽ സീമോൻ എന്നായി. സുറിയാനിയിലെ ശകാരം ഗ്രീക്ക്, ലത്തീൻ മുതലായ ഭാഷകളിൽ സകാരമായിത്തീരുന്നതുകൊണ്ടാണ് സിമോണിയും എന്ന് ലത്തീനിൽ പറയുന്നത്.

ഈ പദം പണ്ടു മുതലേ കേരള ക്രൈസ്തവരുടെയിടയിൽ പ്രയോഗിച്ചിരുന്നു. "സിമോനിയ എന്ന ദോഷം ഉണ്ടാകായ്‌വാനും" (5-ാം മൗത്വാ 14-ാം കാനോന); "സിമ്മൊനായാ എന്ന പിഴയും" (4-ാം മൗത്വാ, കുമ്പസാരത്തെക്കുറിച്ച്, 9-ാം കാനോന); "സിമ്മുനയക്കാർക്ക് ശുദ്ധമാനപള്ളി കല്പിച്ച പ്രാശ്യത്വം ഇങ്ങനത്തെ മുതൽ വാങ്ങുന്നവർക്ക് അനുവദിപ്പിതും ചെയ്യും" (3-ാം യോഗവിചാരം 11-ാം കാനോന) എന്നിങ്ങനെ ഉദയംപേരൂർ സൂനഹദോസിൻെറ കാനോനകളിൽ കാണാം. പിൽക്കാലങ്ങളിൽ എഴുതപ്പെട്ട ധർമ്മശാസ്ത്രഗ്രന്ഥങ്ങളിലും ഈ പ്രയോഗമുണ്ട്. സിമോനിയ, സിമ്മോണിയ, സിമ്മൊനായാ എന്നൊക്കെ വിവിധ രൂപങ്ങളിൽ ഇത് കാണപ്പെടുന്നുണ്ട്. ഇംഗ്ലീഷിൽ സൈമണി (Simony) എന്നാണ് പറയുന്നത്.

**സുവാറക്കാലം** ദൂത് അറിയിക്കൽ (സന്ദേശം നല്കൽ) എന്നാണ് സുവാറ എന്ന കൽദായ സുറിയാനി പദത്തിൻെറ അർത്ഥം. ദൂത് അറിയിക്കലിന് പ്രാധാന്യം നല്കുന്ന കാലഘട്ടത്തെ സുവാറക്കാലമെന്ന് വിളിക്കുന്നു. മംഗളവാർത്തക്കാലമെന്നും പറയാറുണ്ട്. യേശുവിൻെറ പിറവിയെപ്പറ്റിയുള്ള സന്ദേശം ഗബ്രിയേൽ മാലാഖ മറിയത്തോട് അറിയിച്ച സംഭവത്തെ അനുസ്മരിക്കുന്നതുകൊണ്ട് ഈ പേരുവന്നു. ആരാധനാവത്സരം ഈ കാലത്തോടെയാണ് ആരംഭിക്കുന്നത്. യേശുവിൻെറ പിറവിയുടെ അനുസ്മരണം ഈ കാലഘട്ടത്തിലാണ്. അതുകൊണ്ട് ഇതിനെ ആഗമനകാലമെന്നും വിളിക്കാറുണ്ട്.

എ.ഡി. 1599-ലെ ഉദയംപേരൂർ സൂനഹദോസിൻെറ ഒരു കാനോനയിൽ ഇങ്ങനെ പറയുന്നു: "സുവാറാടെ ഒന്നാം ഞായറാഴ്ച തൊട്ട് പതിമൂന്നാം പെരുന്നാൾ കടപ്പൊളം അമ്പത് നൊയമ്പിൻെറ തലൈ നൊയമ്പ് കടന്നുവരുന്ന ബുധനാഴ്ച നാൾ തൊട്ട് പുതുഞായറാഴ്ച കടപ്പോളം കല്യാണം തെമരിച്ച ആടരുത എന്ന നസ്രാണികളുടെ കൂട്ടത്തിൻെറ പഴെ മരിയാതി ശുദ്ധമാന സൂനഹദോസ് കൈക്കൊള്ളുന്നു" (ഉദയംപേരൂർ സൂനഹദോസ് കാനോനകൾ, പെംകെട്ടന്ന കൂദാശമെൽ ഒള്ളപൊരുൾ, 9-ാം കാനോന).

**സൂനഹദോസ്** ഗ്രീക്കു ഭാഷയിൽ നിന്ന് സുറിയാനിയിലൂടെ മലയാളത്തിലേക്കു വന്ന ഒരു വാക്കാണ് സൂനഹദോസ്. ഗ്രീക്കിൽ സിനാദൊസ് (സിൻ = ഒരുമിച്ച്, ഹോദോസ് = വഴി) എന്ന പദത്തിന് സമ്മേളനം എന്നാണർത്ഥം. സുറിയാനിയിൽ ഈ പദം സ്വീകരിക്കപ്പെട്ടു. സൂനഹദോസ്, സൂനോദോസ്, സൂനനദോസ് എന്നിങ്ങനെ പല രൂപങ്ങളിലും അത് സുറിയാനിയിൽ കാണപ്പെടുന്നു. മലയാളത്തിലേക്ക് സൂനഹദോസ് എന്ന സുറിയാനി രൂപമാണ് സ്വീകരിക്കപ്പെട്ടിട്ടുള്ളത്. വൈദികമേലധ്യക്ഷന്മാർ മാത്രം നടത്തുന്ന സമ്മേളനത്തെയും വിശ്വാസികളും വൈദികരും വൈദികമേലധ്യക്ഷന്മാരും കുടി നടത്തുന്ന സമ്മേളനത്തെയും സൂനഹദോസ് എന്നു പറയും, ലത്തീനിൽ കൊൺചിലിയും (കോൺ = ഒരുമിച്ച്, കലാരെ = വിളിക്കുക) എന്ന വാക്കാണ് ഉപയോഗിക്കുക. അതിൽനിന്നാണ് കൗൺസിൽ (Council) എന്ന ഇംഗ്ലീഷ് പദമുണ്ടായത്.

www.malankaralibrary.com

ഈ പദം കൂടാതെ ഗ്രീക്കിലെ സിനൊദൊസ് എന്നതിൽനിന്നുണ്ടായ സിനഡ് (Synod) എന്ന പദവും ഇംഗ്ലീഷിൽ ഉപയോഗിക്കാറുണ്ട്.

**സൂർപിലിസ്** മുട്ടിനുമുകളിൽവരെ എത്തുന്ന ഒരു വെള്ളക്കുപ്പായമാണ് സൂർപിലിസ്. പോർത്തുഗീസ് മിഷണറിമാരാണ് അതിവിടെ പ്രചരിപ്പിച്ചത്. "വിശേഷിച്ചും മാമ്മൊദിസാ മുക്കുംപൊൾ മുക്കുന്ന വൈദികൻ സുർപ്പിലിസ് എന്ന വെള്ളക്കുപ്പായവും ഊറാറയും ഇടുകയും വെണം" എന്ന് ഉദയംപേരൂർ സുനഹദോസ് കാനോനയിലുണ്ട് (3-ാം യോഗവിചാരം, 3-ാം കാനോന). സൂനഹദോസിൽ കൂടിയവർക്ക് കുർബാനക്കല്ല്, സൈത്ത്, സൈത്ത് സൂക്ഷിക്കാനുള്ള പാത്രങ്ങൾ, മലയാളത്തിൽ എഴുതിയ വേദപാഠപുസ്തകം എന്നിവയ്ക്കു പുറമേ സൂർപിലിസും മെത്രാപ്പോലീത്താ നല്കുകയുണ്ടായി. "കൂദാശകളെ പ്രവൃത്തിക്കുംപോൾ പെരുമാറുവാൻ ഇ എടവകയിൽ ഇ മരിയാത ഇല്ലാഞ്ഞു. കുറുബാനക്കുപ്പായങ്ങൾ ഇട്ടുതാൻ അതകൂടാതെ താൻ മുമ്പിൽ ചൈയ്തുഞായം" (ibid. കാനോന 7-ാം മൗത്വാ 19-ാം കാനോന). റോസ് മെത്രാൻ ക്രോഡീകരിച്ച നിയമാവലിയിലും ഈ കുപ്പായം നിർബന്ധിതമാക്കി. മാമ്മോദീസാ, കുമ്പസാരം മുതലായ കൂദാശകൾ പരികർമ്മം ചെയ്യുമ്പോൾ സൂർപിലിസും ഊറാലയും (ഊറാറ) ഉപയോഗിക്കുന്ന രീതി അങ്ങനെ 1599-ൽ തുടങ്ങിയെന്ന് വ്യക്തമാണ്.

സൂപ്പെർ പെല്ലെചിയും (Super pellecium) എന്ന ലത്തീൻ സമസ്തപദത്തിൽ നിന്നുണ്ടായ പോർത്തുഗീസ് വാക്കാണ് സുർപിലിസ്. സൂപ്പെർ എന്നതിന് മുകളിലുള്ള, പുറമേ ഉപയോഗിക്കുന്ന എന്നൊക്കെയാണർത്ഥം. പെല്ലെച്ചിയും എന്നതിന് വസ്ത്രം, കുപ്പായം എന്നർത്ഥമാണ്. മുഴുകുപ്പായത്തിൻെറ പുറമേ (മീതേ) ഉപയോഗിക്കുന്ന കുപ്പായമെന്നാണ് സാരം. സൂപ്പർ എന്ന വാക്കിലെ 'പെ' ലോപിക്കുക സാധാരണമാണ്. ലത്തീനിലെ സൂപ്പെർപ്ലുസ് (superplus) എന്നത് ഇംഗ്ലീഷിൽ സർപ്ലസ് (surplus) എന്നാകും. സൂപ്പർറീയലിസം എന്നത് സർറീയലിസം (surrealism) എന്നായി. പെല്ലെച്ചിയും എന്നതിന് തുകലിനെ സംബന്ധിച്ച എന്നാണ് നിഷ്കൃഷ്ടാർത്ഥം. പെല്ലിച്ചിയാ എന്നതിന് രോമംകൊണ്ടുള്ള വസ്ത്രം എന്നർത്ഥം (പെല്ലിസ് = തുകൽ). മധ്യകാല യൂറോപ്പിൽ തണുപ്പു തടയാൻ ഉപയോഗിച്ചിരുന്ന വസ്ത്രമാണത്. സ്പാനിഷിൽ സോബ്രെപെല്ലിസ് (sobrepelliz) എന്നും ഇറ്റാലിയനിൽ സൂപ്പെർപെല്ലിച്ചിയോ (superpellicio) എന്നും പോർത്തുഗീസിൽ സൂർപ്പിലിസ് (surpilis) എന്നും പറയുന്നു (മോറീസ് എന്ന വാക്കുകൂടി നോക്കുക).

**സെക്സ്റ്റൺ** പ്രോട്ടസ്റ്റൻറ് സഭാവിഭാഗങ്ങളിൽ ചിലർ സാക്രിസ്റ്റ്യൺ (കപ്യാർ) എന്നതിനുപകരം സെക്സ്റ്റൺ (sexton) എന്നാണ് പറയുക. അതൊരു ഇംഗ്ലീഷ് പദമാണ്. പ്രോട്ടസ്റ്റൻറ് മിഷണറിമാർ വന്നതിനുശേഷം മാത്രം (1800- നു ശേഷം) കേരളത്തിൽ പ്രയോഗിക്കപ്പെട്ടതുമാണ്.

വിശുദ്ധ വസ്തുക്കൾ കൈകാര്യം ചെയ്യുന്നവൻ, വിശുദ്ധ വസ്തുക്കളുടെ മേൽനോട്ടം വഹിക്കുന്നവൻ എന്നിങ്ങനെ അർത്ഥമുള്ള സാക്രിസ്താനൂസ് എന്ന ലത്തീൻ പദത്തിൽനിന്നാണ് അതുണ്ടായിട്ടുള്ളത്. ആ ലത്തീൻ പദത്തിൽനിന്നുതന്നെയാണ് പോർത്തുഗീസിൽ സാക്രിസ്താം (സാക്രിസ്ത്യാവോ

www.malankaralibrary.com

എന്നാണെഴുതുന്നത്) എന്ന പദമുണ്ടായതും. സാക്രിസ്താവിൻെറ മേൽനോട്ടത്തിലുള്ള "ചമയപ്പുര"യ്ക്ക് സാക്രിസ്തി എന്ന പേര് കേരളത്തിൽ 16-ാം നൂറ്റാണ്ടുമുതൽ പറഞ്ഞുവരുന്നു. കത്തോലിക്കാ സാഹിത്യത്തിൽ സാക്രിസ്റ്റ്യൻ എന്ന ഇംഗ്ലീഷു വാക്കും സാക്രിസ്താനുസ് എന്ന ലത്തീൻ വാക്കും സാക്രിസ്ത എന്ന പോർത്തുഗീസു വാക്കും മാത്രമേ ഉണ്ടായിരുന്നുള്ളു. യൂറോപ്പിൽ പ്രോട്ടസ്റ്റൻറുകാർ സെക്സ്റ്റൺ എന്നുപയോഗിച്ചത് (16-ാം നൂറ്റാണ്ടിനുശേഷം) അവർ പ്രോട്ടസ്റ്റൻറുകാരായതുകൊണ്ടു മാത്രമല്ല, അവരുടെ ഭാഷ (ഇംഗ്ലീഷ്) ഫ്രഞ്ചിൻെറ സ്വാധീനത്തിൽ പെട്ടതായതുകൊണ്ടുമാണ്.

സാക്രിസ്താനുസ് എന്ന ലത്തീൻ പദം പഴയ ഫ്രഞ്ചിൽ Secrestein എന്നും ആംഗ്ലോ ഫ്രഞ്ചിൽ Segerstaine എന്നും മദ്ധ്യകാല ഇംഗ്ലീഷിൽ Segerstane എന്നും രൂപം മാറി. അവസാനം Sexton-ൽ ചെന്നു നിന്നു. ഓക്സ്ഫോർഡ് നിഘണ്ടു 1911-ൽ ആ വാക്കിനു നല്കുന്ന നിർവചനം "പള്ളിയുടെയും പള്ളിപ്പരിസരത്തിൻെറയും ചാർജ്ജു വഹിക്കുന്ന ഉദ്യോഗസ്ഥൻ" എന്നാണ്. യൂറോപ്പിൽ പ്രോട്ടസ്റ്റൻറുകാരുടെ സെക്സ്റ്റൺ കണക്കൻെറയും കുഴിവെട്ടുകാരൻെറയും ജോലികുടി നോക്കാറുണ്ടെന്ന് ആ നിഘണ്ടു പ്രസ്താവിച്ചിട്ടുണ്ട്. പക്ഷേ, നമ്മുടെ നാട്ടിലെ സാക്രിസ്റ്റ്യന്മാർ അത്തരം തൊഴിലുകൾ ചെയ്യുന്നവരല്ല. പ്രോട്ടസ്റ്റൻറു സഭകളിലെ സെക്സ്റ്റണും കത്തോലിക്കാ, യാക്കോബായ മുതലായ സഭകളിലെ സാക്രിസ്റ്റ്യനും (കപ്പ്യാർ) തമ്മിൽ ജോലിയിലും സ്ഥാനമഹിമയിലും അധികാരത്തിലും അജഗജാന്തരമുണ്ട്. നമ്മൾ ഉദ്ദേശിക്കുന്ന തരത്തിലുള്ള തിരുക്കർമ്മങ്ങൾപോലും പല പ്രോട്ടസ്റ്റൻറ് സഭാവിഭാഗങ്ങളിലുമില്ലല്ലോ. ഇന്ന് കേരളത്തിൽ ശുശ്രൂഷി എന്ന പദം അവർ ഉപയോഗിച്ചുതുടങ്ങിയിട്ടുണ്ട്. പ്രോട്ടസ്റ്റൻറ് സഭകൾ ഉണ്ടായതോടെ സാക്രിസ്റ്റ്യൻെറ ജോലിക്ക് മാറ്റംവന്നു. വാക്കിൻെറ അർത്ഥവും മാറി. സ്കെയിറ്റിൻെറ നിരുക്ത നിഘണ്ടുവിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട് (കപ്പിച്ചേരിയും, കപ്പ്യാര്, ചമയപ്പുര, ബേസ് ദിയാക്കോൻ, സങ്കീർത്തി, സാക്രിസ്റ്റ്യൻ, വെസ്ട്രി എന്നീ വാക്കുകൾ കൂടി നോക്കുക).

**സെമിത്തേരി** സിമിത്തേരി, സെമിത്തേരി, ചെമിത്തേരി എന്നൊക്കെ മലയാളത്തിലും സെമിത്തേരിയോ എന്ന് പോർത്തുഗീസിലും സെമിട്രി എന്ന് ഇംഗ്ലീഷിലും പറയപ്പെടുന്ന വാക്ക് ഗ്രീക്കിൽനിന്ന് വരുന്നതാണ്. കൊയ്മെത്തേരിയോൺ (Koimeterion) എന്നാണ് ഗ്രീക്കുഭാഷയിലെ പദം. ലത്തീൻ ഭാഷയിൽ അത് കൊയെമെത്തെരിയും (Coemeterium) എന്നായി. ഗ്രീക്കിലെ കകാരം ലത്തീനിൽ ചകാരമായി. ഒ, എ എന്ന അക്ഷരങ്ങൾ ഒന്നു ചേർന്ന് ഏ എന്നായി. അങ്ങനെ ചെമെത്തേരിയും എന്ന് ഉച്ചരിക്കപ്പെടാനും തുടങ്ങി. ലത്തീനിലെ ചകാരം ഇംഗ്ലീഷിൽ സ ആയിത്തീരും. ത എന്നതിന് റ്റ, ട എന്നൊക്കെ ഉച്ചാരണം വരുകയും ചെയ്യും. അങ്ങനെയാണ് ഇംഗ്ലീഷിൽ സെമിട്രി എന്നായത്. സംസ്കൃതത്തിലെ കേസരി എന്ന വാക്ക് ലത്തീനിൽ ചേസർ എന്നും ജർമ്മനിൽ കൈസർ എന്നും, ഇംഗ്ലീഷിൽ സീസർ എന്നും രൂപപ്പെട്ടല്ലോ. കെൽട്ടിക്ക് എന്ന വാക്ക് ഇംഗ്ലീഷിൽ Celtic എന്നാണല്ലോ ഇപ്പോൾ എഴുതുന്നത് (ഇംഗ്ലീഷിൽ C എന്ന അക്ഷരം സ്, ച്, ക്, ഖ് മുതലായവയ്ക്കുവേണ്ടി പ്രയോഗിക്കു

www.malankaralibrary.com

ന്നതുകൊണ്ട് ഇംഗ്ലീഷ് നിഘണ്ടുവിൽ ക, ച, സ മുതലായ വിഭാഗങ്ങളിൽ വരേണ്ട വാക്കുകൾ C എന്ന വിഭാഗത്തിൽ പെടുത്തേണ്ടിവന്നു. കെൽറ്റിക്, സെൻറർ, ചാൻസലർ മുതലായവ ഒന്നിച്ചു കിടക്കുന്നു!). സുറിയാനി ഭാഷയിൽ ഈ ഗ്രീക്ക് വാക്ക് ഉപയോഗിക്കുന്നുണ്ട്. കോമെത്തേറിയോൺ എന്നാണ് പ്രയോഗം.

കൊയ്മെത്തെറിയോൺ എന്നതിന് ഉറങ്ങുന്ന സ്ഥലം എന്നാണർത്ഥം. ഗ്രീക്കിൽ കൊയ്മാൻ എന്നതിന് ഉറങ്ങുക എന്നർത്ഥം. കൊയ്ത്തായി എന്നതിന് അവൻ കിടക്കുന്നു എന്നും. സംസ്കൃതത്തിലെ ശേതേ എന്നതിന് ഇതേ അർത്ഥമാണുള്ളത് (ശ കാരം ഗ്രീക്കിൽ ക കാരമായി മാറുന്നു). ശേതേ എന്നത് കെയ്ത്തായി എന്നായിത്തീരുന്നു! ശീ എന്ന സംസ്കൃത ധാതുവിന് കിടക്കുക, ഉറങ്ങുക എന്ന രണ്ടർത്ഥമുണ്ട് (ശയിക്കുക, ശയ്യ, ശയനം മുതലായവ കാണുക). ശ, സ, ച, ക എന്നിവ മാറിമാറി വരുക ഇൻഡോ ആര്യൻ ഭാഷകളിൽ പതിവാണ്.

സെമിത്തേരി എന്ന വാക്ക് മരണത്തെ സംബന്ധിച്ചുള്ള മഹോന്നതമായ ഒരർത്ഥമാണ് ധ്വനിപ്പിക്കുന്നത്. മരണം ഉറക്കമാണെന്നും വീണ്ടും ഉണരുമെന്നും (പുനരുത്ഥാനമുണ്ടാകുമെന്നും) അത് ഓർമ്മിപ്പിക്കുന്നു. പട്ടട, ചുടുകാട്, ശവകുടീരം, ചിത മുതലായ വാക്കുകൾ നാശത്തെയും ഭീതിയെയും ജനിപ്പിക്കുന്നു. സെമിത്തേരി വിശ്രമസ്ഥലമാണ്. അവിശ്വാസിക്ക് മരണവും, മൃതസംസ്കാരവും ഭീതിജനകവും പ്രതിഷേധാർഹവുമാണ്. റോമിലെ ഒരു പ്രാചീന ശവകുടീരത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു: "Manus lebo deum qui me innocentem sustulit. Orelli 4793". എൻെറ നിർമ്മലതയിൽ എന്നെ തട്ടിയെടുത്ത ദൈവത്തിനെതിരേ ഞാൻ എൻെറ കൈകൾ ഉയർത്തുന്നു. ഒരെല്ലി, 4793 എന്നാണ് ആ വാചകത്തിൻെറ അർത്ഥം. ഇരുപതുവയസ്സുള്ള ഒരു യുവതിയുടെ ശവകുടീരത്തിലാണാ ലിഖിതം. ക്രൈസ്തവർക്കാകട്ടെ, മരണം ഭീതിജനകമോ പ്രതിഷേധാർഹമോ അല്ല. അത് പ്രത്യാശാപൂർണ്ണമാണ്.

റോമിലെ അവിശ്വാസികൾ മൃതശരീരം ദഹിപ്പിക്കുമ്പോൾ ക്രിസ്ത്യാനികൾ അത് മറവുചെയ്യുന്നു. ബാഹ്യവും ആന്തരികവുമായ കാരണങ്ങളുണ്ട് അതിന്. ഭൂമിയിൽ മറവുചെയ്യുന്നതിന് ഇന്തെരാരെ (ഇൻ = ഉള്ളിൽ, തേറ = ഭൂമി) എന്നാണ് പറഞ്ഞിരുന്നത്. പല ജനവിഭാഗങ്ങളും മൃതശരീരസ്പർശനം അശുദ്ധപ്രവൃത്തിയായിക്കരുതി. യഹൂദരും റോമാക്കാരും ഭാരതീയരും (മനുവിൻെറ നിയമസംഹിത 5.64) അങ്ങനെ വിചാരിച്ചിരുന്നു. അതേസമയം കൂദാശകളാൽ വിശുദ്ധമാക്കപ്പെട്ട ശരീരമെന്ന അർത്ഥത്തിൽ ക്രൈസ്തവർ മൃതശരീരങ്ങളെ ചുംബിച്ചിരുന്നു. രക്തസാക്ഷികളുടെ ശവകുടീരങ്ങൾക്കടുത്ത് (കാറ്റക്കൂംപ്സ്) സംസ്കരിക്കപ്പെടുക ഒരു ഭാഗ്യമായിട്ടാണ് ആദിമക്രിസ്ത്യാനികൾ കരുതിയിരുന്നത്. നാലാം നൂറ്റാണ്ടിൻെറ അവസാനത്തിലാണ് രക്തസാക്ഷികളുടെ ഭൗതികാവശിഷ്ടങ്ങൾ ബസ്ലിക്കകളിലേക്ക് മാറ്റിയത്. അന്നുമുതൽ ബസ്ലിക്കകളുടെ പരിസരത്തും പിന്നീട് ഭിത്തികൾക്കുചുറ്റും മൃതസംസ്കാരം നടത്തിവന്നു. ഒൻപതാം നൂറ്റാണ്ടിനുശേഷം ദേവാലയങ്ങൾക്കുള്ളിലും സംസ്കരിച്ചുവന്നു. മുസ്ലിങ്ങളും അവരുടെ പള്ളികൾക്കുചുറ്റുമാണ് മൃതശരീരങ്ങൾ സംസ്കരിക്കുന്നത്.

www.malankaralibrary.com

മരിച്ചവരെ ഇടവകപ്പള്ളികളുടെ പരിസരത്ത് അടക്കുന്നതുകൊണ്ട് അവരെ അനുസ്മരിക്കാനും അവർക്കുവേണ്ടി പ്രാർത്ഥിക്കാനും എളുപ്പമായി. ദേവാലയസാന്നിധ്യം നിത്യജീവൻെറ പ്രത്യാശ നിലനിറുത്താൻ സഹായിച്ചു. ഒരു പ്രത്യേക വളപ്പിനുള്ളിൽ മൃതസംസ്കാരം നടത്തുക എന്ന സമ്പ്രദായം പില്ക്കാലത്തുണ്ടായതാണ്. അത്തരം വളപ്പുകളെ സെമിത്തേരിയും എന്ന് വിളിച്ചുവന്നു. അവിടെ ഒരു കുരിശ് സ്ഥാപിക്കുക എന്നത് നിർബന്ധമാണ്. സെമിത്തേരി ഒരു വിശുദ്ധസ്ഥലമായി എന്നും കരുതപ്പെടുന്നു. പട്ടട (പടുക = നശിക്കുക), കട്ട (ശവദാഹത്തിനുവേണ്ടി കൂട്ടിയ വിറക്, വിറകു കൂട്ടിയ സ്ഥലം), ചിത (ദഹിപ്പിക്കുന്നിടം), ചുടുകാട് മുതലായ പ്രയോഗങ്ങൾതന്നെ അന്ത്യത്തെക്കുറിക്കുന്നു. പുത എന്നൊരു വാക്ക് പഴയ മലയാളത്തിലുണ്ട്. അവർണർ തങ്ങളുടെ മൃതരെ സംസ്കരിക്കുന്ന സ്ഥലത്തിന് പറയുന്ന പേരാണത്. പൂഴ്ത്തുക എന്ന ധാതുവിൽനിന്നുണ്ടായതുമാണ്. ഈ വാക്ക് ക്രൈസ്തവർ ഉപയോഗിക്കാറില്ല. ശ്മശാനം എന്നതിന് മൃതശരീരം ദഹിപ്പിക്കാൻ കിടത്തുന്ന ഉയർന്ന സ്ഥലമെന്നാണർത്ഥം. അസ്ഥികൾ കുഴിച്ചിടുന്ന സ്ഥലമെന്നും അർത്ഥമുണ്ട് (ശ്മശൻ = ശരീരം, ശയനം= കിടപ്പ്). ഇപ്പറഞ്ഞ വാക്കുകളെക്കാൾ ഉചിതവും അർത്ഥപൂർണ്ണവുമായിട്ടുള്ളത് സെമിത്തേരി എന്ന വാക്കാണ്. സെമിത്തേരി എന്ന പ്രയോഗം മലയാളത്തിൽ നടപ്പിലായത് പോർത്തുഗീസ് ഭാഷയിലെ സെമിത്തേരിയോ എന്ന വാക്കിൻെറ പ്രയോഗം മൂലമാണ്.

ഇന്നത്തേതുപോലുള്ള മൃതസംസ്കാരസമ്പ്രദായം ഉദയംപേരൂർ സൂനഹദോസിൻെറ കാലം (1599) മുതലാണ് സാധാരണമായത്. ആ സുനഹദോസിൻെറ കാനോനയിൽ (6-ാം മൗത്വാ, 26-ാം കാനോന) പറയുന്നു: "കുടികളിൽ ഇരിക്കുന്നവര ചെലര മരിച്ചാൽ അവരുടെ ചവം പള്ളികളിൽ കൊണ്ടുവരുവാൻ ഉത്സാഹം ഇല്ലായ്മകൊണ്ടും ചിലർ റൂശ്മാ ഇല്ലാത്തെടത്ത പട്ടക്കാരരെയും കൂടാതെ അടക്കുന്നതിനെക്കൊണ്ടും ശുദ്ധമാന സൂനഹദോസ് പ്രമാണിക്കുന്നു മരിക്കുന്നവരിടെ ഒടയവര എം കിലും വീട്ട ഒടയവര എംകിലും അനെകം ദൂരം പള്ളിക്കൽ ചവം കൊണ്ടുവരുവാൻ എംകിലും പള്ളിക്ക അരികെ കൊണ്ടുവന്നെ മതിയാവൂ എന്ന. ചെതം ആയി ഒരിടത്ത അവുടെ പട്ടക്കാരൻ സൂർപ്പിലീസ എന്ന കുപ്പായവും ഊറാറയും ഇട്ട പള്ളീലെ കുരിശും എടുപ്പിച്ച ഹന്നുദായും ചൊല്ലി ചെന്നു ചവം കൊണ്ടുവന്ന അടക്കുകയും വെണം. ഇവണ്ണം വിഗാരിമാര എല്ലാവരൊടും ചൈതെ മതിയാവൂ. ഏതും തരുവാൻ ഇല്ലാത്തവര എംകിലും കണക്കെ ചകം ആരാനും ദൂരെന്നു അടക്കുവാൻ കൊണ്ടുവരുമ്പൊൾ പട്ടക്കാരൻ അവുടെ ഇല്ലാഎംകിലും അവുടെ ഉടനെ എത്തുവാൻ തക്കെടത്ത അല്ലെംകിലും എണങ്ങര അവിടത്തൊളം കൂടെക്കൂടി തങ്ങൾ അറിഞ്ഞ നമസ്കാരങ്ങളും ചൊല്ലി നമസ്കരിച്ച തംപുരാനൊട അപേക്ഷിച്ചുകൊണ്ട പള്ളിയിൽ താൻ പൊറത്ത റൂശ്മാ ഒള്ള എടത്തിൽ എംകിലും താൻ അടക്കുകയും വെണം. മെൽപറഞ്ഞവണ്ണം ശ്രമിച്ച ദൂരത്തെ ചകം പള്ളിക്കൽ കൊണ്ടുവരാതെ റൂശ്മാനെലത്ത അല്ലാതെ അടക്കുന്നവരെ വഴിയെ കുറ്റപ്പടുക്കുകയും വെണം." (റൂശ്മ ഇല്ലാത്തെടം = വെഞ്ചെരിക്കാത്ത സ്ഥലം; ഹന്നുദാ= അന്നീദാ; എണങ്ങര്

www.malankaralibrary.com

= വിശ്വാസികൾ; റൂശ്മാനെലത്ത = വെഞ്ചെരിച്ച സ്ഥലത്ത്; ശ്രമിച്ച് = കഷ്ടപ്പെട്ട് ; കണക്കെ = അതുപോലെതന്നെ).

കേരളീയ ക്രിസ്ത്യാനികളുടെ പുരാതന ശവസംസ്കാര രീതിയെപ്പറ്റി ഫാ. പ്ലാസിഡ് പറയുന്നു: "മൃതശരീരം ഭൂമിദാനം ചെയ്യപ്പെട്ടിരുന്നു. പ്രത്യേകമൊരു വളപ്പല്ലായിരുന്നു സിമിത്തേരി. പള്ളിക്കു ചുറ്റുമാണ് കബറിടങ്ങൾ കുഴിച്ചിരുന്നത്. ശവസംസ്കാരത്തിൽ ധാരാളം ആളുകൾ കൂടിയിരുന്നു" (നമ്മുടെ റീത്ത്, മാന്നാനം, 1944, പുറം 42). ചാവറയച്ചൻെറ ചരിത്രത്തിൽനിന്ന് അദ്ദേഹം ഉദ്ധരിക്കുന്നു: "പള്ളികളിൽ സിമിത്തേരി വേണമെന്നും ആയതിൽ ശവമടക്കണമെന്നും കുമ്പസാരക്കൂട് ഉണ്ടാക്കണമെന്നും കൊമ്പിരിയാ (Confraternity) ഉണ്ടാക്കണമെന്നും മറ്റുമുള്ള ചട്ടം ഇദ്ദേഹം (മിലേസ്യോ പ്രംതർഗാസ്ത എന്ന വരാപ്പുഴ വികാരി അപ്പസ്തോലിക്ക) കല്പിച്ചു. അതിനുമുമ്പ് സിമിത്തേരിയും കുമ്പസാരക്കൂടും ലത്തീൻ പള്ളികളിലും ഇല്ലായിരുന്നു" (പുറം 72).

ഇന്നത്തെ രീതിയിൽ മൃതസംസ്കാരം നടത്തുവാനുള്ള കല്പനയും അതിനുള്ള ക്രമവും റോസ് മെത്രാൻ 1606-ൽ എഴുതിയ നിയമാവലിയിലുമുണ്ട്. പണ്ടത്തെ മാർത്തോമ്മാ ക്രിസ്ത്യാനികൾ എല്ലാവരും എന്തുകൊണ്ടാണ് പള്ളിക്കു ചുറ്റുമുള്ള വെഞ്ചെരിച്ച സ്ഥലത്ത് അടക്കാതിരുന്നത് എന്നൊരു ചോദ്യമുണ്ടാകാം. പള്ളികളിലേക്കുള്ള ദൂരം, വഴികളുടെ അഭാവം, വസൂരി, കോളറ, മലമ്പനി മുതലായവകൊണ്ടുള്ള കൂട്ടമരണം എന്നിവയും വൈദികരുടെയും പള്ളികളുടെയും അഭാവവും ദൗർലഭ്യവും ആണ് അതിൻെറ കാരണം. ഇതുമൂലമാണ് പള്ളികളില്ലാത്ത പല നാടുകളിലും കുഴിമാടപ്പള്ളികളും കുഴിമാടങ്ങളും ഉണ്ടായത്. അന്ന് മൃതശരീരം ദേവാലയങ്ങളിലേക്ക് കൊണ്ടുപോവുക അസാധ്യമായിരുന്നു. ഹൈന്ദവർ മൃതശരീരങ്ങൾ ക്ഷേത്രപരിസരത്തേക്ക് കൊണ്ടുപോകാറില്ല. യഹൂദരും അങ്ങനെ ചെയ്യുന്നില്ല. യേശുക്രിസ്തുവിനെ സംസ്കരിച്ചത് ഗാഗുൽത്തായ്ക്കടുത്തു കണ്ട ഒരു പുതിയ കല്ലറയിലാണല്ലോ. ഈ പരമ്പരാഗത പതിവ് നസ്രാണികളിലും സ്വാധീനം ചെലുത്തിയിരുന്നുവെന്ന് വിചാരിക്കുന്നതിൽ തെറ്റില്ല. ക്രൈസ്തവ കുടുംബങ്ങൾക്ക് സ്വന്തം സെമിത്തേരിയുണ്ടായിരുന്നു എന്ന് 16-ാം നൂറ്റാണ്ടിൽ വിദേശീയർ എഴുതിയിട്ടുണ്ട്. ഏതായാലും ഉദയംപേരൂർ സൂനഹദോസിനുമുമ്പ് ഇന്നത്തേതുപോലെ സെമിത്തേരിയോ സെമിത്തേരിയിൽ അടക്കണമെന്ന നിയമമോ ഉണ്ടായിരുന്നില്ല. വൈദികരെക്കൂടാതെ മൃതസംസ്കാരം നടത്തുമ്പോൾ ഒരു ആബുൻദ്വശ്മയ്യ(സ്വർഗ്ഗസ്ഥനായ)യും ചൊല്ലി "മണ്ണിൽനിന്നെടുത്തു മണ്ണിലേക്ക് മടങ്ങും" എന്നുച്ചരിച്ചുകൊണ്ട് മണ്ണുനുള്ളി ഇട്ടിരുന്നു എന്ന് പരമ്പരാഗതമായി പറഞ്ഞുവരുന്നു. കുഴിമാടങ്ങളിൽ കുരിശ് സ്ഥാപിക്കുകയും വിളക്കുവയ്ക്കുകയും പ്രാർത്ഥിക്കുകയും ചെയ്തുവന്നു. കേരളത്തിൽ സെമിത്തേരിയുണ്ടാക്കാൻ അനുവാദം വാങ്ങണമെന്ന ഗവൺമെൻറിൻെറ കല്പന 1949 ജൂൺ 21-നാണുണ്ടായത് (ഗസറ്റ് Roc No 704/49 Pol). പല കുടുംബങ്ങളുടെയും കുഴിമാടങ്ങളും കുരിശും പില്ക്കാലത്ത് പൊതുപള്ളികളായിത്തീർന്നു (വണ്ടമറ്റം, മാറിക, പാഴൂർ, കോട്ടൂർകുരിശ് മുതലായവ).

**സെമിനാരി** സെമിനാരിയും (Seminarium) എന്ന ലത്തീൻ വാക്കാണ് സെമിനാരി, സെമ്മനാരി എന്നൊക്കെ മലയാ

www.malankaralibrary.com

ളത്തിൽ പറയപ്പെടുന്നത്. പോർത്തുഗീസ് മിഷണറിമാർ വരുന്നതിനുമുമ്പ് വൈദികപരിശീലനം നല്കുന്ന സ്ഥാപനങ്ങൾ ദേവാലയങ്ങളോടുചേർന്നാണ് നടത്തിയിരുന്നത്. മദ്രസ്ത, മല്പാൻ വീട്, പട്ടത്തുവീട്, പഠിത്വവീട് എന്നൊക്കെ പറയുന്നത് പുരാതനകാല സെമിനാരികളെയാണ് (മല്പാൻ എന്ന സുറിയാനി വാക്കിന് ഗുരു, ആചാര്യൻ, വിജ്ഞാനി എന്നൊക്കെ അർത്ഥം). സെമിനാരിയും എന്ന ലത്തീൻ വാക്ക് അർത്ഥസംപുഷ്ടമായ ഒന്നാണ്. വിത്തു പാകുന്നിടം എന്നാണ് അതിൻെറ വാച്യാർത്ഥം. മലയാളത്തിലെ ഞാറ്റടി (നെൽവിത്തു പാകി മുളപ്പിച്ച് പറിച്ചു നടാറാകുവോളം പ്രത്യേക പരിചരണം നല്കി വളർത്തുന്ന സ്ഥലം) എന്ന വാക്കിനു തുല്യമാണത്. ലത്തീൻ ഭാഷയിൽ സെമെൻ എന്നതിന് വിത്ത് എന്നും സെമിനാരിയും എന്നതിന് വിത്തു വിതയ്ക്കാനുള്ള സ്ഥലം എന്നുമാണ് അർത്ഥം. സെമിനാരെ എന്ന ലത്തീൻ ക്രിയയ്ക്ക് ജനിപ്പിക്കുക, ഉത്പാദിപ്പിക്കുക എന്നൊക്കെ അർത്ഥമുണ്ട്. സെമെൻ എന്ന വാക്കിൻെറ പ്രാചീനരൂപം സാമെൻ എന്നാണ്. ജനിപ്പിക്കുക എന്നർത്ഥമുള്ള സാ എന്ന പ്രാചീന ലത്തീൻ ധാതുരൂപത്തിൽനിന്നുണ്ടായ നാമപദവുമാണത്. സംസ്കൃതത്തിലെ സൂ എന്ന ധാതുവുമായി അതിന് ബന്ധമുണ്ടെന്ന് പറയേണ്ടതില്ലല്ലോ.

അങ്ങനെ സെമിനാരി എന്ന വാക്കിന് നട്ടുവളർത്തുന്നിടം, വിത്തു വിതയ്ക്കുന്നിടം, ഉത്പാദിപ്പിക്കുന്നിടം എന്നൊക്കെ അർത്ഥമുള്ളതുകൊണ്ട് കോളേജ്, പാഠശാല എന്നിവയെക്കാൾ ഉചിതമാണത്. കോളേജ് എന്നതിന് കൂട്ടം (സംഘം) എന്നേ അർത്ഥമുള്ളു. പഠിക്കുന്നിടം എന്നേ പാഠശാലയ്ക്ക് അർത്ഥമുള്ളു. വിദ്യയുടെ, ജ്ഞാനത്തിൻെറ ഉത്പാദനം, വ്യക്തിപരവും സൂക്ഷ്മവുമായ പരിചരണം, സമഗ്രമായ പരിശീലനം എന്നൊക്കെയുള്ള അർത്ഥം സെമിനാരി എന്ന വാക്ക് ദ്യോതിപ്പിക്കും. ഇംഗ്ലീഷിലെ സെമിനാർ എന്ന പദവും സെമിനാരിയും എന്ന വാക്കിൽനിന്നുണ്ടായതാണ്. വിദ്യാസമ്പന്നരായ വ്യക്തികൾ ഒരു പ്രത്യേക വിഷയത്തെപ്പറ്റി കൂടുതൽ അറിവുനേടാൻ ഒരദ്ധ്യാപകൻെറ കീഴിൽ പഠിക്കുന്നതിനെയാണല്ലോ സെമിനാർ എന്ന് പറയുന്നത്. എ.ഡി. 1850 വരെ യുവതികൾക്കുള്ള സ്കൂൾ എന്ന അർത്ഥത്തിലും സെമിനാരി (ഇംഗ്ലീഷ്) എന്ന വാക്ക് ഉപയോഗിച്ചിരുന്നു.

**സൊരാലിക്കുക (സുരാലിക്കുക)** ഭാരതത്തിലെ പ്രഥമ യാത്രാവിവരണഗ്രന്ഥമായ വർത്തമാനപ്പുസ്തകത്തിൽ (ഏ.ഡി. 1786) പാറേമ്മാക്കൽ തോമ്മാ കത്തനാർ ഇങ്ങനെ എഴുതുന്നു: "മുമ്പുറത്ത് സൊരാലിപ്പുള്ള അഴി ഇട്ടിരിക്കുന്ന ഒരു മുറി തുറന്നു.... എത്രയും വിശെഷമായിട്ട് പൊൻസൊരാലിച്ചു ഉണ്ടാക്കി ഇരിക്കുന്ന പൊക്കം കുറഞ്ഞ ഒരു കട്ടിലിൻമേൽ നല്ല പട്ടുശീലകളും വിരിച്ചു.... പൊൻ സൊരാലിപ്പുള്ള എത്രയും മാണിക്കമായ കുപ്പായങ്ങളും ഇടുവിച്ച് ആ കട്ടിലിന്മേൽ കിടത്തിയിരിക്കുന്നതും...." (ജനതാ പ്രസിദ്ധീകരണം, തേവര, 1977, പുറം 160). കൂടാതെ, മറ്റൊരിടത്ത് അദ്ദേഹം എഴുതുന്നു: "പൊന്നു സുരാലിച്ച ഇരുമ്പഴികൾ എറിഞ്ഞിരിക്കുന്നതും." (പുറം 116). ഇറ്റലിയിലെ ബിത്തെർബോ എന്ന നഗരത്തിലെയും (പുറം 160) പോർത്തുഗലിലെ ലിസ്ബണിലെയും (പുറം 116) വിവരണങ്ങൾ എഴുതുമ്പോഴാണ് ഈ വാക്കുകൾ ഉപയോഗിക്കുന്നത്.

www.malankaralibrary.com

സൊരാലിക്കുക, സുരാലിക്കുക എന്നിങ്ങനെ എഴുതിയിട്ടുള്ള ഈ ക്രിയയുടെ അർത്ഥം പൊന്നുപൂശുക, പൊന്നുകൊണ്ട് പൊതിയുക (ഗിൽഡിടുക, ഗിൽഡ് ചെയ്യുക) എന്നിങ്ങനെയാണ്. സൊരാലിപ്പ് ഒരു ക്രിയാനാമമാണ്. ഈ വാക്ക് ഇറ്റാലിയൻ ഭാഷയിൽനിന്നാണ് വരുന്നത്. പൊന്നു പൂശുന്ന കല ഇറ്റലിയിലാണ് ഏറ്റവും വ്യാപകവും പ്രശസ്തവുമായിരുന്നത്. അതുകൊണ്ടാണ് ആ ഭാഷയിലെ വാക്ക് ലോകവ്യാപകമായത്.

കേരളത്തിലെന്നല്ല ഇൻഡ്യയിൽ ത്തന്നെ, പൊന്നു പൂശുന്ന സമ്പ്രദായം പോർത്തുഗീസ് മിഷണറിമാരുടെ കാലത്താണ് തുടങ്ങിയത്. പൗരാണികകാലത്ത് ചൈനയിലും ഈജിപ്തിലും ഗ്രീസ്സിലും പൊൻപൂശൽ പണിയുണ്ടായിരുന്നു. ഗ്രീക്കുകാരിൽനിന്ന് ആ വിദ്യ റോമാക്കാർ നേടി. റോമിൽ അത് ഏറെ വ്യാപകവും വികസിതവുമായി. ഇറ്റലി, സ്പെയിൻ, പോർട്ടുഗൽ എന്നീ രാജ്യങ്ങളിൽ 15-ാം നൂറ്റാണ്ടോടെ പൊൻപൂശൽ സാധാരണമായി. മിഷണറിമാർ ഇവിടെ ദേവാലയങ്ങളിൽ പൊന്നു പൂശിയ തിരിക്കാലുകളും ഭാരം കുറഞ്ഞ പലകയിൽ നിർമ്മിച്ച പൂച്ചെണ്ടു (ബൊക്കെ)കളും പണിയിച്ചു. തമിഴ്നാട്ടിലാണ് കനം കുറഞ്ഞ മരംകൊണ്ടുള്ള പണികൂടുതലായി നടന്നിരുന്നത്. എ.ഡി. 1600-ൽ നിർമ്മിച്ച തിരിക്കാലുകളും (കത്തിസാൾ) ബൊക്കെകളും (റംശേത്തി) പൂപ്പാത്രങ്ങളും (വെന്തൊസ) നാനൂറുവർഷം കഴിഞ്ഞിട്ടും പൊന്നിൻെറ തിളക്കവുമായി പ്രാചീന ദേവാലയങ്ങളിൽ നിലനില്ക്കുന്നു. അക്കാലത്ത് രൂപങ്ങളും ചിത്രങ്ങളും അഴികളും മറ്റും പൊന്നുപൂശിയിരുന്നു.

സൊരാലിക്കുക അഥവാ സുരാലിക്കുക എന്ന ക്രിയയുടെ നിഷ്പത്തി പരിശോധിക്കാം. ഇറ്റാലിയൻ ഭാഷയിൽ ദൊരാരെ (dorare) എന്നും ഇൻദൊരാരെ (Indorare) എന്നും രണ്ടു ക്രിയകളുണ്ട്. പൊന്നുകൊണ്ട് പൊതിയുക, പൊന്നു പൂശുക എന്നാണ് ഈ ക്രിയകളുടെ അർത്ഥം. ദൊരാരെ എന്ന ക്രിയ മലയാളത്തിൽ സൊരാലിക്കുക എന്നായി ത്തീർന്നു. ദ കാരം സ കാരമാവുക സർവ്വസാധാരണമാണ്. സെമിറ്റിക്ക് ഭാഷകളിൽ പ്രത്യേകിച്ചും. സുറിയാനി അക്ഷരമാലയിലെ അന്ത്യാക്ഷരമായ താവ് ചില സാഹചര്യങ്ങളിൽ സാ എന്നുച്ചരിക്കുന്നത് ഇതിന് ഒരുദാഹരണമാണ് (മാമ്മോദീത്താ എന്നത് മാമ്മോദീസാ എന്നും ഉച്ചരിക്കും). മലയാളത്തിൽ മൂത്തത് മൂസ്സതാകുന്നതും ഐകമത്യം അയിമോസ്ത്യമാകുന്നതും ഒരുമിച്ച് സൊരുമിച്ചാകുന്നതും എല്ലാം കാണുമ്പോൾ സകാരമാക്കാനുള്ള പ്രവണത മലയാളിക്ക് ഏറെയുണ്ടെന്ന് ബോധ്യമാകും. അങ്ങനെ, ദൊരാരെ എന്നത് മലയാളത്തിൽ സൊരാലി എന്നായി. ദോർ എന്നതാണ് ആ ക്രിയയിലെ ധാതു. ആരെ എന്നത് കേവലക്രിയാ (infinitive) രൂപത്തിൻെറ അടയാളമാണ്. ആശീർവദിക്കുക എന്നർത്ഥമുള്ള ബെൻസെർ എന്ന പോർത്തുഗീസ് ക്രിയ വെഞ്ചെരിക്കുക എന്നായിത്തീരുന്നതുപോലെ, ഈ ക്രിയ സൊരാലിക്കുക എന്നായിത്തീർന്നു. ഇറ്റാലിയൻ വാക്കുകൾ മലയാളത്തിൽ നടപ്പായ 16-ാം നൂറ്റാണ്ടിലെ ആളുകൾ പറഞ്ഞുവന്ന രീതി അതാണ്. ദൊരാർ (dorar) എന്ന ക്രിയ സ്പാനിഷ് ഭാഷയിലും ഉപയോഗിക്കുന്നുണ്ട് (ദൊരാദോർ = പൊന്നുപൂശുന്നവൻ, ദൊരാദോര = പൊന്നുപൂശിയ). ഇറ്റാലിയ

www.malankaralibrary.com

നിൽ ദൊരാത്തോരെ (doratore) എന്നതിന് പൊന്നുപൂശുന്നവൻ (ഗിൽഡ് ചെയ്യുന്നവൻ) എന്നും ദൊരാത്തുരാ എന്നതിന് പൊന്നുപൂശൽ എന്നും ദൊരാത്തോ എന്നതിന് പൊന്നുപൂശിയ എന്നുമാണ് അർത്ഥം.

ദോർ (Dor) എന്ന ധാതു ലത്തീൻ ഭാഷയിലെ അവുരേവും (Aureum) എന്ന വാക്കിൽനിന്ന് വരുന്നു. സ്വർണ്ണം എന്നാണ് അതിനർത്ഥം. ഗ്രീക്കുഭാഷയിൽ സ്വർണ്ണത്തിന് ഖ്റുസോസ്, ഖ്റുസോൺ എന്നിങ്ങനെ പറയും. ഖ്റുസോനെയ്ൻ എന്നതിന് പൊന്നുപൂശുക എന്നർത്ഥം.

ദൊർ, അവുരെവും, ഖ്റുസോസ് എന്നിവയ്ക്ക് സമാനമായ ഒരു പദം സംസ്കൃതത്തിലില്ല. സ്വർണ്ണത്തിന് പൊതുവായ ഒരുവാക്ക് ഇൻഡോ യൂറോപ്യൻ ഭാഷകളിലെങ്ങുമില്ല! ഒരുപക്ഷേ പൊതുധാതു നഷ്ടപ്പെട്ടതായിരിക്കാം. ആര്യൻജനത ഒന്നിച്ചു താമസിച്ച കാലത്ത് സ്വർണ്ണത്തിന്റെ ഉപയോഗം ഇല്ലായിരുന്നതുകൊണ്ടോ അപൂർവ്വമായിരുന്നതുകൊണ്ടോ ആകാം. സംസ്കൃതത്തിൽ ഹേമം, ഹിരണ്യം, സ്വർണ്ണം, സുവർണ്ണം, കനകം എന്നൊക്കെയാണല്ലോ പറയാറ്. സെമിറ്റിക്ക് ഭാഷാഗോത്രത്തിൽപ്പെട്ട സുറിയാനിയിൽ സ്വർണ്ണത്തിനു ദഹ്വാ എന്നു പറയും. ദ്രാവിഡഗോത്രത്തിൽ പൊൻ, കൊടു എന്നിങ്ങനെയും. പഴയ ഇംഗ്ലീഷിലും ജർമ്മനിലുമൊക്കെ ഗിൽദാൻ, ഗോൾഡ് എന്നൊക്കെയാണ് സ്വർണ്ണത്തിന് പേര്. ഒരു പൊതുധാതു കാണുന്നില്ല. ചരിത്രപ്രാധാന്യമുള്ള, രസാവഹമായ, ഒരു വസ്തുതയാണിത്.

**സോപ്പാ (ഹിസ്സോപ്പ്)** ഹീബ്രുവിൽ നിന്ന് കൽദായാ സുറിയാനിയിലേക്കും അതിൽനിന്ന് മലയാളത്തിലേക്കും വന്ന വാക്കാണ് സോപ്പ. ക്രൈസ്തവലോകത്തിലെങ്ങും ഇത് സുപരിചിതമാണ്. പ്രാർത്ഥനകളിൽ ഉപയോഗിക്കുന്ന 51-ാം സങ്കീർത്തനത്തിൽ ഈ വാക്ക് പ്രയോഗിച്ചിട്ടുണ്ടല്ലോ (സങ്കീ. 51:7). പി.ഒ.സി. ബൈബിളിൽ ഹിസോപ്പ് എന്നും (യോഹ. 19:29) ബൈബിൾസൊസൈറ്റിയുടെ സത്യവേദപുസ്തകത്തിൽ ഈസോപ്പ് എന്നുമാണ് പ്രയോഗിച്ചിട്ടുള്ളത്. എന്നാൽ കേരളജനത ആദ്യം പരിചയപ്പെട്ട രൂപം സോപ്പ എന്നതുതന്നെയാണ്. വെള്ളം തളിക്കാനുള്ള ഉപകരണം എന്ന അർത്ഥത്തിലാണ് ഈ വാക്ക് ഉപയോഗിക്കുന്നത്.

ഹീബ്രുഭാഷയിൽ ഹെസോബ് (ഏസോബ്) എന്നൊരു പദമുണ്ട്. ഒരു ചെറിയ സസ്യത്തിന്റെ പേരാണത്. ബലമുള്ള തണ്ടും തലമുടിപോലുള്ള ഇലകളും അതിനുണ്ട്. അത് തണ്ടോടെ മുറിച്ചെടുത്ത് വെള്ളം തളിക്കാൻ ഉപയോഗിക്കാം. ബൈബിളിൽ പലേടത്തും അതിനെപ്പറ്റി പറഞ്ഞിട്ടുണ്ട്. ഒരു സുഗന്ധസസ്യമാണത്. അതിന്റെ ചാരം ശുദ്ധീകരണ കർമ്മത്തിനുള്ള ജലത്തിൽ ചേർത്തിരുന്നു. അതിനോടു സാദൃശ്യമുള്ള മറ്റൊരു ചെറു സസ്യം (ഒറീഗാനും മാരു) പലസ്തീനയിൽ ധാരാളമായിട്ടുണ്ട്. ഇതായിരിക്കണം ബൈബിളിൽ സൂചിപ്പിക്കുന്നതെന്ന് ചില പണ്ഡിതന്മാർ പറയുന്നു.

ഹീബ്രുവിലെ ഹെസോബ് എന്ന പദം ഗ്രീക്കിൽ ഹ്യൂസ്സോപൊ അഥവാ ഹ്യുസോപോസ് (hyssopos) എന്നായി. ലത്തീനിൽ അത് ഹിസ്സോപ്പൂസ് എന്നും ഇംഗ്ലീഷിൽ ഹിസ്സോപ്പ് (hyssop) എന്നും രൂപം പ്രാപിച്ചു. ഹ കാരം ലോപിച്ച് സുറിയാനിയിൽ സോപ്പാ എന്നായി.

www.malankaralibrary.com

**സൗദി (സൗദേ)** കൊച്ചിയിലുള്ള ഒരു പള്ളിയുടെയും ഇടവകയുടെയും പേരാണ് സൗദി. സൗദെ എന്ന പോർത്തുഗീസ് പദമാണ് ഇപ്പോൾ സൗദി എന്നുച്ചരിക്കുന്നത്. ആരോഗ്യം എന്നാണ് ആ വാക്കിന്റെ അർത്ഥം. ആരോഗ്യ മാതാവിന്റെ നാമത്തിലുള്ള പള്ളിയാണ് അവിടെയുള്ളത്. സൗദെ എന്ന പദത്തിന് പോർത്തുഗീസ് ഭാഷയിൽ രക്ഷ എന്നാണർത്ഥം എന്ന് സത്യനാദകാഹളത്തിൽ ഈ പള്ളിയെപ്പറ്റി എഴുതിയിട്ടുള്ള ഒരു ലേഖനത്തിൽ കാണുന്നു (സത്യനാദ കാഹളം, 1878 മീനം 16, പുസ്തകം 2, ലക്കം 11, പുറം 175). പൗളിനുസ് പാതിരി ലത്തീൻഭാഷയിൽ രചിച്ച് 1794-ൽ റോമിൽ അച്ചടിപ്പിച്ച ഇന്ത്യാ ഓറിയെന്താലിസ് ക്രിസ്ത്യാന (കിഴക്കുള്ള ക്രൈസ്തവഭാരതം) എന്ന ഗ്രന്ഥത്തിന്റെ അനുബന്ധത്തിൽ പ്രസ്തുത പള്ളിയുടെ പേര് സാക്താമരിയ ദെ സലുത്തെ എന്നാണ് കാണുന്നത്. സലൂത്തെ എന്ന പദത്തിന് ഇറ്റാലിയൻ ഭാഷയിൽ ആരോഗ്യം എന്നും രക്ഷയെന്നും അർത്ഥമുള്ളതായി ഇറ്റാലിയൻ നിഘണ്ടു പറയുന്നു. സലുത്തെ എന്നത് പിൽക്കാലത്ത് സൗദെ എന്ന് മാറ്റിയതായിരിക്കാം. പോർത്തുഗീസിൽ രക്ഷ എന്ന അർത്ഥം കിട്ടാൻ സാൽവാ എന്ന വാക്ക് ഉപയോഗിക്കേണ്ടിവരും. കാത്തലിക് ഡിറക്ടറിയിൽ ആരോഗ്യമാതാവിന്റെ പള്ളി എന്നുതന്നെയാണ് പേരു കാണുന്നത്.

**സ്തോല** കഴുത്തിൽ മുൻവശത്തേക്ക് തൂക്കിയിടുന്ന നീണ്ട വീതികുറഞ്ഞ വസ്ത്രത്തിന്റെ ലത്തീൻ പേരാണ് സ്തോല (stola). ഗ്രീക്ക് ഭാഷയിലെ സ്തെല്ലെയ്ൻ എന്ന ക്രിയയിൽനിന്നാണ് ഈ വാക്ക് വരുന്നത്. വസ്ത്രമണിയുക, ക്രമവത്കരിക്കുക, ആയുധമണിയുക എന്നൊക്കെയാണ് ആ ക്രിയയുടെ അർത്ഥം. സ്തോല ഇംഗ്ലീഷ് ഭാഷയിൽ സ്റ്റോൾ (stole) എന്നായിത്തീർന്നു. സുറിയാനിഭാഷയിൽ ഊറാറാ എന്നാണ് ഈ വസ്ത്രത്തിന്റെ പേര്. ലത്തീനിൽ ഒരാരിയും (ചുണ്ടുതുടയ്ക്കാനുള്ള തൂവാല) എന്നും ഇതിന് പണ്ട് പേരുണ്ടായിരുന്നു. (ചിത്തോല എന്ന വാക്കുകൂടി കാണുക).

**സ്തൗമെൻ കാലോസ്** പതിനെട്ടാം നൂറ്റാണ്ടുമുതൽ കേരള ക്രൈസ്തവർക്ക് സുപരിചിതമായിത്തീർന്ന ഒരു ഗ്രീക്ക് ശൈലിയാണ് സ്തൗമെൻ കാലോസ് (Staumen Kalos). അന്ത്യോക്യൻ കുർബാനക്രമത്തിൽ അത് ഒമ്പതുപ്രാവശ്യം പ്രയോഗിച്ചിട്ടുണ്ട്. കൽദായാ സുറിയാനിയിലെ നുകുംശപ്പീർ എന്ന പ്രയോഗത്തിന് പകരമായിട്ടുള്ളതാണത്. അന്ത്യോക്യൻ കുർബാനക്രമം ഗ്രീക്ക് സമ്പ്രദായത്തിലുള്ളതാണല്ലോ. അത് ഏ.ഡി. 1665-ൽ കേരളത്തിലെത്തുകയും 1751 മുതൽ കുറേശ്ശേ ഉപയോഗിച്ചു തുടങ്ങുകയും 1836-ലെ മാവേലിക്കര സുനഹദോസിന്റെ നിശ്ചയപ്രകാരം യാക്കോബായ സഭയുടെ ഔദ്യോഗിക കുർബാനക്രമമായി അംഗീകരിക്കപ്പെടുകയും ചെയ്തു.

സ്തൗമെൻ എന്നതിന് നമുക്കു നില്ക്കാം എന്നാണർത്ഥം. സംസ്കൃതത്തിലെ 'സ്ഥ' എന്ന ധാതുവിൽനിന്നാണ് ഗ്രീക്കിലെ സ്തോ എന്ന ധാതു ഉണ്ടായത് (ഥ കാരം ത കാരമായി മാറിയെന്ന് മാത്രം). ലത്തീനിലും മറ്റു യുറോപ്യൻ ഭാഷകളിലും ഈ ധാതു നിലനിൽക്കുന്നുണ്ട്. ഇംഗ്ലീഷിലെ സ്റ്റേഷൻ, സ്റ്റെയിറ്റ്, സ്റ്റാറ്റിസ്റ്റിക്സ്, സ്റ്റാൻഡ് മുതലായവയിൽ ഥ കാരം വീണ്ടും മാറി

www.malankaralibrary.com

റ്റ ആയി എന്നേ ഉള്ളൂ. കാലോസ് എന്നതിന് നന്നായിട്ട് എന്നാണർത്ഥം.

**സ്ഥാത്തിക്കോൻ** "മാർ ജോസഫ് ദിവന്ന്യാസ്യോസിന് സ്ഥാനാരോഹണാവസരത്തിൽ അന്ത്യോഖ്യാ പാത്രിയാർക്കീസ് കൊടുത്ത സ്ഥാത്തിക്കോനിൽ എങ്ങനെയാണ് കാണിച്ചിരിക്കുന്നത്?" (സെഡ്. എം. പാറേട്ട്, മുളന്തുരുത്തി സുനഹദോസ്, കോട്ടയം, 1966, പുറം 142). ഈ വാചകത്തിൽ കാണുന്ന സ്ഥാത്തിക്കോൻ (Staticon) എന്ന പദം ഗ്രീക്ക് ഭാഷയിൽനിന്നു വന്നതാണ്. അധികാരപത്രം എന്നാണർത്ഥം. സ്ഥാപിക്കുന്നത്, നിറുത്തുന്നത് എന്നാണ് അതിൻെറ മുലാർത്ഥം. സ്ഥാത്തിക്കോസ് എന്ന വിശേഷണത്തിൻെറ നപും സകരൂപമാണത്.

സംസ്കൃതം ഉപയോഗിക്കുന്ന നമുക്ക് ഈ പദം അന്യമെന്ന് പറഞ്ഞുകൂടാ. സംസ്കൃതത്തിലെ സ്ഥാ എന്നതുതന്നെയാണ് അതിൻെറ മുലധാതു. നിൽക്കുക എന്നർത്ഥം. ഈ ധാതുവിൽനിന്നുണ്ടായ അനേകം സംസ്കൃത പദങ്ങളും ലത്തീൻ പദങ്ങളും ഇംഗ്ലീഷ് പദങ്ങളും നാം ഉപയോഗിക്കുന്നുണ്ട്. സ്ഥാപനം, വ്യവസ്ഥ, സ്ഥിതി മുതലായ സംസ്കൃതപദങ്ങളും, സ്റ്റേഷൻ, സ്റ്റാൻഡ്, സ്റ്റേഷനറി, സ്റ്റോപ്പ്, സ്റ്റേഡിയം എന്നിങ്ങനെ ഗ്രീക്കിൽ നിന്ന് ലത്തീൻ വഴി ഇംഗ്ലീഷിൽ വന്ന പദങ്ങളും നാം ഉപയോഗിക്കുന്നുണ്ടല്ലോ.

**സ്ലീവാ (സ്ലീബാ)** കേരള ക്രിസ്ത്യാനികൾ കുരിശ് എന്ന വാക്ക് ഉപയോഗിച്ചുതുടങ്ങിയത് 16-ാം നൂറ്റാണ്ടു മുതലാണ്. പോർത്തുഗീസ് മിഷണറിമാരാണ് കുരിശ് എന്ന വാക്ക് പ്രചരിപ്പിച്ചത്. ലത്തീനിലെ ക്രൂക്സ്സ് (Crux) പോർത്തുഗീസിൽ ക്രുസ് എന്നായി. അത് കുരുശു, കുരിശ് എന്നൊക്കെ മലയാളത്തിൽ പ്രയോഗിച്ചുപോന്നു.

പോർത്തുഗീസുകാർ വരുന്നതിനു മുമ്പ് സ്ലീബാ എന്ന സുറിയാനി വാക്കാണ് കേരളീയർ ഉപയോഗിച്ചിരുന്നത്. ആ വാക്ക് ഇന്നും ഉപയോഗിക്കുന്നുണ്ട്. സ്ലീബാ എന്നതിന് കുരിശ്, കുരിശടയാളം, യേശുവിൻെറ ക്രൂശിതരൂപം, കുരിശിൽ തറയ്ക്കൽ, സങ്കടം എന്നൊക്കെ അർത്ഥമുള്ളതായി സുറിയാനി നിഘണ്ടു പറയുന്നു.

സ്കീപ്പാ എന്നൊരു സുറിയാനിവാക്കും കേരളത്തിൽ ഉപയോഗിക്കുന്നുണ്ട്. മരം എന്നാണ് അതിനർത്ഥം. ഗ്രീക്കിലെ സ്തൗറോസ് (Stauros) എന്നതിൻെറ തർജ്ജുമയാണത്. തൂണുപോലെ കുത്തിനിറുത്തിയ തടി എന്നാണ് അതിൻെറ ആദിമാർത്ഥം. സംസ്കൃതത്തിലെ സ്ഥാ ധാതുവുമായി ഈ വാക്ക് ബന്ധപ്പെട്ടിരിക്കുന്നു. കേരളത്തിൽ കുരിശ് എന്നതിന് മരം എന്നും സ്ലീവാമരമെന്നും സ്കീപ്പാ മരമെന്നും പറഞ്ഞിരുന്നു. സ്ലീബാ, സ്കീപ്പാ എന്നീ വാക്കുകൾക്ക് കുരിശെന്നും കുരിശിൽ തറയ്ക്കപ്പെട്ടവൻ എന്നും അർത്ഥമുണ്ട് (കുരിശ് എന്ന വാക്കുകൂടി കാണുക).

**സ്റാപ്പ് (ശ്റാപ്പ്, ശരാപ്പാ)** പണം സൂക്ഷിക്കുന്നവൻ എന്ന അർത്ഥത്തിൽ മലയാളികൾ പല കാലഘട്ടങ്ങളിലായി പല പദങ്ങൾ പ്രയോഗിച്ചു. സ്രാപ്പ് (ശരാപ്പ്), മുതൽപ്പിടി, തെസെരോർ, പ്രൊക്കുറേറ്റർ, ട്രഷറർ, ഖജാൻജി, കോശാധ്യക്ഷൻ എന്നീ പദങ്ങൾ എല്ലാം ഇവിടെ പ്രചരിച്ചു. കൽദായാ സുറിയാനി (അറമായ) ഭാഷയിലുള്ള സ്റാപ്പ് എന്ന പദമാണ് ക്രൈസ്തവർ പണ്ട് ഉപയോഗിച്ചിരുന്നത്. ഇതിന് ശരാപ്പ് എന്നൊരു രൂപം ഇവിടെ ജനിക്കുകയുണ്ടായി.

www.malankaralibrary.com

"അവിടത്തെ പറങ്കിപണ്ടകശാലയിലെ സ്രാപ്പിനോട് ചെപ്പേടുകൾ എടുപ്പിച്ച് പണ്ടകശാലയിൽ പണയം വയ്ക്കണ മെന്ന് അപേക്ഷിച്ചു. മെത്രാൻെറ മനഃ പ്രയാസം മനസ്സിലാക്കിയ സ്രാപ്പ് അങ്ങ നെ ചെയ്തു." (സെഡ്.എം. പാറേട്ട്, മലങ്കര നസ്രാണികൾ: പദവിയും ആചാ രങ്ങളും, മലയാള മനോരമ, കോട്ടയം 1966, പുറം 36) എന്ന പ്രസ്താവനയിൽ സ്രാപ്പ് എന്ന പദത്തിന് പ്രൊക്കുറേറ്റർ അല്ലെങ്കിൽ ട്രഷറർ എന്നാണർത്ഥം. കോശാദ്ധ്യക്ഷൻ എന്ന് സംസ്കൃത ത്തിൽ പറയുന്ന ആൾ തന്നെ.

ജോവാന്നിസ് ബാപ്സിസ്ത ഫെ രാരി എസ്.ജെ. 1614-ൽ എഴുതി 1622-ൽ റോമിൽ പ്രസിദ്ധീകരിച്ച നോമെൻക്ലാ ത്തോർ സിറിയാക്കൂസ് എന്ന സുറിയാ നി-ലത്തീൻ നിഘണ്ടുവിൻെറ ഒരു കൈ യെഴുത്തു പകർപ്പിൽ സ്ഗുസ്തറാ, (സാ ഗോസ്തറാ) എന്ന സുറിയാനി പദത്തിന് ശരാപ്പ് എന്ന് മലയാളത്തിൽ അർത്ഥം എഴുതിച്ചേർത്തിരിക്കുന്നു (ഈ എഴുതി ച്ചേർക്കൽ നടന്നത് 1874-ൽ ആണ്). നു മ്മുളാരിയൂസ് (nummularius) എന്നാണ് ആ വാക്കിന് ലത്തീൻ ഭാഷയിൽ അർ ത്ഥം കൊടുത്തിട്ടുള്ളത്. നാണയമടിക്കു ന്നവൻ നാണയം കൈകാര്യം ചെയ്യുന്ന വൻ, കോശാദ്ധ്യക്ഷൻ എന്നിങ്ങനെയാ ണല്ലോ നുമ്മുളാരിയൂസിൻെറ അർത്ഥം.

സ്രാപ്പാ എന്നതിന് പണം സൂക്ഷി ക്കുന്നവൻ എന്നും നാണയമാറ്റക്കാരൻ എന്നും അർത്ഥമുണ്ട്. സാറോപ്പാ എ ന്നതിന് നാണയമടിക്കുന്നവൻ ലോഹ ങ്ങൾ ഉരുക്കി സാധനങ്ങൾ നിർമ്മിക്കു ന്നവൻ എന്നൊക്കെയാണർത്ഥം. തട്ടാ ന്മാരെ സ്രപ്പായാ എന്നാണ് പറയുക. സ്രാപ്പ് എന്നതിന് ലോഹങ്ങൾ ഉരു ക്കുന്ന മൂശ, ലോഹങ്ങൾ ഉരുക്കിപ്പണി യുന്ന സ്ഥലം എന്നിങ്ങനെയാണർത്ഥം. സ്രാപ്പാ എന്നത് മലയാളത്തിൽ സ്രാപ്പ്, ശരാപ്പ് എന്നിങ്ങനെ രൂപം മാറി.

സംസ്കൃതത്തിൽ ട്രഷറിക്ക് കോ ശമെന്നും പണം സൂക്ഷിക്കുന്നവനെ കോശാദ്ധ്യക്ഷനെന്നും പറയുന്നു. കൗ ടില്യൻെറ അർത്ഥശാസ്ത്രത്തിൽ ഈ വാക്കുകളാണുള്ളത്. മുഗൾ ചക്രവർ ത്തിമാർ ഇവിടെ പ്രചരിപ്പിച്ച ഖജാന എന്ന വാക്കിന് ട്രഷറി എന്നർത്ഥമാണ്. അതിൽനിന്ന് ഹിന്ദിയിൽ ഖജനാ, ഖജാൻജി എന്നീ പ്രയോഗങ്ങളുണ്ടായി. അറബിയിലെ ഖസാനയാണ് നവീന പേർഷ്യയിലെ ഖജാന. അതാകട്ടെ ഹീ ബ്രുവിലെ ഖസാ (കണക്കുകൂട്ടി, നുറു ക്കി, വിഭജിച്ച് വിതരണം ചെയ്തു) എന്ന ക്രിയയിൽനിന്നുണ്ടായതാണ്.

പോർത്തുഗീസുകാർ വന്നപ്പോൾ പ്രചരിപ്പിച്ചതാണ് തെസെരോർ. ഗ്രീ ക്കിൽനിന്ന് ലത്തീൻ വഴി പോർത്തുഗീ സിൽ വന്ന ഈ പദത്തിന് പണം സൂക്ഷി ക്കുന്നവൻ എന്നർത്ഥം. ബ്രിട്ടീഷുകാർ വന്നപ്പോൾ മുതൽ ട്രഷറി, ട്രഷറർ എന്നീ പദങ്ങൾ സർവ്വസാധാരണമായി. സുറി യാനിയിലെ സ്രാപ്പാ പഴയ രേഖകളിൽ ഒതുങ്ങേണ്ടിവന്നു. മുതൽപ്പിടി തനി മലയാള സമസ്തപദമാണ്. രാജഭരണ കാലത്തെ സർക്കാർരേഖകളിൽ ഈ പ്രയോഗമുണ്ട്. ചില ക്രൈസ്തവ ദേവാ ലയങ്ങളിലെ കണക്കുകളിലും ഇത് കാണാം.

കേരളത്തിന് പൗരാണിക കാലം മു തൽ കൽദായക്കാരുമായുള്ള ബന്ധമാ ണ് സ്രാപ്പ് എന്ന പദം വ്യക്തമാക്കുന്നത്. മറ്റു ജനതകൾ വന്നെത്തുംമുമ്പ് സുമേ റിയ, ബാബിലോണിയാ, കൽദായാ മുത ലായ പ്രദേശങ്ങളിലെ ജനങ്ങളാണ്

www.malankaralibrary.com

മതപരമായും വ്യാപാരബന്ധമായും കേരളവുമായി ബന്ധപ്പെട്ടിരുന്നത്. അവരുടെ ഹീബ്രു, സുറിയാനി പദങ്ങൾ ഈ നാട്ടിൽ ഇന്നും നിലനില്ക്കുന്നുണ്ട്. ഇവിടത്തെ നിരുക്തകന്മാർ മുഗൾ ചക്രവർത്തിമാരുടെ കാലത്തിനുമുമ്പുള്ള ബന്ധങ്ങളെപ്പറ്റി ചിന്തിക്കാറില്ല. ഹീബ്രു സുറിയാനി പദങ്ങളെല്ലാം അറബി-പേർഷ്യൻ പദങ്ങളാണെന്ന് നിഘണ്ടുകർത്താക്കൾ പറയാൻ ഇടയായിട്ടുണ്ട്.

**സ്റാപ്പേൻമാർ (സ്റാപ്പേമാർ)** സാരാഫ് എന്ന ഹീബ്രു പദമാണ് സുറിയാനിയിൽ സ്രാപ്പേ എന്നായത്. ഒരു ഗണം മാലാഖമാരുടെ പേരാണിത്. സെരാഫീം (Seraphim) എന്നാണ് ഹീബ്രുവിൽ ബഹുവചനരുപം. സുറിയാനിയിലെ സ്രാപ്പേ ബഹുവചനമാണ്. എങ്കിലും ൻമാർ, മാർ എന്നിവ കൂട്ടിച്ചേർത്തുപയോഗിക്കുന്നു. ഗ്രീക്കിലും ലത്തീനിലും ഹീബ്രു പദമുപയോഗിക്കുന്നു (ഇംഗ്ലീഷിൽ Seraph). സ്വർഗ്ഗീയ ജീവി എന്ന അർത്ഥത്തിൽ ഒരിടത്തുമാത്രമേ ഈ പദം ബൈബിളിൽ പ്രയോഗിച്ചിട്ടുള്ളു (എസ. 6:1-7). മറ്റ് അർത്ഥങ്ങളിൽ പലയിടത്തും പ്രയോഗിച്ചിട്ടുണ്ട് (നിയമാ. 8:15; സംഖ്യ 21:6).

## ഹ

**ഹന്നാൻ, ഹന്നാൻവെള്ളം** ഹന്നാനാ എന്ന സുറിയാനിവാക്കിന് കനിവ്, കരുണ, കനിവുള്ളവൻ, അനുഗ്രഹമുള്ളവൻ എന്നൊക്കെയാണർത്ഥം. ആ വാക്കിൻെറ കേവലരൂപമാണ് ഹന്നാൻ. അത് സ്വതന്ത്രരൂപമായും ഉപയോഗിക്കുന്നു. രോഗികളെ സ്വസ്ഥമാക്കൽ, വേദസാക്ഷികളുടെ തിരുശേഷിപ്പുകൾ ചേർത്തുണ്ടാക്കിയ വാഴ്ത്തപ്പെട്ട വസ്തു എന്നിങ്ങനെയും അതിനർത്ഥമുണ്ട്. എണ്ണ, പൂഴി, വിശുദ്ധരുടെ തിരുശേഷിപ്പ് എന്നിവ കലർത്തി പുരോഹിതൻ ആശീർവദിക്കുന്ന വെള്ളമാണ് ഹന്നാൻ വെള്ളം. അനുഗ്രഹത്തിൻെറ അഥവാ കാരുണ്യത്തിൻെറ ജലം എന്ന് അതിന് അർത്ഥം പറയാം. രോഗികളെയും വിവാഹിതരാകുന്നവരെയും അഭിഷേചിക്കാൻ കിഴക്കൻ സഭകളിൽ ഈ വിശുദ്ധജലം ഉപയോഗിച്ചിരുന്നു. കേരളത്തിൽ പണ്ട് ഹന്നാൻവെള്ളം വാഴ്ത്തിയിരുന്നത് മൈലാപ്പൂര് മാർത്തോമ്മാശ്ലീഹായുടെ കബറിടത്തിങ്കൽനിന്നു കൊണ്ടുവരുന്ന മണ്ണു ചേർത്താണ് എന്ന് ഉദയംപേരൂർ സൂനഹദോസ് കാനോനയിലുണ്ട്. വൈദികരുടെ അഭാവംമൂലം കപ്യാര് ഇങ്ങനെ മണ്ണുകലക്കി ഹന്നാൻ വെള്ളം വിതരണം ചെയ്തിരുന്നുവെന്നും അതിൽ പറയുന്നുണ്ട്. (കപ്യാര് എന്ന വാക്കു കാണുക).

മലയാളികൾ ഹന്നാൻവെള്ളം എന്നതിന് അന്നാൻവെള്ളം എന്നും പറയാറുണ്ട്. ഇതുപോലെ 'ഹ'കാരം 'അ' കാരമാകുന്നതിന് പല തെളിവുകളുമുണ്ട്. ഹന്ന എന്ന പേരാണല്ലോ അന്ന ആയിത്തീർന്നത്. ഹന്നാൻവെള്ളത്തിന് തീർത്ഥജലം എന്ന് അടുത്തകാലത്ത് പ്രയോഗിച്ചുതുടങ്ങിയിട്ടുണ്ട്. പക്ഷേ, അർത്ഥം വ്യത്യസ്തമാണ്. വഴി, കുളിക്കടവിലേക്കുള്ള പടികൾ, കുളിക്കടവ്, വിശുദ്ധങ്ങൾ എന്ന് കരുതപ്പെടുന്ന നദീതീരങ്ങളിലെ വിശുദ്ധസ്ഥലം, അവിടെ നിന്ന് എടുക്കുന്ന ജലം എന്നൊക്കെയാണ് സംസ്കൃതത്തിലെ തീർത്ഥ എന്നതിന് അർത്ഥം. തീർത്ഥത്തിലേക്കുള്ള യാത്രയാണ് തീർത്ഥാടനം. വിശുദ്ധജലം എന്നൊരർത്ഥം തീർത്ഥജലത്തിന് കല്പിക്കാം. എന്നാൽ ഹന്നാൻ വെള്ളത്തിന് അതിലേറെ അർത്ഥമുണ്ട്.

www.malankaralibrary.com

ഹന്നാനാ എന്ന വാക്കിൻെറ കേവലരൂപമായ ഹന്നാൻ എന്ന രൂപമാണല്ലോ നമ്മൾ ഉപയോഗിക്കുന്നത്. മ്നത്തറാനാ എന്ന വാക്കിൻെറ കേവലരുപമായ മ്ത്രാൻ (മെത്രാൻ) എന്ന രൂപം ഇതുപോലെ ഉപയോഗിക്കുന്ന ഒന്നാണ്.

**ഹമറ (ഹമീറ)** ഹമറാ എന്ന കൽദായാ സുറിയാനി പദത്തിന് വീഞ്ഞ് എന്നാണ് പ്രഥമാർത്ഥം. വീഞ്ഞുതന്നെ പുളിക്കുമ്പോൾ മദ്യമായിത്തീരുന്നു (ഹ്മർ എന്ന ക്രിയയ്ക്ക് പുളിപ്പിക്കുക, പുളിക്കുക എന്നിങ്ങനെയാണർത്ഥം). അതുകൊണ്ട് മത്തുപിടിപ്പിക്കുന്ന പാനീയം എന്നും ഹമറയ്ക്ക് അർത്ഥമുണ്ട്.

'ഹമറാ വാണിഭം ഒള്ളടത്തീന്ന് നിങ്ങൾ ആരും തിൻകയും കുടിക്കുകയും അരുത്' എന്ന് 1599-ലെ ഉദയംപേരൂർ സൂനഹദോസ് കാനോനകൾ അനുശാസിക്കുന്നു (7-ാം മൗത്വാ 18-ാം കാനോന). വാണിഭം എന്ന പദം വാണിജ്യം എന്ന സംസ്കൃത വാക്കിൻെറ മലയാള രൂപമാണ്. ഇത് വാണിയം എന്നായിത്തീർന്നിട്ടുണ്ട് (പണ്ട് കച്ചവടപ്പീടികയ്ക്ക് വാണിയപ്പുര എന്നു പറഞ്ഞിരുന്നു. അത് വീട്ടുപേരുകളായി മാറിയിട്ടുണ്ട്. വാണിഭം എന്ന പദം മാനിഭം, മാന്യം എന്നൊക്കെ പ്രയോഗിക്കാറുമുണ്ട്).

**ഹല്ലേലുയ്യ (അല്ലേലുയ്യ)** ഹീബ്രു ഭാഷയിൽനിന്ന് മലയാളത്തിലെത്തിയ ഒരു ശൈലിയാണ് ഹല്ലേലുയ്യ. മലയാളത്തിൽ അതിന് അല്ലേലുയ്യ എന്നൊരു രൂപംകൂടിയുണ്ട്. സുറിയാനിയിൽ ഹല്ലേലുയ്യ എന്ന ഹീബ്രുരൂപംതന്നെയാണ് പ്രയോഗിക്കുന്നത്. മലയാളത്തിൽ ഹകാരം അകാരമായി മാറിയിരിക്കുകയാണ് (തമിഴ്, പ്രാചീന മലയാളം മുതലായവയുടെ ഒരു സ്വഭാവമാണിത്).

ലത്തീൻ ഭാഷയിൽ അല്ലേലുയ്യ എന്നാണ് പറയുക. ഇംഗ്ലീഷിൽ ഹല്ലേലുയ്യ എന്നും അല്ലേലുയ്യാ (hallelujah, halleluiah, alleluia, alleluiah) എന്നും പ്രയോഗമുണ്ട്.

യാഹ്വെയെ (ദൈവത്തെ) സ്തുതിക്കുക എന്നാണ് ഈ ലഘുവാചകത്തിൻെറ അർത്ഥം. ഹല്ലേൽ എന്ന ക്രിയയ്ക്ക് സ്തുതിക്കുക എന്നാണല്ലോ അർത്ഥം (ഹുലാല എന്ന പദം കാണുക). സുറിയാനിയിൽ ഈ ധാതുതന്നെ പ്രയോഗത്തിലുണ്ട്. ഹല്ലേൽ യാഹ്വേ എന്നത് ചുരുങ്ങി ഹല്ലേലുയ്യാ എന്നായിത്തീർന്നു.

ഈ ശൈലി സങ്കീർത്തനങ്ങളിൽ ധാരാളമായി പ്രയോഗിച്ചിട്ടുണ്ട്. ചില സങ്കീർത്തനങ്ങളുടെ ആരംഭത്തിലും (ഉദാ: 111, 112) ചിലതിൻെറ അവസാനത്തിലും (ഉദാ: 104, 105, 115, 117) മറ്റുചിലതിൻെറ ആരംഭത്തിലും അവസാനത്തിലും (ഉദാ: 106, 113, 135, 146-150) ഹല്ലേലുയ്യാ എന്ന് ചേർത്തിരിക്കുന്നു.

ക്രൈസ്തവരുടെ ആരാധനാക്രമത്തിൽ - കുർബാനക്രമത്തിലും സ്തോത്രഗാനങ്ങളിലും - ഹല്ലേലുയ്യ ഉപയോഗിക്കുന്നു.

**ഹറാത്തിക്കൊമാർ (ഹറാത്തിക്കോന്മാർ)** എ.ഡി. 1606-ൽ റോസ് മെത്രാൻ എഴുതിയ "....മലങ്കരെ മാർത്തൊമ്മാശ്ലീഹാടെ എടവകെടെ കല്പനകൾ ഇത" എന്ന നിയമാവലിയുടെ 11-ാം സാഹാ (അധ്യായം)യിൽ ഇങ്ങനെ കാണുന്നു: "പള്ളിയുടെ നിലത്ത അടക്കിക്കൊൾവാൻ വശമല്ലാത്തവരെ പള്ളിയുടെ കല്പനകളിൽ മല്പാൻമാർ എഴുതിവച്ചു ഈ വണ്ണം.... ഒമ്പതാമത ഹറാത്തിക്കൊമ്മാരയും." ഹറാത്തിക്കൊമാരു

www.malankaralibrary.com

ടെ അർത്ഥം നിർണ്ണയിക്കാനാവുന്നില്ലെന്ന് രണ്ടു പ്രാചീന ഗദ്യകൃതികൾ എന്ന ഗ്രന്ഥത്തിൽ പ്രൊഫ. സ്കറിയാ സഖറിയാ ഒരടിക്കുറിപ്പായി (പുറം 171-ൽ) എഴുതിച്ചേർത്തിട്ടുണ്ട്. എന്നാൽ ഈ വാക്കിൻെറ അർത്ഥം നിർണ്ണയിക്കുക നിഷ്പ്രയാസമാണ്. ഗ്രീക്കുഭാഷയിൽനിന്നു സുറിയാനിയിലേക്കും അതിൽനിന്നു മലയാളത്തിലേക്കും വന്ന വാക്കാണത്. ഇടത്തൂട്ടുകാർ (എടത്തൂട്ടുകാർ) എന്നാണ് അതിനർത്ഥം. പരമ്പരാഗതമായ മതതത്ത്വങ്ങളെ നിഷേധിക്കുന്നവർ എന്ന് സാരം. എ.ഡി. 1632-ൽ, മലങ്കരെയുള്ള വൈദികർ, കൊല്ലം തൊട്ട് പാലയൂർവരെയുള്ള പള്ളികളിലെ വികാരിമാരും മറ്റു പട്ടക്കാരും, ഇടപ്പള്ളി പള്ളിയിൽ യോഗം കൂടി ഒരു അപേക്ഷ എഴുതി, പോർത്തുഗീസ് രാജാവിൻെറ പ്രതിനിധിക്ക് കൊടുത്തു. ഇവിടെയുള്ള സമ്പാളൂർ പാതിരിമാർക്കെതിരേയുള്ള ആക്ഷേപങ്ങളാണ് അതിലുള്ളത് (സമ്പാളൂർ പാതിരിമാർ എന്നതുകൊണ്ട് ഈശോസഭാ വൈദികരെയാണ് ഉദ്ദേശിക്കുന്നത്). ആ അപേക്ഷയിൽ ഇങ്ങനെ പറയുന്നു: "അവരും ഞങ്ങളുമായിട്ടുള്ള അനർത്ഥം കൊണ്ട് ഞങ്ങടെ എടവകയിൽ നടക്ക അത്രെ ആയത. ഞങ്ങളൊട അടുക്ക കൊണ്ട് അവര ഞങ്ങളെ പാരം താത്തി ഞങ്ങൾ ഹറാത്തിക്കൾമ്മാര എന്നും മറ്റും മാർക്കത്തിൽ കുറവ ഉള്ള ജനങ്ങൾ എന്നും പറയുകയും പരരാജ്യങ്ങളിൽ എഴുതി അറിയിക്കയും ചെയ്തുകിടക്കുന്നു. ഇതിനെക്കൊണ്ട..... ഞങ്ങളുടെ എടവകയിൽ അവർ പൊരണ്ട. പൊരുകിൽ ഒന്നിന്നും ഞങ്ങൾ മൂളുകയുമില്ല".

ഗ്രീക്കുഭാഷയിലെ ഹയ്രേത്തിക്കോസ് (haireticos) എന്ന വാക്ക് ലത്തീനിൽ ഹെരെത്തിക്കൂസ് എന്നും സുറിയാനിയിൽ ഹറാത്തിക്ക (ഹെറേത്തിക്ക) എന്നും മധ്യകാല ഇംഗ്ലീഷിൽ എരെത്തിക്കെ എന്നും ആധുനിക ഇംഗ്ലീഷിൽ ഹെരെറ്റിക് (heretic) എന്നുമായി. ഗ്രീക്കിലെ ഹയ്രേസിസ് (hairesis) എന്ന വാക്ക് ലത്തീനിൽ ഹെരേസിസ് എന്നും ഇംഗ്ലീഷിൽ ഹെരസി എന്നുമായി. ഇടത്തൂട് (വേദവിപരീതം) എന്നർത്ഥം. ഈ അർത്ഥം പില്ക്കാലത്ത് വന്നുകൂടിയതാണ്. ഇതിൻെറ മുലധാതു ഹയ്റേയിൻ (hairein) ആണ്. അതിൻെറ ആദിമ അർത്ഥം തിരഞ്ഞെടുക്കുക എന്നാണ്. അംഗീകൃത മതതത്ത്വങ്ങളെ നിഷേധിക്കുകയും പുതിയ ഒന്ന് തിരഞ്ഞെടുക്കുകയും ചെയ്യുന്നുവെന്ന് സാരം. ഈ ധാതുവിന് ഗ്രീക്കിലെ ഹോർമെ (ദ്രുതചലനം) എന്ന വാക്കിനോടൊ സംസ്കൃതത്തിലെ സൃ (സ്+ഋ) എന്ന ധാതുവിനോടോ ബന്ധമുണ്ടായിരിക്കാം. പരമ്പരാഗത മതസിദ്ധാന്തങ്ങളിൽനിന്നു മാറി പുതിയവ പഠിപ്പിക്കുകയോ വിശ്വസിക്കുകയോ ചെയ്യുന്നവരാണ് ഹറാത്തിക്കോമാർ. പാഷണ്ഡികൾ എന്നും പറയാം. നിഷിദ്ധമായ എന്നർത്ഥമുള്ള ഹറാം എന്ന സെമിറ്റിക് വാക്കുമായി ഇതിന് ബന്ധമില്ല.

**ഹൂത്താമ്മ** കുർബാനയുടെ അവസാനത്തിൽ ജനങ്ങളെ ആശീർവദിച്ചുകൊണ്ട് ചൊല്ലുന്ന പ്രാർത്ഥനയ്ക്ക് സുറിയാനിയിൽ പറയുന്ന പേരാണ് ഹുത്താമ്മ. പടിഞ്ഞാറൻ സുറിയാനിയിൽ ഹുത്തോമോ എന്ന് ഉച്ചരിക്കും. ഒപ്പുവച്ചു, നിശ്ചയിച്ചു, പുർത്തിയാക്കി, എന്നൊക്കെ അർത്ഥമുള്ള ഹ്ത്ത്മ് എന്ന ക്രിയയിൽ നിന്നുണ്ടാകുന്ന നാമമാണത് (ഒപ്പുകുത്തലും മുദ്രയിടലും പൂർത്തിയാക്കലിനെ സുചിപ്പിക്കുന്നു). ആദ്യകാലത്തുണ്ടായ കുർബാന തർജ്ജുമയിൽ (16-ാം നൂറ്റാ

www.malankaralibrary.com

ണ്ട്) ഒപ്പുകുത്തൽ എന്നാണ് (ലത്തീനിൽ obsignatio എന്നും) കാണുന്നത്. സമാപ്തി പ്രാർത്ഥന, മുദ്രയിടൽ പ്രാർത്ഥന എന്നൊക്കെ ഹൂത്താമ്മയ്ക്ക് അർത്ഥം പറയാം. ആശീർവാദം നൽകൽതന്നെ മുദ്രയിടലായിട്ടും അടയാളപ്പെടുത്തലായിട്ടുമാണ് കരുതപ്പെടുന്നത്. റൂശ്മാ എന്നതിന് അടയാളപ്പെടുത്തലെന്നും ആശീർവദിക്കൽ എന്നും അർത്ഥമുണ്ടല്ലോ. "ഹൂത്താമ്മയ്ക്കു വരുക" എന്നതിന് അവസാനഭാഗത്തിൽ മാത്രം സംബന്ധിക്കുക എന്നും "ഹൂത്താമ്മ കഴിഞ്ഞു" എന്നതിന് എല്ലാം തീർന്നു എന്നുമാണ് അർത്ഥം.

**ഹൂലാല** ഒരു കുർബാനക്രമത്തിൽ ഇങ്ങനെ കാണുന്നു: "ഞങ്ങളുടെ നികൃഷ്ടാവസ്ഥയുടെ ശബ്ദങ്ങളെ സ്രാപ്പേന്മാരുടെ കൂദാശയോടും മാലാഖമാരുടെ ഹൂലാലകളോടുംകൂടെ കലർത്തുകയും ചെയ്യുമാറാകണമേ" (കിഴക്കിൻെറ സുറിയാനിസഭയുടെ കൂദാശക്രമം, മാർ നർസൈ പ്രസ്സ്, തൃശൂർ, 1959, പുറം 22). 1606-ൽ റോസ് മെത്രാൻ എഴുതിയ 'നമ്മുടെ മലംകരെ മാർ തൊമ്മാശ്ലീഹാടെ എടവകെടെ കല്പനകൾ ഇത' എന്ന നിയമാവലിയിൽ നാലാം സാഹായിൽ ഇങ്ങനെ പറയുന്നു: "മലംകരെടെ പട്ടക്കാരുടെമെൽ വഗുദാശിയിൽനിന്നു വന്ന മെൽപട്ടക്കാരർ ചൊമക്കരുതാത്ത ചുമടവെച്ച ഏഴു ഹൂലാല നൊസ്കരിക്കണം എന്ന് അവർക്ക് കല്പിച്ചാറെ അതിനു തക്കവണ്ണം നടപ്പാൻ മിക്കവർക്കും എത്താ ഇന്നയൊളം" (അമ്പതു നോമ്പിൽ ഏഴു ഹൂലാലകൾ നമസ്കരിക്കണമെന്നും മറ്റു കാലങ്ങളിൽ മൂന്നു ഹൂലാലകൾ നമസ്കരിച്ചാൽ മതിയെന്നും റോസ്മെത്രാൻ കൽപ്പിച്ചു).

എ.ഡി. 1824-ൽ എഴുതപ്പെട്ട ഒരു കയ്യെഴുത്തു പുസ്തകത്തിൻെറ പേര് ഇങ്ങനെയാണ്: "മിശിഹാക്കാലം 1824-ാമതിൽ മീനമാസം 21-ാം തീയതി മലംകരെ എടവകയുടെ മാർ പീലക്സീനൊസ മെത്രാപൌലീത്തായുടെ കല്പനപ്പടിക്ക ചെറുവത്തൂർ കുരിയൻ കത്തനാര മുപ്പതു തിയ്യതികൊണ്ട എഴുതി തീർത്ത ഹൂലാലപുസ്തകം. അന്നു കൊല്ലം 999 മാണ്ട് മെടമാസം 21-ാം തീയതി എഴുതിത്തീർത്തു" (പഴയ മലയാള അക്കങ്ങളാണ് മൂലത്തിൽ പ്രയോഗിച്ചിട്ടുള്ളത്).

ഇപ്പറഞ്ഞ വാചകങ്ങളിൽ കാണുന്ന ഹൂലാല എന്ന പദം സുറിയാനിയിൽനിന്ന് വരുന്നു. സ്തുതി, കീർത്തനം എന്നിങ്ങനെയാണ് അതിൻെറ ആദിമ അർത്ഥം. ദാവീദിൻെറ സങ്കീർത്തനങ്ങളുടെ ഇരുപതിൽ ഒരുഭാഗം എന്നൊരർത്ഥവും അതിനുണ്ട്. സങ്കീർത്തനങ്ങളുള്ളതുകൊണ്ട് കാനോന നമസ്കാരത്തിനും ഈ പേരു വന്നു. പണ്ട് അല്മായരും ദാവീദിൻെറ സങ്കീർത്തനങ്ങൾ പ്രാർത്ഥനയ്ക്ക് ഉപയോഗിച്ചിരുന്നു. കൊന്തനമസ്കാരവും മറ്റും പാശ്ചാത്യ മിഷണറിമാർ വന്നതിനുശേഷം പ്രചരിച്ചതാണല്ലോ.

സ്തുതിക്കുക, പാടുക എന്നിങ്ങനെ അർത്ഥമുള്ള ഹല്ലെൽ എന്ന ക്രിയയിൽനിന്നാണ് ഹൂലാല എന്ന നാമമുണ്ടായത്.

**ഹൈരാർക്കി** ഹൈരാർക്കി (hierarchy) എന്ന പദം മലയാളികൾ ധാരാളമായി ഉപയോഗിക്കുന്നുണ്ട്. അത് ഹിയേരാർക്കിയ എന്ന ഗ്രീക്കുവാക്കിൻെറ ഇംഗ്ലീഷുരൂപമാണ്. വിശുദ്ധമായ എന്നർത്ഥമുള്ള ഹിയേരോസ് (hieros) എന്ന പദവും ഭരണം എന്നർത്ഥമുള്ള ആർക്കിയ എന്ന പദവും (ആർക്കെയിൻ

www.malankaralibrary.com

= ഭരിക്കുക) ചേർന്നുണ്ടായ സമസ്തപദമാണത്. വിശുദ്ധവസ്തുക്കൾ ഭരിക്കുന്നവൻ എന്നാണ് ഹീയേരാർക്കോസ് (hierarchos) എന്ന വാക്കിൻെറ ഒന്നാമത്തെ അർത്ഥം. മതപരമായ എന്നൊരർത്ഥവും ഹീയേരോസിനുണ്ട്. ആ അർത്ഥത്തിൽ മതപരമായ ഭരണാധികാരമുള്ളവൻ എന്നും അർത്ഥം വരും. അങ്ങനെ ഹിയേരാർക്കിയ എന്നവാക്കിന് മതപരമായ ഭരണക്രമം എന്നർത്ഥം വരുന്നു. ഈ ഗ്രീക്കുപദം ലത്തീനിലേക്കും ഫ്രഞ്ചിലേക്കും ഇംഗ്ലീഷിലേക്കുമെല്ലാം കടന്നുവന്നു. മധ്യകാല ഇംഗ്ലീഷിൽ ഇയേരാർക്കി (ierarchie) എന്നാണ് (പദാരംഭത്തിലെ ഹ കാരം പലപ്പോഴും 'ഇ', 'ആ', 'ഏ' എന്നിവയായി മാറും. ചിലപ്പോൾ ലോപിക്കുകയും ചെയ്യും). ക്ലാസിക്കൽ ലത്തീനിൽ ഹിയേരാർക്കിയ എന്ന വാക്കില്ല. സഭാപരമായ സാഹിത്യത്തിലേ ഉള്ളൂ.

സഭാപരമായ ഭരണക്രമത്തെ മാത്രമല്ല ഈ വാക്ക് സൂചിപ്പിക്കുന്നത്. ശക്തിയിലും മഹത്വത്തിലും വൈവിധ്യമുള്ള മാലാഖമാരുടെ വിവിധ ഗണങ്ങളെ (സെറാഫിം, കെറൂബിം മുതലായവ) വിളിക്കാനും ഈ വാക്ക് ഉപയോഗിക്കും. വ്യത്യസ്ത പദവികളിലുള്ള അധികാരികളുടെ സമൂഹത്തെ സൂചിപ്പിക്കാനും ഈ വാക്കുപയോഗിക്കുന്നു. ശ്രേഷ്ഠതാധിഷ്ഠിതക്രമമാണ് അതുകൊണ്ട് ഉദ്ദേശിക്കുന്നത്. സാധാരണ പ്രയോഗത്തിൽ ഒരു പ്രദേശത്തുള്ള മെത്രാൻസംഘം എന്നും അർത്ഥമുണ്ട്. വൈദികഭരണം, ഭരണകർത്തൃശ്രേണി, ശ്രേഷ്ഠതാധിഷ്ഠിതക്രമം, ആചാര്യാധിപത്യം, പവിത്രാധിപത്യം എന്നൊക്കെ ഈ വാക്ക് തർജ്ജുമ ചെയ്യാറുണ്ട്.

## ഹോശാന (ഓശാന, ഹോസാന)

ഹീബ്രുഭാഷയിൽനിന്ന് മലയാളത്തിലേക്കു വന്ന ഒരു പ്രയോഗമാണ് ഹോശാന. ഞങ്ങളെ രക്ഷിക്കണമേ എന്നാണ് അതിൻെറ അർത്ഥം. കൽദായസുറിയാനിയിൽ ഓശാന എന്നാണ് അതിൻെറ രൂപം (ആദ്യാക്ഷരമായ ഹകാരം ലോപിച്ചു). പടിഞ്ഞാറൻ സുറിയാനിയിൽ ഊശാന എന്നുച്ചരിക്കും. ലത്തീനിൽ ഹോസാന (hossana) എന്നാണ് പറയുന്നത്. ആധുനിക യൂറോപ്യൻ ഭാഷകളിൽ ആ രൂപം നിലനില്ക്കുന്നു.

ഹീബ്രുവിലെ ഒരു വാക്യം ചുരുങ്ങി ഒറ്റപ്പദമായിത്തീർന്നതാണിത്. ഹോസിയാഹ് നാ എന്നാണ് ആ വാക്യം. ഞങ്ങളെ രക്ഷിക്കണമേ എന്നർത്ഥം. പില്ക്കാലത്ത് ആഹ്ലാദപ്രകടനത്തിനും ശുഭാശംസയ്ക്കും പ്രയോഗിക്കുന്ന ഒരു പ്രത്യേകപദമായി ഇതു കരുതപ്പെട്ടു. സഹായാഭ്യർത്ഥനയായും സ്തുതിയുടെ പ്രകടനമായും ഇത് കരുതപ്പെടുന്നു.

യഹൂദർ പ്രധാന തിരുനാളുകളിൽ (ഉദാ: പെസഹ, കൂടാരത്തിരുനാൾ) ഉപയോഗിക്കുന്ന ഹല്ലേൽ എന്ന സങ്കീർത്തന സമാഹാരത്തിലെ (സങ്കീ. 113-118) ഒരു സങ്കീർത്തനത്തിൽ (സങ്കീ. 118:28) ഈ പ്രയോഗമുണ്ട്. അതുകൊണ്ട് അവരുടെ ആരാധനാക്രമത്തിൽ ഇത് കൂടെക്കൂടെ ഉപയോഗിക്കുന്നു (ഹല്ലേലുയ്യ, ഹൂലാല എന്നീ പദങ്ങൾ കൂടി കാണുക).

ജറുസലെം ദേവാലയത്തിൽ പെസഹാത്തിരുനാളിന് യേശു ചെന്നപ്പോൾ ജനങ്ങൾ ഈവാക്യം ഉദ്ഘോഷിച്ചുകൊണ്ട് അവിടുത്തെ സ്വീകരിച്ചു (മത്താ. 21:9; മർക്കോ 11:10; യോഹ. 12: 13). അങ്ങനെ ക്രൈസ്തവരുടെ ആരാധനാക്രമത്തിലും ഇത് സ്വീകരിക്കപ്പെടാൻ ഇടയായി (ഉദാ: പെസഹാത്തിരുനാളിലെ പ്രദക്ഷിണത്തിൽ; സ്തോത്രഗീതങ്ങളിൽ).

www.malankaralibrary.com

ഓശാനപ്പെരുന്നാൾ എന്ന് പെസഹാത്തിരുനാളിന് മലയാളികൾ പറയാറുണ്ട്. സ്തുതിപാടുക (ചീരുപാടുക) എന്ന അർത്ഥത്തിൽ "ഓശാനപാടുക" എന്നൊരു ശൈലി മലയാളത്തിലുണ്ട്.

# ള

**ളോവ, ലോബ** വൈദികർ അണിയുന്ന മുഴുക്കുപ്പായത്തിന് ളോവ, ളോഹ, ലോഹ എന്നൊക്കെ പറയാറുണ്ടല്ലോ. പോർത്തുഗീസ് ഭാഷയിലെ ലോബാ (loba) എന്ന വാക്കാണ് ഇങ്ങനെ വിവിധ രൂപങ്ങളിൽ പ്രയോഗിക്കപ്പെടുന്നത്. ലയും ളയും മാറിമാറിപ്പറയുക പതിവാണ്. സംസ്കൃതത്തിലെ ശകുന്തലയാണല്ലോ മലയാളത്തിലെ ശകുന്തള. ബകാരവും വകാരവും തമ്മിൽ മാറാറുണ്ട്. കബർ എന്നത് കവർ ആയിത്തീരുന്നു. ഇക്കാലത്ത് വൈദികർമാത്രം അണിയുന്ന ഈ വേഷത്തിന് ഇറ്റാലിയനിൽ കാസാക്കാ എന്നും ഫ്രഞ്ചിൽ കാസഖ് എന്നും ഇംഗ്ലീഷിൽ കാസക്ക് (cassack) എന്നും പറയുന്നു. ആവരണം എന്നർത്ഥമുള്ള കാസാ എന്ന ലത്തീൻ ധാതുവിൽനിന്നുണ്ടായതായിരിക്കാം ആ വാക്ക്. കുടില്, ഷെഡ് എന്നൊക്കെ അതിന് അർത്ഥമുണ്ട്. കാസായുടെ ആദിമരൂപം സ്കദ്സാ എന്നായിരുന്നിരിക്കാം. അങ്ങനെയെങ്കിൽ മൂടുക എന്നുകൂടി ഒരർത്ഥമുള്ള സ്കന്ദ് എന്ന സംസ്കൃത ധാതുവിൽനിന്നുണ്ടായതാകാം അത്.

പ്രാചീനഹൈജർമ്മനിലെ റൗപ് ജർമ്മനിലെ റൗബ്, ഫ്രഞ്ചിലെ റോബ്, ഇംഗ്ലീഷിലെ റോബ് (Robe) എന്നിവയിലെ റകാരം ലകാരമായി മാറിയതാണോ പോർത്തുഗീസിലെ ലോബ എന്നും സംശയിക്കേണ്ടിയിരിക്കുന്നു. പദമധ്യത്തിൽ 'ല'യും 'റ'യും മാറി വരുക ആ ഭാഷയിൽ പതിവാണ്. പദാരംഭത്തിൽ ആ മാറ്റം കാണാനില്ല. പക്ഷേ, സംസ്കൃതത്തിലും പാലിയിലുമുള്ള ര കാരം മാഗധീ പ്രാകൃതത്തിലും മഹാരാഷ്ട്രീയ പ്രാകൃതത്തിലും ല ആയിട്ടുണ്ട് (രാമ എന്നത് ലാമ എന്ന്). പോർത്തുഗീസും ഒരു ഇൻഡോ ആര്യൻ ഭാഷയാണല്ലോ.

അയയുക, അഴിച്ചിടുക, അഴിക്കുക എന്നൊക്കെ അർത്ഥം വരുന്ന ലൂവോ എന്ന ഗ്രീക്ക് ധാതുവിൽനിന്നായിരിക്കാം ലോബ എന്ന പോർത്തുഗീസ് പദത്തിന്റെ ഉത്പത്തി. അയഞ്ഞുകിടക്കുന്ന വസ്ത്രം എന്നൊരർത്ഥം അതിനുണ്ടാകും. കൂടാതെ, മറയ്ക്കുക എന്നർത്ഥമുള്ള ലുംബ് എന്ന സംസ്കൃത ധാതുവിൽ നിന്നാണോ ലോബയുടെ വരവെന്നും സംശയിക്കേണ്ടിയിരിക്കുന്നു. ജർമ്മനിലും മറ്റും ലകാരം റകാരമായിക്കാണാം. സ്ലാവോണിക് ഭാഷയിലെ കൊസാക്ക് (Cossack) എന്ന വാക്കിൽനിന്നായിരിക്കും ഇംഗ്ലീഷിലെ കാസക്ക് എന്ന പദമുണ്ടായതെന്ന് വിചാരിക്കുന്നവരുണ്ട്.

കാസക്കിന് സഭാസംബന്ധമായ വസ്ത്രം എന്ന അർത്ഥം പതിനേഴാം നൂറ്റാണ്ടിലാണുണ്ടായത്. പോർത്തുഗീസുകാരുടെ വരവോടെ കേരളത്തിൽ ഇത് പ്രചാരത്തിലായി. ഫാ. പ്ലാസിഡ് "നമ്മുടെ റീത്ത്" എന്ന ഗ്രന്ഥത്തിൽ പറയുന്നു: "1841-ൽ മരണം പ്രാപിച്ച പെ. ബ. പാലയ്ക്കൽ മല്പാന്റെ പരിശ്രമത്താൽ വെള്ള ളോവയും കയ്യുള്ള സുർപ്പിലേശും പ്രചാരത്തിൽ വന്നു. അതിന്റെശേഷം മെത്രാനച്ചനെ കാൺമാൻ വരാപ്പുഴയിൽ ചെല്ലുമ്പോൾ ളോവ ഇട്ടുകൊണ്ടേ മെത്രാനച്ചന്റെ മുമ്പിൽ ചെന്നുകൂടു എന്നൊരു സ്വരമുണ്ടായി. അതോടെ ളോവയും കയ്യുള്ള സുർപ്പിലേശും ഇല്ലാത്തവർക്ക് പട്ടം കൊടുക്കു

www.malankaralibrary.com

കയില്ലെന്നും ആയി" (പുറം 121). "പോരൂർക്കരയച്ചൻെറ ചരിത്ര"ത്തിൽനിന്ന് അദ്ദേഹം ഉദ്ധരിക്കുന്നു: "വരാപ്പുഴ സെമിനാരിയുടെ മുറയ്ക്ക് പട്ടമേറ്റ നാൾ മുതൽ ളോവ ധരിച്ചു നടന്നിരുന്ന ഒരാളാണ് പെ. ബ. പാലയ്ക്കലച്ചൻെറ സഹപ്രവർത്തകനായ പോരൂക്കര പെ. ബ. തോമ്മാ മല്പാൻ" (പുറം 122). ളോവ പ്രചാരത്തിലായിട്ട് ഏറെക്കാലമായിട്ടില്ലെന്ന് ഇതു വ്യക്തമാക്കുന്നു.

## റ

### റത്താൾ (റത്താവ്, ഇറത്താഴ്)

ദേവാലയത്തിൽ അൾത്താരയുടെ പിന്നിൽ ഭിത്തിയോടുചേർന്ന് മരംകൊണ്ടോ കല്ലുകൊണ്ടോ നിർമ്മിക്കുന്ന ശില്പസുഭഗമായ പശ്ചാത്തലമാണ് റത്താൾ. രൂപങ്ങളോ പടങ്ങളോ വയ്ക്കാനുള്ള അലമാരിപോലെയാണ് അത് നിർമ്മിക്കുന്നത്. മധ്യയുഗത്തിൽ അത് മരംകൊണ്ടോ ലോഹംകൊണ്ടോ നിർമ്മിച്ചു. പില്ക്കാലത്ത് കല്ലുകൊണ്ടും സിമൻറുകൊണ്ടും നിർമ്മിച്ചു. ഇരുപതാം നൂറ്റാണ്ടുവരെ അൾത്താരകൾക്ക് റത്താൾ നിർമ്മിക്കുക സാധാരണമായിരുന്നു. അമൂല്യശില്പങ്ങളായ റത്താളുകൾ ചില പഴയ ദേവാലയങ്ങളിൽ ഇപ്പോഴും സൂക്ഷിക്കുന്നുണ്ട്. പോർത്തുഗീസ് കാലഘട്ടത്തിൽ (1500-1800) പോർത്തുഗലിൽനിന്നു കൊണ്ടുവന്ന സ്വർണ്ണ പെയിൻറ് നാനൂറു വർഷമായിട്ടും മങ്ങാതെ നില്ക്കുന്നു.

പുതിയ ദേവാലയങ്ങളിൽ റത്താൾ നിർമ്മിക്കുന്നില്ല. റത്താൾ വേണ്ടെന്നു വയ്ക്കുന്നതിന് രണ്ടു കാരണങ്ങളുണ്ട്: ജനങ്ങളുടെനേരെ തിരിഞ്ഞു കുർബാന അർപ്പിക്കുക എന്നതും അൾത്താര സത്താപരമായി ഒരു മേശയായിരിക്കണമെന്നതും.

റത്താൾ എന്ന വാക്ക് റിത്രോതാബുളും (retrotabulum) എന്ന ലത്തീൻ വാക്കിൽനിന്നുണ്ടായതാണ്. റിത്രോ എന്നതിന് പിറകിൽ, പിറകോട്ട് എന്നിങ്ങനെയും താബുളും എന്നതിന് മേശ എന്നുമാണർത്ഥം. മേശയ്ക്കു പിറകിലുള്ളത് എന്നു സാരം. ആ വാക്ക് ലത്തീനിൽത്തന്നെ റിത്താബുളും (retabulum) എന്നായി ചുരുങ്ങി. ഇംഗ്ലീഷ് ഭാഷയിൽ റീറ്റേബിൾ (retable) എന്നായി. ഫ്രഞ്ചിലും അങ്ങനെതന്നെയാണ്.

എന്നാൽ പോർത്തുഗീസ് ഭാഷയിൽ മറ്റൊരു ധാതുവിൽനിന്ന് ഈ വാക്ക് ഉദ്ഭവിച്ചിരിക്കാനും വഴിയുണ്ട്. ആ ഭാഷയിൽ റെത്തല്യർ (retalhar) എന്ന ക്രിയയ്ക്ക് വെട്ടുക, വെട്ടിമുറിക്കുക, ചെത്തിമിനുക്കുക, എന്നും റെത്താല്യോ (retalho) എന്നതിന് പഴുത് എന്നും അർത്ഥമുണ്ട്. തിരുശ്ശേഷിപ്പുകൾ വയ്ക്കുവാൻവേണ്ടി അൾത്താരയ്ക്കുപിറകിൽ ഭിത്തിയിൽ പഴുതുണ്ടാക്കിയിരിക്കാം. അൾത്താരയോടുചേർത്ത് പലകകൾ കൊണ്ട് പെട്ടിയുണ്ടാക്കുന്ന സമ്പ്രദായം പിൽക്കാലത്ത് ഉദ്ഭവിച്ചതായിരിക്കാം. മലയാളത്തിലേക്കുവന്നത് ലത്തീനിലെ റിത്താബുളുമായാലും പോർത്തുഗീസിലെ റെത്തല്യോ ആയാലും ഉദ്ദേശിക്കുന്നത് ഒന്നുതന്നെയാണ്. പോർത്തുഗീസിൽ മേശയ്ക്കും അലമാരിക്കും തബോയിന്യാ എന്നു പറയും. അതും ലത്തീനിലെ താബുളുവിൻെറ പരിണതരൂപമാണ്. ഇംഗ്ലീഷിലെ റ്റേബിൾ (table) എന്ന പദം ലത്തീനിലെ താബുളും എന്ന വാക്കിൽനിന്നു വരുന്നു. തല്യാദോ എന്നതിന് വെട്ടിയുണ്ടാക്കിയത്, ചെത്തിമിനുസപ്പെടുത്തിയത് എന്നിങ്ങനെയും അർത്ഥമുണ്ട്.

www.malankaralibrary.com

റത്താളുകൾ ആദിമകാലത്ത് തിരുശേഷിപ്പു വയ്ക്കാനുള്ള പെട്ടിയായിരുന്നെങ്കിൽ പിന്നീട് രൂപങ്ങൾ വയ്ക്കാനുള്ള അനേകം അറകളുള്ള അലമാരിയായി. ചിത്രപ്പണികൾ ചെയ്ത് അവയെ മനോഹരമാക്കുന്നു. അവ ഏ.ഡി. 1000 മുതൽ1250 വരെ റോമിൽ നിലനിന്ന റോമനസ്ക് എന്നറിയപ്പെടുന്ന ശില്പകലാരീതിയനുസരിച്ചുള്ള ചിത്രകലാംശമുള്ളവയായിത്തീർന്നു. ഏ.ഡി. 1550-ൽ ഇറ്റലിയിൽ തുടങ്ങിയതും ഏ.ഡി. 1700 വരെ ഇറ്റലിയിലും പ്രധാനമായി ഫ്രാൻസിലും നിലനിന്നതുമായ ബാറോക്ക് ശില്പകലാരീതിയനുസരിച്ച് റത്താളുകളിൽ പ്രകൃതിവസ്തുക്കൾ - മുന്തിരിവള്ളി, പൂക്കൾ, പൂക്കൂട, മുന്തിരിക്കുലകൾ മുതലായവ കൊത്തിവയ്ക്കുന്ന സമ്പ്രദായം തുടങ്ങി. പില്ക്കാലത്ത് 1700 മുതൽ ഫ്രാൻസിൽ നിലവിലിരുന്ന റോക്കോക്കോ ശില്പകലാരീതിയിലും അലങ്കാരങ്ങളുടെ ബഹുലതയുണ്ടായിരുന്നു. ശില്പകലയുടെ സുന്ദര നിദർശനങ്ങളാണ് റത്താളുകൾ. പോർത്തുഗീസുകാരാണ് ഇന്നത്തെ രീതിയിലുള്ള ദേവാലയങ്ങൾ (മുഖവാരത്തോടുകൂടിയ നീണ്ട ഹോളുകൾ) ഇവിടെ ആദ്യം നിർമ്മിച്ചത്. അതിനുമുമ്പ് ക്ഷേത്രങ്ങൾപോലെ ചതുരാകൃതിയിലായിരുന്നു കേരളീയ ദേവാലയങ്ങൾ. റത്താളുകളും അതുപോലുള്ള അലങ്കാരപ്പണികളും പോർത്തുഗീസ് മിഷണറിമാരാണ് ഇവിടെ പ്രചരിപ്പിച്ചത്. റത്താൾ എന്ന വാക്ക് റത്താവ്, ഇറത്താൾ, ഇറത്താഴ് എന്നൊക്കെ കേരളത്തിൽ രൂപംമാറിയിട്ടുണ്ട്.

**റബ്ബി** ഒരു ഹീബ്രു പദമാണ് റബ്ബി. സുറിയാനിയിലും അത് ഉപയോഗിക്കുന്നു. ആചാര്യൻ, ഗുരു, വലിയവൻ എന്നൊക്കെയാണ് അതിൻെറ അർത്ഥം. അക്കാദിയൻ ഭാഷയിൽനിന്നാണ് ഹീബ്രുവിലേക്ക് ഈ പദം കടന്നുവന്നത്. റബ്ബി എന്നതിന് വാസ്തവത്തിൽ എൻെറ ഗുരു എന്നാണർത്ഥം (സംബോധനാരുപവുമാണത്). എൻെറ എന്നർത്ഥം വരുന്ന 'ഇ' എന്ന പ്രത്യയം പില്ക്കാലത്ത് അവഗണിക്കപ്പെടുകയും ഗുരു എന്നു മാത്രം അർത്ഥമാവുകയും ചെയ്തു.

ഹീബ്രുവിൽ റബ് എന്ന നാമവിശേഷണത്തിന് വളരെ, വലിയ എന്നിങ്ങനെയാണർത്ഥം. ഇതുതന്നെ നാമമായിട്ടും പ്രയോഗിക്കും. റബോനി എന്ന സുറിയാനി രുപത്തിനും എൻെറ ഗുരു എന്നാണർത്ഥം (മർക്കോ. 10:51; യോഹ. 20:16) റബ്ബൂനി എന്ന പ്രയോഗവുമുണ്ട്. ഈ വാക്കിലും 'ഇ'കാരം എൻെറ എന്നർത്ഥമുള്ള പ്രത്യയമാണ്. പില്ക്കാലത്ത് ആ പ്രത്യയത്തിൻെറ അർത്ഥം അവഗണിക്കപ്പെട്ടു.

റബ് എന്ന ഹീബ്രു ധാതുവിന് വളർന്നുവലുതായി, അധികാരിയായി എന്നൊക്കെയാണർത്ഥം. ദ്രാവിഡഭാഷകളിലും ഈ ധാതു കാണാം.

## റമ്പാൻ, റമ്പാട്ടി, റബാന്യാത്തി

സുറിയാനിയിൽനിന്നു വന്ന ഒരു വാക്കാണ് റമ്പാൻ. റബാനാ എന്നതിൻെറ ലുപ്ത (കേവല) രൂപമാണത്. വലിയവൻ, ശക്തൻ, അധികാരി, ഗുരു, അധ്യാപകൻ എന്നൊക്കെയാണ് അതിൻെറ അർത്ഥം. റബ് എന്ന ഹീബ്രു ക്രിയാധാതുവിൽ നിന്നാണ് ഈ നാമരൂപമുണ്ടായത്. ഹീബ്രുവിൽ ഗുരു എന്നതിന് റബ്ബി എന്നാണല്ലോ പറയുന്നത്. പ്രസ്തുത ഹീബ്രു ധാതു അറമായ, സുറിയാനി, അറബി മുതലായ സെമിറ്റിക്ക് ഭാഷകളിലെല്ലാം നിലനിൽക്കുന്നു. റമ്പാൻ എന്ന വാക്കിന് സന്ന്യാസി എന്നും ഒരർത്ഥമുണ്ട്. അതിൽനിന്നാണ് സന്ന്യാസിനി എന്ന

www.malankaralibrary.com

അർത്ഥത്തിൽ റമ്പാട്ടി, റബ്ബാന്യാത്തി എന്നീ വാക്കുകളുണ്ടായത്. ധാരാളം, ശ്രേഷ്ഠം എന്നൊക്കെ അർത്ഥമുള്ള റമ്പം എന്ന തമിഴ്പദത്തിൻെറയും മൂല ധാതു ഹീബ്രുവിലെ റബ് തന്നെ.

**റംലേത്തി (റംശേത്തി)** ഏ.ഡി. 1600 മുതൽ അടുത്തനാൾവരെ നമ്മുടെ അൾത്താരകളെ മനോഹരമാക്കിയിരുന്നത് റംലേത്തികളായിരുന്നു - മരപ്പലകയിൽ കൊത്തിയെടുത്ത് സ്വർണ്ണം പൂശിയ (പൊൻസുരാലിച്ച) റംലേത്തികൾ അഥവാ പൂച്ചെണ്ടുകൾ. സ്റ്റീൽ പൂപ്പാത്രങ്ങളും പ്ലാസ്റ്റിക് പൂക്കളും വന്നപ്പോൾ അവ അപ്രത്യക്ഷമായി. ചുരുക്കം ചില പഴയ ദേവാലയങ്ങളിൽ അവ ഇപ്പോഴും സൂക്ഷിച്ചിട്ടുണ്ട്. നാനൂറോളം വർഷങ്ങൾ കഴിഞ്ഞിട്ടും അവയുടെ സ്വർണ്ണ പെയിൻറ് മങ്ങിയിട്ടില്ല. പൂച്ചെണ്ട് (ബൊക്കേ) എന്നാണ് റംലേത്തി എന്ന വാക്കുകൊണ്ട് ഉദ്ദേശിക്കുന്നത്. പോർത്തുഗീസു ഭാഷയിലുള്ള റമ്ല്ല്യേതെ (ramlhete) എന്ന പദത്തിൻെറ മലയാളീകൃത രൂപമാണത്. പൂക്കളും തളിരിലകളും കായ്കളും അവയുടെ തണ്ടുകളോടുകൂടി ശേഖരിച്ചു കെട്ടിയെടുക്കുന്നതാണല്ലോ പൂച്ചെണ്ട്. ഇപ്രകാരമുള്ള പൂച്ചെണ്ട് പാത്രത്തോടുകൂടി(വെന്തോസ)യിരിക്കുന്നതിനെ റംലത്തേി എന്നു വിളിക്കും. ഒറ്റപ്പലകയിൽ ഇതെല്ലാം കൊത്തിയെടുത്ത് സ്വർണ്ണം പൂശി മനോഹരമാക്കുകയാണ് ചെയ്യുന്നത്. വെന്തോസ എന്ന വാക്കിന് യഥാർത്ഥത്തിൽ പൂക്കൾ വയ്ക്കാനുള്ള പാത്രമെന്നേ അർത്ഥമുള്ളു. എങ്കിലും ചിലയിടങ്ങളിൽ റംലേത്തികൾക്ക് വെന്തോസ എന്നും പറഞ്ഞുവന്നിരുന്നു. റംലേത്തി എന്നത് ചിലയിടങ്ങളിൽ റംശേത്തി എന്നും റംസേത്തി എന്നും പറഞ്ഞുകേട്ടിട്ടുണ്ട്.

പോർത്തുഗീസിലെ റമ്ല്ല്യേതെ എന്ന വാക്കിൻെറ മൂലം റാമ എന്നാണ് (റാമോ എന്നും പറയും). ശാഖ, മുള, വൃക്ഷശിഖരം, പൂങ്കുല എന്നൊക്കെയാണ് അതിൻെറ അർത്ഥം. റാമിക്കാർ എന്ന ക്രിയയ്ക്ക് ശാഖകൾ പൊട്ടിവളരുക എന്നർത്ഥമാണ്. റെമാൽ (remal) എന്നതിന് ഭാണ്ഡം, കെട്ട് എന്നിങ്ങനെ അർത്ഥമുണ്ട്. ഇറ്റാലിയൻ ഭാഷയിൽ റമെത്തോ എന്നും റമെസെല്ലോ എന്നും പറഞ്ഞാൽ ശാഖ, ചെറുശാഖ എന്നിങ്ങനെയാണ്, യഥാക്രമം അർത്ഥം. ലത്തീനിൽ റാമൂസ് എന്നൊരു പദമുണ്ട്. ശാഖ, പൊട്ടിപ്പുറപ്പെടുന്നത് എന്നൊക്കെയാണർത്ഥം. ഗ്രീക്കിൽ റഗ് എന്ന ക്രിയയ്ക്കും അതേ അർത്ഥമാണ്. ഈ ധാതുവിന് സംസ്കൃതത്തിലെ രങ്ഖ്, രങ്ഗ്, രങ്ഘ്, രംഹ് എന്നീ ധാതുക്കളുമായി ബന്ധമുണ്ട്. പോവുക എന്നാണ് പ്രഥമാർത്ഥമെങ്കിലും പൊട്ടിപ്പുറപ്പെടുക എന്നൊരർത്ഥവും അവയ്ക്ക് ഉണ്ടായിരുന്നിരിക്കണം. രംഘ് എന്ന ധാതുവിന് പ്രകാശിക്കുക എന്നൊരർത്ഥംകൂടിയുണ്ട്. ലത്തീൻ ഭാഷയിൽ റച്ചെമൂസ് എന്നൊരു നാമമുണ്ട്. അത് വാസ്തവത്തിൽ റഗേമുസ് എന്ന പദമാണ്. പൊട്ടിപ്പുറപ്പെടുന്ന വസ്തു, മുന്തിരിക്കുല എന്നൊക്കെയാണ് അതിൻെറ അർത്ഥം.

**റവറെൻഡ്** പതിനഞ്ചാം നൂറ്റാണ്ടുമുതൽ യൂറോപ്പിൽ വൈദികരുടെ പേരുകളോടുകൂടി ബഹുമാനസൂചകമായി ചേർത്തുവരുന്ന പദമാണ് റവറെൻഡ് (Reverend). റവറെൻസ് എന്ന പ്രയോഗം 13-ാം നൂറ്റാണ്ടുമുതൽ കാണാം. റവറെൻട് (reverent)എന്നും പ്രയോഗിച്ചിരുന്നു. അതിൻെറ കാരണം, ലത്തീനിലെ റെവെറെൻസ് എന്ന വിശേഷണത്തിന് പ്രഥമാവിഭക്തിയിലൊഴികെ റെവെ

www.malankaralibrary.com

റെൻട് എന്ന രുപം വരും എന്നതാണ്. ലത്തീനിൽനിന്നാണ് ഈ വിശേഷണം ഇംഗ്ലീഷിലേക്കു വന്നത്. ലത്തീനിൽ റെവെരെന്ദുസ് (Reverendus) എന്ന വിശേഷണത്തിന് ബഹുമാനിക്കത്തക്ക, ആദരിക്കത്തക്ക, അദ്ഭുതം ജനിപ്പിക്കുന്ന എന്നൊക്കെയാണർത്ഥം.

ഇപ്പറഞ്ഞ വിശേഷണം റെവേരി എന്ന ലത്തീൻ ക്രിയയിൽനിന്നു വരുന്നു. റെവേരി എന്ന ക്രിയയിൽ റെ എന്ന ഉപസർഗ്ഗവും വേരി (വേർ) എന്ന ധാതുവുമാണുള്ളത്. റെ എന്നതിന് അത്യധികം, സമഗ്രമായി, തീക്ഷ്ണതയോടെ എന്നൊക്കെയാണർത്ഥം. ഇംഗ്ലീഷിലെ റിസേർച്ച്, റിസെപ്ഷൻ മുതലായ വാക്കുകളിൽ ആ അർത്ഥമാണല്ലോ ഉള്ളത്. വീണ്ടും, തമ്മിൽ, പ്രതി എന്നൊക്കെയാണ് റെയുടെ സാധാരണമായ അർത്ഥങ്ങൾ. റിവിഷൻ, റീ എക്സാമിനേഷൻ, റീ ആക്ഷൻ മുതലായ ഇംഗ്ലീഷ് പദങ്ങളിൽ ആ അർത്ഥമാണുള്ളത്. റെവേരി എന്ന ക്രിയയിലെ ധാതു വേർ ആണ്. ഭയപ്പെടുക, ഭയപ്പെടുത്തുക, വിസ്മയവും ഭയവും ജനിപ്പിക്കുക എന്നിങ്ങനെ അതിന് അർത്ഥമുണ്ട്. വിസ്മയം, ഭയം, ബഹുമാനം എന്നിവ ബന്ധപ്പെട്ടു പോകുന്നവയാണല്ലോ. വിജ്ഞാനത്തിൻെറ ഉറവിടം ദൈവഭയമാണ് എന്നു പറയുമ്പോൾ ഭയം നിന്ദ്യമായ ഒന്നായിട്ടല്ല കരുതപ്പെടുന്നത്.

ലത്തീനിലെ വേർ ധാതു സംസ്കൃതത്തിലെ വേല് ധാതുവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നു വിചാരിക്കാം. ഇളകുക, ഭയപ്പെടുക, പോകുക എന്നൊക്കെയാണ് വേല് ധാതുവിൻെറ അർത്ഥം. ആ ധാതുവിന് വേസ് എന്നൊരു രൂപവുമുണ്ട്. ലത്തീനിൽ അത് വേർ എന്നായിത്തീർന്നു എന്നു കരുതാം.

ലത്തീനിൽ റെവെറെൻദീസീമുസ് (ഏറ്റവും ബഹുമാനപ്പെട്ട) എന്നാണ് സാധാരണ പറയാറ്. റെവറെൻഡ് എന്ന പദത്തിൻെറ ചുരുക്കെഴുത്താണ് Rev. (റവ. എന്ന് മലയാളത്തിൽ).

കേരളത്തിൽ 19-ാം നൂറ്റാണ്ടിലാണ് ഈ പ്രയോഗം സാധാരണമായത്. പ്രോട്ടസ്റ്റൻറ് മിഷണറിമാരാണ് അത് സാധാരണമാക്കിയത്. കത്തോലിക്കരും പില്ക്കാലത്ത് അത് സ്വീകരിച്ചു. മലയാളികൾ പണ്ട് വൈദികരെ കത്തനാർ എന്ന് ബഹുമാനസൂചകമായി വിളിച്ചിരുന്നു. കുടാതെ, കത്തനാർ, കപ്പ്യാര് എന്നീ വാക്കുകളോട് അച്ചൻ എന്ന വാക്ക് കൂട്ടിച്ചേർക്കുകയും ചെയ്തിരുന്നു. കത്തനാരച്ചൻ, കപ്പ്യാരച്ചൻ എന്നിങ്ങനെ. മെത്രാന്മാരെ 18, 19 നൂറ്റാണ്ടുകളിൽ എത്രയും പെരികെ പെരികെ ബഹുമാനപ്പെട്ട (എ. പെ. പെ. ബഹു) എന്നു വിളിച്ചിരുന്നു. എ.പെ.പെ.ബഹു. എന്നതിനു പകരം അതിപ്രബലൻ എന്നൊരു പ്രയോഗം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുവെന്നും വിരോധമുള്ളവർ അറിയിക്കണമെന്നും സത്യനാദകാഹളം പത്രാധിപർ അറിയിക്കുകയുണ്ടായി. (സത്യനാദകാഹളം, 1877 വൃശ്ചികം 16, പുസ്തകം 2, ലക്കം 3, പുറം 47) "എ.പെ.പെ ബഹു. വിസീത്തദോർ മെത്രാൻ അവർകൾ" (സത്യനാദകാഹളം, 1877 തുലാം 15, പുസ്തകം 2, ലക്കം 7, പുറം 12), "എത്രയും പ്രാബല്യമുള്ള കോ അദ്യുത്തോർ മെത്രാൻ അവർകൾ" (സത്യനാദകാഹളം, 1877 വൃശ്ചികം 2, പുസ്തകം 2, ലക്കം 2, പുറം 31) എന്നിങ്ങനെ അക്കാലത്ത് എഴുതിയിരുന്നു. നിതാന്തവന്ദ്യദിവ്യശ്രീ എന്ന പ്രയോഗവും കഴിഞ്ഞ നുറ്റാണ്ടിലേതാണ്. സത്യനാദകാഹളത്തിലെ ഒരു വിവരണത്തിൽ ഇങ്ങനെ കാണുന്നു: "പാരിയാ

www.malankaralibrary.com

എന്ന ദിക്കിന്റെ മെത്രാനും എ.പെ.പെ. ബഹു. വരാപ്പുഴ മെത്രാപ്പോലീത്താ യവർകളുടെ കോ അദ്യുത്തോർ മെത്രാനുമായി നിയമിക്കപ്പെട്ടിരിക്കുന്ന എ.പെ. പെ. ബഹു. മർച്ചെല്ലീനൊ ദെ സാന്ത ത്രെസ്യാ എന്ന മൂപ്പൻ പാദ്രിയവർകൾ 1829-ാം കാലം തുലാം 8-ാം തീയതി ജെനുവ പ്രദെശത്തിൽ പിറന്നു"(1877 തുലാം 15, പുസ്തകം 2, ലക്കം 7, പുറം 11) ഇവിടെ മൂപ്പൻ എന്നത് ബഹുമാനസൂചകമായി ചേർത്തിട്ടുള്ളതാണ്. പിതാവ് എന്നർത്ഥമുള്ള പോർത്തുഗീസ് വാക്കാണ് പാദ്രി. വിദേശീയരായ വൈദികരെ മൂപ്പൻ പാദ്രി, മൂപ്പച്ചൻ, പാദ്രിയച്ചൻ എന്നൊക്കെ വിളിച്ചിരുന്നു. നാട്ടുകാരായ വൈദികരെ മാത്രമേ കത്തനാരച്ചൻ എന്ന് വിളിച്ചിരുന്നുള്ളൂ.

വിശുദ്ധർ, മെത്രാന്മാർ, പാപ്പാമാർ എന്നിവരുടെ പേരുകളോട് ബഹുമാനസൂചകമായി മാർ (നാഥൻ) എന്ന സുറിയാനി വിശേഷണം ചേർക്കുകയാണ് കേരളത്തിലെ പൗരാണികമായ പതിവ്. മാർ തോമ്മാ, മാർ എബ്രാഹം, മാർ ക്ലെമ്മീസ് മുതലായ പ്രയോഗങ്ങൾ കാണുക. ഞങ്ങളുടെ നാഥൻ എന്നർത്ഥമുള്ള മാറൻ എന്ന സുറിയാനിപദം യേശുവിനെ വിളിക്കാൻ ഉപയോഗിച്ചിരുന്നു, മാറൻ ഈശോമിശിഹാ എന്ന്. സ്ത്രീകളെ ബഹുമാനസൂചകമായി മർത്ത് (=നാഥ) എന്ന വിശേഷണം ചേർത്തു വിളിച്ചിരുന്നു. മർത്ത മറിയം എന്ന പ്രയോഗം അങ്ങനെയുണ്ടായതാണ്.

**റാക്ക** സുറിയാനി ക്രിസ്ത്യാനികളുടെയിടയിൽ അടുത്തകാലംവരെ നിത്യോപയോഗത്തിലിരുന്ന മാണിക്കത്തനാരുടെ ബൈബിൾ വിവർത്തനത്തിൽ "തന്റെ സഹോദരനോട് റാക്കാ എന്നു പറയുന്ന ഏവനും സംഘവിധിക്ക് അർഹനാകും" (മത്താ. 5:22) എന്നു കാണാം. നിസ്സാരൻ, വെറുക്കപ്പെട്ടവൻ, നീചൻ എന്നൊക്കെയാണ് റാക്കാ എന്ന കൽദായ സുറിയാനിപ്പദത്തിന്റെ അർത്ഥം. നിരസിച്ചു, വെറുത്തു, കനം കുറഞ്ഞു, നീചനായി എന്നൊക്കെ അർത്ഥം വരുന്ന റഖ് എന്ന സുറിയാനി ക്രിയയിൽനിന്നുണ്ടായ വാക്കാണത്. റാഖാ എന്നാണ് ശരിയായ ഉച്ചാരണം. അതേ വാചകത്തിൽ ഭോഷൻ എന്നു വിവർത്തനം ചെയ്തിട്ടുള്ളത് ലേലാ എന്ന സുറിയാനി വാക്കാണ്.

ബുക്കാനന്റെ നേതൃത്വത്തിൽ കൽദായ സുറിയാനിഭാഷയിൽനിന്നു നടത്തിയ വിവർത്തനത്തിൽ (ഏ.ഡി. 1811) റാഖാ എന്നതിന് പേയൻ എന്നാണ് തർജ്ജുമ. "പെയനെന്ന അവന്റെ കൂടപ്രപ്പിനെ ചൊല്ലുമെന്നയവനൊക്കെ കൂട്ടത്തിനു കടപ്പെട്ടവനാകുന്നു. പിച്ചനെന്ന് ചൊല്ലുമെന്നയവനൊക്കെ തീയുടെ നരകത്തിന് കടപ്പെട്ടവനാകുന്നു" (മത്താ. 5:22) എന്നിങ്ങനെയാണ് ആ വാചകം. ലേലാ എന്ന വാക്കാണ് പിച്ചൻ എന്ന് വിവർത്തനം ചെയ്തിരിക്കുന്നത്. മഞ്ഞുമ്മേൽ വിവർത്തനത്തിൽ (ഏ.ഡി. 1905) റാക്കാ എന്നതിന് ചപ്പൻ എന്നും ലേലാ എന്നതിന് മൂഢൻ എന്നും വിവർത്തനം ചെയ്തിരിക്കുന്നു.

**റാദ ("റാസ")** റാദ എന്നാണ് പ്രദക്ഷിണത്തിനു പറഞ്ഞിരുന്നത്. (cf. ഉദയംപേരൂർ സൂനഹദോസ് കാനോന 7.19). തകാരത്തെ സകാരമാക്കുന്നവർ റാസയെന്നുച്ചരിക്കുന്നു. വടക്കൻ കേരളത്തിലും ഈ റാദ എന്ന പദമുണ്ട്. "റാദ എഴുന്നെള്ളത്തം" എന്ന ശൈലി ഗുണ്ടർട്ടു നിഘണ്ടുവിലുണ്ട്. സുറിയാനിയിലെ റേയ്ദ എന്ന വാക്കിൽനിന്ന് റാദ എന്ന വാക്കുണ്ടായി. ധാതു റ്ദാ എന്നാണ്.

www.malankaralibrary.com

നടന്നു, പുറപ്പെട്ടു, ഒഴുകി, യാത്രതിരിച്ചു, പതിവായിത്തീർന്നു എന്നൊക്കെ ഇതിനർത്ഥമുണ്ട്. രഹസ്യം എന്നർത്ഥമുള്ള റാസാ എന്ന പദമല്ലിത് (റാസ എന്ന പദം കാണുക).

റേയ്ദ എന്ന ധാതുവിന് അറ്ദി, റ്ദ്ഈ എന്നിങ്ങനെ രണ്ടു രൂപങ്ങൾകൂടിയുണ്ട്. മറ്ദീസാ എന്ന വാക്കിനും പ്രയാണം, ഗതി എന്നൊക്കെയാണർത്ഥം. സംസ്കൃതത്തിലെ ഋ എന്ന ധാതു ചലനത്തെ സൂചിപ്പിക്കുന്നു. സുറിയാനിയിലെ ചലനസൂചകമായ സകല വാക്കുകളിലും ഈ റ് എന്ന സ്വനിമമുണ്ട്. ചരിത്രാതീതകാലത്തെ ഏകഗോത്രബന്ധം സൂചിപ്പിക്കുന്ന ഒരു ഉദാഹരണമാണിത്. റേയ്ദായുടെ ചുരുക്കരൂപമാണ് റാദ.

**റാസ** സുറിയാനിയിൽനിന്ന് മലയാളത്തിലേക്കു വന്ന റാസ എന്ന പദത്തിന് രഹസ്യം എന്നാണർത്ഥം. കുർബാനയ്ക്ക് റാസ എന്നു പറയും. കിഴക്കൻ സഭകളിൽ കുർബാനയുടെ രഹസ്യാത്മകതയ്ക്ക് കൂടുതൽ പ്രാധാന്യം കല്പിക്കുന്നു. സാധാരണ കുർബാന, ആഘോഷപൂർവ്വകമായ കുർബാന, റാസ എന്നിങ്ങനെ മൂന്നുരൂപങ്ങളാണ് സുറിയാനി ക്കുർബാനയ്ക്കുള്ളത്. റാസക്കുർബാനയ്ക്ക് കാർമ്മികനും നാലു സഹായികളും വേണമെന്നാണ് വ്യവസ്ഥ. നാലു പേരേ ഉള്ളു എങ്കിലും റാസ ചൊല്ലാമെന്ന് 1908-ലെ നിയമസംഗ്രഹം (എറണാകുളം രൂപത) പറയുന്നുണ്ട്.

റാസ എന്ന പദത്തിന് രഹസ്യം, ഗൂഢകർമ്മം, രഹസ്യജ്ഞാനം, ജ്ഞാനാർത്ഥപരമായ അടയാളം, ബലിസാധനങ്ങൾ, പരമപരിശുദ്ധ കൂദാശ, സെക്രട്ടറി എന്നൊക്കെ അർത്ഥമുണ്ട്. രഹസ്യാത്മകത്വമുള്ള, സൂചകത്വമുള്ള ഒരു കർമ്മമാണിത് എന്ന് ഈ വാക്ക് സൂചിപ്പിക്കുന്നു. മാത്രമല്ല രഹസ്യമായി അനുഷ്ഠിക്കപ്പെടേണ്ട ഒരു കർമ്മമാണെന്നും ഈ പദം സൂചിപ്പിക്കുന്നുണ്ട്. സ്നാനാർത്ഥികളെ വചനശുശ്രൂഷയ്ക്കുശേഷം പിരിച്ചുവിട്ടിട്ട് വാതുക്കൽ കാവൽക്കാരെ നിറുത്തിയിട്ടാണ് പണ്ട് കുർബാനയുടെ പ്രധാന ഭാഗത്തേക്ക് കടന്നിരുന്നത്. മാമ്മോദീസാ സ്വീകരിക്കാത്തവർ പുറത്തുപോകണമെന്ന പ്രസ്താവന (ഇന്ന് അപ്രസക്തമാണെങ്കിലും) കുർബാനക്രമത്തിലുണ്ടല്ലോ. റോസ് മെത്രാൻ 1606-ൽ എഴുതിയ നിയമാവലിയിൽ 10-ാം സാഹായിൽ പറയുന്നു: "പള്ളികൾ അല്ലാത്തിടത്ത ത്രൊണൊസ ഒണ്ടാക്കി കുറുവാന ചെയരുത... എന്നാൽ ഒരു വിശെഷത്തിനു നസ്രാണികൾ കൂടുന്ന എടത്ത മലയാളരും വിശ്വാസമില്ലാത്തവരും കാണാത്തവിധം യോഗ്യത്തൊടുകൂടെ ഇതിനെ ചെയ്യണം. വിശെഷിച്ച കുറുവാന ചെയ്യുന്ന നെരത്തെ ഒട്ട എറയും അതിനെ പൊക്കുംപൊൾ ഒന്നുകിൽ വാതുക്കൽ നിൽക്കുന്നവരെ യാത്രാക്കണം, മാമ്മൊദിസ ഇല്ലാത്തവരെ. അതല്ലാ എങ്കിൽ വാതിൽ അടെക്കണം". ഞായറാഴ്ചകളിലും പെരുന്നാളുകളിലും റാസക്കുർബാന നടത്തിയിരുന്നു (ഉദയംപേരൂർ സൂനഹദോസ് കാനോന. 3-ാം മൗത്വാ, 8-ാം കാനോന). പണ്ടത്തെ സുറിയാനിക്കുർബാന പ്പുസ്തകങ്ങളിൽ കൂദാശാവചനങ്ങൾ എഴുതിച്ചേർത്തിരുന്നില്ല. കാർമ്മികൻ മനഃപാഠമാക്കി ചൊല്ലുകയാണ് ചെയ്തിരുന്നത്. രഹസ്യാത്മകത സൂചിപ്പിക്കാനായിരുന്നു അത്. പണ്ട് മദ്ബഹയ്ക്ക് ജനലുകൾ വച്ചിരുന്നില്ല. അവിശ്വാസികൾ (കാപ്പോറകൾ) കുർബാന കാണാതിരിക്കാൻവേണ്ടി തന്നെ. മദ്ബഹയിൽ വെളിച്ചം കിട്ടാൻ ജനലുകൾ വയ്ക്കണെ

www.malankaralibrary.com

മെന്നു മിഷണറിമാർ നിർബന്ധിച്ചു. അവിശ്വാസികൾ ജനലിലൂടെ കുർബാന കാണാതിരിക്കാൻ ഒരാൾപ്പൊക്കത്തിൽ ജനലു വച്ചാൽ മതിയെന്ന് അവർ പറഞ്ഞു.

റാസ എന്ന വാക്ക് പേർഷ്യൻ ഭാഷയിൽനിന്ന് സുറിയാനിയിലേക്ക് കടന്നു വന്നതാണെന്ന് ഒരു നിഘണ്ടുകാരൻ പറയുന്നു. അങ്ങനെയെങ്കിൽ അത് സംസ്കൃതം ഉൾപ്പെടുന്ന ഇൻഡോ ആര്യൻ ഭാഷയിലെ ഒരു പദമാണ്. എഴാം നൂറ്റാണ്ടിൽ അറബികൾ പേർഷ്യൻ ഭാഷയെ അറബിമയമാക്കുന്നതിനുമുമ്പ് അത് തനി ആര്യൻഭാഷയായിരുന്നല്ലോ. ഇന്നും അതിൻെറ ആര്യത്വം പ്രകടമാകുന്നുണ്ട്. സർ (= ശിരസ്സ്), ദസ്തു (= ഹസ്തം)മുതലായവാക്കുകൾ നോക്കുക.

റാസ എന്നതിൻെറ ക്രിയാരൂപം റസ് എന്നാണ്. ആലോചിച്ചു എന്നർത്ഥം. അതിൽനിന്നുണ്ടാകുന്ന അറെസ് എന്ന ക്രിയയ്ക്ക് സൂചിപ്പിച്ചു, ഗൂഢാർത്ഥമായി സംസാരിച്ചു എന്നിങ്ങനെയും അറ്സെസ് എന്ന ക്രിയയ്ക്ക് പഠിപ്പിച്ചു, പ്രഖ്യാപിച്ചു എന്നിങ്ങനെയുമാണർത്ഥം. സംസ്കൃതത്തിലെ രഹഃ (രഹസ്) എന്ന വാക്കുമായി ഇത് ബന്ധപ്പെട്ടിരിക്കുന്നു.

ഗ്രീക്കിലെ മിസ്തേരിയോൺ (Mysterion) ലത്തീനിലെ മിസ്തേരിയും (Mysterium)എന്നിവയ്ക്കുപകരം റാസ എന്ന വാക്ക് ഉപയോഗിക്കുന്നു. മലയാളത്തിൽ രഹസ്യം എന്നും ഇംഗ്ലീഷിൽ മിസ്റ്ററി (Mystery) എന്നും പറയും. ലത്തീനിൽ സാക്രമെന്തും (Sacramentum) എന്നും ഇംഗ്ലീഷിൽ സാക്രമെൻറ് (Sacrament) എന്നും പറയാറുണ്ട്. വിശുദ്ധമായത്, വേർതിരിക്കപ്പെട്ടത് എന്നൊക്കെയാണ് അതിൻെറ അർത്ഥം. മനുഷ്യബുദ്ധിക്ക് ഗ്രഹിക്കാനാവാത്ത ദൈവിക തത്ത്വമെന്നാണ് രഹസ്യമെന്ന പദത്തിന് ദൈവശാസ്ത്രത്തിൽ അർത്ഥം.

**റീത്ത് (രീതി)** കത്തോലിക്കരുടെയിടയിൽ അനേകം റീത്തുകളുണ്ട്. പടിഞ്ഞാറൻ സഭയിൽ റോമൻ (ലത്തീൻ), അംബ്രോസിയൻ, മൊസാറബിക് എന്ന മൂന്ന് റീത്തുകളുണ്ട്. കിഴക്കൻസഭകളിൽ അലക്സാൺഡ്രിയൻ, അന്ത്യോക്യൻ, അർമേനിയൻ, കൽദായാ, ബൈസൻടൈൻ എന്ന് അഞ്ച് പ്രധാന റീത്തുകളും അവയ്ക്കെല്ലാംകൂടി ഇരുപത് ഉപവിഭാഗങ്ങളുമുണ്ട്. ലത്തീൻ, സുറിയാനി, ഗ്രീക്ക് മുതലായി അനേകം ഭാഷകൾ ഇവയിൽ ഉപയോഗിക്കുന്നു. മതാനുഷ്ഠാനസമ്പ്രദായങ്ങൾ, ഭാഷ, ആചാരങ്ങൾ മുതലായവയിലുള്ള വൈവിധ്യമാണ് റീത്തുകളുടെ അടിസ്ഥാനം.

മലയാളത്തിലെ റീത്ത് എന്ന വാക്ക് റീത്തുസ് (ritus) എന്ന ലത്തീൻ വാക്കിൽ നിന്നുണ്ടായതാണ്. ഇംഗ്ലീഷിൽ റൈറ്റ് (rite) എന്നും പോർത്തുഗീസിൽ റിത്തോ (rito) എന്നും ആവാക്ക് രൂപാന്തരപ്പെട്ടു. പുരാതന റോമാക്കാർ ബലിയർപ്പണത്തിനുള്ള അംഗീകൃതാചാരങ്ങളെ റീത്തുസ് എന്നുവിളിച്ചുവന്നു. അങ്ങനെ അംഗീകൃതമായ മതാനുഷ്ഠാനരീതി എന്ന് അതിന് അർത്ഥമുണ്ടായി. എ.ഡി. 12-ാം ശതകത്തോടെയാണ് ഈ പദം ക്രൈസ്തവ സഭകളിൽ പ്രചാരത്തിലായത്. ഒരു പ്രത്യേക സ്ഥലത്തുള്ള കത്തോലിക്കരുടെ മതാനുഷ്ഠാനരീതിയെ ഒരു റീത്ത് എന്നു വിളിച്ചു. അങ്ങനെ റോമിലെ മതാനുഷ്ഠാന സമ്പ്രദായത്തെ റോമൻ റീത്ത് എന്നും കൽദായരുടെ നാട്ടിലെ സമ്പ്രദായത്തെ കൽദായാ റീത്ത് എന്നും വിളിച്ചുവന്നു. ആരാധനയിൽ പ്രയോഗിക്കപ്പെടുന്ന ഭാഷയനുസരിച്ച് ലത്തീൻ റീത്ത്, സുറിയാനി റീത്ത് എന്നിങ്ങനെയും പേരു പറഞ്ഞുവന്നു.

www.malankaralibrary.com

ലത്തീൻ ഭാഷയിലെ റീത്തൂസ് എന്ന പദം (ഇതിൻെറ സപ്തമീ ഏകവചനരൂപം റീത്തെ എന്നാണ്) ഏതു ധാതുവിൽനിന്നു വരുന്നുവെന്ന് ഭാഷാ ശാസ്ത്രജ്ഞന്മാർ ഉറപ്പിച്ചുപറഞ്ഞിട്ടില്ല. അതിൻെറ നിഷ്പത്തി സംശയാസ്പദമാണെന്ന് നിഘണ്ടുകർത്താക്കളും പറയുന്നു. എന്നാൽ, ഈ റീത്തൂസും സംസ്കൃതത്തിലെ രീതിയും ഒരേ സംസ്കൃത ധാതുവിൽനിന്നുണ്ടായതാണ്. റീത്തൂസ്, രീതി എന്നിവകൊ ണ്ട് ഉദ്ദേശിക്കുന്നത് ഒന്നുതന്നെയാണ്. ഇംഗ്ലീഷിൽ ഈ പദം റൈറ്റ് (rite) എന്നായി. റിച്ച്യുൽ (ritual) എന്ന വാക്ക് അതിൽനിന്നുണ്ടാകുന്നു (രീതിയെ സംബന്ധിച്ച എന്നർത്ഥം).

ഗ്രീക്കിലെ arithmos (= നമ്പർ) എന്നവാക്കുമായി ഇതിനുബന്ധമുണ്ടെന്ന് ഇംഗ്ലീഷ് നിഘണ്ടുകാരന്മാർ പറയുന്നു. പഴയ ഹൈജർമ്മനിലും ആംഗ്ലോ സാക്സണിലും റീം എന്ന വാക്കുണ്ട്. പഴയ നോർമനിൽ റീം എന്നതിന് കണക്കുകൂട്ടൽ എന്നർത്ഥമാണ്. പഴയ ഐറീഷ് ഭാഷയിൽ റീം എന്നതിന് നമ്പർ എന്നാണർത്ഥം.

ഇംഗ്ലീഷിലെ റിഥം (Rhythm), ലത്തീനിലെ റിഥ്മുസ് (Rhythmus), ഗ്രീക്കിലെ റിഥ്മോസ് (Rhythmos) എന്നിവ ഒരേ ധാതുവിൽനിന്നു വരുന്നു. അളന്നു തിട്ടപ്പെടുത്തിയ ചലനം, ക്രമം, അളവ്, അനുപാതം എന്നൊക്കെയാണർത്ഥം. അത് ഗ്രീക്കിലെ റെയിൻ (rhein) എന്ന ധാതുവിൽനിന്നു വരുന്നു. ഒഴുകുക എന്നാണ് ആ ധാതുവിൻെറ അർത്ഥം. സംഭാഷണം, കവിത എന്നിവയിലെല്ലാം ഈ റിഥത്തെപ്പറ്റി പറയാറുണ്ട്. ഇംഗ്ലീഷിൽ റൈം (Rhyme) എന്നും റിം (rim) എന്നും പറയാറുണ്ട്. ഗ്രീക്കുഭാഷയിൽ 'റ്' (P)എന്ന സ്വനിമത്തിന് പദാരംഭത്തിൽ കടുപ്പമുള്ള (rough breathing) ഉച്ചാരണമാണ്. ആ അക്ഷരത്തോടെ തുടങ്ങുന്ന ഗ്രീക്കുവാക്കുകളെല്ലാം ഇംഗ്ലീഷിൽ rh എന്ന രണ്ടക്ഷരങ്ങൾകൊണ്ടു തുടങ്ങും. അതുകൊണ്ടാണ് rhythm എന്ന് എഴുതുന്നത്. ഈ 'റ' കാരം ഫിനീഷ്യൻ അക്ഷരമാലയിലെ റ ആണ്. ഉറപ്പിച്ചാണ് അവരുടെ റ കാരോച്ചാരണം. റ കൊണ്ട് തുടങ്ങുന്ന പല ധാതുക്കളും സെമിറ്റിക്ക് ഭാഷകളിൽ ചലനത്തെ സൂചിപ്പിക്കുന്നുണ്ട്. സുറിയാനി നിഘണ്ടു നോക്കുക. ചലനം സുചിപ്പിക്കുന്ന സകല വാക്കുകളിലും 'റ' എന്ന സ്വനിമമുണ്ട്.

ഇനി ഗ്രീക്ക്, ലത്തീൻ ആധുനിക യുറോപ്യൻ ഭാഷകൾ എന്നിവയുടെ മുലകുടുംബമായ ഇൻഡോ യൂറോപ്യൻ ഭാഷയുടെ ഏറ്റവും പ്രാചീന ശാഖയായ സംസ്കൃതത്തിൽ ഈ ധാതു എന്താണെന്ന് നോക്കാം. സംസ്കൃതത്തിൽ രീ എന്ന ധാതുവിന് അഴിച്ചുവിടുക, ഉരുകുക, ഒഴുകുക എന്നൊക്കെയാണർത്ഥം. ഈ ധാതു ലീ എന്നും രി എന്നും രൂപം മാറാം (cf. Monier Williams, Sanskrit-English Dictionary, pp. 881, 903). ഇതിൽനിന്നുണ്ടാകുന്ന രീതി എന്ന വാക്കിന് ഗമിക്കൽ, ചലനം, ഒഴുക്ക്, പതിവ്, സമ്പ്രദായം എന്നൊക്കെയാണർത്ഥം. അപ്പോൾ ഗ്രീക്കിലെ റെയിൻ (Rhein) എന്ന ധാതുവും സംസ്കൃതത്തിലെ രീ എന്ന ധാതുവും ഒരേ ധാതുവിൻെറ ഭിന്ന രുപങ്ങളാണെന്ന് വ്യക്തമായി. ഇവയാകട്ടെ ഋ എന്ന ധാതുവിൽനിന്നുണ്ടായവയാണ്. പോവുക, ക്രമമായി സംഭവിക്കുക എന്നൊക്കെയാണർത്ഥം. സംസ്കൃതത്തിൽ റ കാരമില്ല. ര കാരവും റ കാരവും ഒന്നായിരിക്കയാണ്. സെമിറ്റിക്

www.malankaralibrary.com

ഭാഷകളിൽ റ കാരമേയുള്ളു. 'ര' അതിൽ ഉൾപ്പെട്ടിരിക്കുകയാണ്.

സംസ്കൃതത്തില ഋ ധാതുവിന് പോവുക, ഉയരുക, മുമ്പോട്ട്പോവുക, എത്തിച്ചേരുക, സംഭവിക്കുക എന്നൊക്കെയർത്ഥമുണ്ട്. ഗ്രീക്ക്, ജർമ്മൻ മുതലായ ഭാഷകളിൽ ഈ ധാതു പല രുപത്തിലും കാണപ്പെടുന്നുമുണ്ട്.

ഗ്രീക്കിലെ ഒർ-നു-മി, എർ-എ-തെസ്, അറോ-ഒ മുതലായവയിലും സെൻദ് അവസ്ഥൻ ഭാഷയിലെ ഇർ എന്ന ധാതുവിലും, ലത്തീനിലെ ഉയരുക എന്നർത്ഥമുള്ള ഓറിയോർ (orior) എന്ന ക്രിയയിലും റേമുസ് (re-mus) എന്ന വാക്കിലും ആരോ (aro) എന്ന ക്രിയയിലും, ഗോഥിക്കിലെ അർഗൻ (argan) എന്ന ക്രിയയിലും, ആംഗ്ലോ സാക്സണിലെ ആർ (ar) എന്ന ക്രിയയിലും, പഴയ ഹൈ ജർമ്മനിലെ ruo-dar, ar-an എന്നിവയിലും, ലിത്വേനിയനിലെ തുഴഞ്ഞുപോവുക (തുഴയുക) എന്നർത്ഥമുള്ള ir-ti എന്ന ക്രിയയിലും ഒഴുകുക എന്നർത്ഥമുള്ള അർതി ar-ti എന്ന ക്രിയയിലും ഈ ഋ തന്നെയാണുള്ളത്. സംസ്കൃതത്തിലെ ഋഷ് ധാതുവിന് ഒഴുകുക, വേഗം ചലിക്കുക, ഒഴുകിവരുക എന്നർത്ഥം.

ഋതു എന്നതിന് നിശ്ചിതസമയം, ആരാധനയ്ക്കും ബലിയ്ക്കും നിശ്ചയിക്കപ്പെട്ട സമയം, കാലം (season), ക്രമം, നിയമം, മുറ എന്നൊക്കെ അർത്ഥമാണ്. ഈ വാക്ക് ഋ എന്ന ധാതുവിൽനിന്ന് വരുന്നതുമാണ്. ആർത്തവമെന്ന പദവും 'ഋ' ധാതുവിൽനിന്നുണ്ടായതാണ്.

അങ്ങനെ റീത്തൂസ് (റീത്ത്) എന്നത് ഗ്രീക്കിൽ റേയിൻ എന്നും സംസ്കൃതത്തിൽ രീ എന്നും കാണുന്ന ധാതുക്കളുടെ മൂലരൂപത്തിൽനിന്ന് (ഋ) വരുന്നുവെന്നും ഒഴുക്ക്, ചലനം, നിശ്ചിതമായ ഒഴുക്ക്, നിശ്ചിതമായ ചലനം, ആചാരം, അനുഷ്ഠാനം എന്നിങ്ങനെയാണർത്ഥമെന്നും വ്യക്തമാകുന്നു. ഗ്രീക്കിലെ സംഖ്യ എന്നർത്ഥമുള്ള അറിത്ത്മോസ് എന്ന പദവുമായി ഇതിനെ ബന്ധിപ്പിക്കാം. കാരണം, സംഖ്യകൾ ക്രമമായി ആരോഹണാവരോഹണങ്ങൾ നടത്തുന്നവയാണ്. കണക്കുകൂട്ടലും, ക്രമാധിഷ്ഠിത ചലനമാണ് സൂചിപ്പിക്കുന്നത്. ചലനം, ചലനത്തിൻെറ ചിട്ടപ്പെടുത്തൽ എന്നിവയാണ് ഇവയുടെയെല്ലാം പിന്നിലുള്ളത്. എല്ലാ ചിട്ടപ്പെടുത്തലിനും പതിവിനും ആചാരത്തിനും പിന്നിൽ ചലനമാണുള്ളത്. ചലനം പ്രവൃത്തിയാകാം.

പുരാതന റോമാക്കാർ റീത്തൂസ് കൊണ്ട് ഉദ്ദേശിച്ചതുതന്നെയാണ് പുരാതന ഭാരതീയർ രീതി കൊണ്ട് ഉദ്ദേശിച്ചതും. ര, റ എന്നിവയ്ക്ക് പ്രത്യേകം പ്രത്യേകം ലിപികൾ ഇല്ലാത്ത ഭാഷകളിൽ പല അവ്യക്തതകളുമുണ്ടായിട്ടുണ്ട് എന്നേ ഉള്ളൂ. ഈ ധാതു ഇൻഡോ ആര്യൻ ഭാഷകളിലും സെമിറ്റിക് ഭാഷകളിലും കാണപ്പെടുന്നു. രണ്ടു ഭാഷാഗോത്രങ്ങൾ തമ്മിലുള്ള ബന്ധം സൂചിപ്പിക്കുന്ന ധാതുക്കളിൽ ഒരെണ്ണമാണിത്.

**റീശീസാ (റ്ശോസ)** "ഇടവകപ്പട്ടിക തയ്യാറാക്കി... അത് വിശ്വാസത്തെ സ്ഥിരപ്പെടുത്തുന്നതിന് ഉപയോഗമായി വരുന്നതുകൂടാതെ റീശീസാ പിരിച്ചെടുക്കുന്നതിന് ഒരു കണക്ക് ആയും ഉപയോഗപ്പെടും" (സെഡ് എം. പാറേട്ട്, മുളന്തുരുത്തി സൂനഹദോസ്, കോട്ടയം, 1966, പുറം 229). ഈ പ്രസ്താവനയിൽ കാണുന്ന റീശീസാ എന്ന പദം പടിഞ്ഞാറൻ സുറിയാനി ഭാഷയിൽനിന്നു വന്നതാണ്. കിഴക്കൻ (കൽദായാ) സുറിയാനിയിൽ റ്ശോസാ എന്നാണ്

www.malankaralibrary.com

അതിൻെറ രൂപം. ദാനമായി കൊടുക്കുന്നത് (സംഭാവന) എന്നാണ് അതിൻെറ അർത്ഥം. വൈദികർക്കും വൈദികമേലദ്ധ്യക്ഷന്മാർക്കും കൊടുക്കുന്ന സംഭാവനയ്ക്ക് ഈ പേരുപറയും. മറസ്യാനൂസാ എന്നൊരു വാക്കുമുണ്ട് ഇതേ അർത്ഥത്തിൽ.

**റൂശ്മ** ഒപ്രുശുമ-റുശ്മാനിലം എന്നിവ കാണുക.

**റൂശ്മാനിലം** പോർത്തുഗീസ് കാലഘട്ടത്തിനുമുമ്പ് കേരളത്തിൽ സെമിത്തേരി (സിമിത്തേരി) എന്ന വാക്ക് പ്രയോഗിച്ചിരുന്നില്ല. അതിനുപകരമുള്ള റുശ്മാനിലം എന്ന പദമാണ് പ്രയോഗിച്ചിരുന്നത്. ആശീർവാദത്തിൻെറ സ്ഥലം എന്നാണ് അതിൻെറ അർത്ഥം (റൂശ്മ = ആശീർവാദം, പ്രതിഷ്ഠിക്കൽ, പവിത്രീകരിക്കൽ). 1599-ൽ നടന്ന ഉദയംപേരൂർ സുനഹദോസിൻെറ കാനോനകളിൽ ഈ പ്രയോഗം 6 പ്രാവശ്യമുണ്ട് (7-ാം മൗത്വാ 24, 26 കാനോനകളിൽ). അതിൽ ഒരിടത്തും സിമിത്തേരിയെന്ന പ്രയോഗമില്ല. (ഈറാത്തിയോൺ എന്ന വാക്കുകൂടി കാണുക).

**റെസിബോ** പറ്റുചീട്ട് എന്നർത്ഥമുള്ള രസീത് എന്ന വാക്ക് ഇംഗ്ലീഷുഭാഷയുടെ പ്രചരണത്തോടെയാണ് മലയാളത്തിൽ സ്ഥിരപ്രതിഷ്ഠ നേടിയത്. അതിനുമുമ്പ് റെസിബോ (recibo) എന്ന പോർത്തുഗീസ് വാക്കാണ് ഉപയോഗിച്ചിരുന്നത്. പോർത്തുഗീസുകാരുടെ വരവോടെ റെസിബോ പ്രചാരത്തിലായി. വരാപ്പുഴ വികാരിയാത്തിലെ കല്പനകളും നിയമങ്ങളും എന്ന ഗ്രന്ഥത്തിൽ (1879) ഇങ്ങനെ കാണുന്നു: "മുതലും താക്കോലും കണക്കും മറ്റും ഏല്പിച്ച ഈ വകയ്ക്ക റെസിബൊ വാങ്ങിക്കൊൾകയും വെണം" (പുറം 79).

റെച്ചബെർ (receber) എന്ന ക്രിയയിൽനിന്നാണ് റെച്ചിബോ (റെസിബോ) എന്ന വാക്കു വരുന്നത്. ലത്തീനിലെ കാപ്പെരെ (Capere) എന്ന ക്രിയയ്ക്ക് എടുക്കുക എന്നും അർത്ഥമുണ്ടല്ലോ. റെച്ചിപ്പെരെ (recipere) എന്ന ക്രിയയ്ക്ക് സ്വീകരിക്കുക എന്നും (re എന്ന ഉപസർഗ്ഗം ചേർത്തിരിക്കുന്നു. കാപ്പെരെ എന്ന ക്രിയയുടെ ധാതു കാപ്പ് എന്നുമാത്രമാണ്. അതിലെ കകാരം ചകാരമായി മാറി. ആധുനിക യുറോപ്യൻ ഭാഷകളിൽഅത് സ കാരമായും മാറി).

റെച്ചെപ്താ എന്ന ലത്തീൻ വാക്കിന് സ്വീകരിക്കപ്പെട്ട വസ്തു എന്നാണ് പ്രഥമാർത്ഥം. സ്വീകരിച്ചിരിക്കുന്നു എന്നു രേഖപ്പെടുത്തുന്ന ചീട്ടിനും ആ പേര് യുറോപ്യൻ ഭാഷകളിലുണ്ടായി. (ഇംഗ്ലീഷിൽ റസീപ്റ്റ്). സുറിയാനി ഭാഷയുടെ പ്രാബല്യമുണ്ടായിരുന്ന കാലത്ത് ബസാറാ എന്ന സുറിയാനിപ്പദമാണ് ഉപയോഗിച്ചിരുന്നത്. രസീതിനും കടപ്പത്രത്തിനും ആ വാക്ക് പ്രയോഗിച്ചിരുന്നു.

**റേന്ത** വസ്ത്രങ്ങളുടെ അരികുകളിൽ തുന്നിപ്പിടിപ്പിക്കുന്ന നേരിയതരം തുണിയെന്നും വിചിത്രമായ നൂൽപ്പണിയെന്നുമാണ് റേന്ത (renda) എന്ന വാക്കുകൊണ്ട് ഉദ്ദേശിക്കുന്നത്. അലങ്കാരത്തിനുവേണ്ടിയാണ് റേന്ത തയ്ച്ചു പിടിപ്പിക്കുന്നത്. ഒരു പോർത്തുഗീസ് പദമാണ് റേന്ത. ആ ഭാഷയിൽ മാല, മാലപ്പണി എന്നൊക്കെ അതിന് അർത്ഥമുണ്ട്. ലത്തീൻഭാഷയിലെ റേതേ (rete) എന്ന വാക്കാണ് പോർത്തുഗീസിൽ റേന്ത (റെൻദ) എന്നായത്. വല എന്നാണ് അതിൻെറ അർത്ഥം. വലപോലെ നൂലുകൾ അകലത്തിൽ നെയ്തെടുക്കുന്ന തുണിയാണ് റേന്ത. അയഞ്ഞ, അകലത്തിലുള്ള എന്നൊക്കെ അർത്ഥം വരുന്ന റാരുസ് (rarus)

www.malankaralibrary.com

എന്ന ലത്തീൻ വാക്കുമായി അതിന് ബന്ധമുണ്ടായിരിക്കാം. റേന്ത വലപോലെയാണുണ്ടാക്കുന്നത്. ചിലപ്പോൾ ചിത്രപ്പണികളോടുകൂടിയ റേന്തയുമുണ്ടാക്കും. പോർത്തുഗീസിൽ റെന്ദില്യർ എന്നതിന് തുന്നുക (നെയ്യുക) എന്നും, റെദില്യ എന്നതിന് മാലപ്പണിയെന്നും, റെന്തെയ്റോ (rendeiro) എന്നതിന് മാലപ്പണിക്കാരൻ എന്നും അർത്ഥമുണ്ട്. റേന്ത, റേതേ എന്നീ വാക്കുകൾക്ക് ഒരു പക്ഷേ സംസ്കൃതത്തിലെ ഋ എന്ന ധാതുവുമായി ബന്ധമുണ്ടായിരിക്കാം.

**റൈറ്റ്** ഇംഗ്ലീഷിൽനിന്ന് മലയാളത്തിലേക്കു വന്ന ഒരു പദമാണ് റൈറ്റ് (Right). മെത്രാന്മാരുടെ പേരുകളോട് മാർ എന്നതിനുപകരം റൈറ്റ് റവറെൻഡ് എന്ന് (Rt.Rev. എന്ന് ചുരുക്കെഴുത്ത്) കൂട്ടിച്ചേർക്കുക ഈ നൂറ്റാണ്ടിൽ തുടങ്ങിയ സമ്പ്രദായമാണ്. പണ്ട് യൂറോപ്പിൽ മാടമ്പിമാരെയും മറ്റും വിളിക്കാൻ ഉപയോഗിച്ചിരുന്ന പദമാണല്ലോ റൈറ്റ്. പിന്നീട് അത് ആധ്യാത്മിക നേതൃത്വം വഹിക്കുന്നവരെ വിളിക്കാനും പ്രയോഗിച്ചു തുടങ്ങി.

റൈറ്റ് റവറെൻഡ്, റൈറ്റ് ഓണറബിൾ എന്നിവയിൽക്കാണുന്ന റൈറ്റ് എന്ന പദത്തിന് വളരെ, എത്രയും, യഥാർത്ഥത്തിൽ എന്നൊക്കെയാണർത്ഥം കല്പിക്കുന്നത്. നേരേ എന്നാണ് അതിന്റെ ആദിമ അർത്ഥം. ശരിയായ, വലത്തുവശത്തുള്ള, നേരെയുള്ള എന്നിങ്ങനെ വിവിധാർത്ഥദ്യോതകമായ ഈ വാക്ക് ലത്തീൻഭാഷയിലെ റെക്ത്തൂസ് (rectus) എന്ന വിശേഷണത്തിൽനിന്നു വരുന്നു. മിക്ക യൂറോപ്യൻ ഭാഷകളിലും ഈ റെക്ത്തൂസ് രൂപഭേദങ്ങളോടെ നിലനില്ക്കുന്നുണ്ട് (ഉദാ: പഴയ ഇംഗ്ലീഷിൽ richt, ജർമ്മനിൽ recht, പഴയ നോർമനിൽ retter, ഗോഥിക്കിൽ raihts) ഇവയുടെ എല്ലാം മൂലരൂപമായ റെക്ത്തൂസിന്റെ ആദിമരൂപം റെഗ്തൂസ് (regtus) എന്നാണ്. നേരേ നയിക്കപ്പെടുന്ന എന്നർത്ഥം (റേജെരെ = നയിക്കുക, ഭരിക്കുക; റെഗോ = ഞാൻ നയിക്കുന്നു; റെക്സി=ഞാൻ നയിച്ചു; റെക്തും = നയിക്കപ്പെട്ടത്). ഈ ധാതു സംസ്കൃതത്തിലെ രധ് എന്ന ധാതുവുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് ചിലർ കരുതുന്നു. എന്നാൽ ഋജ് ധാതുവുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നതിൽ സംശയമില്ല. പോവുക എന്നർത്ഥമുള്ള ഋ ധാതുവായിരിക്കാം ഇവയുടെയെല്ലാം ആദിമരൂപം. അങ്ങനെ റൈറ്റ് എന്ന വിശേഷണം നമുക്ക് അന്യമല്ലെന്ന് വരുന്നു.

www.malankaralibrary.com

# ഗ്രന്ഥസൂചി

## 1. മലയാളം


ആഞ്ചെലോ ഫ്രാൻസിസ്, റവ., *നസ്രാണികൾ ഒക്കെക്കും അറിയെണ്ടുന്ന ഒത്തിന്റെ [ഓത്തിന്റെ] അർത്ഥം. (Catechismus Doctrinae Christianae in Lingua Malabarica* (c. 1700 AD), Bibliotheque Nationale, Paris, MS. in Indien 752.

ആർച്ചുഡീക്കൻ ജോർജ്, *എടപ്പള്ളി പടിയോല,* (AD 1632), Biblioteca Ambrosiana Milano, MS. Y, 116. Suppl. 16.ff.

*മെമ്മോറാണ്ഡം,* പോർത്തുഗീസ് വൈസ്രോയി ഡോം ഫിലിപ്പു മസ്ക്രൻഹാസിന് 1645-ൽ സമർപ്പിച്ചത്, Biblioteca Ambrosiana Milano MS. Y. 116 Suppl. 16 ff.

ഈറാനിമ്മോസച്ചൻ, ക.നി.മു.സ, *സുറിയാനി ഭാഷാപ്രവേശിക, മാന്നാനം, 1944.*

*എറണാകുളം അതിരൂപതയിലെ നിയമസംഗ്രഹം,* മാർലൂയീസ് മെമ്മോറിയൽ പ്രസ്സ്, എറണാകുളം, 1950.

*ഓർത്തഡോക്സ് സുറിയാനി ക്രിസ്ത്യാനികളുടെ വിശുദ്ധ കുർബാനക്രമം,* കെ.വി.എം. പ്രസ്സ്, പുളിക്കീഴ്, 1970

*ഓർത്തഡോക്സ് സുറിയാനി സഭയുടെ ശുശ്രൂഷാസംവിധാനം,* MGO CMS Bookshop & Publishing House, Kottayam, 1983.

ഓല, *"ചേരമാൻ പെരുമാൾ തറോതായ് പള്ളിക്ക് എഴുതിക്കൊടുത്ത വാചകം", "കൊല്ലത്ത് ഈശോയി തരിചാൾ ചെയ്ത പള്ളിക്ക്",* ചെമ്പേടിന്റെ കൈയെഴുത്തുപകർപ്പ്. കർസോൺ ലിപി, വത്തിക്കാൻ ലൈബ്രറി., MS. 272.

കർമ്മലീത്താ ദെസ്കാൾസു സഭയിൽപ്പെട്ട മിസ്സ്യോണറിമാർ, *"ജ്ഞാനൊപദെശ സംഗ്രഹവും വെദൊപദെശ സംക്ഷെപവും,* സഞ്ചൊൻ അച്ചുക്കൂട്ടം, കൊച്ചി, 1865.

കർമ്മെലീത്താ സഭയുടെ ഗുരുസ്വാമിമാർ, *വെദൊപദെശപുസ്തകം,* തിരുവനന്തപുരം സർക്കാർ അച്ചുക്കൂട്ടം, 1859.

കളപ്പുരയ്ക്കൽ അന്ത്രയോസ് കത്തനാർ, *സുറിയാനി മുലപാഠം,* മാർത്തോമ്മാ ശ്ലീഹാ പ്രസ്, പുത്തൻപള്ളി, വരാപ്പുഴ, 1913.

—— *സുറിയാനി മലയാളനിഘണ്ടു* (വടക്കയിൽ മത്തായി കത്തനാർ പരിഷ്കരിച്ചത്) മാർതോമ്മാശ്ലീഹാ പ്രസ്, മംഗലപ്പുഴ, ആലുവ, 1940 ( 1-ാം പതിപ്പ് 1907)

കാന്തിദുസ് അ. കോർദെമരിയ *"മലയാഴ്മ ലത്തീൻ ഗ്രമാത്തി, Grammatica Malabarico- Latina,* വെസ്റ്റെൺസ്റ്റാർ ആപ്പീസിൽ ബി. പ്രന്നാണ്ടിസിനാൽ അച്ചടിക്കപ്പെട്ടത്, കൊച്ചി, 1868.

കുന്നപ്പള്ളി ജോൺ, ഫാ., *"സംസ്കൃതധാതുരൂപാവലി,* പൊന്തിഫിക്കൻ ഇൻസ്റ്റിറ്റ്യൂട്ട്, ആലുവ, 1981.


www.malankaralibrary.com

——, *പ്രക്രിയാഭാഷ്യം*, വിതരണം: നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം, 1972.

കുര്യൻ. പി. (പ്രസി.), *മാർത്തോമ്മാ നസ്രാണികളുടെ സത്യവിശ്വാസം*, ഭാസ്കര പ്രസ്സ്, തിരുവനന്തപുരം, 1908.

കുറിയാക്കോസ് ഏലീശ്വാ അച്ചൻ, *നിത്യാരാധന*, മാന്നാനം, 11-ാം പതിപ്പ്, 1911.

——, *സുറിയാനിക്രമത്തിലെ പൂജാകർമ്മങ്ങൾ*, മാന്നാനം, 1868.

കുറുപ്പുംവീട്ടിൽ ഗോപാലപിള്ള കെ.എൻ., *കേരളമഹാചരിത്രം*, തിരുവനന്തപുരം, 1948.

കൂടപ്പുഴ, സേവ്യർ റവ. (എഡി.), *ഭാരതസഭാചരിത്രം*, O.I.R.S., കോട്ടയം, 1980.

——, *തിരുസ്സഭാചരിത്രം*, O.I.R.S., കോട്ടയം, 1974.

കെറുബിൻ ഗുരുസ്വാമി ക.നി.മൂ.സ, *പൂജകർമ്മങ്ങളുടെ സാരാർത്ഥം*, മാന്നാനം, 4-ാം പതിപ്പ്, 1925.

കേരള സർവകലാശാല, *മലയാളം ലക്സിക്കൺ, മലയാള മഹാനിഘണ്ടു*, തിരുവനന്തപുരം, 7 വാല്യങ്ങൾ 1965-1977

കൊളിൻസ് റിച്ചാർഡ്, *മലയാള നിഘണ്ടു*, കോട്ടയം, 1865

കോനാട്ട് അബ്രാഹം മല്പാൻ, *ക്സാബോ ദ് തക്സോ ദ് അനാഫോറാസ്*, മാർ ജൂലിയസ് പ്രസ്സ്, പാമ്പാക്കുട, 1957

——, *സുറിയാനി ഭാഷാപ്രവേശിക*, മാർ ജൂലിയസ് പ്രസ്സ്, പാമ്പാക്കുട, 2-ാം പതിപ്പ് 1981.

കോനാട്ട് മാത്തൻ കോറെപ്പിസ്കോപ്പാ (പരിഭാഷകൻ), *മലങ്കര യാക്കോബായാ സുറിയാനി ക്രിസ്ത്യാനികളുടെ പ്രാർത്ഥനാക്രമം*, മാർ ജൂലിയസ് പ്രസ്സ്, പാമ്പാക്കുട, 6-ാം പതിപ്പ്, 1939 (1-ാം പതിപ്പ് 1910)

ഗുണ്ടർട്ട് ഹെർമൻ, *A Malayalam and English Dictionary*, Basel Mission Press, Mangalore, 1872.

ഗുപ്തൻ നായർ. എസ്. (ചീഫ് എഡി.), *കേരള ഭാഷാ നിഘണ്ടു*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1977.

ചാക്കോ, ഐ.സി, *പാണിനീയ പ്രദ്യോതം*, പ്രസാധകർ: പി.സി. ദേവസ്യ, എം.എം. വർക്കി, എറണാകുളം, 1955.

——, *ചില ശബ്ദങ്ങളും അവയുടെ രൂഢാർത്ഥങ്ങളും*, 1-ാം ഭാഗം, ഐ.സി. ഗ്രന്ഥാവലി നമ്പർ 2, തേവര, എറണാകുളം, 1956.

ജോസഫ് പി.എം, *മലയാളത്തിലെ പരകീയപദങ്ങൾ*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തുപരും, 1984

ഡാനിയേൽ കെ.എൻ, (സമ്പാദകൻ) *ഉദിയംപേരൂർ സുനാദോസിൻെറ കാനോനകൾ*, ക്രിസ്റ്റ്യൻ ലിറ്ററേച്ചർ പ്രസ്സ്, തിരുവല്ല, 1952.

www.malankaralibrary.com

ഡേവിഡ് സി.എം.ഐ. *വേദാഗമചരിത്രസംക്ഷേപം*, ഐ.എസ്.പ്രസ്സ്, എൽത്തുരുത്ത്, തൃശൂർ, 8-ാം പതിപ്പ്, 1967 (1-ാം പതിപ്പ് 1949).

തകിടിയിൽ യാക്കോബു കശീശ (വിവ.), *തക്സോ ദ് കുറോബോ*, സെൻറ് ജോസഫ്സ് പ്രിൻറിംഗ് ഹൗസ്, തിരുവല്ല, 1948

ഡ്രമ്മണ്ട്, റോബർട്ട്, Grammar of the Malabar Language, Courier Printing Office, Bombay, 1799, British library, London, No. 622. L .22.

*തക്സാ ദ് കുദാശാ, കിഴക്കിൻെറ സുറിയാനി സഭയുടെ കുദാശാക്രമം*, മാർ നർസായി പ്രസ്സ്, തൃശൂർ, 1959.

തോമസ് പി.ജെ. *കേരളത്തിലെ ക്രിസ്തീയ സാഹിത്യം*, സെൻറ് മേരീസ് പ്രസ്സ്, അതിരമ്പുഴ, 1935

ദക്ഷിണേന്ധ്യാസഭ, *കർത്താവിൻെറ അത്താഴത്തിനുള്ള ശുശ്രൂഷാക്രമം അഥവാ വിശുദ്ധ യുക്കറിസ്റ്റ്*, ദക്ഷിണേന്ധ്യാസഭ പൊതു ആരാധനപ്പുസ്തകം, സി.എം.എസ്. പ്രസ്സ്, കോട്ടയം, 1981.

നങ്ങച്ചിവീട്ടിൽ തോമസ്, റവ. ഡോ., *ഏഷ്യയിലെ മാർത്തോമ്മാസഭകൾ, 2 വാല്യങ്ങൾ*, ജയമാതാ പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 1982, 1985.

*നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുമിശിഹായുടെ സഹോദരനായ ശു.മ.യാക്കോബ് ശ്ലീഹായുടെ കുർബാനക്രമം*, ചർച്ച് മിഷൻ പ്രസ്സ്, കോട്ടയം (n.d.)

നാരായണപ്പണിക്കർ ആർ, *നവയുഗഭാഷാനിഘണ്ടു*, 1954.

നിലവരേത്ത് മൈക്കിൾ, റവ. (വിവ). *കുറുവാന എന്ന ദിവ്യപൂജ*, ഐ.എസ്.പ്രസ്സ്, എറണാകുളം, 1916.

——, *ചെറിയ വേദോപദേശം*, ഐ.എസ്.പ്രസ്സ്, എറണാകുളം, 1917.

——, *ഇടത്തരം വേദോപദേശം*, ഐ.എസ്.പ്രസ്സ്, എറണാകുളം, 1917.

——, *വലിയ വേദോപദേശം*, ഐ.എസ്.പ്രസ്സ്, എറണാകുളം, 1917.

പാറേട്ട് ഇസഡ്.എം. *മുളന്തുരുത്തി സുനഹദോസ്*, മനോരമ പബ്ളിഷിംഗ് ഹൗസ്, കോട്ടയം, 1966.

——, *മലങ്കര നസ്രാണികൾ*, 2 വാല്യങ്ങൾ, മനോരമ പബ്ളിഷിംഗ് ഹൗസ്, കോട്ടയം, 1965, 1966.

——, *മലങ്കര നസ്രാണികൾ : പദവിയും ജാത്യാചാരങ്ങളും*, മനോരമ പബ്ളിഷിംഗ് ഹൗസ്, കോട്ടയം, 1966.

പാറേമ്മാക്കൽ തൊമ്മൻ കത്തനാർ, *വർത്തമാനപ്പുസ്തകം*, പുതിയ പതിപ്പ്, ജനതാ ബുക്ക്സ്റ്റാൾ, തേവര, 1977.

പിയാനിയുസ് ക്ലെമെൻറ്, *സംക്ഷേപവേദാർത്ഥം*, റോമ, 1772.


www.malankaralibrary.com

പീറ്റ്, ജോസഫ്, റവ, *Grammar of the Malayalim Language,* Church Mission Press, Kottayam, 1841.

*[പുതിയനിയമം: സുവിശേഷങ്ങൾ] The New Testament of our Lord and Saviour Jesus Christ.* Translated into the Malayalam, Part one containing four Gospels, Courier Press, Bombay, 1811. [ബുക്കാനൻെറ നേതൃത്വത്തിൽ നടത്തിയ ബൈബിൾ വിവർത്തനം]

*പുതിയനിയമം, Novum Testamentum Domini Nostri Jesu Christi Vol I,* എറണാകുളം കരകൗശലശാല അച്ചുകുടം, 1905 [മഞ്ഞുമ്മെൽ അമലോദ്ഭവ ദൈവജനനിയിൻ ആശ്രമ ഗുരുക്കൾ നടത്തിയ വിവർത്തനം].

*പുതിയനിയമം, The New Testament in the Malayalim Language,* Church Missionary Society's Press, Kottayam, 1876.

പുത്തൻപുരക്കൽ ഉതുപ്പുലൂക്കോസ്, *മലയാളത്തെ സുറിയാനിക്രിസ്ത്യാനികളുടെ പുരാതന പാട്ടുകൾ,* കാത്തലിക് മിഷൻ പ്രസ്, കോട്ടയം, 1954 (1-ാം പതിപ്പ് 1910).

പുലിക്കോട്ടിൽ യൗസേപ്പു ശെമ്മാശൻ,എം.പി.പത്രോസ് ശെമ്മാശൻ, *കുർബാന തക്സാ,* ഏ.ആർ.പി.പ്രസ്സ്, കുന്നംകുളം, 1920.

——, *പീഡാനുഭവാഴ്ചയിലെ പ്രുമിയോൻ,* ഏ.ആർ.പി.പ്രസ്സ്, കുന്നംകുളം, 2-ാം പതിപ്പ്, 1952 (1-ാം പതിപ്പ്, 1918).

പ്ലാസിഡ്, റവ.ഫാ. റ്റി.ഒ.സി.ഡി, *നമ്മുടെ റീത്ത്,* മാന്നാനം, 1944

——, *അന്ത്യോക്യാ പാത്രിയാർക്കീസ്,* മാന്നാനം, 1931

പ്രൊവിൻഷ്യൽ ലിറ്റർജിക്കൽ കമ്മീഷൻ, *ദിവ്യപൂജക്രമം (Ordo Missae),* സേവ്യർ പ്രസ്സ്, കോഴിക്കോട്, 1970.

ഫാബിയൻ, റവ. ഫാ. റ്റി.ഒ.സി.ഡി, *കേരളത്തിലെ പൌരസ്ത്യ സുറിയാനി കത്തോലിക്കരുടെ കുർബാന,* മാന്നാനം. 1953.

ബാലകൃഷ്ണൻ ബി.സി, നാരായണപിള്ള കെ.എസ് (എഡി.), *ശബ്ദസാഗരം,* കോട്ടയം, 2001. (1-ാം പതിപ്പ് 1991).

ബെയ്‌ലി, ബഞ്ചമിൻ, *A Dictionary of High and Colloquial Malayalam and English,* Kottayam, 1846.

*ഭാഗ്യകാരർ ശ്ലീഹന്മാരിടെ കുദാശ,* വത്തിക്കാൻ ലൈബ്രറി, കൈയെഴുത്ത് No. Indiano 1750 Tamoul 503.

മട്ടക്കൽ മല്പാൻ, *ഓർത്തഡോക്സ് സുറിയാനി സഭയുടെ കുർബാന തക്സാ.* സി.എം.എസ്.പ്രസ്, കോട്ടയം, 1940.

മത്തായിമത്തായി കത്തനാർ, *വെദൊപദെശം,* എറണാകുളം, കൈയെഴുത്ത്, 1746.

www.malankaralibrary.com

*മയ്യലെതൊട്ട് അന്തിയൊളം എങ്ങനെ നസ്രാണികൾ യാവരിക്കെണ്ടു എന്നതുമ്മെൽ* (കയ്യെഴുത്ത്, കർസോൺ ലിപി. പ്രാർത്ഥനകൾ, ശ്ലീഹന്മാരുടെ ജീവിതചരിത്രം, കൂദാശകൾ, ലുത്തനിയ, മനോഗുണ പ്രവൃത്തികൾ മുതലായവ c. 1600 AD).

**മർസെല്ലിനോസ് ആ സാൻക്താ ത്രേസ്യ,** *സന്മാർഗശാസ്ത്ര സംക്ഷേപം,* 2 വാല്യങ്ങൾ, വരാപ്പുഴ മെത്രാപ്പോലീത്തൻ അച്ചുകൂടം, 1887.

——, *സത്യവെദചരിത്ര സംഗ്രഹം:* പഴയ നിയമം (Compendium Historae Sacrae Ex Veteri Testamento), വരാപ്പുഴ, 1881.

——, *കെരുളരാജ്യത്തിലെ സത്യവേദചരിത്രം,* കൂനമ്മാവ്, 1872.

**മാത്യുസ് മാർ ബർണബാസ്,** *വിശുദ്ധ കുർബാനയുടെ ലഘുപഠനം,* തൃക്കുന്നത്തു സിമ്മനാരി, ആലുവ, 1980

**മാധവൻ പിള്ള.സി.,** *അഭിനവ മലയാള നിഘണ്ടു,* 2 വാല്യങ്ങൾ, ഡി.സി.ബുക്സ്, കോട്ടയം, 1977.

**മാർ ഈവാനിയോസ് മെത്രാപ്പോലീത്ത,** *തക്സോദ്കൂറോബോ,* പാമ്പാക്കുട, 1934.

**മാർ തിമോത്തിയോസ് ഔഗൻ മെത്രാപ്പോലീത്ത,** ആണ്ടടക്കമുള്ള കുർബാനയുടെ ഹുത്തോമോ, മാർജൂലിയസ് പ്രസ്സ്, പാമ്പാക്കുട. (n.d.)

**മാർതോമ്മാ ചർച്ച് കമ്മറ്റി,** *മലങ്കര മാർത്തോമ്മാ സുറിയാനി ക്രിസ്ത്യാനികളുടെ കുർബാന തക്സാ,* റ്റി.എ.എം. പ്രസ്സ്, തിരുവല്ല, 1967 (1-ാം പതിപ്പ് 1924)

**മാർ ദീവന്നാസിയോസ് വട്ടശേരിൽ,** *മതോപദേശ സാരം,* കോട്ടയം, 1908.

**മൂലൻ ജോൺ റവ.,** പൗരസ്ത്യ സുറിയാനി സഭാകലണ്ടർ, Diocesan Catechetical Centre, Trichur, 1986.

*മൊരാൾ തെളൊഗിയ,* (കർമ്മലീത്താ സഭയിലെ ഒരു സന്ന്യാസി മാർ ലാഗൊരി പുണ്യവാളൻെറ മൊരാൾ ശാസ്ത്ര പുസ്തകങ്ങളിൽനിന്ന് മലയായ്മ പരിഭാഷപ്പെടുത്തിയത്) മാന്നാനം, 1871.

**യൗസേപ്പു ഗീവറുഗീസ്, ക.നി.മൂ.സ,** *പ്രസിദ്ധാരാധന (ലിത്തൂർജിയ),* എൽത്തുരുത്ത്, ശുദ്ധീകരമാതാവിനാശ്രമ അച്ചുകൂടം, 1897

**യോഷ്വാ കെ.സി,** *സുറിയാനി കുർബാന,* ഐ.എസ്.പ്രസ്സ്, എറണാകുളം, 1926.

**രാജരാജവർമ്മ ഏ.ആർ,** *മണിദീപിക,* ബി.വി.ബുക്ക് ഡിപ്പോ, തിരുവനന്തപുരം, 1914.

**ലിറ്റർജിക്കൽ കമ്മറ്റി,** *സീറോമലങ്കര കുർബാനതക്സാ,* പ്രസാ:റവ.തോമസ് പാഴൂർ; കേരള പ്രിൻേറഴ്സ്, പുതുശ്ശേരി, കല്ലൂപ്പാറ, 1966.

**ലിറ്റർജിക്കൽ കമ്മറ്റി,** *തിരുനാൾ റാസ,* എറണാകുളം, 1973.

——, *തിരുനാൾ പാട്ടുകുർബാന,* എറണാകുളം, 1973

www.malankaralibrary.com

——, *മരിച്ചവർക്കുവേണ്ടിയുള്ള റാസ,* എറണാകുളം, 1978

——, *മരിച്ചവർക്കുവേണ്ടിയുള്ള പാട്ടു കുർബാന,* എറണാകുളം, 1973.

*ലോകരക്ഷിതാവായ ഈശോമിശിഹാ കർത്താവിന്റെ ജീവചരിത്രസംക്ഷേപം,* 6-ാം പതിപ്പ്, മാന്നാനം, 1950.

*വരവുകളുടെ നിയമസംഗ്രഹം,* മാർ ലൂയിസ് പ്രസ്സ്, എറണാകുളം, 1908

*വരവുകളുടെ നിയമസംഗ്രഹം,* മാർ ലൂയിസ് പ്രസ്സ്, എറണാകുളം, 1934

*വരാപ്പുഴ വിഗാരിയാത്തിലെ...... കല്പനകളും നിയമങ്ങളും,* കൂനമ്മാവ്, 1879

**വലിയവീട്ടിൽ ഗീവറുഗീസ് മാണി, ക.നി.മൂ.സ,** *തൂക്കാസാ അഥവാ മലയാളത്തിലെ സുറിയാനി റീത്തനുസരിച്ചുള്ള പൂജാനുഷ്ഠാനവിധികൾ,* മാന്നാനം, 1926.

*വിശുദ്ധ കുർബാനതക്സാ,* (The order of the Holy Qurboono of the Syro-Malankara Church), തിരുവനന്തപുരം, 1972.

*വേദാഗമചരിത്രം: പഴയ നിയമം,* സെന്റ് ജോസഫ്സ് പ്രസ്സ്, മാന്നാനം, 19-ാം പതിപ്പ് 1950.

*വേദോപദേശ സംക്ഷേപം,* ഐ.എസ്.പ്രസ്സ്, എറണാകുളം, 1967

*വെദൊപദെശസംക്ഷെപം,* മാന്നാനം, 1873.

**ശ്രീകണ്ഠേശ്വരം ജി. പദ്മനാഭപിള്ള,** *ശബ്ദതാരാവലി,* 5-ാം പതിപ്പ്, നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം, 1964.

**സീറോ മലബാർ ബിഷപ്പ്സ് കോൺഫ്രൻസ്,** *തക്സാ ദ് കൂദാശ, സീറോ മലബാർ സഭയുടെ ആഘോഷപൂർവമായ റാസക്രമം,* തിരുവനന്തപുരം, 1986.

——, *സീറോ മലബാർ സഭയുടെ കുർബാന ക്രമം,* മാർത്തോമ്മാ ശ്ലീഹാ പ്രസ്സ്, ആലുവ, 1962.

**സീറോ മലബാർ ലിറ്റർജിക്കൽ കമ്മറ്റി,** *ആഘോഷമായ കുർബാന, 1971*

——, *സീറോ മലബാർ സഭയുടെ കുർബാനക്രമം,* മാർതോമ്മാശ്ലീഹാ പ്രസ്സ്, ആലുവ, 1968

**സുനീതികുമാർ ചാറ്റർജി,** *ദ്രാവിഡം* (പരിഭാഷ), കെ.പി. രാജേന്ദ്രൻ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1975.

**സ്കറിയാ സക്കറിയാ,** *രണ്ടു പ്രാചീന ഗദ്യകൃതികൾ,* 'സന്ദേശനിലയം പ്രസ്സ്, ചങ്ങനാശ്ശേരി, 1976.

**ഹില്ലാരിയോസ്, ക.നി.മൂ.സ,** *കത്തോലിക്കുമതപാഠം,* 1-ാം ഭാഗം, കാത്തലിക് മിഷൻ പ്രസ്സ്, കോട്ടയം, 1927

**റോസ് എസ്.ജെ.** *തുക്കാസാ ദു മറഇസാ തൊമ്മെത്താ ദാ ഹെൻദോ, നമ്മുടെ മലംകരെ മാർതൊമ്മാശ്ലീഹാടെ എടവകെടെ കല്പനകൾ ഇത.* 1606, കൈയെഴുത്ത്. വത്തിക്കാൻ ലൈബ്രറി, Borginano Indiano.18.

www.malankaralibrary.com

## 2. ഇതരഭാഷകൾ

Aegidius Forcellini, *LexiconTotius Latinatis,* New edi., Patavii, 1864, (1st edi. 1771).

Amoit Francois, *History of the Mass,* Burns and Oates, London, 1959.

Angelo Francis, *Grammatica Linguae Vulgaris Malabaricae,* Vactican Library, Rome, MS., Borgiano Indiano 2 [Malayalam Grammar (34 pages) and Malayalam Dictionary (215 pages)]. (n.d.) C. 1700 AD.

Anrique Anriquez, S.J., (Trans.), *Doctrina Christam,* ക്രിസ്ത്യാനി വണക്കം, Cochin, no collegio da Madre de Deos, 1579, Vatican Library, stamp. Barb. V. XIV. 115.

——, (Trans.) *Doctrina Christam* no lingua Malabar Tamul, തമ്പിരാൻ വണക്കം, Coulam, no Collegio do Salvador. 1578, Harvard College library, Massachusets, The Houghton Library Typ 100 578.

Antoine R.S.J., *A Sanskrit Manuel for High Schools,* Parts I and II, St. Xavier's College, Calcutta-16, 1962, 1963.

Arndt W.F, and Gingrich F.W., *A Greek English Lexicon of the New Testament and other Early Christian Literature,* Cambridge Univeristy Press, Cambridge, 1957.

Attwater Donald, *The Christian Churches of the East, Vol II,* Geoffrey Chapman, London, 1961.

Augustine P.M., *A Morphological Grammar of the Sanskrit Language,* 2nd edi., Nalathra Printers, Kotayam, 1986.

Bennet Charles, E., *New Latin Grammar,* Allyn and Bacon, New York, 1963. (1st edi. 1895)

Blaise Albert, *Lexicon Latinatis Medii Aevi,* Dictionaire Latin-francais Des Auteurs Du Moyen Age Corpus Christianorum, Continuatio, Mediaevalis, Turnholti, Typographi Brepols. Editores Pontificii. MCM LXXV.

Bloomfield, Leonard, *Language,* Holt, Rinehart and Winston, New York, 1933.

Britanica Encyclopaedia Vols 9&10, 15th edi.

Broderick Robert, C., *Concise Catholic Dictionary,* Catechetical Guild Educational Society, Minnesota, 1943.

Burrow. T., *The Sanskrit Language,* Faber and Faber, London. 1955.

www.malankaralibrary.com

**Burrow T. and Emeneau M.B.,** *A Dravidian Etymological Dictionary,* Clarendon Press, Oxford, London, 1961.

**Caldwell, Robert,** *A Comparative Grammar of the Dravidian or South Indian Family of Languages,* Reprit, University of Madras, 1956.

**Chathanath Achuthan Unni,** *Linguistics - General and Dravidian,* Asian Book Stall, Pathanamthitta, 1970.

**Cassell & Co (Publ.),** *New German Dictionary,* Cassell & Co. Ltd, London, 1962

——, *New Latin Dictionary,* Cassell & Co Ltd, London, 1959.

**Collins Cortina, (Publ.)** *Modern Greek in 20 Lessons,* 4th edi., Collins, London & Glasgow, 1972.

**Cross F.L. (edi.);** *The Oxford Dictionary of the Christian Church,* 2nd edi., revised by F.L. Cross and E.A. Livingstone, London, 1963.

**Crystel David,** *Linguistics, Language and Religion,* Burns and Oates, London, 1965.

**Cunliffe, C (edi.),** *English In Liturgy,* Burns and Oates, London, 1961.

**Davidson,** *An Introductory Hebrew Grammar,* 24th edi, T. T. Clark, Edinburgh, Reprint 1941.

**Day Peter,** *The Liturgical Dictionary of Eastern Christianity,* Burns and Oates, Kent. TN. 1993.

**De Marco Angelus,** *Rome and the Vernacular,* Newman Press, Westminister, Maryland, 1961.

***Diccionario De La Lengua Espanola, Real Academia, Espanola,*** 15th edi., Madrid, 1925.

*Diccionario Hispanico Universal,* Organizacion Librosa Plazos, Barcelona(n.d).

*Diocesan Synod of the Church of Ankamaly bispado of the ancient St. Thomas Christians of Malabar...... In oriental India,* Vatican Library MS. Indiano 15 [Portuguse Version of the Acts of the Udayamperoor Synod]

**Du Cange, Charles,** *Glossarium Mediae et Infimae Latinatis,* (Reprint of 1883-1887 edition), Academic Press and Publishing House, Graz, Austria, 1954 (In 5 Bands) (First edi. in 1678, 10 Vols.)

**Dwight Whitney, William,** *The Roots Verb-forms and Primary Derivatives of Sanskrit Language,* Motilal Banarsidas, New Delhi, 1979.

www.malankaralibrary.com

**Ernesto Hanxleden Joannes, S.J.,** *Vocabularium Malabarico Lusitanum,* Vatican Library, MS. Borgiano Indiano. 10 [അർണോസ് പാതിരിയുടെ മലയാളം-പോർത്തുഗീസ് നിഘണ്ടു എന്ന പേരിൽ കേരള സാഹിത്യ അക്കാദമി (തൃശ്ശൂർ), 1988-ൽ ഇത് അച്ചടിച്ചു പ്രസിദ്ധീകരിച്ചിട്ടുണ്ട്]

**Etienne Dribton, Georges Contenau, J. Duchesne Guillemin,** *Religions of the Ancient East,* Burns & Oates, London, 1959.

**Eugene Jackson and Adolf Geiger,** *German Made Simple,* -Doubleday & Co. Inc., New York, 1965.

**Fabricius Johann Philip and Christian Breithaupt,** *A Grammar for learning the principles of the Malabar Language properly called Tamul or the Tamulian Language,* 2nd edi. Vepery, Madras, 1789.

——, *A Malabar and English Dictionary,* Tranquebar Evangelical Lutheran Mission Press, 1779.

**Ferrarius Joannes Baptista S.J.,** *Nomenclator Syriacus,* Romae MDC XXII [AD 1622].

**Ferre. F.,** *Language, Logic and God,* Eyre and Spottiswoode, London and Harper, New York, 1962.

**Ferroli D.S.J,** *The Jesuits in Malabar,* Vol II, Bangalore, 1951.

**Frohnmeyer, L.J.** *A Progressive Grammar of the Malayalam Language for Europeans,* Basel Mission Book and Tract Depository, 2nd edi., Mangalore, 1913. (1st edi. 1889).

**Gabriel of St. Joseph,** *Syro Chaldaic Grammar,* Mannanam, 1922.

——, *Syriac Grammar,* Revised and Abridged, 3rd edi., Mannanam, 1954.

**Giuseppe Pasini,** *Vocabolario Italiano E Latino,* Pressso Guiseppe Molinari, Typogr. Edi, 3rd edi, Venezia, 1823.

**Gleason H.A. Jr,** *Linguistics and English Language,* Holt, Rinehart and Winston Inc., New York, 1965.

*Grammatica Languae Malabaricae, Linguae Malabaricae Rudimenta,* Vatican Library, MS. Indiano 14

**Hall, Robert Anderson, Fr.,** *Intorductory linguistics,* Chilton Books, Philadelphia, 1964.

**Hamman Andre, OFM (edi.),** *The Mass, ancient liturgies and patristic texts,* Alba House, Staten Island, New York, 1967.

www.malankaralibrary.com

**Hardon John A., S.J.,** *Religions of the World,* 2 vols, Image Books, Doubleday & Co. Inc., New York, 1968.

**Heartman Louis F., CSSR,** *Encyclopedic Dictionary of the Bible,* Mc Grawhill Book Co. Inc, New York, 1963.

**Hockett Charles Francis,** *A Course in Modern Linguistics,* Mac Millan, New York, 1958.

**Hooper J.S., Rev.** *Greek New Testament Terms in Indian Languages,* The Bible Society of India and Ceylon, Bangalore, 1957.

**Hosten H., S.J.,** *Antiquities from San Thome and Mylapore,* Diocese of Mylapore, 1936.

**Idelsohn,** *Jewish Liturgy and its Development,* Schocken Books, New edi., New York, 1967 (1st edi 1932)

**Jacobson, Roman, and Morris Halle,** *Fundamentals of Language,* Mouton & Co, Gravenhage, 1956.

**Jahagirdar R.V.,** *An Introduction to the Comparative Philology of Indo-Aryan Languages,* The Oriental Book Agency, Poona, 1932.

**Jaspersen, Jens, Otto Harry,** *Language, its Nature Development and Origin,* G Allen, London, 1922.

**Jean A., S.J.** *Latin Grammar,* -St. Joseph's Industrial School Press, 7th edi., Trichinopoly, 1958.

**Joshi C.V.,** *A Manuel of Pali,* -Poona Oiental Series No. 23, Oriental Book Agency, 7th edi., Poona, 1964.

**Jungmann Joseph A., S.J.** *The Mass of the Roman Rite: Its origins and development,* -trans. by Rev. Francis A Brunner C.S.S.R, Benziger Brothers Inc., New York, 1950.

**Kaegi Adolf,** *A Short Grammar of Classical Greek,* - English edi, James A Kleist S.J., B Herder Book Co., London, 1944.

**Kinchin Smith and T.W. Melluish,** *Teach Yourself Greek,* -The English University Press Ltd., London, 1963.

**Kochler, L, and Baumgartner W.,** *Lexicon in Veteris Testamenti Libros* (Hebrew and Aramaic/German and English) Brill, Leiden, 1953.

**Kollaparambil Jacob,** *The St. Thomas Christians' Revolution in 1653,* Kottayam, 1981.

**Korolevsky Cyril,** *Living Languages in Catholic Worship - An historical enquiry* Trans: Donald Attwater, Longmans, London, 1957.

www.malankaralibrary.com

**Latham RE.** *Revised Medieval Latin WordList form British and Irish Sources,* -Oxford University Press, London, 1965.

**Lehmann Winfred Philipp,** *Historical Linguistics: An Introduction,* Holt, Rinehart and Winston, New York, 1962.

**Lesage Robert,** *Vestments and Church Furniture,* -Burns and Oates, London, 1960.

**Lewis and Short,** *A Latin Dictionary,* New edi., Clarendon Press, Oxford, 1958 (1st edi. 1879)

**Librarie Larousse,** *Nouveau Petit Larousse, Dictionarie Encyclopedique,* Paris, 1952.

**Liddell H.G. and R. Scott,** *A Greek-English Lexicon,* A new edi. revised and augmented throughout, Reprint, Clarendon Press, Oxford, 1966.

**Louise Ey.,** *Portuguese Conversation Grammar,* 2nd edi., Julius Gross, Heidlberg, London, 1922.

**Mac Donell, AA.,** *Vedic Grammar* (reprint), Indological Bookhouse, Varanasi, 1968.

**Mac Donell Arthur.A,** *A Sanskrit Grammar for Students,* Oxford University Press, Geoffrey Cumberlege, 3rd edi., London, 1927 (1st edi. 1911).

**Madey John J., Dr. (edi.),** *The Eucharistic Liturgy in the Christian East,* Prakasam Publications, Kottayam and Eastern Churches Service, Paderborn, W.Germany, 1983.

**Majumdar R.C.,** *The Clasical Accounts of India,* Firma KLM Private Ltd., Calcutta, 1981.

**Mekenzie John L., S.J.,** *Dictionary of the Bible,* Geoffrey Chapman, Reprint 1975 (1st edi. 1966).

**Mesquita R. de.** *Novo Vocabulario Portuguez Inglez,* Librarie Garnier Freres, Paris, (n.d)

**Monier Monier Williams,** *Sanskrit English Dictionary,* Enlarged & Improved: Eleumann & Cappellar, Munshiram Manoherlal Publishers Pvt. Ltd., New Delhi, 1976 (1st edi. 1899).

——, *English-Sanskrit Dictionary,* First Indian edi., Munshiram Manoharlal Publishers Pvt. Ltd., New Delhi, 1976. (1st edi. 1851).

**Mohramann. C.,** *Liturgical Latin: Its Origins and Character,* Burns and Oates, London, 1959.

www.malankaralibrary.com

**Moraes George Mark,** *A History of Christianity in India,* Manaktalas, Bombay, 1964.

**Mundadan A.M.,** *History of Christanity in India,* 2 vols, Bangalore, 1984, 1982.

**Niermeyer J.F.,** *Mediae Latinatis Lexicon Minus,* E.J. Brill, Leiden, 1976.

**Nouchine A,** *La Langue Persane, (Iranienne),* Editions Albin Michel, Paris. (n.d.)

**Nunn H.P.V.,** *An Introduction to the study of Ecclesiastical Latin,* 3rd edi., Alden and Blackwell, Eton, 1951.

**Oshea Willian J.,** *The Worship of the Church: A Companion to Liturgical Studies,* Revised edi., Darton Longman & Todd, London, 1960 (1st edi. 1957).

*Oxford English Dictionary* (13 vols), Reprint, Clarendon Press, Oxford, 1961, (1st edi. 1933).

**Paul Auvray, Pierre Poulain and Albert Blaise,** *The Sacred Languages,* Burns & Oates, London, 1960.

**Paulinus A.S. Bartholomeo,** *De Antiquitate et Affinitate Linguae Zendicao: Dissertatio,* Romae 1799.

——, *De Latini Sermonis Origine et cum Orientalibus Linguis Connectione: Dissertatio,* Rome 1802.

——, *India Orientalis Christiana,* Romae, Typis Salomonianis. Anno Dom MDCCXCIV [AD 1794].

——, *Sidharubam seu Grammatica Samscrdamica cui accedit Dissertatio historico critica in Linguam Samscrdamicam vulgo samscret dictam.* Romae MDCCXC [AD 1790].

——, *Systema Bratminicum Liturgicum Mythologicum civile.......* Romae Apud Antonium Fulgonium, [AD 1791].

**Perez Jorba J.,** *Pequeno Diccionario Espanol-Ingles,* Casa Editorial Garnier Hermanos, Paris, 1924.

**Pianius Clement Rev.,** *Alphabetum Grandonico-Malabaricum sive Samscrudonicum, Romae, M.D. CCL XXII (AD 1772].*

**Ploeg Van Der J.P.M.,** *The Christians of St.Thomas in South India and their Syriac Manuscripts,* Dharmaram College Publications, Bangalore, 1983.

**Podharadsky,** *New Dictionary of the Liturgy,* Geoffrey Chapman, London, 1967.

**Pope U.G.,** *A Larger Grammar of the Tamil Language in both its Dialects,* 2nd edi., American Mission Press, Madras, 1859 (1st Edi. 1857)

**Potter, Simeon,** *Modern linguistics,* Andre Deutsche, London, 1957

www.malankaralibrary.com

*Prima linguae Malabarico-grandonicae Elementa.* MS. Romae. (n.d) [Grammar (32 pages) and Dictionary (183 pages)].

**Raulin J.F.,** *Historia Eclesiae Malabaricae cum Diamperitana Synodo,* Romae, 1745. (Portugalliae-Appendix. Tomus 1. Lisbon, 1872).

**Robinson Edward,** *Hebrew and English Lexicon of the Old Testament,* Reprint, Oxford, 1962.

**Rosen Fritz,** *Persian Grammar,* 1st Indian edi, Award Publishing House, Delhi, 1979.

**Rottler and Winslow,** *A Dictionary Tamil and English based on Johann Philip Fabricius's Malabar English Dictionary* (1779), Evangelical Lutheran Press, Tranquebar, 1877.

**Salaville Severien Pere, A A.,** *An Introduction to the Study of Eastern Liturgies,* Adapted from French by John M.T. Barton, Sands & Co., London, 1938.

**Sapier, Edward,** *Language: An Introduction to the Study of Speech,* Harcourt Brace & World, New York, 1921.

**Scaria Zacharia,** *The Acts and Decrees of the Synod of Diamper 1599. Michael Geddess' translation,* Indian Institute of Christian Studies, Edamattam, 1994.

*Sidhanta Kaumudi with the thattvabodhini commentary of Jnanendra Saraswathi,* Pandurang Jawaji, Bomaby, 1933.

**Simpson D.P.,** *New Latin English English Latin Dictionary,* Cassell, London, 1959.

**Skeat Walter W., Rev,** *An Etymological Dictionary of the English Language,* Revised & enlarged edi., Clarendon Press, Oxford, 1958 (1st edi. 1879-1882).

**Smith J. Payne,** *A Compendious Syriac Dictionary,* Reprint, Clarendon Press, Oxford, 1967.

**Souter A,** *Glossary of Later Latin to 600 AD,* Clarendon Press, Oxford, 1957 (1st edi., 1949).

**Spring F, A.M.,** *Outlines of a Grammar of the Malayalam Language.....,* Madras, 1839.

**Srinivas Iyengar P.T.,** *History of The Tamils,* Asian Educational Service, New Delhi, 1983.

**Srisa Chandra Vasu** (Edi.& trans.), *The Ashtadyayi of Panini, 2 vols,* Motilal Banarsidas, Delhi, 1962.

www.malankaralibrary.com

**Stapper-Baier,** *Catholic liturgics,* trans. by David Baier, Revised edi., 4th reprint, St. Antony Guild Press, Paterson, New Jersey, 1951 (1st edi. 1935).

**Steingass, F.A.** *Comprehensive Persian English Dictionary,* 1st Indian edi., Munshiram Manoharlal, New Delhi, 1973.

**Stephanus of SS Peter and Paul** *Linguae Malabaricae Rudimenta* Vatican Library, MS, Indiano 14.A.

**Thaliath Jonas,** *The Synod of Diamper,* Reprint, Dharmaram Vidya kshetram, Bangalore, 1999 (1st print 1958).

**Thein John, Rev.,** *Ecclesiastical Dictionary,* Benziger Brothers, New York, 1900.

**Turner R.L.,** *Comparative Dictionary of the Indo-Aryan Languages,* London, 1966.

**Varkey K.O. (Fr. George Kurukkoor),** *Linguistic Analysis of Liturgy in Malayalam,* Ph D Thesis (Unpublished), Madurai Kamaraj University, Madurai, Tamil Nadu, 1987.

**Vieyra,** *Novo Diccionario Portatil das linguas, Portugueza E. Ingleza,* Madrid, 1878.

**Vincent de Nazareth, Jorge Carvalho. and Thome da Cruz.,** *Cartilha em Tamul e Portuguese,* Impressa em 1554 por ordem do Rei, Reprint: Museu Nacional de Arqueologia e Etnologia, Lisboa, 1970.

**Weekley Ernest,** *An Etymological Dictionary of Modern English,* 2 vols. Dover Publications Inc., New York, 1967.

**White, John T.,** *A Complete Latin English and English Latin Dictionary.... based on White and Riddles Larger Dictionary,* New impression, Printed by Morrison and Gibb Ltd., Edinburgh, Scotland, published by Longman Green & Co. London, 1908.

**Whitlam John, Vitoria Davies and Mike Harland,** *Portuguese Dictionary,* Harper Collins Publi., Glasgow, 1991.

**William Allan Neilson (Editor-in-Chief),** *Webster's New International Dictionary of the English Language,* 2nd edi., Unabridged, 3 vols., G & C Merriam Company, Mass., USA 1947.

**Yule Henry and AC Burnell,** *Hobson-Jobson,* New edi. by William Crooke, Asian Educational Service, New Delhi, 1995 (1st edi. London, 1903).

**Zaleski, Ladislas Michel,** *Apostle St. Thomas in India,* Mangalore, 1912

**Ziegenbalg Bartholomeus,** *Grammatica Damulica Seu Malabarica,* Halle Saxonum, 1716. University Library Hall, Saxonum.

www.malankaralibrary.com

# പദസൂചി

*(പദത്തിനുശേഷം കാണുന്ന അക്കം പദവിവരണം തുടങ്ങുന്ന പേജ് സൂചിപ്പിക്കുന്നു)*


അഗാപ്പെ 1
അച്ചൻ 1
അജപാലകൻ 2
അനാഫൊറ, (അന്നാപ്പോറ, അന്നാഫുറ) 2
അന്നീദ 2
അന്തിക്രിസ്തു 3
അപ്പസ്തോലൻ, (അപ്പോസ്തലൻ) 3
അപ്പെസ്കോപ്പാ (എപ്പിസ്കോപ്പാ, അപ്പസ്കോപ്പാ) 4
അപ്പോളോജെറ്റിക്സ് 5
അമ്മീത്ത് .... 5
അമ്പാരി (അമ്പരദോര) 6
അംശം 6
അരമന 6
അരുളിക്ക 8
അല്മായൻ, (അല്മേനി, അൾമേനി, അൻമേനി) 9
അൾത്താര 10
ആഞ്ഞുസ്ദേയി 11
ആബൂന 12
ആമ്മേൻ (ആമേൻ) 12
ആർക്കിദിയാക്കോൻ 13
ആർച്ചുബിഷപ്പ് 14
ആലാഹാ 14
ആൾബ (ആൾവ) 15
ഇടത്തുട്ടുകാർ 15
ഇടവക (എടവക) 16
ഇണ്ടറിയപ്പം (ഇൻറിയപ്പം) 16
ഇന്തെർദിക്ത 19
ഇർമാം ഇരിക്കുക 19
ഇല്ലപ്പണം 20
ഇസ്ക്കോള (എസ്കോള) 20
ഇസ്മോൾ (എസ്മോൾ) 21
ഈശോ 21
ഇറാത്തിയോൻ 22
ഊറാല, ഊറാറ 23
എക്യുമെനിസം 23
എട്ടുനോമ്പ് 24
എണങ്ങർ 24
എദുക്കംദാത്ത് 24
എപ്പകത്തി (ഹേപ്പക്ത) 25
എപ്പാർക്കി 26
എസ്ക്രുമൻ (സ്ക്രുമൻ) 27
ഏ.ഡി. (എ.ഡി.) 27
ഏംഗർത്താ (ഏഗർത്താ) 29
ഏൽപയ്യ 29
ഏവൻഗെലിയോൻ,
ഏവൻഗലിസ്ത 30
ഏസ്തി 30
ഒപ്പീസ് 30
ഒപ്രുശുമ 31
ഓക്സിയോസ് (ആക്സിയോസ്) 33
ഓർത്തഡോക്സ് 34
ഓസ്തി 36
ഓസ്തിയാര് (ഓസ്തിയരി) 37
ഓറൈത്താ - 38
കച്ചതഴുകൽ 38
കത്തത്തിയാരമ്മ (കർത്തത്തിയാരമ്മ) 38
കത്തനാർ 38
കത്തിസാൾ (കത്തിത്താൾ, കസ്സീസ്താൾ) 40
കൻക (കൻകെ) 41
കന്തീല 41
കന്തീശൻ, കന്തീശങ്ങൾ 42
കപ്പത്തിയാരമ്മ 43
കപ്പിച്ചേരിയ, കപ്പീസിയും (കപ്പിത്തിയും) 43
കപ്പുച്ചീൻ (കപ്പുച്ചീനോ) 44
കപ്പുസ് (കപ്പീസിയും) 44
കപ്പേള 45
കപ്യാർ, കപ്യാര് 46
കപ്ളോൻ, ചാപ്ളെയ്ൻ 62
കബലാന 63
കബറിടം 63
കയ്യുമ 64
കരിസ്മാറ്റിക് 64
കർത്തത്തിയാരമ്മ 65
കർദ്ദിനാൾ 65
കർസോൻ 66
കല്ത്തപ്പം (ഖല്ത്തപ്പം) 67
കല്ലന്താരി 67
കവ്യാര് 69
കശീശ 70
കഹന 70
കാനോൻ (കാനോന) 71
കാപ്പ 72
കാപ്പോറ 72
കാർണിവൽ 73
കാസ 74
കാറോസൂസ 75
കുക്കിലിയോൻ 75
കുമ്പഞ്ഞിമെന്ത് 76
കുമ്പസ്സാരം 77
കുരിശ്, ക്രുശിക്കൽ 77
കുർബാന 78
കുർബാന ധർമ്മം 80
കുശിനി (കുസീഞ്ഞ) 81
കുസ്തോദി(സിബോറിയും) 81
കുറിയേലായിസ്സോൻ 82
കുദാശ 82
കുനൻ കുരിശ് 83
കുരിയ 83
കുശാപ്പ 84
കെത്തുമാപ്പെരുന്നാൾ 84
കെറിയാനപ്പുസ്തകം 85
കേപ്പാലെയോൻ (കെപ്പാലെയൊൻ) 85
കൈക്കസ്തുരി 85
കൊന്ത 90
കൊംപാദ്രി (കുമ്പാരി) 91
കൊമ്പ്രേരിയ (കൊമ്പ്രിയ, കൊമ്പിരിയ) 91
കൊംമാദ്രി (കൊമ്മാതിരി) 92


www.malankaralibrary.com

കൊവേന്ത 92
കോർപൊരാൾ
(കോർപൊറൽ) 92
കോറെപ്പിസ്കോപ്പാ,
(കോർ എപ്പിസ്കോപ്പ) 92
കൗമ്മ 93
കൃംതാത്തിരുനാൾ
(കൈമാസാപ്പെരുന്നാൾ) 93
ക്രിസ്തു 94
ക്രിസ്തുമതം 94
ക്രിസ്തുമസ്സ് 95
ക്രിസ്ത്യാനി 95
ക്രിസ്മ 98
ക്രുസെയ്ഡ് 99
ക്രേദോ 100
ക്രോവേന്മാർ 101
ക്ലേരി 101
ഗ്മുർത്ത (ഗ്മുർത്തോ) 102
ചമയപ്പുര
(കപ്പിത്തിയും കപ്പിച്ചേരിയ,
സാക്രിസ്ത്യ, സങ്കീർത്തി) 102
ചരസിക്കുക 104
ചാത്തം 104
ചിത്തോല (ചിത്തോൽ) 104
ചീര് 106
ചെൻസുര 106
ചെമ്മദോർ (ചെമ്മൊദോർ) 106
ചേനാക്കുളും 108
ജുബിലി 108
ജ്ഞാനസ്നാനം 109
ഞായറാഴ്ചയക്ഷരം
(കർത്ത്യാക്ഷരം) 110
ഡിക്രി 110
ഡീക്കൻ (ദിയാക്കോൻ ) 110
തക്സാ, തൂക്കാസ 112
തബലീത്ത 113
തരീസാപ്പള്ളി
(തറീസാപള്ളി) 114
തരുതായ്കൾ
(ത്റീസാകൾ) 116
തർഗും 118
താലന്ത് 119
തുർഗാമ്മ 119
തെദേവും 120
തെസൊരെർ 120
തേരസ് 121
തോച്ചക്കാൽ 121
തോറ (ഗോപുരം) 122
ത്രിസാജിയോൻ 123
ത്രോണോസ് 124
ദനഹ 124
ദയറാ 125
ദർശനം (ദർസെനം) 125
ദൽമത്തി 127
ദാദകളി (ദാദുകളി) 127
ദുക്റാന 128
ദെക്രേത്ത് 128
ദെപ്പുത്താൾ 129
ദെസ്കാൾസു സഭ 130
ദേവോസ വിളി
(ദേവാസവിളി) 131
ദൈവം 132
നത്താൾ 134
നസ്രാണി, നസ്രായി 135
നാളോത്ത് 139
നിബിയ (നിവിയ) 139
നെലോന (നിലയണ) 140
നൊവേന 141
പകമെന്ത് 142
പടാർത്ത (പാഠാർത്ഥം) 142
പടിസാധനം 143
പട്ടക്കാരൻ 144
പത്തേന്തി 145
പത്രമേനി (പത്രിമോനി) 146
പദ്രിഞ്ഞു (പതിരിഞ്ഞു) 146
പന്തക്കുസ്ത
(പെന്തക്കുസ്ത) 147
പരഹസ്യം (പരസ്യം) 147
പർത്തീഞ്ഞ് (പട്ത്തീഞ്ഞ) 148
പശീത്ത (പെശീത്ത) 149
പസ്സാരം (പതവാരം) 150
പസ്കി 152
പള്ളി 152
പറങ്കി 154
പറുദീസ 156
പാത്രിയാർക്കീസ് 158
പാദ്രി (പാതിരി) 158
പാദ്രുവാദോ 159
പാരക്കുസ് 160
പാലിയം 160
പാഷണ്ഡത 160
പാസ്കു രുപം 161
പാസ്ത 162
പാസ്റ്റർ 162
പിരാകുക
(പിരാക്ക്, പ്രാക്ക്) 163
പീലാസ 163
പുക്കേറ് 163
പുരോഹിതൻ 164
പുലകുളി, പുലയടിയന്തിരം 165
പുല്പ്പം (പുൾപം, പുഷ്പം) 165
പുറകത്തോരി 167
പുശ്ബശ്ലാമ്മാ 167
പെസഹാ 167
പേത്തർത്ത 168
പൊന്നക്കം 169
പൊന്തിഫിക്കൽ 169
പ്രസിദേന്തി (പ്രെസിദേന്തി) 170
പ്രാതി 172
പ്രൊപ്പഗാന്താ ഫീദെ 173
ഫീലിയാദ
(പീലാസുമകൾ) 173
ഫീലിയാദുമകൻ
(പീലാസുമകൻ) 174
ബപ്തിസ്ത
(ബാപ്തിസ്ത) 174
ബലയാർ, ബല്യാൽ - 175
ബൽസാം 175
ബസ്ക്യാമാ (ബർക്യാമാ) 176
ബസിലിക്ക (ബസ്സിക്ക) 176
ബാബേൽ
(ബാബിരു, ബാവരു) 177
ബാവാ (ബാബ) 178
ബാവൂസാനോമ്പ്
(എട്ടുനോമ്പ്) 179
ബാറേക്മാർ 180
ബുക്റാ 181
ബേമ (ബേമ്മ) 181
ബേസ്ഗസ 181
ബേസ്ദിയാക്കോൻ 181
ബൈബിൾ 182
ബൗത്തിസ് (ബാപ്തിസ്മ) 184
ബൗദ്ധന്മാർ 185

www.malankaralibrary.com

ബ്രാന്താക്രുസ്
(കുനൻ കുരിശ്) 186
മഗുശേന്മാർ (മ്ഗുശമാർ) 187
മസബറാന (മ്സബറാന) 189
മദ്ബഹ 189
മദറശ്ത (മദ്രശ, മദ്രസ്ത) 190
മദ്രിഞ്ഞ (മതിരിഞ്ഞ) 190
മന്ന 191
മപ്രിയാന 191
മർത്തമറിയത്തുമ്മ 192
മല്പാൻ 192
മസ്മുറ 192
മഹറോൻ 192
മഹാമഹം 193
മഹോത്സവം 194
മറത 195
മാമ്മോദീസാ 195
മാമ്മോന 195
മാംദാനാ 196
മാലാഖ 196
മാറ്, മാറൻ,
മാറാനായാ, മർത്ത 196
മാറാനാഥ (മാറാനഥാ) 198
മിശിഹാ 199
മിശിഹാപിറന്നിട്ട് 199
മിസ്സം 200
മിസാൾ (മിസാലെ) 200
മുറോൻ 201
മെത്രാൻ (മ്നത്തറാന,
മത്ത്റാൻ, മിത്ത്റാൻ) 202
മെത്രാപ്പോലീത്ത 204
മെസ്രേൻ 204
മോൺസിഞ്ഞോർ 205
മോറീസ് 206
മൗതികം 207
മൗദിയാനൻ 207
മൗദിയാനുസ 207
യൽദാത്തിരുനാൾ 208
യാവന 208
യുക്കറിസ്റ്റ് 209
യേശു 209
യൗനായാ 211
രാക്കുളിത്തിരുനാൾ 211
രാപകൽ 212
രുപത, അതിരുപത 213
ഌദീത്ത് 213
ലാതക്സ 213
ലിവ്റമെന്തോമാതാവ്
(ലിവ്റമെന്തുമാതാവ്) 213
ലിറ്റർജി 216
ലുത്തനിയ 217
ലെഗിയോൻ 217
വങ്കേത്തി, ബങ്കേത്തി 218
വറ്ക്കത്ത് 219
വറുഗീസ
(വരഗീസാ, വറഗീത്) 219
വറുദപുഷ്പം
(വർദ്ദപുഷ്പം) 220
വികാരി (വിഗാരി) 221
വികാരിയാത്ത് 221
വിയാത്തിക്കം 222
വിസീത്ത 223
വീഞ്ഞ് 223
വെച്ചൂട്ട് 224
വെഞ്ചെരിപ്പ് 225
വെന്തിങ്ങ 225
വെന്തോസ 225
വെസ്ത്രി 226
വെസ്പുർക്കാന 227
വേദക്കുസ്ത 227
വേസ്വെര 227
വൈദികൻ 228
ശീശ്മ 228
ശോവാല 229
ശൗത്താപ്പുസ 231
ശ്ലീഹാ 231
സക്രാരി 232
സങ്കീഞ്ഞ് 233
സങ്കീർത്തി 233
സഹദ 236
സാക്രിസ്റ്റ്യൻ 237
സാത്താൻ 238
സാപ്രേന്മാർ 238
സിനഗോഗ് 239
സിഞ്ചെല്ലുസ് 240
സിമ്മോണിയ
(സിമ്മോനിയ, സിമോനിയ) 241
സുവാറക്കാലം 242
സുനഹദോസ് 242
സുർപ്പിലിസ് 243
സെക്സ്റ്റൻ 243
സെമിത്തേരി 244
സെമിനാരി 247
സൊരാലിക്കുക
(സുരാലിക്കുക) 248
സോപ്പാ (ഹിസ്സോപ്പ്) 250
സൗദി, സൗദേ 251
സ്തോള 251
സ്തൗമെൻകാലോസ് 251
സ്ഥാത്തിക്കോൻ 252
സ്ലീവാ (സ്ലീബാ) 252
സ്രാപ്പ് (ശ്റാപ്പ്, ശരാപ്പാ) 252
സ്രാപ്പേൻമാർ
(സ്റാപ്പേമാർ) 254
ഹന്നാൻ, ഹന്നാൻവെള്ളം 254
ഹമറ (ഹമീറ) 255
ഹല്ലേലുയ്യാ (അല്ലേലുയ്യ) 255
ഹറാത്തിക്കൊമാർ
(ഹറാത്തിക്കോൻമാർ) 255
ഹൂത്താമ്മ 256
ഹുലാല 257
ഹൈരാർക്കി 257
ഹോശാന
(ഓശാന, ഹോസാന) 258
ളോവ (ലോബ) 259
റത്താൾ
(റത്താവ്, ഇറത്താഴ്) 260
റബ്ബി 261
റമ്പാൻ, റബാട്ടി,
റബാന്യാത്തി 261
റംലേത്തി (റാംശേത്തി) 162
റവറെൻഡ് 262
റാക്ക 264
റാദ ("റാസ") 264
റാസ 265
റീത്ത് (രീതി) 266
റീശീസാ (റ്ശോസ) 268
റുശ്മ 269
റുശ്മാ നിലം 269
റെസിബോ 269
റേന്ത 269
റൈറ്റ് 270

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com



**ഡോ. ജോർജ് കുരുക്കൂർ**

## ഈ ഗ്രന്ഥത്തെക്കുറിച്ച്

ഭാഷാതത്പരർക്കു സാമാന്യമായും ക്രൈസ്തവ സഭാസ്നേഹികൾക്കു സവിശേഷമായും ഏറെ വിലപ്പെട്ടതാണ് ഈ ഗ്രന്ഥമെന്നതിൽ സംശയമില്ല.

**ഡോ. സി.ജെ. റോയ്**

ഭാഷയിൽ ഇത:പര്യന്തമുണ്ടായിട്ടുള്ള അകാരാദികളെയും ഭാഷാശാസ്ത്രഗ്രന്ഥങ്ങളെയും അതിശയിക്കുന്ന ഗവേഷണാത്മകമായ ഒരു മഹാപ്രയത്നം... ഭാഷാഗവേഷണത്തിനു മാതൃകയാക്കാവുന്ന സൂക്ഷ്മതലസ്പർശിയായ ഒരു പദാഗമ പഠനം... പണ്ഡിതന്മാർക്കെന്നപോലെ സാധാരണക്കാർക്കും അത്യധികം പ്രയോജനപ്രദമായ ഗ്രന്ഥം... മലയാളത്തിലെ സമ്പന്നമായ ശബ്ദകോശ ഭണ്ഡാഗാരത്തിൽ ഈ ശബ്ദകോശം ഒരമൂല്യ രത്നമായി ശോഭിക്കും.

**പ്രൊഫ. മാത്യു ഉലകംതറ**

അനേകം ഭാഷകളെ ചേർത്തു പഠിക്കുന്ന താരതമ്യാത്മക നിരുക്തത്തിന്റെ ശാഖയിലേക്കു വളരെ വിലപ്പെട്ട സംഭാവന... ഭാഷാശാസ്ത്രജ്ഞന്മാർക്കു നിർവിശങ്കം ആശ്രയിക്കാവുന്ന ക്രൈസ്തവ ശബ്ദകോശം.

**ഡോ. ടി. ഭാസ്കരൻ**

ധിഷണാശാലിത്വവും ഏകാഗ്രബുദ്ധിയും ബഹുഭാഷാപാണ്ഡിത്യവും ചരിത്രജ്ഞാനവും വിശിഷ്ടാ ഗവേഷണത്വരയുമുള്ള ഒരാൾക്കേ ഇത്തരമൊരു സംരംഭത്തിനു മുതിരാനാകൂ... ഇത് ഒരതുല്യഗ്രന്ഥമാണ്, ഒററപ്പെട്ട ഗ്രന്ഥമാണ്.

**വാസന്തി അന്തർജനം**

വിജ്ഞേയങ്ങളെന്നും രസനിഷ്യന്ദികളെന്നും വിശേഷിപ്പിക്കാവുന്ന ഒട്ടേറെ വിശദാംശങ്ങൾ അപഗ്രഥനത്തിനും താരതമ്യത്തിനും ചരിത്രത്തിനും ഊന്നൽ നൽകുന്ന ഈ ഗ്രന്ഥത്തിലുണ്ട്.

**റവ. ഫാ. എ. അടപ്പൂർ എസ്.ജെ.**

ക്രൈസ്തവ ശബ്ദകോശം ഏതൊരു ഭാഷാസ്നേഹിക്കും ഓരോ പദത്തിന്റെയും മൂലാർത്ഥങ്ങളിലേക്കു നയിക്കുന്ന മാർഗ്ഗദീപമാണ്... ഭാഷാശാസ്ത്രത്തിന് ഒരു മുതൽക്കൂട്ടാണ്.

**റവ. ഡോ. ചാക്കോ നരിമററത്തിൽ**

ഡെപ്യൂട്ടി സെക്രട്ടറി, കെ.സി.ബി.സി.,

ഡയറക്ടർ, പി.ഒ.സി

www.malankaralibrary.com